Title : Autobiography of a Yogi (Malayalam) (Malayalam Edition)
Author: Yogananda, Paramahansa
Description: Autobiography of a Yogi" is at once a beautifully written account of an exceptional life and a profound introduction to the ancient science of Yoga and its time-honored tradition of meditation. This acclaimed autobiography presents a fascinating portrait of one of the great spiritual figures of our time. With engaging candor, eloquence, and wit, Paramahansa Yogananda tells the inspiring chronicle of his life: the experiences of his remarkable childhood, encounter with many saints and sages during his youthful search throughout India for an illumined teacher, ten years of training in the hermitage of a revered yoga master, and the thirty years that he lived and taught in America. Also recorded here are his meetings with Mahatma Gandhi, Rabindranath Tagore, Luther Burbank, the Catholic stigmatist Therese Neumann, and other celebrated spiritual personalities of East and West. The author clearly explains the subtle but definite laws behind both the ordinary events of everyday life and the extraordinary events commonly termed miracles. His absorbing life story becomes the background for a penetrating and unforgettable look at the ultimate mysteries of human existence. Selected as "One of the 100 Best Spiritual Books of the Twentieth Century," "Autobiography of a Yogi" has been translated into more than 35 languages, and is regarded worldwide as a classic of religious literature. Several million copies have been sold, and it continues to appear on best-seller lists after more than sixty consecutive years in print. Profoundly inspiring, it is at the same time vastly entertaining, warmly humorous and filled with extraordinary personages. Yogoda Satsanga Society of India's editions, and none others, include extensive material added by the author after the first edition was published, including a final chapter on the closing years of his life.

[image file=image_rsrcG.jpg] [image file=image_rsrcM.jpg] [image file=image_rsrcR.jpg] പകർപ്പവകാശം [image file=image_rsrc11.jpg] [image file=image_rsrc19.jpg] "യോഗദാ സത്സംഗ സൊസൈറ്റി ഒഫ് ഇൻഡ്യ/സെൽഫ് റിയലൈസേഷൻ ഫെലോഷിപ്പിന്റെ ഒരു അംഗീകൃത പ്രസിദ്ധീകരണം" വായനക്കാർക്കുള്ള കുറിപ്പ്ശ്രീ ശ്രീ പരമഹംസ യോഗാനന്ദന്റെ സമ്പൂർണവും ആധികാരികവുമായ ആത്മകഥ ഇലക്ട്രോണിക് രൂപത്തിൽ ഇൻഡ്യയിലേയും അയൽരാഷ്ട്രങ്ങളിലേയും വായനക്കാരുടെ വ്യക്തിഗതമായ ഉപയോഗത്തിന് സമർപ്പിക്കുന്നത് യോഗദാ സത്സംഗ സൊസൈറ്റി ഒഫ് ഇൻഡ്യ ഒരു വിശേഷഭാഗ്യമായി കണക്കാക്കുന്നു.ഒരു യോഗിയുടെ ആത്മകഥയുടെ ഈ ഡിജിറ്റൽ പതിപ്പ് തയ്യാറാക്കുന്നതിൽ ഞങ്ങളുടെ പ്രവർത്തകർ ഓരോ വിശദാംശത്തിനും സവിശേഷമായ ശ്രദ്ധ നൽകിയിട്ടുണ്ട്. ഈ പരിശ്രമം ഞങ്ങളുടെ വായനക്കാർക്ക് വളരെ പ്രയോജനകരമായ ഒരു അനുഭവമായിരിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. താങ്കൾക്ക് ഈ പുസ്തകം വിതരണം ചെയ്ത സ'ഥാപനത്തിന്റെ വ്യവസ'ഥകൾക്ക് വിധേയമായി, ഈ പതിപ്പ് താങ്കളുടെ വ്യക്തിപരമായ വാണിജ്യേതര ഉപയോഗത്തിന് താങ്കളുടെ വിവിധ ഡിജിറ്റൽ ഉപകരണങ്ങളിലേക്കു ഡൗൺലോഡ് ചെയ്യാവുന്നതാണ്(കൂടാതെ ഇതിലെ ഉദ്ധരണികൾ താങ്കളുടെ സ്വകാര്യ ആവശ്യങ്ങൾക്കായി പ്രിന്റ് ചെയ്യാവുന്നതുമാണ്).എന്നാൽ ഈ പതിപ്പ് വാങ്ങുമ്പോൾ, പ്രാബല്യത്തിലുള്ള ദേശീയവും അന്തർദേശീയവും ആയ പകർപ്പവകാശ നിയമങ്ങൾ വായനക്കാരൻ പാലിക്കുമെന്ന് സമ്മതിക്കുന്നു എന്നത് ദയവായി ശ്രദ്ധിക്കുക. പ്രസാധകന്റെ മുൻകൂട്ടിയുള്ള രേഖാമൂലമായ അനുവാദം കൂടാതെ ഏതെങ്കിലും വിധത്തിൽ (ഇലക്ട്രോണിക്, യാന്ത്രികം, അല്ലെങ്കിൽ മറ്റൊരു വിധേന) പുനഃപ്രസാധനം ചെയ്യാനോ, ഇതിന്റെ ഉള്ളടക്കം മറ്റു വ്യക്തികൾക്കോ സ'ഥാപനങ്ങൾക്കോ പ്രേക്ഷണം ചെയ്യാനോ പാടില്ലാത്തതാകുന്നു. ഈ ആദർശങ്ങളെ ഉയർത്തിപ്പിടിക്കുന്നതുവഴി ഗ്രന്ഥകാരന്റെ രചനയുടെ സമഗ്രത കാത്തുസൂക്ഷിക്കുന്നതിൽ സഹായിക്കുന്ന താങ്കളുടെ ചിന്താശീലത്തെ ഞങ്ങൾ അഭിനന്ദിക്കുന്നു.ഞങ്ങളുടെ സ'ഥാപകൻ ശ്രീ ശ്രീ പരമഹംസ യോഗാനന്ദന്റെ ആത്മീയ പൈതൃകത്തിന്റെ ഭാഗമായ പ്രസിദ്ധീകരണ ഉദ്യമങ്ങൾക്കു താങ്കൾ നൽകുന്ന പിന്തുണയ'ക്ക് ഞങ്ങൾ നന്ദി പറയുന്നു.താങ്കൾക്ക് ഏറ്റവും നല്ല വായനാനുഭവം ആശംസിക്കുന്നു.-യോഗദാ സത്സംഗ സൊസൈറ്റി ഒഫ് ഇൻഡ്യ [image file=image_rsrc1Y.jpg]

ശ്രീ ശ്രീ പരമഹംസ യോഗാനന്ദന്റെ ആത്മീയപൈതൃകംഅദ്ദേഹത്തിന്റെ പൂർണ കൃതികളും പ്രഭാഷണങ്ങളും അനൗപചാരിക സംഭാഷണങ്ങളുംപരമഹംസ യോഗാനന്ദജി അദ്ദേഹത്തിന്റെ ഉപദേശങ്ങൾ ലോകവ്യാപകമായി പ്രചരിപ്പിക്കുവാനും ഭാവി തലമുറകൾക്കുവേണ്ടി അവയുടെ പരിശുദ്ധിയും വിശ്വസ്തതയും കാത്തുസൂക്ഷിക്കുവാനും വേണ്ടി 1917-ൽ യോഗദാ സത്സംഗ സൊസൈറ്റി ഒഫ് ഇൻഡ്യയും 1920-ൽ സെൽഫ്-റിയലൈസേഷൻ ഫെലോഷിപും സ്ഥാപിച്ചു. അമേരിക്കയിലെ അദ്ദേഹത്തിന്റെ ആദ്യകാലങ്ങളിൽ നിന്നുതന്നെ അദ്ദേഹം ധാരാളം പ്രഭാഷണങ്ങളും രചനകളും നടത്തിയിരുന്നു. ധ്യാനത്തിന്റെ യോഗശാസ്ത്രത്തെപറ്റിയും സമീകൃത ജീവിതകലയയെപറ്റിയും എല്ലാ മതങ്ങളുടെയും അടിസ്ഥാനപരമായ ഏകതയെപറ്റിയും ഉള്ള വിഖ്യാതവും ബൃഹത്തായതുമായ രചനകൾ അദ്ദേഹം സൃഷ്ടിച്ചു. ഇന്ന് ലോകത്താകമാനമുള്ള ലക്ഷക്കണക്കിന് സത്യാന്വേഷകർക്ക് പ്രചോദനമേകിക്കൊണ്ട്, ഈ തനതും ദൂരവ്യാപകവും ആയ ആത്മീയപൈതൃകം അഭിവൃദ്ധിപ്പെട്ടുവരുന്നു.മഹാനായ ഈ ഗുരുവിന്റെ സ്പഷ്ടമായ ഇച്ഛപ്രകാരം, യോഗദാ സത്സംഗ സൊസൈറ്റി ഒഫ് ഇൻഡ്യയും സെൽഫ്-റിയലൈസേഷൻ ഫെലോഷിപും പരമഹംസ യോഗാനന്ദന്റെ സമ്പൂർണ കൃതികൾ പ്രസിദ്ധീകരിക്കുകയും അച്ചടിച്ചു ശാശ്വതമായി നിലനിർത്തുകയും ചെയ്യുക എന്ന കർത്തവ്യം അനുസ്യൂതം തുടർന്നുകൊണ്ടേയിരിക്കുന്നു. അദ്ദേഹത്തിന്റെ ജീവിതകാലത്തുതന്നെ അദ്ദേഹം പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ അവസാനത്തെ പതിപ്പുകൾ കൂടാതെ, അനേകം പുതിയ കൃതികളും-അദ്ദേഹത്തിന്റെ സമാധിയുടെ സമയത്ത് പ്രസിദ്ധീകരിക്കാതെയിരുന്ന കൃതികളും, യോഗദാ സത്സംഗ സൊസൈറ്റി ഒഫ് ഇൻഡ്യ/സെൽഫ്-റിയലൈസേഷൻ ഫെലോഷിപ് മാസികയിൽ വർഷങ്ങളോളം അപൂർണമായ രീതിയിൽ പ്രസിദ്ധീകരിച്ചതും, റെക്കോർഡ് ചെയ്തതും എന്നാൽ പ്രസിദ്ധീകരിക്കാത്തതുമായ നൂറുകണക്കിന് പ്രചോദനാത്മകമായ പ്രഭാഷണങ്ങളും അനൗപചാരികമായ പ്രസംഗങ്ങളും ഇതിൽ ഉൾപ്പെടുന്നു.യോഗദാ സത്സംഗ സൊസൈറ്റി ഒഫ് ഇൻഡ്യയുടെയും സെൽഫ്-റിയലൈസേഷൻ ഫെലോഷിപ്പിന്റെയും പ്രസിദ്ധീകരണങ്ങളുടെ ഉപദേശക സമിതിയിലെ അംഗങ്ങളായ അടുത്ത ശിഷ്യന്മാരെ അദ്ദേഹം തന്നെ തിരഞ്ഞെടുക്കുകയും പരിശീലിപ്പിക്കുകയുംചെയ്തു. അദ്ദേഹത്തിന്റെ പ്രബോധനങ്ങൾ തയ്യാറാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനുമുള്ള സുവ്യക്തമായ മാർഗനിർദേശങ്ങൾ അദ്ദേഹം അവർക്കു നൽകി. ഈ പ്രിയങ്കരനായ ജഗദ്ഗുരുവിന്റെ സാർവലൌകിക സന്ദേശം അതിന്റെ തനതായ ഓജസ്സോടും ആധികാരികതയോടും എന്നെന്നും നിലനിൽക്കാൻ YSS/SRF പ്രസിദ്ധീകരണങ്ങളുടെ ഉപദേശകസമിതി (ത്യാഗത്തിന്റെയും നിസ്വാർഥ സേവനത്തിന്റെയും ജീവിതം തിരഞ്ഞെടുത്ത സന്യാസി സന്യാസിനിമാർ) ആ മാർഗനിർദേശങ്ങളെ പവിത്രമായ ഒരു ഉത്തരവാദിത്വമായി ആദരിക്കുന്നു.അദ്ദേഹം സ്ഥാപിച്ച യോഗദാ സത്സംഗ സൊസൈറ്റി ഒഫ് ഇൻഡ്യ/സെൽഫ്-റിയലൈസേഷൻ ഫെലോഷിപ് എന്ന സംഘടനകളെ അദ്ദേഹത്തിന്റെ ഉപദേശങ്ങളുടെ ആധികാരികമായ ശ്രോതസ്സായി വേർതിരിച്ചുകാട്ടുവാൻ മുമ്പിലത്തെ പേജിൽ കൊടുത്തിരിക്കുന്ന YSS/SRF മുദ്ര പരമഹംസജി ആവിഷ്കരിച്ചു. YSS/SRF പേരുകളും മുദ്രയും YSS/SRF–ന്റെ എല്ലാ പ്രസിദ്ധീകരണങ്ങളിലും ഓഡിയോ/വീഡിയോ റെക്കോർഡിങ്ങുകളിലും കാണാം. ശ്രീ ശ്രീ പരമഹംസ യോഗാനന്ദൻ സ്ഥാപിച്ച സംഘടനകളിൽ നിന്നാണ് അവ പുറപ്പെടുന്നതെന്നും അദ്ദേഹം ഉദ്ദേശിച്ചിരുന്നതു പോലെ അദ്ദേഹത്തിന്റെ പ്രബോധനങ്ങൾ വിശ്വസ്തതയോടെ പകരുന്നുവെന്നും ഇവ വായനക്കാരന് ഉറപ്പു നൽകുന്നു.-യോഗദാ സത്സംഗ സൊസൈറ്റി ഒഫ് ഇൻഡ്യ/
സെൽഫ് റിയലൈസേഷൻ ഫെലോഷിപ്പരമധന്യനും സമാരാധ്യനും സംപൂജ്യനുമായ എന്റെ ഗുരുദേവൻ ശ്രീ ശ്രീ സ്വാമി ശ്രീ യുക്തേശ്വര ഗിരി
മഹാരാജിന്റെ പാവനപാണികളിൽ സമർപിതം.ഗ്രന്ഥകർത്താവിന്റെ കൃതജ്ഞതഈ ഗ്രന്ഥത്തിന്റെ കയ്യെഴുത്തുപ്രതിയുടെ നീണ്ടപരിശോധനകളുടെ കഠിനാധ്വാനത്തിന് ഞാൻ മിസ് പ്രാറ്റ് (താരാ മാതാ) – യോട് നിസ്സീമമായി കടപ്പെട്ടിരിക്കുന്നു. ഭാരതയാത്രാഡയറിയിൽ നിന്നും ഏതാനും ഭാഗങ്ങൾ ഉദ്ധരിക്കുവാൻ അനുവാദം തന്നതിന് മി. റിച്ചഡ് റൈറ്റിന് എന്റെ നന്ദി ഞാൻ രേഖപ്പെടുത്തുന്നു. ഒരു ആമുഖം എഴുതിത്തന്നതിനു മാത്രമല്ല അതോടൊപ്പം അദ്ദേഹത്തിന്റെ നിർദേശങ്ങൾക്കും പ്രോത്സാഹനങ്ങൾക്കും ഡോ. ഡബ്ലിയൂ. വൈ. എവൻസ് – വെന്റ്സ്റ്റിനോടും എനിക്ക് നന്ദിയുണ്ട്.പരമഹംസ യോഗാനന്ദൻഒക്ടോബർ 28,
1945ഉള്ളടക്കംപകർപ്പവകാശംവായനക്കാർക്കുള്ള കുറിപ്പ്ശ്രീ ശ്രീ പരമഹംസ യോഗാനന്ദന്റെ ആത്മീയപൈതൃകംചിത്രങ്ങൾആമുഖംഅവതാരികധർമത്തിന്റെ സനാതന നിയമം1. എന്റെ മാതാപിതാക്കളും ബാല്യവും2. അമ്മയുടെ മരണവും രഹസ്യാത്മകമായ ഏലസ്സും3. രണ്ടു ശരീരങ്ങളോടുകൂടിയ ദിവ്യൻ4. തടസ്സപ്പെട്ട എന്റെ ഹിമാലയപലായനം5. ‘ ‘ഗന്ധബാബ’ ’ സിദ്ധികൾ കാട്ടുന്നു6. കടുവാസ്വാമികൾ7. ലഘിമാസിദ്ധൻ8. ഭാരതത്തിന്റെ മഹാനായ ശാസ്ത്രജ്ഞൻ ജെ.സി. ബോസ്9. ഭക്തപരമാനന്ദനും അദ്ദേഹത്തിന്റെ വിശ്വപ്രണയവും10. ഞാൻ എന്റെ ഗുരുദേവൻ ശ്രീ യുക്തേശ്വരനെ കണ്ടുമുട്ടുന്നു11. പൈസയില്ലാതെ രണ്ടുകുട്ടികൾ വൃന്ദാവനത്തിൽ12. എന്റെ ഗുരുവിന്റെ ആശ്രമത്തിലെ വർഷങ്ങൾ13. ഉറങ്ങാത്ത ദിവ്യൻ14. സമാധിലാഭം15. കോളിഫ്ളവർ മോഷണം16. ഗ്രഹനിലയെ വെല്ലുക17. ശശിയും മൂന്ന് ഇന്ദ്രനീലകല്ലുകളും18. അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന മുസ്ലീം ഫക്കീർ19. കൽക്കത്തയിലായിരുന്ന

ഗുരുദേവൻ ശ്രീരാമപുരത്ത് പ്രത്യക്ഷപ്പെടുന്നു20. ഞങ്ങൾ കശ്മീർ സന്ദർശിക്കുന്നില്ല21. ഞങ്ങൾ കശ്മീർ സന്ദർശിക്കുന്നു22. ഒരു ശിലാവിഗ്രഹത്തിന്റെ ഹൃദയം23. ഞാൻ സർവകലാശാലാബിരുദം നേടുന്നു24. ഞാൻ സ്വാമിപരമ്പരയുടെ സന്ന്യാസദീക്ഷ സ്വീകരിക്കുന്നു25. സഹോദരൻ അനന്തനും സഹോദരി നളിനിയും26. ക്രിയായോഗശാസ്ത്രം27. റാഞ്ചി യോഗവിദ്യാലയസ്ഥാപനം28. കാശിയുടെ പുനർജനനവും കണ്ടെത്തലും29. രവീന്ദ്രനാഥ ടാഗോറും ഞാനും വിദ്യാലയങ്ങൾ താരതമ്യം ചെയ്യുന്നു30. ദിവ്യാത്ഭുതങ്ങളുടെ നിയമം31. വിശുദ്ധമാതാവുമായി ഒരഭിമുഖം32. രാമൻ മരണത്തിൽനിന്ന് ഉയിർത്തെഴുനേല്പ്പിക്കപ്പെടുന്നു33. ബാബാജി, ആധുനികഭാരതത്തിന്റെ മഹാവതാരം34. ഹിമാലയത്തിൽ ഒരു രമ്യഹർമ്യം സൃഷ്ടിക്കുന്നു35. ലാഹിരി മഹാശയന്റെ പുണ്യജീവിതം36 പാശ്ചാത്യദേശങ്ങളിൽ ബാബാജിയുടെ താത്പര്യം37. ഞാൻ അമേരിക്കയിൽ പോകുന്നു38. ലൂതർ ബേർബാങ്ക്, പനിനീർപൂക്കൾക്കിടയിലെ പുണ്യാത്മാവ്39. കത്തോലിക്കാവിശുദ്ധ തെറീസ നൊയ്മാൻ40. ഞാൻ ഭാരതത്തിലേക്ക് മടങ്ങുന്നു41. ഒരു ദക്ഷിണേന്ത്യൻ പര്യടനഗാഥ42. എന്റെ ഗുരുവിനോടൊത്തുള്ള അന്ത്യദിനങ്ങൾ43. ശ്രീ യുക്തേശ്വരന്റെ ഉയിർത്തെഴുന്നേൽപ്44. മഹാത്മാഗാന്ധിയോടൊപ്പം വർധായിൽ45. ബംഗാളിയായ "ആനന്ദമയീ മാ" 46. നിരാഹാരയായ യോഗിനി47. ഞാൻ പാശ്ചാത്യദേശത്തേക്ക് മടങ്ങുന്നു48. കാലിഫോർണിയയിലെ എൻസിനിറ്റാസിൽ49. 1940 മുതൽ 1951 വരെപരമഹംസ യോഗാനന്ദൻ:ജീവിതത്തിലും മരണത്തിലും ഒരു യോഗിപരമഹംസ യോഗാനന്ദനോടുള്ള ബഹുമാനാർത്ഥം ഭാരതസർക്കാർ പുറത്തിറക്കിയ സ്മാരകസ്റ്റാമ്പ്ശ്രീ ശ്രീ പരമഹംസ യോഗാനന്ദന്റെ ക്രിയായോഗാധ്യാപനത്തെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾYOGODA SATSANGA LESSONS IN SELF-REALIZATIONOTHER BOOKS BY PARAMAHANSA YOGANANDAAUDIO RECORDINGS OF SRI SRI PARAMAHANSA YOGANANDAOTHER PUBLICATIONS FROM YOGODA SATSANGA SOCIETY OF INDIATHE LINE OF GURUSലക്ഷ്യങ്ങളും ആദർശങ്ങളുംവിഷയസൂചിചിത്രങ്ങൾഗ്രന്ഥകർത്താവ് (മുഖചിത്രം)ശ്രീ യോഗാനന്ദന്റെ അമ്മ, ജ്ഞാന പ്രഭ ഘോഷ്ശ്രീ യോഗാനന്ദന്റെ അച്ഛൻ, ഭഗവതീ ചരൺ ഘോഷ്യോഗാനന്ദജി ആറു വയസ്സിൽഅനന്തൻ, യോഗാനന്ദജിയുടെ മൂത്ത സഹോദരൻയോഗാനന്ദജിയുടെ ജ്യേഷ്ഠത്തി ഉമ ചെറിയ കുട്ടിയായി, ഗോരഖ്പൂർശ്രീ യോഗാനന്ദന്റെ സഹോദരിമാർ: ഉമയും, റോമയും, നളിനിയുംസ്വാമി പ്രണവാനന്ദൻ, വാരാണസിയിലെ രണ്ട് ശരീരങ്ങളുള്ള പുണ്യാത്മാവ്സ്വാമി കേവലാനന്ദൻ, യോഗാനന്ദജിയുടെ സംസ്കൃത അധ്യാപകൻലഘിമാസിദ്ധൻ നാഗേന്ദ്ര നാഥ ഭാദുരിജഗദീശ് ചന്ദ്ര ബോസ്, മഹാനായ ഇൻഡ്യൻ ശാസ്ത്രജ്ഞൻമാസ്റ്റർ മഹാശയൻ (മഹേന്ദ്ര നാഥ ഗുപ്ത)സ്വാമി ഗ്യാനാനന്ദനും ശ്രീ യോഗാനന്ദനുംശ്രീ യുക്തേശ്വരൻ, യോഗാനന്ദജിയുടെ ഗുരുനാഥൻയോഗാനന്ദജി, 1915 ൽജിതേന്ദ്ര മജുംദാർ, വൃന്ദാവനത്തിലെ കൂട്ടുകാരൻസ്വാമി ശ്രീ യുക്തേശ്വർ ധ്യാനദേവാലയം, ശ്രീരാമപുരംഉറങ്ങാത്ത ദിവ്യൻ രാം ഗോപാൽ മജുംദാർശ്രീ യുക്തേശ്വരൻ പത്മാസനത്തിൽശ്രീ യുക്തേശ്വരന്റെ സമുദ്രതീര ആശ്രമം, പുരി, ഒറീസശ്രീ യോഗാനന്ദൻ 16 വയസിൽയോഗദാ സത്സംഗ സൊസൈറ്റി ഓഫ് ഇൻഡ്യ/സെൽഫ് - റിയലൈസേഷൻ ഫെലോഷിപ്, ഇന്റർനാഷണൽ ഹെഡ്ക്വാർട്ടേഴ്സ്ശ്രീ ശ്രീ രാജർഷി ജനകാനന്ദൻ, യോഗദാ സത്സംഗ സൊസൈറ്റി ഓഫ് ഇൻഡ്യ/സെൽഫ് റിയലൈസേഷൻ ഫെലോഷിപ്പിന്റെ 1952 മുതൽ 1955 വരെ അധ്യക്ഷൻശ്രീ ശ്രീ ദയാമാതാ, യോഗദാ സത്സംഗ സൊസൈറ്റി ഓഫ് ഇൻഡ്യ/സെൽഫ് റിയലൈസേഷൻ ഫെലോഷിപ്പിന്റെ 1955 മുതൽ 2010 വരെ അധ്യക്ഷശ്രീ ശ്രീ മൃണാളിനി മാതാ, യോഗദാ സത്സംഗ സൊസൈറ്റി ഓഫ് ഇൻഡ്യ/സെൽഫ് റിയലൈസേഷൻ ഫെലോഷിപ്പിന്റെ 2011 തുടക്കം മുതൽ 2017 വരെ അധ്യക്ഷപരമഹംസ യോഗാനന്ദനും അദ്ദേഹത്തിന്റെ മച്ചുനൻ പ്രഭാസ് ചന്ദ്ര ഘോഷുംയോഗാനന്ദജിയുടെ കുടുംബവീട്, കൽക്കത്തശ്രീ ജഗദ്ഗുരു ശങ്കരാചാര്യർ SRF/YSS ഹെഡ്ക്വാർട്ടേഴ്സിൽ, 1958ശ്രീ ശ്രീ ദയാ മാതാ ദിവ്യ സമാധ്യാവസ്ഥയിൽഒരു പാശ്ചാത്യൻ സമാധിയിൽ—ശ്രീ രാജർഷി ജനകാനന്ദൻ (മി. ജെയിംസ് ജെ. ലിൻ)റാഞ്ചിയിലെ യോഗദാ ശാഖാമഠവും ആശ്രമവുംകാശി, റാഞ്ചി വിദ്യാലയത്തിലെ വിദ്യാർഥിരവീന്ദ്രനാഥ ടാഗോർശങ്കരി മായ് ജിയൂ, ത്രൈലംഗ സ്വാമിയുടെ ശിഷ്യ, 1938ദ്വാരാഹട്ടിനടുത്ത് ഹിമാലയതാഴ്വാരത്തിനടുത്തുള്ള യോഗദാ സത്സംഗ ആശ്രമവും ധ്യാന സങ്കേതവുംലാഹിരി മഹാശയൻമഹാവതാര ബാബാജി, ലാഹിരി മഹാശയന്റെ ഗുരുമഹാവതാര ബാബാജി ഇടയ്ക്കിടെ തങ്ങുന്ന ഗുഹലാഹിരി മഹാശയൻ, ശ്രീ യുക്തേശ്വരന്റെ ഗുരുപഞ്ചാനൻ ഭട്ടാചാര്യ, ലാഹിരി മഹാശയന്റെ ശിഷ്യൻപരമഹംസ യോഗാനന്ദന്റെ സ്മൃതി മന്ദിരംപരമഹംസ യോഗാനന്ദന്റെ പാസ്പോർട്ട് ചിത്രം, 1920യോഗാനന്ദജി ഇന്റർനാഷണൽ കോൺഗ്രസ് ഓഫ് റിലിജിയസ് ലിബറൽസിലേക്കുള്ള ഏതാനും പ്രതിനിധികളോടൊത്ത്, ബോസ്റ്റൻ 19201924 ൽ യോഗാനന്ദജി അലാസ്കായിലേക്കുള്ള യാത്രയിൽഡെൻവർ കൊളറാഡോയിലെ, യോഗാക്ലാസ്യോഗാ വിദ്യാർഥികളുടെ ഒരു ക്ലാസ്, ലോസ് ആൻജലീസ്, കാലിഫോർണിയ, 1925ഈസ്റ്റർ ദിന പ്രഭാത ശുശ്രൂഷ, 1925 YSS/SRF - ന്റെ അന്താരാഷ്ട്ര തലസ്ഥാനത്ത്ശ്രീ യോഗാനന്ദൻ ജോർജ് വാഷിംഗ്ടണിന്റെ ശവകുടീര നിലവറയ്ക്ക് മുമ്പിൽ, 1927ശ്രീ യോഗാനന്ദൻ വൈറ്റ് ഹൗസിൽ, 1927മെക്സിക്കോയുടെ പ്രസിഡന്റ്എമിലിയോ പോർറ്റിസ് ഗിൽ ശ്രീ യോഗാനന്ദനോടൊപ്പം, 1929യോഗാനന്ദജി മെക്സിക്കോയിലെ ജോചിമിൽക്കോ തടാകത്തിൽ, 1929ലൂതർ ബേർബാങ്കും യോഗാനന്ദജിയും സാന്റാ റോസാ, 1924തെറീസ നോയ്മാനും സി.ആർ. റൈറ്റും, യോഗാനന്ദജിയും,

1935ശ്രീ യുക്തേശ്വരനും യോഗാനന്ദജിയും കൽക്കത്തയിൽ, 1935ശ്രീരാമപുരം ആശ്രമത്തിന്റെ ഊട്ടുപുര – ബാൽക്കണിയിൽ ഒരു സംഘം, 1935ശ്രീ യോഗാനന്ദനും കൂട്ടുകാരും യമുനാനദിയിലൂടെ ഒരു വഞ്ചി യാത്രയിൽ, മഥുര, 1935ശ്രീ യോഗാനന്ദൻ ദാമോദർ – ൽ, ഇൻഡ്യ, 1935ശ്രീ യോഗാനന്ദൻ ആദിവാസി വിദ്യാർഥിനികൾക്കുള്ള വിദ്യാലയത്തിൽ, 1936ശ്രീ യോഗാനന്ദൻ ആൺകുട്ടികൾക്കുള്ള വിദ്യാലയത്തിൽ, റാഞ്ചി, 1936യോഗദാമഠം, ദക്ഷിണേശ്വരം, ഇൻഡ്യരമണമഹർഷിയും യോഗാനന്ദജിയുംശ്രീ യുക്തേശ്വരനും യോഗാനന്ദജിയും കൽക്കത്തയിൽ ഒരു മതഘോഷയാത്രയിൽ, 1935മെരുക്കിയ സിംഹിയുമൊത്ത് കൃഷ്ണാനന്ദൻ, കുംഭമേളയിൽ, 1936ശ്രീ യോഗാനന്ദനും സെക്രട്ടറി സീ. റിച്ചഡ് റൈറ്റും വൃന്ദാവനത്തിൽ സ്വാമി കേശവാനന്ദന്റെ ആശ്രമത്തിൽ, 1936ശ്രീരാമപുരം ആശ്രമത്തിന്റെ അങ്കണത്തിൽ ഒരു ഭക്തസംഘം, 1935കൽക്കത്തയിൽ യോഗ പാഠക്ലാസ്, 1935ശ്രീയുക്തേശ്വരന്റെ സമാധിമന്ദിരം, പുരിമഹാത്മാഗാന്ധിയും യോഗാനന്ദജിയും, വർധാ ആശ്രമത്തിൽ, 1935ആനന്ദമയീ മായും പരമഹംസ യോഗാനന്ദനുംശ്രീ യോഗാനന്ദൻ താജ്മഹലിൽ, ആഗ്ര, 1936ഗിരിബാല, ബംഗാളിലെ നിരാഹാരയായ യോഗിനിപരമഹംസ യോഗാനന്ദൻ ബോസ്റ്റണിൽ, 1922പരമഹംസ യോഗാനന്ദനും ശ്രീ രാജർഷി ജനകാനന്ദനും, 1933പരമഹംസ യോഗാനന്ദനും ശ്രീ ദയാ മാതായും, 1939സെൽഫ് – റിയലൈസേഷൻ ഫെലോഷിപ് ആശ്രമം, എൻസിനിറ്റാസ്, കാലിഫോർണിയശ്രീ യോഗാനന്ദൻ SRF എൻസിനിറ്റാസ് ആശ്രമത്തിന്റെ അങ്കണത്തിൽ, 1940ശ്രീ യോഗാനന്ദൻ സെൽഫ് – റിയലൈസേഷൻ ഫെലോഷിപ് തടാക ദേവാലയത്തിൽ, ഓഗസ്റ്റ് 20, 1950സെൽഫ് – റിയലൈസേഷൻ തടാകദേവാലയവും ഗാന്ധി ലോകശാന്തി സ്മാരകവുംമി. ഗുഡ്വിൻ ജെ. നൈറ്റ്, ലെഫ്. ഗവർണ്ണർ ഒഫ് കാലിഫോർണിയ, ഇൻഡ്യ സെന്ററിന്റെ സമർപ്പണവേളയിൽ യോഗാനന്ദജിയോടൊപ്പം, 1951ശ്രീ യോഗാനന്ദൻ എൻസിനിറ്റാസ് കാലിഫോർണിയയിൽ, 1950ഇൻഡ്യൻ അംബാസഡർ മി. ബി. ആർ. സെൻ, SRF ഇന്റർനാഷണൽ ഹെഡ്ക്വാർട്ടേഴ്സിൽ, 1952ശ്രീ യോഗാനന്ദൻ അദ്ദേഹത്തിന്റെ മഹാസമാധിക്ക് ഒരു മണിക്കൂർ മുമ്പ്, മാർച്ച് 7, 1952പരമഹംസ യോഗാനന്ദനോടുള്ള ബഹുമാനാർത്ഥം ഭാരത സർക്കാർ പുറത്തിറക്കിയ സ്മാരക സ്റ്റാമ്പ്ആമുഖംഡബ്ലിയൂ. വൈ. എവൻസ്-വെന്റ്സ് എം.എ., ഡി. ലിറ്റ്; ഡി.എസ് സി ജീസസ് കോളജ്, ഓക്സ്ഫഡ്.ദ റ്റിബറ്റൻ ബുക് ഒഫ് ദ ഡെഡ്, റ്റിബറ്റ്സ് ഗ്രേറ്റ് യോഗി മിലറെപാ, റ്റിബറ്റൻ യോഗാ ആൻഡ് സീക്രട്ട് ഡോക്റ്ററിൻസ് മുതലായവയുൾപ്പെടെ യോഗശാസ്ത്രത്തെയും പൗരസ്ത്യദേശത്തിന്റെ ജ്ഞാനപൈതൃകത്തെയുംകുറിച്ചുള്ള കർത്താവും വിവർത്തകനും.ഭാരതത്തിന്റെ ഋഷീശ്വരന്മാരെപ്പറ്റി ഇംഗ്ലീഷിലുള്ള അപൂർവം ചില പുസ്തകങ്ങളിലൊന്നാണ് യോഗാനന്ദന്റെ ഒരു യോഗിയുടെ ആത്മകഥ. ഒരു പത്രപ്രവർത്തകനോ വിദേശിയോ അല്ലാതെ, ഭാരതത്തിന്റെ ജ്ഞാനികളുടെ പരമ്പരയിൽപെട്ട, അതേ വിശിഷ്ടശിക്ഷണം സിദ്ധിച്ച ഒരു ദേഹം എഴുതിയ-ചുരുക്കത്തിൽ യോഗികളെപ്പറ്റി ഒരു യോഗി രചിച്ച-ഗ്രന്ഥമെന്ന വസ്തുത ഇതിന്റെ മൂല്യം വളരെയേറെ ഉയർത്തുന്നു. ആധുനിക ഹിന്ദു ആചാര്യന്മാരുടെ അനിതരസാധാരണമായ ജീവിതത്തിന്റെയും ശക്തിവൈഭവങ്ങളുടെയും ഒരു ദൃക്സാക്ഷി വിവരണമെന്ന നിലയ'ക്ക് ഈ ഗ്രന്ഥത്തിന് ആനുകാലികവും കാലാതീതവുമായ പ്രാധാന്യമുണ്ട്. വിശ്രുതനായ ഈ ഗ്രന്ഥകാരനെ ഭാരതത്തിലും അമേരിക്കയിലുംവച്ച് അറിയാൻ സാധിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. അർഹിക്കുന്ന അംഗീകാരവും കൃതജ്ഞതയും ഓരോ വായനക്കാരനും അദ്ദേഹത്തിന് അർപ്പിക്കട്ടേ. ഹൈന്ദവ വിചാര വികാരങ്ങളുടെ ആഴങ്ങളെയും ഭാരതത്തിന്റെ ആധ്യാത്മിക സമ്പന്നതയെയും ഏറെ വെളിവാക്കുന്ന ജീവചരിത്രങ്ങൾ പാശ്ചാത്യദേശത്ത് പ്രസിദ്ധീകരിച്ചിട്ടുള്ളവയിൽ മഹത്തമമാണ് അദ്ദേഹത്തിന്റെ അസാമാന്യമായ ഈ ജീവിതസാക്ഷി പത്രമെന്നു തീർച്ച.ഈ പുസ്തകത്തിൽ ജീവചരിത്രം രേഖപ്പെടുത്തിയിട്ടുള്ള ഒരു പുണ്യാത്മാവായ ശ്രീ യുക്തേശ്വരഗിരിയെ നേരിൽകാണാനുള്ള ഭാഗ്യം എനിക്കു ലഭിച്ചിട്ടുണ്ട്. ഈ അഭിവന്ദ്യ യതിവര്യന്റെ പ്രതിരൂപം എന്റെ റ്റിബറ്റൻ യോഗാ ആൻഡ് സീക്രട്ട് ഡോക്റ്ററിൻസ്1 എന്ന പുസ്തകത്തിന്റെ മുഖചിത്രത്തിന്റെ ഭാഗമായി പുറത്തുവന്നിട്ടുണ്ട്. ബംഗാൾ ഉൾക്കടലിന്റെ തീരത്ത്, ഒറീസയിലെ പുരിയിൽവച്ചാണ്, ഞാൻ ശ്രീ യുക്തേശ്വരനെ കണ്ടുമുട്ടിയത്. കടൽതീരത്തെ പ്രശാന്തമായ ഒരു ആശ്രമത്തിന്റെ തലവനായിരുന്ന അദ്ദേഹം അന്ന്, പ്രധാനമായും ഒരു കൂട്ടം യുവശിഷ്യരുടെ ആധ്യാത്മിക ശിക്ഷണത്തിൽ വ്യാപൃതനായിരുന്നു. അമേരിക്കൻ ഐക്യനാടുകളിലെയും, സമസ്ത അമേരിക്കയിലേയും ഇംഗ്ലണ്ടിലേകൂടിയും ജനങ്ങളുടെ ക്ഷേമത്തിൽ അദ്ദേഹം അതിയായ താല്പര്യം പ്രകടിപ്പിച്ചു. കാലിഫോർണിയയിൽ തന്റെ പ്രധാനശിഷ്യൻ പരമഹംസ യോഗാനന്ദന്റെ വിദൂരപ്രവർത്തനങ്ങളെപ്പറ്റിയുള്ള വിശേഷങ്ങൾ അദ്ദേഹം പ്രത്യേകിച്ചും ചോദിച്ചു. വാത്സല്യഭാജനമായ ആ ശിഷ്യനെ 1920 – ൽ ആണ് അദ്ദേഹം തന്റെ സന്ദേശവാഹകനായി പാശ്ചാത്യദേശത്തേക്ക് അയച്ചത്.സൗമ്യമായ മുഖഭാവവും സ്വരവും പ്രസാദാത്മകമായ വ്യക്തിത്വസാന്നിധ്യവും ശ്രീ. യുക്തേശ്വരനുണ്ടായിരുന്നു. അദ്ദേഹം തന്റെ അനുയായികളുടെ സ്വമേധയായുള്ള ആദരവിന് സർവഥാ അർഹനായിരുന്നു. അദ്ദേഹത്തെ അറിഞ്ഞിരുന്ന ഓരോ വ്യക്തിയും, തന്റെ സമുദായക്കാരനായിരുന്നെങ്കിലും അല്ലെങ്കിലും, ഏറ്റവും വലിയ മതിപ്പോടെയാണ് അദ്ദേഹത്തെ നോക്കിക്കണ്ടിരുന്നത്. ആശ്രമകവാടത്തിൽ എന്നെ സ്വീകരിക്കാൻ നിന്നിരുന്ന, ലൗകികതൃഷ്ണകൾ വെടിഞ്ഞ ഒരുവന്റെ വേഷമായ കാവിധരിച്ച ആ താപസന്റെ നീണ്ട

വടിവൊത്ത ആകാരം സുവ്യക്തമായി ഞാൻ ഓർക്കുന്നു. അദ്ദേഹത്തിന്റെ ചുരുണ്ട മുടിയും താടിയും നീണ്ടു വളർന്നിരുന്നു. ദൃഢപേശിയായ ശരീരം നീണ്ടു മെലിഞ്ഞ് സൗഷ്ഠവമുള്ളതും, നടപ്പ് ചൊടിയുള്ളതുമായിരുന്നു. ഇഹലോകവാസത്തിന് അദ്ദേഹം തിരഞ്ഞെടുത്തത് പ്രസിദ്ധമായ ജഗന്നാഥക്ഷേത്രം സ'ഥിതിചെയ്യുന്ന പുണ്യഭൂമിയായ പുരിനഗരം ആയിരുന്നു. തീർഥാടനത്തിനായി ഭാരതത്തിന്റെ എല്ലാ ഭാഗത്തുനിന്നും വമ്പിച്ച ഭക്തജനതതി നിത്യേന ഇവിടെ എത്തുന്നു. തന്റെ അവതാരോദ്ദേശ്യം വിജയശ്രീലാളിതമായി നിറവേറി എന്ന ബോധ്യത്തോടെ 1936 – ൽ ഇവിടെവച്ചുതന്നെയാണ് ക്ഷണഭംഗുരമായ ഈ ലോകരംഗങ്ങളോട് വിടവാങ്ങിക്കൊണ്ട് ശ്രീ യുക്തേശ്വരൻ മഹാസമാധിയായത്.ശ്രീ യുക്തേശ്വരന്റെ ഉദാത്തമായ സ്വഭാവവിശേഷവും ദിവ്യത്വവും ഇവിടെ സാക്ഷ്യപ്പെടുത്തുവാൻ കഴിയുന്നതിൽ എനിക്ക് യഥാർഥത്തിൽ സന്തോഷമുണ്ട്. കാലാന്തരങ്ങൾക്കു വേണ്ടി തന്റെ ശിഷ്യൻ പരമഹംസ യോഗാനന്ദൻ ഇവിടെ വിവരിച്ചിരിക്കുന്ന ആ ആദർശ ജീവിതത്തിന്, ആൾത്തിരക്കിൽനിന്ന് അകന്നു കഴിയുന്നതിൽ തൃപ്തനായിരുന്ന അദ്ദേഹം പരിപൂർണമായി, പ്രശാന്തിയിൽ സ്വയം സമർപ്പിച്ചു.1 ഓക്സ്ഫഡ് യൂനിവേഴ്സിറ്റി പ്രെസ്. 1958ഒരു യോഗിയുടെ ആത്മകഥയ'ക്ക് ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്ന് സ്തുതിഗീതങ്ങൾ “വർഷംതോറും പ്രകാശനംചെയ്യപ്പെടുന്ന ആയിരക്കണക്കിനു പുസ്തകങ്ങളിൽ, രസിപ്പിക്കുന്നവയും പ്രബോധനം ചെയ്യുന്നവയും ആത്മാവിൽ ഉത്കർഷം പകരുന്നവയുമുണ്ട്. ഇവ മൂന്നും ചെയ്യുന്ന ഒരു പുസ്തകം കണ്ടെത്തുകയാണെങ്കിൽ വായനക്കാരന് ഭാഗ്യാതിരേകമെന്ന് കരുതാം. ഒരു യോഗിയുടെ ആത്മകഥ അതിനുമപ്പുറം അസാധാരണമാണ്—അത് മനസ്സിന്റെയും ആത്മാവിന്റെയും വാതായനങ്ങൾ തുറന്നിടുന്നു” —ഇൻഡ്യ ജേർണൽ “ഒരു അസുലഭ വിവരണം ” —ന്യൂയോർക് റൈറംസ് “അതുല്യമായ കരുത്തോടും സ്പഷ്ടതയോടുംകൂടി ഈ പുറങ്ങൾ വെളിവാക്കുന്നത് അത്ര അത്യാകർഷകമായ ഒരു ജീവിതകഥ—മുംമ്പൊരിക്കലും കേട്ടിട്ടില്ലാത്ത മഹത്വമാർന്ന ഒരു വ്യക്തിത്വത്തിന്റേത്—ആയതിനാൽ അത് തുടക്കംമുതൽ ഒടുക്കംവരെ വായനക്കാരനെ ശ്വാസം അടക്കിപ്പിടിച്ചിരുത്തുന്നു.... മനുഷ്യന്റെ മാനസികവും ആത്മീയവുമായ പ്രവർത്തനത്തിനു മാത്രമേ അനശ്വരമായ മൂല്യമുള്ളൂവെന്നും ആന്തരികമായ ശക്തികൊണ്ട് എല്ലാ പ്രാപഞ്ചികബാധകളെയും അതിജീവിക്കാമെന്നും ഈ പുസ്തകത്തിന്റെ താളുകളിൽ അനിഷേധ്യമായ തെളിവ് കാണാം.... ഒരു ആധ്യാത്മിക വിപ്ളവം വരുത്തിവയ'ക്കാനുള്ള ഉൾക്കരുത്ത് ഈ സുപ്രധാന ആത്മകഥയ'ക്കുണ്ടെന്നുള്ളത് നാം സമ്മതിച്ചേ മതിയാവൂ.—ഷ്ളെസ്വിക് —ഹോൽസ്റ്റെനിഷ് റ്റാഗ്പോസ്റ്റ്, ജേർമനി “അതിബൃഹത്തും ഉദാത്തവുമായ ഒരു ഗ്രന്ഥം” — ഷെഫീൽഡ് ടെലഗ്രാഫ്, ഇംഗ്ളണ്ട് “തികഞ്ഞ സമ്പൂർണമായ വെളിപാട്... തീവ്രമായ മാനുഷികതയുടെ വിവരണം... മനുഷ്യരാശിക്ക് സ്വയം ഏറെ നന്നായി മനസ്സിലാക്കാൻ സഹായകമാവണം... ആത്മകഥ അതിന്റെ ഏറ്റവും വിശിഷ്ടമായ വിധത്തിൽ... ശ്വാസമടക്കിപ്പിടിച്ചുമാത്രം വായിച്ചുതീർക്കാൻ കഴിയുന്നത്...ഈ ഗ്രന്ഥം ഒരു മംഗളകരമായ സമയത്താണ് വന്നിട്ടുള്ളത്... രസകരമായ ഫലിതത്തോടും ശ്രദ്ധപിടിച്ചുപറ്റുന്ന ആത്മാർത്ഥതയോടും ആഖ്യാനംചെയ്യപ്പെട്ടിരിക്കുന്നു... ഏതൊരു നോവലുംപോലെ ഹൃദയഹാരി.—ന്യൂസ് സെന്റിനെൽ, ഇൻഡ്യാനാ യു.എസ്.എഈ പുസ്തകത്തിന്റെ ഉള്ളടക്കം അസാധാരണമാണ്.... ദാർശനികമായ ഭാഗങ്ങൾ അത്യന്തം രസകരം. മതപരമായ ഭിന്നതകൾക്ക് ഉപരിയായ ഒരു തലത്തിലാണ് യോഗാനന്ദൻ.—ചൈന വീക്ക്ളി റിവ്യൂ, ഷാങ്ങ്ഹായ് “രസകരമായി വായിച്ചുപോകാവുന്ന ശൈലിയിൽ.... യോഗാനന്ദൻ യോഗശാസ്ത്രത്തിനുവേണ്ടി ആർക്കും ബോദ്ധ്യം വരുത്തുന്ന ഒരു വാദം അവതരിപ്പിക്കുന്നു; ‘പരിഹസിക്കാനെത്തിയവർ’ ‘പ്രാർഥനയിൽ മുഴുകാൻ’ അവശേഷിച്ചുവെന്നുവരാം.” —സാൻഫ്രാൻസിസ്കോ ക്രോണിക്കിൾ “അത്യാകർഷകവും വളരെ വ്യക്തമായവ്യാഖ്യാനം ഉൾക്കൊള്ളുന്നതും ആയ ഒരു പഠനം” — ന്യൂസ്വീക് “ഈ നൂറ്റാണ്ടിലെ ഏറ്റവും അഗാധവും സുപ്രധാനവുമായ സന്ദേശങ്ങളിലൊന്ന്” — നേവേ റെൽറ്റാ സൈറ്റുങ്ങ്, ഓസ്ട്രിയ “ജീവിതകഥകളിൽ ഏറ്റവും വശ്യമായരീതിയിൽ ലളിതവും സുസ്പഷ്ടവുമായ ഒന്ന്.... വിജ്ഞാനത്തിന്റെ യഥാർഥ ഖനി.... ഈ താളുകളിൽ നാം കാണുന്ന മഹാത്മാക്കൾ അമൂല്യമായ ആത്മീയ വിജ്ഞാനമാർന്ന സുഹൃത്തുക്കളെപ്പോലെ ഓർമയിൽ മടങ്ങിയെത്തുന്നു.... അവരിൽ ഏറ്റവും മഹാനായ ഒരുദേഹം ഈശ്വരനിൽ ഉന്മത്തനായ ഗ്രന്ഥകാരൻ തന്നെയാണ്.... ശ്രദ്ധേയം.... ഒരു മഹാത്മാവിന്റെ മധുരോദാരമായ ദർശനം” —ഡോ. ആന്ന വൊൻ ഹെൽമ്ഹോൽറ്റ്സ്റ്റ്—ഫെലൻ, യൂനിവേഴ്സിറ്റി ഒഫ് മിനസോറ്റ, യു.എസ്.എ.മരണത്തെ വെന്ന പുണ്യാത്മാക്കളെപ്പറ്റിയോ വിസ്മയകരമായ രോഗവിമോചനങ്ങളെപ്പറ്റിയോ യോഗാനന്ദൻ സംസാരിക്കുമ്പോൾ അല്ലെങ്കിൽ ആർഷവിജ്ഞാനവും യോഗശാസ്ത്രവും പകരുമ്പോളാകട്ടെ, വായനക്കാരൻ എല്ലാം മറന്ന് ആഹ്ലാദിക്കുന്നു.” —ഡി ഫെൽറ്റ്ഫോഹ, സ്യൂറിക്, സ്വിറ്റ്സർലൻഡ് “തന്റെ ചിന്തകളുടെ ചക്രവാളം അനന്തതയിലേയ'ക്കു വികസിക്കുന്നതായി കാണാനും വർണ്ണവും വർഗ്ഗവും എന്തായാലും എല്ലാ മനുഷ്യജീവികൾക്കും വേണ്ടിമിടിക്കാൻ തന്റെ ഹൃദയത്തിനു കഴിയുമെന്ന് ബോദ്ധ്യപ്പെടാനും ഈ ഗ്രന്ഥം കൊണ്ട് വായനക്കാരനു കഴിയുന്നു. പ്രചോദിതമെന്നു വിളിക്കാനാവുന്ന ഒരു ഗ്രന്ഥമാണിത്.” —എലിഫ്ഥീറിയ, ഗ്രീസ്യോഗാഭ്യാസത്തിന്റെ അത്യുന്നത തലങ്ങളിൽ സാധകൻ എത്തിച്ചേരുന്ന സമാധിലാഭത്തിന്റെ ഉജ്വലമായ വിവരണം (യോഗാനന്ദജിയുടെ) വിഖ്യാതമായ ഒരു യോഗിയുടെ ആത്മകഥയിൽ അദ്ദേഹം നൽകുന്നു.

യോഗവിദ്യയുടേയും വേദാന്തത്തിന്റെയും വീക്ഷണത്തിലൂടെ മനുഷ്യസ്വഭാവത്തിന്റെ നിരവധി രസകരമായ പാർശ്വദൃശ്യങ്ങളും അദ്ദേഹം അവതരിപ്പിക്കുന്നു.—റോബർട്ട് എസ്. എൽവുഡ്. പിഎച്ച്. ഡി., സ്കൂൾ ഒഫ് റിലിജൻ, യൂനിവേഴ്സിറ്റി ഒഫ് സതേൺ കാലിഫോർണിയ “യോഗവിദ്യകളുടെ മണ്ഡലവുമായുള്ള ഈ പുതിയ സമ്പർക്കം—ഭൗതിക യാഥാർഥ്യത്തിനു മേലുള്ള അതിന്റെ മാനസിക ശ്രേഷ്ഠതയും അതിന്റെ ആത്മീയ സുശിക്ഷിതത്വവും—എനിക്ക് ഏറെ പ്രബോധനാത്മകമായിരുന്നു. ഈ ഹൃദയഹാരിയായ ലോകത്തേക്ക് എനിക്ക് ഒരു ഉൾക്കാഴ്ച തന്നതിന് ഞാൻ അങ്ങയോട് കടപ്പെട്ടിരിക്കുന്നു.” —തോമസ്മാൻ—നോബൽസമ്മാന ജേതാവ് “ ഭൂഗോളത്തിന്റെ എല്ലാ മൂലകളിലും ഭക്ത്യാദരങ്ങളോടെ പരമഹംസ യോഗാനന്ദന്റെ ദൈവികമായ പ്രചോദനം സ്വീകരിക്കപ്പെട്ടിരിക്കുന്നു.” —റൈഡേഴ്സ് റിവ്യൂ, ലണ്ടൻഅവതാരിക “പരമഹംസ യോഗാനന്ദനെ കണ്ടുമുട്ടിയ അനുഭവം എന്റെ ജീവിതത്തിലെ ഒരു അവിസ്മരണീയ സംഭവമായി എന്റെ ഓർമയിൽ ആഴത്തിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു... ഞാൻ അദ്ദേഹത്തിന്റെ മുഖത്തേക്ക് നോക്കിയപ്പോൾ ഒരു ദിവ്യതേജസ്—വാച്യാർഥത്തിൽ അദ്ദേഹത്തിൽനിന്നും വഴിഞ്ഞൊഴുകിയ ആത്മീയതയുടെ ഒരു പ്രകാശം— ഏറെക്കുറെ പൂർണമായും എന്റെ കണ്ണഞ്ചിപ്പിച്ചു. അദ്ദേഹത്തിന്റെ അപാരമായ സൗമ്യത, ഹൃദ്യമായ കാരുണ്യാതിരേകം, സുഖകരമായ സുര്യപ്രകാശം പോലെ എന്നെ പൊതിഞ്ഞു...ആത്മീയത നിറഞ്ഞ ഒരു വ്യക്തിത്വമായിരുന്നു അദ്ദേഹത്തിനെങ്കിലും അദ്ദേഹത്തിന്റെ അറിവും ഉൾക്കാഴ്ചയും തീരെ ലൗകികമായ കാര്യങ്ങളിൽപോലും എത്തിയിരുന്നുവെന്ന് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ഭാരതത്തിന്റെ പൗരാണികമായ വിജ്ഞാനത്തിന്റെ സത്ത കൈക്കൊണ്ട് അത് ലോകത്താകമാനം പ്രചരിപ്പിക്കുന്ന ഭാരതത്തിന്റെ ഒരു യഥാർഥ പ്രതിപുരുഷനെ ഞാൻ അദ്ദേഹത്തിൽ കണ്ടെത്തി.—ഡോ. വിനയരഞ്ജൻ സെൻ, അമേരിക്കയിലെ മുൻ ഭാരതസ'ഥാനപതിപരമഹംസ യോഗാനന്ദനെ വ്യക്തിപരമായി അറിഞ്ഞിരുന്നവർക്ക് അദ്ദേഹത്തിന്റെ ജീവിതവും സ്വഭാവസത്തയും അദ്ദേഹം ലോകത്തിന്റെ മുമ്പിൽ അവതരിപ്പിച്ച പുരാതന ജ്ഞാനത്തിന്റെ ഉൾക്കരുത്തും പ്രാമാണികതയും ബോധ്യംവരുത്തുന്ന പ്രമാണപത്രമായിരുന്നു. ഒരു വ്യക്തിയെന്ന നിലയിൽ അദ്ദേഹത്തിൽ നിന്നും പ്രസരിച്ച ആത്മീയ ആധികാരികതയുടെ അതേ വെളിച്ചത്തിന്റെ സാന്നിധ്യം അദ്ദേഹത്തിന്റെ ആത്മകഥയുടെ താളുകളിലും കാണാമെന്നത് അതിന്റെ എണ്ണമറ്റ വായനക്കാർ സാക്ഷ്യപ്പെടുത്തുന്നു. അറുപതു വർഷം മുമ്പ് അച്ചടിച്ച് ഇറങ്ങിയപ്പോൾ ഒരു ശ്രേഷ്ഠഗ്രന്ഥമായി അത് വാഴ്ത്തപ്പെട്ടു. സുസ്പഷ്ടമായ മഹത്വത്തിന്റെ ഒരു കഥ മാത്രമല്ല പൗരസ്ത്യ തത്ത്വചിന്തയ'ക്ക്, പ്രത്യേകിച്ചും വ്യക്തിനിഷ്ഠവും അപരോക്ഷവുമായ ഈശ്വരാനുഭൂതിയുടെ അനന്യമായ ശാസ്ത്രത്തിന്, അത് ഒരു ആമുഖവുമായിരുന്നു. ഇക്കാലമത്രയും ചുരുക്കം ചിലർക്കു മാത്രം പ്രാപ്യമായിരുന്ന അറിവിന്റെ ഒരു സാമ്രാജ്യം പാശ്ചാത്യലോകത്തിന് അത് തുറന്നുകൊടുത്തു.ഇന്ന് ആധ്യാത്മികസാഹിത്യത്തിന്റെ ഒരു വിശോത്തരകൃതിയായി ഒരു യോഗിയുടെ ആത്മകഥ അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഈ പുസ്തകത്തിന്റെ അസാധാരണ ചരിത്രം ഈ അവതാരികയിൽ ഒട്ടൊന്നു പങ്കുവയ'ക്കുവാൻ ഞങ്ങൾക്ക് സന്തോഷമുണ്ട്.ഈ ഗ്രന്ഥത്തിന്റെ രചന ദീർഘകാലം മുമ്പു തന്നെ പ്രവചിക്കപ്പെട്ടിരുന്നു. ആധുനികകാലത്ത് യോഗശാസ്ത്ര നവോത്ഥാനത്തിന് ബീജാവാപംചെയ്ത മഹത്തുക്കളിൽ ഒരാളായ പത്തൊമ്പതാം നൂറ്റാണ്ടിലെ അഭിവന്ദ്യ ആചാര്യൻ ലാഹിരി മഹാശയൻ ദീർഘദർശനം ചെയ്തിരുന്നു: “എന്റെ ദേഹവിയോഗത്തിനുശേഷം ഒരമ്പതു വർഷം കഴിയുമ്പോൾ പാശ്ചാത്യദേശത്ത് യോഗശാസ്ത്രത്തിൽ ഉടലെടുക്കുന്ന ശക്തമായ താൽപര്യത്തിന്റെ പേരിൽ എന്റെ ജീവിതകഥയുടെ ഒരു വിവരണം എഴുതപ്പെടും. യോഗാഭ്യാസത്തിന്റെ സന്ദേശം ഭൂഗോളത്തെ വലയം ചെയ്യും. അത് മനുഷ്യരുടെ സർവ്വസാഹോദര്യം സ'ഥാപിക്കുന്നതിന് സഹായിക്കും: ഏകപിതാവിന്റെ അപരോക്ഷമായ അനുഭൂതി മനുഷ്യരാശിക്ക് ലഭിച്ചതിനെ ആധാരമാക്കിയ ഒരു ഏകതയായിരിക്കും അത്.” എത്രയോ വർഷങ്ങൾക്കുശേഷം ലാഹിരി മഹാശയന്റെ ശ്രേഷ്ഠശിഷ്യൻ സ്വാമി ശ്രീ യുക്തേശ്വരൻ ഈ പ്രവചനം യോഗാനന്ദനെ അറിയിച്ചു: “ആ സന്ദേശം പ്രചരിപ്പിക്കുന്നതിലും ജീവിതകഥ എഴുതുന്നതിലും നിന്റെ പങ്ക് നീ നിർവ്വഹിക്കണം,” അദ്ദേഹം പ്രസ്താവിച്ചു.ലാഹിരി മഹാശയന്റെ ദേഹവിയോഗത്തിനു ശേഷം കൃത്യം അമ്പതു വർഷംകഴിഞ്ഞ്, 1945-ലാണ്, പരമഹംസ യോഗാനന്ദൻ തന്റെ ഒരു യോഗിയുടെ ആത്മകഥ എഴുതിത്തീർത്തത്. അത് അദ്ദേഹത്തിന്റെ ഗുരുവിന്റെ രണ്ടു കല്പനകളും നിറവേറ്റി. ഇംഗ്ലീഷിൽ ലാഹിരി മഹാശയന്റെ അസാധാരണമായ ജീവിതകഥ ആദ്യമായി വിശദാംശങ്ങളോടെ പ്രതിപാദിക്കപ്പെട്ടു. ഭാരതത്തിന്റെ ചിരപുരാതനമായ ആത്മാവിന്റെ ശാസ്ത്രം ഒരു ലോകശ്രോതൃവൃന്ദത്തിന് പരിചയപ്പെടുത്തുകയും ചെയ്തു.ഒരു യോഗിയുടെ ആത്മകഥയുടെ രചനയ'ക്കായി നിരവധി വർഷങ്ങളോളം പരമഹംസ യോഗാനന്ദൻ പ്രയത്നിച്ചു. അദ്ദേഹത്തിന്റെ ആദ്യകാലശിഷ്യരിൽ ഒരാളായ ശ്രീ ദയാ മാതാ1 സ്മരിക്കുന്നു “1931-ൽ ഞാൻ മൗണ്ട് വാഷിങ്ങ്ടണിൽ വന്നപ്പോഴേക്കും പരമഹംസജി ആത്മകഥയുടെ ജോലി ആരംഭിച്ചുകഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ പഠനമുറിയിൽ ഒരിക്കൽ ഞാൻ സെക്രട്ടറിയുടെ ചില ചുമതലകൾ നിർവഹിക്കുകയായിരുന്നു. അപ്പോൾ അദ്ദേഹം എഴുതിയ ആദ്യ അധ്യായങ്ങളിലൊന്ന് കാണാനുള്ള പ്രത്യേക സൗഭാഗ്യം എനിക്കു ലഭിച്ചു. അത് ‘കടുവാസ്വാമി’ യെക്കുറിച്ചായിരുന്നു. അത് സൂക്ഷിച്ചുവയ'ക്കാനും അദ്ദേഹം ആവശ്യപ്പെട്ടു. അദ്ദേഹം എഴുതുന്ന ഒരു പുസ്തകത്തിലേക്കു ചേർക്കാനുള്ളതായിരിക്കും അതെന്ന് അദ്ദേഹം വിശദീകരിച്ചു. ആ

പുസ്തകത്തിന്റെ മിക്ക ഭാഗങ്ങളും, അതിനുശേഷം, 1937-നും 1945-നും ഇടയ'ക്കാണ് രചിച്ചത്.” 1935 ജൂൺ മുതൽ 1936 ഒക്ടോബർ വരെയുള്ള കാലഘട്ടത്തിൽ തന്റെ ഗുരു ശ്രീ യുക്തേശ്വരനെ സന്ദർശിക്കാനായി യോഗാനന്ദൻ യൂറോപ്പും പാലസ്റ്റീനും വഴി ഭാരതത്തിലേക്ക് ഒരു മടക്കയാത്ര നടത്തി. അവിടെയായിരുന്നപ്പോൾ ആത്മകഥയ'ക്കും, താൻ അറിഞ്ഞിരുന്ന ഏതാനും പുണ്യപുരുഷന്മാരെയും ഋഷീശ്വരന്മാരെയും സംബന്ധിച്ച കഥകളും അദ്ദേഹം ശേഖരിച്ചു. അവരുടെ ജീവിതകഥ അത്ര അവിസ്മരണീയമാംവിധം തന്റെ പുസ്തകത്തിൽ വർണിക്കണമെന്ന് അദ്ദേഹം കരുതിയിരുന്നു. അദ്ദേഹം പിന്നീട് എഴുതി: “ലാഹിരി മഹാശയന്റെ ജീവചരിത്രം ഞാൻ എഴുതണമെന്ന ശ്രീ യുക്തേശ്വരന്റെ അപേക്ഷ ഞാൻ ഒരിക്കലും മറന്നിരുന്നില്ല. ഭാരതത്തിലെ എന്റെ താമസത്തിനിടയിൽ യോഗാവതാരമായ ലാഹിരി മഹാശയന്റെ നേരിട്ടുള്ള ശിഷ്യരോടും ബന്ധുക്കളോടും ബന്ധപ്പെടാൻ എല്ലാ അവസരങ്ങളും ഞാൻ വിനിയോഗിച്ചു. അവരുമായുള്ള സംഭാഷണങ്ങൾ വളരെ വിസ്തരിച്ച് എഴുതിയ കുറിപ്പുകളിൽ രേഖപ്പെടുത്തി, വസ്തുതകളും തീയതികളും ശരിയാണെന്നു ഉറപ്പു വരുത്തുകയും ചിത്രങ്ങളും, പഴയ കത്തുകളും പ്രമാണങ്ങളും ശേഖരിക്കുകയും ചെയ്തു.” 1936-ന്റെ അവസാനം അമേരിക്കയിലേക്ക് മടങ്ങിയപ്പോൾ അദ്ദേഹം തന്റെ സമയത്തിലേറെയും തെക്കൻ കാലിഫോർണിയ കടൽത്തീരത്തെ തന്റെ എൻസിനിറ്റാസ് ആശ്രമത്തിൽ ചിലവഴിക്കാൻ തുടങ്ങി. അദ്ദേഹം അവിടെയില്ലാതെയിരുന്നപ്പോൾ അദ്ദേഹത്തിനുവേണ്ടി നിർമിച്ചതായിരുന്നു ആ ആശ്രമം. വർഷങ്ങൾക്കുമുമ്പ് താൻ എഴുതാൻ തുടങ്ങിയ പുസ്തകം പൂർത്തീകരിക്കുന്നതിൽ പൂർണമായി ശ്രദ്ധ ചെലുത്തുന്നതിന് പറ്റിയ ഒരു സ'ഥലമായിത്തീർന്നു അത്.ദയാ മാതാ ഓർമിക്കുന്നു: “സമുദ്രതീരത്തുള്ള പ്രശാന്തമായ ആ ആശ്രമത്തിൽ ചിലവഴിച്ച ദിനങ്ങൾ എന്റെ ഓർമയിൽ ഇപ്പോഴും വ്യക്തമായി തെളിഞ്ഞുനിൽക്കുന്നു. അത്രയേറെ ഉത്തരവാദിത്വങ്ങളും ചുമതലകളും ഉണ്ടായിരുന്നതിനാൽ ആത്മകഥയുടെ ജോലി എന്നും ചെയ്യാൻ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല. പക്ഷേ പൊതുവെ പറഞ്ഞാൽ എല്ലാ സായന്തനങ്ങളും കൂടാതെ തനിക്ക് കിട്ടിയിരുന്ന ഒഴിവുസമയങ്ങളും അദ്ദേഹം അതിനു വേണ്ടി മാറ്റിവച്ചു. 1939,  1940ന്റെയും തുടക്കത്തോടെ മുഴുവൻ സമയവും ആത്മകഥയിൽ ശ്രദ്ധവയ'ക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. മുഴുവൻ സമയവും തീർത്തും അങ്ങനെയായിരുന്നു. കാലേകൂട്ടി പ്രഭാതംമുതൽ പ്രഭാതംവരെ! താരാ മാതാ, എന്റെ സഹോദരി ആനന്ദ മാതാ, ശ്രദ്ധാ മാതാ എന്നിവരും ഞാനും ചേർന്ന ഒരു ചെറിയസംഘം ശിഷ്യർ അദ്ദേഹത്തെ സഹായിക്കാൻ കൂടെയുണ്ടായിരുന്നു. ഓരോ ഭാഗവും ടൈപ്പു ചെയ്തുകഴിഞ്ഞാൽ അദ്ദേഹം അത് തന്റെ സംശോധകയായ താരാ മാതായ'ക്ക് നൽകുകയായി. “എത്ര നിധിപോലെ കരുതപ്പെട്ട സ്മരണകൾ! താൻ രേഖപ്പെടുത്തുന്ന വിശുദ്ധ അനുഭവങ്ങളിൽ അദ്ദേഹം പുനർജീവിച്ചു. പുണ്യാത്മാക്കളുടെയും ആചാര്യന്മാരുടെയും സന്നിധിയിലും വ്യക്തിപരമായ ഈശ്വരാനുഭൂതിയിലും അനുഭവിക്കാൻ കഴിയുന്ന സന്തുഷ്ടിയും വെളിപാടുകളും പങ്കുവയ'ക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ദിവ്യമായ ഉദ്ദേശ്യം. പലപ്പോഴും അദ്ദേഹം അല്പനേരത്തേക്ക് ജോലിനിർത്തിയിട്ട് ദൃഷ്ടി മേൽപ്പോട്ടാക്കി ശരീരം നിശ്ചലമാക്കി സമാധി അവസ'ഥയിൽ ജഗദീശ്വരനുമായി ഗാഢമായ താദാത്മ്യത്തിൽ മുഴുകി ഇരിക്കുമായിരുന്നു. അപ്പോൾ മുറിയാകെ ദിവ്യപ്രേമത്തിന്റെ ശക്തമായ ഒരു പരിവേഷത്താൽ നിറഞ്ഞിരിക്കും. ഞങ്ങൾ ശിഷ്യർക്ക്, അത്തരം വേളകളിൽ സന്നിഹിതരായിരിക്കുകയെന്നതുതന്നെ ഒരു ഉയർന്ന ബോധതലത്തിലേക്ക് ഉയർത്തപ്പെടുകയെന്ന അനു ഭവമായിരുന്നു. “ഒടുവിൽ, 1945-ൽ, പുസ്തകത്തിന്റെ രചന പൂർണമാകുന്ന ആഹ്ലാദകരമായ ദിനം വന്നെത്തി. പരമഹംസജി സമാപനവാക്കുകൾ എഴുതിച്ചേർത്തു: ‘ജഗദീശ്വരാ, അങ്ങ് ഈ സന്യാസിക്ക് ഒരു വലിയ കുടുംബമാണ് തന്നിരിക്കുന്നത്!’  എന്നിട്ട് അദ്ദേഹം പേനവച്ചിട്ട് ഇങ്ങനെ വിസ്മയംകൂറി: “ ‘എല്ലാം പൂർത്തിയായി; പുസ്തകം എഴുതിത്തീർത്തു. ഈ ഗ്രന്ഥം ജനകോടികളുടെ ജീവിതങ്ങൾ പരിവർത്തനം ചെയ്യും. ഞാൻ പോയിക്കഴിയുമ്പോൾ അതാകും എന്റെ സന്ദേശവാഹകം.’ ” ഒരു പ്രസാധകനെ കണ്ടെത്തുകയെന്ന ജോലി താരാ മാതായുടെ ഉത്തരവാദിത്വമായിത്തീർന്നു. 1924-ൽ സാൻഫ്രൻസിസ്കോയിൽ ഏതാനും പ്രഭാഷണങ്ങളും ക്ലാസ്സുകളും നടത്തുമ്പോഴാണ് പരമഹംസ യോഗാനന്ദൻ താരാമാതായെ കണ്ടുമുട്ടിയത്. അസാധാരണമായ ആധ്യാത്മിക ഉൾക്കാഴ്ച കൈക്കൊണ്ടിരുന്ന അവർ അദ്ദേഹത്തിന്റെ ഏറ്റവും കൂടുതൽ ആധ്യാത്മിക പുരോഗതി നേടിയ ചെറിയ ശിഷ്യവലയത്തിൽ ഒരാളായിത്തീർന്നു. അവരുടെ പുസ്തകസംശോധനശേഷികളെ അദ്ദേഹം ഏറെ മാനിച്ചിരുന്നു. അദ്ദേഹം കണ്ടിട്ടുള്ളതിൽ ഏറ്റവും ഉജ്വലമായ ധീഷണയുടെ ഉടമയായിരുന്നു അവരെന്ന് അദ്ദേഹം പറയുമായിരുന്നു. ഭാരതത്തിന്റെ വൈദികജ്ഞാനത്തെപ്പറ്റിയുള്ള അവരുടെ വിപുലമായ അറിവും അവഗാഹവും അദ്ദേഹം അംഗീകരിച്ചിരുന്നു. ഒരിക്കൽ അദ്ദേഹം പറയുകയുണ്ടായി: “എന്റെ മഹാനായ ഗുരുനാഥൻ ശ്രീ യുക്തേശ്വർജി ഒഴിച്ച് മറ്റാരുമായി ഭാരതീയദർശനം ചർച്ചചെയ്യുന്നതിൽ ഇത്രയധികം ഞാൻ സന്തോഷിച്ചിട്ടില്ല.” താരാമാതാ കയ്യെഴുത്തുപ്രതി ന്യൂയോർക്ക് നഗരത്തിലേക്കു കൊണ്ടുപോയി. പക്ഷേ ഒരു പ്രസാധകനെ കണ്ടെത്തുക അത്ര എളുപ്പമുള്ള കാര്യമായിരുന്നില്ല. സാധാരണ ഒരു യാഥാസ'ഥിതിക മനഃസ'ഥിതിക്ക് ഒരു മഹത്തായ കൃതിയുടെ യഥാർഥ വലിപ്പം തിരിച്ചറിയാൻ ആദ്യമൊന്നും കഴിയില്ലയെന്ന് നമുക്ക് പലപ്പോഴും കാണാൻ കഴിയും. ദ്രവ്യം, ഊർജം, ചിന്ത എന്നിവയുടെ സൂക്ഷ്മമായ ഏകതയുടെ ഏറിവന്നിരുന്ന അറിവ് മനുഷ്യരാശിയുടെ

സമഗ്രബോധത്തെ പുതുതായി പിറന്ന ആണവയുഗം വികസ്വരമാക്കിയിരുന്നുവെങ്കിലും അന്നത്തെ പുസ്തക പ്രസാധകർ 'ഹിമാലയത്തിൽ ഒരു രമ്യഹർമ്യം സൃഷ്ടിക്കുന്നു,' 'രണ്ടു ശരീരങ്ങളോടുകൂടിയ ദിവ്യൻ' എന്നീ അധ്യായങ്ങൾ ഉൾക്കൊള്ളാൻ തീരെ സന്നദ്ധമായിരുന്നില്ല!ഒരു കൊല്ലത്തോളം പ്രസാധകഗേഹങ്ങളുടെ പടികൾ കയറിയിറങ്ങിയിരുന്ന താരാ മാതാ അപ്പോൾ താമസിച്ചിരുന്നത് പരിമിതമായി സജ്ജീകരിച്ച ചൂടാക്കാത്ത, തണുത്ത വെള്ളം മാത്രം ലഭിച്ചിരുന്ന ഒരു ഫ്ളാറ്റിലായിരുന്നു. ഒടുവിൽ വിജയവാർത്ത അറിയിക്കുന്ന കേബിൾ അയക്കാൻ അവർക്കു കഴിഞ്ഞു. ന്യൂയോർക്കിൽ മാനിക്കപ്പെട്ടിരുന്ന പ്രകാശകരായ 'ദ ഫിലസോഫിക്കൽ ലൈബ്രറി' ആത്മകഥ പ്രകാശനത്തിനായി സ്വീകരിച്ചു. "അവർ ഈ പുസ്തകത്തിനുവേണ്ടി ചെയ്തത് എനിക്ക് വർണിക്കാനാവില്ല. അവരില്ലായിരുന്നുവെങ്കിൽ ഈ പുസ്തകം ഒരിക്കലും തുടർന്നു പോവില്ലായിരുന്നു," യോഗാനന്ദജി പറഞ്ഞു.1946 ക്രിസ്മസിനു തൊട്ടുമുമ്പ്, ദീർഘകാലം കാത്തിരുന്ന പുസ്തകങ്ങൾ മൗണ്ട് വാഷിങ്ങ്ടണിൽ എത്തി.അഭിനന്ദനപൂർവ്വമായ പ്രശംസയുടെ പ്രവാഹത്തോടെ ആത്മകഥ വായനക്കാരും ആഗോളതലത്തിൽ പത്രലോകവും സ്വാഗതം ചെയ്തു. യോഗശാസ്ത്രത്തിന്റെ ഇത്തരമൊരു അവതരണം ഇംഗ്ലീഷിലോ മറ്റേതെങ്കിലും യൂറോപ്യൻ ഭാഷയിലോ ഇതിനു മുമ്പ് ഉണ്ടായിട്ടില്ലയെന്ന് കൊളംബിയ യൂണിവേഴ്സിറ്റി പ്രെസ് അതിന്റെ റിവ്യൂ ഒഫ് റിലീജൻസിൽ എഴുതി. "ഒരു അസുലഭ വിവരണം" എന്ന് ദ ന്യൂയോർക്ക് ടൈംസ് ഉദ്ഘോഷിച്ചു. ന്യൂസ് വീക്ക് ഇങ്ങനെ റിപ്പോർട്ട് ചെയ്തു: "യോഗാനന്ദന്റെ പുസ്തകം ശരീരത്തിന്റെയല്ല ആത്മാവിന്റെ ഒരു ആത്മകഥയാണ്... പൗരസ്ത്യത്തിന്റെ പുഷ്ക്കലമായ ഭാഷയിൽ നിഷ്ക്കളങ്കതയോടെ വർണിക്കുന്ന ഒരു മതാധിഷ്ഠിതമായ ജീവിതരീതിയുടെ അത്യാകർഷകവും, വ്യക്തമായ വ്യാഖ്യാനം ഉൾക്കൊള്ളുന്നതുമായ പഠനമാണ് ഇത്." മറ്റു ഭാഷകളിലേക്കുള്ള വിവർത്തനങ്ങൾ വന്നതോടെ ലോകത്താകമാനമുള്ള പത്രങ്ങളിലും ആനുകാലികങ്ങളിലും നിരവധി അവലോകനങ്ങൾ പ്രത്യക്ഷപ്പെടാൻ തുടങ്ങി.ഒരു രണ്ടാംപതിപ്പ് പെട്ടെന്ന് തയ്യാറാക്കപ്പെട്ടു. 1951-ൽ മൂന്നാം പതിപ്പും ഇറങ്ങി. പാഠഭാഗങ്ങൾ പുനരാവിഷ്ക്കരിക്കുകയും ആധുനീകരിക്കുകയും ചെയ്തതുകൂടാതെ, ആനുകാലികപ്രസക്തിയില്ലാത്ത ചില സംഘടനാപരമായ പ്രവർത്തനങ്ങളും പദ്ധതികളും വിവരിക്കുന്ന ഭാഗങ്ങൾ ഒഴിവാക്കുകയും, 1940 മുതൽ 1951 വരെയുള്ള കാലയളവ് ഉൾക്കൊള്ളിക്കുകയും ചെയ്തുകൊണ്ട് പരമഹംസ യോഗാനന്ദൻ ദീർഘമായ അധ്യായങ്ങളിൽ ഒന്നായ അവസാന അധ്യായം എഴുതിച്ചേർത്തു. പുതിയ അധ്യായത്തിന് അടിക്കുറിപ്പായി അദ്ദേഹം എഴുതി: "മൂന്നാംപതിപ്പിൽ (1951), 49-ാം അധ്യായത്തിൽ, ഏറെ പുതിയ വസ്തുതകൾ കൂട്ടിച്ചേർക്കുകയുണ്ടായി. ആദ്യത്തെ രണ്ടു പതിപ്പുകളുടെ വായനക്കാരിൽനിന്നും ലഭിച്ച അഭ്യർഥനകൾക്ക് പ്രതികരണമായി ഭാരതത്തെയും, യോഗാഭ്യാസത്തെയും, വേദ ദർശനത്തെയും പറ്റിയുള്ള വിവിധ ചോദ്യങ്ങൾക്ക് ഞാൻ ഉത്തരം നൽകുകയുണ്ടായി.21951-ലെ പതിപ്പിൽ ഗ്രന്ഥകാരന്റെ കുറിപ്പിൽ ശ്രീ യോഗാനന്ദൻ എഴുതി: "ആയിരക്കണക്കിന് വായനക്കാരിൽനിന്ന് കത്തുകൾ ലഭിച്ചത് എന്നെ ഏറെ വികാരാധീനനാക്കി. അവരുടെ അഭിപ്രായങ്ങളും, പുസ്തകം നിരവധി ഭാഷകളിലേയ'ക്ക് വിവർത്തനം ചെയ്യപ്പെട്ടുവെന്നതും 'ആധുനിക മനുഷ്യന്റെ ജീവിതത്തിൽ പുരാതനശാസ്ത്രമായ യോഗയ'ക്ക് എന്തെങ്കിലും സാർഥകമായ സ'ഥാനമുണ്ടോ?' എന്ന ചോദ്യത്തിന് ഉണ്ട് എന്ന ഉത്തരം ഈ താളുകളിൽ പാശ്ചാത്യലോകം കണ്ടെത്തിയെന്ന് വിശ്വസിക്കാൻ എന്നെ പ്രേരിപ്പിക്കുന്നു." വർഷങ്ങൾ കടന്നുപോയപ്പോൾ "ആയിരക്കണക്കിനെന്ന വായനക്കാർ" ദശലക്ഷങ്ങളായി. ഒപ്പം ഒരു യോഗിയുടെ ആത്മകഥയുടെ ചിരസ'ഥായിയും സാർവലൗകികവുമായ വശ്യത ഏറെയും സ്പഷ്ടമായിക്കഴിഞ്ഞിരിക്കുന്നു. പുസ്തകം ആദ്യമായി പ്രകാശനം ചെയ്ത് 60 വർഷംകഴിഞ്ഞും അധ്യാത്മവിദ്യയ'ക്കും പ്രചോദനാത്മക ഗ്രന്ഥങ്ങൾക്കുമുള്ള ഏറെ ചിലവാകുന്ന പുസ്തകങ്ങളുടെ പട്ടികകളിൽ ഇന്നും അത് പ്രത്യക്ഷപ്പെടുന്നു. ഒരു അസാധാരണ പ്രതിഭാസം! നിരവധി പരിഭാഷകളിൽ ലഭ്യമായ ഈ ഗ്രന്ഥം ഇന്ന് കലാലയങ്ങളിലും സർവകലാശാലകളിലും പൗരസ്ത്യദർശനവും മതങ്ങളും തുടങ്ങി ആംഗലസാഹിത്യം, മന:ശാസ്ത്രം, സാമൂഹ്യശാസ്ത്രം, നരവംശശാസ്ത്രം, ചരിത്രം, പോരാഞ്ഞ്, വ്യവസായവാണിജ്യ നിർവഹണം എന്നീ തുറകളിലുള്ള പാഠ്യപദ്ധതികളിൽ ഉൾക്കൊള്ളിച്ച് ഉപയോഗിച്ചുവരുന്നു. ലാഹിരി മഹാശയൻ ഒരു നൂറ്റാണ്ടിനു മുമ്പ് ദീർഘദർശനംചെയ്തവിധം യോഗശാസ്ത്രത്തിന്റെയും, പുരാതനവും പരമ്പരാഗതവുമായ ധ്യാനത്തിന്റെയും സന്ദേശം ഇന്ന് ലോകത്തെ തികച്ചും വലയം ചെയ്തുകഴിഞ്ഞു.ആധ്യാത്മിക പ്രസിദ്ധീകരണമായ ന്യൂ ഫ്രോൺടിയർ (ഒക്ടോബർ 1986) എഴതുന്നു: "ലോകത്താകമാനമുള്ള എണ്ണമറ്റ ജനലക്ഷങ്ങളെ പ്രചോദനം കൊള്ളിച്ച ഒരു യോഗിയുടെ ആത്മകഥകൊണ്ട് ഏറെ അറിയപ്പെടുന്ന പരമഹംസ യോഗാനന്ദൻ, മഹാത്മാഗാന്ധിയെപ്പോലെ, സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ആധ്യാത്മികത കൊണ്ടുവന്നു. നമ്മുടെ പദസമ്പത്തിലേക്ക് 'യോഗാ' കൊണ്ടുവരുന്നതിന് കൂടുതലും പ്രയത്നിച്ചത് യോഗാനന്ദനാണെന്ന് പറയുന്നത് യുക്തിക്ക് നിരക്കുന്നതാവും." അമേരിക്കൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് വേദിക്ക് സ്റ്റഡിസിന്റെ ഡയറക്ടറായ മാന്യപണ്ഡിതൻ ഡോ. ഡേവിഡ് ഫ്രോലി യോഗാ ഇന്റർനാഷണൽ (ഒക്ടോബർ/നവംബർ 1996) എന്ന ദ്വൈമാസികയിൽ ഇങ്ങിനെ പ്രസ്താവിക്കുന്നു: "യോഗാനന്ദനാണ് പാശ്ചാത്യദേശത്തിന് യോഗാഭ്യാസത്തിന്റെ—ജനപ്രീതിനേടിയ വെറും കായിക യോഗാ അല്ല മറിച്ച് ആധ്യാത്മിക

യോഗാഭ്യാസത്തിന്റെ—പിതാവ് എന്നു പറയാം. ആത്മസാക്ഷാത്ക്കാരത്തിന്റെ ശാസ്ത്രമെന്നാണ് അതിന്റെ അർഥം.” കൽക്കത്ത സർവകലാശാലയിലെ പ്രഫ. അശുതോഷ് ദാസ്, പീ.എച്ച്ഡീ., ഡീ.ലിറ്റ്., പ്രഖ്യാപിക്കുന്നു: “ഒരു യോഗിയുടെ ആത്മകഥ പുതിയ യുഗത്തിന്റെ ഒരു ഉപനിഷത്തായാണ് കരുതപ്പെടുന്നത്... ലോകമെമ്പാടുമുള്ള സത്യാന്വേഷികളുടെ ആത്മീയദാഹം അത് തൃപ്തിപ്പെടുത്തി. ഭാരതത്തിന്റെ പുണ്യാത്മാക്കളെയും ദർശനത്തെയും പ്രതിപാദിക്കുന്ന ഈ പുസ്തകത്തിന്റെ പ്രാതിഭാസികമായ ജനപ്രീതിയുടെ വ്യാപ്തി ഭാരതത്തിലുള്ള നാം വിസ്മയത്തോടെയും കൗതുകത്തോടെയുമാണ് കണ്ടത്. ഭാരതത്തിന്റെ സനാതനധർമത്തിന്റെ—സത്യത്തിന്റെ അനശ്വരമായ നിയമങ്ങളുടെ—പൂന്തേൻ ഒരു യോഗിയുടെ ആത്മകഥയുടെ പാനപാത്രത്തിൽ നിറച്ചിരിക്കുന്നുവെന്നതിൽ നാം അത്യധികം സംതൃപ്തിയും അഭിമാനവും കൊള്ളുന്നു.” കമ്മ്യൂണിസ്റ്റ് ഭരണത്തിൻകീഴിലെ മുൻ സോവിയറ്റ് യൂണിയനിൽ പോലും ഈ ഗ്രന്ഥം, അത് പ്രാപ്യമായിരുന്ന താരതമ്യേന ചുരുങ്ങിയ ഏതാനും പേരിൽ, ശക്തമായ ഒരു പ്രഭാവമാണ് ചെലുത്തിയത്. ഭാരതത്തിന്റെ മുൻ സുപ്രീം കോടതി ന്യായാധിപൻ, വി.ആർ കൃഷ്ണയ്യർ സെന്റ്പീറ്റേഴ്സ്ബർഗ്—അന്ന്—ലെനിൻഗ്രാഡ്—സന്ദർശിച്ചു. അവിടെ ഏതാനും പ്രഫസർമാരുടെ ഒരു സംഘത്തോട് അദ്ദേഹം ചോദിച്ചു: “മനുഷ്യൻ മരിക്കുമ്പോൾ എന്താണ് സംഭവിക്കുന്നതെന്ന് അവർ ചിന്തിച്ചിട്ടുേണ്ടാ?... അവരിൽ ഒരാൾ പതുക്കെ അകത്തുപോയി ഒരു പുസ്തകവുമായി പുറത്തുവന്നു. അത് ഒരു യോഗിയുടെ ആത്മകഥ ആയിരുന്നു. ഞാൻ വിസ്മയിച്ചുപോയി. മാർക്സിന്റെയും ലെനിന്റെയും ഭൗതികവാദദർശനം ഭരിക്കുന്ന ഒരു രാജ്യത്ത് ഒരു സർക്കാർ വിദ്യാഭ്യാസസ'ഥാപനത്തിലെ ഉദ്യോഗസ'ഥൻ എന്നെ പരമഹംസ യോഗാനന്ദന്റെ പുസ്തകം കാട്ടുന്നു! ആ ദേഹം പറഞ്ഞു: ‘ഭാരതത്തിന്റെ ചേതന ഞങ്ങൾക്ക് അന്യമല്ലയെന്ന് ദയവായി തിരിച്ചറിയൂ. ഈ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ള എല്ലാറ്റിന്റെയും പ്രാമാണികത ഞങ്ങൾ അംഗീകരിക്കുന്നു.’ ” ഇക്കഴിഞ്ഞ വർഷങ്ങളിൽ, പുസ്തകവില്പനക്കാരും, നിരൂപകരും, വായനക്കാരുമെല്ലാം ഒരേപോലെ ഈ ഗ്രന്ഥത്തെ ആധുനിക കാലത്തെ ഏറ്റവും സ്വാധീനം ചെലുത്തിയ ആധ്യാത്മിക ഗ്രന്ഥമെന്ന നിലയിൽ വാഴ്ത്തുകയുണ്ടായി. 1992-ൽ ഹാർപർ കോളിൻസിന്റെ ഗ്രന്ഥകർത്താക്കളുടെയും പണ്ഡിതന്മാരുടെയും പേരുവിവരപട്ടികയിൽ ഒരു യോഗിയുടെ ആത്മകഥ “നൂറ്റാണ്ടിന്റെ നൂറു വിശിഷ്ടഗ്രന്ഥങ്ങളിൽ” ഒന്നായി തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. 2005-ൽ പ്രകാശനംചെയ്ത 50 ഉത്തമ ആധ്യാത്മികഗ്രന്ഥങ്ങളിൽ ടോം ബട്ട്ളർ-ബൗഡൻ എഴുതി: “എക്കാലത്തും എഴുതപ്പെട്ട ആധ്യാത്മിക കൃതികളിൽ ഏറ്റവും രസിപ്പിക്കുന്നതും ഉൽക്കർഷം പകരുന്നതുമായ ഒന്നായി ഈ ഗ്രന്ഥം ന്യായമായും കൊണ്ടാടപ്പെടുകയുണ്ടായി.” ലോകത്തെ എല്ലാ മതങ്ങളിലുംപെട്ട പുണ്യാത്മാക്കളും ജ്ഞാനികളും യുഗങ്ങളായി തറപ്പിച്ചു പറഞ്ഞിട്ടുള്ള വാഗ്ദാനത്തെപ്പറ്റി ഈ പുസ്തകത്തിന്റെ അവസാന അധ്യായത്തിൽ പരമഹംസ യോഗാനന്ദൻ എഴുതുന്നു: “ജഗദീശ്വരൻ പ്രേമമാണ്; സൃഷ്ടിയെ സംബന്ധിച്ച അദ്ദേഹത്തിന്റെ പദ്ധതി പ്രേമത്തിൽമാത്രം വേരൂന്നിയതാകാനേ കഴിയൂ. പാണ്ഡിത്യപ്രൗഢിയൊന്നുമില്ലാത്ത ഈ ലളിതമായ ചിന്ത യുക്തിവാദങ്ങളേക്കാൾ സാന്ത്വനം മനുഷ്യഹൃദയത്തിന് നൽകുന്നില്ലേ? ഒരു ദൈവിക പദ്ധതി നിലവിലുണ്ടെന്നും അത് സുന്ദരവും ആനന്ദമയവുമാണെന്നും യാഥാർഥ്യത്തിന്റെ അന്ത:സത്തയിലേയ'ക്ക് ഇറങ്ങിച്ചെന്നിട്ടുള്ള വിശുദ്ധർ ഓരോരുത്തരും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്..” – യോഗദാ സത്സംഗ സൊസൈറ്റി ഓഫ് ഇൻഡ്യ/

സെൽഫ്-റിയലൈസേഷൻ ഫെലോഷിപ്പ്ലോസ് ആൻജലീസ്, കാലിഫോർണിയജൂലൈ 2007.1 ലോസ് ആൻജലീസ് നഗരത്തെ മേലേനിന്നുവീക്ഷിക്കുന്ന മൗണ്ട് വാഷിങ്ങ്ടണിന്റെ മുകളിൽ പരമഹംസ യോഗാനന്ദൻ സ'ഥാപിച്ച ആശ്രമസമൂഹത്തിൽ ശ്രീ ദയാ മാതാ 1931-ൽ പ്രവേശിച്ചു. യോഗദാ സത്സംഗ സൊസൈറ്റി/സെൽഫ് റിയലൈസേഷൻ ഫെലോഷിപ്പിന്റെ അധ്യക്ഷയായി 1955 മുതൽ 2010-ൽ തന്റെ ദേഹവിയോഗം വരെ അവർ സേവനം അനുഷ്ഠിച്ചു2 പ്രകാശകക്കുറിപ്പിൽ പറയുന്നവണ്ണം പരമഹംസ യോഗാനന്ദൻ നടത്തിയ കൂടുതൽ തിരുത്തലുകൾ ഏഴാമത്തെ പതിപ്പിൽ (1956) ഉൾപ്പെടുത്തുകയുണ്ടായി:1949-ൽ ലണ്ടൻ, ഇംഗ്ലണ്ട് പതിപ്പിനുവേണ്ടി പരമഹംസ യോഗാനന്ദൻ വരുത്തിയ തിരുത്തലുകൾ ഈ 1956 അമേരിക്കൻ പതിപ്പ് ഉൾക്കൊള്ളുന്നു; അതോടൊപ്പം 1951-ൽ ഗ്രന്ഥകാരൻ വരുത്തിയ കൂടുതൽ തിരുത്തലുകളും. 1949 ഒക്ടോബർ 25-ന് ലണ്ടൻ പതിപ്പിനുള്ള കുറിപ്പിൽ പരമഹംസ യോഗാനന്ദൻ എഴുതി: ‘പാഠഭാഗങ്ങൾ തിരുത്താനും ഒരല്പം വിപുലീകരിക്കാനും ലണ്ടൻ പതിപ്പിനുള്ള ഏർപ്പാട് എനിക്ക് ഒരവസരം നൽകി. അവസാന അധ്യായത്തിലെ പുതിയ വസ്തുതകൾക്കു പുറമേ അമേരിക്കൻ പതിപ്പിന്റെ വായനക്കാർ എനിക്ക് അയച്ചുതന്ന ചോദ്യങ്ങൾക്കു മറുപടിയായി ഞാൻ ഏതാനും അടിക്കുറിപ്പുകൾ കൂടി ചേർത്തിട്ടുണ്ട്.

“ഗ്രന്ഥകാരൻ 1951-ൽ വരുത്തിയ പിന്നീടുള്ള തിരുത്തലുകൾ 1952-ലെ നാലാമത്തെ അമേരിക്കൻ പതിപ്പിൽ വരാൻ ഉദ്ദേശിച്ചുള്ളവയായിരുന്നു. ആ സമയത്ത് ഒരു യോഗിയുടെ ആത്മകഥയുടെ പകർപ്പവകാശം ഒരു ന്യൂയോർക്ക് പ്രസിദ്ധീകരണ സംരംഭത്തിൽ നിക്ഷിപ്തമായിരുന്നു. 1946-ൽ ന്യൂയോർക്കിൽ ഈ പുസ്തകത്തിന്റെ ഓരോ പേജും ഓരോ ഇലക്ട്രോടൈപ്പ് ലോഹത്തകിടുകളായി മാറ്റിയിരുന്നു. അതിന്റെ ഫലമായി ഒരു കോമ പോലും കൂട്ടിച്ചേർക്കണമെങ്കിൽ ഒരു മുഴുവൻ പേജിന്റെ ഈ ലോഹത്തകിട് മുറിച്ചുമാറ്റുകയും, വേണ്ട കോമ ചേർത്ത വരി ഉൾപ്പെടുത്തി വിളക്കിച്ചേർക്കുകയും ചെയ്യേണ്ടിയിരുന്നു. ഇങ്ങനെ നിരവധി തകിടുകൾ വീണ്ടും

കൂട്ടിച്ചേർക്കുന്നതിന്റെ ചിലവു കാരണം ന്യൂയോർക്ക് പ്രസാധകൻ, ഗ്രന്ഥകാരന്റെ 1951-ലെ തിരുത്തലുകൾ നാലാമത്തെ പതിപ്പിൽ ഉൾക്കൊള്ളിച്ചില്ല. “1953-ന്റെ അവസാനത്തോടെ സെൽഫ്-റിയലൈസേഷൻ ഫെലോഷിപ് ഒരു യോഗിയുടെ ആത്മകഥയുടെ എല്ലാ അവകാശങ്ങളും ന്യൂയോർക്ക് പ്രകാശകരിൽ നിന്ന് വിലയ'ക്കുവാങ്ങി. എസ്.ആർ.എഫ് 1954-ലും 1955-ലും പുസ്തകം അഞ്ചാമത്തെയും ആറാമത്തെയും പതിപ്പുകൾ പുനർമുദ്രണംചെയ്തു. എങ്കിലും ആ രണ്ടു കൊല്ലവും ഗ്രന്ഥകാരന്റെ തിരുത്തലുകൾ ഇലക്ട്രോടൈപ്പ് തകിടുകളിൽ ഉൾക്കൊള്ളിക്കുന്ന കടുത്ത ജോലി പ്രകാശനവിഭാഗം ഏറ്റെടുക്കുന്നതിനെ മറ്റ് ഉത്തരവാദിത്വങ്ങൾ തടഞ്ഞു. എന്നിരിക്കിലും ഈ ജോലി ഏഴാം പതിപ്പിനുവേണ്ടി കൃത്യസമയത്ത് പൂർത്തിയാക്കാൻ കഴിഞ്ഞു.” പരമഹംസ യോഗാനന്ദന്റെ ദേഹവിയോഗത്തിനു മുമ്പ് അദ്ദേഹം താരാ മാതായ'ക്കു നൽകിയ നിർദേശങ്ങളനുസരിച്ച് 1956-നു ശേഷം ചില സംശോധക തിരുത്തലുകൾ വരുത്തുകയുണ്ടായി.ഒരു യോഗിയുടെ ആത്മകഥയുടെ ആദ്യകാലപതിപ്പുകളിൽ ഗ്രന്ഥകാരന്റെ പരമഹംസ പദവിയുടെ ഇംഗ്ലീഷ് ലിപിവിന്യാസത്തിൽ, ‘പരംഹംസ’ (paramhansa) എന്ന, ഉച്ചരിക്കാത്തതോ, പൂർണമായി ഉച്ചരിക്കാത്തതോ ആയ ‘അ’ കാരംകാട്ടാത്ത, ബംഗാളി ഉച്ചാരണരീതിക്കൊത്ത്, അകാരം കൊടുത്തിരുന്നില്ല. വേദാധിഷ്ഠിതമായ ഈ പദവിയുടെ പവിത്രമായ പ്രാധാന്യം വെളിവാക്കാൻവേണ്ടി പിന്നീടുവന്ന പതിപ്പുകളിൽ ‘പരമഹംസ’ (paramahansa) എന്ന സംസ്കൃത ലിപ്യന്തരണം കൊടുത്തു. ‘പരമ’, ഏറ്റവും ശ്രേഷ്ഠം, ഉത്തമമായ, ‘ഹംസ’, അരയന്നം—തന്റെ ദിവ്യമായ യഥാർഥ ആത്മാവിന്റെ സാക്ഷാത്ക്കാരം നേടി ജീവാത്മാവ് പരമാത്മാവിൽ ഒന്നുചേർന്ന—എന്ന അർഥം ദ്യോതിപ്പിക്കുന്നു. [image file=image_rsrcBA.jpg] ധർമത്തിന്റെ സനാതന നിയമംപുതുതായി സ്വാതന്ത്ര്യം നേടിയ ഭാരതത്തിന്റെ ദേശീയ പതാകയ'ക്ക് ഗാഢമായ കാവി, വെള്ള, കടുത്ത പച്ച എന്നീ നിറങ്ങളാണുള്ളത്. കടുംനീല നിറത്തിലുള്ള ധർമചക്രം (“നിയമത്തിന്റെ ചക്രം”) ക്രി. മു. മൂന്നാം ശതകത്തിൽ സാരാനാഥിൽ അശോക ചക്രവർത്തി സ'ഥാപിച്ച ശിലാസ്തംഭത്തിൽ കാണുന്ന പ്രതീകത്തിന്റെ ഒരു പ്രതിരൂപമാണ്.ധർമം ഒരു സനാതന നിയമമാണ്. അതിന്റെ ഒരു അടയാളമായാണ് ഈ ചക്രം തിരഞ്ഞെടുക്കപ്പെട്ടത്. അതോടോപ്പം ലോകത്തിലെ ഏറ്റവും വിഖ്യാതനായ രാജാധിരാജന്റെ ഓർമയെ അത് ആദരിക്കുന്നു. “അദ്ദേഹത്തിന്റെ നാൽപതു വർഷത്തെ ഭരണത്തിന് ചരിത്രത്തിൽ സമാനതകൾ ഒന്നുമില്ല,” എന്ന് ഇംഗ്ലീഷ് ചരിത്രകാരനായ എച്ച്. ജി.റോളിൻസൻ എഴുതുന്നു. റോളിൻസൻ തുടരുന്നു: “അദ്ദേഹത്തെ മാർക്കസ് ഓറീലിയസും, വിശുദ്ധ പൗലോസും, കോൺസ്റ്റന്റൈനുമായി പലപ്പോഴും താരതമ്യപ്പെടുത്താറുണ്ട്. ക്രിസ്തുവിന് ....250 വർഷം മുമ്പ് തന്റെ അതിവിപുല സൈനികനടപടികളുടെ വിജയകരമായ പരിസമാപ്തിക്കുശേഷം യുദ്ധത്തിന്റെ പരിണിതഫലങ്ങളിൽ അറപ്പും വെറുപ്പും പശ്ചാത്താപവും പ്രകടിപ്പിക്കാനുള്ള ധൈര്യം അദ്ദേഹം കാട്ടി. യുദ്ധം നയതന്ത്രത്തിന്റെ ഒരു മാർഗമല്ലെന്നനിലയിൽ അതിനെ വെടിയാനും തീരുമാനിച്ചുറച്ചു.” ഭാരതം, നേപ്പാൾ, അഫ്ഗാനിസ'ഥാൻ, ബലൂചിസ'ഥാൻ എന്നിവ അശോക ചക്രവർത്തിക്ക് പൈതൃകമായി ലഭിച്ച ഭരണപ്രദേശങ്ങളിൽപെട്ടിരുന്നു. നിരവധി സമ്മാനങ്ങളും, അനുഗ്രഹാശിസ്സുകളും നിറച്ച, മതപരവും സാംസ്ക്കാരികവുമായ ദൗത്യങ്ങളെ ബർമ, ഈജിപ്ത്, സിറിയ, മാസിഡോണിയ, എന്നിവിടങ്ങളിലേക്ക്, ലോകത്തെ പ്രഥമ അന്താരാഷ്ട്രവാദിയായ അദ്ദേഹം അയയ'ക്കുകയുണ്ടായി. “മൗര്യരാജവംശത്തിലെ മൂന്നാമത്തെ രാജാവായിരുന്ന അശോക ചക്രവർത്തി, ചരിത്രത്തിലെ ദാർശനിക-രാജാക്കൻമാരിൽ ഒരാളായിരുന്നു,” എന്ന് പീ. മെയ്സൻ ഔർസെൽ എന്ന പണ്ഡിതൻ നിരീക്ഷിക്കുന്നു. “അദ്ദേഹത്തെപ്പോലെ മറ്റാരുംതന്നെ ഊർജസ്വലതയും മഹാമനസ്കതയും നീതിയും കാരുണ്യവും തന്നിൽ സമ്മേളിപ്പിച്ചിരുന്നില്ല. തന്റെ കാലഘട്ടത്തിന്റെ ജീവത്തായ മൂർത്തീഭാവമായിരുന്നു അദ്ദേഹം. തികച്ചും ഒരു ആധുനികനായാണ് അദ്ദേഹം നമ്മുടെ മുന്നിൽ എത്തുന്നത്. ദീർഘമായ ഭരണകാലത്ത് ഒരു ക്രാന്തദർശിയുടെ വെറുമൊരു ഹൃദയാഭിലാഷമാണ് അദ്ദേഹം സാക്ഷാത്ക്കരിച്ചതെന്ന് നമുക്കു തോന്നും: പ്രാപഞ്ചികമായി ഏറ്റവും മഹത്തായ അധികാരവും അധീശത്വവും അനുഭവിച്ചുകൊണ്ട്, അദ്ദേഹം ശാന്തിയും സമാധാനവും സംഘാടനം ചെയ്തു. ഏതാനും മതങ്ങളുടെ സ്വപ്നമായ സമസ്തമാനവരാശിയേയും ആശ്ലേഷിക്കുന്ന സാർവലൗകികമായ ഒരു വ്യവസ'ഥിതി, തന്റെ വിശാലമായ സാമ്രാജ്യത്തിനും ഏറെ അപ്പുറം അദ്ദേഹം സാക്ഷാത്ക്കരിച്ചു.” “ധർമം—പ്രപഞ്ചനിയമം—സർവജീവജാലങ്ങളുടെയും സന്തുഷ്ടിയാണ് ലക്ഷ്യമാക്കുന്നത്.” അദ്ദേഹത്തിന്റെ ഇന്നും നിലനിൽക്കുന്ന ശിലാശാസനങ്ങളിലും കൽത്തൂണുകളിലുമായി അശോക ചക്രവർത്തി തന്റെ വിപുലമായ സാമ്രാജ്യത്തിലെ പ്രജകളെ സ്നേഹപൂർവം ഉപദേശിക്കുന്നത് സദാചാരത്തിലും ഈശ്വരചിന്തയിലും സന്തുഷ്ടി
വേരൂന്നിയിരിക്കുന്നുവെന്നാണ്.ആയിരത്താണ്ടുകൾ നാടിനെ തഴുകിയ മഹത്വവും ഐശ്വര്യവും വീണ്ടെടുക്കാൻ അഭിലഷിക്കുന്ന ആധുനിക ഭാരതം അതിന്റെ ദേശീയ പതാകയിൽ ‘ദേവനാംപ്രിയനായ’ അശോകചക്രവർത്തിക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നു. [image file=image_rsrcBU.jpg] (1947-ന് മുമ്പ്. വടക്കുപടിഞ്ഞാറുള്ള ഭാഗങ്ങൾ ഇപ്പോൾ പാകിസ'ഥാനിലും വടക്ക് കിഴക്കുള്ള ഭാഗങ്ങൾ ബംഗ്ലാദേശിലും ഉൾപ്പെടും.)ഒരു യോഗിയുടെ ആത്മകഥഅധ്യായം 1എന്റെ മാതാപിതാക്കളും ബാല്യവുംഭാരതീയ സംസ്കാരത്തിന്റെ മുഖമുദ്രകളായി ദീർഘകാലം നിലനിന്നു പോന്നിട്ടുള്ളത് പരമസത്യം തേടിയുള്ള അന്വേഷണവും

സഹവർത്തിയായ ശിഷ്യ-ഗുരു1 ബന്ധവുമാണ്.എന്റെതന്നെ പാത ചെന്നെത്തിയത്
ഈശ്വരതുല്യനായ ഒരു യതിവര്യനിലാണ്; അദ്ദേഹത്തിന്റെ സുന്ദരമായ ജീവിതം
യുഗാന്തരങ്ങൾക്കും പ്രചോദനമരുളാൻ പോന്നതായിരുന്നു. ഭാരതത്തിന്റെ യഥാർഥ സമ്പത്തായ
മഹാഗുരുക്കൻമാരിലൊരാളായിരുന്നു അദ്ദേഹം. ഓരോ തലമുറയിലും ആവിർഭവിച്ചുകൊണ്ട് ഈ
ഗുരുഭൂതന്മാർ പുരാതന ഈജിപ്റ്റിന്റെയും ബാബിലോണിയയുടേയും ഗതിയിൽനിന്ന് മാതൃഭൂമിയെ
പരിരക്ഷിച്ചിട്ടുണ്ട്.ഒരു പൂർവജന്മത്തിന്റെ കാലപ്രമാണങ്ങൾക്കു വഴങ്ങാത്ത പ്രത്യേകതകൾ
ഉൾക്കൊള്ളുന്നതാണ് എന്റെ ആദ്യസ്മരണകൾ. ഹിമാലയത്തിലെ മഞ്ഞുമലകളിൽ
യോഗി2യായിക്കഴിഞ്ഞ ഒരു പൂർവജന്മത്തിന്റെ വ്യക്തമായ ഓർമകൾ പലപ്പോഴും എന്നിൽ
തെളിയുമായിരുന്നു. ഭൂതകാലത്തിന്റെ ഈ മിന്നായങ്ങൾ എത്തുംപിടിയുമില്ലാത്ത ഏതോ കണ്ണിയാൽ
ഭാവിയുടെ ഒരു ചിത്രവുംകൂടി എനിക്കു നൽകി.ശൈശവത്തിന്റെ അനിവാര്യമായ ദീനതകൾ
ഞാനിപ്പോഴുമോർക്കുന്നു. നടക്കാനോ മനസ്സിലുള്ളത് പറഞ്ഞറിയിക്കാനോ ആവാത്ത
നിസ്സഹായതയുടെ രോഷാകുലമായ ഒരു ബോധം എനിക്കുണ്ടായി. ശാരീരികമായ ഈ ദൗർബല്യം
മനസ്സിലായതോടെ എന്റെ ഉള്ളിൽ പ്രാർഥനയുടെ വൻ അലമാലകൾ ഉയർന്നു. എന്റെ ശക്തമായ
വൈകാരിക ജീവിതം വിവിധഭാഷകളിലെ പദങ്ങളായി എന്റെ ഉള്ളിൽ പ്രകടിതമായി. ഉള്ളിലെ ഈ
ഭാഷാകലുഷതയ'ക്കിടയിൽ, എന്റെ ആളുകൾ സംസാരിക്കുന്നതുകേട്ട ബംഗാളിപദശകലങ്ങൾ
ഞാൻ ക്രമേണ പരിചയിച്ചു. കളിപ്പാട്ടങ്ങളിലും കാൽവിരലുകളിലും ഒതുങ്ങുന്നതെന്ന് മുതിർന്നവർ
കരുതുന്ന പിഞ്ചു ഹൃദയത്തിന്റെ കബളിപ്പിക്കുവാൻ പോന്ന വിരുത്!മാനസികക്ഷോഭവും എന്റെ
പ്രതികരണശേഷിയില്ലാത്ത ശരീരവും പലതവണ എന്നെ നിർബന്ധബുദ്ധിയോടെ ഇടവിട്ടു
കരയുന്നതിനിടയാക്കി. എന്റെ ദുരിതത്തിൽ വീട്ടുകാർക്കു പൊതുവെ ഉണ്ടായ അമ്പരപ്പും
അസ്വസ'ഥതയും ഞാൻ ഓർക്കുന്നു. ഏറെ സന്തോഷകരമായ ഓർമകളും എന്റെയുള്ളിൽ വന്നു
നിറയുന്നു: എന്റെ അമ്മയുടെ വാത്സല്യവും ലാളനയും വാക്കുകൾ കൊഞ്ചി പറയാനും പിച്ച
വയ'ക്കാനുമുള്ള എന്റെ ആദ്യശ്രമങ്ങളും. മിക്കവാറും പെട്ടെന്നു മറന്നു പോകുന്നതാണെങ്കിലും
ആദ്യത്തെ ഈ ഉജ്വലവിജയാഹ്ലാദങ്ങൾ ആത്മവിശ്വാസത്തിന് സ്വാഭാവികമായ
ഒരടിത്തറയാണ്.എന്റേതുമാതിരിയുള്ള ദൂരവ്യാപകമായ ഓർമകൾ തീരെ അപൂർവമല്ല. പല
യോഗികളും ജനനമരണങ്ങളുടെ നാടകീയ മാറ്റങ്ങൾക്കിടയിലും ആത്മബോധം നിരന്തരമായി
വച്ചുപുലർത്തിയിട്ടുള്ളതായി നമുക്കറിയാം. മനുഷ്യൻ വെറുമൊരു ശരീരം മാത്രമാണെങ്കിൽ
അതിന്റെ നാശം തീർച്ചയായും അവന്റെ വ്യക്തിത്വത്തിന്റെയും നാശമാകും. എന്നാൽ തപോധനന്മാർ
യുഗയുഗാന്തരങ്ങളിൽ അരുളിചെയ്തിട്ടുള്ളതു സത്യമാണെങ്കിൽ, മനുഷ്യൻ ◌തന്റെ സത്തയിൽ
ദേഹവിമുക്തനും സർവവ്യാപിയുമായ ആത്മാവാണ്.വ്യക്തമായ ശൈശവസ്മരണകൾ
അസാധാരണമെങ്കിലും തീരെ വിരളമല്ല. വിവധരാജ്യങ്ങളിലെ യാത്രാവേളകളിൽ, സത്യസന്ധരായ
സ്ത്രീപുരുഷന്മാരിൽനിന്ന് അവരുടെ ശൈശവസ്മരണകൾ ഞാൻ
കേട്ടിട്ടുണ്ട്.ഹിമാലയപർവതനിരകൾക്കടുത്ത് ഉത്തരഭാരതത്തിലെ ഗോരഖ്പൂരത്താണ് 1893 ജനുവരി
5-ാം തീയതി ഞാൻ ജനിച്ചത്. അവിടെയാണ് എന്റെ ജീവിതത്തിലെ ആദ്യത്തെ എട്ടുവർഷം
ചെലവഴിച്ചത്. ഞങ്ങൾ എട്ടു മക്കളായിരുന്നു. നാലാണും നാലുപെണ്ണും. ഞാൻ മുകുന്ദലാൽ ഘോഷ്3
രണ്ടാമത്തെ മകനും നാലാമത്തെ സന്താനവുമായിരുന്നു.എന്റെ അച്ഛനും അമ്മയും ബംഗാളി
ക്ഷത്രിയരായിരുന്നു.4 രണ്ടു പേരും ദൈവികമായ പ്രകൃതത്താൽ അനുഗൃഹീതർ. പാവനചരിതരായ
അവരുടെ പ്രശാന്തവും അന്തസ്സുറ്റതുമായ പരസ്പരാനുരാഗം ഒരിക്കലും ചപലമായി
പ്രകടിപ്പിക്കപ്പെട്ടിരുന്നില്ല. അച്ഛനമ്മമാരുടെ സമ്പൂർണമായ യോജിപ്പ് കുസൃതി നിറഞ്ഞ എട്ടു
കുരുന്നു ജീവിതങ്ങളുടെ പ്രശാന്തമായ കേന്ദ്രബിന്ദുവായിരുന്നു.അച്ഛൻ, ഭഗവതീ ചരണ ഘോഷ്
സ്നേഹനിധിയും ഗൗരവക്കാരനും ചിലപ്പോഴൊക്കെ വിട്ടുവീഴ്ച കാട്ടാത്തയാളുമായിരുന്നു. അച്ഛനെ
വളരെയധികം സ്നേഹിച്ചുകൊണ്ടുതന്നെ മക്കളായ ഞങ്ങൾ അദ്ദേഹത്തോട് ബഹുമാനപൂർവമായ
ഒരു അകലം പുലർത്തിയിരുന്നു. ശ്രദ്ധേയനായ ഒരു ഗണിതവിദ്വാനും താർക്കികനുമായിരുന്ന
അദ്ദേഹത്തെ പ്രധാനമായും ബുദ്ധിയാണ് നയിച്ചത്. പക്ഷേ അമ്മ സ്നേഹമയിയായ
ഹൃദയറാണിയായിരുന്നു; അവർ സ്നേഹത്തിലൂടെ മാത്രമാണ് ഞങ്ങളെ പഠിപ്പിച്ചിരുന്നത്.
അവരുടെ ദേഹവിയോഗത്തിനുശേഷം അച്ഛൻ തന്റെയുള്ളിലെ ആർദ്രത കൂടുതൽ വെളിവാക്കി.
അപ്പോൾ അദ്ദേഹത്തിന്റെ നോട്ടം പലപ്പോഴും അമ്മയുടെ സ്നേഹനിർഭരമായ നോട്ടമായി മാറുന്നതു
ഞാൻ ശ്രദ്ധിച്ചു.അമ്മയുടെ സാന്നിധ്യത്തിൽ കുട്ടികളായ ഞങ്ങൾ വേദശാസ്ത്ര പുരാണങ്ങളുമായി
കയ്പും മധുരവുമുള്ള ഒരു പരിചയം കാലേകൂട്ടിത്തന്നെ സമ്പാദിച്ചു. ശിക്ഷണത്തിനുതകുന്ന കഥകൾ
അവസരോചിതമായി മഹാഭാരതത്തിൽ നിന്നോ രാമായണത്തിൽ നിന്നോ വൈഭവത്തോടെ അമ്മ
ഉദ്ധരിക്കുമായിരുന്നു. ഈ അവസരങ്ങളിൽ ശിക്ഷയും ബോധനവും കൈകോർത്താണ്
പോകുക.അച്ഛനോടുള്ള ബഹുമാനത്തിന്റെ പ്രകടനമെന്നോണം ഓഫീസിൽനിന്ന് അദ്ദേഹത്തെ
വീട്ടിലേക്ക് സ്വീകരിക്കുവാൻ സായാഹ്നങ്ങളിൽ അമ്മ ഞങ്ങളെ ശ്രദ്ധാപൂർവം ഒരുക്കി
നിർത്തുമായിരുന്നു. ഭാരതത്തിലെ ഒരു വലിയ കമ്പനിയായിരുന്ന ബംഗാൾ-നാഗ്പൂർ
റെയിൽവേയിൽ, ഉപാധ്യക്ഷന്റേതു പോലുള്ള ഒരു സ'ഥാനമായിരുന്നു അച്ഛന്. യാത്ര ചെയ്യുക
അച്ഛന്റെ ജോലിയുടെ ഒരു ഭാഗമായിരുന്നു. എന്റെ ബാല്യകാലത്ത് പല നഗരങ്ങളിലും ഞങ്ങളുടെ
കുടുംബം താമസിച്ചു.അഗതികളെ അമ്മ കൈയ്യയച്ചു സഹായിച്ചിരുന്നു. അച്ഛനും

ദയാശീലനായിരുന്നുവെങ്കിലും ചിട്ടയോടും ക്രമത്തോടുമുള്ള അദ്ദേഹത്തിന്റെ ആദരം കുടുംബബജറ്റിനും ബാധകമായിരുന്നു. ഒരിക്കൽ അച്ഛന്റെ പ്രതിമാസവരുമാനത്തിൽക്കൂടുതൽ തുക രണ്ടാഴ്ചകൊണ്ട് അന്നദാനത്തിന് അമ്മ ചെലവാക്കി. ' 'ഒന്നേ ഞാനാവശ്യപ്പെടുന്നുള്ളൂ,' ' അച്ഛൻ പറഞ്ഞു, ' 'നിന്റെ ഔദാര്യം ദയവായി ഒരു ന്യായമായ പരിധിക്കുള്ളിൽ ഒതുക്കിക്കൂടെ? ' ' തന്റെ ഭർത്താവിൽനിന്ന് ലഘുവായ ഒരു ശാസനപോലും അമ്മയെ വേദനിപ്പിക്കുമായിരുന്നു. വിയോജിപ്പിന്റെ ഒരു സൂചനയും കുട്ടികൾക്കു നൽകാതെ അമ്മ ഒരു വാടകവണ്ടി വിളിപ്പിച്ചു. ' 'ശരി, അങ്ങയ'ക്കു നന്മ വരട്ടെ! ഞാനെന്റെ അമ്മയുടെ വീട്ടിലേക്കു പോകുന്നു.' ' ചിരപുരാതനമായ അന്ത്യശാസനം!അന്ധാളിച്ച് ഞങ്ങൾ കൂട്ടനിലവിളിയായി. അമ്മവഴിക്കുള്ള ഞങ്ങളുടെ അമ്മാവൻ തക്കസമയത്ത് എത്തി. അദ്ദേഹം യുഗപരമ്പരകളിൽനിന്നു ശേഖരിച്ച അറിവിന്റെ ഏതോ ഉപദേശം അച്ഛന്റെ ചെവിയിൽ മന്ത്രിച്ചു. തുടർന്ന് അച്ഛൻ ഏതാനും സാന്ത്വനവചനങ്ങൾ പറഞ്ഞുകഴിഞ്ഞപ്പോൾ സന്തോഷത്തോടെ അമ്മ വണ്ടി പറഞ്ഞയച്ചു. എന്റെ അച്ഛനുമമ്മയും തമ്മിൽ ഉണ്ടായതായി ഞാൻ കണ്ട ഒരേയൊരു പിണക്കം അങ്ങനെ അവസാനിച്ചു. പക്ഷേ അവരുടെ സ്വഭാവം വെളിപ്പെടുത്തുന്ന ഒരു ചർച്ച ഞാനോർക്കുന്നു. ' 'വീട്ടിൽ വന്നിരിക്കുന്ന അഗതിയായ ഒരു സ്ത്രീക്കു കൊടുക്കാൻ ദയവായി പത്തുരൂപ തരൂ.' ' അമ്മയുടെ പുഞ്ചിരിക്ക് അതിന്റേതായ വശ്യതയുണ്ടായിരുന്നു. ' 'എന്തിനാണ് പത്തുരൂപ? ഒന്നുമതി' ' അച്ഛൻ നീതീകരണം കൂട്ടിച്ചേർത്തു. ' 'എന്റെ അച്ഛനും അപ്പൂപ്പന്മാരും പെട്ടെന്നു മരിച്ചപ്പോൾ എനിക്ക് ദാരിദ്ര്യത്തിന്റെ ആദ്യ അനുഭവമുണ്ടായി. സ്കൂളിലേക്ക് മൈലുകൾ നടന്നു പോകുന്നതിനുമുമ്പ് എന്റെ ഒരേ ഒരു ആഹാരം ചെറിയ ഒരു വാഴപ്പഴമായിരുന്നു. അതിനുശേഷം സർവകലാശാലയിൽവച്ച് അത്ര അത്യാവശ്യം വന്നപ്പോൾ ധനികനായ ഒരു ജഡ്ജിയോട് പ്രതിമാസം ഒരു രൂപ സഹായമായിത്തരാൻ ഞാൻ അഭ്യർഥിച്ചു. ഒരു രൂപ ഒട്ടും നിസ്സാരമല്ലെന്ന് പറഞ്ഞ് അദ്ദേഹം ഒഴിഞ്ഞുമാറി.' ' ' 'എത്ര വേദനയോടെയാണ് ആ നിഷേധം നിങ്ങൾ ഓർക്കുന്നത്!' ' അമ്മയുടെ ഹൃദയം തൽക്ഷണം ഒരു യുക്തി കണ്ടെത്തി. ' 'ഈ സ്ത്രീയും അവർക്ക് അത്യാവശ്യമുള്ള പത്തുരൂപ നിങ്ങൾ കൊടുക്കാത്തത് ദു:ഖത്തോടെ ഓർക്കണമെന്നാണോ?' ' ' 'നീ ജയിച്ചു!' ' പരാജിതരായ ഭർത്താക്കന്മാർ പണ്ടേ കാട്ടാറുള്ള ഒരാംഗ്യത്തോടെ അച്ഛൻ പേഴ്സ് തുറന്നു. ' 'ഇതാ ഒരു പത്തുരൂപാനോട്ട്. എന്റെ ആശംസകളോടെ ഇത് അവർക്കു കൊടുക്കൂ.' ' ഏതു പുതിയ നിർദേശത്തിനും ' 'വേണ്ട' ' എന്നായിരിക്കും അച്ഛന്റെ ആദ്യപ്രതികരണം. തന്റെ പതിവായ ജാഗ്രതക്ക് ഒരുദാഹരണമായിരുന്നു അമ്മയുടെ അനുകമ്പ പെട്ടെന്നു നേടാൻ കഴിഞ്ഞ അപരിചിതയോടുള്ള അച്ഛന്റെ സമീപനം. ' 'ആലോചിച്ചു ചെയ്യുക' ' എന്ന തത്ത്വത്തിന്റെ അംഗീകാരം മാത്രമായിരുന്നു, പൊടുന്നനെയുള്ള സ്വീകാരത്തോട് അച്ഛന്റെ എതിർപ്പ്. എപ്പോഴും ന്യായയുക്തനായും അദ്ദേഹത്തിന്റെ തീർപ്പുകളിൽ സമചിത്തനുമായാണ് അച്ഛനെ ഞാൻ കണ്ടിട്ടുള്ളത്. ഞാൻ നന്നേ കൊതിക്കുന്ന ഒരു അവധിക്കാലയാത്രയോ ഒരു മോട്ടോർസൈക്കിളോ പോലുള്ള എന്റെ നിരവധി അപേക്ഷകൾ ഒന്നോ രണ്ടോ നല്ല വാദങ്ങൾകൊണ്ട് പിൻതാങ്ങാൻ കഴിഞ്ഞാൽ അച്ഛൻ തീർച്ചയായും നിറവേറ്റുകയായി.ചെറുപ്പത്തിൽ മക്കളുടെ അച്ചടക്കത്തിന്റെ കാര്യത്തിൽ വളരെ കർശനമായ നിഷ്കർഷയാണ് അച്ഛൻ പാലിച്ചിരുന്നത്. പക്ഷേ സ്വന്തം കാര്യത്തിലും അദ്ദേഹം പരിപൂർണസംയമനവും മിതത്വവും കൈക്കൊണ്ടിരുന്നു. ഉദാഹരണത്തിന് അദ്ദേഹം ഒരിക്കലും പ്രദർശനശാലകളിൽ പോയിരുന്നില്ല. പകരം ആത്മീയസാധനകളിലും ഭഗവദ്ഗീതാ പാരായണത്തിലും ആനന്ദം കണ്ടെത്തി. സുഖഭോഗവസ്തുക്കൾ ഒഴിവാക്കിയിരുന്ന അദ്ദേഹം ഒരു ജോഡി ചെരുപ്പുകൾ കീറി ഉപയോഗശൂന്യമാകുന്നതുവരെ കൈവിടുമായിരുന്നില്ല. മോട്ടോർകാറുകൾ സുലഭമായശേഷം മക്കൾ അവ വാങ്ങിയിരുന്നുവെങ്കിലും അച്ഛൻ ദിവസേനയുള്ള ഓഫീസ് യാത്രയ'ക്ക് ട്രോളിക്കാറുകൊണ്ട് തൃപ്തിപ്പെട്ടു.പ്രമാണിത്തത്തിനുവേണ്ടി പണം സ്വരൂപിക്കുന്നതിൽ അച്ഛന് താല്പര്യമുണ്ടായിരുന്നില്ല ഒരിക്കൽ അദ്ദേഹം കൽക്കത്ത ഏർബൻ ബാങ്ക് സ'ഥാപിച്ചശേഷം അതിൽ ഒരു ഓഹരിയെങ്കിലും വാങ്ങി പ്രയോജനമുണ്ടാക്കാൻ അദ്ദേഹം കൂട്ടാക്കിയില്ല. തന്റെ ഒഴിവു സമയത്ത് ഒരു പൗരധർമം നിർവഹിക്കുവാൻമാത്രമേ അദ്ദേഹം ആഗ്രഹിച്ചുള്ളൂ. [image file=image_rsrcD8. jpg] ജ്ഞാന പ്രഭാ ഘോഷ് (1868-1904)
ശ്രീ ശ്രീ പരമഹംസ യോഗാനന്ദന്റെ മാതാവ്
ശ്രീ ശ്രീ ലാഹിരി മഹാശയന്റെ ശിഷ്യ [image file=image_rsrcDD. jpg] ഭഗവതീ ചരണ ഘോഷ് (1853-1942)
ശ്രീ ശ്രീ പരമഹംസ യോഗാനന്ദന്റെ പിതാവ്
ശ്രീ ശ്രീ ലാഹിരി മഹാശയന്റെ ശിഷ്യൻഅച്ഛൻ പെൻഷനോടുകൂടി ജോലിയിൽനിന്നു പിരിഞ്ഞ് അനേകം വർഷങ്ങൾക്കുശേഷം ഇംഗ്ലണ്ടിൽനിന്ന് ഒരു അക്കൗണ്ടന്റ് ഭാരതത്തിൽവന്ന് ബംഗാൾ-നാഗ്പൂർ റെയിൽവേയുടെ കണക്കുകൾ പരിശോധിച്ചു. എന്നേ തനിക്കു ലഭിക്കേണ്ടിയിരുന്ന ബോണസുകൾക്ക് അച്ഛൻ ഒരിക്കലും അപേക്ഷിച്ചിരുന്നില്ലെന്നുകണ്ട് ആ പരിശോധകൻ അത്ഭുതപ്പെട്ടു. ' 'മൂന്നു പേരുടെ ജോലിയാണദ്ദേഹം ചെയ്തുതീർത്തത്!' ' അക്കൗണ്ടന്റ് കമ്പനിയെ അറിയിച്ചു. ' 'പ്രതിഫലമെന്ന നിലയ'ക്ക് അദ്ദേഹത്തിന് 1,25,000 രൂപ ചെല്ലാനുണ്ട്.' ' ട്രഷറർ അച്ഛന് ആ തുകയ'ക്കുള്ള ചെക്കയച്ചു കൊടുത്തു. അച്ഛൻ ഇതേപ്പറ്റി അല്പംപോലും ചിന്തിക്കാഞ്ഞതിനാൽ വിവരം വീട്ടിൽ പറയാൻകൂടി മറന്നുപോയി. കുറേക്കാലം കഴിഞ്ഞ് വലിയ

ഒരു ബാങ്കുനിക്ഷേപം കണ്ട് എന്റെ ഇളയ സഹോദരൻ വിഷ്ണു അച്ഛനോട് അക്കാര്യം ചോദിച്ചു. ‘ ‘ പ്രാപഞ്ചികമായ ലാഭത്തിൽ ആഹ്ലാദിക്കാൻ എന്തിരിക്കുന്നു? ’ ’ എന്നായിരുന്നു അച്ഛന്റെ മറുപടി. ‘ ‘സമചിത്തത എന്ന ലക്ഷ്യം തേടുന്ന ഒരുവന് ലാഭത്തിൽ ആഹ്ലാദിക്കാനോ നഷ്ടത്തിൽ ദു:ഖിക്കാനോ ഒന്നുമില്ല. മനുഷ്യൻ നിർധനനായി ഈ ലോകത്ത് വന്നെത്തുന്നു അതുപോലെ നിർധനനായിത്തന്നെ പിരിഞ്ഞുപോകുന്നുവെന്ന് അവനറിയാം.’ ’ വിവാഹത്തിന്റെ ആദ്യകാലത്തുതന്നെ എന്റെ മാതാപിതാക്കൾ വാരാണസിയിലെ ലാഹിരി മഹാശയൻ എന്ന മഹാനായ ആചാര്യന്റെ ശിഷ്യരായി. ഈ ബന്ധം അച്ഛന്റെ സ്വതവേയുള്ള തപോനിഷ്ഠയെ ശക്തിപ്പെടുത്തി. എടുത്തു പറയത്തക്ക ഒരു വസ്തുത എന്റെ മൂത്തസഹോദരി രമയോട് അമ്മ ഒരിക്കൽ വെളിെപ്പടുത്തി: ‘ ‘നിന്റെ അച്ഛനും ഞാനും ഒരു വർഷത്തിലൊരിക്കൽ മാത്രമേ ഭാര്യാഭർത്താക്കന്മാരെന്ന നിലയിൽ ഒരുമിച്ചുറങ്ങാറുള്ളൂ: പുത്രലാഭത്തിനായി.’ ’ അച്ഛൻ, ലാഹിരി മഹാശയനെ കണ്ടുമുട്ടിയത് ബംഗാൾ-നാഗ്പൂർ റെയിൽവേയുടെ ഒരു ശാഖയിലെ ഉദ്യോഗസ'ഥനായ5 അവിനാശ് ബാബു മുഖേനയായിരുന്നു. ഗോരഖ്പൂരത്തുവച്ച് ഭാരതീയ ഋഷീശ്വരന്മാരുടെ അത്യാകർഷകമായ കഥകൾകൊണ്ട് അവിനാശ് ബാബു എന്റെ യുവകർണങ്ങൾക്ക് ശിക്ഷണം പകർന്നു തന്നിരുന്നു. അദ്ദേഹം എല്ലായ്പ്പോഴും തന്റെതന്നെ ഗുരുവിന്റെ മഹത്തായ ഗുണവൈശിഷ്ട്യങ്ങളെ വാഴ്ത്തിക്കൊണ്ടാണ് കഥകൾ അവസാനിപ്പിക്കുക. ‘ ‘നിന്റെ അച്ഛൻ ലാഹിരി മഹാശയന്റെ ശിഷ്യനായിത്തീരാൻ ഇടയായ അസാധാരണ സാഹചര്യങ്ങളെപ്പറ്റി നീ കേട്ടിട്ടുണ്ടോ? ’ ’ അവിനാശ് ബാബുവും ഞാനും വേനൽക്കാലത്തെ ഒരു അലസമായ സായാഹ്നത്തിൽ എന്റെ വീട്ടുവളപ്പിൽ ഇരിക്കുമ്പോഴായിരുന്നു താല്പര്യമുണർത്തുന്ന ഈ ചോദ്യം. പ്രതീക്ഷയുടെ പുഞ്ചിരിയുമായി ഇല്ല എന്ന അർത്ഥത്തിൽ ഞാൻ തലയാട്ടി. ‘ ‘നീ ജനിക്കുന്നതിനു വർഷങ്ങൾക്കുമുമ്പ് ഒരിക്കൽ വാരാണസിയിൽ പോയി എന്റെ ഗുരുവിനെ കാണാനായി ഔദ്യോഗിക കൃത്യങ്ങളിൽ നിന്നും ഒരാഴ്ചത്തെ അവധിക്ക് എന്റെ മേധാവിയായിരുന്ന നിന്റെ അച്ഛനോട് ഞാൻ അപേക്ഷിച്ചു. നിന്റെ അച്ഛനാകട്ടെ എന്റെ ഈ പരിപാടിയെ പരിഹസിക്കുകയാണുണ്ടായത്. ‘ ‘ ‘ഒരു മതഭ്രാന്തനാകാൻ പോകുകയാണോ നിങ്ങൾ? അദ്ദേഹം ആരാഞ്ഞു. ‘ജീവിതത്തിൽ നിങ്ങൾക്ക് കുതിച്ചു മുന്നേറണമെന്നുണ്ടെങ്കിൽ ജോലിയിൽ ശ്രദ്ധ കേന്ദ്രീകരിക്കൂ.’ ‘ ‘വൃക്ഷനിബിഡമായ ഒരു പാതയിലൂടെ ദു:ഖിതനായി അന്നു ഞാൻ വീട്ടിലേയ'ക്കു നടക്കുമ്പോൾ പല്ലക്കിൽ വരികയായിരുന്ന നിന്റെ അച്ഛനെ കണ്ടുമുട്ടി. അദ്ദേഹം സേവകരെയും വാഹനത്തെയും പറഞ്ഞയച്ചിട്ട് എന്നോടൊപ്പം നടക്കുവാൻ തുടങ്ങി. പ്രാപഞ്ചികൈശ്വര്യങ്ങൾക്കുവേണ്ടി പ്രയത്നിക്കുന്നതിന്റെ നേട്ടങ്ങൾ എന്നെ സാന്ത്വനപ്പെടുത്താനായി അദ്ദേഹം ചൂണ്ടിക്കാട്ടി. വലിയ താല്പര്യമൊന്നുമില്ലാതെയാണ് അദ്ദേഹം പറഞ്ഞതെല്ലാം ഞാൻ കേട്ടത്. എന്റെ ഹൃദയം ആവർത്തിച്ചുകൊണ്ടിരിക്കുകയായിരുന്നു: ‘ ലാഹിരി മഹാശയാ! എനിക്ക് അങ്ങയെ കാണാതെ ജീവിക്കാൻ വയ്യാ!’ ‘ ‘ഞങ്ങളുടെ പാത ഞങ്ങളെ കൊണ്ടെത്തിച്ചത് പ്രശാന്തമായ ഒരു വെളിസ'ഥലത്തിന്റെ അരികിലാണ്. അവിടെ വളർന്നുയർന്ന് കാറ്റിൽ ഉലഞ്ഞു നിന്നിരുന്ന കാട്ടുപുല്പരപ്പിനെ സായാഹ്നസൂര്യന്റെ കിരണങ്ങൾ കിരീടമണിയിക്കുകയായിരുന്നു. ഈ കാഴ്ച ആസ്വദിച്ചു കൊണ്ട് അല്പനേരം ഞങ്ങൾ തങ്ങി. അവിടെ ആ വെളിസ'ഥലത്ത് ഞങ്ങൾക്ക് ഏതാനും വാരമാത്രം അകലെയായി എന്റെ മഹാനായ ഗുരുദേവന്റെ രൂപം പെട്ടെന്ന് പ്രത്യക്ഷമായി!6 ‘ ‘ ‘ഭഗവതീ, നിങ്ങളുടെ കീഴുദ്യോഗസ'ഥന്റെ മേൽ കർശനമായ ഒരു നിലപാടാണ് നിങ്ങളെടുക്കുന്നത്!’ ’ അദ്ദേഹത്തിന്റെ ശബ്ദം അത്ഭുതപരതന്ത്രരായ ഞങ്ങളുടെ കാതിൽ മുഴങ്ങി. പ്രത്യക്ഷപ്പെട്ടതുപോലെതന്നെ അജ്ഞാതമായരീതിയിൽ അദ്ദേഹം മറഞ്ഞു. ഞാൻ കുമ്പിട്ടുവണങ്ങി ‘ലാഹിരി മഹാശയ! ലാഹിരി മഹാശയ!’ എന്ന് വിസ്മയത്തോടെ ഉരുവിട്ടു. ഒരല്പനേരത്തേക്ക് നിന്റെ അച്ഛൻ വിസ്മയംകൊണ്ട് നിശ്ചലനായി നിന്നു. ‘ ‘ ‘അവിനാശ്, നിങ്ങൾക്കു മാത്രമല്ല അവധി, നാളെ വാരാണസിക്കു തിരിക്കാൻ ഞാനും അവധിയെടുക്കുകയാണ്. സ്വന്തം ഇച്ഛാശക്തികൊണ്ട് പ്രത്യക്ഷനായി നിങ്ങൾക്കുവേണ്ടി മാധ്യസ'ഥം വഹിക്കാൻ കഴിഞ്ഞ ഈ മഹാനായ ലാഹിരി മഹാശയനെ എനിക്ക് അറിഞ്ഞേ തീരു! അദ്ദേഹത്തിന്റെ ആത്മീയമാർഗത്തിൽ ഞങ്ങൾക്കും ദീക്ഷ തരുന്നതിന് എന്റെ പത്നിയേയും കൂട്ടിവന്ന് ആ യോഗീന്ദ്രനോട് ഞാൻ ആവശ്യപ്പെടും. നിങ്ങൾ അദ്ദേഹത്തിന്റെയടുത്തേക്ക് ഞങ്ങളെ നയിക്കുമോ?’ ‘ ‘ ‘തീർച്ചയായും’ എന്റെ പ്രാർഥനയുടെ അത്ഭുതകരമായ ഫലപ്രാപ്തിയിലും സംഭവങ്ങളുടെ പെട്ടെന്നുള്ള ഹിതകരമായ പരിസമാപ്തിയിലും ഞാൻ ആനന്ദഭരിതനായി. ‘ ‘ പിറ്റേന്നു വൈകുന്നേരം നിന്റെ മാതാപിതാക്കളും ഞാനും ട്രെയിനിൽ വാരാണസിക്ക് തിരിച്ചു. അടുത്തദിവസം അവിടെ എത്തിയശേഷം ഒരു കുതിരവണ്ടിയിൽ അല്പദൂരം യാത്രതുടർന്നു. ആളൊഴിഞ്ഞസ'ഥലത്തുള്ള എന്റെ ഗുരുവിന്റെ വസതിയിലെത്താൻ പിന്നീട് ഇടുങ്ങിയ ഇടവഴികളിലൂടെ നടക്കണമായിരുന്നു. ഞങ്ങൾ അദ്ദേഹത്തിന്റെ ചെറിയ സ്വീകരണമുറിയിൽ കയറി, പതിവുപോലെ പത്മാസനനായിരുന്ന അദ്ദേഹത്തെ താണുവണങ്ങി. തന്റെ തുളച്ചുകയറുന്ന കണ്ണുകൾ ചിമ്മിയിട്ട് അദ്ദേഹം നിന്റെ അച്ഛനിൽ നോട്ടമുറപ്പിച്ചു. ‘ഭഗവതീ, നിങ്ങളുടെ കീഴുദ്യോഗസ'ഥന്റെ മേൽ കർശനമായ ഒരു നിലപാടാണ് നിങ്ങളെടുക്കുന്നത്!’ രണ്ടുദിവസം മുമ്പ് ആ പുൽമേട്ടിൽവച്ച് അദ്ദേഹം പറഞ്ഞ അതേ വാക്കുകൾ! അദ്ദേഹം തുടർന്നു. ‘അവിനാശിന് എന്നെ വന്നുകാണാൻ നിങ്ങൾ അനുമതി നൽകിയതിൽ ഞാൻ സന്തോഷിക്കുന്നു. അതുപോലെ

നിങ്ങളും പത്നിയും അവനോടൊപ്പം വന്നതിലും.’ ‘ ‘നിന്റെ അച്ഛനമ്മമാർക്ക് ക്രിയായോഗ7മെന്ന ആത്മീയാനുഷ്ഠാനത്തിൽ ദീക്ഷ നൽകി അദ്ദേഹം അവരെ സന്തുഷ്ടരാക്കി. ആ ദിവ്യദർശനത്തിന്റെ അവിസ്മരണീയമായ ദിവസത്തിനു ശേഷം നിന്റെ അച്ഛനും ഞാനും ശിഷ്യസഹോദരരെന്ന നിലയിൽ ഉറ്റ സ്നേഹിതരായിത്തീർന്നു. ലാഹിരി മഹാശയൻ നിന്റെ ജനനത്തിലും വ്യക്തമായ ഒരു താല്പര്യം പ്രകടിപ്പിച്ചു. നിന്റെ ജീവിതം അദ്ദേഹത്തിന്റെ ജീവിതവുമായി തീർച്ചയായും ബന്ധപ്പെട്ടതാകും. ഗുരുദേവന്റെ അനുഗ്രഹം ഒരിക്കലും വൃഥാവിലാവില്ല.’ ’ ഞാൻ ജനിച്ച് അധികകാലം കഴിയുംമുമ്പ് ലാഹിരി മഹാശയൻ ഇഹലോകവാസം വെടിഞ്ഞു. അച്ഛന്റെ ഓഫീസ് അദ്ദേഹത്തെ സ'ഥലം മാറ്റിയ നഗരങ്ങളിലെല്ലാംതന്നെ ഞങ്ങളുടെ വീട്ടിലെ പൂജാമുറിക്ക് അലങ്കാരപ്പണിചെയ്ത ഫ്രെയിമിലുള്ള ലാഹിരി മഹാശായന്റെ ചിത്രം ശോഭയേകി. താല്ക്കാലികമായി ഒരുക്കിയ ആരാധനാവേദിക്കു മുന്നിൽ നിരവധി പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും അമ്മയും ഞാനും കളഭത്തിൽ മുക്കിയ പൂജാപുഷ്പങ്ങൾ ഭക്തിപൂർവം അർപ്പിച്ച് ധ്യാനനിരതരാകുമായിരുന്നു. ലാഹിരി മഹാശയനിൽ പൂർണമായി ബഹിർസ്ഫുരിച്ച ഈശ്വരചൈതന്യത്തെ ഞങ്ങൾ സുഗന്ധദ്രവ്യങ്ങളും ഞങ്ങളുടെ ഒന്നുചേർന്ന ഭക്ത്യാദരങ്ങളുംകൊണ്ട് ആരാധിച്ചു.അദ്ദേഹത്തിന്റെ ചിത്രത്തിന് എന്റെ ജീവിതത്തിൽ സർവാതിശായിയായ സ്വാധീനമുണ്ടായിരുന്നു. ഞാൻ വളർന്നതോടൊപ്പം ആ ഗുരുവിനെപ്പറ്റിയുള്ള ചിന്തയും എന്നിൽ വളർന്നുവന്നു. ഞാൻ ധ്യാനനിരതനാകുമ്പോൾ അദ്ദേഹം തന്റെ ചിത്രത്തിന്റെ ഫ്രെയിമിനുള്ളിൽനിന്ന് ഇറങ്ങിവന്ന് ജീവനുള്ള രൂപംപൂണ്ട് എന്റെ മുന്നിൽ ഇരിക്കുന്നത് ഞാൻ മിക്കപ്പോഴും കാണും. അദ്ദേഹത്തിന്റെ പ്രകാശിക്കുന്ന രൂപത്തിന്റെ പാദങ്ങൾ തൊടാനൊരുമ്പെടുമ്പോഴേക്കും അദ്ദേഹം വീണ്ടും ചിത്രമായിമാറും. ശൈശവത്തിൽനിന്നും ബാല്യത്തിലേക്കു ഞാൻ മാറിക്കൊണ്ടിരിക്കെ ഫ്രെയിമിനുള്ളിലൊതുങ്ങിയിരിക്കുന്ന ലാഹിരി മഹാശയന്റെ പ്രതിഛായ വളർന്ന് എന്റെ മനസ്സിൽ പ്രകാശാത്മകമായ ഒരു സാന്നിധ്യമായി മാറി. പരീക്ഷണത്തിന്റെയും സംശയത്തിന്റെയും ഘട്ടങ്ങളിൽ പലപ്പോഴും ഞാൻ അദ്ദേഹത്തോടു പ്രാർഥിക്കുമ്പോൾ എനിക്ക് സമാശ്വാസകരമായ മാർഗദർശനം ലഭിച്ചിരുന്നു.അദ്ദേഹം ദേഹത്തിൽ ജീവിക്കുന്നില്ലല്ലോ എന്നതിൽ ഞാൻ ആദ്യം വ്യാകുലപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ ഗുപ്തമായ സർവവ്യാപിത്വം ബോധ്യമായിത്തുടങ്ങിയതോടെ എന്റെ വിഷാദം അടങ്ങി. തന്നെ കാണാൻ അതിയായ ആകാംക്ഷ കാട്ടിയിരുന്ന ശിഷ്യന്മാർക്ക് പലപ്പോഴും അദ്ദേഹം എഴുതിയിട്ടുണ്ട്: ‘ ‘ നിങ്ങളുടെ ആത്മീയദൃഷ്ടിയുടെ പരിധിക്കുള്ളിൽ ഞാൻ എല്ലായ്പ്പോഴും ഉണ്ടായിരിക്കെ, എന്റെ അസ'ഥിയും മാംസവും കാണാൻ എന്തിനു വരണം?’ ’ എനിക്കു ഏതാണ്ട് എട്ടു വയസ്സുള്ളപ്പോൾ ലാഹിരി മഹാശയന്റെ ചിത്രം മുഖേന അത്ഭുതകരമായ ഒരു രോഗവിമുക്തിയാൽ ഞാൻ അനുഗൃഹീതനായി. ഈ അനുഭവം ഗുരുവിനോടുള്ള എന്റെ സ്നേഹത്തിന് തീവ്രത നൽകി. ബംഗാളിലെ ഇച്ഛാപുരത്ത് ഞങ്ങളുടെ കുടുംബ എസ്റ്റേറ്റിൽ വച്ച് എനിക്ക് ഏഷ്യൻ കോളറ പിടിപെട്ടു. എന്റെ ജീവനിൽ ആർക്കും പ്രതീക്ഷയില്ലാതായി. ഡോക്ടർമാർക്കും ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. എന്റെ കിടക്കയ'ക്കരികിൽ തന്നെയിരുന്ന അമ്മ എന്റെ തലയ'ക്കു മുകളിൽ ചുവരിലിരുന്ന ലാഹിരി മഹാശയന്റെ ഫോട്ടോയിൽ നോക്കുവാൻ ആധിയോടെ ആംഗ്യം കാട്ടി. ‘ ‘നീ മനസ്സുകൊണ്ട് അദ്ദേഹത്തെ നമസ്കരിക്കൂ!’ ’ എന്റെ കൈകൾ ഉയർത്തി തൊഴാൻ പോലുമുള്ള ശക്തി എനിക്കില്ലായിരുന്നുവെന്ന് അമ്മയ'ക്ക് അറിയാമായിരുന്നു. ‘ ‘നിന്റെ ഭക്തി യഥാർഥത്തിൽ വ്യക്തമാക്കി നീ അദ്ദേഹത്തിനു മുന്നിൽ ഉള്ളാലെ കുമ്പിട്ടാൽ അദ്ദേഹം നിന്റെ ജീവൻ രക്ഷിക്കും! ’ ’ ഞാൻ അദ്ദേഹത്തിന്റെ ചിത്രത്തിൽ നോക്കി. എന്റെ ശരീരവും ആ മുറിയും പൊതിഞ്ഞ കണ്ണഞ്ചിപ്പിക്കുന്ന ഒരു പ്രകാശം അവിടെ കണ്ടു. എന്റെ മനംമറിച്ചിലും അനിയന്ത്രിതമായിരുന്ന മറ്റു കടുത്ത രോഗലക്ഷണങ്ങളും മറഞ്ഞു; എനിക്കു സുഖമായി. ഗുരുവിലുള്ള അമ്മയുടെ അളവറ്റ വിശ്വാസത്തിനു നന്ദികാട്ടിക്കൊണ്ട് കുനിഞ്ഞ് അമ്മയുടെ കാലുതൊട്ടുവന്ദിക്കാനുള്ള ശക്തി ഉടനേ എനിക്കുണ്ടായതായി തോന്നി. ആ ചെറിയ പടത്തിൽ അമ്മ വീണ്ടും വീണ്ടും തല ചേർത്തു. ‘ ‘ സർവവ്യാപിയായ ഗുരോ, അങ്ങയുടെ ദിവ്യപ്രകാശം എന്റെ മകന്റെ അസുഖം അകറ്റിയതിന് ഞാൻ അങ്ങയ'ക്ക് കൃതജ്ഞത അർപ്പിക്കുന്നു!’ ’ സാധാരണഗതിയിൽ മാരകമായ ഒരു രോഗത്തിൽനിന്ന് തൽക്ഷണം എന്നെ രക്ഷിച്ച ഉജ്വലപ്രകാശധോരണിക്ക് അമ്മയും സാക്ഷ്യം വഹിച്ചെന്ന് എനിക്കു ബോധ്യമായി.എന്റെ അമൂല്യസ്വത്തുക്കളിലൊന്ന് അതേ ഫോട്ടോയാണ്. അച്ഛന് ലാഹിരി മഹാശയൻ നേരിട്ടു നൽകിയ ഈ പടം വിശുദ്ധമായ ഒരു സ്പന്ദനം ഉൾകൊള്ളുന്നു. ഈ ചിത്രത്തിന്റെ ഉത്ഭവം ഒരു ദിവ്യാത്ഭുതമായിരുന്നു. അച്ഛന്റെ ശിഷ്യസഹോദരനായ കാളീ കുമാർ റോയിയിൽ നിന്നാണ് ഞാൻ ആ കഥ കേട്ടത്.ഗുരുനാഥന് തന്റെ ഫോട്ടോ എടുക്കുന്നതിൽ കടുത്ത വൈമുഖ്യമായിരുന്നുവെന്നു തോന്നുന്നു. അദ്ദേഹത്തിന്റെ എതിർപ്പുവക വയ'ക്കാതെ ഒരിക്കൽ, അദ്ദേഹത്തിന്റെയും കാളീ കുമാർ റോയി അടക്കമുള്ള ശിഷ്യസഞ്ചയത്തിന്റെയും ഒരു ഫോട്ടോ എടുക്കാനിടയായി. മറ്റെല്ലാവരുടേയും വ്യക്തമായ പ്രതിച്ഛായപതിഞ്ഞ ആ ചിത്രത്തിൽ, ന്യായമായും ലാഹിരി മഹാശയന്റെ രൂപം ഉണ്ടാകേണ്ടിയിരുന്ന സ'ഥാനം ശൂന്യമായിരുന്നതുകണ്ട് ഫൊട്ടോഗ്രഫർ അത്ഭുതപ്പെട്ടുപോയി. ഈ പ്രതിഭാസം എമ്പാടും ചർച്ചചെയ്യപ്പെട്ടു.പിടികൊടുക്കാത്ത ഈ രൂപം തന്റെ കയ്യിൽനിന്ന് രക്ഷപ്പെടുകയില്ലെന്ന്, കഴിവുറ്റ ഫൊട്ടോഗ്രഫറായിരുന്ന ഒരു വിദ്യാർഥി, ഗംഗാധര ബാബു വീമ്പിളക്കി. പിറകിൽ ഒരു സ്ക്രീനുമായി ഒരു തടിബെഞ്ചിൽ പിേറ്റന്നു രാവിലെ ഗുരുനാഥൻ

പത്മാസനത്തിലിരുന്നപ്പോൾ ഗംഗാധര ബാബു തന്റെ ഉപകരണങ്ങളുമായി എത്തി. വിജയത്തിനുവേണ്ട എല്ലാ മുൻകരുതലുകളുമെടുത്ത അദ്ദേഹം അതിയായ ആർത്തിയോടെ പന്ത്രണ്ടു പടങ്ങൾ എടുത്തു. അവയിലോരോന്നിലും തടിബെഞ്ചിന്റെയും സ്ക്രീനിന്റെയും ചിത്രം കണ്ടു, പക്ഷേ ഗുരുനാഥന്റെരൂപം ഇത്തവണയും കാണാനുണ്ടായിരുന്നില്ല.കണ്ണുനീരോടെ, അഹങ്കാരമകന്ന് ഗംഗാധര ബാബു ഗുരുവിനെ തേടിയെത്തി. ഏതാനും മണിക്കൂറുകൾ കഴിഞ്ഞശേഷമാണ് ലാഹിരി മഹാശയൻ അർത്ഥഗർഭമായ വാക്കുകളോടെ തന്റെ മൗനം ഭഞ്ജിച്ചത്. ‘ ‘ഞാൻ പരമചൈതന്യമാണ്. സർവവ്യാപിയായ ആ അദൃശ്യനെ പ്രതിഫലിപ്പിക്കാൻ നിന്റെ ക്യാമറയ'ക്കുകഴിയുമോ?’ ’ ‘ ‘ഇല്ല എന്ന് എനിക്ക് ഇപ്പോൾ മനസ്സിലായി. എന്നാലും അഭിവന്ദ്യ ഗുരോ, അങ്ങയുടെ ശരീരക്ഷേത്രത്തിന്റെ ഒരു ചിത്രത്തിനു വേണ്ടി സ്നേഹാതിരേകംകൊണ്ട് ഞാൻ കൊതിക്കുന്നു. എന്റെ കാഴ്ചപ്പാട് ഇടുങ്ങിയതായിരുന്നു. ഇത്ര സമ്പൂർണമായി പരമാത്മാവ് അങ്ങയിൽ കുടികൊള്ളുന്നുവെന്ന് ഞാൻ ഇന്നുവരെ മനസ്സിലാക്കിയിരുന്നില്ല.’ ’ ‘ ‘എങ്കിൽ നാളെ രാവിലെ വരൂ. ഞാൻ ഫോട്ടോയ'ക്ക് ഇരുന്നു തരാം.’ ’ ഫൊട്ടോഗ്രഫർ വീണ്ടും ക്യാമറ തയ്യാറാക്കി. ഇപ്രാവശ്യം ആ ദിവ്യരൂപം അജ്ഞേയമായ അദൃശ്യതയില്ലാതെ ഫിലിമിൽ മികവുറ്റതായി. ഗുരുദേവൻ മറ്റൊരു ചിത്രത്തിനുവേണ്ടി പിന്നീടൊരിക്കലും ഇരുന്നു കൊടുത്തിട്ടില്ല. കുറഞ്ഞപക്ഷം, ഞാൻ അദ്ദേഹത്തിന്റെ മറ്റൊരു ചിത്രം കണ്ടിട്ടില്ല.ഇതേ ചിത്രമാണ് ഈ പുസ്തകത്തിൽ ചേർത്തിട്ടുള്ളത്. ലാഹിരി മഹാശയന്റെ സാർവജനീനസ്വഭാവമുള്ള സൗകുമാര്യമാർന്ന മുഖച്ഛായ ഏതു ഗോത്രത്തിൽപ്പെട്ട ആളാണദ്ദേഹമെന്ന സൂചനയൊന്നും നൽകിയിരുന്നില്ല. ഗൂഢാർഥമായ ആ പുഞ്ചിരി ഈശ്വരതാദാത്മ്യത്തിന്റെ പരമാനന്ദം ഒരല്പം വെളിവാക്കുന്നു. തന്റെ നാമമാത്രമായ ലൗകികതാല്പര്യങ്ങൾ വ്യക്തമാക്കുമാറ് അദ്ദേഹത്തിന്റെ കണ്ണുകൾ പാതിവിടർന്നും, ആന്തരികാനന്ദത്തിൽ ലയിച്ച തന്റെ അവസ'ഥയെ സൂചിപ്പിച്ചുകൊണ്ട് പാതിയടഞ്ഞുമിരിക്കുന്നു. നിരർഥകമായ ഭൗതികപ്രലോഭനങ്ങൾ തീണ്ടാതെ, അദ്ദേഹം തന്റെ കാരുണ്യം തേടിയെത്തിയിരുന്ന സാധകരുടെ ആത്മീയപ്രശ്നങ്ങൾ എല്ലായ്പ്പോഴും നല്ലവണ്ണം അറിഞ്ഞിരുന്നു.ഗുരുനാഥന്റെ ചിത്രത്തിനുള്ള ശക്തിവൈഭവത്താലുണ്ടായ എന്റെ രോഗവിമോചനത്തിനുശേഷം അധികം താമസിയാതെ എന്നിൽ ഏറെ സ്വാധീനം ചെലുത്തിയ ഒരു ആത്മീയദർശനമുണ്ടായി. ഒരു പ്രഭാതത്തിൽ എന്റെ കിടക്കയിലിരുന്ന ഞാൻ അഗാധമായ ഒരു ദിവാസ്വപ്നത്തിലേക്ക് വഴുതിയിറങ്ങി. ‘ ‘അടഞ്ഞകണ്ണുകളിലെ ഇരുട്ടിന്റെപിന്നിൽ എന്താണ്?” സത്യാന്വേഷകമായ ഈ ചിന്ത എന്റെ മനസ്സിലേക്ക് ശക്തമായി കടന്നുവന്നു. ഉടൻതന്നെ, ബൃഹത്തായ ഒരു പ്രകാശധോരണി എന്റെ അന്തർനേത്രത്തിൽ പ്രത്യക്ഷമായി. പർവതഗുഹകളിൽ പത്മാസനത്തിൽ ധ്യാനനിരതരായിരിക്കുന്ന ഋഷിവര്യന്മാരുടെ ദിവ്യരൂപങ്ങൾ എന്റെ നെറ്റിത്തടത്തിലെ ജ്യോതിസ്സിന്റെ വിശാലമായ തിരശീലയിൽ ഒരു കൊച്ചുചലച്ചിത്രത്തിലെന്നപോലെ പ്രത്യക്ഷപ്പെട്ടു. [image file=image_rsrcEK.jpg] യോഗാനന്ദജി ആറു വയസ്സിൽ ‘ ‘നിങ്ങൾ ആരാണ്?’ ’ ഞാൻ ഉച്ചത്തിൽ ചോദിച്ചു. ‘ ‘ഞങ്ങൾ ഹിമാലയത്തിലെ യോഗികളാണ്.’ ’ ആ സ്വർഗീയ പ്രതികരണം വർണിക്കുക പ്രയാസമാണ്. എന്റെ ഹൃദയം ഹർഷപുളകിതമായി. ‘ ‘ഹാ! എനിക്ക് ഹിമാലയത്തിൽ പോകാനും നിങ്ങളെപ്പോലെയാകാനും കൊതിയാകുന്നു!’ ’ ആ ദൃശ്യം മറഞ്ഞെങ്കിലും അതിന്റെ വെള്ളിവെളിച്ചം വികസിച്ചു വിശാലമാകുന്ന വൃത്തങ്ങളിൽ അനന്തത പൂകി. ‘ ‘ഈ വിസ്മയകരമായ പ്രഭാപൂരം എന്താണ്?’ ’ ‘ ‘ഞാൻ ഈശ്വരനാണ്. ഞാൻ തേജസ്സാണ്.’ ’ മേഘങ്ങളുടെ ലഘുമന്ത്രണം പോലെയായിരുന്നു ആ ശബ്ദം. ‘ ‘എനിക്കു അങ്ങയുമായി ഒന്നാകണം!’ ’ സാവധാനം മാഞ്ഞുകൊണ്ടിരുന്ന ആ ദിവ്യാനുഭൂതിയിൽ നിന്ന് ഈശ്വരാന്വേഷണത്തിനുള്ള പ്രചോദനത്തിന്റെ ഒരു നിത്യപൈതൃകം ഞാൻ കൈക്കൊണ്ടു. ‘ ‘ ഈശ്വരൻ സനാതനനാണ്. നിത്യനൂതനമായ ആനന്ദമാണ്.’ ’ ഹർഷോന്മാദത്തിന്റെ ആ ദിനത്തിനുശേഷവും ആ ഓർമ ദീർഘനാൾ നിലനിന്നു.മറ്റൊരു ബാല്യകാലസ്മരണയും എടുത്തുകാട്ടത്തക്കതാണ്: അക്ഷരാർഥത്തിലും അങ്ങനെ തന്നെ. കാരണം ഇന്നും ഞാൻ ആ വടുപേറുന്നു. ഗോരഖ്പൂരിലെ വീട്ടുവളപ്പിലുള്ള വേപ്പുമരച്ചുവട്ടിൽ, അതിരാവിലെ ഞാൻ ജ്യേഷ്ഠത്തി ഉമയോടൊത്ത് ഇരിക്കുകയായിരുന്നു. പഴുത്ത വേപ്പിൻ കായ്കൾ കൊത്തിത്തിന്നുകൊണ്ടിരുന്ന തത്തകളിൽനിന്നും എന്റെ ശ്രദ്ധ എനിക്ക് എത്രത്തോളം പിന്തിരിപ്പിക്കാൻ സാധിച്ചിരുന്നുവോ അത്രയും സമയം ചേച്ചി എന്നെ ബംഗാളി ബാലപാഠം പഠിക്കാൻ സഹായിച്ചുകൊണ്ടിരുന്നു.ഉമ തന്റെ കാലിൽ ഒരു പരുവുണ്ട് എന്ന പരാതിപ്പെട്ടുകൊണ്ട് ഒരു കുപ്പി ലേപനം കൊണ്ടുവന്നു. അതിൽ അല്പം ഞാൻ എന്റെ കൈത്തണ്ടയിൽ പുരട്ടി. ‘ ‘രോഗമില്ലാത്ത കയ്യിൽ എന്തിനാണ് മരുന്നു പുരട്ടുന്നത്? ’ ’ ‘ ‘ശരി ചേച്ചീ, എനിക്കും നാളെ ഒരു പരു ഉണ്ടാകാൻ പോകുംെന്നു തോന്നുന്നു. അതു വരുന്നിടത്ത് ഞാൻ ഈ ലേപനം പരീക്ഷിച്ചു നോക്കുകയാണ്.’ ’ ‘ ‘എടാ കൊച്ചുനുണയാ!’ ’ ‘ ‘ചേച്ചീ, നാളെ രാവിലെ എന്തുണ്ടാകുമെന്നുകാണുന്നതുവരെ എന്നെ നുണയാ എന്നുവിളിക്കരുത്.’ ’ എന്നിൽ ധാർമികരോഷം നിറഞ്ഞു.എന്റെ വാക്കുകൾ കൂട്ടാക്കാതെ ഉമ മൂന്നുപ്രാവശ്യം അവളുടെ കുത്തുവാക്ക് ആവർത്തിച്ചു. ഞാൻ സാവധാനം മറുപടി പറഞ്ഞപ്പോൾ ഒരു ഉറച്ചതീരുമാനം എന്റെ വാക്കുകളിൽ മുഴങ്ങി. ‘ ‘എന്റെ ഇച്ഛാശക്തിയുടെ ബലത്തിൽ ഞാൻ പറയുന്നു, എന്റെ കയ്യിൽ ഇതേ സ'ഥാനത്ത് നാളെ സാമാന്യം വലിയൊരു പരു ഉണ്ടായിരിക്കും; അതുപോലെ ചേച്ചിയുടെ പരു വീർത്ത് അതിന്റെ ഇരട്ടി വലിപ്പമുള്ളതാകുകയും ചെയ്യും.’ ’

രാവിലെ എന്റെ കയ്യിൽ പറഞ്ഞ സ'ഥലത്ത് ഒരു വലിയ പരു കാണാൻ കഴിഞ്ഞു. ഉമയുടെ പരുവിന്റെ വലിപ്പം ഇരട്ടിയാവുകയും ചെയ്തു. അലമുറയിട്ടുകൊണ്ട് ഉമ അമ്മയുടെ അരികിലേക്ക് ഓടി. ‘ ‘ മുകുന്ദൻ ഒരു മന്ത്രവാദിയായിത്തീർന്നിരിക്കുന്നു!’ ’ വാക്കുകളുടെ ശക്തി ഒരിക്കലും തിന്മയ'ക്കായി ഉപയോഗിക്കരുതെന്ന് അമ്മ ഗൗരവത്തോടെ ഉപദേശിച്ചു. അമ്മയുടെ ഉപദേശം എക്കാലവും ഞാൻ ഓർത്തിരിക്കുകയും പാലിക്കുകയും ചെയ്തിട്ടുണ്ട്.എന്റെ പരു ശസ്ത്രക്രിയ ചെയ്തു സുഖപ്പെടുത്തി. ഡോക്ടറുടെ കത്തി അവശേഷിപ്പിച്ച വ്യക്തമായിക്കാണാവുന്ന ഒരു പാട് ഇന്നുമുണ്ട്. മനുഷ്യന്റെ വെറുംവാക്കിലടങ്ങിയിരിക്കുന്ന ശക്തിയുടെ നിത്യപ്രതീകമായി എന്റെ വലതു കൈത്തണ്ടയിൽ അതു നിലനിൽക്കുന്നു.ഏകാഗ്രതയോടെ ഞാൻ ഉമയോടു പറഞ്ഞ ആ വെറും വാക്കുകൾ പ്രത്യക്ഷത്തിൽ നിരുപദ്രവമെന്ന് തോന്നിയിരുന്നെങ്കിലും, ബോംബുപോലെ പൊട്ടിത്തെറിക്കുവാനും ദോഷകരമെങ്കിലും കൃത്യമായ ഫലങ്ങൾ ഉണ്ടാക്കുവാനുമുള്ള അദൃശ്യശക്തി ഉൾക്കൊണ്ടിരുന്നു. വാക്കുകളിൽ അടങ്ങിയിരിക്കുന്ന സ്ഫോടനാത്മകമായ സ്പന്ദനങ്ങളുടെ ശക്തിയെ ജീവിതത്തിലെ വൈഷമ്യങ്ങളിൽനിന്ന് മോചനം നേടാൻ ബുദ്ധിപൂർവം പ്രയോഗിക്കാമെന്നും അങ്ങനെ വടുക്കളോ ശാസനമോ ഒഴിവാക്കി പ്രവർത്തിക്കാമെന്നും ഞാൻ പിന്നീടു മനസ്സിലാക്കി10.ഞങ്ങളുടെ കുടുംബം പഞ്ചാബിലെ ലാഹോറിലേക്കു മാറി. അവിടെവച്ച് കാളീ11 രൂപത്തിലുള്ള ദിവ്യജനനിയുടെ ഒരു ചിത്രം ഞാൻ സ്വന്തമാക്കി. വീടിന്റെ കൊച്ചു ബാൽക്കണിയിലുള്ള അനൗപചാരികമായ ചെറിയ ഒരു ആരാധനാസ'ഥാനം അത് വിശുദ്ധമാക്കി. ആ പവിത്രമായ കോണിൽവച്ചു നടത്തുന്ന എന്റെ ഏതു പ്രാർഥനയും ഫലപ്രാപ്തിയുടെ കിരീടം ചൂടുമെന്ന തർക്കമറ്റ ഒരു ദൃഢവിശ്വാസം എന്നിലുണ്ടായി. ഒരു ദിവസം ഉമയുമായി അവിടെ നിൽക്കുമ്പോൾ രണ്ട് ആൺകുട്ടികൾ രണ്ടു കെട്ടിടങ്ങളുടെ മട്ടുപ്പാവിൽനിന്ന് മത്സരിച്ചു പട്ടം പറത്തുന്നത് ഞാൻ ശ്രദ്ധിച്ചു. ആ കെട്ടിടങ്ങളെ ഞങ്ങളുടെ വീടുമായി വേർതിരിച്ചിരുന്നത് തീരെ ഇടുങ്ങിയ ഒരു ഇടവഴിയായിരുന്നു. ‘ ‘നീ എന്താ ഇത്ര നിശ്ശബ്ദനായി നിൽക്കുന്നത്?’ ’ ഉമ തമാശയായി എന്നെ പിടിച്ചു തള്ളി. ‘ ‘ഞാൻ ചോദിക്കുന്നതെന്തും ദിവ്യജനനി എനിക്കു തരുമെന്നത് എത്ര വിസ്മയകരമാണെന്ന് ആലോചിക്കുകയായിരുന്നു.’ ’ ‘ ‘ഒരു പക്ഷെ ആ രണ്ടു പട്ടങ്ങളും അവൾ നിനക്ക് തരുമായിരിക്കും,’ ’ ചേച്ചി പരിഹസിച്ചു ചിരിച്ചു. ‘ ‘എന്തു കൊണ്ടു തന്നുകൂടാ?’ ’ അവ ലഭിക്കാൻ ഞാൻ നിശ്ശബ്ദനായി പ്രാർഥന തുടങ്ങി.കുപ്പിച്ചില്ല് അരച്ചു പശ ചേർത്തു പൊതിഞ്ഞ ചരടിൽ ഉയർത്തിയ പട്ടങ്ങളുടെ മത്സരങ്ങൾ ഭാരതത്തിൽ നടത്താറുണ്ട്. ഓരോരുത്തരും എതിരാളിയുടെ പട്ടത്തിന്റെ ചരട് അറുത്തു കളയാൻ ശ്രമിക്കുന്നു. ചരടു മുറിഞ്ഞപട്ടം വീടുകൾക്കു മീതെ മെല്ലെ പറന്നു പോകുമ്പോൾ അവ പിടിച്ചെടുക്കുന്നത് വലിയ രസമാണ്. ഉമയും ഞാനും മട്ടുപാവിൽ, അകത്തോട്ടൊതുങ്ങിയ ഒരു ബാൽക്കണിയിലായിരുന്നതുകൊണ്ട് പൊന്തിയ ഒരു പട്ടം അവിടെയെത്തുക അസാധ്യമായി തോന്നി; അതിന്റെ ചരട് സ്വാഭാവികമായി മേൽക്കൂരയിൽ തടഞ്ഞു തൂങ്ങിക്കിടക്കും.തെരുവിനപ്പുറത്തെ കളിക്കാർ മത്സരം തുടങ്ങി. ഒരു ചരട് മുറിക്കപ്പെട്ടു. ഉടനെ ആ പട്ടം എന്റെ നേരെ ഒഴുകിവന്നു. കാറ്റ് പെട്ടെന്ന് നിലച്ചതുകൊണ്ട് പട്ടം പറക്കാതെ വായുവിൽ അല്പനേരം തങ്ങിനിന്നു. ഇതിനിടയിൽ അതിന്റെ ചരട് എതിരെയുള്ള മേൽക്കൂരയിലെ ഒരു കള്ളിച്ചെടിയിൽ കുരുങ്ങി. എനിക്കു പിടിക്കത്തക്കവണ്ണം നീണ്ടു സൗകര്യമായ ഒരു വലയം രൂപംകൊണ്ടു. ഞാൻ സമ്മാനം ഏറ്റുവാങ്ങി ഉമയെ എല്പിച്ചു. ‘ ‘ഇത് തീർച്ചയായും യാദൃച്ഛികമാണ്, അല്ലാതെ നിന്റെ പ്രാർഥനയുടെ ഫലമൊന്നുമല്ല. മറ്റേ പട്ടവും നിന്റെ കയ്യിൽ വന്നാൽ ഞാൻ വിശ്വസിക്കും.’ ’ സഹോദരിയുടെ ഇരുണ്ട കണ്ണുകൾ വാക്കുകളേക്കാൾക്കൂടുതൽ വിസ്മയം പ്രകടമാക്കി. ഞാനെന്റെ പ്രാർഥനകൾ തീവ്രതയോടെ തുടർന്നു. മറ്റേ പട്ടംപറത്തലുകാരന്റെ ശക്തിയായ ഒരു വലി അവന്റെ പട്ടത്തിന്റെ ചരട് പൊട്ടിച്ചു. വായുവിൽ നൃത്തം വച്ചുകൊണ്ട് അത് എന്റെ നേർക്കു തിരിച്ചു. എന്റെ സഹായിയായ കള്ളിച്ചെടി എനിക്കു പട്ടം പിടിക്കാനുള്ള വലയം വീണ്ടുമൊരുക്കി. എന്റെ രണ്ടാമത്തെ സമ്മാനവും ഉമയ'ക്കു ഞാൻ കാഴ്ചവച്ചു. ‘ ‘തീർച്ചയായും ദിവ്യജനനി നിന്റെ പ്രാർഥന കേൾക്കുന്നുണ്ട്! ഇതൊക്കെ എനിക്ക് വളരെ വിചിത്രമായി തോന്നുന്നു. ’ ’ ചേച്ചി പേടിച്ച മാൻപേടയെപ്പോലെ ഓടിക്കളഞ്ഞു. [image file=image_rsrcFJ.jpg] 1 ആധ്യാത്മികാചാര്യൻ. ‘ഇരുട്ടിനെ’ അകറ്റുന്ന ദേഹമായി ഗുരുഗീത (ശ്ലോകം 17) ഗുരുവിനെ സമുചിതമായി വർണിക്കുന്നു (ഗു=ഇരുട്ട്, രു=അകറ്റുന്നത്)2 യോഗവിദ്യ അനുഷ്ഠിക്കുന്നയാൾ. (യോഗ: ഒന്നുചേരൽ, പുരാതന ധ്യാനശാസ്ത്രം). (അധ്യായം 26, ‘ക്രിയായോഗശാസ്ത്രം’ കാണുക).3 1915-ൽ സന്ന്യാസം സ്വീകരിച്ചപ്പോൾ എന്റെ പേര് യോഗാനന്ദൻ എന്നാക്കി മാറ്റി. 1935-ൽ “ പരമഹംസ’ ’ പദംകൂടി എന്റെ ഗുരുദേവൻ എനിക്കു നൽകി4 ഭാരതീയ ജാതിവ്യവസ'ഥയിലെ രണ്ടാമത്തെ ജാതി. ഭരണകർത്താക്കളുടെയും, പോരാളികളുടെയും ജാതി.5 ഇംഗ്ലീഷിലെ മിസ്റ്റർ എന്ന അർഥം വരുന്ന പദം. ബംഗാളി പേരുകളുടെ ഒടുവിൽ വയ'ക്കുന്നു.6 മഹാത്മാരായ ആചാര്യന്മാരുടെ അസാധാരണമായ സിദ്ധിവിശേഷങ്ങൾ ‘ ‘ദിവ്യാത്ഭുതങ്ങളുടെ നിയമം’ ’ എന്ന 30-ാം അധ്യായത്തിൽ വിശദീകരിച്ചിരിക്കുന്നു.7 ലാഹിരി മഹാശയൻ പഠിപ്പിച്ച ഒരു വിശേഷയോഗചര്യ. ഇത് ശീലിച്ച് ഇന്ദ്രിയങ്ങളുടെ പ്രക്ഷുബ്ധതശമിപ്പിച്ച് മനുഷ്യന് ക്രമേണ സമാധിലാഭം നേടാം (അധ്യായം 26 കാണുക).8 ലാഹിരി മഹാശയന്റെ ചിത്രം കാണുക. അതോടൊപ്പം ചിത്രത്തിന്റെ പെയിന്റിംഗും കാണുക. 1935-36 ൽ ഭാരതത്തിലായിരുന്നസമയത്ത് പരമഹംസ യോഗാനന്ദൻ ഒരു

ബംഗാളി ചിത്രകാരന് നിർദേശം നൽകി അസൽ ചിത്രത്തിന്റെ ഈ പുന:സൃഷ്ടി ചെയ്യിച്ചു. YSS/SRF പ്രകാശനങ്ങളിൽ ഉപയോഗിക്കേണ്ട ഔപചാരികചിത്രമായി അത് അവരോധിക്കപ്പെട്ടു. (മൗണ്ട് വാഷിങ്ടണിലെ യോഗാനന്ദജിയുടെ ഇരുപ്പുമുറിയിൽ ഈ ചിത്രം തൂക്കിയിരിക്കുന്നു.) (പ്രസാധകകുറിപ്പ്)9 പ്രപഞ്ചപാലകന്റെ ഭാവത്തിൽ (ഈശ്-ഭരിക്കുക); ദാർശനികമായി അർഥവ്യത്യാസങ്ങളുള്ള ഒരായിരം പേരുകൾ ഹൈന്ദവവേദശാസ്ത്രങ്ങളിൽ അദ്ദേഹത്തിനുണ്ട്. തന്റെ ഇച്ഛാശക്തികൊണ്ട് ഈശ്വരൻ വ്യവസ'ഥിതമായ പുനാരവൃത്തിയിൽ ബ്രഹ്മാണ്ഡങ്ങളുടെ സൃഷ്ടി സ'ഥിതിലയങ്ങൾ അനുസ്യൂതം നിർവഹിക്കുന്നു.10 എല്ലാ ആണവ ഊർജത്തിന്റെയും പിന്നിലുള്ള സ്പന്ദനശക്തിയായ ഓംകാരത്തിൽ—സൃഷ്ടിയുടെ വചസ്സിൽ-നിന്നാണ് ശബ്ദത്തിന്റെ അനന്തശക്തിവിശേഷങ്ങൾ ഉൽഭൂതമാകുന്നത്. വ്യക്തമായ സാക്ഷാത്കാരത്തോടും ഗാഢമായ ഏകാഗ്രതയോടുംകൂടി ഉരുവിട്ടാൽ ഏതു വാക്കിനും സത്യമായി ആവിർഭവിക്കാനാവും. പ്രചോദനാത്മകമായവാക്കുകളുടെ ഉച്ചത്തിലോ നിശ്ശബ്ദമായോ ഉള്ള ആവർത്തനം കുഎയിസത്തിലും സമാനമായ മനോചികിത്സാ സമ്പ്രദായങ്ങളിലും ഫലവത്തായാണ് കാണുന്നത്. മനസ്സിന്റെ സ്പന്ദനവേഗത വർധിപ്പിക്കുക എന്നതാണ് ഇതിന്റെ രഹസ്യം.11 പ്രകൃതിയുടെ നിത്യമാതൃഭാവത്തിലുള്ള ഈശ്വരപ്രതീകമാണ് കാളി.അധ്യായം 2അമ്മയുടെ മരണവും രഹസ്യാത്മകമായ ഏലസ്സുംഅമ്മയുടെ ഏറ്റവും വലിയ ആഗ്രഹം എന്റെ ജ്യേഷ്ഠന്റെ വിവാഹം നടന്നുകാണുകയായിരുന്നു. ‘ ‘അനന്തന്റെ വധുവിന്റെ മുഖം കാണുമ്പോൾ ഞാൻ ഈ ലോകത്ത് സ്വർഗം കണ്ടെത്തും!’ ’ കുടുംബത്തിന്റെ തുടർച്ചയായ നിലനിൽപ് ഉറപ്പു വരുത്തുകയെന്ന ശക്തമായ ഭാരതീയവികാരം ഈ വാക്കുകളിൽ അമ്മ പ്രകടിപ്പിക്കുന്നത് പലപ്പോഴും ഞാൻ കേട്ടിട്ടുണ്ട്.അനന്തദായുടെ വിവാഹനിശ്ചയം നടന്നപ്പോൾ എനിക്ക് ഏതാണ്ട് പതിനൊന്നു വയസ്സുണ്ട്. വിവാഹത്തിന്റെ തയ്യാറെടുപ്പിന് അതീവ സന്തോഷത്തോടെ മേൽനോട്ടം വഹിച്ചുകൊണ്ട് കൽക്കത്തയിലായിരുന്നു അമ്മ. ലാഹോറിൽ രണ്ടു വർഷത്തെ സേവനത്തിനു ശേഷം അച്ഛനെ ബറേലിയിലേക്ക് സ'ഥലം മാറ്റിയിരുന്നു. അവിടെയുള്ള ഞങ്ങളുടെ വീട്ടിൽ ഞാനും അച്ഛനും മാത്രമേ ഉണ്ടായിരുന്നുള്ളൂ.നേരത്തെ തന്നെ എന്റെ ജ്യേഷ്ഠസഹോദരിമാരായ രമയുടെയും ഉമയുടെയും വിവാഹാഘോഷങ്ങളുടെ പകിട്ടും മോടിയും ഞാൻ കണ്ടിട്ടുണ്ടായിരുന്നു. പക്ഷേ മൂത്ത മകനെന്ന നിലയിൽ അനന്തദായുടെ കാര്യത്തിൽ പരിപാടികൾ യഥാർഥത്തിൽ വളരെ വിപുലമായിരുന്നു. ദൂരെ നിന്നും കൽക്കത്തയിൽ ദിവസേനയെത്തിയിരുന്ന നിരവധി ബന്ധുജനങ്ങളെ അമ്മ സ്വീകരിക്കുകയായിരുന്നു. ആംഹേഴ്സ്റ്റ് തെരുവിൽ പുതുതായി വാങ്ങിയ അമ്പതാം നമ്പർ വീട്ടിൽ എല്ലാ സുഖസൗകര്യങ്ങളോടും കൂടി അമ്മ അവരെ പാർപ്പിച്ചു. സദ്യയ'ക്കുള്ള വിശിഷ്ടഭോജ്യങ്ങൾ, വധൂഗൃഹത്തിലേക്ക് ജ്യേഷ്ഠനെ കൊണ്ടുപോകാനുള്ള സിംഹാസനം, നിരനിരയായ രംഗദീപങ്ങൾ, കാർഡ്ബോർഡ് കൊണ്ടുള്ള ഭീമാകാരമായ ആനകളും ഒട്ടകങ്ങളും, ഇംഗ്ലീഷും സ്കോട്ടിഷും ഭാരതീയവുമായ വാദ്യവൃന്ദങ്ങൾ, വിനോദകലാമേള വിദഗ്ധർ, വിധിപ്രകാരം കർമങ്ങൾ നടത്തുവാനായി പുരോഹിതന്മാർ-എല്ലാം തയ്യാർ.അച്ഛനും ഞാനും ഈ മംഗളകർമത്തിനുവേണ്ടി കൃത്യസമയത്ത് കുടുംബത്തോടൊത്തുചേരാൻ ഒരു ഉത്സവത്തിന്റെ ആഹ്ലാദത്തോടെ പരിപാടികൾ തയ്യാറാക്കുകയായിരുന്നു. ആ മഹത്തായ ദിനത്തിനു തൊട്ടുമുമ്പ് എനിക്ക് അശുഭമായ ഒരു ദർശനമുണ്ടായി.ബറേലിയിൽവച്ച് ഒരു അർധരാത്രിയിലായിരുന്നു അത്. അച്ഛന്റെ കൂടെ ഞാൻ ഞങ്ങളുടെ ബംഗ്ളാവിന്റെ വരാന്തയിൽ കിടന്നുറങ്ങുകയായിരുന്നു. കൊതുകുവലയുടെ ഒരു വല്ലാത്ത ഇളക്കം എന്നെ ഉണർത്തി. നേരിയ കേർട്ടനുകൾ ഒതുങ്ങിമാറി; എന്റെ അമ്മയുടെ പ്രിയരൂപം ഞാൻ കണ്ടു. ‘ ‘അച്ഛനെ ഉണർത്തൂ,’ ’ അമ്മയുടെ ശബ്ദം തീരെ നേർത്തതായിരുന്നു. ‘ ‘എന്നെ കാണണമെന്നുണ്ടെങ്കിൽ പുലർച്ചെ നാലുമണിക്കുള്ള ആദ്യത്തെ തീവണ്ടിയിൽതന്നെ വേഗം കൽക്കത്തയ'ക്കുവരിക.’ ’ ആ നിഴൽരൂപം മറഞ്ഞു. ‘ ‘അച്ഛാ, അച്ഛാ, അമ്മ മരിക്കാൻ പോവുകയാണ്!’ ’ എന്റെ വാക്കുകളിൽ നിറഞ്ഞുനിന്ന ഭയം അച്ഛനെ ഉടൻ ഉണർത്തി. തേങ്ങിത്തേങ്ങി ദുരന്തവാർത്ത ഞാൻ അച്ഛനെ അറിയിച്ചു. ‘ ‘നിന്റെ ഈ മതിഭ്രമം കാര്യമാക്കേണ്ട’ ’ പതിവിൻപടി, ഒരു പുതിയ സാഹചര്യത്തിന് തന്റെ നിഷേധപ്രതികരണം അച്ഛൻ നൽകി. ‘ ‘നിന്റെ അമ്മ തികച്ചും ആരോഗ്യവതിയാണ്. എന്തെങ്കിലും മോശമായ വാർത്ത ലഭിച്ചാൽ നമുക്കു നാളെ തിരിക്കാം.’ ’ ‘ ‘ഇപ്പോൾത്തന്നെ തിരിക്കാത്തതിന് അച്ഛൻ സ്വയം മാപ്പു നൽകുകയില്ല!’ ’ ഭയാശങ്ക എന്നെക്കൊണ്ട് കടുത്ത സ്വരത്തിൽ ഇത്രയും കൂടി പറയിപ്പിക്കാൻ ഇടയാക്കി: ‘ ‘ഞാനും ഇതിനൊരിക്കലും അങ്ങേക്കു മാപ്പുതരില്ല’ ’ ‘ ‘ അമ്മയ'ക്ക് അസുഖം കലശലാണ്; വിവാഹം മാറ്റിവച്ചു; ഉടൻ വരൂ’ ’, വ്യക്തമായ വാക്കുകളോടെ ശോകമൂകമായ പ്രഭാതം വന്നെത്തി.അച്ഛനും ഞാനും വെളിവു നഷ്ടപ്പെട്ടവരെപ്പോലെ യാത്ര തിരിച്ചു. വണ്ടി മാറിക്കയറേണ്ട ഒരു സ'ഥലത്തുവച്ച് എന്റെ ഒരു അമ്മാവൻ ഞങ്ങളെ കണ്ടുമുട്ടി. അനുനിമിഷം വലുതായിക്കൊണ്ടിരുന്ന രൂപവുമായി ഒരു ട്രെയിൻ ഞങ്ങളുടെ നേരെ ഇടിനാദത്തോടെ പാഞ്ഞുവന്നു. അതിനുമുന്നിലുള്ള പാളത്തിലേക്ക് സ്വയം എറിഞ്ഞുകൊടുക്കുവാനുള്ള ഒരു തീരുമാനം എന്റെ അന്തഃക്ഷോഭം കാരണം എന്റെ മനസ്സിൽ ഉദിച്ചു. അമ്മയെ നഷ്ടപ്പെട്ടുകഴിഞ്ഞെന്നു കരുതിയ എനിക്ക് പെട്ടെന്നു ശൂന്യമായൊരു ലോകം താങ്ങാനാകുമായിരുന്നില്ല. ഈ ലോകത്ത് എന്റെ ഏറ്റവുമടുത്ത മിത്രമായാണ് ഞാൻ അമ്മയെ സ്നേഹിച്ചിരുന്നത്. അമ്മയുടെ സാന്ത്വനപ്പെടുത്തുന്ന കറുത്ത കണ്ണുകളായിരുന്നു ബാല്യത്തിലെ

നിസ്സാരങ്ങളായ ദുരന്തങ്ങളിൽ എന്റെ അഭയം. ‘ ‘അമ്മ ഇപ്പോഴും ജീവിച്ചിരിക്കുന്നുവോ?’ ’ അമ്മാവനോട് ഒരേ ഒരു അവസാനചോദ്യം ചോദിക്കാൻ ഞാൻ നിന്നു.എന്റെ മുഖത്തെ നൈരാശ്യം മനസ്സിലാക്കാൻ അദ്ദേഹത്തിന് താമസമുണ്ടായില്ല. ‘ ‘തീർച്ചയായും അവൾ ജീവനോടെതന്നെയിരിക്കുന്നു.’ ’ പക്ഷേ ഞാൻ അദ്ദേഹത്തെ ഒട്ടും വിശ്വസിച്ചില്ല.കൽക്കത്തയിലെ ഞങ്ങളുടെ വീട്ടിൽ ഞങ്ങളെത്തിയത് മരണത്തിന്റെ അസ്ത്രപ്രജ്ഞമാക്കുന്ന നിഗൂഢതയെ അഭിമുഖീകരിക്കാനായിരുന്നു. ഏറെക്കുറെ നിർജീവമായ ഒരവസ്ഥയിലേക്ക് ഞാൻ തകർന്നുവീണു. യാഥാർഥ്യവുമായി പൊരുത്തപ്പെടാൻ എനിക്ക് വർഷങ്ങൾ വേണ്ടിവന്നു. സ്വർഗകവാടങ്ങൾതന്നെ തകർത്തുകയറിക്കൊണ്ട് എന്റെ രോദനങ്ങൾ ഒടുവിൽ ദിവ്യജനനിയെ വിളിച്ചുവരുത്തി. എന്റെ ഉണങ്ങാത്ത വ്രണങ്ങളെ ജനനിയുടെ വാക്കുകൾ ആത്യന്തികമായി സുഖപ്പെടുത്തി: ‘ ‘ജന്മാന്തരങ്ങളായി നിരവധി അമ്മമാരുടെ വാത്സല്യത്തിൽ നിന്നെ ഞാനാണ് പരിപാലിച്ചത്. നീ തേടുന്ന ആ രണ്ടു കറുത്ത കണ്ണുകൾ, നഷ്ടപ്പെട്ട മനോഹരമായ കണ്ണുകൾ, എന്റെ ദൃഷ്ടിയിൽ കാണൂ!’ ’ ഞങ്ങൾ ഏറെ സ്നേഹിച്ച അമ്മയുടെ ശവസംസ്കാരകർമങ്ങൾ കഴിഞ്ഞയുടൻ അച്ഛനും ഞാനും ബറേലിയിലേക്കു മടങ്ങി. ഞങ്ങളുടെ ബംഗ്ളാവിന്റെ ഹരിതപീതവും, നിരപ്പുമായ പുൽത്തകിടിക്കു നിഴലേകിയ ഒരു വലിയ പാരിജാതത്തിനടുത്തേക്ക് എല്ലാ ദിവസവും രാവിലെ ദീനമായൊരു സ്മരണയാത്ര ഞാൻ നടത്തി. വെള്ളപ്പാരിജാതപ്പൂക്കൾ പുൽപുറത്തിന്റെ അൾത്താരയിൽ വീണിരുന്നത് സ്വമേധയായുള്ള ഭക്തിയാലാണെന്ന് കവിതാത്മകമായ നിമിഷങ്ങളിൽ ഞാൻ സങ്കൽപിച്ചു. പ്രഭാതത്തിൽനിന്നുതിരുന്ന ഒരു അലൗകിക പ്രഭാനാളം, പലപ്പോഴും, പൊഴിയുന്ന ഹിമബിന്ദുക്കളിൽ കണ്ണുനീർ തുള്ളികൾ ചാലിച്ചു ചേർത്ത് ഞാൻ നോക്കിക്കണ്ടു. ഈശ്വരനെത്തേടുന്ന ആത്മദാഹത്തിന്റെ ഉൽക്കടമായ വേദന എന്നെ മഥിച്ചു. ഹിമാലയം ശക്തമായി എന്നെ ആകർഷിക്കുന്നതായി എനിക്ക് അനുഭവപ്പെട്ടു.എന്റെ ഒരു മച്ചുനൻ ആ പവിത്രമായ സാനുക്കളിൽ ഒരു യാത്രകഴിഞ്ഞ് ബറേലിയിൽ ഞങ്ങളെ സന്ദർശിച്ചു. യോഗി1മാരുടെയും സ്വാമിമാരുടെയും ആവാസമായ ആ സമുന്നത ഗിരിവരന്റെ കഥകൾ ഞാൻ ആകാംക്ഷയോടെ കേട്ടു. ‘ ‘നമുക്ക് ഹിമാലയത്തിലേക്ക് ഒളിച്ചോടാം.’ ’ എന്റെ നിർദേശത്തിന് വീട്ടുടമയുടെ മകനായ ദ്വാരകാ പ്രസാദിന്റെ പ്രതികരണം ഉദാസീനമായിരുന്നു. അപ്പോൾ അച്ഛനെ കാണാനെത്തിയ എന്റെ മൂത്തസഹോദരനെ അവൻ ഈ പരിപാടി അറിയിച്ചു. ഒരു കൊച്ചുകുട്ടിയുടെ നടക്കാത്ത ആഗ്രഹം എന്ന നിലയിൽ ചിരിച്ചു തള്ളിക്കളയുന്നതിനു പകരം, അനന്തദാ എന്നെ ശരിക്കും പരിഹസിക്കാനാണുറച്ചത്. ‘ ‘നിന്റെ കാവിവസ്ത്രം എവിടെ?’ ’ അതില്ലാതെ നിനക്ക് ഒരു സ്വാമിയാകാൻ പറ്റില്ല!’ ’ പക്ഷേ ഈ വാക്കുകൾ വിവരിക്കാനാവാത്തവണ്ണം എന്നെ കോരിത്തരിപ്പിച്ചു. അവ എനിക്ക് വ്യക്തമായൊരു ചിത്രം പ്രദാനം ചെയ്തു: ഞാനൊരു സന്ന്യാസിയായി ഭാരതമാകെ ചുറ്റിത്തിരിയുന്നത്. ഒരു പക്ഷേ അവ കഴിഞ്ഞ ഒരു ജന്മത്തിന്റെ ഓർമകൾ ഉണർത്തിയതാവാം; ഏതായാലും എത്ര സ്വാഭാവികമായി, അനായാസേന, പൗരാണിക സന്ന്യാസിപരമ്പരയുടെ കാവിവസ്ത്രം ഞാൻ ധരിക്കുമെന്ന് എനിക്ക് ബോധ്യമായി.ഒരു ദിവസം രാവിലെ ദ്വാരകായുമായി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ഈശ്വരപ്രേമം ഒരു ഹിമപ്രവാഹത്തിന്റെ ശക്തിയോടെ എന്നിലേക്ക് അവപതിക്കുന്നതായി എനിക്കനുഭവപ്പെട്ടു. തുടർന്നുണ്ടായ എന്റെ വാഗ്വിലാസത്തിൽ സ്നേഹിതൻ കുറച്ചൊക്കെയേ ശ്രദ്ധിച്ചുള്ളൂവെങ്കിലും ഞാൻ ഹൃദയപൂർവം എന്റെ തന്നെ വാക്കുകൾ കേൾക്കുകയായിരുന്നു.അന്നുച്ചതിരിഞ്ഞ് ഹിമാലയസാനുക്കളിലുള്ള നൈനിതാളിലേക്ക് ഞാൻ കടന്നുകളഞ്ഞു. അനന്തൻ നിശ്ചയദാർഢ്യത്തോടെ എന്നെ പിൻതുടർന്നു; ദു:ഖിതനായി ഞാൻ ബറേലിയിലേക്ക് തിരിച്ചുവരാൻ നിർബന്ധിതനായി. പാരിജാതച്ചുവട്ടിലേക്ക് രാവിലെ പതിവുള്ള തീർഥയാത്രമാത്രമായിരുന്നു എനിക്ക് അനുവദിക്കപ്പെട്ടിരുന്നത്. നഷ്ടപ്പെട്ട രണ്ടു മാതാക്കൾക്കുംവേണ്ടി എന്റെ ഹൃദയം തേങ്ങി: ഒന്നു മാനവജനനി, മറ്റേത് ദിവ്യജനനി.അമ്മയുടെ മരണംനിമിത്തം കുടുംബത്തിന്റെ ഇഴച്ചാർത്തിലുണ്ടായ വിടവ് അപരിഹാര്യമായിരുന്നു. നാല്പതു വർഷത്തോളമുള്ള ശിഷ്ടജീവിതത്തിൽ അച്ഛൻ പുനർവിവാഹം ചെയ്തില്ല. തന്റെ കുട്ടികൾക്കു വേണ്ടി അച്ഛന്റെയും അമ്മയുടെയും പ്രയാസമേറിയ ചുമതലകൾ ഒരുമിച്ചേറ്റെടുത്ത അദ്ദേഹം കൂടുതൽ ശ്രേഷ്ഠമാംവിധം ദയാലുവും അടുത്തു കൂടാവുന്ന രീതിക്കാരനുമായിത്തീർന്നു. ശാന്തതയോടും ഉൾക്കാഴ്ചയോടുംകൂടി അദ്ദേഹം വിവിധ ഗാർഹിക പ്രശ്നങ്ങൾ പരിഹരിച്ചു. ഓഫീസ് സമയം കഴിഞ്ഞ്, ഒരു മുനിയെപ്പോലെ തന്റെ മുറിയുടെ ഉള്ളറയിൽ പ്രവേശിച്ച് മധുരമായ പ്രശാന്തിയിൽ അദ്ദേഹം ക്രിയായോഗം പരിശീലിച്ചുവന്നു. അമ്മയുടെ നിര്യാണത്തിനു ശേഷം വളരെക്കാലം കഴിഞ്ഞ് അച്ഛന്റെ ജീവിതം കൂടുതൽ സുഖപ്രദമാക്കത്തക്കവണ്ണം വിശദാംശങ്ങൾ ശ്രദ്ധിക്കുവാൻ ഒരു ഇംഗ്ലീഷ് പരിചാരികയെ ഏർപ്പെടുത്തുന്നതിന് ഞാൻ ശ്രമിച്ചു. പക്ഷേ അച്ഛൻ അതിനു വിസമ്മതിച്ചു. ‘ ‘നിന്റെ അമ്മയ'ക്കൊപ്പം എനിക്കുള്ള ശുശ്രൂഷകൾക്കും അന്ത്യമായി.’ ’ ഒരു ജീവിതകാലത്തെ പരസ്പരസ്നേഹത്തിന്റെ വിദൂരസാന്നിധ്യം ആ കണ്ണുകളിൽ നിഴലിച്ചു. ‘ ‘മറ്റ് ഒരു സ്ത്രീയുടേയും പരിചരണം ഞാൻ സ്വീകരിക്കുകയില്ല’ ’ സുപ്രധാനമായ ഒരു സന്ദേശം എനിക്കു തരാൻ അമ്മ ഏല്പിച്ചിരിന്നുവെന്ന് അവരുടെ ദേഹവിയോഗത്തിന് പതിനാലു മാസത്തിനുശേഷം ഞാനറിഞ്ഞു. മരണശയ്യക്കടുത്തുണ്ടായിരുന്ന അനന്തദാ അമ്മയുടെ വാക്കുകൾ രേഖപ്പെടുത്തിയിരുന്നു. അമ്മയുടെ ചരമത്തിനുശേഷം ഒരു കൊല്ലമാകുമ്പോഴാണ് ആ വെളിപ്പെടുത്തൽ ചെയ്യേണ്ടേതെന്ന്

ആവശ്യപ്പെട്ടിരുന്നുവെങ്കിലും എന്റെ ജ്യേഷ്ഠൻ അതിന് അമാന്തിച്ചു. അമ്മ തിരഞ്ഞെടുത്ത പെൺകുട്ടിയെ വിവാഹം കഴിക്കാൻ ജ്യേഷ്ഠന് ഉടനെ ബറേലിയിൽനിന്ന് കൽക്കത്തയ'ക്ക് പോകേണ്ടിയിരുന്നു. ഒരു സായാഹ്നത്തിൽ ജ്യേഷ്ഠൻ എന്നെ അടുത്തുവിളിച്ചു. ‘ ‘മുകുന്ദാ, അസാധാരണമായ ചില വിശേഷങ്ങൾ നിന്നെ അറിയിക്കുന്നതിന് എനിക്ക് മടിയായിരുന്നു.’ ’ നിവൃത്തിയില്ലാത്തതുകൊണ്ടാണ് താൻ ഇപ്പോൾ അതു ചെയ്യുന്നതെന്ന് അദ്ദേഹത്തിന്റെ സ്വരം വ്യക്തമാക്കി. ‘ ‘വീടുവിടാനുള്ള നിന്റെ ആഗ്രഹം അതു തീവ്രമാക്കുമെന്നുള്ളതായിരുന്നു എന്റെ പേടി. എന്തായാലും നീ ഈശ്വരപ്രേമം കൊണ്ട് ഹർഷപുളകിതനാണല്ലോ. ഹിമാലയത്തിലേക്ക് പോകുംവഴി നിന്നെ ഈയിടെ പിടിച്ചു കൊണ്ടുവന്നപ്പോൾ ഞാനൊരു കാര്യം തീർച്ചയാക്കിയിരുന്നു. എന്റെ വാഗ്ദാനം നിറവേറ്റാൻ ഇനി താമസിച്ചുകൂടാ.’ ’ ജ്യേഷ്ഠൻ ചെറിയൊരു പെട്ടി എന്നെ ഏല്പിച്ചു, അമ്മയുടെ സന്ദേശവും തന്നു. ‘ ‘പ്രിയപ്പെട്ട മകനേ, മുകുന്ദാ, ഈ വാക്കുകൾ എന്റെ അന്തിമമായ അനുഗ്രഹാശിസ്സുകൾ ആകട്ടെ! നിന്റെ ജനനത്തിനു ശേഷമുള്ള അത്ഭുതകരമായ ചില സംഭവങ്ങൾ പറയാനുള്ള അവസരം വന്നു ചേർന്നിരിക്കുന്നു. നിയതി നിനക്കു നൽകിയ പാത ഞാൻ ആദ്യമായി അറിഞ്ഞത് നീ ഒരു കൈക്കുഞ്ഞായിരിക്കുമ്പോൾത്തന്നെയായിരുന്നു. അന്നുനിന്നെ ഞാൻ വാരാണസിയിൽ എന്റെ ഗുരുനാഥന്റെ വസതിയിലേക്കു കൊണ്ടുപോയി. ശിഷ്യഗണങ്ങളുടെ പിറകിൽ ഏറെക്കുറെ മറഞ്ഞിരുന്ന എനിക്ക്, അഗാധമായ ധ്യാനത്തിൽ മുഴുകിയിരുന്ന ലാഹിരി മഹാശയന്റെ രൂപം കഷ്ടിച്ചേ കാണാമായിരുന്നുള്ളൂ. ‘ ‘നിന്നെ ഞാൻ തലോടിക്കൊണ്ടിരുന്നു. അപ്പോൾ മഹാനായ ഗുരു ശ്രദ്ധിക്കണമെന്നും അനുഗ്രഹം നൽകണമെന്നും ഞാൻ പ്രാർഥിക്കുകയായിരുന്നു. എന്റെ നിശ്ശബ്ദപ്രാർഥനയ'ക്ക് തീവ്രതയേറിയപ്പോൾ അദ്ദേഹം കണ്ണുതുറന്ന് എന്നോട് അടുത്തുവരുവാൻ ആംഗ്യം കാട്ടി. മറ്റുള്ളവർ എനിക്കു കടന്നുപോകുവാൻ വഴിതന്നു. ഞാൻ ആ പാവനപാദങ്ങളിൽ നമിച്ചു. ലാഹിരി മഹാശയൻ നിന്നെ മടിയിലിരുത്തി. ആത്മീയമായി നിന്നെ ജ്ഞാനസ്നാനം ചെയ്യിച്ചുകൊണ്ട് അദ്ദേഹത്തിന്റെ കൈ നിന്റെ നെറ്റിയിൽ വച്ചു. ‘ ‘പ്രിയ മാതാവേ, നിന്റെ മകൻ ഒരു യോഗിയായിത്തീരും. ആധ്യാത്മികമായ ഒരു തീവണ്ടി എഞ്ചിൻ പോലെ അവൻ അനേകം ആത്മാക്കളെ ദൈവരാജ്യത്തിൽ എത്തിക്കും.’ ’ ‘ ‘എന്റെ വെളിപ്പെടുത്താത്ത പ്രാർഥന സർവജ്ഞനായ ഗുരു കൈക്കൊണ്ടതിൽ എന്റെ ഹൃദയം സന്തോഷംകൊണ്ട് തുള്ളിച്ചാടി. അദ്ദേഹത്തിന്റെ പാത നീ പിൻതുടരുമെന്ന് നിന്റെ ജനനത്തിനു കുറച്ചുകാലം മുമ്പു തന്നെ അദ്ദേഹം എന്നോടു പറഞ്ഞിരുന്നു.’ ’ ‘ ‘മഹത്തായ പ്രഭാപൂരത്തിന്റെ ദർശനം പിന്നീടു നിനക്ക് ലഭിച്ചത് കിടക്കയിൽ നിശ്ചലനായിരുന്ന നിന്നെ അടുത്ത മുറിയിൽ നിന്നു നിരീക്ഷിച്ചിരുന്ന എനിക്കും നിന്റെ സഹോദരി രമയ'ക്കും അറിയാൻ കഴിഞ്ഞു. നിന്റെ കൊച്ചുമുഖം ദീപ്തമായിരുന്നു. ഈശ്വരനെത്തേടി ഹിമാലയത്തിൽ പോകുമെന്നുപറഞ്ഞ നിന്റെ ശബ്ദത്തിൽ ഉരുക്കുപോലെ ഉറച്ച നിശ്ചയദാർഢ്യം മുഴങ്ങി. ‘ ‘പ്രിയപുത്രാ, ലൗകികതൃഷ്ണകളിൽനിന്ന് വളരെ അകന്നതാണ് നിന്റെ വഴിയെന്ന് ഈ രീതികളിൽ ഞാൻ മനസ്സിലാക്കിയിരുന്നു. എന്റെ ജീവിതത്തിലെ ഏറ്റവും അസാധാരണമായ സംഭവം ഇതിന് കൂടുതൽ സ'ഥിരീകരണം നൽകി. അതാണ് മരണശയ്യയിൽ നിന്ന് ഈ സന്ദേശം നിനക്കുതരാൻ ഇപ്പോൾ എന്നെ പ്രേരിപ്പിക്കുന്നത്. ‘ ‘പഞ്ചാബിൽവച്ച് ഒരു യോഗിവര്യനിൽ നിന്ന് എനിക്കു ലഭിച്ച ഒരു കൂടിക്കാഴ്ചയായിരുന്നു അത്. നമ്മൾ സകുടുംബം ലാഹോറിൽ താമസിച്ചിരുന്നപ്പോൾ ഒരു ദിവസം രാവിലെ പരിചാരകൻ എന്റെ മുറിയിൽ വന്നു. ‘ അമ്മാ, അപരിചിതനായ ഒരു സാധു2 വന്നിട്ടുണ്ട്. ‘ ‘മുകുന്ദന്റെ അമ്മയെ കാണണ ’ ’ മെന്ന് ശഠിക്കുന്നു. ‘ ‘ലളിതമായ ഈ വാക്കുകൾ എന്നിൽ ആഴത്തിലുള്ള ഏതോ തന്ത്രിയിൽ ശക്തമായി തട്ടി. സന്ദർശകനെ ഭവ്യമായി സ്വീകരിക്കാൻ ഉടനെ തന്നെ ഞാൻ ചെന്നു. അദ്ദേഹത്തിന്റെ പാദം വണങ്ങിയപ്പോൾ എന്റെ മുന്നിലുള്ളത് ഒരു യഥാർഥ ദൈവജ്ഞനാണെന്ന് എനിക്കു ബോധ്യംവന്നു. ‘ ‘അമ്മേ, ഈ ഭൂമിയിലെ നിങ്ങളുടെ വാസം ഇനി അധികനാൾ ഉണ്ടാവില്ലെന്ന് നിങ്ങൾ മനസ്സിലാക്കണമെന്ന് മഹാത്മാക്കളായ ആചാര്യന്മാർ ആഗ്രഹിക്കുന്നു. ഇനി നിങ്ങൾക്കുണ്ടാകുന്ന അസുഖം അവസാനത്തേതായിരിക്കും.3 അല്പനേരം മൗനം നിലനിന്നു. അപ്പോൾ എനിക്ക് ലേശം പോലും ഭയമല്ല പകരം അപാരശാന്തിയുടെ ഒരു സാന്നിധ്യം മാത്രമാണ് അനുഭവപ്പെട്ടത്. അദ്ദേഹം ഒടുവിൽ എന്നോട് ഇങ്ങനെ പറഞ്ഞു: ‘ ‘നിങ്ങൾ ഒരു വെള്ളി ഏലസ്സിന്റെ സൂക്ഷിപ്പുകാരിയാകും. ഞാൻ അത് ഇന്നു നിങ്ങൾക്കു തരുന്നില്ല: എന്റെ വാക്കുകളിലെ സത്യം വെളിപ്പെടുത്താനായി അത് നാളെ നിങ്ങൾ ധ്യാനനിരതയായിരിക്കുമ്പോൾ നിങ്ങളുടെ കൈകളിൽ ആവിർഭവിക്കും. നിങ്ങളുടെ മരണസമയത്ത് അത് മൂത്തമകൻ അനന്തനെ ഏൽപ്പിച്ചിട്ട് ഒരു വർഷത്തിനുശേഷം നിങ്ങളുടെ രണ്ടാമത്തെ മകന് അതു കൈമാറാൻ നിർദേശിക്കുക. ആചാര്യന്മാരിൽ നിന്നുമുള്ള ഈ ഏലസ്സിന്റെ സാരം മുകുന്ദന് മനസ്സിലായിക്കൊള്ളും. ലൗകിക പ്രതീക്ഷകളെല്ലാം കൈവെടിയാനും ഈശ്വരനുവേണ്ടിയുള്ള പരമപ്രധാനമായ അന്വേഷണം തുടങ്ങുവാനും അവൻ തയ്യാറാകുന്ന സമയത്ത് അത് അവനു ലഭിക്കണം. കുറച്ചുവർഷങ്ങൾ അവൻ അത് കൈവശം വയ'ക്കുകയും ആ ഏലസ്സ് അതിന്റെ ഉദ്ദേശ്യം നിറവേററിക്കഴിയുകയും ചെയ്യുമ്പോൾ അത് അപ്രത്യക്ഷമാകും. എത്ര ഗോപ്യമായ സ'ഥലത്തു വച്ചാൽപോലും അത് വന്നിടത്തേക്ക് തിരിച്ചു പോകും.’ ’ ‘ ‘ഞാൻ ദിവ്യന് ധർമം4കൊടുത്ത് അദ്ദേഹത്തെ അതിയായ ഭയഭക്തിയോടെ നമസ്ക്കരിച്ചു. ദക്ഷിണ സ്വീകരിക്കാതെ, അനുഗ്രഹാശ്ശിസുകൾ നൽകിക്കൊണ്ട് അദ്ദേഹം യാത്രയായി. അടുത്തദിവസം വൈകുന്നേരം ധ്യാനവേളയിൽ എന്റെ കൈക്കുമ്പിളിൽ സിദ്ധൻ വാഗ്ദാനം ചെയ്ത പ്രകാരം ഒരു

വെള്ളി ഏലസ്സ് ആവിർഭവിച്ചു. തണുത്ത മിനുസമായ ഒരു സ്പർശത്താലാണ് അതിന്റെ സാന്നിധ്യം അത് അറിയിച്ചത്. അന്നു മുതൽ രണ്ടു കൊല്ലത്തിലേറെ പ്രത്യേക ശുഷ്കാന്തിയോടെ ഞാൻ അത് കാത്തുസൂക്ഷിച്ചു. ഇപ്പോൾ അത് അനന്തനെ ഏല്പിക്കുന്നു. എന്നെ ഓർത്ത് നീ ദു:ഖിക്കരുത്, എന്റെ മഹാഗുരുവിനാൽ അനന്തതയുടെ കൈകളിലേക്ക് ഞാൻ ആനയിക്കപ്പെട്ടിട്ടുണ്ടാവും. കുഞ്ഞേ, വിടതരൂ; വിശ്വജനനി നിന്നെ കാത്തു രക്ഷിക്കും.' ' ഏലസ്സ് കൈവന്നതോടെ വിജ്ഞാനത്തിന്റെ ഒരു ഉജ്വലദീപ്തി എന്നെ പൊതിഞ്ഞു. ഉറങ്ങിക്കിടന്ന പല ഓർമകളും ഉണർന്നു. പൗരാണികതയുടെ വൈചിത്ര്യമാർന്ന വൃത്താകാരമായ ആ ഏലസ്സിന്മേൽ നിറയെ സംസ്കൃതലിപികളായിരുന്നു. പൂർവജന്മങ്ങളിലെ ഗുരുക്കന്മാരിൽനിന്നുമാണ് അതെത്തിയതെന്ന് ഞാൻ മനസ്സിലാക്കി. അവരാണ് അദൃശ്യരായി എന്റെ കാലടികളെ നയിച്ചിരുന്നത്. യഥാർഥത്തിൽ മറ്റൊരു പ്രാധാന്യവും അതിനുണ്ടായിരുന്നു. പക്ഷേ ഒരു ഏലസ്സിന്റെ 'ഹൃദയം' പൂർണമായി അനാവരണം ചെയ്യരുതല്ലോ.5ഈ ഏലസ്സ് എന്റെ ജീവിതത്തിലെ വളരെ അസന്തുഷ്ടികരമായ ചില സാഹചര്യങ്ങളിൽ എങ്ങനെ അപ്രത്യക്ഷമായിയെന്നും, അതിന്റെ തിരോധാനം എന്റെ ഗുരുലബ്ധിയുടെ നാന്ദി എങ്ങനെ കുറിച്ചുവെന്നും ഈ അധ്യായത്തിൽ കുറിക്കാനാവില്ല.പക്ഷേ ഹിമാലയത്തിൽ എത്താനുള്ള ശ്രമം വിഫലമാക്കപ്പെട്ടതുകൊണ്ട് ആ കൊച്ചുകുട്ടി തന്റെ ഏലസ്സിന്റെ ചിറകിലേറി നിത്യവും ബഹുദൂരം സഞ്ചരിച്ചിരുന്നു. [image file=image_rsrcHG.jpg] ഒരു ഹൈസ്ക്കൂൾ യുവാവായി യോഗാനന്ദജി (നിൽക്കുന്നു), മൂത്തസഹോദരൻ അനന്തന്റെ കൂടെ [image file=image_rsrcHN.jpg] യോഗാനന്ദജിയുടെ ജേഷ്ഠത്തി ഉമ ചെറിയ കുട്ടിയായി, ഗോരഖപുരത്ത് [image file=image_rsrcHU.jpg] (വലത്ത്) ഏറ്റവുംമൂത്ത സഹോദരി റോമയും (ഇടത്ത്) ഇളയസഹോദരി നളിനിയും യോഗിനന്ദജിയോടൊപ്പം കൽക്കത്ത, 1935 [image file=image_rsrcHZ.jpg] 1 തന്റെ ആത്മാവുമായി ഒന്നുചേർന്നവൻ (അധ്യായം 24 കാണുക)2 സന്ന്യാസി: ആത്മീയസാധനചെയ്യുന്നയാൾ3 തന്റെ ജീവിതം ഇനി അധികം നീളുകയില്ലായെന്ന് അമ്മയ'ക്ക് ബോധ്യമുണ്ടായിരുന്നതായി ഈ വാക്കുകളിൽനിന്ന് ഞാൻ ഗ്രഹിച്ചപ്പോൾ അനന്തദായുടെ വിവാഹത്തിനുള്ള ഒരുക്കങ്ങൾ ത്വരിതപ്പെടുത്താൻ അവർ നിർബന്ധിച്ചതിന്റെ കാരണം എനിക്ക് ആദ്യമായി മനസ്സിലായി. വിവാഹത്തിനു മുമ്പ് അവർ ദിവംഗതയായിയെങ്കിലും വിവാഹചടങ്ങുകൾക്ക് സാക്ഷ്യം വഹിക്കുക എന്നതായിരുന്നു അവരുടെ മാതൃസഹജമായ ആഗ്രഹം.4 സന്ന്യാസിമാരോടുള്ള ആദരവ് കാട്ടുന്ന വഴക്കം.5 ഏലസ്സ് സൂക്ഷ്മലോകനിർമിതമായ ഒരു വസ്തുവായിരുന്നു. ഘടനയിൽ അസ'ഥിരമായ ഇത്തരം വസ്തുക്കൾ ഭൂമിയിൽ നിന്ന് അന്തിമമായി അപ്രത്യക്ഷമാകാതെവയ്യ. (അധ്യായം 43 കാണുക).ഏലസ്സിൽ ഒരു മന്ത്രം ആലേഖനം ചെയ്തിരുന്നു. ധ്വനികളുടെയും വച (മനുഷ്യരുച്ചരിക്കുന്ന വാക്കുകൾ)സ്സുകളുടെയും ശക്തിവിശേഷങ്ങൾ ഭാരതത്തിലല്ലാതെ മറ്റൊരിടത്തും ഇത്ര അവഗാഢമായി അന്വേഷണത്തിനു വിധേയമാക്കിയിട്ടില്ല. പ്രപഞ്ചം മുഴുവനും പ്രതിധ്വനിക്കുന്ന ഓംകാരസ്പന്ദനത്തിന് (ബൈബിളിലെ ' 'വചനം' ' അഥവാ ജലധാരകളുടെ നാദം) മൂന്നു ഗുണങ്ങളുണ്ട്: സൃഷ്ടി, സ'ഥിതി, സംഹാരം എന്നിവ (തൈത്തിരിയോപനിഷത്ത് 1:8). മനുഷ്യൻ ഒരു വാക്ക് ഓരോരിക്കൽ ഉച്ചരിക്കുമ്പോഴും ഓംകാരത്തിന്റെ ഈ മൂന്നു ഗുണങ്ങളിൽ ഒന്നിനെ പ്രവർത്തിപ്പിക്കുന്നു. ഇതാണ്, 'സത്യമേ പറയാവൂ' എന്ന എല്ലാ വേദവാക്യങ്ങളുടെയും നിർദേശത്തിന്റെ യുക്തിസഹമായ പൊരുൾ.ശരിയായി ഉച്ചരിക്കപ്പെടുമ്പോൾ ആത്മീയമായി ഫലപ്രദമാകുന്ന ഒരു സ്പന്ദനശക്തി കവചത്തിലെ സംസ്കൃതമന്ത്രത്തിന് ഉണ്ടായിരുന്നു. മാതൃകാപരമായി വിരചിച്ചിട്ടുള്ള സംസ്കൃത അക്ഷരമാലയ'ക്ക് അമ്പത് അക്ഷരങ്ങൾ ഉണ്ട്; ഓരോ അക്ഷരത്തിനും നിശ്ചിതവും മാറ്റമില്ലാത്തതുമായ ഉച്ചാരണമാണുള്ളത്. ഇരുപത്തിയാറു ലിപികൾ ഉച്ചാരണത്തിന്റെ ഭാരംചുമക്കാൻ വിഫലശ്രമം നടത്തുന്ന, ലത്തീൻ ആധാരമാക്കിയ ഇംഗ്ലീഷ് അക്ഷരങ്ങളുടെ ഉച്ചാരണപരമായ അപര്യാപ്തതയെപ്പറ്റി, വിജ്ഞാനപ്രദവും തികച്ചും നർമരുചിയുള്ളതുമായ ഒരു ലേഖനം ജോർജ് ബെർനാഡ് ഷോ എഴുതിയിട്ടുണ്ട്. 42 ലിപികളുള്ള പുതിയ ഒരു ലിപിവ്യവസ'ഥ സ്വീകരിക്കാൻ തന്റെ പതിവായ വിട്ടുവീഴ്ചയില്ലായ്മയോടെ ( ' 'ഇംഗ്ലീഷ് ഭാഷയ'ക്ക് ഒരു ലിപിവ്യവസ'ഥയുടെ ആവിഷ്ക്കാരം ഒരു ആഭ്യന്തരകലാപത്തിനുതന്നെ ഇടയാക്കിയാലും... ഞാൻ അതിൽ പരിതപിക്കുകയില്ല' ' ) ഷോ ആഹ്വാനം ചെയ്യുന്നു. (വിൽസന്റെ ദ മിറാക്യൂലസ് ബേർത് ഒഫ് ലാങ്ങ്വിജ്), ഫിലസോഫിക്കൽ ലൈബ്രറി, ന്യൂയോർക്ക്-ന് അദ്ദേഹത്തിന്റെ മുഖവുര കാണുക. അത്തരം ഒരു വ്യവസ'ഥ സംസ്കൃതത്തിന്റെ ഉച്ചാരണത്തികവിന് ഏതാണ്ട് അടുത്തെത്തും. സംസ്കൃതത്തിൽ അമ്പതു ലിപികളുടെ ഉപയോഗം ഉച്ചാരണപ്പിശകുകൾ തടയുന്നു.സംസ്കൃതലിപി സെമിറ്റിക്ക് സ്രോതസ്സുകളിൽനിന്നു കടം എടുക്കപ്പെട്ടതാണെന്നുള്ള ആനുകാലികസിദ്ധാന്തത്തെ തള്ളിക്കളയാൻ സിന്ധുനദീതടത്തിലെ മുദ്രകളുടെ കണ്ടെത്തൽ അനേകം പണ്ഡിതരെ പ്രേരിപ്പിക്കുന്നു. അടുത്തകാലത്ത് മോഹൻജോദാരോയിലും ഹാരപ്പയിലും ഏതാനും മഹത്തായ ഹൈന്ദവനഗരങ്ങൾ മണ്ണുമാന്തിയെടുത്ത് വെളിച്ചത്തുകൊണ്ടുവന്നിട്ടുണ്ട്. ' 'ഭാരതത്തിന്റെ മണ്ണിൽ സുദീർഘമായ പൂർവചരിത്രമുള്ളതും വളരെ അവ്യക്തമായ ഒരു പുരാതനകാലഘട്ടത്തിലേക്ക് നമ്മെ കൊണ്ടുപോകുന്നതുമായ മഹത്തായ ഒരു സംസ്ക്കാരത്തിന്റെ തെളിവ് ഇവ നൽകുന്നു. (സർ ജോൺ മാർഷൽ, മോഹൻജോദാരോ ആൻഡ് ദി ഇൻഡസ് സിവിലിസേഷൻ, 1931).ഭൂതലത്തിലെ പരിഷ്കൃതമനുഷ്യന്റെ അതിപ്രാചീനതയെപ്പറ്റിയുള്ള

ഹിന്ദുസിദ്ധാന്തം ശരിയെങ്കിൽ ലോകത്തിലെ ഏറ്റവും പുരാതനഭാഷയായ സംസ്കൃതം ഇത്ര കുറ്റമറ്റതുംകൂടിയായതെന്തുകൊണ്ടെന്ന് വിശദീകരിക്കാൻസാധ്യമാകുന്നു. ഏഷ്യാറ്റിക് സൊസൈറ്റിയുടെ സ'ഥാപകനായ സർ വില്യം ജോൺസ് പറയുന്നു, ‘ ‘സംസ്കൃതഭാഷ, അതിന്റെ പഴമ എത്രതന്നെയായാലും, വിസ്മയകരമായ ഘടനയുള്ള ഒന്നാണ്; അത് ഗ്രീക്കിനെക്കാൾ തികവുള്ളതും ലത്തീനിനേക്കാൾ സമൃദ്ധവും ഇവ രണ്ടിനേക്കാളും എത്രയോ അധികം ചേതോഹരമായി പരിഷ്കൃതവുമാണ്.’ ’ ‘ ‘പതിനെട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ പാശ്ചാത്യപണ്ഡിതർ സംസ്കൃതം കണ്ടെത്തിയതുപോലെ അത്ര പ്രാധാന്യമുള്ള മറ്റൊരു സംഭവവും നവോത്ഥാനകാലത്തിനു ശേഷമുള്ള സംസ്ക്കാരത്തിന്റെ ചരിത്രത്തിൽ ഇല്ല’ ’ എന്ന് എൻസൈക്ലോപീഡിയ അമേരിക്കാന പറയുന്നു. ‘ ‘ഭാഷാശാസ്ത്രം, താരതമ്യവ്യാകരണം, താരതമ്യപുരാണപഠനം, മതശാസ്ത്രപഠനം.... ഇവയുടെയല്ലാം ആവിർഭാവം തന്നെ ഒന്നുകിൽ സംസ്കൃതത്തിന്റെ കണ്ടുപിടിത്തത്തോട് കടപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ സംസ്കൃതപഠനത്താൽ ഏറെ ശക്തമായി സ്വാധീനിക്കപ്പെട്ടിരിക്കുകയോ ആണ്.’ ’ അധ്യായം 3രണ്ടു ശരീരങ്ങളോടുകൂടിയ ദിവ്യൻ ‘ ‘അച്ഛാ, ഞാൻ സ്വമേധയാ തിരിച്ചുവരുമെന്നു വാക്കുതന്നാൽ, വാരാണസിയിലേക്ക് ഒരു വിനോദയാത്ര പോകാൻ എന്നെ അനുവദിക്കുമോ?’ ’ എന്റെ അതിയായ യാത്രാപ്രേമത്തെ അച്ഛൻ ഒരിക്കലും എതിർത്തിരുന്നില്ല. ഞാൻ വെറുമൊരു ബാലനായിരുന്നപ്പോൾപ്പോലും പല നഗരങ്ങളും തീർഥാടനകേന്ദ്രങ്ങളും സന്ദർശിക്കാൻ അദ്ദേഹം എന്നെ അനുവദിച്ചു. സാധാരണയായി ഒന്നോ അതിലധികമോ സ്നേഹിതർ എന്നോടൊപ്പം വന്നിരുന്നു. അച്ഛൻ നൽകുന്ന ഒന്നാം ക്ലാസ് പാസുകൊണ്ട് ഞങ്ങൾ സുഖമായി യാത്രചെയ്തിരുന്നു. ഒരു റെയിൽവേ ഉദ്യോഗസ'ഥൻ എന്ന അച്ഛന്റെ പദവി വീട്ടിലെ യാത്രാപ്രിയന്മാർക്ക് വലിയ അനുഗ്രഹമായിരുന്നു.എന്റെ അപേക്ഷയ'ക്ക് അർഹിക്കുന്ന പരിഗണന നൽകാമെന്ന് അച്ഛൻ ഏറ്റു. അടുത്ത ദിവസം അദ്ദേഹം എന്നെ വിളിച്ച് ബറേലിയിൽനിന്ന് വാരാണസിവരെ പോയിവരാനുള്ള പാസും കുറേ പണവും രണ്ടു കത്തുകളും എടുത്തുനീട്ടി. ‘ ‘വാരാണസിയിലെ ഒരു സ്നേഹിതൻ കേദാര നാഥ ബാബുവിന്റെയടുത്ത് എനിക്ക് ഒരു ബിസിനസ് നിർദേശം വയ'ക്കാനുണ്ട്. നിർഭാഗ്യവശാൽ അദ്ദേഹത്തിന്റെ വിലാസം നഷ്ടപ്പെട്ടുപോയി. എന്നാൽ ഞങ്ങൾ രണ്ടുപേരുടെയും സ്നേഹിതനായ സ്വാമി പ്രണവാനന്ദനിലൂടെ ഈ കത്ത് അദ്ദേഹത്തിന് എത്തിക്കുവാൻ നിനക്കു കഴിയുമെന്ന് ഞാൻ കരുതുന്നു. ഞങ്ങൾ ഒരേ ഗുരുനാഥന്റെ ശിഷ്യരാണ്. ആ സ്വാമി അദ്ദേഹത്തിന്റെ ആധ്യാത്മികകാര്യങ്ങളിൽ ഒരു ശ്രേഷ്ഠമായ നില കൈവരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ സമ്പർക്കം നിനക്കും ഗുണംചെയ്യും; ഈ രണ്ടാമത്തെ കത്ത് നിന്നെ പരിചയപ്പെടുത്താൻ ഉതകും.’ ’ ‘ ‘ഇനി വീടുവിട്ടുള്ള ഓട്ടം മതിയാക്കണം കേട്ടോ!’ ’ എന്നു കൂട്ടിചേർത്തപ്പോൾ അച്ഛന്റെ കണ്ണുകളിൽ ഒരു പുഞ്ചിരി തിളങ്ങി.ഒരു പന്ത്രണ്ടുകാരന്റെ ഉത്സാഹത്തോടെ ഞാൻ ഇറങ്ങിത്തിരിച്ചു (പുതിയ സ'ഥലങ്ങളിലും അപരിചിതമുഖങ്ങളിലുമുള്ള എന്റെ ആഹ്ലാദം, കാലം ഒട്ടും കുറച്ചിട്ടില്ല). വാരാണസിയിൽ എത്തിയ ഉടനെ ഞാൻ സ്വാമിയുടെ വീട്ടിലേക്കു തിരിച്ചു. മുൻവശത്തെ വാതിൽ തുറന്നിരുന്നു. രണ്ടാം നിലയിൽ വലിയ ഹാൾ പോലുള്ള ഒരു മുറിയിലേക്ക് ഞാൻ കയറിച്ചെന്നു. അല്പം ഉയർന്ന ഒരു ചെറിയ വേദിയിൽ ഒരുവിധം തടിച്ച, ഒറ്റമുണ്ടുമാത്രം ധരിച്ച ഒരു ദേഹം പത്മാസനത്തിൽ ഇരിക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ തലയും ഞൊറിവീഴാത്ത മുഖവും വെടിപ്പായി ക്ഷൗരം ചെയ്തിരുന്നു. പരമാനന്ദത്തിന്റെ മന്ദസ്മേരം ആ മുഖത്തുകളിയാടി. വിളിക്കാതെ കടന്നുവന്നു എന്നുള്ള എന്റെ ചിന്ത അകറ്റാനായി, ഒരു പഴയ സുഹൃത്തിനെ എന്നവണ്ണം അദ്ദേഹം എന്നെ സ്വാഗതം ചെയ്തു. ‘ ‘ബാബാ ആനന്ദ് (എന്റെ പ്രിയപ്പെട്ട കുഞ്ഞിന് സന്തോഷം ഭവിക്കട്ടെ).’ ’ ഒരു കൊച്ചുകുട്ടിയുടെ ശബ്ദത്തിലായിരുന്നു ഹൃദയപൂർവമായ ആ സ്വാഗതം. ഞാൻ അദ്ദേഹത്തിന്റെ പാദങ്ങളിൽ തൊട്ടുവന്ദിച്ചു. ‘ ‘അങ്ങാണോ സ്വാമി പ്രണവാനന്ദൻ?’ ’ അദ്ദേഹം തലയാട്ടി. ‘ ‘നീ ഭഗവതിയുടെ മകനാണോ?’ ’ അച്ഛന്റെ കത്ത് പോക്കറ്റിൽനിന്ന് എടുത്തു കൊടുക്കാൻ സമയം കിട്ടുംമുമ്പേ അദ്ദേഹം ആരാഞ്ഞു. ഏറെക്കുറെ അനാവശ്യമായിത്തീർന്ന പരിചയപ്പെടുത്തൽ സന്ദേശം ഞാൻ അത്ഭുതത്തോടെ അദ്ദേഹത്തിനു നൽകി. ‘ ‘തീർച്ചയായും നിനക്കുവേണ്ടി കേദാര നാഥ ബാബുവിനെ ഞാൻ കണ്ടുപിടിച്ചുതരാം. ’ ’ തന്റെ അതീന്ദ്രിയജ്ഞാനം കൊണ്ട് അദ്ദേഹം എന്നെ വീണ്ടും അത്ഭുതപ്പെടുത്തി. അദ്ദേഹം കത്ത് ഓടിച്ചു നോക്കിയിട്ട് അച്ഛനെപ്പറ്റി സ്നേഹപൂർണമായ ചില പരാമർശങ്ങൾ നടത്തി. ‘ ‘നിനക്കറിയുമോ, ഞാൻ രണ്ടു പെൻഷൻ അനുഭവിക്കുന്നു. ഒന്ന് നിന്റെ അച്ഛനുവേണ്ടി റെയിൽവേയിൽ ജോലി ചെയ്തതിന് അദ്ദേഹത്തിന്റെ ശുപാർശപ്രകാരം ലഭിച്ചത്. മറ്റേത് സ്വർഗപിതാവിന്റെ കാരുണ്യം കൊണ്ടുള്ളത്, അദ്ദേഹത്തിനു വേണ്ടി ഞാൻ എന്റെ ലൗകികകർത്തവ്യങ്ങൾ മന:സാക്ഷിയോടെ ചെയ്തുതീർത്തതിന്.’ ’ ഈ പ്രസ്താവന എനിക്ക് തീരെ അസ്പഷ്ടമായി തോന്നി. ‘ ‘അങ്ങയ'ക്ക് എങ്ങനെയുള്ള പെൻഷനാണ് സ്വർഗപിതാവിൽ നിന്ന് ലഭിക്കുന്നത്? അങ്ങയുടെ മടിയിൽ അദ്ദേഹം പണം ഇട്ടുതരുമോ?’ ’ അദ്ദേഹം ചിരിച്ചു. ‘ ‘എത്രയോ വർഷത്തെ അഗാധമായ ധ്യാനത്തിന്റെ പ്രതിഫലമായ അളവറ്റ പ്രശാന്തിയാണ് ഞാൻ ഉദ്ദേശിക്കുന്നത്. ഇപ്പോൾ ഞാൻ പണം കൊതിക്കുന്നില്ല. എന്റെ അല്പം ചില ലൗകിക ആവശ്യങ്ങളെല്ലാം വേണ്ടവണ്ണം നിറവേറ്റപ്പെടുന്നുണ്ട്. രണ്ടാമത്തെ പെൻഷന്റെ പ്രാധാന്യം നിനക്ക് പിന്നീട് മനസ്സിലാകും.’ ’ പെട്ടെന്ന് ഞങ്ങളുടെ സംഭാഷണം നിർത്തിയിട്ട് അദ്ദേഹം

ഗൗരവഭാവത്തിൽ നിശ്ചലനായിരുന്നു. ദുരൂഹതയുടെ ഒരു പരിവേഷം അദ്ദേഹത്തെ പൊതിഞ്ഞു. താൽപര്യമുള്ള എന്തോ നിരീക്ഷിക്കുന്നതുപോലെ ആ കണ്ണുകൾ ആദ്യം മിന്നിത്തെളിഞ്ഞു. പിന്നീട് അവയുടെ തിളക്കം മങ്ങി. അദ്ദേഹത്തിന്റെ മൗനത്തിൽ എനിക്ക് അമ്പരപ്പും ലജ്ജയും തോന്നി; അച്ഛന്റെ സുഹൃത്തിനെ എങ്ങനെ കാണുമെന്ന് ഇനിയും അദ്ദേഹം പറഞ്ഞില്ലല്ലോ. ഞങ്ങൾ രണ്ടാളൊഴിച്ചാൽ ശൂന്യമായ മുറിയിൽ ചുറ്റുപാടും ഒരല്പം അസ്വസ്ഥനായി ഞാൻ കണ്ണോടിച്ചു. എന്റെ അലസമായ നോട്ടം വേദിയുടെ അടിയിൽകിടന്ന അദ്ദേഹത്തിന്റെ തടികൊണ്ടുള്ള മെതിയടിയിൽ പതിഞ്ഞു. ‘ ‘ഛോട്ടോ മഹാശയാ1, വിഷമിക്കേണ്ട. നിനക്കു കാണേണ്ടയാൾ അരമണിക്കൂറിനകം നിന്റെയടുത്ത് എത്തും.’ ’ ആ യോഗി എന്റെ മനസ്സ് വായിക്കുകയായിരുന്നു-ഇപ്പോൾ അത്ര പ്രയാസമൊന്നുമല്ലാത്ത ഒരു അത്ഭുതവിദ്യ!ദുരൂഹമായ നിശ്ശബ്ദതയിൽ അദ്ദേഹം വീണ്ടും ലയിച്ചു. എന്റെ വാച്ചിൽ അരമണിക്കൂർ കഴിഞ്ഞപ്പോൾ സ്വാമി സ്വയം ഉണർന്നു. ‘ ‘കേദാര നാഥ ബാബു കതകിനടുത്തെത്തിയെന്നു തോന്നുന്നു’ ’ , അദ്ദേഹം പറഞ്ഞു.ആരോ ഗോവണി കയറി വരുന്ന ശബ്ദം ഞാൻ കേട്ടു. വിസ്മയത്തിന്റേതായ ഒരു ‘ ‘ഒന്നും മനസ്സിലാകായ്ക’ ’ പെട്ടെന്ന് എനിക്കനുഭവപ്പെട്ടു. എന്റെ ചിന്തകൾ കുഴങ്ങിമറിഞ്ഞു. ‘ ‘ഒരു ദൂതന്റെ സഹായമില്ലാതെ എന്റെ അച്ഛന്റെ സ്നേഹിതനെ ഇവിടെ എങ്ങനെ വിളിച്ചുവരുത്താൻ സാധിക്കും? ഞാൻ ഇവിടെ എത്തിയശേഷം സ്വാമിജി എന്നോടല്ലാതെ മറ്റാരോടും സംസാരിച്ചുമില്ലല്ലോ.’ ’ ഞാൻ ഉപചാരമൊന്നും കൂടാതെ ആ മുറിവിട്ടു ഗോവണിപ്പടികൾ ഇറങ്ങി പകുതി വഴിയായപ്പോൾ, അധികം പൊക്കവും വണ്ണവുമില്ലാത്ത വെളുത്ത ഒരാളെ കണ്ടു. അദ്ദേഹം ധൃതിയിലാണെന്നു തോന്നി. ‘ ‘കേദാര നാഥ ബാബുവാണോ അങ്ങ്?’ ’ എന്റെ വാക്കുകളിൽ ഉദ്വേഗം കലർന്നിരുന്നു. ‘ ‘അതേ. എന്നെക്കാണാൻ കാത്തിരിക്കുന്ന ഭഗവതിയുടെ മകനല്ലേ നീ? ’ ’ സൗഹാർദത്തോടെ അദ്ദേഹം മന്ദഹസിച്ചു? ‘ ‘സർ, അങ്ങ് എങ്ങിനെ ഇവിടെ എത്താനിടയായി?’ ’ അദ്ദേഹത്തിന്റെ ദുരൂഹമായസാന്നിധ്യത്തിൽ എനിക്ക് അമ്പരപ്പിന്റെ അമർഷം തോന്നി. ‘ ‘ഇന്നത്തെ ദിവസം എല്ലാം അത്ഭുതങ്ങൾ തന്നെ! ഏതാണ്ട് ഒരു മണിക്കൂറിനുമുമ്പ് ഞാൻ ഗംഗയിൽ കുളിച്ചു കഴിഞ്ഞയുടനെ സ്വാമി പ്രണവാനന്ദൻ എന്റെ അടുത്തെത്തി. ഞാൻ അപ്പോളവിടെയുണ്ടെന്ന് അദ്ദേഹം എങ്ങനെ മനസ്സിലാക്കി എന്നറിയില്ല. ‘ ‘ ‘ഭഗവതിയുടെ മകൻ നിങ്ങളെ കാത്ത് എന്റെ മുറിയിൽ ഇരിക്കുന്നു. എന്റെ കൂടെ വരുമോ?’ ഞാൻ സസന്തോഷം സമ്മതിച്ചു. ഞങ്ങൾ കൈപിടിച്ചു മുമ്പോട്ടു നീങ്ങിയപ്പോൾ മെതിയടിയിട്ടിരുന്ന സ്വാമി, വിചിത്രമെന്നു പറയട്ടെ, നടത്തയ്ക്കുള്ള പാദരക്ഷ ധരിച്ചിരുന്ന എന്നെ പിന്നിലാക്കി. ‘ ‘ ‘എന്റെ വീട്ടിലെത്താൻ നിങ്ങൾ എത്ര സമയം എടുക്കും?’ ഇതു ചോദിക്കാൻ പ്രണവാനന്ദജി പെട്ടെന്നു നിന്നു. ‘ ‘ഏകദേശം അരമണിക്കൂർ. ‘ ‘ ‘എനിക്കിപ്പോൾ മറ്റൊരുകാര്യം ചെയ്യാനുണ്ട്.’ അദ്ദേഹം അർഥഗർഭമായി എന്നെ നോക്കി. ‘എനിക്ക് താങ്കളെ പിന്നിലാക്കിയിട്ട് പോകേണ്ടിയിരിക്കുന്നു. എന്റെ വീട്ടിൽവച്ച് നമുക്കു കാണാം. അവിടെ ഭഗവതിയുടെ മകനും ഞാനും താങ്കളെ കാത്തിരിക്കുന്നുണ്ടാവും.’ ‘ ‘എനിക്ക് എതിർക്കാൻ കഴിയുന്നതിനുമുമ്പ് അദ്ദേഹം അതിവേഗത്തിൽ എന്നെ കടന്ന് ആൾക്കൂട്ടത്തിൽ മറഞ്ഞു. കഴിയും വേഗം നടന്ന് ഞാൻ ഇവിടെ എത്തി.’ ’ ഈ വിശദീകരണം എന്റെ അമ്പരപ്പ് വർധിപ്പിച്ചതേയുള്ളൂ. സ്വാമിയെ എത്രകാലമായി അറിയാമെന്ന് ഞാൻ അന്വേഷിച്ചു. ‘ ‘കഴിഞ്ഞവർഷം ഏതാനുംപ്രാവശ്യം ഞങ്ങൾ തമ്മിൽ കണ്ടു. പക്ഷേ അടുത്തിടയായിട്ട് കാണാറില്ല. സ്നാനഘട്ടത്തിൽ വച്ച് ഇന്ന് അദ്ദേഹത്തെ വീണ്ടും കാണാൻ കഴിഞ്ഞതിൽ എനിക്കു സന്തോഷമായി.’ ’ ‘ ‘ എനിക്ക് എന്റെ കാതുകളെ വിശ്വസിക്കാൻ കഴിയുന്നില്ല. എന്റെ സ്വബോധം നഷ്ടപ്പെടുകയാണോ? അങ്ങ് അദ്ദേഹത്തെ സാങ്കല്പികദർശനത്തിൽ കണ്ടതാണോ, അതോ അദ്ദേഹത്തെ യഥാർഥത്തിൽ കാണുകയും, അദ്ദേഹത്തിന്റെ കൈകൾ തൊടുകയും കാൽപെരുമാറ്റം കേൾക്കുകയും ചെയ്തോ? ’ ’ ‘ ‘നീ എന്താണ് പറഞ്ഞുകൊണ്ടുവരുന്നതെന്ന് എനിക്കു മനസ്സിലാകുന്നില്ല!’ ’ അദ്ദേഹത്തിന്റെ മുഖം കോപത്താൽ തുടുത്തു. ‘ ‘ഞാൻ നിന്നോടു കള്ളം പറയുകയല്ല. നീ ഇവിടെ എന്നെ കാത്തിരിക്കുന്നുവെന്ന് സ്വാമിയിലൂടെയല്ലാതെ ഞാൻ എങ്ങനെ അറിയും?’ ’ ‘ ‘ നോക്കൂ, ഏതാണ്ട് ഒരു മണിക്കൂർ മുമ്പ് ഞാൻ ഇവിടെ വന്നെത്തിയശേഷം, സ്വാമി പ്രണവാനന്ദൻ എന്റെ കൺമുമ്പിൽ നിന്ന് ഒരു നിമിഷം പോലും മാറിയിട്ടില്ല.’ ’ മുഴുവൻ കഥയും പറഞ്ഞൊപ്പിച്ചിട്ട് ഞാനും സ്വാമിയും തമ്മിലുണ്ടായ സംഭാഷണം ഞാൻ ആവർത്തിച്ചു.അദ്ദേഹത്തിന്റെ കണ്ണുകൾ വികസിച്ചു. ‘ ‘നാം ഈ ഭൗതിക യുഗത്തിൽതന്നെ ജീവിക്കുകയാണോ, അതോ സ്വപ്നം കാണുകയാണോ? എന്റെ ജീവിതത്തിൽ ഇങ്ങനെ ഒരു ദിവ്യാത്ഭുതത്തിന് സാക്ഷിയാകുമെന്ന് ഞാൻ ഒട്ടും പ്രതീക്ഷിച്ചില്ല! ഈ സ്വാമി വെറുമൊരു സാധാരണ മനുഷ്യനാണെന്നാണ് ഞാൻ വിചാരിച്ചത്, വേറൊരു ശരീരം ആവിർഭവിപ്പിക്കാനും അതിലൂടെ പ്രവർത്തിക്കാനും അദ്ദേഹത്തിനു കഴിയുമെന്ന് ഇപ്പോൾ മനസ്സിലായി!’ ’ ഞങ്ങൾ ഒന്നിച്ച് ആ പുണ്യപൂരുഷന്റെ മുറിയിലേക്ക് കടന്നുചെന്നു. ഇരിപ്പിടത്തിന്റെ കീഴിലുണ്ടായിരുന്ന പാദുകങ്ങളിലേക്ക് കേദാര നാഥ ബാബു വിരൽചൂണ്ടി. ‘ ‘നോക്കൂ, അതേ പാദുകങ്ങൾ തന്നെയാണ് അദ്ദേഹം സ്നാനഘട്ടത്തിൽ ധരിച്ചിരുന്നത്,’ ’ അദ്ദേഹം മന്ത്രിച്ചു. ‘ ‘ഇക്കാണുന്നതുപോലുള്ള ഒരു ഒറ്റമുണ്ട് മാത്രമാണ് അദ്ദേഹം ധരിച്ചിരുന്നതും.’ ’ [image file=image_rsrcKN.jpg] സ്വാമി പ്രണവാനന്ദൻ

വാരാണസിയിലെ “രണ്ട് ശരീരത്തോടു കൂടിയ പുണ്യപുരുഷൻ” സന്ദർശകൻ അദ്ദേഹത്തെ പ്രണമിച്ചപ്പോൾ ആ യതീന്ദ്രൻ എന്റെ നേരെ ചോദ്യരൂപേണയുള്ള ഒരു പുഞ്ചിരിയോടെ തിരിഞ്ഞു. ‘ ‘നീ എന്താണ് ഇതിലൊക്കെ ഇത്ര അന്ധാളിക്കുന്നത്? ഇന്ദ്രിയഗോചരമായ പ്രപഞ്ചത്തിന്റെ സൂക്ഷ്മമായ ഐക്യം യഥാർഥ യോഗികളിൽനിന്ന് മറയ'ക്കപ്പെട്ടിട്ടില്ല. വിദൂരമായ കൽക്കത്തയിലെ ശിഷ്യന്മാരെ ഞാൻ തൽക്ഷണം കാണുകയും അവരോട് സംസാരിക്കുകയും ചെയ്യുന്നു. സ'ഥൂലപ്രകൃതിയുടെ എല്ലാ പ്രതിബന്ധങ്ങളെയും ഇച്ഛാശക്തികൊണ്ട് തരണം ചെയ്യാൻ അവർക്കും അതുപോലെ സാധിക്കും.’ ’ എന്റെ കുരുന്നു മനസ്സിൽ ആത്മീയമാർഗത്തിൽ ഔൽസുക്യം ഇളക്കിവിടുന്നതായിനായിരിക്കണം തന്റെ റേഡിയോ-ടെലിവിഷൻ ശക്തിവൈഭവങ്ങളെപ്പറ്റി പറയാൻ സ്വാമി കനിഞ്ഞത്.2 പക്ഷേ, സന്തോഷകരമായ താല്പര്യത്തിനുപകരം, അത്ഭുതാദരങ്ങൾ നിറഞ്ഞ ഭയം മാത്രമാണ് എനിക്ക് അനുഭവപ്പെട്ടത്. ഞാൻ ഇനിയും കണ്ടെത്തിയിട്ടില്ലാത്ത ശ്രീ യുക്തേശ്വരൻ എന്ന പ്രത്യേക ഗുരുനാഥനിലൂടെ ഈശ്വരാന്വേഷണം നടത്താൻ എന്റെ ഭാഗധേയം ഇരിക്കെ, പ്രണവാനന്ദനെ ഗുരുവായി സ്വീകരിക്കാൻ എനിക്ക് താല്പര്യം തോന്നിയില്ല. എന്റെ മുന്നിലുള്ളത് അദ്ദേഹം തന്നെയാണോ അതോ പ്രതിരൂപമാണോയെന്ന് അത്ഭുതപ്പെട്ടുകൊണ്ട് ഞാൻ അദ്ദേഹത്തെ സംശയത്തോടെനോക്കി.ആത്മാവിനെയുണർത്തുന്ന ഒരു കടാക്ഷംകൊണ്ടും തന്റെ ഗുരുവിനെപറ്റിയുള്ള പ്രചോദനാത്മകമായ ചില വാക്കുകൾകൊണ്ടും അദ്ദേഹം എന്റെ അസ്വസ'ഥത അകറ്റാൻ ശ്രമിച്ചു. ‘ ‘ലാഹിരി മഹാശയനായിരുന്നു ഞാൻ അറിഞ്ഞിട്ടുള്ളതിൽ വച്ച് ഏറ്റവും മഹാനായ യോഗി. ദിവ്യത്വം ഉടലാർന്നതായിരുന്നു അദ്ദേഹം.’ ’ ഒരു ശിഷ്യന് തന്റെ ഇച്ഛാനുസരണം മറ്റൊരു ശരീരം ആവിർഭവിപ്പിക്കാമെങ്കിൽ, അദ്ദേഹത്തിന്റെ ആചാര്യന് എന്തെങ്കിലും അത്ഭുതങ്ങൾ അസാധ്യമാണോ എന്ന് ഞാൻ ആലോചിച്ചു. ‘ ‘ഗുരുവിന്റെ സഹായം എത്ര അമൂല്യമാണെന്ന് ഞാൻ പറയാം. മറ്റൊരു ശിഷ്യനുമൊത്ത് രാത്രി തോറും എട്ടു മണിക്കൂർ നേരം ഞാൻ ധ്യാനനിരതനായി ഇരിക്കാറുണ്ടായിരുന്നു. പകൽ ഞങ്ങൾക്ക് റെയിൽവേ ആഫീസിൽ ജോലി ചെയ്യണമായിരുന്നു. എന്റെ ക്ലാർക്കു ജോലി തുടർന്നുകൊണ്ടുപോകാൻ പ്രയാസം തോന്നിയ ഞാൻ മുഴുവൻ സമയവും ഈശ്വരനായി സമർപ്പിക്കുവാൻ ആഗ്രഹിച്ചു. രാത്രിയുടെ പകുതിയും ധ്യാനിച്ചുകൊണ്ട് എട്ടുകൊല്ലം ഞാൻ കഠിനയത്നം തുടർന്നു. എനിക്ക് അത്ഭുതകരമായ ഫലങ്ങളാണ് ലഭിച്ചത്. ശക്തമായ ആത്മീയദർശനങ്ങൾ എന്റെ മനസ്സിനെ പ്രബുദ്ധമാക്കി. പക്ഷേ പരബ്രഹ്മത്തിനും എനിക്കും മധ്യേ ഒരു നേരിയ മറ എന്നിട്ടും നിലനിന്നു. അമാനുഷികമായ ആത്മാർത്ഥത ഉണ്ടായിരുന്നിട്ടും ആത്യന്തികവും അവിച്ഛിന്നവുമായ ഈശ്വരസംയോഗം എനിക്ക് നിരസിക്കപ്പെട്ടിരിക്കുന്നതായി ഞാൻ കണ്ടു. ഒരു സായാഹ്നത്തിൽ ഞാൻ ലാഹിരി മഹാശയനെ ചെന്നുകണ്ട് അദ്ദേഹത്തിന്റെ പാവനമായ ശുപാർശയ'ക്കുവേണ്ടി യാചിച്ചു. എന്റെ ആവലാതികൾ രാത്രി മുഴുവൻ തുടർന്നു. ‘ ‘ഗുരുദേവാ, ആ പ്രേമഭാജനത്തെ നേരിട്ടു കാണാതെ ജീവിക്കവയ്യാത്തവണ്ണം അത്ര അടക്കാനാവാത്തതാണ് എന്റെ ആത്മീയപീഡനം!’ ’ ‘ ‘എനിക്ക് എന്തുചെയ്യുവാൻ കഴിയും? നീ കുറേക്കൂടി ഗാഢമായി ധ്യാനിക്കണം.’ ’ ‘ ‘ഈശ്വരൻ തന്നെയായ ഗുരുദേവാ, ഞാൻ അങ്ങയോട് അഭ്യർഥിക്കുകയാണ്! ഈശ്വരൻ ഭൗതികശരീരത്തിൽ ആവിർഭവിച്ചതായാണ് ഞാൻ അങ്ങയെ കാണുന്നത്; അങ്ങയുടെ അനന്തരൂപത്തിൽ അങ്ങയെക്കാണാൻ എന്നെ അനുഗ്രഹിച്ചാലും.’ ’ ‘ ‘ലാഹിരി മഹാശയൻ അദ്ദേഹത്തിന്റെ കൈകൾ ദയാവായ്പിന്റെ ആംഗ്യത്തോടെ നീട്ടി. ‘നീ ഇപ്പോൾ പോയി ധ്യാനനിരതനാകൂ. ഞാൻ ബ്രഹ്മാവിദനോട് നിനക്കു വേണ്ടി ശുപാർശ ചെയ്തിട്ടുണ്ട്.’ ‘ ‘അളവില്ലാത്ത ഉൽക്കർഷബോധത്തോടെ ഞാൻ വീട്ടിൽ തിരിച്ചെത്തി. അന്നുരാത്രിയിൽ ധ്യാനത്തിൽ എന്റെ ജീവിതത്തിന്റെ തീവ്രമായ ലക്ഷ്യം സഫലമായി. ഞാൻ ഇന്ന് നിരന്തരമായ ആത്മീയപെൻഷൻ അനുഭവിക്കുന്നു. അന്നുമുതൽ പരമാനന്ദസ്വരൂപിയായ ജഗത്സ്രഷ്ടാവ് ഏതെങ്കിലും മായാ മറയ'ക്കുപിന്നിൽ എന്റെ കണ്ണുകളിൽനിന്ന് ഒളിച്ചുനിന്നിട്ടില്ല.’ ’ പ്രണവാനന്ദന്റെ മുഖത്ത് ഒരു ദിവ്യപ്രഭ വ്യാപിച്ചിരുന്നു. മറ്റൊരു ലോകത്തെ ശാന്തി എന്റെ ഹൃദയത്തിൽ കടന്നു. ഭയമെല്ലാം ഓടിയൊളിച്ചു. ആ പുണ്യാത്മാവ് മറ്റൊരു രഹസ്യംകൂടി പറഞ്ഞു. ‘ ‘ഏതാനും മാസങ്ങൾക്കുശേഷം ഞാൻ ലാഹിരി മഹാശയന്റെ അടുത്തു മടങ്ങിയെത്തി അദ്ദേഹത്തിന്റെ നിസ്സീമമായ അനുഗ്രഹത്തിന് നന്ദിപറയാൻ ശ്രമിച്ചു. എന്നിട്ട് ഞാൻ മറ്റൊരു കാര്യം പറഞ്ഞു. ‘ ‘ ‘ദിവ്യഗുരോ, എനിക്കിനി ഓഫീസിൽ ജോലിചെയ്യാൻ വയ്യ. എന്നെ സ്വതന്ത്രനാക്കൂ. ബ്രഹ്മം എന്നെ നിതാന്തലഹരിയിലാക്കുന്നു.’ ‘ ‘ ‘നിന്റെ കമ്പനിയിൽനിന്ന് ഒരു പെൻഷന് അപേക്ഷിക്കൂ.’ ’ ‘ ‘എന്ത് കാരണം ഞാൻ കാണിക്കും, സേവനത്തിൽ ഇത്ര കാലേകൂട്ടി?’ ’ ‘ ‘ ‘നിനക്ക് തോന്നുന്നത് പറയൂ’ ‘ ‘അടുത്തദിവസം ഞാൻ അപേക്ഷകൊടുത്തു. എന്റെ അകാലികമായ അപേക്ഷയുടെ സാഹചര്യങ്ങൾ ഡോക്ടർ അന്വേഷിച്ചു. ‘ ‘ ‘ജോലി സമയത്ത് എന്റെ മേരുദണ്ഡത്തിൽ ഒരു അനുഭൂതിവിശേഷം എനിക്കു പിടിച്ചുനിൽക്കാനാവാത്തവിധം ഉയരുന്നു. അത് എന്റെ ശരീരം മുഴുവനും വ്യാപിച്ച് എന്നെ ജോലിക്ക് അപ്രാപ്തനാക്കുന്നു.’ 4 ‘ ‘കൂടുതലൊന്നും ചോദിക്കാതെ, ആ ഭിഷഗ്വരൻ എനിക്ക് പെൻഷൻ ശക്തിയായി ശുപാർശചെയ്തു. അത് ഉടനെ തന്നെ ലഭിക്കുകയും ചെയ്തു. ലാഹിരി മഹാശയന്റെ ദൈവികമായ ഇച്ഛാശക്തി ആ ഡോക്ടറിലും നിന്റെ അച്ഛൻ ഉൾപ്പെടെയുള്ള റെയിൽവെ ഉദ്യോഗസ'ഥരിലുംകൂടി പ്രവർത്തിച്ചുവെന്ന് എനിക്കറിയാം. മഹാനായ ഗുരുവിന്റെ ആത്മീയ നിർദേശം അവർ സ്വമേധയാ അനുസരിക്കുകയും

പ്രേമഭാജനമായ ഈശ്വരനുമായി നിതാന്തസംയോഗത്തിന്റെ ഒരു ജീവിതത്തിന് എന്നെ സ്വതന്ത്രനാക്കുകയും ചെയ്തു.’ ’ ഈ അസാധാരണമായ വെളിപാടിനുശേഷം സ്വാമി പ്രണവാനന്ദൻ തന്റെ സുദീർഘ നിശ്ശബ്ദതയിലാണ്ടു. ആദരപൂർവം പാദം തൊട്ട് ഞാൻ വിടവാങ്ങുമ്പോൾ എന്നെ അദ്ദേഹം അനുഗ്രഹിച്ച് ആശീർവദിച്ചു: ‘ ‘നിന്റെ ജീവിതം സന്ന്യാസത്തിനും യോഗവിദ്യയ'ക്കും വേണ്ടിയുള്ളതാണ്. ഞാൻ ഇനിയുമൊരിക്കൽ, നിന്റെ അച്ഛനോടൊപ്പം നിന്നെക്കാണും.’ ’ കടന്നുപോയ വർഷങ്ങൾ ഈ രണ്ടു പ്രവചനങ്ങൾക്കും സാഫല്യമേകി.5വളരുന്ന ഇരുട്ടിൽ കേദാര നാഥ ബാബു എന്റെ അരികിലായി നടന്നു. അച്ഛന്റെ കത്ത് ഞാൻ അദ്ദേഹത്തെ ഏല്പിച്ചത് വഴിവിളക്കിന്റെ വെളിച്ചത്തിൽ എന്റെ സഹചാരി വായിച്ചു. ‘ ‘അദ്ദേഹത്തിന്റെ റെയിൽവേ കമ്പനിയുടെ കൽക്കത്താ ആഫീസിൽ ഞാൻ ഒരു ജോലി സ്വീകരിക്കാൻ നിന്റെ അച്ഛൻ അഭിപ്രായപ്പെടുന്നു. സ്വാമി പ്രണവാനന്ദനു ലഭിക്കുന്ന രണ്ടു പെൻഷനിൽ ഒന്നെങ്കിലും ഉറ്റുനോക്കാവുന്ന ഒരു സന്തോഷാവസരം! പക്ഷേ അത് അസാധ്യമാണ്! എനിക്ക് വാരാണസിവിടാൻ കഴിയുകയില്ല. കഷ്ടം! ഇനിയും എനിക്ക് രണ്ടു ശരീരങ്ങൾ ആകാറായിട്ടില്ല.’ ’ [image file=image_rsrcMK.jpg] 1 ‘ ‘ഛോട്ടോ മഹാശയാ’ ’ എന്നാണ് ഭാരതത്തിലെ പല പുണ്യപൂരുഷന്മാരും എന്നെ അഭിസംബോധന ചെയ്തിട്ടുള്ളത്; അർഥം ‘കൊച്ചുസർ!’ 2 യോഗീശ്വരന്മാർ മനസ്സിന്റെ ശാസ്ത്രത്തിലൂടെ കണ്ടെത്തിയ നിയമങ്ങളുടെ സാധുത ഭൗതികശാസ്ത്രം അതിന്റെ സ്വന്തം രീതിയിൽ ഇപ്പോൾ സമർഥിക്കുന്നു. ഉദാഹരണത്തിന്, മനുഷ്യന് ദൂരദർശനശക്തി ഉണ്ടെന്ന ഒരു സ്പഷ്ടീകരണം 1934 നവംബർ 26-ാം തീയതി റോമിലെ റോയൽ യൂണിവേഴ്സിറ്റിയിൽ നൽകപ്പെട്ടു. ‘ ‘ന്യൂറോസൈക്കോളജി പ്രഫസർ ഡോ.ഗിസപ്പി കാലിഗാറിസ് പരീക്ഷണത്തിനു വിധേയനായ ഒരാളുടെ ശരീരത്തിലെ ചില ഭാഗങ്ങൾ അമർത്തിയപ്പോൾ ആ വ്യക്തി ഭിത്തിയുടെ അപ്പുറത്തുള്ള ആളുകളുടെയും വസ്തുക്കളുടെയും സൂക്ഷ്മമായ വിവരങ്ങൾ നൽകി. ഒരു വ്യക്തിയുടെ ചില ശരീരഭാഗങ്ങളിലെ തൊലി ക്ഷോഭിപ്പിച്ചാൽ, ആ വ്യക്തിക്ക്, മറ്റൊരു തരത്തിലും കാണാൻകഴിയാത്ത വസ്തുക്കൾ-ഇന്ദ്രിയാതീതമായ കാഴ്ചകൾ-കാണാൻ സാധിക്കുന്നു എന്ന് ഡോ. കാലിഗാറിസ് പ്രഫസർമാരോട് പറഞ്ഞു. ഭിത്തിക്കപ്പുറത്തുള്ള വസ്തുക്കൾ കാണാനുള്ള കഴിവു നൽകുന്നതിന് പ്രഫസർ കാലിഗാറിസ് പരീക്ഷണവിധേയന്റെ നെഞ്ചിനു വലതു വശത്തുള്ള ഒരു സ'ഥാനം പതിനഞ്ചു മിനിറ്റു നേരം അമർത്തിപ്പിടിച്ചു. ശരീരത്തിലെ ചില ഭാഗങ്ങൾ ഉത്തേജിപ്പിച്ചാൽ എത്ര ദൂരയുമുള്ള വസ്തുക്കൾ മുമ്പു കണ്ടിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും, പ്രസ്തുത വ്യക്തിക്ക് കാണാൻ കഴിയുമെന്ന് ഡോ. കാലിഗാറിസ് പറഞ്ഞു.’ ’ 3 ഈശ്വരൻ സ്രഷ്ടാവ് എന്ന രൂപത്തിൽ; വികസിക്കുക എന്നർഥമായ സംസ്കൃതത്തിലെ ബൃഹ് ധാതുവിൽ നിന്ന്.4 ഗാഢധ്യാനത്തിൽ, ആത്മാവിന്റെ ആദ്യത്തെ അനുഭവം, സുഷുമ്നയുടെ അൾത്താരയിലാണ്, പിന്നീട് മസ്തിഷ്കത്തിൽ. കുത്തിയൊഴുകുന്ന ആനന്ദാനുഭൂതി താങ്ങാനാവാത്തതാണ്; എന്നാൽ ഒരു യോഗി അതിന്റെ പ്രത്യക്ഷരൂപം നിയന്ത്രിക്കാൻ പഠിക്കുന്നു.ഞാൻ പ്രണവാനന്ദജിയെക്കാണുമ്പോൾ അദ്ദേഹം തികഞ്ഞ ആത്മജ്ഞാനം ലഭിച്ച ഒരു ആചാര്യനായിരുന്നു. പക്ഷെ അദ്ദേഹത്തിന്റെ കർമനിരതമായ ജീവിതത്തിന്റെ അവസാന നാളുകൾ അതിനു വളരെ വർഷങ്ങൾക്കു മുമ്പു തന്നെ കഴിഞ്ഞിരുന്നു. അപ്പോൾ അദ്ദേഹം അഴിവില്ലാത്ത നിർവികല്പസമാധിയിൽ എത്തിയിരുന്നില്ല സമാധിയുടെ പൂർണവും അചഞ്ചലവുമായ അവസ'ഥയിൽ തന്റെ ഏതു ലൗകികകൃത്യം നിർവഹിക്കുന്നതിലും യോഗിക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുന്നില്ല.പെൻഷൻ ആയശേഷം പ്രണവാനന്ദജി, ഭഗവത്ഗീതയുടെ ഗഹനമായ ഒരു ഭാഷ്യം പ്രണവഗീത എന്ന പേരിൽ എഴുതി. ഇത് ഹിന്ദിയിലും ബംഗാളിയിലും ലഭിക്കും.ഒന്നിലധികം ശരീരങ്ങളിൽ പ്രത്യക്ഷപ്പെടാനുള്ള കഴിവ് പതഞ്ജലിയുടെ യോഗസൂത്രത്തിൽ പ്രസ്താവിച്ചിട്ടുള്ള ഒരു സിദ്ധിയാണ് ഒരേ സമയത്ത് രണ്ടിടത്ത് പ്രത്യക്ഷപ്പെടുന്ന പ്രതിഭാസം യുഗങ്ങൾതോറും പല പുണ്യാത്മാക്കളുടെ ജീവിതത്തിലും പ്രദർശിപ്പിക്കപ്പെട്ടിട്ടുണ്ട്.5 അധ്യായം 27 കാണുക.അധ്യായം 4തടസ്സപ്പെട്ട എന്റെ ഹിമാലയപലായനം ‘ ‘എന്തെങ്കിലും ഒഴിവുകഴിവുപറഞ്ഞ് നിന്റെ ക്ലാസ്സുമുറിവിട്ടു പോയി ഒരു കുതിരവണ്ടി വിളിക്കുക. ഇടവഴിയിൽ, എന്റെ വീട്ടിലെ ആരും കാണാത്ത ഒരു സ'ഥലത്തു വന്നുനിൽക്കുക.’ ’ എന്റെ കൂടെ ഹിമാലയത്തിലേക്കു വരാൻ പരിപാടി ഇട്ടിരുന്ന എന്റെ ഹൈസ്കൂൾ സുഹൃത്ത്, അമർ മിത്തറിന് ഞാൻ നൽകിയ അവസാന നിർദേശങ്ങളായിരുന്നു ഇവ. അടുത്ത ദിവസമാണ് ഒളിച്ചോട്ടത്തിനു ഞങ്ങൾ തിരഞ്ഞെടുത്തിരുന്നത്. എന്റെ ജ്യേഷ്ഠൻ അനന്തദാ ജാഗ്രതയോടെ എന്നെ നിരീക്ഷിച്ചുകൊണ്ടിരുന്നതിനാൽ മുൻകരുതലുകൾ വേണ്ടിയിരുന്നു. എന്റെ മനസ്സിൽ മുന്നിട്ടുനിന്നിരുന്നു എന്ന് അദ്ദേഹം സംശയിച്ചിരുന്ന എന്റെ രക്ഷപ്പെടൽ പദ്ധതികൾ തകർക്കാൻ ജ്യേഷ്ഠൻ തീരുമാനിച്ചുറപ്പിച്ചിരുന്നു. മാന്ത്രിക ഏലസ്സ് ഒരു ആത്മീയ ഉത്പ്രേരകംപോലെ എന്റെ ഉള്ളിൽ നിശ്ശബ്ദമായി പ്രവർത്തിക്കുന്നുണ്ടായിരുന്നു. എന്റെ ദർശനങ്ങളിൽ പലപ്പോഴും പ്രത്യക്ഷനായ എന്റെ ഗുരുവിനെ മഞ്ഞുമൂടിയ ഹിമാലയത്തിൽ കണ്ടെത്താമെന്ന് ഞാൻ ആശിച്ചു.കൽക്കത്തയിലേക്ക് അച്ഛന് സ'ഥിരം സ'ഥലമാറ്റം കിട്ടിയതുകൊണ്ട് ഞങ്ങളുടെ കുടുംബം അക്കാലത്ത് അവിടെയാണ് താമസിച്ചിരുന്നത്. ഭാരതീയ പിതൃദായക്രമ ആചാരപ്രകാരം അനന്തദാ തന്റെ വധുവിനെ താമസത്തിനായി ഞങ്ങളുടെ വീട്ടിൽ കൊണ്ടുവന്നിരുന്നു. അവിടെ മച്ചിൻപുറത്തുള്ള ഒരു ചെറിയ മുറിയിൽ ഞാൻ ദൈനംദിനധ്യാനത്തിൽ മുഴുകി എന്റെ മനസ്സിനെ ഈശ്വരാന്വേഷണത്തിനു തയ്യാറാക്കി.മറക്കാനാവാത്ത ആ പ്രഭാതം ദുശ്ശകുനമായ മഴയോടെയാണ്

വന്നെത്തിയത്. അമറിന്റെ വണ്ടിയുടെ ശബ്ദംകേട്ട് ഞാൻ, ഒരു കമ്പിളിപ്പുതപ്പും ഒരു ജോഡി പാദരക്ഷയും രണ്ടു ഒറ്റമുണ്ടുകളും ഒരു ജപമാലയും ലാഹിരി മഹാശയന്റെ ചിത്രവും ഒരു ഭഗവദ്ഗീതയും ധൃതിയിൽ പൊതിഞ്ഞുകെട്ടി. ഈ ഭാണ്ഡക്കെട്ട് മൂന്നാം നിലയിലെ ജനാലയിലൂടെ താഴേക്ക് എറിഞ്ഞു. ഞാൻ ഗോവണിപ്പടികൾ ഓടിയിറങ്ങി, വാതിൽക്കൽ മത്സ്യം വാങ്ങിക്കൊണ്ടുനിന്ന ചെറിയച്ഛനെ കടന്നുപോയി. ‘ ‘എന്താ ഈ വെകിളി?’ ’ അദ്ദേഹം സംശയത്തോടെ എന്നെ അടിമുടി നോക്കി.നേരിട്ട് ഒരുത്തരം കൊടുക്കാതെ ചിരിച്ചുകൊണ്ട് ഞാൻ ഇടവഴിയിലേക്കു നടന്നു. എന്റെ ഭാണ്ഡം വീണ്ടെടുത്തുകൊണ്ട് ഒരു ഗൂഢാലോചനക്കാരന്റെ ജാഗ്രതയോടെ ഞാൻ അമറിന്റെ കൂടെക്കൂടി. കമ്പോളമായ ചാന്ദ്നിചൗക്കിലേക്ക് വണ്ടിവിട്ടു. ലഘുഭക്ഷണത്തിന്റെ പണം മാസങ്ങളായി ഇംഗ്ലീഷ് വസ്ത്രങ്ങൾ വാങ്ങാൻ ഞങ്ങൾ മാറ്റിവച്ചിരുന്നു. എന്റെ സമർഥനായ ജ്യേഷ്ഠന് ഒരു കുറ്റാന്വേഷണവിദഗ്ദനെപ്പോലെ പെരുമാറാൻ നിഷ്പ്രയാസം കഴിയുമെന്ന് അറിയാമായിരുന്നതുകൊണ്ട് യൂറോപ്യൻ വേഷം ധരിച്ച് അദ്ദേഹത്തെ കടത്തിവെട്ടാമെന്ന് ഞങ്ങൾ വിചാരിച്ചു.ജതിൻദാ എന്നു ഞാൻ വിളിച്ചിരുന്ന എന്റെ മച്ചുനൻ ജോതിൻ ഘോഷിനുവേണ്ടി സ്റ്റേഷനിലേക്കുള്ള മാർഗമധ്യേ ഞങ്ങൾ വണ്ടി നിർത്തി. ഹിമാലയത്തിലെ ഒരു ഗുരുവിനെ കണ്ടെത്താൻ ഏറെ കൊതിക്കുന്ന ഒരു പുതുവിശ്വാസിയായിരുന്നു അയാൾ. ഞങ്ങൾ കരുതിയിരുന്ന പുതിയവേഷം അയാളും ധരിച്ചു. ശരിക്കും വേഷപ്രച്ഛന്നരായീയെന്ന് ഞങ്ങൾ സമാശ്വസിച്ചു! ആഹ്ലാദത്തിമിർപ്പ് ഞങ്ങളുടെ ഹൃദയത്തെ കൈയ്യടക്കി. ‘ ‘ഇനി നമുക്ക് ആകെ വേണ്ടത് ക്യാൻവാസ് ഷൂസുകൾ മാത്രമാണ്.’ ’ റബർ സോളുള്ള ചെരുപ്പുകൾ പ്രദർശിപ്പിച്ചിരുന്ന ഒരു കടയിലേക്ക് എന്റെ ചങ്ങാതിമാരെ ഞാൻ നയിച്ചു. ‘ ‘മൃഗങ്ങളെ കശാപ്പു ചെയ്താൽ മാത്രം ലഭിക്കുന്ന തോൽകൊണ്ടുള്ള സാധനങ്ങൾ ഈ വിശുദ്ധയാത്രയ'ക്ക് പാടില്ല.’ ’ ഭഗവദ്ഗീതയുടെ തോലുറയും ഇംഗ്ലീഷ് തൊപ്പിയുടെ തോൽവള്ളികളും അഴിച്ചു മാറ്റാൻ ഞാൻ വഴിയിൽ നിന്നു.സ്റ്റേഷനിൽവച്ച് ഞങ്ങൾ ബർദ്വാനിലേക്ക് ടിക്കറ്റുവാങ്ങി. അവിടെനിന്ന് ഹിമാലയതാഴ്വരയിലെ ഹരിദ്വാറിലേക്ക് വണ്ടി മാറിക്കയറാമെന്ന് ഞങ്ങൾ ഉദ്ദേശിച്ചു. തീവണ്ടിയും ഞങ്ങളെപ്പോലെ ഓടിത്തുടങ്ങിയപ്പോൾ എന്റെ ചില മഹത്തായ പ്രതീക്ഷകൾക്ക് ഞാൻ വാക്കുകൾ നൽകി. ‘ ‘ഒന്നു ഓർത്തുനോക്കൂ!’ ’ ഞാൻ ആവേശത്തോടെ പറഞ്ഞു. ‘ ‘ആചാര്യന്മാർ നമുക്കു ദീക്ഷതരും, നാം സമാധി അനുഭവിച്ചറിയും. ഹിമാലയത്തിലെ വന്യമൃഗങ്ങൾ മെരുങ്ങി അടുത്തുവരത്തക്കവണ്ണം നമ്മുടെ ശരീരത്തിൽ ഒരു മാസ്മരശക്തി നിറയും. കടുവകൾ ചക്കിപ്പൂച്ചകളെപ്പോലെ നമ്മുടെ ലാളന കാത്തുനിൽക്കും!’ ’ ആലങ്കാരികമായും വാച്യാർഥത്തിലും മനംമയക്കുന്ന ഒരു സാധ്യത ചിത്രീകരിക്കുന്നു എന്ന് ഞാൻ വിചാരിച്ച ഈ പ്രസ്താവം അമറിൽ ആഹ്ലാദം തുളുമ്പുന്ന ഒരു പുഞ്ചിരിവിടർത്തി. പക്ഷേ ജതിൻദാ മുഖം വെട്ടിച്ചുകൊണ്ട്, വിരണ്ടെന്നപോലെ ഓടിയകലുന്ന പ്രകൃതിദൃശ്യത്തിലേക്ക് ജനാലയിലൂടെ തന്റെ നോട്ടം തിരിച്ചുവിട്ടു. ‘ ‘പണം മൂന്നായി ഭാഗിക്കാം.’ ’ ഈ നിർദ്ദേശംകൊണ്ട് ജതിൻദാ ഒരു നീണ്ട നിശ്ശബ്ദത ഭഞ്ജിച്ചു. ‘ ‘ഓരോരുത്തരും അവനവന്റെ ടിക്കറ്റ് ബർദ്വാനിൽവച്ച് വാങ്ങണം. നാം ഒന്നിച്ച് ഓടിപ്പോകുകയാണെന്ന് അപ്പോൾ സ്റ്റേഷനിൽ ആരും വിചാരിക്കുകയില്ല.’ ’ ഒന്നും സംശയിക്കാതെ ഞാൻ സമ്മതിച്ചു. സന്ധ്യക്കു തീവണ്ടി ബർദ്വാനിൽ നിന്നു. ജതിൻദാ ടിക്കറ്റ് ആഫീസിൽ കയറി; അമറും ഞാനും പ്ലാറ്റുഫോമിൽ ഇരുന്നു. ഞങ്ങൾ പതിനഞ്ചു മിനിറ്റ് കാത്തു; അതിനുശേഷം നിഷ്ഫലമായ അന്വേഷണങ്ങൾ നടത്തി. ജതിൻദായുടെ പേര് ഉറക്കെ വിളിച്ചുകൊണ്ട് ഞങ്ങൾ വെപ്രാളത്തോടെ എല്ലായിടവും തിരഞ്ഞു. പക്ഷെ അയാൾ ആ ചെറിയ സ്റ്റേഷനെ പൊതിഞ്ഞ അഞ്ജാതമായ ഇരുണ്ട പരിസരത്ത് മറഞ്ഞുകഴിഞ്ഞിരുന്നു.വല്ലാത്ത ഒരു ആഘാതത്തിൽ മരവിച്ച എന്റെ സപ്തനാഡികളും ആകെ തളർന്നു. ക്ലേശിപ്പിക്കുന്ന ഇത്തരം ഒരനുഭവം ഈശ്വരൻ അനുവദിച്ചല്ലോ! ഈശ്വരനെത്തേടിയുള്ള, ശ്രദ്ധാപൂർവം തയ്യാറാക്കിയ, എന്റെ ആദ്യത്തെ ഒളിച്ചോട്ടത്തിന്റെ മധുരോദാരമായവേള ക്രൂരമായി അലങ്കോലമാക്കപ്പെട്ടു. ‘ ‘അമർ, നമുക്കു വീട്ടിലേക്കു മടങ്ങാം.’ ’ ഒരു കൊച്ചുകുട്ടിയെപ്പോലെ ഞാൻ കരയുകയായിരുന്നു. ‘ ‘ജതിൻദായുടെ ഹൃദയശൂന്യമായ പിരിഞ്ഞുപോക്ക് ഒരു ദുശ്ശകുനമാണ്. ഈ യാത്ര പരാജയപ്പെടുകയേ ഉള്ളൂ.” ‘ ‘ഇതാണോ നിന്റെ ഈശ്വരഭക്തി? ഒരു ചതിയനായ കൂട്ടുകാരന്റെ ചെറിയ ഒരു പരീക്ഷണം നിനക്കു താങ്ങാൻ ആവില്ലേ?’ ’ ഈശ്വരന്റെ പരീക്ഷണം എന്ന അമറിന്റെ സൂചനയിൽ എന്റെ ഹൃദയം ചാഞ്ചല്യം വെടിഞ്ഞു. ബർദ്വാനിലെ വിശിഷ്ട മധുരപലഹാരങ്ങളായ സീതാഭോഗും മോത്തിചൂറും കഴിച്ച് ഞങ്ങൾ ഉന്മേഷം വീണ്ടെടുത്തു. മണിക്കൂറുകൾക്കുള്ളിൽ ഞങ്ങൾ ബറേലിവഴി ഹരിദ്വാറിലേക്ക് വണ്ടികയറി. അടുത്ത ദിവസം മുഗൾസരായിയിൽവച്ച് ട്രെയിൻ മാറുവാൻ പ്ലാറ്റുഫോമിൽ കാത്തിരുന്നപ്പോൾ ഒരു സുപ്രധാന കാര്യം ഞങ്ങൾ ചർച്ചചെയ്തു. ‘ ‘അമർ, റെയിൽവെ ഉദ്യോഗസ'ഥന്മാർ താമസിയാതെ നമ്മെ സൂക്ഷ്മമായി ചോദ്യംചെയ്യാൻ ഇടയുണ്ട്. എന്റെ ജ്യേഷ്ഠന്റെ ബുദ്ധി വൈഭവം കുറച്ചുകാണരുതല്ലോ. എന്തുവന്നാലും ഞാൻ കള്ളം പറയുകയില്ല.’ ’
‘ ‘മുകുന്ദാ നീ അനങ്ങാതെ ഒന്നു വെറുതെ ഇരുന്നാൽ മതി. ഞാൻ സംസാരിക്കുമ്പോൾ ചിരിക്കുകയോ പല്ലുകാണിക്കുകയോ ചെയ്യരുത്.’ ’ ആ ക്ഷണത്തിൽ ഒരു യൂറോപ്യൻ സ്റ്റേഷൻ ഏജന്റ് എന്നെ സമീപിച്ചു. അദ്ദേഹം നീട്ടിക്കാണിച്ച കമ്പിസന്ദേശത്തിന്റെ അർഥം ഉടനെ എനിക്കു മനസ്സിലായി. ‘ ‘നിങ്ങൾ വീട്ടിൽ നിന്ന് പിണങ്ങി ഒളിച്ചോടുകയാണോ?’ ’ ‘ ‘അല്ല!’ ’ അദ്ദേഹം തിരഞ്ഞെടുത്ത വാക്കുകൾ ഉറച്ച ഒരു മറുപടി കൊടുക്കാൻ അനുവദിച്ചതിൽ ഞാൻ

സന്തോഷിച്ചു. എന്റെ അസാധാരണമായ പെരുമാറ്റത്തിനു കാരണം ദേഷ്യമല്ല, ‘അതിദിവ്യമായ ഒരു വിഷാദഭാവമാണെന്ന് എനിക്ക് ബോധ്യമുണ്ടായിരുന്നു.ഉദ്യോഗസ'ഥൻ പിന്നെ അമറിനോടു തിരിഞ്ഞു. തുടർന്നുണ്ടായ ബുദ്ധിപരമായ ദ്വന്ദയുദ്ധം അമരൻ ഉപദേശിച്ച നിസ്സംഗമായ ഗൗരവം പുലർത്തുന്നതിന് എന്നെ തീരെ അനുവദിച്ചില്ല. ‘ ‘മൂന്നാമത്തെ പയ്യൻ എവിടെ?’ ’ തന്റെ ശബ്ദത്തിൽ അധികാരത്തിന്റെ മുഴുവൻ ധ്വനിയും വരുത്തിക്കൊണ്ടു ഉദ്യോഗസ'ഥൻ ചോദിച്ചു. ‘ ‘ഒളിക്കേണ്ടാ, സത്യം പറയൂ!’ ’ ‘ ‘സേർ, നിങ്ങൾ കണ്ണടവച്ചിട്ടുണ്ടല്ലോ. ഞങ്ങൾ രണ്ടുപേരേ ഉള്ളൂ എന്നു കണ്ടുകൂടെ?’ ’ അമരൻ കൂസലില്ലാതെ പുഞ്ചിരിച്ചു. ‘ ‘ഞാനൊരു മാന്ത്രികനല്ല മൂന്നാമതൊരു കുട്ടിയെ സൃഷ്ടിക്കാൻ.” ഈ മര്യാദകേടിൽ വ്യക്തമായും കുഴങ്ങിയ ഉദ്യോഗസ'ഥൻ വേറൊരു സമരമുഖംതേടി. ‘ ‘നിന്റെ പേരെന്താണ്?’ ’ ‘ ‘തോമസെന്നാണ് എന്നെ വിളിക്കുന്നത്. എന്റെ അമ്മ ഇംഗ്ലീഷുകാരിയും അച്ഛൻ മതംമാറിയ ഇന്ത്യൻ ക്യസ്ത്യാനിയുമാണ്. ’ ’ ‘ ‘നിന്റെ കൂട്ടുകാരന്റെ പേരെന്താണ്?’ ’ ‘ ‘തോംസനെന്നാണ് ഞാനവനെ വിളിക്കുന്നത്. ’ ’ ഇത്രയുമായപ്പോൾ എന്റെ ഉള്ളിലെ ചിരി അടക്കാനാവാത്ത നിലയിലെത്തി; ഞാൻ ഉപചാരമൊന്നുംകൂടാതെ വേഗം തീവണ്ടിയിലേക്കു നീങ്ങി. ദൈവാധീനംകൊണ്ട് വണ്ടി നീങ്ങാൻ ചൂളംവിളിക്കുകയായിരുന്നു. അമർ ഉദ്യോഗസ'ഥനുമായി പുറകേ എത്തി. കഥ വിശ്വസിച്ച അദ്ദേഹം ദയാപൂർവം ഞങ്ങളെ ഒരു യൂറോപ്യൻ കമ്പാർട്ടുമെന്റിലാക്കി. പാതി ഇംഗ്ലീഷുകാരായ രണ്ടു കുട്ടികൾ സ്വദേശികൾക്കുള്ള വിഭാഗത്തിൽ യാത്രചെയ്യുന്നത് അദ്ദേഹത്തെ സ്പഷ്ടമായും വേദനിപ്പിച്ചു. അദ്ദേഹത്തിന്റെ ഭവ്യമായ വിടവാങ്ങലിനുശേഷം ഞാൻ സീറ്റിൽ മലർന്നുകിടന്നു തകർത്തു ചിരിച്ചു. പരിചയസമ്പന്നനായ ഒരു യൂറോപ്യൻ ഉദ്യോഗസ'ഥനെ കടത്തിവെട്ടിയതിലുള്ള ആത്മസംതൃപ്തി അമറിൽ തെളിഞ്ഞുനിന്നു.അനന്തദായുടെ കമ്പിസന്ദേശം പ്ലാറ്റുഫോമിൽവച്ച് സൂത്രത്തിൽ വായിക്കാൻ എനിക്കു കഴിഞ്ഞു. അതിങ്ങനെയായിരുന്നു: ‘ ‘മുഗൾസരായിവഴി ഹരിദ്വാറിലേക്ക് വീട്ടിൽനിന്ന് ഒളിച്ചോടുന്ന, ഇംഗ്ലീഷ് വേഷത്തിലുള്ള മൂന്ന് ബംഗാളി ആൺകുട്ടികൾ. ഞാൻ എത്തുന്നതുവരെ അവരെ തടഞ്ഞു വയ'ക്കുക. സേവനത്തിനു തക്ക പ്രതിഫലം.’ ’ ‘ ‘അമർ ഞാൻ പറഞ്ഞില്ലേ, അടയാളപ്പെടുത്തിയ റെയിൽവേ സമയവിവരപ്പട്ടിക വീട്ടിൽ ഇട്ടേക്കരുതെന്ന്. ജ്യേഷ്ഠൻ അതിലൊന്നു കണ്ടുകാണും.’ ’ എന്റെ നോട്ടം കുറ്റപ്പെടുത്തുന്നതായിരുന്നു.എന്റെ ആക്രമണം സുഹൃത്ത് ജാള്യത്തോടെ സഹിച്ചു. ഞങ്ങൾ ബറേലിയിൽ അല്പസമയം തങ്ങി; അവിടെ ദ്വാരകാ പ്രസാദ്1 അനന്തന്റെ ഒരു കമ്പി സന്ദേശവുമായി ഞങ്ങളെ കാത്തുനിന്നിരുന്നു. ഞങ്ങളെ തടഞ്ഞുനിർത്താൻ ദ്വാരകാ ധീരതയോടെ പരിശ്രമിച്ചു; ഞങ്ങൾ ലാഘവബുദ്ധിയോടെയല്ല ഇറങ്ങിത്തിരിച്ചതെന്ന് ഞാൻ അയാളെ പറഞ്ഞു ബോധ്യപ്പെടുത്തി. മുമ്പൊരിക്കലെന്നപോലെ, ഹിമാലയത്തിലേക്ക് ഇറങ്ങിത്തിരിക്കാനുള്ള എന്റെ ക്ഷണം ദ്വാരകാ നിരസിച്ചു.അന്നു രാത്രി ഞങ്ങളുടെ വണ്ടി ഒരു സ്റ്റേഷനിൽ നിന്നപ്പോൾ ഞാൻ ഒരു പാതി ഉറക്കത്തിലായിരുന്നു. മറ്റൊരു ഉദ്യോഗസ'ഥൻ അമറിനെ വിളിച്ചുണർത്തി ചോദ്യം ചെയ്തു; ‘ ‘തോമസി’ ’ന്റെയും ‘ ‘തോംസന്റെ” യും സങ്കരവർഗ മാന്ത്രികശക്തിക്ക് അദ്ദേഹവും ഇരയായി. അങ്ങനെ ഞങ്ങളുടെ വണ്ടി വിജയാഹ്ലാദത്തോടെ അടുത്ത പ്രഭാതത്തിൽ ഹരിദ്വാറിൽ ഞങ്ങളെ എത്തിച്ചു. മനോജ്ഞമായ പർവതനിരകൾ ഞങ്ങളെ മാടി വിളിച്ചുകൊണ്ട് വിദൂരതയിൽ തലയുയർത്തിനിന്നു. ഞങ്ങൾ സ്റ്റേഷനിൽ നിന്ന് ധൃതിയിൽ പുറത്തുവന്ന് പട്ടണത്തിലെ ആൾത്തിരക്കിനിടയിൽ സ്വാതന്ത്ര്യം നേടി. ഞങ്ങളുടെ യൂറോപ്യൻ വേഷത്തിന്റെ മറ അനന്തദാ എങ്ങനെയോ മാറ്റിയെടുത്തതുകൊണ്ട് നാട്ടുവസ്ത്രങ്ങൾ ധരിക്കുക എന്നതായിരുന്നു ഞങ്ങളുടെ ആദ്യത്തെ നടപടി. പിടിക്കപ്പെടുമെന്ന ദുശ്ശങ്ക മനസ്സിനു ഭാരം വളർത്തി.ഹരിദ്വാർ ഉടനെ വിടുന്നതായിരിക്കും ബുദ്ധിയെന്നു കരുതി, വടക്കോട്ട്, അനേകം യതീന്ദ്രന്മാരുടെ പാദസ്പർശത്താൽ വിശുദ്ധമായ ഋഷീകേശത്തേക്ക്, തിരിക്കാൻ ഞങ്ങൾ ടിക്കറ്റുവാങ്ങി. ഞാൻ വണ്ടിയിൽ കയറിക്കഴിഞ്ഞിരുന്നു. പക്ഷേ അമർ പുറകിലുള്ള പ്ലാറ്റുഫോമിലേ എത്തിയിരുന്നുള്ളൂ. ഒരു പോലീസുകാരന്റെ ഉച്ചത്തിലുള്ള വിളികേട്ട് അവൻ പെട്ടെന്ന് നിന്നു. അസ്വീകാര്യനായ ആ രക്ഷാകർത്താവ് ഞങ്ങളെ ഒരു പൊലീസ് സ്റ്റേഷൻ ബംഗ്ലാവിലേക്ക് കൂട്ടികൊണ്ടുപോയി; കയ്യിലിരുന്ന പണവും ഏറ്റുവാങ്ങി. എന്റെ ജ്യേഷ്ഠസഹോദരൻ വന്നെത്തുന്നതുവരെ ഞങ്ങളെ തടഞ്ഞുവയ'ക്കുക എന്നത് തന്റെ കർത്തവ്യമാണെന്ന് അദ്ദേഹം മര്യാദയായി വിശദീകരിച്ചു.ഒളിച്ചോട്ടക്കാരുടെ ലക്ഷ്യസ'ഥാനം ഹിമാലയമാണെന്നറിഞ്ഞ് ആ ഉദ്യോഗസ'ഥൻ ആശ്ചര്യജനകമായ ഒരു കഥ പറഞ്ഞു. ‘ ‘നിങ്ങൾക്ക് താപസന്മാരിൽ വലിയ കമ്പമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ഞാൻ ഇന്നലെക്കണ്ട പുണ്യാത്മാവിനെക്കാൾ മഹാനായ ഒരു ദൈവജ്ഞനെ നിങ്ങൾ ഒരിക്കലും കാണുകയില്ല. എന്റെ സഹഉദ്യോഗസ'ഥനും ഞാനും അദ്ദേഹത്തെ ആദ്യമായി കണ്ടത് അഞ്ചു ദിവസം മുമ്പാണ്. ഒരു കൊലയാളിയെ ശ്രദ്ധാപൂർവം തിരഞ്ഞുകൊണ്ട് ഞങ്ങൾ ഗംഗാതീരത്ത് പാറാവു നടത്തുകയായിരുന്നു. അവനെ ജീവനോടെയോ അല്ലാതെയോ പിടികൂടുവാനായിരുന്നു ഞങ്ങൾക്കു ലഭിച്ചനിർദേശം. തീർഥാടകരെ കൊള്ളയടിക്കാൻ അവൻ സന്ന്യാസിവേഷത്തിൽ നടക്കുന്നുവെന്ന് പരക്കെ അറിയപ്പെടുന്നു. കുറ്റവാളിയെപ്പറ്റി ലഭിച്ച വിവരത്തിനു യോജിക്കുന്ന രൂപത്തിൽ ഒരാളെ ഞങ്ങൾ തൊട്ടുമുമ്പിലായിക്കണ്ടു. നിൽക്കാനുള്ള ഞങ്ങളുടെ ആജ്ഞ അയാൾ കൂട്ടാക്കിയില്ല; ഞങ്ങൾ അയാളെ കീഴ്പ്പെടുത്താനോടി. അയാളുടെ തൊട്ടുപിന്നിലെത്തിയപ്പോൾ എന്റെ മഴു അതിശക്തിയായി ഞാൻ പ്രയോഗിച്ചു. അയാളുടെ

വലതുകൈ പൂർണമായി അറ്റുപോയി. ‘ ‘ആശ്ചര്യമെന്നുപറയട്ടെ, ഒച്ചവയ'ക്കുകയോ തന്റെ ഭീകരമായ മുറിവിൽ ഒന്നു നോക്കുകയോ ചെയ്യാതെ ആ അപരിചിതൻ വേഗത്തിലുള്ള തന്റെ നടത്ത തുടർന്നു. ഞങ്ങൾ അയാളുടെ മുമ്പിൽ ചാടിവീണപ്പോൾ അയാൾ ശാന്തമായിപ്പറഞ്ഞു: ‘ ‘ ‘ നിങ്ങൾ അന്വേഷിക്കുന്ന കൊലപ്പുള്ളി ഞാനല്ല.’ ‘ ‘ദിവ്യനായി കാണപ്പെട്ട ഒരു യോഗിയുടെ ശരീരത്തെ വെട്ടി മുറിവേൽപ്പിക്കാൻ ഇടയായതിൽ ഞാൻ നന്നേ വ്യാകുലപ്പെട്ടു; അദ്ദേഹത്തിന്റെ മുന്നിൽ ഞാൻ സാഷ്ടാംഗംവീണു ക്ഷമ യാചിച്ചു: കടുത്ത രക്തസ്രാവം തടയാൻ എന്റെ തലപ്പാവ് വച്ചു നീട്ടി. ‘ ‘ ‘മകനെ, അത് നിന്റെ ഭാഗത്തുനിന്നുണ്ടായ, മനസ്സിലാക്കാവുന്ന ഒരു തെറ്റു മാത്രമാണ്.’ ആ പുണ്യാത്മാവ് എന്നെ ആർദ്രതയോടെ നോക്കി. ‘പൊയ'ക്കൊള്ളൂ, സ്വയം കുറ്റപ്പെടുത്തരുത്. ജഗദംബിക എന്നെ രക്ഷിക്കും.’ അറ്റുതൂങ്ങിക്കിടന്നിരുന്ന കൈ അദ്ദേഹം മുറിപ്പാടിൽ തിരുകിവച്ചു. അത്ഭുതമെന്നു പറയട്ടെ, അത് ഒട്ടിപ്പിടിച്ചു. എങ്ങനെയെന്ന് അറിഞ്ഞുകൂടാ, രക്തസ്രാവം നിലച്ചു. ‘ ‘ ‘മൂന്നു ദിവസം കഴിഞ്ഞ് ആ മരത്തിന്റെ ചുവട്ടിൽ വരൂ, എന്റെ മുറിവ് പരിപൂർണമായി ഉണങ്ങിയതായിക്കാണാം. അപ്പോൾ പിന്നെ നിനക്ക് കുറ്റബോധം തോന്നുകയില്ല.’ ‘ ‘ഇന്നലെ ഞാനും എന്റെ സഹപ്രവർത്തകനുംകൂടി പറഞ്ഞ സ'ഥലത്ത് ആകാംക്ഷയോടെ ചെന്നു. സന്ന്യാസിവര്യൻ അവിടെയുണ്ടായിരുന്നു. കൈ പരിശോധിക്കാൻ അദ്ദേഹം ഞങ്ങളെ അനുവദിച്ചു. അവിടെ മുറിവിന്റെ വടുവോ ലക്ഷണംപോലുമോ ഉണ്ടായിരുന്നില്ല! ‘ ‘ ‘ഞാൻ ഋഷികേശംവഴി, ഏകാന്തതനിറഞ്ഞ ഹിമാലയത്തിലേക്ക് പോകുന്നു.’ ആ സന്ന്യാസി ഞങ്ങളെ അനുഗ്രഹിച്ചുകൊണ്ട് തിടുക്കത്തിൽ യാത്രപറഞ്ഞു. അദ്ദേഹത്തിന്റെ വിശുദ്ധികൊണ്ട് എന്റെ ജീവിതം ധന്യ മായീയെന്നു ഞാൻ കരുതുന്നു.’ ’ ഉദ്യോഗസ'ഥൻ ഭക്തിപാരവശ്യത്തോടെ കഥ പറഞ്ഞു നിർത്തി; ഈ അനുഭവം അയാളെ വളരെ അഗാധമായി സ്പർശിച്ചിരുന്നുവെന്നത് വ്യക്തമായിരുന്നു. ഈ അത്ഭുതത്തെക്കുറിച്ച് പത്രത്തിൽ വന്ന വാർത്തയുടെ വെട്ടിയെടുത്ത ഭാഗം ഒരു അംഗവിക്ഷേപത്തോടെ അദ്ദേഹം എന്റെ കയ്യിൽ തന്നു. റിപ്പോർട്ടറുടെ വളച്ചൊടിച്ച ഉദ്വേഗജനകമായ പത്രങ്ങളുടെ ശൈലിയിലുള്ള വിവരണം (കഷ്ടം, ഭാരതത്തിലും ഇത് കുറവല്ല) അല്പം അതിശയോക്തിപരമായിരുന്നു. അത് സാധുവിന്റെ തല മിക്കവാറും അറ്റുപോയിരുന്നുവെന്ന് സൂചിപ്പിച്ചു!തന്നെ പീഡിപ്പിച്ചവരോട് ക്രിസ്തുവിനെപ്പോലെ പൊറുക്കുവാൻ കഴിഞ്ഞ ആ യോഗിവര്യനെ കാണാൻ കഴിഞ്ഞില്ലല്ലോെയന്ന് അമറും ഞാനും പരിതപിച്ചു. കഴിഞ്ഞ രണ്ടുനൂറ്റാണ്ടുകളായി ഭൗതികസമ്പത്തിൽ ഭാരതം ദരിദ്രമാണെങ്കിലും അതിന് ദൈവികമായ സ്വത്തിന്റെ ഒരു അക്ഷയനിധിയുണ്ട്; ഈ പോലീസുകാരനെപ്പോലുള്ള ലൗകികർക്കുപോലും ആത്മീയ അംബരചുംബികളെ പാതയോരങ്ങളിൽ ഇടയ'ക്കിടെ ഇവിടെ കാണാൻ കഴിയും.തന്റെ ആശ്ചര്യകരമായ കഥകൊണ്ട് ഞങ്ങളുടെ മുഷിപ്പു മാറ്റിയതിന് ഞങ്ങൾ ആ ഉദ്യോഗസ'ഥനോടു നന്ദിപറഞ്ഞു. ഒരു പക്ഷെ താൻ ഞങ്ങളെക്കാളും ഭാഗ്യവാനാണെന്ന് അറിയിക്കുകയായിരുന്നിരിക്കും അദ്ദേഹം ചെയ്തത്: അദ്ദേഹമാണെങ്കിൽ വിശേഷിച്ചു പ്രയത്നമൊന്നും കൂടാതെ ഒരു പ്രബുദ്ധനായ യോഗിയെ കണ്ടു; ഞങ്ങളുടെ ആത്മാർഥമായ അന്വേഷണമാകട്ടേ ഒരു ആചാര്യന്റെ പാദങ്ങളിലല്ലാ, മറിച്ച്, ഒരു പരുക്കൻ പോലീസ് സ്റ്റേഷനിലാണ് അവസാനിച്ചത്!ഹിമാലയം തൊട്ടടുത്താണെങ്കിലും, ഞങ്ങളുടെ ബന്ധനാവസ'ഥയിൽ, അത് എത്രയോ അകലെയായിരുന്നു; എനിക്ക് സ്വാതന്ത്ര്യം തേടാൻ അതിശക്തമായ പ്രേരണ തോന്നുന്നുവെന്ന് ഞാൻ അമറിനോടു പറഞ്ഞു. ‘ ‘അവസരം കിട്ടുമ്പോൾ നമുക്കു കടന്നുകളയാം. പുണ്യഭൂമിയായ ഋഷികേശത്ത് നമുക്കു കാൽനടയായി പോകാം.’ ’ ഞാൻ ഉത്സാഹത്തോടെ പുഞ്ചിരിച്ചു.പക്ഷേ പണത്തിന്റെ ബലമായ ഊന്ന് ഞങ്ങളിൽനിന്ന് എടുത്തുകളഞ്ഞതോടെ എന്റെ കൂട്ടുകാരൻ അശുഭാപ്തിവിശ്വാസിയായി മാറിയിരുന്നു. ‘ ‘ഇതുപോലെ അപകടകരമായ കാട്ടുപ്രദേശത്തുകൂടെ ഒരു സാഹസികയാത്ര തുടങ്ങിയാൽ നാം ചെന്നവസാനിക്കുന്നത് ഋഷീശ്വരന്മാരുടെ നഗരത്തിലായിരിക്കുകയില്ല. പകരം വല്ല കടുവകളുടേയും ഉദരത്തിലായിരിക്കും!’ ’ അനന്തദായും അമറിന്റെ സഹോദരനും മൂന്നു ദിവസംകഴിഞ്ഞ് വന്നെത്തി. അമർ തന്റെ ബന്ധുവിനെ സ്നേഹത്തോടും ആശ്വാസത്തോടും സ്വീകരിച്ചു. ഞാൻ അനുരഞ്ജനത്തിന് തയ്യാറല്ലായിരുന്നു; അനന്തദായ'ക്ക് നിശിതമായ ഒരു ശകാരമല്ലാതെ മറ്റൊന്നും എന്നിൽ നിന്നു കിട്ടിയില്ല. ‘ ‘നിന്റെ വികാരം ഞാൻ മനസ്സിലാക്കുന്നു.’ ’ എന്റെ ജ്യേഷ്ഠൻ സാന്ത്വനവാക്കുകൾ പറഞ്ഞു. ‘ ‘ഒരു സന്ന്യാസിവര്യനെ കാണാൻ വാരാണസിയിൽ എന്നോടൊപ്പം വരാനും അവിടെനിന്ന് കൽക്കത്തയിൽ പോയി ദുഃഖാതുരനായ അച്ഛന്റെ കൂടെ ഏതാനും ദിവസം ചെലവിടാനും മാത്രമേ ഞാൻ ആവശ്യപ്പെടുന്നുള്ളൂ. എന്നിട്ട് ഒരു ഗുരുദേവനുവേണ്ടിയുള്ള നിന്റെ അന്വേഷണം വേണമെങ്കിൽ ഈ സ'ഥലത്ത് പുനരാരംഭിച്ചുകൊള്ളൂ.’ ’ അവന് ഹരിദ്വാറിലേക്ക് തിരിച്ചുവരാൻ ഉദ്ദേശമൊന്നുമില്ലെന്ന് സംഭാഷണത്തിന്റെ ഈ ഘട്ടത്തിൽ കടന്നുവന്നുകൊണ്ട് അമർ പറഞ്ഞു. ഗാർഹികസൗഖ്യം ആസ്വദിക്കുകയായിരുന്നു അവൻ. പക്ഷേ, ഗുരുവിനുവേണ്ടിയുള്ള എന്റെ അന്വേഷണം ഞാൻ ഒരിക്കലും ഉപേക്ഷിക്കുകയില്ലെന്ന് എനിക്ക് നല്ല ബോധ്യമുണ്ടായിരുന്നു.ഞങ്ങളുടെ സംഘം വാരാണസിക്കു തീവണ്ടികയറി. എന്റെ ഒരു പ്രാർഥനയ'ക്ക് അപൂർവവും തൽക്ഷണവുമായ പ്രതികരണം എനിക്കു അവിടെവച്ചു ലഭിച്ചു.അനന്തദാ വിദഗ്ദ്ധമായ ഒരു പദ്ധതി മുൻകൂട്ടി ആവിഷ്കരിച്ചിരുന്നു. ഹരിദ്വാറിലെത്തി എന്നെ കാണുന്നതിനുമുമ്പ് അദ്ദേഹം വാരാണസിയിൽ

തങ്ങി ഒരു വേദപണ്ഡിതനെ എന്നോട് ഒരു കൂടിക്കാഴ്ചയ്ക്കായി ഒരുക്കിയിരുന്നു. സന്ന്യാസി2യാകുന്നതിൽനിന്ന് എന്നെ പിന്തിരിപ്പിക്കാമെന്ന് പ്രസ്തുത പണ്ഡിതനും അദ്ദേഹത്തിന്റെ മകനുംകൂടി അനന്തദായോട് ഏറ്റിരുന്നു.അനന്തദാ എന്നെ അവരുടെ വീട്ടിലേക്ക് കൊണ്ടുപോയി. ചുറുചുറുക്കുള്ള സ്വഭാവക്കാരനായ മകൻ എന്നെ വീട്ടുമുറ്റത്തുവച്ച് അഭിവാദനംചെയ്തു. സുദീർഘമായ ഒരു തത്വചിന്താപ്രസംഗം കൊണ്ട് അയാൾ എന്നെ തളച്ചുനിർത്തി. ത്രികാലജ്ഞാനം തനിക്കുണ്ടെന്ന് അവകാശപ്പെട്ട അയാൾ ഒരു സന്ന്യാസിയാകുക എന്ന എന്റെ ആശയത്തെ നിരുത്സാഹപ്പെടുത്തി. 'നിങ്ങളുടെ നിത്യജീവിതത്തിലെ ഉത്തരവാദിത്വങ്ങൾ ഇട്ടെറിഞ്ഞുപോകുന്നതിൽ ഉറച്ചുനിന്നാൽ നിങ്ങൾ തുടർച്ചയായ ദുരന്തങ്ങൾ നേരിടുകയും നിങ്ങൾക്ക് ഈശ്വരനെ കണ്ടെത്താൻ കഴിയാതെവരികയും ചെയ്യും. ലോകാനുഭവങ്ങളിൽ കൂടിയല്ലാതെ നിങ്ങളുടെ സഞ്ചിതദ്കർമഫലത്തെ ദുരീകരിക്കാനും കഴിയില്ല.' ഭഗവദ്ഗീത4യിൽനിന്നുള്ള അനശ്വരമായ വാക്കുകൾ മറുപടിയായി എന്റെ ചുണ്ടത്തെത്തി: ' 'ഏറ്റവും നിന്ദ്യവാസനകൾ ഉള്ളവർപോലും എന്നെ നിരന്തരം ധ്യാനിച്ചാൽ അവന്റെ കഴിഞ്ഞകാല ദുഷ്കർമങ്ങളുടെ ഫലം വേഗത്തിൽ നശിച്ചുപോകും. ഒരു മഹാത്മാവായിത്തീർന്ന് വേഗം അവൻ നിത്യശാന്തി നേടുന്നു. ഇത് സുനിശ്ചിതമാണെന്നറിയൂ. എന്നിൽ വിശ്വാസമർപ്പിക്കുന്ന ഭക്തൻ ഒരിക്കലും നശിക്കുന്നില്ല!' ' എന്നാൽ ആ ചെറുപ്പക്കാരന്റെ ശക്തിയുക്തമായ പ്രവചനങ്ങൾ എന്റെ തന്റേടം അല്പം ഉലച്ചിരുന്നു. എന്റെ ഹൃദയത്തിലെ സകലഭക്തിയും സമാഹരിച്ച് ഞാൻ നിശ്ശബ്ദമായി ഈശ്വരനോടു പ്രാർഥിച്ചു: ' 'എന്റെ ആശയക്കുഴപ്പം പരിഹരിച്ചുകൊണ്ട് എനിക്ക് ഇവിടെ വച്ച് ഇപ്പോൾതന്നെ ശരിയായ ഉത്തരം തരൂ. ഞാൻ ഒരു സന്ന്യാസിയുടേയോ അതോ ഗൃഹസ്ഥന്റെയോ ജീവിതം നയിക്കാനാണോ അങ്ങ് ഇച്ഛിക്കുന്നത്?' ' പണ്ഡിതന്റെ വീട്ടിന്റെ മതിലിനു വെളിയിൽ തേജസ്വിയായ ഒരു സാധു നിൽക്കുന്നത് ഞാൻ ശ്രദ്ധിച്ചു. ത്രികാലജ്ഞനെന്ന് സ്വയം അവകാശപ്പെടുന്ന ആളും ഞാനും തമ്മിലുള്ള വാശിയേറിയ സംഭാഷണം അദ്ദേഹം കേട്ടു എന്നത് സ്പഷ്ടമായിരുന്നു. ആ അപരിചിതൻ എന്നെ അടുത്തേക്കു വിളിച്ചു. അദ്ദേഹത്തിന്റെ ശാന്തമായ കണ്ണുകളിൽനിന്ന് ഉജ്വലമായ ഒരു ശക്തി പ്രവഹിക്കുന്നതായി എനിക്കനുഭവപ്പെട്ടു. ' 'മകനെ, ആ വിവരംകെട്ടവൻ പറയുന്നത് ശ്രദ്ധിക്കേണ്ടാ. ഈ ജന്മത്തിൽ നിന്റെ ഒരേ ഒരു പാത സന്ന്യാസത്തിന്റേതാണെന്ന് നിനക്കു ഉറപ്പുനൽകാൻ നിന്റെ പ്രാർഥനയ്ക്കു മറുപടിയായി മഹാപ്രഭു എന്നോട് അരുളിചെയ്യുന്നു.' ' സുവ്യക്തമായ ഈ സന്ദേശം ലഭിച്ചപ്പോൾ ആശ്ചര്യത്തിന്റെയും കൃതജ്ഞതയുടെയും പുഞ്ചിരി എന്നിൽ വിടർന്നു. ' 'അയാളുടെ അടുത്തുനിന്ന് ഇങ്ങുപോരിക!' ' ആ ' 'വിവരം കെട്ടവൻ' ' മുറ്റത്തുനിന്നു വിളിക്കുകയായിരുന്നു. എന്റെ അഭിവന്ദ്യനായ മാർഗദർശി കൈ ഉയർത്തി എന്നെ അനുഗ്രഹിച്ചിട്ട് സാവധാനം നടന്നകന്നു. ' 'ആ സന്ന്യാസി നിന്നെപ്പോലെതന്നെ കിറുക്കനാണ്.' ' നരച്ചമുടിയുള്ള പണ്ഡിതനാണ് ഈ രസകരമായ നിരീക്ഷണം നടത്തിയത്. അയാളും മകനും എന്നെ മ്ലാനതയോടെ നോക്കിനിന്നു. ' 'ഈശ്വരനുവേണ്ടി അനിശ്ചിതമായ ഒരു അന്വേഷണത്തിനായി അയാളും വീടുവിട്ടതാണെന്ന് ഞാൻ കേട്ടിട്ടുണ്ട്.' ' ഞാൻ തിരിഞ്ഞുനടന്നു. ഇനി ഞങ്ങളുടെ ആതിഥേയരുമായി കൂടുതൽ ചർച്ചയ്ക്ക് ഞാനില്ലായെന്ന് ഞാൻ അനന്തദായോടു പറഞ്ഞു. ഉത്സാഹം നശിച്ച എന്റെ ജ്യേഷ്ഠൻ ഉടൻ യാത്രയാകാൻ സമ്മതിച്ചു; ഞങ്ങൾ വേഗം കൽക്കത്തയ്ക്ക് തീവണ്ടികയറി. ' 'മിസ്റ്റർ ഡിറ്റക്റ്റീവ്, ഞാൻ രണ്ടു കൂട്ടുകാരുമായി സ്ഥലം വിട്ടുവെന്ന് എങ്ങനെ കണ്ടുപിടിച്ചു?' ' വീട്ടിലേക്കുള്ള യാത്രയിൽ ഞാൻ എന്റെ സജീവമായ ജിജ്ഞാസ അനന്തദായോട് വെളിപ്പെടുത്തി. അദ്ദേഹം കുസൃതിയായി ചിരിച്ചു. ' 'അമരൻ ക്ലാസു വിട്ടൂവെന്നും തിരിച്ചു ചെന്നിട്ടില്ലായെന്നും നിന്റെ സ്കൂളിൽവച്ച് എനിക്ക് മനസ്സിലായി. അടുത്ത ദിവസം ഞാൻ അവന്റെ വീട്ടിൽപോയി അടയാളമിട്ട ഒരു റെയിൽവേ സമയവിവരപ്പട്ടിക കണ്ടെടുത്തു. അപ്പോൾ വണ്ടിയിൽ പോകാൻ തുടങ്ങുകയായിരുന്ന അമരന്റെ അച്ഛൻ വണ്ടിക്കാരനോടു സംസാരിക്കുകയായിരുന്നു. ' ' 'എന്റെ മകൻ ഇന്നു രാവിലെ എന്നോടൊപ്പം സവാരിക്കുണ്ടാവില്ല. അവൻ അപ്രത്യക്ഷനായിരിക്കുന്നു!' ആ അച്ഛൻ തേങ്ങി. ' 'വണ്ടിക്കാരൻ പറഞ്ഞു: 'അങ്ങയുടെ മകനും മറ്റു രണ്ടുപേരും യൂറോപ്യൻ വേഷത്തിൽ ഹൗറാ സ്റ്റേഷനിൽനിന്ന് തീവണ്ടി കയറിയെന്ന് എന്റെ കൂട്ടുകാരനായ ഒരു വണ്ടിക്കാരനിൽനിന്ന് ഞാൻ കേട്ടു. അയാൾക്ക് തങ്ങളുടെ തുകൽ ചെരുപ്പ് ദാനം ചെയ്തിട്ടാണ് അവർ പോയത്.' ' 'അങ്ങനെ എനിക്ക് മൂന്നു തുമ്പുകൾ കിട്ടി-സമയ വിവരപ്പട്ടിക, മൂന്ന് ആൺകുട്ടികൾ, ഇംഗ്ലീഷ് വസ്ത്രങ്ങൾ എന്നിവ.' ' ഇടകലർന്ന തമാശയോടും നിരാശയോടുമാണ് അനന്തദായുടെ വെളിപ്പെടുത്തലുകൾ ഞാൻ കേട്ടത്. വണ്ടിക്കാരനോടു കാട്ടിയ ഞങ്ങളുടെ ഔദാര്യം അല്പം അസ്ഥാനത്തായിപ്പോയി! ' 'സ്വാഭാവികമായും, അമരൻ അടയാളപ്പെടുത്തിയിരുന്ന എല്ലാ നഗരങ്ങളിലേയും റെയിൽവേ ഉദ്യോഗസ്ഥർക്ക് കമ്പിയടിക്കാൻ ഞാൻ തിടുക്കത്തിൽ പോയി. അമരൻ ബറേലി അടയാളപ്പെടുത്തിയിരുന്നതുകൊണ്ട് ഞാൻ നിന്റെ കൂട്ടുകാരൻ ദ്വാരകായ്ക്ക് കമ്പിയടിച്ചു. കൽക്കത്തയിലെ നമ്മുടെ അയൽപക്കങ്ങളിൽ അന്വേഷിച്ചപ്പോൾ, ജതിൻദാ ഒരു രാത്രി അവിടെയില്ലായിരുന്നുവെന്നും പക്ഷേ അടുത്ത ദിവസം രാവിലെ യൂറോപ്യൻ വേഷത്തിൽ തിരിച്ചെത്തി എന്നും ഞാനറിഞ്ഞു. ഞാൻ അവനെ തിരഞ്ഞുപിടിച്ചു അത്താഴത്തിനു ക്ഷണിച്ചു. എന്റെ സൗഹൃദഭാവത്തിൽ ആശങ്കവെടിഞ്ഞ അവൻ ആ ക്ഷണം സ്വീകരിച്ചു. വഴിയിൽ, സംശയത്തിന് ഇടകൊടുക്കാതെ ഒരു പോലീസ് സ്റ്റേഷനിലേക്ക് ഞാൻ അവനെ നയിച്ചു. ഞാൻ

നേരത്തെതന്നെ തിരഞ്ഞെടുത്തിരുന്ന, കാഴ്ചയിൽ ഭയങ്കരരായ അനേകം പോലീസുദ്യോഗസ'ഥന്മാർ അവനെ വളഞ്ഞു. അവരുടെ ഭീഷണമായ നോട്ടത്തിൽ ഭയന്ന ജതിൻദാ തന്റെ ഗൂഢമായ പെരുമാറ്റത്തിന്റെ കാരണം വിശദീകരിക്കാമെന്ന് സമ്മതിച്ചു. ‘ ‘ ‘ഞാൻ ഹിമാലയത്തിലേക്കു തിരിച്ചത് ഉത്സാഹഭരിതമായ ഒരു ആത്മീയ മനോവൃത്തിയോടെയായിരുന്നു.’ അവൻ വിശദീകരിച്ചു. ‘ആചാര്യന്മാരെ കണ്ടെത്താമെന്ന പ്രതീക്ഷയിൽ എന്നിൽ പ്രചോദനം നിറഞ്ഞു. ‘ ‘ഹിമാലയഗുഹാന്തരങ്ങളിൽ നാം ആത്മനിർവൃതിയിൽ ലയിക്കുമ്പോൾ കടുവകൾ മന്ത്രമുഗ്ദ്ധരായി വെറും ഇണങ്ങിയ ചക്കിപ്പൂച്ചകളെപ്പോലെ നമുക്കു ചുറ്റും ഇരിക്കും’ ’ എന്ന് മുകുന്ദൻ പറഞ്ഞയുടൻ എന്റെ ആവേശം തണുത്തുറഞ്ഞു; എന്റെ നെറ്റിയിൽ വിയർപ്പുതുള്ളികൾ പൊടിഞ്ഞു. ‘ ‘പിന്നീട് എന്തുണ്ടാകും?’ ’ ഞാൻ ആലോചിച്ചു. ‘ ‘ഞങ്ങളുടെ ആത്മീയപ്രഭാവത്താൽ കടുവകളുടെ ദുഷ്ടസ്വഭാവം മാറുന്നില്ലെങ്കിൽ അവ ഞങ്ങളോടു വീട്ടുപൂച്ചകളുടെ സ്നേഹത്തോടെ പെരുമാറുമോ?’ ’ എന്റെ മനസ്സിലെ കണ്ണിൽ ഞാൻ എന്നെത്തന്നെ ഏതോ കടുവയുടെ വയറ്റിൽ നിർബന്ധമായെത്തിയ അന്തേവാസിയായിക്കണ്ടു — അവിടെ പ്രവേശിക്കുന്നതോ ഒന്നായ ശരീരത്തോടെയല്ല പിെന്നയോ, അതിന്റെ വ്യത്യസ്തഭാഗങ്ങളുടെ പല കഷണങ്ങളായിട്ട്.’ ’ ജതിൻദായുടെ അന്തർധാനത്തിൽ എനിക്കുണ്ടായിരുന്ന ദേഷ്യം പൊട്ടിച്ചിരിയിൽ ആവിയായിപ്പോയി. തീവണ്ടിയിൽവച്ചു ലഭിച്ച ഈ രസകരമായ വിശദീകരണം അയാൾ എനിക്കുണ്ടാക്കിയ തീവ്രമായ മനപ്രയാസത്തിന് മതിയായ പരിഹാരമായി. എനിക്ക് ഒരല്പം സംതൃപ്തിയുടെ തോന്നലും ഉണ്ടായതായി സമ്മതിക്കണം: പോലീസുമായുള്ള ഒരു ഏറ്റുമുട്ടലിൽനിന്ന് ജതിൻദായും രക്ഷപ്പെട്ടില്ലല്ലോ! ‘ ‘അനന്തദാ5, നിങ്ങൾ ഒരു തനി ഡിറ്റക്റ്റീവ്, തന്നെ!’ ’ എന്റെ തമാശ നിറഞ്ഞ നോട്ടം അല്പം രോഷം കലരാത്തതായിരുന്നില്ല. ‘ ‘നേരത്തെ വിചാരിച്ചതുപോലെ ചതിക്കണമെന്ന വിചാരമല്ല, ആത്മരക്ഷയെന്ന വിവേകപൂർവമായ ജന്മവാസനയാണ് അയാളെ പ്രേരിപ്പിച്ചത് എന്നതിൽ, എനിക്ക് സന്തോഷമുണ്ടെന്ന് ജതിൻദായോടു ഞാൻ പറയും!’ ’ കൽക്കത്തയിലെ വീട്ടിലെത്തിയപ്പോൾ ഹൈസ്കൂൾ പഠിത്തം മുഴുമിപ്പിക്കുന്നതുവരെയെങ്കിലും എന്റെ ഊരുചുറ്റുന്ന പാദങ്ങളെ നിയന്ത്രിക്കണമെന്ന് അച്ഛൻ ഉള്ളിൽതട്ടുംവിധം അപേക്ഷിച്ചു. ഞാൻ അവിടെ ഇല്ലായിരുന്നപ്പോൾ, അദ്ദേഹം സ്നേഹപൂർവം ഒരു ഗൂഢപദ്ധതി തയ്യാറാക്കിയിരുന്നു. ആത്മജ്ഞാനിയായ സ്വാമി കേവലാനന്ദനെ എന്റെ വീട്ടിൽ പതിവായി വരാൻ അദ്ദേഹം ഏർപ്പാടു ചെയ്തു. ‘ ‘ഈ പുണ്യാത്മാവ് നിന്റെ സംസ്കൃതം അധ്യാപകനായിരിക്കും,’ ’ എന്റെ അച്ഛൻ ആത്മവിശ്വാസത്തോടെ വെളിപ്പെടുത്തി.പണ്ഡിതനായ ഒരു ദാർശനികനിൽനിന്നുള്ള പ്രബോധനം കൊണ്ട് എന്റെ ആധ്യാത്മികവാഞ്ഛകളെ തൃപ്തിപ്പെടുത്താമെന്ന് അച്ഛൻ ആശിച്ചു. എന്നാൽ സംഭവിച്ചത് മറിച്ചാണ്: പുതിയ അധ്യാപകൻ ബുദ്ധിപരമായ ശുഷ്കതകൾ വച്ചുനീട്ടുന്നതിനു പകരം എന്റെ ആത്മീയാഭിലാഷങ്ങളെ ഉദ്ദീപിപ്പിക്കുകയാണ് ചെയ്തത്. സ്വാമി കേവലാനന്ദൻ ലാഹിരി മഹാശയന്റെ ഒരു ശ്രേഷ്ഠശിഷ്യനായിരുന്നുവെന്നത് അച്ഛന് അറിയാമായിരുന്നില്ല. തന്റെ ദൈവികമായ കാന്തശക്തിയുടെ അപ്രതിരോധ്യതയാൽ നിശ്ശബ്ദം തന്നിലേക്ക് ആകർഷിക്കപ്പെട്ട ആയിരക്കണക്കിനു ശിഷ്യന്മാർ ആ അതുല്യഗുരുവിന് ഉണ്ടായിരുന്നു. ലാഹിരി മഹാശയൻ കേവലാനന്ദജിയെ പലപ്പോഴും ‘ഋഷി’ യായി ചിത്രീകരിച്ചിരുന്നു.ഇടതൂർന്ന മുടിച്ചുരുളുകൾ എന്റെ അധ്യാപകന്റെ സുന്ദരമായ മുഖത്തെ വലയം ചെയ്തിരുന്നു. അദ്ദേഹത്തിന്റെ കറുത്ത കണ്ണുകൾ നിഷ്കളങ്കമായിരുന്നു, ഒരു കുഞ്ഞിന്റേതുപോലെ സുതാര്യവും. അദ്ദേഹത്തിന്റെ ശരീരം മെലിഞ്ഞിരുന്നു. അതിന്റെ ചലനങ്ങൾ എല്ലാം ശാന്തവും ശ്രദ്ധാപൂർണവുമായിരുന്നു. സദാസൗമ്യനും സ്നേഹമയനുമായ അദ്ദേഹം അനന്തതാബോധത്തിൽ നിത്യപ്രതിഷ്ഠനായിരുന്നു. ഒന്നിച്ച് സന്തോഷകരമായികഴിഞ്ഞ സമയത്തിന്റെ അധികഭാഗവും ക്രിയാധ്യാനത്തിലാണ് ഞങ്ങൾ ചെലവഴിച്ചത്. [image file=image_rsrcRU.jpg] സ്വാമി കേവലാനന്ദൻ യോഗാനന്ദജിയുടെ പ്രിയപ്പെട്ട സംസ്കൃതം അധ്യാപകൻസ്വാമി കേവലാനന്ദൻ പുരാതന ശാസ്ത്രഗ്രന്ഥങ്ങളിൽ അവഗാഹംനേടിയ പ്രമുഖപണ്ഡിതനായിരുന്നു; അദ്ദേഹത്തിന്റെ പാണ്ഡിത്യം അദ്ദേഹത്തിന് ‘ ‘ശാസ്ത്രിമഹാശയൻ’ ’ എന്ന അപരനാമം സമ്പാദിച്ചുകൊടുത്തു. ആ നാമധേയത്തിലാണ് അദ്ദേഹം സാധാരണയായി സംബോധനചെയ്യപ്പെട്ടിരുന്നത്. എന്നാൽ സംസ്കൃതത്തിൽ എന്റെ പാണ്ഡിത്യത്തിന്റെ പുരോഗതി എടുത്തു പറയത്തക്കതായിരുന്നില്ല. കിട്ടിയ അവസരങ്ങളെല്ലാം ശുഷ്കമായ വ്യാകരണത്തെ ഉപേക്ഷിച്ച് യോഗശാസ്ത്രത്തെയും ലാഹിരി മഹാശയനെയുംപറ്റി സംസാരിക്കാൻ ഞാൻ ശ്രമിച്ചു. ഒരു ദിവസം എന്റെ അധ്യാപകൻ ആ ഗുരുവിനോടൊത്തുള്ള തന്റെ ജീവിതത്തെപ്പറ്റി ചിലതൊക്കപ്പെറഞ്ഞ് എന്നെ അനുഗ്രഹിച്ചു. ‘ ‘ അസുലഭ ഭാഗ്യാതിരേകംകൊണ്ട് ലാഹിരി മഹാശയനോടൊപ്പം പത്തുവർഷം കഴിയുവാൻ എനിക്കു സാധിച്ചു. അദ്ദേഹത്തിന്റെ വാരാണസിയിലെ വീട് എന്റെ രാത്രികാല തീർഥയാത്രകളുടെ ലക്ഷ്യസ'ഥാനമായിരുന്നു. രണ്ടാമത്തെ നിലയിൽ മുൻവശത്തെ കൊച്ചുമുറിയിൽ ഗുരുദേവൻ എപ്പോഴും ഉണ്ടാകും. തടികൊണ്ടുള്ള ചാരില്ലാത്ത ഒരു പീഠത്തിൽ അദ്ദേഹം പത്മാസനത്തിൽ ഇരിക്കുമ്പോൾ, ശിഷ്യന്മാർ മുന്നിൽ അർധവൃത്താകൃതിയിൽ അദ്ദേഹത്തെ വലയം ചെയ്ത് ഇരുന്നിരുന്നു. അദ്ദേഹത്തിന്റെ കണ്ണുകൾ ദിവ്യമായ പരമാനന്ദത്തിൽ നൃത്തമാടി തിളങ്ങി. അനന്താനന്ദത്തിന്റെ തലങ്ങളിലേക്ക് ഉൾക്കണ്ണിലൂടെ ഉറ്റുനോക്കികൊണ്ട് അവ എപ്പോഴും പാതി

അടഞ്ഞിരിക്കും. അപൂർവമായേ അദ്ദേഹം ദീർഘമായി സംസാരിച്ചിരുന്നുള്ളൂ. തന്റെ സഹായം ആവശ്യമുള്ള ശിഷ്യനിൽ ഇടയ'ക്കിടെ അവ കേന്ദ്രീകരിക്കും; അപ്പോൾ പ്രകാശത്തിന്റെ പ്രവാഹം പോലെ ആശ്വാസവചനങ്ങൾ ഒഴുകുകയായി. ‘ ‘ഗുരുദേവൻ ഒന്നു നോക്കിയാൽ അവാച്യമായ ഒരു ശാന്തി എന്റെ ഉള്ളിൽ പൂവണിയും. അനന്തതയുടെ താമരയിൽ നിന്നെന്നപോലെ അദ്ദേഹത്തിന്റെ സുഗന്ധം എന്നിൽ വ്യാപരിക്കും. ദിവസങ്ങളോളം ഒരുവാക്ക് സംസാരിച്ചില്ലെങ്കിൽപോലും അദ്ദേഹത്തോടൊപ്പം ഉണ്ടായിരിക്കുകയെന്നത് എന്റെ സത്തയെ സമ്പൂർണമായി പരിവർത്തനംചെയ്യുന്ന ഒരു അനുഭവമായിരുന്നു. എന്റെ ഏകാഗ്രതയുടെ പാതയിൽ അദൃശ്യമായ ഏതെങ്കിലും തടസ്സമുണ്ടായാൽ ഞാൻ ഗുരുപാദങ്ങളിൽ ധ്യാനനിരതനാകും. അവിടെ ഏറ്റവും സൂക്ഷ്മതമമായ അവസ'ഥകൾപോലും എളുപ്പത്തിൽ എന്റെ പിടിയിൽ ഒതുങ്ങുമായിരുന്നു. അത്തരത്തിലുള്ള ജ്ഞാനദർശനങ്ങൾ കുറെക്കൂടി എളിയ ആചാര്യന്മാരുടെ സന്നിധിയിൽ എനിക്ക് അപ്രാപ്യമായിരുന്നു. എല്ലാ ശിഷ്യന്മാർക്കും ഭക്തിയിലൂടെ പ്രവേശിക്കാവുന്ന രഹസ്യവാതിലുകൾ തുറന്നിട്ടിരുന്ന, ഈശ്വരന്റെ ജീവൻ തുടിക്കുന്ന ഒരു ദേവാലയമായിരുന്നു ഗുരുദേവൻ. ‘ ‘ലാഹിരി മഹാശയൻ ഗ്രന്ഥങ്ങളെ ആശ്രയിച്ച് വേദശാസ്ത്രങ്ങൾ വ്യാഖ്യാനിക്കുന്ന ആളായിരുന്നില്ല. ‘ ‘ ദൈവികഗ്രന്ഥശേഖരത്തിൽ’ ’ അദ്ദേഹം അനായാസമായി നിമഗ്നനായി. അദ്ദേഹത്തിന്റെ സർവജ്ഞത്വത്തിന്റെ ജലധാരയിൽനിന്ന് വാക്കുകളുടെ നുരയും പതയും, ചിന്തകളുടെ ജലകണങ്ങളും ശക്തിയായി ഒഴുകി. യുഗങ്ങളായി വേദ7ങ്ങളിൽ ഒളിഞ്ഞിരുന്ന അഗാധമായ ദാർശനിക ശാസ്ത്രവിജ്ഞാനം തുറന്നു വെളിയിൽ കൊണ്ടുവരുന്നതിനുള്ള മാന്ത്രികത്താക്കോൽ അദ്ദേഹത്തിന്റെ കൈവശം ഉണ്ടായിരുന്നു. പുരാതനഗ്രന്ഥങ്ങളിൽ പറഞ്ഞിരിക്കുന്ന വ്യത്യസ്ത ബോധതലങ്ങൾ വിശദീകരിക്കാൻ ആവശ്യപ്പെട്ടാൽ അദ്ദേഹം പുഞ്ചിരിയോടെ സമ്മതിക്കും. ‘ ‘ ‘ ഞാനിപ്പോൾ ആ ബോധതലങ്ങളിൽ കൂടികടന്നുപോയിട്ട്, എന്തു കാണുന്നുവെന്നു പറയാം.’ അങ്ങനെ, വേദഗ്രന്ഥങ്ങൾ മനഃപ്പാഠമാക്കിയിട്ട്, സ്വാനുഭവമില്ലാത്ത ആശയങ്ങൾ വിളമ്പുന്ന അധ്യാപകരിൽനിന്ന് തികച്ചും വിഭിന്നനായിരുന്നു അദ്ദേഹം. ‘ ‘ ‘നിനക്ക് അർഥം തോന്നുന്ന രീതിയിൽ ഈ വിശുദ്ധ ശ്ലോകങ്ങൾ വ്യാഖ്യാനിക്കൂ.’ മിതഭാഷിയായ ഗുരുദേവൻ പലപ്പോഴും ഇങ്ങനെ ഒരു നിർദേശം അടുത്തിരിക്കുന്ന ഒരു ശിഷ്യനു നൽകുമായിരുന്നു. ‘ശരിയായി വ്യാഖ്യാനിക്കാൻ ഞാൻ നിന്റെ ചിന്തകളെ നയിക്കാം.’ ഈ രീതിയിൽ തന്റെ ശിഷ്യന്മാരുടെ അതിവിശദമായ ഭാഷ്യത്തോടുകൂടി ലാഹിരി മഹാശയന്റെ ധാരാളം ഉൾക്കാഴ്ചകൾ രേഖപ്പെടുത്താൻ ഇടയായി. ‘ ‘ഗുരുദേവൻ അന്ധമായ വിശ്വാസം ഒരിക്കലും ശുപാർശ ചെയ്തില്ല. ‘വാക്കുകൾ പുറന്തോടു മാത്രമാണ്. നിങ്ങളുടെ സ്വന്തം ധ്യാനത്തിലെ ആനന്ദകരമായ സമ്പർക്കത്തിലൂടെ ഈശ്വരസാന്നിധ്യത്തിൽ ഉറച്ച വിശ്വാസം സമ്പാദിക്കുക.’ അദ്ദേഹം പറഞ്ഞു. ‘ ‘ശിഷ്യന്റെ പ്രശ്നം എന്തുതന്നെയായാലും, പരിഹാരമായി ഗുരുദേവൻ ഉപദേശിച്ചത് ക്രിയായോഗം ആയിരുന്നു. ‘ ‘ ‘ നിങ്ങൾക്കു മാർഗദർശനം നൽകാൻ ഞാൻ ഈ ശരീരത്തിൽ ഇല്ലാതെയാകുമ്പോഴും ഈ യോഗമാർഗത്തിന്റെ ഫലദായകത്വം നഷ്ടപ്പെടുകയില്ല. പ്രചോദനാത്മകമായ പ്രമാണങ്ങൾപോലെ പുറംചട്ടയിൽ പൊതിഞ്ഞ്, ഫയലിൽ തിരുകി മറക്കപ്പെടേണ്ടതല്ല ഈ സങ്കേതം. ക്രിയയുടെ ശക്തി അനുഷ്ഠാനത്തിലാണിരിക്കുന്നത്. ക്രിയയിലൂടെ നിങ്ങളുടെ വിമോചനത്തിന്റെ പാതയിൽ നിരന്തരം മുന്നേറുക.’ ‘ ‘ഈശ്വരാന്വേഷണത്തിൽ ഉരുത്തിരിഞ്ഞു വന്നിട്ടുള്ളവയിൽ, സ്വപ്രയത്നത്താലുള്ള മോക്ഷപ്രാപ്തിക്ക് ഏറ്റവും ഫലവത്തായ പദ്ധതിയെന്നു ഞാൻ കരുതുന്നതും ക്രിയ തന്നെയാണ്.’ ’ ആത്മാർഥമായ ഈ സാക്ഷിപത്രത്തോടെ സ്വാമി കേവലാനന്ദൻ തന്റെ വാക്കുകൾ ഉപസംഹരിച്ചു. ‘ ‘എല്ലാ മനുഷ്യരിലും നിർലീനനായ സർവശക്തൻ, ലാഹിരി മഹാശയന്റെയും അദ്ദേഹത്തിന്റെ അനേകം ശിഷ്യന്മാരുടെയും ദേഹത്തിൽ, അതിന്റെ അനുഷ്ഠാനത്തിലൂടെ കാണപ്പെട്ട അവതാരമായിത്തീർന്നു.’ ’ വിസ്മയകരമായ ഒരു ദിവ്യാത്ഭുതം കേവലാനന്ദസ്വാമിയുടെ സാന്നിധ്യത്തിൽ ലാഹിരി മഹാശയൻ കാട്ടി. ഞങ്ങളുടെ മുന്നിലെ മേശമേലുണ്ടായിരുന്ന സംസ്കൃതഗ്രന്ഥങ്ങളിൽനിന്ന് എത്രയോ അകലെയായിരുന്ന കണ്ണുകളോടെ എന്റെ പുണ്യാത്മാവായ അധ്യാപകൻ ഒരു ദിവസം ആ കഥ വിവരിച്ചു. ‘ ‘രാമു എന്ന അന്ധനായ ഒരു ശിഷ്യൻ എന്റെ അനുകമ്പ ശക്തമായി ഉണർത്തി. ഈശ്വരചൈതന്യം തന്നിൽ പൂർണമായി ഉജ്വലിച്ചുനിൽക്കുന്ന ഞങ്ങളുടെ ഗുരുദേവനെ വിശ്വസ്തതയോടെ സേവിക്കുമ്പോൾ അവന്റെ കണ്ണുകളിൽ പ്രകാശം വേണ്ടെന്നോ? ഒരു പ്രഭാതത്തിൽ ഞാൻ രാമുവിനോട് സംസാരിക്കാൻ ശ്രമിച്ചു. പക്ഷേ അവൻ, പനയോല വിശറി കൊണ്ട് ഗുരുദേവനെ മണിക്കൂറുകളോളം ക്ഷമയോടെ വീശിക്കൊണ്ടേ ഇരുന്നു. ഒടുവിൽ ആ ഭക്തൻ മുറി വിട്ടപ്പോൾ ഞാൻ അവനെ പിൻതുർന്നു. ‘ ‘ ‘ രാമു, നീ എത്ര കാലമായി അന്ധനായിട്ട്?’ ‘ ‘ ‘എന്റെ ജനനം മുതൽ, പ്രഭോ! സൂര്യനെ കാണുവാനുള്ള ഭാഗ്യം ഒരിക്കലും എന്റെ കണ്ണുകൾക്കുണ്ടായിട്ടില്ല.’ ‘ ‘നമ്മുടെ സർവശക്തനായ ഗുരുദേവന് നിന്നെ സഹായിക്കാൻ കഴിയും. ഒന്നപേക്ഷിച്ചു നോക്കൂ.’ ‘ ‘അടുത്ത ദിവസം രാമു മടിച്ചു മടിച്ചു ലാഹിരി മഹാശയന്റെ സമീപമെത്തി. തനിക്കു ധാരാളമായി ലഭിച്ചിരിക്കുന്ന ആത്മീയസമ്പത്തിന്റെ പുറമെ ഭൗതിക നേട്ടം കൂടി തരണമെന്നാവശ്യപ്പെടാൻ രാമുവിന് ലജ്ജതോന്നി. ‘ ‘ ‘ഗുരുദേവാ, പ്രപഞ്ചത്തിനു വെളിച്ചം നൽകുന്നവൻ അങ്ങിലുണ്ട്. തേജസ്സു കുറഞ്ഞ സൂര്യപ്രകാശം എനിക്ക് ദർശിക്കത്തക്കവിധം അവന്റെ പ്രകാശം എന്റെ കണ്ണുകൾക്കു നൽകാൻ ഞാൻ അങ്ങയോട് പ്രാർഥിക്കുന്നു.’ ‘ ‘ ‘രാമൂ, ആരോ എന്നെ ബുദ്ധിമുട്ടിക്കാനായി

തുനിഞ്ഞിരിക്കുകയാണ്. എനിക്ക് രോഗവിമോചകശക്തി ഒന്നുമില്ല.' ' ' ' 'പ്രഭോ, അങ്ങിലുള്ള ഈശ്വരശക്തിക്ക് തീർച്ചയായും രോഗ വിമോചനം തരാനാകും.' ' ' ' ' 'വാസ്തവത്തിൽ അതിനു വ്യത്യാസമുണ്ട്, രാമൂ, ഈശ്വരന് അതിരുകളില്ല! നക്ഷത്രങ്ങളേയും ശരീരകോശങ്ങളേയും ദുർഗ്രാഹ്യമായ ജീവുലിംഗങ്ങളാൽ ഉജ്വലിപ്പിക്കുന്ന അദ്ദേഹത്തിന് നിന്റെ കണ്ണുകൾക്ക് കാഴ്ചശക്തിയുടെ പ്രകാശം തരാൻ നിശ്ചയമായും സാധിക്കും.' ഗുരുദേവൻ രാമുവിന്റെ തിരുനെറ്റിയിൽ തൊട്ടു.8 ' ' 'നിന്റെ മനസ്സ് അവിടെ ഏകാഗ്രമാക്കൂ. രാമനാമം ഏഴുദിവസം തുടരെ ജപിക്കൂ. സൂര്യപ്രകാശത്തിന്റെ ഉജ്വലശോഭ ഒരു പുതിയ പ്രഭാതം നിനക്കുനൽകും.' ' ' ഒരാഴ്ചക്കുള്ളിൽ അത് അങ്ങനെതന്നെ സംഭവിച്ചു. പ്രകൃതിയുടെ സുന്ദരമുഖം രാമു ആദ്യമായി ദർശിച്ചു. അവന്റെ ഇഷ്ടദേവതയായ ശ്രീരാമന്റെ തന്നെ നാമം ജപിക്കാൻ സർവജ്ഞനായ ഗുരുദേവൻ പിഴ പറ്റാത്ത നിർദേശം നൽകി. ഗുരുദേവൻ നിത്യമായ രോഗവിമോചനത്തിന്റെ ശക്തമായ ബീജങ്ങൾ അങ്കുരിപ്പിച്ചത് ഭക്തികൊണ്ട് ഉഴുതുമറിച്ച രാമുവിന്റെ വിശ്വാസമെന്ന മണ്ണിലായിരുന്നു ' ' കേവലാനന്ദൻ ഒരു നിമിഷം നിശ്ശബ്ദനായിരുന്നു. എന്നിട്ട് തന്റെ ഗുരുദേവന് വീണ്ടുമൊരു ആദരാഞ്ജലി അർപ്പിച്ചു. ' 'ലാഹിരി മഹാശയന്റെ ഓരോരോ അത്ഭുതപ്രവൃത്തികളിലും താനാണ് കർത്താവെന്ന അഹങ്കാരം9 കടന്നുവരാൻ അദ്ദേഹം ഒരിക്കലും അനുവദിച്ചിരുന്നില്ലയെന്ന് വ്യക്തമായിരുന്നു. ഈശ്വരനെന്ന പരമരോഗവിമോചകശക്തിക്ക് താൻ പരിപൂർണമായി ആത്മസമർപ്പണം ചെയ്തിരുന്നു. അതുകൊണ്ട് അദ്ദേഹം തന്നിലൂടെ അതിന് ഒരു തടസ്സവുമില്ലാതെ ഒഴുകാൻ വഴിയൊരുക്കി. ' 'ലാഹിരി മഹാശയനിലൂടെ അത്ഭുതകരമായ രോഗശാന്തി നേടിയ എത്രയോ ശരീരങ്ങൾ ഒടുവിൽ ശവദാഹത്തിൽ അഗ്നിക്കിരയാകേണ്ടിവന്നു. പക്ഷേ അദ്ദേഹം സൃഷ്ടിച്ച നിശ്ശബ്ദമായ ആത്മീയ നവോത്ഥാനവും അദ്ദേഹം വളർത്തിയെടുത്ത ഈശ്വരസദൃശരായ ശിഷ്യരുമാണ് അദ്ദേഹത്തിന്റെ അനശ്വരമായ ദിവ്യാത്ഭുതങ്ങൾ.' ' ഞാൻ ഒരിക്കലും ഒരു സംസ്കൃതപണ്ഡിതനായില്ല. ദിവ്യതരമായ ഒരു വ്യാകരണമാണ് കേവലാനന്ദൻ എന്നെ പഠിപ്പിച്ചത്. [image file=image_rsrcSS.jpg] 1 ഇവിടെ വിവരിച്ചിരിക്കുന്നു.2 വാച്യാർഥം: ത്യാഗി; ' ' ദൂരെ എറിയുക' ' എന്നർഥം വരുന്ന സംസ്കൃതക്രിയാധാതുക്കളിൽനിന്ന്.3 ഈ ജന്മത്തിലെയോ കഴിഞ്ഞ ജന്മത്തിലെയോ മുൻചെയ്തികളുടെ ഫലങ്ങൾ; ക്രി പ്രവർത്തിക്കുക (സംസ്കൃതം).4 അധ്യായം 9, ശ്ലോകം 30-31.5 അനന്ത—ദാ എന്നാണ് ഞാൻ അദ്ദേഹത്തെ എപ്പോഴും സംബോധന ചെയ്തിരുന്നത്. ദാ എന്നത് അനുജന്മാരും അനുജത്തിമാരും മൂത്ത ചേട്ടന്റെ പേരിനോട് ചേർക്കുന്ന ആദരസൂചകമായ ശബ്ദമാണ്.6 ഞങ്ങൾ കണ്ടുമുട്ടുമ്പോൾ കേവലാനന്ദജി, സ്വാമി ആയിട്ടില്ലായിരുന്നു. ശാസ്ത്രി മഹാശയൻ എന്നായിരുന്നു അദ്ദേഹം പൊതുവേ അറിയപ്പെട്ടിരുന്നത്. ലാഹിരി മഹാശയന്റെയും മാസ്റ്റർ മഹാശയന്റെയും (അധ്യായം 9) പേരുകളുമായി തെറ്റിദ്ധരിക്കാതിരിക്കാൻ എന്റെ സംസ്കൃത അധ്യാപകനെ, അദ്ദേഹത്തിന്റെ പിൽക്കാല സന്ന്യാസനാമമായ സ്വാമി കേവലാനന്ദൻ എന്നു മാത്രം ഞാൻ പരാമർശിക്കുന്നു. അദ്ദേഹത്തിന്റെ ജീവചരിത്രം അടുത്തകാലത്ത് ബംഗാളിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബംഗാളിലെ ഖുൽനാജില്ലയിൽ 1863-ൽ ജനിച്ച അദ്ദേഹം 68-ാമത്തെ വയസ്സിൽ വാരാണസിയിൽ വച്ച് ശരീരം വെടിഞ്ഞു. പൂർവാശ്രമത്തിൽ അദ്ദേഹത്തിന്റെ പേര് അശുതോഷ് ചാട്ടർജി എന്നായിരുന്നു.7 പുരാതനമായ നാലു വേദങ്ങളിലെ നൂറിലധികം ധർമസിദ്ധാന്ത ഗ്രന്ഥാവലി കാലത്തെ അതിജീവിച്ചു നിലനിന്നു പോരുന്നു. തന്റെ ജേർണലിൽ എമേഴ്സൺ വൈദികചിന്തയെ ഇങ്ങനെ സ്തുതിച്ചു: ' 'അത് ആതപംപോലെ, രാത്രിപോലെ, കാറ്റുവീശാത്ത സാഗരംപോലെ ഉദാത്തമാണ്. മതപരമായ സമസ്ത മനോവികാരങ്ങളേയും ഭാവങ്ങളേയും അവ ഉൾക്കൊള്ളുന്നു. കാവ്യാത്മക മനസ്സുകളെ മുറയ'ക്കു സന്ദർശിക്കുന്ന എല്ലാ വിശിഷ്ട ധർമസംഹിതകളെയും ഉൾക്കൊള്ളുന്നു.... ആ ഗ്രന്ഥം മാറ്റിവച്ചിട്ട് കാര്യമില്ല; വനാന്തരങ്ങളിലോ, തടാകത്തിലെ നൗകയിലോ എനിക്ക് എന്നെ വിശ്വസിക്കാമെങ്കിൽ ഉത്തരക്ഷണത്തിൽ പ്രകൃതി എന്നെ ഒരു ബ്രാഹ്മണനാക്കുന്നു: നിത്യമായ അനിവാര്യത, ശാശ്വതമായ പ്രതിഫലം, അനന്തമായ ശക്തി, ഭഞ്ജിക്കപ്പെടാത്ത നിശ്ശബ്ദത.... ഇതാണ് അവളുടെ വിശ്വാസപ്രമാണം. അവൾ എന്നോടു പറയുന്നു, ശാന്തി, വിശുദ്ധി, സമ്പൂർണമായ പരിത്യാഗം ഈ സർവരോഗസംഹാരികൾ എല്ലാ പാപങ്ങളേയും കഴുകിക്കളഞ്ഞ് നിങ്ങളെ അഷ്ടമൂർത്തിയുടെ പരമാനന്ദത്തിൽ എത്തിക്കുന്നു.' ' 8 'ഏകം' അഥവാ 'ആത്മീയ' നേത്രത്തിന്റെ ഇരിപ്പിടം. മരണത്തിൽ മനുഷ്യന്റെ ബോധം സാധാരണയായി ഈ പവിത്രസ'ഥാനത്തേക്ക് ആനയിക്കപ്പെടുന്നു; അതുകൊണ്ടാണ് മരിച്ച വ്യക്തിയുടെ കണ്ണുകൾ മേലേക്ക് ഉയർന്നിരിക്കുന്നത്.9 ' 'അഹംബോധമാണ് ദ്വൈതത്തിന്റെ, അഥവാ മനുഷ്യന് അവന്റെ സ്രഷ്ടാവുമായി ഉണ്ടെന്നു തോന്നുന്ന വേർപാടിന്റെ മൂലകാരണം. അഹംബോധം മനുഷ്യനെ മായയുടെ അധീനതയിൽ കൊണ്ടുവരുന്നു. അങ്ങനെ വിഷയങ്ങൾ വസ്തുവെന്നു തെറ്റായി കാണപ്പെടുന്നു; സൃഷ്ടികൾ തങ്ങൾ സ്രഷ്ടാവാണെന്ന് സങ്കൽപ്പിക്കുന്നു. ' ' കാണുകയും കേൾക്കുകയും, സ്പർശിക്കുകയും, മണക്കുകയും, ഭക്ഷിക്കുകയും, ചലിക്കുകയും, ഉറങ്ങുകയും, ശ്വസിക്കുകയും, സംസാരിക്കുകയും, വിസർജിക്കുകയും, പിടിക്കുകയും, കണ്ണ് അടയ'ക്കുകയും തുറക്കുകയും ചെയ്യുന്നുണ്ടെങ്കിലും, ഇന്ദ്രയങ്ങൾ ഇന്ദ്രിയവസ്തുക്കളിൽ പ്രകൃതിയാൽ നിയോഗിക്കപ്പെട്ടു പ്രവർത്തിക്കുകകൊണ്ട് സത്യം അറിയുന്നയാൾ ഈശ്വരനിൽ ഒന്നുചേർന്ന് ' 'സ്വതവേ താൻ സ്വയം ഒന്നും ചെയ്യുന്നില്ല.' ' എന്ന് ബോധ്യപ്പെടുന്നു. (V:8-9). കർമങ്ങൾ സമ്പൂർണമായും പ്രകൃതിതന്നെയാണ്, അല്ലാതെ താനല്ല ചെയ്യുന്നതെന്ന് കാണുന്നയാൾ

സത്യം കാണുന്നു. (XIII:29). ജനിക്കാത്തവനാണെങ്കിലും, ഏറ്റക്കുറച്ചിലില്ലാത്ത സത്തയാണെങ്കിലും സമസ്ത സൃഷ്ടിയുടെയും നാഥനാണെങ്കിലും, എന്റെ വിശ്വപ്രകൃതിയിൽ ഉള്ളിലിരിക്കുന്നവനായി, ആത്മാവിൽ മായകൊണ്ടു ജനിച്ചവനായി ഞാൻ ഭവിക്കുന്നു (IV:6). ത്രിഗുണാത്മകയും ദിവ്യയുമായ ഈ എന്റെ മായയുടെ സ്വാധീനത്തെ അതിജീവിക്കുക അതികഠിനമാണ്. വിശ്വമായയുടെ കർത്താവായ എന്നിൽ ശരണം പ്രാപിക്കുന്നവർ മാത്രം ഈ മായയുടെ ശക്തിയിൽനിന്നും സ്വതന്ത്രരാകുന്നു.’’ (VII:14) ഭഗവദ്ഗീത.അധ്യായം 5 ‘‘ഗന്ധബാബ’’ സിദ്ധികൾ കാട്ടുന്നു ‘‘എല്ലാറ്റിനും ഒരു സമയമുണ്ട്. ആകാശത്തിൻ കീഴുള്ള സകല കാര്യത്തിനും ഒരു കാലമുണ്ട്.’’ 1എനിക്ക് എന്നെ സാന്ത്വനപ്പെടുത്താൻ സോളമ2ന്റെ പരിപക്വമായ ജ്ഞാനം ഇല്ലായിരുന്നു; വീട്ടിനു വെളിയിൽ പോകുമ്പോഴെല്ലാം എനിക്കു വിധിച്ച ഗുരുദേവന്റെ മുഖം കണ്ടെത്താൻ ചുറ്റും ഞാൻ തിരയുന്ന കണ്ണുകളോടെ ഉറ്റുനോക്കിയിരുന്നു. എന്നാൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാകുന്നതുവരെ എന്റെ വഴി അദ്ദേഹത്തിന്റെ വഴി മുറിച്ചുകടന്നില്ല.അമരനോടൊപ്പം ഹിമാലയത്തിലേക്കുള്ള പലായനത്തിനും എന്റെ ജീവിതത്തിലേക്ക് ശ്രീ യുക്തേശ്വരൻ കടന്നുവന്ന മഹത്തായ ദിനത്തിനും ഇടയ'ക്ക് രണ്ടു വർഷം കടന്നുപോയി. ആ ഇടവേളയിൽ ഞാൻ അനേകം പുണ്യപൂരുഷന്മാരെ- ‘‘ഗന്ധബാബ’’, ‘‘കടുവാസ്വാമികൾ’’, നാഗേന്ദ്രനാഥ ഭാദുരി, മാസ്റ്റർ മഹാശയൻ, സുപ്രസിദ്ധ ബംഗാളി ശാസ്ത്രജ്ഞനായ ജഗദീശ് ചന്ദ്ര ബോസ് എന്നിവരെ കാണുകയുണ്ടായി. ‘‘ഗന്ധബാബയുമായുള്ള’’ എന്റെ കൂടിക്കാഴ്ചയ'ക്ക് രണ്ടു ആമുഖങ്ങളുണ്ടായിരുന്നു: ഒന്ന് സമന്വയത്തിന്റെ; മറ്റേത് നർമത്തിന്റെയും. ‘‘ഈശ്വരൻ സാരള്യമാണ്. മറ്റെല്ലാം സങ്കീർണവും. ആപേക്ഷികമായ പ്രകൃതിയുടെ ലോകത്ത് കേവലമൂല്യങ്ങൾ തേടാതിരിക്കുക.’’ ഒരു ക്ഷേത്രത്തിലെ കാളീ3വിഗ്രഹത്തിനുമുമ്പിൽ നിശ്ശബ്ദനായി നിൽക്കുമ്പോൾ എന്റെ കാതുകളിൽ ഈ ആത്യന്തിക ദാർശനികതത്ത്വങ്ങൾ സൗമ്യമായി പ്രവേശിച്ചു. തിരിഞ്ഞു നോക്കിയപ്പോൾ ദീർഘകായനായ ഒരു മനുഷ്യനെ ഞാൻ കണ്ടു. അദ്ദേഹത്തിന്റെ വസ്ത്രം, അഥവാ അതിന്റെ കുറവ്, അദ്ദേഹം ഒരു അവധൂതനാണെന്ന് വെളിപ്പെടുത്തി. ‘‘എന്റെ ചിന്തകളുടെ കുഴക്കുന്ന വ്യാകുലത അങ്ങ് തീർച്ചയായും കണ്ടെത്തിയിരിക്കുന്നു!’’ ഞാൻ കൃതജ്ഞതാപൂർവം പുഞ്ചിരിച്ചു. ‘‘കാളി പ്രതീകവത്കരിക്കുന്ന പ്രകൃതിയുടെ സൗമ്യവും ഭയങ്കരവുമായ ഭാവങ്ങൾ എന്നെക്കാൾ എത്രയോ ബുദ്ധിമാന്മാരായവരെപ്പോലും കുഴക്കിയിട്ടുണ്ട്!’’ ‘‘അവളുടെ രഹസ്യം കണ്ടെത്തിയവർ ചുരുങ്ങും. സ്ഫിങ്ക്സി4 നെപ്പോലെ, ജീവിതം ഓരോ മേധാശക്തിയുടെ മുന്നിലും വയ'ക്കുന്ന വെല്ലുവിളിക്കുന്ന കടങ്കഥയാണ് നന്മതിന്മകൾ. ഇതിനൊരു ഉത്തരം തേടാതെ മിക്ക മനുഷ്യരും തങ്ങളുടെ ജീവിതം പണയപ്പെടുത്തി, നഷ്ടമാക്കുന്നു. തീബ്സിന്റെ കാലത്തെന്നപോലെ ജീവിതനഷ്ടം തന്നെയാണ് ഇന്നും ഇതിനു പിഴ. എന്നാൽ അത്യപൂർവമായി അതികായനായ ഒരു ഏകാന്തവ്യക്തി ഒരിക്കലും തോൽവി സമ്മതിക്കാതെ നിലകൊള്ളുന്നു. ദ്വൈതാവസ'ഥയുടെ മായ5യിൽനിന്ന് അദ്ദേഹം ഏകതയുടെ അവിച്ഛിന്നസത്യം അടർത്തിയെടുക്കുന്നു.’’ ‘‘പ്രഭോ, അങ്ങ് എത്ര ദൃഢവിശ്വാസത്തോടെയാണ് സംസാരിക്കുന്നത്.’’ ‘‘ഞാൻ ദീർഘകാലമായി സത്യസന്ധമായ ആത്മപരിശോധന ശീലിച്ചിട്ടുണ്ട്. അതാണല്ലോ ജ്ഞാനത്തിലേക്കുള്ള തീക്ഷ്ണമായ വേദനയുടെ വഴിത്താര. ആത്മപരിശോധന-തന്റെ ചിന്തകളെ നിരന്തരം നിരീക്ഷിക്കുക-കഠിനവും കിടിലം കൊള്ളിക്കുന്നതുമായ ഒരു അനുഭവമാണ്. ഏറ്റവും ശക്തമായ അഹന്തയേയും അത് തകർത്തു തരിപ്പണമാക്കുന്നു. പക്ഷേ, യഥാർഥ ആത്മാപഗ്രഥനം ഗണിതത്തിന്റെ സൂക്ഷ്മതയോടെ ദാർശനികനെ സൃഷ്ടിക്കുന്നു. ആത്മാവിഷ്കാരത്തിന്റെ വഴി-അതായത് വ്യക്തിപരമായ അംഗീകാരം-സ്വാർഥമതികളെ സൃഷ്ടിക്കുന്നു. ഈശ്വരനും പ്രപഞ്ചത്തിനും സ്വന്തം വ്യാഖ്യാനം നൽകുന്നതിനുള്ള അവരുടെ അവകാശത്തിൽ അവർക്ക് സംശയമില്ലാത്ത ഉറപ്പുണ്ട്.’’ ‘‘അത്തരം ധിക്കാരം നിറഞ്ഞ പുതുമയുടെ മുന്നിൽ സത്യം, സംശയം വേണ്ട, എളിമയോടെ പിൻവാങ്ങുന്നു.’’ എനിക്ക് ചർച്ച രസകരമായി തോന്നി. ‘‘മിഥ്യാസങ്കല്പങ്ങളിൽനിന്ന് സ്വയം സ്വതന്ത്രനാകാതെ മനുഷ്യന് ഒരു നിത്യസത്യവും മനസ്സിലാക്കാനാവില്ല. നൂറ്റാണ്ടുകളുടെ ചെളിക്കൂമ്പാരം ഏറ്റുവാങ്ങിയ മനുഷ്യമനസ്സ് വെറുപ്പുണ്ടാക്കുന്ന, എണ്ണമറ്റ ലൗകികമോഹങ്ങൾകൊണ്ട് നിറഞ്ഞിരിക്കുന്നു. മനുഷ്യൻ അവന്റെ ഉള്ളിലില്ലെ വൈരികളെ നേരിടാൻ ആദ്യമായി തുടങ്ങുമ്പോൾ, അതിനെയപേക്ഷിച്ച്, പടക്കളത്തിലെ പോരാട്ടങ്ങൾ തീരെ നിസ്സാരങ്ങളായിത്തീരുന്നു. പീഡനസംവിധാനങ്ങളാൽ കയ്യൂക്കുകൊണ്ട് തോല്പിക്കാനാവുന്ന വെറും മർത്യരല്ലാ ഈ ശത്രുക്കൾ! അജ്ഞാനമോഹങ്ങളുടെ ഈ പട്ടാളക്കാർ സർവസന്നിഹിതരും വിശ്രമരഹിതരും ഉറക്കത്തിൽപോലും മനുഷ്യരെ പിൻതുടരുന്നവരും, മാരകമായ ശസ്ത്രാസ്ത്രങ്ങളാൽ സൂക്ഷ്മമായി നമ്മുടെയെല്ലാം ഉന്മൂലനാശം വരുത്തുവാൻ ഇറങ്ങിത്തിരിച്ചവരുമാണ്. സർവസാധാരണമായ ദുർവിധിക്കു കീഴടങ്ങി തന്റെ ആദർശങ്ങളെ കുഴിച്ചുമൂടുന്ന മനുഷ്യൻ അവിവേകിയാണ്. അവനെ ഹീനനോ അസ്ഥപ്രജ്ഞനോ നിന്ദ്യനോ ആയല്ലാതെ കാണുന്നതെങ്ങനെ?’’ ‘‘ബഹുമാന്യനായ പ്രഭോ, സംഭ്രാന്തരായ ബഹുജനങ്ങളോട് അങ്ങയ'ക്ക് സഹതാപമില്ലേ?’’ ഒരു നിമിഷം ആ യോഗിവര്യൻ നിശ്ശബ്ദനായി, തുടർന്ന് നേരിട്ടൊരുത്തരം നൽകാതെ ഇങ്ങനെ പറഞ്ഞു. ‘‘എല്ലാ നന്മകളുടെയും ഇരിപ്പിടവും അദൃശ്യനുമായ ഈശ്വരനേയും, പ്രായേണ നന്മ തൊട്ടുതീണ്ടിയിട്ടില്ലാത്ത ദൃശ്യനായ മനുഷ്യനേയും

ഒപ്പം സ്നേഹിക്കുക പലപ്പോഴും കുഴക്കുന്ന കാര്യമാണ്! എന്നാൽ കുഴക്കുന്ന നൂലാമാലയ'ക്ക് കിടനിൽക്കുന്നതാണ് സവിശേഷ വൈഭവം. എല്ലാ മനുഷ്യമനസ്സുകളുടെയും ഒരേ ഐക്യം സ്വാർഥപരതയുടെ കരുത്തറ്റ സംബന്ധം മാത്രമാണെന്ന് ആന്തരികമായ പുനരന്വേഷണം വിളംബംവിനാ വെളിപ്പെടുത്തുന്നു. ഒരർഥത്തിലെങ്കിലും, മനുഷ്യന്റെ ഭ്രാതൃത്വം അങ്ങനെ വെളിവാക്കപ്പെട്ടു നില്ക്കുന്നു. എല്ലാവരേയും ഒരേ തട്ടിലാക്കുന്ന ഈ കണ്ടെത്തൽ ഒരു അമ്പരിപ്പിക്കുന്ന എളിമയിലേക്ക് നയിക്കുന്നു. കണ്ടെത്തൽ കാത്തിരിക്കുന്ന ആത്മാവിന്റെ വിമോചകമായ പ്രഭാവങ്ങളെ അറിയാത്ത സഹജീവികളോടുള്ള ദയവായി ആ എളിമ പരിപക്വമാകുന്നു.’ ’ ‘ ‘എക്കാലത്തേയും ഋഷീശ്വരന്മാർ ലോകത്തിന്റെ ദുഃഖങ്ങളെപ്പറ്റി അങ്ങയെപ്പോലെ തന്നെ വേദനിച്ചിട്ടുള്ളവരാണ്.’ ’ ‘ ‘സങ്കുചിതമായ സ്വന്തം ദുഃഖങ്ങളിൽ മുഴുകിയ അല്പജ്ഞനായ ഒരു മനുഷ്യനു മാത്രമേ മറ്റുള്ളവരുടെ ദുരിതങ്ങളോടുള്ള പ്രതികരണശേഷി നഷ്ടപ്പെടുന്നുള്ളൂ.’ ’ ആ സാധുവിന്റെ മുഖത്തെ ഗൗരവത്തിന് പ്രകടമായ അയവുവന്നു. ‘ ‘സ്വയംവിമർശനമെന്ന ശസ്ത്രക്രിയ ചെയ്യുന്ന ഒരുവൻ സാർവലൗകികമായ ദയാവായ്പിന്റെ വികാസം അറിയുന്നു. അഹന്തയുടെ ബധിരമാക്കുന്ന നിർബന്ധങ്ങളിൽനിന്ന് അവന് മോചനം ലഭിക്കുന്നു. ഈശ്വരപ്രേമം അത്തരം മണ്ണിൽ പൂവിടുന്നു. പ്രത്യേകിച്ചൊരു കാരണം കൊണ്ടല്ലായെങ്കിലും ഒടുവിൽ ‘എന്തിനു പ്രഭോ, എന്തിന്?’ എന്നു കടുത്ത ഹൃദയവ്യഥയോടെ ആരായാനായെങ്കിലും സൃഷ്ടി തന്റെ സ്രഷ്ടാവിലേക്ക് തിരിയുന്നു. വേദനയുടെ ഹീനമായ ചാട്ടവാറടിയേറ്റ മനുഷ്യൻ ആ അനന്തമായ സന്നിധിയിലേക്ക് ആത്യന്തികമായി തുരത്തപ്പെടുന്നു. ആ മനോഹാരിത മാത്രമേ അവനെ ഇനി പ്രലോഭിപ്പിക്കാവൂ.’ ’ ആ ദിവ്യദേഹവും ഞാനും സന്നിഹിതരായിരുന്നത് കൽക്കത്തയിലെ കാളീക്ഷേത്രത്തിലായിരുന്നു. അതിന്റെ പ്രൗഢമായ സൗന്ദര്യം ദർശിക്കാൻ പോയതായിരുന്നു ഞാൻ. ആലങ്കാരികമോടിയിൽ കാര്യമൊന്നുമില്ലെന്ന അർഥത്തിൽ എന്റെ യാദൃച്ഛിക സഹചാരി കൈവീശി. ‘ ‘ചുടുകട്ടയും കുമ്മായവും നമ്മോട് കേൾക്കാവുന്ന ഈണമൊന്നും പാടുന്നില്ല; ഹൃദയം സ്വയം തുറക്കുന്നത് അസ്തിത്വത്തിന്റെ മാനവികമന്ത്രധ്വനി കേൾക്കുമ്പോഴാണ്.’ ’ പ്രവേശനദ്വാരത്തിലെ മാടിവിളിക്കുന്ന സൂര്യപ്രകാശത്തിലേക്ക് ഞങ്ങൾ നടന്നുനീങ്ങി. പോകയും വരികയും ചെയ്തുകൊണ്ടിരുന്ന ഭക്തജനങ്ങളുടെ തിരക്കായിരുന്നു അവിടെ. ‘ ‘നീ ചെറുപ്പമാണ്.’ ’ എന്തോ ആലോചിച്ചുകൊണ്ട് ആ ദിവ്യദേഹം എന്നെ ശ്രദ്ധിച്ചുനോക്കി. ‘ ‘ഭാരതവും ചെറുപ്പമാണ്. പൗരാണിക ഋഷീശ്വരന്മാർ6 തുടച്ചുമാറ്റാനാവാത്ത ആധ്യാത്മിക ജീവിതചര്യകൾ സ'ഥാപിച്ചു. കാലപ്പഴക്കത്തിൽ നിറം മങ്ങിയവയെങ്കിലും അവരുടെ മഹദ്വചനങ്ങൾ ഇന്നും എന്നും ഈ നാടിനു മതിയാകും. ലൗകികതയുടേയും ഭൗതികവാദത്തിന്റെയും കുടിലതകൾക്കെതിരെ പിടിച്ചുനിൽക്കാൻ പോരുന്ന മികവുകൾ കൈമുതലായുള്ള, പഴഞ്ചനല്ലാത്ത ഈ അനുശാസനതത്ത്വങ്ങൾ ഭാരതത്തെ ഇന്നും കരുപ്പിടിപ്പിക്കുന്നു. കണക്കാക്കാൻ കഴിയാത്ത-കണക്കുകൂട്ടി ഏറെ വലഞ്ഞുവശായ പണ്ഡിതന്മാർ കൈയ്യൊഴിഞ്ഞത്രേ!-സഹസ്രാബ്ദങ്ങൾ കൊണ്ട് സംശയാലുവായകാലം വേദങ്ങളുടെ മൂല്യം സാധൂകരിച്ചു കഴിഞ്ഞിരിക്കുന്നു. അതാണ് നിന്റെ പൈതൃകമെന്ന് ധരിക്കുക.’ ’ വാചാലനായ ആ പുണ്യാത്മാവിനോട് ആദരവോടെ ഞാൻ വിടപറയുമ്പോൾ അദ്ദേഹം ഒരു ദീർഘദർശനം നടത്തി: ‘ ‘ഇന്ന് ഇവിടെനിന്ന് പോയിക്കഴിഞ്ഞ് നിനക്ക് അസാധാരണമായ ഒരു അനുഭവം ഉണ്ടാകും.’ ’ ക്ഷേത്രപരിസരങ്ങൾവിട്ട് ഞാൻ എങ്ങോട്ടെന്നില്ലാതെ നടന്നു. ഒരു മൂല തിരിഞ്ഞപ്പോൾ പഴയ ഒരു സുഹൃത്തിനെ കണ്ടുമുട്ടി. അവന്റെ സംഭാഷണചാതുരി സമയത്തെ അവഗണിച്ച് അനന്തതയെ പുൽകുന്നതായിരുന്നു. ‘ ‘നാം പിരിഞ്ഞതിനു ശേഷമുള്ള വർഷങ്ങളിലെ കഥകൾ എല്ലാം പറയാമെങ്കിൽ ഞാൻ നിന്നെ ഉടനെ വിട്ടേക്കാം,’ ’ അവൻ വാക്കു തന്നു. ‘ ‘എന്തൊരു വൈരുധ്യം! എനിക്ക് ഉടനെതന്നെ പോകണം.’ ’ പക്ഷെ എന്നെ കൈകൊണ്ടു പിടിച്ചുനിർത്തി അവൻ എന്നിൽ നിന്ന് ചില ചില്ലറ വിവരങ്ങളെല്ലാം ചോർത്തിയെടുത്തു. ഇവൻ ആർത്തി പെരുത്ത ഒരു ചെന്നായയെപ്പോലെയാണല്ലോയെന്ന് ഞാൻ തമാശയായി വിചാരിച്ചു. കൂടുതൽ ഞാൻ സംസാരിക്കുന്തോറും കൂടുതൽ വിശേഷങ്ങൾക്കായി അവൻ ആർത്തിയോടെ തിരഞ്ഞു. മാന്യമായ ഒരു രക്ഷാമാർഗം കാട്ടേണമേ എന്ന് കാളീമാതാവിനോട് ഞാൻ മനസാ അപേക്ഷിച്ചു.എന്റെ സ്നേഹിതൻ പൊടുന്നനെ സ'ഥലംവിട്ടു ഞാൻ ആശ്വാസത്തോടെ ദീർഘമായി നിശ്വസിച്ചു. വായാടിത്തത്തിന്റെ ജ്വരം വീണ്ടും എന്നെ ബാധിക്കുമോ എന്നു ഭയന്ന് ഞാൻ എന്റെ വേഗത ഇരട്ടിയാക്കി. എന്റെ പിന്നിൽ ദ്രുതഗതിയിലുള്ള കാൽപെരുമാറ്റം കേട്ട് ഞാൻ വേഗത കൂട്ടി. തിരിഞ്ഞു നോക്കാൻ ഞാൻ ധൈര്യപ്പെട്ടില്ല. പക്ഷെ ഒറ്റക്കുതിക്ക് ആ യുവാവ് ഒപ്പമെത്തി ആഹ്ലാദത്തോടെ എന്റെ തോളിൽ പിടിച്ചു. ‘ ‘ഞാൻ ഗന്ധബാബയെപ്പറ്റി നിന്നോടു പറയാൻ വിട്ടുപോയി. അദ്ദേഹം അതാ, ആ വസതി പാവനമാക്കുന്നു.’ ’ ഏതാനും വാര അകലെയുള്ള ഒരു വീട് അവൻ ചൂണ്ടിക്കാട്ടി. ‘ ‘അദ്ദേഹത്തെ തീർച്ചയായും കാണുക; അദ്ദേഹം നിന്റെ താല്പര്യം ഉണർത്തും. നിനക്ക് അസാധാരണമായ ഒരു അനുഭവം ഉണ്ടായേക്കാം. ശരി, ഞാൻ പോകട്ടെ.’ ’ അങ്ങനെ അവൻ യഥാർഥത്തിൽ എന്നെ വിട്ടൊഴിഞ്ഞു.കാളീഘട്ടക്ഷേത്രത്തിൽ കണ്ട സിദ്ധന്റെ ഏറെക്കുറെ ഇതേ വാക്കുകളിലുള്ള പ്രവചനം എന്റെ മനസ്സിൽ തെളിഞ്ഞു. വിസ്മയത്തോടെ ഞാൻ ആ വീട്ടിൽ പ്രവേശിച്ചു. ഒരു വിശാലമായ മുറിയിലേക്ക് ഞാൻ ആനയിക്കപ്പെട്ടു.

ഓറഞ്ചുനിറത്തിലെ കട്ടിയുള്ള ഒരു പരവതാനിയിൽ, അങ്ങിങ്ങായി കുറെ ആളുകൾ ചമ്രംപടിഞ്ഞ് ഇരുന്നിരുന്നു. ഭയഭക്തിയോടെയുള്ള ഒരു മന്ത്രണം എന്റെ ചെവിയിലെത്തി: ‘ ‘ പുലിത്തോലിരിക്കുന്ന ഗന്ധബാബയെനോക്കൂ. മണമില്ലാത്ത പൂവിന് ഏതൊരു പൂവിന്റെയും സ്വാഭാവികസുഗന്ധം നൽകാനോ, വാടിക്കരിഞ്ഞ പൂവിന് പുതുജീവൻ നൽകാനോ, ഒരാളുടെ തൊലിപ്പുറത്തു നിന്നും ആനന്ദകരമായ പരിമളം ഉദ്ഗമിപ്പിക്കാനോ അദ്ദേഹത്തിനു കഴിയും.’ ’ ഞാൻ നേരെ ആ സിദ്ധനെ നോക്കി. പെട്ടെന്ന് അദ്ദേഹത്തിന്റെ ദൃഷ്ടി എന്നിൽ പതിഞ്ഞുനിന്നു. കറുത്തിട്ട് തടിച്ച് താടിയുമുള്ള അദ്ദേഹത്തിന് വിടർന്നു തിളങ്ങുന്ന കണ്ണുകൾ ഉണ്ടായിരുന്നു. ‘ ‘ മകനേ, നിന്നെക്കണ്ടതിൽ എനിക്കു സന്തോഷമുണ്ട്. നിനക്ക് എന്തുവേണമെന്നു പറയൂ. ഏതെങ്കിലും പരിമളം നിനക്കു വേണോ?’ ’ ‘ ‘എന്തിന്?’ ’ അദ്ദേഹത്തിന്റെ ചോദ്യം ഏറെ ബാലിശമായി എനിക്കു തോന്നി. ‘ ‘സുഗന്ധങ്ങൾ ആസ്വദിക്കുന്നതിന്റെ വിസ്മയമായ രീതി അനുഭവിച്ചറിയാൻ.’ ’ ‘ ‘ഈശ്വരനെ കരുവാക്കി മണങ്ങൾ ഉണ്ടാക്കുകയോ?’ ’ ‘ ‘അതിനെന്താ? ഈശ്വരൻ എതായാലും സുഗന്ധങ്ങൾ ഉണ്ടാക്കുന്നുണ്ടല്ലോ.’ ’ ‘ ‘ഉണ്ട്, പക്ഷേ പുതുമ നഷ്ടപ്പെടാതെ ഉപയോഗിക്കാനും പഴകിയത് ഉപേക്ഷിക്കാനും ലോലപുഷ്പദലകലശങ്ങൾ അദ്ദേഹം രൂപപ്പെടുത്തുന്നു. അങ്ങേക്ക് പൂക്കൾ ആവിർഭവിപ്പിക്കാമോ?’ ’ ‘ ‘ആകാം. പക്ഷെ ഞാൻ സാധാരണയായി സുഗന്ധങ്ങളാണ് സൃഷ്ടിക്കാറ്, കൊച്ചുചങ്ങാതീ.’ ’ ‘ ‘എങ്കിൽ പരിമള വ്യവസായശാലകൾ അടച്ചു പൂട്ടേണ്ടിവരും.’ ’ ‘ ‘അവയുടെ തൊഴിൽ വച്ചുപുലർത്താൻ ഞാൻ അനുവദിക്കും! എന്റെ സ്വന്തം ഉദ്ദേശം ഈശ്വരന്റെ ശക്തി വെളിവാക്കുക എന്നതാണ്.’ ’ ‘ ‘ പ്രഭോ, ഈശ്വരനെ തെളിയിക്കേണ്ടതുണ്ടോ? അദ്ദേഹം എല്ലാറ്റിലും എല്ലായിടത്തും അത്ഭുതങ്ങളല്ലേ കാട്ടുന്നത്?’ ’ ‘ ‘അതേ. പക്ഷെ അദ്ദേഹത്തിന്റെ അനന്തമായ സൃഷ്ടിപരതയുടെ വൈവിധ്യം കുറെ നാമും കാട്ടണം.’ ’ ‘ ‘എത്രകാലം കൊണ്ടാണ് അങ്ങ് ഈ കല വശമാക്കിയത്?’ ’ ‘ ‘ പന്ത്രണ്ടു കൊല്ലം.’ ’ ‘ ‘സൂക്ഷ്മമാർഗങ്ങളിലൂടെ പരിമളങ്ങൾ നിർമിക്കാൻ! ഏതാനും രൂപയ'ക്ക് ഒരു പൂക്കടയിൽനിന്നു ലഭിക്കുന്ന സുഗന്ധദ്രവ്യങ്ങൾക്കു വേണ്ടി അഭിവന്ദ്യ ദിവ്യാത്മാവേ, അങ്ങ് ഒരു വ്യാഴവട്ടക്കാലം പാഴാക്കുകയായിരുന്നുവെന്നു തോന്നുന്നു.’ ’ ‘ ‘പരിമളങ്ങൾ പൂക്കളോടൊപ്പം മായുന്നു.’ ’ ‘ ‘പരിമളങ്ങൾ മരണത്തോടെ മായുന്നു. ശരീരത്തെ മാത്രം രസിപ്പിക്കുന്ന ഒന്ന് ഞാൻ എന്തിനാഗ്രഹിക്കണം?’ ’ ‘ ‘മിസ്റ്റർ ദാർശനികൻ, നീ എന്റെ മനസ്സിനെ സന്തോഷിപ്പിക്കുന്നു. ആട്ടെ, നിന്റെ വലതുകൈ നീട്ടുക.’ ’ അദ്ദേഹം അനുഗ്രഹാശ്ശിസിന്റെ ഒരാംഗ്യം കാട്ടി.ഞാൻ ഗന്ധബാബയുടെ അരികിൽനിന്ന് ഏതാനും അടി അകലെയായിരുന്നു; എന്റെ ശരീരത്തിൽ സ്പർശിക്കത്തക്കവണ്ണം മറ്റാരും അടുത്തില്ലായിരുന്നു. ഞാൻ കൈനീട്ടി. അതിൽ ആ യോഗി തൊടുകയുണ്ടായില്ല. ‘ ‘എന്തു സുഗന്ധമാണ് നിനക്കുവേണ്ടത്?’ ’ ‘ ‘റോസ്.’ ’ ‘ ‘ അങ്ങനെയാകട്ടെ.’ ’ അത്യത്ഭുതമെന്നു പറയട്ടെ, എന്റെ ഉള്ളം കൈയ്യിൽ നിന്ന് പനിനീർപൂവിന്റെ മനം മയക്കുന്ന സുഗന്ധം ശക്തമായി പരന്നു. അടുത്തിരുന്ന പൂത്തട്ടത്തിൽനിന്ന് മണമില്ലാത്ത വലിയ വെളുത്ത പൂവ് ഞാൻ പുഞ്ചിരിയോടെ കയ്യിലെടുത്തു. ‘ ‘മണമില്ലാത്ത ഈ പൂവിന് മുല്ലപ്പൂമണം നൽകാൻ കഴിയുമോ?’ ’ ‘ ‘അങ്ങനെയാകട്ടെ.’ ’ ആ ദലങ്ങളിൽനിന്ന് മുല്ലപ്പൂവിന്റെ പരിമളം ഉടൻതന്നെ പുറത്തുവന്നു. ഞാൻ ഈ അത്ഭുതസ്രഷ്ടാവിന് നന്ദി പറഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ ഒരു ശിഷ്യന്റെ അടുത്തുചെന്നിരുന്നു. സ്വാമി വിശുദ്ധാനന്ദനെന്ന ഗന്ധബാബ, റ്റിബറ്റിലെ ഒരു ആചാര്യനിൽനിന്ന് നിരവധി വിസ്മയകരമായ യോഗരഹസ്യങ്ങൾ വശമാക്കിയിട്ടുണ്ടെന്ന് അയാൾ പറഞ്ഞു. ആ റ്റിബറ്റൻ യോഗിക്ക് ആയിരത്തിലധികം വയസ്സുണ്ടായിരുന്നുവെന്ന് അയാൾ ഉറപ്പിച്ചുപറഞ്ഞു. ‘ ‘അദ്ദേഹത്തിന്റെ ശിഷ്യനായ ഗന്ധബാബ ഇപ്പോൾ നിങ്ങൾ കണ്ടമാതിരി ലളിതമായ വാചികരീതിയിലല്ലാ തന്റെ സുഗന്ധസിദ്ധികൾ പലപ്പോഴും കാട്ടുക.’ ’ ഗുരുവിലുള്ള പ്രകടമായ മതിപ്പോടെയാണ് ശിഷ്യൻ പറഞ്ഞത്. ‘ ‘ സ്വഭാവവൈവിധ്യങ്ങൾക്ക് യോജിക്കുംവണ്ണം അദ്ദേഹത്തിന്റെ മാർഗങ്ങൾ ഏറെ വ്യത്യാസപ്പെടാറുണ്ട്. അദ്ദേഹം തീർത്തും ഒരത്ഭുതമാണ്. കൽക്കത്തയിലെ ബുദ്ധിജീവികളിൽ നിരവധിപേർ അദ്ദേഹത്തിന്റെ അനുയായികളാണ്.’ ’ അക്കൂട്ടത്തിൽ ഒരാളാകേണ്ടതില്ലെന്ന് ഞാൻ മനസ്സാലെ തീരുമാനിച്ചു. അക്ഷരാർഥത്തിൽ ‘ ‘തീർത്തും ഒരത്ഭുത’ ’ മായ ഗുരുവിനെ എനിക്ക് അത്ര ഇഷ്ടമായിരുന്നില്ല. ആദരവോടെ ഗന്ധബാബയ'ക്ക് നന്ദിപറഞ്ഞിട്ട് ഞാൻ യാത്രയായി. വീട്ടിലേക്ക് സാവകാശം നടക്കുമ്പോൾ അന്നത്തെ വൈവിധ്യമാർന്ന മൂന്നു കൂടിക്കാഴ്ചകളെപ്പറ്റി ഞാൻ ചിന്തിച്ചു!ഞാൻ വാതിൽകടന്നപ്പോൾ എന്റെ സഹോദരി ഉമ എന്നെ എതിരേറ്റു. ‘ ‘അല്ലാ, നീ സുഗന്ധദ്രവ്യങ്ങളൊക്കെ ഉപയോഗിച്ച് ഒരു മാതിരി പരിഷ്കാരിയായി വരികയാണ്!’ ’ എന്റെ കൈവെള്ള മണത്തുനോക്കാൻ, ഒന്നുംപറയാതെ ഞാൻ ആംഗ്യം കാട്ടി. ‘ ‘എന്തൊരു മനോഹരമായ റോസാപ്പൂ മണം! ഇത് അസാധാരണമായ രീതിയിൽ ശക്തമാണല്ലോ!’ ’ ‘ ‘ ശക്തമായ രീതിയിൽ അസാധാരണം’ ’ എന്നു വിചാരിച്ചുകൊണ്ട് സൂക്ഷ്മസൗരഭ്യം ലഭിച്ച പൂവ് മിണ്ടാതെ ഞാൻ ചേച്ചിയുടെ മൂക്കിനു താഴെ പിടിച്ചു. ‘ ‘ഓ മുല്ല എനിക്കെന്തിഷ്ടമാണ്!’ ’ ചേച്ചി എന്നിൽനിന്ന് പൂ പിടിച്ചുവാങ്ങി. മണമില്ലെന്ന് തനിക്ക് നന്നേ അറിയാമായിരുന്ന ആയിനം പൂവിൽനിന്ന് ചേച്ചി മുല്ലപ്പൂമണം വീണ്ടും വീണ്ടും ആസ്വദിച്ചപ്പോൾ ചിരിപ്പിക്കുന്ന അമ്പരപ്പ് ആ മുഖത്ത് പ്രതിഫലിച്ചു. എനിക്കു മാത്രം സുഗന്ധം അനുഭവപ്പെടുന്ന ഒരു മാനസികാവസ'ഥ ഗന്ധബാബ എന്നിൽ ഉണ്ടാക്കിയിരിക്കാമെന്ന എന്റെ സംശയം ചേച്ചിയുടെ പ്രതികരണങ്ങൾ

ദൂരീകരിച്ചു.ഗന്ധബാബയ'ക്ക് മറ്റൊരു സിദ്ധികൂടി ഉണ്ടായിരുന്നുവെന്ന്, അളകാനന്ദൻ എന്ന സ്നേഹിതനിൽനിന്ന് പിന്നീടു ഞാൻ കേട്ടു. അത് ലോകത്തിലെ പട്ടിണിക്കാരായ ജനകോടികൾക്കുണ്ടായിരുെന്നങ്കിലെന്ന് ഞാൻ ആശിച്ചു. ‘ ‘ഞാനും വേറെ ഒരു നൂറ് അതിഥികളും ഗന്ധബാബയുടെ ബർദ്വാൻ വസതിയിൽ സന്നിഹിതരായിരുന്നു,’ ’ അളകാനന്ദൻ എന്നോടു പറഞ്ഞു. ‘ ‘അത് ഒരു ഉത്സവവേള ആയിരുന്നു. ഈ യോഗി വായുവിൽനിന്ന് വസ്തുക്കൾ സൃഷ്ടിച്ചെടുക്കാൻ കഴിവുള്ള ആളാണെന്നു വിഖ്യാതനായിരുന്നതുകൊണ്ട് ആ സമയത്തു കിട്ടാത്ത മധുരനാരങ്ങ സൃഷ്ടിക്കുവാൻ ഞാൻ തമാശയായി അഭ്യർഥിച്ചു. എല്ലാ വാഴയിലയിലും വിളമ്പിയിരുന്ന ലുച്ചി (ഒരുതരം പൂരി)കൾ ഉടനെ ഉരുണ്ടുവീർത്തു. ഓരോ അപ്പത്തിനും ഉള്ളിൽ തൊലികളഞ്ഞ ഒരു മധുരനാരങ്ങയുണ്ടായിരുന്നു. അല്പം ആശങ്കയോടെ ഞാൻ എന്റെ നാരങ്ങയിൽ കടിച്ചു. പക്ഷേ അത് ഏറ്റവും സ്വാദിഷ്ടമായിരുന്നു.’ ’ ഗന്ധബാബ ഈ അത്ഭുതങ്ങൾ എങ്ങനെ കാട്ടിയെന്ന് വർഷങ്ങൾക്കുശേഷം ആത്മസാക്ഷാത്ക്കാരംകൊണ്ട് ഞാൻ മനസ്സിലാക്കി. കഷ്ടം! ലോകത്തിലെ പട്ടിണിപ്പാവങ്ങളായ ജനസമൂഹങ്ങൾക്ക് ഈ വിദ്യ അപ്രാപ്യമാണ്.മനുഷ്യൻ പ്രതികരിക്കുന്ന സ്പർശനം, ദർശനം, രസനം, ശ്രവണം, ഘ്രാണം എന്നീ ഇന്ദ്രിയപ്രേരണകളെ സൃഷ്ടിക്കുന്നത് ഇലക്ട്രോണുകളുടേയും പ്രോട്ടോണുകളുടേയും സ്പന്ദനവ്യതിയാനങ്ങളാണ്. ഈ സ്പന്ദനങ്ങളെയാകട്ടെ ക്രമീകരിക്കുന്നത് പ്രാണനാണ്. അതായത് പരമാണുവിനേക്കാളും സൂക്ഷ്മതരമായ ജീവരേണുക്കൾ-ഊർജതനുക്കൾ-ആണ്. ഇവ സ്വയംപ്രജ്ഞയുള്ള പഞ്ചേന്ദ്രിയാധാരമായ ആശയസങ്കല്പസാരം കുടികൊള്ളുന്നവയാണ്.ചില യോഗാചരണങ്ങൾകൊണ്ട് ഈ പ്രാണശക്തിയിൽ സ്വയം പൊരുത്തം വരുത്തി ജീവതനുക്കളെ നിയന്ത്രിച്ച് അവയുടെ സ്പന്ദനഘടന പുന:ക്രമീകരിച്ച് ഉദ്ദേശിക്കുന്ന ഫലം വസ്തുനിഷ്ഠമാക്കുവാൻ ഗന്ധബാബയ'ക്ക് കഴിയുമായിരുന്നു. അദ്ദേഹം സൃഷ്ടിച്ച സുഗന്ധവും പഴങ്ങളും മറ്റത്ഭുതങ്ങളും ഭൗമികസ്പന്ദനങ്ങളുടെ യഥാർഥമായ ആവിഷ്ക്കാരമായിരുന്നു. അല്ലാതെ, മയക്കുവിദ്യകൊണ്ട് സൃഷ്ടിച്ച ആന്തരിക അനുഭൂതി വിശേഷങ്ങൾ ആയിരുന്നില്ല.ക്ലോറോഫോമിന്റെ പ്രയോഗം അപകടകരമാകാവുന്ന ആളുകളിൽ ഒരു ബോധനിരോധകവസ്തു എന്ന നിലയിൽ ഭിഷഗ്വരന്മാർ ലഘു ശസ്ത്രക്രിയകൾക്ക് നിദ്രാധീനവശീകരണം അഥവാ ഹിപ്നോട്ടിസം ഉപയോഗിച്ചിട്ടുണ്ട്. നിദ്രയിലെ ഈ മോഹാവസ'ഥ കൂടെക്കൂടെ അതിന് വിധേയമാകുന്നവർക്ക് ദോഷകരമാണ്; മന:ശാസ്ത്രപരമായി വിനാശകരമായ ഒരു ഫലം ഉണ്ടാവുകയും കാലക്രമത്തിൽ മസ്തിഷ്കകോശങ്ങൾ താറുമാറാവുകയും ചെയ്യുന്നു. മറ്റൊരാളുടെ ബോധമേഖല7യിലേക്കുള്ള കടന്നുകയറ്റമാണ് ഹിപ്നോട്ടിസം. ഇതിന്റെ താൽക്കാലിക പ്രതിഭാസങ്ങൾക്ക് ഈശ്വരസാക്ഷാത്ക്കാരം ലഭിച്ച സിദ്ധന്മാരുടെ ദിവ്യാത്ഭുതങ്ങളുമായി യാതൊരു സാമ്യവുമില്ല.ഈശ്വരനിൽ ഉണർന്ന യഥാർഥ താപസേന്ദ്രന്മാർ പ്രപഞ്ചസ്രഷ്ടാവെന്ന സ്വപ്നാടക8നോട് സമരസമായി സമ്മേളിച്ച ഒരു ഇച്ഛാശക്തികൊണ്ട് ഈ സ്വപ്നലോകത്ത് വ്യതിയാനങ്ങൾ വരുത്തുന്നു.ഗന്ധബാബ കാട്ടിയ രീതിയിലുള്ള അത്ഭുതസിദ്ധികൾ പകിട്ടേറിയതാണെങ്കിലും അവ ആധ്യാത്മികമായി പ്രയോജനരഹിതമാണ്. വിനോദമെന്നതിൽ കവിഞ്ഞ ഒരു ഉദ്ദേശ്യവും നിറവേറ്റാത്ത അവ ഗൗരവമായ ഈശ്വരാന്വേഷണത്തിന്റെ പാതയിൽനിന്നുള്ള വ്യതിചലനമാണ്.അസാധാരണമായ അത്ഭുതസിദ്ധികൾ കാഴ്ചയ'ക്കായി കാട്ടിക്കൂട്ടുന്നതു ശരിയല്ലെെന്ന് ആചാര്യന്മാർ വിലക്കിയിട്ടുണ്ട്. ജലം, വായു, ആകാശം എന്നിവയുടെമേൽ തങ്ങൾക്കുള്ള അത്ഭുതശക്തിയിൽ അഹങ്കരിച്ചിരുന്ന ചില മുസ്ലീം ഫക്കീറന്മാരെ അബു സയിദ് എന്ന പേർഷ്യൻ ദാർശനികൻ ഒരിക്കൽ പരിഹസിച്ചുപറഞ്ഞു. ‘ ‘ഒരു തവളയ'ക്കും വെള്ളത്തിൽ സർവസ്വാതന്ത്ര്യമുണ്ട്!’ ’ സൗമ്യമായപരിഹാസത്തോടെ അബു സയിദ് ചൂണ്ടിക്കാട്ടി. ‘ ‘കാക്കയും കഴുകനും വായുവിൽ അനായാസമായി പറക്കുന്നു; പിശാച് പൗരസ്ത്യ ദിക്കിലും പാശ്ചാത്യ ദിക്കിലും ഒരേ സമയത്തുണ്ട്! സഹജീവികളുടെ ഇടയിൽ ധർമത്തിൽ അധിഷ്ഠിതമായി ജീവിക്കുന്നവൻ ആരോ അവനാണ് യഥാർഥമനുഷ്യൻ. അവൻ ജീവിതവ്യാപാരങ്ങളിൽ മുഴുകിയേക്കാം; എന്നാലും ഒരു നിമിഷം പോലും ഈശ്വരനെ മറക്കുന്നില്ല.!’ ’ 9 മഹാനായ ആ പേർഷ്യൻ ഗുരു, മതാധിഷ്ഠിതമായ ജീവിതത്തെപ്പറ്റി മറ്റൊരിക്കൽ ഇങ്ങനെ പറഞ്ഞു: ‘ ‘നിന്റെ തലയിലിരിക്കുന്ന സ്വാർഥമോഹങ്ങളും അമിതമായ ഉൽക്കർഷേച്ഛയും വെടിയുക; കയ്യിലുള്ളത് സ്വതന്ത്രമായി നൽകുക; തിക്താനുഭവങ്ങളുടെ തിരിച്ചടികളിൽ ഒരിക്കലും പതറാതിരിക്കുക!’ ’ കാളീഘട്ടക്ഷേത്രത്തിലെ നിഷ്പക്ഷനായ ദിവ്യനോ റ്റിബറ്റിൽ പരിശീലനം സിദ്ധിച്ച യോഗിയോ ഗുരുവിനെ കണ്ടെത്താനുള്ള എന്റെ അഭിവാഞ്ഛയെ തൃപ്തിപ്പെടുത്തിയില്ല. അതിന്റേതായ തിരിച്ചറിവുകൾക്ക് ഒരു ശിക്ഷകനെ എന്റെ ഹൃദയത്തിന് ആവശ്യമില്ലായിരുന്നു. അപൂർവമായേ അതിന്റെ നിശ്ശബ്ദതയിൽ നിന്ന് എന്റെ ഹൃദയം വിളിച്ചുണർത്തപ്പെടാറുണ്ടായിരുന്നുള്ളൂ. അതിനാൽ താനേ അത് ഒരു ഉശിരൻ ജയഭേരി മുഴക്കി. പിന്നീട് എന്റെ ഗുരുവിനെ ആത്യന്തികമായി ഞാൻ കണ്ടുമുട്ടിയപ്പോൾ, മാതൃകയുടെ മഹനീയത കൊണ്ടുമാത്രം അദ്ദേഹം ഒരു യഥാർഥ മനുഷ്യന്റെ മഹിമ എന്നെ പഠിപ്പിച്ചു. [image file=image_rsrcVR.jpg] 1 എക്ലീസിയാസ്റ്റിസ് 3:1 (ബൈബിൾ, ജയിംസ് രാജാവിന്റെ പ്രകാരം.)2 ക്രിസ്തുവിനുമുമ്പ് പത്താംനൂറ്റാണ്ടിൽ ഇസ്രായേൽ ഭരിച്ചിരുന്ന ധീരനായ ഒരു രാജാവ്. തന്റെ പേര് ഇന്നും ജ്ഞാനിക്ക് പര്യായമായിത്തീരത്തക്കവണ്ണം അത്ര ബുദ്ധിവൈഭവത്തോടും നീതിനിഷ്ഠയോടും അദ്ദേഹം ഭരിച്ചു.3 കാളി, പ്രകൃതിയിലെ

നിത്യതത്ത്വത്തെ പ്രതിനിധാനംചെയ്യുന്നു. ശയിക്കുന്ന ശിവരൂപത്തിൽ, അതായത് അനന്തതയിൽ കാലൂന്നി നിൽക്കുന്ന നാലു കൈകളുള്ള ഒരു സ്ത്രീയായിട്ടാണ് പരമ്പരാഗതമായി കാളിയെ ചിത്രികരിക്കാറുള്ളത്; കാരണം, മറഞ്ഞരുളുന്ന ആത്മാവിൽ നിന്നാണ് പ്രകൃതിയുടെ പ്രവർത്തനങ്ങൾ അഥവാ ഐന്ദ്രികപ്രപഞ്ചം ഉല്പന്നമാകുന്നത്. സൃഷ്ടിപരമായ രണ്ടും സംഹാരപരമായ രണ്ടും, അങ്ങനെ നാലു കൈകൾ സുപ്രധാന ഗുണവിശേഷങ്ങളുടെ പ്രതീകങ്ങളാണ്. ഇവ അർഥമാക്കുന്നത് ഭൗതികതയുടെ അഥവാ സൃഷ്ടിയുടെ സത്താമാത്രമായ ദ്വൈതാവസ'ഥയാണ്.4 യവനപുരാണത്തിലെ ഭീമാകാരമായ കാല്പനിക ദുഷ്ടജന്തു. സത്രീയുടെ തലയും, സിംഹത്തിന്റെയോ നായയുടേയോ ഉടലും, ചിറകുകളുമുള്ളതായി ഇതിനെ സാധാരണയായി ചിത്രീകരിച്ചിരിക്കുന്നു. പുരാതന യവനനഗരമായ തീബ്സിനു സമീപം യാത്രക്കാരോട് ഓരോ ഉത്തരംമുട്ടിക്കുന്ന ചോദ്യം ചോദിക്കുകയും ഉത്തരം പറയാനാകാത്തവരെ ഭക്ഷിക്കുകയും ചെയ്തുപോന്നു ഈ സത്വമെന്നു സങ്കല്പം.5 അക്ഷരാർഥത്തിൽ മിഥ്യാപ്രപഞ്ചം; ‘അളവുകോൽ’, അമേയവും അവിഭാജ്യവുമായ കേവലത്തിൽ പരിമിതികളും ഭിന്നതകളും ഉണ്ടെന്നു തോന്നിപ്പിക്കുന്ന മാന്ത്രികശക്തിവിശേഷം. മായയെപ്പറ്റി താഴെ കൊടുത്തിരിക്കുന്ന കവിത എമേഴ്സൺ എഴുതി:മിഥ്യദൂരൂഹം വർത്തിപ്പൂനിരവധി വലകൾ നെയ്തിട്ട്;അവളുടെ ശബളം ചിത്രങ്ങൾഅമ്പേ നിഷ്ഫലമാകില്ല;ഒന്നിനുമേലെയൊന്നായിആവരണങ്ങൾ പെരുകുന്നു;മോഹിനി,യവളെ മാനിപ്പൂകബളിതരാകാൻ ദാഹിപ്പോർ. (ആശയാനുവാദം)6 ഋഷികൾ, ക്രാന്തദർശികൾ. അതിവിദൂരകാലകൃതികളായ വേദങ്ങളുടെ കർത്താക്കൾ.7 ബോധാവസ'ഥയെപ്പറ്റിയുള്ള പാശ്ചാത്യ മന:ശാസ്ത്ര പഠനങ്ങൾ മിക്കതും ഉപബോധമനസ്സിന്റെയും സൈക്കിയാട്രിയും സൈക്കോഅനാലിസിസും വഴി ചികിത്സിക്കുന്ന മനോരോഗങ്ങളുടെയും ഗവേഷണത്തിൽ ഒതുങ്ങിനിൽക്കുന്നു. സാധാരണ മാനസികാവസ'ഥകളുടെ ഉല്പത്തിയെപ്പറ്റിയോ മൗലികമായ രൂപവൽക്കരണത്തെപ്പറ്റിയോ, അവയുടെ വൈകാരികവും ഇച്ഛാപരവുമായ ബഹിർസ്ഫുരണങ്ങളെപ്പറ്റിയോ പര്യവേക്ഷണങ്ങൾ ഇല്ല തന്നെ. എന്നാൽ യഥാർഥത്തിൽ മൗലികമായ ഈ വിഷയം ഭാരതീയ ദർശനത്തിൽ അവഗണിച്ചിട്ടില്ല. മനസ്സിന്റെ സാധാരണവ്യതിയാനങ്ങളുടെ വിവിധകണ്ണികളെപ്പറ്റിയും, ബുദ്ധി (തിരിച്ചറിവ്), അഹങ്കാരം (ഞാനെന്നഭാവം), മനസ്സ് (ബഹിരിന്ദ്രിയബോധം) എന്നിവയുടെ സ്വാഭാവികപ്രവർത്തനത്തെപ്പറ്റിയും സാംഖ്യത്തിലും യോഗസിദ്ധാന്തത്തിലും വ്യക്തമായ വർഗീകരണങ്ങൾ ചെയ്തിരിക്കുന്നു.8 ‘‘പ്രപഞ്ചത്തെ അതിന്റെ ഓരോ കണികയും പ്രതിനിധാനംചെയ്യുന്നു. എല്ലാം ഒരേ അദൃശ്യവസ്തുവിൽ നിർമിതമാണ്. ലോകം ഒരു മഞ്ഞുതുള്ളിയിൽ ഗോളാകാരം പൂണ്ടുനിൽക്കുന്നു.... ഓരോ പായലിലും ഓരോ ചിലന്തിവലയിലും തന്റെ സർവാംഗങ്ങളോടുംകൂടി ഈശ്വരൻ കാണപ്പെടുന്നു എന്നതാണ് സർവവ്യാപിത്വത്തിന്റെ യഥാർത്ഥസിദ്ധാന്തം’’ -എമേഴ്സൺ (കോംപൻസേഷൻ-ൽ)9 വാങ്ങുകയും വിൽക്കുകയും ചെയ്യുക, എന്നാലും ഈശ്വരനെ മറക്കാതിരിക്കുക! കയ്യും ഹൃദയവും ഒരേപോലെ സമരസമായി പ്രവർത്തിക്കുക എന്നതാണ് ആദർശം. ഹിന്ദുധർമത്തിന്റെ ലക്ഷ്യം അധൈര്യം കൊണ്ടുള്ള ഒളിച്ചോട്ടമോ നിഷ്ക്രിയവും സമൂഹവിരുദ്ധവുമായ ഒഴിഞ്ഞു മാറ്റമോ ആണെന്ന് ചില പാശ്ചാത്യഗ്രന്ഥകാരന്മാർ അവകാശപ്പെടുന്നു. ഏതായാലും മനുഷ്യജീവിതത്തിനു വേണ്ടി വേദപ്രോക്തമായ ചതുരാശ്രമപദ്ധതി ബഹുജനങ്ങൾക്കുതകുന്ന സമീകൃതമായ ഒന്നാണ്. ഇതിൽ ജീവിതത്തിൽ ആദ്യ പകുതി പഠനത്തിനും ഗാർഹ്യത്തിനും, അടുത്ത പകുതി മനനധ്യാനങ്ങൾക്കും വേണ്ടി മാറ്റിവച്ചിരിക്കുന്നു.ആത്മാവിൽ പ്രതിഷ്ഠനേടാൻ ഏകാന്തത ആവശ്യമാണ്. പക്ഷെ അതു നേടിയിട്ട് ആചാര്യന്മാർ ജനസേവനത്തിനായി സമൂഹമധ്യത്തിലേക്ക് തിരിച്ചുവരുന്നു. ബാഹ്യകർമങ്ങളിൽ വ്യാപൃതരാകാത്ത പുണ്യാത്മാക്കൾപോലും അവരുടെ ചിന്തകളും വിശുദ്ധസ്പന്ദനങ്ങളുംകൊണ്ട് വിലമതിക്കാനാവാത്ത നന്മകൾ ലോകത്തിനു പ്രദാനം ചെയ്യുന്നു. ആത്മബോധം ലഭിക്കാത്ത മനുഷ്യർക്ക് മനുഷ്യനന്മയെ ലാക്കാക്കി അവർ എത്ര കഠിന പ്രയത്നം ചെയ്താലും, ഇത്രത്തോളം അമൂല്യമായ സൽഫലങ്ങൾ സൃഷ്ടിക്കാൻ കഴിയുകയില്ല. മഹത്തുക്കൾ ഓരോരുത്തരും തനതായ നിലയിലും മിക്കപ്പോഴും കടുത്ത എതിർപ്പുകൾ നേരിട്ടുകൊണ്ടും തങ്ങളുടെ സഹജീവികൾക്ക് പ്രചോദനമരുളാനും അവരെ ഉദ്ധരിക്കാനും നിസ്വാർഥമായി ഉറ്റു ശ്രമിക്കുന്നു. ഒരൊറ്റ ഹൈന്ദവ ആദർശവും, അത് മതപരമാകട്ടെ, സാമൂഹികമാകട്ടെ, വെറും നിഷേധാത്മകമല്ല. ‘‘അഹിംസാ സകലോധർമ:’’ (പരോപദ്രവം ചെയ്യാതിരിക്കുക സർവസദ്ഗുണമാണ്.) എന്ന മഹാഭാരതവചനം, എന്താണു ചെയ്യേണ്ടതെന്ന ക്രിയാത്മകനിബന്ധനയാണ്. കാരണം, ആ സങ്കല്പം ഉടലെടുക്കുന്നത് അന്യർക്ക് നന്മചെയ്യാതിരിക്കുന്നയാൾ അവരെ ദ്രോഹിക്കുന്നതിനുതുല്യമാണ് എന്ന ആശയത്തിൽനിന്നാണ്.ഭഗവദ്ഗീത (III:48) മനുഷ്യസ്വഭാവത്തിൽ കർമപരത സഹജമാണെന്ന് ചൂണ്ടിക്കാട്ടുന്നു. അകർമണ്യത സ്പഷ്ടമായും ‘‘തെറ്റായ പ്രവൃത്തിയാണ്.’’ ‘‘കർമങ്ങൾ ഒഴിവാക്കിയതുകൊണ്ടുമാത്രം കർമവിമുക്തി ലഭിക്കുന്നില്ല. കർമങ്ങൾ വെടിഞ്ഞതുകൊണ്ട് ആരും പരിപൂർണതയിൽ എത്തുന്നുമില്ല. യഥാർഥത്തിൽ ആർക്കും ഒരു നിമിഷംപോലും കർമങ്ങൾ ചെയ്യാതിരിക്കാനാവില്ല. പ്രകൃതിസഹമായ ഗുണങ്ങളുടെ പ്രേരണയാൽ, ഇഷ്ടമുണ്ടെങ്കിലുമില്ലെങ്കിലും ഏവരും കർമങ്ങൾ ചെയ്യാൻ നിർബന്ധിതരാകുന്നു. കർമേന്ദ്രിയങ്ങളെ ബലമായിനിയന്ത്രിച്ച് യാതൊരാളാണോ തന്റെ മനസ്സിനെ ഇന്ദ്രിയവിഷയങ്ങളിൽ

വ്യാപരിപ്പിക്കുന്നത്, അയാൾ ആത്മവഞ്ചനചെയ്യുന്ന കപടമതിയാണ്. ഇന്ദ്രിയങ്ങളെ മനസ്സുകൊണ്ടു നിയന്ത്രിച്ച്, നിർമമത്വത്തോടുകൂടി കർമേന്ദ്രിയങ്ങളെ ഈശ്വരസംയോഗത്തിനുചേർന്ന പ്രവൃത്തികളിൽ സ'ഥിരതയോടെ വ്യാപരിപ്പിക്കുന്നയാൾ അതിശ്രേഷ്ഠമായ വിജയം കൈവരിക്കുന്നു. അർജുനാ! നീ നിനക്കു വിധിച്ചിട്ടുള്ള കർമങ്ങൾ ചെയ്യുക. കാരണം കർമം ചെയ്യുക കർമം ചെയ്യാതിരിക്കുന്നതിനെക്കാൾ മെച്ചമാണ്. ശരീര പരിരക്ഷണം പോലും അകർമണ്യതയിലൂടെ അസാധ്യമായിത്തീരുന്നു.'' അധ്യായം 6കടുവാസ്വാമികൾ ''ഞാൻ കടുവാസ്വാമികളുടെ വിലാസം കണ്ടുപിടിച്ചുകഴിഞ്ഞു. നമുക്ക് നാളെ അദ്ദേഹത്തെ പോയിക്കാണാം.'' എന്റെ ഹൈസ്കൂൾ മിത്രമായ ചണ്ഡിയിൽനിന്നാണ് സ്വാഗതാർഹമായ ഈ ആശയം ലഭിച്ചത്. സന്ന്യാസജീവിതം ആരംഭിക്കുന്നതിനുമുമ്പ്, വെറും കൈകൾകൊണ്ട് കടുവകളെ പിടിക്കുകയും അടിച്ചു കീഴ്പ്പെടുത്തുകയും ചെയ്തിട്ടുള്ള ആ പുണ്യാത്മാവിനെ കാണാൻ എനിക്കും കൗതുകം കുറച്ചൊന്നുമല്ലായിരുന്നു. ഇത്തരം അസാധാരണമായ അത്ഭുതകൃത്യങ്ങളിൽ ബാലസഹജമായ കമ്പം എന്നിൽ ശക്തമായി ഉണ്ടായിരുന്നു.അടുത്തദിവസം പുലർന്നത് ശിശിരത്തിന്റെ കുളിരോടെയായിരുെന്നങ്കിലും ചണ്ഡിയും ഞാനും ആഹ്ലാദത്തോടെ ഇറങ്ങിത്തിരിച്ചു. കൽക്കത്തയ'ക്കുപുറത്ത് ഭവാനീപുരത്ത് പലയിടത്തും പ്രയോജനമില്ലാതെ അന്വേഷിച്ചുനടന്നശേഷം ശരിയായ വീട്ടിൽ ഞങ്ങൾ എത്തിച്ചേർന്നു. കതകിൽ ഉറപ്പിച്ചിരുന്ന രണ്ടു ഇരുമ്പുവളയങ്ങൾ ഞാൻ ചെവി തുളയ'ക്കുംവണ്ണം മുഴക്കി. ഈ ഒച്ച കേട്ടിട്ട് എത്രയും സാവധാനമാണ് ഒരു ജോലിക്കാരൻ അടുത്തുവന്നത്. ബഹളക്കാരായ സന്ദർശകർക്ക് ഒരു തപോധനന്റെ വീടിന്റെ പ്രശാന്തി ഭഞ്ജിക്കുവാൻകഴിയുകയില്ലയെന്നാണ് അയാളുടെ പരിഹാസപൂർവമായ ചിരി സൂചിപ്പിച്ചത്.നിശ്ശബ്ദമായ ആ ശകാരം ഏറ്റുവാങ്ങിയ ഞങ്ങളെ സ്വീകരണമുറിയിലേക്ക് ആനയിച്ചതിൽ ഞാനും സ്നേഹിതനും സന്തുഷ്ടരായിരുന്നു. അവിടെ ദീർഘനേരം കാത്തിരുന്നപ്പോൾ സംശയാശങ്കകൾ ഞങ്ങളിൽ തലപൊക്കി. സത്യാന്വേഷികൾക്കുള്ള ഭാരതത്തിന്റെ അലിഖിതനിയമം ക്ഷമയാണ്; നേരിൽ കാണാനുള്ള ഒരുവന്റെ ആകാംക്ഷ ഒരു ആചാര്യൻ മനഃപൂർവം പരീക്ഷിക്കാം. ഈ മന:ശാസ്ത്രപരമായ അടവ് ഭിഷഗ്വരന്മാരും ദന്തവൈദ്യന്മാരും പാശ്ചാത്യരാജ്യങ്ങളിൽ വേണ്ടുവോളം പ്രയോഗിക്കുന്നു!ഒടുവിൽ വേലക്കാരൻ വന്നു വിളിച്ചു. ചണ്ഡിയും ഞാനും ഒരു ശയനമുറിയിലേക്ക് പ്രവേശിച്ചു. വിഖ്യാതനായ 'സോഹം സ്വാമി' 1 തന്റെ കിടക്കയിൽ ഉപവിഷ്ടനായിരുന്നു. അദ്ദേഹത്തിന്റെ ഭീമാകാരമായ ശരീരം ഞങ്ങളിൽ ആശ്ചര്യം ജനിപ്പിച്ചു. തുറിച്ചകണ്ണുകളോടെ ഞങ്ങൾ നിശ്ശബ്ദരായി നിന്നു. ഇതിനുമുമ്പ് ഇത്രവിരിഞ്ഞ ഒരു മാറിടമോ ഫുട്ബോൾ പോലുള്ള ഭുജദശയോ ഞങ്ങൾ കണ്ടിട്ടുണ്ടായിരുന്നില്ല. അതിവിശാലമായ കഴുത്തിൽ ഭീഷണമെങ്കിലും ശാന്തമായ മുഖം, ഒഴുകി ഇറങ്ങിയ മുടിച്ചുരുളുകളും മേൽമീശയും താടിയും കൊണ്ട് അലംകൃതമായിരുന്നു. മാടപ്രാവിന്റേയും കടുവയുടെയും ഗുണവിശേഷങ്ങളുടെ ഒരു ലാഞ്ഛന അദ്ദേഹത്തിന്റെ കറുത്ത കണ്ണുകളിൽ തിളങ്ങി. തന്റെ ദൃഢപേശിയായ അരക്കെട്ടിലെ കടുവത്തോലൊഴിച്ചാൽ, മറ്റു വസ്ത്രമൊന്നും അദ്ദേഹം ധരിച്ചിരുന്നില്ല.ഞങ്ങൾക്ക് ശബ്ദം തിരിച്ചു കിട്ടിയപ്പോൾ അദ്ദേഹത്തിന്റെ അസാധാരണമായ വ്യാഘ്രദമനശേഷിയിൽ മതിപ്പു പ്രകടിപ്പിച്ചുകൊണ്ട് എന്റെ സ്നേഹിതനും ഞാനും അദ്ദേഹത്തെ വണങ്ങി. ''കാട്ടിലെ ഏറ്റവും ഉഗ്രപ്രതാപിയായ ബംഗാൾരാജ എന്ന കടുവകളെ വെറും കൈകൾകൊണ്ട് എങ്ങനെ അങ്ങേക്ക് അടിയറ പറയിക്കുവാൻ കഴിഞ്ഞുവെന്ന് ദയവായി ഒന്നു പറഞ്ഞുതരില്ലേ? ''എന്റെ മക്കളേ, കടുവകളെ നേരിടുക എനിക്ക് അത്ര വലിയ കാര്യമൊന്നുമല്ല. ആവശ്യമെങ്കിൽ ഇന്നും എനിക്ക് അതു ചെയ്യുവാൻ കഴിയും''. കുട്ടികളെപ്പോലെ അദ്ദേഹം ചിരിച്ചു. ''നിങ്ങൾ കടുവകളെ കടുവകളായിക്കാണുന്നു; ഞാൻ അവയെ ചക്കിപ്പൂച്ചകളായി കാണുന്നു.'' ''സ്വാമിജീ, കടുവകൾ ചക്കിപ്പൂച്ചകളാണെന്ന് എന്റെ ഉപബോധമനസ്സിനെ ബോധ്യപ്പെടുത്താമെന്ന് ഞാൻ വിചാരിക്കുന്നു. പക്ഷെ എനിക്ക് അത് കടുവകളെ വിശ്വസിപ്പിക്കാൻ കഴിയുമോ?'' ''തീർച്ചയായും കരബലവും ആവശ്യമാണ്! കടുവ ഒരു വീട്ടുപൂച്ചയാണെന്ന് ഭാവിക്കുന്ന ഒരു കൊച്ചുകുട്ടിക്ക് വിജയം പ്രതീക്ഷിക്കാനാവില്ല. ശക്തമായ കരങ്ങളാണ് എന്റെ മതിയായ ആയുധം.'' അദ്ദേഹം ഞങ്ങളെ അങ്കണത്തിലേക്കു വിളിച്ചുകൊണ്ടുപോയി. ഭിത്തിയുടെ അറ്റത്ത് കൈകൊണ്ട് ഒരു ഇടി കൊടുത്തു. ഒരു ഇഷ്ടിക തകർന്നു നിലംപതിച്ചു; പല്ലുപോയ വിടവുപോലുള്ള ഭിത്തിയിലെ വിള്ളലിലൂടെ ആകാശം അകത്തേക്ക് ഉറ്റുനോക്കി. അത്ഭുതത്താൽ ഞാൻ ആടിപ്പോയി. കുമ്മായം പൂശിയ കനത്ത ഭിത്തിയിൽനിന്ന് ഒറ്റയടിക്ക് ഇഷ്ടിക തെറിപ്പിക്കാൻ കഴിയുന്ന ഒരാൾക്ക് കടുവയുടെ വായിലെ പല്ലുകൾ ഇടിച്ചുകൊഴിക്കാൻ തീർച്ചയായും കഴിയുമെന്ന് ഞാൻ വിശ്വസിച്ചു! ''എത്രയോ ആളുകൾക്ക് എന്റെയത്രയും ശാരീരികമായ ശക്തിയുണ്ട്. പക്ഷെ അവർക്ക് ഇല്ലാത്തത് കൂസാത്ത ആത്മധൈര്യമാണ്. ശാരീരികമായി ശക്തരെങ്കിലും മാനസികമായി അശക്തരായിട്ടുള്ളവർ ഒരു വന്യമൃഗം വനത്തിലൂടെ കുതിച്ചു പായുന്നതു കാണുമ്പോൾ തന്നെ മോഹാലസ്യപ്പെട്ടേക്കാം. അവയുടെ സ്വന്തം വാസസ'ഥലത്തും സ്വാഭാവികമായ ക്രൗര്യത്തിലും കടുവകൾ കറുപ്പുതീറ്റിയ സർക്കസ് കടുവകളിൽനിന്ന് വളരെയേറെ വ്യത്യസ്തമാണ്! ''ബംഗാൾരാജ എന്ന കടുവകളുടെ ആക്രമണത്തിനു വിധേയരായ അജകായബലമുള്ള അസംഖ്യം പുരുഷന്മാർ പേടികൊണ്ട് നിസ്സഹായരായ അവസ'ഥയിലായിട്ടുണ്ട്. അങ്ങനെ മനുഷ്യനെ അവന്റെ മനസ്സിൽ

പൂച്ചയുടേതുപോലുള്ള പേടിച്ചരണ്ട നിലയിലേക്ക് കടുവ മാറ്റിയിരിക്കുന്നു. ഈ സ'ഥിതി പാടെ മാറ്റിമറിച്ചുകൊണ്ട്, ഒരു മാതിരി നല്ലശരീരബലവും അസാമന്യമായ നിശ്ചയദാർഢ്യവുമുള്ള ഒരാൾക്ക് കടുവയുടെ മേൽ ആധിപത്യം സ'ഥാപിക്കാനും അതിന് ഒരു വീട്ടുപൂച്ചയുടെ നിസ്സഹായവസ'ഥയിലാണ് താനെന്ന ബോധ്യം വരുത്താനും സാധിക്കും. എത്രയോ പ്രാവശ്യം ഞാൻ അതു തന്നെയാണ് ചെയ്തത്!' ' എന്റെ മുന്നിലിരുന്ന ശക്തിരാക്ഷസൻ കാട്ടുകടുവയെ വീട്ടുപൂച്ചയാക്കുന്ന മറിമായം കാട്ടാൻ കഴിവുള്ള ദേഹമാണെന്നു വിശ്വസിക്കുവാൻ ഞാൻ തീർത്തും തയ്യാറായിരുന്നു. ഒരു പ്രബോധനം നടത്താൻ ഒരുക്കമുള്ള മനോഭാവത്തിലായിരുന്നു അദ്ദേഹം എന്നു തോന്നി. ചണ്ഡിയും ഞാനും ഭവ്യതയോടെ അദ്ദേഹം പറഞ്ഞത് ശ്രദ്ധിച്ചുകേട്ടു. ' ' മനസ്സാണ് ശരീരപേശികളുടെ പ്രയോക്താവ്. ഒരു കൊട്ടുവടികൊണ്ടുള്ള അടിയുടെ ഊക്ക് അതിൽ പ്രയോഗിക്കുന്ന ഊർജത്തെ ആശ്രയിച്ചിരിക്കുന്നു. മനുഷ്യശരീരമാകുന്ന ഉപകരണത്താൽ പ്രയുക്തമാക്കുന്ന ശക്തി ആക്രാമകമായ ഇച്ഛാശക്തിയേയും ധൈര്യത്തെയുമാണ് ആശ്രയിച്ചിരിക്കുന്നത്. ശരീരത്തെ അക്ഷരാർഥത്തിൽ സൃഷ്ടിക്കുന്നതും പരിപാലിക്കുന്നതും മനസ്സാണ്. കഴിഞ്ഞ ജന്മങ്ങളിലെ നൈസർഗികവാസനകളുടെ സമ്മർദത്താൽ മനുഷ്യന്റെ ബോധത്തിലേക്ക് ശക്തിയോ ദൗർബല്യങ്ങളോ ക്രമേണ അരിച്ചിറങ്ങുന്നു. അവ ശീലങ്ങളായി പുറത്തുവരുന്നു. തുടർന്ന് അവ അഭികാമ്യമോ അല്ലാത്തതോ ആയ ദേഹമായി രൂപം കൊള്ളുന്നു. ബാഹ്യമായ ചാപല്യത്തിന് മാനസികമായ ഒരു ഉറവിടം ഉണ്ട്; ഒരു ദൂഷിതവലയത്തിൽ കുടുങ്ങി സ്വഭാവബദ്ധമായ ശരീരം മനസ്സിനെ പരാജയപ്പെടുത്തുന്നു. വേലക്കാരന്റെ ആജ്ഞകൾ യജമാനൻ സ്വയം അനുസരിക്കാൻ തുടങ്ങിയാൽ വേലക്കാരൻ ഒരു സ്വേച്ഛാധിപതിയായി മാറും. അതുപോലെ, ശരീരത്തിന്റെ ആജ്ഞകൾക്ക് വഴങ്ങിയാൽ മനസ്സും അടിമയായിത്തീരുന്നു.' ' തന്റെ ജീവിതത്തെപ്പറ്റിയെന്തെങ്കിലും പറയാൻ ഞങ്ങളുടെ അഭ്യർഥനപ്രകാരം പ്രൗഢഗംഭീരനായ സ്വാമിജി സമ്മതിച്ചു. ' 'എന്റെ ആദ്യത്തെ ആഗ്രഹം കടുവകളോട് മല്ലുപിടിക്കുക എന്നതായിരുന്നു. എന്റെ ഇച്ഛാശക്തി കരുത്തുറ്റതായിരുന്നു; പക്ഷേ ശരീരം ബലഹീനവും.' ' ആശ്ചര്യത്തിന്റെ ഒരു വ്യാക്ഷേപകശബ്ദം എന്നിൽനിന്ന് ഉയർന്നു. ഇന്നത്തെ ഈ അതികായന് എന്നെങ്കിലും ശാരീരിക ദൗർബല്യം ഉണ്ടായിരുന്നു എന്നത് അവിശ്വസനീയമായിത്തോന്നി. ' ' അദമ്യമായ സ'ഥിരോത്സാഹം, ആരോഗ്യത്തിന്റെയും കായബലത്തിന്റെയും ചിന്തകളിൽ നിലനിർത്തിയാണ് ഞാൻ എന്റെ വൈഷമ്യം തരണംചെയ്തത്. ബംഗാൾരാജാക്കടുവകളെ യഥാർഥത്തിൽ കീഴടക്കിയ അതിശക്തമായ മനോവീര്യത്തെക്കുറിച്ച് അഭിമാനിക്കാൻ എനിക്ക് മതിയായ കാരണമുണ്ട്.' ' ' 'അഭിവന്ദ്യനായ സ്വാമിജി, എനിക്ക് എന്നെങ്കിലും കടുവയെ നേരിടാൻ കഴിയുമെന്ന് അങ്ങ് കരുതുന്നുണ്ടോ?' ' ഈ സന്ദർഭത്തിലൊരിക്കൽ മാത്രമായിരുന്നു കടുവകളോട് യുദ്ധംചെയ്യുക എന്ന വിചിത്രമായ അഭിവാഞ്ഛ എന്റെ മനസ്സിൽ ആദ്യമായും അവസാനമായും കടന്നു വന്നത്! ' 'കഴിയും.' ' അദ്ദേഹം പുഞ്ചിരിക്കുകയായിരുന്നു. ' ' പക്ഷേ പലതരം കടുവകൾ ഉണ്ട്; ചിലവ മനുഷ്യന്റെ ആഗ്രഹങ്ങളാകുന്ന വനങ്ങളിൽ സ്വൈരവിഹാരം ചെയ്യുന്നു. മൃഗങ്ങളെ ഇടിച്ചു വീഴ്ത്തുന്നതുകൊണ്ട് ആത്മീയമായ പ്രയോജനമൊന്നും കിട്ടാനില്ല. ഉള്ളിലെ ഹിംസ്രമൃഗങ്ങളുടെമേൽ ജേതാവാകൂ.' ' ' 'അങ്ങ് കാട്ടുകടുവകളെ മെരുക്കുന്നതിൽനിന്നു വന്യവികാരങ്ങളെ മെരുക്കുന്ന ആളായിത്തീർന്നതെങ്ങനെയെന്ന് ഞങ്ങളോട് ഒന്നു പറയാമോ?' ' കടുവാസ്വാമികൾ മൗനംഭജിച്ചു. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ വിദൂരത നിഴലിച്ചു. കഴിഞ്ഞകാലരംഗങ്ങളെ സ്മരണയിലേക്ക് ആനയിക്കുകയായിരുന്നു അദ്ദേഹം. എന്റെ അപേക്ഷ സ്വീകരിക്കണമോ വേണ്ടയോ എന്ന അദ്ദേഹത്തിന്റെ മാനസികസംഘർഷത്തെ ഞാൻ തിരിച്ചറിഞ്ഞു. ഒടുവിൽ, 'ആകട്ടെ' എന്ന അർഥത്തിൽ അദ്ദേഹം പുഞ്ചിരിച്ചു. ' 'എന്റെ കീർത്തി ഉച്ചകോടിയിലെത്തിയപ്പോൾ അഹങ്കാരത്തിന്റെ ലഹരി അത് എന്നിൽ വളർത്തി. ഇനി കടുവകളോട് മല്ലിടുക മാത്രമല്ല, അവ ചില വേലകൾ കാട്ടുന്നത് പ്രദർശിപ്പിക്കുകയും കൂടി ചെയ്യാമെന്ന് ഞാൻ തീരുമാനിച്ചു. മെരുങ്ങിയ വീട്ടുമൃഗങ്ങളെപ്പോലെ പെരുമാറാൻ ദുഷ്ടമൃഗങ്ങളെ നിർബന്ധിതരാക്കുകയായിരുന്നു എന്റെ അഭിലാഷം. ഏറെ ആഹ്ലാദം പകർന്ന വിജയത്തോടെ എന്റെ സാഹസികമായ അത്ഭുതവിദ്യകൾ പൊതുവേദിയിൽ ഞാൻ കാട്ടാൻതുടങ്ങി. ' 'ഒരു സായാഹ്നത്തിൽ എന്റെ അച്ഛൻ ചിന്താകുലനായി എന്റെ മുറിയിൽ കടന്നുവന്നു. ' ' 'മകനേ, എനിക്കു നിന്നെ ഒന്നു ഗുണദോഷിക്കാനുണ്ട്. കാര്യകാരണങ്ങളുടെ ചക്രം സൃഷ്ടിക്കുന്ന ഭാവിദുരനുഭവങ്ങളിൽ നിന്ന് നിന്നെ എനിക്ക് രക്ഷിക്കണമെന്നുണ്ട്'. ' ' 'അങ്ങ് ഒരു വിധിവിശ്വാസിയാണോ അച്ഛാ? എന്റെ കർമപരിപാടികളുടെ ശക്തമായ ജലധാരയുടെ നിറംകെടുത്താൻ അന്ധവിശ്വാസത്തെ അനുവദിക്കണോ?' ' ' ' ' 'ഞാൻ വിധി വിശ്വാസിയൊന്നുമല്ല മകനെ. എന്നാൽ ശാസ്ത്ര ഗ്രന്ഥങ്ങൾ പഠിപ്പിക്കുന്ന ' 'തെറ്റിനു തക്കശിക്ഷ' ' എന്ന നീതിയുക്തമായ നിയമത്തിൽ ഞാൻ വിശ്വസിക്കുന്നു. വന്യവംശങ്ങൾക്ക് നിന്നോട് കടുത്ത രോഷമുണ്ട്. ഒരുവേള അത് നിനക്ക് ആപത്തായിത്തീർന്നേക്കാം.' ' ' ' ' 'അച്ഛാ, അങ്ങ് എന്നെ അമ്പരപ്പിക്കുന്നു! കടുവകൾ എങ്ങനെയുള്ള ജീവികൾ ആണെന്ന് അങ്ങക്ക് നല്ലവണ്ണം അറിയാമല്ലോ-മനോഹരമായ ആകൃതി, പക്ഷേ ക്രൂരമായ പ്രകൃതി. എന്റെ പ്രഹരങ്ങൾ അവയുടെ കട്ടിയായ തലയിലേക്ക് അല്പം വകതിരിവ് അടിച്ചു കയറ്റുകയില്ലെന്ന് ആർക്കറിയാം? വനാന്തരത്തിലെ സമാപനവിദ്യാലയത്തിൽ അവരെ

നല്ലനടത്ത പഠിപ്പിക്കുന്ന പ്രഥമാധ്യാപകനാണ് ഞാൻ!' ' ' 'അച്ഛാ, കടുവയെ മെരുക്കുന്ന ഒരുവനായിട്ടല്ലാതെ കടുവയെ കൊല്ലുന്ന ഒരുവനായി ദയവു ചെയ്ത് എന്നെ ഒരിക്കലും കരുതരുത്. എന്റെ സൽപ്രവൃത്തികൾ എനിക്ക് എങ്ങനെ ദോഷം ചെയ്യും? എന്റെ ജീവിതരീതി മാറ്റണമെന്ന ആജ്ഞയൊന്നും എന്റെ മേൽ ചുമത്തരുത് എന്നു ഞാൻ അപേക്ഷിക്കുന്നു.' അദ്ദേഹത്തിന്റെ ധർമസങ്കടത്തിന്റെ കഥ ചണ്ഡിയും ഞാനും ദത്തശ്രദ്ധരായി കേട്ടു. ഭാരതത്തിൽ ഒരു കുട്ടി തന്റെ അച്ഛനമ്മമാരുടെ അഭിലാഷങ്ങളെ ലഘുവാക്കി, അനുസരണക്കേട് കാട്ടാറില്ല. കടുവാസ്വാമികൾ തുടർന്നു. ' 'എന്റെ വിശദീകരണം അങ്ങേയറ്റത്തെ ക്ഷമയോടെ നിശ്ശബ്ദനായി അച്ഛൻ ശ്രദ്ധിച്ചു. തുടർന്ന് അദ്ദേഹം വളരെ ഗൗരവത്തോടെ ഒരു വെളിപാടുനടത്തി. ' ' 'മകനെ, ഒരു പുണ്യാത്മാവിൽനിന്ന് എനിക്ക് ലഭിച്ച ദു:സൂചകമായ ഒരു പ്രവചനം വെളിപ്പെടുത്താൻ നീ എന്നെ നിർബന്ധിതനാക്കുന്നു. എന്റെ നിത്യവുമുള്ള ധ്യാനത്തിൽ ഞാൻ ഇന്നലെ വരാന്തയിൽ ഇരിക്കുമ്പോൾ അദ്ദേഹം എന്റെ അടുക്കലെത്തി. ' ' ' ' 'സുഹൃത്തേ, നിങ്ങളുടെ അഹങ്കാരിയായ മകനു നൽകാൻ ഒരു സന്ദേശവുമായാണ് ഞാൻ വരുന്നത്. തന്റെ ക്രൂരപ്രവൃത്തികൾ അവൻ നിർത്തട്ടേ. ഇല്ലെങ്കിൽ കടുവയുമായുള്ള അവന്റെ ഏറ്റുമുട്ടൽ അവന് ഗുരുതരമായ മുറിവുകളിലും, തുടർന്ന് ആറുമാസക്കാലത്തെ മാരകമായ അസുഖത്തിലും കലാശിക്കും. പിന്നീട് അവൻ തന്റെ പഴയരീതികൾ ഉപേക്ഷിക്കുകയും ഒരു സന്യാസിയാകുകയും ചെയ്യും.' ' ' ' 'ഈ കഥ ഞാൻ അത്ര ഗൗരവമായി എടുത്തില്ല. മതിഭ്രമം പിടിച്ച ഒരു മതഭ്രാന്തനെ കണ്ണടച്ചു വിശ്വസിക്കുന്ന അയാളുടെ ഒരു ഇരയായിപ്പോയി അച്ഛൻ, എന്നു ഞാൻ കരുതി.' ' ഏതോ അബദ്ധം പിണഞ്ഞാൽ കാട്ടുന്ന ക്ഷമകേടിന്റെ ഒരു ആംഗ്യത്തോടെയാണ് കടുവാസ്വാമികൾ ഈ ഏറ്റുപറച്ചിൽ നടത്തിയത്. വളരെനേരം വല്ലാത്ത മൌനം ദീക്ഷിച്ച അദ്ദേഹം ഞങ്ങളുടെ സാന്നിധ്യം മറന്നതായി തോന്നി. പിന്നീട് കഥയുടെ അപൂർണമായ ഭാഗം തുടർന്നത് അടക്കിയ ശബ്ദത്തോടെ പെട്ടെന്നായിരുന്നു. ' 'അച്ഛന്റെ താക്കീതിനുശേഷം അധികനാൾ കഴിയുന്നതിനു മുമ്പ് കൂച്ച്ബീഹാറിന്റെ തലസ'ഥാനനഗരി ഞാൻ സന്ദർശിച്ചു. സുന്ദരമായ ആ സ'ഥലം എനിക്ക് പുതുതായിരുന്നു; വിശ്രമപൂർണമായ ഒരുമാറ്റം ഞാൻ പ്രതീക്ഷിച്ചു. എവിടെയുമെന്നപോലെ, ജിജ്ഞാസുക്കളായ ഒരുകൂട്ടം ആളുകൾ തെരുവിൽ എന്റെ പുറകേകൂടി. അടക്കിപ്പറഞ്ഞിരുന്ന അവരുടെ വാക്കുകൾ എനിക്ക് കുറേശെ കേൾക്കാമായിരുന്നു. ' ' 'ഇദ്ദേഹമാണ് കടുവയുമായി മല്ലുപിടിക്കുന്ന ആൾ.' ' ' 'ആ കാലുകൾ കണ്ടോ, മരത്തിന്റെ തടിപോലുണ്ട്!' ' ' 'ആ മുഖത്തു നോക്കൂ! കടുവകളുടെ രാജാവിന്റെതന്നെ ഒരു അവതാരമായിരിക്കണം ഇദ്ദേഹം!' ' ' തെരുവുപിള്ളേർ, വർത്തമാനപ്പത്രങ്ങളുടെ ഏറ്റവും ഒടുവിലത്തെ പതിപ്പുകളെപ്പോലെയാണെന്ന് അറിയാമല്ലോ! സ്ത്രീജനങ്ങളുടെ വായാട്ടത്തിന്റെ പത്രികകളും എത്ര വേഗത്തിലാണ് വീടു തോറും പരക്കുന്നത്! ഏതാനും മണിക്കൂറുകൾക്കുള്ളിൽ നഗരം മുഴുവൻ എന്റെ ആഗമനത്താൽ ഇളകിമറിഞ്ഞിരുന്നു. ' 'വൈകുന്നേരം വിശ്രമിക്കുമ്പോഴാണ് കുതിരക്കുളമ്പടി കേട്ടത്. എന്റെ വീടിനുമുമ്പിൽ അതു നിലച്ചു. തലപ്പാവുധരിച്ച, നല്ല പൊക്കമുള്ള ഏതാനും പോലീസുകാർ അകത്തേക്കു കയറിവന്നു. ' 'ഞാൻ അന്ധാളിച്ചുപോയി. 'മനുഷ്യനുണ്ടാക്കിയ നിയമങ്ങളുടെ സൃഷ്ടികളായ ഇവർക്ക് എന്തുമാകാം,' ഞാൻ വിചാരിച്ചു. 'ഞാൻ ഒന്നുമറിയാത്ത ഏതെങ്കിലും കാര്യത്തിന് എന്നെ ദ്രോഹിക്കാനാണോ ഇവർ ഇറങ്ങിത്തിരിച്ചിരിക്കുന്നത്?' പക്ഷെ ഉദ്യോഗസ'ഥന്മാർ പതിവില്ലാത്ത ഭവ്യതയോടെ വണങ്ങി. ' ' 'പ്രഭോ, കൂച്ച്ബീഹാറിലെ രാജകുമാരനുവേണ്ടി അങ്ങയെ സ്വാഗതം ചെയ്യാനാണ് ഞങ്ങളെ അയച്ചിരിക്കുന്നത്. അങ്ങയെ നാളെ രാവിലെ കൊട്ടാരത്തിലേക്ക് ക്ഷണിച്ചുവരുത്തി സ്വീകരിക്കുവാൻ അദ്ദേഹത്തിനു സന്തോഷമുണ്ട്.' ' 'സംഗതി എന്താണെന്ന് ഞാൻ അല്പനേരം പരിചിന്തനം ചെയ്തു. എന്റെ ഒച്ചപ്പാടില്ലാത്ത ഈ സന്ദർശനത്തിന് ഇങ്ങനെയൊരു തടസം നേരിട്ടതിൽ ഏതോ അജ്ഞാതമായ കാരണത്താൽ എനിക്ക് അതിയായ ഖേദം തോന്നി. എങ്കിലും പോലീസുകാരുടെ ഭവ്യമായ രീതി എന്നെ സ്പർശിച്ചു; ഞാൻ പോകാമെന്ന് ഏറ്റു. ' 'അടുത്തദിവസം എന്റെ പടിവാതിലിൽനിന്ന് നാലു കുതിരകളെപൂട്ടിയ മനോജ്ഞമായ രഥത്തിൽ അതീവബഹുമാനത്തോടെ സ്വീകരിച്ച് ആനയിക്കപ്പെട്ടതിൽ ഞാൻ അമ്പരന്നുപോയി. ശക്തമായ സൂര്യാതപത്തിൽനിന്ന് എന്നെ രക്ഷിക്കാൻ ഒരു സേവകൻ വെൺകൊറ്റക്കുട എനിക്കു പിടിച്ചുതന്നു. നഗരത്തിലൂടെയും അതിന്റെ വൃക്ഷനിബിഡമായ പ്രാന്തപ്രദേശങ്ങളിലൂടെയുമുള്ള യാത്ര ഞാൻ ആസ്വദിച്ചു. കൊട്ടാരവാതിലിൽ രാജകുമാരൻതന്നെ എന്നെ സ്വീകരിക്കാൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ സ്വർണക്കിന്നരിയിട്ട സിംഹാസനം ഒരു പുഞ്ചിരിയോടെ എനിക്കു നൽകിക്കൊണ്ട് കുറെക്കൂടി ലളിതമായി അലങ്കരിച്ച ഒരു കസാലയിൽ അദ്ദേഹം ഉപവിഷ്ടനായി. ' ' 'ഈ അതിഭവ്യതയെല്ലാം എനിക്ക് എന്തോ നഷ്ടമാണുണ്ടാക്കാൻ പോകുന്നത്,' വർധിച്ച അമ്പരപ്പോടെ ഞാൻ കരുതി. ഏതാനും അനൗപചാരികവാക്കുകൾ പറഞ്ഞുകഴിഞ്ഞപ്പോൾ രാജകുമാരന്റെ ഉദ്ദേശം പുറത്തുവന്നു. ' ' ' നിങ്ങൾക്കു വെറുംകൈയോടെ കാട്ടിലെകടുവകളെ നേരി ടാൻ കഴിയുമെന്ന കിംവദന്തി എന്റെ നഗരം മുഴുവൻ പരന്നിരിക്കുകയാണ്. അത് വാസ്തവമാണോ?' ' ' 'തികച്ചും വാസ്തവമാണ്.' ' ' 'എനിക്കു വിശ്വസിക്കുവാൻ കഴിയുന്നില്ല. നഗരവാസികളുടെ വെള്ളയരിച്ചോറു കഴിച്ചു വളർന്നു വലുതായ ഒരു കൽക്കത്തക്കാരൻ ബംഗാളിയാണു നിങ്ങൾ. ദയവായി തുറന്നുപറയൂ. നട്ടെല്ലില്ലാത്ത, കറുപ്പുതീറ്റിയ മൃഗങ്ങളോടു മാത്രമല്ലേ നിങ്ങൾ മല്ലിട്ടിരുന്നത്?.' അദ്ദേഹം ശബ്ദം

ഉയർത്തി പരിഹാസത്തോടെ ചോദിച്ചു. അദ്ദേഹത്തിന്റെ സംഭാഷണം പ്രാദേശികച്ചുവ കലർന്നതായിരുന്നു. ‘ ‘അവഹേളിക്കുന്ന തരത്തിലുള്ള അദ്ദേഹത്തിന്റെ ചോദ്യത്തിന് ഉത്തരം പറയാൻ ഞാൻ കൂട്ടാക്കിയില്ല. ‘ ‘ ‘പുതുതായി പിടിച്ച കടുവ, എന്റെ രാജാബീഗ2ത്തെ നേരിടാൻ ഞാൻ നിങ്ങളെ വെല്ലുവിളിക്കുന്നു. വിജയകരമായി അവനെ ചെറുത്തു നിൽക്കാനും, ചങ്ങലകൊണ്ട് അവനെ ബന്ധിക്കാനും, സ്വബോധത്തോടെ അവന്റെ കൂട്ടിൽനിന്ന് വെളിയിൽ കടക്കാനും നിങ്ങൾക്കു കഴിയുമെങ്കിൽ നിങ്ങൾക്ക് ആ ബംഗാൾരാജനെ സ്വന്തമാക്കാം. ആയിരക്കണക്കിനു രൂപയും മറ്റനവധി സമ്മാനങ്ങളും നിങ്ങൾക്കു ലഭിക്കും. അവനെ പോരിൽ നേരിടാൻ നിങ്ങൾ വിസമ്മതിക്കുകയാണെങ്കിൽ നിങ്ങൾ ഒരു തട്ടിപ്പുകാരനാണെന്ന് നാടു മുഴുവൻ ഞാൻ കൊട്ടിഘോഷിക്കും.’ ‘ ‘അദ്ദേഹത്തിന്റെ ധിക്കാരംനിറഞ്ഞ വാക്കുകൾ വെടിയുണ്ടകളുടെ വർഷംപോലെ എന്നിൽ തറച്ചു. വെല്ലുവിളി സ്വീകരിച്ചതായി ഞാൻ രോഷത്തോടെ തിരിച്ചടിച്ചു. ഉദ്വേഗത്താൽ കസാലയിൽനിന്ന് പാതി എഴുന്നേറ്റ അദ്ദേഹം ക്രൂരമായ ആഹ്ലാദത്തിന്റെ ഒരു ചിരിയോടെ ഇരിപ്പിടത്തിലേക്ക് താണു. അടച്ചകൂട്ടിലെ വന്യമൃഗങ്ങളുടെ മുന്നിലേക്ക് ക്രിസ്ത്യാനികളെ തള്ളിവിടുന്നതിൽ രസിച്ചിരുന്ന റോമാചക്രവർത്തിമാരെ എനിക്ക് ഓർമവന്നു. അദ്ദേഹം പറഞ്ഞു: ‘ ‘ ‘ഇന്നേക്ക് ഒരാഴ്ച കഴിഞ്ഞ് മത്സരം വയ'ക്കും. കടുവയെ മുൻകൂട്ടി കാണാനുള്ള അനുവാദം തരാൻ കഴിയാത്തതിൽ ഖേദിക്കുന്നു.’ ‘ ‘കടുവയെ ഞാൻ മയക്കാൻ ശ്രമിക്കുമെന്നോ രഹസ്യമായി അതിനു കറുപ്പു കൊടുക്കുമെന്നോ അദ്ദേഹം ഭയന്നിരുന്നോയെന്ന് എനിക്കറിഞ്ഞുകൂടാ! ‘ ‘മടങ്ങുമ്പോൾ രാജകീയമായ വെൺകൊറ്റക്കുടയും അലങ്കരിച്ച വാഹനവും ഇല്ലായിരുന്നുവെന്നതു ‘കൊള്ളാമല്ലോ’ യെന്ന് കരുതിക്കൊണ്ട് ഞാൻ കൊട്ടാരംവിട്ടു. ‘ ‘വരാൻപോകുന്ന പരീക്ഷയ'ക്കുവേണ്ടി അടുത്ത ഒരാഴ്ച ഞാൻ എന്റെ മനസ്സിനെയും ശരീരത്തേയും ചിന്തയോടെ തയ്യാറാക്കി. അതിവിചിത്രമായ കഥകൾ എന്റെ ജോലിക്കാരനിലൂടെ എനിക്കു ലഭിച്ചു. എന്റെ അച്ഛനോട് സിദ്ധൻ നടത്തിയ ഭീഷണമായ പ്രവചനം, എങ്ങനെയോ വെളിയിൽ അറിഞ്ഞുകഴിഞ്ഞിരിക്കുന്നു; കൂടുതൽ പെരുപ്പിച്ച അക്കഥ പ്രചരിച്ചു കൊണ്ടിരുന്നു. ദൈവശാപമേറ്റ ഏതോ ഒരു ദുർഭൂതം ഒരു കടുവയായി ജനിച്ചിട്ടുണ്ടെന്നും രാത്രികാലങ്ങളിൽ പല ആസുരരൂപങ്ങൾ ധരിച്ചു നടക്കുംെന്നങ്കിലും പകൽ അത് ഒരു വരയൻമൃഗമായിക്കഴിയുന്നുവെന്നും ശുദ്ധഗതിക്കാരായ ധാരാളം ഗ്രാമീണർ വിശ്വസിച്ചു. എന്നെ നാണം കെടുത്താൻ അയയ'ക്കപ്പെട്ടിരിക്കുന്നത് ഈ രാക്ഷസകടുവയെയാണെന്ന് ജനം വിശ്വസിച്ചു. ‘ ‘മറ്റൊരു ഭാവനാപൂർണമായ കഥ ഇതായിരുന്നു: മൃഗങ്ങളുടെ പ്രാർഥനയ'ക്ക് കടുവകളുടെ സ്വർഗത്തുനിന്ന് രാജാബീഗത്തിന്റെ രൂപത്തിൽ ഒരു പ്രതികരണം ഉണ്ടായിരിക്കുന്നു. കടുവാവർഗത്തിനു മുഴുവനും അപമാനകരമായ-തന്റേടി ഇരുകാലിയായ-എന്നെ ശിക്ഷിക്കുന്നതിന് ഒരു ഉപകരണമാകാൻ പോകയാണവൻ! നീണ്ടനഖങ്ങളും ബലിഷ്ഠമായ കൈകാലുകളുമുള്ള കടുവയെ വെല്ലുവിളിക്കാൻ ധൈര്യം കാട്ടുന്ന, രോമവും ദംഷ്ട്രവുമില്ലാത്ത ഒരു മനുഷ്യൻ! അപമാനിതരായ എല്ലാ കടുവകളുടെയും സാന്ദ്രവിരോധവിഷത്തിന്റെ ശക്തി നിയതിയുടെ ഗുപ്തമായ നിയമങ്ങളെ പ്രവർത്തിപ്പിക്കാനും അഹങ്കാരിയായ വ്യാഘ്രദമനന്റെ പതനം കൈവരുത്താനും തക്കശേഷി നേടിക്കഴിഞ്ഞിരുന്നു-ഗ്രാമീണർ കൊട്ടിഘോഷിച്ചു. ‘ ‘മനുഷ്യനും വന്യമൃഗവും തമ്മിലുള്ള സംഘട്ടനത്തിന്റെ സംഘാടകനെന്നനിലയിൽ രാജകുമാരൻ തികച്ചും സന്തുഷ്ടനായിരുന്നുവെന്നും എന്റെ സേവകൻ അറിയിച്ചു. ആയിരക്കണക്കിനു ആളുകൾക്ക് ഇരിക്കാവുന്ന, കാറ്റു ചെറുത്തു നിൽക്കുന്ന വിശാലമായ ഒരു പ്രദർശനശാല നിർമിക്കുന്നതിന് അദ്ദേഹം മേൽനോട്ടം വഹിച്ചു. അതിന്റെ നടുവിൽ ഭീമാകാരമായ ഒരു ഇരുമ്പുകൂട്ടിൽ രാജാബീഗത്തെ നിർത്തിയിരുന്നു. കൂടിനുചുറ്റും സുരക്ഷയ'ക്കായി ഒരു മുറിയുമുണ്ടായിരുന്നു. തളച്ചിട്ടിരുന്ന അവൻ, രക്തംകട്ടിയാക്കുന്ന ഭീഷണഗർജനങ്ങൾ പുറപ്പെടുവിച്ചു കൊണ്ടേയിരുന്നു. രോഷാകുലമായ വിശപ്പു വളർത്താൻവേണ്ടി അവന് അല്പമാത്രമായ ആഹാരമേ നൽകിയിരുന്നുള്ളു. പ്രതിഫലമെന്നോണം ഞാൻ അവന്റെ ഭക്ഷണമാകുമെന്ന് രാജകുമാരൻ ഒരു പക്ഷേ പ്രതീക്ഷിച്ചുകാണും! ‘ ‘ഈ അപൂർവമത്സരം ചെണ്ടകൊട്ടി വിളംബരം ചെയ്തപ്പോൾ നഗരത്തിലെയും പ്രാന്തപ്രദേശങ്ങളിലെയും ജനക്കൂട്ടം ആകാംക്ഷയോടെ ടിക്കറ്റുകൾ വാങ്ങി. മത്സരദിനത്തിൽ നൂറുകണക്കിന് ആളുകൾക്ക് ഇരിപ്പിടം കിട്ടാതെ മടങ്ങേണ്ടിവന്നു. വളരെ അധികംപേർ കൂടാരത്തിന്റെ വിള്ളലുകളിലൂടെ കടന്നുകയറുകയോ ഗാലറിയുടെ താഴെ ഇടമുള്ളിടത്തെല്ലാം കൂട്ടംകൂടുകയോ ചെയ്തു.’ ’ കടുവാസ്വാമികളുടെ കഥ അതിന്റെ പരമകാഷ്ഠയിലേക്ക് എത്തിയപ്പോൾ എനിക്ക് രസം കലശലായി. ചണ്ഡിയും കഥയിൽ ലയിച്ച് നിശ്ശബ്ദനായിരുന്നു. ‘ ‘രാജാബീഗത്തിന്റെ ഇടിനാദം പോലുള്ള ഗർജനങ്ങളുടെയും ഏതാണ്ടു പേടിച്ചരണ്ട കാണികളുടെ ആരവത്തിനും മധ്യേ ഞാൻ സാവധാനം ഇറങ്ങിവന്നു. ലങ്കോട്ടിമാത്രം ധരിച്ചിരുന്ന ഞാൻ വസ്ത്രങ്ങളാൽ എന്റെ ശരീരം പരിരക്ഷിച്ചിരുന്നില്ല. അടച്ചു ഭദ്രമാക്കിയിരുന്ന മുറിയുടെ വാതിൽ തുറന്ന് അകത്തുകയറിയ ഞാൻ അക്ഷോഭ്യനായി പിന്നിൽ തഴുതിട്ടു. കടുവ രക്തം മണത്തു. ഇരുമ്പഴികളിൽ ഇടിനാദത്തോടെ അലച്ചു വീണുകൊണ്ട് അവൻ ഉഗ്രമായ ഒരു സ്വാഗതമരുളി. കാണികൾ അനുകമ്പാർദ്രമായ ഭയംകൊണ്ട് മൂകരായി; അരിശംകൊണ്ട് കലിതുള്ളിയിരുന്ന ആ ഭീകരമൃഗത്തിന്റെ മുമ്പിൽ ഞാൻ ദുർബലനായ ഒരു ആട്ടിൻകുട്ടിയെപ്പോലെ കാണപ്പെട്ടു. ‘ ‘ഞൊടിക്കുള്ളിൽ ഞാൻ കൂട്ടിൽ കടന്നു; പക്ഷേ കതകു വലിച്ചടയ'ക്കുമ്പോഴേക്കും

രാജാബീഗം ഒറ്റക്കുതിക്ക് എന്റെ മേൽ ചാടിവീണു കഴിഞ്ഞു. എന്റെ വലതുകൈപ്പത്തി അപായകരമായ രീതിയിൽ കീറിപ്പറിഞ്ഞുപോയി. കടുവകൾക്ക് ഏറ്റവും സ്വാദിഷ്ടമായ മനുഷ്യരക്തം പേടിപ്പെടുത്തുന്നവിധം ധാരധാരയായി ഒഴുകി. സിദ്ധന്റെ പ്രവചനം നിറവേറാൻപോകുന്നുവെന്നു തോന്നി. ‘ ‘ജീവിതത്തിൽ ആദ്യമായി കിട്ടിയ കടുത്ത മുറിവിന്റെ ആഘാതത്തിൽനിന്ന് ഞാൻ തൽക്ഷണം വിമുക്തനായി. എന്റെ രക്തപങ്കിലമായ കൈവിരലുകൾ കാണാതിരിക്കാൻ അവ ലങ്കോട്ടിക്കുള്ളിൽ തിരുകി വച്ചുകൊണ്ട് ഇടതുകൈ ആഞ്ഞുവീശി എല്ലൊടിക്കുന്ന ഒരടി അവന് ഞാൻ വച്ചുകൊടുത്തു. അവൻ തലകറങ്ങി പുറകോട്ടു മാറി കൂടിന്റെ പുറകിൽചെന്ന് വട്ടംകറങ്ങി പിടച്ചു പിടച്ച് മുന്നോട്ടു കുതിച്ചു ചാടി. ഞാൻ എന്റെ വിഖ്യാതമായ മുഷ്ടിപ്രഹരം അവന്റെ തലയിൽ വർഷിച്ചു. ‘ ‘ദീർഘകാലം ലഹരിപദാർഥങ്ങൾ നിഷേധിക്കപ്പെട്ട ഒരു മദ്യപാനിയെ ഉന്മത്തനാക്കുന്ന ആദ്യത്തെ ഒരുകവിൾ വീഞ്ഞു പോലെയായിരുന്നു രാജാബീഗത്തിന് രക്തത്തിന്റെ സ്വാദ്. ആ ക്രൂരമൃഗത്തിന്റെ ആക്രമണങ്ങൾ, ചെകിടടപ്പിക്കുന്ന ഇടവിട്ടുള്ള ഗർജനങ്ങളോടെ, കൂടുതൽ രോഷം നിറഞ്ഞതായിത്തീർന്നു. ഒരൊറ്റക്കൈ മാത്രം കൊണ്ടുള്ള അപര്യാപ്തമായ എന്റെ പ്രതിരോധം പല്ലും നഖവും കൊണ്ടുള്ള ആക്രമണത്തിന് എന്നെ ക്ഷിപ്രവേധ്യനാക്കി. എന്നിട്ടും, കണ്ണുകാണാത്ത വിധം ആഘാതമേല്പിക്കുന്ന കടുത്തശിക്ഷ ഞാൻ അവനുവിളമ്പി. പരസ്പരം രക്തത്തിൽ കുളിപ്പിച്ച ഞങ്ങൾ മരണത്തിലേക്കെന്നപോലെ പൊരുതി. എല്ലാ ദിക്കിലേക്കും രക്തം തെറിച്ചുവീണു; കടുവയുടെ കണ്ഠത്തിൽനിന്നുള്ള വേദനയുടെയും കൊലവിളിയുതിർക്കുന്ന മാംസക്കൊതിയുടെയും അലമുറകൾകൊണ്ട് കടുവാക്കൂട് ഒരു നരകമായി. ‘ ‘ ‘കടുവയെ വെടിവയ'ക്കൂ!’ ‘അവനെ വകവരുത്തൂ!’ കാണികളിൽ നിന്ന് ആക്രോശങ്ങൾ ഉയർന്നു. മനുഷ്യനും മൃഗവും അത്ര വേഗം നീങ്ങിയതുകൊണ്ട് ഒരു പാറാവുകാരന്റെവെടിയുണ്ട ലക്ഷ്യം തെറ്റിപാഞ്ഞു. ഞാൻ എന്റെ ഇച്ഛാശക്തി മുഴുവനും സംഭരിച്ച്, ഉച്ചത്തിൽ അലറിക്കൊണ്ട് ചതച്ചുകളയുന്ന ആത്യന്തികമായ ഒരു താഡനം അവനു വച്ചുകൊടുത്തു. കടുവ പിടഞ്ഞുവീണ് അനക്കമില്ലാതെ കിടന്നു. ‘ ‘ഒരു ചക്കിപൂച്ചയെപ്പോലെ!’ ഞാൻ ഇടയ'ക്കു കയറിപ്പറഞ്ഞു.എന്റെ വാക്കുകൾ ആസ്വദിച്ചുകൊണ്ട് സ്വാമിജി ഹൃദയം തുറന്നു ചിരിച്ചു. എന്നിട്ട് തന്റെ പിടിച്ചിരുത്തുന്ന കഥ തുടർന്നു. ‘ ‘രാജാബീഗം ഒടുവിൽ പരാജിതനായി. അവന്റെ രാജകീയപ്രൗഢി വീണ്ടും അപമാനിക്കപ്പെട്ടു. എന്റെ മുറിഞ്ഞ കൈകൊണ്ട് അവന്റെ വായ് ഞാൻ ധീരമായി വലിച്ചുതുറന്നു. നാടകീയമായ ഒരു നിമിഷം എന്റെ തല ആ വിടർന്ന മരണക്കെണിയിൽ ഞാൻ വച്ചു കൊടുത്തു. ഒരു ചങ്ങലയ'ക്കു വേണ്ടി ഞാൻ ചുറ്റും നോക്കി. ഒരു കൂമ്പാരത്തിൽനിന്ന് ഒരെണ്ണം വലിച്ചെടുത്ത് അവനെ കഴുത്തിൽ ബന്ധിച്ച് കൂട്ടിന്റെ കമ്പിയിൽ കെട്ടി. വിജയാഹ്ലാദത്തോടെ ഞാൻ കതകിന്റെ അരികിലേക്കു നീങ്ങി. ‘ ‘പക്ഷേ ആ രാക്ഷസാവതാരം രാജാബീഗം അവന്റെ ഉത്ഭവകഥയ'ക്ക് ചേരുന്ന കരുത്തുകാട്ടി. അവിശ്വസനീയമായ ഒരൊറ്റക്കുതി കൊണ്ട് ചങ്ങലപൊട്ടിച്ച് അവൻ എന്റെ പുറത്തു ചാടി വീണു. എന്റെ തോള് അവന്റെ വായിലിരിക്കെ, ഞാൻ ആഞ്ഞടിച്ച് താഴെവീണു. എന്നാൽ അടുത്ത നിമിഷം ഞാൻ അവനെ എന്റെ അടിയിലാക്കി നിലത്തുചേർത്ത് അമർത്തിയൊതുക്കി. എന്റെ നിർദയമായ ഇടികളേറ്റ് ആ ചതിയൻജന്തു അർധബോധാവസ'ഥയിലമർന്നു. ഇപ്രാവശ്യം കുറെക്കൂടി ഭദ്രമായി അവനെ ഞാൻ തളച്ചു. സാവധാനം ഞാൻ കൂടു വിട്ടിറങ്ങി. ‘ ‘ഒരു പുതിയ ബഹളത്തിന്റെ നടുവിലായി ഞാൻ-ഇപ്രാവശ്യം ആഹ്ലാദത്തിന്റെ. ആൾക്കൂട്ടത്തിന്റെ ആർപ്പുവിളി ഒരൊറ്റ ബൃഹത്കണ്ഠത്തിൽ നിന്നെന്നപോലെ പൊട്ടിപുറപ്പെട്ടു. ശരീരം അപകടകരമായനിലയിൽ അവിടവിടെ കീറിമുറിഞ്ഞെങ്കിലും മത്സരത്തിലെ മൂന്നു വ്യവസ'ഥകളും ഞാൻ പാലിച്ചു-കടുവയെ അസ്തപ്രജ്ഞനാക്കുക, അവനെ ചങ്ങലയിൽ ബന്ധിക്കുക, എന്നിട്ട് പരസഹായംകൂടാതെ അവന്റെ അടുത്തുനിന്നു പോകുക. പോരാതെ, എന്റെ തലയെന്ന, സൗകര്യമായി കിട്ടിയ സമ്മാനം അവന്റെ വായിൽ വച്ചുകൊടുത്തിട്ടും അത് അവഗണിക്കുന്നതാണ് ഭേദമെന്നു കരുതത്തക്കവണ്ണം അവനെ ഞാൻ നിലംപരിശാക്കുകയും ഭയവിഹ്വലനാക്കുകയും ചെയ്തു! ‘ ‘എന്റെ മുറിവുകൾവച്ചുകെട്ടി ശുശ്രൂഷിച്ചശേഷം എന്നെ ആദരിക്കുകയും ഹാരാർപ്പണം ചെയ്യുകയും ഉണ്ടായി; ധാരാളം സ്വർണനാണയങ്ങൾ എന്റെ കാൽക്കൽ വർഷിക്കപ്പെട്ടു. പട്ടണം മുഴുവൻ ഒരു ഒഴിവുകാലം ആഘോഷിച്ചു. എക്കാലത്തും കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും വലുതും ഭീകരനുമായ കടുവയെ ഞാൻ തോല്പിച്ചതിനെപറ്റി തീരാത്ത ചർച്ചകൾ എങ്ങും കേൾക്കാമായിരുന്നു. വാഗ്ദാനം ചെയ്തപോലെ രാജാബീഗത്തെ എനിക്കു സമ്മാനമായി ലഭിച്ചു. പക്ഷേ അതിൽ എനിക്ക് ആഹ്ലാദം തോന്നിയില്ല. എന്റെ ഹൃദയത്തിൽ ഒരു ആത്മീയപരിവർത്തനം കടന്നുകൂടിയിരുന്നു. കടുവാക്കൂട്ടിൽനിന്ന് അവസാനം ഇറങ്ങിയതോടെ എന്റെ ലൗകികമോഹങ്ങളുടെയും കതക് ഞാൻ അടച്ചുവെന്ന് എനിക്കുതോന്നി. ‘ ‘ദുഃഖകരമായ ഒരു കാലഘട്ടം പിന്നാലെ എത്തി. രക്തദൂഷ്യം ബാധിച്ച് മരണത്തോടു മല്ലിട്ടുകൊണ്ട് ഞാൻ ആറുമാസം കിടപ്പിലായി. കൂച്ച്ബീഹാർ വിടാൻതക്കവണ്ണം സുഖംപ്രാപിച്ചയുടൻ ഞാൻ എന്റെ സ്വദേശത്തേക്കുമടങ്ങി. ‘ ‘ ‘എന്റെ ഗുരുവാണ് എനിക്ക് വിവേകപൂർവമായ മുന്നറിയിപ്പു തന്നതെന്ന് ഇപ്പോൾഎനിക്കറിയാം.’ എന്റെ അച്ഛനോട് വിനയാന്വിതനായി ഞാൻ ഇങ്ങനെ ഏറ്റുപറഞ്ഞു. അദ്ദേഹത്തെ ഒന്നുകണ്ടിരുന്നെങ്കിൽ!’ എന്റെ ആഗ്രഹം ആത്മാർഥമായിരുന്നതുകൊണ്ട് ഒരു ദിവസം മുന്നറിയിപ്പു കൂടാതെ അദ്ദേഹം വന്നെത്തി. ‘ ‘ ‘ കടുവയെ മെരുക്കിയതു മതി,’ അദ്ദേഹം ശാന്തമായ ഉറപ്പോടെപറഞ്ഞു. ‘എന്റെ കൂടെ വരൂ;

മനുഷ്യമനസ്സിന്റെ വനാന്തരങ്ങളിൽ സ്വൈരവിഹാരം ചെയ്യുന്ന അജ്ഞാനത്തിന്റെ വന്യമൃഗങ്ങളെ കീഴടക്കാൻ ഞാൻ പഠിപ്പിക്കാം. നിനക്ക് കാണികൾ പുത്തരിയല്ല; യോഗശാസ്ത്രത്തിലെ നിന്റെ നൈപുണിയിൽ ഹർഷപുളകിതരായ ഒരു പറ്റം ദേവദൂതന്മാരാകട്ടെ ഇനി നിന്റെ കാണികൾ!' ' ' ' 'എന്റെ അഭിവന്ദ്യഗുരു എന്നെ ആത്മീയപാതയിലേക്ക് നയിച്ചു. ദീർഘകാലം ഉപയോഗമില്ലാതെ തുരുമ്പിച്ച, തള്ളിയാൽ തുറക്കാത്ത എന്റെ ആത്മീയകവാടങ്ങൾ അദ്ദേഹം തുറന്നു. എന്റെ ആത്മീയപരിശീലനത്തിനായി കൈകോർത്തുപിടിച്ച് ഞങ്ങൾ ഹിമാലയത്തിലേക്കു താമസിയാതെ യാത്രതിരിച്ചു.' ' കാറ്റും കോളും നിറഞ്ഞ ഒരു ജീവിതത്തിന്റെ രൂപരേഖ തന്നതിൽ കൃതജ്ഞരായ ചണ്ഡിയും ഞാനും സ്വാമിജിയുടെ പാദങ്ങളിൽ കുമ്പിട്ടു. തണുത്ത സ്വീകരണമുറിയിലെ നീണ്ട കാത്തിരിപ്പിന് തക്ക പ്രതിഫലം ലഭിച്ചുവെന്ന് എന്റെ സ്നേഹിതനും എനിക്കും തോന്നി! [image file=image_rsrcZ3.jpg] 1 സോഹം എന്നത് അദ്ദേഹത്തിന്റെ സന്ന്യാസനാമമാണ്. അദ്ദേഹം പൊതുവെ അറിയപ്പെട്ടിരുന്നത് കടുവാസ്വാമികൾ എന്നായിരുന്നു.2 ആൺകടുവയുടെയും പെൺകടുവയുടെയും ഒത്തുചേർന്ന ശൗര്യം ഉണ്ടെന്നു കാട്ടാൻ അങ്ങനെ പേരിട്ടു.അധ്യായം 7ലഘിമാസിദ്ധൻ ' 'ഇന്നലെ രാത്രി ഒരു സംഘം ആളുകളുടെ സാന്നിധ്യത്തിൽ ഒരു യോഗി നിലത്തുനിന്ന് ഏതാനും അടി ഉയരെ വായുവിൽ തങ്ങിനിൽക്കുന്നത് ഞാൻ കണ്ടു.' ' എന്റെ സ്നേഹിതൻ ഉപേന്ദ്ര മോഹൻ ചൗധരി മതിപ്പുളവാക്കുംവിധം പറഞ്ഞു.ഉത്സാഹപൂർവം ഞാൻ അവനെ നോക്കി പുഞ്ചിരിച്ചു. ' 'ഒരു പക്ഷേ അദ്ദേഹത്തിന്റെ പേര് എനിക്ക് ഊഹിച്ചുപറയാൻ കഴിയും. അപ്പർ സർക്കുലർ റോഡിലെ ഭാദുരി മഹാശയനാണോ അത്?' ' ഒരു വാർത്താവാഹകനാകാൻ കഴിയാത്തതിൽ അല്പം നിരാശയോടെ ഉപേന്ദ്രൻ അതേയെന്നു തലയാട്ടി. യതിവര്യന്മാരെക്കുറിച്ച് എനിക്കുള്ള ജിജ്ഞാസ എന്റെ സനേഹിതന്മാർക്ക് നന്നായി അറിയാമായിരുന്നു; ഏതെങ്കിലും ഒരു പുതിയപാതയിൽ ഒരന്വേഷണത്തിന് എന്നെ പറഞ്ഞു വിടുന്നതിൽ അവർ സന്തോഷിച്ചു. ' 'എന്റെ വീട്ടിനു വളരെയടുത്ത് ആ യോഗീന്ദ്രൻ താമസിക്കുന്നതുകൊണ്ട് ഞാൻ മിക്കവാറും അദ്ദേഹത്തെ കാണാൻ പോകും.' ' എന്റെ വാക്കുകൾ ഉപേന്ദ്രന്റെ മുഖത്ത് തീവ്രമായ താല്പര്യം വരുത്തി. ഞാൻ മറ്റൊരു രഹസ്യവും അവനുകൈമാറി. ' 'അദ്ദേഹം പല അത്ഭുതവിദ്യകളും കാട്ടുന്നത് ഞാൻ കണ്ടിട്ടുണ്ട്. പതഞ്ജലി1യുടെ അഷ്ടാംഗയോഗത്തിലെ വിവിധപ്രാണായാമങ്ങൾ2 അദ്ദേഹം നൈപുണ്യത്തോടെ സ്വായത്തമാക്കിയിട്ടുണ്ട്. ഒരിക്കൽ ഭാസ്ത്രികപ്രാണായാമം ഭാദുരിമഹാശയൻ എന്റെ മുമ്പിൽ വച്ചുചെയ്തു കാട്ടി. മുറിയിൽ ശരിക്കുമൊരു കൊടുങ്കാറ്റുയർന്നോയെന്നു തോന്നി. അത്രയ'ക്ക് വിസ്മയകരമാംവിധം ശക്തിയോടെയാണ് അദ്ദേഹം അതു ചെയ്തത്. എന്നിട്ട് ഇടിമുഴക്കംപോലുള്ള ശ്വാസം നിർത്തി അതിബോധാവസ'ഥയുടെ വളരെ ഉയർന്ന ഒരു തലത്തിൽ അദ്ദേഹം നിശ്ചലനായിരുന്നു. കൊടുങ്കാറ്റിനുശേഷമുള്ള ശാന്തിയുടെ പരിവേഷം അവിസ്മരണീയമായി തെളിഞ്ഞുനിന്നു.' ' ' 'ആ ദിവ്യദേഹം ഒരിക്കലും വീടുവിട്ടുപോകുകയില്ലെന്ന് ഞാൻ കേട്ടിട്ടുണ്ട്.' ' ഒരല്പം അവിശ്വാസം കലർന്നതായിരുന്നു ഉപേന്ദ്രന്റെ സ്വരം. ' 'അതേ, അതു ശരിയാണ്! കഴിഞ്ഞ ഇരുപതു കൊല്ലമായി അദ്ദേഹം വീട്ടിനുള്ളിൽതന്നെ കഴിയുന്നു. താൻതന്നെ വച്ച ഈ നിബന്ധനയ'ക്ക് ഉത്സവകാലങ്ങളിൽ അദ്ദേഹം ചില്ലറ അയവുവരുത്തുന്നു. അപ്പോൾ അദ്ദേഹം വീട്ടിനു മുമ്പിലെ വഴിയുടെ വശത്തെ നടപ്പാത വരെ പോകുന്നു! അവിടെ യാചകർ കൂട്ടംകൂടും, കാരണം ഭാദുരി മഹാശയൻ തന്റെ കരുണാർദ്രമായഹൃദയംകൊണ്ട് പ്രസിദ്ധനാണ്.' ' ' 'ഭൂഗുരുത്വത്തെ നിസ്സാരമാക്കി എങ്ങനെയാണ് അദ്ദേഹം വായുവിൽ തങ്ങി നില്ക്കുന്നത്?' ' ' 'ചില പ്രാണയാമങ്ങൾ ശീലിക്കുകകൊണ്ട് യോഗിയുടെ ശരീരം അതിന്റെ സ'ഥൂലത വെടിയുന്നു. അപ്പോൾ അത് വായുവിൽ ഉയരുകയോ ഒരു തവളയെപ്പോലെ ചുറ്റും ചാടിനടക്കുകയോ ചെയ്യും. അനുഷ്ഠാനമായി യോഗചര്യശീലിക്കാത്ത ദിവ്യന്മാർപോലും തീവ്രമായ ഈശ്വരഭക്തിയുടെ അവസ'ഥയിൽ ഉയർന്നുപോകാറുള്ളതായി കേട്ടിട്ടുണ്ട്.' ' ' 'ഈ സിദ്ധനെപ്പറ്റി കൂടുതൽ അറിയാൻ എനിക്കു താല്പര്യമുണ്ട്. അദ്ദേഹത്തിന്റെ സായാഹ്നയോഗങ്ങളിൽ നീ സംബന്ധിക്കാറുണ്ടോ?' ' ജിജ്ഞാസകൊണ്ട് ഉപേന്ദ്രന്റെ കണ്ണുകൾ തിളങ്ങി. ' 'ഉണ്ട്, മിക്കപ്പോഴും. അദ്ദേഹത്തിന്റെ ജ്ഞാനത്തിന്റെ രസികത്വവും നർമവും ഞാൻ അത്യധികം ആസ്വദിക്കുന്നു. പലപ്പോഴും എന്റെ നിലയ'ക്കാത്ത ചിരി, സദസിന്റെ ഗാംഭീര്യം നഷ്ടപ്പെടുത്താറുണ്ട്. ആ പുണ്യാത്മാവിന് വിരോധം തോന്നാറില്ലെങ്കിലും അദ്ദേഹത്തിന്റെ ശിഷ്യന്മാർ കുപിതരായി എന്നെ നോക്കാറുണ്ട്!' ' അന്നു വൈകുന്നേരം ഭാദുരിമഹാശയന്റെ വീടിന്റെ മുമ്പിൽ കൂടി സ്ക്കൂളിൽനിന്നു ഞാൻ എന്റെ വീട്ടിലേക്കു മടങ്ങുമ്പോൾ അദ്ദേഹത്തെ ഒന്നു സന്ദർശിക്കാമെന്നു തീരുമാനിച്ചു. പൊതുജനങ്ങൾക്ക് അദ്ദേഹത്തെ നേരിട്ടു കാണാൻ അനുവാദമില്ലായിരുന്നു. താഴത്തെനിലയിൽ താമസിച്ചിരുന്ന ഏകശിഷ്യനാണ് ഗുരുവിന്റെ സ്വകാര്യത കാത്തുസൂക്ഷിച്ചിരുന്നത്. അയാൾ കർക്കശനായ ഒരു ശുണ്ഠിയായിരുന്നു. കാണാൻ ' 'മുൻകൂർ അനുവാദം' ' എനിക്ക് കിട്ടിയിട്ടുണ്ടോ എന്ന് അയാൾ ഔപചാരികമായി അന്വേഷിച്ചു. തക്കസമയത്ത് അയാളുടെ ഗുരു പ്രത്യക്ഷപ്പെട്ടതുകൊണ്ട് ഉടനടി പുറത്തിറക്കിവിടുന്നതിൽനിന്ന് ഞാൻ രക്ഷപ്പെട്ടു. ' 'മുകുന്ദൻ അവനിഷ്ടമുള്ളപ്പോൾ വരട്ടേ' ' അദ്ദേഹത്തിന്റെ കണ്ണുകളിൽ മന്ദഹാസം തിളങ്ങി. ' 'എന്റെ ഏകാന്തതച്ചട്ടം എന്റെ സ്വന്തം സുഖത്തിനു വേണ്ടിയല്ല, മറ്റുള്ളവർക്കു വേണ്ടിയാണ്. ലൗകികരായ മനുഷ്യർ അവരുടെ മിഥ്യാസങ്കല്പങ്ങളെ

തകർത്തുകളയുന്ന മറയില്ലാത്ത തുറന്ന മനസ'ഥിതി ഇഷ്ടപ്പെടുകയില്ല. തപസ്വികൾ അപൂർവമാണെന്നു മാത്രമല്ല, മന:പ്രയാസം സൃഷ്ടിക്കുന്നവർ കൂടിയാണ്. വേദഗ്രന്ഥങ്ങളിൽ പോലും അവരെ പലപ്പോഴും അലോസരം ഉണ്ടാക്കുന്നവരായി കാണാം!'' മുകളിലത്തെ നിലയിലെ ആർഭാടരഹിതമായ മുറിയിലേക്ക് ഞാൻ ഭാദുരി മഹാശയനെ പിൻതുടർന്നു. ഇവിടെനിന്ന് അത്യപൂർവമായിട്ടേ അദ്ദേഹം പുറത്തു പോകാറുള്ളു. യുഗാന്തരങ്ങളിൽ കേന്ദ്രീകരിക്കാത്തിടത്തോളം അസ്പഷ്ടമായ ലൗകികകോലാഹലങ്ങളുടെ വിശാലദൃശ്യങ്ങളെ ആത്മീയാചാര്യന്മാർ പലപ്പോഴും അവഗണിക്കാറുണ്ട്. ഒരു യോഗിവര്യന്റെ സമകാലീനർ പരിമിതമായ വർത്തമാനകാലത്തുള്ളവർ മാത്രമല്ല. ''മഹർഷേ, ഞാൻ അറിയുന്ന യോഗിമാരിൽ, വീട്ടിനുള്ളിൽ തന്നെ എപ്പോഴും കഴിയുന്ന ആദ്യത്തെയാൾ അങ്ങാണ്.'' ''ഈശ്വരൻ അദ്ദേഹത്തിന്റെ പുണ്യാത്മാക്കളെ പലപ്പോഴും പ്രതീക്ഷിക്കാത്ത മണ്ണിൽ നട്ടുവളർത്തുന്നു. കാരണം, ഏതെങ്കിലും ഒരു നിയമത്തിന്റെ പരിധിയിൽ ഈശ്വരനെ ഒതുക്കിക്കളയാമെന്ന് നാം വിചാരിക്കരുതല്ലോ.'' ആ യോഗിവര്യൻ തന്റെ ഊർജസ്വലമായ ശരീരം പത്മാസനത്തിൽ ഉപവിഷ്ടമാക്കി. പ്രായാധിക്യത്തിന്റെയോ, ഇരുന്നുതന്നെ കാലം കഴിക്കുന്നതിന്റെയോ അസുഖകരമായ ഒരുലക്ഷണവും എഴുപതു കഴിഞ്ഞ അദ്ദേഹം കാട്ടിയില്ല. ദൃഢഗാത്രനും ഋജുകായനുമായ അദ്ദേഹം എല്ലാവിധത്തിലും മാതൃകാപുരുഷനായിരുന്നു. അദ്ദേഹത്തിന്റെ മുഖം പുരാണങ്ങളിൽ വർണിച്ചിട്ടുള്ള ഒരു ഋഷിവര്യന്റേതുപോലെ ആയിരുന്നു. പ്രൗഢമായ ശിരസും ഇടതൂർന്ന താടിയും മീശയുമുണ്ടായിരുന്ന അദ്ദേഹം തന്റെ ശാന്തമായ കണ്ണുകൾ സർവവ്യാപിയിൽ ഉറപ്പിച്ച് എപ്പോഴും നീണ്ടുനിവർന്ന് ഇരുന്നു.അദ്ദേഹവും ഞാനും ധ്യാനത്തിൽ മുഴുകി. ഒരു മണിക്കൂറിനു ശേഷം അദ്ദേഹത്തിന്റെ സൗമ്യമായ ശബ്ദം എന്നെ ഉണർത്തി. ''നീ പലപ്പോഴും പ്രശാന്തമായ മൗനം പ്രാപിക്കാറുണ്ട്, എന്നാൽ നീ ഈശ്വരാനുഭവം നേടിയിട്ടുണ്ടോ?'' 4 ധ്യാനത്തേക്കാൾ സർവേശ്വരനെ പ്രേമിക്കാൻ അദ്ദേഹം എന്നെ ഓർമിപ്പിക്കുകയായിരുന്നു. ''മാർഗത്തെ ലക്ഷ്യമായി തെറ്റിദ്ധരിക്കരുത്.'' അദ്ദേഹം എനിക്ക് ഏതാനും മാങ്ങ സമ്മാനിച്ചു. അദ്ദേഹത്തിന്റെ ഗൗരവസ്വഭാവത്തിൽ വളരെ സന്തോഷകരമായി ഞാൻ കണ്ട രസകരമായ നർമത്തോടെ അദ്ദേഹം അഭിപ്രായപ്പെട്ടു. ''ധ്യാനയോഗ (ഈശ്വരസംയോഗം)ത്തെക്കാൾ ജലയോഗം (ആഹാരവുമായുള്ള സംയോഗം) ആളുകൾ പൊതുവേ കൂടുതൽ ഇഷ്ടപ്പെടുന്നു.'' അദ്ദേഹത്തിന്റെ യോഗസംബന്ധിയായ ദ്വയാർഥപ്രയോഗം എന്നെ ഉറക്കെ ചിരിപ്പിച്ചു. ''എന്തൊരു ചിരിയാണ് നിനക്ക്!'' വാത്സല്യത്തിന്റെ തിളക്കം അദ്ദേഹത്തിന്റെ നോട്ടത്തിൽ വന്നു. അദ്ദേഹത്തിന്റെ മുഖം എപ്പോഴും ഗൗരവം പൂണ്ടതായിരുന്നു. എങ്കിലും ആനന്ദനിർവൃതിയുടെ ഒരു മന്ദസ്മേരം അതിൽ സൂക്ഷ്മമായി പ്രതിഫലിച്ചു. അദ്ദേഹത്തിന്റെ താമരയിതൾ പോലുള്ള കണ്ണുകൾ ഒളിഞ്ഞ ദിവ്യമായ ഒരു പുഞ്ചിരി പൂണ്ടിരുന്നു. ''അതാ ആ കത്തുകൾ വിദൂരമായ അമേരിക്കയിൽനിന്നു വന്നവയാണ്.'' മേശപ്പുറത്തെ അനേകം തടിച്ച കവറുകൾ അദ്ദേഹം ചൂണ്ടിക്കാട്ടി. ''അവിടെ യോഗാനുഷ്ഠാനങ്ങളിൽ താല്പര്യമുള്ള അംഗങ്ങളുള്ള ഏതാനും സമാജങ്ങളുമായി ഞാൻ എഴുത്തുകുത്ത് നടത്താറുണ്ട്. കൊളംബസിനെക്കാൾ മെച്ചമായ ദിശാബോധത്തോടെ അവർ ഭാരതത്തെ വീണ്ടും കണ്ടെത്തുന്നു! അവരെ സഹായിക്കുന്നതിൽ എനിക്കു സന്തോഷമുണ്ട്. പകൽവെളിച്ചംപോലെ യോഗവിദ്യയും വേണ്ടവർക്ക് സ്വതന്ത്രമായി ലഭ്യമാണ്. ''മനുഷ്യന്റെ മുക്തിക്ക് അത്യന്താപേക്ഷിതമെന്ന് ഋഷീശ്വരന്മാർ കണ്ടെത്തിയത് യാതൊന്നാണോ, അത് പാശ്ചാത്യർക്കുവേണ്ടി ലഘൂകരിക്കേണ്ടതില്ല. ബാഹ്യാനുഭവങ്ങളിൽ വ്യത്യസ്തമെങ്കിലും ആത്മാവിൽസമാനരായ പാശ്ചാത്യരോ പൗരസ്ത്യരോ, ഏതെങ്കിലും ചിട്ടയായയോഗചര്യ പരിശീലിക്കാതെ വളർന്നു വികാസം പ്രാപിക്കുകയില്ല.'' ആ ദിവ്യദേഹം ശാന്തമായ കണ്ണുകൾകൊണ്ട് എന്നെ തളച്ചുനിർത്തി. അദ്ദേഹത്തിന്റെ വാക്കുകൾ ഭാവിക്കു മാർഗദർശകമായ ഒളിഞ്ഞ ഒരു പ്രവചനമായിരുന്നുവെന്ന് ഞാൻ അറിഞ്ഞില്ല. ഭാരതത്തിന്റെ സിദ്ധാന്തങ്ങൾ ഞാൻ ഒരുകാലത്ത് അമേരിക്കയിൽ എത്തിക്കുമെന്നാണ് സംഗതിവശാൽ അദ്ദേഹം പലപ്പോഴും എനിക്കു നൽകിയ പ്രവചനങ്ങളുടെ മുഴുവൻ അർഥവ്യാപ്തിയെന്ന് ഇപ്പോൾ, ഈ വാക്കുകൾ എഴുതുമ്പോഴാണ് ഞാൻ മനസ്സിലാക്കിയത്. ''മഹർഷേ, ലോകനന്മയ'ക്കായി യോഗവിദ്യയെപ്പറ്റി ഒരു പുസ്തകം അങ്ങ് രചിച്ചെങ്കിലെന്നു ഞാൻ ആശിക്കുന്നു.'' ''ഞാൻ ശിഷ്യരെ പരിശീലിപ്പിക്കുകയാണ്. അവരും അവരുടെ ശിഷ്യപരമ്പരയും കാലത്തിന്റെ ഒഴുക്കാലുണ്ടാകുന്ന ജീർണനപ്രക്രിയയേയും വിമർശകരുടെ കൃത്രിമമായ ദുർവ്യാഖ്യാനങ്ങളേയും അതിജീവിക്കുന്ന, സജീവഗ്രന്ഥങ്ങളായി ഉപകരിക്കും.'' അദ്ദേഹത്തിന്റെ ശിഷ്യന്മാർ വൈകുന്നേരം എത്തിച്ചേരുന്നതുവരെ ഞാൻ ആ യോഗിയോടൊപ്പം തനിയെ ഇരുന്നു. ഭാദുരി മഹാശയൻ അദ്ദേഹത്തിന്റെ അനുപമമായ ഒരു പ്രഭാഷണം തുടങ്ങി. ശാന്തമായ ഒരു ജലപ്രളയംപോലെ ശ്രോതാക്കളുടെ മനസ്സിലെ മാലിന്യങ്ങളെ കഴുകിക്കളഞ്ഞ് അവരെ ഈശ്വരനിലേക്ക് അദ്ദേഹം അനായാസേന അടുപ്പിച്ചു. ശ്രേഷ്ഠമായ ദൃഷ്ടാന്തകഥകൾ ശുദ്ധമായ ബംഗാളിയിൽ അദ്ദേഹം ആവിഷ്കരിച്ചു.മധ്യകാലഘട്ടത്തിലെ ഒരു രാജപുത്താന രാജകുമാരി മീരാബായിയുടെ ജീവിതവുമായി ബന്ധപ്പെട്ട ചില ദാർശനികതത്ത്വങ്ങളാണ് അന്നു വൈകിട്ട് ഭാദുരി മഹാശയൻ വ്യാഖ്യാനിച്ചത്. മീരാബായി, യതിവര്യന്മാരുടെ സത്സംഗം തേടാനായി തന്റെ കൊട്ടാരജീവിതം പരിത്യജിച്ചിരുന്നു. സനാതനഗോസ്വാമി എന്ന സന്ന്യാസിവര്യൻ അവരെ

സ്വീകരിക്കാൻ വിസമ്മതിച്ചു; കാരണം അവർ സ്ത്രീയായിരുന്നു എന്നതാണ്. മീരയുടെ മറുപടി അദ്ദേഹത്തെ വിനയാന്വിതനായി അവരുടെ കാൽക്കലെത്തിച്ചു. ‘ ‘ഈ പ്രപഞ്ചത്തിൽ ഈശ്വരനല്ലാതെ ഏതെങ്കിലും പുരുഷനുള്ളതായി ഞാനറിഞ്ഞില്ലായെന്ന് ആചാര്യനോട് പറയൂ; നാമെല്ലാം അദ്ദേഹത്തിന്റെ മുന്നിൽ സ്ത്രീജനം അല്ലേ’ ’ (മഹാപ്രഭുവാണ് ഒരേ ഒരു പുരുഷതത്ത്വമെന്നും, അദ്ദേഹത്തിന്റെ സൃഷ്ടി നിഷ്ക്രിയമായ മായയല്ലാതെ മറ്റൊന്നുമല്ലായെന്നുമുള്ള ഒരു വേദശാസ്ത്ര സങ്കല്പം.)മീരാബായി രചിച്ചിട്ടുള്ള പരമാനന്ദലഹരി തുളുമ്പുന്ന അനേകം ഗാനങ്ങൾ ഇന്നും ഭാരതത്തിൽ അമൂല്യനിധികളായി കരുതപ്പെടുന്നു. അവയിൽ ഒന്ന് ഞാൻ ഇവിടെ ഭാഷാന്തരം ചെയ്യുന്നു: ‘ ‘നിത്യവും കുളിച്ചെന്നാൽ ദേവദർശനമാമെങ്കിൽപാരാവാരംപൂകും തിമിംഗലമായേനേ ഞാൻ;ഫലമൂലം ഭുജിച്ചാലോ ഭവാനെക്കാണാമെങ്കിൽഅജരൂപം വരിക്കും ഞാൻ പരിതോഷസമന്വിതം;ജപമാലാധ്യാനംകൊണ്ടേ പരനെത്തിരിയൂവെങ്കിൽരുദ്രാക്ഷം ബൃഹദ്രൂപം ഭജിക്കാൻ ഞാൻ സ്വരൂപിക്കും;ശിലാവിഗ്രഹനമസ്കാരം അജന്റെ മറ നീക്കുകിൽആഗ്നേയമചലത്തെ നമിക്കും ഞാൻ വിനമ്രയായ്;ക്ഷീരത്തെ പാനം ചെയ്താൽ പ്രഭു ഉള്ളത്തിലെത്തുകിൽഅറിയും ഭവദ്രൂപം ശിശുക്കളും പൈക്കിടാങ്ങളുംപത്നിയെത്യജിച്ചീടിൽ ഈശ്വരനെത്തുന്നാകിൽപരശ്ശതം പുരുഷന്മാർ ഷണ്ഡന്മാരായീടില്ലേ?മീര തൻഹൃദന്തത്തിൽ നിത്യവും നിരൂപിപ്പൂദേവനെ ദർശിക്കുവാൻ തനിപ്രേമമൊന്നതേ വേണ്ടൂ.ഭാദുരി മഹാശയൻ യോഗാസനത്തിൽ ഇരുന്നപ്പോൾ അനേകം ശിഷ്യന്മാർ സമീപത്തുവച്ചിരുന്ന അദ്ദേഹത്തിന്റെ പാദുകത്തിൽ പണം നിക്ഷേപിച്ചു. ഭാരതത്തിൽ സർവസാധാരണവും ബഹുമാനസൂചകവുമായ ഈ ദക്ഷിണ അർഥമാക്കുന്നത് ശിഷ്യൻ തന്റെ ഐഹികസ്വത്തുക്കൾ ഗുരുവിന്റെ പാദത്തിൽ സമർപ്പിക്കുന്നുവെന്നാണ്. തന്റെ വകകളെ പാലിക്കുന്ന വേഷപ്രച്ഛന്നനായ മഹാപ്രഭുതന്നെയാണ് നമ്മോടു നന്ദികാട്ടുന്ന മിത്രങ്ങൾ. ‘ ‘ഗുരോ അങ്ങ് അത്ഭുതപ്രഭാവനാണ്.’ ’ വിടവാങ്ങുന്ന ഒരു വിദ്യാർഥി ഒരു പ്രപിതാമഹാനെപ്പോലുള്ള ആചാര്യനെ സ്നേഹാദരങ്ങളോടെ നോക്കിക്കൊണ്ടു പറഞ്ഞു. ‘ ‘ഈശ്വരനെ കണ്ടെത്താനും ഞങ്ങൾക്കു അറിവു പകർന്നു തരാനുമായി അങ്ങ് ധനത്തെയും സുഖഭോഗങ്ങളെയും പരിത്യജിച്ചു! ’ ’ ഭാദുരി മഹാശയൻ ചെറുപ്പകാലത്ത് തന്റെ ഭാരിച്ച കുടുംബസ്വത്ത് വേണ്ടെന്നുവച്ചുവെന്നതു പ്രസിദ്ധമായിരുന്നു. അന്ന് അദ്ദേഹം ഏകാഗ്രചിത്തനായി യോഗമാർഗത്തിലേക്ക് കടക്കുകയാണ് ചെയ്തത്. ‘ ‘നിനക്ക് തിരിഞ്ഞുപോയി!’ ’ അദ്ദേഹത്തിന്റെ മുഖത്ത് നേരിയ ശകാരഭാവം നിഴലിച്ചു. ‘ ‘തുച്ഛമായ കുറച്ചുപണവും ഏതാനും നിസ്സാരസുഖഭോഗങ്ങളും, അനന്തമായ ആനന്ദാനുഭൂതിയുടെ ഒരു വിശ്വസാമ്രാജ്യത്തിനായി ഞാൻ ഇട്ടെറിഞ്ഞു. അപ്പോൾ ഞാൻ എന്താണ് പരിത്യജിച്ചത്? ഈ നിധി പകർന്നുകൊടുക്കുന്നതിന്റെ ആഹ്ലാദവും എനിക്കറിയാം. അത് ഒരു ത്യാഗമാണോ? ദീർഘദൃഷ്ടിയില്ലാത്ത സംസാരികളാണ് വാസ്തവത്തിൽ ശരിക്കും പരിത്യാഗികൾ! ഏതാനും നിസ്സാരവും ഐഹികവുമായ കളിപ്പാട്ടങ്ങൾക്കു വേണ്ടി അതുല്യമായ ദൈവികസമ്പത്താണ് അവർ കളഞ്ഞുകുളിക്കുന്നത്!’ ’ ത്യാഗത്തെപ്പറ്റി ഈ അഭിപ്രായംകേട്ട് ഞാൻ അടക്കിച്ചിരിച്ചു -ബ്രഹ്മജ്ഞനായ ഏതൊരു താപസഭിക്ഷുവിനെയും വൈശ്രവണന്റെ കുപ്പായം അണിയിക്കുകയും അതുപോലെ ലോകത്തെ എല്ലാ അഹങ്കാരികളായ കോടീശ്വരന്മാരെയും അവർ അറിയാതെതന്നെ രക്തസാക്ഷികളാക്കുകയുംചെയ്യുന്നു ഈ യുക്തിചിന്ത. ‘ ‘ദൈവികവ്യവസ'ഥാവിശേഷം ഏതൊരു ഇൻഷുറൻസ് കമ്പനിയെക്കാളും ബുദ്ധിപൂർവമായി നമ്മുടെ ഭാവി ഒരുക്കുന്നു.’ ’ അദ്ദേഹം പറഞ്ഞുനിർത്തി. താൻ സാക്ഷാത്കരിച്ച വിശ്വാസപ്രമാണമായിരുന്നു അത്. ‘ ‘ബാഹ്യമായ സുരക്ഷിതത്വത്തിൽ വിശ്വസിച്ചുവശാകുന്ന അസ്വസ'ഥരായ ജനകോടികളാണ് ഈ ലോകം മുഴുവനും. അവരുടെ ദുശ്ചിന്തകൾ അവരുടെ നെറ്റിത്തടത്തിലെ വടുക്കൾ പോലെയാണ്. നമ്മുടെ ആദ്യശ്വാസംമുതൽ നമുക്ക് വായുവും പാലുംതന്ന അദ്ദേഹത്തിന് തന്റെ ഭക്തജനങ്ങൾക്ക് നിത്യേന വേണ്ടത് നൽകാൻ അറിയാം.’ ’ ആ പുണ്യാത്മാവിന്റെ വാസസ'ഥാനത്തേക്ക് സ്ക്കൂൾ കഴിഞ്ഞുള്ള തീർഥാടനങ്ങൾ ഞാൻ തുടർന്നു. ഈശ്വരാനുഭവത്തിൽ എത്തിച്ചേരാൻ നിശ്ശബ്ദമായ ശുഷ്കാന്തിയോടെ അദ്ദേഹം എന്നെ സഹായിച്ചു. പിന്നീട്, എന്റെ വസതിയിൽനിന്ന് അകലെ രാംമോഹൻ റോയ് റോഡിലേക്ക് അദ്ദേഹം താമസം മാറ്റി. അദ്ദേഹത്തിന്റെ പ്രിയ ശിഷ്യന്മാർ ഒരു പുതിയ ആശ്രമം അദ്ദേഹത്തിനുവേണ്ടി തീർത്തു. ‘ ‘നാഗേന്ദ്രമഠം’ ’ 5 എന്ന പേരിൽ അത് അറിയപ്പെട്ടു.കുറെവർഷങ്ങൾ എന്നെ എന്റെ കഥയുടെ ഭാവിഭാഗങ്ങളിലേക്ക് കൊണ്ടുപോകുന്നെങ്കിലും, ഭാദുരി മഹാശയൻ എന്നോടു ഒടുവിൽപറഞ്ഞ വാക്കുകൾ ഞാൻ ഇവിടെ പ്രസ്താവിക്കാം. പാശ്ചാത്യദേശങ്ങളിലേക്ക് പുറപ്പെടുന്നതിനു തൊട്ടുമുമ്പ് ഞാൻ അദ്ദേഹത്തെ തേടിപ്പിടിച്ച് അദ്ദേഹത്തിന്റെ മുന്നിൽ വിനയാന്വിതനായി പ്രണമിച്ചു വിടവാങ്ങി: ‘ ‘മകനേ, അമേരിക്കയിലേക്കു പോകൂ. പുരാതനഭാരതത്തിന്റെ അഭിമാനം ഒരുരക്ഷാകവചമായി കൊണ്ടുപോകൂ. നിന്റെ തിരുനെറ്റിയിൽ വിജയം കുറിച്ചിട്ടുണ്ട്; കുലീനരായ ആ വിദേശികൾ നിന്നെ ഹാർദമായി സ്വാഗതം ചെയ്യും.’ ’ [image file=image_rsrc114.jpg] നാഗേന്ദ്രനാഥ ഭാദുരി ‘ ‘ലഘിമാസിദ്ധൻ’ ’ [image file=image_rsrc119.jpg] 1 പുരാതനകാലത്തെ പ്രമുഖ യോഗശാസ്ത്രപ്രണേതാവ്.2 പ്രാണശക്തിയെ ശ്വാസോച്ഛ്വാസക്രമീകരണത്തിലൂടെ സംയമനം ചെയ്യാനുള്ള മാർഗങ്ങൾ. ഭാസ്ത്രിക (ഉല) പ്രാണായാമം മനസ്സിനെ അചഞ്ചലമാക്കുന്നു.3

സോർബോണിലെ പ്രഫ. ഷൂൾസ്-ബുആ 1928-ൽപറഞ്ഞു : ‘ ‘ഫ്രെഞ്ച് മന:ശാസ്ത്രജ്ഞർ അതിബോധാവസ'ഥയെപ്പറ്റി ഗവേഷണങ്ങൾ നടത്തുകയും അതിബോധാവസ'ഥയ'ക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. അതിബോധാവസ'ഥ അതിന്റെ ശ്രേഷ്ഠതാപാരമ്യതയിൽ ഫ്രോയിഡിന്റെ ഉപബോധന മനസ്സ് എന്ന സങ്കൽപ്പത്തിന്റെ നേരെ വിപരീതമായതും മനുഷ്യനെ ഒരു മഹത്തായ മൃഗം എന്നല്ലാതെ യഥാർഥമനുഷ്യനാക്കുന്ന കഴിവുകൾ ഉൾക്കൊള്ളുന്നതുമായ ഒന്നാണ്. ഈ ഫ്രെഞ്ചു പണ്ഡിതൻ വിശദീകരിച്ചു: ‘ ‘അതിബോധാവസ'ഥയുടെ ഉണരൽ, കൂഏയിസമോ ഹിപ്നോട്ടിസമോ ആയി തെറ്റിദ്ധരിക്കരുത്. വാസ്തവത്തിൽ എമേഴ്സൺ പരാമർശിക്കുന്ന പരമാത്മാവ് (Over-Soul) ആയ അതിബോധാവസ'ഥയുടെ അസ്തിത്വം ദീർഘകാലം ദാർശനികമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്; പക്ഷേ ഈ അടുത്തകാലത്തുമാത്രമാണ് അത് ശാസ്ത്രീയമായി അംഗീകരിക്കപ്പെട്ടത്.’ ’ ദി ഓവർ-സോൾ എന്ന പ്രബന്ധത്തിൽ എമേഴ്സൺ എഴുതി: ‘ ‘എല്ലാ അറിവും എല്ലാ നന്മകളും വസിക്കുന്ന ഒരു മന്ദിരത്തിന്റെ പൂമുഖമാണ് മനുഷ്യൻ. തിന്നുകയും കുടിക്കുകയും ചെടിനടുകയും കണക്കുകൂട്ടുകയും ചെയ്യുന്ന, സാധാരണ നാം അറിയുന്നതുപോലെ നാം മനുഷ്യനെന്നു വിളിക്കുന്ന ഒരുവൻ, നാം അറിയുന്ന നിലയ'ക്ക്, അവനെ സ്വയം പ്രതിനിധാനം ചെയ്യുന്നില്ല, മറിച്ച് അവൻ അവനെ സ്വയം തെറ്റായി അവതരിപ്പിക്കുന്നു. അവനെ നാം ബഹുമാനിക്കുന്നില്ല, പക്ഷേ യാതൊരു ആത്മാവിന്റെ അംഗമാണോ അവൻ, ആ ആത്മാവിനെ തന്റെ പ്രവൃത്തികളിലൂടെ അവൻ പ്രകടിപ്പിക്കുകയാണെങ്കിൽ, അത് നമ്മുടെ മുട്ടുമടക്കാൻ ഇടയാക്കും...ഒരുവശത്ത് ആധ്യാത്മികപ്രകൃതിയുടെ ആഴങ്ങളുടെയും ഈശ്വരന്റെ സർവഗുണങ്ങളുടെയും ദിശയ'ക്ക് നാം ഉന്മുഖരായിരിക്കുന്നു.’ ’ 4 യഥാർത്ഥ ഈശ്വരാനുഭവം.5 അദ്ദേഹത്തിന്റെ മുഴുവൻ പേര് നാഗേന്ദ്രനാഥ ഭാദുരി എന്നായിരുന്നു. ‘ ‘പ്ലാവനശീലരായ’ ’ ക്രിസ്തീയപുണ്യാത്മാക്കളിൽ പതിനേഴാം നൂറ്റാണ്ടിലെ കൂപ്പർറ്റിനോയിലെ ജോസഫ് പുണ്യവാളൻ ഉൾപ്പെടുന്നു. അദ്ദേഹത്തിന്റെ ദിവ്യാത്ഭുതങ്ങൾക്ക് ദൃക്സാക്ഷികളുടെ വേണ്ടുവോളം സാക്ഷ്യപ്പെടുത്തലുകൾ ലഭിച്ചിട്ടുണ്ട്. ഒരുതരം ലൗകികബോധമില്ലായ്മ അദ്ദേഹം കാട്ടിയിരുന്നു. വാസ്തവത്തിൽ ഈശ്വരീയമായ സ്മരണാനുഭൂതിയായിരുന്നു അത്. കൈയ്യിലുള്ള പാത്രങ്ങളുമായി മുറിയുടെ മേൽത്തട്ടിലേക്ക് അദ്ദേഹം ഉയർന്നുപോകുമായിരുന്നതിനാൽ പൊതു ഊണുമേശയിൽ ആഹാരംവിളമ്പാൻവരാൻ ആശ്രമസഹോദരങ്ങൾ അദ്ദേഹത്തെ അനുവദിച്ചിരുന്നില്ല. നിലത്ത് അധികനേരം നിൽക്കാൻ കഴിയാതിരുന്നതുകൊണ്ട്, ലൗകികകൃത്യങ്ങൾക്ക് ആ പുണ്യവാളൻ തികച്ചും അസാധാരണമാംവിധം അയോഗ്യനായിരുന്നു! ഒരു വിശുദ്ധ പ്രതിമ കണ്ടാൽമതി, ജോസഫ് പുണ്യവാളൻ നേരെ മുകളിലേക്ക് ഉയരുകയായി; അങ്ങനെ രണ്ടു പുണ്യദേഹങ്ങൾ-ഒന്നു ശിലയിലും മറ്റേത് മാംസത്തിലും-ഒരുമിച്ച് ഉയരെ വായുവിൽ കറങ്ങുന്നത് കാണാൻ കഴിയുമായിരുന്നു.ആവിലയിലെ വിശുദ്ധ തെറീസ-ആത്മാവിൽ ഔന്നത്യം പുലർത്തിയ ഒരു പുണ്യശ്ലോകയ'ക്കും ഉയരങ്ങളിലേക്കുള്ള തന്റെ ഉത്ഥാനം വലിയ ക്ലേശമായിത്തീർന്നു. സംഘടനാപരമായ കനത്ത ജോലിത്തിരക്കിനിടയിൽ തന്റെ ‘ ‘ഉത്ക്കർഷ’ ’ ത്തിന്റെ അനുഭവങ്ങൾ തടയാൻ അവർ വിഫലമായി ശ്രമിച്ചു. അവർ എഴുതി: ‘ ‘ജഗൽപ്രഭു മറിച്ചുവിചാരിക്കുമ്പോൾ, ചെറിയ മുൻകരുതലുകൾകൊണ്ട് ഒരു പ്രയോജനവുമില്ല.’ ’ സ്പെയിനിലെ ആൽബയിലെ ഒരു പള്ളിയിൽ സംസ്കരിച്ച അവരുടെ ഭൗതികശരീരം പുഷ്പങ്ങളുടെ സുഗന്ധത്തോടെ നാലു നൂറ്റാണ്ടുകളായി ഒരു കേടുംവരാതെ ഭദ്രമായിരിക്കുന്നു. ആ സ'ഥലം ധാരാളം ദിവ്യാത്ഭുതങ്ങൾക്ക് സാക്ഷ്യംവഹിച്ചിട്ടുണ്ട്.അധ്യായം 8ഭാരതത്തിന്റെ മഹാനായ ശാസ്ത്രജ്ഞൻ ജെ.സി. ബോസ് ‘ ‘കമ്പിയില്ലാക്കമ്പിയുടെ കണ്ടുപിടിത്തം മാർക്കോണിക്കുമുമ്പു തന്നെ ജഗദീശ് ചന്ദ്ര ബോസ് നടത്തിയിരുന്നു.’ ’ വഴിവക്കിൽ ശാസ്ത്രകാര്യങ്ങൾ ചർച്ചചെയ്തുകൊണ്ടുനിന്ന ഒരു കൂട്ടം പ്രഫസർമാരുടെ അടുത്തേക്ക് കൗതുകം ജനിപ്പിക്കുന്ന ഈ പരാമർശം കേട്ട് ഞാൻ നടന്നുചെന്നു. ഭാരതീയനെന്ന അഹന്തയാണ് അവരുടെ കൂടെ കൂടാൻ എന്നെ പ്രേരിപ്പിച്ചതെങ്കിൽ ഞാൻ ഖേദിക്കുന്നു. ആധ്യാത്മികവിദ്യയ'ക്കുമാത്രമല്ല, ഭൗതികശാസ്ത്രങ്ങൾക്കുകൂടിയും കനത്ത സംഭാവനകൾ നൽകുന്നകാര്യത്തിൽ ഭാരതത്തിന് പ്രമുഖമായ ഒരു പങ്കുവഹിക്കാൻ കഴിയുമെന്നതിന്റെ തെളിവുകളിൽ എനിക്കുള്ള ശക്തമായ താല്പര്യം നിഷേധിക്കാനാവില്ല. ‘ ‘അങ്ങ് എന്താണ് അർഥമാക്കുന്നത്?’ ’ ആ ശാസ്ത്രപണ്ഡിതൻ മടികൂടാതെ, താല്പര്യപൂർവം വിശദീകരിച്ചു. ‘ ‘കമ്പിയില്ലക്കമ്പിയുടെ ഒരു സംശ്ലേഷിണിയും വൈദ്യുതതരംഗങ്ങളുടെ അപഭംഗംകാണിക്കുന്ന ഒരു ഉപകരണവും ആദ്യമായി വിഭാവനചെയ്തു നിർമിച്ചത് ബോസാണ്. എന്നാൽ ഈ ഭാരതീയ ശാസ്ത്രജ്ഞൻ ഈ കണ്ടുപിടിത്തം പണത്തിനുവേണ്ടിയോ വാണിജ്യാടിസ'ഥാനത്തിലോ ചൂഷണംചെയ്തില്ല. അദ്ദേഹം പൊടുന്നനെ തന്റെ ശ്രദ്ധ അചേതന വസ്തുക്കളിൽനിന്നു സചേതനവസ്തുക്കളിലേക്ക് തിരിച്ചുവിട്ടു. ചെടികളുടെ ശരീരഘടനാ ശാസ്ത്രജ്ഞനെന്ന നിലയിലെ അദ്ദേഹത്തിന്റെ വിപ്ലവകരമായ കണ്ടുപിടിത്തങ്ങൾ തന്റെ ഊർജതന്ത്രപരമായ മൗലികനേട്ടങ്ങളെ കവച്ചുവയ'ക്കുന്നു’ ’ എനിക്കു വിശദീകരണംനൽകിയ ദേഹത്തിന് ഞാൻ ഭവ്യതയോടെ നന്ദിപറഞ്ഞപ്പോൾ അദ്ദേഹം ഇങ്ങനെ കൂട്ടിച്ചേർത്തു: ‘ ‘മഹാനായ ആ ശാസ്ത്രജ്ഞൻ പ്രസിഡൻസി കോളജിൽ എന്റെ ഒരു സഹാധ്യാപകനാണ്.’ ’ എന്റെ വീട്ടിനടുത്തുള്ള അദ്ദേഹത്തിന്റെ വസതിയിൽ അടുത്ത ദിവസം ഞാൻ എത്തി ആ പ്രാജ്ഞദേഹത്തെ സന്ദർശിച്ചു. ആദരപൂർവമായ ഒരു അകലത്തിൽനിന്നുകൊണ്ട്

വളരെക്കാലമായി ഞാൻ അദ്ദേഹത്തെ മാനിച്ചുപോരുകയായിരുന്നു. ഗൗരവശാലിയും ഏകാന്തശീലനുമായ ആ സസ്യശാസ്ത്രജ്ഞൻ എന്നെ പ്രീതിപൂർവം സ്വാഗതം ചെയ്തു. അമ്പതുകഴിഞ്ഞ, സുന്ദരനും ആരോഗ്യവാനുമായ അദ്ദേഹത്തിന് ഇടതൂർന്ന കറുത്തമുടിയും വിശാലമായ നെറ്റിത്തടവും ഒരു സ്വപ്നാടകന്റെ ചിന്താധീനമായ കണ്ണുകളുമാണ് ഉണ്ടായിരുന്നത്. അദ്ദേഹത്തിന്റെ സ്വരത്തിലെ സൂക്ഷ്മത ഒരു ജീവിതകാലത്തെ തന്റെ ശാസ്ത്രീയവഴക്കത്തെ വെളിവാക്കി. ‘ ‘അടുത്ത കാലത്താണ് പാശ്ചാത്യരാജ്യങ്ങളിലെ ശാസ്ത്രസമാജവേദികളിൽ ഒരു പര്യവേക്ഷണപര്യടനം നടത്തിയശേഷം ഞാൻ തിരിച്ചെത്തിയത്. അവയുടെ അംഗങ്ങൾ ഞാൻ കണ്ടുപിടിച്ച സൂക്ഷ്മ ഉപകരണങ്ങളിൽ അത്യധികം താല്പര്യം പ്രകടിപ്പിച്ചു. എല്ലാ അചേതനസചേതനവസ്തുക്കളുടെയും അഖണ്ഡമായ ഏകത്വം ഈ ഉപകരണങ്ങൾ എടുത്തുകാട്ടി1. ബോസ് ക്രെസ്കോഗ്രാഫിന് വസ്തുക്കളെ ഒരു കോടിമടങ്ങ് വലുതാക്കികാണിക്കാനുള്ള കഴിവുണ്ട്. സാധാരണ ഭൂതക്കണ്ണാടി ഏതാനും ആയിരം മടങ്ങുമാത്രമേ വലുതാക്കിക്കാണിക്കുന്നുള്ളൂ. എങ്കിലും ജീവശാസ്ത്രത്തിന് അത് ശക്തമായ ഒരു ഉത്തേജനമാണുനൽകിയത്. ക്രെസ്കോഗ്രാഫ് നിർണയാതീതമായ വിശാലദൃശ്യങ്ങൾ തുറന്നുവയ'ക്കുന്നു.’ ’ ‘ ‘ശാസ്ത്രത്തിന്റെ വ്യക്തിനിബദ്ധമല്ലാത്ത കരങ്ങളാൽ പൗരസ്ത്യ-പാശ്ചാത്യദേശങ്ങളെ തന്നിലടുപ്പിക്കുന്ന പ്രക്രിയക്ക് വേഗതകൂട്ടാൻ, സർ, അങ്ങ് വളരെയധികം പ്രയത്നിച്ചിട്ടുണ്ട്.’ ’ ‘ ‘ഞാൻ കേംബ്രിജിലാണ് പഠിച്ചത്. സിദ്ധാന്തങ്ങൾ എല്ലാം കർശനമായ പരീക്ഷണപ്രമാണീകരണത്തിനു വിധേയമാക്കുന്ന പാശ്ചാത്യരീതി എത്ര ശ്ലാഘനീയമാണ്! അനുഭവത്തിലടിസ'ഥാനമാക്കിയ ആ രീതിയും എന്റെ പൗരസ്ത്യപൈതൃകമായ ആത്മാവലോകനപാടവവും കൈ കോർത്തുപ്രവർത്തിച്ചു. എത്രയോകാലം പരസ്പരബന്ധമില്ലാതെ വർത്തിച്ചിരുന്ന വിവിധ പ്രകൃതിമണ്ഡലങ്ങൾക്കിടയിൽ നിലനിന്നുപോന്ന നിശ്ശബ്ദത ഭഞ്ജിക്കാൻ ഇവ രണ്ടും എന്നെ പ്രാപ്തനാക്കി. ചെടികൾക്ക് സൂക്ഷ്മഗ്രാഹിയായ ഒരു നാഡീവ്യൂഹവും വൈവിധ്യമാർന്ന വൈകാരികജീവിതവും ഉണ്ടെന്ന് ഏതൊരു കടുത്ത സംശയാലുവിനും ബോധ്യമാക്കുന്ന തെളിവുകളാണ് എന്റെ ക്രെസ്കോഗ്രാഫി2ലെ കഥപറയുന്ന ചിത്രങ്ങൾ. സ്നേഹം, വെറുപ്പ്, സന്തോഷം, ഭയം, സുഖം, ദു:ഖം, ക്ഷോഭം, ഉറക്കം, പ്രേരണകൾക്ക് അനുരൂപമായ എണ്ണമറ്റ പലപ്രതികരണങ്ങൾ എന്നിവ ജന്തുക്കളിലെന്നപോലെ സസ്യങ്ങളിലും സർവസാധാരണമാണ്.’ ’ ‘ ‘അങ്ങയുടെ രംഗപ്രവേശത്തിനു മുമ്പ്, സർവചരാചരങ്ങളിലെയും വിശിഷ്ടമായ ജീവസ്പന്ദനം വെറും കവിഭാവനയായി മാത്രമേ തോന്നുമായിരുന്നുള്ളൂ, പ്രഫസർ. എനിക്ക് അറിയാവുന്ന ഒരു യോഗിവര്യൻ ഒരിക്കലും പൂക്കൾ അറുക്കുകയില്ലായിരുന്നു. ‘പടർന്നു നിൽക്കുന്ന പനിനീർചെടിക്ക് അതിന്റെ മനോഹാരിതയിലുള്ള അഭിമാനത്തെ ഞാൻ അപഹരിക്കുകയോ? എന്റെ മര്യാദകെട്ട പിടിച്ചുപറികൊണ്ട് അതിന്റെ അന്തസ്സിനെ അവഹേളിക്കുകയോ?’ അദ്ദേഹത്തിന്റെ ഭൂതദയാമയമായ വാക്കുകൾ അങ്ങയുടെ കണ്ടുപിടുത്തങ്ങൾ അക്ഷരാർഥത്തിൽ സത്യമാക്കുന്നു.’ ’ ‘ ‘ശാസ്ത്രജ്ഞൻ സത്യത്തെ അറച്ചറച്ചും ശങ്കയോടുംകൂടി സമീപിക്കുമ്പോൾ കവി അതിനോടു ദൃഢവും ഗാഢവുമായ സൗഹൃദം പുലർത്തുന്നു. ഒരിക്കൽ എന്റെ പരീക്ഷണശാലയിൽവന്ന് ക്രെസ്കോഗ്രാഫിന്റെ സ്പഷ്ടമായ തെളിവുകൾ നേരിട്ടുകാണുക.’ ’ നന്ദിപൂർവം ആ ക്ഷണംസ്വീകരിച്ചുകൊണ്ട് ഞാൻ മടങ്ങി. അദ്ദേഹം പ്രസിഡൻസി കോളേജ് വിട്ടുവെന്നും കൽക്കത്തയിൽ ഒരു ഗവേഷണകേന്ദ്രം തുറക്കാൻ ഒരുങ്ങുകയാണെന്നും പിന്നീട് ഞാൻ കേട്ടു. ‘ബോസ് ഇൻസ്റ്റിററ്യൂട്ട്’ തുറന്നപ്പോൾ അതിന്റെ സമർപ്പണ പരിപാടികളിൽ ഞാൻ പങ്കുകൊണ്ടു. ഉത്സാഹഭരിതരായ പരശ്ശതം ജനങ്ങൾ ആ പരിസരത്ത് ഉലാത്തി. പുതിയ ശാസ്ത്രകേന്ദ്രത്തിന്റെ കലാചാതുരിയും ആത്മീയപ്രതീകാത്മകതയും എന്നെ വശീകരിച്ചു. നൂറ്റാണ്ടുകൾ പഴക്കംചെന്ന ഒരു ശ്രീകോവിലിന്റെ അവശിഷ്ടം അകലെനിന്നു കൊണ്ടുവന്നതായിരുന്നു അതിന്റെ മുൻവശത്തെ വാതിൽ. ഒരു താമര3പ്പൊയ്കയുടെ പിന്നിൽ ദീപശിഖയേന്തിയ നാരീശില്പം, ഭാരതത്തിൽ സ്ത്രീത്വത്തെ അനശ്വരമായ പ്രകാശവാഹകമായി മാനിക്കുന്നതിന്റെ നിദർശനമായി നിലകൊണ്ടു. ഉപവനത്തിലെ ഒരു ചെറിയ ക്ഷേത്രം ദൃശ്യപ്രതിഭാസങ്ങൾക്കുപിന്നിലെ അദൃശ്യ ചൈതന്യത്തിനായി സമർപ്പിക്കപ്പെട്ടിരിക്കുന്നു. അൾത്താരയിൽ ഒരു ആരാധനാവിഗ്രഹവും ഉണ്ടായിരുന്നില്ലന്നത് ആ ദിവ്യവസ'ഥസ്തുവിന്റെ അമൂർത്തഭാവത്തെ സൂചിപ്പിച്ചിരിക്കുന്നു.ഈ മഹനീയവേളയിലെ ബോസിന്റെ പ്രസംഗം ഏതോ പ്രചോദിതനായ ഋഷിവര്യന്റെ നാവിൽനിന്ന് ഉതിരാൻപോരുന്നതായിരുന്നു. ‘ ‘ഈ സ'ഥാപനം ഇന്നു ഞാൻ സമർപ്പണംചെയ്യുന്നത് ഒരു ക്ഷേത്രമെന്ന നിലയിലാണ്, വെറും ഒരു ഗവേഷണശാല എന്ന നിലയിലല്ല.’ ’ തിങ്ങിനിറഞ്ഞ സദസ്സിനെ അദ്ദേഹത്തിന്റെ വന്ദനീയവും ഉദാത്തവുമായ ഗാംഭീര്യം അദൃശ്യമായ ഒരു മേലങ്കിപോലെ വലയംചെയ്തു. ‘ ‘എന്റെ പരീക്ഷണനിരീക്ഷണങ്ങൾ പിൻതുടർന്ന് ഞാൻ അറിയാതെതന്നെ എത്തിച്ചേർന്നത് ഊർജതന്ത്രത്തിന്റെയും ശരീരവിജ്ഞാനീയത്തിന്റെയും അതിർത്തിദേശങ്ങളിലാണ്. വിസ്മയമെന്നുപറയട്ടെ, സചേതന-അചേതന വസ്തുക്കളുടെ അതിർവരമ്പുമായുന്നതും അവയുടെ സംഗമബിന്ദുക്കൾ തെളിഞ്ഞുവരുന്നതും ഞാൻ കണ്ടെത്തി. അജൈവവസ്തുക്കൾ ജഡമല്ലേയല്ലെന്ന് കാണപ്പെട്ടു; അവ നിരവധി ശക്തികളുടെ പ്രവർത്തനം കൊണ്ട് തരളിതമാണ്. ‘ ‘ഒരു സർവസാർവത്രിക പ്രതിപ്രവർത്തനം ലോഹങ്ങളെയും സസ്യങ്ങളെയും ജന്തുക്കളെയും ഒരു പൊതുനിയമത്തിൻ

കീഴിൽ കൊണ്ടുവരുന്നതായി തോന്നി. ഇവയല്ലാം പരമാർഥത്തിൽ ഒരേ മൗലികപ്രതിഭാസങ്ങൾ പ്രദർശിപ്പിച്ചു: തളർച്ചയുടെയും, മ്ലാനതയുടെയും, അവയിൽനിന്നുള്ള മോചനസാധ്യതയുടെ ഉൽകർഷത്തിന്റെയും, അതുപോലെതന്നെ മൃതാവസ'ഥയുടെ സ'ഥിരമായ പ്രതികരണരാഹിത്യത്തിന്റെയും. ഈ കനത്ത സാമാന്യതത്ത്വവത്കരണത്തിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് വലിയ പ്രതീക്ഷയോടെയാണ് റോയൽ സൊസൈറ്റിയുടെ മുമ്പാകെ പരീക്ഷണങ്ങൾ കൊണ്ടുതെളിയിച്ച ഫലങ്ങൾ ഞാൻ പ്രഖ്യാപിച്ചത്. പക്ഷേ അവിടെ സന്നിഹിതരായിരുന്ന ശരീരശാസ്ത്രജ്ഞർ, അവരുടെ സുരക്ഷിതസാമ്രാജ്യങ്ങളിലേക്ക് ഞാൻ അതിക്രമിച്ചു കടക്കാതെ, പകരം എനിക്ക് വിജയം സുനിശ്ചിതമായിക്കഴിഞ്ഞ ഊർജതന്ത്രഗവേഷണങ്ങളിൽ ഒതുങ്ങിനിൽക്കാൻ എന്നെ ഉപദേശിച്ചു. അപരിചിതമായ ഒരു ജാതിവ്യവസ'ഥയുടെ മേഖലയിലേക്ക് ഞാൻ, അറിയാതെയെങ്കിലും കയറുകയും അതിന്റെ പെരുമാറ്റച്ചട്ടങ്ങളെ ഉല്ലംഘിക്കുകയും ചെയ്തുപോയി. ' 'അറിവില്ലായ്മയെ ദൈവവിശ്വാസമായി തെറ്റിദ്ധരിക്കുന്ന ബോധപൂർവമല്ലാത്ത ഒരു മതപരമായ പക്ഷപാതവും അവരുടെ ഇടയിൽ ഉണ്ടായിരുന്നു. പരിണാമാത്മകമായ സൃഷ്ടപ്രപഞ്ചത്തിന്റെ ദുരൂഹതകൊണ്ട് നമ്മെ വലയം ചെയ്തിരിക്കുന്ന ആ ദിവ്യദേഹം, ചോദ്യം ചെയ്യാനും മനസ്സിലാക്കാനുള്ള ആഗ്രഹംകൂടി നമ്മിൽ നട്ടുപിടിപ്പിച്ചിട്ടുണ്ടെന്നത് നാം പലപ്പോഴും വിസ്മരിക്കുന്നു. വർഷങ്ങളായി നിലനിൽക്കുന്ന അന്യരുടെ തെറ്റിദ്ധാരണ നിമിത്തം ശാസ്ത്രഭക്തന്റെ ജീവിതം അവസാനമില്ലാത്ത പോരാട്ടങ്ങൾകൊണ്ട് അനിവാര്യമായും നിറഞ്ഞതാണെന്ന് എനിക്കു മനസ്സിലായി. നേട്ടവും കോട്ടവും, വിജയവും പരാജയവും ഒന്നായിക്കണക്കാക്കി, തന്റെ ജീവിതം ഭക്തിപുരസ്സരമായ ഒരു തിരുമുൽക്കാഴ്ചയായി അർപ്പിക്കുകയാണ് അവൻ ചെയ്യേണ്ടത്. ' 'കാലക്രമത്തിൽ ലോകത്തിലെ പ്രമുഖ ശാസ്ത്രസമിതികൾ എന്റെ സിദ്ധാന്തങ്ങളും കണ്ടുപിടിത്തങ്ങളും സ്വീകരിക്കുകയും ശാസ്ത്രത്തിന് ഭാരതം നൽകിയ സംഭാവനയുടെ പ്രാധാന്യം അംഗീകരിക്കുകയും ചെയ്തു.4 അല്പമോ, പരിമിതമോ ആയ എന്തിനെങ്കിലും ഭാരതത്തിന്റെ മനസ്സിനെ എപ്പോഴെങ്കിലും തൃപ്തിപ്പെടുത്താൻ കഴിയുമോ? ജീവസ്സുറ്റ അനുസ്യൂതമായ ഒരു പാരമ്പര്യവും പുനർനവീകരണത്തിനുള്ള സർഗശക്തിയുംകൊണ്ട് എണ്ണമറ്റ പരിവർത്തനങ്ങളിൽക്കൂടി ഈ നാട് സ്വയം പുന:ക്രമീകരിച്ചിട്ടുണ്ട്. താല്കാലികവും എന്നാൽ ആകർഷകവുമായ നേട്ടങ്ങൾ വിഗണിച്ചുകൊണ്ട്, നിഷ്ക്രിയമായ ത്യാഗത്തിലൂടെയല്ലതെ, ക്രിയാത്മകമായ പോരാട്ടംകൊണ്ട് ജീവിതത്തിലെ പരമോന്നതമായ ആദർശങ്ങൾ സാക്ഷാത്കരിക്കാൻ ശ്രമിച്ച അനേകം ഭാരതീയർ എക്കാലവും ഉണ്ടായിട്ടുണ്ട്. സമരത്തെ നേരിടാൻ തുനിയാത്ത ദുർബലന് താൻ ഒന്നും നേടാത്തതുകൊണ്ട് പരിത്യജിക്കാനും ഒന്നുമുണ്ടായിരുന്നില്ല. കഠിനമായി പൊരുതി വിജയം വരിച്ച ഒരുവനുമാത്രമേ തന്റെ വിജയാനുഭവത്തിന്റെ സൽഫലങ്ങളേകി ലോകത്തെ സമ്പന്നമാക്കാൻ കഴിയൂ. ' ' ജഡവസ്തുക്കളുടെ പ്രതികരണം, സസ്യവർഗത്തെപ്പറ്റിയുള്ള അപ്രതീക്ഷിതമായ പുതിയ അറിവുകൾ എന്നിവയിൽ ഇതിനകം ബോസ് ലബോറട്ടറിയിൽ നടത്തപ്പെട്ട പഠനങ്ങൾ ഊർജതന്ത്രം, ശരീരശാസ്ത്രം, വൈദ്യം, കൃഷിശാസ്ത്രം എന്നുവേണ്ട മനഃശാസ്ത്രത്തിൽപോലും വിശാലമായ മേഖലകളിൽ പുതിയ ഗവേഷണപഠനങ്ങൾക്ക് വഴി തുറന്നിട്ടുണ്ട്. അപരിഹാര്യമെന്ന് ഇതുവരെ കരുതിയിരുന്ന പ്രശ്നങ്ങളെ ഇപ്പോൾ പരീക്ഷണനിരീക്ഷണങ്ങളുടെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ' 'പക്ഷേ ഉന്നതവിജയം കരസ'ഥമാക്കാൻ കർശനമായ സൂക്ഷ്മതയില്ലാതെ സാധ്യമല്ല. ഞാൻ രൂപകല്പനചെയ്ത അതിശക്തവും സൂക്ഷ്മഗ്രാഹികളുമായ ഉപകരണങ്ങളുടെയും പണിയായുധങ്ങളുടെയും നീണ്ടനിരകൾ അവയുടെ കൂട്ടിൽ പ്രവേശനഹാളിൽ കാണുന്നത് അതുകൊണ്ടാണ്. ബാഹ്യമായി കാണപ്പെടുന്ന മിഥ്യയുടെ പിന്നിലുള്ള അദൃശ്യമായ യാഥാർഥ്യത്തിലേക്ക് എത്തിച്ചേരാനുള്ള സുദീർഘമായ പ്രയത്നങ്ങളുടെയും, മനുഷ്യപരിമിതികളെ മറികടക്കാനാവശ്യമായ നിരന്തരമായ കഠിനാധ്വാനത്തിന്റെയും, നിശ്ചയദാർഢ്യത്തിന്റെയും, കർമകുശലതയുടെയും കഥയാണ് അവ പറയുന്നത്. മിഥ്യയുടെപുറകിൽ, സത്യത്തിന്റെ നിയമങ്ങളുടെ മറനീക്കുന്ന മനസ്സാണ് യഥാർഥ ഗവേഷണശാലയെന്ന് സർഗശക്തിയുള്ള എല്ലാ ശാസ്ത്രജ്ഞർക്കും അറിയാം. ' 'ഇവിടെ നടത്തപ്പെടുന്ന പ്രഭാഷണങ്ങൾ മൗലികമല്ലാത്ത അറിവിന്റെ വെറും പുനരാവർത്തനം ആയിരിക്കുകയില്ല. അവ ഈ ഹാളുകളിൽ ഇദംപ്രഥമമായി പരീക്ഷിച്ചു തെളിയിച്ച പുതിയ കണ്ടുപിടുത്തങ്ങൾ പ്രഖ്യാപിക്കും, ഈ സ'ഥാപനത്തിന്റെ മുറയ'ക്കുള്ള പ്രസിദ്ധീകരണങ്ങൾ മുഖേന ഈ ഭാരതീയ സംഭാവനകൾ ലോകത്തിന്റെ നാനാഭാഗത്തുമെത്തിച്ചേരും. അവ പൊതുസ്വത്തായിത്തീരും. അവയ'ക്ക് ഒരു പേറ്റന്റ് ഒരിക്കലും എടുക്കുകയില്ല. അറിവിനെ വ്യക്തിപരമായ നേട്ടങ്ങൾക്കുമാത്രംവേണ്ടി ഉപയോഗിക്കുകയെന്ന അവിശുദ്ധകർമത്തിൽ നിന്നും നാം എന്നന്നേക്കും വിമുക്തരായിരിക്കണമെന്നാണ് നമ്മുടെ നാടിന്റെ സാംസ്കാരികസത്ത അനുശാസിക്കുന്നത്.' ' ' 'എല്ലാ രാജ്യങ്ങളിൽനിന്നുമുള്ള ഗവേഷകർക്കും ഈ സ'ഥാപനത്തിലെ സൗകര്യങ്ങൾ, കഴിയുന്നിടത്തോളം ലഭ്യമാക്കണമെന്നാണ് എന്റെ മറ്റൊരു അഭിലാഷം. ഇക്കാര്യത്തിൽ എന്റെ നാടിന്റെ പാരമ്പര്യം പുലർത്താനാണ് ഞാൻ ശ്രമിക്കുന്നത്. ഇരുപത്തിയഞ്ചുനൂറ്റാണ്ടുമുമ്പുള്ള വിദൂരകാലത്തുപോലും നളന്ദാ, തക്ഷശില എന്നീ പ്രാചീനസർവകലാശാലകളിലേക്ക് ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നുമുള്ള പണ്ഡിതന്മാരെ

ഭാരതം സ്വാഗതം ചെയ്തിട്ടുണ്ട്. ‘ ‘ശാസ്ത്രം അതിന്റെ സാർവലൗകികതയിൽ പൗരസ്ത്യമോ പാശ്ചാത്യമോ അല്ല, അത് ഏറിയകൂറും സർവരാഷ്ട്രീയമാണ്. എങ്കിലും അതിന് മഹത്തായസംഭാവനകൾ നൽകാൻ ഭാരതം വിശേഷിച്ചും യോഗ്യമാണ്5. പരസ്പരവിരുദ്ധമെന്നു തോന്നുന്ന ഒരു പറ്റം വസ്തുതകളിൽനിന്ന് ഒരു പുതിയ ക്രമമോ വ്യവസ'ഥയോ വേർതിരിച്ചെടുക്കാൻ പ്രാപ്തമായ ഭാരതത്തിന്റെ ഉജ്വലമായഭാവനയെ ഏകാഗ്രതാവൃത്തി നിയന്ത്രണത്തിൽ നിർത്തുന്നു. അതിരറ്റ ക്ഷമയോടെ മനസ്സിനെ സത്യാന്വേഷണത്തിനായി വിനിയോഗിക്കാൻ ഈ നിയന്ത്രണം ശക്തി നൽകുന്നു.’ ’ [image file=image_rsrc12K.jpg] ഭാരതത്തിലെ മഹാനായ ഭൗതികശാസ്ത്രജ്ഞനും, സസ്യശാസ്ത്രജ്ഞനും ക്രെസ്കോഗ്രാഫിന്റെ കണ്ടുപിടുത്തക്കാരനുമായ ജഗദീശ് ചന്ദ്ര ബോസ്ആ ശാസ്ത്രജ്ഞൻ പറഞ്ഞുനിർത്തിയ വാക്കുകൾ എന്റെ കണ്ണുകൾ ഈറനാക്കി. കാലത്തെയും ചരിത്രകാരന്മാരെയും ഒരുപോലെ കുഴക്കിയ ‘ ‘ക്ഷമ’ ’ ഭാരതത്തിന്റെ ഒരു പര്യായശബ്ദമല്ലേ?ഉൽഘാടനദിനത്തിന് ഏതാനും ദിവസങ്ങൾക്കുശേഷം വീണ്ടുമൊരിക്കൽ ഞാൻ ആ ഗവേഷണശാല സന്ദർശിച്ചു. തന്റെ വാഗ്ദാനം ഓർമയുണ്ടായിരുന്ന ആ മഹത്തായ സസ്യശാസ്ത്രജ്ഞൻ എന്നെ തന്റെ പ്രശാന്തമായ ഗവേഷണശാലയിലേക്ക് കൊണ്ടുപോയി. ‘ ‘ക്രെസ്കോഗ്രാഫ് ഈ പന്നൽചെടിയോട് ഞാൻ ഘടിപ്പിക്കാം; ഇതിന്റെ വിപുലീകരണശേഷി അപാരമാണ്. ഈ അനുപാതത്തിലെ വർധനം ഒരു ഒച്ച് ഇഴയുന്നതിനു നൽകിയാൽ അത് ഒരു എക്സ്പ്രസ് ട്രെയിൻ സഞ്ചരിക്കുന്നതുപോലെ കാണപ്പെടും!’ ’ ആ പന്നൽചെടിയുടെ വലുതാക്കി പ്രതിഫലിപ്പിച്ച നിഴൽ വീണ സ്ക്രീനിൽ എന്റെ ദൃഷ്ടി ആകാംക്ഷയോടെ പതിഞ്ഞു. ജീവന്റെ സൂക്ഷ്മമായ ചലനങ്ങൾ ഇപ്പോൾ വ്യക്തമായിക്കാണാമായിരുന്നു. എന്റെ കൗതുകം നിറഞ്ഞ കണ്ണുകൾക്കു മുമ്പിൽ ആ ചെടി സാവധാനം വളരുകയായിരുന്നു. ചെടിയുടെ അഗ്രഭാഗം ഒരു ചെറിയ ലോഹക്കമ്പികൊണ്ട് ശാസ്ത്രജ്ഞൻ തൊട്ടു. ഉരുത്തിരിയുന്ന ആ മൂകനാടകം പൊടുന്നനെ നിലച്ചുപോയി; ആ കമ്പിമാറ്റിയ ഉടൻതന്നെ അതിന്റെ വാചാലമായ താളലയങ്ങൾ പുനരാരംഭിച്ചു. ‘ ‘ലഘുവെങ്കിലും ബാഹ്യമായ ഒരു ഇടപെടൽ ചെടിയുടെ സൂക്ഷ്മഗ്രാഹിയായ കോശജാലങ്ങൾക്ക് എത്ര ഹാനികരമാണെന്ന് കണ്ടല്ലോ,’ ’ ബോസ് പറഞ്ഞു. ‘ ‘നോക്കൂ! ഇനി ഞാൻ ക്ലോറോഫോം പ്രയോഗിക്കാം. എന്നിട്ട് അതിന്റെ മറുമരുന്ന് കൊടുക്കാം.’ ’ ക്ലോറോഫോമിന്റെ ശക്തികൊണ്ട് എല്ലാ ജൈവപ്രവർത്തനങ്ങളും നിലച്ചു; മറുമരുന്ന് ചെടിയെ പുനരുജ്ജീവിപ്പിച്ചു. സ്ക്രീനിലെ പരിണാമാത്മകമായി ഉരുത്തിരിഞ്ഞ ഈ ചലനങ്ങൾ ഒരു തിരക്കഥയെക്കാളേറെ എന്നെ പിടിച്ചിരുത്തി. എന്റെ ചങ്ങാതി ഇവിടെ ഒരു വില്ലന്റെ റോളിൽ മൂർച്ചയുള്ള ഒരു ഉപകരണം പന്നലിന്റെ ഒരു ഭാഗത്ത് കുത്തിയിറക്കി; ഇടവിട്ടുള്ളപിടച്ചിൽ വേദന വെളിവാക്കി. ചെടിയുടെ തണ്ടിലൂടെ ഒരു ക്ഷൗരക്കത്തി കുറച്ചുകടത്തിയപ്പോൾ പന്നലിന്റെ നിഴൽ ശക്തിയായിപിടഞ്ഞു; എന്നിട്ട് മരണത്തിന്റെ അന്തിമമായ ത്രാസത്തോടെ അത് നിശ്ചലമായി. ‘ ‘ഒരു വൻവൃക്ഷത്തിന് ആദ്യം ക്ലോറോഫോം കൊടുത്തിട്ട് വിജയകരമായ ഒരു പറിച്ചുനടീൽ ഞാൻ സാധിച്ചു. സാധാരണയായി പറിച്ചുമാറ്റിയശേഷം, ഇത്തരം വനസമ്രാട്ടുകൾ വളരെ വേഗം മരണമടയാറുണ്ട്. ’ ’ ജീവൻരക്ഷ നൽകുന്ന ആ ഉദ്യമത്തെപ്പറ്റിപ്പറഞ്ഞ് ജഗദീശ് പുഞ്ചിരിച്ചു. ‘ ‘എന്റെ സൂക്ഷ്മോപകരണങ്ങളുടെ ചിത്രങ്ങൾ വൃക്ഷങ്ങൾക്ക് ഒരു രസചംക്രമണവ്യൂഹമുണ്ടെന്ന് തെളിയിച്ചു. ജന്തുക്കളിലെ രക്തമർദത്തോട് സസ്യങ്ങളിലെ രസചംക്രമണത്തിന് സാധർമ്യമുണ്ട്. ചിലർ സാധാരണ മുന്നോട്ടുവയ'ക്കാറുള്ള കോശാകർഷണനിയമംപോലെയുള്ള യാന്ത്രികസിദ്ധാന്തങ്ങളെ ആധാരമാക്കി ചെടികളിലെ രസത്തിന്റെ മേലേക്കുള്ള പ്രവാഹം വിശദീകരിക്കാൻ സാധ്യമല്ല. ഈ പ്രതിഭാസം ജീവനുള്ള കോശങ്ങളുടെ പ്രവർത്തനമാണെന്ന് ക്രെസ്കോഗ്രാഫ്മുഖേന തെളിഞ്ഞു കഴിഞ്ഞു. വൃക്ഷത്തിന്റെ ചുവടുവരെ വ്യാപിച്ചതും ഒരു യഥാർഥഹൃദയത്തിന്റെ ധർമം നിർവഹിക്കുന്നതുമായ, കുഴൽരൂപത്തിലെ ഒരു നാളിയിൽനിന്ന് സങ്കോചവികാസതരംഗങ്ങൾ ഉദ്ഗമിക്കുന്നു! ഏകരൂപമായ ഒരു സങ്കല്പമാണ് നാനാരൂപമായ പ്രകൃതിയെ കൂട്ടിയിണക്കുന്നതെന്ന് കൂടുതൽ സൂക്ഷ്മമായി നാം മനസ്സിലാക്കുമ്പോൾ തെളിവ് കൂടുതൽ ശക്തമാകുന്നു.’ ’ മഹാനായ ആ ശാസ്ത്രജ്ഞൻ മറ്റൊരു ബോസ് ഉപകരണം ചൂണ്ടിക്കാട്ടി. ‘ ‘ഒരു കഷ്ണം വെള്ളീയത്തിൽ ഒരു പരീക്ഷണം ഞാൻ കാട്ടിത്തരാം. ലോഹങ്ങളിലുള്ള ജീവശക്തി, ചോദനങ്ങളോട് പ്രതികൂലമായോ അനുകൂലമായോ പ്രതികരിക്കുന്നു. മഷിയടയാളങ്ങൾ വിവിധ പ്രതിവർത്തനങ്ങളെ രേഖപ്പെടുത്തും.’ ’ ആണവഘടനയുടെ സ്വാഭാവികമായ തരംഗങ്ങൾ രേഖപ്പെടുത്തിയ ഗ്രാഫുകൾ ഞാൻ അതീവതാല്പര്യത്തോടെ ശ്രദ്ധിച്ചു. പ്രഫസർ വെള്ളീയത്തിന് ക്ലോറോഫോം കൊടുത്തപ്പോൾ കമ്പനാത്മകമായ രേഖപ്പെടുത്തലുകൾനിന്നു. ലോഹം അതിന്റെ സാധാരണ സ'ഥിതി വീണ്ടെടുത്തപ്പോൾ ലേഖനപ്രക്രിയ ക്രമേണ പുനരാരംഭിച്ചു. എന്റെ ചങ്ങാതി ഒരു വിഷമയമായ രാസവസ്തു പ്രയോഗിച്ചു. ലോഹക്ഷണത്തിന്റെ വിറയ'ക്കുന്ന അന്ത്യത്തോടൊപ്പം ക്രെസ്കോഗ്രാഫിന്റെ സൂചി, നാടകീയമായി ഗ്രാഫിൽ ഒരു ചരമക്കുറിപ്പ് എഴുതിച്ചേർത്തു.ശാസ്ത്രജ്ഞൻ പറഞ്ഞു: ‘ ‘കത്രികകളിലും യന്ത്രങ്ങളിലും ഉപയോഗിച്ചിരിക്കുന്ന ഉരുക്കുപോലുള്ള ലോഹങ്ങൾ ക്ഷീണത്തിനു വിധേയമാണെന്നും ഇടയ'ക്കിടെയുള്ള വിശ്രമം അവയുടെ കാര്യക്ഷമത വീണ്ടെടുക്കുന്നുവെന്നും ബോസ്

ഉപകരണങ്ങൾ വ്യക്തമായി തെളിയിച്ചു. വിദ്യുച്ഛക്തി അവയിലൂടെ കടത്തിവിടുമ്പോഴോ കഠിനമായ സമ്മർദത്തിന് വിധേയമാകുമ്പോഴോ ലോഹങ്ങളിലെ ജീവസ്പന്ദനത്തിന് സാരമായ ഹാനിവരുകയോ അവ മുഴുവനും നിലച്ചുപോകയോചെയ്യും.' ' അക്ഷീണമായ സൃഷ്ടിവൈഭവത്തിന്റെ വാചാലമായ പ്രമാണങ്ങളായി മുറിയിലുണ്ടായിരുന്ന അസംഖ്യം ഉപകരണങ്ങളിൽ ഞാൻ കണ്ണോടിച്ചു. ' 'സർ, അങ്ങയുടെ അത്ഭുതകരമായ യന്ത്രസാമഗ്രികൾ കൂടുതലായി ഉപയോഗിച്ച് വിശാലമായ അടിസ'ഥാനത്തിൽ കാർഷിക വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നില്ലായെന്നത് ഖേദകരമാണ്. സസ്യങ്ങളുടെ വേഗത്തിലുള്ള വളർച്ചയെ സഹായിക്കാൻ വിവിധ ജൈവരാസവളങ്ങൾക്കുള്ള കഴിവുകാണിക്കുന്ന സത്വരപരീക്ഷണങ്ങൾ സംഘടിപ്പിക്കാൻ വളരെ എളുപ്പമല്ലേ?' ' 'ശരിയാണ്, ബോസ് ഉപകരണങ്ങൾക്ക് നിരവധി ഉപയോഗങ്ങൾ വരുന്ന തലമുറകൾ കണ്ടെത്തും. തന്റെ ജീവിതകാലത്ത് സ്വന്തം പ്രവർത്തനങ്ങളുടെ പ്രതിഫലം ഏറ്റുവാങ്ങുകയെന്നത് ഒരു ശാസ്ത്രജ്ഞനും സാധാരണയായി അനുഭവത്തിൽവരാറില്ല; സൃഷ്ടിപരമായ സേവനത്തിന്റെ സന്തുഷ്ടി അനുഭവിക്കുക എന്നതുതന്നെ ധാരാളമാണ്.' ' അക്ഷീണനായ ആ തപസ്വിശ്രേഷ്ഠന് എന്റെ അകമഴിഞ്ഞ നന്ദി പറഞ്ഞിട്ട് ഞാൻ വിടവാങ്ങി. ' ' അദ്ദേഹത്തിന്റെ വിസ്മയകരമായ സൃഷ്ടിവൈഭവത്തിന് എന്നെങ്കിലും അറുതിവരുമോ?' ' ഞാൻ ചിന്തിച്ചു.വർഷങ്ങൾ കഴിഞ്ഞിട്ടും അതിന് കുറവൊന്നും കണ്ടില്ല. ' 'റെസനൻറ്റ് കാർഡിയോഗ്രാഫ്' ' എന്ന സങ്കീർണമായ മറ്റൊരുപകരണം നിർമിച്ച് ഭാരതത്തിലെ അസംഖ്യം സസ്യങ്ങളിൽ അദ്ദേഹം വ്യാപകമായ പരീക്ഷണങ്ങൾ തുടർന്നു. ഔഷധിയെന്നു സംശയിക്കപോലും ചെയ്യാനിടയാകാത്ത അനേകം പ്രയോജനകരമായ മരുന്നുകളുടെ ഒരു ഔഷധകോശം അദ്ദേഹം വെളിച്ചത്തുകൊണ്ടുവന്നു. ഒരു സെക്കൻഡിന്റെ നൂറിലൊരുഭാഗം ഒരു ഗ്രാഫിൽ കുറിക്കുന്ന തെറ്റാത്ത കൃത്യതയോടെയാണ് കാർഡിയോഗ്രാഫിന്റെ നിർമാണം. സസ്യങ്ങളുടെയും മൃഗങ്ങളുടെയും മനുഷ്യരുടെയും ഘടനയിലെ അതിസൂക്ഷ്മമായ സ്പന്ദനങ്ങൾ റെസനൻറ്റ് രേഖകൾ അളക്കുന്നു. അദ്ദേഹത്തിന്റെ കാർഡിയോഗ്രാഫിന്റെ ഉപയോഗം ശാസ്ത്രീയപരീക്ഷണങ്ങൾക്കായുള്ള ശസ്ത്രക്രിയകൾ, ജന്തുക്കൾക്കുപകരം സസ്യങ്ങളിൽനടത്തുവാൻ പ്രേരിപ്പിക്കുമെന്ന് മഹാനായ ആ സസ്യശാസ്ത്രജ്ഞൻ പ്രവചിച്ചു. ' ' ഒരു സസ്യത്തിനും ഒരു ജന്തുവിനും ഒരേ മരുന്ന് കൊടുത്തതിന്റേഫലം രേഖപ്പെടുത്തിയത് വിസ്മയകരമായ ഐക്യരൂപ്യമാണ് നിരീക്ഷണത്തിൽ വെളിവാക്കിയത്,' ' അദ്ദേഹം ചൂണ്ടിക്കാട്ടി. ' 'മനുഷ്യനിൽ ഉള്ളതെല്ലാം സസ്യങ്ങളിലും വിഭാവനം ചെയ്തിട്ടുള്ളതായിക്കാണാം. സസ്യങ്ങളിൽ നടത്തുന്ന പരീക്ഷണം മൃഗങ്ങളുടെയും മനുഷ്യരുടെയും ദുരിതം കുറയ'ക്കുന്നതിന് ഉപയോഗപ്പെടും.' ' ബോസിന്റെ സസ്യസംബന്ധിയായ കണ്ടെത്തലുകൾ മാർഗദർശകമായിരുന്നു, വർഷങ്ങൾക്കുശേഷം മറ്റു ശാസ്ത്രജ്ഞന്മാർ അവ സ'ഥിരീകരിച്ചു. 1938-ൽ കൊളംബിയ സർവകലാശാലയിൽ നടത്തിയ പഠനങ്ങൾ ദ ന്യൂയോർക് റ്റൈംസ് ഇങ്ങനെ റിപ്പോർട്ടു ചെയ്തു:മസ്തിഷ്കത്തിലേക്കും അവിടെനിന്ന് ശരീരത്തിന്റെ മറ്റു ഭാഗങ്ങളിലേക്കും നാഡികൾ സന്ദേശങ്ങൾ അയയ'ക്കുമ്പോൾ ലഘുവായ വൈദ്യുതചോദനകണികകൾ ഉല്പാദിപ്പിക്കപ്പെടുന്നുവെന്ന് കഴിഞ്ഞ ഏതാനും വർഷങ്ങളിൽ തെളിയിക്കപ്പെട്ടിട്ടുണ്ട്. ഇവയെ സൂക്ഷ്മമായ വൈദ്യുതമാപിനികൾകൊണ്ട് അളക്കുകയും ആധുനിക യന്ത്രസാമഗ്രികൾകൊണ്ട് ലക്ഷക്കണക്കിന് പെരുപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ വൈദ്യുതകണികകൾ നാഡീതന്തുക്കളിൽക്കൂടി എത്രയോ വേഗം പ്രേഷണം ചെയ്യപ്പെടുന്നതിനാൽ ഇവയുടെ പ്രവാഹം പഠിക്കാൻ തൃപ്തികരമായ ഒരു മാർഗവും കണ്ടെത്തിയിട്ടില്ലായിരുന്നു.സ്വർണമത്സ്യങ്ങളുടെ കണ്ണാടിക്കൂടുകളിൽ സാധാരണ ഉപയോഗിക്കുന്ന 'നിറ്റെല' എന്ന ശുദ്ധജലസസ്യത്തിന്റെ നീണ്ട ഏകകോശങ്ങൾ ഫലത്തിൽ ഒറ്റയായ നാഡീതന്തുവിന്റെ സാദൃശ്യമുള്ളവയാണെന്ന് കണ്ടുപിടിച്ചതായി ഡോ. കെ. എസ്. കോളും ഡോ. എച്ച്. എൽ. കേർട്ടിസും റിപ്പോർട്ടു ചെയ്യുന്നു. കൂടാതെ, വേഗതയുടെ കാര്യത്തിലൊഴിച്ച്, മനുഷ്യന്റെയും ജന്തുക്കളുടെയും നാഡീതന്തുക്കൾ പ്രസരിപ്പിക്കുന്നതിനു സമാനമായ വൈദ്യുതസ്പന്ദനങ്ങൾ, ക്ഷോഭിപ്പിക്കപ്പെടുമ്പോൾ നിറ്റെലാ കോശങ്ങൾ പ്രസരിപ്പിക്കുന്നുവെന്ന് അവർ കണ്ടു. സസ്യങ്ങളിലെ നാഡി-വൈദ്യുതിചോദനകങ്ങൾക്ക് ജന്തുക്കളുടേതിനെക്കാൾ ഗതിവേഗം വളരെ കുറവായി കാണപ്പെട്ടു. നാഡീവ്യൂഹങ്ങളിലെ വൈദ്യുതപ്രേഷണത്തിന്റെ മന്ദഗതിയിലുള്ള ചിത്രങ്ങൾ എടുക്കാനുള്ള ഒരു മാർഗമായി അങ്ങനെ ഈ കണ്ടുപിടിത്തത്തെ കൊളംബിയയിലെ ഗവേഷകർ വിനിയോഗിച്ചു.അങ്ങനെ, നിറ്റെലചെടി മനസ്സിന്റെയും ജഡവസ്തുവിന്റെയും അതിർത്തിദേശത്തോടടുത്ത് കർശനമായി പരിരക്ഷിക്കപ്പെടുന്ന നിഗൂഢ രഹസ്യങ്ങൾ വെളിവാക്കാൻപോന്ന ഒരുതരം ഉരകല്ലായി തീർന്നേക്കാം.പ്രസിദ്ധകവി രവീന്ദ്രനാഥ ടാഗോർ ഭാരതത്തിന്റെ ആദർശവാദിയായ ശാസ്ത്രകാരന്റെ ഉറ്റ സ്നേഹിതനായിരുന്നു. അദ്ദേഹത്തെ ആ മധുര ബംഗാളിഗായകൻ താഴെ കൊടുത്തിരിക്കുന്ന വരികളിൽ സംബോധന ചെയ്തു:ഹേ തപസ്വീ, സാമമന്ത്രത്തിൻ പ്രാമാണികമാംവാക്കുകളിൽ ഈ ആഹ്വാനം നടത്തൂ: ' 'ഉത്തിഷ്ഠത! ജാഗ്രത!' ' ശാസ്ത്രവിജ്ഞാനത്തിൽ ഊറ്റംകൊള്ളുമാമനുഷ്യനെ വിളിക്കൂ!പണ്ഡിതവേദികളിൽ അർഥശൂന്യമാം വാചക-ക്കസർത്തിലേർപ്പെട്ട ആ മൂഢനാം ആത്മശ്ലാഘിയെവിളിക്കൂ വെളിയിലേക്ക്, പ്രകൃതിയുടെമുഖത്തേക്കു വരുവാൻ, ഈ വിശാലഭൂവിലേക്ക്;ഈ ആഹ്വാനം നിൻ

പണ്ഡിതവൃന്ദത്തിനു നൽകൂ.അങ്ങയുടെ യജ്ഞകുണ്ഡത്തിനു ചുറ്റുമവർ കൂടട്ടെ,അങ്ങനെ നമ്മുടെ ഭാരതം, ചിരപുരാതനദേശം,അവളിലേക്കു സ്വയം തിരിച്ചുവരട്ടേ.സ'ഥിരോത്സാഹത്തിന്റെ കർമത്തിലേക്ക്, കർത്തവ്യ-ത്തിലേക്കും ഭക്തിപരതയിലേക്കും, നിശ്ചയദാർഢ്യത്തോടെയുള്ള ധ്യാനത്തിന്റെ സമാധിയിലേക്കും,ശാന്തയായ് ലോഭമില്ലാതെ ദ്വന്ദ്വഹീനയായ്ഒരിക്കൽക്കൂടി അവളുടെ ഉത്തുംഗവേദിയിൽ, വീണ്ടുമവൾസർവലോകത്തിൻ ഗുരുവായി ഉപവിഷ്ടയാകട്ടെ! [image file=image_rsrc140.jpg] 1 ‘ ‘എല്ലാ ശാസ്ത്രവും അതീന്ദ്രിയമാണ്, അല്ലെങ്കിൽ അവയ'ക്ക് നിലനിൽപ്പില്ല. സസ്യശാസ്ത്രം ഇപ്പോൾ ശരിയായ സിദ്ധാന്തം ആർജിക്കുകയാണ്. ബ്രഹ്മത്തിന്റെ അവതാരങ്ങൾ താമസിയാതെ പ്രകൃതിചരിത്രത്തിന്റെ പാഠ്യപുസ്തകങ്ങൾ ആകും.’ ’ -എമേഴ്സൺ.2 ലാറ്റിൻ ക്രെസ്കറെ-വലുതാകുക. തന്റെ ക്രെസ്കോഗ്രാഫിനും മറ്റു കണ്ടുപിടിത്തങ്ങൾക്കുമായി 1917-ൽ ബോസിന് ‘ ‘സേർ’ ’ സ'ഥാനം നൽകപ്പെട്ടു.3 താമരപ്പൂവ് പുരാതനകാലംമുതൽ ഭാരതത്തിൽ ഒരു ദൈവികപ്രതീകമാണ്; അതിന്റെ വിരിയുന്നദലങ്ങൾ ആത്മാവിന്റെ വികാസത്തെ സൂചിപ്പിക്കുന്നു: ചെളിയിൽനിന്ന് വളർന്ന് ശുദ്ധസൗന്ദര്യം തൂകുന്ന അതിന്റെ വളർച്ച ഭദ്രമായ ഒരു ആത്മീയവാഗ്ദാനമാണ് ഉയർത്തിപ്പിടിക്കുന്നത്.4 പഠനത്തിലെ ഏതു വിഭാഗത്തിലും പ്രത്യേകിച്ച് ഹ്യുമാനിറ്റീസിൽ അതിന്റെ വിഷയത്തിൽ ഭാരതീയ ഭാഷകളുടെ ഘട്ടങ്ങളെക്കുറിച്ച് കൃത്യമായി പരിശീലനം നേടിയ ഒരു വിദഗ്ധനില്ലെങ്കിൽ ഏതു വലിയ സർവ്വകലാശാലയും പൂർണ്ണമായും സജ്ജമല്ല എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. തങ്ങളുടെ ബിരുദധാരികളെ അവരുടെ ഉപജീവന മാർഗമായ ലോകത്തിലെ ഉയർന്ന ജോലികൾക്ക് തയ്യാറാക്കുന്ന ഒ◌ാരോ കോളേജിലും ഭാരതത്തിന്റെ സംസ്ക്കാരത്തെ കുറിച്ച് ജ്ഞാനമുള്ള ഒരു പണ്ഡിതൻ അധ്യാപകരുടെ കൂട്ടത്തിലുണ്ടാകണം എന്നും ഞങ്ങൾ വിശ്വസിക്കുന്നു. വാഷിംഗ്ടൺ ഡിസിയിലെ അമേരിക്കൻ കൗൺസിൽ ഒഫ് ലേൺഡ് സൊസൈറ്റീസിന്റെ 1939 മേയ് ലക്കത്തിൽ പ്രസിദ്ധീകരിച്ച, പെൻസിൽവേനിയ സർവ്വകലാശാലയിലെ പ്രഫസർ ഡബ്ളിയൂ നോർമൻ ബ്രൗൺ എഴുതിയ ലേഖനത്തിൽ നിന്നെടുത്തത്.5 പദാർഥങ്ങളുടെ ആണവഘടന പുരാതനഭാരതീയർക്ക് നന്നായി അറിവുള്ളതായിരുന്നു. ഭാരതീയ ഷഡ്ദർശനങ്ങളിൽഒന്ന് വൈശേഷികം ആണ്. ‘ ‘ആണവവ്യക്തിത്വം’ ’ എന്ന് അർഥം വരുന്ന വിശേഷസ് എന്ന സംസ്കൃതപദത്തിൽ നിന്നാണിത്. ‘ ‘അണുഭോക്താവ്’ ’ (കണാദൻ) എന്നു വിളിക്കപ്പെടുന്ന ഔലൂക്യൻ ആണവസൈദ്ധാന്തികന്മാരിൽ പ്രമുഖനായിരുന്നു. ഇദ്ദേഹം ഏതാണ്ട് 2800 വർഷങ്ങൾക്കുമുമ്പാണ് ജനിച്ചത്.1934 ഏപ്രിലിലെ ഈസ്റ്റ്വെസ്റ്റിൽ താരാ മാതായുടെ ഒരു ലേഖനത്തിൽ വൈശേഷികശാസ്ത്രവിജ്ഞാനത്തിന്റെ ഒരു ചുരുക്കം കൊടുത്തിരുന്നത് ഇങ്ങനെയാണ്: ‘ ‘ആധുനിക ‘ ‘ആണവസിദ്ധാന്തം’ ’ പുതിയ ശാസ്ത്രീയ മുന്നേറ്റമാണെന്നാണ് പൊതുവെ കരുതപ്പെടുന്നതെങ്കിലും അത് വളരെക്കാലം മുമ്പ് ‘അണുഭോജി’ എന്ന കണാദൻ ഉജ്വലമായി ആവിഷ്കരിച്ചിട്ടുള്ളതാണ്. സംസ്കൃതത്തിലെ ‘അണുസ്’ ഗ്രീക്കുഭാഷയിൽ ‘അവിച്ഛേദ്’ മെന്ന വാച്യാർഥം വരുന്ന ‘ആറ്റം’ എന്ന് തർജമചെയ്യാം. ക്രിസ്തുവിനു മുമ്പുള്ള കാലഘട്ടത്തിലെ വൈശേഷിക സിദ്ധാന്തത്തിൽ ഉൾപ്പെടുന്ന മറ്റു ന്യായങ്ങൾ: (1) കാന്തത്തിലേക്ക് സൂചികളുടെ ചലനം, (2) സസ്യങ്ങളിലെ ജലചംക്രമണം, (3) സൂക്ഷ്മശക്തികൾക്കുള്ള പ്രേഷണാടിസ'ഥാനമായി ജഡവും ഘടിനാരഹിതവുമായ ‘ആകാശം’ (4) മറ്റെല്ലാത്തരത്തിലുമുള്ള ചൂടിന്റെയും ഉല്പത്തിയായി സൂര്യതാപം, (5) തന്മാത്രകളുടെ പരിണാമകാരണമായി ചൂട്, (6) പൃഥ്വീപരമാണുക്കളുടെ സ്വതവേയുള്ള ആകർഷണശക്തി അല്ലെങ്കിൽ താഴേക്കുള്ള വലിയിൽനിന്ന് ഉത്ഭൂതമാകുന്ന ഭൂഗുരുത്വനിയമം, (7) എല്ലാ ഊർജത്തിന്റെയും ചലനാത്മകത, ഊർജനഷ്ടത്തിലോ ചലനത്തിന്റെ പുനർവിതരണത്തിലോ എപ്പോഴും വേരൂന്നിയ കാരണതത്ത്വം, (8) അണുക്കളുടെ വിഘടനത്താൽ പ്രപഞ്ചത്തിന്റെ വിലയനം, (9) താപത്തിന്റെയും പ്രകാശരശ്മിയുടെയും അതിസൂക്ഷ്മകണികകളുടെ, എല്ലാ ദിശയിലേക്കും സങ്കല്പാതീതമായ ഗതിവേഗത്തിലുള്ള പ്രസരണം (ആധുനിക കോസ്മിക് റേയ് സിദ്ധാന്തം), (10) കാലദേശങ്ങളുടെ ആപേക്ഷികത. ‘ ‘വൈശേഷികം പ്രപഞ്ചത്തിന്റെ ഉത്ഭവം പരമാണുക്കളിലാണ് കല്പിച്ചിരിക്കുന്നത്. അവ സ്വഭാവത്തിൽ അവയുടെ അത്യന്തികഗുണവിശേഷങ്ങളിൽ സനാതനമാണ്. ഈ പരമാണുക്കൾ നിലയ'ക്കാത്ത ഒരു സ്പന്ദനചലനസ്വഭാവമുള്ളവയായി കരുതപ്പെട്ടിരുന്നു.... പരമാണു ഒരു ലഘു സൗരയൂഥമാണെന്ന അടുത്തകാലത്തെ കണ്ടുപിടുത്തം വൈശേഷികദാർശനികർക്ക് ഒരു പുതുമയല്ല. സമയത്തിന്റെ ഏറ്റവും ചെറിയ ഏകകമ(‘കല’) ത്തെ, ഒരു പരമാണു, അതിന്റെതന്നെ സ'ഥലത്തിന്റെ ഏകകംകടക്കാൻ എടുക്കുന്ന കാലമായി വർണിച്ചുകൊണ്ട് അവർ സമയത്തെ അതിന്റെ ഏറ്റവും ലഘുതമമായ ഗണിതശാസ്ത്രസങ്കൽപമായി ചുരുക്കുകയും ചെയ്തു.’ ’ 6 രവീന്ദ്രനാഥ ടാഗോറിന്റെ ബംഗാളിരചനയ'ക്ക് മനമോഹൻ ഘോഷിന്റെ പരിഭാഷ, വിശ്വഭാരതി ക്വോർട്ടർലി, ശാന്തിനികേതൻ പ്രസിദ്ധീകരിച്ചു.ടാഗോറിന്റെ കവിതയിൽ പരാമർശിക്കപ്പെടുന്ന ‘ ‘സാമവേദം,’ ’ നാലുവേദങ്ങളിൽ ഒന്നാണ്. മറ്റുള്ള മൂന്നെണ്ണം ഋക്, യജുസ്, അഥർവം എന്നിവയാണ്. ഈ വിശുദ്ധ ഗ്രന്ഥങ്ങൾ ഈശ്വരൻ സ്രഷ്ടാവെന്നനിലയിലെ ബ്രഹ്മാവിന്റെ സ്വഭാവം വ്യാഖ്യാനിക്കുന്നു. ഓരോ മനുഷ്യനിലുമുള്ള അതിന്റെ പരിസ്ഫുരണത്തെ ആത്മാവ് എന്ന് വിളിക്കുന്നു. ബൃഹ്ധാതുവിന്റെ അർഥം വികസിക്കുക എന്നാണ്. ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് ദൈവികശക്തി എന്ന വൈദികസങ്കല്പമാണ്, സ്വമേധയായുള്ള വളർച്ചയുടെ,

സൃഷ്ടിപരമായ പ്രവർത്തനത്തിലേയ'ക്കുള്ള വികാസപരിണാമമാണ്. അദ്ദേഹത്തിൽ നിന്ന് ചിലന്തിവലപോലെ ബ്രഹ്മാണ്ഡം ഉൽഭൂതമാകുന്നതായി (വികുരുതേ) പറയപ്പെടുന്നു. വേദങ്ങളുടെ കാതലായ തത്ത്വം ബ്രഹ്മത്തിൽ ആത്മാവിന്റെ ബോധപൂർവമായ വിലയനമാണ്.വേദസാരമായ വേദാന്തം മഹാന്മാരായ അസംഖ്യം പാശ്ചാത്യചിന്തകർക്ക് പ്രചോദനമരുളിയിട്ടുണ്ട്. ഫ്രെഞ്ച് ചരിത്രകാരൻ വിക്ടോർ കസിൻ പറയുന്നു: ‘ ‘പൗരസ്ത്യദർശനത്തിന്റെ പ്രത്യേകിച്ചും ഭാരതത്തിന്റെ ഗ്രന്ഥങ്ങൾ നാം ശ്രദ്ധയോടെ വായിക്കുമ്പോൾ അത്യഗാധമായ പല സത്യങ്ങൾ നാം അവിടെ കണ്ടെത്തുന്നു.... മാനവരാശിയുടെ ഈ തൊട്ടിലിൽ അത്യന്തം മഹനീയമായ ദർശനത്തെ കാണുന്ന നാം അവയുടെ മുമ്പിൽ മുട്ടുകുത്താൻ നിർബന്ധിതരാകുന്നു.’ ’ ഷ്ളെഗൽ പറയുന്നു: പൗരസ്ത്യദേശത്തെ ദർശനത്തിന്റെ നിറഞ്ഞ ചൈതന്യവും ഊർജസ്വലതയുമായി തട്ടിച്ചുനോക്കുമ്പോൾ, യൂറോപ്യൻമാരുടെ ഏറ്റവും ഉന്നതമായ ദർശനംപോലും ഗ്രീക്കുകാരുടെ യുക്തിപരതയുടെ ആദർശവാദം പോലും നിറഞ്ഞ സൂര്യപ്രകാശത്തിന്റെ അതിപ്രസരത്തിൽ, പ്രൊമീതിയസിന്റെ അശക്തമായ വെറും ഒരു തീപ്പൊരി പോലെയാണ്.’ ’ (പ്രൊമീതിയസ്: യവനപുരാണത്തിൽ മനുഷ്യരാശിയെ സഹായിക്കാൻ സൂര്യനിൽനിന്ന് തീയ് മോഷ്ടിച്ച് ഭൂമിയിൽ കൊണ്ടുവന്നു).ഭാരതത്തിന്റെ ബഹുലമായ സാഹിത്യത്തിൽ വേദങ്ങൾ(വിദ്, അറിയുക എന്ന ധാതുവിൽനിന്ന്)ക്കു മാത്രമാണ് ആരിലും ഗ്രന്ഥകർത്തൃത്വം ആരോപിക്കപ്പെടാത്തത്. മന്ത്രങ്ങൾക്ക് ഒരു ദൈവിക ഉല്പത്തിയാണ് ഋഗ്വേദം (X:90, 9) കല്പിച്ചിട്ടുള്ളത്. ‘ ‘അതിപ്രാചീനകാലങ്ങ’ ’ ളിൽനിന്നുള്ള അവ പുതിയ ഭാഷയിൽ വീണ്ടും ആവിഷ്കരിക്കപ്പെട്ട് നമ്മിലേക്ക് എത്തിയവയാണെന്നുപറയുന്നു (III:39, 2). യുഗയുഗാന്തരങ്ങളിൽ ഋഷീശ്വരന്മാർക്ക് അരുളപ്പാടായിലഭിച്ച ഈ വേദങ്ങൾക്ക് നിത്യത കൈമുതലാണെന്നുപറയപ്പെടുന്നു.ഋഷിമാർ ‘ ‘ നേരിട്ടുകേട്ടിട്ടുള്ള’ ’ (ശ്രുതി) വെളിപാടുകൾ ആയിരുന്നു വേദങ്ങൾ.ഇവ മുഖ്യമായും മന്ത്രോച്ചാരണത്തിന്റെ ആലാപനശൈലിയിൽ ചൊല്ലേണ്ടവയാണ്. അതുകൊണ്ട് ആയിരത്താണ്ടുകളായി ഈ ലക്ഷം ഈരടികൾ വരമൊഴിയായല്ലാതെ വാമൊഴിയായി ബ്രാഹ്മണപുരോഹിതന്മാർ കൈമാറിയവയാണ്. എല്ലാം മായിച്ചുകളയുന്ന കാലത്തിന്റെ പ്രഭാവത്തിന് കടലാസും ശിലയും ഒരുപോലെ വിധേയമാണ്. ‘മനസ്സിന്’ ജഡവസ്തുവിനുമേലുള്ള ശ്രേഷ്ഠത ഋഷിമാർ മനസ്സിലാക്കി. അതുകൊണ്ടാണ് വേദങ്ങൾ മനസ്സിൽനിന്ന് മനസ്സിലേക്ക് പകർന്നുകൊടുക്കാനുള്ള മാർഗം ഋഷിമാർ സ്വീകരിച്ചത്. അങ്ങനെ അവ യുഗങ്ങളിലൂടെ നിലനിന്നുപോരുന്നു. ‘ ‘ഹൃദയത്തിന്റെ ഫലക’ ’ ങ്ങളെ അതിശയിക്കാൻ എന്തിനു കഴിയും?വേദശബ്ദങ്ങൾ വരുന്ന പ്രത്യേകക്രമം (അനുപൂർവി) നിരീക്ഷിച്ചും, വർണങ്ങളുടെ സംയോഗ(സന്ധി)ത്തെയും അക്ഷരങ്ങളുടെ സംബന്ധ(സന്താനം)ത്തെയും പറ്റിയുള്ള സ്വനവിജ്ഞാനനിയമങ്ങളുടെ സഹായത്തോടെ മന:പാഠമാക്കിയും സാഹിത്യത്തിന്റെ കൃത്യത ചില ഗണിതശാസ്ത്രക്രിയകളാൽ തെളിയിച്ചും അതിപുരാതനകാലംമുതൽ വേദങ്ങളുടെ മൗലികശുദ്ധി ആ ബ്രാഹ്മണർ ഉത്തമമായി പരിരക്ഷിച്ചിട്ടുണ്ട്. വേദമന്ത്രങ്ങളിലെ ഓരോ അക്ഷരത്തിനും അർഥവ്യാപ്തിയും ഫലപ്രാപ്തിയുമുണ്ട്.അധ്യായം 9ഭക്തപരമാനന്ദനും അദ്ദേഹത്തിന്റെ വിശ്വപ്രണയവും ‘ ‘ഛോട്ടോ മഹാശയാ, ഇരിക്കൂ, ഞാൻ എന്റെ ദിവ്യജനനിയുമായി സംസാരിച്ചുകൊണ്ടിരിക്കുകയാണ്.’ ’ ഭയഭക്തിയോടെ നിശ്ശബ്ദമായാണ് ഞാൻ അദ്ദേഹത്തിന്റെ മുറിയിൽ കയറിയത്. ദേവദൂതനെപ്പോലുള്ള മാസ്റ്റർ മഹാശയന്റെ രൂപം എന്റെ കണ്ണഞ്ചിപ്പിച്ചുവെന്നു പറയാം. വെളുത്തു പട്ടുപോലുള്ള താടിയും വിടർന്ന തിളക്കമുള്ള കണ്ണുകളുംകൊണ്ട് അദ്ദേഹം വിശുദ്ധിയുടെ ഒരവതാരമായി തോന്നി. എന്റെ ആദ്യസന്ദർശനം പ്രാർഥനയിൽ മുഴുകിയിരുന്ന അദ്ദേഹത്തെ ശല്യപ്പെടുത്തിയെന്ന് അദ്ദേഹത്തിന്റെ ഉയർത്തിപ്പിടിച്ച താടിയും തൊഴുകൈയ്യും എന്നെ ബോധ്യപ്പെടുത്തി.എന്റെ അന്നുവരെയുള്ള അനുഭവത്തിൽവച്ച് ഏറ്റവും കടുത്ത ഒരാഘാതമാണ് അദ്ദേഹത്തിന്റെ ലളിതമായ ആ അഭിവാദനവാക്കുകൾ എന്നിൽ ഏല്പിച്ചത്. എന്റെ അമ്മയുടെ വേർപാടിന്റെ കടുത്തവേദനയാണ് എല്ലാ മനോവ്യഥകൾക്കുമൊരു മാനദണ്ഡം എന്നാണ് ഞാൻ കരുതിയിരുന്നത്. ഇപ്പോൾ എന്റെ ദിവ്യജനനിയോടുള്ള വേർപാടിന്റെ അവബോധം ആത്മാവിന്റെ വിവരിക്കാനാവാത്ത ഒരു പീഡാനുഭവമായി. ഞാൻ തേങ്ങിക്കൊണ്ട് നിലത്തുവീണു. ‘ ‘ഛോട്ടോ മഹാശയാ, ശാന്തനാകൂ!’ ’ അനുകമ്പയാൽ ആ ദിവ്യപുരുഷൻ ആർദ്രനായി.ഏതോ സാഗരസദൃശമായ ഏകാന്തതയിൽ ഉപേക്ഷിക്കപ്പെട്ട ഞാൻ ഏകാവലംബമായ ഒരു തോണിയെയെന്നപോലെ ആ പാദങ്ങളിൽ മുറുകെപിടിച്ചു. ‘ ‘ദിവ്യനായ പ്രഭോ, അങ്ങ് എനിക്കുവേണ്ടി മാധ്യസ'ഥം പറയേണമേ! ജനനിയുടെ കൃപാകടാക്ഷത്തിന് ഞാൻ അർഹനാണോയെന്ന് ദിവ്യജനനിയോട് ചോദിച്ചാലും!’ ’ ഒരാൾക്കുവേണ്ടി പ്രാർഥിക്കാമെന്ന വിശുദ്ധവാഗ്ദാനം ലഘുവായി നൽകാവുന്നതല്ല! ആചാര്യൻ മൗനംദീക്ഷിക്കാൻ നിർബന്ധിതനായി.പ്രപഞ്ചമാതാവുമായി ഗാഢസൗഹൃദത്തിന്റെ വാർത്താലാപത്തിലായിരുന്നു മാസ്റ്റർ മഹാശയനെന്ന് എനിക്ക് സംശയാതീതമായി ബോധ്യമായിരുന്നു. ഈ നിമിഷത്തിലും ആ ദിവ്യാത്മാവിന്റെ കുറ്റമറ്റദൃഷ്ടിയിൽ കാണപ്പെട്ടിരുന്ന ജഗദംബയെ എനിക്ക് കാണാൻ കഴിയുന്നില്ലായെന്ന തിരിച്ചറിവ് കടുത്ത അപമാനമായി തോന്നി. അദ്ദേഹത്തിന്റെ പാദങ്ങൾ ലജ്ജയില്ലാതെ കടന്നുപിടിച്ചുകൊണ്ട്, അദ്ദേഹത്തിന്റെ സൗമ്യമായ പ്രതിഷേധങ്ങൾ ചെവിക്കൊള്ളാതെ എനിക്കുവേണ്ടി ഇടനിലനിൽക്കുകയെന്ന ദയവുകാട്ടാൻ ഞാൻ വീണ്ടും വീണ്ടും

യാചിച്ചു. ‘ ‘ഞാൻ നിന്റെ അപേക്ഷ ദിവ്യജനനിക്ക് സമർപ്പിക്കാം,’ ’ അദ്ദേഹത്തിന്റെ സമ്മതം സാവകാശത്തിൽ കരുണാമയമായ ഒരു പുഞ്ചിരിയോടെ എനിക്കു ലഭിച്ചു.എന്റെ സത്തയ'ക്ക് അതിന്റെ പ്രചണ്ഡമായ വിപ്രവാസത്തിൽ നിന്നും മോചനം ലഭിക്കുമെന്നോതുന്ന ആ വാക്കുകൾക്ക് എന്തൊരു പ്രഭാവം! ‘ ‘പ്രഭോ, അങ്ങയുടെ വാഗ്ദാനം ഓർമിക്കുക! ജനനിയുടെ സന്ദേശത്തിനായി ഞാൻ താമസിയാതെ മടങ്ങിവരും!’ ’ ഒരു നിമിഷം മുമ്പുമാത്രം വിഷാദംകൊണ്ടു ഗദ്ഗദമായിരുന്ന എന്റെ ശബ്ദത്തിൽ സന്തോഷം നിറഞ്ഞ പ്രതീക്ഷമുഴങ്ങി.നീണ്ട ഗോവേണിയിറങ്ങുമ്പോൾ ഓർമകൾ എന്നെ വികാരാധീനനാക്കി. മാസ്റ്റർ മഹാശയൻ ഇപ്പോൾ താമസിക്കുന്ന ആംഹേഴ്സ്റ്റ് തെരുവിലെ ഈ അമ്പതാംനമ്പർ വീട് ഒരിക്കൽ ഞങ്ങളുടെ കുടുംബവീടായിരുന്നു. അമ്മയുടെ ദേഹവിയോഗം സംഭവിച്ച സ'ഥലം. മൺമറഞ്ഞ അമ്മയ'ക്കുവേണ്ടി ഇവിടെവച്ച് എന്റെ ഹൃദയം വിങ്ങിപ്പൊട്ടിയിരുന്നു. ഇന്ന് ഇവിടെവച്ച് എന്റെ ദിവ്യജനനിയുടെ അഭാവത്തിൽ എന്റെ ആത്മാവ് കുരിശിലേറ്റപ്പെട്ടതുപോലെയായി. വിശുദ്ധമായ ചുമരുകൾ! എന്റെ കടുത്ത മുറിവുകളുടെയും ആത്യന്തികമായി മുറിപാടുകൾ മാഞ്ഞതിന്റെയും നിശ്ശബ്ദസാക്ഷികൾ!വീട്ടിലേക്ക് മടങ്ങിയപ്പോൾ എന്റെ ചുവടുകൾ ഉദ്വേഗമാർന്നു. മച്ചിൻപുറത്തെ എന്റെ ചെറിയ മുറിയിലെ ഏകാന്തതയിൽ ഞാൻ പത്തുമണിവരെ ധ്യാനനിരതനായിരുന്നു. ഭാരതത്തിലെ ചൂടുള്ളരാത്രിയുടെ കൂരിരുൾ ഒരു വിസ്മയകരമായ ദർശനത്താൽ പെട്ടെന്ന് പ്രകാശിതമായി.പ്രഭാപുരത്തിന്റെ പരിവേഷത്തിൽ ദിവ്യജനനി എന്റെ മുന്നിൽ നിന്നു. മന്ദസ്മിതം തൂകിയിരുന്ന ആ മുഖം സൗന്ദര്യം തന്നെയായിരുന്നു. ‘ ‘നിന്നെ ഞാൻ എന്നും സ്നേഹിച്ചിരുന്നു! എക്കാലവും നിന്നെ ഞാൻ സ്നേഹിക്കും!’ ’ ആ സ്വർഗീയനാദം അന്തരീക്ഷത്തിൽ മുഴങ്ങിക്കൊണ്ടിരിക്കെ ദിവ്യജനനി മറഞ്ഞു.അടുത്ത പ്രഭാതത്തിൽ സൂര്യൻ ഉദിച്ച് മാന്യമായ ഒരു ഔന്നത്യത്തിൽ എത്തുന്നതിനുമുമ്പ് ഞാൻ മാസ്റ്റർ മഹാശയനെ രണ്ടാമത് സന്ദർശിക്കാൻ എത്തി. വികാരസാന്ദ്രമായ ഓർമകൾ കുടിയിരിക്കുന്ന ആ വസതിയുടെ ഗോവേണിപ്പടികൾകയറി ഞാൻ നാലാമത്തെ നിലയിൽ അദ്ദേഹത്തിന്റെ മുറിയിൽ എത്തി. ആ ദിവ്യൻ ഏകാന്തത ആഗ്രഹിച്ചിരുന്നുവെന്നു സൂചിപ്പിക്കുന്നതായി എനിക്കു തോന്നത്തക്കവണ്ണം വാതിലിന്റെ കൈപിടി ഒരു തുണിയിൽ പൊതിഞ്ഞുവച്ചിരുന്നു. എന്തുചെയ്യണമെന്നറിയാതെ ഞാൻ നിൽക്കുമ്പോൾ മാസ്റ്റർ മഹാശയൻതന്നെ തന്റെ സ്വാഗതമോതുന്ന കൈകൊണ്ട് കതകു തുറന്നു. അദ്ദേഹത്തിന്റെ വിശുദ്ധപാദങ്ങളിൽ ഞാൻ നമിച്ചു. ദൈവികമായ മാനസോല്ലാസത്തെ മറയ'ക്കുന്ന ഗൗരവത്തിന്റെ ഒരു മുഖംമൂടി കളിയായി ഞാൻ ധരിച്ചു. ‘ ‘പ്രഭോ, അങ്ങയുടെ സന്ദേശത്തിനുവേണ്ടി എത്രയോ കാലേകൂട്ടിത്തന്നെ വന്നെത്തിയിരിക്കുന്നുവെന്നു ഞാൻ സമ്മതിക്കുന്നു. ദിവ്യജനനി എന്നെപ്പറ്റി എന്തെങ്കിലും പറഞ്ഞുവോ? ‘ ‘കുസൃതിക്കുട്ടീ!’ ’ മറ്റൊരുവാക്കും അദ്ദേഹം ഉരിയാടിയില്ല. എന്റെ കപടഗൗരവം അത്ര പറ്റിയില്ലെന്നു തോന്നുന്നു. ‘ ‘എന്താണ് അങ്ങ് ദുരൂഹമായി പെരുമാറുന്നത്, ഒഴിഞ്ഞുമാറുന്നത്? പുണ്യാത്മാക്കൾ ഒരിക്കലും തുറന്ന് സംസാരിക്കയില്ലേ?’ ’ ഒരല്പം ക്ഷുഭിതനായിരുന്നിരിക്കണം ഞാൻ. ‘ ‘നിനക്കെന്നെ പരീക്ഷിക്കണോ?’ ’ അദ്ദേഹത്തിന്റെ പ്രശാന്തമായ കണ്ണുകളിൽ പൂർണധാരണ നിറഞ്ഞുനിന്നിരുന്നു. “ഇന്നലെ രാത്രി പത്തുമണിക്ക് മനോഹരിയായ ജനനിയിൽനിന്ന് നിനക്ക് നേരിട്ടു ലഭിച്ച ഉറപ്പിനുപരിയായി ഞാൻ ഒരൊറ്റവാക്ക് ഇന്നു രാവിലെ പറയണോ?’ ’ എന്റെ ആത്മാവിന്റെ പ്രളയജലകവാടങ്ങളുടെ നിയന്ത്രണം മാസ്റ്റർ മഹാശയന്റെ കൈവശമായിരുന്നു: വീണ്ടും ഞാൻ അദ്ദേഹത്തിന്റെ കാൽക്കൽ സാഷ്ടാംഗം വീണു. പക്ഷേ, ഇപ്രാവശ്യം വേദനയിൽനിന്നല്ല, താങ്ങാനാവാത്ത ആനന്ദാനുഭൂതിയിൽനിന്നാണ് കണ്ണീർ അണപൊട്ടിയത്. ‘ ‘നിന്റെ ഭക്തി ‘ആ അനന്തദയാവായ്പി ’ നെ തൊട്ടുണർത്തിയില്ലെന്നാണോ നീ വിചാരിച്ചത്? മാനുഷികവും ദൈവികവുമായ രൂപങ്ങളിൽ നീ ആരാധിച്ച ജഗദീശ്വരന്റെ ആ മാതൃഭാവത്തിന് ആരോരുമില്ലാത്ത നിന്റെ ദീനവിലാപം ചെവിക്കൊള്ളാൻ കഴിയാതെ വരുമായിരുന്നില്ല.’ ’ പരമാത്മാവിനോട് തന്റെ ഏറ്റവും ലഘുവായുള്ള ഒരു പ്രാർഥനയ'ക്ക് പരമാത്മചൈതന്യത്തിൽനിന്ന് ഈ മധുരമായ വിധേയത്വം പ്രതികരണമായി ലഭിച്ചുവെങ്കിൽ ഈ വിനയാന്വിതനായ പുണ്യപുരുഷൻ ആരായിരിക്കണം? ഞാൻ അറിഞ്ഞിട്ടുള്ളതിൽവച്ച് ഏറ്റവും വിനീതനും മഹാനുമായ അദ്ദേഹത്തിന് അനുയോജ്യമാംവിധം ഈ ലോകത്ത് അദ്ദേഹം സ്വീകരിച്ചസ'ഥാനം എളിമയുടേതായിരുന്നു. ആംഹേഴ്സ്റ്റ് തെരുവിലെ ഈ വീട്ടിൽ മാസ്റ്റർ മഹാശയൻ1 ആൺകുട്ടികൾക്കുവേണ്ടി ഒരു ഹൈസ്ക്കൂൾ നടത്തിയിരുന്നു. ശകാരത്തിന്റെ വാക്കുകൾ അദ്ദേഹത്തിന്റെ ചുണ്ടിൽനിന്നു പുറപ്പെട്ടിരുന്നില്ല. ചട്ടമോ ചൂരലോ അല്ല അച്ചടക്കം പരിപാലിച്ചിരുന്നത്. പാഠപുസ്തകങ്ങളിൽ കാണാത്ത മഹോന്നതഗണിതവും സ്നേഹത്തിന്റെ രസതന്ത്രവുമാണ് വാസ്തവത്തിൽ ഈ എളിയ പാഠശാലയിൽ പഠിപ്പിച്ചത്.അദ്ദേഹം തന്റെ അറിവുപകർന്നത് തലയിൽകയറാത്ത സിദ്ധാന്തങ്ങളിലൂടെയല്ല പകരം ഒരു ആധ്യാത്മികസാംക്രമികതകൊണ്ടാണ്. ദിവ്യജനനിയോടുള്ള നൈസർഗികപ്രേമാതിരേകത്തിൽ മുഴുകിയ ആ പുണ്യാത്മാവ്, ശിശുവിനെപ്പോലെ, ബാഹ്യമായ ആദരപ്രകടനങ്ങൾ ആരിൽനിന്നും ആഗ്രഹിച്ചില്ല. ‘ ‘ഞാനല്ല നിന്റെ ഗുരു; അദ്ദേഹം അധികം താമസിയാതെതന്നെ എത്തിക്കൊള്ളും ’ ’ അദ്ദേഹം എന്നോടുപറഞ്ഞു. ‘ ‘ഭക്തിയുടെയും സ്നേഹത്തിന്റെയും അടിസ'ഥാനത്തിൽ നിനക്കുള്ള ഈശ്വരാനുഭൂതികൾ അദ്ദേഹത്തിന്റെ മാർഗദർശനത്തിൽ അദ്ദേഹത്തിന്റെ അഗാധമായ വിശേഷവിജ്ഞാനത്തിലേയ'ക്ക് പരിഭാഷപ്പെടുത്തപ്പെടും.’ ’ സായാഹ്നങ്ങളിലെല്ലാം ആംഹേഴ്സ്റ്റ്

തെരുവിലെത്തി എന്റെ ചേതനയിലേക്ക് തുള്ളികൾ തുളുമ്പത്തക്കവണ്ണം നിറഞ്ഞുകവിയുന്ന ആ ദിവ്യപാനപാത്രം നിത്യവും ഞാൻ തേടി. ഇതിനു മുമ്പൊരിക്കലും ഇത്ര സമ്പൂർണമായ ഭക്ത്യാദരങ്ങളോടെ ഞാൻ ശിരസ്സുനമിച്ചിട്ടില്ല. മാസ്റ്റർ മഹാശയന്റെ പാദസ്പർശം പരിപൂരിതമാക്കിയ അതേ മണ്ണിൽ നടക്കുന്നതുപോലും അളവറ്റ അനുഗ്രഹമായി ഞാൻ കരുതി. ‘ ‘അങ്ങയ'ക്കുവേണ്ടി പ്രത്യേകമായി ഞാൻ കൊരുത്ത ഈ ചമ്പകമാല ധരിക്കൂ, പ്രഭോ!’ ’ ഒരു ദിവസം വൈകുന്നേരം പൂമാലയും പിടിച്ചുകൊണ്ട് ഞാൻ എത്തി. പക്ഷേ, സങ്കോചത്തോടെ ആ ബഹുമതി വീണ്ടും വീണ്ടും നിരസിച്ചുകൊണ്ട് അദ്ദേഹം ഒഴിഞ്ഞുമാറി. ഒടുവിൽ എന്റെ മനോവേദന മനസ്സിലാക്കി ഒരു പുഞ്ചിരികൊണ്ട് അദ്ദേഹം അനുവാദം നൽകി. ‘ ‘നാം രണ്ടുപേരും ജഗദംബയുടെ ഭക്തരായതുകൊണ്ട് ഉള്ളിൽ വാഴുന്ന ആ ദിവ്യചൈതന്യത്തിന് ഉപഹാരമായി ഈ ശരീരക്ഷേത്രത്തിൽ നീ മാലചാർത്തിക്കോളൂ.’ ’ അദ്ദേഹത്തിന്റെ അനന്തവിശാലമായ പ്രകൃതിയിൽ സ്വാർഥപരിഗണനയ'ക്കു കാലൂന്നാൻ ഇടമില്ലായിരുന്നു. ‘ ‘എന്റെ ഗുരുനാഥൻ എക്കാലത്തേക്കും വിശുദ്ധമാക്കിയ ദക്ഷിണേശ്വരത്തിലെ കാളിക്ഷേത്രത്തിൽ നാളെ രാവിലെ നമുക്ക് ഒന്നു പോകാം.’ ’ ഈശ്വരതുല്യനായ ശ്രീരാമകൃഷ്ണപരമഹംസന്റെ ശിഷ്യനായിരുന്നു ആ പുണ്യാത്മാവ്.പിറ്റേന്നുരാവിലെ ബോട്ടിൽ ഗംഗയിലൂടെയായിരുന്നു നാലുമൈൽ ദൂരമുള്ള യാത്ര. ഒമ്പതു കുംഭഗോപുരങ്ങളുള്ള കാളീക്ഷേത്രത്തിൽ ഞങ്ങൾ കടന്നു. അവിടെ അതിമനോജ്ഞമായി ആയിരം ദലങ്ങൾ കൊത്തിവച്ച തിളങ്ങുന്ന ഒരു വെള്ളിത്താമരയിൽ ദിവ്യജനനിയുടെയും ശ്രീപരമേശ്വരന്റെയും വിഗ്രഹങ്ങൾ സ'ഥിതിചെയ്യുന്നു. ആഹ്ലാദത്താൽ മാസ്റ്റർ മഹാശയന്റെ മുഖം പ്രസന്നമായി, ദിവ്യജനനിയിലുള്ള അക്ഷയമായ പ്രേമാനുഭൂതിയിൽ അദ്ദേഹം മുഴുകിയിരിക്കുകയായിരുന്നു. അദ്ദേഹം ദേവിയുടെ നാമം ആലപിച്ചപ്പോൾ എന്റെ ആനന്ദഭരിതമായ ഹൃദയം തകർന്ന് ആ താമരപോലെ ഒരായിരം കഷണങ്ങളായി ചിതറിയെന്നു തോന്നി.പിന്നീട് ഞങ്ങൾ പവിത്രമായ ആ പരിസരങ്ങളിലൂടെ ഉലാത്തി, കാഞ്ചിമരങ്ങളുടെ ഒരു ഉപവനത്തിലെത്തി അവിടെ തങ്ങി. ഈ വൃക്ഷത്തിൽനിന്നു സ്വാഭാവികമായി ഉതിരുന്ന അമൃതതുല്യമായ പൂന്തേൻ മാസ്റ്റർ മഹാശയൻ നൽകിയിരുന്ന സ്വർഗീയ അന്നത്തിന്റെ പ്രതീകമായിരുന്നു. അദ്ദേഹത്തിന്റെ മന്ത്രോച്ചാരണങ്ങൾ തുടർന്നു. ഇളംചുവന്നുനിറമുള്ള തൂവൽപോലെ മൃദുവായ കാഞ്ചിപ്പൂക്കളുടെ ഇടയിൽ പുൽപ്പുറത്ത് ഞാൻ നിവർന്ന് അനങ്ങാതെയിരുന്നു. അല്പസമയം ശരീരംവിട്ട് ഒരു സ്വർഗീയസന്ദർശനത്തിന് ഞാൻ പറന്നുയർന്നു.വിശുദ്ധനായ ആ ആചാര്യനുമായി ദക്ഷിണേശ്വരത്തേക്കു നടത്തിയിട്ടുള്ള അനേകം തീർഥാടനങ്ങളിൽ ആദ്യത്തേതായിരുന്നു ഇത്. അദ്ദേഹത്തിൽനിന്ന് ഈശ്വരന്റെ മാധുര്യം മാതൃഭാവത്തിൽ അഥവാ ദിവ്യദയാവായ്പായി ഞാൻ മനസ്സിലാക്കി. ഒരു കൊച്ചുകുട്ടിയുടെ നൈർമല്യം നിറഞ്ഞുനിന്ന ആ ദിവ്യദേഹത്തിന് ഈശ്വരന്റെ പിതൃഭാവത്തിൽ അഥവാ ദൈവികമായ നീതിസങ്കല്പത്തിൽ താല്പര്യം തോന്നിയില്ല. കർക്കശവും നിർദാക്ഷിണ്യവും അതുപോലെ സൂക്ഷ്മവും അപ്രമാദിത്വപൂർണവുമായ ഒരു നീതിപീഠം അദ്ദേഹത്തിന്റെ സൗമ്യസ്വഭാവത്തിന് അറിഞ്ഞുകൂടായിരുന്നു.ഒരിക്കൽ പ്രാർഥനയിലിരുന്ന അദ്ദേഹത്തെ ശ്രദ്ധിച്ചുനോക്കി കൊണ്ട് ഞാൻ പ്രീതിപൂർവം വിചാരിച്ചു. ‘ ‘സ്വർഗത്തെ ദേവദൂതൻമാർക്ക് ഈ ഭൂമിയിലെ ഒരു മാതൃകയാകാൻ അദ്ദേഹം മതി!’ ’ കുറ്റപ്പെടുത്തലിന്റെയോ നിരൂപണബുദ്ധിയുടെയോ ഒരുവാക്ക് ഉരിയാടാതെ, ഉൽപത്തിയുടെ വിശുദ്ധി കണ്ടു പരിചയിച്ച തന്റെ കണ്ണുകൾകൊണ്ടാണ് അദ്ദേഹം ലോകത്തെ വീക്ഷിച്ചത്. അദ്ദേഹത്തിന്റെ ശരീരവും മനസ്സും വാക്കും പ്രവൃത്തിയും തന്റെ ആത്മാവിന്റെ ലാളിത്യത്തോട് അനായാസം സമഞ്ജസമായി ഇണങ്ങിച്ചേർന്നിരുന്നു. ‘ ‘എന്റെ ഗുരുനാഥൻ എന്നോട് അങ്ങനെയാണ് പറഞ്ഞത്.’ ’ വ്യക്തിപരമായ പ്രസ്താവനകളിൽനിന്നും ഒഴിഞ്ഞുമാറിക്കൊണ്ട് അദ്ദേഹം തന്റെ പ്രാജ്ഞമായ ഉപദേശങ്ങൾ ഗുരുവിനുള്ള ആദരാഞ്ജലിയോടെയാണ് സമാപിപ്പിച്ചിരുന്നത്. ശ്രീരാമകൃഷ്ണപരമഹംസനോട് അത്രമാത്രം അഗാധഹൃദയൈക്യം തോന്നിയിരുന്നു എന്നതുകാരണം മാസ്റ്റർ മഹാശയൻ സ്വന്തം ചിന്തകൾ തന്റേതാണെന്നു കരുതിയില്ല.ഒരു ദിവസം വൈകുന്നേരം ആ ദിവ്യനും ഞാനും കൂടി കൈ കോർത്തുപിടിച്ച്, അദ്ദേഹത്തിന്റെ സ്ക്കൂൾക്കെട്ടിടത്തിലൂടെ നടക്കുകയായിരുന്നു. തണ്ടനായ ഒരു പരിചയക്കാരന്റെ വരവുകാരണം എന്റെ സന്തോഷം മങ്ങി. ഒരു നീണ്ട പ്രസംഗംകൊണ്ട് അയാൾ ഞങ്ങളെ ബുദ്ധിമുട്ടിച്ചു. ‘ ‘ഈ മനുഷ്യനെ നിനക്ക് ഇഷ്ടമാകുന്നില്ല എന്നു ഞാൻ മനസ്സിലാക്കുന്നു.’ ’ തന്റെ പ്രസംഗത്തിൽ മതിമയങ്ങിയ ആ അഹംബുദ്ധി എന്നോട് ആചാര്യൻ മന്ത്രിച്ചത് കേട്ടതേയില്ല. “ദിവ്യജനനിയോട് ഈ കാര്യം ഞാൻ പറഞ്ഞുകഴിഞ്ഞു; ജനനി നമ്മുടെ പരിതാപകരമായ ദു:സ'ഥിതി അറിയുന്നുണ്ട്. നാം ആ ചുവന്ന കെട്ടിടത്തിനടുത്ത് എത്തുമ്പോഴേക്കും, അവനെ കുറേക്കൂടി അടിയന്തിരമായ ഒരു കാര്യം ഓർമിപ്പിക്കാമെന്ന് ജനനി ഏറ്റിട്ടുണ്ട്.’ ’ ആ മോക്ഷവേദിയിൽത്തന്നെ ഞാൻ കണ്ണുകൾനട്ടു. ചുവന്ന ഗേറ്റ് എത്തിയപ്പോഴേക്കും, ആ മനുഷ്യൻ കാരണം കൂടാതെ, തിരിഞ്ഞു സ'ഥലംവിട്ടു. പറഞ്ഞ വാചകം അയാൾ മുഴുമിപ്പിക്കയോ, വിടപറയുകയോ ചെയ്തില്ല. കൈയ്യേറ്റം ചെയ്യപ്പെട്ട ആ അന്തരീക്ഷത്തിൽ പ്രശാന്തി കളിയാടി.മറ്റൊരുദിവസം ഞാൻ ഹൗറാസ്റ്റേഷനു സമീപം തനിയേ നടക്കുകയായിരുന്നു. ഒരു ക്ഷേത്രത്തിനടുത്ത് ഒരു നിമിഷം ഞാൻ നിന്നു. ഒരുകൂട്ടം ആളുകൾ ചെണ്ടയും ചേങ്ങലയും കൊട്ടി ഏതോ ഭജനഗാനം പാടുകയായിരുന്നു. ഞാൻ അവരെ മനസാ വിമർശിച്ചു. ‘ ‘എത്ര ഭക്തിരഹിതമായാണ് ഈശ്വരനാമം അവർ യാന്ത്രികമായി

ആവർത്തിക്കുന്നത്!' ' ഞാൻ ചിന്തിച്ചു. പെട്ടെന്ന് മാസ്റ്റർ മഹാശയൻ എന്റെ നേരേ അതിവേഗം നടന്നുവരുന്നതുകണ്ട് ഞാൻ വിസ്മയിച്ചുനിന്നു. ' 'പ്രഭോ, അങ്ങെന്താണ് ഇവിടെ?' ' ആ പുണ്യപുരുഷൻ എന്റെ ചോദ്യം കൂട്ടാക്കാതെ, എന്റെ ചിന്തയ'ക്ക് മറുപടി പറഞ്ഞു. ' ' പണ്ഡിതന്റെയായാലും ഭോഷന്റെയായാലും എല്ലാവരുടെയും നാവിൽ പ്രിയന്റെ നാമം മധുരമാണ്, അല്ലേ ഷോട്ടോ മഹാശയാ?' ' അദ്ദേഹത്തിന്റെ കൈകൾ വാത്സല്യപൂർവം എന്നെ പൊതിഞ്ഞു. മാസ്റ്റർ മഹാശയന്റെ മാന്ത്രികപരവതാനിയേറി ഞാനും പരമകാരുണികന്റെ സാന്നിധ്യം പൂകിയെന്ന് ഞാൻ മനസ്സിലാക്കി. [image file=image_rsrc162.jpg] മാസ്റ്റർ മഹാശയൻ "ഭക്തപരമാനന്ദൻ" ' 'നിനക്ക് ഏതാനും ജീവത്ചിത്രങ്ങൾ കാണണോ?' ' ഏകാന്തജീവിതം ഇഷ്ടപ്പെട്ടിരുന്ന മാസ്റ്റർ മഹാശയനിൽനിന്ന് സായാഹ്നത്തിൽ ഈ ചോദ്യം കേട്ടപ്പോൾ ഞാൻ അമ്പരന്നുപോയി. ഭാരതത്തിൽ അക്കാലത്ത് ആ വാക്ക് 'ചലച്ചിത്രം' എന്ന അർഥത്തിലായിരുന്നു ഉപയോഗിച്ചിരുന്നത്. ഏതു സാഹചര്യത്തിലായാലും അദ്ദേഹത്തിന്റെ കൂടെക്കൂടാൻ ഇഷ്ടപ്പെട്ടിരുന്ന ഞാൻ സമ്മതിച്ചു. അല്പം വേഗത്തിലായിരുന്ന നടത്തം ഞങ്ങളെ കൽക്കത്താ യൂനിവേഴ്സിറ്റിയുടെ മുമ്പിലുള്ള ഉദ്യാനത്തിൽ എത്തിച്ചു. എന്റെ സഹചാരി തടാകത്തിനടുത്തുള്ള ഒരു ബെഞ്ച് ചൂണ്ടിക്കാട്ടി. ' 'നമുക്ക് ഇവിടെ ഏതാനും മിനിറ്റ് ഇരിക്കാം. ഒരു ജലാശയം കാണുമ്പോഴെല്ലാം ധ്യാനനിരതനാകാൻ എന്റെ ഗുരുദേവൻ എന്നെ ഉപദേശിച്ചിട്ടുണ്ട്. ഇവിടെ അതിന്റെ ശാന്തത നമ്മെ ഈശ്വരന്റെ അപാരശാന്തി ഓർമിപ്പിക്കുന്നു. എല്ലാവസ്തുക്കളും ജലത്തിൽ പ്രതിബിംബിക്കുന്നതുപോലെ പ്രപഞ്ചംമുഴുവനും വിശ്വമനസ്സിന്റെ തടാകത്തിൽ പ്രതിഫലിക്കുന്നു. അങ്ങനെ എന്റെ ഗുരുദേവൻ2 മിക്കപ്പോഴും പറയും.' ' കലാശാലയിലെ ഒരു ഹാളിൽ നടന്നുകൊണ്ടിരുന്ന ഒരു പ്രഭാഷണംകേൾക്കാൻ പിന്നീട് ഞങ്ങൾ കയറി. അത് അത്യന്തം വിരസമായിതോന്നി. സ്ലൈഡുകളുടെ പ്രദർശനം ഇടയ'ക്കിടയ'ക്ക് ഉണ്ടായിരുന്നുവെങ്കിലും, അവയും അത്രയും തന്നെ മുഷിപ്പനായിരുന്നു. ' 'അപ്പോൾ ഇത്തരത്തിലുള്ള ഒരു ജിവത്ചിത്രമാണ് ആചാര്യൻ എന്നെ കാട്ടാൻ ഉദ്ദേശിച്ചത്!' ' എന്റെ ചിന്ത അക്ഷമയുടെതായിരുന്നു. എങ്കിലും ആ പുണ്യാത്മാവിനെ വേദനിപ്പിക്കരുതെന്നു കരുതി എന്റെ മുഖത്ത് ഞാൻ മുഷിച്ചിൽകാട്ടിയില്ല. പക്ഷേ അദ്ദേഹം എന്റെയടുത്തേക്കു ചാഞ്ഞ് സ്വകാര്യമായി പറഞ്ഞു. ' 'ഷോട്ടോ മഹാശയാ, നിനക്ക് ഈ ജീവത്ചിത്രം3 പിടിക്കുന്നില്ലെന്നു എനിക്കു തോന്നുന്നു. ഞാൻ അത് ദിവ്യജനനിയോട് പറഞ്ഞുകഴിഞ്ഞു. അമ്മയ'ക്ക് നാം രണ്ടുപേരോടും തികഞ്ഞ അനുകമ്പയാണ്. ഇപ്പോൾ വൈദ്യുതദീപങ്ങൾ അണഞ്ഞുപോകുമെന്നും നമുക്ക് മുറിവിട്ട് ഇറങ്ങിപ്പോകുന്നതിന് ഒരു അവസരം കിട്ടുന്നതുവരെ അവ തെളിയുകയില്ലെന്നും അമ്മ എന്നോടു പറഞ്ഞു.' ' അദ്ദേഹത്തിന്റെ മന്ത്രിക്കൽ തീർന്നയുടനെ ഹാൾ ഇരുട്ടിലാണ്ടു. തന്റെ കർണകഠോരമായ ശബ്ദം ഒരു നിമിഷം നിലച്ചുപോയ പ്രഭാഷകൻ പറഞ്ഞു: ' 'ഈ ഹാളിലെ വൈദ്യുതസംവിധാനത്തിന് തകരാറുണ്ടെന്നു തോന്നുന്നു.' ' ഇതിനിടയിൽ മാസ്റ്റർ മഹാശയനും ഞാനും വാതിൽ കടന്നിരുന്നു. ഇടനാഴിയിൽനിന്നു തിരിഞ്ഞുനോക്കിയപ്പോൾ ഹാളിൽ വീണ്ടും വൈദ്യുതദീപങ്ങൾ പ്രകാശിക്കുന്നത് ഞാൻ കണ്ടു. ' 'ഷോട്ടോ മഹാശയാ, നിനക്ക് ആ ജീവത്ചിത്രത്തിൽ നിരാശതോന്നി അല്ലേ എന്നാൽ വേറൊരെണ്ണം നിനക്ക് ഇഷ്ടമാകുമെന്ന് ഞാൻ കരുതുന്നു.' ' ആ പുണ്യപൂരുഷനും ഞാനും സർവകലാശാലയുടെ മുമ്പിലുള്ള വീഥിയുടെ അരികിലെ നടപ്പാതയിൽ നിൽക്കുകയായിരുന്നു. അദ്ദേഹം എന്റെ നെഞ്ചിൽ ഹൃദയത്തിനു മുകളിലായി പതുക്കെത്തട്ടി.തുടർന്ന് സ്വയം മാറ്റിമറിക്കുന്ന ഒരു നിശ്ശബ്ദത നിലവിൽ വന്നു. ആധുനിക ശബ്ദചിത്രങ്ങൾ ശബ്ദസംവിധാനത്തിനു തകരാറു സംഭവിക്കുമ്പോൾ ശബ്ദം നിലച്ച് വെറും ചലിക്കുന്ന ചിത്രമാകുന്നതുപോലെ ഏതോ അത്ഭുതപ്രതിഭാസത്താൽ ഈശ്വരന്റെ ദിവ്യഹസ്തം ചുറ്റുപാടുമുള്ള ലൗകികകോലാഹലങ്ങളെ അമർച്ച ചെയ്തു. കാൽനടക്കാരും, അതുപോലെ കടന്നുപോകുന്ന വാഹനങ്ങളും, കാറുകളും, കാളവണ്ടികളും, ഇരുമ്പുചക്രങ്ങളോടുകൂടിയ കുതിരവണ്ടികളുമൊക്കെ നിശ്ശബ്ദയാത്രയിലായി. സർവദർശനസമർഥമായ ഒരു കണ്ണുള്ളതുപോലെ, മുമ്പിലെ വസ്തുക്കൾ കാണുന്ന ലാഘവത്തോടെ, എന്റെ പിന്നിലും വശങ്ങളിലുമുള്ള കാഴ്ചകൾ ഞാൻ കണ്ടു. കൽക്കത്തയുടെ ആ ചെറിയ ഭാഗത്തെ എല്ലാ പ്രവർത്തനങ്ങളുടെയും കാഴ്ച എന്റെ മുന്നിലൂടെ ഒരു ശബ്ദവുമില്ലാതെ കടന്നുപോയി. ചാരത്തിന്റെ നേരിയപാടകൊണ്ട് മൂടിയ തീക്കനലിന്റെ തിളക്കംപോലെ ഒരു സൗമ്യപ്രകാശം ആ വിവിധ ദൃശ്യവിശേഷത്തിൽ വ്യാപിച്ചു.മറ്റുള്ളവ നിശ്ശബ്ദമായി അങ്ങോട്ടുമിങ്ങോട്ടും പറന്നുനീങ്ങിയപ്പോൾ എന്റെ ശരീരം നിശ്ചലമായിരുന്നെങ്കിലും അത് ഈ അനേകം നിഴലുകളിൽ ഒന്നുമാത്രമായിത്തന്നെതോന്നി. എന്റെ സുഹൃത്തുക്കൾ, അനേകം ആൺകുട്ടികൾ, എന്റെ അടുത്തുവന്നു കടന്നുപോയി; അവർ എന്റെ നേരേ നോക്കിയെങ്കിലും എന്നെ തിരിച്ചറിഞ്ഞില്ല.അതുല്യമായ ഈ ഊമയാട്ടം അവാച്യമായ ആനന്ദാതിരേകം എന്നിലുളവാക്കി. ഏതോ പരമാനന്ദവാഹിനിയിൽനിന്ന് ഞാൻ ആവോളം പാനംചെയ്തു. മാസ്റ്റർ മഹാശയൻ പെട്ടെന്ന് എന്റെ നെഞ്ചിൽ വീണ്ടും മൃദുവായി തട്ടി. എന്റെ തല്പരമല്ലാത്ത കാതുകളിൽ ലോകത്തിന്റെ കോലാഹലം ഇരച്ചുകയറി. ഒരു ലോലസുന്ദരമായ സ്വപ്നത്തിൽനിന്ന് പരുക്കൻമട്ടിൽ ഉണർത്തപ്പെട്ടതുപോലെ ഞാൻ വേച്ചുപോയി. ഇന്ദ്രിയാതീതമായ ആ മുന്തിരിച്ചാറ് വീണ്ടെടുക്കാനാവാത്തവണ്ണം എന്നിൽനിന്ന് അകറ്റപ്പെട്ടു. ' 'ഷോട്ടോ മഹാശയാ, രണ്ടാമത്തെ ജീവത്ചിത്രം നിനക്ക് ഇഷ്ടപ്പെട്ടുവെന്നു മനസ്സിലായി.' ' ആചാര്യൻ പുഞ്ചിരിക്കുകയായിരുന്നു.

അദ്ദേഹത്തിന്റെ പാദങ്ങളിൽ കൃതജ്ഞതയോടെ പ്രണമിക്കാൻ ഞാൻ ഒരുമ്പെട്ടു. ‘ ‘ഇല്ല, നിനക്ക് എന്നോട് ഇതുകാട്ടുവാൻ സാധ്യമല്ല. നിന്റെ കോവിലിലും ഈശ്വരനുണ്ടെന്നു നിനക്കറിയാമല്ലോ. ദിവ്യജനനിയെ നിന്റെ കൈകളിലൂടെ എന്റെ പാദം സ്പർശിക്കുവാൻ ഞാനനുവദിക്കില്ല.’ ’ റോഡരികിലെ ആൾക്കൂട്ടത്തിൽനിന്നു നടന്നകന്ന അഹംഭാവരഹിതനായ ഈ ഗുരുദേവനെയും എന്നെയും ആരെങ്കിലും ശ്രദ്ധിച്ചുവെങ്കിൽ ഞങ്ങൾ രണ്ടുപേരും മദ്യമത്തരാണെന്നു തീർച്ചയായും സംശയിക്കുമായിരുന്നു. സായംസന്ധ്യയിലെ നിഴലുകളും സഹഭാവനയോടെ ഈശ്വരോന്മത്തരായിരുന്നുവെന്ന് എനിക്കു തോന്നി.മാസ്റ്റർ മഹാശയനും ഞാൻ കണ്ടുമുട്ടുവാൻ ഇടയായിട്ടുള്ള മറ്റു പുണ്യപൂരുഷന്മാരും, ഈശ്വരഭക്തന്മാരെന്ന നിലയിലെ അവരുടെ ജീവിതത്തെക്കുറിച്ച് കൊല്ലങ്ങൾക്കുശേഷം ഒരു പാശ്ചാത്യരാജ്യത്തുവച്ച് ഞാൻ എഴുതുമെന്ന് അറിഞ്ഞിരുന്നോ എന്നാണ്, അപര്യാപ്തമായ വാക്കുകൾകൊണ്ട് അദ്ദേഹത്തിന്റെ മഹാമനസ്കതയോടു നീതിപുലർത്തുവാൻ ശ്രമിക്കുമ്പോൾ ഞാൻ സംശയിക്കുന്നത്. അവരുടെ മുൻകൂട്ടിയുള്ള അറിവിൽ അത്ഭുതപ്പെടാനൊന്നുമില്ലെന്നെനിക്കറിയാം. എന്റെ കൂടെ ഇവിടെവരെ എത്തിയ വായനക്കാരനും അത്ഭുതം തോന്നുകയില്ലെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.എല്ലാ മതങ്ങളുടെയും പുണ്യപൂരുഷന്മാർ ഈശ്വരസാക്ഷാത്കാരത്തിലെത്തിയിട്ടുള്ളത് പ്രപഞ്ചപ്രേമസ്വരൂപിയെന്ന ലളിതമായ സങ്കല്പത്തിലൂടെയാണ്. ബ്രഹ്മം നിർഗുണവും അചിന്ത്യവുമായതിനാൽ മനുഷ്യന്റെ ചിന്തയും തീവ്രാഭിലാഷവും അതിന് വിശ്വജനനിയായിട്ടാണ് വ്യക്തീഭാവം നൽകിയിരിക്കുന്നത്. വേദങ്ങളിലും ഭഗവദ്ഗീതയിലും സമ്പൂർണമായി വ്യാഖ്യാനിച്ചിട്ടുള്ള ഇഷ്ടദേവതാസങ്കല്പത്തിന്റെയും പരബ്രഹ്മതത്ത്വത്തിന്റെയും സമ്മേളനം ഹിന്ദുചിന്തയുടെ പുരാതനമായ ഒരു നേട്ടമാണ്. ‘ ‘ദ്വന്ദ്വങ്ങളുടെ ഈ അനുരഞ്ജനം’ ’ ഹൃദയത്തിനും ബുദ്ധിക്കും തൃപ്തി നൽകുന്നു; ഭക്തിയും ജ്ഞാനവും മൗലികമായി ഒന്നുതന്നെയാണ്. ‘ ‘പ്രപത്തി’ ’ യും ‘ ‘ശരണാഗതി’ ’ യും വാസ്തവത്തിൽ പരമമായ ജ്ഞാനത്തിന്റെ പാതകൾ ആണ്.മാസ്റ്റർ മഹാശയന്റെയും മറ്റെല്ലാ പുണ്യാത്മാക്കളുടെയും എളിമ ഏകജീവനും വിധികർത്താവും എന്നനിലയിൽ ജഗന്നിയന്താവിലുള്ള അവരുടെ പരിപൂർണ ആശ്രയബോധ-ശേഷത്വ-ത്തിൽ നിന്ന് ഉറവെടുക്കുന്നു. ഈശ്വരന്റെ യഥാർഥസ്വഭാവം പരമാനന്ദമായതിനാൽ പരമാത്മാവുമായി ഏകീഭവിച്ച മനുഷ്യൻ, സ്വതസിദ്ധവും അപരിമിതവുമായ ആനന്ദം അനുഭവിക്കുന്നു. ‘ ‘ആത്മാവിന്റെയും ഇച്ഛാശക്തിയുടെയും വികാരങ്ങളിൽ ആദ്യത്തേത് ആനന്ദമാണ്.’ ’ 4ഒരു കുഞ്ഞിന്റെ ഹൃദയനൈർമല്യത്തിന്റെ ഭാവത്തിൽ ദിവ്യജനനിയെ സമീപിക്കുന്ന ഏക്കാലത്തെയും ഭക്തജനങ്ങൾ, ജഗദംബ എല്ലായ്പ്പോഴും അവരോടൊത്ത് വിനോദിക്കുന്നതായി കാണുന്നുവെന്ന് സാക്ഷ്യപ്പെടുത്തുന്നു. മാസ്റ്റർ മഹാശയന്റെ ജീവിതത്തിൽ പ്രധാനവും അപ്രധാനവുമായ അവസരങ്ങളിൽ ഈശ്വരലീലയുടെ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഈശ്വരന്റെ ദൃഷ്ടിയിൽ ഒന്നുംതന്നെ ചെറുതോ വലുതോ അല്ല. പരമാണുവിന്റെ സൃഷ്ടിയിൽ അദ്ദേഹം കാട്ടിയ തികഞ്ഞ സൂക്ഷ്മതയുടെ നൈപുണി ഇല്ലായിരുന്നുവെങ്കിൽ സ്വാതി, അഭിജിത്ത് നക്ഷത്രങ്ങളുടെ ഉദാത്തമായഘടന അണിയുവാൻ ആകാശത്തിന് കഴിയുമായിരുന്നോ? ‘ ‘പ്രധാന’ ’ ത്തിന്റെയും ‘ ‘അപ്രധാന’ ’ ത്തിന്റെയും വേർതിരിവുകൾ ജഗദീശ്വരന് അറിേഞ്ഞകൂടാ, കാരണം, ഒരു മൊട്ടുസൂചിയുടെ അഭാവത്തിൽ പ്രപഞ്ചം തകർന്നുവീഴരുതല്ലോ. [image file=image_rsrc16R.jpg] 1 ഇവ ആദരസൂചകമായ സ'ഥാനേപ്പരുകളാണ്. മാസ്റ്റർ മഹാശയൻ സാധാരണ ഇങ്ങനെയായിരുന്നു അഭിസംബോധനചെയ്യപ്പെടാറ്. അദ്ദേഹത്തിന്റെ പേര് മഹേന്ദ്ര നാഥ ഗുപ്ത എന്നായിരുന്നു. അദ്ദേഹത്തിന്റെ കൃതികളിൽ ‘ ‘എം’ ’ എന്നു മാത്രം പേരുവച്ചിരുന്നു.2 ‘ ‘ദിവ്യനായ അധ്യാപകൻ’ ’ എന്നർഥം വരുന്ന, ആത്മീയഗുരുവിനെ പരാമർശിക്കുന്ന, പതിവ് സംസ്കൃതപദം. ഗുരുദേവനെന്ന സംജ്ഞ അഗാധമായ ഭക്ത്യാദരങ്ങൾ കാട്ടുന്നു.3 വെബ്സ്റ്റേഴ്സ് ന്യൂ ഇന്റർനാഷനൽ ഡിക്ഷ്ണറി (1934) ഈ വാക്ക് (bioscope) അപൂർവമെന്ന് ചൂണ്ടികാട്ടി ഈ അർഥം നൽകുന്നു. ‘ ‘ജീവിതത്തിന്റെ ഒരു ദൃശ്യം; അങ്ങനെ ഒരു ദൃശ്യം നൽകുന്ന ഒന്ന്.’ ’ മാസ്റ്റർ മഹാശയന്റെ ഈ പദസ്വീകാരം അപ്പോൾ പ്രത്യേകിച്ചും ന്യായീകരിക്കാം.4 സെന്റ് ജോൺ ഒഫ് ദ ക്രോസ് : 1591-ൽ അന്തരിച്ച ഈ പ്രിയങ്കരനായ ക്രിസ്ത്യൻ പുണ്യവാളന്റെ മൃതശരീരം 1859-ൽ മണ്ണുമാന്തിമാറ്റി പുറത്തെടുത്തപ്പോൾ ജീർണിക്കാത്ത അവസ'ഥയിലാണെന്നുകണ്ടു.സർ ഫ്രാൻസിസ് യങ്ങ്ഹസ്ബൻഡ് (അറ്റ്ലാന്റിക് മന്ത്‌ലി, 1936 ഡിസംബർ ലക്കം) തന്റെ ബ്രഹ്മാനന്ദാനുഭവത്തെ ഇങ്ങനെ പരാമർശിച്ചു. ‘ ‘എന്നിൽ ഇളക്കത്തിനോ ആഹ്ലാദത്തിനോ ഏറെ ഉപരിയായ എന്തോ ഉണ്ടായി. ഉൽക്കടമായ പരമാനന്ദത്താൽ ഞാൻ എന്നെത്തന്നെ മറന്നു. ഈ അവർണനീയവും, ഏറെയും താങ്ങാനാവാത്തതുമായ പരമാനന്ദത്തോടൊപ്പം, ലോകത്തിന്റെ ചൈതന്യസത്തയായ നന്മയുടെ ഒരു വെളിപാട് എന്നിലുണ്ടായി. മനുഷ്യർ ഉള്ളുകൊണ്ട് നല്ലവരാണെന്നും അവരിലെ തിന്മ ഉപരിപ്ലവമാണെന്നും അവിതർക്കിതമായി എനിക്ക് ബോധ്യമായി.’ ’ അധ്യായം 10ഞാൻ എന്റെ ഗുരുദേവൻ ശ്രീ യുക്തേശ്വരനെ കണ്ടുമുട്ടുന്നു ‘ ‘ഈശ്വരനിലുള്ള വിശ്വാസത്തിന് എന്ത് അത്ഭുതവും സൃഷ്ടിക്കാനാവും-പഠിക്കാതെ പരീക്ഷ ജയിക്കുകയൊഴിച്ച്.’ ’ വെറുതെ ഇരുന്നപ്പോൾ എടുത്തുനോക്കിയ ഒരു ‘പ്രചോദകഗ്രന്ഥം’ ഞാൻ മടുേപ്പാടെ മടക്കിവച്ചു. ‘ ‘എഴുത്തുകാരന്റെ ആക്ഷേപം അദ്ദേഹത്തിന്റെ തികഞ്ഞ ഈശ്വര വിശ്വാസമില്ലായ്മയാണ് കാണിക്കുന്നത്,’ ’ ഞാൻ വിചാരിച്ചു. ‘ ‘പാവം മനുഷ്യൻ, എണ്ണവിളക്കു

കത്തിച്ചിരുന്ന് പാതിരാപകലാക്കുന്നതിനോടാണ് അയാൾക്ക് വലിയ മതിപ്പ്!’ ’ അച്ഛനോടുള്ള എന്റെ വാഗ്ദാനം ഞാൻ ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുമെന്നായിരുന്നു. പഠിത്തത്തിൽ ശുഷ്കാന്തിയൊന്നും കാട്ടിയതായി ഞാൻ അവകാശപ്പെടുന്നില്ല. കടന്നുപോയ മാസങ്ങൾ എന്നെ ക്ലാസിലല്ല, കൽക്കത്തയിലെ ആളൊഴിഞ്ഞ സ്നാനഘട്ടങ്ങളിൽ ആയിരുന്നു ഏറിയകൂറും കണ്ടിരുന്നത്. സ്നാനഘട്ടങ്ങൾക്കു തൊട്ടടുത്തുണ്ടായിരുന്ന ശ്മശാനങ്ങൾ യോഗികൾ ഏറെ ആകർഷകമായാണ് കരുതുന്നത്. രാത്രിയിൽ അവ പ്രത്യേകിച്ചും ഭീതിദമാണ്. ‘ ‘മരണത്തിന് അതീതമായ പൊരുൾ’ ’ കാണുന്നവർ അനലംകൃതമായ ഏതാനും തലയോട്ടികൾകണ്ട് അധൈര്യപ്പെടരുത്. നാനാതരം അസ്ഥികളുടെ മ്ലാനമായ ആവാസരംഗം മനുഷ്യന്റെ പോരായ്മ വ്യക്തമാക്കുന്നു. അങ്ങനെ രാത്രിയിലെ എന്റെ ഉറക്കമിളപ്പ് പണ്ഡിതന്റേതിൽ നിന്ന് വ്യത്യസ്തമായ ഒരു പ്രകാരത്തിലുള്ളതായിരുന്നു.ഹിന്ദുഹൈസ്ക്കൂളിലെ വർഷാവസാനപരീക്ഷകൾ അതിവേഗം അടുത്തുവരികയായിരുന്നു. ചോദ്യംചെയ്യലിന്റെ ഈ വേള ശ്മശാനഭൂമിയിലെ സങ്കേതങ്ങൾപോലെ, പരക്കെ അറിയാവുന്ന ഒരുതരം ഭീതി ഉത്തേജിപ്പിക്കുന്നു. എന്തായാലും എന്റെ മനസ്സ് ശാന്തമായിരുന്നു. ശവപ്പറമ്പിലെ പ്രേതഭോജികളെ വകവയ്ക്കാതെ ഞാൻ ക്ലാസ്സുറികളിൽ നിന്നു കിട്ടാത്ത ഒരു അറിവ് ഉൽഖനനം ചെയ്യുകയായിരുന്നു. പക്ഷേ ഒരേ സമയം നിഷ്പ്രയാസം രണ്ടു സ്ഥലത്തു പ്രത്യക്ഷപ്പെടുന്ന പ്രണവാനന്ദജിയുടെ കലാവിദ്യ എനിക്കു വശമില്ലായിരുന്നു. ഈശ്വരൻ എന്റെ ധർമസങ്കടം ശ്രദ്ധിക്കുമെന്നും എന്നെ അതിൽനിന്ന് മോചിപ്പിക്കുമെന്നുമായിരുന്നു എന്റെ യുക്തിചിന്ത (പലർക്കും, കഷ്ടമെന്നുപറയട്ടെ, അത് യുക്തിക്കു നിരക്കാത്തതെന്നു തോന്നുമെങ്കിലും). വിഷമങ്ങളിൽ ഈശ്വരന്റെ തൽക്ഷണ സാന്നിധ്യത്തിന്റെ, വിശദീകരിക്കാനാവാത്ത ഒരായിരം ദൃഷ്ടാന്തങ്ങളിൽ നിന്നാണ് ഭക്തന്റെ ഈ യുക്തിരാഹിത്യം ഉത്ഭവിക്കുന്നത്. ‘ ‘ഏയ് മുകുന്ദാ! ഈയിടെ നിന്നെ കാണാനേ ഇല്ലല്ലോ!’ ’ ഒരു ദിവസം ഉച്ചതിരിഞ്ഞ് ഒരു സഹപാഠി ഗർപാർ റോഡിൽവച്ച് എന്നെ വിളിച്ചുനിർത്തി. ‘ ‘നന്തൂ! ക്ലാസിലെ എന്റെ അസാന്നിധ്യം എന്നെ തീർച്ചയായും ഒരു വല്ലാത്ത കഷ്ടത്തിൽ പെടുത്തിയിരിക്കുകയാണ്.’ ’ അവന്റെ സൗഹൃദഭാവമാർന്ന നോട്ടത്തിൽ ഞാൻ മനസ്സിലെ പ്രയാസം ഇറക്കിവച്ചു.പഠിക്കാൻ മിടുക്കനായിരുന്ന നന്തു ഹൃദ്യമായി ചിരിച്ചു. എന്റെ ദുഃസ്ഥിതിക്ക് തമാശയുടെ ഒരുവശവും ഇല്ലായിരുന്നുവെങ്കിലും. ‘ ‘അവസാനപരീക്ഷയ്ക്ക് നീ ഒട്ടും തയ്യാറായിട്ടില്ല!’ ’ അവൻ പറഞ്ഞു. ‘ ‘നിന്നെ സഹായിക്കാൻ എനിക്കേപറ്റൂ എന്നുതോന്നുന്നു!’ ’ ഈ ലളിതമായ വാക്കുകൾ ഒരു ദൈവിക വാഗ്ദാനം എന്റെ കാതുകളിൽ എത്തിച്ചു; തിടുക്കത്തിൽ ഞാൻ അവന്റെ വീട് സന്ദർശിച്ചു. പരീക്ഷയ്ക്കു ചോദിക്കാവുന്നതെന്ന് അവൻ കരുതിയ വിവിധ ചോദ്യങ്ങളുടെ ഉത്തരങ്ങൾ കാരുണ്യപൂർവം അവൻ എനിക്കു സംക്ഷേപിച്ചു പറഞ്ഞുതന്നു. ‘ ‘ശുദ്ധഗതിക്കാരായ പല കുട്ടികളേയും പരീക്ഷക്കെണിയിൽ കുടുക്കുന്ന ചൂണ്ടകളാണ് ഈ ചോദ്യങ്ങൾ. ഞാൻ പറഞ്ഞുതന്ന ഉത്തരങ്ങൾ ഓർമിച്ചുകൊള്ളൂ; നീ പരുക്കുകൂടാതെ രക്ഷപ്പെടും.’ ’ ഞാൻ പിരിഞ്ഞപ്പോൾ രാത്രി വളരെ വൈകിയിരുന്നു. ശരിക്കു സ്വാംശീകരിക്കപ്പെടാത്ത പാണ്ഡിത്യം നിറഞ്ഞ ഞാൻ, അത് അടുത്ത നിർണായകമായ ഏതാനും ദിനങ്ങളിൽ നിലനിൽക്കേണമേയെന്ന് ഭക്തിയോടെ പ്രാർഥിച്ചു. പല വിഷയങ്ങളിലും നന്തു എന്നെ പഠിപ്പിച്ചു തയ്യാറാക്കിയെങ്കിലും സമയക്കുറവുകൊണ്ട് സംസ്കൃതപാഠങ്ങൾ വിട്ടുപോയിരുന്നു. ഈ വീഴ്ച ഈശ്വരനെ അടിയന്തിരമായി ഞാൻ ഓർമപ്പെടുത്തി.അടുത്തദിവസം രാവിലെ കാൽവയ്പുകളുടെ താളത്തിനൊത്ത് എന്റെ പുതിയ അറിവുകൾ സ്വാംശീകരിച്ചുകൊണ്ട് ഞാൻ ഒരു സവാരിക്ക് ഇറങ്ങി. ഒരു മൂലയിലെ വസ്തു കടക്കുവാൻ, വളർന്നുനിന്ന ചെറുചെടികളുടെ ഇടയിലൂടെയുള്ള ഒരു കുറുക്കുവഴിയെ തിരിച്ചപ്പോൾ, അച്ചടിച്ച കുറച്ചു കടലാസുഷീറ്റുകളിൽ എന്റെ കണ്ണുകൾ പതിച്ചു. വിജയാഹ്ളാദത്തിന്റെ ഒരൊറ്റക്കുതിപ്പ്; എന്റെ കൈയ്യിൽ കിട്ടിയത് സംസ്കൃതശ്ലോകങ്ങൾ ആയിരുന്നു! എന്റെ തപ്പിത്തടഞ്ഞുള്ള വ്യാഖ്യാനത്തിൽ സഹായിക്കാൻ ഒരു പണ്ഡിതനെ ഞാൻ തേടിപ്പിടിച്ചു. അദ്ദേഹത്തിന്റെ ഘനഗംഭീരമായ ശബ്ദം മന്ദ്രമധുരവും ഒഴുക്കുള്ളതുമായ ആ പുരാതനഭാഷ1യുടെ ഹൃദയഹാരിത്വംകൊണ്ട് അവിടം നിറച്ചു. ‘ ‘ഈ വിശിഷ്ടമായ ശ്ലോകങ്ങൾ നിന്റെ സംസ്കൃത പരീക്ഷയ്ക്ക് സഹായമൊന്നും ചെയ്യണമെന്നില്ല.’ ’ ആ പണ്ഡിതൻ സംശയദൃഷ്ട്യാ അവയെ തള്ളിക്കളഞ്ഞു.പക്ഷേ, ആ പ്രത്യേക കവിതയുടെ പരിചയം അടുത്തദിവസം എന്നെ സംസ്കൃതം പരീക്ഷ വിജയിക്കുവാൻ പ്രാപ്തനാക്കി. നന്തുവിന്റെ വിവേചനാപൂർണമായ സഹായത്തിലൂടെ മറ്റെല്ലാ വിഷയങ്ങളിലും ജയിക്കാനാവശ്യമായ ഏറ്റവും കുറഞ്ഞ മാർക്ക് എനിക്ക് ലഭിച്ചു.ഞാൻ എന്റെ വാക്കുപാലിക്കുകയും ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുകയും ചെയ്തതിൽ അച്ഛൻ സന്തുഷ്ടനായിരുന്നു. നന്തുവിന്റെ ഗൃഹത്തിലെ സന്ദർശനത്തിലും സാധാരണയായി ഞാൻ പോകാറില്ലാത്ത, ചപ്പുചവറുനിറഞ്ഞ ആ വഴിയിലൂടെയുള്ള നടപ്പിലും ഈശ്വരന്റെ മാത്രം മാർഗദർശനമാണ് ഞാൻ കണ്ടത്. എന്റെ കൃതജ്ഞത അദ്ദേഹത്തിലേക്ക് ഒഴുകി. എന്റെ രക്ഷയ്ക്കുവേണ്ടിയുള്ള അദ്ദേഹത്തിന്റെ സമയോചിതമായ പദ്ധതിക്ക് തന്റെ ലീലയിൽ ഇങ്ങനെ രണ്ടുവിധത്തിലാണ് അദ്ദേഹം രൂപം നൽകിയത്.പരീക്ഷാഹാളിൽ ഈശ്വരന് പ്രഥമസ്ഥാനം നിഷേധിച്ച ആ ഗ്രന്ഥകർത്താവിന്റെ ഞാൻ വലിച്ചെറിഞ്ഞ ആ പുസ്തകം വീണ്ടും കാണാൻ ഇടയായി. എന്റെ നിശ്ശബ്ദനിരീക്ഷണത്തിൽ എനിക്കു തന്നെ അടക്കിച്ചിരിക്കാതിരിക്കാനായില്ല: ‘ ‘ശവശരീരങ്ങളുടെ ഇടയിലെ ഈശ്വരധ്യാനം

ഹൈസ്ക്കൂൾ ഡിപ്ലോമയ'ക്കുള്ള കുറുക്കുവഴിയാണെന്ന് ഞാൻ പറഞ്ഞാൽ അത് അയാളുടെ ആശയക്കുഴപ്പത്തിന് ആക്കംകൂട്ടുകയേയുള്ളൂ!' ' എന്റെ പുതിയ പ്രതാപത്തിൽ വീടുവിടാനുള്ള പരിപാടികൾ മറകൂടാതെ ആസൂത്രണം ചെയ്യുകയായിരുന്നു ഞാനിപ്പോൾ. ജിതേന്ദ്ര മജുംദാർ2 എന്ന ഒരു യുവസുഹൃത്തുമായിച്ചേർന്ന് ശ്രീഭാരത ധർമ്മ മഹാമണ്ഡലം എന്ന വാരാണസി ആശ്രമത്തിൽ ചേർന്ന് ആത്മീയശിക്ഷണം നേടാൻ ഞാൻ തീരുമാനിച്ചു.എന്റെ കുടുംബത്തെ പിരിയുന്നതിനെപറ്റി ചിന്തിച്ചപ്പോൾ ഒരു ദിവസം എന്നിൽ ഒരു മ്ലാനത പടർന്നു. അമ്മയുടെ മരണശേഷം, എന്റെ ഇളയസഹോദരന്മാർ സനന്ദനോടും വിഷ്ണുവിനോടും ഏറ്റവും ഇളയ സഹോദരി താമുവിനോടും എന്റെ സ്നേഹം പ്രത്യേകിച്ചും കൂടുതൽ ആർദ്രമായിരുന്നു. എന്റെ പ്രക്ഷുബ്ധമായ സാധനയിലെ എത്രയോ രംഗങ്ങൾക്കു സാക്ഷിയായ, എന്റെ മച്ചിൻപുറത്തെ സ്വകാര്യതയിലേക്ക് ഓടി. രണ്ടു മണിക്കൂർ നേരത്തെ കണ്ണീർപ്രവാഹത്തിനുശേഷം, ഏതോ രാസസംശുദ്ധകവസ്തു വരുത്തിവച്ചതുപോലെ ഒരു അസാധാരണമായ മാറ്റം എനിക്ക് അനുഭവപ്പെട്ടു. എല്ലാ മമതദയും മറഞ്ഞു; ഈശ്വരനെ സുഹൃത്തുക്കളിൽവച്ചു സുഹൃത്തായി തേടാനുള്ള എന്റെ നിശ്ചയം ദൃഢതമമായി.അനുഗ്രഹാശിസ്സുകൾക്കായി ഞാൻ അച്ഛന്റെ മുമ്പിൽനിന്നപ്പോൾ അദ്ദേഹം വളരെ വ്യാകുലചിത്തനായിരുന്നു. ' 'എന്റെ അവസാനത്തെ ഒരപേക്ഷയാണ്. എന്നെയും നിന്റെ ദുഃഖിതരായ സഹോദരങ്ങളെയും കൈവെടിയരുത്.' ' ' 'സംപൂജ്യനായ അച്ഛാ, അങ്ങയോടുള്ള എന്റെ സ്നേഹം ഞാൻ എങ്ങനെ പറയും? എന്നാൽ ഈ ലോകത്ത് എനിക്ക് ഇത്ര ഉത്തമനായ പിതാവിനെതന്ന സ്വർഗീയപിതാവിനോടുള്ള എന്റെ സ്നേഹം അതിലും വലുതാണ്. കൂടുതൽ മെച്ചമായ ദൈവികജ്ഞാനത്തോടെ എന്നെങ്കിലും ഒരിക്കൽ തിരിച്ചുവരാനായി ഞാൻ പോകട്ടെ. ' ' നേരത്തെതന്നെ വാരാണസിയിലെ ആശ്രമത്തിൽ ചേർന്നു കഴിഞ്ഞിരുന്ന ജിതേന്ദ്രന്റെ കൂടെ ചേരുവാൻ അച്ഛന്റെ മടിയോടുകൂടിയ സമ്മതവും വാങ്ങി ഞാൻ പുറപ്പെട്ടു. ഞാൻ അവിടെ എത്തിയപ്പോൾ ചെറുപ്പക്കാരനായ മഠാധിപതി സ്വാമി ദയാനന്ദൻ എന്നെ സ്നേഹപൂർവം സ്വീകരിച്ചു. നീണ്ടുമെലിഞ്ഞ, മുഖത്തു ചിന്തനിഴലിക്കുന്ന അദ്ദേഹം എന്നിൽ മതിപ്പുളവാക്കി. അദ്ദേഹത്തിന്റെ വെളുത്ത മുഖത്തിന് ശ്രീബുദ്ധന്റേതുപോലുള്ള ശാന്തത ഉണ്ടായിരുന്നു.എന്റെ പുതിയ വസതിക്ക് ഒരു മച്ചിൻപുറം ഉണ്ടായിരുന്നതിൽ എനിക്കു സന്തോഷമായി. പ്രഭാതവും തുടർന്നുള്ള ഏതാനും മണിക്കൂറുകളും അവിടെ ചെലവഴിക്കാൻ എനിക്കു സാധിച്ചു. ധ്യാനാനുഷ്ഠാനങ്ങളെപ്പറ്റി ഒന്നുമറിയാത്ത ആശ്രമവാസികൾ, ഞാൻ എന്റെ മുഴുവൻസമയവും സംഘടനാപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കണമെന്ന് വിചാരിച്ചു. ഉച്ചയ'ക്കുശേഷം ഞാൻ അവരുടെ ഓഫീസിൽ ചെയ്തിരുന്ന ജോലിക്ക് അവർ എന്നെ പുകഴ്ത്തി. ' 'അത്ര പെട്ടെന്ന് ഈശ്വരനെ തേടിപ്പിടിക്കാൻ ശ്രമിക്കേണ്ട!' ' ഒരു ദിവസം രാവിലെ മച്ചിൻപുറത്തേക്കുള്ള എന്റെ പുറപ്പാടിനെ ഒരു അന്തേവാസിയുടെ ഈ പരിഹാസവാക്കുകൾ പിൻതുടർന്നു. ഗംഗയ'ക്ക് അഭിമുഖമായ തന്റെ ചെറിയ മുറിയിൽ തിരക്കിലായിരുന്ന സ്വാമി ദയാനന്ദന്റെ അടുത്ത് ഞാൻ ചെന്നു. ' 'സ്വാമിജീ, ഇവിടെ എന്നിൽനിന്ന് എന്താണ് പ്രതീക്ഷിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. നേരിട്ടുള്ള ഈശ്വരാനുഭവമാണ് ഞാൻ തേടുന്നത്. അദ്ദേഹത്തെകൂടാതെ ആശ്രമ അംഗത്വമോ വിശ്വാസങ്ങളോ സൽപ്രവൃത്തികളോ ഒന്നും എന്നെ തൃപ്തനാക്കുകയില്ല.' '
കാവിവസ്ത്രധാരിയായ ആ മഠാധിപതി എന്നെ സ്നേഹപൂർവം തലോടി. അടുത്തുനിന്നിരുന്ന ഏതാനും ശിഷ്യരെ തമാശരൂപത്തിൽ ശാസിച്ചു. ' 'മുകുന്ദനെ ശല്യപ്പെടുത്തരുത്. അവൻ നമ്മുടെ വഴികൾ പഠിച്ചുകൊള്ളും.' ' എന്റെ സംശയം ഞാൻ മര്യാദയോടെ മറച്ചുവച്ചു. ശാസന കൊണ്ട് ശ്രേഷ്ഠമായ മാറ്റമൊന്നും വരാത്ത ശിഷ്യന്മാർ മുറിവിട്ടു. ദയാനന്ദജിക്ക് എന്നോട് ഇനിയും ചിലതു പറയാനുണ്ടായിരുന്നു. ' 'മുകുന്ദാ, നിന്റെ അച്ഛൻ നിനക്ക് മുറയ'ക്ക് പണം അയച്ചുതരുന്നതായി ഞാൻ കാണുന്നു. ദയവുചെയ്ത് അതു തിരിച്ചയയ'ക്കൂ; ഇവിടെ നിനക്ക് ഒന്നും ആവശ്യമില്ലാ. നിന്റെ ശിക്ഷണത്തിന്റെ കാര്യത്തിലെ രണ്ടാമത്തെ നിർദേശം ആഹാരത്തെ സംബന്ധിച്ചതാണ്. വിശപ്പുതോന്നിയാലും അത് പുറത്തുപറയരുത്.' ' വിശപ്പ് എന്റെ കണ്ണിൽ മിന്നിയിരുന്നോയെന്ന് എനിക്ക് അറിയില്ല. എനിക്ക് വിശക്കുന്നുണ്ടായിരുന്നുവെന്ന് എനിക്കു നല്ലവണ്ണം അറിയാമായിരുന്നു. ആശ്രമത്തിലെ ആദ്യത്തെ ആഹാരത്തിന്റെ മാറ്റമില്ലാത്ത സമയം ഉച്ചയ'ക്ക് പന്ത്രണ്ടുമണിയായിരുന്നു. സ്വന്തം വീട്ടിൽ രാവിലെ ഒമ്പതുമണിക്ക് സുഭിക്ഷമായ ഒരു പ്രാതൽ എനിക്കു പതിവായിരുന്നു.ഈ മൂന്നുമണിക്കൂർ ഇടവേള ഓരോദിവസവും അവസാനമില്ലാത്തതായിത്തീരുന്നുവെന്ന് തോന്നിത്തുടങ്ങി. ഒരു പത്തുമിനിറ്റിന്റെ താമസത്തിന് എനിക്ക് പാചകക്കാരനെ ശാസിക്കാൻ കഴിഞ്ഞിരുന്ന കൽക്കത്തയിലെ വർഷങ്ങൾ അവസാനിച്ചിരുന്നു. ഇപ്പോൾ ഞാൻ എന്റെവിശപ്പു നിയന്ത്രിക്കാൻ ശ്രമിച്ചു; ഇരുപത്തിനാലു മണിക്കൂറിന്റെ ഒരു നിരാഹാരവ്രതം ഞാൻ പൂർത്തിയാക്കി. ഇരട്ടിച്ച ഉത്സാഹത്തോടെ അടുത്ത മധ്യാഹ്നത്തിനുവേണ്ടി ഞാൻ കാത്തിരുന്നു. ' 'ദയാനന്ദജിയുടെ തീവണ്ടി താമസിക്കും; അദ്ദേഹം വന്നിട്ടേ നാം ആഹാരം കഴിക്കുന്നുള്ളൂ. ' ' ഈ തളർത്തുന്ന വാർത്ത ജിതേന്ദ്രൻ എത്തിച്ചു. രണ്ടാഴ്ചയായി സ'ഥലത്തില്ലായിരുന്ന സ്വാമിജിക്കുള്ള സ്വാഗതപ്രകടനമായി പല വിശിഷ്ടഭോജ്യങ്ങളും തയ്യാറാക്കിയിരുന്നു. വിശപ്പുവരുത്തുന്ന നറുമണം അന്തരീക്ഷത്തിൽ നിറഞ്ഞു. മറ്റൊന്നും ലഭിക്കാത്തപ്പോൾ തലേദിവസത്തെ നിരാഹാരവ്രതത്തിന്റെ ഗർവമല്ലാതെ എന്തുവിഴുങ്ങാനാകും? ' 'ഭഗവാനേ, വണ്ടി വേഗത്തിലാക്കണേ!' ' എന്നെ നിശ്ശബ്ദനാക്കിയ

ദയാനന്ദജിയുടെ നിരോധനത്തിൽ ഈശ്വരനെ തീർച്ചയായും ഉൾപ്പെടുത്താനാവില്ലയെന്ന് ഞാൻ വിചാരിച്ചു. എന്തായാലും ഈശ്വരന്റെ ശ്രദ്ധ മറ്റെവിടെയോ ആയിരുന്നു. ഘടികാരം അലസമായി മണിക്കൂറുകൾ പിന്നിട്ടു. ഞങ്ങളുടെ മേധാവി എത്തിയപ്പോൾ ഇരുട്ടുവീണുതുടങ്ങിയിരുന്നു. എന്റെ അഭിവാദനം ശുദ്ധസന്തോഷത്തിന്റേതായിരുന്നു. ‘ ‘ആഹാരം വിളമ്പുന്നതിനുമുമ്പ് ദയാനന്ദജി കുളിക്കുകയും ധ്യാനിക്കുകയും ചെയ്യും.’ ’ ഒരു ദുശ്ശകുനപ്പക്ഷിയെപ്പോലെ ജിതേന്ദ്രൻ വീണ്ടും എന്റെ അടുത്തെത്തി.ഞാൻ കുഴഞ്ഞുവീഴാൻ പാകത്തിലായിരുന്നു. നിരാഹാരം പരിചയമില്ലാത്ത, ഉള്ളിൽ തീയാളിയ എന്റെ ഇളംവയർ ശക്തിയായി പ്രതിഷേധിച്ചു. പട്ടിണിമരണത്തിന് ഇരയായവരുടെ പടങ്ങൾ പ്രേതങ്ങളെപ്പോലെ എന്റെ മുന്നിലൂടെ കടന്നുപോയി. ‘ ‘ വാരാണസിയിലെ അടുത്ത പട്ടിണിമരണം ഈ ആശ്രമത്തിൽ ഉടനെയുണ്ടാകും,’ ’ ഞാൻ വിചാരിച്ചു. ഭീഷണമാംവിധം അടുത്തെത്തിയ വിപത്ത് ഒമ്പതു മണിക്ക് ഒഴിവായി. അമൃതതുല്യമായ നിമന്ത്രണം! ആ സായാഹ്നഭക്ഷണം, ജീവിതത്തിലെ എല്ലാം തികഞ്ഞ ഒരു മുഹൂർത്തമായി ഓർമയിൽ തെളിഞ്ഞുനിൽക്കുന്നു. [image file=image_rsrc18A.jpg] സ്വാമി യോഗാനന്ദനും സ്വാമി ദയാനന്ദന്റെ ഗുരു സ്വാമി ഗ്യാനാനന്ദനും വാരാണസിലെ മഹാമണ്ഡൽ ആശ്രമത്തിൽ, ഫെബ്രുവരി 7, 1936. പരമ്പരാഗതമായ ബഹുമാനത്തിന്റെ സൂചകമായി യോഗാനന്ദജി ആശ്രമാധിപതിയുടെ കാൽക്കലാണ് ഇരിക്കുന്നത്. 1910-ൽ തന്റെ ഗുരുവിനെ കണ്ടെത്തുന്നതിനു മുമ്പ് ഒരു ബാലനായ യോഗാനന്ദജി ഇവിടെ ആത്മീയശിക്ഷണം തേടിയിരുന്നു.മനസ്സുവയ'ക്കാതെയാണ് ദയാനന്ദജി ഭക്ഷണം കഴിച്ചതെന്നു കാണാൻ ആഹാരത്തിലെ എന്റെ സമ്പൂർണശ്രദ്ധ എനിക്കു തടസ്സമായില്ല. എന്റെ തുച്ഛമായ സുഖങ്ങൾക്ക് അതീതനായിരുന്നു അദ്ദേഹമെന്നു വ്യക്തമായിരുന്നു. ‘ ‘സ്വാമിജീ, അങ്ങയ'ക്ക് വിശപ്പുണ്ടായിരുന്നില്ലേ?’ ’ മൃഷ്ടാന്ന ഭോജനത്തിനുശേഷം ഞാൻ മഠാധിപതിയുടെ സ്വകാര്യമുറിയിൽ തനിയെ ആയിരുന്നു. ‘ ‘പിന്നെ ഇല്ലേ!’ ’ അദ്ദേഹം പറഞ്ഞു. ‘ ‘കഴിഞ്ഞ നാലുദിവസം ആഹാരമോ വെള്ളമോ ഇല്ലാതെയാണ് ഞാൻ കഴിച്ചത്. ലൗകിക മനുഷ്യരുടെ വൈവിധ്യമാർന്ന വൈകാരികസ്പന്ദനങ്ങൾ നിറഞ്ഞ തീവണ്ടിയിൽ വച്ച് ഞാൻ ഒരിക്കലും ആഹാരം കഴിക്കാറില്ല. എന്റെ പ്രത്യേകവിഭാഗത്തിലെ സന്ന്യാസിമാർക്കുള്ള ശാസ്ത്രീയ4നിയമങ്ങൾ ഞാൻ കണിശമായി പാലിക്കുന്നു. ‘ ‘നമ്മുടെ സംഘടനാപ്രവർത്തനത്തിന്റെ ചില പ്രശ്നങ്ങളാണ് എന്റെ മനസ്സിൽ. ഇന്ന് ഇവിടെ എനിക്ക് അത്താഴത്തിൽ ശ്രദ്ധിക്കാൻ കഴിഞ്ഞില്ല. എന്താ അതിനിപ്പോഴിത്ര തിടുക്കം? നാളെ ശരിക്കുകഴിക്കാൻ ഞാൻ ശ്രദ്ധിക്കും.’ ’ അദ്ദേഹം സന്തോഷമായി ചിരിച്ചു.വീർപ്പുമുട്ടിക്കുംവിധം ലജ്ജ എന്നിൽ പടർന്നു. എന്നാൽ കഴിഞ്ഞ ദിവസത്തെ എന്റെ പീഡനം എളുപ്പം മറക്കാനായില്ല; ഒരു അഭിപ്രായപ്രകടനത്തിന് ഞാൻ മുതിർന്നു. ‘ ‘സ്വാമിജീ, അങ്ങയുടെ നിർദേശം പാലിക്കുന്നകാര്യം എന്നെ കുഴക്കുന്നു. ഞാൻ ആഹാരം ചോദിക്കുന്നില്ല, ആരും എനിക്കുതരുന്നുമില്ല എന്നിരിക്കട്ടെ. പട്ടിണികിടന്നു ഞാൻ ചാകുമല്ലോ.’ ’ ‘ ‘എങ്കിൽ ചാകണം!’ ’ ഈ ഭീതിജനകമായ ഉത്തരം അന്തരീക്ഷത്തെ ഭേദിച്ചു. ‘ ‘മരിക്കണമെങ്കിൽ മരിക്കൂ മുകുന്ദാ! ഈശ്വരന്റെ ശക്തികൊണ്ടല്ലാ, ആഹാരത്തിന്റെ ശക്തികൊണ്ടാണ് നീ ജീവിക്കുന്നതെന്ന് ഒരിക്കലും വിശ്വസിക്കാതിരിക്കൂ! എല്ലാത്തരത്തിലുമുള്ള പോഷണവസ്തുക്കൾ സൃഷ്ടിച്ച, വിശപ്പുനൽകിയ അദ്ദേഹം തന്റെ ഭക്തൻ നിലനിൽക്കുന്നുവെന്ന് തീർച്ചയായും ഉറപ്പുവരുത്തിക്കൊള്ളും. അന്നം നിന്നെ പുലർത്തുന്നുവെന്നും, പണമോ മനുഷ്യനോ നിന്നെ താങ്ങിനിർത്തുന്നുവെന്നും സങ്കല്പിക്കരുത്. ജഗൽപ്രഭു നിന്റെ ജീവശ്വാസം പിൻവലിച്ചാൽ നിന്നെ സഹായിക്കാൻ അവയ'ക്കു കഴിയുമോ? അവ അദ്ദേഹത്തിന്റെ വെറും ഉപകരണങ്ങളാണ്. നിന്റെ ഏതെങ്കിലും കഴിവുകൊണ്ടാണോ വയറ്റിലെ ആഹാരം ദഹിക്കുന്നത്? നിന്റെ വിവേകമെന്ന വാൾ ഉപയോഗിക്കൂ, മുകുന്ദാ! നിമിത്തങ്ങളുടെ ശൃംഖലകളെ കടന്നുചെന്ന് ‘ ‘ഏകകാരണ’ ’ ത്തെ ദർശിക്കൂ!’ ’ ഈ മൂർച്ചയേറിയ വാക്കുകൾ എന്റെ ഉള്ളിന്റെയുള്ളിലേക്ക് തുളച്ചുകയറുന്നതായി എനിക്കുതോന്നി. ശരീരത്തിന്റെ ആവശ്യങ്ങൾ ആത്മാവിനെ കടത്തിവെട്ടുന്നുവെന്ന ദീർഘകാലമായുണ്ടായിരുന്ന തെറ്റിദ്ധാരണ മാറി. അപ്പോൾ അവിടെ വച്ചുതന്നെ, ആത്മാവിന്റെ സ്വയംപര്യാപ്തത ഞാൻ രുചിച്ചു. വാരാണസിയിലെ ഒരു ആശ്രമത്തിലെ ഈ പാഠത്തിന്റെ പ്രയോജനം തെളിയിക്കുന്ന അവസരങ്ങൾ എന്റെ പിന്നീടുള്ള തുടർച്ചയായ യാത്രാജീവിതത്തിൽ, എത്രയെത്ര അപരിചിതനഗരങ്ങളിൽവച്ച് ഉണ്ടായി!കൽക്കത്തയിൽനിന്ന് എന്നോടൊപ്പം ഞാൻ കൊണ്ടുവന്നത്, അമ്മ എനിക്കുതന്ന, ആ സാധുവിന്റെ വെള്ളി ഏലസ്സ് മാത്രമായിരുന്നു. കൊല്ലങ്ങളായി ഭദ്രമായി സൂക്ഷിച്ചിരുന്ന അത് ഇപ്പോൾ ഞാൻ ആശ്രമത്തിലെ എന്റെ മുറിയിൽ ശ്രദ്ധയോടെ ഒളിച്ചുവച്ചിരുന്നു. മന്ത്രശക്തിയുള്ള ആ ഏലസ്സ് എന്ന സാക്ഷിപത്രത്തിലുള്ള എന്റെ ആനന്ദം പുതുക്കാനായി ഒരു പ്രഭാതത്തിൽ ഞാൻ ആ പൂട്ടിയ പെട്ടിതുറന്നു. മുദ്രവച്ച പൊതി അങ്ങനെതന്നെയുണ്ട്, പക്ഷേ ഏലസ്സ് കാണാനില്ല! ദു:ഖത്തോടെ ഞാൻ പൊതി വലിച്ചുകീറി സംശയാതീതമായ ഉറപ്പു വരുത്തി. എവിടെനിന്ന് വിളിച്ചുവരുത്തപ്പെട്ടുവോ ആ സൂക്ഷ്മാകാശത്തിലേക്ക് സാധുവിന്റെ പ്രവചനമനുസരിച്ച് അത് അപ്രത്യക്ഷമായിക്കഴിഞ്ഞിരുന്നു.ദയാനന്ദജിയുടെ അനുയായികളുമായുള്ള എന്റെ ബന്ധം തുടരെ മോശമായിക്കൊണ്ടിരുന്നു. നിശ്ചയദാർഢ്യത്തോടുകൂടിയ എന്റെ ഒഴിഞ്ഞുമാറലിൽ മന:പ്രയാസംതോന്നിയ അന്തേവാസികൾ എന്നിൽനിന്ന് അകന്നു. വീടും എല്ലാ ലൗകികമോഹങ്ങളും കൈ വെടിയാൻ എന്നെ പ്രേരിപ്പിച്ച ഒരേ

ഒരു ആദർശത്തിന്-ഈശ്വരന്-വേണ്ടിയുള്ള ഏകാഗ്രധ്യാനത്തിന്റെ കർശനമായ അനുഷ്ഠാനം, കഴമ്പില്ലാത്ത വിമർശനങ്ങൾ എല്ലായിടത്തുനിന്നും വിളിച്ചുവരുത്തി.ആത്മപീഡയാൽ ഉള്ളുനൊന്ത ഞാൻ, ഒരു ഉത്തരം ലഭിക്കുന്നതുവരെ പ്രാർഥിക്കുവാൻ തീരുമാനിച്ചുകൊണ്ട് ഒരു പുലർകാലത്ത് മച്ചിൻപുറത്ത് എത്തി. ‘ ‘ദയാമയിയായ ദിവ്യജനനീ, നീ തന്നെ ദിവ്യദർശനങ്ങളിലൂടെയോ അല്ലെങ്കിൽ ഒരു ഗുരുവിലൂടെയോ എനിക്ക് അറിവുപകരൂ!’ ’ മണിക്കൂറുകൾകഴിഞ്ഞിട്ടും എന്റെ കരളുരുകിയ പ്രാർഥനയ'ക്ക് പ്രതികരണം ഉണ്ടായില്ല. പെട്ടെന്ന് അപരിമിതമായ ഒരു ലോകത്തേക്ക് ശാരീരികമായി ഉയർത്തപ്പെട്ടതുപോലെ എനിക്കു തോന്നി.എല്ലായിടത്തുനിന്നും, എന്നാൽ ഒരിടത്തുനിന്നുമല്ലാതെ ദിവ്യമായ ഒരു സ്ത്രീശബ്ദം കേൾക്കാറായി. ‘ ‘നിന്റെ ഗുരു ഇന്നുവന്നെത്തും!’ ’ വ്യക്തമായ ഒരിടത്തുനിന്ന് ഉച്ചത്തിലുള്ള ഒരു വിളി ഈ സ്വർഗീയാനുഭൂതി തകർത്തുകളഞ്ഞു. ഹാബു എന്ന് ഇരട്ടപ്പേരുള്ള ഒരു യുവസന്ന്യാസി താഴെ അടുക്കളയിൽനിന്ന് എന്നെ വിളിക്കുകയായിരുന്നു. ‘ ‘മുകുന്ദാ, ധ്യാനമൊക്കെ മതി! ഒരു കാര്യത്തിന് നിന്നെ ആവശ്യമുണ്ട്.’ ’ മറ്റൊരു ദിവസമായിരുന്നെങ്കിൽ ഞാൻ അക്ഷമനായി മറുപടി പറഞ്ഞേനെ; ഇപ്പോൾ എന്റെ കണ്ണീരിൽ കുതിർന്ന മുഖം തുടച്ചിട്ട് ഞാൻ മിണ്ടാതെ ആജ്ഞ അനുസരിച്ചു.വാരാണസിയിലെ ബംഗാളി പ്രദേശത്തുള്ള ഒരു വിദൂരമായ ബസാറിലേക്ക് ഹാബുവും ഞാനും പുറപ്പെട്ടു. ചന്തയിൽ ഞങ്ങൾ സാധനങ്ങൾ വാങ്ങുമ്പോൾ ഭാരതത്തിലെ ദാക്ഷിണ്യമില്ലാത്ത സൂര്യൻ തലയ'ക്കുമുകളിൽ എത്തിയിരുന്നില്ല. വീട്ടമ്മമാരുടെയും, വഴികാട്ടികളുടെയും, പുരോഹിതന്മാരുടെയും, ലളിതവേഷം ധരിച്ച വിധവകളുടെയും, ആഢ്യബ്രാഹ്മണരുടെയും, എങ്ങും കാണപ്പെടുന്ന അമ്പലക്കാളകളുടെയും നിറമാർന്ന തിരക്കിൽക്കൂടി ഞങ്ങൾ വഴിയുണ്ടാക്കി നടന്നു. ഹാബുവും ഞാനും മുന്നോട്ടു നടന്നപ്പോൾ പെട്ടെന്ന് കണ്ണിൽപെടാത്ത ഒരു ഇടുങ്ങിയ വഴിയിലേക്ക് നോക്കാനായി ഞാൻ തലതിരിച്ചു.കാവിവസ്ത്രത്തിൽ, ഈശ്വരതുല്യനായ ഒരു മനുഷ്യൻ ആ ഇടവഴിയുടെ അങ്ങേ അറ്റത്ത് അനങ്ങാതെ നിന്നിരുന്നു. തൽക്ഷണവും, അനാദികാലംകൊണ്ടും അദ്ദേഹം പരിചിതനാണെന്ന് എനിക്കു തോന്നി; ഒരു നിമിഷം എന്റെ നോട്ടം ആർത്തിയോടെ അദ്ദേഹത്തെ ഉൾക്കൊണ്ടു. അപ്പോൾ സംശയം എന്നെ ആക്രമിച്ചു. ‘ ‘ഈ അലഞ്ഞുനടക്കുന്ന ഭിക്ഷുവിനെ, നിനക്കുപരിചയമുള്ള ആരോ ആണെന്ന് നീ തെറ്റിദ്ധരിക്കുകയാണ്,’ ’ ഞാൻ വിചാരിച്ചു. ‘ ‘സ്വപ്നാടകാ, നടക്കൂ.’ ’ ഒരു പത്തുമിനിറ്റിനുശേഷം എന്റെ കാലുകൾക്ക് വല്ലാത്ത മരവിപ്പ് അനുഭവപ്പെട്ടു. കല്ലായിമാറിയതുപോലെ, അവയ'ക്ക് എന്നെ മുമ്പോട്ടു കൊണ്ടുപോകാൻ വയ്യാതെയായി. പാടുപെട്ട് ഞാൻ തിരിഞ്ഞുനിന്നു; എന്റെ കാലുകൾ നേരെയായി. വീണ്ടും ഞാൻ എതിർവശത്തേക്കു തിരിഞ്ഞു: ആ വിചിത്രമായ ഭാരം വീണ്ടും എന്നെ ദുരിതത്തിലാക്കി. ‘ ‘ആ ദിവ്യൻ കാന്തശക്തിയാൽ എന്നെ അദ്ദേഹത്തിലേക്ക് ആകർഷിക്കുന്നു!’ ’ ഈ വിചാരത്തോടെ ഞാൻ എന്റെ പൊതികൾ ഹാബുവിന്റെ കൈയ്യിൽ വച്ചുകൊടുത്തു. എന്റെ പിഴയ'ക്കുന്ന കാൽവയ്പുകൾ വിസ്മയത്തോടെ ശ്രദ്ധിക്കുകയായിരുന്ന അയാൾ ഇപ്പോൾ പൊട്ടിച്ചിരിച്ചു. ‘ ‘നിനക്ക് എന്തുപറ്റി? കിറുക്കുണ്ടോ നിനക്ക്?’ ’ എന്റെ പ്രക്ഷുബ്ധമായ വികാരം, തക്ക ഒരു മറുപടി അനുവദിച്ചില്ല; ഞാൻ നിശ്ശബ്ദനായി ഓടിയകന്നു.ചിറകുവച്ച പാദരക്ഷയിന്മേലെന്നപോലെ വന്നവഴിയിലൂടെ തിരിച്ചുപോയ ഞാൻ ആ ഇടുങ്ങിയ പാതയിലെത്തി. എന്റെ നേരെ ഇളകാതെ നോക്കുന്ന ആ ശാന്തസ്വരൂപനെ ഒറ്റനോട്ടത്തിൽ ഞാൻ കണ്ടു. ആകാംക്ഷാഭരിതമായ ഏതാനും ചുവടുകൾ; ഞാൻ അദ്ദേഹത്തിന്റെ പാദങ്ങളിൽ വീണു. ‘ ‘ഗുരുദേവാ!’ ’ ഒരായിരം ദർശനങ്ങളിൽ ഞാൻ കണ്ടിട്ടുള്ള ദിവ്യമുഖം ഇതായിരുന്നു. നീണ്ട താടിമീശയും വളർന്ന ചുരുണ്ട മുടിയുമുള്ള സിംഹസമാനമായ ശിരസ്സിലെ, ഞാൻ പൂർണമായും മനസ്സിലാക്കാത്ത ഒരു വാഗ്ദാനം ഉൾക്കൊള്ളുന്ന ഈ ശാന്തഗംഭീരമായ കണ്ണുകൾ എന്റെ രാത്രികാലസ്വപ്നങ്ങളുടെ ഇരുളിലൂടെ പലപ്പോഴും തിരനോട്ടം നടത്താറുണ്ടായിരുന്നു. ‘ ‘എന്റെ സ്വന്തമേ, നീ എന്റടുത്ത് എത്തിച്ചേർന്നിരിക്കുന്നു!’ ’ സന്തോഷത്താൽ ഇടറിയ ശബ്ദത്തിൽ ഗുരുദേവൻ ഈ വാക്കുകൾ ബംഗാളിയിൽ വീണ്ടും വീണ്ടും പറഞ്ഞു. ‘ ‘എത്ര വർഷം ഞാൻ നിനക്കു വേണ്ടി കാത്തിരുന്നു! ’ ’ ഞങ്ങൾ നിശ്ശബ്ദതയുടെ ആത്മീയ ഐക്യത്തിൽ മുഴുകി; വാക്കുകൾ തീരെ അധികപ്പറ്റായി. വാചാലത ശബ്ദരഹിതമായ മന്ത്രോച്ചാരണമായി ഗുരുവിന്റെ ഹൃദയത്തിൽനിന്ന് ശിഷ്യനിലേക്ക് ഒഴുകി. എന്റെ ഗുരു ഈശ്വരനെ നേരിൽ അറിഞ്ഞവനാണെന്നും എന്നെ ഈശ്വരനിലേക്കു നയിക്കുമെന്നും തെറ്റുപറ്റാനിടയില്ലാത്ത ഉൾക്കാഴ്ചയുടെ പ്രേഷണവാഹിയിലൂടെ ഞാൻ മനസ്സിലാക്കി. ജന്മപൂർവമായ ഓർമകളുടെ ലോലമായ പുലരിയിൽ ഈ ജന്മത്തിന്റെ ദുർജ്ഞേയത അപ്രത്യക്ഷമായി. നാടകീയമായ കാലം! ഭൂത, വർത്തമാന, ഭാവികൾ അതിന്റെ ചാക്രികരംഗങ്ങളാണ്. എന്നെ ഈ പവിത്രപാദങ്ങളിൽകാണുന്ന ആദ്യത്തെ സൂര്യനല്ല ഇത്!പട്ടണത്തിലെ റാണാമഹൽ എന്ന സ'ഥലത്തെ തന്റെ താല്ക്കാലിക വസതിയിലേക്ക് ഗുരുദേവൻ എന്നെ കൈപിടിച്ച് ആനയിച്ചു. വടിവൊത്ത ആകാരമുള്ള അദ്ദേഹം ഉറച്ച കാൽവയ്പ്പോടെ നടന്നു. ഏറെക്കുറെ അമ്പത്തിയഞ്ചിലെത്തിയ, പൊക്കമുള്ള, നീണ്ടുനിവർന്നുനിന്ന അദ്ദേഹത്തിന് ഒരു ചെറുപ്പക്കാരന്റെ ചുറുചുറുക്കും ഉന്മേഷവുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വിടർന്ന കറുത്തകണ്ണുകൾ, അഗാധമായ ജ്ഞാനത്താൽ സുന്ദരമായിരുന്നു. ശക്തമായി പ്രഭാവമാർന്ന ആ മുഖത്തിന് ഒരല്പം ചുരുണ്ടമുടി ലാഘവം പകർന്നു. കരുത്ത് സൗമ്യതയോട് സൂക്ഷ്മമായി ഒത്തുചേർന്നു.ഗംഗയ'ക്ക് അഭിമുഖമായുള്ള ഒരു വീട്ടിലെ, കല്ലുകെട്ടിയ ബാൽക്കണിയിലേക്ക്

നടക്കുമ്പോൾ അദ്ദേഹം സ്നേഹമസൃണമായി പറഞ്ഞു: ‘ ‘എന്റെ ആശ്രമങ്ങളും എന്റെ സർവസ്വവും ഞാൻ നിനക്കു നൽകും.’ ’ ‘ ‘പ്രഭോ, അറിവിനും ആത്മസാക്ഷാത്കാരത്തിനും വേണ്ടിയാണ് ഞാൻ വരുന്നത്. അങ്ങയുടെ ആ നിധിപേടകങ്ങളാണ് ഞാൻ തേടുന്നത്!’ ’ ഗുരുദേവൻ വീണ്ടും സംസാരിക്കുന്നതിനുമുമ്പ് പെട്ടെന്ന് മായുന്ന ഭാരതീയ സായംസന്ധ്യ അതിന്റെ തിരശീല പാതി താഴ്ത്തിയിരുന്നു. അദ്ദേഹത്തിന്റെ കണ്ണുകൾ അഗാധമായ വാത്സല്യം ഉൾക്കൊണ്ടിരുന്നു. ‘ ‘എന്റെ നിരുപാധികമായ സ്നേഹം ഞാൻ നിനക്കു നൽകുന്നു.’ ’ അമൂല്യമായ വാക്കുകൾ! അദ്ദേഹത്തിന്റെ സ്നേഹത്തിന് ശ്രാവ്യമായ മറ്റൊരു തെളിവു ലഭിച്ചപ്പോഴേക്കും ഒരു കാൽനൂറ്റാണ്ട് കഴിഞ്ഞിരുന്നു. വികാരതീക്ഷ്ണത അദ്ദേഹത്തിന്റെ ചുണ്ടുകൾക്ക് അപരിചിതമായിരുന്നു: ആ സാഗരോപമായ ഹൃദയത്തിന് മൗനം അനുയോജ്യമായി. ‘ ‘നീയും അതേ നിരുപാധികസ്നേഹം എനിക്കുതരുമോ?’ ’ ഒരു കുട്ടിയുടെ വിശ്വാസഭാവത്തോടെ അദ്ദേഹം എന്നെ ഉറ്റുനോക്കി. ‘ ‘ഞാൻ അങ്ങയെ എക്കാലത്തും സ്നേഹിക്കും, ഗുരുദേവാ!’ ’ ‘ ‘ആഗ്രഹങ്ങളിലും അവയുടെ പൂരണത്തിലും കലുഷമായി വേരൂന്നിയിരിക്കുന്ന സാധാരണസ്നേഹം സ്വാർഥമാണ്. ദിവ്യമായ സ്നേഹം വ്യവസ'ഥകളോ പരിമിതികളോ വ്യതിയാനമോ ഇല്ലാത്തതാണ്. വിശുദ്ധസ്നേഹത്തിന്റെ പരിവർത്തനാത്മകമായ സ്പർശംകൊണ്ട് മനുഷ്യഹൃദയത്തിന്റെ ചാഞ്ചല്യം എന്നന്നേക്കുമായി ഇല്ലാതാകുന്നു.’ ’ അദ്ദേഹം വിനയാന്വിതനായി ഇങ്ങനെ കൂട്ടിച്ചേർത്തു: ‘ ‘എന്നെങ്കിലും ഞാൻ ഈശ്വരസാക്ഷാത്ക്കാരത്തിന്റെ അവസ'ഥയിൽനിന്നു പതിക്കുന്നുവെന്നു നീ കാണുകയാണെങ്കിൽ, എന്റെ ശിരസ്സ് നിന്റെ മടിയിൽവച്ച്, നാം രണ്ടുപേരും ആരാധിക്കുന്ന ആ പ്രേമസ്വരൂപനിലേക്ക് എന്നെ തിരിച്ചുകൊണ്ടുവരാൻ ദയവായി നീ സഹായിക്കാമെന്ന് എനിക്ക് വാക്കുതരൂ.’ ’ ഇരുൾ ഏറിത്തുടങ്ങിയപ്പോൾ അദ്ദേഹം എഴുന്നേറ്റ് എന്നെ അകത്തുള്ള ഒരു മുറിയിലേക്ക് നയിച്ചു. ഞങ്ങൾ മാങ്ങയും, ബദാമിന്റെ മധുരപലഹാരങ്ങളും കഴിച്ചുകൊണ്ടിരുന്നപ്പോൾ, അദ്ദേഹം തന്റെ സംഭാഷണത്തിൽ എന്റെ സ്വഭാവത്തെപ്പറ്റിയുള്ള അഗാധമായ അറിവ് അസ്വഭാവികതയില്ലാതെ അവതരിപ്പിച്ചു. എളിമയോട് സമ്മോഹനമായി സമ്മേളിച്ച അദ്ദേഹത്തിന്റെ ജ്ഞാനത്തിന്റെ മഹിമ എന്നിൽ ഭയഭക്തിബഹുമാനങ്ങൾ ഉളവാക്കി. ‘ ‘നിന്റെ ഏലസ്സിനെപ്പറ്റി വിഷമിക്കരുത്. അതിന്റെ ഉദ്ദേശ്യം നിറവേറിക്കഴിഞ്ഞു.’ ’ ഒരു ദൈവികമായ ദർപ്പണത്തിലെന്നപോലെ എന്റെ ഗുരുദേവൻ എന്റെ മുഴുവൻ ജീവിതത്തിന്റെയും ഒരു പ്രതിബിംബം സ്പഷ്ടമായും കണ്ടിരുന്നു. ‘ ‘ഗുരുദേവാ, അങ്ങയുടെ സാന്നിധ്യമെന്ന സജീവയാഥാർഥ്യം ഏതൊരു പ്രതീകത്തേക്കാളും ഉൽക്കടമായ സന്തുഷ്ടിയാണ്.’ ’ ‘ ‘ആശ്രമത്തിൽ നീ അസന്തുഷ്ടനായി കഴിയുന്നതുകൊണ്ട് നിനക്ക് ഒരു മാറ്റത്തിനു കാലമായി.’ ’ ഞാൻ എന്റെ ജീവിതത്തെപ്പറ്റി ഒന്നും പറഞ്ഞിരുന്നില്ല; അത് ഇപ്പോൾ അനാവശ്യമായി കാണപ്പെട്ടു! അദ്ദേഹത്തിന്റെ അതീന്ദ്രിയജ്ഞാനത്തെപ്പറ്റി അത്ഭുതാദരങ്ങളുടെ പ്രകടനമൊന്നും അദ്ദേഹം ആഗ്രഹിച്ചിരുന്നില്ലയെന്ന് അദ്ദേഹത്തിന്റെ സ്വാഭാവികവും നിർബന്ധബുദ്ധിയില്ലാത്തതുമായ രീതികൾകൊണ്ട്, ഞാൻ മനസ്സിലാക്കി. ‘ ‘നീ കൽക്കത്തയ'ക്ക് തിരിച്ചുപോകണം; നിന്റെ മാനവസ്നേഹത്തിൽനിന്ന് ബന്ധുക്കളെ എന്തിന് ഒഴിച്ചുനിർത്തുന്നു?’ ’ അദ്ദേഹത്തിന്റെ നിർദേശം എനിക്ക് ഒരു മന:പ്രയാസമായി. കത്തുകളിൽകൂടി നടത്തിയ അനേകം അഭ്യർഥനകൾക്ക് ഞാൻ പ്രതികരിച്ചില്ലെങ്കിലും എന്റെ കുടുംബം എന്റെ തിരിച്ചുവരവ് പ്രവചിക്കുകയായിരുന്നു. ‘ ‘ഈ ചെറുപക്ഷി ആത്മീയതയുടെ വാനിൽ പറന്നു നടക്കട്ടേ,’ ’ അനന്തദാ അഭിപ്രായപ്പെട്ടിരുന്നു. ‘ ‘ആ കനത്ത അന്തരീക്ഷത്തിൽ അവന്റെ ചിറകുകൾ തളരും. അവൻ വീട്ടിലേക്ക് ‘ ‘കുത്തനെ താണുപറന്നിറങ്ങി’ ’ ചിറകുമടക്കി നമ്മുടെ കുടുംബം എന്ന കൂട്ടിൽ ഗർവംശമിച്ച് വിശ്രമിക്കുന്നത് നമ്മൾ കാണാനിരിക്കുന്നതേയുള്ളൂ.’ ’ ധൈര്യം നശിപ്പിക്കുന്ന ഈ ഉപമ മനസ്സിൽ പുതുമ നഷ്ടപ്പെടാതെതന്നെ ഉണ്ടായിരുന്നതുകൊണ്ട്, കൽക്കത്തയുടെനേർക്ക് ‘ ‘കുത്തനെ താണുപറന്നിറങ്ങാ’ ’ തിരിക്കാൻ ഞാൻ നിശ്ചയിച്ചിരുന്നു. ‘ ‘പ്രഭോ ഞാൻ വീട്ടിലേക്ക് തിരിച്ചുപോകുന്നില്ല. പക്ഷേ ഞാൻ അങ്ങയെ എവിടെയും പിൻതുടരും. അങ്ങയുടെ മേൽവിലാസവും പേരും ദയവുചെയ്തു പറയൂ.’ ’ [image file=image_rsrc19Y.jpg] ശ്രീ ശ്രീ സ്വാമി ശ്രീ യുക്തേശ്വര ഗിരി (1855-1936) ഒരു ജ്ഞാനാവതാരം; ശ്രീ ശ്രീ ലാഹിരി മഹാശയന്റെ ശിഷ്യൻ; യോഗാനന്ദജിയുടെ ഗുരു; YSS/SRF ക്രിയായോഗികളുടെ പരമഗുരു ‘ ‘സ്വാമി ശ്രീ യുക്തേശ്വര ഗിരി. എന്റെ പ്രധാന ആശ്രമം ശ്രീരാമപുരത്ത് റായ്ഘട്ട് തെരുവിലാണ്. ഞാൻ ഇവിടെ ഏതാനും ദിവസം എന്റെ അമ്മയെ സന്ദർശിക്കാൻ എത്തിയതാണ്.’ ’ തന്റെ ഭക്തന്മാരുമായി ഭഗവാൻ നടത്തുന്ന സങ്കീർണമായ ലീലകളോർത്ത് ഞാൻ വിസ്മയിച്ചു. ശ്രീരാമപുരം കൽക്കത്തയിൽ നിന്ന് വെറും പന്ത്രണ്ടു മൈൽ മാത്രം ദൂരെയാണ്. എന്നിട്ടും ആയിടങ്ങളിൽ ഒരിടത്തുംവച്ച് ഞാൻ എന്റെ ഗുരുദേവനെ കണ്ടിട്ടില്ല. ഞങ്ങളുടെ കണ്ടുമുട്ടലിനുവേണ്ടി ഞങ്ങൾക്ക് ലാഹിരി മഹാശയന്റെ ഓർമകളാൽ പവിത്രമായ പുരാതനകാശി (വാരാണസി) നഗരത്തിലേക്ക് യാത്ര ചെയ്യേണ്ടിവന്നു. ബുദ്ധനും, ശങ്കരാചാര്യരും5 മറ്റനവധി ഈശ്വരതുല്യരായ യോഗിമാരും പാദസ്പർശംകൊണ്ട് ഈ മണ്ണിനെ അനുഗ്രഹിച്ചിട്ടുണ്ട്. ‘ ‘നാലാഴ്ചയ'ക്കകം നീ എന്റെ അടുത്തുവരും.’ ’ ആദ്യമായി ശ്രീ യുക്തേശ്വരന്റെ സ്വരം കർശനമായി. ‘ ‘എനിക്ക് നിന്നോടുള്ള ശാശ്വതസ്നേഹവും നിന്നെ കണ്ടെത്തിയതിലുള്ള സന്തോഷവും ഞാൻ സ്പഷ്ടമാക്കിയ സ'ഥിതിക്ക്, എന്റെ അപേക്ഷ അവഗണിക്കാമെന്ന് നീ കരുതുന്നു.

അടുത്ത തവണ നാം കണ്ടുമുട്ടുമ്പോൾ എന്റെ താല്പര്യത്തെ നിനക്ക് വീണ്ടും ഉണർത്തേണ്ടിവരും. ഞാൻ നിന്നെ എളുപ്പത്തിൽ ശിഷ്യനായി സ്വീകരിക്കുകയില്ല. എന്റെ കർശനമായ ശിക്ഷണത്തിന് അനുസരണയോടെയുള്ള നിന്റെ പരിപൂർണസമർപ്പണം ഉണ്ടായേ തീരൂ.' ' ഞാൻ വാശിയോടെ നിശബ്ദത പാലിച്ചു. ഗുരുദേവൻ പെട്ടെന്ന് എന്റെ ഉള്ളറിഞ്ഞ് ബുദ്ധിമുട്ടെന്തെന്നു മനസ്സിലാക്കി. ' ' നിന്റെ വീട്ടുകാർ നിന്നെ കളിയാക്കുമെന്നാണോ വിചാരം?' ' ' 'ഞാൻ തിരിച്ചുപോകുകയില്ല. ' ' ' 'നീ മുപ്പതുദിവസത്തിനുള്ളിൽ തിരിച്ചുപോകും.' ' ' 'ഒരിക്കലുമില്ല.' ' തർക്കത്തിന്റെ പിരിമുറുക്കം അയയാതെതന്നെ അദ്ദേഹത്തിന്റെ കാൽക്കൽ പ്രണമിച്ചു ഞാൻ മടങ്ങി. അർധരാത്രിയുടെ ഇരുട്ടിൽ ആശ്രമത്തിലേക്കു മടങ്ങുമ്പോൾ ഈ അത്ഭുതകരമായ കൂടിക്കാഴ്ച എന്താണ് ഒരു അപസ്വരത്തിൽ അസാനിച്ചതെന്ന് ഞാൻ വിസ്മയിച്ചു. ഓരോ സന്തോഷത്തെയും ഓരോ ദുഃഖംകൊണ്ട് സമീകരിക്കുന്ന മായയുടെ ദ്വൈതാത്മകമായ ത്രാസിൻതട്ടുകൾ! എന്റെ യുവഹൃദയം എന്റെ ഗുരുവിന്റെ പരിവർത്തനകാരിയായ വിരലുകൾക്ക് ഇനിയും വഴങ്ങാറായിട്ടില്ല.ആശ്രമവാസികളുടെ മനോഭാവത്തിൽ വർധിച്ചവിരോധം അടുത്തദിവസം രാവിലെ ഞാൻ ശ്രദ്ധിച്ചു. അവർ എന്റെ ദിവസങ്ങളെ, മാറ്റമില്ലാത്ത പാരുഷ്യംകൊണ്ട് മുറിവേല്പിച്ചു. മൂന്നാഴ്ച്ചകഴിഞ്ഞ് ദയാനന്ദജി ഒരു സമ്മേളനത്തിന് ബോംബേക്കു പോയി. ഭാഗ്യംകെട്ട എനിക്കെതിരെ അവർ ശക്തമായി ബഹളംകൂട്ടി. ' 'ആശ്രമത്തിന്റെ ആതിഥ്യം സ്വീകരിച്ചിട്ട് പകരമായിവേണ്ട സേവനം അനുഷ്ഠിക്കാത്ത മുകുന്ദൻ ഒരു ഇത്തിൾകണ്ണിയാണ്.' ' ഈ വാക്കുകൾ എന്റെ കാതിൽ വീണപ്പോൾ, പണം അച്ഛന് തിരിച്ചയച്ചുകൊടുക്കുവാനുള്ള അപേക്ഷ അനുസരിച്ചതിൽ ഞാൻ ആദ്യമായി ഖേദിച്ചു. ദുഃഖം നിറഞ്ഞ ഹൃദയത്തോടെ, എന്റെ ഒരേ ഒരു സ്നേഹിതൻ ജിതേന്ദ്രനെ ഞാൻ തേടിപ്പിടിച്ചു. ' 'ഞാൻ പോകുന്നു. എന്റെ ബഹുമാനാദരങ്ങളോടുകൂടിയ ക്ഷമാപണം ദയാനന്ദജി വരുമ്പോൾ അറിയിക്കൂ.' ' ' 'ഞാനും പോകുകയാണ്! ഇവിടെ ഇരുന്ന് ധ്യാനിക്കുവാനുള്ള എന്റെ ശ്രമങ്ങൾ നിന്റേതുപോലെ നിഷ്ഫലമായിത്തീർന്നു,' ' ജിതേന്ദ്രൻ ഉറച്ചതീരുമാനത്തോടെ പറഞ്ഞു. ' 'ഞാൻ ഈശ്വരതുല്യനായ ഒരു ദിവ്യനെ കണ്ടെത്തിയിട്ടുണ്ട്. നമുക്ക് അദ്ദേഹത്തെ ശ്രീരാമപുരത്ത് പോയി കാണാം.' ' അങ്ങനെ ' 'പക്ഷി' ' കൽക്കത്തയ'ക്ക് ആപൽക്കരമാംവണ്ണം അടുത്തേക്ക് ' ' കുത്തനെ താണുപറക്കാൻ' ' ഒരുങ്ങി! [image file=image_rsrc1AJ.jpg] യോഗാനന്ദജി 1915-ൽ അച്ഛൻ നൽകിയ മോട്ടോർ സൈക്കിളിന്റെ പിൻസീറ്റിൽ ' 'അതിൽ ഞാൻ എല്ലായിടവും സഞ്ചരിച്ചു, പ്രത്യേകിച്ചും എന്റെ ഗുരുദേവനെ അദ്ദേഹത്തിന്റെ ശ്രീരാമപുരം ആശ്രമത്തിൽ സന്ദർശിക്കാൻ' ' , അദ്ദേഹം പറഞ്ഞു. [image file=image_rsrc1AR.jpg] 1 സംസ്കൃതം, ' ' സംസ്ക്കരിച്ചത്, പൂർണമായത്.' ' സംസ്കൃതം ഇൻഡോയൂറോപ്യൻ ഭാഷകളുടെയെല്ലാം ജ്യേഷ്ഠസഹോദരിയാണ്. അതിന്റെ ലിപി ദേവനാഗരി; വാച്യാർഥത്തിൽ ദേവന്മാരുടെ വാസസ'ഥാനം ' ' . ' 'എന്റെ വ്യാകരണം അറിയുന്നവൻ ഈശ്വരനെ അറിയുന്നു!' ' പുരാതനഭാരതത്തിലെ മഹാനായ ഭാഷാശാസ്ത്ര പണ്ഡിതൻ പാണിനി, സംസ്കൃതത്തിന്റെ ഗണിതാത്മകവും മന:ശാസ്ത്രപരവുമായ പൂർണതയ'ക്ക് ആ ബഹുമതി നൽകി. ഭാഷയെ അതിന്റെ കൂടാരത്തിലേക്ക് പിൻതുടരുന്നയാൾ വാസ്തവത്തിൽ സർവജ്ഞനായിത്തന്നെതീരണം.2 കടുവകളോട് തക്കസമയത്ത് വിപ്രതിപത്തികാട്ടിയതിന് ഓർക്കപ്പെടുന്ന ജതിൻദാ (ജോതിൻഘോഷ്) അല്ല ഈയാൾ.3 സ്നേഹിക്കുന്ന ബന്ധുക്കൾ ഉൾപ്പെടെ, പോരാ, ജീവൻതന്നെയുംതരുന്ന ആ അനുഗ്രഹദാതാവിനെ കണ്ടെത്തുന്നതിൽനിന്ന് സാധകനെ തടയുന്നുവെങ്കിൽ, കുടുംബബന്ധം ഒരു പ്രലോഭനമാണെന്ന് ഹിന്ദുശാസ്ത്രഗ്രന്ഥങ്ങൾ പഠിപ്പിക്കുന്നു. യേശുദേവൻ അതുപോലെ പഠിപ്പിച്ചു: ' 'എന്നെക്കാൾ അധികം അപ്പനെയോ അമ്മയേയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല.' ' മത്തായി 10:37(ബൈബിൾ)4 ശാസ്ത്രങ്ങളെ സംബന്ധിക്കുന്ന. ഇവ ശ്രുതി, സ്മൃതി, പുരാണം, തന്ത്രം എന്ന് നാലുതരമായി തിരിച്ചിരിക്കുന്നു. ഈ സമഗ്രങ്ങളായ പ്രമാണഗ്രന്ഥങ്ങൾ, നിയമം, രോഗചികിത്സ, വാസ്തുശില്പം, കല ഇത്യാദി മതസാമൂഹികജീവിതങ്ങളുടെ ഓരോ വശങ്ങളേയും പ്രതിപാദിക്കുന്നു. ശ്രുതികൾ ' 'നേരിട്ടു കേൾക്കായ' ' ' 'വെളിപാടു' ' കളായിലഭിച്ച വേദങ്ങളാണ്. സ്മൃതികൾ ' 'ഓർമയിൽ നിന്ന് അറിവായവയാണ്' ' . പിന്നീട്, അതിവിദൂരഭൂതകാലത്ത് ലോകത്തിലെ ഏറ്റവും ദീർഘമായ മഹാകാവ്യങ്ങളായ മഹാഭാരതവും രാമായണവും ആയി അവ എഴുതപ്പെട്ടു. പതിനെട്ടെണ്ണമുള്ള പുരാണങ്ങൾ വാച്യാർഥത്തിൽ ' 'പുരാതന' ' സാരോപദേശകഥകളാണ്. തന്ത്രങ്ങൾ വാച്യാർഥത്തിൽ മതപരമായ ' 'ചടങ്ങുകളോ' ' ' ' അനുഷ്ഠാന (പൂജാദിവിധികൾ) ങ്ങളോ' ' ആണ്. വിശദമായ ഒരു പ്രതീകാത്മകതയുടെ മറവിൽ ഈ പ്രമാണപ്രബന്ധങ്ങൾ അഗാധമായ സത്യങ്ങൾ പകരുന്നു.5 ഭാരതത്തിന്റെ ഏറ്റവും മഹാനായദാർശനികൻ ആദിശങ്കരാചാര്യർ (ശ്രീശങ്കരൻ), ഗോവിന്ദയതിയുടെയും, ഗോവിന്ദയതിയുടെ ഗുരു ഗൗഡപാദരുടെയും ശിഷ്യനായിരുന്നു. ഗൗഡപാദരുടെ മാണ്ഡൂക്യകാരികയ'ക്ക് ശ്രീശങ്കരൻ വിഖ്യാതമായ ഒരു ഭാഷ്യം എഴുതി. നിസ്തർക്കമായ യുക്തിഭദ്രതയോടും, വശ്യസുന്ദരമായ ശൈലിയിലും ശ്രീശങ്കരൻ വേദാന്തദർശനത്തെ വിട്ടുവീഴ്ചയില്ലാത്ത അദ്വൈതഭാവനയിൽ വ്യാഖ്യാനിച്ചു. മഹാനായ ആ അദ്വൈതി ഭക്തിപരമായ പ്രേമത്തിന്റെ പല സ്തോത്രങ്ങളും രചിച്ചു. അദ്ദേഹത്തിന്റെ ദേവ്യപരാധക്ഷമാപണ സ്തോത്രത്തിലെ ഓരോ ശ്ലോകത്തിന്റെയും അനുപല്ലവി ഇങ്ങനെയാണ്. ' 'കൊള്ളരുതാത്ത പുത്രന്മാർ

ധാരാളമുണ്ടെങ്കിലും കൊള്ളരുതാത്ത ഒരമ്മ ഒരിക്കലും ഉണ്ടായിട്ടില്ല.' ' ശ്രീശങ്കരന്റെ ശിഷ്യൻ സനന്ദനൻ ബ്രഹ്മസൂത്രത്തെപ്പറ്റി ഒരു ടിപ്പണി എഴുതി. അതിന്റെ കൈെയ്യഴുത്തുപ്രതി തീവെന്തു നഷ്ടപ്പെട്ടു. പക്ഷേ, (ഒരിക്കൽ അത് ഓടിച്ചു നോക്കിയിട്ടുള്ള) ശ്രീശങ്കരൻ, പദാനുപദം അത് ശിഷ്യന് വീണ്ടും പറഞ്ഞുകൊടുത്തു. പഞ്ചപദിക എന്ന ഈ ഗ്രന്ഥം ഇന്നും പണ്ഡിതന്മാർ പഠിക്കുന്നു.മനോഹരമായ ഒരു സംഭവത്തിനുശേഷം ശിഷ്യൻ സനന്ദനന് ഒരു പുതിയ പേര് ലഭിച്ചു. ഒരു ദിവസം നദീതീരത്തിരിക്കുമ്പോൾ ശ്രീശങ്കരൻ മറുകരയിൽ നിന്ന് തന്നെ വിളിക്കുന്നത് അദ്ദേഹം കേട്ടു. സനന്ദനൻ വെള്ളത്തിലേക്ക് ഇറങ്ങി. പതഞ്ഞു പാഞ്ഞൊഴുകുന്ന നദിയിൽ ശ്രീശങ്കരൻ താമരപ്പൂക്കളുടെ ഒരു ശൃംഖല സൃഷ്ടിച്ച് സനന്ദനന്റെ വിശ്വാസവും പാദങ്ങളും ഒരേസമയം ഉയർത്തിപ്പിടിച്ചു. അതിനുശേഷം ആ ശിഷ്യൻ 'പത്മപാദൻ' എന്നറിയപ്പെട്ടു.പഞ്ചപദികയിൽ പത്മപാദർ തന്റെ ഗുരുവിന് സ്നേഹനിർഭരമായ ആദരാഞ്ജലികൾ അർപ്പിക്കുന്നുണ്ട്. ശ്രീശങ്കരൻ തന്നെ, താഴെക്കൊടുത്തിരിക്കുന്ന സുന്ദരമായ വരികൾ എഴുതി: ' ' ഒരു യഥാർഥ ഗുരുവിന് അറിയപ്പെടുന്ന ഉപമാനങ്ങളൊന്നും മൂന്നുലോകങ്ങളിലും ഇല്ല. ദാർശനികന്റെ കല്ല് (പാരസമണി) യഥാർഥത്തിൽ അത്തരം ഒന്നാണ് എന്നു കരുതിയാൽ, അതിന് ഇരുമ്പിനെ സ്വർണമാക്കാനല്ലാതെ മറ്റൊരു പാരസമണിയാക്കാൻ കഴിയുകയില്ല. എന്നാൽ ആരാധ്യനായ ഗുരു, തന്നിൽ അഭയം പ്രാപിക്കുന്ന ശിഷ്യനെ തനിക്കു തുല്യനാക്കിത്തീർക്കുന്നു. അതുകൊണ്ട് ഗുരു അതുല്യനാണ്. അല്ലാ സർവാതിശായിയാണ്.' ' (ശതശ്ലോകി, 1)ശങ്കരഭഗവത്പാദർ ഈശ്വരസാക്ഷാത്കാരം ലഭിച്ച പുണ്യാത്മാവും ജ്ഞാനിയും കർമയോഗിയും ഒന്നുചേർന്ന ഒരപൂർവദേഹമായിരുന്നു. അദ്ദേഹം 32 വർഷമേ ജീവിച്ചിരുന്നുള്ളുവെങ്കിലും അതിലേറെയും അദ്ദേഹത്തിന്റെ അദ്വൈതസിദ്ധാന്തം പ്രചരിപ്പിച്ചുകൊണ്ട് ഭാരതത്തിന്റെ ഓരോ ഭാഗത്തേക്കുമുള്ള കഠിനയാത്രകളിലാണ് ചെലവഴിച്ചത്. നഗ്നപാദനായ യുവസന്ന്യാസിയുടെ ചുണ്ടിൽനിന്നും ഒഴുകിയ സാന്ത്വനാത്മകമായ ജ്ഞാനം ഉൾക്കൊള്ളുവാൻ ജനലക്ഷങ്ങൾ ആവേശത്തോടെ ഒത്തുകൂടിയിരുന്നു.ശ്രീശങ്കരന്റെ പരിഷ്കരണത്വരയ'ക്ക് പുരാതനമായ സന്ന്യാസസമ്പ്രദായവും വിധേയമായി. അദ്ദേഹം ആത്മീയപഠനകേന്ദ്രങ്ങൾ ഉൾക്കൊള്ളുന്ന മഠങ്ങൾ നാലിടങ്ങളിൽ സ'ഥാപിച്ചു; തെക്ക് ശൃംഗേരിയിലും, കിഴക്ക് പുരിയിലും, പടിഞ്ഞാറ് ദ്വാരകയിലും വടക്ക് ഹിമാലയത്തിൽ ബദരീനാഥത്തിലും.ഈ മഹാനായ അദ്വൈതവാദിയുടെ നാലുമഠങ്ങൾക്കും നാട്ടുരാജാക്കന്മാരും സാധാരണജനങ്ങളും ഉദാരമായ സംഭാവനകൾ നൽകി. സംസ്കൃതവ്യാകരണം, തർക്കം, വേദാന്തം, ദർശനം എന്നിവ ഈ മഠങ്ങൾ സൗജന്യമായി പഠിപ്പിച്ചു. ഭാരതത്തിന്റെ നാലു മൂലകളിൽ തന്റെ മഠങ്ങൾ ശങ്കരാചാര്യർ സ'ഥാപിച്ചതിന്റെ ഉദ്ദേശ്യം മതപരവും, ദേശീയവുമായ ഏകത വിശാലമായ ഈ നാട്ടിലാകെ വളർത്തുക എന്നതായിരുന്നു.അധ്യായം 11പൈസയില്ലാതെ രണ്ടുകുട്ടികൾ വൃന്ദാവനത്തിൽ ' 'മുകുന്ദാ, പൈതൃകസ്വത്തുകളൊന്നുംതരാതെ അച്ഛൻ നിന്നെ ഉപേക്ഷിച്ചാൽ നീയൊരു പാഠം പഠിക്കും! എത്ര ബുദ്ധിഹീനമായിട്ടാണ് നീ നിന്റെ ജീവിതം തുലച്ചുകളയുന്നത്!' ' ജ്യേഷ്ഠന്റെ ഉപദേശിപ്രസംഗം എന്റെ ചെവിയിൽ വന്നലയ'ക്കുകയായിരുന്നു.അടുത്തകാലത്ത് കൽക്കത്തയിൽ നിന്ന് പുരാതനപട്ടണമായ ആഗ്രയിലേക്ക് സ'ഥലംമാറ്റപ്പെട്ട അനന്തദായുടെ വീട്ടിൽ ജിതേന്ദ്രനും ഞാനും തീവണ്ടിയിൽ നിന്നിറങ്ങി 'പുതുതായി' (വെറും ആലങ്കാരികമായി പറഞ്ഞുവെന്നേ ഉള്ളൂ, ഞങ്ങൾ പൊടിയിൽകുളിച്ചിരുന്നു) എത്തിയതേ ഉണ്ടായിരുന്നുള്ളൂ. സർക്കാരിന്റെ പൊതുമരാമത്തു വകുപ്പിൽ ഉയർന്ന സ'ഥാനം വഹിക്കുന്ന ഒരു അക്കൗണ്ടന്റായിരുന്നു ജ്യേഷ്ഠൻ. ' 'അനന്തദായ'ക്ക് നല്ലവണ്ണം അറിയാമല്ലോ ഞാൻ സ്വർഗപിതാവിൽ നിന്നാണ് പൈതൃകം തേടുന്നതെന്ന്.' ' ' ' പണം ആദ്യം; പിന്നീട് ഈശ്വരൻ! ആർക്കറിയാം? ജീവിതം ചിലപ്പോൾ കുറേ നീണ്ടുപോയീയെന്നുവരാം.' ' ' 'ഈശ്വരൻ ആദ്യം; പണം അദ്ദേഹത്തിന്റെ അടിമയാണ്! ആർക്കു പറയാൻകഴിയും? ജീവിതം പെട്ടെന്ന് അവസാനിച്ചുവെന്നും വരാം.' ' അവസരത്തിനൊത്ത് ഞാനൊരു തർക്കുത്തരം പറഞ്ഞെന്നേയുള്ളു; അതിൽ ദീർഘദർശനമൊന്നുമില്ലായിരുന്നു. (കഷ്ടം, അനന്തദായുടെ ജീവിതം നേരത്തേ അവസാനിക്കുക തന്നെചെയ്തു).1 ' 'ആശ്രമത്തിൽ നിന്നുകിട്ടിയ ജ്ഞാനമായിരിക്കുമെന്ന് ഞാൻ ഊഹിക്കുന്നു! പക്ഷേ നീ വാരാണസി വിട്ടല്ലോ.' ' അനന്തദായുടെ കണ്ണുകൾ സംതൃപ്തികൊണ്ടു തിളങ്ങി; എന്റെ ചിറകുകളെ കുടുംബത്തിന്റെകൂട്ടിൽ ഒതുക്കാമെന്ന് അദ്ദേഹം ഇപ്പോഴും പ്രതീക്ഷിക്കുന്നു. ' ' വാരാണസിയിലെ എന്റെ താല്ക്കാലിക താമസം നിഷ്ഫലമായിരുന്നില്ല! എന്റെ ഹൃദയം കൊതിച്ചുകൊണ്ടിരുന്ന എല്ലാമെല്ലാം അവിടെ ഞാൻ കണ്ടെത്തി. അത് ചേട്ടന്റെ പണ്ഡിതനോ അയാളുടെ മകനോ അല്ലെന്നു ഉറപ്പുവിചാരിച്ചോളൂ.' ' ഓർത്തുചിരിക്കുന്നതിൽ അനന്തദായും പങ്കുകൊണ്ടു. വാരാണസിയിൽ താൻ തിരഞ്ഞെടുത്ത ' 'ദീർഘദർശി' ' ഒരു ഹ്രസ്വദൃഷ്ടിയാണെന്നു തെളിഞ്ഞുവെന്ന് അദ്ദേഹത്തിന് സമ്മതിക്കേണ്ടി വന്നു. ' ' അലഞ്ഞുതിരിയുന്ന എന്റെ അനിയാ, നിന്റെ പരിപാടികൾ എന്താണ്?' ' ' 'ജിതേന്ദ്രൻ ആഗ്രയിലേക്കുവരാൻ എന്നെ പ്രേരിപ്പിച്ചു. ഇവിടുത്തെ താജ്മഹലിന്റെ സൗന്ദര്യം ഞങ്ങൾ കാണും. ' ' ഞാൻ വിശദീകരിച്ചു. ' 'എന്നിട്ട് ഞാൻ പുതുതായി കണ്ടെത്തിയ ഗുരുവിന്റെ ശ്രീരാമപുരത്തെ ആശ്രമത്തിലേക്ക് ഞങ്ങൾ പോകുകയാണ്.' ' ആതിഥ്യമര്യാദയോടെ അനന്തദാ ഞങ്ങൾക്ക് സുഖസൗകര്യങ്ങൾ ചെയ്തുതന്നു. സായാഹ്നത്തിൽ പലപ്രാവശ്യം അദ്ദേഹത്തിന്റെ

കണ്ണുകൾ ചിന്താധീനമായി എന്നിൽ പതിയുന്നത് ഞാൻ ശ്രദ്ധിച്ചു. ‘ ‘ആ നോട്ടം എനിക്കറിയാം! ’ ’ ഞാൻ വിചാരിച്ചു. ‘ ‘എന്തോ കൊനിഷ്ട് ഒപ്പിക്കാനാവും.’ ’ പ്രഭാതഭക്ഷണവേളയിൽ കള്ളിപുറത്തായി. ‘ ‘അപ്പോൾ, അച്ഛന്റെ സ്വത്തിനെ ആശ്രയിക്കാതെ, തന്നെകഴിയാമെന്നാണ് നിനക്കുതോന്നുന്നത്, അല്ലേ’ ’ തലേദിവസത്തെ കുത്തുവാക്കുകൾ പുനരാരംഭിക്കുമ്പോൾ അനന്തദായുടെ നോട്ടം നിഷ്കളങ്കമായിരുന്നു. ‘ ‘ഈശ്വരനിലുള്ള എന്റെ ആശ്രയത്തെപ്പറ്റി എനിക്ക് നല്ല ബോധ്യമുണ്ട്’ ’ ‘ ‘വാക്കുകൾക്കു എന്തു വിലയിരിക്കുന്നു! ഇത്രത്തോളം നിന്നെ ജീവിതം രക്ഷിച്ചു. ആഹാരത്തിനും കിടപ്പാടത്തിനുംവേണ്ടി അദൃശ്യനായ ഈശ്വരന്റെ നേരെ കൈനീട്ടാൻ നിർബന്ധിതനായാൽ എന്തായിരിക്കും അവസ'ഥ! താമസിയാതെ തെരുവിൽ പിച്ചതെണ്ടുകയായിരിക്കും നീ.’ ’ ‘ ‘ഒരിക്കലുമില്ലാ! ഈശ്വരനിലല്ലാതെ വഴിപോക്കരിൽ ഞാൻ വിശ്വാസം അർപ്പിക്കുകയില്ല. പിച്ചപ്പാത്രമല്ലാതെ ഒരായിരം വഴികൾ തന്റെ ഭക്തനു തുറന്നുകൊടുക്കാൻ അദ്ദേഹത്തിനുകഴിയും.’ ’ ‘ ‘വീണ്ടും വാക്ധോരണി! നീ വീമ്പിളക്കുന്ന തത്ത്വശാസ്ത്രം ഈ പ്രത്യക്ഷലോകത്തിൽ ഒരു പരീക്ഷയ'ക്ക് വിധേയമാക്കാൻ ഞാൻ നിർദേശിക്കുകയാണെങ്കിലോ?’ ’ ‘ ‘ഞാൻ സമ്മതിക്കും! ചേട്ടൻ ഈശ്വരനെ ഊഹാപോഹത്തിന്റെ ഒരു ലോകത്ത് ഒതുക്കുകയാണോ?’ ’ ‘ ‘നമുക്കുകാണാം; എന്റെ അഭിപ്രായങ്ങൾ തിരുത്താനോ സ'ഥിരീകരിക്കാനോ ഇന്ന് നിനക്ക് അവസരം ലഭിക്കും.’ ’ നാടകീയമായ ഒരു നിമിഷനേരം അനന്തദാ നിർത്തി; എന്നിട്ട് സാവധാനം ഗൗരവത്തിൽ പറഞ്ഞു. ‘ ‘നിന്നെയും നിന്റെ സഹശിഷ്യനായ ജിതേന്ദ്രനെയും അടുത്തുള്ള വൃന്ദാവനം പട്ടണത്തിലേക്ക് ഇന്നു രാവിലെ അയയ'ക്കാമെന്ന ഒരു നിർദേശം ഞാൻ വയ'ക്കുന്നു. നിങ്ങൾ ഒരു രൂപപോലും കയ്യിൽ കൊണ്ടുപോകരുത്; ആഹാരമോ പണമോ യാചിക്കരുത്; നിങ്ങളുടെ വിഷമസ'ഥിതി ആരോടും വെളിപ്പെടുത്തരുത്; ആഹാരം കഴിക്കാനില്ലാതെ വരരുത്; വൃന്ദാവനത്തിൽ നിരാശ്രയരായി കുടുങ്ങിപ്പോകാൻ ഇടയാകാനും പാടില്ല. ഇന്നുരാത്രി പന്ത്രണ്ടുമണിക്കു മുമ്പ് പരീക്ഷയിലെ വ്യവസ'ഥകൾ ഒന്നും ലംഘിക്കാതെ നീ ഇവിടെ എന്റെ ബംഗ്ളാവിൽ തിരിച്ചെത്തിയാൽ, ഈ ആഗ്രയിൽ ഏറ്റവും വിസ്മയാധീനനായ മനുഷ്യൻ ഞാനായിരിക്കും. ‘ ‘ഞാൻ വെല്ലുവിളി സ്വീകരിക്കുന്നു.’ ’ എന്റെ വാക്കുകളിലോ ഹൃദയത്തിലോ ഒരു പതർച്ചയുമില്ലായിരുന്നു. തൽക്ഷണമായ ഈശ്വരകാരുണ്യത്തിന്റെ നന്ദിയോടെയുള്ള സ്മരണ എന്റെ മനസ്സിൽ മിന്നിത്തെളിഞ്ഞു: ലാഹിരി മഹാശയന്റെ ചിത്രത്തോടുള്ള അപേക്ഷയിലൂടെ മാരകമായ വിഷൂചികയിൽനിന്ന് എന്റെ രോഗശാന്തി; ലാഹോറിലെ മട്ടുപ്പാവിൽവച്ച് തമാശയ'ക്ക് സമ്മാനമായി ലഭിച്ച രണ്ടു പട്ടങ്ങൾ; എന്റെ നിരാശയിൽ തക്കസമയത്ത് ബറേലിയിൽവച്ചു ലഭിച്ച ഏലസ്സ്; വാരാണസിയിലെ പണ്ഡിതന്റെ വീട്ടുമുറ്റത്തുവച്ച് സാധുവിൽനിന്ന് ലഭിച്ച നിർണായകമായ സന്ദേശം; ദിവ്യജനനിയുടെ ദർശനവും മനോജ്ഞമായ പ്രേമവാണികളും; എന്റെ നിസ്സാരമായ വല്ലായ്മകളിൽ മാസ്റ്റർ മഹാശയനിൽകൂടി താമസംവിനാ ലഭിച്ച ജഗദംബയുടെ ശ്രദ്ധ; എന്റെ ഹൈസ്കൂൾ ഡിപ്ലോമ യാഥാർഥ്യമാക്കിയ അന്ത്യനിമിഷത്തെ മാർഗനിർദേശം; എനിക്കു ലഭിച്ച ഏറ്റവും മഹത്തായ വരദാനം - എന്റെ ഒരു ജീവിതകാലത്തെ സ്വപ്നങ്ങളുടെ മൂടൽമഞ്ഞിൽനിന്ന് എനിക്കു ലഭിച്ച ചൈതന്യധന്യനായ എന്റെ ഗുരുദേവൻ. ലോകത്തെ പരുഷങ്ങളായ പരീക്ഷണവേദികളിലെ ഏതു ബലപരീക്ഷയിലായാലും, എന്റെ ‘ ‘തത്ത്വജ്ഞാനം’ ’ അപര്യാപ്തമാണെന്ന് ഞാൻ ഒരിക്കലും സമ്മതിക്കുകയില്ല! ‘ ‘നിന്റെ തയ്യാർ ശ്ലാഘനീയമാണ്. ഞാൻ ഇപ്പോൾ തന്നെ നിങ്ങളെ തീവണ്ടി വരെ അനുഗമിക്കാം.’ ’ അനന്തദാ പറഞ്ഞു.വാപൊളിച്ചുനിന്ന ജിതേന്ദ്രന്റെ നേർക്ക് അദ്ദേഹം തിരിഞ്ഞു. ‘ ‘നീ കൂടെ പോകണം-ഒരു സാക്ഷി എന്ന നിലയ'ക്ക്, മിക്കവാറും മറ്റൊരു ബലിയാടായി!’ ’ അരമണിക്കൂർ കഴിഞ്ഞപ്പോൾ ജിതേന്ദ്രനും ഞാനും, യാത്രയുടെ ഒരുവഴിക്ക്-അങ്ങോട്ടുമാത്രം-ഉള്ള ടിക്കറ്റിന്റെ ഉടമസ'ഥരായി. സ്റ്റേഷന്റെ ആളൊഴിഞ്ഞ ഒരു മൂലയിൽവച്ച് ഞങ്ങൾ ഒരു ദേഹപരിശോധനയ'ക്കു നിന്നുകൊടുത്തു. ഒളിച്ചുവച്ച പണ്ടങ്ങളൊന്നും ഞങ്ങൾ കൊണ്ടുപോകുന്നില്ലെന്ന് അനന്തദായ'ക്ക് വേഗം ബോധ്യമായി; ഞങ്ങളുടെ സാദാധോത്തികൾ ആവശ്യത്തിൽക്കവിഞ്ഞ് യാതൊന്നും മറച്ചിരുന്നില്ല.ധനകാര്യത്തിന്റെ ഗൗരവമായ മേഖലകളെ വിശ്വാസം കടന്നാക്രമിച്ചതുകൊണ്ട് എന്റെ സുഹൃത്ത് പ്രതിഷേധത്തോടെ പറഞ്ഞു. ‘ ‘അനന്തദാ, സുരക്ഷിതത്വത്തിന്റെ പേരിൽ എനിക്ക് ഒന്നോ രണ്ടോ രൂപ തരൂ. അപ്പോൾ അബദ്ധം എന്തെങ്കിലും പറ്റിയാൽ എനിക്ക് കമ്പിയടിക്കാമല്ലോ.’ ’ ‘ ‘ജിതേന്ദ്രാ!’ ’ എന്റെ ആക്രോശം തീക്ഷ്ണമായ ശകാരത്തിന്റേതായിരുന്നു. ‘ ‘ആത്യന്തികമായ സുരക്ഷ എന്ന നിലയിൽ നീ കുറേ പണം കരുതുകയാണെങ്കിൽ ഞാൻ ഈ പരീക്ഷണവുമായി മുമ്പോട്ടില്ല.’ ’ ‘ ‘നാണയങ്ങളുടെ കിലുക്കത്തിൽ ധൈര്യം പകരുന്ന എന്തോ ഉണ്ട്.’ ’ ഞാൻ രൂക്ഷമായി നോക്കിയതുകൊണ്ട് ജിതേന്ദ്രൻ കൂടുതലൊന്നും പറഞ്ഞില്ല. ‘ ‘മുകുന്ദാ, ഞാൻ ഹൃദയശൂന്യനൊന്നുമല്ല.’ ’ അനന്തദായുടെ ശബ്ദത്തിൽ എളിമയുടെ ലാഞ്ഛന കടന്നു കൂടി. അദ്ദേഹത്തിന്റെ മന:സാക്ഷി അദ്ദേഹത്തെ കുത്തുന്നുണ്ടായിരുന്നിരിക്കും; ഒരുപക്ഷേ ഒരു പണവും കയ്യിലില്ലാത്ത രണ്ടു കുട്ടികളെ ഒരു അപരിചിതമായ പട്ടണത്തിലേക്ക് അയയ'ക്കുന്നതിലായിരിക്കാം; അല്ലെങ്കിൽ തന്റെ ഉറപ്പില്ലാത്ത ഈശ്വരവിശ്വാസം കാരണമാകാം. ‘ ‘യാദൃച്ഛികമായോ ദൈവാധീനം കൊണ്ടോ ഈ കടുത്ത വൃന്ദാവനയാത്രയിൽ നീ വിജയിച്ചാൽ എന്നെ നിന്റെ ശിഷ്യനാക്കി ദീക്ഷതരാൻ ഞാൻ നിന്നോട് ആവശ്യപ്പെടും.’ ’ അസാധാരണമായ

ഈ അവസരത്തിനു ചേരുന്ന തരത്തിൽ ഏതോ ഒരു ക്രമക്കേട് ഈ വാഗ്ദാനത്തിൽ ഉണ്ടായിരുന്നു. ഭാരതത്തിൽ കുടുംബത്തിലെ മൂത്തസഹോദരൻ തന്റെ ഇളയവരുടെ മുന്നിൽ തലകുനിക്കാറില്ല; ആദരവും അനുസരണയും ലഭിക്കുന്ന കാര്യത്തിൽ അച്ഛൻ കഴിഞ്ഞാൽ അദ്ദേഹത്തിനാണ് സ'ഥാനം. പക്ഷേ, എന്റെ ഒരഭിപ്രായപ്രകടനത്തിന് സമയമില്ലായിരുന്നു; തീവണ്ടി പുറപ്പെടാൻ പോവുകയായിരുന്നു.തീവണ്ടി മൈലുകൾ താണ്ടി ഓടിയപ്പോൾ ജിതേന്ദ്രൻ മ്ലാനമായ നിശ്ശബ്ദത പാലിച്ചു. ഒടുവിൽ അവൻ അനങ്ങി; എന്റെ അടുത്തേക്കുചാഞ്ഞ്, മൃദുവായ ഒരിടത്ത് വേദനിക്കത്തക്കവിധം ഒരു നുള്ളു തന്നു. ‘ ‘നമ്മുടെ അടുത്ത ആഹാരം ഈശ്വരൻ തരാൻപോകുന്നതിന്റെ ഒരു ലക്ഷണവും ഞാൻ കാണുന്നില്ല!’ ’ ‘ ‘ഒന്നു മിണ്ടാതിരിക്കെടാ, സംശയാലൂ; ജഗദീശ്വരൻ നമ്മോടൊപ്പം പ്രവർത്തിക്കുന്നുണ്ട്.’ ’ ‘ ‘അദ്ദേഹം ഒന്നു തിടുക്കത്തിലാകാനും നിനക്ക് ഇടപാടു ചെയ്യാമോ? നമുക്കു വരാനിരിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടു തന്നെ എനിക്ക് വയറു കത്തുന്നു. ഞാൻ വാരാണസി വിട്ടത് താജ് ശവകുടീരം കാണാനാണ്, അല്ലാതെ സ്വയം ഒന്നിൽ കയറിക്കൂടാനല്ല!’ ’ ‘ ‘ധൈര്യമായിരിക്കൂ, ജിതേന്ദ്ര! വൃന്ദാവനത്തിലെ വിശുദ്ധവിസ്മയങ്ങൾ നമ്മൾ ആദ്യമായി കാണാൻ പോകുകയല്ലേ ശ്രീകൃഷ്ണഭഗവാന്റെ പാദങ്ങൾ പവിത്രമാക്കിയ ആ മണ്ണിൽ നടക്കാമല്ലോയെന്ന ചിന്ത എനിക്ക് അഗാധമായ ആനന്ദം പകരുന്നു.’ ’ ഞങ്ങളുടെ കമ്പാർട്ട്മെന്റിന്റെ വാതിൽ തുറന്നു; രണ്ടുപേർ വന്ന് ഇരുന്നു. അടുത്ത സ്റ്റേഷനിലാണ് യാത്രയുടെ അവസാനം. ‘ ‘കുട്ടികളേ, വൃന്ദാവനത്തിൽ നിങ്ങൾക്കു സ്നേഹിതരുണ്ടോ?’ ’ എന്റെ എതിരെ ഇരുന്ന അപരിചിതൻ അത്ഭുതമുണ്ടാക്കുന്ന തരത്തിൽ താല്പര്യം കാട്ടി. ‘ ‘നിങ്ങൾക്ക് എന്തുകാര്യം’ ’ ധിക്കാരമായി ഞാൻ മുഖം തിരിച്ചു. ‘ ‘നിങ്ങൾ ഒരുപക്ഷേ, ‘ഹൃദയങ്ങളുടെ ചോര'നായ ഹരി2യുടെ വിലാസത്തിൽ മയങ്ങി വീട്ടിൽനിന്ന് ഒളിച്ചോടുകയായിരിക്കും. ഞാനും ഭക്തിയുള്ള കൂട്ടത്തിലാണ്. നിങ്ങൾക്ക് ആഹാരവും കഠിനമായ ഈ വെയിലിൽനിന്ന് രക്ഷയും കിട്ടുന്നുവെന്ന് ഉറപ്പുവരുത്തുക തീർച്ചയായും എന്റെ കർത്തവ്യമാണെന്ന് ഞാൻ കരുതുന്നു.’ ’ ‘ ‘വേണ്ട, സേർ, ഞങ്ങളെ വിട്ടേക്കൂ. കാരുണ്യത്തിന് നന്ദി; പക്ഷേ ഞങ്ങൾ വീട്ടിൽനിന്ന് ഒളിച്ചു കടന്നവരാണെന്ന് ധരിച്ചെങ്കിൽ അങ്ങേക്ക് തെറ്റുപറ്റി.’ ’ കൂടുതൽ സംഭാഷണം ഉണ്ടായില്ല. വണ്ടി നിന്നു. ജിതേന്ദ്രനും ഞാനും പ്ലാറ്റ്ഫോമിൽ ഇറങ്ങിയപ്പോൾ, ഞങ്ങളുടെ യദൃച്ഛയാ കിട്ടിയ കൂട്ടാളികൾ ഞങ്ങളോടു കൈകോർത്തുപിടിച്ചുനിന്നുകൊണ്ട് ഒരു കുതിരവണ്ടി വിളിച്ചു.നിത്യഹരിതവൃക്ഷങ്ങളുടെ മധ്യത്തിൽ ഭംഗിയായി പരിരക്ഷിച്ചിരുന്ന പരിസരങ്ങളിലെ രാജകീയപ്രൗഢിയുള്ള ഒരു ആശ്രമത്തിന്റെ മുമ്പിൽ ഞങ്ങൾ ഇറങ്ങി. ഞങ്ങളുടെ ഗുണകാംക്ഷികൾ ഇവിടെ പരിചിതരായിരുന്നുവെന്ന് തീർച്ച; പുഞ്ചിരിക്കുന്ന ഒരു പയ്യൻ പ്രത്യേകിച്ച് ഒന്നും പറയാതെ ഞങ്ങളെ സ്വീകരണമുറിയിലേക്ക് നയിച്ചു. പ്രായംചെന്ന ഒരു സ്ത്രീ വേഗം ഞങ്ങളുടെ അടുത്തേക്കുവന്നു. ‘ ‘ഗൗരീ മാ, രാജകുമാരന്മാർക്കു വരാൻ കഴിഞ്ഞില്ല.’ ’ ആശ്രമത്തിലെ ആതിഥേയയെ, അവരിൽ ഒരാൾ അറിയിച്ചു. ‘ ‘അവസാന നിമിഷത്തിൽ അവരുടെ പരിപാടികൾ തെറ്റി; അവർ അഗാധമായ ഖേദം അറിയിക്കുന്നു. പക്ഷേ ഞങ്ങൾ വേറെ രണ്ട് അതിഥികളെ കൊണ്ടുവന്നിട്ടുണ്ട്. തീവണ്ടിയിൽവച്ചു കണ്ടുമുട്ടിയ ഉടനെ തന്നെ അവരിൽ ശ്രീകൃഷ്ണഭക്തരെന്ന നിലയിൽ ഞാൻ ആകൃഷ്ടനായി.’ ’ ‘ ‘പോയി വരാം, യുവസുഹൃത്തുക്കളെ,’ ’ ഞങ്ങളുടെ രണ്ടു പരിചയക്കാരും വാതിലിലേക്കു നീങ്ങി. ’ ’ ഈശ്വരൻ അങ്ങനെ നിശ്ചയിക്കുന്നുവെങ്കിൽ നമുക്ക് ഇനിയും കാണാം.’ ’ ‘ ‘നിങ്ങൾക്കു സ്വാഗതം,’ ’ ഗൗരിമാ ഒരമ്മയെപ്പോലെ മന്ദഹസിച്ചു. ‘ ‘ഇതിലും നല്ലൊരു ദിവസത്തിൽ നിങ്ങൾക്ക് വരാൻ കഴിയുമായിരുന്നില്ല. ഈ ആശ്രമത്തിന്റെ രണ്ടു രാജകീയ രക്ഷാധികാരികളെ ഞാൻ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. എന്റെ പാചകം ആസ്വദിക്കാൻ ആരുമില്ലാതെ പോയാൽ എന്തു മോശമായേനേ!’ ’ സന്തോഷകരമായ ഈ വാക്കുകൾ അത്ഭുതം ഉളവാക്കുന്ന ഒരു പ്രതികരണമാണ് ജിതേന്ദ്രനിൽ സൃഷ്ടിച്ചത്: അവൻ പൊട്ടിക്കരഞ്ഞു. വൃന്ദാവനത്തിൽ അവൻ ഭയന്ന ‘ ‘വരാനിരിക്കുന്നത്’ ’ ഒരു രാജകീയ സൽകാരമായി മാറുകയായിരുന്നു; മനസ്സിന്റെ പെട്ടെന്നുള്ള പുന:ക്രമീകരണം അവന് അസാധ്യമായിരുന്നു. ഞങ്ങളുടെ ആതിഥേയ ഒന്നും പറയാതെ കൗതുകത്തോടെ അവനെ നോക്കി; ഒരു പക്ഷേ, കൗമാരപ്രായത്തിന്റെ വിചിത്രസ്വഭാവം അവർക്ക് പരിചിതമായിരിക്കാം.ഊണുസമയമായിയെന്ന് അറിയിപ്പുവന്നു; വിശപ്പുണ്ടാക്കുന്ന സുഗന്ധംപരന്ന ഊണുമുറിയിലേക്ക് ഗൗരി മാ ഞങ്ങളെ കൊണ്ടുപോയി. അവർ അടുത്തുള്ള അടുക്കളയിൽ മറഞ്ഞു.ഞാൻ ഈ നിമിഷം കാത്തിരിക്കുകയായിരുന്നു. ജിതേന്ദ്രന്റെ ശരീരത്തിൽ, പറ്റിയ ഒരു ഭാഗം തിരഞ്ഞെടുത്ത്, തീവണ്ടിയിൽവച്ച് അവൻ എനിക്കു തന്നത്ര വേദനയുണ്ടാക്കുന്ന ഒരു നുള്ള് ഞാൻ തിരിച്ചുകൊടുത്തു. ‘ ‘സംശയാലൂ, ജഗദീശ്വരൻ പ്രവർത്തിക്കുന്നുണ്ട് – തിടുക്കത്തിൽതന്നെ!’ ’ ആതിഥേയ ഒരു വിശറിയുമായി തിരിച്ചെത്തി. ചിത്രപ്പണികളുള്ള കമ്പളങ്ങളിൽ ഞങ്ങൾ ചമ്രംപടിഞ്ഞിരുന്നപ്പോൾ, അവർ പൗരസ്ത്യ രീതിയനുസരിച്ച് ഞങ്ങളെ വീശിക്കൊണ്ടിരുന്നു. ആശ്രമ അന്തേവാസികൾ ഒരു മുപ്പതുതരം വിഭവങ്ങളുമായി അങ്ങോട്ടുമിങ്ങോട്ടും നീങ്ങി. ‘ ‘ഊണ്’ ’ എന്നതിനു പകരം ‘ ‘വിഭവസമൃദ്ധമായ സദ്യ’ ’ എന്നേ ഇതിനെ വിവരിക്കാനാകൂ. ഈ ഭൂമിയിൽ വന്നെത്തിയശേഷം ഇതുപോലുള്ള വിശിഷ്ടഭോജ്യങ്ങൾ ജിതേന്ദ്രനും ഞാനും ആസ്വദിച്ചിട്ടില്ല. ‘ ‘ആദരണീയയായ മാതാവേ, വാസ്തവത്തിൽ രാജോചിതമായ വിഭവങ്ങൾതന്നെ!

ഈ സദ്യയ'ക്ക് എത്തുന്നതിനേക്കാൾ അടിയന്തിരമായി നിങ്ങളുടെ രാജകീയ രക്ഷാധികാരികൾ മറ്റ് എന്താണ് കണ്ടെത്തിയതെന്ന് എനിക്ക് സങ്കല്പിക്കാൻ ആവുന്നില്ല. ജീവിതത്തിലെ എക്കാലത്തേക്കുമുള്ള ഒരു ഓർമയാണ് ഞങ്ങൾക്ക് നല്കിയത്!’ ’ അനന്തദായുടെ നിബന്ധന മൂകരാക്കിയ ഞങ്ങൾക്ക് ഞങ്ങളുടെ നന്ദിക്ക് യഥാർഥത്തിൽ രണ്ടുരീതിയിൽ പ്രാധാന്യമുണ്ടെന്നുള്ള കാര്യം ആ മഹതിയോടു വിശദീകരിക്കാൻ കഴിഞ്ഞില്ല. എങ്കിലും ഞങ്ങളുടെ ആത്മാർഥത പ്രകടമായിരുന്നു. അവരുടെ അനുഗ്രഹാശ്ശിസ്സുകളും ആശ്രമം വീണ്ടും സന്ദർശിക്കാനുള്ള ആകർഷകമായ ക്ഷണവും വാങ്ങിക്കൊണ്ട് ഞങ്ങൾ യാത്രയായി.വെളിയിൽ ചൂട് അതികഠിനമായിരുന്നു. ആശ്രമകവാടത്തിനടുത്തുള്ള ഒരു വലിയ കദംബവൃക്ഷച്ചുവട്ടിൽ സ്നേഹിതനും ഞാനും അഭയം തേടി. ജിതേന്ദ്രൻ ഒരിക്കൽക്കൂടി സംശയഗ്രസ്തനായി; മൂർച്ചയേറിയ വാക്കുകൾ ഞങ്ങൾ കൈമാറി. ‘ ‘എന്നെ എന്തൊരു വിഷമ സ'ഥിതിയിലാണ് നീ കൊണ്ടെത്തിച്ചിരിക്കുന്നത്! നമ്മുടെ ഊണ് യദൃച്ഛയാ ലഭിച്ച ഒരു ഭാഗ്യം മാത്രമായിരുന്നു! ഒരൊറ്റ പൈസ കൈയ്യിലില്ലാതെ പട്ടണത്തിലെ കാഴ്ചകൾ നമുക്ക് എങ്ങനെ കാണാനൊക്കും? പിന്നെ, ഏതു വിധേനയാണ് നീ എന്നെ അനന്തദായുടെ വീട്ടിൽ തിരിച്ചെത്തിക്കുവാൻ പോകുന്നത്?’ ’ ‘ ‘ നിന്റെ വയറു നിറഞ്ഞുകഴിഞ്ഞ സ'ഥിതിക്ക് നീ ഈശ്വരനെ പെട്ടെന്ന് മറക്കുന്നു.’ ’ എന്റെ വാക്കുകൾ അത്ര കടുത്തതായിരുന്നില്ലെങ്കിലും കുറ്റപ്പെടുത്തുന്നവയായിരുന്നു. ഈശ്വരകാരുണ്യത്തെപ്പറ്റി മനുഷ്യന്റെ ഓർമ എത്ര ഹ്രസ്വമാണ്! തന്റെ ഏതാനും പ്രാർഥനകളെങ്കിലും നിറവേറുന്നതു കണ്ടിട്ടില്ലാത്ത ഒരു മനുഷ്യനും ഇല്ല. ‘ ‘നിന്നെപ്പോലുള്ള ഒരു എടുത്തുചാട്ടക്കാരന്റെ കൂടെ ഇറങ്ങിത്തിരിച്ച എന്റെ മണ്ടത്തരം ഞാൻ മറക്കാനിടയില്ല!’ ’ ‘ ‘ ശാന്തനാകൂ, ജിതേന്ദ്ര! നമുക്ക് ആഹാരം നൽകിയ അതേ ജഗൽപ്രഭു നമുക്ക് വൃന്ദാവനം കാട്ടിത്തരും, ആഗ്രയിൽ തിരിച്ചെത്തിക്കുകയും ചെയ്യും.’ ’ നല്ല മുഖശ്രീയുള്ള ഒരു കൃശഗാത്രനായ യുവാവ് വേഗം നടന്ന് ഞങ്ങളെ സമീപിച്ചു. ഞങ്ങളുടെ മരത്തിന്റെ കീഴിൽ എത്തി എന്നെ വന്ദിച്ചു. ‘ ‘ പ്രിയസ്നേഹിതാ, നിങ്ങളും കൂട്ടുകാരനും ഇവിടെ അപരിചിതരായിരിക്കണം. നിങ്ങളുടെ ആതിഥേയനും വഴികാട്ടിയും ആകാൻ എന്നെ അനുവദിക്കൂ.’ ’ ഭാരതീയന് മുഖം വിളറുകയെന്നത് ഏറെക്കുറെ അസാധ്യമാണ്. പക്ഷേ ജിതേന്ദ്രന്റെ മുഖം പെട്ടെന്ന് മ്ലാനമായി. ഞാൻ ഭവ്യമായി ആ ക്ഷണം നിരസിച്ചു. ‘ ‘നിങ്ങൾ തീർച്ചയായും എന്നെ തുരത്തുകയല്ലല്ലോ?’ ’ ആ അപരിചിതന്റെ സംഭ്രമം മറ്റേതൊരു സാഹചര്യത്തിലായിരുന്നുവെങ്കിലും ചിരിക്കു വക നൽകിയേനേ. ‘ ‘ എന്തുകൊണ്ടായിക്കൂടാ?’ ’ ‘ ‘അങ്ങ് എന്റെ ഗുരുദേവനാണ്.’ ’ അയാളുടെ കണ്ണുകൾ വിശ്വാസത്തോടെ എന്റെ കണ്ണുകൾ തേടി. ‘ ‘എന്റെ മധ്യാഹ്നപ്രാർഥനകളിൽ ശ്രീകൃഷ്ണപരമാത്മാവ് എനിക്കു ദർശനം നൽകി. ആരോരുമില്ലാതെ രണ്ടുപേർ ഇതേ മരത്തിന്റെ കീഴിൽ നില്ക്കുന്നത് അദ്ദേഹം എനിക്കു കാട്ടിതന്നു. ഒരു മുഖം അങ്ങയുടേതായിരുന്നു. ഗുരുദേവാ! ധ്യാനത്തിൽ ഞാൻ അത് പലപ്പോഴും കണ്ടിട്ടുണ്ട്. എന്റെ എളിയസേവനങ്ങൾ സ്വീകരിച്ചാൽ എനിക്ക് എത്ര സന്തോഷമാകും!’ ’ ‘ ‘നീ എന്നെ കണ്ടെത്തിയതിൽ എനിക്കും സന്തോഷമുണ്ട്. ഈശ്വരനും മനുഷ്യനും ഞങ്ങളെ കൈയ്യൊഴിഞ്ഞിട്ടില്ല!’ ’ എന്റെ മുന്നിലെ ആകാംക്ഷാഭരിതമായ മുഖം നോക്കി പുഞ്ചിരിച്ചുകൊണ്ട് നിശ്ചലനായി ഞാൻ നില്ക്കുകയായിരുന്നെങ്കിലും മനസ്സുകൊണ്ട് ഞാൻ ഈശ്വരപാദങ്ങൾ പ്രണമിച്ചു. ‘ ‘പ്രിയസുഹൃത്തുക്കളെ, നിങ്ങളുടെ സന്ദർശനംകൊണ്ട് എന്റെ വീടിനെ അനുഗ്രഹിക്കുകയില്ലേ?’ ’ ‘ ‘നീ കാരുണ്യവാനാണ്. പക്ഷേ ആ പരിപാടി നടപ്പിലാക്കാനാവില്ല. ഞങ്ങൾ നീ വിളിക്കുംമുമ്പേതന്നെ ആഗ്രയിലുള്ള എന്റെ ജ്യേഷ്ഠന്റെ അതിഥികളായിരിക്കുകയാണ്.’ ’ ‘ ‘നിങ്ങളോടൊപ്പം വൃന്ദാവനം സന്ദർശിക്കുന്നതിന്റെ ഓർമകളെങ്കിലും എനിക്കു തരൂ.’ ’ ഞാൻ സന്തോഷത്തോടെ സമ്മതിച്ചു. തന്റെ പേര് പ്രതാപ്ചാട്ടർജി എന്നാണെന്ന് ആ ചെറുപ്പക്കാരൻ പറഞ്ഞു. അയാൾ ഒരു കുതിരവണ്ടി വിളിച്ചു. ഞങ്ങൾ മദനമോഹനക്ഷേത്രവും മറ്റു കൃഷ്ണക്ഷേത്രങ്ങളും സന്ദർശിച്ചു. ഞങ്ങളുടെ ക്ഷേത്രദർശനം കഴിഞ്ഞപ്പോൾ രാത്രിയായി. ‘ ‘സന്ദേശ് (മധുരപലഹാരം) വാങ്ങിയിട്ട് ഞാൻ ഇപ്പോൾവരാം.’ ’ തീവണ്ടിസ്റ്റേഷനു സമീപം ഒരു കടയിൽ പ്രതാപൻ കയറി. അപ്പോഴേക്കും താരതമ്യേന തണുപ്പുവീണ വിശാലവീഥിയിൽ ആളുകൾ കൂടിയിരുന്നു. അവിടെ ജിതേന്ദ്രനും ഞാനും ചുറ്റിനടന്നു. ഞങ്ങളുടെ സുഹൃത്തിനെ കുറച്ചുനേരത്തേക്ക് കണ്ടില്ല. പക്ഷേ ധാരാളം മധുരപലഹാരങ്ങളുമായി ഒടുവിൽ അയാൾ തിരിച്ചെത്തി. ‘ ‘ഈ പുണ്യം സമ്പാദിക്കാൻ എന്നെ ദയവു ചെയ്ത് അനുവദിക്കൂ.’ ’ ഒരുകെട്ട് രൂപാനോട്ടുകളും ആഗ്രയിലേക്ക് അപ്പോൾ വാങ്ങിയ രണ്ടു ടിക്കറ്റുകളും വച്ചുനീട്ടിക്കൊണ്ട് പ്രതാപൻ അപേക്ഷാരൂപത്തിൽ മന്ദഹസിച്ചു.അവ സ്വീകരിക്കുന്നതിലുള്ള എന്റെ നന്ദി ‘ ‘അദൃശ്യമായ ആ കൈകൾ’ ’ ക്കായിരുന്നു. അനന്തദാ പരിഹസിച്ച ആ കൈകളുടെ ഔദാര്യം ആവശ്യത്തിലും എത്രയോ അധികം കവിഞ്ഞില്ലേ?സ്റ്റേഷന് അടുത്തുള്ള ഒരു ഒഴിഞ്ഞസ'ഥലം ഞങ്ങൾ തിരഞ്ഞു പിടിച്ചു. ‘ ‘പ്രതാപാ, ആധുനികകാലത്തെ ഏറ്റവും മഹാനായ യോഗി ലാഹിരി മഹാശയന്റെ ക്രിയായോഗം ഞാൻ നിനക്ക് ഉപദേശിക്കാം. അദ്ദേഹത്തിന്റെ സാധനാമാർഗം ആയിരിക്കും നിന്റെ ഗുരു.’ ’ ദീക്ഷ അരമണിക്കൂറിൽ സമാപിച്ചു. ക്രിയയാണ് നിന്റെ ചിന്താമണി3.’ ’ പുതിയ വിദ്യാർഥിയോട് ഞാൻ പറഞ്ഞു. ‘ ‘നീ ഇപ്പോൾ കണ്ടതുപോലെ ലളിതമായ ഈ യോഗവിദ്യ മനുഷ്യന്റെ ആത്മീയപരിണാമം ത്വരിതപ്പെടുത്തുന്ന കലയുടെ ആവിഷ്കാരമാണ്. ശരീരം കൈക്കൊള്ളുന്ന ഒരു ജീവൻ മായയിൽ നിന്ന് മോചനം

നേടുന്നതിന് ഒരു ദശലക്ഷം വർഷങ്ങൾ വേണമെന്ന് ഹിന്ദുശാസ്ത്രഗ്രന്ഥങ്ങൾ പഠിപ്പിക്കുന്നു. ക്രിയായോഗത്തിലൂടെ ഈ പ്രകൃതിനിയതമായ കാലയളവ് ഗണ്യമായി കുറയ'ക്കാം. ചെടികളുടെ വളർച്ച സാധാരണയിലും അധികം വേഗത്തിലാക്കാമെന്ന് ജഗദീശ് ചന്ദ്ര ബോസ് ബോധ്യപ്പെടുത്തിയിട്ടുള്ളപോലെ, മനുഷ്യന്റെ മന:ശാസ്ത്രപരമായ വികാസവും ശാസ്ത്രീയമാർഗങ്ങളിലൂടെ ത്വരിതപ്പെടുത്താൻ കഴിയും. നിന്റെ അനുഷ്ഠാനത്തിൽ നിഷ്ഠപുലർത്തൂ; എല്ലാ ‘ ‘ഗുരുക്കന്മാരുടെയും ഗുരു’ ’ വിനെ നീ കണ്ടെത്തും.’ ’ ‘ ‘ദീർഘനാളായി തേടിക്കൊണ്ടിരുന്ന ഈ യോഗവിദ്യ കണ്ടെത്തിയതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്!’ ’ പ്രതാപൻ ചിന്താധീനനായി പറഞ്ഞു. ‘ ‘എന്റെ ഇന്ദ്രിയബന്ധനങ്ങളുടെമേൽ ഇതിനുള്ള മോചകശക്തി ഉയർന്ന മണ്ഡലങ്ങളിൽ എത്തത്തക്കവണ്ണം എന്നെ സ്വതന്ത്രനാക്കും. ഇന്ന് എനിക്കുണ്ടായ കൃഷ്ണദർശനം എന്റെ ഏറ്റവും മഹത്തായ നന്മയ'ക്കാണെന്നതിൽ സംശയമില്ല.’ ’ ഞങ്ങൾ പരസ്പരം മനസ്സിലാക്കിക്കൊണ്ട് അല്പസമയം മൗനമായി ഇരുന്നു. അതിനുശേഷം സ്റ്റേഷനിലേക്ക് പതുക്കെ നടന്നു. തീവണ്ടിയിൽ കയറിയപ്പോൾ എന്റെ ഉള്ളിൽ സന്തോഷം നിറഞ്ഞിരുന്നു. പക്ഷേ, ജിതേന്ദ്രന് ഇത് കണ്ണീരിന്റെ ദിവസമായി. പ്രതാപനോടുള്ള എന്റെ സ്നേഹനിർഭരമായ യാത്രാമൊഴി, എന്റെ രണ്ടുകൂട്ടുകാരുടേയും അടക്കിയ തേങ്ങലുകൾകൊണ്ട് ഇടയ'ക്കിടെ തടസ്സപ്പെട്ടു. യാത്രയിൽ ജിതേന്ദ്രൻ വീണ്ടും ശോകത്തിൽ മുങ്ങിപ്പൊങ്ങി. ഇപ്പോഴാകട്ടെ, തന്നെപ്രതിയല്ലാ, തനിക്കെതിരെ. ‘ ‘എന്റെ വിശ്വാസം എത്ര പൊള്ളയാണ്; എന്റെ ഹൃദയം കല്ലും! ഇനി ഒരിക്കലും ഞാൻ ഈശ്വരന്റെ സംരക്ഷണം സംശയിക്കുകയില്ല!’ ’ അർധരാത്രി അടുത്തിരുന്നു. പണമില്ലാതെ അയച്ച രണ്ടു പാവങ്ങളും അനന്തദായുടെ കിടക്കമുറിയിൽ പ്രവേശിച്ചു. അദ്ദേഹം ലാഘവമായി പ്രവചിച്ചിരുന്നതുപോലെ, അദ്ദേഹത്തിന്റെ മുഖം വിസ്മയത്തിന്റെ ഒരു ചിത്രമായിത്തീർന്നു. ഒരു മേശയുടെ പുറത്ത് ഞാൻ നിശ്ശബ്ദനായി രൂപാനോട്ടുകൾ വിതറി. ‘ ‘ജിതേന്ദ്രാ, സത്യം പറയൂ!’ ’ അനന്തദായുടെ ശബ്ദം തമാശനിറഞ്ഞതായിരുന്നു. ‘ ‘ഈ ചെറുപ്പക്കാരൻ ഒരു കവർച്ച നടത്തുകയായിരുന്നില്ലേ?’ ’ പക്ഷേ കഥകൾ മുഴുവൻ പറഞ്ഞുകഴിഞ്ഞപ്പോൾ എന്റെ സഹോദരന് വെളിവുവന്നു. എന്നിട്ട് അദ്ദേഹം ഗൗരവംപൂണ്ടു. ‘ ‘ ‘ആവശ്യത്തിനനുസരിച്ചുള്ള ലഭ്യത’ യുടെ നിയമം, ഞാൻ വിചാരിച്ചിരുന്നതിനെക്കാളും സൂക്ഷ്മമായ മണ്ഡലങ്ങളിലേക്ക് ചെന്നെത്തുന്നു.’ ’ മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത ഒരു ആത്മീയ പ്രഹർഷത്തോടെ അനന്തദാ പറഞ്ഞു. ‘ ‘ ധനത്തോടും, ദുഷിപ്പിക്കുന്ന ലൗകികസ്വത്തുക്കളോടും നിന്റെ താല്പര്യമില്ലായ്മ എനിക്ക് ആദ്യമായി മനസ്സിലാകുന്നു.’ ’ നേരം വളരെ വൈകിയെങ്കിലും എന്റെ സഹോദരൻ ക്രിയായോഗദീക്ഷ4യ'ക്ക് നിർബന്ധിച്ചു. മുകുന്ദൻ എന്ന ‘ ‘ഗുരു’ ’ വിന് ആവശ്യപ്പെടാതെ എത്തിയ രണ്ടു ‘ ‘ശിഷ്യന്മാ ’ ’ രുടെ ചുമതല ഒരൊറ്റ രാത്രിയിൽ ഏറ്റെടുക്കേണ്ടിവന്നു.അടുത്ത ദിവസത്തെ പ്രഭാതഭക്ഷണം കഴിച്ചത് തലേദിവസം ഇല്ലാതിരുന്ന ഒരുമയിലാണ്.ഞാൻ ജിതേന്ദ്രനെ നോക്കി പുഞ്ചിരിച്ചു. ‘ ‘നീ താജ് കാണാതിരിക്കുകയൊന്നും വേണ്ട. ശ്രീരാമപുരത്തിന് പുറപ്പെടുംമുമ്പ് നമുക്ക് അതുപോയി കാണാം.’ ’ അനന്തദായോട് വിടവാങ്ങി എന്റെ സ്നേഹിതനും ഞാനും വേഗത്തിൽ ആഗ്രയുടെ മഹിമയായ താജ്മഹലിന്റെ മുന്നിലെത്തി. സൂര്യപ്രകാശത്തിൽ വെട്ടിത്തിളങ്ങുന്ന വെണ്ണക്കല്ലിൽതീർത്ത അത് വാസ്തുശില്പത്തിലെ സമമാനതയുടെ മൂർത്തീഭാവമായി നിലകൊള്ളുന്നു. അതിന്റെ കുറ്റമറ്റ രംഗവേദി ഇരുണ്ട സൈപ്രസ്മരങ്ങളും പകിട്ടാർന്ന പുൽത്തകിടിയും, പ്രശാന്തമായ തടാകങ്ങളുമാണ്. വിലപിടിച്ച കല്ലുകൾപതിച്ച ലോലമായ കൊത്തുപണികൾകൊണ്ട് ഉൾഭാഗം അതീവമനോജ്ഞമാണ്. തവിട്ടും പാടലവുമായ വെണ്ണക്കല്ലുകളിൽനിന്ന് ലോലമായ പുഷ്പസംവിധാനങ്ങളും അലങ്കാരവേലകളും ഏറെ കലാപരമായ ശൈലിയിൽ രൂപപ്പെടുത്തിയിരിക്കുന്നു. ഷാജഹാൻ ചക്രവർത്തിയുടെയും അദ്ദേഹത്തിന്റെ സാമ്രാജ്യത്തിന്റെയും ഹൃദയത്തിന്റെയും റാണിയായ മുംതാസ് മഹലിന്റെയും ശവകുടീരങ്ങളിൽ കുംഭഗോപുരത്തിൽനിന്നുള്ള പ്രകാശധോരണി പതിക്കുന്നു.കാഴ്ചകാണൽ മതിയാക്കാം! ഞാൻ എന്റെ ഗുരുദേവനുവേണ്ടി ദാഹിക്കുകയായിരുന്നു. താമസിയാതെ ജിതേന്ദ്രനും ഞാനും തീവണ്ടിയിൽ തെക്ക് ബംഗാളിലേക്ക് യാത്രയായി. ‘ ‘മുകുന്ദാ, ഞാൻ എന്റെ വീട്ടുകാരെ മാസങ്ങളായി കണ്ടിട്ടില്ല. ഞാൻ എന്റെ മനസ്സുമാറ്റി; ഒരു പക്ഷേ, പിന്നീട് ഞാൻ ശ്രീരാമപുരത്ത് നിന്റെ ഗുരുവിനെ വന്നുകാണാം.’ ’ സ്വഭാവത്തിൽ ചാഞ്ചല്യമുണ്ടെന്ന് മിതമായ ഭാഷയിൽ പറയാവുന്ന എന്റെ സ്നേഹിതൻ കൽക്കത്തയിൽവച്ചു പിരിഞ്ഞു. പന്ത്രണ്ടു മൈൽ വടക്കുള്ള ശ്രീരാമപുരത്ത് ലോക്കൽ ട്രെയിനിൽ ഞാൻ അധികം താമസിയാതെ എത്തി.ഗുരുദേവനെ വാരാണസിയിൽവച്ച് കണ്ടതിനുശേഷം ഇരുപത്തിയെട്ടു ദിവസം കഴിഞ്ഞിരിക്കുന്നു എന്ന് മനസ്സിലാക്കിയപ്പോൾ വിസ്മയത്തിന്റെ മിടിപ്പ് എനിക്ക് അനുഭവപ്പെട്ടു. ‘ ‘നീ നാലാഴ്ചയ'ക്കുള്ളിൽ എന്റെ അടുത്തെത്തും! ’ ’ ശാന്തമായ റായ്ഘട്ടതെരുവിലെ അദ്ദേഹത്തിന്റെ ആശ്രമമുറ്റത്ത് ശക്തമായിമിടിക്കുന്ന ഹൃദയവുമായി ഇതാ ഞാൻ നില്ക്കുന്നു. ഭാരതത്തിന്റെ ‘ ‘ജ്ഞാനാവതാര’ ’ ത്തോടൊപ്പം അടുത്ത പത്തുവർഷത്തിന്റെ ഏറിയ ഭാഗവും ഞാൻ ചെലവാക്കാനുള്ള ആശ്രമത്തിൽ ഇദംപ്രഥമമായി ഞാൻ പ്രവേശിച്ചു. [image file=image_rsrc1E6.jpg] ജിതേന്ദ്ര മജുംദാർ ‘ ‘പണമില്ലാത്ത പരീക്ഷണ’ ’ ത്തിലെ വൃന്ദാവനയാത്രയിൽ യോഗാനന്ദജിയുടെ സഹചാരി [image file=image_rsrc1EB.jpg] 1 അധ്യായം 25 കാണുക.2 ഹരി, ശ്രീകൃഷ്ണൻ, ഭക്തർ

വിളിക്കുന്ന ഓമനപ്പേര്.3 ആഗ്രഹങ്ങൾ സാധിച്ചുതരാൻ ശക്തിയുള്ള പുരാണപ്രസിദ്ധമായ ഒരു രത്നം. ഈശ്വരന്റെ ഒരു പര്യായവുമാണ്.4 ആത്മീയ വിദ്യാരംഭം; ദീക്ഷ (സ്വയം സമർപ്പിക്കുക) എന്ന സംസ്കൃതധാതുവിൽ നിന്ന്.അധ്യായം 12എന്റെ ഗുരുവിന്റെ ആശ്രമത്തിലെ വർഷങ്ങൾ ‘ ‘നീ വന്നെത്തിയല്ലോ.’ ’ ബാൽക്കണിയിലുള്ള ഇരിപ്പുമുറിയിൽ ഒരു കടുവാത്തോലിൽ ഇരുന്ന ശ്രീ യുക്തേശ്വരൻ എന്നെ സ്വാഗതം ചെയ്തു. അദ്ദേഹത്തിന്റെ സ്വരം സ്നേഹശൂന്യവും പെരുമാറ്റം നിർവികാരവുമായിരുന്നു. ‘ ‘അതേ, പ്രിയഗുരുദേവാ, അങ്ങയെ അനുസരിക്കാൻ ഞാൻ ഇതാ എത്തിയിരിക്കുന്നു.’ ’ ഞാൻ അദ്ദേഹത്തിന്റെ പാദങ്ങൾ തൊട്ടുവന്ദിച്ചു. ‘ ‘അതെങ്ങനെ സാധിക്കും? നീ എന്റെ ഇച്ഛകൾ അവഗണിക്കുകയല്ലേ?’ ’ ‘ ‘ഇനി ഒരിക്കലും അങ്ങനെ ഉണ്ടാവുകയില്ല ഗുരുജീ! അങ്ങയുടെ ഇച്ഛയായിരിക്കും ഇനി എനിക്കു പ്രമാണം.’ ’ ‘ ‘അങ്ങനെ വരട്ടെ! അപ്പോൾ, എനിക്ക് നിന്റെ ജീവിതത്തിന്റെ ചുമതല ഏറ്റെടുക്കാൻ കഴിയും.’ ’ ‘ ‘ഞാൻ പൂർണമനസ്സോടെ ആ ഭാരം കൈമാറുന്നു ഗുരുദേവാ.’ ’ ‘ ‘അപ്പോൾ നീ വീട്ടിൽ കുടുംബാംഗങ്ങളുടെ അടുത്ത് തിരിച്ചു പോകണം. എന്റെ ആദ്യത്തെ അപേക്ഷ അതാണ്. കൽക്കത്തയിലെ കോളേജിൽ നീ ചേരണം. നിന്റെ വിദ്യാഭ്യാസം നീ തുടരണം.’ ’ ‘ ‘എങ്കിൽ ശരി, ഗുരുദേവാ.’ ’ ഞാൻ എന്റെ പരിഭ്രമം മറച്ചുപിടിച്ചു. ഈ അലട്ടുന്ന പുസ്തകങ്ങൾ എന്നെ എക്കാലവും പിൻതുടരുമോ? ആദ്യം അച്ഛൻ, ഇപ്പോൾ ശ്രീ യുക്തേശ്വരൻ! ‘ ‘എന്നെങ്കിലും ഒരിക്കൽ നീ പാശ്ചാത്യദേശത്തുപോകും. അറിഞ്ഞിട്ടും കേട്ടിട്ടുമില്ലാത്ത ഈ ഹിന്ദുഗുരുവിന് ഒരു സർവകലാശാലാ ബിരുദം ഉണ്ടെങ്കിൽ അദ്ദേഹം പകരുന്ന ഭാരതത്തിന്റെ പ്രാചീന വിജ്ഞാനത്തോട് അവിടത്തെ ആളുകൾ കൂടുതൽ ആഭിമുഖ്യം കാട്ടും.’ ’ ‘ ‘ഗുരുജീ, അങ്ങയ'ക്കാണ് അതെല്ലാം ഏറ്റവും നന്നായി അറിയാ വുന്നത്.’ ’ എന്റെ മ്ലാനത മാറി. പാശ്ചാത്യദേശത്തെപ്പറ്റിയുള്ള പരാമർശം കുഴക്കുന്നതും വിദൂരവുമായി എനിക്ക് തോന്നി; പക്ഷേ എന്റെ ഗുരുദേവനെ അനുസരണകൊണ്ട് സന്തോഷിപ്പിക്കുവാനുള്ള അവസരം ഒരു ജീവത്പ്രശ്നമെന്നോണം സുപ്രധാനമായിരുന്നു. ‘ ‘നീ അടുത്ത് കൽക്കത്തയിൽ ഉണ്ടായിരിക്കുമല്ലോ; സമയം കിട്ടുമ്പോഴെല്ലാം ഇവിടെ വരൂ.’ ’ ‘ ‘ഒക്കുമെങ്കിൽ എന്നും, ഗുരുദേവാ! എന്റെ ജീവിതത്തിലെ എല്ലാ കാര്യങ്ങളുടെ വിശദാംശത്തിലും ഞാൻ അങ്ങയുടെ അധികാരം കൃതജ്ഞതാപൂർവം സ്വീകരിക്കുന്നു-ഒരു വ്യവസ'ഥയിൽ.’ ’ ‘ ‘എന്താണത്?’ ’ ‘ ‘എനിക്ക് ഈശ്വരനെ കാട്ടിത്തരാമെന്ന് അങ്ങ് വാക്കുതരണം.’ ’ ഒരു മണിക്കൂർ നീണ്ട വാഗ്വാദം തുടർന്നുണ്ടായി. ഒരു ആചാര്യന്റെ വാക്ക് പാഴായിക്കൂടാ; അത് നിസ്സാരമായി കൊടുക്കാറുമില്ലാ. ആ വാഗ്ദാനത്തിന്റെ വിവക്ഷകൾ ആത്മവിദ്യാപരമായ വിശാലവീഥികൾ തുറന്നുവയ'ക്കുന്നു. പ്രത്യക്ഷപ്പെടാൻ സ്രഷ്ടാവിനെ നിർബന്ധിതനാക്കുന്നതിനുമുമ്പ് ഒരു ഗുരു അദ്ദേഹവുമായി ഗാഢമായ ബന്ധത്തിൽ ആയിരിക്കുകതന്നെവേണം! ശ്രീ യുക്തേശ്വരന്റെ ഈശ്വരതാദാത്മ്യം ബോധ്യമായ ഞാൻ അദ്ദേഹത്തിന്റെ ശിഷ്യൻ എന്ന നിലയ'ക്ക് എന്റെ അനുകൂലസാഹചര്യം ശരിക്കും മുതലെടുക്കാൻ തീരുമാനിച്ചു. ‘ ‘നീ ഒരു വിട്ടുവീഴ്ചയില്ലാത്ത പ്രകൃതക്കാരനാണല്ലോ!’ ’ തുടർന്ന് ഗുരുദേവന്റെ അനുമതി കരുണാർദ്രമായ നിസ്സന്ദേഹത്തോടെ മുഴങ്ങി. ‘ ‘നിന്റെ ഇച്ഛ എന്റെ ഇച്ഛയാകട്ടെ.’ ’ ഒരു ജീവിതകാലത്തെ നിഴൽ എന്റെ ഹൃദയത്തിൽനിന്ന് അകന്നു; അവിടെയുമിവിടെയും ഒരു നിശ്ചയവുമില്ലാത്ത തിരച്ചിൽ അവസാനിച്ചു. ഒരു യഥാർഥഗുരുവിൽ ഞാൻ ശാശ്വതമായ അഭയം കണ്ടെത്തി. ‘ ‘വരൂ, ഞാൻ ആശ്രമം കാട്ടിത്തരാം.’ ’ ഗുരുദേവൻ കടുവാത്തോലിൽനിന്ന് എഴുന്നേറ്റു. ഞാൻ ചുറ്റിനും നോക്കിയപ്പോൾ ഭിത്തിയിൽ മുല്ലപ്പൂമാലചാർത്തിയ ഒരു ചിത്രം കണ്ടു. ‘ ‘ലാഹിരി മഹാശയൻ!’ ’ അത്ഭുതത്തോടെ ഞാൻ പറഞ്ഞു. ‘ ‘അതേ, എന്റെ ദിവ്യഗുരുദേവൻ.’ ’ ബഹുമാനാദരങ്ങൾ കൊണ്ട് ശ്രീ യുക്തേശ്വരന്റെ ശബ്ദം തരളിതമായിരുന്നു. ‘ ‘എന്റെ അന്വേഷണങ്ങളുടെ പരിധിയിൽപെട്ട ജീവിതങ്ങളിൽ ഒരു മനുഷ്യനെന്ന നിലയിലും ഒരു യോഗിയെന്ന നിലയിലും മറ്റ് ഏതൊരു ഗുരുവിനെക്കാളും അദ്ദേഹം ഏറെ ശ്രേഷ്ഠനായിരുന്നു. ’ ’ പരിചിതമായ ആ പടത്തിനുമുമ്പിൽ ഞാൻ നിശ്ശബ്ദനായി നമിച്ചു. എന്റെ ശൈശവത്തിൽ എന്നെ അനുഗ്രഹിച്ചുകൊണ്ട് എന്റെ ചുവടുകളെ ഈ മുഹൂർത്തത്തിലേക്കു നയിച്ച ആ അതുല്യനായ ഗുരുവിലേക്ക് എന്റെ ആത്മാവിന്റെ ആദരാഞ്ജലി പ്രവഹിച്ചു.ഗുരുദേവന്റെ പിമ്പേ, ഞാൻ ആശ്രമത്തിലും പരിസരത്തും ചുറ്റിനടന്നു. കനത്ത ശിലാസ്തംഭങ്ങളുള്ള ആശ്രമം വിശാലവും പുരാതനവും ശില്പഭംഗിയാർന്നതുമായിരുന്നു. അത് ഒരു വലിയ നടുമുറ്റത്തെ വലയം ചെയ്തിരുന്നു. പുറംചുവരുകൾക്ക് പായൽ പിടിച്ചിരുന്നു. ആശ്രമമുറികൾ ഔപചാരികതകൂടാതെ പങ്കുവച്ചുകൊണ്ട് പ്രാവുകൾ ചാരനിറമാർന്ന പരന്ന മേൽത്തട്ടിനുമുകളിൽ പറന്നുനടന്നു. പിന്നിലെ തോട്ടം പ്ലാവും മാവും വാഴയും കൊണ്ട് മനോഹരമായിരുന്നു. രണ്ടുനിലയുള്ള കെട്ടിടത്തിന്റെ മുകൾവശത്തെ മുറികളുടെ അഴിയിട്ട ബാൽക്കണികൾ മൂന്നുവശത്തുനിന്നും അങ്കണത്തെ അഭിമുഖീകരിച്ചു. താഴത്തെ നിലയിലെ നിരനിരയായ തൂണുകളും ഉയർന്ന മേൽത്തട്ടിയുമുള്ള വിശാലമായ ഹാൾ, ആണ്ടുതോറുമുള്ള ദുർഗാപൂജയുടെ ആഘോഷങ്ങൾക്കാണ് പ്രധാനമായും ഉപയോഗിച്ചിരുന്നതെന്ന് ഗുരുദേവൻ പറഞ്ഞു. ഇടുങ്ങിയ ഒരു ഗോവണി ശ്രീ യുക്തേശ്വരന്റെ ഇരുപ്പുമുറിയിലേക്ക് വഴികാട്ടി. അതിന്റെ ബാൽക്കണി തെരുവിന് അഭിമുഖമായിരുന്നു. ആശ്രമം ലളിതമായി സജ്ജീകരിച്ചിരുന്നു; എല്ലാം തന്നെ സരളവും ശുചിയും ഉപയോഗം നടക്കണമെന്നുമാത്രം ഉദ്ദേശിച്ചുള്ളതുമായിരുന്നു. പാശ്ചാത്യരീതിയിലുള്ള ധാരാളം കസേരകളും ബെഞ്ചുകളും മേശകളും

അവിടെ കാണാമായിരുന്നു.രാത്രി അവിടെ താമസിക്കാൻ ഗുരുദേവൻ ക്ഷണിച്ചു. ആശ്രമത്തിൽ പരിശീലനം നേടിക്കൊണ്ടിരിക്കുന്ന രണ്ടു യുവശിഷ്യന്മാർ പച്ചക്കറികളോടുകൂടിയ അത്താഴം വിളമ്പി. ‘ ‘ഗുരുജീ, അങ്ങയുടെ ജീവിതത്തെപ്പറ്റി എന്തെങ്കിലും പറയൂ.’ ’ അദ്ദേഹത്തിന്റെ കടുവാത്തോലിനടുത്ത് ഒരു പുല്പായിൽ ഇരിക്കുകയായിരുന്നു ഞാൻ. ബാൽക്കണിക്കപ്പുറം, സൗഹൃദം നിറഞ്ഞ താരങ്ങൾ വളരെ അടുത്താണെന്നു തോന്നി. ‘ ‘എന്റെ പൂർവാശ്രമത്തിലെ പേര് പ്രിയനാഥ് കരാർ എന്നായിരുന്നു. ഞാൻ ഇവിടെ ശ്രീരാമപുരത്താണ് ജനിച്ചത്;1 അച്ഛൻ ധനാഢ്യനായ ഒരു വ്യാപാരിയായിരുന്നു. എന്റെ ആശ്രമമായിരിക്കുന്ന ഈ കുടുംബവക മാളിക അദ്ദേഹം പൈതൃകമായി തന്നതാണ്. ഔപചാരികമായ എന്റെ വിദ്യാലയശിക്ഷണം അല്പമാത്രമായിരുന്നു; അത് മന്ദവും നിരർഥകവുമായി എനിക്കു തോന്നി. യൗവനാരംഭത്തിൽ ഒരു ഗൃഹസ'ഥാശ്രമിയുടെ ചുമതലകൾ ഞാൻ ഏറ്റെടുത്തു; ഒരു മകൾ ഉണ്ട്. വിവാഹിതയാണ്. എന്റെ മധ്യവയസ്സിൽ ലാഹിരി മഹാശയന്റെ മാർഗദർശനം ലഭിക്കാൻ ഭാഗ്യമുണ്ടായി. എന്റെ പത്നി മരിച്ചശേഷം ഞാൻ സന്ന്യാസിപരമ്പരയിൽ ചേർന്ന് ശ്രീ യുക്തേശ്വരഗിരി2 എന്ന പുതിയ പേര് സ്വീകരിച്ചു. ഇതൊക്കെയാണ് എന്റെ എളിയ ചരിത്രം.’ ’ എന്റെ ആകാംക്ഷാഭരിതമായമുഖത്തുനോക്കി ഗുരുദേവൻ പുഞ്ചിരിച്ചു. എല്ലാ ജീവചരിത്രരേഖകളെയുംപോലെ അദ്ദേഹത്തിന്റെ വാക്കുകൾ ഉള്ളിലെ മനുഷ്യനെ വെളിപ്പെടുത്താതെ, ബാഹ്യവസ്തുതകൾ നിരത്തിവയ'ക്കുകയായിരുന്നു. ‘ ‘ഗുരുജീ, അങ്ങയുടെ കുട്ടിക്കാലത്തെ ഏതാനും കഥകൾ കേൾക്കാൻ ആഗ്രഹമുണ്ട്.’ ’ ‘ ‘ഏതാനും ചിലതു പറയാം-ഓരോന്നും ഓരോ ഗുണപാഠമുള്ളവ!’ ’ മുന്നറിയിേപ്പാടെ ശ്രീ യുക്തേശ്വരന്റെ കണ്ണുകൾ കുസൃതിയായി പുഞ്ചിരിച്ചു. ‘ ‘ഇരുട്ടുമുറിയിലുള്ള ഭൂതത്തെപ്പറ്റി പേടിപ്പെടുത്തുന്ന ഒരു കഥ പറഞ്ഞ് എന്നെ ഭയപ്പെടുത്താൻ ഒരിക്കൽ എന്റെ അമ്മ ശ്രമിച്ചു. ഉടൻതന്നെ ഞാൻ അവിടെ പോയി; ഭൂതത്തെ കാണാൻ കഴിയാതെ പോയതിലുള്ള എന്റെ നിരാശ പ്രകടിപ്പിച്ചു. അതിനുശേഷം ഒരിക്കലും അമ്മ ഒരു പേടിക്കഥ എന്നോടു പറഞ്ഞിട്ടില്ല. ഗുണപാഠം: ഭയത്തെ മുഖത്തോടുമുഖം നോക്കുക. എന്നാൽ അത് നിങ്ങളെ വീണ്ടും ഉപദ്രവിക്കുകയില്ല. ‘ ‘എന്റെ അയൽക്കാരന്റെ ഒരു വൃത്തികെട്ട നായയെ വാങ്ങാനുണ്ടായ എന്റെ ആഗ്രഹമാണ് മറ്റൊരു ആദ്യകാലസ്മരണ. ആ നായയെ കിട്ടാൻവേണ്ടി ആഴ്ചകളോളം ഞാൻ വീട്ടിൽ ബഹളമുണ്ടാക്കി. കുറേക്കൂടി കാണാൻകൊള്ളാവുന്ന ഓമനമൃഗങ്ങളെ വാങ്ങിത്തരാമെന്ന വാഗ്ദാനങ്ങൾ ഞാൻ ചെവിക്കൊണ്ടില്ല. ഗുണപാഠം: മമത അന്ധമാണ്. ആഗ്രഹിക്കുന്ന വസ്തുവിന് ആകർഷണീയമായ ഒരു സാങ്കല്പികപരിവേഷം അത് നൽകുന്നു. ‘ ‘മൂന്നാമത്തെ കഥ യുവമനസ്സിന്റെ പെട്ടെന്നു രൂപപ്പെടുന്ന സ്വഭാവവിശേഷത്തെപ്പറ്റിയുള്ളതാണ്. എന്റെ അമ്മ ഇടയ'ക്കിടെ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: ‘ആരുടെയെങ്കിലും കീഴിൽ ജോലി സ്വീകരിക്കുന്നവൻ ഒരു അടിമയാണ്.’ ആ ധാരണ, മായാത്തവിധം പതിഞ്ഞതു കാരണം വിവാഹത്തിനു ശേഷവും ഞാൻ എല്ലാ ജോലികളും നിരസിച്ചു. കുടുംബത്തിലെ ധനം, വസ്തുക്കളിൽ നിക്ഷേപിച്ച് ഞാൻ വീട്ടുചെലവുകൾ നടത്തി. ഗുണപാഠം: നല്ലതും സൃഷ്ടിപരവുമായ നിർദേശങ്ങൾ കുട്ടികളുടെ സൂക്ഷ്മഗ്രാഹിയായ കർണങ്ങളിൽ പതിയണം. അവരുടെ ആദ്യകാല ആശയങ്ങൾ മനസ്സിൽ ദീർഘകാലം വ്യക്തമായി പതിഞ്ഞുകിടക്കും.’ ’ ഗുരുദേവൻ പ്രശാന്തമായ നിശ്ശബ്ദതയിലാണ്ടു. ഏതാണ്ട് പാതിരാവടുത്തപ്പോൾ അദ്ദേഹം എന്നെ വലിയ വീതിയില്ലാത്ത ഒരു കട്ടിലിലേക്കാനയിച്ചു. എന്റെ ഗുരുദേവന്റെ വസതിയിലെ ആദ്യരാത്രിയിൽ ഉറക്കം ഗാഢവും മധുരവുമായിരുന്നു.എനിക്കു ക്രിയായോഗദീക്ഷ നൽകാൻ ശ്രീ യുക്തേശ്വരൻ അടുത്തപ്രഭാതം തിരഞ്ഞെടുത്തു. ഈ വിദ്യ ഞാൻ നേരത്തെ തന്നെ ലാഹിരി മഹാശയന്റെ രണ്ടു ശിഷ്യന്മാരിൽ (അച്ഛനും, എന്റെ അധ്യാപകൻ സ്വാമി കേവലാനന്ദനും) നിന്ന് സ്വീകരിച്ചിരുന്നു, പക്ഷേ, എന്റെ ഗുരുദേവന് സമൂലപരിവർത്തനം കൈവരുത്തുന്ന ഒരു ശക്തിവിശേഷം ഉണ്ടായിരുന്നു; അദ്ദേഹത്തിന്റെ സ്പർശനമാത്രയിൽ, നിരവധി സൂര്യന്മാർ ഒന്നിച്ചു പ്രകാശിക്കുന്ന ഉജ്വലപ്രഭപോലെ ഒരു മഹനീയ ജ്യോതിസ്സ് എന്റെ ജീവസത്തയിൽ കടന്നുവന്നു. എന്റെ ഹൃദയത്തിന്റെ അന്തരാളങ്ങളിൽ പരമാനന്ദത്തിന്റെ അവാച്യമായ ഒരു പ്രളയം തന്നെ ഉളവായി.അടുത്തദിവസം വൈകുന്നേരം കഴിഞ്ഞാണ് ആശ്രമം വിടാൻ എന്റെ മനസ്സ് എന്നെ അനുവദിച്ചത്.ഞാൻ കൽക്കത്തയിലെ എന്റെ വീട്ടിന്റെ വാതിൽകയറി; ‘ ‘നീ മുപ്പതുദിവസത്തിനകം തിരിച്ചുപോകും’ ’ എന്ന എന്റെ ഗുരുദേവന്റെ ദീർഘദർശനം സഫലമാവുകയും ചെയ്തു. ഞാൻ ഭയന്നിരുന്നതുപോലെ, ‘ ‘പറന്നുനടക്കുന്ന പക്ഷി’ ’ യുടെ തിരിച്ചുവരവിനെപ്പറ്റി എന്റെ ബന്ധുക്കൾ ആരുംതന്നെ കുത്തുവാക്കുകളൊന്നും പറഞ്ഞില്ല.ഞാൻ മച്ചിലെ എന്റെ ചെറിയ മുറിയിൽ കയറി, ഒരു സജീവസാന്നിധ്യത്തെ നോക്കുന്നമാതിരി സ്നേഹാവായ്പോടെ എല്ലായിടവും നോക്കി. ‘ ‘നീ എന്റെ ധ്യാനങ്ങൾക്കും സാധനയുടെ കണ്ണുനീരുകൾക്കും മറ്റു വികാരപാരവശ്യങ്ങൾക്കും സാക്ഷ്യംവഹിച്ചു. ഇപ്പോൾ ഞാൻ എന്റെ ദിവ്യഗുരുവിന്റെ അഭയസ'ഥാനത്ത് എത്തിയിരിക്കുന്നു.’ ’ ‘ ‘മകനേ, നമ്മെ രണ്ടുപേരെയും ഓർത്ത് എനിക്ക് സന്തോഷമുണ്ട്.’ ’ സായാഹ്നത്തിന്റെ പ്രശാന്തിയിൽ അച്ഛനും ഞാനും ഒരുമിച്ചിരിക്കുകയായിരുന്നു. ‘ ‘ഞാൻ എന്റെ ഗുരുദേവനെ കണ്ടെത്തിയപോലെ വിസ്മയകരമായരീതിയിൽ നീ നിന്റെ ഗുരുദേവനെ കണ്ടെത്തിയിരിക്കുന്നു. ലാഹിരി മഹാശയന്റെ ദിവ്യഹസ്തങ്ങൾ നമ്മുടെ ജീവിതങ്ങളെ സംരക്ഷിക്കുന്നു. നിന്റെ ഗുരുദേവൻ, അപ്രാപ്യനായ ഒരു ഹിമാലയ ഋഷിശ്രേഷ്ഠനല്ല. അടുത്തുതന്നെയുള്ള ഒരു പുണ്യദേഹമാണെന്ന് തെളിഞ്ഞിരിക്കുന്നു.

എന്റെ പ്രാർഥനകൾ ഫലിച്ചു; നിന്റെ ഈശ്വരാന്വേഷണത്തിൽ നീ എന്റെ കണ്ണിൽനിന്നും എന്നന്നേക്കുമായി അകറ്റപ്പെട്ടില്ലല്ലോ.' ' എന്റെ ഔപചാരികമായ പഠനം തുടരുമെന്നതിലും അച്ഛനു സന്തോഷമുണ്ടായി; തക്ക ഏർപ്പാടുകൾ അദ്ദേഹം ചെയ്തു. അടുത്തുള്ള കൽക്കത്ത സ്കോട്ടിഷ്ചേർച്ച് കോളേജിൽ അടുത്തദിവസം എന്നെ ചേർത്തു.സന്തോഷകരമായ മാസങ്ങൾ വേഗം കടന്നുപോയി. കോളേജ് മുറികളിൽ ഞാൻ വളരെ അപൂർവമായേ കാണപ്പെട്ടിരുന്നുള്ളൂവെന്ന് എന്റെ വായനക്കാർ വ്യക്തമായും ഊഹിച്ചുകാണും. ശ്രീരാമപുരം ആശ്രമത്തിന് അദമ്യമായ ഒരു ആകർഷണശക്തി ഉണ്ടായിരുന്നു. എന്റെ നിത്യ സാന്നിധ്യം ഗുരുദേവൻ അഭിപ്രായമൊന്നും പറയാതെ സ്വീകരിച്ചു. പഠനമുറികളെപ്പറ്റി അദ്ദേഹം അധികമൊന്നും പരാമർശിച്ചില്ലയെന്നത് എനിക്ക് ആശ്വാസമായി. ഒരിക്കലും ഒരു പണ്ഡിതനാകാൻ അനുയോജ്യനൊന്നുമല്ല ഞാനെന്ന് എല്ലാപേർക്കും ബോധ്യമായിരുന്നുവെങ്കിലും ജയിക്കുവാനുള്ള ഏറ്റവും കുറഞ്ഞ മാർക്ക് കാലാകാലങ്ങളിൽ വാങ്ങാൻ എനിക്കു സാധിച്ചു.ആശ്രമത്തിലെ നിത്യജീവിതം വലിയ വൈവിധ്യമൊന്നും കൂടാതെ സുഗമമായി ഒഴുകി. ഗുരുദേവൻ പ്രഭാതത്തിനു മുമ്പ് ഉണരും. കിടന്നുകൊണ്ടോ അല്ലെങ്കിൽ കിടക്കയിൽ ഇരുന്നു കൊണ്ടോ അദ്ദേഹം സമാധിദയിൽ പ്രവേശിക്കും. അദ്ദേഹം ഉറക്കം ഉണർന്നു എന്ന് അറിയുക ഏറ്റവും എളുപ്പമായിരുന്നു. കനത്ത കൂർക്കംവലി പൊടുന്നനെ നിൽക്കും.4 ഒന്നോ രണ്ടോ ദീർഘനിശ്വാസം; ചിലപ്പോൾ ശരീരത്തിന്റെ ഒരു ചലനം. അതിനുശേഷം ശ്വാസോച്ഛ്വാസരാഹിത്യത്തിന്റെ നിശ്ശബ്ദാവസ'ഥ: അദ്ദേഹം അഗാധമായ യോഗനിർവൃതിയിൽ ആഴുകയായി.അടുത്തത് പ്രഭാതഭക്ഷണമായിരുന്നില്ല; ആദ്യം ഗംഗാതീരത്തുകൂടെയുള്ള ഒരു നീണ്ട പദയാത്ര. എന്റെ ഗുരുദേവനുമൊത്തുള്ള ആ പ്രഭാതസവാരികൾ-ഇപ്പോഴും എത്ര യഥാർഥവും വ്യക്തവും! ഓർമയുടെ അനായാസമായ പുനർജനിയിൽ ഞാൻ പലപ്പോഴും അദ്ദേഹത്തിന്റെ കൂടെയാവുന്നു. പുലർകാലസൂര്യൻ നദിയെ ഊഷ്മളമാക്കുന്നു; ജ്ഞാനത്തിന്റെ ആധികാരികതയുടെ സമൃദ്ധിയിൽ അദ്ദേഹത്തിന്റെ ശബ്ദം മുഴങ്ങുന്നു.ഒരു കുളി, അടുത്തത് ഉച്ചഭക്ഷണം. ഗുരുദേവന്റെ ദൈനംദിന നിർദേശമനുസരിച്ച് അത് തയ്യാറാക്കുന്നത് യുവശിഷ്യരുടെ ശ്രദ്ധവേണ്ടുന്ന ചുമതലയായിരുന്നു. എന്റെ ഗുരുദേവൻ ഒരു സസ്യഭുക്കായിരുന്നു. പക്ഷേ, സന്ന്യാസം സ്വീകരിക്കുന്നതിനുമുമ്പ് അദ്ദേഹം മുട്ടയും മീനും കഴിച്ചിരുന്നു. അവനവന്റെ ശരീരപ്രകൃതിക്കു പറ്റിയ എന്തെങ്കിലും ലഘുവായ ഭക്ഷണം കഴിക്കുക എന്നതായിരുന്നു വിദ്യാർഥികളോട് അദ്ദേഹത്തിന്റെ ഉപദേശം.ഗുരുദേവൻ അല്പം മാത്രം ഭക്ഷിച്ചിരുന്നു. മഞ്ഞൾ അല്ലെങ്കിൽ ബീറ്റ്റൂട്ടിന്റെയോ പച്ചച്ചീരയുടെയോ ചാറുചേർത്ത്, അല്പം എരുമനെയ്യ് തളിച്ച ചോറായിരുന്നു മിക്കപ്പോഴും. മറ്റു ചിലപ്പോൾ തുവരപ്പരിപ്പിന്റെയോ പാൽകട്ടിയുടെയോ കറിയും5 പച്ചക്കറികളുമായിരിക്കും കഴിക്കുക. ഭക്ഷണാവസാനം അരികൊണ്ടുള്ള മധുരപലഹാരത്തോടൊപ്പം മാങ്ങയോ ഓറഞ്ചോ അല്ലെങ്കിൽ ചക്കപ്പഴത്തിന്റെ ചാറോ ആയിരിക്കും ഉണ്ടാവുക.സന്ദർശകർ ഉച്ചതിരിഞ്ഞ് വന്നിരുന്നു. പ്രശാന്തമായ ആശ്രമത്തിലേക്ക് ബാഹ്യലോകത്തുനിന്നും ആളുകളുടെ ഒരു നിലയ'ക്കാത്ത പ്രവാഹമായിരുന്നു. എന്റെ ഗുരുദേവൻ എല്ലാ അതിഥികളോടും മര്യാദയോടും ദയയോടും പെരുമാറി. താൻ പരമാത്മാവാണെന്നും അല്ലാതെ ശരീരമോ അഹംബുദ്ധിയോ അല്ലെന്നും സാക്ഷാത്കരിച്ച ഒരു ആചാര്യൻ എല്ലാ മനുഷ്യരിലും ശ്രേഷ്ഠമായ ഒരു സമാനത ദർശിക്കുന്നു.പുണ്യാത്മാക്കളുടെ നിഷ്പക്ഷത ജ്ഞാനത്തിൽ അധിഷ്ഠിതമാണ്. മായയുടെ മാറുന്ന മുഖങ്ങൾ ഒരിക്കലും അവരെ സ്വാധീനിക്കുന്നില്ല; ബോധോദയത്തിലെത്താത്ത മനുഷ്യരുടെ വിവേകത്തെ കുഴക്കുന്ന ഇഷ്ടാനിഷ്ടങ്ങൾക്ക് അവർ അധീനരല്ല. ശക്തരായ പ്രമാണിമാരോടോ, ധനാഢ്യരോടോ മറ്റു രീതിയിൽ മികച്ചവരോടോ ശ്രീ യുക്തേശ്വരൻ പ്രത്യേക പരിഗണനകൾ ഒന്നും കാട്ടിയിരുന്നില്ല; ദരിദ്രരെയോ അറിവില്ലാത്തവരെയൊ അവഗണിച്ചിരുന്നുമില്ല. സത്യത്തിന്റെ വാക്കുകൾ ഒരു കുട്ടിയിൽനിന്നായാലും അദ്ദേഹം ആദരവോടെ ശ്രദ്ധിക്കും; വേണ്ടിവന്നാൽ ഗർവിഷ്ഠനായ ഒരു പണ്ഡിതനെ പരസ്യമായി അവഗണിക്കുകയും ചെയ്യുമായിരുന്നു.എട്ടുമണിയായിരുന്നു അത്താഴസമയം. ചിലപ്പോൾ വൈകിത്തങ്ങുന്ന അതിഥികൾ ഉണ്ടാവും. ഗുരുദേവൻ അവരെ ഒഴിവാക്കി തനിയെ ആഹാരം കഴിക്കാൻ പോകുകയില്ല; വിശന്നോ അതൃപ്തരായിട്ടോ ആരും അദ്ദേഹത്തിന്റെ ആശ്രമം വിട്ടിരുന്നില്ല. അപ്രതീക്ഷിതരായ അതിഥികളെക്കൊണ്ട് ശ്രീ യുക്തേശ്വരന് ഒരിക്കലും ആവതില്ലാതാകയോ ബുദ്ധിമുട്ടുവരുകയോ ചെയ്തിരുന്നില്ല; ശിഷ്യന്മാർക്ക് അദ്ദേഹം വൈഭവത്തോടെ നൽകുന്ന നിർദേശങ്ങൾകൊണ്ട് അല്പഭക്ഷണം ഒരു സദ്യയായി മാറും. ഇതൊക്കെയാണെങ്കിലും അദ്ദേഹം മിതമായേ ചെലവാക്കിയിരുന്നുള്ളൂ; അദ്ദേഹത്തിന്റെ എളിയ സമ്പാദ്യം ധാരാളമായിരുന്നു. ' 'നിങ്ങളുടെ മടിശ്ശീല അനുവദിക്കുന്നിടത്തോളം മാത്രം സുഖസൗകര്യങ്ങളിൽ കഴിയുക,' ' അദ്ദേഹം പറയുമായിരുന്നു. ' 'ധാരാളിത്തം ദുരിതം വരുത്തും.' ' ആശ്രമ ഉത്സവങ്ങളുടെ വിശദാംശങ്ങളിലും, കെട്ടിടനിർമാണത്തിലും, അറ്റകുറ്റപ്പണിയിലും, അതുപോലെ മറ്റു പ്രായോഗിക കാര്യങ്ങളിലും ഗുരുദേവൻ തന്റെ സൃഷ്ടിനൈപുണിയുടെ മൗലികത പ്രദർശിപ്പിച്ചിരുന്നു.ശാന്തമായ സായാഹ്നവേളകൾ പലപ്പോഴും എന്റെ ഗുരുവിന്റെ പ്രഭാഷണങ്ങൾക്കു രംഗമൊരുക്കി: കാലത്തെ വെല്ലുന്ന അമൂല്യനിധികൾ ആയിരുന്നു അവ. അദ്ദേഹത്തിന്റെ ഓരോ വാക്കും ജ്ഞാനപ്രചോദിതമായിരുന്നു. ഉദാത്തമായ ഒരു ആത്മവിശ്വാസം അദ്ദേഹത്തിന്റെ ആശയാവിഷ്കാരത്തിന്റെ മുഖമുദ്രയായിരുന്നു. അത്

അന്യാദൃശവുമായിരുന്നു. എന്റെ അനുഭവത്തിൽ, മറ്റാരും ഒരിക്കലും സംസാരിച്ചിട്ടില്ലാത്തവണ്ണം, അദ്ദേഹം സംസാരിച്ചു. വാക്കുകൾ എന്ന പുറംചട്ട അണിയാൻ അനുവദിക്കുന്നതിനുമുമ്പ് സ്വന്തം ചിന്തകളെ വിവേചനത്തിന്റെ സൂക്ഷ്മമായ ത്രാസിൽ അദ്ദേഹം തൂക്കിനോക്കിയിരുന്നു. സർവസാർവത്രികമായി കുടികൊള്ളുന്ന, ഒരു ശാരീരിക അവ സ'ഥിതിപോലുമുള്ള, സത്യത്തിന്റെ സാരം, ആത്മാവിന്റെ സുഗന്ധിയായ ഒരു പ്രസ്രാവംപോലെ അദ്ദേഹത്തിൽനിന്ന് വഴിഞ്ഞൊഴുകി. ഈശ്വരന്റെ സജീവമൂർത്തീഭാവത്തിനുമുന്നിലാണ് ഞാനെന്ന് എനിക്ക് എപ്പോഴും ബോധ്യമുണ്ടായിരുന്നു. അദ്ദേഹത്തിലെ ദിവ്യതയുടെ മാഹാത്മ്യം അദ്ദേഹത്തിന്റെ മുന്നിൽ എന്റെ ശിരസ്സ് വിനമ്രമാക്കി.ശ്രീ യുക്തേശ്വരൻ ബ്രഹ്മത്തിൽ ആമഗ്നനായീയെന്ന് അതിഥികൾ മനസ്സിലാക്കിയാൽ അദ്ദേഹം ഉടനെതന്നെ അവരെ സംഭാഷണത്തിലേക്ക് ആനയിക്കും. വലിയ ഭാവം നടിക്കാനോ, തന്റെ ഉള്ളിലേയ'ക്കുള്ള പിൻവാങ്ങൽ പ്രദർശിപ്പിക്കാനോ അദ്ദേഹത്തിനു കഴിയുമായിരുന്നില്ല. എപ്പോഴും ബ്രഹ്മാനന്ദത്തിൽ നിർലീനനായിരുന്നതിനാൽ ഈശ്വരസംയോഗത്തിന് അദ്ദേഹത്തിന് പ്രത്യേക സമയമൊന്നും വേണ്ടിയിരുന്നില്ല. ആത്മസാക്ഷാത്കാരം നേടിയ ഒരു ആചാര്യൻ, ധ്യാനത്തിന്റെ ചവിട്ടുപടികൾ നേരത്തെതന്നെ പിന്നിട്ടു കഴിഞ്ഞിരിക്കുന്നു. ‘ ‘കായ് വരുമ്പോൾ പൂവ് കൊഴിയുന്നു.’ ’ പക്ഷേ ആചാര്യന്മാർ, അനുയായികൾക്ക് ഒരു മാതൃക കാട്ടാനായി ആത്മീയസാധനകൾ നിർബന്ധപൂർവം നിലനിർത്തുന്നു.അർധരാത്രി വന്നെത്തുമ്പോൾ എന്റെ ഗുരുദേവൻ ഒരു കുഞ്ഞിന്റെ സ്വാഭാവികതയോടെ ചിലപ്പോൾ ഒന്നുമയങ്ങും. കിടക്കയുടെ കാര്യത്തിൽ അദ്ദേഹത്തിന് ഒരു നിർബന്ധവുമില്ലായിരുന്നു. തന്റെ സ'ഥിരമായ കടുവത്തോലിരിപ്പിടത്തിന്റെ പിന്നിലിട്ടിരുന്ന വീതി കുറഞ്ഞ സോഫയിൽ ഒരു തലയിണ പോലുമില്ലാതെ മിക്കപ്പോഴും അദ്ദേഹം കിടക്കുമായിരുന്നു.രാത്രി മുഴുവൻ നീണ്ടുനിന്ന ദാർശനിക പ്രഭാഷണങ്ങൾ അപൂർവമായിരുന്നില്ല; തീവ്രമായ താല്പര്യം കാട്ടി ഏതു ശിഷ്യനും അത് ക്ഷണിച്ചുവരുത്താം. ആ വേളകളിൽ എനിക്ക് ക്ഷീണമോ ഉറങ്ങണമെന്നുള്ള ആഗ്രഹമോ അനുഭവപ്പെട്ടിരുന്നില്ല. ഗുരുദേവന്റെ സജീവമായ വാക്കുകൾ മാത്രം മതിയായിരുന്നു എനിക്ക്. ‘ ‘ഓ പ്രഭാതമായിക്കഴിഞ്ഞു! നമുക്ക് ഗംഗാതീരത്ത് നടക്കാൻ പോകാം.’ ’ അങ്ങനെയാണ് പലപ്പോഴും എനിക്ക് ലഭിച്ചിരുന്ന രാത്രികാല ആത്മീയ ഉൽബോധനങ്ങൾ പരിസമാപിച്ചത്.ശ്രീ യുക്തേശ്വരനോടൊപ്പം ഞാൻ കഴിഞ്ഞ ആദ്യത്തെ ഏതാനും മാസങ്ങളുടെ ഉച്ചബിന്ദു ‘ ‘എങ്ങനെ കൊതുകിനെ തോല്പിക്കാം’ ’ എന്ന ഗുണപാഠമാണ്. വീട്ടിൽ ഞങ്ങൾ രാത്രിയിൽ എപ്പോഴും കൊതുകുവല ഉപയോഗിച്ചിരുന്നു. ശ്രീരാമപുരം ആശ്രമത്തിൽ വിവേകപൂർവമായ ഈ വഴക്കത്തെ ആദരിച്ചിരുന്നത് അത് ഒഴിവാക്കിക്കൊണ്ടാണെന്നുകണ്ട് ഞാൻ ആകെ പരുങ്ങി. പക്ഷേ, അവിടം മുഴുവൻ ഈ പ്രാണികളെക്കൊണ്ട് നിറഞ്ഞിരുന്നു. അവ എന്നെ നഖശിഖാന്തം കടിച്ചു. എന്റെ ഗുരുവിന് എന്നിൽ ദയ തോന്നി. ‘ ‘നിനക്ക് ഒരു കൊതുകുവല വാങ്ങൂ; ഒന്ന് എനിക്കും.’ ’ അദ്ദേഹം ചിരിച്ചുകൊണ്ട് വീണ്ടുംപറഞ്ഞു. ‘ ‘നിനക്കുവേണ്ടി മാത്രം ഒന്നുവാങ്ങുകയാണെങ്കിൽ മുഴുവൻ കൊതുകുകളുംകൂടി എന്റെ നേരെ തിരിയും!’ ’ പറഞ്ഞതുപോലെ ചെയ്യാൻ എനിക്ക് സന്തോഷമേ ഉണ്ടായിരുന്നുള്ളൂ. ശ്രീരാമപുരത്ത് ഞാൻ താമസിച്ച ഓരോ രാത്രിയിലും കൊതുകുവല കെട്ടാൻ ഗുരുദേവൻ എന്നോടുപറയും.ഒരു രാത്രിയിൽ കൊതുകുകളുടെ ഒരുപറ്റം ഞങ്ങളെ വളഞ്ഞപ്പോൾ പതിവുള്ള നിർദേശങ്ങൾ തരാൻ ഗുരുദേവൻ കൂട്ടാക്കിയില്ല. ആ പ്രാണികളുടെ പ്രതീക്ഷാനിർഭരമായ മൂളൽ ആശങ്കയോടെ ഞാൻ ശ്രവിച്ചു. കിടക്കയിൽ കയറിയിട്ട്, പ്രസാദിക്കാനായി ഒരു പ്രാർഥന പൊതുവെ അവയുടെ ദിശയിലേക്ക് ഞാൻ സമർപ്പിച്ചു. അരമണിക്കൂറിനുശേഷം, ഞാൻ ഗുരുദേവന്റെ ശ്രദ്ധ പിടിച്ചുപറ്റാൻ ഒന്നു ചുമച്ചുനോക്കി. കൊതുകുകടിയും, പ്രത്യേകിച്ച്, രക്തദാഹത്തോടുകൂടിയ പാനോത്സവം അവ ആഘോഷിക്കുമ്പോഴുള്ള മൂളിപ്പാട്ടിന്റെ ശ്രുതിയുംകൊണ്ട് എനിക്കു ഭ്രാന്തുപിടിക്കുമെന്നുതോന്നി.ഗുരുദേവനിൽനിന്ന് പ്രതികരണമായി ഒരു അനക്കവുമില്ല; കരുതലോടെ ഞാൻ അദ്ദേഹത്തിന്റെ അടുത്തേക്കു നീങ്ങി. അദ്ദേഹം ശ്വാസോച്ഛ്വാസം ചെയ്യുന്നില്ലായിരുന്നു. ഇതായിരുന്നു അദ്ദേഹത്തിന്റെ സമാധി അവസ'ഥയുടെ, അടുത്തുനിന്നുള്ള എന്റെ ആദ്യനിരീക്ഷണം; ഞാൻ ഭയന്നുപോയി. ‘ ‘അദ്ദേഹത്തിന്റെ ഹൃദയം നിന്നുപോയിട്ടുണ്ടാവാം!’ ’ ഒരു കണ്ണാടി ഞാൻ അദ്ദേഹത്തിന്റെ മൂക്കിനു താഴെ പിടിച്ചു; ശ്വാസത്തിന്റെ നീരാവികണ്ടില്ല. ശരിക്കും ഉറപ്പുവരുത്താൻവേണ്ടി ഞാൻ വിരലുകൾകൊണ്ട് ആ വായും നാസാരന്ധ്രങ്ങളും മിനിട്ടുകളോളം അടച്ചുപിടിച്ചു. അദ്ദേഹത്തിന്റെ ശരീരം തണുത്തു നിശ്ചലമായിരുന്നു. പ്രജ്ഞയറ്റ ഞാൻ, സഹായം തേടാനായി വാതിലിലേക്കു തിരിഞ്ഞു. ‘ ‘ഓഹോ! തളിരിട്ടുവരുന്ന ഒരു പരീക്ഷണകുതുകി! എന്റെ പാവം മൂക്ക്!’ ’ ഗുരുദേവന്റെ സ്വരം ചിരികൊണ്ട് തരളമായി. ‘ ‘നീ എന്താണ് ഉറങ്ങാത്തത്? നിനക്കുവേണ്ടി ഈ സമസ്തലോകവും മാറാൻപോകുന്നുണ്ടോ? നീ സ്വയം നിന്നിൽ മാറ്റം വരുത്തൂ: കൊതുകുകൾ ഉണ്ടെന്ന ബോധം വെടിയൂ.’ ’ ദൈന്യതയോടെ നിസ്സഹായനായി ഞാൻ കിടക്കയിലേക്ക് മടങ്ങി. ഒരൊറ്റക്കൊതുകും എന്റെ അടുത്തുവരാൻ ധൈര്യപ്പെട്ടില്ല. എന്നെ സന്തോഷിപ്പിക്കാൻവേണ്ടി മാത്രമായിരുന്നു എന്റെ ഗുരുദേവൻ കൊതുകുവല ഉപയോഗിക്കാൻ സമ്മതിച്ചതെന്നും, അദ്ദേഹത്തിന് കൊതുകുകളെ ഒരു ഭയവുമില്ലായിരുന്നുവെന്നും എനിക്കു മനസ്സിലായി. തന്നെ കടിക്കുന്നതിൽനിന്ന് അവയെ

യോഗശക്തിയാൽ വിലക്കാനും, അല്ലെങ്കിൽ വേണമെന്നുവച്ചാൽ ആന്തരികമായ ഒരു അഭേദ്യതയിലേക്കു പിൻവാങ്ങാനും അദ്ദേഹത്തിനു കഴിയുമായിരുന്നു. ‘ ‘അദ്ദേഹം എനിക്ക് ഒരു ദൃഷ്ടാന്തം കാട്ടുകയായിരുന്നു,’ ’ ഞാൻ വിചാരിച്ചു. ‘ ‘ആ യോഗാവസ'ഥയിൽ എത്തിച്ചേരാനാണ് ഞാൻ ശ്രമിക്കേണ്ടത്.’ ’ ഈ ലോകത്തിൽ ഒരിക്കലും ഒഴിവാക്കാനാവാത്ത പ്രാണികളുടെ മുരളലും പകൽവെളിച്ചത്തിന്റെ എവിടെയും കടന്നെത്തുന്ന കണ്ണഞ്ചിപ്പിക്കുന്ന പ്രകാശവുംപോലുള്ള അസംഖ്യം അസ്വാസ'ഥ്യങ്ങളെ കൂട്ടാക്കാതെ ഒരു യഥാർഥയോഗിക്ക് അതിബോധാവസ'ഥയിലേക്ക് കടന്നുപോകാനും അത് നിലനിർത്താനും സാധിക്കും! സമാധിയുടെ ആദ്യത്തെ (സവികല്പ) അവസ'ഥയിൽ ബാഹ്യപ്രപഞ്ചത്തിന്റെ സർവവിധ ഇന്ദ്രിയസാക്ഷ്യങ്ങളെയും ഭക്തൻ അടച്ചുവെളിയിലാക്കി അകറ്റുന്നു. അപ്പോൾ അദ്ദേഹത്തിന്, സ്വർഗത്തേക്കാൾ സുന്ദരമായ ഒരു ആന്തരികലോകത്തിലെ പുതുമയും വിശുദ്ധിയുമുള്ള നാദങ്ങളും കാഴ്ചകളും പ്രതിഫലമായി ലഭിക്കുന്നു.6ആശ്രമത്തിലെ മറ്റൊരു ആദ്യകാലപാഠത്തിനും ശിക്ഷണത്തിന് ഉതകുന്ന കൊതുകുകൾ ഉപകരിച്ചു. ശാന്തമായ സന്ധ്യാസമയമായിരുന്നു അത്. എന്റെ ഗുരുദേവൻ പ്രാചീനഗ്രന്ഥങ്ങൾ അന്യാദൃശമായി വ്യാഖ്യാനിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ കാൽക്കലായി ഞാൻ സമ്പൂർണമായ ശാന്തിയിൽ ഇരുന്നു. ഈ സുന്ദരമായ സാഹചര്യങ്ങളിൽ ധിക്കാരിയായ ഒരു കൊതുകു കടന്നുവന്ന് എന്റെ ശ്രദ്ധനേടാൻ മത്സരമായി. എന്റെ തുടയിൽ അതിന്റെ വിഷം നിറച്ച ‘ ‘കുത്തിവയ്പു സൂചി’ ’ തുളച്ചുകയറ്റിയപ്പോൾ, അറിയാതെ ഞാൻ കൈ പകയോടെ ഉയർത്തി. ഉടനടി നടക്കേണ്ട വധശിക്ഷയിൽനിന്ന് വിടുതൽ! തക്കസമയത്ത്, അഹിംസയെപ്പറ്റിയുള്ള പതഞ്ജലീസൂത്രം എനിക്ക് ഓർമവന്നു.7 ‘ ‘നീയെന്താണ് വേണ്ടെന്നുവച്ചത്?’ ’ ‘ ‘ഗുരുദേവാ! ജീവാപഹരണം അങ്ങ് ശുപാർശചെയ്യുമോ?’ ’ ‘ ‘ഇല്ല, പക്ഷേ നിന്റെ മനസ്സിൽ നീ മാരകമായ അടി നടത്തിക്കഴിഞ്ഞു.’ ’ ‘ ‘എനിക്കു അത് മനസ്സിലാകുന്നില്ല.’ ’ ‘ ‘ ‘അഹിംസ’ കൊണ്ട് പതഞ്ജലി ഉദ്ദേശിച്ചത് കൊല്ലാനുള്ള ആഗ്രഹം ഒഴിവാക്കുക എന്നാണ്.’ ’ എന്റെ മനോവൃത്തികൾ ശ്രീ യുക്തേശ്വരന് ഒരു തുറന്ന പുസ്തകമായിരുന്നു. ‘ ‘അഹിംസ വാച്യാർഥത്തിൽ ആചരിക്കാൻ അസൗകര്യമായ രീതിയിലാണ് ഈ ലോകം വ്യവസ'ഥചെയ്യപ്പെട്ടിരിക്കുന്നത്. ഉപദ്രവകാരികളായ ക്ഷുദ്രജന്തുക്കളെ നശിപ്പിക്കാൻ മനുഷ്യൻ നിർബന്ധിതനായേക്കാം. എന്നാൽ കോപമോ പകയോ തോന്നാൻ അവൻ അത്തരത്തിൽ നിർബന്ധിതനല്ല. ഈശ്വരന്റെ മായയുടെ വായുവിന് എല്ലാജീവജാലങ്ങൾക്കും തുല്യമായ അവകാശം ഉണ്ട്. സൃഷ്ടിയുടെ രഹസ്യം അനാവരണം ചെയ്യുന്ന ഒരു ദിവ്യൻ പ്രകൃതിയുടെ എണ്ണമറ്റ അമ്പരപ്പിക്കുന്ന ബഹിർസ്ഫുരണങ്ങളോട് നന്നെ പൊരുത്തപ്പെട്ടിരിക്കും. നശീകരണത്തിനുള്ള ശക്തമായ ആഗ്രഹത്തെ അതിജീവിക്കുന്നതു വഴി എല്ലാ മനുഷ്യർക്കും ഈ സത്യത്തെ മനസ്സിലാക്കാം.’ ’ ‘ ‘ഗുരുജീ, ഒരു വന്യമൃഗത്തെ കൊല്ലുന്നതിലും ഭേദം താൻ സ്വയം ബലികൊടുക്കാൻ തയ്യാറാകുന്നതാണോ?’ ’ ‘ ‘അല്ല, മനുഷ്യശരീരം അമൂല്യമാണ്. അന്യാദൃശമായ മസ്തിഷ്കവും സുഷുമ്നാകേന്ദ്രങ്ങളും കാരണം അതിന് ഏറ്റവും മഹത്തായ പരിണാമാത്മകമൂല്യമുണ്ട്. നല്ല പുരോഗതി നേടിയിട്ടുള്ള സാധകന്, ഏറ്റവും ഉന്നതമായ ഈശ്വരതത്ത്വത്തിന്റെ അംശങ്ങൾ ഗ്രഹിക്കാനും ബഹിർസ്ഫുരിപ്പിക്കാനും ഇവ കഴിവു നൽകുന്നു. താഴ്ന്ന ഒരു ജീവിയും ഇപ്രകാരം സജ്ജമാക്കപ്പെട്ടിട്ടില്ല. ഒരു ജന്തുവിനെയോ മറ്റേതെങ്കിലും ജീവജാലത്തെയോ കൊല്ലാൻ മനുഷ്യൻ നിർബന്ധിതനായാൽ അവൻ ലഘുവായ ഒരു പാപത്തിന്റെ കടം വരുത്തിവയ'ക്കുന്നുവെന്നത് സത്യമാണ്. പക്ഷേ, മനുഷ്യശരീരത്തിന്റെ വിവേചനരഹിതമായ നശീകരണം കർമനിയമങ്ങളുടെ ഗൗരവമായ ലംഘനമാണെന്ന് വിശുദ്ധശാസ്ത്രങ്ങൾ പഠിപ്പിക്കുന്നു.’ ’ ഞാൻ ആശ്വാസത്തോടെ നെടുവീർപ്പിട്ടു; സ്വാഭാവികമായ ജന്മവാസനകൾക്ക് ശാസ്ത്രങ്ങളുടെ പിൻബലം പലപ്പോഴും ലഭിക്കാറില്ല.ഞാൻ അറിഞ്ഞിടത്തോളം ഗുരുദേവൻ ഒരു പുലിയുടേയോ കടുവയുടെയോ വളരെ അടുത്ത് ചെന്നുപെട്ടിട്ടില്ല. പക്ഷേ, ഒരിക്കൽ ഒരു ഭയങ്കരനായ മൂർഖൻപാമ്പ് അദ്ദേഹത്തെ നേരിട്ടപ്പോൾ അദ്ദേഹത്തിന്റെ സ്നേഹം അതിനെ കീഴടക്കുകയാണുണ്ടായത്. എന്റെ ഗുരുദേവന്റെ പുരി കടൽത്തീരത്തെ ആശ്രമത്തിൽവച്ചായിരുന്നു സംഭവം. ശ്രീ യുക്തേശ്വരന്റെ ഒരു പിൽക്കാല യുവശിഷ്യനായ പ്രഫുൽ അപ്പോൾ അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. ‘ ‘ഞങ്ങൾ ആശ്രമത്തിനുസമീപം വെളിയിൽ ഇരിക്കുകയായിരുന്നു.’ ’ പ്രഫുൽ എന്നോടു പറഞ്ഞു. ‘ ‘ഭീതിരൂപമാർന്നതുപോലെ ഒരു നാലടിനീളമുള്ള മൂർഖൻപാമ്പ് തൊട്ടടുത്ത് പ്രത്യക്ഷപ്പെട്ടു. അതു ഞങ്ങളുടെ അടുത്തേക്ക് പാഞ്ഞുവന്നപ്പോൾ അതിന്റെ പത്തി കോപത്താൽ വിടർന്നിരുന്നു. ഗുരുദേവൻ, ഒരു കുഞ്ഞിനോട് എന്നപോലെ അതിനെനോക്കി സ്വാഗതമായി ആഹ്ലാദത്തോടെ അടക്കിച്ചിരിച്ചു. ശ്രീ യുക്തേശ്വരൻ താളമൊപ്പിച്ച് കൈകൊട്ടുന്നതു കണ്ടപ്പോൾ ഞാൻ വല്ലാതെ ഭയപ്പെട്ടു.8 അദ്ദേഹം തന്റെ ഭയകാരിയായ വിരുന്നുകാരനെ രസിപ്പിക്കുകയായിരുന്നു! ഞാൻ ആകെ മൂകനായി ഉള്ളിൽ തീവ്രഭക്തിയോടെ പ്രാർഥനകൾ ഉരുവിട്ടു കൊണ്ടിരുന്നു. ഗുരുദേവന്റെ വളരെ അടുത്തെത്തിയ സർപ്പം, അദ്ദേഹത്തിന്റെ ലാളനാഭാവത്താൽ ആകർഷിക്കപ്പെട്ട് നിശ്ചലനായി. പേടിപ്പെടുത്തുന്ന പത്തി ക്രമേണ ചുരുങ്ങി; ശ്രീ യുക്തേശ്വരന്റെ പാദങ്ങൾക്കിടയിലൂടെ പാമ്പ് ഇഴഞ്ഞുപോയി ചെടികൾക്കിടയിൽ മറഞ്ഞു.’ ’ ‘ ‘ഗുരുദേവൻ എന്തുകൊണ്ട് കൈകൾ ചലിപ്പിച്ചു എന്നതും മൂർഖൻ അവയെ എന്തുകൊണ്ട് കൊത്താതിരുന്നുവെന്നതും മനസ്സിലാക്കാൻ അന്ന് എനിക്ക്

കഴിഞ്ഞിരുന്നില്ല.’ ’ പ്രഫുൽ പറഞ്ഞു നിർത്തി. ‘ ‘നമ്മുടെ ഗുരുദേവൻ, ഏതെങ്കിലും ഒരു ജന്തുവിൽനിന്ന് പരിക്കേൽക്കുമെന്ന ഭയത്തിന് അതീതനാണെന്ന് പിന്നീട് എനിക്കു ബോധ്യമായി. ’ ’ ആശ്രമത്തിലെ എന്റെ ആദ്യമാസങ്ങളിലെ ഒരു ദിവസം ഉച്ചതിരിഞ്ഞ് ശ്രീ യുക്തേശ്വരന്റെ ദൃഷ്ടി, തുളഞ്ഞുകയറുന്നവണ്ണം എന്നിൽ ഉറപ്പിച്ചിരിക്കുന്നത് ഞാൻ കണ്ടു. ‘ ‘നീ തീരെ മെലിഞ്ഞാണല്ലോ ഇരിക്കുന്നത്, മുകുന്ദാ.’ ’ അദ്ദേഹത്തിന്റെ പരാമർശം വേദനിക്കുന്ന ഒരിടത്താണ് ചെന്നു തറച്ചത്. എന്റെ കുഴിഞ്ഞ കണ്ണുകളും തീരെ മെലിഞ്ഞ രൂപവും എനിക്കുതന്നെ ഇഷ്ടമായിരുന്നില്ല. ബാല്യം മുതൽ വിട്ടുമാറാത്ത ദഹനക്ഷയം എന്നെ പീഡിപ്പിച്ചിരുന്നു. വീട്ടിൽ എന്റെ മുറിയിലെ ഷെൽഫിൽ ടോണിക് കുപ്പികളുടെ ഒരു നിരതന്നെ ഉണ്ടായിരുന്നു; അവ ഒന്നും ഒരു ഗുണവും ചെയ്തില്ല. ഇത്ര ദുർബലമായ ഒരു ശരീരവും വച്ചുകൊണ്ടു ജീവിക്കുന്നതിൽ എന്തു പ്രയോജനമെന്ന് ഞാൻ വേദനയോടെ ഇടയ'ക്കിടെ സ്വയം ചോദിക്കുമായിരുന്നു. ‘ ‘മരുന്നുകൾക്ക് പരിമിതികളുണ്ട്; ദിവ്യവും സൃഷ്ടിപരവുമായ പ്രാണശക്തിക്ക് അതില്ല. അതു വിശ്വസിക്കൂ: നീ ആരോഗ്യവാനും ശക്തനുമായിത്തീരും.’ ’ അവയുടെ സത്യം എന്റെ ജീവിതത്തിൽ എനിക്ക് വിജയകരമായി പ്രയോഗിക്കാമെന്ന് ഗുരുദേവന്റെ വാക്കുകൾ തൽക്ഷണം എന്നെ ബോധ്യപ്പെടുത്തി. മറ്റൊരു ചികിത്സകനും (ഞാൻ പലരേയും പരീക്ഷിച്ചിട്ടുണ്ട്) എന്നിൽ ഇത്ര ഗാഢമായ വിശ്വാസം ഉണർത്താൻ കഴിഞ്ഞിരുന്നില്ല.ദിവസേന ഞാൻ ആരോഗ്യത്തിലും ശക്തിയിലും മെച്ചപ്പെട്ടു വന്നു. ഫലസിദ്ധിയില്ലാതെ ഇക്കാലമത്രയും ഞാൻ ആഗ്രഹിച്ചിരുന്ന തൂക്കം ശ്രീ യുക്തേശ്വരന്റെ അദൃശ്യമായ അനുഗ്രഹത്താൽ രണ്ടാഴ്ചകൊണ്ട് ഞാൻ നേടി. എന്റെ വയറ്റിലെ അസുഖങ്ങൾ എന്നെന്നേക്കുമായി അപ്രത്യക്ഷമായി.പ്രമേഹം, ചുഴലിദീനം, ക്ഷയം, തളർവാതം, എന്നിവകൊണ്ട് കഷ്ടപ്പെടുന്നവരെ ഗുരുദേവൻ ദൈവികമായി രോഗവിമുക്തരാക്കിയതിന് സാക്ഷ്യം വഹിക്കാൻ പിന്നീട് പല അവസരങ്ങളിൽ എനിക്ക് സവിശേഷഭാഗ്യം ലഭിച്ചു. ‘ ‘കൊല്ലങ്ങൾക്കുമുമ്പ് എനിക്കും ശരീരത്തിന് തൂക്കംവച്ചാൽ കൊള്ളാമെന്നുള്ള അതിയായ ആകാംക്ഷ ഉണ്ടായിരുന്നു, ’ ’ എന്റെ അസുഖം മാറ്റിയതിനുശഷം അടുത്ത ദിവസം ഗുരുദേവൻ എന്നോടു പറഞ്ഞു. ‘ ‘ഒരു കടുത്ത അസുഖം മാറി ആരോഗ്യം വീണ്ടെടുത്തു കൊണ്ടിരുന്ന അവസരത്തിൽ ഞാൻ വാരാണസിയിൽ ലാഹരി മഹാശയനെ സന്ദർശിച്ചു. ‘ ‘ ‘പ്രഭോ, ഞാൻ ഒരു വലിയ അസുഖത്തിലായിരുന്നു, എന്റെ തൂക്കം വളരെക്കുറഞ്ഞു.’ ‘ ‘ ‘ശരി, യുക്തേശ്വരാ9, നീ സ്വയം അസുഖമുണ്ടാക്കി, എന്നിട്ട് മെലിഞ്ഞുപോയിയെന്ന് ഇപ്പോൾ വിചാരിക്കുന്നു.’ ‘ ‘ഈ ഉത്തരം ഞാൻ പ്രതീക്ഷിച്ചിരുന്നതിൽനിന്ന് വളരെ വിഭിന്നമായിരുന്നു; എന്തായാലും എന്റെ ഗുരു പ്രോത്സാഹജനകമായി കൂട്ടിച്ചേർത്തു: ‘ ‘ ‘നോക്കട്ടെ, നാളെ നിനക്ക് ഭേദമുണ്ടെന്നു തോന്നുമെന്ന് എനിക്ക് ഉറപ്പാണ്.’ ‘ ‘അദ്ദേഹം ഗുപ്തമായി എന്റെ അസുഖം ഭേദമാക്കുന്നുവെന്നതിന്റെ ഒരു സൂചനയായി എന്റെ ശ്രദ്ധാലുവായ മനസ്സ് ആ വാക്കുകളെ സ്വീകരിച്ചു. അടുത്തപ്രഭാതത്തിൽ ഞാൻ അദ്ദേഹത്തെ തേടിപ്പിടിച്ച് സന്തോഷാധിക്യത്തോടെപറഞ്ഞു. ‘പ്രഭോ എനിക്ക് ഇന്ന് നല്ല സുഖംതോന്നുന്നുണ്ട്.’ ‘ ‘ ‘അതെയോ! ഇന്ന് നീ സ്വയം ഉന്മേഷവാനാക്കുന്നു.’ ‘ ‘ ‘അല്ല ഗുരുദേവാ!’ ഞാൻ നിഷേധിച്ചു. ‘അങ്ങ് ആണ് എന്നെ സഹായിച്ചത്; ആഴ്ചകളായി ഇന്നാണ് എനിക്ക് അല്പമെങ്കിലും ശക്തിതോന്നിയത്.’ ‘ ‘ ‘അതു ശരി! നിന്റെ അസുഖം വളരെ ഗുരുതരമായിരുന്നു. നിന്റെ ശരീരം ഇപ്പോഴും ദുർബലമാണ്; അത് നാളെ എങ്ങനെയിരിക്കുമെന്ന് ആർക്കു പറയാൻകഴിയും?’ ‘ ‘ക്ഷീണം വീണ്ടുമുണ്ടാകാമെന്ന ചിന്ത എന്നിൽ വിറങ്ങലിപ്പി ക്കുന്ന ഞെട്ടൽ ഉണ്ടാക്കി. അടുത്ത പ്രഭാതത്തിൽ ലാഹിരി മഹാശയന്റെ വീടുവരെ കഷ്ടിച്ച് ഇഴഞ്ഞെത്താൻപോലും എനിക്ക് ആകുമായിരുന്നില്ല. ‘ ‘ ‘പ്രഭോ, ഞാൻ വീണ്ടും രോഗിയായി. ’ ‘ ‘എന്റെ ഗുരുവിന്റെ നോട്ടം ചോദ്യരൂപത്തിലായിരുന്നു. ‘അപ്പോൾ നീ വീണ്ടും അനാരോഗ്യം വിളിച്ചുവരുത്തുന്നു.’ ‘ ‘എന്റെ ക്ഷമകെട്ടു. ‘ഗുരുദേവാ’, ഞാൻ പറഞ്ഞു, ‘ദിവസേന അങ്ങ് എന്നെ കളിയാക്കുകയായിരുന്നുവെന്ന് എനിക്ക് ഇപ്പോൾ മനസ്സിലായി. എന്റെ സത്യമായ വാക്കുകൾ അങ്ങ് അവിശ്വസിക്കുന്നത് എന്തുകൊണ്ടാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല.’ ‘ ‘ ‘ വാസ്തവത്തിൽ നിന്നെ ഒന്നിടവിട്ട് ശക്തനും അശക്തനുമാക്കിത്തീർത്തത് നിന്റെ ചിന്തകളാണ്.’ എന്റെ ഗുരു എന്നെ സ്നേഹപൂർവം നോക്കി. ‘നിന്റെ ഉപബോധമനസ്സിന്റെ പ്രതീക്ഷകളെ നിന്റെ ആരോഗ്യം എപ്രകാരം കൃത്യമായി പിൻതുടർന്നുവെന്ന് നീ കണ്ടുവല്ലോ. വൈദ്യുതിയോ ഭൂഗുരുത്വമോപോലെ ചിന്തയും ഒരു ശക്തിയാണ്. മനുഷ്യമനസ്സ് ഈശ്വരന്റെ സർവശക്തമായ ബോധത്തിന്റെ ഒരു സ്ഫുലിംഗമാണ്. നിന്റെ ശക്തമായ മനസ്സ് ഗാഢമായി എന്തെല്ലാം വിശ്വസിക്കുന്നുവോ, അവയെല്ലാം തൽക്ഷണം സംഭവ്യമാകുമെന്ന് എനിക്കു കാണിച്ചുതരാൻ കഴിയും.’ ‘ ‘ലാഹിരി മഹാശയൻ ഒരിക്കലും വൃഥാവാക്ക് പറയുകയില്ലെന്ന് അറിയാവുന്നതുകൊണ്ട് ഞാൻ അദ്ദേഹത്തോട് ഭയഭക്തിയോടും കൃതജ്ഞതയോടുംകൂടി ചോദിച്ചു. ‘ഗുരുദേവാ, എനിക്ക് സുഖമാണെന്നും എന്റെ പഴയ തൂക്കം വീണ്ടെടുത്തുവെന്നും ഞാൻ ചിന്തിക്കുകയാണെങ്കിൽ, അവ യഥാർഥമാകുമോ?’ ‘ ‘ ‘അത് അങ്ങനെതന്നെയാണ്, ഈ നിമിഷംപോലും.’ എന്റെ കണ്ണുകളിൽ നോട്ടം കേന്ദ്രീകരിച്ച ഗുരുദേവൻ ഗൗരവത്തോടെ പറഞ്ഞു. ‘ ‘തൽക്ഷണം, എന്റെ ശക്തിയിൽ മാത്രമല്ല, തൂക്കത്തിലും ഒരു വർധനവ് എനിക്ക് അനുഭവമായി. ലാഹിരി മഹാശയൻ മൗനത്തിലാണ്ടു. അദ്ദേഹത്തിന്റെ കാൽക്കൽ ഏതാനും മണിക്കൂറുകൾ ഇരുന്നിട്ട് ഞാൻ എന്റെ അമ്മയുടെ വീട്ടിലേക്ക് മടങ്ങി. വാരാണസി സന്ദർശിക്കുന്ന വേളകളിൽ

ഞാൻ അവിടെയാണ് താമസിക്കാറ്. ‘ ‘ ‘എന്റെ മകനെ, ഇതെന്താ? നീ നീരുകൊണ്ട് വീങ്ങിയിരിക്കുകയാണോ?’ അമ്മയ'ക്ക് സ്വന്തം കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. എന്റെ ശരീരം ഇപ്പോൾ, രോഗത്തിനു മുമ്പെന്നപോലെ കൊഴുത്ത് ഊർജസ്വലമായിരുന്നു. ‘ ‘ഞാൻ തൂക്കം നോക്കിയപ്പോൾ ഒരൊറ്റ ദിവസം കൊണ്ട് അമ്പതുറാത്തൽ കൂടിയതായി കണ്ടു; അത് സ'ഥിരമായി നിൽക്കുകയും ചെയ്തു. എന്റെ മെലിഞ്ഞശരീരം കണ്ടിട്ടുള്ള സ്നേഹിതരും പരിചയക്കാരും വിസ്മയിച്ചുപോയി. ഈ ദിവ്യാത്ഭുതത്തിന്റെ ഫലമായി അവരിൽ പലരും സ്വന്തം ജീവിതരീതി മാറ്റുകയും ലാഹിരി മഹാശയന്റെ ശിഷ്യരായിത്തീരുകയുംചെയ്തു. ‘ ‘ഈശ്വരനിൽ ഉണർന്നിരുന്ന എന്റെ ഗുരുനാഥൻ ഈ ലോകം സ്രഷ്ടാവിന്റെ വസ്തുനിഷ്ഠമായ ഒരു സ്വപ്നമല്ലാതെ മറ്റൊന്നുമല്ലെന്ന് അറിഞ്ഞിരുന്നു. ഈശ്വരൻ എന്ന സ്വപ്നാടകനുമായുള്ള തന്റെ ഐക്യം പരിപൂർണമായി ബോധ്യമുണ്ടായിരുന്നതുകൊണ്ട്, ലാഹിരി മഹാശയന് ഭൗതികലോകത്തിലെ ‘ സ്വപ്ന'പരമാണുക്കളെ, തന്റെ ഇഷ്ടാനുസരണം ആവിർഭവിപ്പിക്കുക, വിലയിപ്പിക്കുക അല്ലെങ്കിൽ അവയിൽ മറ്റെന്തെങ്കിലും മാറ്റംവരുത്തുക എന്നിവ സാധിച്ചു.10 ‘ ‘നിയമം സൃഷ്ടിയെയാകെ നിയന്ത്രിക്കുന്നു.’ ’ ശ്രീ യുക്തേശ്വരൻ പറഞ്ഞുനിർത്തി. ‘ ‘ശാസ്ത്രജ്ഞന്മാർക്ക് കണ്ടുപിടിക്കാവുന്ന, ബാഹ്യപ്രപഞ്ചത്തെ പ്രവർത്തിപ്പിക്കുന്ന തത്ത്വങ്ങളെ പ്രകൃതിനിയമങ്ങൾ എന്നു വിളിക്കുന്നു. എന്നാൽ, ഗുപ്തമായ ആത്മീയതലങ്ങളെയും ആന്തരികബോധമണ്ഡലത്തെയും ഭരിക്കുന്ന സൂക്ഷ്മതരമായ നിയമങ്ങൾ ഉണ്ട്; ഈ തത്ത്വങ്ങളെ യോഗശാസ്ത്രത്തിലൂടെ അറിയാൻ കഴിയും. വസ്തുവിന്റെ യഥാർഥസ്വഭാവം അറിയുന്നത് ഊർജതന്ത്രജ്ഞനല്ല, ആത്മസാക്ഷാത്കാരം ലഭിച്ച ആചാര്യനാണ്. ശിഷ്യന്മാരിൽ ഒരാൾ ജോലിക്കാരന്റെ ചെവി ഛേദിച്ചപ്പോൾ അതു പഴയതുപോലെ ആക്കാൻ ക്രിസ്തുദേവനു കഴിഞ്ഞത് അമ്മാതിരി അറിവുകൊണ്ടാണ്.’ ’ 11എന്റെ ഗുരുദേവൻ വേദശാസ്ത്രങ്ങളുടെ അതുല്യനായ ഒരു വ്യാഖ്യാതാവായിരുന്നു. എന്റെ ഏറ്റവും സന്തോഷകരമായ പല ഓർമകളും അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളിൽ കേന്ദ്രീകരിച്ചവയാണ്. പക്ഷേ, അദ്ദേഹത്തിന്റെ രത്നഖചിതമായ ചിന്തകൾ അശ്രദ്ധയുടെയോ മൂഢതയുടെയോ ചാമ്പലിലേക്കല്ല ഇട്ടിരുന്നത്. എന്റെ ഒരു അക്ഷമമായ ശരീരചലനമോ അല്പം അശ്രദ്ധയോ ഗുരുദേവന്റെ വ്യാഖ്യാനത്തിന് പെട്ടെന്ന് ഒരു പൂർണവിരാമമിടാൻ മതിയാകുമായിരുന്നു. ‘ ‘നീ ഇവിടെയല്ല.’ ’ ഒരു ദിവസം ഉച്ചതിരിഞ്ഞ് ശ്രീ യുക്തേശ്വരൻ ഈ പരാമർശത്തോടെ തന്റെ പ്രഭാഷണം നിർത്തി. പതിവുപോലെ അദ്ദേഹം എന്റെ ശ്രദ്ധയുടെ പോക്ക് ഇടതടവില്ലാതെ നിരീക്ഷിച്ചിരുന്നു. ‘ ‘ഗുരുജീ!’ ’ എന്റെ സ്വരം പ്രതിഷേധത്തിന്റെതായിരുന്നു. ‘ ‘ഞാൻ അനങ്ങിയിട്ടില്ല; ഇമവെട്ടിയിട്ടില്ല; അങ്ങു പറഞ്ഞ ഓരോ വാക്കും എനിക്ക് ആവർത്തിക്കാൻ കഴിയും.’ ’ ‘ ‘എന്നിരുന്നാലും നീ പരിപൂർണമായി എന്നോടൊപ്പം ആയിരുന്നില്ല. നിന്റെ എതിർപ്പ്, ഒന്നുപറയാൻ എന്നെ പ്രേരിപ്പിക്കുന്നു. നിന്റെ മനസ്സിന്റെ പശ്ചാത്തലത്തിൽ നീ മൂന്നു സ'ഥാപനങ്ങൾ സൃഷ്ടിക്കുകയായിരുന്നു. ഒന്ന് സമതലത്തിൽ വൃക്ഷനിബിഡമായ ഒരു സങ്കേതം; മറ്റേത് ഒരു കുന്നിൻമുകളിൽ; മൂന്നാമത്തേത് സമുദ്രതീരത്തും.’ ’ വാസ്തവത്തിൽ, ആ അവ്യക്തചിന്തകൾ എന്റെ ഉപബോധമനസ്സിൽ ഉണ്ടായിരുന്നു. ഞാൻ ക്ഷമാപണരൂപത്തിൽ അദ്ദേഹത്തെ നോക്കി. ‘ ‘എന്റെ യാദൃച്ഛികചിന്തകളിൽ ചുഴിഞ്ഞിറങ്ങുന്ന ഒരു ഗുരുദേവനോട് എനിക്ക് എന്തുചെയ്യാൻ കഴിയും?’ ’ ‘ ‘ആ അവകാശം നീ എനിക്ക് തന്നിട്ടുണ്ട്. ഞാൻ വിശദീകരിക്കുന്ന സൂക്ഷ്മസത്യങ്ങൾ നിന്റെ പരിപൂർണ ശ്രദ്ധയില്ലാതെ മനസ്സിലാവുകയില്ല. ആവശ്യമിെല്ലങ്കിൽ ഞാൻ അന്യരുടെ മനസ്സിന്റെ ഏകാന്തതയെ കടന്നാക്രമിക്കാറില്ല. സ്വന്തം ചിന്തകളുടെ ഇടയിൽ ചുറ്റിത്തിരിയുന്നതിനുള്ള സ്വാഭാവിക അവകാശം മനുഷ്യനുണ്ട്. ക്ഷണിക്കപ്പെടാത്ത ഈശ്വരൻ അവിടെ കടന്നുവരില്ല; ഞാനും അതിക്രമിച്ചു കടക്കാൻ ധൈര്യപ്പെടുകയില്ല.’ ’ ‘ ‘അങ്ങേക്ക് എക്കാലത്തും സ്വാഗതമുണ്ടാവും, ഗുരുദേവാ!’ ’ ‘ ‘ നിന്റെ വാസ്തുശില്പസ്വപ്നങ്ങൾ ഭാവിയിൽ യാഥാർഥ്യമാകും. ഇപ്പോൾ പഠിക്കാനുള്ള സമയമാണ്.’ ’ അങ്ങനെ യദൃച്ഛയാ, എന്റെ ജീവിതത്തിൽ വരാനിരിക്കുന്ന മൂന്നു പ്രധാന സംഭവങ്ങളുടെ മുൻകൂട്ടിയുള്ള അറിവ് ഗുരുദേവൻ തന്റെ ലളിതമായ രീതിയിൽ വെളിവാക്കി. ചെറുപ്പം മുതൽ, വ്യത്യസ്ത പശ്ചാത്തലത്തിലുള്ള മൂന്നു കെട്ടിടങ്ങളുടെ ദുർഗ്രാഹ്യമായ ദൃശ്യങ്ങൾ എനിക്കു ലഭിച്ചിട്ടുണ്ട്. ശ്രീ യുക്തേശ്വരൻ സൂചിപ്പിച്ച അതേ ക്രമത്തിൽ, ഈ ദൃശ്യങ്ങൾ അവസാനരൂപം കൈകൊണ്ടു. ആദ്യം ഉണ്ടായത് ആൺകുട്ടികൾക്കുള്ള യോഗവിദ്യാലയസ'ഥാപനമായിരുന്നു, റാഞ്ചിയിലെ സമതലത്തിൽ. പിന്നീട് ലോസ് ആൻജലീസിലെ ഒരു കുന്നിൻമുകളിൽ അമേരിക്കയിലെ കേന്ദ്ര ആസ'ഥാനം; അതിനുശേഷം കാലിഫോർണിയയിലെ എൻസിനിറ്റാസിൽ ശാന്തസമുദ്രതീരത്തെ ഒരു ആശ്രമം. ‘ ‘ഇന്നപ്രകാരത്തിലുള്ള ഒരു സംഭവം ഉണ്ടാകുമെന്ന് ഞാൻ പ്രവചിക്കുന്നു’ ’ വെന്ന് അഹങ്കാരത്തോടെ ഗുരുദേവൻ ഒരിക്കലും പറഞ്ഞിരുന്നില്ല. അദ്ദേഹം സൂചിപ്പിക്കും: ‘ ‘അങ്ങനെ സംഭവിച്ചേക്കാമെന്ന് നിനക്ക് തോന്നുന്നില്ലേ?’ ’ പക്ഷേ അദ്ദേഹത്തിന്റെ ലളിതമായ സംഭാഷണത്തിൽ പ്രവചനശക്തി ഒളിഞ്ഞിരുന്നിരുന്നു. പറഞ്ഞത് മാറ്റിപ്പറയുക എന്നൊന്ന് അദ്ദേഹത്തിനില്ലായിരുന്നു; അദ്ദേഹത്തിന്റെ നേരിയ മറയുള്ള പ്രവചനങ്ങൾ അസത്യമായി വന്നിട്ടുമില്ല.ശ്രീ യുക്തേശ്വരൻ മിതമായും കാര്യമാത്രപ്രസക്തമായും സംസാരിക്കുന്ന ആളായിരുന്നു. അവ്യക്തവും അർഥശൂന്യവുമായ ദർശനപരത അദ്ദേഹത്തിൽ ഇല്ലായിരുന്നു. അദ്ദേഹത്തിന്റെ കാലുകൾ നിലത്ത് ഉറപ്പിച്ചിരുന്നു. ശിരസ്സ് സ്വർഗത്തിന്റെ

അഭയസങ്കേതത്തിലും. പ്രായോഗികബുദ്ധിയുള്ളവർ അദ്ദേഹത്തിൽ മതിപ്പുണർത്തി. ‘ ‘ഋഷിത്വം മൂകതയല്ല! ദൈവികമായ അവബോധം പ്രാപ്തിക്കുറവ് ഉണ്ടാക്കുന്നില്ല! ’ ’ അദ്ദേഹം പറയും. ‘ ‘ സത്ഗുണങ്ങളുടെ കർമകുശലമായ പ്രകാശനം അതിശക്തമായ ബുദ്ധിവൈഭവം സൃഷ്ടിക്കുന്നു. ’ ’ ‘ ‘എന്റെ ഗുരുദേവന്, അതീതഭൗതികമേഖലകളെപ്പറ്റി പ്രതി പാദിക്കുന്നതിൽ വൈമനസ്യമായിരുന്നു. അദ്ദേഹത്തിന്റെ ഒരേ ഒരു ‘ ‘അത്ഭുതപരിവേഷം’ ’ പൂർണലാളിത്യത്തിന്റേതായിരുന്നു. സംഭാഷണത്തിൽ ഉദ്വേഗകരമായ പരാമർശങ്ങൾ അദ്ദേഹം ഒഴിവാക്കിയിരുന്നു; പ്രവൃത്തിയിൽ അദ്ദേഹം സ്വതന്ത്രമായി ആത്മപ്രകാശനം ചെയ്തു. പല ഗുരുക്കന്മാരും അത്ഭുതപ്രവൃത്തികളെപ്പറ്റി പ്രസംഗിച്ചിരുന്നുവെങ്കിലും അവ പ്രവർത്തിപ്പിക്കുവാൻ അവർക്കു കഴിഞ്ഞില്ല. ശ്രീ യുക്തേശ്വരൻ ദിവ്യാത്ഭുതങ്ങളുടെ സൂക്ഷ്മമായ വിധിനിയമങ്ങൾ അപൂർവമായേ പരാമർശിച്ചിരുന്നുള്ളൂവെങ്കിലും ആരുമറിയാതെ ഇച്ഛാനുസരണം അവ പ്രവർത്തിപ്പിച്ചിരുന്നു. ‘ ‘സാക്ഷാത്കാരംലഭിച്ച ഒരു വ്യക്തി അന്തഃകരണത്തിന്റെ അനുമതി കിട്ടാതെ ഒരു ദിവ്യാത്ഭുതവും കാട്ടുന്നില്ല,’ ’ ഗുരുദേവൻ ഇങ്ങനെ വിശദീകരിച്ചു. ‘ ‘ സൃഷ്ടിയുടെ രഹസ്യം വിവേചനരഹിതമായി തുറന്നുകാട്ടാൻ ഈശ്വരൻ ആഗ്രഹിക്കുന്നില്ല.12 തന്നെയുമല്ല, ഈ ലോകത്തിലെ ഓരോ വ്യക്തിക്കും തന്റെ സ്വതന്ത്രമായ ഇച്ഛയുടെ മേൽ അടിയറവയ'ക്കാനാവാത്ത അവകാശമുണ്ട്. ഒരു പുണ്യാത്മാവ് ആ സ്വാതന്ത്ര്യത്തിൽ അതിക്രമിച്ചുകടക്കുകയില്ല.’ ’ ശ്രീ യുക്തേശ്വരന്റെ സ്വതവേയുള്ള മൗനം അഗാധബ്രഹ്മജ്ഞാനത്തിൽനിന്ന് ഉണ്ടായതായിരുന്നു. ആത്മസാക്ഷാത്കാരം ലഭിച്ചിട്ടില്ലാത്ത ഗുരുക്കന്മാരുടെ ദിനങ്ങളിൽ നിറഞ്ഞിരുന്ന അന്തമില്ലാത്ത ‘ ‘വെളിപാടുകൾക്ക്’ ’ അദ്ദേഹത്തിനു സമയമില്ലായിരുന്നു. ഹൈന്ദവഗ്രന്ഥങ്ങളിൽ നിന്നുള്ള ഒരു ചൊല്ല് ഇങ്ങനെയാണ്: ‘ ‘അല്പബുദ്ധികളിൽ ചിന്തയുടെ ചെറുമത്സ്യങ്ങൾ വലിയ ബഹളം ഉണ്ടാക്കുന്നു. സാഗരോപമമായ മനസ്സുകളിൽ പ്രചോദനത്തിന്റെ തിമിംഗലങ്ങൾ ഒരു ചലനവും സൃഷ്ടിക്കുന്നില്ല.’ ’ എന്റെ ഗുരുനാഥൻ നാട്യങ്ങളൊന്നുമില്ലാത്ത സ്വഭാവക്കാരനായിരുന്നതിനാൽ സമകാലീനരിൽ വളരെ കുറച്ചുപേർ മാത്രമേ അദ്ദേഹത്തെ ഒരു അതിമാനുഷനെന്ന് തിരിച്ചറിഞ്ഞുള്ളൂ. ‘ ‘തന്റെ അറിവ് മറച്ചുവയ'ക്കാൻ കഴിയാത്തയാൾ വിഡ്ഢിയാണ്’ ’ എന്ന പഴഞ്ചൊല്ല്, അഗാധജ്ഞാനിയും മിതഭാഷിയുമായിരുന്ന എന്റെ ഗുരുദേവനെ സംബന്ധിച്ചിടത്തോളം ഒരിക്കലും പ്രസക്തമായിരുന്നില്ല.മറ്റെല്ലാവരെയുംപോലെ ഒരു സാധാരണക്കാരനായി ജനിച്ചെങ്കിലും ശ്രീ യുക്തേശ്വരൻ കാലദേശങ്ങളുടെ നിയന്താവുമായി താദാത്മ്യം നേടി. മനുഷ്യന്റെയും ഈശ്വരന്റെയും സംഗമത്തിന്, മറികടക്കാനാവാത്ത ഒരു തടസ്സവും ഗുരുദേവൻ ദർശിച്ചില്ല. മനുഷ്യന്റെ ആത്മീയമായ സാഹസികതയില്ലായ്മയല്ലാതെ അങ്ങനെ ഒരു തടസ്സവുമില്ലെന്ന് ഞാൻ മനസ്സിലാക്കി.ശ്രീ യുക്തേശ്വരന്റെ പാദസ്പർശത്തിൽ ഞാൻ എപ്പോഴും പുളകം കൊണ്ടിരുന്നു. തന്റെ ഗുരുദേവന്റെ സമാരാധ്യമായ സ്പർശത്താൽ ഒരു ശിഷ്യൻ ആത്മീയമായി കാന്തവത്കരിക്കപ്പെടുന്നു; ഒരു സൂക്ഷ്മമായ വൈദ്യുതി ഉല്പന്നമാകുന്നു. സാധകന്റെ മസ്തിഷ്കത്തിലെ അനഭികാമ്യമായ വാസനകൾ പലപ്പോഴും എരിച്ചുകളഞ്ഞതുപോലെയാകുന്നു; ലൗകികവാസനാസരണികൾ ഗുണകരമായി മാറ്റിമറിക്കപ്പെടുന്നു. ക്ഷണികമായെങ്കിലും, മായയുടെ രഹസ്യമറകൾ ഉയരുകയും അവൻ പരമാനന്ദത്തിന്റെ യാഥാർഥ്യം ദർശിക്കുകയും ചെയ്യും. എന്റെ ഗുരുദേവന്റെ മുന്നിൽ ഭാരതീയരീതിയിൽ നമസ്കരിച്ചപ്പോഴൊക്കെ എന്റെ സർവാംഗം ഒരു വിമോചകമായ പ്രകാശദീപ്തികൊണ്ട് പ്രതികരിച്ചു. ‘ ‘ലാഹിരി മഹാശയൻ മൗനമായിരുന്നാലും, അതല്ല തീർത്തും ആത്മീയമല്ലാത്ത വിഷയങ്ങൾ സംസാരിച്ചാലും അദ്ദേഹം എന്നിൽ അവാച്യമായ ജ്ഞാനം പകർന്നിരുന്നുവെന്ന് ഞാൻ മനസ്സിലാക്കി,’ ’ ഗുരുദേവൻ എന്നോടുപറഞ്ഞു.ശ്രീ യുക്തേശ്വരൻ എന്നെയും ഇതേ രീതിയിൽ സ്വാധീനിച്ചു. മനോവിഷമത്തിന്റെയോ ഉദാസീനതയുടെയോ മാനസികാവസ'ഥയിൽ ഞാൻ ആശ്രമത്തിൽ പ്രവേശിച്ചാൽ, എന്റെ മനോവൃത്തി ഞാൻ അറിയാതെ തന്നെ മാറും. എന്റെ ഗുരുവിന്റെ ദർശനമാത്രയിൽ തന്നെ എന്നിൽ ആശ്വാസദായകമായ പ്രശാന്തി ചൊരിയപ്പെടുകയായി. അദ്ദേഹത്തോടൊപ്പമുള്ള ഓരോ ദിവസവും ആനന്ദത്തിന്റെയും ശാന്തിയുടെയും ജ്ഞാനത്തിന്റെയും പുതിയ ഓരോ അനുഭവമായിരുന്നു. അത്യാഗ്രഹമോ, ക്രോധമോ, മമതാബന്ധമോകൊണ്ട് മതിവിഭ്രമത്തിൽപെട്ടോ വൈകാരികമായി ഉന്മത്തനായോ അദ്ദേഹത്തെ ഞാൻ ഒരിക്കലും കണ്ടിട്ടില്ല. ‘ ‘മായയുടെ കൂരിരുൾ നിശ്ശബ്ദമായി അണയുകയാണ്. നമുക്ക് നമ്മുടെ ആന്തരികഗേഹത്തിലേക്ക് അതിവേഗം മടങ്ങാം.’ ’ മുന്നറിയിപ്പിന്റെ ഈ വാക്കുകളോടെ ഗുരുദേവൻ തന്റെ ശിഷ്യരെ ക്രിയായോഗത്തിന്റെ ആവശ്യകതയെപ്പറ്റി സദാ ഓർമപ്പെടുത്തി. വല്ലപ്പോഴും ഏതെങ്കിലും ഒരു പുതിയ ശിഷ്യൻ, യോഗാനുഷ്ഠാനത്തിനുള്ള അയാളുടെ യോഗ്യതയെപ്പറ്റി സംശയം പ്രകടിപ്പിക്കും. ‘ ‘കഴിഞ്ഞകാലം മറക്കൂ,’ ’ ശ്രീ യുക്തേശ്വരൻ അവനെ ആശ്വസിപ്പിക്കും ‘ ‘എല്ലാ മനുഷ്യരുടെയും കഴിഞ്ഞകാല ജീവിതം നിരവധി ലജ്ജാകരമായ ചെയ്തികളാൽ ഇരുളടഞ്ഞതാണ്. ഈശ്വരനിൽ നിലയുറപ്പിക്കാത്തിടത്തോളം കാലം മനുഷ്യന്റെ പെരുമാറ്റം ഒരിക്കലും ആശ്രയയോഗ്യമാവില്ല. നിങ്ങൾ ഒരു ആത്മീയയത്നം ഇപ്പോൾതന്നെ ആരംഭിക്കുകയാണെങ്കിൽ ഭാവിയിൽ എല്ലാം മെച്ചപ്പെടും.’ ’ ഗുരുദേവന് ആശ്രമത്തിൽ എപ്പോഴും യുവശിഷ്യന്മാർ ഉണ്ടായിരുന്നു. അവരുടെ ബുദ്ധിപരവും ആത്മീയവുമായ വിദ്യാഭ്യാസം അദ്ദേഹത്തിന്റെ ആയുഷ്കാല താല്പര്യമായിരുന്നു.

അദ്ദേഹത്തിന്റെ മഹാസമാധിക്കു തൊട്ടുമുമ്പുപോലും, ആറുവയസ്സുള്ള രണ്ടു ആൺകുട്ടികളെയും ഒരു പതിനാറുകാരനെയും ആശ്രമത്തിൽ അന്തേവാസികളായി അദ്ദേഹം സ്വീകരിച്ചു. അദ്ദേഹത്തിന്റെ മേൽനോട്ടത്തിലുള്ളവർക്കെല്ലാം ശ്രദ്ധാപൂർവം ശിക്ഷണം നൽകി; ‘ ‘ശിഷ്യനും ’ ’ ‘ ‘ശിക്ഷണവും’ ’ പദനിഷ്ഠത്തിയിലും പ്രായോഗികതലത്തിലും സംബന്ധമുള്ളതാണ്.ആശ്രമവാസികൾ അവരുടെ ഗുരുവിനെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തു; അദ്ദേഹത്തിന്റെ അടുത്ത് ആകാംക്ഷയോടെ അവരെ എത്തിക്കുവാൻ അദ്ദേഹത്തിന്റെ ചെറിയ ഒരു കൈകൊട്ടൽ മതിയായിരുന്നു. അദ്ദേഹം മൗനിയായോ അന്തർമുഖനായോ ഇരുന്നാൽ ആരും സംസാരിക്കാൻ ഒരുമ്പെടുകയില്ല; അദ്ദേഹത്തിന്റെ ഉല്ലാസമായ ചിരി മുഴങ്ങുമ്പോൾ കുട്ടികൾ അദ്ദേഹത്തെ അവരുടെ സ്വന്തമായി കരുതി.ശ്രീ യുക്തേശ്വരൻ സ്വന്തം കാര്യത്തിൽ സേവനത്തിന് മറ്റുള്ളവരോട് ഒരിക്കലും ആവശ്യപ്പെട്ടിരുന്നില്ല; എന്നുതന്നെയുമല്ല, സേവനം സന്തോഷത്തോടെയല്ലാ അർപ്പിക്കുന്നതെങ്കിൽ അദ്ദേഹം അത് സ്വീകരിക്കുകയുമില്ലായിരുന്നു. ഗുരുവിന്റെ വസ്ത്രം കഴുകൽ എന്ന വിശേഷഭാഗ്യമായ ജോലി, ശിഷ്യന്മാർ മറന്നു പോയാൽ ഗുരുദേവൻ അതു സ്വയം ചെയ്യുമായിരുന്നു.അദ്ദേഹത്തിന്റെ സാധാരണ വേഷം സന്ന്യാസിമാരുടെ പരമ്പരാഗതമായ കാവി വസ്ത്രമായിരുന്നു. യോഗിമാരുടെ പതിവനുസരിച്ച് കടുവയുടെയോ മാനിന്റെയോ തോലുകൊണ്ടുള്ള, ചരടില്ലാത്ത പാദരക്ഷ അദ്ദേഹം വീട്ടിനകത്ത് ഉപയോഗിച്ചിരുന്നു.ശ്രീ യുക്തേശ്വരൻ നല്ല ഒഴുക്കുള്ള ഇംഗ്ലീഷും, ഫ്രെഞ്ചും, ബംഗാളിയും, ഹിന്ദിയും സംസാരിച്ചിരുന്നു. അദ്ദേഹത്തിന്റെ സംസ്കൃതം മോശമായിരുന്നില്ല. ഇംഗ്ലീഷും സംസ്കൃതവും പഠിക്കാൻ താൻ ചാതുര്യത്തോടെ ആവിഷ്കരിച്ച ചില കുറുക്കുവഴികൾകൊണ്ട് ചെറുപ്പക്കാരായ ശിഷ്യരെ അദ്ദേഹം ക്ഷമയോടെ പഠിപ്പിച്ചിരുന്നു.ഗുരുദേവൻ തന്റെ ശരീരത്തോട് അമിതമായ പ്രതിപത്തി കാട്ടിയിരുന്നില്ലായെങ്കിലും അതിനെ ജാഗ്രതയോടെ ശ്രദ്ധിച്ചിരുന്നു. ശാരീരികവും മാനസികവുമായ ആരോഗ്യത്തിലൂടെയാണ് ദൈവികത വേണ്ടവണ്ണം വെളിപ്പെടുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഏതു കാര്യത്തിലും അമിതത്വം അദ്ദേഹം പിൻതാങ്ങിയിരുന്നില്ല. വളരെ നീണ്ട ഒരു ഉപവാസം അനുഷ്ഠിക്കണമെന്ന് ആഗ്രഹിച്ച ഒരു ശിഷ്യനോട് ഗുരുദേവൻ ചിരിച്ചുകൊണ്ട് ചോദിച്ചു ‘ ‘നായ'ക്ക് ഒരെല്ല് എറിഞ്ഞുകൊടുത്തുകൂടെ?’ ’ 13ശ്രീ യുക്തേശ്വരന്റെ ആരോഗ്യം ഒന്നാംതരമായിരുന്നു; അദ്ദേഹത്തെ രോഗബാധിതനായി ഞാൻ ഒരിക്കലും കണ്ടിട്ടില്ല.14 നാട്ടുനടപ്പ് ആദരിച്ചിരുന്നതുകൊണ്ട്, ശിഷ്യർക്ക് ആഗ്രഹമുണ്ടെങ്കിൽ, വൈദ്യന്മാരെ കാണാൻ അവരെ അദ്ദേഹം അനുവദിച്ചിരുന്നു. ‘ ‘ജഡവസ്തുക്കൾക്ക് ബാധകമായ ദൈവികനിയമങ്ങളിലൂടെ ചികിത്സ വൈദ്യന്മാർ തുടരണം,’ ’ അദ്ദേഹം പറഞ്ഞു. പക്ഷേ, മനസ്സുകൊണ്ടുള്ള ചികിത്സയുടെ ശ്രേഷ്ഠത അദ്ദേഹം എപ്പോഴും വാഴ്ത്തി. അദ്ദേഹം ഇടയ'ക്കിടെ ആവർത്തിച്ചു പറയുമായിരുന്നു: ‘ ‘ജ്ഞാനമാണ് ഏറ്റവും വലിയ സംശുദ്ധകം.’ ’ അദ്ദേഹം തന്റെ ശിഷ്യരോട് പറഞ്ഞു: ‘ ‘ഈ ശരീരം ചതിയനായ ഒരു ചങ്ങാതിയാണ്. അതിനുള്ളത് അതിനു കൊടുക്കുക; അതിൽ കൂടുതൽ ഒന്നും വേണ്ട. വേദനയും സുഖവും ചഞ്ചലമാണ്; ദ്വൈതാവസ'ഥകളെ ശാന്തതയോടെ നേരിടുക, അതേസമയം അവയുടെ സ്വാധീനശക്തിയുടെ പരിധിക്കു പുറത്തു കടക്കാൻ ശ്രമിക്കുക. രോഗവും രോഗവിമുക്തിയും കടന്നുവരുന്ന വാതിലാണ് ഭാവന. രോഗമുള്ളവർപോലും അസുഖത്തിന്റെ യാഥാർഥ്യത്തിൽ വിശ്വസിക്കാതിരിക്കുക; അംഗീകരിക്കപ്പെടാത്ത സന്ദർശകൻ ഓടിയകലും!’ ’ ഗുരുദേവന്റെ ശിഷ്യരുടെയിടയിൽ അനേകം ഭിഷഗ്വരന്മാരുണ്ടായിരുന്നു. ‘ ‘ശരീരശാസ്ത്രം പഠിച്ചിട്ടുള്ളവർ കുറേക്കൂടി മുന്നോട്ടു പോയി ആത്മാവിന്റെ ശാസ്ത്രത്തെ സൂക്ഷ്മപരിശോധനയ'ക്ക് വിധേയമാക്കണം,’ ’ അദ്ദേഹം അവരോടു പറഞ്ഞു. ‘ ‘ശരീരയന്ത്രത്തിനു പിന്നിൽ സൂക്ഷ്മമായ ഒരു ആത്മീയഘടന ഒളിച്ചിരിക്കുന്നു.’ ’ 15പാശ്ചാത്യത്തിന്റെയും പൗരസ്ത്യത്തിന്റെയും നന്മകളുടെ സജീവ സമന്വയകർത്താക്കളാകാൻ ശ്രീ യുക്തേശ്വരൻ ശിഷ്യരെ ഉപദേശിച്ചു. ബാഹ്യമായ വഴക്കങ്ങളിൽ ഒരു പാശ്ചാത്യ കാര്യനിർവാഹകനും ആന്തരികമായി ആത്മീയതയിൽ പൗരസ്ത്യനും ആയിരുന്നു അദ്ദേഹം. പാശ്ചാത്യരുടെ പുരോഗമനാത്മകതയും പ്രത്യുല്പന്നമതിത്വവും ശുചിത്വത്തോടുകൂടിയ രീതികളും, പൗരസ്ത്യദേശത്തിന്റെ നൂറ്റാണ്ടുകളുടെ പരിവേഷം നൽകുന്ന ആത്മീയ ആദർശങ്ങളും അദ്ദേഹം പുകഴ്ത്തി.അച്ചടക്കം എന്നത് എനിക്ക് അപരിചിതമായിരുന്നില്ല. വീട്ടിൽ അച്ഛൻ കർശന നിയമങ്ങൾ വച്ചിരുന്നു; അനന്തദാ ആണെങ്കിൽ പലപ്പോഴും കർക്കശനും ആയിരുന്നു. പക്ഷേ ശ്രീ യുക്തേശ്വരന്റെ പരിശീലനത്തെ ‘കടുപ്പം’ എന്നല്ലാതെ വിശേഷിപ്പിക്കാൻ വയ്യ. സ്വയം ഒരു പൂർണതാവാദിയായ അദ്ദേഹം സുപ്രധാന കാര്യങ്ങളിലായാലും, സാധാരണ പെരുമാറ്റത്തിന്റെ സൂക്ഷ്മാംശങ്ങളിലായാലും ശിഷ്യരോട് അതിനിശിതമായ വിമർശനബുദ്ധി കാട്ടിയിരുന്നു. ‘ ‘ആത്മാർഥതയില്ലാത്ത സദാചാരരീതികൾ മരിച്ച ഒരു സുന്ദരിയായ സ്ത്രീയെപ്പോലെയാണ്;’ ’ അദ്ദേഹം അവസരോചിതമായി ഒരിക്കൽ പറഞ്ഞു. ‘ ‘ഭവ്യത ഒഴിവാക്കിക്കൊണ്ടുള്ള തുറന്നുപറച്ചിൽ ഒരു വൈദ്യന്റെ കത്തിപോലെയാണ്; ഫലവത്താണ് എങ്കിലും അസുഖകരം തന്നെ. ഭവ്യതയോടുകൂടിയ ഉള്ളതുപറയൽ സഹായകരവും മതിപ്പുളവാക്കുന്നതുമാണ്.’ ’ ഗുരുദേവൻ എന്റെ ആത്മീയ പുരോഗതിയിൽ സംതൃപ്തനായിരുന്നുവെന്നാണ് വിചാരിക്കേണ്ടിയിരുന്നത്, കാരണം അദ്ദേഹം അതേപ്പറ്റി ഒന്നും പറയുകയേ ഉണ്ടായിട്ടില്ല; മറ്റു കാര്യങ്ങളിൽ എന്റെ കാതുകൾക്ക് ശകാരം ഒട്ടും അപരിചിതമായിരുന്നില്ല. അശ്രദ്ധ കാട്ടുക, ഇടയ'ക്കിടെ വിഷാദഭാവത്തിലിരിക്കുക, മര്യാദയുടെ

ചില ചട്ടങ്ങൾ ലംഘിക്കുക, വല്ലപ്പോഴും ചിന്തയില്ലാത്ത രീതികൾ അനുവർത്തിക്കുക എന്നിവയായിരുന്നു എന്റെ പ്രധാന അപരാധങ്ങൾ. ‘ ‘നിന്റെ അച്ഛൻ ഭഗവതിയുടെ പ്രവർത്തനങ്ങൾ എത്ര ചിട്ടയുള്ളതും എത്ര സന്തുലിതവുമാണെന്ന് കണ്ടുപഠിക്കുക,’ ’ എന്റെ ഗുരുദേവൻ ചൂണ്ടിക്കാട്ടി. ശ്രീരാമപുരം ആശ്രമത്തിലെ എന്റെ ആദ്യ സന്ദർശനം കഴിഞ്ഞയുടനെ ലാഹിരി മഹാശയന്റെ ഈ രണ്ടു ശിഷ്യന്മാരും കണ്ടുമുട്ടിയിരുന്നു. അച്ഛനും ഗുരുദേവനും പരസ്പരം വലിയ മതിപ്പായിരുന്നു. കാലത്തിന് അലിയിക്കാനാവാത്ത ആത്മീയതയുടെ ശിലാശക്തമായ അടി ത്തറയിൽ അവർ രണ്ടുപേരും സ്വച്ഛസുന്ദരമായ ഒരു ആന്തരിക ജീവിതം കെട്ടിപ്പടുത്തിരുന്നു.എന്റെ ചെറുപ്പത്തിലെ ഒരു താല്കാലിക അധ്യാപകനിൽ നിന്ന് ഏതാനും തെറ്റായ പാഠങ്ങൾ ഞാൻ ഉൾക്കൊണ്ടിരുന്നു. ലൗകിക കർത്തവ്യപാലനത്തിന് ഒരു ശിഷ്യൻ കഠിനയത്നം ചെയ്യേണ്ടതില്ലായെന്ന് എന്നെ പറഞ്ഞു ധരിപ്പിച്ചിരുന്നു. എന്റെ കർത്തവ്യങ്ങൾ ഗൗനിക്കാതിരിക്കുകയോ, അശ്രദ്ധമായി ചെയ്യുകയോ ചെയ്യുമ്പോൾ ഞാൻ ശിക്ഷിക്കപ്പെട്ടിരുന്നില്ല. ഇത്തരത്തിലുള്ള ബോധനം ഉൾക്കൊള്ളാൻ മനുഷ്യ സ്വഭാവത്തിന് വളരെ എളുപ്പമാണ്. എന്നാൽ ഗുരുദേവന്റെ വിട്ടുവീഴ്ചയില്ലാത്ത ശിക്ഷണത്തിൽ ഞാൻ ഉത്തരവാദിത്വമില്ലായ്മയുടെ ഈ സുഖകരമായ മിഥ്യാസങ്കല്പങ്ങളിൽ നിന്ന് പെട്ടെന്നു മോചിതനായി. ‘ ‘ഈ ലോകത്തിനു യോജിക്കാത്തവണ്ണം നന്മനിറഞ്ഞ ആളുകൾ മറ്റേതോ ലോകത്തെയാണ് അലങ്കരിക്കുന്നത്,’ ’ ശ്രീ യുക്തേശ്വരൻ ഒരു ദിവസം അഭിപ്രായപ്പെട്ടു. ‘ ‘ഈ ലോകത്തിന്റെ സ്വതന്ത്രമായ വായു ശ്വസിക്കുന്നിടത്തോളംകാലം ഒരാൾ നന്ദിപൂർവമായ സേവനം അനുഷ്ഠിക്കാൻ ബാധ്യസ'ഥനാണ്.16 സമാധിയിൽ സ'ഥിരപ്രതിഷ്ഠ നേടിയ ഒരാൾക്കു മാത്രമേ, പ്രപഞ്ചത്തിന്റെ ഇളവില്ലാത്ത കർത്തവ്യങ്ങളിൽനിന്ന് സ്വതന്ത്രനാകാൻ കഴിയൂ,’ ’ അദ്ദേഹം അർഥംവച്ചുപറഞ്ഞു. ‘ ‘ആത്യന്തികമായ ആ പരിപൂർണതയിൽ നീ എത്തുമ്പോൾ അത് നിന്നെ അറിയിക്കുവാൻ ഞാൻ മറക്കുകയില്ല.’ ’ എന്റെ ഗുരുദേവനെ സ്നേഹംകൊണ്ടുപോലും വശത്താക്കാൻ കഴിഞ്ഞിരുന്നില്ല. എന്നെപ്പോലെ, സ്വമനസ്സാലെ ശിഷ്യനായിത്തീർന്ന ഒരാളോടും അദ്ദേഹം ദാക്ഷിണ്യം കാട്ടിയിരുന്നില്ല. ശിഷ്യരോ അപരിചിതരോ ഞങ്ങൾക്കു ചുറ്റുമുണ്ടായിരുന്നാലും അഥവാ ഗുരുദേവനും ഞാനും തനിച്ചിരുന്നാലും അദ്ദേഹം എപ്പോഴും തുറന്നു സംസാരിക്കുകയും എന്നെ കഠിനമായി ശാസിക്കുകയും ചെയ്തു. ചില്ലറ തെറ്റുകൾക്കോ നിസ്സാരമായ അശ്രദ്ധയ'ക്കോ ഞാൻ അദ്ദേഹത്തിന്റെ ശകാരത്തിൽനിന്ന് രക്ഷപ്പെട്ടില്ല. അഹന്തയെ തച്ചുടയ'ക്കുന്ന ഈ പ്രയോഗം താങ്ങാൻ വളരെ പ്രയാസമായിരുെന്നങ്കിലും എന്റെ സ്വഭാവത്തിന്റെ മന:ശാസ്ത്രപരമായ വൈകൃതങ്ങൾ മുഴുവൻ പരിഹരിക്കാൻ ശ്രീ യുക്തേശ്വരനെ അനുവദിക്കണമെന്നതായിരുന്നു എന്റെ ദൃഢനിശ്ചയം. ഈ ഭീമമായ പരിവർത്തനത്തിനുവേണ്ടി അദ്ദേഹം കഠിനാധ്വാനം ചെയ്തപ്പോൾ അദ്ദേഹത്തിന്റെ ആ കൊട്ടുവടിയുടെ പ്രശിക്ഷണകാരിയായ കനത്ത പ്രഹരത്തിനു കീഴിൽ ഞാൻ പലപ്പോഴും ആടിപ്പോയിട്ടുണ്ട്. ‘ ‘എന്റെ വാക്കുകൾ ഇഷ്ടപ്പെടുന്നില്ലെങ്കിൽ എപ്പോൾ വേണമെങ്കിലും പോകാനുള്ള സ്വാതന്ത്ര്യം നിനക്കുണ്ട്.’ ’ ഗുരുദേവൻ എന്നോട് തറപ്പിച്ചുപറഞ്ഞു. ‘ ‘നിന്റെ ഉന്നതിയല്ലാതെ എനിക്ക് നിന്നിൽനിന്ന് ഒന്നും ആവശ്യമില്ല. പ്രയോജനമുണ്ടെന്നു തോന്നുെന്നങ്കിൽ മാത്രം നിന്നാൽ മതി.’ ’ എന്റെ ദുരഭിമാനത്തെ അദ്ദേഹം ഏല്പിച്ച നാണംകെടുത്തുന്ന പ്രഹരങ്ങൾക്ക് ഞാൻ അദ്ദേഹത്തോട് അളവറ്റ നന്ദിയുള്ളവനാണ്. ആലങ്കാരികമായി പറഞ്ഞാൽ എന്റെ വായിലെ കേടുവന്ന പല്ലുകൾ ഓരോന്നും കണ്ടുപിടിച്ച് പറിച്ചെടുക്കുകയായിരുന്നു അദ്ദേഹമെന്ന് പലപ്പോഴും എനിക്കുതോന്നി. അഹന്തയുടെ കാതലായ ഭാഗത്തെ തച്ചുടച്ചു പുറത്തുകളയാൻ നിഷ്ഠൂരത കൊണ്ടു മാത്രമേ സാധിക്കൂ. ഒടുവിൽ അഹന്തയുടെ തിരോധാനത്തിൽ ദൈവികഭാവം സ്വച്ഛന്ദമായ ഒരു വഴി കണ്ടെത്തുന്നു. സ്വാർഥതയുടെ ശിലാഹൃദയങ്ങളിൽ കടന്നെത്താൻ അത് വിഫലമായി ശ്രമിക്കുന്നു.ശ്രീ യുക്തേശ്വരന്റെ അന്തർജ്ഞാനം സൂക്ഷ്മഗ്രാഹിയായിരുന്നു; അദ്ദേഹത്തോട് ഒരാൾ എന്തു പറയുന്നുവെന്നതു ഗൗനിക്കാതെ അദ്ദേഹം അയാളുടെ വെളിപ്പെടുത്താത്ത ചിന്തകൾക്ക് ഉത്തരം നൽകിയിരുന്നു. ഒരാൾ ഉപയോഗിക്കുന്ന വാക്കുകളും അവയ'ക്കു പിന്നിലെ യഥാർഥ ചിന്തകളും ധ്രുവങ്ങളുടെ അകലത്തിലാവാം. ‘ ‘മനുഷ്യരുടെ അമിതവാചാലതയുടെ വ്യാമിശ്രത്തിന്റെ പിന്നിലെ ചിന്തകളെ പ്രശാന്തതയാൽ അനുഭവിച്ചറിയുവാൻ ശ്രമിക്കൂ.’ ’ ദൈവികമായ അന്തർജ്ഞാനത്തിന്റെ വെളിപാടുകൾ ലൗകിക കർണങ്ങൾക്ക് പലപ്പോഴും വേദനാജനകമാണ്; ഗുരുദേവൻ ഉപരിപ്ലവബുദ്ധികളായ വിദ്യാർഥികൾക്ക് പ്രിയങ്കരനായിരുന്നില്ല. എണ്ണത്തിൽ എപ്പോഴും കുറവായിരുന്ന ബുദ്ധിമതികൾ അദ്ദേഹത്തെ അങ്ങേയറ്റം ആദരിച്ചു.അദ്ദേഹത്തിന്റെ വാക്കുകൾ അത്ര തുറന്നടിച്ചവയും തെറ്റുകൾ ചൂണ്ടിക്കാട്ടുന്നവയുമല്ലായിരുന്നുവെങ്കിൽ, ഭാരതത്തിൽ ഏറ്റവും കൂടുതൽ ശിഷ്യന്മാർ തേടിയെത്തുന്ന ഗുരു ശ്രീ യുക്തേശ്വരൻ ആയിരുന്നേനേയെന്ന് ഞാൻ ഉറപ്പിച്ചുപറയും. ‘ ‘എന്റെ അടുത്ത് പരിശീലനത്തിനെത്തുന്നവരോട് ഞാൻ നിർദാക്ഷിണ്യനാണ്,’ ’ അദ്ദേഹം എന്നോട് ഏറ്റുപറഞ്ഞു. ‘ ‘അതാണ് എന്റെ രീതി. വേണമെങ്കിൽ കൊള്ളാം, അല്ലെങ്കിൽ തള്ളാം. ഞാൻ ഒരിക്കലും വിട്ടുവീഴ്ചയ'ക്കില്ല. പക്ഷേ നീ നിന്റെ ശിഷ്യരോട് കൂടുതൽ ദയാലുവായിരിക്കും; അതാണ് നിന്റെ രീതി. ദാക്ഷിണ്യമില്ലായ്മയുടെ തീയിൽ മാത്രമേ ഞാൻ ശുദ്ധീകരണത്തിന് ശ്രമിക്കുകയുള്ളൂ; സാധാരണ സഹനശക്തിക്ക് താങ്ങാനാവത്ത വണ്ണം പൊള്ളുന്നതാണ് അത്. സ്നേഹത്തിന്റെ സൗമ്യമായ രീതിയും പരിവർത്തനാത്മകമാണ്.

വിട്ടുവീഴ്ചയില്ലായ്മയുടെയും അയവിന്റേതുമായ രണ്ടു മാർഗങ്ങളും ബുദ്ധിപൂർവം പ്രയോഗിച്ചാൽ ഒരുപോലെ ഫലപ്രദമാണ്.’ ’ അദ്ദേഹം കൂട്ടിച്ചേർത്തു. ‘ ‘നീ വിദേശരാജ്യങ്ങളിൽ പോകും. അഹന്തയുടെ മേലുള്ള തുറന്ന ആക്രമണങ്ങൾ അവിടെ ആളുകൾക്കു രസിക്കുകയില്ല. എല്ലാം ഉൾക്കൊള്ളാനുള്ള ക്ഷമയും സഹനശക്തിയും ധാരാളമായി ഇല്ലാത്ത ഒരു ഗുരുവിന് ഭാരതത്തിന്റെ സന്ദേശം പാശ്ചാത്യരാജ്യങ്ങളിൽ പ്രചരിപ്പിക്കാൻ കഴിയുകയില്ല.’ ’ (ഗുരുദേവന്റെ വാക്കുകൾ അമേരിക്കയിൽവച്ച് എത്ര തവണ ഓർമിക്കാനിടയായിട്ടുണ്ടെന്ന് ഞാൻ പറയുന്നില്ല!)എന്റെ ഗുരുദേവന്റെ നിഷ്കപടമായ സംഭാഷണം അദ്ദേഹത്തിന്റെ ആയുഷ്ക്കാലത്ത് വലിയ അനുയായിവൃന്ദത്തെ സൃഷ്ടിച്ചില്ലായെങ്കിലും അദ്ദേഹത്തിന്റെ പ്രബോധനങ്ങൾ ആത്മാർഥമായി പഠിച്ച, എന്നും എണ്ണം കൂടിക്കൊണ്ടിരിക്കുന്ന വിദ്യാർഥികളിലൂടെ അദ്ദേഹത്തിന്റെ ആത്മചൈതന്യം ഇന്നും ലോകത്ത് ജീവത്തായി നിൽക്കുന്നു. മഹാനായ അലക്സാൻഡറെപ്പോലുള്ള യോദ്ധാക്കൾ മണ്ണിന്റെമേൽ സർവാധിപത്യം തേടുന്നു; ശ്രീ യുക്തേശ്വരനെപ്പോലുള്ള ആചാര്യന്മാർ കുറെക്കൂടി വിശാലമായ ഒരു സാമ്രാജ്യം പിടിച്ചടക്കുന്നു-മനുഷ്യരുടെ ആത്മാവിൽ.തന്റെ ശിഷ്യരുടെ ലഘുവും നിസ്സാരവുമായ പോരായ്മകൾ പോലും, ശക്തമായ അപകടശങ്കയുടെ ഗൗരവത്തോടെ ചൂണ്ടികാട്ടുക എന്നതായിരുന്നു ഗുരുദേവന്റെ പതിവ്. ഒരിക്കൽ എന്റെ അച്ഛൻ ശ്രീ യുക്തേശ്വരനോടുള്ള ആദരവു പ്രകടിപ്പിക്കാനായി ശ്രീരാമപുരം സന്ദർശിച്ചു. എന്നെ പുകഴ്ത്തുന്ന ഏതാനും വാക്കുകൾ കേൾക്കാമെന്ന് എന്റെ അച്ഛൻ സ്വാഭാവികമായും പ്രതീക്ഷിച്ചു. എന്റെ പോരായ്മകളുടെ ഒരു നീണ്ട പട്ടിക കേട്ട് അദ്ദേഹം നടുങ്ങി. അദ്ദേഹം എന്നെക്കാണാൻ ഓടിയെത്തി. ‘ ‘നിന്റെ ഗുരുവിന്റെ വാക്കുകളിൽനിന്ന് ഞാൻ വിചാരിച്ചു, നീ ആകെത്തകർന്ന ഒരുവനായിക്കാണുമെന്ന്!’ ’ എന്റെ അച്ഛൻ ചിരിക്കണോ കരയണോ എന്നറിയാതെ വിഷമിച്ചു.ശ്രീ യുക്തേശ്വരന്റെ ലഘുവായ സൂചനകൂട്ടാക്കാതെ, ഞാൻ ഒരുവനെ ആത്മീയപാതയിലേക്ക് മാനസാന്തരംചെയ്യാൻ ശ്രമിക്കുകയായിരുന്നു എന്നതു മാത്രമായിരുന്നു അദ്ദേഹത്തിന്റെ അപ്പോഴത്തെ ഇഷ്ടക്കേടിനുകാരണം.രോഷത്തോടെ വേഗം ഞാൻ എന്റെ ഗുരുവിനെ തേടിപ്പിടിച്ചു. അദ്ദേഹം എന്നെ സ്വീകരിച്ചത് കുറ്റബോധത്തോടെയെന്നമട്ടിൽ താഴേക്കു നോക്കിക്കൊണ്ടാണ്. അങ്ങനെ ഒരിക്കൽ മാത്രമാണ് ആ ദിവ്യസിംഹം എന്റെ മുമ്പിൽ നിസ്സഹായനായി കാണപ്പെട്ടത്. അപൂർവമായ ആ നിമിഷം ഞാൻ പൂർണമായും ആസ്വദിച്ചു. ‘ ‘ പ്രഭോ, എന്റെ അന്ധാളിച്ചുപോയ അച്ഛന്റെ മുമ്പിൽ എന്നെ എന്താണ് ഇത്ര കനിവില്ലാതെ അങ്ങു വിലയിരുത്തിയത്? അത് ന്യായമായിരുന്നോ?’ ’ ‘ ‘ഇനി ഞാൻ അങ്ങനെ ചെയ്യുകയില്ല.’ ’ ശ്രീ യുക്തേശ്വരന്റെ സ്വരം ക്ഷമാപണത്തിന്റേതായിരുന്നു.തൽക്ഷണം ഞാൻ നിരായുധനായി. ആ വലിയ മനുഷ്യൻ എത്ര പെട്ടെന്ന് ഒരു തെറ്റ് അംഗീകരിച്ചു! പിന്നീടൊരിക്കലും അദ്ദേഹം അച്ഛന്റെ മന:സമാധാനം കെടുത്തിയിട്ടില്ലെങ്കിലും യുക്തമെന്നു തോന്നിയാൽ എപ്പോഴായാലും എവിടെ വച്ചായാലും ശരി, ഗുരുദേവൻ എന്നെ നിശിതമായ വിമർശനത്തിന് പാത്രമാക്കുമായിരുന്നു.ഗുരുവിനെപ്പോലെ ബുദ്ധിമാന്മാരും വിവേകത്തിന്റെ കുറ്റമറ്റ മാതൃകകളുമായി ചമഞ്ഞ് പുതിയ ശിഷ്യന്മാർ മറ്റുള്ളവരെ കൂ ലങ്കഷമായി വിമർശിക്കുന്നതിൽ ശ്രീ യുക്തേശ്വരനോടൊപ്പം കൂടും! എന്നാൽ ആക്രമിക്കാൻ മുതിരുന്നയാൾക്ക് ചെറുക്കാൻ ശേഷിയില്ലാതെ വരരുതല്ലോ. തന്റെ വിശകലനത്തിന്റെ ആവനാഴിയിലെ ഏതാനും ശരങ്ങൾ, കുറ്റംപറഞ്ഞിരുന്ന ഈ വിദ്യാർഥികളുടെനേർക്ക് ഗുരുദേവൻ പരസ്യമായി തൊടുക്കുമ്പോഴേക്കും, അദ്ദേഹത്തിന്റെ അടുത്തുനിന്ന് അവർ തിടുക്കത്തിൽ ഓടിപ്പോവുകയായി. ‘ ‘ കുറ്റപ്പെടുത്തലിന്റെ സൗമ്യസ്പർശത്തിനുപോലും എതിരെ ലഘുവായ ആന്തരികബലഹീനതകൾ കടുത്ത എതിർപ്പു കാട്ടുന്നു. ഇവ ഏറ്റവും മൃദുവായി തൊടാൻ ഭാവിക്കുമ്പോൾപോലും ഭയന്നും അറച്ചും ഒരാൾ പിൻവലിക്കുന്ന രോഗം ബാധിച്ച ശരീരഭാഗങ്ങളെപ്പോലെയാണ്.’ ’ ഓടിപ്പോകുന്നവരെപ്പറ്റി ശ്രീ യുക്തേശ്വരന്റെ നർമരൂപേണയുള്ള അഭിപ്രായമായിരുന്നു ഇത്.പല ശിഷ്യന്മാർക്കും ഗുരുവിനെപ്പറ്റിയുള്ള ചില മുൻകൂർ ധാരണകൾ കാണും. അവ വച്ചാണ് അവർ അദ്ദേഹത്തിന്റെ വാക്കുകളും പ്രവൃത്തികളും വിലയിരുത്തുക. അങ്ങനെയുള്ളവർ ശ്രീ യുക്തേശ്വരനെ തങ്ങൾക്കു മനസ്സിലായില്ല എന്നു പരാതിപ്പെട്ടു. ‘ ‘നിങ്ങൾ ഈശ്വരനെയും മനസ്സിലാക്കുന്നില്ല!’ ’ ഞാൻ ഒരിക്കൽ തിരിച്ചടിച്ചു. ‘ ‘ഒരു ദിവ്യനെ നിങ്ങൾക്കു വ്യക്തമായി അറിയാൻ കഴിഞ്ഞാൽ നിങ്ങളും ഒരു ദിവ്യനായിരിക്കും!’ ’ പരകോടി നിഗൂഢതകൾ ഈ അനിർവചനീയമായ വായു അനുനിമിഷം ശ്വസിക്കുന്നു. അവയിൽ ഒരു ഗുരുവിന്റെ അമേയമായ സ്വഭാവം ഒരു നിമിഷം കൊണ്ട് മനസ്സിലാക്കണമെന്ന് ആവശ്യപ്പെടാൻ ഒരുവൻ ഒരുമ്പെടുമോ?വിദ്യാർഥികൾ വന്നു; പൊതുവേ പറഞ്ഞാൽ, പലരും തിരിച്ചും പോയി. പെട്ടെന്നുള്ള അനുകമ്പയുടെയും, സ്വന്തം കഴിവുകളുടെ സുഖകരമായ അംഗീകാരത്തിന്റെയും എളുപ്പമാർഗം കൊതിച്ചവർ ആശ്രമത്തിൽ അത് കണ്ടെത്തിയില്ല. ഗുരുദേവൻ ശിഷ്യന്മാർക്ക് എത്രനാൾ വേണമെങ്കിലും പാർപ്പിടവും മാർഗദർശനവും നൽകി. പക്ഷേ പരിതാപകരമായി, പല വിദ്യാർഥികളും അഹന്തയുടെ ലേപനവുംകൂടി ആവശ്യപ്പെട്ടു. ജീവിതത്തിലെ എണ്ണമറ്റ അപമാനങ്ങൾ എളിമയെക്കാൾ കൂടുതൽ സ്വീകാര്യമാക്കിക്കൊണ്ട് അവർ പിരിഞ്ഞുപോയി. ശ്രീ യുക്തേശ്വരന്റെ തുറന്ന, ആഴത്തിലിറങ്ങുന്ന ജ്ഞാനമെന്ന സൂര്യപ്രകാശത്തിന്റെ ഉജ്വലരശ്മികൾ അവരുടെ ആത്മീയവ്യാധിക്ക് താങ്ങാനാവാത്തവണ്ണം ശക്തമായിരുന്നു. ഏതോ ചില എളിയ

ഗുരുക്കന്മാരെ അവർ തേടിപ്പിടിച്ചു. അവർ ശിഷ്യർക്ക് മധുര വചനങ്ങളുടെ തണലിൽ അജ്ഞാനത്തിന്റെ അസ്വസ'ഥനിദ്ര അനുവദിച്ചു കൊടുത്തു.ഗുരുദേവനോടൊത്തുള്ള എന്റെ ആദ്യമാസങ്ങളിൽ അദ്ദേഹ ത്തിന്റെ ശകാരത്തെപ്പറ്റി തീക്ഷ്ണമായ ഒരു ഭയം എനിക്കനുഭവപ്പെട്ടു. തങ്ങളെ അച്ചടക്കവിധേയരാക്കണമെന്ന് എന്നെപ്പോലെ അദ്ദേഹത്തോട് ആവശ്യപ്പെട്ടവരിൽ മാത്രമേ അദ്ദേഹം തന്റെ വാക്കുകൾ കൊണ്ടുള്ള ശസ്ത്രക്രിയ ചെയ്തിരുന്നുള്ളൂ എന്ന് ഞാൻ താമസിയാതെ കണ്ടു. വേദനകൊണ്ടു പിടയുന്ന എതെങ്കിലും ഒരു ശിഷ്യൻ പ്രതിഷേധിച്ചാൽ ശ്രീ യുക്തേശ്വരൻ നീരസം കാട്ടാതെ മൗനം ദീക്ഷിക്കും. അദ്ദേഹത്തിന്റെ വാക്കുകൾ ഒരിക്കലും ക്രോധം നിറഞ്ഞതായിരുന്നില്ല, മറിച്ച് ജ്ഞാനംകൊണ്ട് വസ്തുനിഷ്ഠവും നിർവ്യക്തികവുമായിരുന്നു.ഗുരുദേവന്റെ ഭർത്സനങ്ങൾ, വല്ലപ്പോഴും വരുന്ന സന്ദർശകരുടെനേരെ ആയിരുന്നില്ല; അവരുടെ കുറ്റങ്ങൾ സുവ്യക്തമായിരുന്നെങ്കിൽപോലും അദ്ദേഹം അഭിപ്രായപ്രകടനം നടത്തിയിരുന്നില്ല. പക്ഷേ, തന്റെ ഉപദേശം തേടിയിരുന്ന വിദ്യാർഥികളെ സംബന്ധിച്ച് ശ്രീ യുക്തേശ്വരന് ഗൗരവമായ ഒരു ഉത്തരവാദിത്വബോധമുണ്ടായിരുന്നു. അഹന്തയിൽ മുഴുകിയ ‘മനുഷ്യരാശി’ എന്ന പരുക്കൻ അയിരിനെ സംസ്കരിച്ചെടുക്കാൻ കച്ചകെട്ടി ഇറങ്ങിയ ഗുരു തീർച്ചയായും ധീരനാണ്! ഒരു പുണ്യാത്മാവിന്റെ ധൈര്യം വേരൂന്നിയിരിക്കുന്നത് കാലുതെറ്റിവീഴുന്ന, കണ്ണുകാണാത്ത, മായാമോഹിതരായ ആളുകളോടുള്ള ദയാവായ്പിലാണ്.ആന്തരികമായ രോഷം വെടിഞ്ഞു കഴിഞ്ഞപ്പോൾ എന്റെ ശിക്ഷയിൽ പ്രകടമായ കുറവ് ഞാൻ കണ്ടു. വളരെയൊന്നും പ്രകടമല്ലാത്തരീതിയിൽ ദാക്ഷിണ്യത്തിന്റെ താരതമ്യേനയുള്ള, ആർദ്രമായ ഭാവം ഗുരുദേവൻ കൈകൊണ്ടു. മനുഷ്യന്റെ വ്യക്തിത്വം സ്വയരക്ഷ തേടി സാധാരണ ഒളിക്കുന്ന, നീതീകരണത്തിന്റെയും ബോധപൂർവ17മല്ലാത്ത കരുതൽ സംവിധാനത്തിന്റെയും എല്ലാ മതിലുകളും ഞാൻ ക്രമേണ തച്ചുടച്ചു. അതിന്റെ പ്രതിഫലം ഗുരുദേവനുമായുള്ള സുഗമമായ ഒരു പൊരുത്തപ്പെടൽ ആയിരുന്നു. അദ്ദേഹം എന്നെ വിശ്വസിക്കുകയും എന്നോട് പരിഗണന കാട്ടുകയും എന്നെ നിശ്ശബ്ദമായി സ്നേഹിക്കുകയും ചെയ്യുന്നതായി അപ്പോൾ ഞാൻ കണ്ടെത്തി. എങ്കിലും ബാഹ്യമായി വികാരം പ്രകടിപ്പിക്കാത്ത അദ്ദേഹം സ്നേഹത്തിന്റെ ഒരു വാക്കു പോലും എന്നിൽ ചൊരിഞ്ഞില്ല.എന്റെ സ്വഭാവം പ്രധാനമായും ഭക്തിപരമാണ്. ജ്ഞാനപരിപൂരിതനെങ്കിലും ഭക്തിരസം പുറമേകാട്ടാത്ത ഗുരുദേവൻ,18 ഒരു തണുപ്പൻ ആത്മീയഗണിതത്തിൽകൂടി ആത്മാവിഷ്കാരം ചെയ്തിരുന്നതുകൊണ്ട് എനിക്ക് ആദ്യം അസ്വസ'ഥത തോന്നി. പക്ഷേ അദ്ദേഹത്തിന്റെ സ്വഭാവത്തോട് ഞാൻ ഇണങ്ങിച്ചേർന്നപ്പോൾ ഈശ്വരനോടുള്ള എന്റെ ഭക്തിപരമായ സമീപനത്തിന് പുരോഗതിയല്ലാതെ യാതൊരു കുറവും വന്നിട്ടില്ലെന്ന് ഞാൻ കണ്ടു. ശിഷ്യരുടെ മൗലികമായ പ്രവണതയ'ക്കനുസരിച്ച് അവർക്ക് മാർഗദർശനം നൽകാൻ ആത്മസാക്ഷാത്കാരം ലഭിച്ച ഒരു ഗുരുവിന് പൂർണമായും കഴിയും.ശ്രീ യുക്തേശ്വരനുമായുള്ള എന്റെ ബന്ധം വാക്കുകളിൽ പ്രകടിപ്പിക്കപ്പെട്ടിരുന്നില്ല. എങ്കിലും അതിന് ഗുപ്തമായ ഒരു വാചാലത ഉണ്ടായിരുന്നു. ഭാഷണം നിഷ്പ്രയോജനമാക്കുന്നവിധത്തിൽ എന്റെ ചിന്തകളിേന്മൽ, അദ്ദേഹത്തിന്റെ നിശ്ശബ്ദമായ കൈയ്യൊപ്പ് ഞാൻ പലപ്പോഴും കണ്ടു. അദ്ദേഹത്തിന്റെയടുത്ത് മൗനമായി ഇരിക്കുമ്പോൾ അദ്ദേഹത്തിന്റെ ഔദാര്യം എന്റെ ജീവസത്തയുടെമേൽ ശാന്തമായി വഴി െഞ്ഞാഴുകുന്നത് എനിക്ക് അനുഭവപ്പെട്ടു.കോളേജിൽ എന്റെ ആദ്യവർഷ മധ്യവേനൽ അവധിക്കാലത്ത് ഗുരുദേവന്റെ നിഷ്പക്ഷമായ നീതിബോധം ശ്രേഷ്ഠമായി പ്രകടിതമായി. ശ്രീരാമപുരത്ത് ഗുരുദേവനോടൊത്ത് തുടർച്ചയായി ഏതാനും മാസങ്ങൾ ചെലവിടാൻ ഞാൻ പ്രതീക്ഷയോടെ കാത്തിരുന്നതാണ്. ‘ ‘നീ ആശ്രമത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തോളൂ.’ ’ എന്റെ ആഹ്ലാദഭരിതമായ വരവിൽ ശ്രീ യുക്തേശ്വരൻ സന്തുഷ്ടനായിരുന്നു. ‘ ‘സന്ദർശകരെ സ്വീകരിക്കലും മറ്റു ശിഷ്യന്മാരുടെ ജോലിയുടെ മേൽനോട്ടവുമായിരിക്കും നിന്റെ കർത്തവ്യങ്ങൾ. ’ ’ രണ്ടാഴ്ചയ'ക്കുശേഷം, കിഴക്കൻബംഗാളിൽനിന്ന് കുമാർ എന്നൊരു ഗ്രാമീണയുവാവിനെ ആശ്രമപരിശീലനത്തിന് സ്വീകരിച്ചു. എടുത്തു പറയത്തക്കവിധം ബുദ്ധിമാനായ അവൻ ഗുരുദേവന്റെ സ്നേഹം പെട്ടെന്നു പിടിച്ചുപറ്റി. ഏതോ നിഗൂഢകാരണത്താൽ ശ്രീ യുക്തേശ്വരൻ പുതിയ അന്തേവാസിയോട് വിമർശനാത്മകമല്ലാത്ത ഒരു നിലപാടു സ്വീകരിച്ചു. ‘ ‘മുകുന്ദാ, കുമാർ നിന്റെ ജോലികൾ ഏറ്റെടുക്കട്ടെ. നിന്റെ സമയം തൂത്തുവാരാനും ആഹാരം പാകംചെയ്യാനും ഉപയോഗിക്കൂ.’ ’ പുതിയ പയ്യൻ ഞങ്ങളോടൊപ്പം ഒരു മാസം കഴിഞ്ഞപ്പോഴാണ് ഗുരുദേവൻ ഈ നിർദേശങ്ങൾതന്നത്.നേതൃത്വത്തിലേക്ക് കയറ്റംകിട്ടിയപ്പോൾ കുമാർ ആശ്രമത്തിൽ ചെറിയ ഒരു സ്വേച്ഛാധിപത്യംതന്നെ നടപ്പിലാക്കി. നിശ്ശബ്ദമായ എതിർപ്പിൽ, മറ്റു ശിഷ്യർ നിത്യേനയുള്ള നിർദേശങ്ങൾക്ക് എന്നെ തേടിയെത്തുന്നതു തുടർന്നു. ഇങ്ങനെ മൂന്നാഴ്ച കഴിഞ്ഞപ്പോൾ കുമാറും ഗുരുദേവനുമായുള്ള ഒരു സംഭാഷണം ഞാൻ കേൾക്കാനിടയായി. ‘ ‘മുകുന്ദനെക്കൊണ്ടു വയ്യാ! ’ ’ അവൻ പറഞ്ഞു. ‘ ‘അങ്ങ് എന്നെയാണ് പ്രധാനിയാക്കിയത്; എങ്കിലും മറ്റുള്ളവർ അവന്റെ അടുത്തു പോകുകയും അവനെ അനുസരിക്കുകയും ചെയ്യുന്നു.’ ’ ‘ ‘അതുകൊണ്ടാണ് ഞാൻ അവനെ അടുക്കളയിലേക്കും നിന്നെ പൂമുഖത്തേയ'ക്കും നിയോഗിച്ചത്. ഒരു നല്ലനേതാവിന് സേവന സന്നദ്ധതയാണ് അല്ലാതെ അധീശമോഹമല്ലവേണ്ടതെന്ന് നീ തിരിച്ചറിയട്ടെ എന്നു കരുതി.’ ’ ശ്രീ യുക്തേശ്വരന്റെ നിശിതമായ സ്വരം കുമാറിന് പുതുമയായിരുന്നു. ‘ ‘നീ മുകുന്ദന്റെ സ'ഥാനം ആഗ്രഹിച്ചു, എന്നാൽ അത് കഴിവുകൊണ്ടു നിലനിർത്താൻ നിനക്ക് കഴിഞ്ഞുമില്ല. ഇനി

പാചകക്കാരന്റെ സഹായി എന്ന പഴയ ജോലിയിലേക്ക് തിരിച്ചു പോയ'ക്കൊള്ളുക.' '
ഗർവംകെടുത്തുന്ന ഈ സംഭവത്തിനുശേഷം ഗുരുദേവൻ കുമാറിനോട് അദ്ദേഹത്തിനു പതിവില്ലാത്ത വാത്സല്യഭാവം വീണ്ടും കാട്ടിത്തുടങ്ങി. ആകർഷണത്തിന്റെ ദുരൂഹത ആർക്കു മനസ്സിലാക്കാൻ കഴിയും? കുമാറിൽ ഒരു വശ്യമായ നീരുറവ ഗുരുദേവൻ കണ്ടെത്തി-മറ്റു സഹശിഷ്യരിൽ ഏതായാലും അത് പൊട്ടിയൊഴുകിയില്ല. പുതിയ ഈ കുട്ടി വ്യക്തമായും ശ്രീ യുക്തേശ്വരന്റെ കണ്ണിലുണ്ണിയായിരുന്നുവെങ്കിലും എനിക്ക് വ്യാകുലത ഒന്നും തോന്നിയില്ല. വ്യക്തി സവിശേഷതകൾ-ആചാര്യന്മാരുടേതായാൽ പോലും-ജീവിതത്തിന്റെ രൂപശില്പത്തിന് സമൃദ്ധമായ ഒരു സങ്കീർണത നൽകുന്നു. ഒരു പ്രത്യേക വിശദാംശമല്ല എന്റെ സ്വഭാവത്തെ നിയന്ത്രിക്കുക. ബാഹ്യമായ പ്രശംസയെക്കാളുപരിയായ നന്മയായിരുന്നു ഞാൻ ശ്രീ യുക്തേശ്വരനിൽനിന്ന് തേടിയിരുന്നത്.ഒരു ദിവസം കുമാർ കാരണംകൂടാതെ എന്നോട് കുത്തു വാക്കുകൾ പറഞ്ഞു; എനിക്ക് അത്യധികം വേദനയുണ്ടായി. ' 'നിന്റെ അഹങ്കാരം കുറേകൂടിപ്പോകുന്നു!' ' അതിന്റെ പൊരുൾ അന്തരാത്മാവിൽ അറിഞ്ഞുകൊണ്ടുതന്നെ ഞാൻ ഒരു മുന്നറിയിപ്പു കൂട്ടിച്ചേർത്തു: ' ' നിന്റെ രീതികൾ തിരുത്തിയില്ലെങ്കിൽ എന്നെങ്കിലുമൊരിക്കൽ നിന്നോട് ആശ്രമംവിട്ടുപോകാൻ ആവശ്യപ്പെടാനിടയായേക്കും.' ' അപ്പോൾ ആ മുറിയിലേക്കു കടന്നുവന്ന ഗുരുദേവനോട് കുമാർ എന്റെ വാക്കുകൾ പരിഹാസച്ചിരിയോടെ ആവർത്തിച്ചു. ശകാരം ലഭിക്കുമെന്ന് തീർച്ചയാക്കികൊണ്ട് ഞാൻ മുറിയുടെ ഒരു കോണിലേക്ക് എളിമയോടെ ഒതുങ്ങിക്കൂടി. ' ' ഒരുപക്ഷേ മുകുന്ദൻ പറയുന്നത് ശരിയായിരിക്കും.' ' ഗുരുദേവന്റെ ഉത്തരം അസാധാരണമാംവിധം സ്നേഹശൂന്യമായിരുന്നു.ഒരു കൊല്ലത്തിനുശേഷം കുമാർ തന്റെ ബാല്യകാലത്തെ വീട്ടിലേക്ക് ഒരു സന്ദർശനത്തിന് ഇറങ്ങിത്തിരിച്ചു. തന്റെ ശിഷ്യന്മാരുടെ ചലനങ്ങളെ അധികാരത്തിന്റെ പേരിൽ നിയന്ത്രിക്കാറില്ലാത്ത ശ്രീ യുക്തേശ്വരന്റെ നിശ്ശബ്ദമായ എതിർപ്പിനെ അവൻ വകവച്ചില്ല. ഏതാനും മാസങ്ങൾക്കുള്ളിൽ അവൻ ശ്രീരാമപുരത്തു തിരിച്ചെത്തിയപ്പോൾ അവനിൽ ഉണ്ടായിട്ടുള്ള മാറ്റം അസുഖകരമായ രീതിയിൽ വ്യക്തമായിരുന്നു. പ്രശാന്തിതിളങ്ങുന്ന മുഖമുള്ള, രാജകീയ പ്രൗഢിയുണ്ടായിരുന്ന കുമാറിനു പകരം അടുത്തയിടയ'ക്ക് ധാരാളം ദുശ്ശീലങ്ങൾ സമ്പാദിച്ച, എടുത്തുപറയത്തക്കതായ ഒന്നുമില്ലാത്ത ഒരു സാധാരണ ഗ്രാമീണനാണ് ഞങ്ങളുടെ മുമ്പിൽ നിന്നത്.ആ കുട്ടി ഇനി സന്ന്യാസജീവിതത്തിന് അയോഗ്യനാണെന്ന വസ്തുത ഗുരുദേവൻ എന്നെ വിളിച്ച് ഹൃദയവേദനയോടെ ചർച്ച ചെയ്തു. ' ' മുകുന്ദാ, കുമാറിനോട് നാളെ ആശ്രമം വിട്ടുപോകാൻ നിർദേശിക്കുക എന്നത് ഞാൻ നിനക്ക് വിടുന്നു; എനിക്കതു വയ്യ!' ' യുക്തേശ്വരന്റെ കണ്ണുകൾ നിറഞ്ഞിരുന്നു, പക്ഷേ അദ്ദേഹം വേഗത്തിൽ സ്വയം നിയന്ത്രിച്ചു. ' 'ആ കുട്ടി ഞാൻ പറഞ്ഞതുകേട്ട് ഇവിടെ നിന്നു പോകാതിരു ംന്നെങ്കിൽ ഇത്ര നീചമായ പതനം അവന് ഉണ്ടാകുമായിരുന്നില്ല. അവൻ എന്റെ സംരക്ഷണം വേണ്ടെന്നുവച്ചു; ഹൃദയശൂന്യമായ ലോകം തന്നെയായിരിക്കും ഇനിയും അവന്റെ ഗുരു.' ' കുമാറിന്റെ വേർപാട് എന്നിൽ ആഹ്ലാദമൊന്നും ജനിപ്പിച്ചില്ല; ഒരു ആചാര്യന്റെ സ്നേഹഭാജനമാകാൻകഴിഞ്ഞ ഒരാൾക്ക് എത്ര എളുപ്പത്തിൽ ലൗകികപ്രലോഭനങ്ങൾക്കു വശംവദനാകാൻ കഴിഞ്ഞുവെന്ന് ഞാൻ ദു:ഖത്തോടെ അത്ഭുതപ്പെട്ടു. മദ്യത്തിലും ലൈംഗികതയിലുമുള്ള ആസക്തി സാധാരണ മനുഷ്യനിൽ വേരൂന്നിയിരിക്കുന്നു; അവ ആസ്വദിക്കുന്നതിന് സൂക്ഷ്മഗ്രാഹിയായ സംവേദനശക്തി ആവശ്യമില്ല. ഇന്ദ്രിയങ്ങളുടെ ചതിയെ, പാടലവർണത്തിലുള്ള പൂക്കൾകൊണ്ട് സുഗന്ധിയായ നിത്യഹരിതമായ അലരിച്ചെടിയോട് ഉപമിക്കാം: ആ ചെടിയുടെ എല്ലാ ഭാഗങ്ങളും വിഷമയമാണ്.19 ഒരായിരം ബാഹ്യദിശകളിൽ അന്ധമായി മനുഷ്യൻ തേടുന്ന ആനന്ദംകൊണ്ട് പ്രകാശിക്കുന്ന സൗഖ്യത്തിന്റെ ലോകം ഉള്ളിലാണ് സ'ഥിതി ചെയ്യുന്നത്. ' 'തീക്ഷ്ണബുദ്ധിക്ക് രണ്ടു വായ്ത്തലയുണ്ട്,' ' കുമാറിന്റെ ഉജ്വലമായ കൂർമബുദ്ധി പരാമർശിക്കുമ്പോൾ ഗുരുദേവൻ പറഞ്ഞു. ' 'സൃഷ്ടിപരമായോ വിനാശകരമായോ അത് ഉപയോഗിക്കാം: ഒരു കത്തിപോലെ, അജ്ഞതയാകുന്ന പരു കീറുവാനും സ്വന്തം തലയറുക്കുവാനും. ആത്മീയനിയമത്തിന്റെ അലംഘനീയത മനസ്സ് അംഗീകരിച്ചു കഴിഞ്ഞാലേ ബുദ്ധിവൈഭവത്തെ നേരായ വഴിക്ക് നയിക്കാനാവൂ.' ' എന്റെ ഗുരുദേവൻ സ്ത്രീകളും പുരുഷന്മാരുമായ ശിഷ്യരെ സ്വന്തം കുട്ടികളായി കണക്കാക്കി അവരോട് സ്വതന്ത്രമായി ഇടപഴകിയിരുന്നു. അവരുടെ ആത്മീയ ഐക്യം മനസ്സിലാക്കി, അദ്ദേഹം അവരോട് വിവേചനമോ പക്ഷപാതമോ കാട്ടിയില്ല. ' 'ഉറക്കത്തിൽ നിങ്ങൾ പുരുഷനാണോ സ്ത്രീയാണോ എന്ന റിയുന്നില്ല, ' ' അദ്ദേഹം പറഞ്ഞു. ' 'ഒരു പുരുഷൻ സ്ത്രീവേഷം കെട്ടു ന്നതുകൊണ്ട് സ്ത്രീയാകാത്തതുപോലെതന്നെ ആത്മാവ് പുരുഷനും സ്ത്രീയുമായി വ്യക്തീഭവിക്കുമ്പോൾ മാറ്റമില്ലാതെയിരിക്കുന്നു. ആത്മാവ് ഈശ്വരന്റെ അവ്യയമായ, നിരുപാധികമായ പ്രതിച്ഛായയാണ്. ' ' ശ്രീ യുക്തേശ്വരൻ ഒരിക്കലും സ്ത്രീകളിൽനിന്ന് ഒഴിഞ്ഞു മാറുകയോ ' 'പുരുഷന്റെ അധ:പതനത്തിനുകാരണം' ' എന്ന് അവരെ കുറ്റപ്പെടുത്തുകയോ ചെയ്തില്ല. സ്ത്രീകൾക്കും പുരുഷന്മാരിൽ നിന്നുള്ള പ്രലോഭനങ്ങൾ നേരിടേണ്ടിവരുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഒരു പുരാതന യതീന്ദ്രൻ സ്ത്രീകളെ ' 'നരകത്തിലേക്കുള്ള വാതിൽ' ' എന്നു വിളിച്ചത് എന്താണെന്ന് ഞാൻ ഒരിക്കൽ ഗുരുദേവനോട് ചോദിച്ചു. ' 'ചെറുപ്പത്തിൽ ഏതെങ്കിലും ഒരു പെൺകുട്ടി അദ്ദേഹത്തിന്റെ മന:സമാധാനം കെടുത്തിക്കാണും,' ' എന്റെ ഗുരു പരിഹാസമായി

പറഞ്ഞു. ‘ ‘അല്ലായിരുന്നെങ്കിൽ അദ്ദേഹം സ്ത്രീയെ അല്ല തന്റെ ആത്മസംയമനത്തിന്റെ എന്തെങ്കിലും പോരായ്മയെ തള്ളിപ്പറഞ്ഞേനേ.’ ’ ആശ്രമത്തിൽ ഒരു സന്ദർശകൻ എന്തെങ്കിലും അശ്ലീലച്ചുവയുള്ള ഒരു കഥ പറയാൻ ഒരുമ്പെട്ടാൽ ഗുരുദേവൻ പ്രതികരണമില്ലാത്ത നിശ്ശബ്ദത പാലിക്കും. ‘ ‘സുന്ദരമായ ഒരു മുഖത്തിന്റെ പ്രകോപിപ്പിക്കുന്ന ചാട്ടവാറുകൊണ്ടുള്ള പ്രഹരം ഏറ്റുവാങ്ങാൻ നിങ്ങൾ സ്വയം അനുവദിക്കരുത്,’ ’ അദ്ദേഹം ശിഷ്യന്മാരോട് പറഞ്ഞു. ‘ ‘ഇന്ദ്രിയങ്ങളുടെ അടിമകൾക്ക് ലോകത്തെ എങ്ങനെ ആസ്വദിക്കാൻ കഴിയും? പ്രാകൃതമായ ചെളിക്കുണ്ടിൽ അവർ ഇഴഞ്ഞുനടക്കുമ്പോൾ ലോകത്തിന്റെ സൂക്ഷ്മമായ രുചിയും മണവും മറ്റും അവർ അറിയാതെ പോകുന്നു. അദമ്യമായ കാമങ്ങൾക്ക് വിധേയനായ മനുഷ്യന് എല്ലാ സൂക്ഷ്മവിവേചനശക്തികളും നഷ്ടപ്പെടുന്നു.’ ’ മായാപ്രേരിതമായ ലൈംഗികതയുടെ മിഥ്യകളിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കുന്ന ശിഷ്യർക്ക് ശ്രീ യുക്തേശ്വരനിൽനിന്ന് ക്ഷമയോടും ധാരണയോടുംകൂടിയ ഉപദേശം ലഭിച്ചു. ‘ ‘വിശപ്പിന്-അത്യാർത്തിക്കല്ല-ന്യായമായ ഒരു ഉദ്ദേശം സാധിക്കാനുള്ളതുപോലെതന്നെ ലൈംഗികതയുടെ ജന്മവാസന മനുഷ്യനിൽ പ്രകൃതി നട്ടിരിക്കുന്നത് വംശവർധനയ'ക്കുവേണ്ടി മാത്രമാണ്, അല്ലാതെ തൃപ്തിപ്പെടുത്താനാവാത്ത കാമവാസനകൾ ഉദ്ദീപിപ്പിക്കുന്നതിനല്ല,’ ’ അദ്ദേഹം പറഞ്ഞു. ‘ ‘തെറ്റായ ആഗ്രഹങ്ങൾ ഇപ്പോൾതന്നെ നശിപ്പിക്കുക; ഇല്ലെങ്കിൽ നിങ്ങളുടെ സൂക്ഷ്മശരീരം അതിന്റെ സ'ഥൂലശരീരത്തിൽനിന്ന് വേർപിരിഞ്ഞു കഴിഞ്ഞാലും ആഗ്രഹങ്ങൾ നിങ്ങളോടുകൂടിതന്നെ നിൽക്കും. ശരീരത്തിന് പിടിച്ചു നിൽക്കാൻ ആവില്ലെങ്കിലും മനസ്സ് സദാ ചെറുത്തു നിൽക്കണം. പ്രലോഭനം ക്രൂരമായ ശക്തിയോടെ നിങ്ങളെ ആക്രമിക്കുകയാണെങ്കിൽ വസ്തുനിഷ്ഠമായ വിശകലനംകൊണ്ടും അദമ്യമായ ഇച്ഛാശക്തികൊണ്ടും അതിനെ അതിജീവിക്കുക. പ്രകൃതിജന്യമായ ഓരോ വികാരത്തെയും കീഴടക്കാൻ കഴിയും. ‘ ‘നിങ്ങളുടെ വീര്യം സംരക്ഷിക്കു. ഇന്ദ്രിയങ്ങളാകുന്ന പോഷക നദികളെയല്ലാം ശാന്തമായി തന്നിൽ ലയിപ്പിക്കുന്ന വിശാലസാഗരം പോലെ ആയിത്തീരുക. നിത്യേന പുനരുജ്ജീവിക്കപ്പെടുന്ന ഇന്ദ്രിയവാഞ്ഛകൾ നിങ്ങളുടെ ആത്മശാന്തി കെടുത്തുന്നു. ഭൗതികതയുടെ മരുഭൂമിയിൽ ജീവജലം വാർന്നൊഴുകി പാഴായിപ്പോകാൻ അനുവദിക്കുന്ന, ജലസംഭരണിയിലെ ദ്വാരങ്ങൾ പോലെയാണവ. തെറ്റായ ആഗ്രഹത്തിന്റെ ശക്തവും ഏതു പ്രവൃത്തിയിലേക്കും എടുത്തുചാടാൻ ഇടയാക്കുന്നതുമായ പൊടുന്നനെയുള്ള ചോദനയാണ് മനുഷ്യന്റെ സന്തോഷത്തിന്റെ എറ്റവും വലിയ ശത്രു. ആത്മസംയമനത്തിന്റെ ഒരു സിംഹമായി ലോകത്തിൽ സ്വതന്ത്രമായി വിഹരിക്കുക; ഇന്ദ്രിയദൗർബല്യത്തിന്റെ മണ്ഡൂകങ്ങൾ നിങ്ങളെ വലയ'ക്കാൻ അനുവദിക്കരുത്!’ ’ ഒരു യഥാർഥ സാധകൻ നൈസർഗികവാസനകളുടെ വിവശമാക്കുന്ന എല്ലാ പ്രേരണകളിൽനിന്നും ആത്യന്തികമായി മോചിതനാകുന്നു. മനുഷ്യസ്നേഹത്തിനു വേണ്ടിയുള്ള അവന്റെ ദാഹത്തെ അയാൾ ഈശ്വരനു മാത്രം വേണ്ടിയുള്ള അഭിവാഞ്ഛ-സർവപ്രപഞ്ച സാന്നിധ്യംകൊണ്ട് ഏകമായ ഒരു പ്രേമം-ആയി മാറ്റുന്നു.ഞാൻ ഗുരുദേവനെ ആദ്യമായി സന്ദർശിച്ച വാരാണസിയിലെ റാണാമഹൽ ജില്ലയിലാണ് ശ്രീ യുക്തേശ്വരന്റെ അമ്മ താമസിച്ചിരുന്നത്. ഉദാരമതിയും സ്നേഹമയിയുമായിരുന്നുവെങ്കിലും സ്വന്തമായ വളരെ ഉറച്ച അഭിപ്രായങ്ങൾ ഉണ്ടായിരുന്ന ഒരു സത്രീയായിരുന്നു അവർ. അമ്മയും മകനും സംസാരിക്കുന്നത് അവരുടെ ബാൽക്കണിയിൽനിന്ന് ഒരിക്കൽ ഞാൻ ശ്രദ്ധിച്ചു. ശാന്തവും വിവേകപൂർവവുമായ തന്റെ ശൈലിയിൽ ഗുരുദേവൻ എന്തോ പറഞ്ഞ് അവരെ ബോധ്യപ്പെടുത്താൻ ശ്രമിക്കുകയായിരുന്നു. അദ്ദേഹത്തിന് അത് കഴിഞ്ഞില്ലെന്നു തോന്നുന്നു, കാരണം അവർ ശക്തമായി നിഷേധാർഥത്തിൽ തലകുലുക്കികൊണ്ടു പറഞ്ഞു. ‘ ‘അല്ല, അല്ല മകനേ, നീ നിന്റെ പാടുനോക്ക്! നിന്റെ ഉപദേശ മൊന്നും എനിക്കു വേണ്ട! ഞാൻ നിന്റെ ശിഷ്യയൊന്നുമല്ല!’ ’ ശ്രീ യുക്തേശ്വരൻ പിന്നെ ഒന്നും പറയാതെ ശാസിക്കപ്പെട്ട ഒരു കുട്ടിയെപ്പോലെ പിൻതിരിഞ്ഞു. അമ്മയുടെ അകാരണമായ ഭാവപ്പകർച്ച യിലും അദ്ദേഹത്തിന് അമ്മയോടുണ്ടായിരുന്ന വലിയ ബഹുമാനം എന്നെ വല്ലാതെ സ്പർശിച്ചു. അവർ അദ്ദേഹത്തെ ഒരു ഋഷീന്ദ്രനായല്ല, തന്റെ സ്വന്തം കുഞ്ഞായിട്ടാണ് കണ്ടത്. വെറും നിസ്സാരമായ ആ സംഭവത്തിന് ഒരു വശ്യതയുണ്ടായിരുന്നു; ഗുരുദേവന്റെ ആന്തരികമായ എളിമയും ബാഹ്യമായ വിട്ടുവീഴ്ച്ചയില്ലായ്മയുംചേർന്ന അസാധാരണമായ സ്വഭാവവിശേഷത്തിലേക്ക് ഈ സംഭവം വെളിച്ചംവീശി.ഒരു സ്വാമി തന്റെ ലൗകികബന്ധങ്ങൾ ഔപചാരികമായി വിച്ഛേദിച്ചുകഴിഞ്ഞാൽ പിന്നെ അവ നിലനിർത്താൻ സന്ന്യാസാശ്രമനിയമങ്ങൾ അനുവദിക്കുന്നില്ല. ഒരു ഗൃഹസ'ഥാശ്രമിക്ക് ഒഴിച്ചുകൂടാനാവാത്ത കുടുംബസംബന്ധമായ കർമാനുഷ്ഠാനങ്ങൾ അദ്ദേഹം ചെയ്യാൻ പാടില്ല. എന്നിട്ടും സന്ന്യാസി പരമ്പരയുടെ പുനഃസംവിധായകനായ ശ്രീശങ്കരൻ ഈ വിലക്കുകൾ അവഗണിച്ചു. താൻ ഏറ്റവും സ്നേഹിച്ച അമ്മയുടെ മരണശേഷം തന്റെ ഉയർത്തിപ്പിടിച്ച കൈകളിൽ ആവിർഭവിപ്പിച്ച സ്വർഗീയ അഗ്നിയിൽ അദ്ദേഹം ആ ശവശരീരം ദഹിപ്പിച്ചു.ശ്രീ യുക്തേശ്വരനും അത്രത്തോളം നാടകീയമല്ലാത്ത രീതിയിൽ വിലക്കുകൾ അവഗണിച്ചു. അദ്ദേഹത്തിന്റെ അമ്മ കാലഗതി പ്രാപിച്ചപ്പോൾ അദ്ദേഹം ഒരു ഗൃഹസ'ഥാശ്രമിയുടെ രീതിയിൽ കാശിയിൽ ഗംഗാതീരത്തുവച്ച് ശവദാഹച്ചടങ്ങുകൾ നടത്തി. ധാരാളം ബ്രാഹ്മണരെ ഊട്ടാനും ഇടപാടുചെയ്തു.ശാസ്ത്രോക്തമായ നിരോധനങ്ങൾകൊണ്ട് ഉദ്ദേശിച്ചിരുന്നത് സങ്കുചിതമായ മമതാബന്ധങ്ങളെ അതിജീവിക്കാൻ സന്ന്യാസിമാരെ സഹായിക്കുകയെന്നതായിരുന്നു.

വ്യക്തിനിരപേക്ഷമായ പരമാത്മാവിൽ തങ്ങളുടെ ആത്മാവിനെ നിശ്ശേഷം വിലയിപ്പിച്ചു കഴിഞ്ഞ ശ്രീശങ്കരനും ശ്രീ യുക്തേശ്വരനും പെരുമാറ്റച്ചട്ടങ്ങളുടെ സംരക്ഷണം ആവശ്യമായിരുന്നില്ല. ചിലപ്പോൾ ഒരു ആചാര്യൻ ഒരു അനുശാസനത്തിന്റെ തത്ത്വമാണ് അതിന്റെ ബാഹ്യമായ ആചരണത്തെക്കാൾ ഏറെ പ്രധാനമെന്നും അത് അതിന്റെ ബാഹ്യാനുഷ്ഠാനരൂപത്തിൽനിന്നും മുക്തമാണെന്നും കാട്ടാനായി ശാസ്ത്രവിധിയുടെ കീഴ്വഴക്കത്തെ മന:പൂർവം അവഗണിച്ചുവെന്നുവരാം. അങ്ങനെയാണ് വിശ്രമത്തിന്റെ ദിവസം യേശു കതിര് ഇറുത്തത്. സ്വാഭാവികമായിത്തന്നെ തനിക്കെതിരെ തിരിഞ്ഞ വിമർശകരോട് അദ്ദേഹം പറഞ്ഞു: ‘ ‘ മനുഷ്യൻ ശബ്ബത്തു നിമിത്തമല്ല, ശബ്ബത്ത് മനുഷ്യൻ നിമിത്തമത്രേ ഉണ്ടായത്.’ ’ 20വേദശാസ്ത്രഗ്രന്ഥങ്ങൾ ഒഴികെ അധികമൊന്നും ശ്രീ യുക്തേശ്വരൻ വായിച്ചിരുന്നില്ല. എന്നിരുന്നാലും ഏറ്റവും പുതിയ ശാസ്ത്രീയ കണ്ടുപിടുത്തങ്ങളും അറിവിന്റെ മുന്നേറ്റങ്ങളും അദ്ദേഹത്തിന് തീർച്ചയായും പരിചിതമായിരുന്നു.21 സംഭാഷണചതുരനായിരുന്ന അദ്ദേഹം എണ്ണമറ്റ വിഷയങ്ങളിൽ അതിഥികളുമായുള്ള ആശയവിനിമയം ആസ്വദിച്ചിരുന്നു. എന്റെ ഗുരുവിന്റെ നർമോക്തിയും കുടഞ്ഞിട്ടുള്ള ചിരിയും ഓരോ ചർച്ചയും സജീവമാക്കി. മിക്കപ്പോഴും ഗൗരവം പൂണ്ടിരുന്ന അദ്ദേഹം ഒരിക്കലും മ്ലാനവദനനായിരുന്നില്ല. ‘ ‘ഈശ്വരനെ തേടുന്നതിന് മനുഷ്യർ അവരുടെ ‘ ‘മുഖം വിരൂപമാക്കേണ്ടതില്ല,’ ’ ബൈബിൾ വാക്യം ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം പറയും,22 ‘ ‘ഈശ്വരനെ കണ്ടെത്തുക എന്നുവച്ചാൽ എല്ലാ ശോകങ്ങളുടെയും ശവദാഹമെന്നാണർഥം എന്ന് ഓർമിക്കുക.’ ’ ആശ്രമത്തിലെത്തിയിരുന്ന തത്ത്വചിന്തകർ, പ്രഫസർമാർ, അഭിഭാഷകർ, ശാസ്ത്രജ്ഞർ എന്നിവരിൽ ധാരാളംപേർ ഒരു യാഥാസ'ഥിതിക മതവിശ്വാസിയെ കാണാമെന്ന വിചാരത്തോടെയായിരിക്കും ആദ്യ സന്ദർശനം നടത്തുക. ഭക്തിയോടെ ഉരുവിടുന്ന ഏതാനും വിരസോക്തികൾ മാത്രമാണ് പുതുതായി എത്തിയവർ പ്രതീക്ഷിക്കുന്നതെന്ന് അവരുടെ അഹന്തയുടെ ഒരു മന്ദഹാസമോ, സഹിച്ചുകളയാമെന്ന തമാശമട്ടിലുള്ള ഒരു നോട്ടമോ വെളിവാക്കും. ശ്രീ യുക്തേശ്വരനുമായി സംസാരിക്കുകയും തങ്ങളുടെ പ്രത്യേക മണ്ഡലങ്ങളിൽ അദ്ദേഹത്തിന് കൃത്യവും വ്യക്തവുമായ ഉൾക്കാഴ്ച്ചയുണ്ടെന്നു മനസ്സിലാക്കുകയും ചെയ്തുകഴിയുമ്പോൾ, സന്ദർശകർ വൈമനസ്യത്തോടെയായിരിക്കും വിടവാങ്ങുക.എന്റെ ഗുരുദേവൻ അതിഥികളോട് സൗമ്യമായും ഭവ്യമായുമാണ് സാധാരണ പെരുമാറുക. അദ്ദേഹം വശ്യമായ സൗഹൃദത്തോടെയാണ് സ്വാഗതം ആശംസിച്ചിരുന്നത്. എങ്കിലും രൂഢമൂലമായ അഹംഭാവമുള്ള ചിലർക്ക് ചിലപ്പോൾ ശക്തമായ ആഘാതങ്ങൾ സഹിക്കേണ്ടിവന്നിട്ടുണ്ട്. ഗുരുദേവനിൽ അവർ നേരിട്ടത് ഒന്നുകിൽ തണുപ്പൻ ഉദാസീനത, അല്ലെങ്കിൽ കടുത്ത എതിർപ്പ്: മഞ്ഞുകട്ടയോ കാരിരുമ്പോ!ഒരു പ്രസിദ്ധ രസതന്ത്രജ്ഞൻ ഒരിക്കൽ ശ്രീ യുക്തേശ്വരനുമായി ഇടഞ്ഞു. സന്ദർശകൻ ഈശ്വരന്റെ അസ്തിത്വം അംഗീകരിക്കുകയില്ല; കാരണം അദ്ദേഹത്തെ കണ്ടുപിടിക്കാനുള്ള മാർഗങ്ങൾ ഒന്നും ശാസ്ത്രം വികസിപ്പിച്ചിട്ടില്ല. ‘ ‘ അപ്പോൾ നിങ്ങളുടെ ടെസ്റ്റ് ട്യൂബിൽ ഈശ്വരനെ വേർതിരിച്ചെടുക്കുന്നതിൽ, എന്തുകൊണ്ടെന്നറിഞ്ഞുകൂടാ, നിങ്ങൾ പരാജയപ്പെട്ടിരിക്കുന്നു!’ ’ ഗുരുദേവന്റെ നോട്ടം കർക്കശമായിരുന്നു. ‘ ‘ഞാൻ ഒരു പുതിയ പരീക്ഷണം ശുപാർശ ചെയ്യുന്നു: ഒരു ഇരുപത്തിനാലു മണിക്കൂർനേരം നിങ്ങളുടെ ചിന്തകളെ ഇടതടവില്ലാതെ പരിശോധിക്കൂ. അപ്പോൾ ഈശ്വരന്റെ അസാന്നിധ്യം ഓർത്ത് നിങ്ങൾക്ക് ആശ്ചര്യപ്പെടേണ്ടിവരില്ല.’ ’ ഒരു വിഖ്യാതനായ പണ്ഡിതനും അത്തരത്തിലുള്ള ഒരു ആഘാതം ഏറ്റുവാങ്ങി. അദ്ദേഹത്തിന്റെ ആദ്യസന്ദർശനവേളയിലായിരുന്നു അത്. മഹാഭാരതം, ഉപനിഷത്തുക്കൾ, ശാങ്കരഭാഷ്യങ്ങൾ23 എന്നിവയിലെ ഭാഗങ്ങൾ ആഗതൻ ഉദ്ധരിച്ചത് കെട്ടിടത്തിന്റെ കഴുക്കോലുകളെപ്പോലും പ്രകമ്പനംകൊള്ളിച്ചു. ‘ ‘നിങ്ങൾക്കു പറയാനുള്ളതു കേൾക്കാൻ ഞാൻ കാത്തിരിക്കുകയാണ്.’ ’ ഇതുവരെ നിശ്ശബ്ദതയാണ് വാണിരുന്നതെന്നമട്ടിൽ, ശ്രീ യുക്തേശ്വരന്റെ സ്വരം ആരായുന്നതരത്തിലുള്ളതായിരുന്നു. പണ്ഡിതൻ കുഴങ്ങി. ‘ ‘ഉദ്ധരണികൾ ഏറെ ഉണ്ടായിരുന്നു.’ ’ ഗുരുദേവന്റെ വാക്കുകൾ കേട്ട് ഞാൻ ചിരിച്ചു മണ്ണുകപ്പി. സന്ദർശകനിൽനിന്ന് ബഹുമാനപൂർവമായ ഒരു അകലത്തിൽ എന്റെ മൂലയിൽ നിലത്തിരിക്കുകയായിരുന്നു ഞാൻ. ‘ ‘പക്ഷേ നിങ്ങളുടെ സ്വന്തം ജീവിതത്തിന്റെ പ്രത്യേകതകളിൽ നിന്ന് എന്തു മൗലികമായ ഭാഷ്യം നിങ്ങൾക്കു നൽകാൻ കഴിയും? ഏതു വിശുദ്ധഗ്രന്ഥം പഠിച്ച് നിങ്ങൾ സ്വാംശീകരിച്ചിട്ടുണ്ട്? ഈ സനാതന സത്യങ്ങൾ ഏതൊക്കെ രീതികളിലാണ് നിങ്ങളുടെ സ്വഭാവത്തെ ഉടച്ചു വാർത്തത്? മറ്റുള്ളവരുടെ വാക്കുകൾ പൊള്ളയായ ഒരു സ്വനഗ്രാഹി യന്ത്രംപോലെ യാന്ത്രികമായി ആവർത്തിക്കുന്നതിലാണോ നിങ്ങൾക്കു സംതൃപ്തി? ’ ’ ‘ ‘ഞാൻ തോറ്റു!’ ’ പണ്ഡിതന്റെ നൈരാശ്യം പരിഹാസ്യമായിരുന്നു. ‘ ‘എനിക്ക് ആന്തരികസാക്ഷാത്കാരമില്ല.’ ’ വാക്കുകൾക്ക് കുത്തും കോമയും ശരിയായി ഇടുന്നത് ആധ്യാത്മികമായ ഗാഢനിദ്രയ'ക്ക് പ്രായശ്ചിത്തമാവില്ലെന്ന് അദ്ദേഹം, ഒരു പക്ഷെ ആദ്യമായി മനസ്സിലാക്കി. ‘ ‘മാനുഷികവികാരങ്ങളില്ലാത്ത ഈ വിദ്യാഭിമാനികൾക്ക് അമിതമായ രാത്രിവായനയുടെ ദുർഗന്ധമുണ്ട്,’ ’ വിമലീകരിക്കപ്പെട്ട സന്ദർശകൻ പിരിഞ്ഞശേഷം എന്റെ ഗുരുദേവൻ പറഞ്ഞു. ‘ ‘ഇക്കൂട്ടർ ദർശനശാസ്ത്രത്തെ ഒരു ലഘുവായ മസ്തിഷ്കവ്യായാമമായി കരുതുന്നു. ബാഹ്യമായ പെരുമാറ്റത്തിന്റെ അശിക്ഷിതത്വത്തോടോ, തീവ്രമായ ആന്തരിക ശിക്ഷണത്തോടോ മന:പൂർവം ബന്ധപ്പെടുത്താത്തതാണ് അവരുടെ ഉയർന്ന ചിന്തകൾ!’ ’ വെറും

ഏട്ടിലെ പാഠത്തിന്റെ വ്യർഥത ഗുരുദേവൻ മറ്റവസരങ്ങളിൽ ഊന്നിപ്പറഞ്ഞു. ‘ ‘അറിവിനെ ഏറെ വിശാലതരമായ ഒരു പദസമുച്ചയമായി തെറ്റിദ്ധരിക്കരുത്,’ ’ അദ്ദേഹം അഭിപ്രായപ്പെട്ടു. ‘ ‘ഒരു സമയം ഒരു ശ്ലോകം സാവധാനം സ്വാംശീകരിക്കുകയാണെങ്കിൽ ആത്മസാക്ഷാത്ക്കാരത്തിനുള്ള ആഗ്രഹത്തെ ഉത്തേജിപ്പിക്കുന്നതിന് വിശുദ്ധഗ്രന്ഥങ്ങൾ പ്രയോജനപ്പെടും. അല്ലാത്തപക്ഷം, തുടർച്ചയായ ബൗദ്ധികമായപഠനം അഹംഭാവത്തിലും, വ്യഥാസംതൃപ്തിയിലും, അപരിപക്വമായ അറിവിലുമാണ് കലാശിക്കുക.’ ’ വേദശാസ്ത്രാഭ്യാസത്തിലെ അദ്ദേഹത്തിന്റെ അനുഭവങ്ങളിൽ ഒന്ന് ശ്രീ യുക്തേശ്വരൻ പറഞ്ഞുകേൾപ്പിച്ചു. കിഴക്കൻ ബംഗാളിലെ വനാന്തരത്തിലുള്ള തന്റെ ആശ്രമത്തിൽ ദബ്രുവല്ലഭൻ എന്ന പ്രസിദ്ധ ആചാര്യൻ ശിക്ഷണം നൽകുന്നതാണ് അദ്ദേഹം നിരീക്ഷിച്ച രംഗം. ഒരേ സമയം ലളിതവും കഠിനവുമായ അദ്ദേഹത്തിന്റെ രീതി പുരാതന ഭാരതത്തിൽ സാധാരണമായിരുന്നു.ആരണ്യത്തിന്റെ ഏകാന്തതകളിൽ ദബ്രുവല്ലഭൻ തന്റെ ശിഷ്യരെ കൂട്ടികൊണ്ടുവന്നിരുന്നു. അവരുടെ മുന്നിൽ വിശുദ്ധ ഭഗവദ്ഗീത ആയിരുന്നു തുറന്നുവച്ചിരുന്നത്. അവർ ഒരു ശ്ലോകത്തിൽ അരമണിക്കൂർ നേരം ശ്രദ്ധയോടെ നോക്കി, എന്നിട്ട് കണ്ണുകൾ അടച്ചു. മറ്റൊരു അര മണിക്കൂർ കടന്നുപോയി. ഗുരു ഒരു ലഘുവായ വ്യാഖ്യാനം നൽകി. നിശ്ചലരായി അവർ ഒരു മണിക്കൂർ ധ്യാനിച്ചു. ഒടുവിൽ ഗുരു സംസാരിച്ചു. ‘ ‘ഇപ്പോൾ നിങ്ങൾക്ക് ആ ശ്ലോകം മനസ്സിലായോ?’ ’ ‘ ‘ആയി, പ്രഭോ,’ ’ കൂട്ടത്തിൽ ഒരാൾ ഇങ്ങനെ ഉറപ്പിച്ചു പറയാൻ ധൈര്യപ്പെട്ടു. ‘ ‘ഇല്ല, മുഴുവനുമായില്ല. ഭാരതത്തെ നൂറ്റാണ്ടുകളിലൂടെ പുനർനവീകരിക്കാൻ പര്യാപ്തമായ പ്രഭാവം ഈ വാക്കുകൾക്കു നൽകിയ ആത്മീയചൈതന്യത്തെ അന്വേഷിക്കൂ.’ ’ മറ്റൊരു മണിക്കൂർ മൗനത്തിൽ കടന്നുപോയി. ശിഷ്യരെ പറഞ്ഞയച്ച ശേഷം ഗുരു, ശ്രീ യുക്തേശ്വരനെ തിരിഞ്ഞുനോക്കി. ‘ ‘നിങ്ങൾക്ക് ഭഗവദ്ഗീത അറിയാമോ?’ ’ ‘ ‘ഇല്ല പ്രഭോ; ശരിക്കും അറിയില്ല. എന്റെ കണ്ണുകളും മനസ്സും അതിന്റെ താളുകളിലൂടെ അനവധി പ്രാവശ്യം കടന്നുപോയിട്ടുണ്ടെങ്കിലും.’ ’ ‘ ‘നൂറുകണക്കിനാളുകൾ എന്നോട് മറിച്ചാണ് പറഞ്ഞിട്ടുള്ളത്! ’ ’ ആ മഹാനായ ദിവ്യൻ ഗുരുദേവനെനോക്കി ആശീർവാദത്തോടെ പുഞ്ചിരിച്ചു. ‘ ‘ വേദസംബന്ധമായ അറിവിന്റെ ബാഹ്യപ്രകടനത്തിൽ വ്യാപൃതരായാൽ അമൂല്യങ്ങളായ ആ തത്ത്വങ്ങൾ തേടിയുള്ള നിശ്ശബ്ദമായ ആന്തരികാന്വേഷണത്തിന് എത്ര സമയം ബാക്കിയുണ്ടാവും? ’ ’ തന്റെ വിദ്യാർഥികളുടെ ശിക്ഷണം ഏകാഗ്രതയുടെ അതേ തീവ്രമായ മാർഗത്തിലൂടെയാണ് ശ്രീ യുക്തേശ്വരൻ നിർവഹിച്ചത്. ‘ ‘അറിവ് കണ്ണുകളിലൂടെയല്ലാ ഉൾക്കൊള്ളുന്നത്, അണുക്കളിലൂടെയാണ്,’ ’ അദ്ദേഹം പറഞ്ഞു. ‘ ‘ഒരു സത്യത്തിന്റെ ഉത്തമബോധ്യം നിങ്ങളുടെ ബുദ്ധിയിൽ മാത്രമൊതുങ്ങാതെ നിങ്ങളുടെ ജീവസത്തയിലായിക്കഴിഞ്ഞാൽ അതിന്റെ അർഥവ്യാപ്തി ശങ്കയോടെയെങ്കിലും പറഞ്ഞുവയ'ക്കാൻ കഴിയും.’ ’ പുസ്തകങ്ങളിൽ നിന്നുള്ള അറിവ് ആത്മസാക്ഷാത്ക്കാരത്തിന് ആവശ്യമായ ഒരു ചവിട്ടുപടിയാണെന്നു കരുതാൻ ഏതെങ്കിലും വിദ്യാർഥിക്കുണ്ടായേക്കാവുന്ന പ്രവണത അദ്ദേഹം നിരുത്സാഹപ്പെടുത്തി. ‘ ‘ പണ്ഡിതന്മാർ തലമുറകളായി വ്യാഖ്യാനിക്കുന്നതിൽ തിരക്കിട്ടു വ്യാപൃതരായിരിക്കുന്ന ഗഹനമായ തത്ത്വങ്ങളെ ഋഷീശ്വരന്മാർ ഒരു വാചകത്തിൽ എഴുതി,’ ’ അദ്ദേഹം പറഞ്ഞു. ‘ ‘ അവസാനമില്ലാത്ത സാഹിത്യവിവാദം മൂഢബുദ്ധികൾക്കുള്ളതാണ്. ‘ഈശ്വരൻ ഉണ്ട്അ’ ല്ലാ ‘ ഈശ്വരൻ’ എന്നതിനേക്കാൾ ക്ഷിപ്രവിമോചകമായ മറ്റെന്തു ചിന്തയുണ്ട്?’ ’ എന്നാൽ മനുഷ്യൻ എളുപ്പം ലാളിത്യത്തിലേക്കു മടങ്ങുന്നില്ല. ഒരു ബുദ്ധിജീവിക്ക് ഒരിക്കലും ഈശ്വരനിലല്ലാ പ്രിയം, പാണ്ഡിത്യഘോഷണത്തിന്റെ പകിട്ടിലാണ്. അത്തരം അറിവുഗ്രഹിക്കാൻ പ്രാപ്തനാണ് എന്നതിൽ അവന്റെ അഹംഭാവം തൃപ്തിയടയുന്നു.സ്വത്തോ ഈ ലോകത്തെ സ'ഥാനമാനങ്ങളോകൊണ്ട് അഹങ്കരിച്ചിരുന്നവർ ഗുരുദേവന്റെ സാന്നിധ്യത്തിൽ അവരുടെ മറ്റു സംപാദ്യങ്ങളോടൊപ്പം വിനയവുംകൂടി കൂട്ടിച്ചേർക്കാനായിരുന്നു സാധ്യത. പുരിയിലെ സമുദ്രതീര ആശ്രമത്തിൽവച്ച് ഒരിക്കൽ സ'ഥലത്തെ മജിസ്റ്ററേട്ട് ഒരു കൂടിക്കാഴ്ച്ചയ'ക്ക് അനുമതി തേടി. നിഷ്ഠൂരൻ എന്നു പേരുകേട്ട അയാൾക്ക് വേണമെങ്കിൽ ആശ്രമം ഞങ്ങളിൽ നിന്ന് ഒഴിപ്പിച്ചെടുത്തുകളയാനുള്ള അധികാരമുണ്ടായിരുന്നു. ഇത് ഞാൻ ഗുരുദേവനോട് പറഞ്ഞു. പക്ഷേ അദ്ദേഹം വിട്ടുവീഴ്ച്ചയില്ലാത്ത ഭാവത്തിൽ ഇരുന്നതല്ലാതെ സന്ദർശകനെ സ്വീകരിക്കാൻ എഴുന്നേല്ക്കുകയുണ്ടായില്ല.ഒരല്പം അധൈര്യത്തോടെ ഞാൻ കതകിനടുത്ത് നിലത്തിരുന്നു. ശ്രീ യുക്തേശ്വരൻ, മജിസ്റ്ററേട്ടിനുവേണ്ടി ഒരു കസേര കൊണ്ടുവരാൻ പറയാൻ കൂട്ടാക്കാഞ്ഞതുകൊണ്ട് അദ്ദേഹത്തിന് ഒരു തടിപ്പെട്ടികൊണ്ട് തൃപ്തനാകേണ്ടിവന്നു. തന്റെ പ്രാധാന്യം ആദരപൂർവം അംഗീകരിക്കപ്പെടുമെന്ന സ്പഷ്ടമായ പ്രതീക്ഷ നിറവേറിയില്ല.വേദാന്തജ്ഞാനപരമായ ഒരു ചർച്ച ആരംഭിച്ചു. അതിഥി വേദഗ്രന്ഥങ്ങളെപ്പറ്റി തെറ്റായ വ്യാഖ്യാനങ്ങളിലൂടെ തപ്പിത്തടഞ്ഞു. പറയുന്നതിലെ സൂക്ഷ്മത കുറയുന്തോറും അദ്ദേഹത്തിന്റെ ദേഷ്യം ഏറിവന്നു. ‘ ‘ നിങ്ങൾക്കറിയാമോ ഞാൻ എം.ഏ. പരീക്ഷയിൽ ഒന്നാമനായാണ് ജയിച്ചതെന്ന്’ ’ വെളിവു നഷ്ടപ്പെട്ടിരുെന്നങ്കിലും ഒച്ചപ്പാടുണ്ടാക്കാൻ അയാൾക്കു കഴിഞ്ഞു. ‘ ‘മിസ്റ്റർ മജിസ്റ്ററേട്ട്, ഇതു നിങ്ങളുടെ കോടതിമുറിയല്ലെന്നു നിങ്ങൾ മറക്കുന്നു,’ ’ ഗുരുദേവൻ സമനില കൈവിടാതെ പറഞ്ഞു. ‘ ‘നിങ്ങളുടെ ബാലിശമായ പരാമർശങ്ങളിൽനിന്ന് നിങ്ങളുടെ കലാലയജീവിതം ശ്രേഷ്ഠമല്ലായിരുന്നുവെന്ന് അനുമാനിക്കാം. സർവകലാശാലബിരുദം, എന്തായാലും, വേദസാക്ഷാത്കാരവുമായി ബന്ധപ്പെട്ടതല്ല. അധ്യയന വർഷാവസാനത്തിൽ

കണക്കപ്പിള്ളമാരെപ്പോലെ ദിവ്യപുരുഷന്മാരെ കൂട്ടംകൂട്ടമായി പടച്ചുവിടുന്നില്ല.' ' ഒരു ഞെട്ടലുളവാക്കിയ നിശ്ശബ്ദതയ'ക്കുശേഷം, സന്ദർശകൻ ഹൃദയം തുറന്നു ചിരിച്ചു. ' 'ഒരു സ്വർഗീയ മജിസ്റ്റ്റേട്ടുമായി എന്റെ ആദ്യത്തെകൂടിക്കാഴ്ച്ചയാണിത്,' ' അദ്ദേഹം പറഞ്ഞു. പിന്നീട് തന്റെ ജീവസത്തയുടെ അവിഭാജ്യഘടകമായ നിയമത്തിന്റെ ഔപചാരികഭാഷയിൽ, ' ' പരീക്ഷണാടിസ'ഥാനത്തിൽ' ' ഒരു ശിഷ്യനായി തന്നെ സ്വീകരിക്കുന്നതിന് ഔപചാരികമായ ഒരപേക്ഷ അദ്ദേഹം സമർപ്പിച്ചു.പല അവസരങ്ങളിലും, ലാഹിരി മഹാശയനെപ്പോലെ, ശ്രീ യു ക്തേശ്വരനും സന്ന്യസിക്കാനാഗ്രഹിച്ചിരുന്ന ' 'പക്വത ഇല്ലാത്ത' ' വിദ്യാർഥികളെ നിരുത്സാഹപ്പെടുത്തി. ' 'ഈശ്വരസാക്ഷാത്ക്കാരമില്ലാതെ കാഷായ വസ്ത്രം ധരിക്കുകയെന്നത് ജനസമൂഹത്തെ തെറ്റിധരിപ്പിക്കും,' ' രണ്ടു ഗുരുദേവന്മാരും പറഞ്ഞു. ' 'ദുരഭിമാനം ജനിപ്പിച്ച് നിങ്ങൾക്ക് ഹാനി വരുത്തിയേക്കാവുന്ന സന്ന്യാസത്തിന്റെ ബാഹ്യചിഹ്നങ്ങൾ മറക്കൂ. നിങ്ങളുടെ ക്രമവും ദൈനംദിനവുമായ ആത്മീയപുരോഗതിയല്ലാതെ മറ്റൊന്നും കാര്യമല്ല; അതിനുവേണ്ടി ക്രിയായോഗം പരിശീലിക്കൂ.' ' ഒരു മനുഷ്യന്റെ യോഗ്യത അളക്കുന്നതിൽ ലോകത്തിലെ മാറിക്കൊണ്ടിരിക്കുന്ന സാധാരണ മാനദണ്ഡത്തിൽനിന്ന് തികച്ചും വ്യത്യസ്തമായ മാറ്റമില്ലാത്ത ഒരു അളവുകോൽ ഒരു പുണ്യാത്മാവ് ഉപയോഗിക്കുന്നു. സ്വന്തം ദൃഷ്ടിയിൽത്തന്നെ ബഹുവർണമായ മനുഷ്യരാശിയെ, രണ്ടായി മാത്രം വിഭജിക്കത്തക്കതായി ഒരു ആചാര്യൻ കാണുന്നു: ഈശ്വരനെ തേടുന്നവരല്ലാത്ത അജ്ഞാനികളും, ഈശ്വരനെ തേടുന്ന ജ്ഞാനികളും.തന്റെ വസ്തുവകകളുടെ നടത്തിപ്പു സംബന്ധിച്ച വിശദാംശങ്ങൾ എന്റെ ഗുരുദേവൻ വ്യക്തിപരമായി ശ്രദ്ധിച്ചു. നെറികെട്ട മനുഷ്യർ പലപ്പോഴും അദ്ദേഹത്തിന്റെ പൈതൃകസ്വത്തുക്കൾ കൈയ്യേറാൻ ശ്രമിച്ചു. ദൃഢനിശ്ചയംകൊണ്ടും കോടതിയിൽ വ്യവഹാരം നടത്തിപ്പോലും ഓരോ എതിരാളിയേയും ശ്രീ യുക്തേശ്വരൻ കടത്തിവെട്ടി. താൻ ഒരിക്കലും ഒരു ഭിക്ഷ വാങ്ങുന്ന ഗുരുവോ ശിഷ്യന്മാർക്ക് ഭാരമോ ആകരുതെന്ന ആഗ്രഹംകൊണ്ടാണ് വേദനാജനകമായ ഈ അനുഭവങ്ങൾക്കെല്ലാം അദ്ദേഹം വിധേയനായത്.അമ്പരപ്പിക്കുന്ന രീതിയിൽ തുറന്നു സംസാരിക്കുന്ന ഗുരുദേവന് നയതന്ത്രങ്ങളും സൂത്രങ്ങളും അറിഞ്ഞുകൂടാതിരുന്നതിന് ഒരു കാരണം, അദ്ദേഹത്തിന്റെ സാമ്പത്തിക സ്വാതന്ത്ര്യമായിരുന്നു. തങ്ങളുടെ അനുയായികളെ പുകഴ്ത്തേണ്ടിവരുന്ന ഗുരുക്കന്മാരിൽ നിന്നു വ്യത്യസ്തമായി, എന്റെ ഗുരുദേവൻ മറ്റുള്ളവരുടെ സ്വത്തിന്റെ പ്രത്യക്ഷമോ പരോക്ഷമോ ആയ സ്വാധീനത്തിന് അതീതനായിരുന്നു. ഏതെങ്കിലും കാര്യത്തിനായി അദ്ദേഹം പണം ചോദിക്കുകയോ ആവശ്യമുണ്ടെന്നു സൂചിപ്പിക്കുകപോലുമോ ചെയ്യുന്നത് ഞാൻ ഒരിക്കലും കേട്ടിട്ടില്ല. അദ്ദേഹത്തിന്റെ ആശ്രമശിക്ഷണം എല്ലാവർക്കും സൗജന്യമായി നൽകപ്പെട്ടു.കോടതിയിൽ ഹാജരാകുന്നതിനുള്ള ഉത്തരവുമായി ഒരിക്കൽ ഒരു ഉദ്യോഗസ'ഥൻ ശ്രീരാമപുരം ആശ്രമത്തിലെത്തി. കനായ് എന്ന പേരുള്ള ഒരു ശിഷ്യനും ഞാനുംകൂടി അയാളെ ഗുരുദേവന്റെ അടുത്തേക്കു കൊണ്ടുപോയി.ഗുരുദേവനോട് അയാളുടെ പെരുമാറ്റം അധിക്ഷേപിക്കുന്ന തരത്തിലുള്ളതായിരുന്നു. ' 'നിങ്ങളുടെ ആശ്രമത്തിന്റെ നിഴൽവിട്ട് ഒരു കോടതിയുടെ സത്യസന്ധമായ വായു ശ്വസിക്കുന്നത് നിങ്ങൾക്ക് ഗുണം ചെയ്യും,' ' അവജ്ഞയോടെ അയാൾ പറഞ്ഞു.എനിക്ക് സ്വയം നിയന്ത്രിക്കാൻ കഴിഞ്ഞില്ല. ' 'ഇനി നിങ്ങൾ മര്യാദകെട്ട ഒരു വാക്കുപറഞ്ഞാൽ നിങ്ങളെ നിലംപരിശാക്കും!' ' ഒരു കൈയ്യേറ്റത്തിനു മുതിർന്ന് ഞാൻ മുന്നോട്ട് ആഞ്ഞു.കനായും അയാളുടെ നേരേ ആക്രോശിക്കുകയായിരുന്നു. ' 'എടാ നീചാ! ഈശ്വരനിന്ദയുടെ വാക്കുകൾ ഈ പവിത്രമായ ആശ്രമത്തിനകത്തു കടന്നു പറയാൻ നീ എങ്ങനെ ധൈര്യപ്പെടുന്നു?' ' പക്ഷേ, തന്നെ അസഭ്യം പറഞ്ഞ അയാളെ സംരക്ഷിക്കാനെന്നവണ്ണം ഗുരുദേവൻ മുമ്പിൽ കടന്നുനിന്നു. ' 'കാര്യം ഒന്നുമില്ലാതെ ബഹളംകൂട്ടാതെ. അയാൾ അയാളുടെ കർത്തവ്യം പാലിക്കുക മാത്രമാണ്.' ' വ്യത്യസ്തമായ സമീപനങ്ങളാൽ കുഴങ്ങിയ ഉദ്യോഗസ'ഥൻ ബഹുമാനപൂർവം ക്ഷമാപണം ചെയ്തുകൊണ്ട് സ'ഥലംവിട്ടു.അത്ര തീക്ഷ്ണമായ ഇച്ഛാശക്തിയുള്ള ഒരു ആചാര്യന് ഉള്ളിൽ ഇത്ര ശാന്തനാകാൻ കഴിയുന്നത് വിസ്മയകരമായിരുന്നു. ഈശ്വരത്വമാർന്ന മനുഷ്യന്റെ വേദപ്രോക്തമായ നിർവചനം അദ്ദേഹത്തിന് അനുയോജ്യമായിരുന്നു: ' ' കാരുണ്യത്തിൽ പുഷ്പത്തെക്കാൾ മൃദു; വിശ്വാസപ്രമാണങ്ങളുടെ സംരക്ഷണത്തിൽ മേഘഗർജനത്തെക്കാൾ ശക്തം.' ' ബ്രൗണിങ്ങിന്റെ വാക്കുകളിൽ ' 'സ്വയം ഇരുട്ടിന്റെ സന്തതി കളാകയാൽ വെളിച്ചത്തെ നേരിടാൻ കഴിയാത്തവർ' ' ഈ ലോകത്ത് എപ്പോഴുമുണ്ട്. എന്തെങ്കിലും സാങ്കല്പികപരാതിയുടെ കടുത്ത ജ്വരം പിടിച്ച് വല്ലപ്പോഴും അന്യരാരെങ്കിലും ശ്രീ യുക്തേശ്വരനെ ശകാരിച്ചേക്കാം. എന്റെ അക്ഷോഭ്യനായ ഗുരുദേവൻ, കുറ്റാരോപണത്തിൽ സത്യത്തിന്റെ തരിമ്പെങ്കിലുമുണ്ടോയെന്ന് സ്വയം വിശകലനം ചെയ്തുകൊണ്ട് മര്യാദയോടെ അതു ശ്രദ്ധിക്കും. ഈ രംഗങ്ങൾ, ഗുരുദേവന്റെ അതുല്യമായ നിരീക്ഷണങ്ങളിലൊന്ന് എന്റെ മനസ്സിൽ കൊണ്ടുവരും: ' 'ചില ആളുകൾ മറ്റുള്ളവരുടെ തല വെട്ടിക്കളഞ്ഞുകൊണ്ട് സ്വന്തം പൊക്കം കൂട്ടാൻ ശ്രമിക്കുന്നു!' ' ഒരു പുണ്യപൂരുഷന്റെ തകരാത്ത അക്ഷോഭ്യത ഏതൊരു പ്രസംഗത്തെക്കാളും മനസ്സിൽ പതിയുന്നു. ' 'പെട്ടെന്നു ദേഷ്യം വരാത്തയാൾ അതിശക്തനെക്കാൾ ശ്രേഷ്ഠനാണ്; നഗരം കീഴടക്കുന്നവനെക്കാൾ ശ്രേഷ്ഠനാണ് സ്വന്തം ആത്മാവിനെ അടക്കി ഭരിക്കുന്നവൻ.' ' 24കീർത്തിയിലോ ലൗകികനേട്ടങ്ങളിലോ മനസ്സു കേന്ദ്രീകരിച്ചി രുന്നുവെങ്കിൽ രാജപ്രൗഢിയുള്ള എന്റെ ഗുരുദേവന് ഒരു സമ്രാട്ടോ ലോകത്തെ

കിടിലംകൊള്ളിക്കുന്ന യുദ്ധവീരനോ നിഷ്പ്രയാസം ആകാമായിരുന്നുവെന്ന് ഞാൻ കൂടെക്കൂടെ വിചാരിക്കുമായിരുന്നു. അതിനുപകരം അദ്ദേഹം തിരഞ്ഞെടുത്തത് മനുഷ്യമനസ്സിന്റെ ഉള്ളിലുള്ള കോപത്തിന്റെയും അഹന്തയുടെയും കോട്ടകൊത്തളങ്ങൾ ആക്രമിച്ചു കീഴടക്കാനാണ്. അവയുടെ പതനമാണ് മനുഷ്യന്റെ ഉന്നതി. [image file=image_rsrc1P8.jpg] ശ്രീരാമപുരത്തെ അദ്ദേഹത്തിന്റെ ആശ്രമഭൂമിയിൽ1977-ൽ സമർപ്പിക്കപ്പെട്ട സ്വാമി ശ്രീ യുക്തേശ്വരന്റെ ധ്യാനദേവാലയം. അതിന്റെ നിർമാണത്തിന് മുമ്പിരുന്ന ആശ്രമത്തിന്റെ അനവധി ഇഷ്ടികകൾ ഉപയോഗിക്കപ്പെട്ടു. പരമഹംസ യോഗാനന്ദൻ രൂപകല്പന ചെയ്തതാണ് ഈ ദേവാലയത്തിന്റെ ശില്പവേല. [image file=image_rsrc1PD.jpg] 1 ശ്രീ യുക്തേശ്വരൻ 1855 മേയ് 10-ന് ജനിച്ചു.2 യുക്തേശ്വരൻ എന്നാൽ ‘ ‘ഈശ്വരനുമായി സംയോജിച്ചവൻ’ ’ എന്നർഥം. ‘ ‘ഗിരി’ ’ എന്നത് പുരാതനമായ പത്തു സന്ന്യാസിവിഭാഗങ്ങളിൽ ഒന്നിനെ വ്യതിരിക്തമാക്കുന്നു.3 ‘ ഒന്നിച്ചുകൊണ്ടുവരുക’ എന്നു വാച്യാർഥം. യോഗി ജീവാത്മാവിന്റെയും പരമാത്മാവിന്റെയും താദാത്മ്യം അറിയുന്ന അതിബോധത്തിന്റെ പരമാനന്ദാവസ'ഥ.4 ശരീരവിജ്ഞാനികളുടെ അഭിപ്രായത്തിൽ കൂർക്കംവലി പരിപൂർണവിശ്രമത്തിന്റെ സൂചനയാണ്.5 പാൽക്കട്ടി, ഇത് സാധാരണ ചതുരത്തിൽ മുറിച്ച് ഉരുളക്കിഴങ്ങിനോടൊപ്പം കറിയിൽ ഉപയോഗിക്കുന്നു.6 ബാഹ്യേന്ദ്രിയങ്ങളുടെ സഹായമില്ലാതെ കാണുക, രുചിക്കുക, മണക്കുക, സ്പർശിക്കുക, കേൾക്കുക, എന്നിങ്ങനെ യോഗിക്കുള്ള സർവവ്യാപ്തമായ ശക്തികളെ തൈത്തിരിയ ആരണ്യകത്തിൽ ഇങ്ങനെ വിവരിച്ചിട്ടുണ്ട്. ‘ ‘അന്ധൻ മുത്തുതുളച്ചു; വിരൽ ഇല്ലാത്തവൻ നൂൽകോർത്തു; കഴുത്തില്ലാത്തവൻ അത് അണിഞ്ഞു; നാവില്ലാത്തവൻ അതു വാഴ്ത്തി.’ ’ 7 പൂർണ അഹിംസ കൈവരിച്ചയാളിന്റെ സാന്നിധ്യത്തിൽ (ഒരു ജന്തുവിലും) ശത്രുത ഉണ്ടാകുന്നില്ല.’ ’ യോഗസൂത്രം 11:35. 8 തനിക്ക് എത്താവുന്ന ചലിക്കുന്ന ഏതു വസ്തുവിലും മൂർഖൻപാമ്പ് അതിവേഗം കൊത്തുന്നു. ഒട്ടുമിക്കവാറും പൂർണനിശ്ചലാവസ'ഥയാണ് രക്ഷയ'ക്കുള്ള ഏക പ്രതീക്ഷ.9 ലാഹിരി മഹാശയൻ, ഗുരുദേവന്റെ പൂർവാശ്രമ നാമമായ ‘പ്രിയാ’ എന്നാണ് പറഞ്ഞത് (ശ്രീ യുക്തേശ്വരൻ ലാഹിരി മഹാശയന്റെ ജീവിതകാലത്ത് സന്ന്യാസം സ്വീകരിച്ചിരുന്നില്ല). ഇവിടെയും മറ്റു ചിലയിടങ്ങളിലും വായനക്കാർക്ക് രണ്ടുപേരുകൾകൊണ്ടുള്ള ആശയക്കുഴപ്പം ഒഴിവാക്കാനായി പേര് യുക്തേശ്വരൻ എന്ന് മാറ്റിയിരിക്കുകയാണ്.10 ‘ ‘അതുകൊണ്ട് നിങ്ങൾ പ്രാർഥനയിൽ ആവശ്യപ്പെടുന്നതു നിങ്ങൾക്ക് ലഭിച്ചുകഴിഞ്ഞു എന്ന് വിശ്വസിക്കുക. അത് നിങ്ങൾക്ക് ലഭിക്കും. ’ ’ മർക്കൊസ് 11:24 (ബൈബിൾ). ഈശ്വരതാദാത്മ്യം ലഭിച്ച ആചാര്യന്മാർക്ക് സ്വന്തം ഈശ്വരസാക്ഷാത്കാരം, ഏറെ ആധ്യാത്മിക പുരോഗതി നേടിയ ശിഷ്യരിലേക്ക് പൂർണമായും പകരാൻ കഴിയും, ഇവിടെ ശ്രീ യുക്തേശ്വരനുവേണ്ടി ലാഹിരി മഹാശയൻ ചെയ്തതുപോലെ.11 ‘ ‘ അവരിൽ ഒരാൾ മഹാപുരോഹിതന്റെ അടിമയെ വെട്ടി. അയാളുടെ വലതു ചെവി അറ്റുപോയി. എന്നാൽ യേശു പറഞ്ഞു അത് വേണ്ട. യേശു അയാളുടെ ചെവിയിൽ തൊട്ട് അയാളെ സുഖപ്പെടുത്തി.’ ’ ലൂക്കോസ് 22:50-51 (ബൈബിൾ).12 ‘ ‘വിശുദ്ധമായത് നായ'ക്കൾക്ക് കൊടുക്കരുത്, നിങ്ങളുടെ മുത്തുകൾ പന്നികളുടെ മുന്നിൽ വിതറരുത്. മുത്തുകൾ ചവിട്ടിമെതിച്ചശേഷം അവ നിങ്ങളെതന്നെ ആക്രമിച്ചേക്കാം.’ ’ മത്തായി 7:6 (ബൈബിൾ)13 നിരാഹാരത്തെ ഉത്തമമായ സ്വാഭാവികശുദ്ധീകരണമാർഗമായി ഗുരുദേവൻ അംഗീകരിച്ചിരുന്നു; പക്ഷേ ആ പ്രത്യേക ശിഷ്യന് തന്റെ ശരീരത്തെപ്പറ്റി അമിതമായ ശ്രദ്ധയായിരുന്നു.14 ഞാൻ അടുത്തില്ലാതിരുന്ന ഒരവസരത്തിൽ അദ്ദേഹം കശ്മീരിൽവച്ച് രോഗബാധിതനായി.15 ശരീരവിജ്ഞാനത്തിൽ നോബൽസമ്മാനം ലഭിച്ചിട്ടുള്ള ധീരനായ ഒരു വൈദ്യശാസ്ത്രജ്ഞൻ ചാൾസ് റോബർട്ട് റിഷേ എഴുതി: ‘ ‘ആധ്യാത്മികവിദ്യ അതിന്റെ സ്വന്തം നിലയിൽ ഔപചാരികമായി ഒരു ശാസ്ത്രമായി ഇതുവരെ അംഗീകരിക്കപ്പെട്ടിട്ടില്ല. ഇനി അത് അങ്ങനെയാകാൻ പോകുന്നു.... പഞ്ചേന്ദ്രിയങ്ങൾ മാത്രമല്ല നമ്മുടെ അറിവിന്റെ മാർഗമെന്നും, യാഥാർഥ്യത്തിന്റെ ഒരംശം ചിലപ്പോൾ മറ്റുവഴികളിലൂടെ ബുദ്ധിയിൽ എത്തുന്നുവെന്നും തെളിയിക്കാൻ എഡിൻബറയിൽ നൂറു ശരീരവിജ്ഞാനികളുടെ മുന്നിൽവച്ച് എനിക്ക് സാധിച്ചു.... ഒരു വസ്തുത അസാധാരണമാണെന്നത് അങ്ങനെയൊന്നില്ലായെന്ന് പറയാൻ മതിയായ കാരണമല്ല. ഒരു കാര്യത്തിന്റെ പഠനം വിഷമകരമാണെന്നത് അത് മനസ്സിലാക്കാതിരിക്കാനുള്ള കാരണമാണോ?... ദാർശനികന്റെ കല്ലിനെ തേടിപ്പോകുന്നത് വ്യാമോഹമാണെന്നും പറഞ്ഞ് രസതന്ത്രത്തെ പരിഹസിച്ചു തള്ളിയവരെപ്പോലെ ആധ്യാത്മികപഠനം ദുർമന്ത്രവാദമാണെന്ന് പരിഹസിച്ചു തള്ളുന്നവർ സ്വയം അപമാനിതരാകും.... സിദ്ധാന്തങ്ങളുടെ കാര്യത്തിൽ ലാവാസിയെ, ക്ലോഡ് ബേനഡ്, പാസ്റ്റർ എന്നിവരുടേതുപോലെ എല്ലായിടത്തും എല്ലായ്പോഴും ഒന്നേയുള്ളൂ കരണീയം: പരീക്ഷണനിരീക്ഷണങ്ങൾ നടത്തുക. മനുഷ്യന്റെ ചിന്തയുടെ രൂപഭാവങ്ങൾ മാറ്റാൻ പോകുന്ന പുതിയ ശാസ്ത്രത്തിനു ഭാവുകങ്ങൾ.’ ’ 16 സമാധി, അതിബോധാവസ'ഥ17 ‘ ‘ നമ്മുടെ ബോധ, ഉപബോധതലങ്ങൾ ഒരു അതിബോധതലത്താൽ മകുടം ചാർത്തപ്പെട്ടിരിക്കുന്നു, ’ ’ റബൈ ഇസ്രയേൽ എച്ച്. ലെവിൻതൽ ന്യൂയോർക്കിൽ ഒരു പ്രസംഗമധ്യേ ചൂണ്ടിക്കാട്ടി ‘ ‘ വളരെ വർഷങ്ങൾക്കുമുമ്പ് ആംഗല മന:ശാസ്ത്രജ്ഞൻ എഫ്. ഡബ്ളിയൂ. എച്ച്. മയേഴ്സ് സൂചിപ്പിച്ചു, ‘ നമ്മുടെ സത്തയുടെ അഗാധതയിൽ ഒരു കുപ്പക്കൂമ്പാരവും ഒരു അക്ഷയനിധിയും ഒളിഞ്ഞിരിക്കുന്നു.’ മനുഷ്യസ്വഭാവത്തിന്റെ ഉപബോധതലത്തിൽ പരീക്ഷണങ്ങൾ എല്ലാം

കേന്ദ്രീകരിക്കുന്ന മന:ശാസ്ത്രത്തിൽനിന്ന് വ്യത്യസ്തമായി അതിബോധത്തിന്റെ പുതിയ മന:ശാസ്ത്രം മഹത്തും നിസ്വാർഥവും വീരോചിതവുമായ പ്രവർത്തികൾക്ക് വിശദീകരണം നൽകാൻ കഴിയുന്ന ഇടമായ അക്ഷയനിധിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.’ ’ 18 ജ്ഞാനം-അറിവും, ഭക്തിയും ഈശ്വരനിലേക്കുള്ള രണ്ട് പ്രധാന പാതകളാണ്.19 ‘ ‘മനുഷ്യൻ ഉണർന്നിരിക്കുന്ന അവസ'ഥയിൽ ഐന്ദ്രിയസുഖങ്ങൾ അനുഭവിക്കുന്നതിന് എണ്ണമറ്റ ശ്രമങ്ങൾ നടത്തുന്നു; ഇന്ദ്രിയങ്ങൾ തളരുമ്പോൾ അവർ കൈവശമെത്തിയ സുഖങ്ങളെപ്പോലും മറന്നിട്ട് യഥാർഥ സ്വഭാവമായ ആത്മാവിൽ വിശ്രമം ആസ്വദിക്കുന്നതിനായി ഉറങ്ങുന്നു,’ ’ ശ്രീശങ്കരൻ എഴുതിയിരിക്കുന്നു. ‘ ‘അങ്ങനെ ഇന്ദ്രിയാതീതാനന്ദം, ലഭിക്കാൻ വളരെ എളുപ്പമാണ്, എല്ലായ്പ്പോഴും മടുപ്പിൽ അവസാനിക്കുന്ന ഇന്ദ്രിയസുഖങ്ങളെക്കാൾ അതീവ ശ്രേഷ്ഠവുമാണ്.’ ’ 20 മർക്കോസ് 2:27 (ബൈബിൾ)21 ഗുരുദേവൻ അങ്ങനെ ആഗ്രഹിച്ചാൽ അദ്ദേഹത്തിന് ഏതു മനുഷ്യന്റെ മനസ്സുമായും തൽക്ഷണം താദാത്മ്യം പ്രാപിക്കാൻ കഴിയുമായിരുന്നു. (പതഞ്ജലിയുടെ യോഗസൂത്രം III:19 ൽ പരാമർശിച്ചിരിക്കുന്ന യോഗശക്തി) ‘മനുഷ്യ റേഡിയോ’ എന്ന നിലയിലെ അദ്ദേഹത്തിന്റെ ശക്തിയേയും ചിന്തകളുടെ സ്വഭാവത്തേയും ഇവിടെ വിവരിച്ചിരിക്കുന്നു.22 മത്തായി 6:16 (ബൈബിൾ)23 ഉപനിഷത്തുക്കൾ അഥവാ വേദാന്തം (വേദങ്ങളുടെ അന്തം എന്നു വാച്യാർഥം) നാലുവേദങ്ങളുടെ ചില ഭാഗങ്ങളിൽ കാണപ്പെടുന്നു. ഹിന്ദുമതത്തിന്റെ സൈദ്ധാന്തികമായ അടിത്തറയായിത്തീരുന്ന സത്താമാത്രമായ തത്ത്വസംഗ്രഹങ്ങളാണവ. അവയുടെ മൗലികവും ശ്രേഷ്ഠവുമായ ചിന്തകളെ ഷോപ്പൻ ഹോവർ വാഴ്ത്തി. അദ്ദേഹം പറഞ്ഞു: ‘ ‘കഴിഞ്ഞുപോയ നൂറ്റാണ്ടുകളേക്കാൾ മഹത്തായ സൗഭാഗ്യം ഈ നൂറ്റാണ്ടിന് അവകാശപ്പെടാൻ കഴിയുന്നത്, എന്റെ ദൃഷ്ടിയിൽ (ഉപനിഷത്തുകളുടെ പാശ്ചാത്യവിവർത്തനങ്ങളിലൂടെ) വേദങ്ങളിലേക്ക് കടന്നു ചെല്ലാനുള്ള സ്വാതന്ത്ര്യമാണ്.’ ’ 24 സുഭാഷിതങ്ങൾ 16:32 (ബൈബിൾ)അധ്യായം 13ഉറങ്ങാത്ത ദിവ്യൻ ‘ ‘എന്നെ ഹിമാലയത്തിലേക്കു പോകാൻ ദയവായി അനുവദിക്കൂ. അവിച്ഛിന്നമായ ഏകാന്തതയിൽ നിരന്തരമായ ഈശ്വരസംഗമം നേടാമെന്ന് ഞാൻ ആശിക്കുന്നു.’ ’ ഈ കൃതഘ്നമായ വാക്കുകൾ എന്റെ ഗുരുനാഥനോട് ഒരിക്കൽ ഞാൻ യഥാർഥത്തിൽ പറഞ്ഞതാണ്. സാധകനെ ഇടയ'ക്കിടെ അലട്ടാറുള്ള പ്രവചിക്കാനാവാത്ത തെറ്റിദ്ധാരണകളിലൊന്നു ബാധിച്ച എനിക്ക്, ആശ്രമജോലികളിലും പഠിത്തത്തിലും, വളരുന്ന ക്ഷമകേടു തോന്നി. ഈ നിർദേശം വയ'ക്കുമ്പോൾ, ശ്രീ യുക്തേശ്വരനെ പരിചയപ്പെട്ടിട്ട് ആറു മാസമേ ആയിരുന്നുള്ളൂ എന്നതാണ് എന്റെ തെറ്റിന്റെ ഗൗരവം നേരിയ തോതിലെങ്കിലും ലഘൂകരിക്കുന്ന സാഹചര്യം. അദ്ദേഹത്തിന്റെ ഔന്നത്യം മുഴുവനും ഞാൻ ഇനിയും അളന്നിട്ടില്ലായിരുന്നു. ‘ ‘എത്രയോ ഗിരിവർഗക്കാർ ഹിമാലയത്തിൽ കഴിയുന്നു. എങ്കിലും അവർക്കാർക്കും ഈശ്വരസാക്ഷാത്ക്കാരം ലഭിച്ചിട്ടില്ലല്ലോ.’ ’ എന്റെ ഗുരുദേവന്റെ ഉത്തരം സാവധാനമായും ലളിതമായും എനിക്കു ലഭിച്ചു. ‘ ‘ജ്ഞാനം അചേതനമായ ഒരു പർവതത്തിൽ നിന്നല്ല, സാക്ഷാത്ക്കാരം ലഭിച്ച ഒരുദേഹത്തിൽനിന്നു തേടുന്നതാണ് നന്ന്.’ ’ അദ്ദേഹമാണ്, അല്ലാതെ ഒരു മലയല്ല എന്റെ ആചാര്യൻ എന്ന് ഗുരുദേവൻ വ്യക്തമായി സൂചിപ്പിച്ചതു വകവയ'ക്കാതെ ഞാൻ എന്റെ അപേക്ഷ ആവർത്തിച്ചു. ശ്രീ യുക്തേശ്വരൻ മറുപടി ഒന്നും പറഞ്ഞില്ല. അദ്ദേഹത്തിന്റെ മൗനം ഞാൻ സമ്മതമായി എടുത്തു-അപകടകരമെങ്കിലും സൗകര്യമായ ഒരു വ്യാഖ്യാനം.അന്നു വൈകുന്നേരം കൽക്കത്തയിലെ എന്റെ വസതിയിൽ ഞാൻ യാത്രയ'ക്കുള്ള തയ്യാറെടുപ്പിൽ മുഴുകി. കുറച്ചുസാധനങ്ങൾ ഒരു കരിമ്പടത്തിനകത്തു വച്ചുകെട്ടിയപ്പോൾ, അതുപോലൊരു പൊതി എന്റെ മച്ചിലെ ജനാലവഴി കുറച്ചു വർഷം മുമ്പ് രഹസ്യമായി താഴേക്കിട്ടത് ഞാൻ ഓർമിച്ചു. ഇതും അതുപോലെതന്നെ ഹിമാലയത്തിലേയ'ക്കുള്ള ഒരു ഭാഗ്യംകെട്ട യാത്രയാകുമോയെന്ന് ഞാൻ ശങ്കിച്ചു. ആദ്യത്തെ യാത്രയിൽ എന്റെ ആത്മീയപ്രഹർഷം ഉയർന്നതായിരുന്നു. ഈ രാത്രിയിൽ, ഗുരുനാഥനെ വിട്ടുപോകുന്നതിൽ എന്റെ മന:സാക്ഷി എന്നെ നന്നേ വേദനിപ്പിച്ചു.അടുത്ത ദിവസം രാവിലെ സ്കോട്ടിഷ്ചേർച്ച്കോളേജിൽ എന്റെ സംസ്കൃതം പ്രഫസർ ബിഹാരി പണ്ഡിറ്റിനെ ഞാൻ തേടിപ്പിടിച്ചു. ‘ ‘സർ, ലാഹിരി മഹാശയന്റെ ഒരു മഹാനായ ശിഷ്യനുമായി അങ്ങേക്കുള്ള സൗഹൃദത്തെപ്പറ്റി എന്നോട് പറഞ്ഞിട്ടുണ്ടല്ലോ. ദയവായി അദ്ദേഹത്തിന്റെ വിലാസം എനിക്കുതരുക. ‘ ‘രാംഗോപാൽ മജുംദാറല്ലേ? ഞാൻ അദ്ദേഹത്തെ വിളിക്കുന്നത് ‘ഉറങ്ങാത്ത ദിവ്യൻ’ എന്നാണ്. അദ്ദേഹം പരമാനന്ദബോധത്തിൽ എപ്പോഴും ഉണർന്നിരിക്കുന്നു. അദ്ദേഹത്തിന്റെ വീട് താരകേശ്വരത്തിനടുത്ത് രൺബാജ്പുരത്താണ്.’ ’ പണ്ഡിതനു നന്ദിപറഞ്ഞിട്ട് ഞാൻ ഉടനെ താരകേശ്വരത്തേക്ക് തീവണ്ടികയറി. ഹിമാലയത്തിൽ ഏകാന്തധ്യാനത്തിൽ മുഴുകാനുള്ള അനുമതി ഉറങ്ങാത്ത ദിവ്യനിൽനിന്നും നേടിയിട്ട് എന്റെ ആശങ്കകളെ അകറ്റാമെന്നു ഞാൻ പ്രതീക്ഷിച്ചു. ബംഗാളിലെ ഒറ്റപ്പെട്ട ഗുഹകളിൽ അനേകവർഷം ക്രിയായോഗം പരിശീലിച്ചതിനുശേഷമാണ് രാംഗോപാലിന് ജ്ഞാനോദയമുണ്ടായതെന്ന് ബിഹാരി പണ്ഡിറ്റ് എന്നോടു പറഞ്ഞിരുന്നു.താരകേശ്വരത്ത് ഞാൻ പ്രസിദ്ധമായ ഒരു ക്ഷേത്രത്തിലേക്ക് നടന്നു. കത്തോലിക്കർക്ക് ഫ്രാൻസിലെ ലൂർദ് ദേവാലയത്തോടു തോന്നുന്ന മാതിരിയുള്ള ഭക്ത്യാദരങ്ങളോടെ ഹിന്ദുക്കൾ ഈ ദേവാലയത്തെ വീക്ഷിക്കുന്നു. എന്റെ കുടുംബത്തിലെ ഒരംഗത്തിന് ഉണ്ടായതുൾപ്പെടെ, എണ്ണമറ്റ രോഗവിമോചകദിവ്യാത്ഭുതങ്ങൾക്ക് താരകേശ്വരം സാക്ഷ്യംവഹിച്ചിട്ടുണ്ട്.എന്റെ മൂത്ത ചെറിയമ്മ (പിതൃസഹോദരപത്നി) ഒരിക്കൽ എന്നോടു

പറഞ്ഞു ‘ ‘ഞാൻ അവിടത്തെ ക്ഷേത്രത്തിൽ ഒരാഴ്ച ഭജനമിരുന്നു. വിട്ടുമാറാത്ത ഒരു രോഗത്തിൽനിന്ന് നിന്റെ ചെറിയച്ഛൻ ശാരദായ'ക്ക് വിമോചനം ലഭിക്കാൻ പൂർണമായ നിരാഹാരവ്രതമനുഷ്ഠിച്ചുകൊണ്ട് ഞാൻ പ്രാർഥിച്ചു. ഏഴാം ദിവസം എന്റെ കൈയ്യിൽ ഒരു ഔഷധി ആവിർഭവിച്ചു! ഞാൻ അതിന്റെ ഇലകൊണ്ട് ഒരു കഷായം വച്ച് നിന്റെ ചെറിയച്ഛനു നൽകി. അദ്ദേഹത്തിന്റെ അസുഖം ഉടൻ തന്നെ മാറി; പിന്നീടു അതു വന്നിട്ടുമില്ല.’ ’ ഞാൻ പവിത്രമായ താരകേശ്വരക്ഷേത്രത്തിൽ പ്രവേശിച്ചു; ഗർഭഗൃഹത്തിൽ ഒരു ഉരുണ്ടകല്ലല്ലാതെ മറ്റൊന്നുമുണ്ടായിരുന്നില്ല. അതിന്റെ ആദ്യന്തരഹിതമായ വൃത്തപരിധി അതിനെ അനന്തതയുടെ ഏറ്റവും ഉചിതമായ ഒരു ചിഹ്നമാക്കുന്നു. ഭാരതത്തിലെ നിരക്ഷരനായ കൃഷീവലനുപോലും പ്രപഞ്ചത്തിന്റെ അമൂർത്തത മനസ്സിലാകുന്നു; വാസ്തവത്തിൽ അവൻ അമൂർത്തസങ്കല്പങ്ങളിലാണ് ജീവിക്കുന്നതെന്ന് പാശ്ചാത്യർ ചിലപ്പോൾ അവനെ കുറ്റപ്പെടുത്തിയിട്ടുണ്ട്!ആ സമയത്ത് എന്റെ തന്നെ മന:സ'ഥിതി അത്ര കർക്കശമായിരുന്നതുകൊണ്ട് ആ ശിലാപ്രതീകത്തിനു മുന്നിൽ തലകുനിക്കാൻ ഞാൻ കൂട്ടാക്കിയില്ല. ഈശ്വരനെ ആത്മാവിനുള്ളിൽ മാത്രമാണ് തേടേണ്ടതെന്ന് ഞാൻ ചിന്തിച്ചു.പ്രണമിക്കാതെ ഞാൻ ക്ഷേത്രം വിട്ട്, കുറേ ദൂരെയായിരുന്ന രൺബാജ്പുരം ഗ്രാമം ലക്ഷ്യമാക്കി വേഗം നടന്നു. എനിക്ക് വഴി നിശ്ചയമില്ലായിരുന്നു. ഒരു വഴിപോക്കനോട് വിവരത്തിനായുള്ള എന്റെ അപേക്ഷ അയാളെ ദീർഘനേരം ചിന്താധീനനാക്കി.ഒടുവിൽ ഒരു വെളിച്ചപ്പാടിനെപ്പോലെ അയാൾ പറഞ്ഞു. ‘ ‘അടുത്ത കവലയിൽ ചെല്ലുമ്പോൾ വലത്തേക്ക് തിരിഞ്ഞ് നേരേ നടക്കുക.’ ’ അതനുസരിച്ച് ഞാൻ വഴിതിരിഞ്ഞ് ഒരു തോടിന്റെ കരയിലൂടെ നടന്നു. ഇരുട്ടുവീണു; കാട്ടിനടുത്തുള്ള ഗ്രാമത്തിന്റെ പ്രാന്തപ്രദേശം മിന്നാമിനുങ്ങുകളെക്കൊണ്ടും സമീപത്തുള്ള കുറുക്കന്മാരുടെ ഓലിയിടൽ കൊണ്ടും സജീവമായിരുന്നു. മങ്ങിയനിലാവ് ഒട്ടും സഹായകരമായിരുന്നില്ല. രണ്ടുമണിക്കൂർനേരം ഞാൻ തപ്പിത്തടഞ്ഞുമുന്നോട്ടു നീങ്ങി.ഒരു പശുവിന്റെ മണിയുടെ സന്തോഷകരമായ നാദം! എന്റെ തുടർച്ചയായവിളികൾ ഒരു ഗ്രാമീണനെ ഒടുവിൽ എന്റെ അടുത്തെത്തിച്ചു. ‘ ‘ഞാൻ രാംഗോപാൽ ബാബുവിനെ അന്വേഷിച്ചുവരികയാണ്. ’ ’ ‘ ‘അങ്ങനെയൊരാൾ ഞങ്ങളുടെ ഗ്രാമത്തിൽ താമസമില്ല.’ ’ ഗ്രാമീണന്റെ സ്വരം സൗഹൃദത്തിന്റേതായിരുന്നില്ല. ‘ ‘നിങ്ങൾ കള്ളം പറയുന്ന ഒരു രഹസ്യാന്വേഷകനാവാം.’ ’ രാഷ്ട്രീയം കലുഷിതമാക്കിയ അയാളുടെ മനസ്സിലെ സംശയം അകറ്റാമെന്ന പ്രതീക്ഷയിൽ എന്റെ ദുരവസ'ഥ കരളലിയിക്കുന്നവിധം ഞാൻ വിവരിച്ചു. അയാൾ എന്നെ അയാളുടെ വീട്ടിൽ കൊണ്ടുപോയി ആതിഥ്യമര്യാദയോടെ സ്വാഗതം നൽകി. ‘ ‘രൺബാജ്പുരം ഇവിടെനിന്ന് വളരെ അകലെയാണ്.’ ’ അയാൾ പറഞ്ഞു. ‘ ‘കവലയിൽവച്ച് നിങ്ങൾ വലത്തോട്ടല്ല ഇടത്തോട്ടാണു തിരിയേണ്ടിയിരുന്നത്.’ ’ ഞാൻ നേരത്തേ കണ്ടുമുട്ടിയ ഉപദേഷ്ടാവ് വഴിയാത്രക്കാർക്ക് തീർച്ചയായും ഒരു ആപൽക്കാരി തന്നെയെന്ന് ഞാൻ ഖേദത്തോടെ വിചാരിച്ചു. പരുക്കൻ പച്ചരിച്ചോറും, പരിപ്പും, ഉരുളക്കിഴങ്ങും, വാഴയ'ക്കയും ചേർത്ത കറിയും കൂട്ടിയുള്ള രുചികരമായ ആഹാരത്തിനുശേഷം മുറ്റത്തോടു ചേർന്നുള്ള ഒരു കുടിലിൽ ഞാൻ ഉറങ്ങാൻപോയി. അങ്ങു ദൂരെ, മൃദംഗത്തിന്റെയും1 ചേങ്ങലയുടെയും ഉച്ചത്തിലുള്ള അകമ്പടിയോടെ ഗ്രാമീണർ പാടുകയായിരുന്നു. ആ രാത്രി ഉറക്കം ശരിയായില്ല; ഏകാന്തയോഗി രാംഗോപാലിന്റെ അടുത്തേക്ക് എന്നെ നയിക്കാൻ ഞാൻ ഗാഢമായി പ്രാർഥിച്ചു. [image file=image_rsrc1S5.jpg] രാംഗോപാൽ മജുംദാർ
‘ ‘ഉറങ്ങാത്തദിവ്യൻ’ ’ പ്രഭാതത്തിന്റെ ആദ്യകിരണങ്ങൾ എന്റെ കുടിലിന്റെ വിള്ളലിലൂടെ അകത്തെത്തിയപ്പോൾ ഞാൻ രൺബാജ്പുരത്തേക്കു തിരിച്ചു. വരണ്ടുകീറിയ ചെളിക്കൂനകൾ കടന്ന് കൊയ്ത്തുകഴിഞ്ഞ നെൽ ചെടിയുടെ കൂർത്ത കുറ്റികൾക്കിടയിലൂടെ ഞാൻ പരുക്കൻ വയലുകൾ കടന്നുനീങ്ങി. ഇടയ'ക്കിടെ കണ്ടുമുട്ടുന്ന ഏതെങ്കിലും ഒരു കർഷകൻ എന്റെ ലക്ഷ്യസ'ഥാനം ‘ ‘ ഒരുക്രോശം (രണ്ടുമൈൽ) മാത്രം’ ’ അകലെയാണെന്ന്, മാറ്റമില്ലാതെ എന്നെ അറിയിക്കുമായിരുന്നു. ആറുമണിക്കൂർ കൊണ്ട്, സൂര്യൻ ചക്രവാളത്തിൽ നിന്ന് ആകാശമധ്യംവരെ വിജയശ്രീലാളിതനായി യാത്ര ചെയ്തെങ്കിലും ഞാൻ രൺബാജ്പുരത്തുനിന്ന് എപ്പോഴും ഒരു ക്രോശം അകലെത്തന്നെയായിരിക്കുമെന്ന് തോന്നിത്തുടങ്ങി.ഉച്ചതിരിഞ്ഞിട്ടും എന്റെ ലോകം അന്തമില്ലാത്ത ഒരു വയൽപരപ്പു തന്നെയായിരുന്നു. ആകാശത്തിൽനിന്ന് ഒഴുകിയെത്തുന്ന രക്ഷപ്പെടാനാവാത്ത ചൂട്, കുഴഞ്ഞുവീഴുന്നതിന്റെ വക്കോളം എന്നെ എത്തിച്ചു. ഒരു മനുഷ്യൻ സാവധാനം എന്റെ അടുത്തേക്ക് നടന്നു വരുന്നത് ഞാൻ കണ്ടു. ‘ ‘ഒരു ക്രോശം മാത്രം’ ’ എന്ന ആവർത്തനദീനമായ ഉത്തരം വിളിച്ചുവരുത്തുമെന്നു ഭയന്ന്, ഞാൻ പതിവിൻപടിയുള്ള ചോദ്യം ചോദിക്കാൻ പോലും ധൈര്യപ്പെട്ടില്ല.അപരിചിതൻ എന്റെ സമീപം നിന്നു. അസാധാരണമായ, തുളച്ചുകയറുന്ന ഇരുണ്ടകണ്ണുകൾ ഉണ്ടായിരുന്നതൊഴിച്ചാൽ പൊക്കം കുറഞ്ഞു മെലിഞ്ഞ അദ്ദേഹത്തിന്റെ ശരീരം അസാധാരണമൊന്നുമായിരുന്നില്ല. ‘ ‘ഞാൻ രൺബാജ്പുരംവിടാൻ ഒരുങ്ങുകയായിരുന്നു. പക്ഷേ നിന്റെ ഉദ്ദേശം നല്ലതായിരുന്നതുകൊണ്ട് നിനക്കുവേണ്ടി കാത്തിരുന്നു. ’ ’ അദ്ദേഹം എന്റെ വിസ്മയം നിറഞ്ഞ മുഖത്തു ചൂണ്ടി വിരൽ കുലുക്കി. ‘ ‘മുൻകൂട്ടി അറിയിക്കാതെ എന്റെ മേൽ ചാടി വീഴാമെന്നു കരുതിയ നീ മിടുക്കനല്ലേ? നിനക്ക് എന്റെ വിലാസം തരാൻ ആ പ്രഫസർ ബിഹാരിക്ക് ഒരു കാര്യവുമില്ലായിരുന്നു.’ ’ ഈ ആചാര്യന്റെ മുന്നിൽ, പരിചയപ്പെടുത്തൽ വെറും, വാചകകസർത്താവുമല്ലോ എന്നു കരുതി, എന്റെ സ്വീകരണത്തിൽ

അല്പം കുണ്ഠിതനായി ഞാൻ മൗനംപൂണ്ടു നിന്നു. അദ്ദേഹത്തിന്റെ അടുത്ത ചോദ്യം പെട്ടെന്നായിരുന്നു. ‘ ‘പറയൂ ഈശ്വരൻ എവിടെയാണെന്നാണ് വിചാരം?’ ’ ‘ ‘എന്ത്! അദ്ദേഹം എന്റെ ഉള്ളിലും എവിടെയും ഉണ്ട്.’ ’ എനിക്ക് തോന്നിയിടത്തോളം സംഭ്രമം എന്നിൽ കാണാനും ഉണ്ടായിരുന്നുവെന്നതിനു സംശയമില്ല. ‘ ‘സർവവ്യാപിയാണ് അല്ലേ’ ’ ആ ദിവ്യൻ അടക്കിചിരിച്ചു. ‘ ‘എങ്കിൽ യുവയോഗീ, എന്തുകൊണ്ട് ഇന്നലെ താരകേശ്വരക്ഷേത്രത്തിലെ ശിലാവിഗ്രഹത്തിലെ അനന്തതയുടെ മുന്നിൽ നീ തലകുനിച്ചില്ല?2 ഇടതും വലതും എന്ന സൂക്ഷ്മവിവേചനമൊന്നുമില്ലാത്ത വഴിപോക്കൻ തെറ്റായ വഴി നിർദ്ദേശിച്ചത് നിന്റെ അഹങ്കാരത്തിനുള്ള ശിക്ഷയാണ്. അതുകൊണ്ട് ഇന്നും നിനക്ക് സാമാന്യം അസുഖകരമായ ഒരു ദിവസം തന്നെയായിരുന്നുവല്ലോ!’ ’ എന്റെ മുന്നിൽ നില്ക്കുന്ന, എടുത്തുപറയത്തക്കവിശേഷതകൾ ഒന്നുമില്ലാത്ത ആ ദേഹത്തിനുള്ളിൽ സർവംദർശിയായ ഒരു നേത്രം ഒളിഞ്ഞിരിക്കുന്നുവെന്നതിൽ വിസ്മയിച്ചുകൊണ്ട്, ഞാൻ ഹൃദയപൂർവം യോജിച്ചു. ആ യോഗിയിൽനിന്ന്, സൗഖ്യംപകരുന്ന ഒരു ശക്തിവിശേഷം ഉതിർന്നു; തൽക്ഷണം, ചുട്ടുപഴുത്ത ആ പാടത്ത് ഞാൻ ഒരു നവോന്മേഷം ഉൾക്കൊണ്ടു. ‘ ‘സാധകന് തന്റെ പാതയാണ് ഈശ്വരനിലേക്കുള്ള ഒരേ ഒരു പാതയെന്നു ചിന്തിക്കാനുള്ള പ്രവണതയുണ്ട്.’ ’ അദ്ദേഹം പറഞ്ഞു. ‘ ‘ലാഹിരി മഹാശയൻ പറഞ്ഞിട്ടുള്ളതുപോലെ, സ്വന്തം ഉള്ളിൽ ഈശ്വരനെ കണ്ടെത്തുന്ന യോഗമാർഗം തന്നെയാണ് സർവോത്തമം എന്നതിൽ സംശയമില്ല. എന്നാൽ ഈശ്വരനെ ഉള്ളിൽ കണ്ടെത്തുമ്പോൾ, നാം അദ്ദേഹത്തെ ബാഹ്യമായും വേഗം തന്നെ കണ്ടെത്തുന്നു. താരകേശ്വരത്തെയും മറ്റുള്ളിടത്തെയും പുണ്യക്ഷേത്രങ്ങൾ ആത്മീയശക്തിയുടെ കേന്ദ്രബിന്ദുക്കളായി അന്വർഥമായിത്തന്നെ ആദരിക്കപ്പെട്ടുപോരുന്നു.’ ’ ആ ബ്രഹ്മജ്ഞന്റെ വിമർശനാത്മകമായ മനോഭാവം മാറി; അദ്ദേഹത്തിന്റെ കണ്ണുകൾ അനുകമ്പാർദ്രമായി. അദ്ദേഹം എന്റെ തോളിൽ തടവി. ‘ ‘യുവയോഗീ, നീ നിന്റെ ഗുരുദേവന്റെയടുത്തുനിന്ന് ഓടിക്കളയുകയാണെന്ന് ഞാൻ മനസ്സിലാക്കുന്നു. നിനക്കു വേണ്ടതെല്ലാം തരാൻ അദ്ദേഹത്തിനു കഴിയും; നീ അദ്ദേഹത്തിന്റെ അടുത്തേക്ക് മടങ്ങണം.’ ’ അദ്ദേഹം തുടർന്നു. ‘ ‘പർവതങ്ങൾക്ക് നിന്റെ ഗുരുവാകാൻ കഴിയുകയില്ല’ ’ –രണ്ടുദിവസം മുമ്പ് ശ്രീ യുക്തേശ്വരൻ പ്രകടിപ്പിച്ച അതേചിന്ത! ‘ ‘ ആചാര്യന്മാർ പർവതങ്ങളിൽ മാത്രമേ ജീവിക്കാവൂയെന്ന് പ്രപഞ്ച നിബന്ധനയൊന്നുമില്ല.’ ’ എന്റെ സഹചാരി എന്റെ നേരേ ചോദ്യരൂപേണ നോക്കി. ‘ ‘ഭാരതത്തിലും റ്റിബറ്റിലുമായി പരന്നുകിടക്കുന്ന ഹിമാലയത്തിന് ദിവ്യന്മാരുടെ കാര്യത്തിൽ കുത്തകയൊന്നുമില്ല. തന്റെ ഉള്ളിൽതന്നെയുള്ളതിനെക്കാണാൻ ശ്രമിക്കാത്ത ഒരാൾക്ക് തന്റെ ശരീരം അവിടെയും ഇവിടെയും കൊണ്ടുനടന്നുവെന്നതുകൊണ്ട് അതിനെ കണ്ടെത്താൻ സാധ്യമാവുകയില്ല. ആത്മീയമായ ബോധോദയത്തിനുവേണ്ടി ഭൂമിയുടെ ഏതറ്റംവരെയും പോകാൻ ഭക്തൻ തയ്യാറാകുമ്പോൾതന്നെ അവന്റെ ഗുരു അടുത്തു കാണപ്പെടുന്നു.’ ’ വാരാണസി ആശ്രമത്തിൽ എന്റെ പ്രാർഥനയും ആൾത്തിരക്കുള്ള ഇടവഴിയിൽവച്ച് ശ്രീ യുക്തേശ്വരനുമായുള്ള കൂടിക്കാഴ്ച്ചയും സ്മരിച്ചുകൊണ്ട് ഞാൻ നിശ്ശബ്ദനായി അദ്ദേഹം പറഞ്ഞതിനോട് യോജിച്ചു. ‘ ‘വാതിൽ അടച്ച് അകത്ത് ഏകനായി ഇരിക്കുവാൻ സൗകര്യമുള്ള ഒരു കൊച്ചുമുറി നിനക്ക് ലഭിക്കുമോ?’ ’ ‘ ‘ഉണ്ട്.’ ’ സാമാന്യവിഷയങ്ങളിൽനിന്ന് പ്രത്യേകകാര്യത്തിലേക്ക് കുഴക്കുന്നവേഗതയിൽ ഈ ദിവ്യൻ ഇറങ്ങിവന്നുവെന്ന് എനിക്കുതോന്നി. ‘ ‘അതാണ് നിന്റെ ഗുഹ.’ ’ എനിക്ക് ഒരിക്കലും മറക്കാനാവാത്ത ജ്ഞാനോദയത്തിന്റെ കടാക്ഷം ആ യോഗിവര്യൻ എന്നിൽ ചൊരിഞ്ഞു. ‘ ‘ അതാണ് നിന്റെ വിശുദ്ധമായ പർവതം. അവിടെയാണ് ഈശ്വരന്റെ സന്നിധാനം നീ കണ്ടെത്തുക. ’ ’ അദ്ദേഹത്തിന്റെ ലളിതമായ വാക്കുകൾ അത്രയും കാലം എനിക്ക് ഹിമാലയത്തോടുണ്ടായിരുന്ന അഭിനിവേശത്തെ ആ നിമിഷം ഇല്ലായ്മ ചെയ്തു. വെയിലിൽ പൊരിഞ്ഞ ഒരു വയലിൽവച്ച് പർവതങ്ങളുടെയും നിത്യമായ ഹിമശേഖരങ്ങളുടെയും സ്വപ്നത്തിൽ നിന്ന് ഞാൻ ഉണർന്നു. ‘ ‘യുവസുഹൃത്തേ, നിന്റെ ആത്മീയദാഹം അഭിനന്ദനാർഹം തന്നെ. എനിക്ക് നിന്നോട് വലിയ സ്നേഹം തോന്നുന്നു.’ ’ രാം ഗോപാൽ എന്റെ കൈപിടിച്ച് എന്നെ വനത്തിലുള്ള സുന്ദരമായ ഒരു ഗ്രാമത്തിലേക്കു നയിച്ചു. മണ്ണുകുഴച്ചുകെട്ടിയ വീടുകൾ തെങ്ങോല കൊണ്ടുമേഞ്ഞതും അവയുടെ പ്രവേശനകവാടങ്ങൾ ഗ്രാമീണരീതിയിൽ പുതുപൂക്കൾവച്ച് മോടിപിടിപ്പിച്ചതുമായിരുന്നു.ആ പുണ്യപൂരുഷൻ തന്റെ ചെറിയ കുടിലിൽ തണൽ വീഴുന്ന മുളംതട്ടിന്മേൽ എന്നെ ഇരുത്തി. അദ്ദേഹം എനിക്ക് മധുരംചേർത്ത നാരങ്ങാനീരും ഒരു കഷണം കൽക്കണ്ടവും തന്നതിനുശേഷം, ഞങ്ങൾ അങ്കണത്തിൽകടന്ന് പത്മാസനത്തിൽ ഇരുന്നു. ധ്യാനത്തിൽ നാലുമണിക്കൂർനേരം കടന്നുപോയി. ഞാൻ കണ്ണുകൾ തുറന്നപ്പോൾ നിലാവെളിച്ചത്തിൽ ആ യോഗിയുടെ രൂപം അപ്പോഴും നിശ്ചലമായി കണ്ടു. മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ലാ ജീവിക്കുന്നതെന്ന് എന്റെ ഉദരത്തെ ഞാൻ കർക്കശമായി ഓർമപ്പെടുത്തികൊണ്ടിരുന്നപ്പോൾ രാം ഗോപാൽ തന്റെ ഇരിപ്പിടത്തിൽ നിന്ന് എഴുന്നേറ്റു. ‘ ‘ നിനക്ക് നന്നേ വിശക്കുന്നുണ്ടെന്ന് എനിക്കു മനസ്സിലായി,’ ’ അദ്ദേഹം പറഞ്ഞു. ‘ ‘ഭക്ഷണം ഉടനെ തയ്യാറാകും.’ ’ അങ്കണത്തിൽ കളിമണ്ണുകൊണ്ടുള്ള അടുപ്പിൽ അദ്ദേഹം തീ കത്തിച്ചു. അല്പസമയത്തിനുള്ളിൽ വലിയ ഇലകളിൽ ചോറും പരിപ്പും ഞങ്ങൾ കഴിക്കുകയായിരുന്നു. ആഹാരം പാകംചെയ്യുന്നതിന് എന്റെ സകലസഹായങ്ങളും എന്റെ ആതിഥേയൻ ഭവ്യതയോടെ

നിരാകരിച്ചു. ‘ ‘അതിഥി ദേവോ ഭവ’ ’ എന്ന ഹിന്ദു ആപ്തവാക്യം ഭാരതത്തിൽ അതിപുരാതനകാലം മുതലേ ശ്രദ്ധാപൂർവം ആചരിച്ചിട്ടുണ്ട്. എന്റെ പിന്നീടുള്ള ലോകയാത്രകളിൽ പലരാജ്യങ്ങളിലെയും ഗ്രാമപ്രദേശങ്ങളിൽ അതിഥികളോട് ഇതുപോലുള്ള ആദരവ് കാട്ടി േപ്പാരുന്നതായിക്കണ്ട് ഞാൻ ആഹ്ലാദിച്ചിട്ടുണ്ട്. അപരിചിതമുഖങ്ങളുടെ അതിബാഹുല്യംകൊണ്ട് ആതിഥ്യമര്യാദയുടെ വ്യഗ്രത കുറഞ്ഞതായി പട്ടണവാസി കാണുന്നു.വനത്തിലെ ചെറിയ ഗ്രാമത്തിൽ ആ യോഗിയുടെ സമീപം നിലത്ത് ഇരുന്നപ്പോൾ ജനസഞ്ചയം ഏറെക്കുറെ സങ്കല്പിക്കാനാവാത്തവിധം വിദൂരമായി തോന്നി. കുടിൽമുറി ദുർഗ്രാഹ്യമായ ഒരു സൗമ്യപ്രകാശത്താൽ ദീപ്തമായിരുന്നു. കീറിയ ചില കരിമ്പടങ്ങൾ നിലത്തുവിരിച്ച് രാം ഗോപാൽ എനിക്ക് ഒരു കിടക്ക തയ്യാറാക്കിയിട്ട് സ്വയം ഒരു പുല്പായയിൽ ഇരുന്നു. അദ്ദേഹത്തിന്റെ ശക്തമായ ആത്മീയ ആകർഷണത്തിൽ അടിപെട്ടുപോയ ഞാൻ അദ്ദേഹത്തിന്റെ മുമ്പിൽ ഒരു അപേക്ഷ വയ'ക്കാൻ ധൈര്യപ്പെട്ടു. ‘ ‘പ്രഭോ, അങ്ങ് എനിക്ക് ഒരു സമാധി പ്രദാനം ചെയ്യുമോ?’ ’ ‘ ‘പ്രിയപ്പെട്ടവനേ, നിനക്ക് ഈശ്വരസാക്ഷാത്ക്കാരം പകർന്നുതരുവാൻ എനിക്ക് സന്തോഷമേയുള്ളൂ, പക്ഷേ അതു ചെയ്യേണ്ടേത് ഞാനല്ല.’ ’ താപസേന്ദ്രൻ പാതിയടഞ്ഞ കണ്ണുകളോടെ എന്നെ നോക്കി. ‘ ‘നിന്റെ ഗുരുദേവൻ താമസിയാതെ ആ അനുഭവം നിനക്ക് നൽകും. നിന്റെ ശരീരം ഇനിയും അതിന് സജ്ജമല്ല. കുറഞ്ഞ ശക്തിയുള്ള ഒരു ബൾബ് അത്യധികമായ വിദ്യുച്ഛക്തി പ്രവാഹത്താൽ തകർന്നു പോകുന്നു. അതുപോലെ, നിന്റെ നാഡീഞരമ്പുകൾ പ്രപഞ്ച വൈദ്യുതി പ്രവാഹത്തെ സ്വീകരിക്കാൻ തയ്യാറായിട്ടില്ല. ആ അനന്തമായ പരമാനന്ദം നിനക്ക് ഞാൻ ഇപ്പോൾതന്നെ നൽകിയാൽ, ഓരോ കോശവും തീയിലായതുപോലെ നീ ദഹിച്ചുപോകും. ‘ ‘ഒരല്പംമാത്രം ധ്യാനം പരിശീലിച്ചിട്ടുള്ള വെറുമൊരു സാധാരണക്കാരനായ ഞാൻ ഈശ്വരനെ സന്തോഷിപ്പിക്കുന്നതിൽ വിജയിച്ചിട്ടുണ്ടോ എന്ന് എനിക്കറിയില്ല. ഈശ്വരന്റെ കണ്ണിൽ ആത്യന്തികമായി എനിക്ക് എന്തു മേന്മ ഉണ്ടാകുമെന്നറിയാത്ത എന്നിൽനിന്ന് അപരോക്ഷാനുഭൂതി ആവശ്യപ്പെടുകയാണ് നീ.’ ’ ആ യോഗി ചിന്താധീനനായി തുടർന്നു. ‘ ‘പ്രഭോ, അങ്ങ് ഏകാഗ്രചിത്തനായി ദീർഘകാലം ഈശ്വരനെ തേടുകയായിരുന്നില്ലേ?’ ’ ‘ ‘ഞാൻ അധികമൊന്നും ചെയ്തിട്ടില്ല. എന്റെ ജീവിതത്തെക്കുറിച്ച് ബിഹാരി നിന്നോട് കുറച്ചൊക്കെ പറഞ്ഞിട്ടുണ്ടാവും. ഒരു ഇരുപതുകൊല്ലം ഞാൻ ദിവസേന പതിനെട്ടു മണിക്കൂർ വീതം ധ്യാനിച്ചുകൊണ്ട് ഒരു രഹസ്യഗുഹയിൽ താമസിച്ചു. ചെന്നെത്താൻ കുറെക്കൂടി പ്രയാസമുള്ള ഒരു ഗുഹയിൽ പിന്നീടു ഞാൻ ദിവസേന ഇരുപതുമണിക്കൂർ സമാധിസ'ഥനായി ഇരുപത്തിയഞ്ചുകൊല്ലം കഴിച്ചു. എനിക്ക് ഉറക്കം വേണ്ടിയിരുന്നില്ല. കാരണം ഞാൻ എപ്പോഴും ഈശ്വരനോടൊത്തായിരുന്നു. സാധാരണമായ ഉപബോധാവസ'ഥയിലെ അപൂർണമായ ശാന്തികൊണ്ടു ലഭിക്കുന്നതിനേക്കാൾ കൂടുതൽ വിശ്രമം, അതിബോധാവസ'ഥയുടെ പരിപൂർണശാന്തിയിൽ എന്റെ ശരീരം അനുഭവിച്ചു. ‘ ‘ഉറക്കത്തിൽ പേശികൾ അയയുന്നു; പക്ഷേ ഹൃദയം, ശ്വാസകോശം, രക്തചംക്രമണവ്യവസ'ഥ എന്നിവ എപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു; അവയ'ക്ക് വിശ്രമം ലഭിക്കുന്നില്ല. എന്നാൽ അതിബോധാവസ'ഥയിൽ പ്രപഞ്ചസത്തയിലെ ഊർജത്താൽ വൈദ്യുതവത്താക്കപ്പെട്ട ആന്തരികാവയവങ്ങൾ എല്ലാം താല്ക്കാലിക അചേതനാവസ'ഥയിൽ കഴിയുന്നു. വർഷങ്ങളായി, ഉറങ്ങേണ്ട ആവശ്യമില്ലെന്ന് അങ്ങനെയുള്ള മാർഗങ്ങളിലൂടെ ഞാൻ കണ്ടെത്തി.’ ’ അദ്ദേഹം തുടർന്നു. ‘ ‘നീയും ഉറക്കം വേണ്ടെന്നുവയ'ക്കുന്ന ഒരു സമയം വന്നെത്തും.’ ’ ‘ ‘എന്റെ ഈശ്വരാ! അങ്ങ് ഇത്ര അധികം കാലം ധ്യാനിച്ചു, എന്നിട്ടും അങ്ങേക്ക് ഈശ്വരകൃപയിൽ വിശ്വാസംവന്നിട്ടില്ല!’ ’ ഞാൻ വിസ്മയത്തോടെ അഭിപ്രായപ്പെട്ടു. ‘ ‘അപ്പോൾ പാവം സാധാരണമർത്യരായ ഞങ്ങളുടെ കാര്യമോ?’ ’ ‘ ‘നോക്കൂ എന്റെ കുട്ടീ, ഈശ്വരൻ അനന്തത തന്നെയാണെന്ന് നിനക്കറിയില്ലേ? നാല്പത്തിയഞ്ചു വർഷത്തെ ധ്യാനത്താൽ അദ്ദേഹത്തെ പൂർണമായി അറിയാനാകുമെന്നു കരുതുക ഒരു മൂഢപ്രതീക്ഷയാണ്. എന്നാലും അല്പമാത്രമെങ്കിലുമുള്ള ധ്യാനം മരണത്തെയും അതിനുശേഷമുള്ള അവസ'ഥയെപ്പറ്റിയുമുണ്ടാകുന്ന ഉൽക്കടമായ ഭയത്തിൽനിന്ന് നമ്മെ രക്ഷിക്കുന്നുവെന്ന് ബാബാജി നമുക്ക് ഉറപ്പു തരുന്നു. നിന്റെ ആത്മീയവാഞ്ഛകൾ ചെറിയ പർവതങ്ങളിൽ വയ'ക്കാതെ കേവലമായ ഈശ്വരപ്രാപ്തിയുടെ നക്ഷത്രത്തിൽ ഉറപ്പിക്കൂ. കഠിനയത്നം ചെയ്താൽ നീ അവിടെ എത്തും.’ ’ ഈ സാധ്യത മുമ്പിൽക്കണ്ട് സന്തോഷഭരിതനായ ഞാൻ ജ്ഞാനോപദേശത്തിനായി വീണ്ടുംഅപേക്ഷിച്ചു. ലാഹിരി മഹാശയന്റെ ഗുരു ബാബാജിയുമായി3 തന്റെ ആദ്യത്തെ കൂടിക്കാഴ്ചയുടെ അത്ഭുതകരമായ ഒരു കഥ അദ്ദേഹം എന്നെ പറഞ്ഞുകേൾപ്പിച്ചു. പാതിരാവായപ്പോൾ രാം ഗോപാൽ മൗനം അവലംബിച്ചു; ഞാൻ എന്റെ കമ്പിളിവിരിപ്പിൽ കിടന്നു. എന്റെ കണ്ണുകൾ അടച്ചപ്പോൾ മിന്നൽപിണരുകൾ കാണായി; എന്റെ ഉള്ളിലെ മഹാകാശം ദ്രവരൂപത്തിലുള്ള പ്രകാശത്തിന്റെ ഒരു ഉള്ളറയായിത്തീർന്നു. ഞാൻ കണ്ണുകൾ തുറന്നപ്പോഴും അതേ ഉജ്വലഭാസുതന്നെ കാണാൻകഴിഞ്ഞു. ഞാൻ അകക്കണ്ണുകൊണ്ടുകാണുന്ന അനന്തമായ മഹാകാശത്തിന്റെ ഒരു ഭാഗമായി ആ മുറി മാറി.യോഗീന്ദ്രൻ ചോദിച്ചു, ‘ ‘നീ എന്താണ് ഉറങ്ങാത്തത്?’ ’ ‘ ‘പ്രഭോ, എന്റെ കണ്ണുകൾ അടച്ചാലും തുറന്നാലും എന്റെ ചുറ്റും മിന്നൽപിണരുകൾ കത്തിജ്വലിക്കുമ്പോൾ എങ്ങനെ ഉറങ്ങാനാവും?’ ’ ‘ ‘ഈ അനുഭവം ലഭിച്ചതിൽ നീ അനുഗൃഹീതനാണ്. ആത്മീയപ്രഭാപൂരം കാണാൻ കഴിയുക എളുപ്പമല്ല.’ ’ ആ ദിവ്യദേഹം ഏതാനും സ്നേഹവചനങ്ങൾകൂടി

പറഞ്ഞു.പ്രഭാതത്തിൽ രാം ഗോപാൽ എനിക്ക് കൽക്കണ്ടം തന്നിട്ട് ഞാൻ മടങ്ങിപ്പോകണമെന്നുപറഞ്ഞു. അദ്ദേഹത്തെ പിരിയുന്നതിൽ എനിക്ക് അതിയായ വിഷമംതോന്നി. എന്റെ കവിളിലൂടെ കണ്ണീരൊഴുകി ' 'നിന്നെ വെറും കൈയ്യോടെ ഞാൻ അയയ'ക്കുന്നില്ല.' ' ആ യോഗി ആർദ്രതയോടെപറഞ്ഞു. ' 'നിനക്കുവേണ്ടി ഞാൻ ഒരു കാര്യം ചെയ്യാം.' ' അദ്ദേഹം പുഞ്ചിരിയോടെ എന്നെ ഉറ്റുനോക്കി. മണ്ണിൽ വേരുറച്ചതുപോലെ ഞാൻ നിശ്ചലനായി; ആ ദിവ്യനിൽ നിന്നുവന്ന ശാന്തി തരംഗങ്ങൾ എന്നിൽ പ്രളയംപോലെ നിറഞ്ഞു. വർഷങ്ങളായി എന്നെ ഇടവിട്ടു ശല്യംചെയ്തിരുന്ന ഒരു പുറംവേദനയിൽനിന്ന് ഞാൻ ക്ഷണമാത്രയിൽ മോചിതനായി.പ്രകാശാത്മകമായ ഒരാനന്ദാബ്ധിയിൽ നിമഗ്നനായി നവോന്മേഷം കൈക്കൊണ്ട ഞാൻ പിന്നെ കരഞ്ഞില്ല. രാം ഗോപാലിന്റെ പാദങ്ങൾ തൊട്ടുതൊഴുതശേഷം വനത്തിൽകടന്ന്, ഉഷ്ണമേഖലാപ്രദേശത്തെ വൃക്ഷലതാദികളുടെ നൂലാമാലകളും നിരവധി വയലുകളുംതാണ്ടി താരകേശ്വരത്ത് ഞാൻ എത്തിച്ചേർന്നു.അവിടത്തെ പ്രസിദ്ധക്ഷേത്രത്തിലേക്ക് ഞാൻ രണ്ടാമതൊരു തീർഥയാത്ര നടത്തി, വിഗ്രഹത്തിനുമുന്നിൽ ദണ്ഡനമസ്കാരം ചെയ്തു. എന്റെ അന്തർനേത്രത്തിനുമുന്നിൽ, ആ ഉരുളൻശില വികസിച്ച് ബ്രഹ്മാണ്ഡഗോളങ്ങളായിത്തീർന്നു: വലയത്തിനുള്ളിൽ വലയം, മേഖലയ'ക്ക് അപ്പുറം മേഖല, എല്ലാം ദിവ്യചൈതന്യം നിറഞ്ഞവ.ഒരു മണിക്കൂർകഴിഞ്ഞ് സന്തുഷ്ടനായി ഞാൻ കൽക്കത്തക്ക് തീവണ്ടികയറി. എന്റെ യാത്രകൾ ഉന്നതമായ ഗിരിതടങ്ങളിലല്ല, മറിച്ച് എന്റെ ഗുരുദേവന്റെ ഹിമാലയസമാനമായ സന്നിധിയിൽ അവസാനിച്ചു. [image file=image_rsrc1TK.jpg] 1 വിരലുകൾകൊണ്ട് കൊട്ടുന്ന ഒരു സംഗീതോപകരണം. ഉത്സവങ്ങളിലും മറ്റും കീർത്തനങ്ങളിൽ പക്കവാദ്യമായി ഉപയോഗിക്കുന്നു.2 ' 'ഒന്നിന്റെയും മുന്നിൽ തലകുനിക്കാത്തവന് സ്വന്തം ഭാരംതാങ്ങാൻ ഒരിക്കലും ആവില്ല' ' – ഡോസ്റ്റോയേവിസ്കി, ദ പസെസ്ഡ്.3 ഇവിടെ കാണുകഅധ്യായം 14സമാധിലാഭം ' 'ഗുരുദേവാ, ഞാൻ ഇവിടെ എത്തിയിരിക്കുന്നു.' ' എന്റെ ലജ്ജിച്ച മുഖം എനിക്കുവേണ്ടി ഏറെ വാചാലമായി സംസാരിച്ചു. ' 'നമുക്ക് അടുക്കളയിൽപോയി എന്തെങ്കിലും കഴിക്കാനുണ്ടോ എന്നു നോക്കാം.' ' ദിവസങ്ങളല്ലാ, ഏതാനും മണിക്കൂറുകളേ ഞങ്ങളെ വേർപെടുത്തിയുള്ളൂ എന്നമട്ടിൽ, അസാധാരണമായി ഒന്നുമില്ലാത്തതുപോലെയായിരുന്നു ശ്രീ യുക്തേശ്വരന്റെ പെരുമാറ്റം. ' ' ഗുരുദേവാ, ഇവിടത്തെ എന്റെ ചുമതലകൾ വിട്ടിട്ട് പൊടുന്നനെയുള്ള എന്റെ തിരോധാനം അങ്ങയെ നിരാശപ്പെടുത്തിയിരിക്കും; അങ്ങ് എന്നോട് ദേഷ്യപ്പെട്ടേക്കുമെന്ന് ഞാൻ വിചാരിച്ചു.' ' ' 'ഇല്ല, തീർച്ചയായും ഇല്ല! നടക്കാതെ പോകുന്ന ആഗ്രഹങ്ങളിൽ നിന്നാണ് ക്രോധം ഉണ്ടാകുന്നത്. മറ്റുള്ളവരിൽനിന്ന് ഞാൻ ഒന്നും പ്രതീക്ഷിക്കുന്നില്ല; അതുകൊണ്ട് അവരുടെ പ്രവൃത്തികൾ എന്റെ ആഗ്രഹങ്ങൾക്കു വിപരീതമാകുന്നില്ല. നിന്നെ എന്റെ സ്വന്തം താല്പര്യങ്ങൾക്കായി ഞാൻ ഉപയോഗിക്കുകയില്ല; നിന്റെ യഥാർഥ സന്തോഷത്തിൽ മാത്രമാണ് എനിക്കു സന്തോഷം.' ' ' ' പ്രഭോ, ദൈവികസ്നേഹത്തെപ്പറ്റി നാം അവ്യക്തമായി കേൾക്കാറുണ്ട്, പക്ഷേ ദൈവദൂതനെപ്പോലുള്ള അങ്ങയിൽനിന്ന് ഒരു സ്പഷ്ടമായ ഉദാഹരണം എനിക്ക് ഇന്നുകിട്ടിയിരിക്കുന്നു! തന്റെ ബിസിനസിൽനിന്ന് മുന്നറിയിപ്പില്ലാതെ ഓടിപ്പോകുന്ന ഒരു മകന്, ഈ ലോകത്ത് തന്റെ അച്ഛൻ പോലും എളുപ്പം മാപ്പു കൊടുക്കുന്നില്ല. ഞാൻ ഇട്ടെറിഞ്ഞുപോയ ധാരാളം നിറവേറ്റാത്ത കടമകൾ അങ്ങയ'ക്ക് വലിയ അസൗകര്യങ്ങൾ ഉണ്ടാക്കിയിട്ടുണ്ടാവാമെങ്കിലും അങ്ങ് അല്പംപോലും ഈർഷ്യ കാണിക്കുന്നില്ല.' ' അശ്രുബിന്ദുക്കൾ തിളങ്ങിയിരുന്ന കണ്ണുകളിലേക്ക് ഞങ്ങൾ പരസ്പരംനോക്കി. പരമാനന്ദത്തിന്റെ അലമാല എന്നെ പൊതിഞ്ഞു. മഹാപ്രഭു എന്റെ ഗുരുവിന്റെ രൂപത്തിൽ എന്റെ പരിമിതമായ വികാരോത്സുകതകളെ വിശ്വപ്രേമത്തിന്റെ വിപുലവിശാലതകളിലേക്ക് വികസിപ്പിക്കുകയായിരുന്നുവെന്ന് ഞാൻ മനസ്സിലാക്കി.ഏതാനും പ്രഭാതങ്ങൾക്കുശേഷം ഞാൻ ഗുരുദേവന്റെ ഒഴിഞ്ഞ ഇരുപ്പുമുറിയിലേക്ക് കയറിച്ചെന്നു. ധ്യാനിക്കാൻ ഒരുങ്ങി ഞാൻ ഇരുന്നു. പക്ഷേ അനുസരണയില്ലാത്തചിന്തകൾ ആ സ്തുത്യർഹമായ നിശ്ചയം പങ്കിട്ടില്ല. അവ വനവേടന്റെ മുന്നിലെ പറവകളെപ്പോലെ അങ്ങുമിങ്ങും ചിതറി. ' ' മുകുന്ദാ!' ' ശ്രീ യുക്തേശ്വരന്റെ സ്വരം ദൂരെയുള്ള ഒരു ബാൽക്കണിയിൽനിന്നു കേട്ടു.എന്റെ ചിന്തകളെപ്പോലെ ഞാനും എതിർപ്പുകാട്ടി. ' 'ഗുരുദേവൻ എന്നെ എപ്പോഴും ധ്യാനിക്കാൻ പ്രേരിപ്പിക്കുന്നു,' ' ഞാൻ സ്വയം പിറുപിറുത്തു. ' 'ഞാൻ എന്തിനാണ് അദ്ദേഹത്തിന്റെ മുറിയിൽ വന്നതെന്ന് അറിവുള്ളപ്പോൾ അദ്ദേഹം എന്നെ ശല്യപ്പെടുത്താൻ പാടില്ല.അദ്ദേഹം എന്നെ വീണ്ടും വിളിച്ചു; ഞാൻ നിർബന്ധബുദ്ധിയോടെ മിണ്ടാതിരുന്നു. മൂന്നാമത്തെ പ്രാവശ്യം അദ്ദേഹത്തിന്റെ സ്വരത്തിൽ ശകാരം നിറഞ്ഞിരുന്നു. ' 'പ്രഭോ ഞാൻ ധ്യാനിക്കുകയാണ്,' ' ഞാൻ പ്രതിഷേധത്തോടെ വിളിച്ചുപറഞ്ഞു. ' 'നീ എങ്ങനെയാണ് ധ്യാനിക്കുന്നതെന്ന് എനിക്കറിയാം,' ' എന്റെ ഗുരു വിളിച്ചുപറഞ്ഞു, ' 'നിന്റെ മനസ്സ് കൊടുങ്കാറ്റിലെ ഇലകളെപ്പോലെ ചിതറിപറക്കുമ്പോൾ! ഇവിടെവരൂ എന്റെ അടുത്ത്.' ' പരാജയപ്പെട്ട്, കള്ളിപുറത്തായി ഞാൻ ഗുരുദേവന്റെ അടുത്തേക്ക് ദു:ഖത്തോടെ പോയി. ' 'പാവം കുട്ടീ, നീ ആഗ്രഹിക്കുന്നതുതരാൻ പർവതങ്ങൾക്കു കഴിയില്ല.' ' സാന്ത്വനത്തിന്റെമട്ടിൽ ഗുരുദേവൻ സ്നേഹത്തോടെ പറഞ്ഞു. അദ്ദേഹത്തിന്റെ ശാന്തമായനോട്ടം അഗാധമായിരുന്നു. ' 'നിന്റെ ഹൃദയാഭിലാഷം നിറവേറ്റപ്പെടട്ടെ.' ' ശ്രീ യുക്തേശ്വരൻ ഒരിക്കലും കടങ്കഥകളുടെ ഭാഷയിൽ സംസാരിക്കാറുണ്ടായിരുന്നില്ല! ഞാൻ അമ്പരന്നുനിന്നു. അദ്ദേഹം എന്റെ നെഞ്ചിൽ ഹൃദയത്തിനു

മുകളിൽ ലഘുവായി തട്ടി.എന്റെ ശരീരം അനങ്ങാത്തവണ്ണം നിലത്ത് ഉറച്ചു; ഏതോ ശക്തമായ കാന്തത്താലെന്നപോലെ എന്റെ ശ്വാസകോശങ്ങളിലെ വായു പുറത്തേക്കു വലിച്ചെടുക്കപ്പെട്ടു. ആത്മാവും മനസ്സും, അവയുടെ ഭൗതികമായ അടിമത്തം തൽക്ഷണം വെടിഞ്ഞ് എന്റെ എല്ലാ സൂക്ഷ്മരന്ധ്രങ്ങളിലൂടെയും തുളച്ചിറങ്ങുന്ന പ്രകാശദ്രവം പോലെ വെളിയിലേക്കു പ്രവഹിച്ചു. എന്റെ ശരീരം മരിച്ചതുപോലെയായി, എങ്കിലും മുമ്പൊരിക്കലും ഞാൻ ഇത്ര പൂർണമായി ജീവസ്സുറ്റനിലയിലായിരുന്നില്ലായെന്ന് എന്റെ തീവ്രമായ ബോധത്തിൽ ഞാൻ അറിഞ്ഞു. എന്റെ സ്വത്വബോധം ശരീരത്തിൽമാത്രം സങ്കുചിതമായി ഒതുങ്ങിനില്ക്കാതെ ചുറ്റുപാടുമുള്ള പരമാണുക്കളെപ്പോലും ഉൾക്കൊണ്ടു. അകലെയുള്ള തെരുവിലെ ആളുകൾ എന്റെതന്നെ വിദൂരപ്രാന്തങ്ങളിൽ മെല്ലെ നീങ്ങുന്നതായി തോന്നി. ചെടികളുടെയും വൃക്ഷങ്ങളുടെയും വേരുകൾ മണ്ണിന്റെ അരണ്ട സുതാര്യതയിൽ പ്രത്യക്ഷപ്പെട്ടു; അവയുടെ ഉള്ളിലെ രസത്തിന്റെ ഒഴുക്ക് ഞാൻ തിരിച്ചറിഞ്ഞു.ചുറ്റുപാടുമുള്ള പ്രദേശങ്ങൾ മുഴുവനും എന്റെ മുന്നിൽ തുറന്നുകിടന്നു. മുന്നിലേക്കുള്ള എന്റെ സാധാരണ കാഴ്ച, ഇപ്പോൾ എല്ലാം ഒരേസമയം ഒന്നിച്ചുകാണാവുന്ന വിസ്തൃതമായ ഒരു ഗോളാകാര ദർശനമായി മാറിയിരിക്കുന്നു. അങ്ങകലെ റായ്ഘട്ട് ഇടവഴിയിൽ ആളുകൾ നടക്കുന്നത്, എന്റെ തലയുടെ പിന്നിൽക്കൂടി ഞാൻ കണ്ടു, സാവധാനം നടന്നടുക്കുന്ന ഒരു വെളുത്ത പശുവിനെയും ഞാൻ ശ്രദ്ധിച്ചു. തുറന്ന ആശ്രമകവാടത്തിൽ എത്തിയപ്പോൾ അവളെ എന്റെ മാംസ ചക്ഷുക്കൾ കൊണ്ടെന്നപോലെ ഞാൻ നോക്കി. മുറ്റത്തെ ഇഷ്ടിക മതിലിനു പിന്നിലേക്ക് അവൾ കടന്നു പോയിട്ടും ഞാൻ അവളെ വ്യക്തമായിക്കണ്ടു.എന്റെ വിശാലദർശനത്തിലെ എല്ലാ വസ്തുക്കളും വേഗത്തിലോടുന്ന ചലച്ചിത്രംപോലെ വിറകൊള്ളുകയും സ്പന്ദിക്കുകയും ചെയ്തു. എന്റെയും ഗുരുദേവന്റെയും ശരീരം, തൂണുകളുള്ള അങ്കണം, മരസാമഗ്രികൾ, തറ, വൃക്ഷങ്ങൾ സൂര്യപ്രകാശം ഇവയെല്ലാം ഒരുമിച്ച് ഒരു പ്രകാശസാഗരമായി അലിഞ്ഞുതീരുന്നതുവരെ ഇടയ'ക്കിടെ ശക്തമായി ഇളകിമറിഞ്ഞു-കിണ്ണത്തിലെ വെള്ളത്തിലിട്ട പഞ്ചസാരത്തരികൾ ഇളക്കിക്കഴിയുമ്പോൾ അലിഞ്ഞുചേരുന്നതുപോലെ. ഏകീകരിക്കുന്ന പ്രകാശം രൂപങ്ങളുടെ ആവിർഭാവവുമായി ഇടചേർന്നുവന്നു. ഈ രൂപാന്തരങ്ങൾ സൃഷ്ടിയിലെ കാര്യകാരണ നിയമത്തെ വെളിപ്പെടുത്തി.എന്റെ ആത്മാവിന്റെ പ്രശാന്തമായ അനന്തതീരങ്ങളിൽ ഒരു സാഗരംപോലെ ആനന്ദം പൊട്ടിവിടർന്നു. ഈശ്വരചൈതന്യം അക്ഷയമായ പരമാനന്ദമാണെന്ന് ഞാൻ അറിഞ്ഞു; അദ്ദേഹത്തിന്റെ ശരീരം എണ്ണമറ്റ പ്രകാശകോശജാലങ്ങളും. പട്ടണങ്ങൾ, ഭൂഖണ്ഡങ്ങൾ, ഭൂമി, സൂര്യതാരാജാലങ്ങൾ, വിദൂരവിലോലമായ നക്ഷത്രമണ്ഡലങ്ങൾ പ്ലവനാത്മകമായ ബ്രഹ്മാണ്ഡങ്ങൾ എന്നിവയെ എന്റെ ഉള്ളിലെ മഹിമാതിരേകം ആവരണംചെയ്യാൻ തുടങ്ങി. രാത്രിയിൽ ദൂരെ കാണപ്പെടുന്ന ഒരു നഗരംപോലെ, മുഴുവൻ പ്രപഞ്ചവും എന്റെ ജീവസത്തയുടെ അനന്തതയിൽ ലഘുവായി പ്രകാശിച്ചു വിളങ്ങി. ഏറ്റവും അകലെയുള്ള അരികുകളിൽ, ഗോളങ്ങളുടെ വ്യക്തമായി വേർതിരിഞ്ഞ രൂപരേഖകൾക്കപ്പുറം, കണ്ണഞ്ചിപ്പിക്കുന്ന പ്രഭാപൂരം അല്പം മങ്ങിയിരുന്നു; അവിടെ അക്ഷയമായ ഒരു സൗമ്യപ്രഭാപ്രസരം ഞാൻ കണ്ടു. അത് അവാച്യമായി സൂക്ഷ്മമായിരുന്നു; ഗ്രഹങ്ങളുടെ ചിത്രങ്ങൾ കുറേക്കൂടി സ'ഥൂലമായ പ്രകാശത്താൽ നിർമിതമായിരുന്നു.1ഒരു ‘ ‘സനാതനമായ സ്രോതസ്സിൽ’ ’ നിന്ന് ആ ദിവ്യപ്രഭാപ്രസരം പ്രവഹിച്ചു. അത് നക്ഷത്രരാജികളിലേക്ക് പ്രകാശം ചൊരിഞ്ഞ് അവയെ അനിർവചനീയമായ ദിവ്യപരിവേഷങ്ങൾകൊണ്ടു പുനരാവിഷ്കരിച്ചു. സൃഷ്ടിക്ഷമമായ ആ പ്രകാശധാരകൾ നക്ഷത്രപംക്തികളായി ഘനീഭവിക്കുകയും പിന്നീട് അഗ്നിജ്വാലകളുടെ സുതാര്യപാളികളായി വേർതിരിയുകയും ചെയ്യുന്നത് വീണ്ടും വീണ്ടും ഞാൻ കണ്ടു. താളാത്മകമായ പ്രത്യാവർത്തിയാൽ പരകോടിലോകങ്ങൾ സുതാര്യമായ പ്രഭയാർന്നു, അഗ്നി ആകാശതലമായി മാറി.ഈ ഉദാത്തസ്വർഗത്തിന്റെ കേന്ദ്രം, എന്റെ ഹൃദയത്തിലെ ജ്ഞാനലബ്ധമായ ദർശനത്തിന്റെ ഒരു ബിന്ദുവായി ഞാൻ കണ്ടെത്തി. പ്രപഞ്ച ഘടനയുടെ ഓരോ ഭാഗത്തേക്കും എന്റെ നാഭിയിൽനിന്ന് ഒരു പ്രകാശദീപ്തി പരന്നു. അനശ്വരതയുടെ പൂന്തേനായ അമൃതം എന്നിലൂടെ, രസത്തിന്റെ ദ്രവതരളതയോടെ സ്പന്ദിച്ചു. ഈശ്വരന്റെ സൃഷ്ടിപരതയുടെ സ്വരം-പ്രപഞ്ചയന്ത്രത്തിന്റെ പ്രവർത്തനരവം-ഓംകാര2ധ്വനിയായി മുഴങ്ങുന്നത് ഞാൻ ശ്രവിച്ചു.പെട്ടെന്ന് എന്റെ ശ്വാസകോശങ്ങളിലേക്ക് ശ്വാസം തിരിച്ചെത്തി. എന്റെ അനന്തമായ വലിപ്പം നഷ്ടപ്പെട്ടതായി അസഹനീയമായ നിരാശയോടെ ഞാൻ മനസ്സിലാക്കി. പരമാത്മാവിനെ അനായാസമായി അധിവസിപ്പിക്കുവാനാവാത്ത, അപമാനിതനാക്കുന്ന ശരീരപഞ്ജരത്തിൽ ഞാൻ വീണ്ടും പരിമിതനാക്കപ്പെട്ടു. ഒരു മുടിയനായ പുത്രനെപ്പോലെ ഞാൻ എന്റെ ബ്രഹ്മാണ്ഡഗേഹത്തിൽനിന്ന് ഒളിച്ചോടി, ഇടുങ്ങിയ പിണ്ഡാണ്ഡത്തിൽ എന്നെ സ്വയം തടവുകാരനാക്കി.എന്റെ ഗുരുദേവൻ എന്റെ മുന്നിൽ നിശ്ചലനായി നില്ക്കുകയായിരുന്നു; ദീർഘകാലം ഞാൻ തീവ്രാഭിലാഷത്തോടെ തേടിയ സമാധ്യവസ'ഥയുടെ അനുഭവം എനിക്ക് നൽകിയനുഗ്രഹിച്ചതിന് കൃതജ്ഞതയോടെ അദ്ദേഹത്തിന്റെ പുണ്യപാദങ്ങളിൽ നമസ്ക്കരിക്കുന്നതിന് ഞാൻ ഒരുമ്പെട്ടു. അദ്ദേഹം എന്നെപിടിച്ചു നേരെ നിർത്തി ശാന്തനായി പറഞ്ഞു. ‘ ‘നീ ആനന്ദാതിരേകത്തിൽ ഉന്മത്തനായിത്തീരരുത്. ഈ ലോകത്ത് നിനക്ക് ചെയ്തുതീർക്കാനായി ഇനിയും വളരെയധികം ജോലികൾ ബാക്കിയുണ്ട്. വരൂ, നമുക്ക് ബാൽക്കണിയുടെ തറ തൂക്കാം; എന്നിട്ട് ഗംഗാതീരത്തുകൂടി നടക്കാം.’ ’ ഞാൻ ഒരു ചൂൽ കൊണ്ടുവന്നു; സന്തുലിതമായ ജീവിതത്തിന്റെ രഹസ്യം ഗുരുദേവൻ

എന്നെ പഠിപ്പിക്കുകയായിരുന്നുവെന്ന് ഞാൻ അറിഞ്ഞു. ശരീരം അതിന്റെ കർത്തവ്യങ്ങൾ ചെയ്യുമ്പോൾ ആത്മാവ് സൃഷ്ടിശാസ്ത്രത്തിന്റെ അഗാധതലങ്ങളിൽ വ്യാപരിക്കട്ടെ.പിന്നീട് ശ്രീ യുക്തേശ്വരനും ഞാനും നടക്കാൻ പോയപ്പോഴും ഞാൻ അവർണനീയമായ ആനന്ദാനുഭൂതിയിൽ നിർലീനനായിരുന്നു. ശുദ്ധപ്രകാശത്തിന്റെ സത്തയായ ആ നദിയുടെ കരയിലെ പാതയിലൂടെ ചലിക്കുന്ന രണ്ടു സൂക്ഷ്മചിത്രങ്ങളായി ഞങ്ങളുടെ ശരീരങ്ങൾ ഞാൻ കണ്ടു. ‘ ‘പ്രപഞ്ചത്തിലെ ഓരോ രൂപത്തെയും ശക്തിയെയും സജീവമായി നിലനിർത്തുന്നത് ഈശ്വരചൈതന്യമാണെങ്കിലും, അദ്ദേഹം സ്പന്ദിക്കുന്ന പ്രാതിഭാസികലോകത്തിനപ്പുറം പരമാനന്ദമായ അസ്പൃഷ്ടശൂന്യതയിൽ അതീന്ദ്രിയനും ദൂരസ'ഥനുമാണ്,’ ’ 3 ഗുരുദേവൻ വിശദീകരിച്ചു. ‘ ‘ഈ ലോകത്ത് ആത്മസാക്ഷാത്കാരം സിദ്ധിച്ചവർ അതുപോലുള്ള ഒരു ദ്വന്ദ്വാസ്തിത്വത്തിൽ വർത്തിക്കുന്നു. അവനവന്റെ ജോലികൾ മന:സാക്ഷിയോടെ ചെയ്യുമ്പോഴും അവർ ആന്തരികമായ നിത്യാനന്ദത്തിൽ മുഴുകിക്കഴിയുന്നു.’ ’ ‘ ‘തന്റെ സത്തയുടെ അപരിമിതമായ പരമാനന്ദത്തിൽ നിന്നാണ് ഈശ്വരൻ എല്ലാ മനുഷ്യരേയും സൃഷ്ടിച്ചിരിക്കുന്നത്. വേദനിക്കുന്ന തരത്തിൽ ശരീരംകൊണ്ട് ഞെരുക്കപ്പെട്ടവരാണെങ്കിലും, തന്റെ പ്രതിച്ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യർ അവസാനം ഇന്ദ്രിയതാദാത്മ്യ ങ്ങൾക്കുമേലേ ഉയർന്ന് തന്നോടു വീണ്ടും ഒന്നു ചേരുമെന്ന് ഈശ്വരൻ പ്രതീക്ഷിക്കുന്നു.’ ’ വിശ്വദർശനം സ'ഥിരമായ പല പാഠങ്ങളും എനിക്കു നൽകി. ജഡവസ്തുക്കളുടെ പരുക്കൻമണ്ണിൽ ചുറ്റി നടക്കുന്ന, മാംസത്തിന്റെയും അസ'ഥിയുടെയും ഒരു കൂമ്പാരമാണ് എന്റെ ശരീരമെന്ന മിഥ്യാസങ്കല്പത്തിൽനിന്ന് മോചിതനാകാൻ, എന്റെ ചിന്തകളെ ദിവസേന നിശ്ചലമാക്കുന്നതിൽകൂടി എനിക്കുകഴിഞ്ഞു. ഭൂമി, ആകാശം, മനുഷ്യർ, മൃഗങ്ങൾ, പക്ഷികൾ, മരങ്ങൾ ഇത്യാദി ഭൗതികരൂപതരംഗങ്ങളാക്കാൻ പ്രകാശസമുദ്രത്തെ പ്രക്ഷോഭിപ്പിക്കുന്ന കൊടുങ്കാറ്റുപോലെയാണ് ശ്വാസവും അസ്വസ'ഥമനസ്സുമെന്ന് ഞാൻ കണ്ടു. ആ കൊടുങ്കാറ്റുകളെ ശാന്തമാക്കാതെ ഈശ്വരനെന്ന അനന്തതയെ ഏകപ്രകാശമായി കാണാൻ കഴിയില്ല.സ്വാഭാവികമായ ഈ രണ്ടു കോളിളക്കങ്ങളെ ശാന്തമാക്കിയപ്പോഴെല്ലാം, കൊടുങ്കാറ്റടങ്ങിയ സമുദ്രത്തിലെ തിരമാലകൾ പ്രശാന്തിയിൽ ഏകത കൈവരിക്കുന്നതുപോലെ സൃഷ്ടിയിലെ അസംഖ്യം അലമാലകൾ ഒരു പ്രകാശസാഗരത്തിൽ അലിഞ്ഞുചേരുന്നത് ഞാൻ കണ്ടു.ഈ വിശ്വവിശാലദൃശ്യങ്ങൾ താങ്ങാനാവുന്ന ഒരു പരിധിവരെ തന്റെ മനസ്സിനെ ശിഷ്യൻ ധ്യാനത്താൽ ശക്തിപ്പെടുത്തിക്കഴിയുമ്പോൾ, ആചാര്യൻ ഈ ദിവ്യാനുഭവം അവനു പ്രദാനം ചെയ്യുന്നു. വെറും ബുദ്ധിപരമായ താല്പര്യമോ തുറന്ന മനസ'ഥിതിയോ മാത്രം പോരാ. സർവവ്യാപിത്വത്തിന്റെ വിമോചകമായ ആഘാതം താങ്ങാൻ ഒരുവനെ തയ്യാറാക്കാനുള്ള കഴിവ് യോഗാനുഷ്ഠാനങ്ങൾ കൊണ്ടുള്ള, മതിയായ ബോധവികാസത്തിനും ഭക്തിക്കും മാത്രമേയുള്ളൂ.ആത്മാർഥതയുള്ള സാധകന് സ്വാഭാവികമായ അനിവാര്യതയോടെ ഈ ദിവ്യാനുഭവം ഉണ്ടാകുന്നു. അവന്റെ കലശലായ അഭിവാഞ്ഛ ഈശ്വരനെ, അപ്രതിരോധ്യമായ ശക്തിയോടെ ആകർഷിക്കുന്നു. ആ വികാരതീക്ഷ്ണതയുടെ കാന്തികശക്തിയാൽ ഈശ്വരൻ പ്രപഞ്ചദർശനമായി സാധകന്റെ ബോധപരിധിക്കുള്ളിൽ എത്തിച്ചേരുന്നു.സമാധിയുടെ മഹത്വത്തിന്റെ ഒരംശം വെളിവാക്കാൻ ശ്രമിച്ചു കൊണ്ട്, താഴെക്കൊടുത്തിരിക്കുന്ന ‘ ‘സമാധി’ ’ എന്ന കവിത ഞാൻ പിൽകാലത്ത് എഴുതി:വെളിച്ചത്തിന്റെയും നിഴലിന്റെയും മൂടുപടം മാറികദനത്തിൻ ചുടുനീരാവി ആകെയടങ്ങിക്ഷണികസുഖത്തിൻ പുലരികളൊഴുകിയകന്നു,മങ്ങിയോരിന്ദ്രിയമരീചികകൾ പോയ്മറഞ്ഞു.പ്രേമവും വെറുപ്പുമാരോഗ്യവും രോഗവും, ജനനവും മരണവുംദ്വൈതത്തിൻ തിരശീലയിലെയീ വ്യാജനിഴലുകൾ ഒടുങ്ങി.മായതൻ കൊടുങ്കാറ്റഗാധമാം അന്തർ—ജ്ഞാനത്തിൻ മാന്ത്രികവടിയാലടങ്ങി.വർത്തമാനം ഭൂതഭാവിയില്ലെനിക്കിനിപ്പിന്നെയോനിത്യസാന്നിധ്യമായ് ഞാൻ, പൂർണപ്രവാഹമായ് ഞാൻഎങ്ങുമെല്ലാടവും.ഗ്രഹങ്ങൾ, താരങ്ങൾ, താരധൂളികൾ, ഭൂമിലോകാവസാനതകർച്ചതൻ അഗ്നിപർവതസ്ഫോടനങ്ങൾ,സൃഷ്ടിതൻ രൂപാധാനമൂശ,നിശ്ശബ്ദമാമജ്ഞാതകിരണപ്രവാഹമൊരുജ്വലാണവപ്രളയം,പോയ, വന്നിരിക്കുന്ന, വരാനിരിക്കുന്ന സമസ്ത മാനുഷികവിചാര,മോരോ പുൽക്കൊടിത്തലപ്പും, ഞാനും മാനവരാശിയും,പ്രപഞ്ചധൂളിയുടെയോരോ കണികയുംരോഷമാർത്തി, നന്മതിന്മ, മോക്ഷം, കാമം,ഞാൻ ഗ്രഹിച്ചുവെൻ സ്വന്തം സത്തതൻമഹാരക്തസാഗരമായി ഞാൻ രൂപാന്തരം ചെയ്തു.ധ്യാനമൂതിയൂതി ജ്വലിപ്പിച്ചപരിതോഷത്തിൻ തീക്കന—ലെന്റെ നിറകണ്ണുകളെയന്ധമാക്കിപരമാനന്ദത്തിന്നനശ്വരജ്വാലയായാളിക്കത്തി.എൻകണ്ണീരിനെയെൻ ശരീരത്തെ – യെന്റെ എല്ലാമെല്ലാമാഹരിച്ചു.നീയാണു ഞാൻ, ഞാൻ തന്നെ നീയും.അറിവുമറിവോനുമറിഞ്ഞതുമൊന്നായ്.പ്രശാന്തമാംമഖണ്ഡഹർഷം, ശാശ്വതമാം നിത്യനൂതന ശാന്തി,പ്രതീക്ഷതൻ
സങ്കല്പങ്ങൾക്കപ്പുറമാസ്വാദ്യമാംസമാധിസുഖം!ഒരബോധസ'ഥിതിയോ, ബോധമിച്ഛാനുസാരംതിരിച്ചെടുക്കാനാവാത്ത മനസ്സിൻ മയക്കുമരുന്നോ അല്ലിത്;എന്റെ ബോധസാമ്രാജ്യത്തെ നശ്വരദേഹത്തിന്നപ്പുറമുള്ളോ – രനന്തത തന്നേറ്റം വിദൂരമാമതിർത്തിയോളംവികസിപ്പിക്കുന്ന സമാധ്യവസ'ഥ.അവിടെ ഞാൻ പ്രപഞ്ചസാഗരം;അല്പമാമഹന്തയെന്നിൽ പൊന്തിക്കിടപ്പതുകാണ്മൂ ഞാൻ.ചഞ്ചലമായ പരമാണുതൻ മർമരം കേൾപ്പൂഞാൻ.ഇരുണ്ടഭൂമി, മലകൾ, താഴ്വാരങ്ങളുരുകിയ ദ്രവരൂപം!ഒഴുകുന്നകടലുകൾ

ബാഷ്പീകൃതമായ് നക്ഷത്രവ്യൂഹമായ് മാറുന്നുഅവയുടെ മറ വിസ്മയകരമായ് നീക്കിഓംകാരമവമേൽ
മുഴങ്ങുന്നു.വിശ്വദുന്ദുഭി4യുടെയന്ത്ര്യനാദത്തിൽ,സ'ഥൂലദീപങ്ങളെങ്ങുന്നിറഞ്ഞ പരമാനന്ദത്തിൻനിത്യകിരണങ്ങളിൽ മറയുംവരെവിദ്യുത്കണികകൾ തിളക്കി, മഹാസാഗരങ്ങൾ വെളിവായിടുന്നു.ആനന്ദത്തിൽനിന്നുഞാൻ വന്നു; ആനന്ദത്തിനായ് ജീവിപ്പൂ ഞാൻവിശുദ്ധാനന്ദത്തിൽതന്നെ വിലയിക്കുന്നു.മനസ്സിന്റെ പാരാവാരമായ ഞാൻ, സൃഷ്ടിയുടെയലകളെ പാനം ൊചയ ് വൂഘനം, ദ്രവം, ബാഷ്പം, പ്രകാശമീ നാലുമറകൾ മാറുന്നു.എല്ലാറ്റിലുമുള്ള ഞാൻ ‘ ‘ബൃഹത്താമെന്നിൽ’ ’
പ്രവേശിപ്പൂ.തുള്ളിവിറയ'ക്കുന്നോരൈഹികസ്മൃതികൾത – ന്നിടവിട്ടിടവിട്ടുള്ള ചഞ്ചലമാം നിഴലുക – ളെന്നേക്കുമായ് പൊയ'ക്കഴിഞ്ഞു;കീഴിലും മേലിലുമ്മേലേയുയരത്തും നിർമലമായെൻ ഹൃദയാകാശം,അനന്തതയും ഞാനുമൊന്നായൊരു കിരണമാച്ചിരിയുടെയൊരു ചെറുകുമിള ഞാനിതാഗരാനന്ദസാഗരം തന്നെയായ്ത്തീർന്നു.അനുഗൃഹീതമായ ആ അനുഭവം ഇച്ഛാനുസരണം എങ്ങനെ കൈവരിക്കാമെന്നും, അന്തർജ്ഞാനത്തിന്റെ സ്രോതസ്സുകൾ വികസിച്ച മറ്റുള്ളവരിലേക്ക് എങ്ങനെ പകരാമെന്നും5 ശ്രീ യുക്തേശ്വരൻ എന്നെ പഠിപ്പിച്ചു.ആ ആദ്യാനുഭവത്തിനുശേഷം പല മാസങ്ങളോളം, ദിവസേന ഞാൻ ആനന്ദനിർവൃതിയുടെ ആത്മസംഗമത്തിൽ പ്രവേശിച്ചു. ഉപനിഷത്തുക്കൾ ഈശ്വരൻ ‘ ‘രസ’ ’ മാണെന്നു പറയുന്നത് എന്തുകൊണ്ടാണെന്ന് അങ്ങനെ ഞാൻ മനസ്സിലാക്കി. എന്നിരുന്നാലും, ഒരു പ്രഭാതത്തിൽ ഒരു പ്രശ്നവുമായി ഞാൻ ഗുരുദേവനെ സമീപിച്ചു. ‘ ‘പ്രഭോ എനിക്ക് ഒരു കാര്യം അറിയണം. ഞാൻ ഈശ്വരനെ എന്നാണ് കണ്ടെത്തുന്നത്? ’ ’ ‘ ‘നീ അദ്ദേഹത്തെ കണ്ടെത്തിക്കഴിഞ്ഞു.’ ’ ‘ ‘ഓ, ഇല്ല പ്രഭോ, എനിക്ക് അങ്ങനെ തോന്നുന്നില്ല!’ ’ എന്റെ ഗുരുദേവൻ പുഞ്ചിരിക്കുകയായിരുന്നു. ‘ ‘ഈ പ്രപഞ്ച ത്തിന്റെ അണുനിരുദ്ധമായ ഏതോ ഒരു കോണിൽ, ഒരു സിംഹാസനത്തെ അലങ്കരിക്കുന്ന ഒരു വന്ദ്യപുരുഷനെയല്ല നീ പ്രതീക്ഷിക്കുന്നതെന്ന് ഞാൻ കരുതുന്നു! എങ്കിലും, ദിവ്യസിദ്ധികളുടെ പ്രാപ്തി, ഒരാൾ ഈശ്വരനെ കണ്ടെത്തിയതിന്റെ തെളിവാണെന്ന് നീ സങ്കല്പിക്കുന്നതായി ഞാൻ കാണുന്നു. അല്ല, പ്രപഞ്ചത്തെ മുഴുവൻ നിയന്ത്രിക്കാനുള്ള ശക്തി ഒരാൾ നേടിയേക്കാം. എന്നിട്ടും ജഗദീശ്വരൻ അപ്രാപ്യനായി അനുഭവപ്പെടാം. ഒരാളുടെ ധ്യാനത്തിലുള്ള ആനന്ദാനുഭൂതിയുടെ ആഴംമാത്രംകൊണ്ടാണ്, അല്ലാതെ ബാഹ്യമായ സിദ്ധികളുടെ പ്രദർശനം വച്ചുകൊണ്ടല്ലാ ആത്മീയപുരോഗതി അളക്കേണ്ടത്. ‘ ‘നിത്യനൂതന ആനന്ദമാണ് ഈശ്വരൻ. അദ്ദേഹം അക്ഷയനാണ്; കൊല്ലങ്ങളായി ധ്യാനം തുടരുമ്പോഴും അദ്ദേഹം അനന്തമായ വൈഭവത്തോടെ നമ്മെ കബളിപ്പിക്കും. ഈശ്വരനിലേക്കുള്ള പാത കണ്ടെത്തിയ നിന്നെപ്പോലുള്ള സാധകർ അദ്ദേഹത്തെ മറ്റേതെങ്കിലുമായി വച്ചുമാറാൻ സ്വപ്നത്തിൽപോലും ചിന്തിക്കുകയില്ല. മറ്റൊന്നിനും മത്സരിക്കാനാവാത്ത കിടയറ്റ വശ്യത അദ്ദേഹത്തിനുണ്ട്. ‘ ‘എത്രവേഗം നമുക്ക് ലൗകികസുഖങ്ങൾ മടുക്കുന്നു! ലൗകിക വസ്തുക്കൾക്കുവേണ്ടിയുള്ള ആഗ്രഹം അവസാനമില്ലാത്തതാണ്; മനുഷ്യൻ ഒരിക്കലും പൂർണമായി സംതൃപ്തനല്ല. അവൻ ഒന്നിനുശേഷം മറ്റൊരു ലക്ഷ്യത്തെ പിൻതുടരുന്നു. അവൻ തേടുന്ന ആ ‘ ‘മറ്റ് ഏതോ ഒന്ന്’ ’ ഈശ്വരനാണ്. അദ്ദേഹത്തിനു മാത്രമേ ശാശ്വതമായ ആനന്ദം നൽകാൻ കഴിയൂ. ‘ ‘ബാഹ്യമായ അഭിലാഷങ്ങൾ നമ്മെ ഉള്ളിലെ സ്വർഗരാജ്യ ത്തുനിന്ന് ആട്ടിയോടിക്കുന്നു; അവ ആത്മസൗഖ്യത്തിന്റെ കപടവേഷം ധരിച്ച അയഥാർഥസുഖങ്ങൾ വച്ചുനീട്ടുന്നു. ആ നഷ്ടസ്വർഗം ദിവ്യമായ ധ്യാനത്തിലൂടെ വേഗത്തിൽ വീണ്ടെടുക്കാം. ഈശ്വരൻ പ്രതീക്ഷയ'ക്ക് അപ്പുറത്തുള്ള നിത്യനൂതനതയാകയാൽ നാം ഒരിക്കലും അദ്ദേഹത്തിൽ മടുക്കുന്നില്ല. അനന്തതയിലൂടെ സന്തുഷ്ടികരമായ വൈവിധ്യമാർന്ന പരമാനന്ദത്തിൽ നമുക്ക് മടുപ്പുണ്ടാകുമോ?’ ’ ‘ ‘ദിവ്യന്മാർ അദ്ദേഹത്തെ അമേയനെന്നു വിളിക്കുന്നത് എന്തുകൊണ്ടാണെന്ന് എനിക്ക് ഇപ്പോൾ മനസ്സിലായി, ഗുരുദേവാ. ഒരു ചിരസ'ഥായിയായ ജീവിതംപോലും അദ്ദേഹത്തെ വിലയിരുത്താൻ മതിയാവില്ല.’ ’ ‘ ‘അതു ശരിയാണ്; പക്ഷേ അദ്ദേഹം സമീപനും പ്രിയനും കൂടിയാണ്. ക്രിയായോഗത്തിലൂടെ മനസ്സിനെ ഇന്ദ്രിയപരമായ തടസ്സങ്ങളിൽനിന്ന് വിമോചിപ്പിച്ചാൽ ധ്യാനം ഈശ്വരന്റെ രണ്ടുതരത്തിലുള്ള തെളിവുകൾ തരുന്നു. നമ്മുടെ ചേതനയുടെ അണുക്കൾക്കു പോലും ബോധ്യമാകുന്ന, നിത്യനൂതനമായ ആനന്ദാനുഭൂതി അദ്ദേഹത്തിന്റെ അസ്തിത്വത്തിന് തെളിവാണ്. ഏതു ബുദ്ധിമുട്ടിനും പരിഹാരമെന്നനിലയിലുള്ള അദ്ദേഹത്തിന്റെ തൽക്ഷണമായ മാർഗദർശനം ധ്യാനത്തിൽ ഒരാൾക്കുണ്ടാകുന്നു എന്നതാണ് മറ്റേത്. ’ ’ ‘ ‘എനിക്ക് മനസ്സിലായി, ഗുരുദേവാ; അങ്ങ് എന്റെ പ്രശ്നം പരിഹരിച്ചു.’ ’ ഞാൻ ചാരിതാർഥ്യത്തോടെ പുഞ്ചിരിച്ചു. ‘ ‘ഞാൻ ഈശ്വരനെ കണ്ടെത്തിയെന്ന് ഇപ്പോൾ ഞാൻ മനസ്സിലാക്കുന്നു. കാരണം എന്റെ നിത്യജീവിതത്തിലെ പ്രവർത്തനവേളകളിൽ ധ്യാനത്തിന്റെ ആനന്ദം ബോധപൂർവമല്ലാതെ എപ്പോഴൊക്കെ തിരിച്ചുകിട്ടിയിട്ടുണ്ടോ അപ്പോഴെല്ലാം ചെറിയ വിശദാംശങ്ങളിൽ പോലും ശരിയായ പാതയിലേക്ക് ഞാൻ സൂക്ഷ്മമായി നയിക്കപ്പെട്ടിട്ടുണ്ട്.’ ’
‘ ‘ഈശ്വരേച്ഛയുമായി പൊരുത്തെപ്പെടാൻ അറിയുന്നതുവരെ മനുഷ്യജീവിതം ദുരിതപൂരിതമായിരിക്കും. അഹംഭാവത്തിന്റെ ബുദ്ധിപരതയ'ക്ക് ഈശ്വരേച്ഛയുടെ ‘ശരിയായ പാത ’ പലപ്പോഴും കുഴക്കുന്നതായിരിക്കും.’ ’ ഗുരുദേവൻ പറഞ്ഞു. ‘ ‘ഈശ്വരൻമാത്രം തെറ്റുപറ്റാത്ത ഉപദേശം തരുന്നു. അദ്ദേഹമല്ലാതെ മറ്റാരാണ് പ്രപഞ്ചത്തിന്റെ ഭാരം വഹിക്കുന്നത്?

’ ’ [image file=image_rsrc1XA.jpg] സ്വാമി ശ്രീയുക്തേശ്വര ഗിരി പത്മാസനത്തിൽ [image file=image_rsrc1XF.jpg] 1 പ്രകാശത്തെ സൃഷ്ടിയുടെ സാരമായി 30-ാം അധ്യായത്തിൽ വിശദീകരിച്ചിരിക്കുന്നു.2 ‘ ‘ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവമായിരുന്നു’ ’ -യോഹന്നാൻ 1:1 (ബൈബിൾ)3 ‘ ‘പിതാവ് ആരെയും ന്യായം വിധിക്കാതെ, ന്യായവിധി എല്ലാം പുത്രനു കൊടുത്തിരിക്കുന്നു’ ’ യോഹന്നാൻ 5:22. ‘ ‘ ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു’ ’ –യോഹന്നാൻ 1:18. ‘ ‘ദൈവം... സകലതും യേശുക്രിസ്തുവിലൂടെ സൃഷ്ടിച്ചു’ ’ -എഫേസോസുകാർ 3:9. ‘ ‘ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും; ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ട് അതിൽ വലിയതും അവൻ ചെയ്യും.; -യോഹന്നാൻ 14:12. ‘ ‘പിതാവ് എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ'ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചുതരികയും ഞാൻ നിങ്ങളോട് പറഞ്ഞത് ഒക്കെയും നിങ്ങളെ ഓർമപ്പെടുത്തുകയും ചെയ്യും.’ ’ -യോഹന്നാൻ 14:26 (ബൈബിൾ).ഈ ബൈബിൾ വാക്യങ്ങൾ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ഈശ്വരന്റെ ത്രിവിധസ്വഭാവത്തെ പരാമർശിക്കുന്നു. (സത്, തത്, ഓം എന്ന് ഹിന്ദുശാസ്ത്ര ഗ്രന്ഥങ്ങളിൽ). ഈശ്വരൻ പിതാവെന്ന നിലയിൽ സൃഷ്ടിസ്പന്ദനത്തിന് അതീതമായ കേവല അമൂർത്തതയാണ്. ഈശ്വരൻ പുത്രൻ എന്ന അവസ'ഥയിൽ സൃഷ്ടിയുടെ സ്പന്ദനത്തിനകത്ത് സ'ഥിതിചെയ്യുന്ന ക്രിസ്തുബോധം (ബ്രഹ്മം അഥവാ കൂടസ'ഥചൈതന്യം) ആണ്; ഇതാണ് അസ്പൃഷ്ടമായ അനന്തതയുടെ ഏകപ്രതിഫലനം - ‘ ‘ഏകജാതൻ’ ’ . സർവവ്യാപിയായ ആ ക്രിസ്തുബോധത്തിന്റെ ബാഹ്യമായ ആവിഷ്കാരം, അതിന്റെ ‘ ‘സാക്ഷി’ ’ (വെളിപാട് 3：14)യാണ് ഓം, വചനം അഥവാ പരിശുദ്ധാത്മാവ് : അദൃശ്യമായ ദൈവിക ശക്തി, ഒരേ ഒരു കർത്താവ്, സൃഷ്ടിയെ മുഴുവൻ വഹിക്കുന്ന നിമിത്ത, കാരണശക്തി. ‘ ‘എല്ലാ വസ്തുക്കളെയും.... ഓർമയിലേക്ക് കൊണ്ടുവന്ന്’ ’ ആത്യന്തിക സത്യത്തെ സാധകനു വെളിെപ്പെടുത്തുന്ന പരമാനന്ദദായകമായ ‘ഓംകാരം’ ധ്യാനത്തിൽ കേൾക്കുന്നു.4 ഓം, സൃഷ്ടിയെ ബഹിർസ്ഫുരിപ്പിക്കുന്ന സ്പന്ദനം.5 അനേകം പാശ്ചാത്യരും പൗരസ്ത്യരുമായ ക്രിയായോഗികൾക്ക് വിശ്വബോധം ഞാൻ പകർന്നുകൊടുത്തിട്ടുണ്ട്. അവരിൽ ഒരാൾ ശ്രീ. ജയിംസ് ജെ. ലിൻ സമാധിസ'ഥനായിരിക്കുന്നത് ഈ ചിത്രത്തിൽ കാണുക.അധ്യായം 15കോളിഫ്ളവർ മോഷണം ‘ ‘ഗുരുദേവാ, അങ്ങയ'ക്ക് ഒരു സമ്മാനം! ഈ വളരെ വലിയ ആറു കോളിഫ്ളവർ എന്റെ കൈകൊണ്ടു നട്ടതാണ്; ഒരമ്മ സ്വന്തം കുഞ്ഞിനെ ശുശ്രൂഷിക്കുന്ന സ്നേഹവായ്പ്പോടെ ഞാൻ അവ വളരുന്നത് നോക്കി നിന്നിട്ടുണ്ട്.’ ’ ഉപചാരത്തിന്റെ വാഗ്ദാടിയോടെ ഞാൻ ആ മലക്കറിക്കുട്ട കാഴ്ചവച്ചു. ‘ ‘നിനക്കു നന്ദി!’ ’ ശ്രീ യുക്തേശ്വരന്റെ പുഞ്ചിരി അഭിനന്ദനം കൊണ്ട് ഊഷ്മളമായിരുന്നു. ‘ ‘അവ നിന്റെ മുറിയിൽ സൂക്ഷിക്കൂ; നാളെ രാത്രിയിലെ പ്രത്യേകവിരുന്നിന് എനിക്ക് അവ വേണം.’ ’ കോളേജിന്റെ മധ്യവേനൽ അവധി എന്റെ ഗുരുദേവനോടൊത്ത് പുരിയിൽ അദ്ദേഹത്തിന്റെ സമുദ്രതീര ആശ്രമത്തിൽ ചെലവഴിക്കാനായി ഞാൻ എത്തിയതേ ഉണ്ടായിരുന്നുള്ളൂ. ഗുരുദേവനും ശിഷ്യന്മാരുംകൂടി രണ്ടു നിലയിൽ പടുത്തുയർത്തിയ പ്രസാദപൂർണമായ ആ ചെറിയ ആശ്രമം ബംഗാൾ ഉൾക്കടലിന് അഭിമുഖമായിരുന്നു.ഉപ്പുള്ള കടൽക്കാറ്റും ആശ്രമത്തിന്റെ പ്രശാന്തചാരുതയും നുകർന്ന് ഉന്മേഷം കൈവരിച്ച ഞാൻ അടുത്ത പ്രഭാതത്തിൽ നേരത്തേ ഉണർന്നു. എന്റെ ഗുരുദേവന്റെ ഇമ്പമേറിയ ശബ്ദം എന്നെ വിളിക്കുകയായി. എന്റെ പ്രിയപ്പെട്ട കോളിഫ്ളവറിനെ ഒന്നു നോക്കി ഞാൻ അവയെ കട്ടിലിനടിയിൽ ഭംഗിയായി ഒളിച്ചുവച്ചു. ‘ ‘വരൂ, നമുക്ക് കടൽതീരത്തേക്കു പോകാം.’ ’ ഗുരുദേവൻ മുമ്പേ നടന്നു; അനേകം യുവശിഷ്യന്മാരും ഞാനും ചിന്നിച്ചിതറിയ ഒരു കൂട്ടമായി പിൻതുടർന്നു. ലഘുവായ ഒരു കുറ്റാരോപണഭാവത്തിൽ ഗുരുദേവൻ ഞങ്ങളെയെല്ലാവരെയും ഒന്നു നോക്കി. ‘ ‘നമ്മുടെ പാശ്ചാത്യസഹോദരങ്ങൾ നടക്കുമ്പോൾ, ഒരുമിച്ചുള്ള കാൽവയ്പിൽ അവർ മിക്കപ്പോഴും അഭിമാനം കൊള്ളുന്നു. ഇപ്പോൾ നിങ്ങൾ രണ്ടുവരിയായി നടക്കൂ; ഓരോരുത്തരും ഒരേ താളത്തിൽ ചുവടുവയ'ക്കൂ.’ ’ നിർദ്ദേശം ഞങ്ങൾ അനുസരിക്കുന്നത് ശ്രീ യുക്തേശ്വരൻ നിരീക്ഷിച്ചു; അദ്ദേഹം പാടാൻ തുടങ്ങി. ‘ ‘കുട്ടികൾ പോകൂ മുൻപേ പിൻപേ, പന്തിയിൽ ചന്തമെഴുമ്പോലെ.’ ’ തന്റെ യുവശിഷ്യരുടെ ചുറുചുറുക്കുള്ള കാൽവയ്പിനൊത്ത് അനായാസം നടക്കാനുള്ള ഗുരുദേവന്റെ കഴിവിൽ എനിക്കു മതിപ്പുതോന്നി. ‘ ‘നില്ക്കൂ!’ ’ ഗുരുദേവന്റെ കണ്ണുകൾ എന്റെ കണ്ണുകൾ തേടി. ‘ ‘ആശ്രമത്തിന്റെ പിൻവാതിൽ പൂട്ടാൻ നീ ഓർമിച്ചുവോ?’ ’ ‘ ‘അടച്ചു എന്നു തോന്നുന്നു, ഗുരോ.’ ’ ചുണ്ടിൽ അടക്കിയ ഒരു പുഞ്ചിരിയുമായി അല്പനേരം ശ്രീ യുേക്തശ്വരൻ നിശ്ശബ്ദനായി. ‘ ‘ഇല്ല, നീ മറന്നു,’ ’ ഒടുവിൽ അദ്ദേഹം പറഞ്ഞു. ‘ ‘ ലൗകികകാര്യങ്ങളിൽ അശ്രദ്ധയ'ക്ക് ഈശ്വരവിചാരം ഒരു ഒഴിവുകഴിവാകാൻ പാടില്ല. ആശ്രമം കാത്തുസൂക്ഷിക്കുക എന്ന നിന്റെ കർത്തവ്യം നീ അവഗണിച്ചു; അതിന് നീ ശിക്ഷിക്കപ്പെടണം.’ ’ ‘ ‘നിന്റെ ആറു കോളിഫ്ളവർ താമസിയാതെ അഞ്ചായിക്കുറയും,’ ’ എന്ന് അദ്ദേഹം കൂട്ടിച്ചേർത്തപ്പോൾ അദ്ദേഹം ദുർഗ്രഹമായ ഏതോ തമാശ പറയുകയാണെന്നു ഞാൻ കരുതി.ഗുരുദേവന്റെ ആജ്ഞയനുസരിച്ച് ഞങ്ങൾ പിൻതിരിഞ്ഞ് ആശ്രമത്തിനടുത്തെത്തുംവരെ അടിവച്ചുനീങ്ങി. ‘ ‘ഒരല്പം വിശ്രമിക്കൂ. മുകുന്ദാ, നമ്മുടെ ഇടതുവശത്തുള്ള പുരയിടത്തിനപ്പുറത്തുള്ള പാത ശ്രദ്ധിക്കൂ. ഉടനെ ഒരാൾ അവിടെ വന്നെത്തും; നിന്റെ

ശിക്ഷയ'ക്കുള്ള ഉപാധി അയാളായിരിക്കും.' ' അർഥം മനസ്സിലാക്കാനാവാത്ത ഈ പരാമർശത്തിൽ എനിക്കു ണ്ടായ വല്ലായ്മ ഞാൻ മറച്ചുവച്ചു. അവലക്ഷണമായി ആടിയുലഞ്ഞ് അർഥമില്ലാത്ത ആംഗ്യങ്ങൾ കൈകൊണ്ടുകാട്ടിക്കൊണ്ട് ഒരു ഗ്രാമീണൻ വഴിയിൽ ഉടനെ പ്രത്യക്ഷനായി. ജിജ്ഞാസ കൊണ്ട് ഏറെക്കുറെ തളർന്ന ഞാൻ ഈ രസകരമായ കാഴ്ചയിൽ കണ്ണുനട്ടു. ഞങ്ങളുടെ ദൃഷ്ടിയിൽ നിന്നുമറയുന്ന ഒരു ഭാഗത്ത് അയാൾ എത്തിയപ്പോൾ ശ്രീ യുക്തേശ്വരൻ പറഞ്ഞു, ' 'ഇനി അയാൾ തിരിച്ചുവരും.' ' ഉടൻതന്നെ ആ ഗ്രാമീണൻ തന്റെ യാത്രയുടെ ദിശമാറ്റിയിട്ട് ആശ്രമത്തിന്റെ പിൻഭാഗത്തേയ'ക്ക് നീങ്ങി. ഒരു മണൽവിരിപ്പ് മുറിച്ചു കടന്ന്, പിൻവാതിലിൽകൂടി അയാൾ കെട്ടിടത്തിൽ പ്രവേശിച്ചു. എന്റെ ഗുരുദേവൻ പറഞ്ഞതുപോലെ ഞാൻ അത് പൂട്ടാതെ ഇട്ടിരുന്നു. അല്പം കഴിഞ്ഞ്, എന്റെ അമൂല്യമായ കോളിഫ്ളവറുകളിൽ ഒന്നുമായി അയാൾ പുറത്തുവന്നു. തന്റെ പുതിയ മുതലിന്റെ മാന്യത ഉൾക്കൊണ്ടുകൊണ്ട് അയാൾ അന്തസ്സായി അടിവച്ച് നടന്നു നീങ്ങി.വെളിവായിക്കൊണ്ടിരുന്ന ആ പ്രഹസനത്തിൽ എന്റെ ഭാഗം അമ്പരന്ന ഒരു ഇരയുടേതാണെന്നു തോന്നിയെങ്കിലും അത് അത്ര നിരാശാജനകമല്ലാതിരുന്നതുകാരണം ധർമരോഷത്തോടെ മോഷ്ടാവിനെ പിൻതുടരുന്നതിൽ ഞാൻ പരാജയപ്പെട്ടു. ഗുരുദേവൻ തിരിച്ചു വിളിച്ചപ്പോൾ ഞാൻ പാതയിലേയ'ക്ക് പാതിദൂരം എത്തിയിരുന്നു. ചിരികൊണ്ട് അദ്ദേഹം അടിതൊട്ടുമുടിവരെ കുലുങ്ങുകയായിരുന്നു. ' 'പാവം, കൊതിക്കിറുക്കുകയറിയ ആ മനുഷ്യൻ ഒരു കോളിഫ്ളവറിനുവേണ്ടി ദാഹിക്കുകയായിരുന്നു,' ' കുടഞ്ഞിട്ടു ചിരിക്കുന്നതിനിടയിൽ അദ്ദേഹം വിശദീകരിച്ചു. ' 'ഒട്ടും സൂക്ഷിക്കാതെ വച്ചിരുന്ന കോളിഫ്ളവറിലൊന്ന് അയാൾക്കു കിട്ടുന്നത് ഒരു നല്ല ആശയമായി എനിക്കു തോന്നി.' ' എന്റെ മുറിയിലേയ'ക്ക് ഞാൻ കുതിച്ചുചെന്നപ്പോൾ, കോളിഫ്ളവറിന്റെ പ്രകടമായും ബഹുകമ്പക്കാരനായ കള്ളൻ, കമ്പളത്തിന്റെ മേലേ കാണത്തക്കവണ്ണം കിടന്നിരുന്ന എന്റെ സ്വർണമോതിരങ്ങൾ, വാച്ച്, പണം എന്നിവ തൊട്ടിട്ടില്ലെന്നു കണ്ടു. പകരം കട്ടിലിന്റെ അടിയിലേക്കു ഇഴഞ്ഞുകയറി അയാൾ; ഒറ്റനോട്ടത്തിൽ കാണാനാവാത്ത കോളിഫ്ളവറിന്റെ കൂട അയാളുടെ ഒരേ ഒരു ഹൃദയാഭിലാഷം സാധിച്ചു കൊടുത്തു.ചിന്താകുഴപ്പമുണ്ടാക്കുന്ന ഏതാനും പ്രത്യേകതകളുണ്ടെന്നു ഞാൻ വിചാരിച്ച ആ സംഭവം വിശദീകരിക്കാൻ അന്നു വൈകുന്നേരം ഞാൻ ശ്രീ യുക്തേശ്വരനോട് ആവശ്യപ്പെട്ടു.എന്റെ ഗുരുദേവൻ സാവധാനം തലകുലുക്കി. ' 'ഒരിക്കൽ നീ അതു മനസ്സിലാക്കും. ഇതുപോലെ ഒളിഞ്ഞിരിക്കുന്ന നിരവധി നിയമങ്ങൾ ശാസ്ത്രം ഉടനെതന്നെ കണ്ടെത്തും.' ' കുറച്ചുവർഷങ്ങൾക്കുശേഷം, വിസ്മയഭരിതമായ ഒരു ലോകത്തിനുമേൽ റേഡിയോയുടെ അത്ഭുതങ്ങൾ പൊടുന്നനെ വിടർന്നപ്പോൾ ഞാൻ ഗുരുദേവന്റെ പ്രവചനം ഓർമിച്ചു. യുഗങ്ങളുടെ പഴക്കമുള്ള കാലദേശങ്ങളുടെ സങ്കല്പങ്ങൾ ഇല്ലായ്മചെയ്യപ്പെട്ടു; ഒരു മനുഷ്യന്റെയും വീട് ലണ്ടനോ കൽക്കത്തയ'ക്കോ കടന്നെത്താനാവാത്തവണ്ണം ഇടുങ്ങിയ തല്ലാതായി! മനുഷ്യന്റെ സർവസാന്നിധ്യത്തിന്റെ ഈ ഒരു ഭാവത്തിന്റെ അനിഷേധ്യമായ തെളിവിനുമുമ്പിൽ ഏറ്റവും വലിയ ജഡബുദ്ധിയും വികസ്വരമായിത്തീർന്നു.കോളിഫ്ളവർ നാടകത്തിലെ സംഭവഗതി റേഡിയോയുടെ ദൃഷ്ടാന്തംകൊണ്ട് ഏറെ ഭംഗിയായി മനസ്സിലാക്കാം.1 എന്റെ ഗുരുദേവൻ ഒരു ഒന്നാംതരം മനുഷ്യറേഡിയോ ആയിരുന്നു. ചിന്തകൾ, ആകാശത്തു ചലിച്ചു കൊണ്ടിരിക്കുന്ന സൂക്ഷ്മസ്പന്ദനങ്ങളെന്നുള്ളതിൽക്കവിഞ്ഞ് ഒന്നുമല്ല. എല്ലാദിശകളിൽനിന്നുമുള്ള ആയിരക്കണക്കിന് മറ്റു പരിപാടികളിൽനിന്ന്, ആവശ്യമുള്ള ഒരു സംഗീതപരിപാടി, ശരിയായി റ്റ്യൂൺ ചെയ്ത ഒരു റേഡിയോ പിടിച്ചെടുക്കുന്നതുപോലെ, ലോകത്തിലെ മനുഷ്യമനസ്സുകൾ പ്രേഷണം ചെയ്യുന്ന എണ്ണമറ്റ ചിന്തകളിൽനിന്ന് സംഗതമായ ഒരു ചിന്തയോട് (ഒരു കോളിഫ്ളവറിനുവേണ്ടി കൊതിക്കുന്ന ഒരു അരക്കിറുക്കന്റെ ചിന്തയോട്) ശ്രീ യുക്തേശ്വരൻ സൂക്ഷ്മസംവേദിയായിരുന്നു. സമുദ്രതീരത്തേക്കുള്ള യാത്രാമധ്യേ അയാളുടെ ചെറിയ മോഹം ഗുരുദേവൻ അറിഞ്ഞയുടനെ അതു സാധിച്ചുകൊടുക്കുന്നതിന് അദ്ദേഹം ഒരുക്കമായി. അയാൾ വഴിയിൽകൂടി തുള്ളിത്തുള്ളി വരുന്നത് ശിഷ്യന്മാർക്ക് കാണാൻകഴിയുന്നതിനുമുമ്പുതന്നെ ശ്രീ യുക്തേശ്വരന്റെ ദിവ്യദൃഷ്ടി അയാളെ കണ്ടെത്തി. ആശ്രമവാതിൽ പൂട്ടുന്നതിൽ എനിക്കു പറ്റിയ മറവി, ഞാൻ വളരെയേറെ വിലമതിച്ചിരുന്ന കോളിഫ്ളവറിൽ ഒന്ന് എന്നിൽനിന്ന് അപഹരിക്കുന്നതിനു പറ്റിയ ഒരു ഒഴിവുകഴിവ് ഗുരുദേവനു നൽകി.അങ്ങനെ ഒരു സ്വീകരണയന്ത്രമായി വർത്തിച്ചശേഷം തന്റെ കരുത്തുറ്റ ഇച്ഛാശക്തിയാൽ ശ്രീ യുക്തേശ്വരൻ ഒരു സംപ്രേഷണയന്ത്രമായും പ്രവർത്തിച്ചു. ആ വിധത്തിൽ ഗ്രാമീണനോട് തന്റെ കാലടികൾ പുറകോട്ടു വയ'ക്കാനും ഒരൊറ്റ കോളിഫ്ളവറിനുവേണ്ടി ഒരു പ്രത്യേക മുറിയിലേക്കുപോകാനും അദ്ദേഹം വിജയകരമായി നിർദേശിച്ചു.മനുഷ്യന്റെ മനസ്സ് നിശ്ചലമാകുന്ന നിമിഷങ്ങളിൽ അവനിൽ സ്വാഭാവികമായി പ്രത്യക്ഷപ്പെടുന്ന ആത്മാവിൽനിന്നുള്ള മാർഗദർശനമാണ് അന്തർജ്ഞാനം. ഒട്ടുമിക്കപേർക്കും വിശദീകരിക്കാനാവാത്ത ഒരു നിഗമനത്തിന്റെയോ അല്ലെങ്കിൽ തന്റെ ചിന്തകൾ കൃത്യമായി മറ്റൊരാളിലേക്ക് പകർന്നിട്ടുള്ളതിന്റെയോ അനുഭവം ഉണ്ടായിട്ടുണ്ടാവും.ചിന്തകൾ അയയ'ക്കുകയും സ്വീകരിക്കുകയും ചെയ്യുക, വേണ്ടാത്തവയെ തള്ളിക്കളയുക എന്നിങ്ങനെ സങ്കീർണമായ റേഡിയോ പ്രവർത്തനത്തിന്റെ എല്ലാധർമങ്ങളും 'അസ്വസ'ഥത' അഥവാ ചാഞ്ചല്യത്തിന്റെ പൊട്ടലുകളിലും ചീറ്റലുകളിലും നിന്നു മോചിതമായ മനുഷ്യമനസ്സിന് നിർവഹിക്കാനുള്ള കഴിവുണ്ട്. ഒരു റേഡിയോസംപ്രേഷണനിലയത്തിന്റെശക്തി, അതിന് ഉപയോഗിക്കാൻ കഴിയുന്ന

വൈദ്യുതിയുടെ അളവനുസരിച്ചു ക്രമപ്പെടുത്തിയിരിക്കുന്നതുപോലെ, ഒരു മനുഷ്യ റേഡിയോയുടെയും സഫലത അതതു വ്യക്തിക്കുള്ള ഇച്ഛാശക്തിയുടെ ഏറ്റക്കുറച്ചിലിനെ ആശ്രയിച്ചിരിക്കുന്നു.എല്ലാ ചിന്തകളും ബ്രഹ്മാണ്ഡത്തിൽ ശാശ്വതമായി സ്പന്ദിച്ചു കൊണ്ടിരിക്കുന്നു. ജീവിച്ചിരിക്കുന്നതോ മരിച്ചതോ ആയ ഏതു വ്യക്തിയുടെയും ചിന്തകൾ കണ്ടെത്താൻ ഗാഢമായ ഏകാഗ്രതകൊണ്ട് ഒരു ആചാര്യനുകഴിയും. ചിന്തകൾ വ്യക്തിഗതമായല്ലാ, പ്രാപഞ്ചികമായാണ് രൂഢമൂലമായിരിക്കുന്നത്; സത്യത്തെ സൃഷ്ടിക്കാൻ കഴിയുകയില്ല, ദർശിക്കാനേ കഴിയൂ. ഒരു മനുഷ്യന്റെ തെറ്റായ ചിന്തയുടെ കാരണം അയാളുടെ വിവേചനത്തിന്റെ ഏതെങ്കിലും വലുതോ ചെറുതോ ആയ അപൂർണതയാണ്. യോഗശാസ്ത്രത്തിന്റെ ലക്ഷ്യം മനസ്സിനെ പ്രശാന്തമാക്കുകയെന്നതാണ്. തൽഫലമായി ഒരിക്കലും തെറ്റാത്ത അന്ത:കരണത്തിന്റെ ശബ്ദം വൈകല്യം കൂടാതെ അതിനു കേൾക്കാൻ കഴിയും.വിദൂരരായവരുടെ ശബ്ദവും രൂപവും ജനകോടികളുടെ വീട്ടിൽ റേഡിയോയും ടെലിവിഷനും തൽക്ഷണം എത്തിച്ചിരിക്കുന്നു: മനുഷ്യൻ സർവവ്യാപിയായ ചൈതന്യമാണെന്നതിന്റെ ആദ്യത്തെ ലഘുവായ ശാസ്ത്രരീത്യാലുള്ള വെളിപാടാണിത്. അഹങ്കാരം ഏറ്റവും നികൃഷ്ടമായ രീതികളിൽ അവനെ അടിമയാക്കുവാൻ ഗൂഢാലോചന ചെയ്യുന്നുവെങ്കിലും ശൂന്യാകാശത്തിലെ ഒരു ബിന്ദുവിൽ ഒതുക്കപ്പെട്ട ഒരു ശരീരമല്ല മനുഷ്യൻ, നേരെമറിച്ച് അവൻ സർവവ്യാപിയായ ആത്മാവാണ്.ശരീരവിജ്ഞാനത്തിൽ നോബൽ സമ്മാനം നേടിയ ചാൾസ് റോബർറ്റ് റിഷേ2 പ്രഖ്യാപിച്ചു: ‘ ‘കഴിഞ്ഞ നൂറ്റാണ്ടിൽ ശാസ്ത്രം നമ്മെ പഠിപ്പിച്ച വസ്തുതകൾ നമ്മെ ഇപ്പോൾ അത്ഭുതപ്പെടുത്താത്തതുപോലെ തീരെ അപരിചിതവും അത്യത്ഭുതകരവും തീർത്തും അസാധ്യമെന്നു തോന്നുന്നതുമായ പ്രതിഭാസങ്ങൾ ഒരിക്കൽ തെളിയിക്കപ്പെട്ടുകഴിഞ്ഞാൽ പിന്നീട് നമ്മെ ഒട്ടും അത്ഭുതാധീനരാക്കുകയില്ല. ഇന്ന് അത്ഭുതംകൂടാതെ നാം അംഗീകരിക്കുന്ന പ്രതിഭാസങ്ങൾ നമ്മുടെ ആശ്ചര്യത്തെ ഉണർത്താത്തത് അവയെ നാം മനസ്സിലാക്കിയിരിക്കുന്നതുകൊണ്ടാണെന്നാണ് ധാരണ. പക്ഷേ വസ്തുത അതല്ല. അവ നമ്മെ വിസ്മയിപ്പിക്കുന്നില്ലാ എങ്കിൽ, അത് അവയെ നാം മനസ്സിലാക്കിയതുകൊണ്ട്, മറിച്ച് അവ സുപരിചിതമായതു കൊണ്ടാണ്; എന്തെന്നാൽ മനസ്സിലാക്കാനാവാത്തത് ഓരോന്നും നമ്മെ അത്ഭുതപരതന്ത്രരാക്കുമെങ്കിൽ നാം എല്ലാത്തിലും അത്ഭുതപ്പെടണം ഉദാഹരണത്തിന്, വായുവിലേക്ക് എറിഞ്ഞ ഒരു കല്ലിന്റെ പതനം, ഓക്കുമരമായിത്തീരുന്ന അതിന്റെ വിത്ത്, ചൂടാകുമ്പോൾ വികസിക്കുന്ന രസം, കാന്തത്താൽ ആകർഷിക്കപ്പെടുന്ന ഇരുമ്പ്. ‘ ‘ഇന്നത്തെ ശാസ്ത്രം ഒരു ലഘുവായ കാര്യമാണ്.... നമ്മുടെ പിൻമുറക്കാർ കണ്ടുപിടിക്കാൻപോകുന്ന അത്ഭുതകരമായ യാഥാർഥ്യങ്ങൾ, നമ്മുടെ കണ്ണിൽതന്നെ ഉറ്റുനോക്കിക്കൊണ്ട്, എന്നു തന്നെ പറയട്ടെ, നമ്മുടെ ചുറ്റുപാടും ഇപ്പോഴും ഉണ്ടെങ്കിലും നാം അവയെ കാണുന്നില്ല. പക്ഷേ, നാം അവയെ കാണുന്നില്ലായെന്നു പറഞ്ഞാൽപോരാ; നാം അവയെ കാണാൻ ആഗ്രഹിക്കുന്നില്ല; എന്തെന്നാൽ അപ്രതീക്ഷിതവും അപരിചിതവുമായ ഒരു വസ്തുത വെളിപ്പെട്ടാൽ ഉടൻ നാം അതിനെ, സ്വീകാര്യമായ അറിവിന്റെ സർവ സാധാരണതയുടെ ചട്ടക്കൂട്ടിൽ ഒതുക്കിനിർത്താൻ ശ്രമിക്കുകയും തുടർന്നുപരീക്ഷണങ്ങൾ നടത്താൻ ആരെങ്കിലും മുതിർന്നാൽ രോഷം കൊള്ളുകയുംചെയ്യുന്നു.’ ’ തീരെ അസംഭാവ്യമായ രീതിയിൽ എന്റെ ഒരു കോളിഫ്ളവർ അപഹരിക്കപ്പെട്ട് ഏതാനും ദിവസങ്ങൾ കഴിഞ്ഞ് രസകരമായ ഒരു സംഭവമുണ്ടായി. ഏതോ ഒരു മണ്ണെണ്ണ വിളക്ക് കാണാതായി. എന്റെ ഗുരുവിന്റെ സർവജ്ഞമായ ഉൾകാഴ്ചയ'ക്ക് വളരെ അടുത്ത നാളിൽ ഞാൻ സാക്ഷ്യം വഹിച്ചിരുന്നതിനാൽ വിളക്കു കണ്ടുപിടിക്കുകയെന്നത് ഒരു കുട്ടിക്കളി മാത്രമാണെന്ന് അദ്ദേഹം കാട്ടിത്തരുമെന്ന് ഞാൻ വിചാരിച്ചു.എന്റെ പ്രതീക്ഷ ഗുരുദേവൻ മനസ്സിലാക്കി. പൊലിപ്പിച്ച ഗൗരവത്തോടെ അദ്ദേഹം ആശ്രമവാസികളെയെല്ലാം ചോദ്യം ചെയ്തു. പിൻഭാഗത്തെ കിണറിന്റെ കരയിൽ പോകുവാൻ താൻ ആ വിളക്ക് ഉപയോഗിച്ചുവെന്ന് ഒരു യുവശിഷ്യൻ ഏറ്റുപറഞ്ഞു.ശ്രീ യുക്തേശ്വരൻ ഗൗരവരൂപത്തിൽ ഉപദേശം നൽകി: ‘ ‘കിണറിന്റെ അരികിൽ നോക്കൂ’ ’. ഞാൻ അവിടേക്കു പാഞ്ഞുപോയി; വിളക്കില്ല! വിഷണ്ണനായി ഞാൻ ഗുരുദേവന്റെ അടുത്തെത്തി. എന്റെ നിരാശയിൽ ഖേദമൊന്നും കൂടാതെ അദ്ദേഹം ഹൃദ്യമായി ചിരിക്കുകയായിരുന്നു. ‘ ‘എന്തുകഷ്ടം! കാണാത്ത വിളക്കിന്റെ അടുത്തേയ'ക്ക് എനിക്ക് നിന്നെ നയിക്കാൻ കഴിഞ്ഞില്ല; ഞാൻ ഭാവിപ്രവചിക്കുന്ന ആളൊന്നുമല്ലല്ലോ!’ ’ കുസൃതിനിറഞ്ഞ കണ്ണുകളോടെ അദ്ദേഹം പറഞ്ഞു: ‘ ‘ഞാൻ തരക്കേടില്ലാത്ത ഒരു ഷെർലക് ഹോംസ് പോലുമല്ല! ’ ’ വെല്ലുവിളിച്ചതുകൊണ്ടോ, ഏതെങ്കിലും നിസ്സാരകാര്യത്തിനു വേണ്ടിയോ ഗുരുദേവൻ തന്റെ കഴിവുകൾ ഒരിക്കലും പ്രദർശിപ്പിക്കുകയില്ലെന്ന് എനിക്ക് ബോധ്യമായി.സന്തോഷകരമായ ആഴ്ചകൾ അതിവേഗം കടന്നുപോയി. ശ്രീ യുക്തേശ്വരൻ മതപരമായ ഒരു ഘോഷയാത്രയ'ക്ക് ഒരുക്കങ്ങൾ ചെയ്യുകയായിരുന്നു. പുരിപട്ടണത്തിലും സമുദ്രതീരത്തുംകൂടി ശിഷ്യരെ ആനയിക്കാൻ അദ്ദേഹം എന്നോടു പറഞ്ഞു. ഉത്സവദിനം (ഗ്രീഷ്മ സംക്രാന്തി) കടുത്ത ചൂടുമായി വന്നെത്തി. ‘ ‘ഗുരുജീ, നഗ്നപാദരായ വിദ്യാർഥികളെ ചുട്ടുപഴുത്ത മണലിൽകൂടി കൊണ്ടുപോകാൻ എനിക്ക് എങ്ങനെ കഴിയും?’ ’ ഞാൻ നിരാശയോടെ ചോദിച്ചു. ‘ ‘ഞാൻ നിന്നോട് ഒരു രഹസ്യം പറയാം, ’ ’ ഗുരുദേവൻ പറഞ്ഞു. ‘ ‘ജഗദീശ്വരൻ മേഘങ്ങളുടെ ഒരു കുട അയച്ചുതരും; നിങ്ങൾ എല്ലാം സുഖമായി നടക്കും.’ ’ ഞാൻ സസന്തോഷം ഘോഷയാത്ര സംഘടിപ്പിച്ചു; ഒരു സത്സംഗ3 ബാനറുമായി ഞങ്ങളുടെ സംഘം ആശ്രമത്തിൽനിന്നു പുറപ്പെട്ടു. ശ്രീ യുക്തേശ്വരൻ രൂപകല്പനചെയ്ത

ആ ബാനർ അന്തർദൃഷ്ടിയുടെ വിദൂരദർശകമായ ഏകനേത്ര4ത്തിന്റെ പ്രതീകം വഹിച്ചിരുന്നു.ഞങ്ങൾ ആശ്രമം വിട്ടയുടനെ, ജാലവിദ്യയാലെന്നപോലെ ആകാശം മേഘങ്ങൾകൊണ്ടുനിറഞ്ഞു. കണ്ടുനിന്നവരുടെ ആശ്ചര്യ പ്രകടനങ്ങളോടൊപ്പം പട്ടണവീഥികളെയും ചുട്ടുപഴുത്ത കടൽതീരത്തെയും തണുപ്പിച്ചുകൊണ്ട് ലഘുവായ ഒരു മഴപെയ്തു.ഞങ്ങളുടെ പദയാത്രയുടെ രണ്ടുമണിക്കൂർ നേരം സുഖകരമായ മഴത്തുള്ളികൾ പൊഴിഞ്ഞു. ഞങ്ങൾ ആശ്രമത്തിൽ തിരിച്ചെത്തിയ അതേനിമിഷം മഴക്കാറും മഴയും അപ്രത്യക്ഷവുമായി. ‘ ‘നമ്മോടുള്ള ഈശ്വരന്റെ കാരുണ്യം കണ്ടുവല്ലോ,’ ’ ഞാൻ കൃതജ്ഞത പ്രകാശിപ്പിച്ചപ്പോൾ ഗുരുദേവൻ പറഞ്ഞു. ‘ ‘അദ്ദേഹം എല്ലാപേരോടും പ്രതികരിക്കുകയും എല്ലാപേർക്കുംവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നു. എന്റെ അപേക്ഷയാൽ അദ്ദേഹം മഴ അയച്ചു തന്നതുപോലെ, ഭക്തന്റെ ആത്മാർഥമായ ആഗ്രഹത്തെ അദ്ദേഹം നിറവേറ്റുന്നു. ഈശ്വരൻ അവരുടെ പ്രാർത്ഥനകൾ എത്രയോ പ്രാവശ്യം സഫലമാക്കുന്നുവെന്ന് അപൂർവമായി മാത്രമേ മനുഷ്യർ മനസ്സിലാക്കുന്നുള്ളൂ. അദ്ദേഹത്തിന് ഏതാനുംപേരോട് പക്ഷപാതമില്ല. അദ്ദേഹത്തെ വിശ്വാസത്തോടെ സമീപിക്കുന്ന ഓരോരുത്തരുടേയും പ്രാർഥന ശ്രദ്ധിക്കുന്നു. തങ്ങളുടെ സർവവ്യാപിയായ പിതാവിന്റെ പ്രേമപൂർവമായ ദയാവായ്പിൽ അദ്ദേഹത്തിന്റെ സന്താനങ്ങൾക്ക് പൂർണമായ വിശ്വാസം എപ്പോഴും ഉണ്ടായിരിക്കണം.’ ’ 5 [image file=image_rsrc1Z8.jpg] സ്വാമി ശ്രീ യുക്തേശ്വരന്റെ സമുദ്രതീര ആശ്രമം, പുരിഅയനാരംഭങ്ങളിലും അയനമധ്യങ്ങളിലുമായി ഒരു വർഷം നാല് ഉത്സവാഘോഷങ്ങൾ ശ്രീ യുക്തേശ്വരൻ നടത്തിയിരുന്നു. അപ്പോൾ അദ്ദേഹത്തിന്റെ ദൂരെയും അടുത്തുമുള്ള ശിഷ്യന്മാർ ഒത്തുകൂടുമായിരുന്നു. മകരസംക്രാന്തി ആഘോഷങ്ങൾ ശ്രീരാമപുരത്താണ് സംഘടിപ്പിക്കുക; ഞാൻ ആദ്യമായി സംബന്ധിച്ച അത്തരമൊരു ആഘോഷം ശാശ്വതമായ ഒരു അനുഗ്രഹം എനിക്കേകി.പ്രഭാതത്തിൽ തെരുവീഥികളിലൂടെ നഗ്നപാദരായി ഞങ്ങൾ നടത്തിയ പദയാത്രയോടെ ആഘോഷങ്ങൾ ആരംഭിച്ചു. ഒരു നൂറു വിദ്യാർഥികളുടെ സ്വരത്തിൽ മധുരമായ കീർത്തനങ്ങൾ മുഴങ്ങി; ഏതാനും സംഗീതജ്ഞന്മാർ വേണുവായിക്കുകയും ചെണ്ടയും ചേങ്ങലയും മുഴക്കുകയും ചെയ്തു. ഞങ്ങളുടെ ഉച്ചത്തിലുള്ള ഈശ്വരനാമാലാപം നിത്യജീവിതത്തിലെ വിരസമായ ജോലികളിൽ നിന്ന് അവരെ വിമുക്തരാക്കിയതിനാൽ സന്തോഷിച്ചുകൊണ്ട് ഉത്സാഹഭരിതരായ പൗരജനങ്ങൾ വഴിനീളെ പൂക്കൾ വിതറി. ദീർഘമായ പട്ടണപ്രദക്ഷിണം ആശ്രമാങ്കണത്തിൽ അവസാനിച്ചു. അവിടെ ഞങ്ങൾ ഗുരുദേവനു ചുറ്റുംകൂടിയപ്പോൾ, മുകളിൽ ബാൽക്കണിയിൽ നിന്നിരുന്ന വിദ്യാർഥികൾ ഞങ്ങളുടെമേൽ കൊങ്ങിണിപ്പൂക്കൾ ചൊരിഞ്ഞു.പല അതിഥികളും മുകളിലത്തെ നിലയിൽചെന്ന് പാൽകട്ടിയും ഓറഞ്ചും ചേർന്ന മധുരപലഹാരം കഴിച്ചു. പാചകക്കാരായി അന്ന് സേവനം അനുഷ്ഠിക്കുന്ന ഒരു കൂട്ടം ശിഷ്യന്മാരുടെ അടുത്തേയ'ക്ക് ഞാൻ ചെന്നു. ഇത്ര വലിയ ജനസഞ്ചയത്തിനുള്ള ആഹാരം വലിയ പാത്രങ്ങളിൽ, വെളിയിൽവച്ച് തയ്യാറാക്കേണ്ടിയിരുന്നു. താല്ക്കാലിക കല്ലടുപ്പുകൾ പുകവമിക്കുന്നതും കണ്ണീരു വരുത്തുന്നതുമായിരുെന്നങ്കിലും ഞങ്ങൾ ആഹ്ലാദത്തോടെ ജോലിചെയ്തു. മതപരമായ ആഘോഷങ്ങൾ ഭാരതത്തിൽ ഒരിക്കലുമൊരു ബുദ്ധിമുട്ടായി കണക്കാക്കാറില്ല; പണമോ, അരിയും മലക്കറിയുമോ അല്ലെങ്കിൽ സ്വന്തം സേവനമോ നൽകിക്കൊണ്ട് ഓരോ ഭക്തനും തന്റെ പങ്ക് സന്തോഷത്തോടെ നിർവഹിക്കുന്നു.സദ്യയുടെ വിശദാംശങ്ങളുടെ മേൽനോട്ടത്തിനായി ഗുരുദേവൻ ഞങ്ങളുടെ നടുവിൽ താമസിയാതെ എത്തി. ഓരോ നിമിഷവും തകൃതിയായി ജോലിചെയ്ത അദ്ദേഹം ഏറ്റവും ഊർജസ്വലനായ യുവശിഷ്യന് ഒപ്പംനിന്നു.മൂന്നാം നിലയിൽ ഹാർമോണിയത്തിന്റെയും തബലയുടെയും അകമ്പടിയോടെ ഒരു സമൂഹഭജന നടന്നുകൊണ്ടിരിക്കുകയായിരുന്നു. പ്രീതിയോടെ ശ്രീ യുക്തേശ്വരൻ അതുശ്രദ്ധിച്ചു; അദ്ദേഹത്തിന്റെ സംഗീതബോധം തികച്ചും കുറ്റമറ്റതായിരുന്നു. ‘ ‘അവർ അപശ്രുതിയിലാണ് പാടുന്നത്!’ ’ ഗുരുദേവൻ പാചകക്കാരെ വിട്ടിട്ട് പാട്ടുകാരോട് ചേർന്നു. മധുരസംഗീതം വീണ്ടും കേട്ടു; ഇപ്രാവശ്യം ശരിയായ ശ്രുതിയിൽ.സംഗീതശാസ്ത്രത്തെപ്പറ്റി ലോകത്തിൽ ആദ്യമായി എഴുതപ്പെട്ട ലേഖനങ്ങൾ സാമവേദം ഉൾക്കൊള്ളുന്നു. സംഗീതം, ചിത്രരചന, നാടകം എന്നിവ ദൈവികമായ കലകളായി ഭാരതത്തിൽ കരുതിപ്പോരുന്നു. ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ എന്നീ മൂർത്തികളാണ് ആദ്യത്തെ സംഗീതജ്ഞർ. പ്രപഞ്ചത്തിന്റെ സൃഷ്ടി, സ'ഥിതി, സംഹാരത്തിന്റെ അനന്തവൈവിധ്യമാർന്ന താളലയത്തെ നടരാജഭാവത്തിൽ ശിവൻ വിഭാവനചെയ്ത് അവതരിപ്പിച്ചതായി വേദങ്ങൾ ചിത്രീകരിച്ചിരിക്കുന്നു. അപ്പോൾ ബ്രഹ്മാവ് ഇലത്താളവും വിഷ്ണു മൃദംഗവും വായിച്ച് താളത്തിനു കൊഴുപ്പേകി.അറിവിന്റെ ദേവതയായ സരസ്വതി എല്ലാ തന്ത്രിവാദ്യങ്ങളുടെയും മാതാവായ വീണ വായിക്കുന്നതായി പ്രതീകവത്കരിച്ചിരിക്കുന്നു. വിഷ്ണുവിന്റെ അവതാരമായ ശ്രീകൃഷ്ണനെ ഹൈന്ദവകലകളിൽ ഒരു വേണുവുമായാണ് കാട്ടിയിരിക്കുന്നത്; മായാമോഹത്തിൽ അലയുന്ന മനുഷ്യാത്മാക്കളെ അവരുടെ യഥാർഥഗേഹങ്ങളിലേക്ക് തിരിച്ചുവിളിക്കുന്ന ഹൃദയഹാരിയായഗാനം അദ്ദേഹം അതിലൂടെ ആലപിക്കുന്നു.രാഗങ്ങളാണ് ഹൈന്ദവസംഗീതത്തിന്റെ അടിസ'ഥാനശിലകൾ. മൗലികമായ ആറുരാഗങ്ങൾ തൽഭവമായ നൂറ്റിഇരുപത്തിയാറ് രാഗിണിമാരും പുത്രന്മാരുമായി ശാഖതിരിയുന്നു. ഒരു മുഖ്യസ്വരം (വാദി - രാജാവ്) ഒരു രണ്ടാം സ്വരം (സമവാദി - പ്രധാനമന്ത്രി), സഹായക സ്വരങ്ങൾ

(അനുവാദി - സേവകന്മാർ) ഒരു യതിഭംഗത്തിന്റെ സ്വരം (വിവാദി - ശത്രു) എന്നിങ്ങനെ ഓരോ രാഗത്തിനും കുറഞ്ഞത് അഞ്ചു സ്വരങ്ങൾ ഉണ്ട്.ദിവസത്തിലെ ഒരു പ്രത്യേകസമയവും, വർഷത്തിലെ പ്രത്യേക ഋതുവും, സവിശേഷമായ ശക്തി നൽകുന്ന ഭരദേവതയുമായി സ്വാഭാവികമായ ഒരു സംബന്ധം ഈ ആറു മൗലികരാഗങ്ങൾ ഓരോന്നിനുമുണ്ട്. അങ്ങനെ (1) ഹിന്ദോളരാഗം, സാർവലൗകിക പ്രേമം ഉണർത്താനായി വസന്തഋതുവിൽ പ്രഭാതത്തിൽ മാത്രം കേൾക്കുവാനുള്ളതാണ്; (2) ദീപകരാഗം ഭൂതദയ ജനിപ്പിക്കാൻ ഗ്രീഷ്മകാല സായാഹ്നത്തിൽ പാടുന്നു; (3) മേഘരാഗം വർഷകാല മധ്യാഹ്നങ്ങളിൽ ധൈര്യമുളവാക്കുന്നു; (4) ഭൈരവരാഗം പ്രശാന്തി ഉളവാക്കാൻ ശ്രാവണ, ഭാദ്ര, ആശ്വിന മാസങ്ങളിലെ പ്രഭാതങ്ങളിൽ പാടുന്നു; (5) ശ്രീരാഗം ശരൽകാല സായംസന്ധ്യകളിൽ വിശുദ്ധ പ്രേമംകൈവരിക്കാൻ നീക്കിവച്ചിരിക്കുന്നു; (6) മാൽക്കൗംസരാഗം, വീരരസത്തിനായി ശിശിരകാല അർധരാത്രികളിൽ കേൾക്കുവാനുള്ളതാണ്.പ്രകൃതിയും, മനുഷ്യനുമായുള്ള സ്വരസംബന്ധങ്ങളുടെ ഈ നിയമങ്ങൾ പുരാതനകാലത്തെ ഋഷീശ്വരന്മാർ കണ്ടുപിടിച്ചതാണ്. പ്രകൃതി പ്രാഥമികശബ്ദം അഥവാ സ്പന്ദനവചനമായ ഓംകാരത്തിന്റെ മൂർത്തീകരണമാണ് എന്നതുകൊണ്ട് ചില മന്ത്രങ്ങളുടെ പ്രയോഗത്താൽ മനുഷ്യന് പ്രകൃതിയുടെ എല്ലാ പ്രകടരൂപങ്ങളുടെ മേലും നിയന്ത്രണം നേടിയെടുക്കാൻ കഴിയുന്നു. പതിനാറാം നൂറ്റാണ്ടിൽ മഹാനായ അക്ബറുടെ ദർബാർ ഗായകനായിരുന്ന മിയാൻ താൻസെന്നിന് ഉണ്ടായിരുന്ന ശ്രേഷ്ഠമായ കഴിവുകൾ ചരിത്രരേഖകൾ വെളിപ്പെടുത്തുന്നു. സൂര്യൻ തലയ'ക്കുമീതെ ജ്വലിച്ചു കൊണ്ടിരിക്കുന്ന വേളയിൽ ഒരു നിശാരാഗം ആലപിക്കാൻ ചക്രവർത്തിയുടെ ആജ്ഞ ലഭിച്ചപ്പോൾ, താൻസെൻ ഒരു മന്ത്രം ഉരുവിട്ടു. കൊട്ടാരവും പരിസരങ്ങളും അന്ധകാരത്തിൽ തൽക്ഷണം മൂടാൻ ഇത് കാരണമാക്കി.ഭാരതീയസംഗീതം സ്വരാഷ്ടകത്തെ ഇരുപത്തിരണ്ടു ശ്രുതി കളായി ഭാഗിക്കുന്നു. പന്ത്രണ്ട് അർധസ്വരങ്ങളുള്ള പാശ്ചാത്യസ്വര ശ്രേണിക്ക് എത്തിച്ചേരാനാവാത്ത സുന്ദരമായ സംഗീതാവിഷ്കാരം ഈ അതിസൂക്ഷ്മമായ സ്വരവിഭജനം അനുവദിക്കുന്നു. സ്വരാഷ്ടകത്തിലെ ഏഴ് അടിസ'ഥാനസ്വരങ്ങളിൽ ഓരോന്നും ഹിന്ദുപുരാണങ്ങളിൽ ഓരോ നിറവുമായിട്ടും ഓരോ പക്ഷിയുടെയോ മൃഗത്തിന്റെയോ സ്വാഭാവികമായ ശബ്ദവുമായിട്ടും ബന്ധപ്പെട്ടിരിക്കുന്നു: 'സ' പച്ചനിറവും മയിലുമായും; 'രി' ചുവപ്പുനിറവും വാനംപാടിയുമായും; 'ഗ' സ്വർണനിറവും ആടുമായും; 'മ' മഞ്ഞകലർന്ന വെള്ളനിറവും കൊക്കുമായും; 'പ' കറുപ്പും രാപ്പാടിയുമായും; 'ധ' മഞ്ഞനിറവും കുതിരയുമായും; 'നി' എല്ലാ വർണങ്ങളുടേയും സമ്മേളനവും ആനയുമായും.ഭാരതീയസംഗീതം എഴുപത്തിരണ്ട് സ്വരഗ്രാമങ്ങൾക്ക് രൂപം നൽകിയിരിക്കുന്നു.സ'ഥിരമായ ഒരു രാഗത്തിന്റെ പരിധിക്കുള്ളിൽ, ഒരു സംഗീതജ്ഞന് മനോധർമമനുസരിച്ചുള്ള ആലാപനത്തിന് എത്ര വേണമെങ്കിലും സൃഷ്ടിപരമായ അവസരമുണ്ട്. പ്രതിപാദ്യത്തിന്റെ ഘടനയുടെ ഭാവത്തിലോ നിർണായകമായ അന്തരീക്ഷത്തിലോ അയാൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നു; തന്റെ മൗലികപ്രതിഭയുടെ സീമകൾവരെ അതിനെ മോടിപിടിപ്പിക്കുന്നു. ഭാരതീയഗായകൻ മുൻകൂട്ടി ചിട്ടപ്പെടുത്തിയ സ്വരങ്ങൾ പാരായണം ചെയ്യുന്നില്ല; ഓരോ ആലാപനത്തിലും അടിസ'ഥാന രാഗത്തിന്റെ മൗലികഭാവത്തിന് അദ്ദേഹം പുതുമയോടെ സ്വരസംവിധാനം ആവിഷ്കരിക്കുന്നു. അതിന്റെ അതിസൂക്ഷ്മമായ താളലയങ്ങളുടെ വ്യത്യാസങ്ങൾക്ക് ആവർത്തനത്താൽ ഊന്നൽ കൊടുത്തുകൊണ്ട് മിക്കപ്പോഴും ഒരേ ഒരു രാഗവിസ്താരത്തിൽ ഒതുങ്ങി നില്ക്കുന്നു.നൂറുകണക്കിനു സങ്കീർണമായ രീതികളിൽ അല്പമാത്രം വ്യത്യാസത്തോടെയുള്ള ആവർത്തനത്തിന്റെ ഹൃദയഹാരിത്വവും ഊർജസ്വലതയും പാശ്ചാത്യ സംഗീതരചയിതാവ് ബാർക്കിന് ബോധ്യമായിരുന്നു.സംസ്കൃതഗ്രന്ഥങ്ങൾ നൂറ്റിയിരുപതു താളങ്ങൾ വർണിക്കുന്നു. ഭാരതീയ സംഗീതത്തിന്റെ ഐതിഹാസിക സ'ഥാപകനായ ഭരതമുനി, ഒരു വാനംപാടിയുടെ ഗാനത്തിൽ മുപ്പത്തിരണ്ടു തരം താളങ്ങൾ വേർതിരിച്ചതായി പറയപ്പെടുന്നു. നടത്തയുടെ ഇരട്ടത്താളം, ഉറക്കത്തിലെ, ശ്വാസത്തിന്റെ ഇരട്ടിദൈർഘ്യമുള്ള ഉച്ഛ്വാസത്തോടുകൂടിയ, ശ്വാസോച്ഛ്വാസത്തിന്റെ ത്രിമാനതാളം എന്നിങ്ങനെ താളത്തിന്റെ ഉത്ഭവം മനുഷ്യചലനങ്ങളിൽ രൂഢമൂലമാണ്.നാദത്തിന്റെ ഏറ്റവും ഉത്തമമായ സാധകമായി മനുഷ്യന്റെ കണ്ഠസ്വരത്തെ ഭാരതം ദീർഘകാലമായി അംഗീകരിച്ചിട്ടുണ്ട്. അതിനാൽ ഭാരതീയ സംഗീതം, പൊതുവേ മൂന്നു സ'ഥായികളിൽ ഒതുങ്ങുന്നു. അതേ കാരണത്താൽ ശ്രുതിമാധുര്യ(ക്രമബദ്ധമായ സ്വരങ്ങളുടെ സംബന്ധം)ത്തിന് സ്വരൈക്യ(സ്വരസമ്മേളനം)ത്തേക്കാൾ പ്രാധാന്യം നൽകപ്പെട്ടിരിക്കുന്നു.ഭാരതീയസംഗീതം ആത്മനിഷ്ഠവും ആത്മീയവും വ്യക്തിഗതവുമായ കലയാണ്. അത് ശ്രുതിതാളലയങ്ങളുടെ ഉജ്വലമായ സ്വരൈക്യമല്ല, മറിച്ച് പരമാത്മാവുമായുള്ള ആത്മീയ ഐക്യമാണ് ലക്ഷ്യമാക്കുന്നത്. ഭാരതത്തിന്റെ സുപ്രസിദ്ധ ഗാനങ്ങളെല്ലാം ഈശ്വരഭക്തന്മാർ വിരചിച്ചിട്ടുള്ളവയാണ്. പാട്ടുകാരന് സംസ്കൃതപദം, 'ഈശ്വരസ്തുതികൾപാടുന്ന ആൾ' എന്ന അർഥത്തിൽ 'ഭാഗവതർ' എന്നാണ്.ഭജനസങ്കീർത്തനങ്ങൾ യോഗശിക്ഷണത്തിന്റെ ഫലപ്രദമായ ഒരു രൂപമാണ്. അത് ഗാഢമായ ഏകാഗ്രതയും, മൂലചിന്തയിലും ബീജ ശബ്ദത്തിലുമുള്ള നിർലീനതയും അനിവാര്യമാക്കുന്നു. മനുഷ്യൻ തന്നെ സൃഷ്ടിയുടെ വചനമായ ഓംകാരത്തിന്റെ ആവിഷ്ക്കാരമായതിനാൽ ശബ്ദം അവനിൽ ശക്തവും തൽക്ഷണവുമായ പ്രഭാവം ചെലുത്തുന്നു. ഗുപ്തമായ സുഷുമ്നാകേന്ദ്രങ്ങളിലൊന്നിൽ താല്ക്കാലികമായി സ്പന്ദനാത്മകമായ ഒരു

ഉണർവുണ്ടാക്കുന്നതിനാലാണ് പൗരസ്ത്യപാശ്ചാത്യങ്ങളിലെ മഹത്തായ മതപരമായസംഗീതം മനുഷ്യനിൽ ആനന്ദം ചൊരിയുന്നത്.7 പരമാനന്ദത്തിന്റെ ആ നിമിഷങ്ങളിൽ, തന്റെ ദിവ്യമായ ഉത്ഭവത്തെപ്പറ്റിയുള്ള അവ്യക്തമായ ഓർമ്മ അവനിലുണ്ടാകുന്നു.രണ്ടാംനിലയിൽ ശ്രീ യുക്തേശ്വരന്റെ ഇരുപ്പുമുറിയിൽനിന്ന് ഉത്സവദിനത്തിൽ ഉയരുന്ന സങ്കീർത്തനാലാപം ആവിപറക്കുന്ന പാത്രങ്ങൾക്കിടയിലെ പാചകക്കാർക്ക് ഒരു പ്രചോദനമായിരുന്നു. ശിഷ്യസഹോദരരും ഞാനും കൈകൾകൊണ്ടു താളംപിടിച്ച് സന്തോഷപൂർവം പല്ലവി ഏറ്റുപാടി.സൂര്യാസ്തമയം ആയപ്പോഴേക്കും, നൂറുകണക്കിനു സന്ദർശകർക്ക് ചോറും പരിപ്പും മലക്കറിക്കൂട്ടാനും അരികൊണ്ടുള്ള അപ്പവും ഞങ്ങൾ വിളമ്പിക്കഴിഞ്ഞിരുന്നു. മുറ്റത്ത് ഞങ്ങൾ ജമുക്കാളം വിരിച്ചു; താമസിയാതെ എല്ലാപേരും നക്ഷത്രമേൽക്കട്ടിക്കു താഴെ ശ്രീ യുക്തേശ്വരനിൽനിന്നു പ്രവഹിച്ച ജ്ഞാനം നിശ്ശബ്ദരായി ശ്രദ്ധയോടെ ശ്രവിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ പൊതുപ്രസംഗങ്ങൾ ക്രിയായോഗത്തിന്റെയും, ആത്മാഭിമാനം, ശാന്തത, നിശ്ചയദാർഢ്യം, ലളിതമായ ആഹാരം, പതിവായ വ്യായാമം എന്നിവ നിലനിർത്തുന്ന ഒരു ജീവിതക്രമത്തിന്റെയും മൂല്യം ഊന്നിയുറപ്പിക്കുന്നവയായിരുന്നു.ഏറ്റവും പ്രായം കുറഞ്ഞ ഒരു സംഘം ശിഷ്യർ ചില സ്തോത്രങ്ങൾ ആലപിച്ചു; ആവേശം നിറഞ്ഞ കീർത്തനാലാപത്തോടെ സമ്മേളനം സമാപിച്ചു. പത്തുമണിമുതൽ പാതിരാത്രിവരെ ആശ്രമത്തിലെ അന്തേവാസികൾ പാത്രങ്ങൾ കഴുകുകയും പരിസരം വൃത്തിയാക്കുകയും ചെയ്തു. എന്റെ ഗുരുദേവൻ എന്നെ അദ്ദേഹത്തിന്റെ അടുത്തേക്കുവിളിച്ചു. ‘ ‘ഇന്നത്തെ നിന്റെ സന്തോഷപൂർവമായ കഠിനാധ്വാനത്തിലും കഴിഞ്ഞ ഒരാഴ്ചത്തെ തയ്യാറെടുപ്പിലും ഞാൻ സന്തുഷ്ടനാണ്. നീ എന്നോടൊപ്പം ഉണ്ടാവണം; ഇന്നുരാത്രി നീ എന്റെ കിടക്കയിൽ ഉറങ്ങിക്കൊള്ളൂ.’ ’ എനിക്കു കിട്ടുമെന്ന് ഞാൻ ഒരിക്കലും കരുതാത്ത ഒരു വിശേഷ സൗഭാഗ്യമായിരുന്നു ഇത്. ഗാഢമായ ദൈവികപ്രശാന്തിയിൽ ഞങ്ങൾ അല്പനേരം ഇരുന്നു. ഞങ്ങൾ ഉറങ്ങാൻകിടന്നിട്ട് ഏതാണ്ട് പത്തുമിനിറ്റ് കഴിഞ്ഞപ്പോൾ ഗുരുദേവൻ എഴുന്നേറ്റു വസ്ത്രംമാറാൻ തുടങ്ങി. ‘ ‘എന്താണുകാര്യം ഗുരുദേവാ?’ ’ എന്റെ ഗുരുദേവനോടൊപ്പം ഉറങ്ങുന്നതിന്റെ ആനന്ദത്തിൽ പെട്ടെന്ന് അവാസ്തവികത കലർന്നു. ‘ ‘മാറിക്കയറേണ്ടതായ ട്രെയിൻ കിട്ടാഞ്ഞ് താമസിച്ചുപോയ ഏതാനും വിദ്യാർഥികൾ ഇപ്പോൾ ഇവിടെ എത്തുമെന്നുതോന്നുന്നു. നമുക്ക് കുറച്ച് ആഹാരം തയ്യാറാക്കിവയ'ക്കാം.’ ’ ‘ ‘ഗുരുജീ, ഈ രാത്രി ഒരുമണിക്ക് ആരും വരികയില്ല.’ ’ ‘ ‘നീ കിടന്നുകൊള്ളൂ, കഠിനമായി ജോലിചെയ്യുകയായിരുന്നില്ലേ. പക്ഷേ ഞാൻ പാചകം ചെയ്യാൻ പോവുകയാണ്.’ ’ ശ്രീ യുക്തേശ്വരന്റെ ഉറപ്പുള്ളസ്വരം കേട്ടിട്ട് ഞാൻ ചാടി എഴുന്നേറ്റ്, മൂന്നാംനിലയിൽ അകത്തെ ബാൽക്കണിക്കടുത്ത് സാധാരണ ഉപയോഗിക്കാറുള്ള ചെറിയ അടുക്കളയിലേക്ക് അദ്ദേഹത്തെ പിൻതുടർന്നു. അരിയും പരിപ്പും താമസിയാതെ തിളയ'ക്കാൻ തുടങ്ങി.എന്റെ ഗുരുദേവൻ വാത്സല്യത്തോടെ പുഞ്ചിരിച്ചു. ‘ ‘ഈ രാത്രി നീ ക്ഷീണത്തെയും കഠിനാധ്വാനത്തോടുള്ള ഭയത്തെയും കീഴടക്കിയിരിക്കുന്നു; അവ ഭാവിയിൽ നിന്നെ ഒരിക്കലും ബുദ്ധിമുട്ടിക്കുകയില്ല.ഒരു ജീവിതകാലത്തേക്കുള്ള അനുഗ്രഹത്തിന്റെ ഈ വാക്കുകൾ അദ്ദേഹം പറഞ്ഞുകഴിഞ്ഞപ്പോഴേക്കും മുറ്റത്ത് കാൽപെരുമാറ്റം കേട്ടു. ഞാൻ താഴേക്ക് ഓടിച്ചെന്ന് ഒരു കൂട്ടം ശിഷ്യന്മാരെ അകത്തേക്ക് ആനയിച്ചു. ‘ ‘പ്രിയസഹോദരാ,’ ’ ഒരാൾ പറഞ്ഞു, ‘ ‘ഈ അസമയത്ത് ഗുരുദേവനെ ശല്യപ്പെടുത്താൻ ഞങ്ങൾക്ക് എന്തുമടിയാണെന്നോ! തീവണ്ടിസമയങ്ങളുടെകാര്യത്തിൽ ഞങ്ങൾക്കു തെറ്റുപറ്റി. എന്നാലും ഗുരുദേവനെ ഒരു നോക്കുകാണാതെ തിരിച്ചുപോവാൻ കഴിയുകയില്ലായെന്നു ഞങ്ങൾക്കുതോന്നി.’ ’ ‘ ‘അദ്ദേഹം നിങ്ങളെ പ്രതീക്ഷിക്കുകയായിരുന്നു, മാത്രവുമല്ല ഇപ്പോൾ നിങ്ങൾക്കു ഭക്ഷണം പാകംചെയ്യുകൊണ്ടിരിക്കുകയുമാണ്.’ ’ ശ്രീ യുക്തേശ്വരന്റെ സ്വാഗതവാക്കുകൾ മുഴങ്ങിക്കേട്ടു; വിസ്മയചകിതരായ ആഗതരെ ഞാൻ അടുക്കളയിലേക്ക് കൂട്ടികൊണ്ടുപോയി. കുസൃതിച്ചിരിയുള്ള കണ്ണുകളോടെ അദ്ദേഹം എന്റെ നേരെ തിരിഞ്ഞു. ‘ ‘വസ്തുതകൾ പരസ്പരം കൈമാറിക്കഴിഞ്ഞ സ'ഥിതിക്ക് അതിഥികൾക്ക് ശരിക്കും തീവണ്ടികിട്ടാതെപോയി എന്നത് നിനക്ക് ബോധ്യമായല്ലോ!’ ’ ഈശ്വരതുല്യനായ ഒരു ഗുരുവിനോടൊപ്പം ഉറങ്ങുക എന്ന ബഹുമതിയിൽ സന്തോഷപൂർവം പ്രതീക്ഷവച്ചുകൊണ്ട് അരമണിക്കൂറിനുശേഷം ഞാൻ അദ്ദേഹത്തോടൊപ്പം കിടപ്പുമുറിയിലേക്ക് പോയി. [image file=image_rsrc20G.jpg] 1 1939-ൽനിർമ്മിച്ച റേഡിയോ മൈക്രോസ്കോപ്പ് ഇതുവരെ അറിയപ്പെടാതിരുന്ന രശ്മികളുടെ ഒരു പുതിയലോകം തുറന്നുവച്ചു. അസോസിയേറ്റഡ് പ്രെസ് റിപ്പോർട്ട് ചെയ്തു: ‘ ‘മനുഷ്യനും, ജഡമെന്നു സങ്കല്പിക്കപ്പെട്ട എല്ലാ വസ്തുക്കളും നിരന്തരമായി ചില രശ്മികൾ പുറപ്പെടുവിക്കുന്നത് ഈ ഉപകരണം ‘കാണുന്നു ‘. ഒരാളിൽനിന്ന് മറ്റൊരാളിലേക്ക് യഥാർഥത്തിൽ സഞ്ചരിക്കുന്ന അദൃശ്യരശ്മികളുടെ അസ്തിത്വത്തിന്റെ ആദ്യത്തെ ശാസ്ത്രീയമായ തെളിവ്, പരഹൃദയ ജ്ഞാനം, ഒരു ദ്വിതീയചക്ഷു, ദൂരക്കാഴ്ച എന്നിവയിൽ വിശ്വസിക്കുന്നവർക്ക് ഈ പ്രഖ്യാപനത്തിൽ ലഭിക്കുന്നു. ഈ റേഡിയോ സംവിധാനം വാസ്തവത്തിൽ തരംഗ ആവർത്തി (റേഡിയോ ഫ്രീക്വൻസി) ഉപയോഗിക്കുന്ന സ്പെക്ട്രോസ്കോപ്പാണ്. നക്ഷത്രങ്ങളെ സൃഷ്ടിക്കുന്ന വിവിധതരം പരമാണുക്കളെ വെളിപ്പെടുത്തുന്നതിൽ സ്പെക്ട്രോസ്കോപ്പ് ചെയ്യുന്നതുതന്നെയാണ്, തണുത്ത, പ്രകാശിക്കാത്ത വസ്തുക്കൾക്ക് റേഡിയോ സ്പെക്ട്രോസ്കോപ്പ് ചെയ്യുന്നത്... മനുഷ്യനിലും എല്ലാ ജീവനുള്ള വസ്തുക്കളിലുംനിന്ന് പുറപ്പെടുന്ന അത്തരം രശ്മികളുടെ

അസ്തിത്വം അനേകം വർഷങ്ങളായി ശാസ്ത്രജ്ഞന്മാർ സംശയിച്ചിരുന്നു. ഇപ്പോൾ അവ ഉണ്ടെന്നുള്ള വസ്തുതയ'ക്ക് പരീക്ഷണങ്ങളിലൂടെയുള്ള ആദ്യത്തെ തെളിവു ലഭിച്ചു. പ്രകൃതിയിലെ ഓരോ പരമാണുവും ഓരോ തന്മാത്രയും, തുടർച്ചയായി സംപ്രേഷണം ചെയ്തുകൊണ്ടിരിക്കുന്ന ഓരോ റേഡിയോനിലയമാണെന്ന് ഈ കണ്ടുപിടിത്തം കാണിക്കുന്നു... മനുഷ്യനായിരുന്ന വസ്തു, അങ്ങനെ, മരണശേഷവും അതിന്റെ നേരിയ രശ്മികൾ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നു. ഇവയുടെ തരംഗദൈർഘ്യം, റേഡിയോ സംപ്രേഷണത്തിൽ ഇന്നുപയോഗിക്കുന്ന രശ്മികളിലേതിലും നീളം കുറഞ്ഞവ മുതൽ ഏറ്റവും നീളമേറിയവവരെ വ്യാപ്തികാട്ടുന്നു. ഈ തരംഗങ്ങളുടെ ഒരു മിശ്രം ഏറെയും അചിന്ത്യമാണ്. അവ കോടിക്കണക്കിനുണ്ട്. ഒരേ ഒരു വലിയ തന്മാത്ര, പത്തുലക്ഷം വ്യത്യസ്ത തരംഗദൈർഘ്യങ്ങൾ ഒരേ സമയത്ത് പുറപ്പെടുവിച്ചേക്കാം. ഇത്തരത്തിലുള്ള നീണ്ട തരംഗങ്ങൾ റേഡിയോ തരംഗങ്ങളുടെ എളുപ്പത്തോടെയും വേഗത്തോടെയും സഞ്ചരിക്കുന്നു.... ഈ പുതിയ റേഡിയോ രശ്മികൾക്കും പ്രകാശത്തിന്റേതുപോലെ പരിചിതമായ രശ്മികൾക്കും തമ്മിൽ വിസ്മയകരമായ ഒരു വ്യത്യാസമുണ്ട്. സ്വസ'ഥമായ വസ്തുവിൽ നിന്ന് ആയിരക്കണക്കിനുവർഷം നീണ്ടകാലത്തോളം റേഡിയോ തരംഗങ്ങൾ പ്രസരിച്ചുകൊണ്ടേയിരിക്കുന്നുവെന്നതാണത്.’ ’ 2 അവർ സിക്സ്ത് സെൻസ് എന്ന ഗ്രന്ഥത്തിന്റെ (ലണ്ടൻ: റൈഡർ ആൻഡ് കമ്പനി) കർത്താവ്3 ‘സത് ’ വാച്യാർഥം “ഉണ്മ’ ’, അതിനാൽ ‘ ‘സത്ത്, സത്യം, യാഥാർഥ്യം’ ’. ‘സംഗ’ എന്നാൽ ചേർച്ച. ശ്രീ യുക്തേശ്വരൻ അദ്ദേഹത്തിന്റെ ആശ്രമസംഘടനയെ സത്യവുമായുള്ള കൂട്ടുകെട്ട് എന്ന അർത്ഥത്തിൽ ‘സത്സംഗ’ എന്നുവിളിച്ചു.4 ‘ ‘ശരീരത്തിന്റെ വിളക്ക് കണ്ണാകുന്നു; കണ്ണ് ചൊവ്വുള്ളതെങ്കിൽ നിന്റെ ശരീരം മുഴുവനും പ്രകാശിതമായിരിക്കും.’ ’ മത്തായി 6:22 (ബൈബിൾ). അഗാധമായ ധ്യാനത്തിൽ നെറ്റിയുടെ മധ്യത്തിൽ ഏകമായ ആത്മീയലോചനം കാണാറാകുന്നു. ആകാശത്തുനിന്ന് പറന്നു താഴുന്ന പ്രാവ്, ശിവന്റെ ഫാലനേത്രം, അന്തർജ്ഞാന(ഭൂതോദയം)ത്തിന്റെ കണ്ണ് തുടങ്ങി പലപേരിലും സർവജ്ഞതയുടെ ഈ ദൃഷ്ടി ശാസ്ത്രഗ്രന്ഥങ്ങളിൽ പരാമർശിക്കപ്പെടുന്നു.5 ചെവി ഉണ്ടാക്കിവച്ചവന് കേഴ'വി ഇല്ലേ? കണ്ണിനെ രൂപപ്പെടുത്തിയവൻ കാണുകയില്ലേ?... മനുഷ്യരെ ജ്ഞാനം അഭ്യസിപ്പിക്കുന്നവന് അറിവില്ലേ?’ ’ സങ്കീർത്തനങ്ങൾ 94:9-10 (ബൈബിൾ)6 പ്രകൃതിയുടെമേൽ ശക്തിയുള്ള മന്ത്രോച്ചാരണത്തെപ്പറ്റി എല്ലാ രാഷ്ട്രങ്ങളിലേയും നാടോടിക്കഥകളിൽ പരാമർശങ്ങളുണ്ട്. മഴയ'ക്കും കാറ്റിനുംവേണ്ടി ഫലപ്രദമായ മന്ത്രവിധികൾ അമേരിക്കയിലെ ആദിവാസികൾ വികസിപ്പിച്ചു. മഹാനായ ഭാരതീയഗായകൻ താൻസെന്നിന് തന്റെ ഗാനത്തിന്റെ ശക്തി കൊണ്ട് തീകെടുത്താൻ കഴിഞ്ഞിരുന്നു.കാലിഫോർണിയയിലെ പ്രകൃതിശാസ്ത്രജ്ഞൻ ചാൾസ് കെല്ലോഗ്, 1926 -ൽ ന്യൂയോർക്കിലെ ഒരു സംഘം അഗ്നിശമനസേനാവിഭാഗജോലിക്കാരുടെ മുമ്പിൽവച്ച് അഗ്നിയുടെമേൽ സ്വരസ്പന്ദനങ്ങൾക്കുള്ള പ്രഭാവം പ്രദർശിപ്പിച്ചു. ‘ ‘ഒരു അലുമിനിയം റ്റ്യൂനിങ്ങ്ഫോർക്കിനു കുറുകെ വയലിൻവില്ലുമാതിരിയുള്ള ഒരു വലിയ വില്ല് അതിവേഗത്തിൽ വീശിക്കൊണ്ട് റേഡിയോയിൽ ഇടയ'ക്കു കിട്ടുന്ന തരം തീവ്രമായ ചീറ്റൽ ശബ്ദം അദ്ദേഹം സൃഷ്ടിച്ചു. പൊള്ളയായ ഒരു കണ്ണാടിക്കുഴലിനകത്ത് രണ്ടടിപൊക്കത്തിൽ കത്തിനിന്നിരുന്ന മഞ്ഞവാതക തീനാളം തൽക്ഷണം, ആറിഞ്ചുപൊക്കത്തിൽ സീൽകാരം പുറപ്പെടുവിക്കുന്ന നീലജ്വാലയായി മാറി. വില്ലുകൊണ്ട് വീണ്ടുമൊരു വീശലും മറ്റൊരു പരുഷശബ്ദവും അത് കെടുത്തി.’ ’ 7 മസ്തിഷ്കസുഷുമ്നകളിലെ നിഗൂഢചക്രങ്ങൾ (സൂക്ഷ്മപദങ്ങൾ) ഉണർത്തുക ഒരു യോഗിയുടെ പവിത്രമായ ലക്ഷ്യമാണ്. ‘പുതിയനിയമത്തിലെ’ ‘ ‘വെളിപാട്’ ’ എന്ന അധ്യായം, ക്രിസ്തുദേവൻ യോഹന്നാനെയും മറ്റ് അടുത്ത ശിഷ്യന്മാരെയും പഠിപ്പിച്ച യോഗശാസ്ത്രത്തിന്റെ പ്രതീകാത്മകമായ വിശദീകരണം ഉൾക്കൊള്ളുന്നു എന്ന് പാശ്ചാത്യ മതപണ്ഡിതന്മാർ മനസ്സിലാക്കിയിട്ടില്ല. ‘ ‘ഏഴു നക്ഷത്രങ്ങളു’ ’ ടെയും ‘ ‘ഏഴുപള്ളികളുടെയും നിഗൂഢരഹസ്യം’ ’ യോഹന്നാൻ സൂചിപ്പിക്കുന്നു. (വെളിപാട് 1:20 ബൈബിൾ). യോഗഗ്രന്ഥങ്ങളിൽ, മസ്തിഷ്ക – സുഷുമ്നാമേരുക്കളിലെ ഏഴു ‘ ‘കെണിവാതിലുകൾ’ ’ എന്നു വിവിരിച്ചിട്ടുള്ള ഈ പ്രതീകങ്ങൾ വെളിച്ചത്തിന്റെ ഏഴു പത്മങ്ങളെ പരാമർശിക്കുന്നു. ദൈവികമായി ആസൂത്രണം ചെയ്യപ്പെട്ട ഈ വാതിലുകളിലൂടെ, ശാസ്ത്രീയമായ ധ്യാനത്താൽ, ശരീരമെന്ന തടവറയിൽനിന്ന് രക്ഷപ്പെട്ട്, ആത്മാവ് എന്ന തന്റെ യഥാർഥ താദാത്മ്യം, യോഗി വീണ്ടെടുക്കുന്നു. (26-ാം അധ്യായം കാണുക).ഏഴാമത്തെ കേന്ദ്രമായ മസ്തിഷ്കത്തിലെ ‘ ‘സഹസ്രാരപത്മം’ ’ അനന്തബോധത്തിന്റെ സിംഹാസനമാണ്. ദൈവികമായ ബോധോദയത്തിന്റെ അവസ'ഥയിൽ ബ്രഹ്മാവ് അഥവാ സ്രഷ്ടാവായ ഈശ്വരനെ, താമരയിൽനിന്ന് ഉത്ഭവിച്ച ‘ ‘പത്മജ’ ’ നായി യോഗി ദർശിക്കുന്നതായി പറയപ്പെടുന്നു.മസ്തിഷ്ക – സുഷുമ്നാകേന്ദ്രങ്ങളിലെ നാനാവർണങ്ങളിലുള്ള പത്മങ്ങളെ, പത്മാസനനായ യോഗി കാണുന്നുവെന്നതാണ് പത്മാസനത്തെ ആ പേരു വിളിക്കാൻ കാരണം. പ്രത്യേകതയായുള്ള എണ്ണത്തോടുകൂടിയ ദളങ്ങൾ അഥവാ പ്രാണശക്തിയാൽ നിർമിതമായ രശ്മികളാണ് ഓരോ പത്മത്തിനുമുള്ളത്. പത്മങ്ങളെ ചക്രങ്ങളെന്നും വിളിക്കുന്നു.സവികല്പസമാധിയിൽ ശരീരത്തെ ഒരു പൂട്ടിലാക്കിനിർത്തി മുന്നോട്ടോ പിന്നോട്ടോ മറിയുന്ന അപകടത്തിൽനിന്ന് പത്മാസനം രക്ഷിക്കുകയും നട്ടെല്ല് ഋജുവാക്കി നിർത്തുകയും ചെയ്യുന്നു. അതുകൊണ്ട് ഇത് ധ്യാനത്തിന് യോഗിക്ക് ഏറ്റവും പ്രിയപ്പെട്ട ആസനമാണ്. എങ്കിലും ഒരു തുടക്കക്കാരന് പത്മാസനം ചില

ബുദ്ധിമുട്ടുകൾ വരുത്തിയേക്കാം. പത്മാസനത്തിലിരിക്കുന്നത്, ഒരു ഹഠയോഗവിദ്വാന്റെ മാർഗനിർദേശം കൂടാതെ ശീലിച്ചുകൂടാ..അധ്യായം 16ഗ്രഹനിലയെ വെല്ലുക ‘ ‘മുകുന്ദാ, ജ്യോതിഷശാസ്ത്രപ്രകാരം ഒരു വള വാങ്ങി നിനക്കു ധരിച്ചുകൂടേ?’ ’ ‘ ‘വേണോ ഗുരുദേവാ? ഞാൻ ജ്യോത്സ്യത്തിൽ വിശ്വസിക്കുന്നില്ല.’ ’ ‘ ‘ഇത് വിശ്വാസത്തിന്റെ ഒരു പ്രശ്നമല്ല ഏതു വിഷയത്തിലും നാം സ്വീകരിക്കേണ്ട ശാസ്ത്രീയനിലപാട് അത് സത്യമാണോ അല്ലയോ എന്ന് പരിശോധിക്കുകയാണ്. ഭൂമിയുടെ ഗുരുത്വാകർഷണനിയമം ന്യൂട്ടനു ശേഷമെന്നതുപോലെ അദ്ദേഹത്തിനുമുമ്പും അത്രതന്നെ ഫലവത്തായി പ്രവർത്തിച്ചു. മനുഷ്യരുടെ വിശ്വാസത്തിന്റെ ആനുകൂല്യംകൂടാതെ പ്രപഞ്ചനിയമങ്ങൾക്ക് പ്രവർത്തിക്കാനാവില്ലെന്നുവന്നാൽ പ്രപഞ്ചം ഏതാണ്ട് താറുമാറാകും.’ ’ ‘ ‘പുരാതന ജ്യോതിഷശാസ്ത്രത്തെ ഇന്നത്തെ അതിന്റെ അവമതി ക്കുപാത്രമാക്കിയത് കപടജ്യോത്സ്യന്മാരാണ്. ജ്യോതിഷം ഗണിത ശാസ്ത്ര1പരമായും ദാർശനികമായും അത്യന്തം വിപുലമായതിനാൽ അഗാധപാണ്ഡിത്യമുള്ളവർക്കുമാത്രമേ അത് ശരിയായി ഗ്രഹിക്കാൻ കഴിയൂ. വിവരംകെട്ടവർ നഭോമണ്ഡലത്തെ ദുർവ്യാഖ്യാനം ചെയ്യുകയും അവിടെ ഒരു കുറിപ്പിനുപകരം ഒരു കുറിപ്പടിയാണു കാണുകയും ചെയ്യുന്നതെങ്കിൽ ഈ അപൂർണമായ ലോകത്ത് അത്രയേ പ്രതീക്ഷിക്കേണ്ടതുള്ളൂ. വിദ്വത്വത്തെ ‘വിദ്വാ’ ന്മാരോടൊപ്പം നാം തള്ളിക്കളഞ്ഞുകൂടാ. ‘ ‘സൃഷ്ടിയുടെ എല്ലാ അംശങ്ങളും തന്നിൽ ബന്ധപ്പെട്ടിരിക്കുകയും അവ പരസ്പരം സ്വാധീനിക്കുകയുംചെയ്യുന്നു. പ്രപഞ്ചത്തിന്റെ സന്തുലിതമായ താളക്രമം അന്യോന്യതയിൽ അധിഷ്ഠിതമാണ്.’ ’ ഗുരുദേവൻ തുടർന്നു, ‘ ‘തന്റെ മാനുഷികഭാവത്തിൽ, മനുഷ്യന് രണ്ടുതരം ശക്തികളുമായി പൊരുതേണ്ടതുണ്ട്-ഒന്നാമത് ഭൂമി, ജലം, അഗ്നി, വായു, ആകാശം എന്നീ പഞ്ചഭൂതതന്മാത്രകളുടെ സമ്മിശ്രണം സൃഷ്ടിക്കുന്ന, തന്റെ ഉള്ളിലെ പ്രക്ഷുബ്ധതകൾ; രണ്ടാമത് ബാഹ്യപ്രകൃതിയുടെ വിധ്വംസകശക്തികൾ. തന്റെ മർത്ത്യാവസ'ഥയോട് മല്ലടിക്കുന്നിടത്തോളംകാലം ഭൂസ്വർഗങ്ങളുടെ നിരവധി പരിണാമങ്ങൾ അവനെ ബാധിക്കുന്നു. ’ ’ ‘ ‘ഗ്രഹങ്ങളുടെ പ്രേരണകളോടുള്ള മനുഷ്യന്റെ പ്രതികരണത്തിന്റെ പഠനമാണ് ജ്യോതിഷം. ജ്യോതിർഗോളങ്ങൾക്ക് ബോധപൂർവമായ നന്മയോ തിന്മയോ ഇല്ല; അവ ഗുണമോ ദോഷമോ ആയ പ്രസരണങ്ങൾ പുറപ്പെടുവിക്കുകമാത്രം ചെയ്യുന്നു. അവ സ്വയം മനുഷ്യരാശിയെ സഹായിക്കുകയോ ഉപദ്രവിക്കുകയോ ചെയ്യുന്നില്ല, പക്ഷേ കഴിഞ്ഞ കാലത്ത് ഓരോ മനുഷ്യനും തുടങ്ങിവച്ച കാര്യകാരണങ്ങളുടെ സന്തുലനപ്രവർത്തനത്തിന് അവ നിയാമകമായ ഒരു മാർഗം തുറന്നു കൊടുക്കുന്നു. ‘ ‘തന്റെ വ്യക്തിഗതകർമത്തോട് ജ്യോതിർഗോളങ്ങളുടെ കിരണങ്ങൾ ശാസ്ത്രീയമായി പൊരുത്തപ്പെടുന്ന ദിവസത്തിലും സമയത്തിലും ആണ് ഒരു കുഞ്ഞ് ജനിക്കുക. തന്റെ തിരുത്താനാവാത്ത ഭൂതകാലത്തിന്റെയും സംഭാവ്യമായ ഭാവിഫലങ്ങളുടെയും വെല്ലുവിളി ഉയർത്തുന്ന ചിത്രമാണ് അവന്റെ ജാതകം. എന്നാൽ ജനനസമയത്തെ ഗ്രഹനില ശരിയായി വ്യാഖ്യാനിക്കാൻ ഉൾക്കാഴ്ചയോടുകൂടിയ അറിവുള്ളവർക്കേ കഴിയൂ: അത്തരക്കാർ അപൂർവമാണ്. ’ ’ ‘ ‘ജനനസമയത്ത് നഭോമണ്ഡലത്തിൽ തിളങ്ങുന്ന ലിപികളിൽ കുറിച്ച സന്ദേശം, തിരുത്താനാവാത്ത വിധിയെ—തന്റെ കഴിഞ്ഞ കാല പുണ്യപാപങ്ങളുടെ കർമഫലത്തെ— ഊന്നിപ്പറയാൻ ഉദ്ദേശിച്ചുള്ളതല്ല; മറിച്ച് തന്റെ സാർവത്രികമായ അടിമത്തത്തിൽനിന്ന് മോചനംനേടാൻ മനുഷ്യന്റെ നിശ്ചയബുദ്ധിയെ ഉണർത്താനായിട്ടുള്ളതാണ്. താൻ ചെയ്തത് തനിക്കു തിരുത്താൻ കഴിയും. തന്റെ ജീവിതത്തിൽ ഇപ്പോൾ അനുഭവ പ്പെടുന്ന കാര്യങ്ങളുടെ കാരണഭൂതൻ താനല്ലാതെ മറ്റാരുമല്ല. ഏതു പരിമിതിയേയും ഒരു മനുഷ്യനു തരണം ചെയ്യാൻ കഴിയും, കാരണം, പ്രാഥമികമായി അത് തന്റെ കർമഫലമായി താൻ ഉണ്ടാക്കിവച്ചതാണ്, പോരെങ്കിൽ ജ്യോതിർഗോളങ്ങളുടെ സമ്മർദത്തിനു വിധേയമല്ലാത്ത ആത്മീയസമ്പത്ത് അവന് ഉണ്ടുതാനും. ‘ ‘ ജ്യോതിഷത്തോടുള്ള അന്ധവിശ്വാസജടിലമായ ഭയം നമ്മെ, യാന്ത്രികനിയന്ത്രണത്തിന് അടിമയെപ്പോലെ വഴങ്ങുന്ന ഒരു യന്ത്രപ്പാവയാക്കുന്നു. തന്റെ വിധേയത്വം സൃഷ്ടിയിൽനിന്ന് സ്രഷ്ടാവിലേക്കു മാറ്റിക്കൊണ്ട് ഒരു യഥാർഥബുദ്ധിമാൻ തന്റെ ഗ്രഹനിലയെ, അതായത് ഭൂതകാലത്തെ, പരാജയപ്പെടുത്തുന്നു. പരമാത്മാവുമായുള്ള ഐക്യം എത്രകണ്ട് അവൻ തിരിച്ചറിയുന്നുവോ അത്രത്തോളം കുറച്ചുമാത്രം ജഡവസ്തുക്കൾ അവനെ നിയന്ത്രിക്കുന്നു. ആത്മാവ് നിതാന്തമായി സ്വതന്ത്രമാണ്; അതിനു മരണമില്ല, കാരണം, അതിന് ജനനമില്ല. ജ്യോതിർഗോളങ്ങൾക്ക് അതിനെ ചട്ടക്കൂടുകളിൽ ഒതുക്കാനാവില്ല. ‘ ‘മനുഷ്യൻ ഒരു ആത്മാവാണ്. അവന് ഒരു ശരീരവും ഉണ്ട്. തന്റെ ആത്മബോധം അവൻ സ്വയം നേരെയാക്കുമ്പോൾ, ഒഴിവില്ലാത്ത ജനനമരണങ്ങളുടെ പരിവൃത്തിയെ അവൻ പിൻതള്ളുന്നു. സർവസാധാരണമായ ആത്മവിസ്മൃതിയുടെ അവസ'ഥയിൽ കുഴങ്ങിക്കഴിയുവോളം ചുറ്റുപാടുകളുടെ ഇന്ദ്രിയഗോചരമല്ലാത്ത ചങ്ങലകൾ അവൻ അറിയേണ്ടിവരും. ‘ ‘ഈശ്വരൻ മധുരമായ ഏകതയുടെ സമഞ്ജസമായ സമ്മേളനമാണ്; അദ്ദേഹവുമായി ഏകതയിൽ എത്തിയ സാധകൻ ഒരിക്കലും അനുചിതമായ ഒരു പ്രവൃത്തിയും ചെയ്യുകയില്ല. ജ്യോതിഷനിയമങ്ങൾക്ക് അനുസൃതമാകത്തക്കവണ്ണം ശരിയായും സ്വാഭാവികമായും അവന്റെ പ്രവർത്തനങ്ങൾ ആസൂത്രിതമായിരിക്കും. അഗാധമായ പ്രാർഥനയ'ക്കും ധ്യാനത്തിനും ശേഷം അയാൾ തന്റെ ദൈവികമായ അധ്യാത്മബോധവുമായി സമ്പർക്കത്തിലായിരിക്കും; ആ ആന്തരികസംരക്ഷണത്തേക്കാൾ മഹത്തായി മറ്റൊരു ശക്തിയുമില്ല.’ ’ ‘ ‘എങ്കിൽ

ജ്യോതിഷവിധിപ്രകാരമുള്ള ഒരു വള ധരിക്കാൻ അങ്ങ് എന്നോട് എന്താണ് ആവശ്യപ്പെടുന്നത് ഗുരുദേവാ?’ ’ ദീർഘനേരത്തെ മൗനത്തിനുശേഷം ഈ ചോദ്യംചോദിക്കാൻ ഞാൻ ധൈര്യപ്പെട്ടു: ശ്രീ യുക്തേശ്വരന്റെ ശ്രേഷ്ഠമായ വിശദീകരണം സ്വാംശീകരിക്കാൻ ഞാൻ ശ്രമിക്കുകയായിരുന്നു. എനിക്ക് ഏറെ പുതുമയുള്ളതായിരുന്നു ആ ചിന്തകൾ. ‘ ‘ഒരു സഞ്ചാരി ലക്ഷ്യസ'ഥാനം എത്തുമ്പോൾമാത്രമേ തന്റെ കൈവശമുള്ള ഭൂപടങ്ങൾ ഉപേക്ഷിക്കുന്നതിൽ ന്യായമുള്ളൂ. വഴിയാത്രയിൽ, സൗകര്യപ്രദമായ ഏതു കുറുക്കുവഴിയും അയാൾ പ്രയോജനപ്പെടുത്തുന്നു. മനുഷ്യന് മായയിലുള്ള പ്രവാസത്തിന്റെ കാലയളവ് വെട്ടിക്കുറയ'ക്കാൻ പ്രാചീന ഋഷീശ്വരന്മാർ പലമാർഗങ്ങളും കണ്ടുപിടിച്ചു. ജ്ഞാനത്തിന്റെ കൈവിരലുകൾകൊണ്ട് സമർഥമായി ക്രമീകരിക്കാവുന്ന ചില യാന്ത്രികമായ വശങ്ങൾ കർമത്തിന്റെ നിയമങ്ങൾക്കുണ്ട്. ‘ ‘മനുഷ്യന്റെ എല്ലാ ദുരിതങ്ങളും ഉത്ഭവിക്കുന്നത് സാർവലൗകിക നിയമത്തിന്റെ ഏതെങ്കിലും ഉല്ലംഘനത്തിൽ നിന്നാണ്. ഈശ്വരന്റെ സർവ ശക്തിത്വത്തെ അനാദരിക്കാതെതന്നെ, മനുഷ്യൻ പ്രകൃതിനിയമങ്ങളെ തൃപ്തിപ്പെടുത്തണമെന്ന് വേദ-ശാസ്ത്രഗ്രന്ഥങ്ങൾ ചൂണ്ടിക്കാട്ടുന്നു. അവൻ പറയണം: ‘പ്രഭോ, ഞാൻ അങ്ങയിൽ എന്റെ വിശ്വാസം അർപ്പിക്കുന്നു. അങ്ങേക്ക് എന്നെ സഹായിക്കാൻ കഴിയുമെന്ന് എനിക്കറിയാം. പക്ഷേ, ഞാൻ ചെയ്തിട്ടുള്ള ഏതെങ്കിലും തെറ്റ് തിരുത്താൻ എന്റെ കഴിവിന്റെ പരമാവധി ഞാനും ശ്രമിക്കാം.’ പ്രാർഥനകൊണ്ടും, ഇച്ഛാശക്തി കൊണ്ടും, യോഗധ്യാനംകൊണ്ടും, പുണ്യാത്മാക്കളുടെ ഉപദേശം തേടിയും, ജ്യോതിഷവിധിപ്രകാരമുള്ള വളകൾ ഉപയോഗിച്ചും പലമാർഗത്തിലൂടെ കഴിഞ്ഞകാലത്തിലെ ദുഷ്കൃത്യങ്ങളുടെ ദോഷഫലങ്ങൾ ലഘൂകരിക്കുകയോ അസാധുവാക്കുകയോ ചെയ്യാം. ‘ ‘ഇടിമിന്നലിന്റെ ആഘാതം താങ്ങാൻ വീടുകളിൽ ചെമ്പു കമ്പികൾ ഘടിപ്പിച്ചിട്ടുള്ളതുപോലെ, ശരീരമന്ദിരത്തെ ചില പ്രത്യേക മാർഗങ്ങൾകൊണ്ട് സംരക്ഷിക്കാം. ‘ ‘വൈദ്യുത—കാന്തപ്രസരങ്ങൾ പ്രപഞ്ചത്തിൽ നിരന്തരം സഞ്ചരി ക്കുന്നു; അവ മനുഷ്യശരീരത്തെ ഗുണമായും ദോഷമായും ബാധിക്കുന്നു. സൂക്ഷ്മമായ ഈ പ്രപഞ്ചശക്തികളുടെ ദോഷങ്ങളെ ചെറുക്കുന്ന പ്രശ്നം യുഗങ്ങൾക്കുമുമ്പ് നമ്മുടെ ഋഷീശ്വരന്മാർ പരിചിന്തനം ചെയ്തിരുന്നു. ഗ്രഹങ്ങളുടെ ദോഷകരമായ പ്രഭാവത്തിന് എതിരെ ശക്തമായി പ്രതിപ്രവർത്തിക്കുന്ന സൂക്ഷ്മമായ ഒരു പ്രകാശം ശുദ്ധലോഹങ്ങൾ പുറപ്പെടുവിക്കുന്നതായി ഋഷീശ്വരന്മാർ കണ്ടെത്തി. ചില സസ്യസംയോ ഗങ്ങളും ഇതിന് സഹായകമായി കാണപ്പെട്ടു. ഇവയിൽ ഏറ്റവും ഫലപ്രദം രണ്ടു കാരറ്റിൽ കുറയാത്ത രത്നങ്ങളാണ്. ‘ ‘ജ്യോതിഷശാസ്ത്രത്തിന്റെ പ്രായോഗികമായ പ്രതിരോധാത്മക പ്രയോജനങ്ങളെപ്പറ്റി ഭാരതത്തിനുപുറത്ത് ഗൗരവമായ പഠനങ്ങൾ ഒന്നും ഉണ്ടായിട്ടില്ല. അധികം അറിയപ്പെടാത്ത ഒരു വസ്തുത, ശരിയായ രത്നവും ലോഹവും സസ്യസംയോഗങ്ങളും വേണ്ടതൂക്കത്തിൽ ഉണ്ടെന്ന് ഉറപ്പുവരുത്തണം എന്നതും, തൊലിപ്പുറത്ത് ശരീരത്തോടുചേർത്ത് അവ ധരിച്ചില്ലായെങ്കിൽ അവകൊണ്ട് പ്രയോജനമില്ലെന്നതുമാണ്.’ ’ ‘ ‘പ്രഭോ, അങ്ങയുടെ ഉപദേശമനുസരിച്ച് ഞാൻ തീർച്ചയായും ഒരു വള വാങ്ങാം. ഗ്രഹങ്ങളെ കടത്തിവെട്ടുക എന്ന ചിന്ത എന്നെ വിസ്മയിപ്പിക്കുന്നു!’ ’ ‘ ‘പൊതുവെയുള്ള ആവശ്യങ്ങൾക്ക് സ്വർണവും വെള്ളിയും ചെമ്പും കൊണ്ടുണ്ടാക്കിയ ഒരു വള ഉപയോഗിക്കാൻ ഞാൻ ഉപദേശിക്കുന്നു. പക്ഷേ, ഒരു പ്രത്യേക ഉദ്ദേശ്യത്തിന്, വെള്ളിയും കാരീയവും കൊണ്ടുള്ള ഒന്നാണ് നീ വാങ്ങണമെന്ന് ഞാൻ ആവശ്യപ്പെടുന്നത്.’ ’ ശ്രീ യുക്തേശ്വരൻ ശ്രദ്ധയോടെ നിർദേശങ്ങൾ നൽകി. ‘ ‘ഗുരുജി, എന്ത് ‘പ്രത്യേക ഉദ്ദേശ്യ’ മാണ് അങ്ങ് അർഥമാക്കുന്നത്?’ ’ ‘ ‘ജ്യോതിർഗോളങ്ങൾ ‘സൗഹൃദമില്ലാത്ത’ ഒരു താല്പര്യം നിന്നിൽ കാട്ടാൻപോകുകയാണ്, മുകുന്ദാ. ഭയപ്പെടേണ്ടാ, നീ സുരക്ഷിതനായിരിക്കും. ഏതാണ്ട് ഒരു മാസമാകുമ്പോൾ നിന്റെ കരൾ നിനക്ക് കുറേ അധികം ബുദ്ധിമുട്ടുണ്ടാക്കും. ആ അസുഖം ആറു മാസം നീണ്ടുനിൽക്കാനാണ് വിധിക്കപ്പെട്ടിട്ടുള്ളത്. പക്ഷേ, ജ്യോതിഷവിധിപ്രകാരമുള്ള നിന്റെ വളയുടെ ഉപയോഗം ആ കാലാവധി ഇരുപത്തിനാലുദിവസമായി ചുരുക്കും.’ ’ അടുത്തദിവസം ഞാൻ ഒരു രത്നവ്യാപാരിയെ കണ്ടുപിടിച്ച് ഒരു വള ഉണ്ടാക്കിച്ച് അത് ധരിച്ചു. എന്റെ ആരോഗ്യം ഒന്നാംതരമായിരുന്നു: ഗുരുദേവന്റെ പ്രവചനം എന്റെ മനസ്സിൽ നിന്നു മാഞ്ഞുപോയി. അദ്ദേഹം ശ്രീരാമപുരംവിട്ട് വാരാണസി സന്ദർശനത്തിനു പോയി. ഞങ്ങളുടെ സംഭാഷണത്തിന് മുപ്പതു ദിവസത്തിനുശേഷം എന്റെ കരളിന്റെ ഭാഗത്ത് പെട്ടെന്ന് ഒരു വേദന അനുഭവപ്പെട്ടു. അടുത്ത ആഴ്ചകൾ അതികലശലായ വേദനയുടെ പേടിസ്വപ്നമായിത്തീർന്നു. എന്റെ ഗുരുദേവനെ ശല്യപ്പെടുത്താനുള്ള മടികൊണ്ട് ഈ യാതന ധൈര്യപൂർവം താനേ സഹിക്കാമെന്ന് ഞാൻ കരുതി.പക്ഷേ ഇരുപത്തിമൂന്നുദിവസത്തെ കഠിനമായ യാതന എന്റെ നിശ്ചയത്തെ ദുർബലപ്പെടുത്തി. ഞാൻ വാരാണസിക്കു തീവണ്ടി കയറി. അവിടെ ശ്രീ യുക്തേശ്വരൻ എന്നെ അസാധാരണമായ സ്നേഹവായ്പോടെ സ്വീകരിച്ചെങ്കിലും എന്റെ കഷ്ടപ്പാട് സ്വകാര്യമായി പറയാൻ അവസരം തന്നില്ല. അന്ന് ധാരാളം ഭക്തന്മാർ വെറുമൊരു ദർശനത്തിനായി ഗുരുദേവനെ സന്ദർശിച്ചു.2 അസുഖത്തോടെയും അവഗണിക്കപ്പെട്ടും ഞാൻ ഒരു മൂലയിൽ ഇരുന്നു. വൈകുന്നേരത്തെ ആഹാരത്തിനുശേഷമേ അതിഥികൾ എല്ലാം പിരിഞ്ഞുള്ളൂ. വീട്ടിലെ എട്ടുകോണുള്ള ബാൽക്കണിയിലേക്ക് എന്റെ ഗുരു എന്നെ വിളിച്ചു. ‘ ‘നിന്റെ കരളിന്റെ അസുഖം സംബന്ധിച്ചായിരിക്കും നീ വന്നത്.’ ’ ശ്രീ യുക്തേശ്വരന്റെ നോട്ടം എന്റെ നേർക്കായിരുന്നില്ല; നിലാവെളിച്ചത്തെ ഇടയ'ക്കിടെ മുറിച്ചുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും അദ്ദേഹം നടന്നു. ‘ ‘അപ്പോൾ, നീ ഇരുപത്തിനാലുദിവസമായി അസുഖത്തിലാണ് അല്ലേ’ ’ ‘ ‘അതേ,

പ്രഭോ.’ ’ ‘ ‘ഞാൻ നിന്നെ പഠിപ്പിച്ച ഉദരവ്യായാമം ഒന്നുചെയ്യൂ’ ’ ‘ ‘എന്റെ വേദനയുടെ കാഠിന്യം അറിയാമായിരുന്നുവെങ്കിൽ വ്യായാമംചെയ്യാൻ അങ്ങ് എന്നോട് പറയുകയില്ലായിരുന്നു. ’ ’ എന്നാലും അദ്ദേഹത്തെ അനുസരിക്കാൻ ഒരു ദുർബലശ്രമം ഞാൻ നടത്തി. ‘ ‘നീ പറയുന്നൂ നിനക്കു വേദനയുണ്ടെന്ന്; ഞാൻ പറയുന്നൂ നിനക്കു വേദനയില്ലെന്ന്. ഈ പരസ്പരവൈരുധ്യം എങ്ങനെ നിലനിൽക്കും?’ ’ എന്റെ ഗുരുദേവൻ എന്നെ സാകൂതം നോക്കി.ഞാനാകെ കുഴങ്ങിപ്പോയി. അതിനുശേഷം സുഖകരമായ ആശ്വാസം എന്നെ കീഴടക്കി. ആഴ്ചകളായി എന്റെ ഉറക്കം നഷ്ടപ്പെടുത്തിയ ആ തുടർച്ചയായ വേദന എനിക്ക് പിന്നെ അനുഭവപ്പെട്ടില്ല; ശ്രീ യുക്തേശ്വരന്റെ വാക്കുകളാൽ എന്റെ വേദന ഇതിനുമുമ്പ് ഉണ്ടായിരുന്നില്ലായെന്നപോലെ ഭേദമായി.കൃതജ്ഞതയോടെ അദ്ദേഹത്തിന്റെ പാദങ്ങളിൽ നമിക്കാൻ ഞാൻ ഒരുമ്പെട്ടു; പക്ഷേ അദ്ദേഹം എന്നെ വേഗത്തിൽ തടഞ്ഞു. ‘ ‘ബാലിശമായി പെരുമാറാതിരിക്കൂ. എഴുന്നേറ്റ് ഗംഗയിൽ നിലാവു വീഴുന്നതിന്റെ ഭംഗി ആസ്വദിക്കൂ.’ ’ പക്ഷേ അദ്ദേഹത്തിന്റെ അരികിൽ നിശ്ശബ്ദനായി ഞാൻ നിന്നപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ സന്തോഷത്താൽ തിളങ്ങുകയായിരുന്നു. താനല്ലാ, ഈശ്വരനായിരുന്നു എന്നെ സുഖപ്പെടുത്തിയതെന്ന് ഞാൻ കരുതണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹമെന്ന് അദ്ദേഹത്തിന്റെ ഭാവത്തിൽനിന്ന് ഞാൻ മനസ്സിലാക്കി.എത്രയോ കാലംമുമ്പ് കടന്നുപോയ, എന്നും മധുരസ്മരണ ഉണർത്തുന്ന ആ ദിവസത്തിന്റെ സ്മാരകമായ, വെള്ളിയും കാരീയവും കൊണ്ടുള്ള കനത്ത കൈവള ഇന്നും ഞാൻ ധരിക്കുന്നു. അതിമാനുഷനായ ഒരു വ്യക്തിയുടെ കൂടെയാണ് ഞാൻ ജീവിച്ചിരുന്നതെന്ന് അന്നു ഞാൻ വീണ്ടും കണ്ടെത്തി. പിന്നീടുള്ള അവസരങ്ങളിൽ ഞാൻ എന്റെ സ്നേഹിതരെ രോഗവിമുക്തിക്കായി ശ്രീ യുക്തേശ്വരന്റെ സന്നിധിയിൽ കൊണ്ടുവന്നപ്പോൾ എല്ലായ്പ്പോഴും രത്നങ്ങളോ വളകളോ അദ്ദേഹം ശുപാർശ ചെയ്തിരുന്നു അവയുടെ ഉപയോഗം ജ്യോതിശാസ്ത്രപരമായ ഒരു വിശേഷജ്ഞാനമായി അദ്ദേഹം ശ്ലാഘിച്ചിരുന്നു.എന്റെ കുട്ടിക്കാലംമുതലേ എനിക്ക് ജ്യോത്സ്യത്തോട് മതിപ്പില്ലായിരുന്നു. പലരും അന്ധമായി അതിനോട് മമത കാട്ടിയിരുന്നുവെന്നതും ‘ ‘നീ മൂന്നുപ്രാവശ്യം വിവാഹം കഴിക്കും, രണ്ടുപ്രാവശ്യവും ഭാര്യ മരിച്ചിട്ട്’ ’ എന്ന ഞങ്ങളുടെ കുടുംബ ജ്യോത്സ്യന്റെ പ്രവചനവുമാണ് കാരണം. മൂന്നു വിവാഹങ്ങളുടെ ബലിപീഠത്തിൽ കുരുതിക്കു നിർത്തിയ ആടിനെപ്പോലെയായ ഞാൻ ഇക്കാര്യത്തിൽ ചിന്താകുലനായി. ‘ ‘നിന്റെ ദുർവിധിക്കു വഴങ്ങുകയേ നിനക്കുനിവൃത്തിയുള്ളൂ.’ ’ എന്റെ ജ്യേഷ്ഠൻ അനന്തദാ അഭിപ്രായപ്പെട്ടു. ‘ ‘നീ കുട്ടിക്കാലത്ത് ഹിമാലയത്തിലേക്കു പലായനം ചെയ്യുമെന്നും, നിന്നെ ബലാൽക്കാരമായി തിരിച്ചു കൊണ്ടുവരുമെന്നും, എഴുതിവച്ചിരിക്കുന്ന നിന്റെ ജാതകം കൃത്യമായി പറഞ്ഞിട്ടുണ്ട്. നിന്റെ വിവാഹങ്ങളുടെ പ്രവചനവും ശരിയായേ പറ്റൂ.’ ’ ഈ പ്രവചനം തികച്ചും അസത്യമാണെന്ന് വളരെ വ്യക്തമായ ഒരു വെളിപാട് എനിക്ക് ഒരു രാത്രി ഉണ്ടായി. ജാതകത്തിന്റെ കടലാസുചുരുൾ ഞാൻ തീയിട്ടു: ചാരം ഒരു കടലാസുകൂടിനുള്ളിൽ ഇട്ടിട്ട് അതിന്റെ പുറത്ത് ഇങ്ങനെ എഴുതി: ‘ ‘ ദൈവികമായ ജ്ഞാനത്തിൽ ചുട്ടെരിച്ചാൽ സഞ്ചിത കർമത്തിന്റെ വിത്തുകൾക്ക് മുളയ'ക്കാൻ ആവില്ല.’ ’ പെട്ടെന്നു ശ്രദ്ധിക്കുന്ന ഒരു സ'ഥലത്ത് ഞാൻ ആ കൂടുവച്ചു; എന്റെ വെല്ലുവിളിയുടെ ആ പ്രസ്താവം ഉടനെ തന്നെ അനന്തദാ വായിച്ചു. ‘ ‘ഈ കടലാസുചുരുൾ കത്തിച്ചത്ര എളുപ്പത്തിൽ നിനക്ക് സത്യത്തെ നശിപ്പിക്കാൻ സാധ്യമല്ല,’ ’ എന്റെ സഹോദരൻ പരിഹാസത്തോടെ ചിരിച്ചു.ഞാൻ പുരുഷപ്രാപ്തിയിലെത്തുന്നതിനുമുമ്പ് എന്റെ വിവാഹനിശ്ചയം നടത്താൻ എന്റെ വീട്ടുകാർ മൂന്നുപ്രാവശ്യം ശ്രമിച്ചുവെന്നത് വസ്തുതയാണ്. പൂർവജന്മങ്ങളിൽനിന്നുള്ള ജ്യോതിഷപരമായ ഏതു സ്വാധീനങ്ങളെക്കാളുമേറെ ശക്തമാണ് എന്റെ ഈശ്വരപ്രേമമെന്നറിഞ്ഞ് ഓരോ പ്രാവശ്യവും ഞാൻ ആ പദ്ധതികൾക്ക് വഴങ്ങാതിരുന്നു.3 ‘ ‘ഒരാളുടെ ആത്മസാക്ഷാത്കാരം എത്രമാത്രം അഗാധമാണോ അത്രത്തോളം അയാൾ പ്രപഞ്ചത്തെ തന്റെ സൂക്ഷ്മമായ ആത്മീയ സ്പന്ദങ്ങൾകൊണ്ട് സ്വാധീനിക്കുന്നു, അത്രയും കുറച്ചു മാത്രമേ മായ അയാളെ ബാധിക്കൂ.’ ’ ഗുരുദേവന്റെ ഈ വാക്കുകൾ പലപ്പോഴും പ്രചോദനംപകർന്നുകൊണ്ട് എന്റെ മനസ്സിൽ വരുമായിരുന്നു.ഗ്രഹനിലയനുസരിച്ച് എന്റെ മോശമായ കാലഘട്ടങ്ങൾ ചൂണ്ടി കാട്ടാൻ ജ്യോത്സ്യന്മാരോട് ഇടയ'ക്കിടെ ഞാൻ ആവശ്യപ്പെട്ടിരുന്നു; എന്നിരുന്നാലും ലക്ഷ്യംവച്ചിരുന്ന കാര്യങ്ങൾ എല്ലാം ഞാൻ പൂർത്തിയാക്കുമായിരുന്നു. ഈ കാലഘട്ടങ്ങളിലെ വിജയങ്ങൾ അസാധാരണമായ ബുദ്ധിമുട്ടുകൾ നേരിട്ടശേഷമേ കൈവരിക്കാനായിട്ടുള്ളൂവെന്നത് സത്യമാണ്. പക്ഷേ എന്റെ വിശ്വാസം എപ്പോഴും നീതീകരിക്കപ്പെട്ടിട്ടുണ്ട്; ഈശ്വരന്റെ സംരക്ഷണത്തിലുള്ള വിശ്വാസവും മനുഷ്യന് ഈശ്വരൻ തന്നിട്ടുള്ള ഇച്ഛാശക്തിയുടെശരിയായ ഉപയോഗവും, ആകാശത്തുനിന്നു പ്രവഹിക്കുന്ന സ്വാധീനശക്തികളെക്കാൾ അപ്രതിരോധ്യമാണ്.ജനനസമയത്തെ നക്ഷത്രലേഖം വെളിവാക്കുന്നത് മനുഷ്യൻ പൂർവകാലത്തിന്റെ കളിപ്പാവയാണെന്നല്ലായെന്ന് ഞാൻ മനസ്സിലാക്കാൻ ഇടയായി. അതിന്റെ സന്ദേശം അവന്റെ ആത്മാഭിമാനത്തെ പ്രചോദിപ്പിക്കുന്നു; എല്ലാ പരിമിതികളിൽനിന്നും സ്വതന്ത്രനാകാനുള്ള മനുഷ്യന്റെ ദൃഢനിശ്ചയത്തെ ഉണർത്താനാണ് നഭോമണ്ഡലംതന്നെ ഒരുമ്പെടുന്നത്. ഈശ്വരൻ ഓരോ മനുഷ്യനെയും വ്യക്തിത്വം നൽകപ്പെട്ട ഒരു ആത്മാവായാണ് സൃഷ്ടിക്കുന്നത്. ഒരു തൂണിന്റെയോ പരോപജീവിയുടെയോ താൽകാലികനിലയിലായാലും പ്രപഞ്ചഘടനയ'ക്ക് അത് അത്യന്താപേക്ഷിതമാണ്. അവനു വേണമെന്നുവച്ചാൽ അവന്റെ സ്വാതന്ത്ര്യം ആത്യന്തികവും ആസന്നവുമാണ്. അത് ബാഹ്യമായതല്ല,

ആന്തരികമായ വിജയങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്.നമ്മുടെ ഇപ്പോഴത്തെ കാലഘട്ടത്തിന് 24,000 കൊല്ലങ്ങളുള്ള ഒരു വിഷുവചക്രത്തിന്റെ ഗണിതശാസ്ത്രപരമായ പ്രയോഗസാധ്യത ശ്രീ യുക്തേശ്വരൻ കണ്ടുപിടിച്ചു.4 12,000 കൊല്ലങ്ങൾ വീതമുള്ള ഒരു ആരോഹണചക്രഖണ്ഡവും ഒരു അവരോഹണചക്രഖണ്ഡവുമായി അദ്ദേഹം ഈ കാലചക്രത്തെ വിഭജിച്ചു. കലി, ദ്വാപര, ത്രേതാ, സത്യയുഗങ്ങൾ എന്ന നാലു വിഭാഗങ്ങളാണ് ഓരോ ചക്രഖണ്ഡത്തിലും ഉണ്ടാവുക; ഇവ ഗ്രീക്കുകാരുടെ ഇരുമ്പ്, ഓട്, വെള്ളി, സുവർണയുഗങ്ങൾക്ക് സമാനമാണ്.ഈ ആരോഹണ ചക്രഖണ്ഡത്തിലെ അവസാനകലിയുഗം ക്രി.വ. അഞ്ഞൂറിനോടടുപ്പിച്ച് തുടങ്ങിയെന്ന് വിവിധ കണക്കുകൂട്ടലുകൾകൊണ്ട് എന്റെ ഗുരുദേവൻ നിർണയിച്ചു. 1200 വർഷങ്ങളുള്ള ഇരുമ്പുയുഗം ഭൗതികതയുടെ ഒരു കാലയളവാണ്. ഇത് ക്രി.വ. ആയിരത്തിയെഴുനൂറിനോടടുപ്പിച്ച് അവസാനിച്ചു. ആ വർഷം ദ്വാപരയുഗത്തെ സ്വാഗതം ചെയ്തു. വൈദ്യുത-ആണവഊർജവികസനത്തിന്റെയും, കമ്പിയില്ലാക്കമ്പി, റേഡിയോ, വിമാനം, എന്നീ ദൂരത്തെ വെട്ടികുറയ'ക്കുന്ന മറ്റു കണ്ടുപിടുത്തങ്ങളുടെയും കാലഘട്ടമായ ദ്വാപരയുഗത്തിന് 2400 വർഷം ദൈർഘ്യമുണ്ട്.3600 വർഷംനീണ്ട ത്രേതായുഗം ക്രി. വ. 4100-ൽ തുടങ്ങും; മനോമയമായ വാർത്താവിനിമയമാർഗങ്ങളെയും മറ്റു സമയസംഹാരികളെയുംപറ്റിയുള്ള പൊതുവായ അറിവ് ഈ യുഗത്തെ എടുത്തുകാട്ടും. ആരോഹണചക്രഖണ്ഡത്തിന്റെ അവസാനത്തെ 4800 വർഷമുള്ള സത്യയുഗത്തിൽ, മനുഷ്യന്റെ ബുദ്ധിവൈഭവം അത്യധികം വികാസം പ്രാപിച്ചിരിക്കും; മനുഷ്യൻ ഈശ്വരന്റെ പദ്ധതിയുമായി ഒത്തിണങ്ങി പ്രവർത്തിക്കും.പിന്നീട്, 4800 വർഷങ്ങളുള്ള അവരോഹണ സത്യയുഗത്തോടൊപ്പം പന്തീരായിരം വർഷങ്ങളുള്ള അവരോഹണ ചക്രഖണ്ഡം ലോകത്ത് ആരംഭിക്കും (ക്രി. വ. 12500-ൽ); മനുഷ്യൻ ക്രമേണ അജ്ഞതയിലേക്കു താഴുന്നു. ഈ ചക്രങ്ങൾ പ്രതിഭാസാത്മകമായ പ്രപഞ്ചത്തിന്റെ അന്തരങ്ങളും ആപേക്ഷിതകളുമായ മായയുടെ നിതാന്തമായ പരിവൃത്തിയാണ്.5 സ്രഷ്ടാവുമായുള്ള അഭേദ്യമായ ദൈവിക ഐക്യത്തിന്റെ ബോധത്തിലേക്ക് മനുഷ്യർ ഉണരുമ്പോൾ, സൃഷ്ടിയിലെ ദ്വൈതത്തിന്റെ കാരാഗാരത്തിൽനിന്ന് അവർ ഓരോരുത്തരായി രക്ഷപ്പെടുന്നു.ജ്യോതിഷത്തെപ്പറ്റി മാത്രമല്ല, ലോകത്തിലെ വേദശാസ്ത്ര ഗ്രന്ഥങ്ങളെപ്പറ്റിയുള്ള എന്റെ അറിവ് ഗുരുദേവൻ വിപുലമാക്കി. അദ്ദേഹത്തിന്റെ മനസ്സാകുന്ന കറയറ്റ മേശമേൽ ആ വിശുദ്ധഗ്രന്ഥ ങ്ങളെവച്ച്, അവയെ തന്റെ ഉൾക്കാഴ്ചയെന്ന ഗുണദോഷവിചിന്തന ത്തിന്റെ കത്തികൊണ്ട് കീറിനോക്കാനും പ്രവാചകന്മാർ മൗലികമായി വെളിപ്പെടുത്തിയ സത്യങ്ങളിൽനിന്ന് പണ്ഡിതന്മാരുടെ പ്രമാദങ്ങളും കൂട്ടിച്ചേർക്കലുകളും വേർതിരിച്ചെടുക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. ‘ ‘മൂക്കിന്റെ തുമ്പത്ത് ദൃഷ്ടി ഉറപ്പിക്കുക.’ ’ ഭഗവദ്ഗീതയുടെ ഒരു ശ്ലോകത്തിന് പൗരസ്ത്യ-പാശ്ചാത്യപരിഭാഷകർ പരക്കെ സ്വീകരിച്ചി രിക്കുന്ന ഈ തെറ്റായവ്യാഖ്യാനം ഗുരുദേവന്റെ പരിഹാസത്തോടുകൂടിയ വിമർശനത്തിന് ഇടയാക്കി. ‘ ‘ഒരു യോഗിയുടെ പാത, അല്ലെങ്കിൽതന്നെ, അസാധാരണമാണ്,’ ’ അദ്ദേഹം അഭിപ്രായപ്പെട്ടു. ‘ ‘ഒരു കോങ്കണ്ണൻകൂടിയാകണമെന്ന് അയാളെ എന്തിന് ഉപദേശിക്കണം? നാസികാഗ്രം എന്നതിന്റെ യഥാർഥ അർഥം ‘നാസികയുടെ തുടക്കം’ എന്നാണ്. അല്ലാതെ ‘തുമ്പ് ’ എന്നല്ല. പുരികങ്ങളുടെ ഒത്തമധ്യത്തിലുള്ള ആധ്യാത്മിക ദൃഷ്ടിയുടെ ഇരിപ്പിടത്തിൽനിന്നാണ് നാസിക ആരംഭിക്കുന്നത്.’ ’ 7ഒരു സാംഖ്യസൂത്രം8 പറയുന്നു: ‘ഈശ്വരോƒസിദ്ധ:’ 9 (സൃഷ്ടി കർത്താവിനെ തെളിയിക്കവയ്യ). പ്രധാനമായും ഈ വാക്യത്തിന്റെ അടിസ'ഥാനത്തിൽ മിക്കവാറും എല്ലാ പണ്ഡിതന്മാരും, ആ ദർശനം മുഴുവനും നിരീശ്വരവാദപരം എന്നുവിളിക്കുന്നു. ‘ ‘ഈ വാക്യം നിരീശ്വരവാദപരമല്ല,’ ’ ശ്രീ യുക്തേശ്വരൻ വിശദീകരിച്ചു. ‘ ‘അവസാനതീർപ്പുകൾക്കെല്ലാം ഇന്ദ്രിയങ്ങളെ ആശ്രയിക്കുന്ന ഒരു അജ്ഞാനിയായ മനുഷ്യന് ഈശ്വരനുണ്ടെന്നതിന്റെ തെളിവ് അറിയാതെപോകുമെന്നു മാത്രമല്ലാ, അത്തരം തെളിവ് അക്കാരണത്താൽ നിലനില്ക്കുന്നുമില്ല. യഥാർഥ സാംഖ്യാനുയായികൾ ധ്യാനത്തിൽനിന്നും ലഭിച്ച അചഞ്ചലമായ ഉൾക്കാഴ്ചകൊണ്ട് ഈശ്വരൻ ഉണ്ടെന്നും അദ്ദേഹത്തെ അറിയാൻ കഴിയുമെന്നും മനസ്സിലാക്കുന്നു.’ ’ മനോഹരമായ സ്പഷ്ടതയോടെ ഗുരുദേവൻ ബൈബിൾ വ്യാഖ്യാനിച്ചു. ക്രിസ്ത്യാനികളുടെ ഹാജർപട്ടികയ'ക്ക് അറിയാത്ത എന്റെ ഹിന്ദുഗുരുവിൽനിന്നാണ് ബൈബിളിന്റെ അനശ്വരസത്ത കാണാൻ ഞാൻ പഠിച്ചത്. ‘ ‘ആകാശവും ഭൂമിയും നശ്വരമാണ്; എന്റെ വചനങ്ങളോ അനശ്വരമത്രേ.’ ’ 10 എന്ന ക്രിസ്തുവിന്റെ ഏറ്റവും രോമാഞ്ചകാരിയായ ദൃഢപ്രസ്താവത്തിന്റെ പരമാർഥം മനസ്സിലാക്കിയതും അദ്ദേഹത്തിൽ നിന്നുതന്നെയാണ്.ശ്രീയേശുവിന് ചൈതന്യംപകർന്ന അതേ ദൈവിക ആദർശങ്ങൾകൊണ്ടുതന്നെയാണ് ഭാരതത്തിലെ മഹാന്മാരായ ആചാര്യന്മാർ തങ്ങളുടെ ജീവിതങ്ങൾ മെനഞ്ഞെടുക്കുന്നത്: ഈ മഹത്തുക്കൾ അദ്ദേഹത്തിന്റെ പ്രഖ്യാപിത ബന്ധുജനങ്ങളാണ്. ‘ ‘എന്റെ സ്വർഗസ'ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാരോ അവനാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും.’ ’ 11 ‘ ‘എന്റെ വചനത്തിൽ ഉറച്ചുനിന്നാൽ നിങ്ങൾ യഥാർഥത്തിൽ എന്റെ ശിഷ്യന്മാരാണ്; നിങ്ങൾ സത്യം അറിയും, സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും.’ ’ 12 ക്രിസ്തുദേവൻ ചൂണ്ടികാട്ടി. സ്വതന്ത്രരും താന്താങ്ങളുടെ പ്രഭുക്കളുമായ ഈ ഭാരതീയ യോഗി-ക്രിസ്തുക്കളെല്ലാവരും ഏകപിതാവിന്റെ വിമോചകമായ ജ്ഞാനം നേടിയവരെന്ന അനശ്വരഭ്രാതൃത്വത്തിന്റെ ഭാഗമാണ്. ‘ ‘ആദത്തിന്റെയും ഹവ്വയുടെയും കഥ എനിക്കു മനസ്സിലാകുന്നില്ല!’ ’ ഈ അന്യാപദേശത്തിന്റെ പൊരുളുമായി മല്ലിടുന്ന ആദ്യ

കാലങ്ങളിൽ ഒരു ദിവസം വികാരാവേശത്തോടെ ഞാൻ പറഞ്ഞു. ‘ ‘തെറ്റുകാരായ ആ ഇണകളെ മാത്രമല്ലാതെ നിർദോഷികളായ വരുംതലമുറകളെക്കൂടി എന്തിനാണ് ദൈവം ശിക്ഷിച്ചത്?’ ’ എന്റെ അറിവുകേടിനുപരിയായി എന്റെ വികാരാവേശത്തിലാണ് ഗുരുദേവന് രസം തോന്നിയത്. ‘ ‘ഉല്പത്തി അഗാധമായും പ്രതീകാത്മകമാണ്. അത് ഒരു അക്ഷരാർഥവ്യാഖ്യാനംകൊണ്ട് ഗ്രഹിക്കാവുന്നതല്ല’ ’ അദ്ദേഹം വിശദീകരിച്ചു. ‘ ‘അതിലെ ‘ജീവന്റെ വൃക്ഷം’ മനുഷ്യശരീരമാണ്. സുഷുമ്നാനാഡി, തലകീഴായ ഒരു വൃക്ഷംപോലെയാണ്, മനുഷ്യന്റെ തലമുടി അതിന്റെ വേരുകളും, അന്തർബഹിർവാഹികളായ നാഡികൾ അതിന്റെ ശാഖകളുമാണ്. നാഡീവ്യൂഹമാകുന്ന വൃക്ഷം ആസ്വാദ്യകരമായ ധാരാളം കനികൾ അഥവാ ശബ്ദ, സ്പർശ, രൂപ, രസ, ഗന്ധങ്ങളുടെ അനുഭൂതികൾ വഹിക്കുന്നു. ഇവയെ മനുഷ്യന് ഒരു അവകാശമെന്നനിലയിൽ വേണ്ടുവോളം അനുഭവിക്കാം; എന്നാൽ ലൈംഗികാനുഭവം, അതായത്, ശരീരമാകുന്ന പൂന്തോട്ടത്തിന്റെ ‘നടുവിലുള്ള’ ആ ഫലം — ‘ആപ്പിൾ’ — അവനു നിഷിദ്ധമായിരുന്നു.13 ‘ ‘ലൈംഗികനാഡികളെ ഉത്തേജിപ്പിക്കുന്ന ചുറ്റിപ്പിണഞ്ഞു കിടക്കുന്ന സുഷുമ്നാശക്തിയെ ‘സർപ്പം’ പ്രതിനിധാനം ചെയ്യുന്നു. ‘ആദം’ വിവേചനശക്തിയും, ‘ഹവ്വാ’ വികാരവുമാണ്. ഏതു മനുഷ്യനിലുമുള്ള ഹവ്വാബോധം അഥവാ വികാരത്തെ ലൈംഗിക ഉത്തേജനം കീഴ്പെടുത്തിയാൽ അവന്റെ വിവേചനം അഥവാ ആദവും കീഴടങ്ങുന്നു.14 ‘ ‘തന്റെ ഇച്ഛാശക്തിയിലൂടെ പുരുഷന്റെയും സ്ത്രീയുടെയും ശരീരങ്ങൾ ആവിർഭവിപ്പിച്ചാണ് ഈശ്വരൻ മനുഷ്യവർഗത്തെ സൃഷ്ടിച്ചത്. ഈ പുതിയ ജാതിക്ക് അതേപോലുള്ള നിർമലമായ അഥവാ ദൈവികമായ സന്തത്യുല്പാദനശേഷി അദ്ദേഹം നൽകി.15 ഇക്കാലമത്രയും ജന്മവാസനാ ബദ്ധരും ബുദ്ധിവൈഭവം പൂർണമായി വികസിക്കാത്തവരുമായ മൃഗങ്ങൾവരെയായി വ്യക്തിഗതമായ ആത്മാവിലുള്ള തന്റെ ആവിർഭാവം പരിമിതമായിരുന്നതിനാൽ പ്രതീകാത്മകമായി ആദം എന്നും ഹവ്വാ എന്നും വിളിക്കുന്ന ആദ്യ മനുഷ്യശരീരങ്ങളെ ഈശ്വരൻ സൃഷ്ടിച്ചു. മേലേക്കുള്ള ഗുണകരമായ പരിണാമത്തിനുവേണ്ടി അദ്ദേഹം രണ്ടു മൃഗങ്ങളുടെ ആത്മാവ് അഥവാ ദൈവികസത്ത ഇവരിലേക്ക് മാറ്റി.16 ആദത്തിൽ അഥവാ പുരുഷനിൽ, വിവേകം മുന്നിട്ടുനിന്നു; ഹവ്വയിൽ അഥവാ സ്ത്രീയിൽ വികാരത്തിനായിരുന്നു മുൻതൂക്കം. അങ്ങനെ ദൃശ്യപ്രപഞ്ചത്തിനു പിന്നിലുള്ള ദ്വൈതാവസ'ഥ അഥവാ ഗുണവൈരുധ്യം പ്രകടമായി. മനുഷ്യമനസ്സ് മൃഗീയപ്രവണതകളുടെ സർപിളമായ ശക്തിയാൽ കബളിപ്പിക്കപ്പെടാത്തിടത്തോളംകാലം വിവേകവും വികാരവും സഹയോഗസന്തുഷ്ടിയുടെ സ്വർഗത്തിൽ തുടരുന്നു. ‘ ‘അതുകൊണ്ട് മൃഗങ്ങളിൽനിന്നുള്ള പരിണാമത്തിന്റെ ഫലം മാത്രമായുണ്ടായതല്ല, മറിച്ച്, ഈശ്വരന്റെ ഒരു സവിശേഷസൃഷ്ടി കർമത്താൽ നിർമിക്കപ്പെട്ടതാണ് മനുഷ്യശരീരം. മൃഗരൂപങ്ങൾ ദിവ്യത പൂർണമായി പ്രകാശിപ്പിക്കാൻ കഴിയാത്തവണ്ണം പ്രാകൃതമായിരുന്നു. സർവജ്ഞത പ്രാപിക്കാൻ ശേഷിയുള്ള അതിശക്തമായ മാനസിക വൈഭവവും—മസ്തിഷ്കത്തിലെ സഹസ്രദലപത്മവും—ഒപ്പം ഉൽക്കടമായ ഉണർവുള്ള നിഗൂഢ സുഷുമ്നാചക്രങ്ങളും മനുഷ്യന് അന്യാദൃശമായ രീതിയിൽ നൽകപ്പെട്ടു. ‘ ‘ആദ്യസൃഷ്ടികളായ ഇണകളിൽ സന്നിഹിതമായിരുന്ന ദിവ്യ ചൈതന്യം അഥവാ ഈശ്വരൻ, ലൈംഗികാനുഭൂതികളൊഴിച്ച് മാനുഷികമായ മറ്റെല്ലാ ഇന്ദ്രിയസുഖങ്ങളും ആസ്വദിക്കാൻ അവരെ ഉപദേശിച്ചു.17 നീചമായ മൃഗീയ സന്തത്യുല്പാദനരീതിയിൽ മനുഷ്യവർഗത്തെകുടുക്കുന്ന, ലൈംഗികാവയവങ്ങളുടെ ഉപയോഗം ഒഴിവാക്കാനാണ് ഇവയെ നിരോധിച്ചത്. ഉപബോധമനസ്സിലെ മൃഗീയസ്മൃതികൾ ഉണർത്തരുതെന്ന താക്കീത് അവർ ചെവിക്കൊണ്ടില്ല. മൃഗീയമായ രീതിയിലുള്ള സന്തത്യുല്പാദനം പുനരാരംഭിച്ചുകൊണ്ട്, പൂർണതയുള്ള ആദ്യമനുഷ്യന്റെ സ്വാഭാവികമായ സ്വർഗീയ സന്തുഷ്ടിയുടെ അവസ'ഥയിൽ നിന്ന് ആദവും ഹവ്വയും നിപതിച്ചു. ‘അവർ നഗ്നരാണെന്ന് അവർക്ക് ബോധ്യമായപ്പോൾ’ ദൈവത്തിന്റെ താക്കീതിൻപ്രകാരം അവരുടെ അമരത്വബോധം നഷ്ടപ്പെട്ടു; ശാരീരികജനനം ശാരീരികമായ മരണത്തിൽ കലാശിക്കണമെന്ന ഭൗതികനിയമത്തിന് അവർ സ്വയം വിധേയരായി. ‘ ‘ഹവ്വയ'ക്ക് സർപ്പം വാഗ്ദാനംചെയ്ത ‘നന്മതിന്മ’ കളുടെ അറിവ് മായയിൽപ്പെട്ട മർത്യൻ അനുഭവിക്കേണ്ട ദ്വൈതരൂപവും വൈരുധ്യാത്മകവുമായ അനുഭവങ്ങളെയാണ് പരാമർശിക്കുന്നത്. തന്റെ വികാരത്തിന്റെയും വിവേകത്തിന്റെയും അഥവാ ഹവ്വാ - ആദം ബോധത്തിന്റെയും ദുരുപയോഗത്താൽ മിഥ്യയിൽ പതിച്ച മനുഷ്യൻ, ദൈവികമായ സ്വയംപര്യാപ്തതയുടെ സ്വർഗീയവാടിയിൽ പ്രവേശിക്കാനുള്ള തന്റെ അവകാശം പരിത്യജിക്കുന്നു.18 അവന്റെ ‘മാതാപിതാക്കളെ’ അഥവാ ദ്വിതഭാവത്തെ ഏകീഭവിച്ച സ്വരസമന്വയത്തിന്റെ ഏദൻതോട്ടത്തിൽ —സ്വർഗീയവാടിയിൽ—പുനരധിവസിപ്പിക്കുക എന്നത് ഓരോ മനുഷ്യന്റെയും വ്യക്തിപരമായ ഉത്തരവാദിത്വമാണ്.’ ’ ശ്രീ യുക്തേശ്വരൻ പ്രഭാഷണം അവസാനിച്ചപ്പോൾ, ഉല്പത്തിയുടെ താളുകളിലേക്ക് ഒരു പുതിയ ആദരവോടെ ഞാൻ നോക്കി. ‘ ‘പ്രിയ ഗുരുദേവാ,’ ’ ഞാൻ പറഞ്ഞു. ‘ ‘ഇന്നാദ്യമായി ആദത്തിനോടും ഹവ്വയോടും ഒരു പുത്രന്റെ ശരിയായ കടപ്പാട് എനിക്ക് ബോധ്യപ്പെടുന്നു.’ ’ 19 [image file=image_rsrc231.jpg] 1 പ്രാചീന ഹൈന്ദവസാഹിത്യത്തിലെ ജ്യോതിഷശാസ്ത്ര പരാമർശങ്ങളിൽനിന്ന്, ഗ്രന്ഥകാരന്മാരുടെ കാലം നിർണയിക്കാൻ പണ്ഡിതന്മാർക്ക് കഴിഞ്ഞിട്ടുണ്ട്. ഋഷീശ്വര ന്മാരുടെ ശാസ്ത്രജ്ഞാനം മഹത്തരമായിരുന്നു. ജ്യോതിഷപരമായ ആഘോഷങ്ങൾക്ക് നല്ല സമയം നിശ്ചയിക്കുന്നതിന്

പ്രായോഗികമായി ഉതകിയിരുന്ന കൃത്യമായ പാഠങ്ങൾ കൗഷീതകി ബ്രാഹ്മണത്തിൽ നാം കാണുന്നു. ഇവ ക്രി. മു. 3100-ൽ ഭാരതീയർ ജ്യോതിഷത്തിൽ ഏറെ അറിവുനേടിയിരുന്നു എന്നു കാട്ടുന്നു. 1934 ഫെബ്രുവരിയിലെ ഈസ്റ്റ് വെസ്റ്റ്-ലെ ഒരു ലേഖനത്തിൽ താരാ മാതാ ജ്യോതിഷത്തെപ്പറ്റിപ്പറയുന്നു: ‘ ‘പ്രാചീനകാലത്തെ എല്ലാ രാഷ്ട്രങ്ങളുടെയും മുൻപന്തിയിൽ ഭാരതത്തെ നിർത്തുകയും അവളെ വിജ്ഞാനദാഹികളുടെ മെക്കയാക്കുകയുംചെയ്ത ശാസ്ത്രവിജ്ഞാനം ഇത് ഉൾക്കൊള്ളുന്നു. നമ്മുടെ സൗരയൂഥത്തിൽ ഗ്രഹങ്ങളുടെ സൗരകേന്ദ്രമായ ഭ്രമണം, നക്ഷത്രങ്ങൾക്ക് ആപേക്ഷികമായി സൂര്യന്റെ ഭ്രമണപഥത്തിന്റെ ചായ്, ഭൂമിയുടെ ഗോളാകൃതി, ചന്ദ്രന്റെ പ്രതിഫലിതപ്രകാശം, ഭൂമിയുടെ ദിനചലനം, ആകാശഗംഗയിലെ സ'ഥിരനക്ഷത്രങ്ങളുടെ സാന്നിധ്യം, ഗുരുത്വാകർഷണ തത്ത്വം എന്നിവയും മറ്റു ശാസ്ത്രീയവസ്തുതകളും പ്രതിപാദിക്കുന്ന ജ്യോതിശാസ്ത്ര പഠനഗ്രന്ഥമാണ് ജ്യോതിഷഗ്രന്ഥങ്ങളിൽ ഒന്നായ ബ്രഹ്മഗുപ്ത. ഈ അറിവുകൾ കോപ്പർനിക്കസിനും ന്യൂട്ടനുംമുമ്പ് പാശ്ചാത്യനാടുകളിൽ ഉണ്ടായിരുന്നില്ല.’ ’ പാശ്ചാത്യഗണിതശാസ്ത്രത്തിന്റെ വികാസത്തിന് ഒഴിവാക്കാവാനാത്ത, അങ്ങനെ വിളിക്കപ്പെടുന്ന ‘ ‘അറബി അക്കങ്ങൾ,’ ’ ഭാരതത്തിൽനിന്നാണ് ഒമ്പതാം നൂറ്റാണ്ടിൽ അറബികൾ വഴി യൂറോപ്പിൽ എത്തിയത്. ഭാരതത്തിലാണ് ഈ ഗണിതസംവിധാനം പുരാതനകാലത്തുതന്നെ രൂപപ്പെടുത്തിയിരുന്നത്. ഭാരതത്തിന്റെ ശാസ്ത്രീയ പൈതൃകത്തെക്കുറിച്ച് കൂടുതൽ അറിവ് സർ പി.സി. റോയിയുടെ ഹിസ്റ്ററി ഒഫ് ഹിന്ദു കെമിസ്റ്ററി, ബി.എൻ. സീൽന്റെ പോസിറ്റീവ് സയൻസസ് ഒഫ് ദ ഏൻഷെന്റ് ഹിന്ദൂസ്, ബി.കെ. സർക്കാരിന്റെ ഹിന്ദു അച്ചീവ്മെന്റ്സ് ഇൻ ഇഗ്സാക്റ്റ് സയൻസ്, ദ പോസിറ്റീവ് ബാക്ഗ്രൗണ്ട് ഒഫ് ഹിന്ദു സോസിയോളജി, യൂ.സി. ദത്തിന്റെ മെറ്റീരിയ മെഡിക ഒഫ് ദ ഹിന്ദൂസ് എന്നിവ നൽകും.2 ഒരു പുണ്യാത്മാവിന്റെ ദർശനത്തിൽ ചൊരിയപ്പെടുന്ന അനുഗ്രഹം.3 എനിക്കുവേണ്ടി വീട്ടുകാർ തിരഞ്ഞെടുത്ത പെൺകുട്ടികളിലൊരാൾ എന്റെ ഒരു അടുത്ത ബന്ധുവായ പ്രഭാസ് ചന്ദ്ര ഘോഷിനെ വിവാഹം കഴിച്ചു. ചിത്രം കാണുക. [യോഗദാ സത്സംഗ സൊസൈറ്റി ഒഫ് ഇൻഡ്യയുടെ ഉപാധ്യക്ഷനായിരിക്കെ, 1975 ജനുവരി 24-ാം തീയതി ശ്രീ. ഘോഷ് ചരമം പ്രാപിച്ചു. (പ്രസാധകകുറിപ്പ്)4 ഈ വിഷുവചക്രങ്ങളെപ്പറ്റി ശ്രീ യുക്തേശ്വരന്റെ ദ ഹോളി സയൻസ് (യോഗദ സത്സംഗ സൊസൈറ്റി ഒഫ് ഇൻഡ്യ പ്രസിദ്ധീകരണം) എന്ന പുസ്തകത്തിന്റെ ആദ്യഭാഗത്ത് വിശദീകരിച്ചിട്ടുണ്ട്.5 ശ്രീ യുക്തേശ്വരൻ കണക്കാക്കിയ ലളിതമായ 24,000 വിഷുവചക്രങ്ങളെക്കാൾ അതിദീർഘമായ പ്രപഞ്ചചക്രങ്ങളിലെ കലിയുഗത്തിലാണ് ഇപ്പോഴത്തെ കാലഘട്ടം വരുന്നതെന്നാണ് ഹിന്ദുവേദശാസ്ത്രഗ്രന്ഥങ്ങൾ കണക്കാക്കിയിരിക്കുന്നത്. വേദങ്ങളിൽ പറയുന്ന പ്രപഞ്ചചക്രം ദൈർഘ്യത്തിൽ 4,300,560,000 വർഷങ്ങളാണ്. ഇതാണ് സൃഷ്ടിയുടെ ഒരു ദിവസം. സൗരവർഷത്തിന്റെ ദൈർഘ്യവും ‘ ‘പൈ’ ’ യുടെ ഒരു ഗുണിതവുമായുള്ള സംബന്ധത്തെ അടിസ'ഥാനമാക്കിയുള്ളതാണ് ഋഷീശ്വരന്മാർ പറഞ്ഞിരിക്കുന്ന ഈ വൻസംഖ്യ (പൈ=3.1416 ഒരു വൃത്തത്തിന്റെ ചുറ്റളവും വ്യാസവും തമ്മിലുള്ള അനുപാതം.).ഒരു ബ്രഹ്മാണ്ഡത്തിന്റെ കാലദൈർഘ്യം പൗരാണിക യതിവര്യന്മാരുടെ കണക്കനുസരിച്ച്, 314,159,000,000,000 സൗരവർഷങ്ങൾ അഥവാ ‘ ‘ഒരു ബ്രഹ്മാവിന്റെ ആയുഷ്കാല’ ’ മാണ്.നമ്മുടേതുപോലുള്ള ഒരു ഭൂമി വിലയം പ്രാപിക്കുന്നത് രണ്ടു കാരണങ്ങളിൽ ഒന്നുകൊണ്ടാണെന്ന് ഹിന്ദുവേദഗ്രന്ഥങ്ങൾ ഉൽഘോഷിക്കുന്നു: ഭൂതലവാസികൾ മുഴുവനും പരിപൂർണമായി നന്നാകുക. അല്ലെങ്കിൽ പരിപൂർണമായി ചീത്തയാകുക. ഒരു ഭൂമിയായി നിലനിന്നിരുന്ന ബന്ധനമായ പരമാണുക്കളെ സ്വതന്ത്രമാക്കുന്ന ഒരു ശക്തിവിശേഷം വിശ്വമനസ്സ് അങ്ങനെ ജനിപ്പിക്കുന്നു. ‘ ‘ലോകാവസാന ’ ’ ത്തെപ്പറ്റി പേടിപ്പെടുത്തുന്ന പ്രവചനങ്ങൾ ഇടയ'ക്കിടെ പ്രചരിക്കാറുണ്ട്. ഗ്രഹങ്ങളുടെ ചാക്രികഗതി, ഏതായാലും, ചിന്തയോടുകൂടിയ ഒരു ദൈവികപദ്ധതി അനുസരിച്ചുതുടരുന്നു. ഭൂമിയുടെ വിലയനം സമീപഭാവിയിൽ ഉണ്ടാവാനിടയില്ല; അനവധി ആരോഹണ അവരോഹണ വിഷുവചക്രങ്ങൾ നമ്മുടെ ഭൂമിക്ക് അതിന്റെ ഇപ്പോഴത്തെ രൂപത്തിൽ വരാനിരിക്കുന്നതേയുള്ളു.6 അധ്യായം VI:13. 7 ‘ ‘നിന്റെ ശരീരത്തിന്റെ വിളക്ക് നിന്റെ കണ്ണാകുന്നു; നിന്റെ കണ്ണ് അന്യൂനമായിരിക്കുമ്പോൾ ശരീരം മുഴുവനും പ്രകാശം നിറഞ്ഞതായിരിക്കും. മറിച്ച് കണ്ണിനു ന്യൂനതയുള്ളപ്പോൾ നിന്റെ ശരീരവും ഇരുട്ടു നിറഞ്ഞതായിരിക്കും. അതുകൊണ്ട് നിന്നിലുള്ള വെളിച്ചം ഇരുട്ടാകാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുക.’ ’ ലൂക്കോസ്, 11:3435 (ബൈബിൾ)8 ഹൈന്ദവ ഷഡ്ദർശനങ്ങളിലെ ഒന്ന്. ‘ ‘പ്രകൃതി’ ’ യിൽ തുടങ്ങി ‘ ‘പുരുഷ’ ’ നിൽ അഥവാ പരമാത്മാവിൽ അവസാനിക്കുന്ന ഇരുപത്തിയഞ്ചു തത്ത്വങ്ങളുടെ ജ്ഞാനത്താൽ മോക്ഷം പ്രാപിക്കാൻ സാംഖ്യസിദ്ധാന്തം പഠിപ്പിക്കുന്നു.9 സാംഖ്യസൂത്രം, 1:92.10 മത്തായി 24:35 (ബൈബിൾ)11 മത്തായി 12:50 (ബൈബിൾ)12 യോഹന്നാൻ 8:31-32 (ബൈബിൾ). യോഹന്നാൻ സാക്ഷ്യപ്പെടുത്തി. ‘ ‘തന്നെ കൈക്കൊണ്ട് തന്റെ നാമത്തിൽ വിശ്വസിക്കുന്ന എല്ലാവർക്കും ദൈവമക്കൾ ആകാനുള്ള അവകാശം അവൻ കൊടുത്തു(സർവസന്നിഹിതമായ ക്രിസ്തു ബോധത്തിൽ സ'ഥിതരായിട്ടുള്ളവർക്ക്).’ ’ യോഹന്നാൻ 1:12 (ബൈബിൾ).13 ‘ ‘തോട്ടത്തിലെ വൃക്ഷങ്ങളിൽനിന്നുള്ള കനികൾ നമ്മൾക്ക് തിന്നാം: പക്ഷേ, തോട്ടത്തിന്റെ നടുവിൽ നിൽക്കുന്ന വൃക്ഷത്തിന്റെ കനി നിങ്ങൾക്കു തിന്നുകൂടാ, ദൈവം അരുൾ ചെയ്തു, അതു തൊടുകപോലും ചെയ്യരുത്, മറിച്ച് പ്രവർത്തിച്ചാൽ നിങ്ങൾ മരിക്കും.’ ’ ഉൽപത്തി 3:2-3 (ബൈബിൾ).14 ‘ ‘

എന്റെ കൂടെ പാർക്കാൻ നീ തന്ന സ്ത്രീ ആ വൃക്ഷത്തിന്റെ കനി എനിക്കുതന്നു, ഞാൻ തിന്നു. സ്ത്രീ പറഞ്ഞു: സർപ്പം എന്നെ കബളിപ്പിച്ചു, ഞാൻ അതു തിന്നുപോയി' ' ഉൽപത്തി 3:12-13 (ബൈബിൾ).15 അങ്ങനെ ദൈവം സ്വന്തം പ്രതിച്ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു: ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു. ദൈവം അവരെ അനുഗ്രഹിച്ചു, അവരോട് അരുൾ ചെയ്തു: നിങ്ങൾ സന്താനപുഷ്ടി പെരുകി ഭൂമിയിൽ നിറഞ്ഞ് ഭൂമിയെ കീഴടക്കുക. ഉല്പത്തി 1:27 – 28 (ബൈബിൾ).16 ' 'കർത്താവായ ദൈവം ഭൂമിയിലെ പൊടികൊണ്ട് മനുഷ്യനെ രൂപപ്പെടുത്തി. അയാളുടെ നാസാദ്വാരങ്ങളിലേക്ക് ജീവശ്വാസം ഊതി: അങ്ങനെ മനുഷ്യജീവൻ ഉണ്ടായി.' ' ഉല്പത്തി 2:7 (ബൈബിൾ).17 ' 'കർത്താവായ ദൈവം സൃഷ്ടിച്ച വന്യജന്തുക്കളിൽ (ശരീരത്തിലെ മറ്റ് ഏത് ഇന്ദ്രിയങ്ങളിൽവച്ചും) ഏറ്റവും കൗശലമേറിയതായിരുന്നു സർപ്പം (ലൈംഗിക വികാരം).' ' ഉല്പത്തി 3:1 (ബൈബിൾ).18 അനന്തരം കർത്താവായ ദൈവം കിഴക്ക് ഏദനിൽ ഒരു തോട്ടമുണ്ടാക്കി, തന്റെ സൃഷ്ടിയായ മനുഷ്യനെ അവിടെയാക്കി.' ' ഉല്പത്തി 2:8 (ബൈബിൾ) ' 'അയാളെ എവിടെനിന്ന് എടുത്തുവോ ആ ഭൂമിയിൽ അധ്വാനിക്കാൻ നിയോഗിക്കുകയും ചെയ്തു. അങ്ങനെ ദൈവം മനുഷ്യനെ ഇറക്കിവിട്ടു. ഉല്പത്തി 3:23 (ബൈബിൾ). ദൈവം ആദ്യം സൃഷ്ടിച്ച ദൈവികമനുഷ്യന് തന്റെ ബോധം സർവശക്തമായ ഏക ഫാലലോചന(കിഴക്കുദിക്ക്)ത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നു. ആ ബിന്ദുവിൽ കേന്ദ്രീകരിച്ചിരുന്ന ഇച്ഛയുടെ സർവസൃഷ്ടികരമായ ശക്തി അവന് നഷ്ടപ്പെട്ടത് അവന്റെ ഭൗതികസ്വഭാവത്തിന്റെ നിലത്ത് കൃഷിചെയ്യാൻ അവൻ തുടങ്ങിയപ്പോഴാണ്.19 ഹിന്ദുക്കളുടെ ' 'ആദം – ഹവ്വ' ' കഥ അതിപ്രാചീനമായ ശ്രീമദ് ഭാഗവതത്തിൽ പറഞ്ഞിരിക്കുന്നു. ഭൗതികശരീരം വരിച്ച ആദ്യത്തെ പുരുഷൻ സ്വായംഭുവ മനുവും (സ്രഷ്ടാവിൽ നിന്നും ജനിച്ച പുരുഷൻ) സ്ത്രീ അദ്ദേഹത്തിന്റെ ഭാര്യ ശതരൂപ (സത്യരൂപം)യുമാണ്. അവരുടെ അഞ്ചുമക്കൾ പ്രജാപതികളുമായി (മനുഷ്യരൂപമെടുക്കാൻ കഴിയുന്ന പൂർണജീവികൾ) വിവാഹിതരായി: ആദ്യത്തെ ഈ ദിവ്യകുടുംബത്തിൽനിന്ന് മനുഷ്യവർഗം ജനിച്ചു.പാശ്ചാത്യദേശത്തോ പൗരസ്ത്യദേശത്തോവച്ച് ശ്രീ യുക്തേശ്വരനെക്കാൾ അഗാധമായ ആധ്യാത്മിക ഉൾക്കാഴ്ചയോടെ ക്രിസ്തീയശാസ്ത്രഗ്രന്ഥങ്ങൾ മറ്റാരും വ്യാഖ്യാനിക്കുന്നത് ഞാൻ കേട്ടിട്ടില്ല. ' 'ഞാൻ തന്നെ വഴിയും സത്യവും ജീവനും, എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്ക് വരുന്നില്ല.' ' (യോഹന്നാൻ 14:6 ബൈബിൾ) തുടങ്ങിയ യേശുവിന്റെ വാക്യങ്ങൾ മതപണ്ഡിതന്മാർ ദുർവ്യഖ്യാനം ചെയ്തിരിക്കുന്നു.' ' ഗുരുദേവൻ പറഞ്ഞു, ' 'താനാണ് ദൈവത്തിന്റെ ഏകപുത്രനെന്ന് യേശുദേവൻ ഒരിക്കലും അർഥമാക്കിയില്ല: സൃഷ്ടിയെ പ്രവർത്തനനിരതമാക്കുന്ന ക്രിസ്തുബോധം അഥവാ പുത്രനെ ആദ്യം ബോധ്യപ്പെടാതെ കേവലമായ ആ ചൈതന്യത്തിൽ, സൃഷ്ടിക്ക് അപ്പുറമുള്ള ഇന്ദ്രിയാതീതമായ പിതാവിൽ, ആർക്കുംതന്നെ എത്തിച്ചേരാൻ കഴിയുകയില്ലയെന്നാണ് അദ്ദേഹം ഉദ്ദേശിച്ചത്. തന്റെ അഹംബോധം ഏറെ മുമ്പുതന്നെ അദ്ദേഹത്തിൽ ഇല്ലാതായിത്തീർന്നിരുന്നു. ക്രിസ്തുബോധത്തിൽ പരിപൂർണമായി ഒന്നായിത്തീർന്ന യേശുദേവൻ ആ ബോധവുമായി താദാത്മ്യം പ്രാപിച്ചിരുന്നു.' ' ' 'ദൈവം.... എല്ലാ വസ്തുക്കളും യേശുക്രിസ്തുവിനാൽ സൃഷ്ടിച്ചു' ' എന്ന് പൗലോസ് എഴുതിയപ്പോഴും (എഫേസോസുകാർ 3:9, ബൈബിൾ) ' 'അബ്രഹാമിനുമുമ്പ് ഞാനുണ്ട്' ' എന്ന് യേശു പറഞ്ഞപ്പോഴും (യോഹന്നാൻ 8:58, ബൈബിൾ) ആ വാക്കുകളുടെ രത്നചുരുക്കം വ്യക്തിത്വരാഹിത്യമായിരുന്നു.ക്രിസ്തു എന്ന ഒരു മനുഷ്യൻ മാത്രമായിരുന്നു ഒരേ ഒരു ദൈവപുത്രൻ എന്നുള്ള ആശ്വാസകരമായ വിശ്വാസത്തിലേക്ക് ആത്മീയഭീരുത്വത്തിന്റെ ഒരു രൂപം എത്രയോ ലൗകികരായ മനുഷ്യരെ നയിക്കുന്നു. ' 'ക്രിസ്തു അസാധാരണമായാണ് സൃഷ്ടിക്കപ്പെട്ടത്. അപ്പോൾ വെറുമൊരു മർത്യനായ എനിക്ക് എങ്ങനെയാണ് അദ്ദേഹത്തെ അനുകരിക്കുവാൻ കഴിയുക?' ' എന്ന് അവർ സ്വയം ന്യായീകരിക്കുന്നു. എന്നാൽ, എല്ലാ മനുഷ്യരും ദൈവികമായിത്തന്നെയാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. മാത്രവുമല്ല അവർക്ക് എന്നെങ്കിലും ക്രിസ്തുവിന്റെ ആജ്ഞ: ' ' സ്വർഗസ'ഥനായ നിന്റെ പിതാവ് പൂർണനായിരിക്കുന്നതുപോലെതന്നെ നീ അതുകൊണ്ട് പൂർണതകൈവരിക്കൂ' ' (മത്തായി 5:48, ബൈബിൾ) അനുസരിക്കുകയും വേണം. ' 'നാമും ദൈവപുത്രരാണെന്ന് വിളിക്കപ്പെടുന്നതിനുവേണ്ടി, നമ്മുടെമേൽ എന്തു സ്നേഹമാണ് പിതാവ് ചൊരിയുന്നതെന്ന് കാണുക.' ' (1 യോഹന്നാൻ 3:1, ബൈബിൾ).ബൈബിളിലെ വിവിധവാക്യങ്ങൾ കർമസിദ്ധാന്തത്തെയും അതിന്റെ അനുസിദ്ധാന്തമായ പുനർജന്മത്തെയുംപറ്റിയുള്ള അറിവ് വ്യക്തമാക്കുന്നു. ഉദാഹരണത്തിന്, ' 'ആരെങ്കിലും മനുഷ്യരക്തം ചൊരിഞ്ഞാൽ അയാളുടെ രക്തം മനുഷ്യനാൽ ചൊരിയപ്പെടും.' ' (ഉല്പത്തി 9:6, ബൈബിൾ). ഓരോ ഘാതകനെയും കൊല്ലപ്പെട്ടവൻ തന്നെ വധിക്കണമെങ്കിൽ, ഈ പ്രതികാരപ്രക്രിയയ'ക്ക് പലപ്പോഴും ഒന്നിൽ കൂടുതൽ ജന്മങ്ങൾ വേണ്ടിവരുമെന്ന് വ്യക്തമാണ്. ഇക്കാലത്തെ പോലീസിന് തക്കവേഗത ഇല്ല തന്നെ!അലക്സാണ്ഡ്രിയയിലെ ക്ലെമന്റ്, വിഖ്യാതനായ ഓറിഗൻ (രണ്ടുപേരും മൂന്നാം ശതാബ്ദം), ജറോം പുണ്യവാളൻ (അഞ്ചാംനൂറ്റാണ്ട്) ഉൾപ്പെടെ പല ജ്ഞേയവാദികളും അസംഖ്യം വൈദികരും വ്യാഖ്യാനിച്ച പുനർജന്മസിദ്ധാന്തം ആദ്യകാല ക്രിസ്തീയസഭ അംഗീകരിച്ചിരുന്നു. ക്രിസ്തുവർഷം 553-ൽ കോൺസ്റ്റാനോപ്പിളിലെ രണ്ടാം സമ്മേളനത്തിൽവച്ച് ഈ സിദ്ധാന്തം ദൈവദോഷമെന്ന് ആദ്യമായി പ്രഖ്യാപിക്കപ്പെട്ടു. ഉടനെയുള്ള മുക്തിക്കുവേണ്ടി ശ്രമിക്കാൻ പ്രോത്സാഹിപ്പിക്കാത്തവണ്ണം വേണ്ടുവോളം സ'ഥലകാലങ്ങൾ

നൽകുന്ന ഒരു വേദി മനുഷ്യന് പുനർജന്മസിദ്ധാന്തം ഒരുക്കുന്നുവെന്ന് അക്കാലത്ത് അനേകം ക്രിസ്ത്യാനികൾ കരുതി. പക്ഷേ അടിച്ചമർത്തപ്പെട്ട സത്യങ്ങൾ നിരവധി അബദ്ധങ്ങൾക്ക് അസുഖകരമാംവണ്ണം വഴിതെളിക്കുന്നു. കോടിക്കണക്കിനാളുകൾ അവരുടെ ‘ ‘ഒരേ ഒരു ജീവിതകാലം’ ’ ഈശ്വരാന്വേഷണത്തിന് ഉപയോഗിച്ചില്ല: മറിച്ച് സവിശേഷമായി നേടിയതും, വളരെപ്പെട്ടെന്ന് എന്നെന്നേക്കുമായി നഷ്ടപ്പെടുന്നതുമായ ഈ ജീവിതം ലോകം ആസ്വദിക്കാനായി വിനിയോഗിച്ചു! ദൈവപുത്രൻ എന്ന സ്ഥാനം ബോധപൂർവം വീണ്ടെടുക്കുന്നതുവരെ മനുഷ്യൻ ഭൂമിയിൽ വീണ്ടും വീണ്ടും ജനിക്കുന്നുവെന്നതാണ് സത്യം.അധ്യായം 17ശശിയും മൂന്ന് ഇന്ദ്രനീലകല്ലുകളും ‘ ‘നീയും എന്റെ മകനും സ്വാമി ശ്രീ യുക്തേശ്വരനെപ്പറ്റി ഇത്ര പുകഴ്ത്തിപ്പറയുന്നതുകൊണ്ട് അദ്ദേഹത്തെ ഞാൻ ഒന്നു കണ്ടേക്കാം.’ ’ താൻ രണ്ടു അല്പബുദ്ധികളുടെ ചാപല്യങ്ങൾക്കൊത്തു തുള്ളുകയാണെന്ന് ഡോ. നാരായണ ചന്ദ്ര റോയിയുടെ സ്വരം അർഥമാക്കി. മതംമാറ്റുന്ന ഒരാളുടെ ഏറ്റവും നല്ല പാരമ്പര്യമനുസരിച്ച് ഞാൻ എന്റെ രോഷം മറച്ചുവച്ചു.കൽക്കത്തയിലെ ഒരു മൃഗഡോക്ടറായ എന്റെ ചങ്ങാതി ഒരു ഉറച്ച അജ്ഞേയവാദിയായിരുന്നു. തന്റെ അച്ഛന്റെ കാര്യത്തിൽ ഒരു പ്രത്യേക താല്പര്യം കാട്ടണമെന്ന് അദ്ദേഹത്തിന്റെ മകൻ സന്തോഷ് എന്നോട് അപേക്ഷിച്ചിരുന്നു. ഇതുവരെയുള്ള എന്റെ വിലപ്പെട്ട സഹായം പരോക്ഷം മാത്രമായിരുന്നു.അടുത്തദിവസം രാവിലെ ഡോ. റോയ് എന്റെ കൂടെ ശ്രീരാമപുരം ആശ്രമത്തിലേക്കുവന്നു. ഗുരുനാഥൻ അദ്ദേഹത്തിന് അല്പസമയത്തെ ഒരു കൂടിക്കാഴ്ച അനുവദിച്ചു. അതിന്റെ അധികസമയവും രണ്ടുപേരുടെ ഭാഗത്തും നിസ്സംഗമായ മൗനം നിലനിന്നു. സന്ദർശകൻ പെട്ടെന്നു സ്ഥലം വിട്ടു. ‘ ‘ആശ്രമത്തിലേക്ക് മരിച്ചുകഴിഞ്ഞ ഒരാളിനെ എന്തിന് കൊണ്ടു വരുന്നു?’ ’ ആ കൽക്കത്താക്കാരൻ സംശയാലു ഇറങ്ങിയിട്ട് വാതിലടഞ്ഞയുടൻ ശ്രീ യുക്തേശ്വരൻ എന്നെ ചോദ്യഭാവത്തിൽ നോക്കി. ‘ ‘പ്രഭോ, ഡോക്ടർ നന്നേ ഊർജസ്വലനായിരിക്കുന്നുവല്ലോ!’ ’ ‘ ‘പക്ഷേ, അധികം താമസിയാതെ അയാൾ മരിച്ചിരിക്കും. ’ ’ ഞാൻ സ്തംഭിച്ചുപോയി. ‘ ‘പ്രഭോ, ഇത് അദ്ദേഹത്തിന്റെ മകന് ഒരു കടുത്ത ആഘാതമായിരിക്കും. തന്റെ പിതാവിന്റെ ലൗകികരീതികൾ മാറ്റാൻ ഇനിയും സമയം ലഭിക്കുമെന്ന് സന്തോഷ് പ്രതീക്ഷിക്കുന്നു. ആ മനുഷ്യനെ സഹായിക്കാൻ ഞാൻ അപേക്ഷിക്കുന്നു, ഗുരുദേവാ. ’ ’ ‘ ‘ആകട്ടെ, നിനക്കുവേണ്ടി അങ്ങനെ ചെയ്യാം.’ ’ ഗുരുദേവന്റെ മുഖം നിർവികാരമായിരുന്നു. ‘ ‘അയാൾ അത് അറിയുന്നില്ലാ എങ്കിലും, അഹങ്കാരിയായ ആ കുതിരവൈദ്യന് കടുത്ത പ്രമേഹം ബാധിച്ചിരിക്കു കയാണ്. പതിനഞ്ചു ദിവസത്തിനുള്ളിൽ അയാൾ കിടപ്പിലാകും. വൈദ്യന്മാർ അയാളെ കയ്യൊഴിയും; അയാൾക്ക് ഈ ലോകം വെടിയാൻ ഇന്നുമുതൽ ആറ് ആഴ്ച്ചയാണുള്ളത്. നിന്റെ ശുപാർശപ്രകാരം ഏതായാലും ആ ദിവസം അയാൾ സുഖം പ്രാപിക്കും. പക്ഷേ ഒരു വ്യവസ്ഥയുണ്ട്: ജ്യോതിഷവിധി അനുസരിച്ചുള്ള ഒരു വള ധരിക്കാൻ നീ അയാളെ പ്രേരിപ്പിക്കണം. അയാളുടെ ഒരു കുതിര ശസ്ത്രക്രിയക്കുമുമ്പ് കിടന്നു പിടയ'ക്കുന്നതുപോലെ അയാൾ ശക്തിയായി എതിർക്കുമെന്നതിന് സംശയമില്ല.’ ’ ഗുരുദേവൻ അടക്കിച്ചിരിച്ചു.അല്പനേരം നിലനിന്ന നിശ്ശബ്ദതയിൽ എങ്ങനെയാണ് സന്തോഷിനും എനിക്കും ഡോക്ടറുടെമേൽ സ്വാധീനിക്കലിന്റെ സുന്ദരമായ കല ഏറ്റവും നന്നായി പ്രയോഗിക്കാൻ കഴിയുകയെന്ന് ഞാൻ ആലോചിച്ചുകൊണ്ടിരിക്കെ, ശ്രീ യുക്തേശ്വരൻ വീണ്ടും ചില വിവരങ്ങൾ വെളിപ്പെടുത്തി. ‘ ‘ആ മനുഷ്യന്റെ അസുഖം മാറിയാലുടൻ മേലിൽ മാംസം ഭക്ഷിക്ക രുതെന്ന് ഉപദേശിക്കണം. എന്നാലും അയാൾ ആ ഉപദേശം വകവയ'ക്കുകയില്ല; ആറുമാസത്തിനകം തനിക്ക് ഏറ്റവും സുഖമെന്ന് കരുതിയിരിക്കുമ്പോൾ അയാൾ മരിച്ചുവീഴും.’ ’ എന്റെ ഗുരുദേവൻ കൂട്ടിച്ചേർത്തു. ‘ ‘ആറുമാസത്തെ ആയുർദൈർഘ്യം നിന്റെ അപേക്ഷ കൊണ്ടുമാത്രമാണ് കൊടുത്തത്.’ ’ രത്നവ്യാപാരിയുടെപക്കൽ ഒരു വളനിർമിക്കാൻ കൊടുക്കാൻ ഞാൻ സന്തോഷിനോട് അടുത്തദിവസം നിർദേശിച്ചു. ഒരാഴ്ച്ചക്കകം അതു തയ്യാറായി എങ്കിലും അതു ധരിക്കാൻ ഡോക്ടർ റോയ് കൂട്ടാക്കിയില്ല. ‘ ‘എന്റെ ആരോഗ്യം ഇപ്പോൾ ഏറ്റവും നല്ല സ്ഥിതിയിലാണ്. ഈ ജ്യോതിഷപരമായ അന്ധവിശ്വാസങ്ങൾകൊണ്ട് നിനക്ക് ഒരിക്കലും എന്നെ സ്വാധീനിക്കാൻ സാധിക്കുകയില്ല.’ ’ ഡോക്ടർ എന്നെ രൂക്ഷമായി നോക്കി.ആ മനുഷ്യനെ ഒരു മുശടൻ കുതിരയോട് ശരിയായിത്തന്നെ ഗുരുദേവൻ ഉപമിച്ചതോർത്ത് ഞാൻ ചിരിച്ചു. ഏഴു ദിവസം കടന്നുപോയി; പെട്ടെന്ന് രോഗബാധിതനായ ഡോക്ടർ വള ധരിക്കാമെന്ന് എളിമയോടെ ഏറ്റു. രണ്ടാഴ്ച്ചയ'ക്കുശേഷം, അദ്ദേഹത്തെ ചികിത്സിച്ചിരുന്ന ഡോക്ടർ രോഗിയുടെ കാര്യം പ്രതീക്ഷയ'ക്ക് വകനൽകുന്നില്ലെന്ന് എന്നോടു പറഞ്ഞു. പ്രമേഹം വരുത്തിവച്ച തകരാറുകളുടെ വേദനാജനകമായ വിശദവിവരങ്ങൾ അദ്ദേഹം നൽകി.നിഷേധാർഥത്തിൽ ഞാൻ തലകുലുക്കി. ‘ ‘ഒരു മാസത്തെ അസുഖത്തിനുശേഷം ഡോ. റോയ് സുഖം പ്രാപിക്കുമെന്നാണ് എന്റെ ഗുരുദേവൻ പറഞ്ഞിട്ടുള്ളത്. ’ ’ ഭിഷഗ്വരൻ വിശ്വാസമാകാതെ എന്നെ തുറിച്ചുനോക്കി. പക്ഷേ രണ്ടാഴ്ച്ചയ'ക്കുശേഷം അദ്ദേഹം ക്ഷമാപണത്തിന്റെ ഭാവത്തിൽ എന്നെ തേടിപ്പിടിച്ചു. ‘ ‘ഡോ. റോയ് പരിപൂർണമായും സുഖംപ്രാപിച്ചു!’ ’ അദ്ദേഹം അത്ഭുതത്തോടെ പറഞ്ഞു. ‘ ‘എന്റെ അനുഭവത്തിലെ ഏറ്റവും വിസ്മയകരമായ ഒരു കേസാണിത്. മരണത്തിലേക്ക് നീങ്ങികൊണ്ടിരിക്കുന്ന ഒരു മനുഷ്യൻ വിശദീകരിക്കാനാവാത്ത ഒരു തിരിച്ചുവരവു നടത്തുന്നത് ഞാൻ മുമ്പുകണ്ടിട്ടേയില്ല. നിന്റെ ഗുരുദേവൻ വാസ്തവത്തിൽ രോഗവിമോചകനായ ഒരു പ്രവാചകൻ തന്നെ!’ ’ മാംസം

കഴിക്കരുതെന്ന ശ്രീ യുക്തേശ്വരന്റെ ഉപദേശത്തെപ്പറ്റി ഞാൻ ഡോക്ടർ റോയിയോട് ആവർത്തിച്ചുപറഞ്ഞ ഒരു കൂടിക്കാഴ്ച്ചയ'ക്കുശേഷം ആറുമാസത്തേക്ക് ഞാൻ അദ്ദേഹത്തെ കണ്ടിട്ടില്ല. എന്റെ കുടുംബവീട്ടിലെ പൂമുഖത്ത് ഒരു സായാഹ്നത്തിൽ ഞാൻ ഇരിക്കുമ്പോൾ കുശലംപറയാൻ അദ്ദേഹം അല്പംസമയം കണ്ടെത്തി. ‘ ‘നിന്റെ ഗുരുവിനോടു പറയൂ, മിക്കപ്പോഴും മാംസംകഴിച്ച് ഞാൻ എന്റെ ശക്തി പൂർണമായി വീണ്ടെടുത്തുവെന്ന്. ആഹാരത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ അശാസ്ത്രീയമായ ആശയങ്ങൾ എന്നെ സ്വാധീനിച്ചിട്ടില്ല.’ ’ ഡോക്ടർ റോയ് പൂർണആരോഗ്യത്തിന്റെ തനിരൂപമായി കാണപ്പെട്ടുവെന്നത് സത്യമായിരുന്നു.പക്ഷേ അടുത്തദിവസം സന്തോഷ് അടുത്ത ബ്ലോക്കിലെ അവന്റെ വീട്ടിൽനിന്ന് ഓടിവന്ന് എന്നോടുപറഞ്ഞു: ‘ ‘ഇന്നുരാവിലെ അച്ഛൻ മരിച്ചുവീണു!’ ’ ഗുരുദേവനോടൊപ്പം കഴിഞ്ഞിരുന്നപ്പോൾ എനിക്കുണ്ടായ ഏറ്റവും വിചിത്രമായ അനുഭവങ്ങളിലൊന്നായിരുന്നു ഇത്. അയാൾക്ക് അവിശ്വാസമുണ്ടായിട്ടുപോലും ധിക്കാരിയായ മൃഗഡോക്ടറെ എന്റെ ആത്മാർഥമായ പ്രാർഥനകൊണ്ടുമാത്രം അദ്ദേഹം സുഖപ്പെടുത്തി. അയാളുടെ സ്വാഭാവികമായ ജീവിതകാലം ആറുമാസത്തേക്ക് നീട്ടി കൊടുക്കുകയുംചെയ്തു. ഒരു ഭക്തന്റെ അടിയന്തിരമായ പ്രാർഥനയ'ക്കു പ്രതികരിക്കുമ്പോൾ ശ്രീ യുക്തേശ്വരൻ അതിരില്ലാത്ത കാരുണ്യം കാട്ടി.എന്റെ കോളേജിൽനിന്നുള്ള സ്നേഹിതരെ ഗുരുദേവനെ പരിചയപ്പെടുത്താൻ കൊണ്ടുവരിക എന്റെ ഏറ്റവും വലിയ അഭിമാനപൂർവമായ വിശേഷസൗഭാഗ്യമായിരുന്നു. കലാലയത്തിൽ ഒരു ഫാഷനായിരുന്ന മതവിശ്വാസമില്ലായ്മയുടെ മൂടുപടം ആശ്രമത്തിലെങ്കിലും അവരിൽ പലരും ദൂരെ എറിയും.എന്റെ ഒരു സ്നേഹിതൻ ശശി, സന്തോഷകരമായ അനേകം വാരാന്ത്യങ്ങൾ ശ്രീരാമപുരത്ത് ചെലവഴിച്ചു. ഗുരുദേവൻ അവനെ വളരെയധികം ഇഷ്ടപ്പെട്ടിരുന്നു. എങ്കിലും അവന്റെ വ്യക്തിജീവിതം അനിയന്ത്രിതവും ചിട്ടയില്ലാത്തതുമായിരുന്നുവെന്ന് പരിതപിക്കുകയും ചെയ്തിരുന്നു. ‘ ‘ശശീ, നീ നിന്റെ രീതികൾമാറ്റിയില്ലെങ്കിൽ, ഒരു കൊല്ലത്തിനകം നീ അപകടകരമായനിലയിൽ രോഗിയായിത്തീരും,’ ’ ശ്രീ യുക്തേശ്വരൻ സ്നേഹപൂർവമായ വിമ്മിട്ടത്തോടെ അവനെ നോക്കിപ്പറഞ്ഞു. ‘ ‘മുകുന്ദൻ സാക്ഷിയാണ്; ഞാൻ നിനക്കു മുന്നറിയിപ്പ് നൽകിയില്ലെന്ന് പിന്നീടു പറയരുത്.’ ’ ശശി ചിരിച്ചു. ‘ ‘എന്റെ ഈ പരിതാപകരമായ കാര്യത്തിൽ പ്രപഞ്ചത്തിന്റെ ഉദാരമായ കാരുണ്യം ഉണർത്തുകയെന്നത് ഞാൻ അങ്ങയ'ക്കു വിടുന്നു! എന്റെ ആത്മാവ് അനുകൂലിക്കുന്നു, പക്ഷേ എന്റെ ഇച്ഛാശക്തി ദുർബലമാണ്. ഈ ലോകത്ത് എന്റെ ഒരേ ഒരു രക്ഷകൻ അങ്ങാണ്; ഞാൻ മറ്റൊന്നിലും വിശ്വസിക്കുന്നില്ല.’ ’ ‘ ‘രണ്ടു കാരറ്റുള്ള ഒരു ഇന്ദ്രനീലക്കല്ല് നീ ധരിക്കുകയെങ്കിലും വേണം. അതു നിന്നെ സഹായിക്കും.’ ’ ‘ ‘എനിക്കതിനു നിവൃത്തിയില്ല. എന്തായാലും പ്രിയ ഗുരുജീ, എന്തെങ്കിലും പ്രശ്നമുണ്ടായാൽ അങ്ങ് എന്നെ രക്ഷിക്കുമെന്ന് ഞാൻ പരിപൂർണമായി വിശ്വസിക്കുന്നു.’ ’ ‘ ‘ഒരു കൊല്ലത്തിനകം നീ മൂന്നു ഇന്ദ്രനീലക്കല്ലുകൾ കൊണ്ടു വരും,’ ’ ശ്രീ യുക്തേശ്വരൻ മറുപടി പറഞ്ഞു. ‘ ‘പക്ഷേ അതിന് അന്ന് പ്രയോജനമുണ്ടാവുകയില്ല.’ ’ ഇത്തരത്തിലുള്ള സംഭാഷണം മുറയ'ക്ക് ഉണ്ടാകാറുണ്ടായിരുന്നു. ‘ ‘എനിക്ക് നന്നാകാൻ പറ്റുകയില്ല!’ ’ ശശി തമാശയായ നിരാശയിൽ പറയും. ‘ ‘എനിക്ക് അങ്ങയിലുള്ള വിശ്വാസം ഏതു കല്ലിനെക്കാളും വിലപിടിച്ചതാണ്!’ ’ ഒരു കൊല്ലം കഴിഞ്ഞു. നരൻ ബാബു എന്ന ഒരു ശിഷ്യന്റെ കൽക്കത്ത വസതിയിലുണ്ടായിരുന്ന ഗുരുദേവനെ ഒരു ദിവസം ഞാൻ സന്ദർശിക്കുകയായിരുന്നു. രാവിലെ ഏതാണ്ടു പത്തുമണിക്ക് ശ്രീ യുക്തേശ്വരനും ഞാനും മൂന്നാംനിലയിലെ സ്വീകരണമുറിയിൽ ഇരിക്കുമ്പോൾ മുൻവാതിൽ തുറക്കുന്ന ശബ്ദംകേട്ടു. ഗുരുദേവൻ നിവർന്നിരുന്നു. ‘ ‘അത് ആ ശശിയാണ്,’ ’ അദ്ദേഹം ഗൗരവത്തോടെ പറഞ്ഞു. ‘ ‘ഒരു വർഷം കഴിഞ്ഞിരിക്കുന്നു; അവന്റെ രണ്ടു ശ്വാസകോശങ്ങളും രോഗം കാർന്നുതിന്നുകഴിഞ്ഞു. അവൻ എന്റെ ഉപദേശം അവഗണിച്ചു. എനിക്ക് അവനെ കാണണമെന്നില്ലായെന്നു പറയൂ.’ ’ ശ്രീ യുക്തേശ്വരന്റെ ഉറച്ച നിലപാടിൽ പാതി സ്തംഭിച്ച ഞാൻ ഗോവണി ഇറങ്ങിക്കൊണ്ട് താഴേക്കുകുതിച്ചു. ശശി മുകളിലേക്ക് കയറിവരികയായിരുന്നു. ‘ ‘ഓ മുകുന്ദാ! ഗുരുദേവൻ തീർച്ചയായും ഇവിടെ ഉണ്ടെന്നു ഞാൻ പ്രതീക്ഷിക്കുന്നു; ഉണ്ടെന്ന് എനിക്ക് ശക്തമായ ഒരു തോന്നലുണ്ടായിരുന്നു.’ ’ ‘ ‘ഉണ്ട്, പക്ഷേ തന്നെ ശല്യപ്പെടുത്തരുതെന്ന് അദ്ദേഹം ആഗ്രഹിക്കുന്നു.’ ’ ശശി വാവിട്ടുകരഞ്ഞുകൊണ്ട് എന്നെ തള്ളിമാറ്റി കടന്നുപോയി. അവൻ ശ്രീ യുക്തേശ്വരന്റെ കാൽക്കൽവീണ് മനോഹരമായ മൂന്നു ഇന്ദ്രനീലക്കല്ലുകൾ അവിടെവച്ചു. ‘ ‘സർവജ്ഞനായ ഗുരോ, എനിക്ക് ശ്വാസകോശത്തിലെ ക്ഷയ രോഗമാണെന്ന് ഡോക്ടർമാർ പറയുന്നു. അവർ എനിക്ക് ഇനി മൂന്നുമാസ മാണ് ജീവിച്ചിരിക്കാൻ വിധിച്ചിരിക്കുന്നത്! ഞാൻ അങ്ങയുടെ സഹായത്തിനായി കേണപേക്ഷിക്കുന്നു; എന്നെ രോഗവിമുക്തനാക്കാൻ അങ്ങേയ'ക്കു കഴിയുമെന്ന് എനിക്കറിയാം!’ ’ ‘ ‘നിന്റെ ജീവനെപ്പറ്റി വ്യാകുലപ്പെടുവാൻ അല്പം താമസിച്ചു പോയില്ലേ? നിന്റെ രത്നങ്ങളുമായി തിരിച്ചുപൊയ'ക്കൊള്ളൂ; അവയുടെ പ്രയോജനത്തിന്റെ കാലം കഴിഞ്ഞുപോയി.’ ’ കാരുണ്യത്തിനായുള്ള ശശിയുടെ തേങ്ങലുകൾക്കിടയിൽ ഗുരുദേവൻ വിട്ടുവീഴ്ചയില്ലാത്ത മൗനത്തിൽ ദുരൂഹതയുടെ ഒരു കൽപ്രതിമ പോലെ ഇരുന്നു.ദൈവികമായ വിമോചനശക്തിയിൽ ശശിയുടെ വിശ്വാസത്തിന്റെ ആഴംപരീക്ഷിക്കുക മാത്രമാണ് ശ്രീ യുക്തേശ്വരൻ ചെയ്യുന്നതെന്ന് എനിക്ക് ഉള്ളിൽ ഒരു ദൃഢമായവിശ്വാസം വന്നു. പ്രക്ഷുബ്ധമായ ഒരു മണിക്കൂറിനുശേഷം, ഗുരുദേവന്റെ ദയാപൂർണമായ നോട്ടം നിലംപരിശായ ശശിയിൽ പതിച്ചപ്പോൾ

എനിക്കു വിസ്മയം തോന്നിയില്ല. ‘ ‘എഴുന്നേൽക്കൂ ശശീ, ഒരു അന്യവീട്ടിൽ എന്തു ബഹളമാണ് നീ ഉണ്ടാക്കുന്നത്! രത്നങ്ങൾ വ്യാപാരിക്കു മടക്കിക്കൊടുക്കൂ; അവ ഇപ്പോൾ ഒരു അനാവശ്യച്ചെലവാണ്. പക്ഷേ ജ്യോതിഷനിർദേശമനുസരിച്ചുള്ള ഒരു വളവാങ്ങി ധരിക്കൂ. പേടിക്കേണ്ട, ഏതാനും ആഴ്ചകൾക്കുള്ളിൽ നീ സുഖം പ്രാപിക്കും.’ ’ മഴയിൽ കുതിർന്ന ഭൂവിഭാഗത്ത് പെട്ടെന്ന് സൂര്യകിരണങ്ങൾ പതിച്ചതുപോലെ ശശിയുടെ പുഞ്ചിരി കണ്ണുനീരിൽ കുതിർന്ന അവന്റെ മുഖത്തെ പ്രകാശിപ്പിച്ചു. ‘ ‘പ്രിയ ഗുരോ, ഡോക്ടർമാർ പറഞ്ഞ മരുന്നുകൾ ഞാൻ കഴിക്കണോ?’ ’ ‘ ‘നിന്റെ ഇഷ്ടം പോലെ—അവ കഴിക്കുക അല്ലെങ്കിൽ കളയുക; രണ്ടും ഒരുപോലെതന്നെ. നീ ക്ഷയരോഗത്താൽ മരിക്കുക എന്നത് സൂര്യചന്ദ്രന്മാർ അവരുടെ സ'ഥാനങ്ങൾ പരസ്പരംമാറുക എന്നപോലെ അസാധ്യമാണ്.’ ’ ശ്രീ യുക്തേശ്വരൻ പെട്ടെന്നു കൂട്ടിച്ചേർത്തു, ‘ ‘ഇപ്പോൾ വേഗം പോയ'ക്കൊള്ളൂ, ഞാൻ എന്റെ മനസ്സു മാറ്റും മുമ്പേ!’ ’ വെപ്രാളത്തോടെ പ്രണമിച്ചിട്ട് എന്റെ സ്നേഹിതൻ തിടുക്കത്തിൽ സ'ഥലംവിട്ടു. അടുത്ത ആഴ്ചകളിൽ ഞാൻ അവനെ അനേകം പ്രാവശ്യം ചെന്നുകണ്ടു. അവന്റെ സ'ഥിതി നാൾക്കുനാൾ മോശമാകുന്നതിൽ ഭീതി തോന്നി. ‘ ‘ശശി ഈ രാത്രി തള്ളിനീക്കുകയില്ല.’ ’ ഡോക്ടർമാരുടെ ഈ വാക്കുകളും അസ'ഥിമാത്രമായി ശേഷിച്ച സ്നേഹിതന്റെ രൂപവും എന്നെ ശ്രീരാമപുരത്തേക്ക് അതിവേഗത്തിൽ യാത്രയാക്കി. കണ്ണീരോടെയുള്ള എന്റെ വിവരണം ഗുരുദേവൻ നിർവികാരനായി ശ്രദ്ധിച്ചു. ‘ ‘എന്നെ അലട്ടാൻ എന്തിനാണ് നീ ഇവിടെവരുന്നത്? ശശിയുടെ അസുഖം ഭേദമാകുമെന്ന് ഞാൻ ഉറപ്പുകൊടുത്തത് നീ കേട്ടതല്ലേ?’ ’ ഞാൻ ഭയഭക്തിയോടെ അദ്ദേഹത്തെ നമിച്ച് വാതിലിലേക്കു നീങ്ങി. ശ്രീ യുക്തേശ്വരൻ വിടതരുന്ന വാക്കുകളൊന്നും പറയാതെ മൗനത്തിലാണ്ടു. അദ്ദേഹത്തിന്റെ ഇമവെട്ടാത്ത കണ്ണുകൾ പാതിയടഞ്ഞു, അവയുടെ ദർശനം മറ്റൊരു ലോകത്തേക്ക് ഓടി മറഞ്ഞു.ഞാൻ ഉടൻതന്നെ കൽക്കത്തയിൽ ശശിയുടെ വീട്ടിലേക്കു മടങ്ങി. എന്റെ സ്നേഹിതൻ എഴുന്നേറ്റിരുന്ന് പാൽകുടിക്കുന്നത് ഞാൻ വിസ്മയത്തോടെ കണ്ടു. ‘ ‘ഓ മുകുന്ദാ! എന്തൊരത്ഭുതം! നാലു മണിക്കൂർ മുമ്പ് ഈ മുറിയിൽ ഗുരുദേവന്റെ സാന്നിധ്യം എനിക്ക് അനുഭവപ്പെട്ടു; എന്റെ ഭയങ്കരമായ രോഗലക്ഷണങ്ങൾ ഉടനടിമാറി. അദ്ദേഹത്തിന്റെ കാരുണ്യത്താൽ എനിക്കു പരിപൂർണസുഖമായീയെന്ന് ബോധ്യമായി.’ ’ ഏതാനും ആഴ്ചകൾക്കുള്ളിൽ ശശി പഴയതിനെക്കാളും ശക്തനും ആരോഗ്യവാനുമായി1 പക്ഷേ, രോഗവിമോചനത്തിനു ശേഷം അവന്റെ പ്രതികരണം നന്ദികേടിന്റെ ചുവകലർന്നതായിരുന്നു: അതിനുശേഷം അവൻ ശ്രീ യുക്തേശ്വരനെ ഒരിക്കലും വന്നു കണ്ടില്ല! തന്റെ പഴയ ജീവിതരീതിയിൽ അത്ര അഗാധമായ ഖേദമുള്ളതുകൊണ്ട് ഗുരുദേവനെ നേരിൽകാണാൻ അവന് ലജ്ജയാണെന്ന് ഒരിക്കൽ എന്റെ സ്നേഹിതൻ പറഞ്ഞു.ശശിയുടെ രോഗാവസ'ഥ അവന്റെ ഇച്ഛാശക്തിയെ വഴങ്ങാത്തതും പെരുമാറ്റത്തെ മോശവുമാക്കുകയെന്ന വിപരീതഫലമാണ് സൃഷ്ടിച്ചതെന്നു മാത്രമേ എനിക്ക് അനുമാനിക്കാൻകഴിഞ്ഞുള്ളൂ.സ്കോട്ടിഷ്ചേർച്ച് കോളേജിലെ എന്റെ ആദ്യത്തെ രണ്ടു വർഷത്തെ അധ്യയനം അവസാനിക്കാറായിരുന്നു. എന്റെ ഹാജർ ഏറെയും ഇടവിട്ടുള്ളതായിരുന്നു: ഞാൻ അല്പമെങ്കിലും പഠിച്ചിരുന്നുവെങ്കിൽ അത് കുടുംബത്തിന്റെ സമാധാനം നിലനിർത്തുവാൻ വേണ്ടിമാത്രമായിരുന്നു. രണ്ടു സ്വകാര്യ അധ്യാപകർ ചിട്ടയായി എന്റെ വീട്ടിൽ വന്നിരുന്നു; ചിട്ടയായി ഞാൻ ഹാജരാകാതിരിക്കുകയും ചെയ്തു. എന്റെ വിദ്യാർഥിജീവിതത്തിൽ ഈ ഒരു ചിട്ടയെങ്കിലും നിലനിർത്തിയതായി ഞാൻ കാണുന്നു!കോളേജിൽ വിജയകരമായ രണ്ടുവർഷം പൂർത്തിയാക്കിയാൽ, ഭാരതത്തിൽ ഒരു ഇന്റർമീഡിയറ്റ് ആർട്ട്സ് ഡിപ്ലോമ ലഭിക്കുന്നു; അതിനു ശേഷം വിദ്യാർഥിക്ക് അടുത്ത രണ്ടുകൊല്ലത്തെ അധ്യയനവും തന്റെ ഏ.ബി. ഡിഗ്രിയും പ്രതീക്ഷിക്കാം.ഇന്റർമീഡിയറ്റിന്റെ അവസാനപരീക്ഷ ദുശ്ശകുനംപോലെ എന്റെ മുന്നിൽ ഭയാനകമായി തലപൊക്കി. ഞാൻ പുരിയിലേക്ക് പലായനം ചെയ്തു; എന്റെ ഗുരുദേവൻ ഏതാനും ആഴ്ചകൾ അവിടെ ചെലവഴിക്കുകയായിരുന്നു. വർഷാന്തപ്പരീക്ഷയ'ക്ക് ഇരിക്കേണ്ടതില്ലയെന്ന് അദ്ദേഹം പറയുമെന്ന് ഒരു അവ്യക്തമായ പ്രതീക്ഷയോടെ ഞാൻ എന്റെ തയ്യാറില്ലായ്മയെപ്പറ്റി അദ്ദേഹത്തോടു പറഞ്ഞു.ശ്രീ യുക്തേശ്വരൻ സാന്ത്വനിപ്പിക്കുമാറ് പുഞ്ചിരിച്ചു. ‘ ‘നീ ഹൃദയ പൂർവം നിന്റെ ആത്മീയകർത്തവ്യങ്ങളിൽ വ്യാപൃതനായി; അതുകാരണം നിനക്ക് നിന്റെ കോളേജുകാര്യങ്ങൾ ശ്രദ്ധിക്കാൻ കഴിഞ്ഞില്ല. അടുത്ത ആഴ്ചമുഴുവൻ നിന്റെ പുസ്തകങ്ങളിൽ ശുഷ്കാന്തിയോടെ ശ്രദ്ധ ചെലുത്തുക; നീ പരാജയം കൂടാതെ നിന്റെ യാതനയിലൂടെ കടന്നുകൂടും.’ ’ ഇടയ'ക്കിടെ എന്നെ കടന്നാക്രമിച്ച ന്യായമായ സംശയങ്ങളെ ശക്തമായി അടിച്ചമർത്തിക്കൊണ്ട് ഞാൻ കൽക്കത്തക്ക് മടങ്ങി. എന്റെ മേശമേൽ പർവതാകാരമായി കുമിഞ്ഞുകൂടിയ പുസ്തകങ്ങളെ ആകെയൊന്നു നോക്കിയപ്പോൾ വിജനതയിൽ വഴിതെറ്റിയ ഒരു യാത്രികന്റെ അനുഭവമായിരുന്നു എനിക്ക്.ദീർഘനേരത്തെ ധ്യാനം അധ്വാനം കുറയ'ക്കുന്ന ഒരു പ്രചോദനം എനിക്കേകി. ഓരോ പുസ്തകവും എവിടെയെങ്കിലും തുറന്നുകൊണ്ട് അങ്ങനെ കാണപ്പെട്ട താളുകൾ മാത്രം ഞാൻ പഠിച്ചു. ദിവസവും പതിനെട്ടുമണിക്കൂർ വീതം ഒരാഴ്ച ഈ രീതി തുടർന്നപ്പോൾ കാണാപ്പാഠത്തിൽ ഒരു വിദഗ്ധനായി ഞാൻ സ്വയം കരുതി.എന്റെ തോന്നിയ രീതിയിലെ പഠിത്തത്തിന് നിരക്കുന്നതായിരുന്നു അടുത്ത ദിവസങ്ങളിലെ പരീക്ഷകൾ. തലനാരിഴ വ്യത്യാസത്തിലാണെങ്കിലും ഞാൻ എല്ലാ പരീക്ഷയും ജയിച്ചു. എന്റെ മിത്രങ്ങളുടെയും കുടുംബാംഗങ്ങളുടെയും അഭിനന്ദനങ്ങളിൽ അവരുടെ അത്ഭുതത്തിന്റെ വ്യാക്ഷേപകങ്ങൾ,

ചിരിക്കു വക നൽകുംവിധം കലർന്നിരുന്നു.പുരിയിൽനിന്ന് ശ്രീ യുക്തേശ്വരൻ തിരിച്ചെത്തിയപ്പോൾ ആശ്ചര്യകരമായ ഒരു വാർത്ത എന്നെ അറിയിച്ചു. ‘ ‘കൽക്കത്തയിലെ നിന്റെ പഠിത്തം കഴിഞ്ഞിരിക്കുന്നു.’ ’ അദ്ദേഹം പറഞ്ഞു. ‘ ‘കലാലയവിദ്യാഭ്യാസത്തിന്റെ അവസാനത്തെ രണ്ടുവർഷം നീ ഇവിടെ ശ്രീരാമപുരത്തുതന്നെ തുടരുമെന്നത് ഞാൻ ഉറപ്പുവരുത്തും.’ ’ ഞാൻ കുഴങ്ങി. ‘ ‘ഈ പട്ടണത്തിൽ ഏ.ബി. കോഴ്സ് ഇല്ലല്ലോ പ്രഭോ!’ ’ ഉന്നതവിദ്യാഭ്യാസം നൽകിയിരുന്ന ഏകസ'ഥാപനമായ ശ്രീരാമപുരം കോളേജ് കലാവിഷയങ്ങൾക്ക് ഇന്റർമീഡിയറ്റിന്റെ രണ്ടുവർഷത്തെ പഠനമേ നൽകിയിരുന്നുള്ളൂ.ഗുരുദേവൻ കുസൃതിയായി ചിരിച്ചു. ‘ ‘നിനക്കുവേണ്ടി ഒരു ഏ.ബി. കോളജ് സ'ഥാപിക്കാനുള്ള പണപ്പിരിവിന് ഇറങ്ങിനടക്കാൻ എനിക്ക് പ്രായം അധികമായിപ്പോയി. മറ്റ് ആരിലെങ്കിലുംകൂടി ആ സംഗതി ഏർപ്പാടു ചെയ്യേണ്ടിവരുമെന്നു തോന്നുന്നു.’ ’ രണ്ടുമാസത്തിനുശേഷം ശ്രീരാമപുരം കോളജിന്റെ അധ്യക്ഷൻ പ്രഫസർ ഹോവെൽസ്, ഒരു നാലുവർഷകോഴ്സ് തുടങ്ങാൻ വേണ്ടുന്ന പണം സമാഹരിക്കുന്നതിൽ താൻ വിജയിച്ചുവെന്ന് ഒരു പൊതുവേദിയിൽ പ്രഖ്യാപിച്ചു. ശ്രീരാമപുരം കോളേജ് കൽക്കത്ത യൂനിവേഴ്സിറ്റിയോട് ബന്ധപ്പെടുത്തിയ ഒരു ശാഖയായി. ശ്രീരാമപുരത്ത് ഏ.ബി.ക്ക് ആദ്യമായിചേർന്ന വിദ്യാർഥികളിൽ ഒരാളായിരുന്നു ഞാൻ. ‘ ‘ഗുരുജീ, അങ്ങ് എന്നോട് എത്ര കാരുണ്യമാണ് കാട്ടുന്നത്! കൽക്കത്ത വിട്ടൊഴിഞ്ഞ് ശ്രീരാമപുരത്ത് എല്ലാ ദിവസവും അങ്ങയുടെകൂടെ കഴിയാൻ ഞാൻ നന്നേ കൊതിക്കുകയായിരുന്നു. അങ്ങയുടെ നിശ്ശബ്ദസഹായത്തിന് താൻ എത്രമാത്രം കടപ്പെട്ടിരിക്കുന്നുവെന്ന് പ്രഫസർ ഹോവെൽസ് സ്വപ്നത്തിൽപോലും അറിയുന്നുണ്ടാവില്ല!’ ’ ശ്രീ യുക്തേശ്വരൻ കപടഗൗരവത്തോടെ എന്നെ നോക്കി. ‘ ‘ഇനി നിനക്ക് എത്രയോ മണിക്കൂറുകൾ തീവണ്ടിയിൽ ചെലവാക്കേണ്ടതില്ല; നിന്റെ പഠിത്തത്തിന് എത്ര മണിക്കൂറുകൾ വെറുതെ കിട്ടുന്നു! അവസാനനിമിഷങ്ങളിലെ കാണാതെപഠിത്തക്കാരനാകുന്നതിനു പകരം ഇനി നിനക്ക് കുറേക്കൂടി മെച്ചപ്പെട്ട ഒരു വിദ്വാനായിത്തീരാൻ കഴിഞ്ഞേക്കാം.’ ’ പക്ഷേ, എങ്ങനെയോ അദ്ദേഹത്തിന്റെ സ്വരം ദൃഢവിശ്വാസത്തിന്റെ ഉറപ്പ് ഉൾക്കൊള്ളാതെപോയി.2 [image file=image_rsrc266.jpg] ശ്രീ യോഗാനന്ദൻ 16 വയസിൽ [image file=image_rsrc26B.jpg] 1 1936-ൽശശി ന് ആരോഗ്യവാനായിരിക്കുന്നുവെന്ന് ഒരു സ്നേഹിതൻ പറഞ്ഞുകേട്ടു.2 ആധുനിക വിദ്യാഭ്യാസത്തിലെ ഭൗതികവാദപ്രവണതയിൽ ശ്രീ യുക്തേശ്വരൻ മറ്റനേകം ജ്ഞാനികളെപ്പോലെ വ്യാകുലപ്പെട്ടിരുന്നു. ജീവിതസൗഖ്യത്തിനായി ആത്മീയനിയമങ്ങൾ വിശദീകരിക്കുകയോ ‘ ‘ദൈവഭയ’ ’ ത്തിൽ, അതായത്, സ്രഷ്ടാവിനോടുള്ള ഭക്ത്യാദരങ്ങളിൽ സ്വജീവിതം നയിക്കുന്നതാണ് ബുദ്ധിയെന്നു പഠിപ്പിക്കുകയോ ചെയ്യുന്ന വിദ്യാലയങ്ങൾ അപൂർവമാണ്.മനുഷ്യൻ ‘ ‘ഒരു ഉയർന്ന മൃഗം’ ’ മാത്രമാണെന്ന് ഇന്ന് ഹൈസ്ക്കൂളുകളിലും കോളേജുകളിലും കേൾക്കുന്ന ചെറുപ്പക്കാർ പലപ്പോഴും നിരീശ്വരവാദികളായിത്തീരുന്നു. ആത്മാവിനെക്കുറിച്ചുള്ള ഗവേഷണത്തിനോ സത്തയിൽ താൻ ‘ ‘ഈശ്വരന്റെ പ്രതിച്ഛായ’ ’ യാണെന്നു കണക്കാക്കാനോ അവർ തുനിയുന്നില്ല. ‘ ‘നമ്മുടെ ഉള്ളിലുള്ളതു മാത്രമേ പുറത്തു നമുക്കു കാണാനാവൂ.’ ’ എമേഴ്സൺ പറയുന്നു. ‘ ‘നാം ഈശ്വരനെ കണ്ടെത്തുന്നില്ലായെങ്കിൽ, നമ്മുടെ ഉള്ളിൽ ഈശ്വരനെ നാം കുടിയിരിത്തിയിട്ടില്ല എന്നതാണ് കാരണം.’ ’ തന്റെ മൃഗീയവാസനകൾ മാത്രമാണ് തന്റെ ഒരേ ഒരു യാഥാർഥ്യം എന്നു സങ്കല്പിക്കുന്നവൻ ദൈവികവാഞ്ഛകളിൽനിന്നും അകന്നുപോകുന്നു.മനുഷ്യന്റെ അസ്തിത്വത്തിന്റെ കാതലായ യാഥാർഥ്യം ആത്മാവാണെന്നത് അവതരി പ്പിക്കാത്ത ഒരു വിദ്യാഭ്യാസ പദ്ധതി അവിദ്യ—അജ്ഞാനം—യാണ് നൽകുന്നത്. ‘ ‘ഞാൻ ധനവാനാണ്, എനിക്ക് ഐശ്വര്യമുണ്ട്, എനിക്ക് ഒന്നിനും കുറവില്ല എന്നു നീ പറയുന്നു; പക്ഷേ നീ നികൃഷ്ടനും ദയനീയനും ദരിദ്രനും അന്ധനും നഗ്നനും ആണെന്ന് നീ അറിയുന്നില്ല.’ ’ —വെളിപാട് 3:17 (ബൈബിൾ).പുരാതനഭാരതത്തിൽ ചെറുപ്പക്കാരുടെ വിദ്യാഭ്യാസപദ്ധതി മാതൃകാപരമായിരുന്നു. ഒമ്പതുവയസ്സാകുമ്പോൾ കുട്ടി ‘ ‘ഒരു മകനെന്നനിലയിൽ’ ’ ഒരു ഗുരുകുലത്തിൽ സ്വീകരിക്കപ്പെടുന്നു. ‘ ‘ആധുനികകാലത്ത് കുട്ടി വർഷത്തിൽ എട്ടിലൊരുഭാഗം സമയം പാഠശാലയിൽ ചെലവഴിക്കുന്നു; ഭാരതീയൻ അവന്റെ മുഴുവൻ സമയവും അവിടെ ചെലവഴിച്ചു.’ ’ പ്രഫസർ എസ്. വി. വെങ്കിടേശ്വര ഇൻഡ്യൻ കൾച്ചർ ത്രൂ ദി ഏജസ് -ൽ(വാല്യം I, ലോങ്ങ്മൻസ് ഗ്രീൻ ആൻഡ് കമ്പനി) എഴുതുന്നു: ‘ ‘ഐക്യത്തിന്റെയും ചുമതലാബോധത്തിന്റെയും ആരോഗ്യകരമായ മനോഭാവവും, സ്വാശ്രയശീലവും വ്യക്തിത്വവും വളർത്തുന്നതിന് വേണ്ടത്ര അവസരവും ഗുരുകുലത്തിലുണ്ടായിരുന്നു. ഉന്നതമായ സാംസ്കാരികനിലവാരം, സ്വയം അംഗീകരിച്ച അച്ചടക്കം, ഉറച്ച കർത്തവ്യബോധം, നിസ്വാർഥമായ പ്രവർത്തനം, ത്യാഗം എന്നിവയോടൊത്ത് ആത്മാഭിമാനവും മറ്റുള്ളവരോടുള്ള ബഹുമാനവും ഉണ്ടായിരുന്നു; ഉയർന്ന നിലവാരത്തിലുള്ള അധ്യയനത്തിലുള്ള അന്തസ്സും മനുഷ്യജീവിതത്തിന്റെ ശ്രേഷ്ഠതയുടെയും മഹത്തായ ലക്ഷ്യത്തിന്റെയും അവബോധവും ഉണ്ടായിരുന്നു.’ ’ അധ്യായം 18അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന മുസ്ലീം ഫക്കീർ ‘ ‘നീ ഇപ്പോൾ താമസിക്കുന്ന ഇതേ മുറിയിൽവച്ച് വർഷങ്ങൾക്കുമുമ്പ് ഒരു മുസ്ലീം ഫക്കീർ എന്റെ മുമ്പിൽ നാല് അത്ഭുതങ്ങൾ കാട്ടി! ’ ’ എന്റെ പുതിയ താമസസ'ഥലം ആദ്യമായി സന്ദർശിച്ചപ്പോഴാണ് ശ്രീ യുക്തേശ്വരൻ ഈ പരാമർശം നടത്തിയത്. ശ്രീരാമപുരത്തെ കോളജിൽ ചേർന്നയുടനെ അടുത്ത് പന്ഥി1 എന്നുപേരുള്ള

ഒരു വിടുതി വീട്ടിൽ ഞാൻ ഒരു മുറിയെടുത്തിരുന്നു. അത് ഗംഗയ'ക്ക് അഭിമുഖമായി വച്ച ‘ ‘ ഇഷ്ടികകെട്ടിടമായിരുന്നു. ‘ ‘ഗുരുദേവാ, എന്തൊരു യാദൃച്ഛികത! പുതുതായി അലങ്കരിച്ച ഈ ഭിത്തികൾ ഓർമകൾകൊണ്ട് വാസ്തവത്തിൽ പുരാതനമാണോ?’ ’ ലളിതമായി ഒരുക്കിയ എന്റെ മുറിക്കുചുറ്റും ഞാൻ ഉണർന്ന കൗതുകത്തോടെ നോക്കി. ‘ ‘അത് ഒരു നീണ്ടകഥയാണ്,’ ’ ഓർമകൾ പുതുക്കിക്കൊണ്ട് ഗുരുദേവൻ പുഞ്ചിരിച്ചു. ‘ ‘ആ ഫക്കീ2റിന്റെ പേര് അഫ്സൽ ഖാൻ എന്നായിരുന്നു. അപ്രതീക്ഷിതമായി കണ്ടുമുട്ടിയ ഒരു ഹിന്ദുയോഗിയിൽനിന്നാണ് അയാൾ തന്റെ അസാധാരണസിദ്ധികൾ നേടിയത്. ‘ ‘ ‘മകനേ, എനിക്കു ദാഹിക്കുന്നു; കുറച്ചു വെള്ളംകൊണ്ടുവന്നു തരൂ’ കിഴക്കൻ ബംഗാളിലെ ഒരു ചെറിയ ഗ്രാമത്തിൽവച്ച് തന്റെ ബാല്യ കാലത്ത് ഒരുദിവസം, പൊടിയിൽകുളിച്ച ഒരു സന്യാസി അഫ്സലിനോട് ഇങ്ങനെ അപേക്ഷിച്ചു. ‘ ‘ ‘ഗുരോ, ഞാൻ ഒരു മുസ്ലീം ആണ്. ഒരു ഹിന്ദുവായ അങ്ങ് എന്റെ കൈകളിൽനിന്ന് എങ്ങനെ ജലപാനം സ്വീകരിക്കും?’ ‘ ‘ ‘നിന്റെ സത്യസന്ധത എന്നെ സന്തോഷിപ്പിക്കുന്നു കുഞ്ഞേ. ഈശ്വരനുനിരക്കാത്ത വിഭാഗീയതയുടെ ഭ്രഷ്ടാചാരം ഞാൻ മാനിക്കുന്നില്ല. നീ പോയി വേഗം എനിക്കു വെള്ളം കൊണ്ടുവരൂ.’ ‘ ‘അഫ്സലിന്റെ ആദരവോടുകൂടിയ അനുസരണയ'ക്ക് യോഗിയിൽ നിന്ന് സ്നേഹപൂർവമായ ഒരു കടാക്ഷം ലഭിച്ചു. ‘ ‘ ‘കഴിഞ്ഞ ജന്മങ്ങളിൽനിന്നുള്ള നല്ല കർമഫലങ്ങൾ നിനക്കുണ്ട്.’ അദ്ദേഹം ഗൗരവത്തോടെ പറഞ്ഞു. ‘അദൃശ്യമായ മണ്ഡലങ്ങളിലൊന്നിൽ നിനക്ക് ആധിപത്യം നൽകുന്ന ഒരു യോഗവിദ്യ ഞാൻ നിന്നെ പഠിപ്പിക്കാൻ പോകുകയാണ്. നിനക്കു ലഭിക്കാൻ പോകുന്ന മഹത്തായ സിദ്ധികൾ നല്ല കാര്യങ്ങൾക്കേ ഉപയോഗിക്കാവൂ; സ്വാർഥതയ'ക്കായി അവ ഒരിക്കലും ഉപയോഗിക്കരുത്. കഷ്ടം! മുജ്ജന്മങ്ങളിൽനിന്ന് ചില വിനാശകരമായ വാസനകൾ നീ കൊണ്ടുവന്നിട്ടുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. തിന്മയുടെ പുതിയ പ്രവൃത്തികളാകുന്ന വെള്ളമൊഴിച്ച് അവയെ വീണ്ടും മുളയ'ക്കാൻ അനുവദിക്കരുത്. നിന്റെ യോഗസിദ്ധികൾ ഈ ജന്മം ഏറ്റവും ഉന്നതമായ മാനുഷികലക്ഷ്യങ്ങൾക്കായി ഉപയോഗിക്കണം. നിന്റെ മുജ്ജന്മകർമങ്ങളുടെ സങ്കീർണത അത്തരത്തിലുള്ളതാണ്.’ ‘ ‘വിസ്മയിച്ചുനിന്ന ബാലനെ സങ്കീർണമായ ഒരു യോഗവിദ്യ പഠിപ്പിച്ചിട്ട് ആ ആചാര്യൻ മറഞ്ഞു. ‘ ‘ഇരുപതുംെകാല്ലക്കാലം അഫ്സൽ ആ യോഗവിദ്യ ആത്മാർഥമായി അഭ്യസിച്ചു. അയാളുടെ അത്ഭുതപ്രകടനങ്ങൾ നാനാദിക്കിൽ നിന്നും ആളുകളുടെ ശ്രദ്ധ ആകർഷിക്കാൻ തുടങ്ങി. അയാളുടെ കൂടെ എപ്പോഴും അശരീരിയായ ഒരു ആത്മാവ് ഉണ്ടായിരുന്നുവെന്നു തോന്നുന്നു. ‘ഹസ്രത്ത്’ എന്നായിരുന്നു അയാൾ അതിനെ വിളിച്ചിരുന്നത്. ഈ സത്വത്തിന് ഫക്കീറിന്റെ ഏതു ചെറിയ ആഗ്രഹംപോലും നിറവേറ്റാൻ കഴിഞ്ഞിരുന്നു. ‘ ‘തന്റെ ഗുരുവിന്റെ മുന്നറിയിപ്പ് അവഗണിച്ചുകൊണ്ട് അഫ്സൽ തന്റെ സിദ്ധികൾ ദുർവിനിയോഗംചെയ്യാൻ തുടങ്ങി. അയാൾ എടുത്തു നോക്കിയിട്ട് തിരിച്ചുവയ'ക്കുന്ന ഏതൊരു വസ്തുവും ഒരടയാളം പോലും ശേഷിപ്പിക്കാതെ ഉടൻ അപ്രത്യക്ഷമാകും. ഈ അസുഖകരമായ ഭവിഷ്യത്ത് മിക്കപ്പോഴും അയാളെ ഒരു അസ്വീകാര്യനായ അതിഥിയാക്കി! ‘ ‘അയാൾ കൽക്കത്തയിലെ വലിയ ആഭരണശാലകൾ രത്നങ്ങൾ വാങ്ങാനെന്നമട്ടിൽ ഇടയ'ക്കിടെ സന്ദർശിച്ചു. അയാൾ എടുത്തു നോക്കിയ ഏതു ആഭരണവും അയാൾ പോയി അല്പം കഴിഞ്ഞ് അപ്രത്യക്ഷമാവു കയായി. ‘ ‘അഫ്സലിന്റെ രഹസ്യങ്ങൾ പഠിക്കാമെന്ന പ്രതീക്ഷയാൽ ആകർഷിതരായ പരശ്ശതം വിദ്യാർഥികൾ അയാളുടെ ചുറ്റും ഉണ്ടാവും. ചിലപ്പോൾ അവരെ തന്നോടൊപ്പം യാത്ര ചെയ്യാൻ അയാൾ ക്ഷണിക്കും. റെയിൽവേ സ്റ്റേഷനിൽവച്ച് ഏതാനും ടിക്കറ്റുകൾ അയാൾ എങ്ങനെയെങ്കിലും തൊടും. ‘ഞാൻ എന്റെ മനസ്സുമാറ്റി; ഇപ്പോൾ അവ വാങ്ങുന്നില്ല’ , എന്നു പറഞ്ഞുകൊണ്ട് ടിക്കറ്റ്ക്ലാർക്കിന് അവ തിരിച്ചുകൊടുക്കാൻ നീക്കിവയ'ക്കും. പക്ഷേ അഫ്സൽ തന്റെ പരിവാരവുമായി തീവണ്ടിയിൽ കയറുമ്പോൾ അയാളുടെ കൈവശം ആവശ്യമുള്ളത്ര ടിക്കറ്റുകൾ ഉണ്ടായിരിക്കും.3 ‘ ‘ഈ സാഹസങ്ങൾ രോഷാകുലമായ ഒരു എതിർപ്പു സൃഷ്ടിച്ചു; ബംഗാളി രത്നവ്യാപാരികളും ടിക്കറ്റ് വില്പനക്കാരും ഒരു മാനസികമായ തകർച്ചയിൽപെട്ടു! അഫ്സലിനെ അറസ്റ്റുചെയ്യാൻ ശ്രമിച്ച പോലീസുകാർ നിസ്സഹായരായി; ‘ഹസ്രത്ത് ഇതെടുത്തു മാറ്റൂ’ എന്നു മാത്രംപറഞ്ഞ് ആ ഫക്കീറിന് തന്നെ അപരാധിയാക്കാനുപകരിക്കുന്ന തെളിവുകളെല്ലാം നീക്കംചെയ്യുവാൻ കഴിയുമായിരുന്നു.’ ’ ശ്രീ യുക്തേശ്വർ ഇരിപ്പിടത്തിൽനിന്ന് എഴുന്നേറ്റ് ഗംഗയ'ക്ക് അഭിമുഖമായ ബാൽക്കണിയിലേക്കുനടന്നു. ആ മുസ്ലീമിന്റെ അത്ഭുത കഥകൾ കേൾക്കാൻ ആകാംക്ഷയോടെ ഞാൻ പിന്നാലെ കൂടി. ‘ ‘ഈ പന്ഥിഗൃഹം മുമ്പ് എന്റെ ഒരു സ്നേഹിതന്റെ വകയായിരുന്നു. അഫ്സലിനെ പരിചയപ്പെട്ടപ്പോൾ അദ്ദേഹം അയാളെ ഇവിടേക്കു വിളിച്ചു. എന്റെ സ്നേഹിതൻ ഞാനുൾപ്പെടെയുള്ള ഇരുപതോളം അയൽക്കാരെയും ക്ഷണിച്ചു. അന്ന് ഒരു യുവാവായിരുന്ന എനിക്ക് ഈ കുപ്രസിദ്ധഫക്കീറിൽ സജീവമായ താത്പര്യം തോന്നി,’ ’ ഗുരുദേവൻ ചിരിച്ചു. ‘ ‘വിലകൂടിയ വസ്തുക്കളൊന്നും ധരിക്കാതിരിക്കുക എന്ന മുൻകരുതൽ ഞാനെടുത്തിരുന്നു! അഫ്സൽ എന്നെ താല്പര്യത്തോടെ അടിമുടി നോക്കിയിട്ടു പറഞ്ഞു: ‘ ‘ ‘നിനക്ക് ശക്തമായ കൈകൾ ഉണ്ട്. താഴെ പൂന്തോട്ടത്തിലേക്കു പോവുക; മിനുസമുള്ള ഒരു കല്ലെടുത്തു അതിൽ ചോക്കുകൊണ്ട് നിന്റെ പേര് എഴുതുക; എന്നിട്ട് ആകാവുന്നത്ര ദൂരത്തിൽ ഗംഗയിലേക്കു വലിച്ചെറിയുക.’ ‘ ‘ഞാൻ അനുസരിച്ചു. കല്ല് ദൂരെയുള്ള അലകളുടെ അടിയിൽ മറഞ്ഞയുടൻ ഫക്കീർ എന്നോടുപറഞ്ഞു: ‘ ‘ ‘ഈ വീടിന്റെ മുമ്പിൽനിന്ന് ഒരു കുടം ഗംഗാജലം മുക്കിയെടുക്കൂ.’ ‘ ‘ഞാൻ വെള്ളവുമായി

തിരിച്ചെത്തിയപ്പോൾ ഫക്കീർ വിളിച്ചു പറഞ്ഞു, ‘ഹസ്രത്ത് ആ കല്ല് കുടത്തിൽ ഇടൂ!’ ‘ ‘ ഉടൻതന്നെ കല്ല് പ്രത്യക്ഷമായി. കുടത്തിൽനിന്ന് ഞാൻ അതെടുത്തു, എഴുതിയപ്പോളെന്നപോലെ എന്റെ കൈെയ്യാപ്പ് വ്യക്തമായിരുന്നു. ‘ ‘ആ മുറിയിൽ ഉണ്ടായിരുന്ന ബാബു4 എന്ന എന്റെ സ്നേഹിതൻ പുരാതനമായ ഒരു ഭാരിച്ച സ്വർണവാച്ചും ചെയിനും ധരിച്ചിരുന്നു. ഫക്കീർ അത് ദുസ്സൂചകമായ മതിേപ്പാടെ പരിശോധിച്ചു. ഉടനെതന്നെ അവ അപ്രത്യക്ഷമായി! ‘ ‘ ‘അഫ്സൽ, ദയവുചെയ്ത് എന്റെ വിലയേറിയ പൈതൃക വസ്തു തിരിച്ചുതരൂ!’ ബാബു കണ്ണീരിന്റെ വക്കിലായിരുന്നു. ‘ ‘കുറച്ചുസമയത്തേക്ക് മുസ്ലീം നിസ്സംഗമായ നിശ്ശബ്ദതയിൽ ഇരുന്നു, എന്നിട്ടു പറഞ്ഞു, ‘ഒരു ഇരുമ്പ് അലമാരയിൽ നിന്റേതായി അഞ്ഞൂറുരൂപ ഉണ്ട്. അത് എനിക്കു കൊണ്ടുവന്നുതരൂ. നിന്റെ ഘടികാരം എവിടെനിന്നു കിട്ടുമെന്ന് പറഞ്ഞുതരാം.’ ‘ ‘ആകെ വിഷമത്തിലായ ബാബു ഉടനേ വീട്ടിലേക്കു പോയി. പെട്ടെന്ന് തിരിച്ചെത്തിയിട്ട് ആവശ്യപ്പെട്ട തുക അഫ്സലിനു നൽകി. ‘ ‘ ‘നിന്റെ വീട്ടിനടുത്തുള്ള ആ ചെറിയ പാലത്തിലേക്കു പോവുക.’ ഫക്കീർ നിർദേശം നൽകി. ‘ഹസ്രത്തിനെ വിളിച്ച് വാച്ചും ചെയിനും തരാൻ പറയുക. ‘ ‘ ‘ ബാബു തിടുക്കത്തിൽ പോയി തിരിച്ചുവന്നപ്പോൾ ആശ്വാസ ത്തിന്റെ പുഞ്ചിരിയല്ലാതെ മറ്റു യാതൊരു ആഭരണവും ധരിച്ചിരുന്നില്ല. ‘ ‘ ‘നിർദേശാനുസരണം ഞാൻ ഹസ്രത്തിനോട് ആജ്ഞാപിച്ചപ്പോൾ എന്റെ വാച്ച് വായുവിൽനിന്ന് ഉരുണ്ട് എന്റെ വലതു കൈയിൽ വീണു! ആ പൈതൃകവസ്തു എന്റെ ഇരുമ്പുപെട്ടിയിൽ വച്ചു പൂട്ടിയിട്ടാണ് ഞാൻ വന്നതെന്ന് ഉറപ്പിച്ചുകൊള്ളൂ!’ അയാൾ പ്രഖ്യാപിച്ചു. ‘ ‘വാച്ചിനു വേണ്ടിയുള്ള മോചനദ്രവ്യത്തിന്റെ ഹാസ്യദുരന്ത നാടകത്തിന് സാക്ഷ്യം വഹിച്ച ബാബുവിന്റെ സ്നേഹിതർ അഫ്സലിനെ നീരസത്തോടെ തുറിച്ചുനോക്കി. സാന്ത്വനിപ്പിക്കാൻ അയാൾ പറഞ്ഞു. ‘ ‘ ‘നിങ്ങൾക്കു വേണ്ട ഏതു പാനീയത്തിന്റെയും പേരു പറയൂ; ഹസ്രത്ത് അത് എത്തിച്ചുതും.’ ‘ ‘കുറേപ്പേർ പാൽ ആവശ്യപ്പെട്ടു, മറ്റുള്ളവർ പഴച്ചാറും. മാന സികമായി ഉലഞ്ഞുപോയ ബാബു വിസ്കി ആവശ്യപ്പെട്ടപ്പോൾ ഞാൻ വലുതായി അമ്പരന്നില്ല. മുസ്ലീം ഒരു ആജ്ഞ നൽകി; സേവനസന്നദ്ധനായ ഹസ്രത്ത് അയച്ച, ഭദ്രമായി അടച്ച പാത്രങ്ങൾ വായുവിലൂടെ ഒഴുകി നിലത്ത് ഒരു ശബ്ദത്തോടെ വന്നിറങ്ങി. ഓരോരുത്തരും അവരവർക്ക് ഇഷ്ടപ്പെട്ട പാനീയം കണ്ടെത്തി. ‘ ‘ആ ദിവസത്തെ നാലാമത്തെ പകിട്ടേറിയ അത്ഭുതകൃത്യത്തിന്റെ വാഗ്ദാനം ഞങ്ങളുടെ ആതിഥേയന് ഏറെ തൃപ്തികരമായിരുന്നുവെന്ന് സംശയമില്ല: അഫ്സൽ ഒരു തൽക്ഷണമധ്യാഹ്നവിരുന്ന് നൽകാമെന്ന് ഏറ്റു! ‘ ‘ ‘ഏറ്റവും വിലകൂടിയ ആഹാരപദാർഥങ്ങൾ നമുക്ക് ആവശ്യപ്പെടാം,’ ബാബു മ്ലാനതയോടെ നിർദേശിച്ചു. ‘ എന്റെ അഞ്ഞൂറു രൂപയ'ക്ക് എനിക്ക് വിപുലമായ സദ്യ ലഭിക്കണം. എല്ലാ സാധനങ്ങളും തങ്കത്തളിക കളിൽ വിളമ്പണം!’ ‘ ‘ഓരോ ആളും തന്റെ ഇഷ്ടപദാർഥങ്ങൾ വെളിപ്പെടുത്തിയ ഉടൻ ഫക്കീർ അക്ഷയവിഭവനായ ഹസ്രത്തിനെ അഭിസംബോധന ചെയ്തു. ഒരു വലിയ തട്ടലുംമുട്ടലും തുടങ്ങി; ചാതുര്യത്തോടെ തയ്യാറാക്കിയ കറികൾ, ചൂടു ലുച്ചികൾ, ആ സീസണിൽ കിട്ടാത്ത അനവധി പഴങ്ങൾ എന്നിവ നിറച്ച സ്വർണത്താലങ്ങൾ എങ്ങു നിന്നോ ഞങ്ങളുടെ കാൽക്കൽ വന്നിറങ്ങി. ഭക്ഷണപദാർഥങ്ങൾ എല്ലാംതന്നെ സ്വാദിഷ്ടമായിരുന്നു. ഒരു മണിക്കൂർ നേരത്തെ സദ്യയ'ക്കു ശേഷം ഞങ്ങൾ മുറിവിടാൻ തുടങ്ങി. പാത്രങ്ങൾ എടുത്തു കൂട്ടി വയ'ക്കുന്നതുപോലെ ഉച്ചത്തിലുള്ള ഒരു ശബ്ദം ഞങ്ങളെ തിരിഞ്ഞു നോക്കാൻ പ്രേരിപ്പിച്ചു. അത്ഭുതം! തിളങ്ങുന്ന പാത്രങ്ങളുടെയോ ആഹാരത്തിന്റെ അവശിഷ്ടങ്ങളുടെയോ ഒരടയാളവും അവിടെ ഉണ്ടായിരുന്നില്ല.’ ’ ‘ ‘ഗുരുജീ, ’ ’ ഞാൻ ഇടയ'ക്കുകയറിപ്പറഞ്ഞു. ‘ ‘അഫ്സലിന് സ്വർണത്താലങ്ങൾപോലുള്ള വസ്തുക്കൾ നിഷ്പ്രയാസം നേടാമായിരുന്നുവെങ്കിൽ എന്തിനാണ് അയാൾ മറ്റുള്ളവരുടെ വസ്തുക്കൾ മോഹിച്ചത്? ’ ’ ‘ ‘ആ ഫക്കീർ ആത്മീയമായി അധികം ഉയർന്നിരുന്നില്ല,’ ’ ശ്രീ യുക്തേശ്വരൻ വിശദീകരിച്ചു. ‘ ‘ഒരു യോഗാനുഷ്ഠാനത്തിലുള്ള അയാളുടെ നൈപുണ്യം, ഏതു ആഗ്രഹവും ഉടനടി സാധിതമാക്കുന്ന ഒരു സൂക്ഷ്മതലത്തിലേക്ക് ആയാൾക്ക് പ്രവേശനം നൽകി. ഒരു സൂക്ഷ്മതല'സത്വ'മായ ഹസ്രത്തിന്റെ സഹായത്തോടെ ശക്തമായ ഇച്ഛാശക്തികൊണ്ട് ഏതൊരു വസ്തുവിന്റെയും പരമാണുക്കളെ സൂക്ഷ്മാകാശ ഊർജത്തിൽനിന്ന് വിളിച്ചുവരുത്താൻ ആ മുസ്ലീമിനു കഴിഞ്ഞു. പക്ഷേ സൂക്ഷ്മതലത്തിൽനിന്നും നിർമിച്ച അത്തരം വസ്തുക്കൾ ഘടനയിൽ ക്ഷണികമാണ്; അവയെ ദീർഘനേരം നിലനിർത്തുവാൻ കഴിയുകയില്ല.5 നേടാൻ കൂടുതൽ പ്രയാസമാണെങ്കിലും, കൂടുതൽ വിശ്വാസയോഗ്യമായ, നിലനില്പുള്ള ഭൗതിക ധനത്തിൽ അഫ്സലിന് അപ്പോഴും കൊതിയുണ്ടായിരുന്നു,’ ’ ഞാൻ ചിരിച്ചു. ‘ ‘അതും ചിലപ്പോൾ അകാരണമായി അപ്രത്യ ക്ഷമാകുന്നു!’ ’ ‘ ‘അഫ്സൽ ഈശ്വരസാക്ഷാത്കാരംനേടിയ ഒരു വ്യക്തിയായിരുന്നില്ല,’ ’ ഗുരുദേവൻ തുടർന്നു. സ'ഥിരവും ശ്രേയസ്കരവുമായ അത്ഭുതകൃത്യങ്ങൾ യഥാർഥ ദിവ്യന്മാർ ചെയ്യുന്നുണ്ട്, കാരണം അവർ സർവശക്തനായ സ്രഷ്ടാവിൽ പൊരുത്തപ്പെട്ടവരാണ്. സാധാരണ മനുഷ്യർ മരണശേഷംമാത്രം ചെന്നെ ത്തുന്ന ഒരു സൂക്ഷ്മതലത്തിൽ കടന്നുചെല്ലാനുള്ള അസാധാരണശക്തി സമാർജിച്ച ഒരു സാധാരണ മനുഷ്യൻ മാത്രമായിരുന്നു അഫ്സൽ.’ ’ ‘ ‘ ഇപ്പോൾ എനിക്കു മനസ്സിലായി, ഗുരുജീ. പരലോകത്തിന് ചില സമാകർഷകമായ സവിശേഷതകൾ ഉണ്ടെന്നും തോന്നുന്നു.’ ’ ഗുരുദേവൻ സമ്മതിച്ചു. ‘ ‘ആ ദിവസത്തിനുശേഷം ഞാൻ അഫ്സലിനെ കണ്ടിട്ടില്ല. പക്ഷേ ഏതാനും വർഷങ്ങൾക്കുശേഷം ഈ മുസ്ലീമിന്റെ പരസ്യമായ കുറ്റസമ്മതം അടങ്ങിയ ഒരു പത്രവാർത്ത എന്നെ കാണിക്കാൻ ബാബു എന്റെ വീട്ടിൽ വന്നു. അതിൽ നിന്നാണ്

ഞാൻ ഇപ്പോൾ നിന്നോടു പറഞ്ഞപ്രകാരം ഒരു ഹിന്ദുഗുരുവിൽനിന്നു ലഭിച്ച, അഫ്സലിന്റെ യോഗദീക്ഷയുടെ വസ്തുതകൾ ഞാൻ മനസ്സിലാക്കിയത്.' ' പ്രസിദ്ധീകൃതമായ ആ രേഖയുടെ അവസാനഭാഗത്തിന്റെ ചുരുക്കം ശ്രീ യുക്തേശ്വരൻ ഓർമിച്ചത് താഴെക്കാണുന്നതുപോലെയായിരുന്നു: ' 'അഫ്സൽ ഖാൻ എന്ന ഞാൻ ഈ വാക്കുകൾ എഴുതുന്നത് ഒരു പ്രായശ്ചിത്തമായിട്ടും ദിവ്യസിദ്ധികളുടെ ആധിപത്യം തേടുന്നവർക്ക് ഒരു മുന്നറിയിപ്പെന്ന നിലയിലുമാണ്. ഈശ്വരന്റെയും എന്റെ ഗുരുനാഥന്റെയും കാരുണ്യത്താൽ എനിക്കു ലഭിച്ച അത്ഭുതസിദ്ധികൾ കൊല്ലങ്ങളായി ഞാൻ ദുരുപയോഗം ചെയ്യുകയായിരുന്നു. സാധാരണ സദാചാരനിയമങ്ങൾക്ക് അതീതനാണെന്നു ഭാവിച്ച ഞാൻ അഹംഭാവത്താൽ ഉന്മത്തനായിത്തീർന്നു. ഒടുവിൽ എന്റെ ശിക്ഷയുടെ ദിനം വന്നെത്തി. ' 'ഈയിടെ ഞാൻ കൽക്കത്തക്കു വെളിയിലുള്ള ഒരു വഴിയിൽ വച്ച് ഒരു വൃദ്ധനെ കണ്ടുമുട്ടി. സ്വർണംപോലെ തിളങ്ങുന്ന ഒരു വസ്തു എടുത്തുകൊണ്ട് അയാൾ വേദനയോടെ മുടന്തിനടന്നു. എന്റെ മനസ്സിലെ അത്യാഗ്രഹത്തോടെ ഞാൻ അയാളെ അഭിസംബോധനചെയ്തു. ' ' 'മഹാനായ ഫക്കീർ അഫ്സൽ ഖാനാണ് ഞാൻ. എന്താണ് നിങ്ങളുടെ കൈവശം?' ' ' 'ഈ സ്വർണഗോളമാണ് എന്റെ ആകെയുള്ള സമ്പത്ത്; ഒരു ഫക്കീറിന് അതിൽ യാതൊരു താല്പര്യവും ഉണ്ടാവാനിടയില്ലല്ലോ. പ്രഭോ, എന്റെ മുടന്ത് ഭേദമാക്കാൻ ഞാൻ അങ്ങയോട് യാചിക്കുന്നു.' ' 'ഞാൻ ആ ഗോളത്തിൽ ഒന്നുതൊട്ടിട്ട് ഉത്തരമൊന്നും പറയാതെ നടന്നുനീങ്ങി. വൃദ്ധൻ എന്റെ പിന്നാലെ മുടന്തിവന്നു. പെട്ടെന്ന് അയാൾ ഉച്ചത്തിൽ കരഞ്ഞുകൊണ്ട് വിളിച്ചുപറഞ്ഞു: 'എന്റെ സ്വർണം പോയേ!' ' 'ഞാൻ ശ്രദ്ധിക്കാതെ നടന്നപ്പോൾ പെട്ടെന്ന് ആ കൃശശരീരത്തിനുചേരാത്ത പ്രൗഢഗംഭീരമായ ഒരു സ്വരത്തിൽ അയാൾ പറഞ്ഞു: ' ' 'നീ എന്നെ തിരിച്ചറിയുന്നില്ലേ?' ' 'ഞാൻ മിണ്ടാനാവാതെ നിന്നുപോയി. ഒട്ടും മതിപ്പുളവാക്കാത്ത ഈ വൃദ്ധമുടന്തൻ വളരെ വളരെക്കാലംമുമ്പ് എനിക്കു യോഗദീക്ഷതന്ന മഹാനായ പുണ്യാത്മാവായിരുന്നു. താമസിച്ചുപോയ എന്റെ തിരിച്ചറിവിൽ ഞാൻ അമ്പരന്നുപോയി. അദ്ദേഹം നിവർന്നുനിന്നു; തൽക്ഷണത്തിൽ അദ്ദേഹത്തിന്റെ ശരീരം ശക്തവും യുവത്വപൂർണവുമായിത്തീർന്നു. ' ' 'ഓഹോ!' എന്റെ ഗുരുവിന്റെ നോട്ടം തീക്ഷ്ണമായിരുന്നു. ' ' 'നിന്റെ ദിവ്യശക്തികൾ കഷ്ടപ്പെടുന്ന മനുഷ്യരാശിയെ സഹായിക്കാനല്ല, പകരം ഒരു സാധാരണ തസ്കരനെപ്പോലെ അവരിൽ നിന്ന് പിടിച്ചു പറിക്കാനാണ് നീ ഉപയോഗിക്കുന്നതെന്ന് എന്റെ സ്വന്തം കണ്ണുകൾ കൊണ്ട് ഞാൻ കണ്ടു! നിന്റെ രഹസ്യസിദ്ധികൾ ഞാൻ തിരിച്ചെടുക്കുന്നു. ഹസ്രത്തിനെ നിന്നിൽനിന്ന് മോചിപ്പിച്ചിരിക്കുന്നു. ഇനിമേൽ നീ ബംഗാളിൽ ഒരു പേടിസ്വപ്നമായിരിക്കുകയില്ല.' ' 'ഞാൻ വെപ്രാളത്തിന്റെ സ്വരത്തിൽ ഹസ്രത്തിനെ വിളിച്ചു; അവൻ എന്റെ അന്തർനേത്രത്തിൽനിന്നും ഇതാദ്യമായി അപ്രത്യക്ഷനായി. പക്ഷേ ഒരു ഇരുണ്ട മൂടുപടം പെട്ടെന്ന് ഉയർന്നു; എന്റെ ജീവിതത്തിലെ ഈശ്വരനിന്ദ ഞാൻ വ്യക്തമായി കണ്ടു. ' ' എന്റെ ഗുരുദേവാ, എന്റെ ദീർഘകാലത്തെ മിഥ്യാബോധത്തെ ഇല്ലായ്മചെയ്യാൻ വന്നെത്തിയതിന് ഞാൻ അങ്ങയെ പ്രണമിക്കുന്നു.' ' ഞാൻ അദ്ദേഹത്തിന്റെ പാദങ്ങളിൽ വീണു കേഴുകയായിരുന്നു. ' 'എന്റെ കഴിഞ്ഞകാലത്തെ തിന്മകൾക്കു പ്രായശ്ചിത്തമായി ഞാൻ ഈശ്വരനിൽ ഏകാന്തധ്യാനത്തിനായി പർവതാന്തരങ്ങളിലേക്കുപോകും.' ' ' 'എന്റെ ഗുരുനാഥൻ നിശ്ശബ്ദമായ കാരുണ്യത്തോടെ എന്നെ നോക്കി. 'നിന്റെ ആത്മാർഥത എനിക്ക് ബോധ്യമാകുന്നുണ്ട്.' അദ്ദേഹം പറഞ്ഞു. 'ആദ്യകാലങ്ങളിലെ നിന്റെ കണിശമായ അനുസരണയും ഇപ്പോഴത്തെ പശ്ചാത്താപവും കാരണം ഞാൻ നിനക്ക് ഒരു വരം തരാം. നിന്റെ മറ്റു ശക്തികൾ ഇപ്പോൾ പോയ'ക്കഴിഞ്ഞു, പക്ഷേ ആഹാരവും വസ്ത്രവും വേണ്ടുമ്പോഴെല്ലാം അവ നൽകാൻ നീ ഹസ്രത്തിനെ വിളിച്ചാൽ അവൻ അവ നൽകും. മാമലകളുടെ ഏകാന്തതയിൽ ഈശ്വരജ്ഞാനത്തിന് നീ ഹൃദയപൂർവം സ്വയം സമർപ്പിക്കൂ.' ' 'എന്നെ കണ്ണീരിലും പുനർവിചിന്തനത്തിലും ആഴ്ത്തിയിട്ട് എന്റെ ഗുരുനാഥൻ അപ്രത്യക്ഷനായി. ലോകമേ സ്വസ്തി! വിശ്വപ്രിയന്റെ മാപ്പുതേടാൻ ഞാൻ പോകുന്നു.' ' [image file=image_rsrc28F.jpg] 1 വിദ്യാർഥിസദനം: പാന്ഥ(സഞ്ചാരി, വിദ്യാർഥി)നിൽനിന്ന്2 മുസ്ലീം യോഗി: 'ഫക്കീർ' (ദരിദ്രൻ) എന്ന അറബിവാക്കിൽനിന്ന്, ഇത് തുടക്കത്തിൽ ദാരിദ്ര്യം വ്രതമാക്കിയ ഒരു മുസ്ലീം സന്ന്യാസിശാഖയെ പരാമർശിച്ചിരുന്നു.3 എന്റെ അച്ഛന്റെ കമ്പനിയായ ബംഗാൾ—നാഗ്പൂർ റെയിൽവേ, അഫ്സൽഖാൻ കബളിപ്പിച്ച കമ്പനികളിൽ ഒന്നായിരുന്നുവെന്ന് അദ്ദേഹം പിന്നീട് എന്നോട് പറഞ്ഞു.4 ശ്രീ യുക്തേശ്വരന്റെ സ്നേഹിതന്റെ പേര് ഞാൻ ഓർക്കുന്നില്ല. അതുകൊണ്ട് അദ്ദേഹത്തെ 'ബാബു' എന്നു മാത്രം ഞാൻ വിളിക്കുന്നു.5 ഒടുവിൽ ഈ ഭൂമിയിൽനിന്നും അപ്രത്യക്ഷമായ സൂക്ഷ്മകണികാനിർമിതമായ എന്റെ വെള്ളി ഏലസ്പോലെ (സൂക്ഷ്മലോകം അധ്യായം 43-ൽ വിവരിച്ചിട്ടുണ്ട്).അധ്യായം 19കൽക്കത്തയിലായിരുന്ന ഗുരുദേവൻ ശ്രീരാമപുരത്ത് പ്രത്യക്ഷപ്പെടുന്നു ' 'നിരീശ്വരവാദത്തിന്റെ ദുശ്ശങ്കകൾ എന്നെ പലപ്പോഴും ആക്രമിക്കുന്നു. എന്നാലും ശക്തമായി പീഡിപ്പിക്കുന്ന ഒരു അഭ്യൂഹം പലപ്പോഴും എന്നെ വിടാതെ പിൻതുടരുന്നു: ആത്മാവിന്റെ ഇനിയും പ്രയോജനപ്പെടുത്തിയിട്ടില്ലാത്ത സാധ്യതകൾ ഉണ്ടാവില്ലേ? അവയെ ആരാഞ്ഞിറങ്ങുന്നതിൽ പരാജയപ്പെട്ടാൽ മനുഷ്യൻ അവന്റെ യഥാർഥ ഭാഗധേയം കളഞ്ഞുകുളിക്കുകയാവില്ലേ?' ' എന്റെ ഗുരുദേവനെ സന്ദർശിക്കാൻ ഞാൻ അവനെ ക്ഷണിച്ചപ്പോൾ പന്ഥിയിലെ എന്റെ സഹവാസിയായ ദിജൻ ബാബു പറഞ്ഞ വാക്കുകളാണിവ. ' '

ശ്രീ യുക്തേശ്വരൻ നിനക്ക് ക്രിയായോഗദീക്ഷ തരും’ ’ , ഞാൻ മറുപടി പറഞ്ഞു. ‘ ‘അത് ദൈവികമായ ഒരു ആന്തരിക സുനിശ്ചിതത്വം കൊണ്ട് ദ്വൈതഭാവപ്രക്ഷുബ്ധതകളെ ശാന്തമാക്കുന്നു.’ ’ അന്നു വൈകുന്നേരം ദിജൻ എന്നോടൊപ്പം ആശ്രമത്തിൽ വന്നു. താമസിയാതെ ഒരു സ്ഥിരം സന്ദർശകനായിത്തീരത്തക്കവണ്ണമുള്ള ആത്മശാന്തി ഗുരുദേവന്റെ സാന്നിധ്യത്തിൽ എന്റെ സ്നേഹിതനു ലഭിച്ചു.നിസ്സാരമായ ദൈനംദിന ജീവിതവ്യാപാരങ്ങൾ നമ്മുടെ അഗാധകാമനകളെ തൃപ്തിപ്പെടുത്തുന്നില്ല; വിജ്ഞാനത്തിനു വേണ്ടിയും മനുഷ്യന് സ്വാഭാവികമായ ദാഹമുണ്ട്. ശ്രീ യുക്തേശ്വരന്റെ വാക്കുകൾ ക്ഷണികമായ ഒരു ജന്മത്തിലെ ആഴം കുറഞ്ഞ അഹംബോധത്തിനെക്കാൾ യഥാർഥമായ ആത്മാവിനെ തന്റെ ഉള്ളിൽ കണ്ടെത്താൻ ശ്രമിക്കുന്നതിന് ദിജന് പ്രചോദനമായി.ദിജനും ഞാനും ശ്രീരാമപുരം കോളേജിൽ എ.ബീ.ക്ക് പഠിക്കുകയായിരുന്നതുകൊണ്ട് ക്ലാസ്സുകഴിഞ്ഞാലുടൻ ആശ്രമത്തിലേക്ക് ഒന്നിച്ചു നടക്കുക പതിവായി. രണ്ടാം നിലയിലെ ബാൽക്കണിയിൽനിന്ന് ഒരു മന്ദസ്മേരവുമായി ഞങ്ങളെ സ്വാഗതം ചെയ്യുന്ന ശ്രീ യുക്തേശ്വരനെയായിരിക്കും ഞങ്ങൾ മിക്കവാറും കാണുക.ഒരു സായാഹ്നത്തിൽ കനായ് എന്ന ചെറുപ്പക്കാരനായ അന്തേവാസി നിരാശപ്പെടുത്തുന്ന ഒരു വാർത്തയുമായി ദിജനേയും എന്നേയും വാതിൽക്കൽ നേരിട്ടു. ‘ ‘ഗുരുദേവൻ ഇവിടെയില്ല; അടിയന്തിരമായി ലഭിച്ച ഒരു കുറിപ്പിൻപ്രകാരം അദ്ദേഹം കൽക്കത്തയ'ക്കു പോയിരിക്കുകയാണ്.’ ’ അടുത്തദിവസം ഗുരുദേവന്റെ ഒരു പോസ്റ്റ്കാർഡ് എനിക്കു കിട്ടി. ‘ ‘ഞാൻ ബുധനാഴ്ച രാവിലെ കൽക്കത്ത വിടും, ’ ’ അദ്ദേഹം എഴുതിയിരുന്നു. ‘ ‘നീയും ദിജനും രാവിലെ ഒമ്പതിന്റെ വണ്ടികാത്ത് ശ്രീരാമപുരം സ്റ്റേഷനിൽ നിൽക്കുക.’ ’ ബുധനാഴ്ച രാവിലെ എട്ടരമണിയോടടുത്ത് ശ്രീ യുക്തേശ്വര നിൽനിന്ന് മന:പ്രേഷിതമായ ഒരു സന്ദേശം എന്റെ മനസ്സിൽ തെളി ഞ്ഞുവന്നുകൊണ്ടേയിരുന്നു: ‘ ‘എനിക്ക് താമസം നേരിട്ടിരിക്കുന്നു; ഒമ്പതിന്റെ വണ്ടി കാത്തുനിൽക്കേണ്ട.’ ’ വസ്ത്രങ്ങൾ മാറി, പുറപ്പെടാൻ തയ്യാറായിനിന്നിരുന്ന ദിജനെ അപ്പോൾ കിട്ടിയ നിർദേശങ്ങൾ ഞാൻ അറിയിച്ചു. ‘ ‘നീയും നിന്റെ ഭൂതോദയവും!’ ’ എന്റെ സുഹൃത്തിന്റെ സ്വരത്തിന് പരിഹാസരസത്തിന്റെ മൂർച്ചയുണ്ടായിരുന്നു. ‘ ‘ഗുരുദേവൻ എഴുതിയ വാക്കുകളെ വിശ്വസിക്കുന്നതാണ് എനിക്കിഷ്ടം.’ ’ ആകട്ടെയെന്ന അർഥത്തിൽ ഞാൻ തോളുകൾ ഇറുക്കി. ശാന്തമായും നിസ്സന്ദേഹവുമായ ഉറപ്പോടെ ഞാൻ അവിടെയിരുന്നു. ദേഷ്യത്തിൽ പിറുപിറുത്തുകൊണ്ട് ദിജൻ കതക് പിന്നിൽ വലിച്ചടച്ച് വെളിയിൽ പോയി.മുറി ഏറെക്കുറെ ഇരുളടഞ്ഞതായിരുന്നതിനാൽ തെരുവിന് അഭിമുഖമായ ഒരു ജനാലയുടെ അടുത്തേക്ക് ഞാൻ നീങ്ങി. അല്പമാത്രമായ സൂര്യപ്രകാശം പെട്ടെന്ന് അതിദീപ്തമായിത്തീർന്നു. ഇരുമ്പഴിയിട്ട ജനാല അതിൽ അപ്പാടെ മറഞ്ഞുപോയി. കണ്ണഞ്ചിപ്പിക്കുന്ന പ്രകാശത്തിന്റെ പശ്ചാത്തലത്തിൽ ശ്രീ യുക്തേശ്വരന്റെ സുവ്യക്തമായി ആവിർഭവിച്ച രൂപം പ്രത്യക്ഷമായി!ഞെട്ടലിന്റെ വക്കുവരെ എത്തിയ ഞാൻ കസേരയിൽനിന്ന് എഴുന്നേറ്റ് അദ്ദേഹത്തിന്റെ മുമ്പിൽ കുമ്പിട്ടു. എന്റെ പതിവുള്ള ആദരസൂചകമായ അഭിവാദനത്തോടെ ഞാൻ അദ്ദേഹത്തിന്റെ പാദരക്ഷകളിൽ തൊട്ടു. കാവിനിറമുള്ള കട്ടിത്തുണിയിലുണ്ടാക്കി ചരടിട്ടുകെട്ടിയ അവ എനിക്കു പരിചിതമായിരുന്നു. അദ്ദേഹത്തിന്റെ കാഷായവസ്ത്രം എന്റെമേൽ ഉരുമ്മി; വസ്ത്രങ്ങളുടെ ഇഴയടുപ്പം മാത്രമല്ല പാദരക്ഷകളുടെ പരുക്കൻപുറവും അതിനുള്ളിലെ വിരലുകളുടെ മർദംപോലും എനിക്കു വ്യക്തമായി അനുഭവപ്പെട്ടു. വിസ്മയം കൊണ്ട് വാക്കുകൾനഷ്ടപ്പെട്ട ഞാൻ അദ്ദേഹത്തെ ചോദ്യരൂപേണ നോക്കിക്കൊണ്ടുനിന്നു. ‘ ‘എന്റെ മന:പ്രേഷിതസന്ദേശം നിനക്കു ലഭിച്ചതിൽ ഞാൻ സന്തുഷ്ടനാണ്.’ ’ ഗുരുദേവന്റെ ശബ്ദം ശാന്തവും തികച്ചും സാധാരണവുമായിരുന്നു. ‘ ‘ കൽക്കത്തയിലെ ജോലി ഞാൻ ഇപ്പോൾ തീർത്തുകഴിഞ്ഞു; പത്തുമണിയുടെ തീവണ്ടിയിൽ ഞാൻ ശ്രീരാമപുരത്ത് എത്തും.’ ’ ഞാൻ അപ്പോഴും മിഴിച്ചു നോക്കിക്കൊണ്ടുനിന്നതിനാൽ ശ്രീ യുക്തേശ്വരൻ തുടർന്നുപറഞ്ഞു, ‘ ‘ഇത് ഒരു മായികദൃശ്യമൊന്നുമല്ല, എന്റെ മാംസവും രക്തവും തന്നെയാണ്. ഭൂമിയിൽ വളരെ അപൂർവമായ ഈ അനുഭവം നിനക്കു നൽകാൻ എനിക്ക് ദൈവികമായ കല്പന ലഭിച്ചിട്ടുണ്ട്. എന്നെ സ്റ്റേഷനിൽവച്ചു കാണുക; ഇതേ വേഷത്തിൽ നിങ്ങളുടെ അടുത്തേക്ക് ഞാൻ വരുന്നത് നീയും ദിജനും കാണും. എന്റെ സഹയാത്രികനായ ഒരു പയ്യൻ ഒരു വെള്ളി ലോട്ടയും പിടിച്ച് എന്റെ മുന്നാലെ പോകും.’ ’ എന്റെ ഗുരുദേവൻ അനുഗ്രഹാശിസ്സുകൾ മന്ത്രിച്ചുകൊണ്ട് രണ്ടു കൈകളും എന്റെ തലയിൽ വച്ചു. ‘തബേ ആസി1’ എന്ന വാക്കുകൾ പറഞ്ഞു നിർത്തിയപ്പോൾ ഒരു പ്രത്യേകതരം മുഴക്കം ഞാൻ കേട്ടു.2 അദ്ദേഹത്തിന്റെ ശരീരം ആ പ്രഭാപൂരത്തിനുള്ളിൽ ക്രമേണ അലിയാൻ തുടങ്ങി. ആദ്യം അദ്ദേഹത്തിന്റെ പാദങ്ങൾ മറഞ്ഞു, അതിനുശേഷം ഉടൽ, പിന്നീട് ശിരസ്സ് - ഒരു കടലാസ് ചുരുട്ടി എടുക്കുന്നതുപോലെ. ആ അവസാന നിമിഷംവരെ അദ്ദേഹത്തിന്റെ വിരലുകൾ എന്റെ മുടിയിൽ ലഘുവായി അമർന്നിരിക്കുന്നത് എനിക്ക് അറിയാമായിരുന്നു. ആ തേജ:പുഞ്ജം കെട്ടടങ്ങി; കമ്പി ജനാലയും മങ്ങിയ സൂര്യപ്രകാശവുമല്ലാതെ മറ്റൊന്നും എന്റെ മുന്നിൽ ബാക്കിയുണ്ടായിരുന്നില്ല.ഞാൻ മതിഭ്രമത്തിന്റെ ഒരു ഇരയായതാണോ എന്നു സംശയിച്ചുകൊണ്ട് പാതിമയക്കത്തിൽ ഞാൻ ഇരുന്നു. നിരാശനായ ദിജൻ ഉടനെ മുറിയിലെത്തി. ‘ ‘ഗുരുദേവൻ ഒമ്പതിന്റെയോ, ഒമ്പതരയുടെയോ വണ്ടിയിൽ ഇല്ലായിരുന്നു,’ ’ ഒരല്പം ക്ഷമാപണത്തിന്റെ സ്വരത്തിൽ എന്റെ സ്നേഹി തൻ തന്റെ പ്രഖ്യാപനംനടത്തി. ‘ ‘വരൂ, അദ്ദേഹം പത്തിനുവരുമെന്ന് എനിക്കറിയാം.’ ’ ഞാൻ ദിജന്റെ

കൈപിടിച്ച് അവന്റെ പ്രതിഷേധം വകവയ'ക്കാതെ ബലമായി എന്റെകൂടെ കൊണ്ടുപോയി. ഏതാണ്ടു പത്തു മിനിറ്റിനുള്ളിൽ ഞങ്ങൾ സ്റ്റേഷനിൽ എത്തിയപ്പോൾ, വണ്ടി വന്നു നിൽക്കാൻ തുടങ്ങുകയായിരുന്നു. ‘ ‘തീവണ്ടി മുഴുവനും ഗുരുദേവന്റെ പരിവേഷം നിറഞ്ഞിരിക്കുന്നു! അദ്ദേഹം അതിലുണ്ട്!’ ’ ഞാൻ സന്തോഷത്തോടെ വിളിച്ചു പറഞ്ഞു. ‘ ‘നീ അങ്ങനെ സ്വപ്നം കാണുന്നോ?’ ’ ദിജൻ കളിയാക്കിച്ചിരിച്ചു. ‘ ‘നമുക്ക് ഇവിടെ കാത്തുനിൽക്കാം.’ ’ ഞങ്ങളുടെ ഗുരുദേവൻ എങ്ങനെയാണ് വരുന്നതെന്നതിന്റെ വിശദാംശങ്ങൾ ഞാൻ വിവരിച്ചു. എന്റെ വിവരണം അവസാനിച്ചപ്പോൾ അല്പംമുമ്പ് ഞാൻ കണ്ട അതേ വേഷത്തിൽ ശ്രീ യുക്തേശ്വരൻ ഞങ്ങളുടെ കാഴ്ചയിൽപെട്ടു. വെള്ളിലോട്ടപിടിച്ചിരുന്ന ഒരു പയ്യന്റെ പിന്നിലായി അദ്ദേഹം സാവധാനം നടന്നു വരികയായിരുന്നു.എന്റെ അനുഭവത്തിന്റെ അസാധാരണതയിൽ ഒരു നിമിഷത്തേക്ക്, മരവിപ്പിക്കുന്ന ഭയത്തിന്റെ ഒരു അല എന്നിലൂടെ കടന്നു പോയി. ഇരുപതാം നൂറ്റാണ്ടിന്റെ ഭൗതികതയുടെ ലോകം എന്നിൽ നിന്ന് തെന്നിമാറുന്നതായി എനിക്കുതോന്നി; യേശുദേവൻ പത്രോസിനുമുമ്പിൽ സമുദ്രത്തിനുമീതേ പ്രത്യക്ഷപ്പെട്ട പ്രാചീനകാലത്തേക്ക് ഞാൻ തിരിച്ചെത്തിയോ?ദിജനും ഞാനും ഒന്നും മിണ്ടാനാകാതെ നിന്നിരുന്ന സ'ഥല ത്തിനടുത്തെത്തിയപ്പോൾ ആധുനികയോഗിവര്യനായ ഗുരുദേവൻ എന്റെ സ്നേഹിതനോട് പുഞ്ചിരിയോടെ പറഞ്ഞു: ‘ ‘നിനക്കും ഞാൻ ഒരു സന്ദേശമയച്ചു. പക്ഷേ നിനക്ക് അത് പിടിച്ചെടുക്കാനായില്ല.’ ’ ദിജൻ ഒന്നുംപറഞ്ഞില്ല, പക്ഷേ എന്നെ സംശയത്തോടെ ക്രുദ്ധനായി നോക്കി. ഗുരുദേവനെ ആശ്രമംവരെ അനുഗമിച്ചിട്ട് ഞങ്ങൾ ശ്രീരാമപുരം കോളജിലേക്കു തിരിച്ചു. ഓരോ രോമകൂപത്തിൽനിന്നും ധർമരോഷം വഴിഞ്ഞൊഴുകിയ ദിജൻ വഴിയിൽ നിന്നു. ‘ ‘ കൊള്ളാം! ഗുരുദേവൻ എനിക്കും ഒരു സന്ദേശം അയച്ചു. എന്നിട്ട് നീ അതു മറച്ചുവച്ചു! ഒരു വിശദീകരണം ഞാൻ ആവശ്യപ്പെടുന്നു!’ ’ ‘ ‘നിന്റെ മനസ്സാകുന്ന കണ്ണാടി അത്രമാത്രം അസ്വസ'ഥത കൊണ്ട് ആടി ഉലഞ്ഞിരുന്നതിനാൽ നമ്മുടെ ഗുരുവിന്റെ നിർദേശങ്ങൾ അതിൽ പതിയാതെ പോയതിന് ഞാൻ എന്തുവേണം?’ ’ ഞാൻ തിരിച്ചടിച്ചു.ദിജന്റെ മുഖത്തുനിന്ന് ദേഷ്യം മാഞ്ഞു. ‘ ‘നീ പറഞ്ഞത് എനിക്കു മനസ്സിലായി,’ ’ അവൻ പശ്ചാത്താപത്തോടെ പറഞ്ഞു. ‘ ‘ പക്ഷേ പാത്രവുമായിവന്ന കുട്ടിയുടെ കാര്യം നിനക്ക് എങ്ങനെയാണ് മനസ്സിലായതെന്ന് ഒന്നു വിശദീകരിക്കു.’ ’ അന്നുരാവിലെ പന്ഥിയിൽവച്ചു ലഭിച്ച, ഗുരുദേവന്റെ പ്രാതിഭാസികമായ ദർശനത്തെപ്പറ്റിയുള്ള കഥ ഞാൻ പറഞ്ഞു തീർന്നപ്പോൾ ഞങ്ങൾ ശ്രീരാമപുരം കോളേജിൽ എത്തിയിരുന്നു. ‘ ‘നമ്മുടെ ഗുരുവിന്റെ ശക്തിവിശേഷങ്ങളെക്കുറിച്ച് ഇപ്പോൾ ഞാൻ കേട്ട വിവരണം ലോകത്തിലെ ഏതു സർവകലാശാലയും വെറും ബാലവാടി3യാണെന്നതോന്നൽ എന്നിലുണ്ടാക്കുന്നു,’ ’ ദിജൻ പറഞ്ഞു. [image file=image_rsrc29Z.jpg] 1 ബംഗാളി യാത്രാമൊഴി; വാച്യാർഥത്തിൽ പ്രതീക്ഷാനിർഭരമായ വിരോധാഭാസം: ‘ ‘എന്നാൽ വരട്ടേ.’ ’ 2 ശാരീരികപരമാണുക്കളുടെ വിലയനത്തിന്റെ സ്വാഭാവികശബ്ദം.3 ഞാൻ എഴുതിയവയൊക്കെ എന്റെ കണ്ണിൽ ഇപ്പോൾ വെറും നിസ്സാരമായിത്തോന്നാ നിടയാക്കുന്ന കാര്യങ്ങൾ എനിക്ക് വെളി ്പെട്ടിട്ടുണ്ട്.’ ’ ‘താർക്കികരുടെ രാജകുമാരൻ’ സെന്റ്തോമസ് അക്വൈനാസിനോട്, അദ്ദേഹത്തിന്റെ കൃതിയായ സമാ തിയലോജിയീ പൂർത്തിയാക്കണമെന്ന് തന്റെ സെക്രട്ടറി ഉൽകണ്ഠയോടെ ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം അങ്ങനെ പറഞ്ഞു. 1273-ൽ ഒരു ദിവസം നേപ്പിൾസിലെ ഒരു പള്ളിയിലെ ആരാധനാവേളയിൽ സെന്റ്തോമസിന് അഗാധമായ ഒരു ദാർശനിക ബോധോദയം ലഭിച്ചതായി അനുഭവപ്പെട്ടു. ദൈവികവിജ്ഞാനത്തിന്റെ മഹത്ത്വം അദ്ദേഹത്തെ അത്രമാത്രം ആനന്ദപരവശനാക്കിയതിനാൽ അതിനുശേഷം ബുദ്ധിപരമായ ജ്ഞാനത്തിൽ അദ്ദേഹം താല്പര്യം കാട്ടിയില്ല.താരതമ്യം ചെയ്യുക: പ്ലേറ്റോയുടെ ഫീഡ്രസ് എന്ന ഗ്രന്ഥത്തിലെ സോക്രട്ടീസിന്റെ വാക്കുകൾ ‘ ‘എന്നെ സംബന്ധിച്ചിടത്തോളം എനിക്ക് ആകെ അറിയാവുന്നത് എനിക്ക് ഒന്നും അറിഞ്ഞുകൂടാ എന്നതാണ്.’ ’ അധ്യായം 20ഞങ്ങൾ കശ്മീർ സന്ദർശിക്കുന്നില്ല ‘ ‘അച്ഛാ, എന്റെ വേനലവധിക്കാലത്ത് ഹിമാലയതാഴ്വരകളിലേക്ക് ഒരു യാത്രയിൽ എന്നോടൊപ്പംകൂടാൻ ഗുരുദേവനെയും നാലു സുഹൃത്തുക്കളെയും ക്ഷണിക്കണമെന്ന് ആഗ്രഹമുണ്ട്. കശ്മീരിലേക്ക് ആറു റെയിൽവേപാസ്സുകളും യാത്രയ'ക്ക് ആവശ്യമുള്ള പണവും അങ്ങ് തരുമോ?’ ’ ഞാൻ പ്രതീക്ഷിച്ചമാതിരി അച്ഛൻ ഹൃദയം തുറന്നുചിരിച്ചു. ‘ ‘ഇതു മൂന്നാമത്തെ തവണയാണ് നീ എന്നോട് ഇതേ കെട്ടുകഥ പറയുന്നത്. കഴിഞ്ഞ വേനൽക്കാലത്തും അതിന്റെ മുൻകൊല്ലവും ഇതേപോലുള്ള അപേക്ഷ നീ നടത്തിയില്ലേ? അന്ത്യനിമിഷത്തിൽ ശ്രീ യുക്തേശ്വരജി പോകാൻ വിസമ്മതിക്കും.’ ’ ‘ ‘ശരിയാണ് അച്ഛാ; എന്റെ ഗുരുദേവൻ എന്താണ് കശ്മീർ കാര്യത്തിൽ തീർച്ചയൊന്നും പറയാത്തത് എന്നറിഞ്ഞുകൂടാ.1 അങ്ങയുടെ കയ്യിൽനിന്ന് പാസുകൾ വാങ്ങികഴിഞ്ഞുവെന്ന് ഞാൻ പറഞ്ഞാൽ ഇപ്രാവശ്യം യാത്രയ'ക്ക് അദ്ദേഹം എങ്ങനെയെങ്കിലും സമ്മതിക്കുമെന്ന് ഞാൻ കരുതുന്നു.’ ’ അച്ഛന് അപ്പോൾ വിശ്വാസമായില്ല; പക്ഷേ അടുത്തദിവസം ഏതാനും കൊള്ളിവാക്കുകൾ കളിയായി പറഞ്ഞുകൊണ്ട് അദ്ദേഹം എന്റെ കൈയ്യിൽ ആറുപാസുകളും ഒരുകെട്ട് പത്തുരൂപാ നോട്ടും ഏല്പിച്ചു. ‘ ‘നിന്റെ ഈ വെറും സൈദ്ധാന്തികതലത്തിലൊതുങ്ങുന്ന യാത്രകൾക്ക് ഇത്തരം പ്രായോഗികസഹായങ്ങൾ വേണ്ടിവരുമെന്ന് ഞാൻ കരുതുന്നില്ല,’ ’ അദ്ദേഹം അഭിപ്രായപ്പെട്ടു. ‘ ‘എങ്കിലും ഇവ ഇരിക്കട്ടെ.’ ’ അന്നു വൈകുന്നേരം എന്റെ കൊള്ളമുതൽ ഞാൻ ശ്രീ യുക്തേശ്വരന്റെ മുമ്പിൽ

പ്രദർശിപ്പിച്ചു. എന്റെ അതിയായ ഉത്സാഹത്തിൽ അദ്ദേഹം പുഞ്ചിരിച്ചെങ്കിലും അദ്ദേഹത്തിന്റെ വാക്കുകളിൽ ഉറപ്പൊന്നു മുണ്ടായിരുന്നില്ല: ‘ ‘എനിക്ക് പോയാൽ കൊള്ളാമെന്നുണ്ട്; നോക്കട്ടെ. ’ ’ ആശ്രമബാലനായ കനായിയോട് ഞങ്ങളുടെ കൂടെവരാൻ ഞാൻ പറഞ്ഞപ്പോൾ ഗുരുദേവൻ അഭിപ്രായമൊന്നും പറഞ്ഞില്ല. രാജേന്ദ്രനാഥ മിത്ര, ജോതിൻ ആഡ്ഡി, വേറൊരു പയ്യൻ എന്നീ മൂന്നു സുഹൃത്തുക്കളെയും ഞാൻ ക്ഷണിച്ചു. യാത്രാദിവസം അടുത്ത തിങ്കളാഴ്ച എന്നുറപ്പിച്ചു.ശനിയും ഞായറും ഞാൻ കൽക്കത്തയിൽ തങ്ങി. അവിടെ എന്റെ കുടുംബഭവനത്തിൽ ഒരു അടുത്ത ബന്ധുവിന്റെ വിവാഹച്ചടങ്ങുകൾ ആഘോഷിക്കപ്പെടുകയായിരുന്നു. തിങ്കളാഴ്ച അതിരാവിലെ എന്റെ സാധനസാമഗ്രികളുമായി ഞാൻ ശ്രീരാമപുരത്തെത്തി. രാജേന്ദ്രൻ എന്നെ ആശ്രമകവാടത്തിൽ വച്ചുകണ്ടു. ‘ ‘ഗുരുദേവൻ പുറത്തു നടക്കാൻ പോയിരിക്കുകയാണ്. അദ്ദേഹം പോകാൻ തയ്യാറല്ല.’ ’ എനിക്കു സങ്കടവും വാശിയും ഒരുപോലെ തോന്നി. ‘ ‘കശ്മീ രിലേക്കുള്ള എന്റെ വെറും ഭ്രാന്തൻപദ്ധതിയെ കളിയാക്കാൻ അച്ഛന് മൂന്നാമതൊരു അവസരം ഞാൻ കൊടുക്കുകയില്ല, ബാക്കിയുള്ള നമുക്ക് പോകണം.’ ’ രാജേന്ദ്രൻ സമ്മതിച്ചു; ഒരു വേലക്കാരനെ കണ്ടുപിടിക്കാൻ ഞാൻ ആശ്രമത്തിൽനിന്ന് ഇറങ്ങി. ഗുരുദേവനില്ലാതെ കനായ് വരികയില്ലെന്ന് എനിക്കറിയാമായിരുന്നു. യാത്രാസാമഗ്രികൾ സൂക്ഷിക്കാൻ ഒരാൾ വേണംതാനും. പണ്ട് ഞങ്ങളുടെ കുടുംബത്തിലെ ഒരു ജോലിക്കാര നായിരുന്നവനും ഇപ്പോൾ ശ്രീരാമപുരത്തെ ഒരു അധ്യാപകന്റെ ജോലിക്കാരനും ആയ ബിഹാരിയെ ഞാൻ ഓർമിച്ചു. ഞാൻ വേഗം നടന്നുനീങ്ങിയപ്പോൾ ശ്രീരാമപുരം കോടതിക്ക് അടുത്തുള്ള ക്രിസ്തീയ ദേവാലയത്തിനുമുന്നിൽവച്ച് ഗുരുദേവനെ കണ്ടുമുട്ടി. ‘ ‘നീ എങ്ങോട്ടാണ്?’ ’ ശ്രീ യുക്തേശ്വരൻ പുഞ്ചിരിച്ചില്ല. ‘ ‘പ്രഭോ, അങ്ങും കനായിയും നാം പരിപാടിയിട്ട യാത്രയ'ക്ക് വരുന്നില്ലായെന്നു എന്നു ഞാൻ കേൾക്കുന്നു. ഞാൻ ബിഹാരിയെ അന്വേഷിക്കുകയാണ്. അങ്ങ് ഓർക്കുന്നുണ്ടാവും, കശ്മീർ കാണാനുള്ള താല്പര്യക്കൂടുതൽ കൊണ്ട് ശമ്പളംകൂടാതെതന്നെ വരാമെന്ന് കഴിഞ്ഞകൊല്ലം അവൻ സമ്മതിച്ചിരുന്നു.’ ’ ‘ ‘ഞാൻ ഓർക്കുന്നു. എന്നാലും ബിഹാരി വരാൻ തയ്യാറാവുമെന്ന് എനിക്കു തോന്നുന്നില്ല.’ ’ എനിക്ക് ആകെ വിഷമമായി. ‘ ‘അവൻ ഇങ്ങനെയൊരവസര ത്തിനായി ആകാംക്ഷയോടെ കാത്തിരിക്കുകയാണ്!’ ’ ഗുരുദേവൻ നിശ്ശബ്ദനായി നടത്തം തുടർന്നു; ഞാൻ വേഗം ആ അധ്യാപകന്റെ വീട്ടിലെത്തി. മുറ്റത്തുവച്ച് എന്നെ സ്വീകരിച്ച ബിഹാരിയുടെ സൗഹാർദപരമായ ഊഷ്മളത കശ്മീർ എന്ന വാക്ക് ഞാൻ ഉച്ചരിച്ചതോടെ പെട്ടെന്നുമറഞ്ഞു. ഒരു ക്ഷമാപണം പിറുപിറുത്തുകൊണ്ട് ആ ജോലിക്കാരൻ തന്റെ യജമാനന്റെ വീട്ടിനുള്ളിലേക്ക് കയറിപ്പോയി. യാത്രയ'ക്ക് തയ്യാറാവുകയായതു കൊണ്ടാവും ബിഹാരി താമസിക്കുന്ന തെന്ന് അസ്വസ'ഥതയോടെ സ്വയം സമാധാനിപ്പിച്ചുകൊണ്ട് ഞാൻ അരമണിക്കൂർ കാത്തുനിന്നു. ഒടുവിൽ ഞാൻ മുൻവശത്തെ വാതിലിൽ മുട്ടിവിളിച്ചു. ‘ ‘ബിഹാരി ഒരു മുപ്പതു മിനിറ്റിനു മുമ്പ് പിൻവാതിലിലൂടെ ഇറങ്ങിപോയല്ലോ,’ ’ ഒരു മനുഷ്യൻ എന്നെ അറിയിച്ചു. ഒരു ചെറിയ പുഞ്ചിരി അയാളുടെ ചുണ്ടത്ത് തങ്ങിനിന്നു.എന്റെ ക്ഷണം വളരെ നിർബന്ധപൂർവമായിപ്പോയോ അതോ ഗുരുദേവന്റെ അദൃശ്യമായ സ്വാധീനം പ്രവർത്തിച്ചതായിരുന്നോയെന്നു സംശയിച്ചുകൊണ്ട് ഞാൻ ദു:ഖത്തോടെ മടങ്ങി. ക്രിസ്തീയ ദേവാലയം കടന്നപ്പോൾ ഗുരുദേവൻ എന്റെ നേരെ സാവധാനം നടന്നുവരുന്നതായി വീണ്ടും കണ്ടു. എന്റെ വിശദീകരണം കേൾക്കാൻ നില്ക്കാതെ അദ്ദേഹം പറഞ്ഞു. ‘ ‘അപ്പോൾ ബിഹാരി പോകുന്നില്ല! ഇനി എന്താണ് പരിപാടി?’ ’ തന്നെ അടക്കിഭരിക്കുന്ന അച്ഛനെ എതിർക്കാൻ തീർത്തും ഉറപ്പിച്ച ഒരു ദുർവാശിക്കാരനായ കുട്ടിയെപ്പോലെ ആയിരുന്നു ഞാനെന്നു തോന്നി. ‘ ‘പ്രഭോ, എന്റെ അച്ഛന്റെ സഹോദരനോട് അദ്ദേഹത്തിന്റെ വേലക്കാരൻ ലാൽധാരിയെ ഒന്നുവിട്ടുതരാൻ ഞാൻ ആവശ്യപ്പെടാൻ പോകുകയാണ്.’ ’ ‘ ‘അദ്ദേഹത്തെക്കാണണമെങ്കിൽ കണ്ടോളൂ, പക്ഷേ ആ സന്ദർശനം നിനക്ക് അത്ര രസിക്കുമെന്ന് എനിക്ക് തോന്നുന്നില്ല.’ ’ ശ്രീ യുക്തേശ്വരൻ അടക്കിയ ചിരിയോടെ പറഞ്ഞു.ആശങ്കയോടെയാണെങ്കിലും ഒട്ടും വിട്ടുകൊടുക്കാൻ ഭാവമില്ലാതെ ഞാൻ ഗുരുദേവനെവിട്ട് ശ്രീരാമപുരം കോടതിക്കെട്ടിടത്തിൽ കയറി. എന്റെ അച്ഛന്റെ സഹോദരൻ സർക്കാർ വക്കീലായ ശാരദാ ഘോഷ് എന്നെ സ്നേഹപൂർവം സ്വീകരിച്ചു. ‘ ‘ഞാൻ ഇന്ന് ചില സ്നേഹിതരുമായി കശ്മീരിന് തിരിക്കു കയാണ്,’ ’ ഞാൻ അദ്ദേഹത്തോട് പറഞ്ഞു. ‘ ‘കൊല്ലങ്ങളായി ഞാൻ ഈ ഹിമാലയപര്യടനത്തിന് കാത്തിരിക്കുകയായിരുന്നു.’ ’ ‘ ‘എനിക്ക് അതിൽ സന്തോഷമുണ്ട്, മുകുന്ദാ. നിന്റെ യാത്ര കൂടുതൽ സുഖകരമാക്കാൻ എനിക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുമോ?’ ’ ദയാപരമായ ഈ വാക്കുകൾ എനിക്ക് പ്രോത്സാഹനത്തിന്റെ പ്രചോദനം നൽകി. ‘ ‘പ്രിയപ്പെട്ട ചെറിയച്ഛാ, അങ്ങയുടെ ജോലിക്കാരൻ ലാൽധാരിയെ പറ്റുമെങ്കിൽ ഒന്നു വിട്ടുതരാമോ?’ ’ ഞാൻ ചോദിച്ചു.എന്റെ ലഘുവായ അപേക്ഷയ'ക്ക് ഒരു ഭൂമികുലുക്കത്തിന്റെ ഭവിഷ്യത്താണ് ഉണ്ടായത്. അദ്ദേഹം ഇരുന്നിടത്തുനിന്ന് ചാടിയെഴുന്നേറ്റതിന്റെ ശക്തിയിൽ കസേര കീഴ്മേൽ മറിഞ്ഞു, മേശപ്പുറത്തെ കടലാസുകൾ നാലുപാടും പറന്നു, തെങ്ങിൻതടിയിൽ തീർത്ത അദ്ദേഹത്തിന്റെ നീണ്ടഹുക്കാ ഒരു വലിയ കിടുക്കത്തോടെ താഴെ വീണു. ‘ ‘എടാ സ്വാർഥിയായ ചെറുക്കാ’ ’, രോഷത്താൽവിറച്ചുകൊണ്ട് അദ്ദേഹം ആക്രോശിച്ചു, ‘ ‘എന്തൊരു അസംബന്ധമായ ആശയം! നിന്റെ ഒരു വിനോദയാത്രയ'ക്ക് എന്റെ വേലക്കാരനെ കൊണ്ടുപോയാൽ എന്നെ ആരുനോക്കും?’ ’ ഞാൻ എന്റെ വിസ്മയം മറച്ചുപിടിച്ചു. ദുർഗ്രാഹ്യതയ'ക്ക് പൂർണമായി സമർപ്പിക്കപ്പെട്ട ഒരു

ദിവസത്തിലെ മറ്റൊരു കീറാമുട്ടി കൂടി മാത്രമാണ് പ്രിയങ്കരനായ പിതൃസഹോദരന്റെ പെട്ടെന്നുള്ള ഭാവപ്പകർച്ച എന്ന് ഞാൻ കരുതി. കോടതിയിൽനിന്നുള്ള എന്റെ പിൻവാങ്ങൽ മാന്യമെന്നതിനെക്കാളേറെ തിടുക്കംപിടിച്ചതായിരുന്നുവെന്നു പറയുന്നതാവും ശരി.ഞാൻ ആശ്രമത്തിൽ തിരിച്ചെത്തി. അവിടെ എന്റെ സുഹൃത്തുക്കൾ പ്രതീക്ഷയോടെ കൂടിനിന്നിരുന്നു. ഗുരുദേവന്റെ മനോഭാവത്തിനുപിന്നിൽ എന്തോ തക്കതായ, അല്ലെങ്കിൽ അത്യന്തം നിഗൂഢമായ ഒരു ഉദ്ദേശ്യമുണ്ട് എന്ന ഉറച്ചബോധം എന്നിൽ വളരുകയായിരുന്നു. ഗുരുദേവന്റെ ഇച്ഛക്കെതിരെ പ്രവർത്തിച്ചതിൽ പശ്ചാത്താപം എന്നിൽനിറഞ്ഞു. ‘ ‘മുകുന്ദാ, കുറച്ചുസമയം കൂടി എന്റെകൂടെ കഴിഞ്ഞുകൂടേ?’ ’ ശ്രീ യുക്തേശ്വരൻ ചോദിച്ചു. ‘ ‘രാജേന്ദ്രനും മറ്റുള്ളവരും ഇപ്പോൾപോയി കൽക്കത്തയിൽ നിന്നെ കാത്തുനിൽക്കട്ടേ. വൈകുന്നേരം അവസാനത്തെ കൽക്കത്ത - കാശ്മീർ തീവണ്ടിയിൽ കയറാൻ ധാരാളം സമയമുണ്ടാവും.’ ’ ‘ ‘പ്രഭോ, അങ്ങില്ലാതെ പോകാൻ എനിക്ക് പറ്റില്ല,’ ’ ഞാൻ വിഷാദത്തോടെ പറഞ്ഞു.എന്റെ സ്നേഹിതർ എന്റെ വാക്കുകൾ അല്പംപോലും വക വച്ചില്ല. അവർ ഒരു വണ്ടിവിളിച്ച് എല്ലാ സാധനങ്ങളുമായി യാത്ര തിരിച്ചു. കനായിയും ഞാനും ഗുരുദേവന്റെ കാൽക്കൽ നിശ്ശബ്ദമായി ഇരുന്നു. ഒരു അരമണിക്കൂർ നേരത്തെ മൗനത്തിനു ശേഷം ഗുരുദേവൻ രണ്ടാം നിലയിലെ ഊണുമുറിയിലേക്ക് നടന്നു. ‘ ‘കനായ്, മുകുന്ദനു ഭക്ഷണംകൊടുക്കൂ. അവന്റെ വണ്ടി ഉടനെ തിരിക്കും.’ ’ കമ്പിളി ഇരിപ്പിടത്തിൽനിന്ന് എഴുന്നേറ്റ എനിക്ക് പെട്ടെന്നു മനംമറിപ്പും വയറ്റിലെ ഭയങ്കരമായ ഉരുട്ടലും കാരണം കാലുകൾ കുഴഞ്ഞുപോയി. കുത്തുന്നതുപോലുള്ള വേദന അതികഠിനമായിരുന്നതിനാൽ ഏതോ തീഷ്ണമായ നരകത്തിലേക്ക് പെട്ടെന്ന് എറിയപ്പെട്ടതുപോലെ എനിക്ക് അനുഭവപ്പെട്ടു. ഗുരുദേവന്റെ അടുത്തേക്ക് കണ്ണുകാണാത്തമാതിരി തപ്പിത്തടഞ്ഞുനീങ്ങിയ ഞാൻ ഏഷ്യാറ്റിക് കോളറയുടെ എല്ലാ ലക്ഷണങ്ങളും കാണിച്ചുകൊണ്ട് അദ്ദേഹത്തിന്റെ മുന്നിൽ തകർന്നുവീണു. ശ്രീ യുക്തേശ്വരനും കനായിയുംകൂടി എന്നെ ഇരുപ്പുമുറിയിലേക്ക് എടുത്തു കൊണ്ടുപോയി.വേദനയോടെ ഞാൻ വിളിച്ചുപറഞ്ഞു: ‘ ‘ഗുരുദേവാ, എന്റെ ജീവൻ അങ്ങേയ'ക്ക് ഞാൻ അടിയറവയ'ക്കുന്നു.’ ’ അത് എന്റെ ശരീരതീരങ്ങളിൽ നിന്ന് വേഗം വാർന്നു പൊയ'ക്കൊണ്ടിരിക്കുകയാണെന്ന് എനിക്ക് തോന്നി.ശ്രീ യുക്തേശ്വരൻ എന്റെ തല അദ്ദേഹത്തിന്റെ മടിയിൽ വച്ചു. സ്വർഗീയമായ വാത്സ്യല്യത്തോടെ എന്റെ നെറ്റി തടവി. ‘ ‘കൂട്ടുകാരുമായി സ്റ്റേഷനിൽ ആയിരുന്നുവെങ്കിൽ എന്തു പറ്റു മായിരുന്നുവെന്ന് ഇപ്പോൾ നിനക്കു മനസ്സിലായോ? ഈ സമയത്തു യാത്ര ചെയ്യേണ്ടയെന്ന എന്റെ തീരുമാനത്തെ നീ സംശയിക്കാൻ മുതിർന്നതു കൊണ്ട് എനിക്ക് നിന്നെ ഇപ്പോൾ ഈ വിചിത്രമായ രീതിയിൽ നോക്കേണ്ടിവന്നു.’ ’ ഒടുവിൽ എനിക്കു മനസ്സിലായി. മഹാന്മാരായ ആചാര്യന്മാർ സ്വന്തം ശക്തികൾ പരസ്യമായി പ്രദർശിപ്പിക്കുന്നത് ശരിയാണെന്ന് വിചാരിക്കാത്തതുകൊണ്ട്, ആ ദിവസത്തെ സംഭവങ്ങൾ ഒരു വെറും കാഴ്ച്ചക്കാരന് തികച്ചും സാധാരണമായി മാത്രമേ തോന്നുമായിരുന്നുള്ളൂ. എന്റെ ഗുരുദേവന്റെ ഇടപെടൽ കണ്ടുപിടിക്കാനാവാത്ത വിധം സൂക്ഷ്മമായിരുന്നു. ബിഹാരിയിലും എന്റെ ചെറിയച്ഛനിലും രാജേന്ദ്രനിലും മറ്റുള്ളവരിലുംകൂടി അദ്ദേഹത്തിന്റെ ഇച്ഛാശക്തി ശ്രദ്ധിക്കപ്പെടാത്ത രീതിയിൽ പ്രവർത്തിച്ചു. ഞാനൊഴികെ മറ്റെല്ലാവരും ഈ സാഹചര്യങ്ങൾ യുക്തിസഹവും സാധാരണവുമാണെന്ന് വിചാരിച്ചിട്ടുണ്ടാവും.ശ്രീ യുക്തേശ്വരൻ സാമൂഹിക കടപ്പാടുകൾ പാലിക്കുന്നതിൽ ഒരിക്കലും വീഴ്ചവരുത്താറില്ലാതിരുന്നതിനാൽ അദ്ദേഹം ഒരു ഭിഷഗ്വരനെ വിളിച്ചുകൊണ്ടുവരാനും എന്റെ ചെറിയച്ഛനെ വിവരം അറിയിക്കാനും കനായിക്ക് നിർദേശം നൽകി. ‘ ‘ഗുരുദേവാ, ‘ ‘ഞാൻ പ്രതിഷേധിച്ചു, ‘ ‘അങ്ങയ'ക്കുമാത്രമേ എന്നെ സുഖമാക്കാൻ കഴിയൂ. ഏതൊരു ഡോക്ടർക്കും ഭേദമാക്കാവുന്നതിന്റെയപ്പുറം ഞാൻ പോയിക്കഴിഞ്ഞു.’ ’ ‘ ‘ കുഞ്ഞേ, നിന്നെ ഈശ്വരന്റെ കാരുണ്യം കാത്തുരക്ഷിക്കുന്നുണ്ട്. ഡോക്ടറെപ്പറ്റി വേവലാതിവേണ്ടാ; അദ്ദേഹം നിന്നെ ഈ നിലയിൽ കാണുകയില്ല. നീ ഇപ്പോഴേ സുഖം പ്രാപിച്ചുകഴിഞ്ഞു.’ ’ ഗുരുദേവന്റെ ഈ വാക്കുകളോടെ അതികഠിനമായ വേദന വിട്ടുമാറി. ഞാൻ ബലഹീനനായി എഴുന്നേറ്റിരുന്നു. ഒരു ഡോക്ടർ ഉടനെ എത്തി എന്നെ ശ്രദ്ധയോടെ പരിശോധിച്ചു. ‘ ‘ഏറ്റവും മോശമായ അവസ'ഥ നിങ്ങൾ തരണം ചെയ്തുവെന്നു തോന്നുന്നു, അദ്ദേഹം പറഞ്ഞു. ‘ ‘ പരിശോധനയ'ക്ക് ഞാൻ സാമ്പിളുകൾ എടുത്തുകൊണ്ടു പോകാം.’ ’ അടുത്തദിവസം രാവിലെ ഡോക്ടർ തിടുക്കത്തിൽ എത്തി. ഞാൻ സന്തോഷവാനായി എഴുന്നേറ്റിരിക്കുകയായിരുന്നു. ‘ ‘ കൊള്ളാം, കൊള്ളാം, നീ ചിരിക്കുകയും വർത്തമാനം പറഞ്ഞിരിക്കുകയും ചെയ്യുന്നതുകണ്ടാൽ മരണവുമായി തൊട്ടുരുമ്മിയ ഒരു കൂടിക്കാഴ്ച ഉണ്ടായില്ലയെന്നേ തോന്നൂ.’ ’ അദ്ദേഹം എന്റെ കൈ മൃദുവായി തടവി. ‘ ‘പരീക്ഷണങ്ങളിൽനിന്ന് അസുഖം ഏഷ്യാറ്റിക് കോളറയാണ് എന്നു കണ്ടുപിടിച്ചശേഷം നിന്നെ ജീവനോടെ കാണാമെന്ന് ഞാൻ തീരെ പ്രതീക്ഷിച്ചില്ല. ദൈവികമായ രോഗവിമോചനവൈഭവമുള്ള ഒരു ഗുരുവിനെ ലഭിച്ച നീ ഭാഗ്യവാനായ ഒരു ചെറുപ്പക്കാരനാണ്. എനിക്ക് അത് തീർത്തും ബോധ്യമായി!’ ’ ഞാൻ പൂർണമായി യോജിച്ചു. ഡോക്ടർ പോകാൻ ഭാവിച്ചപ്പോൾ, രാജേന്ദ്രനും ആഡ്ഡിയും വാതിൽക്കൽ പ്രത്യക്ഷപ്പെട്ടു. ഡോക്ടറെയും പിന്നീട് ഏതാണ്ടു വിളറിയ എന്റെ മുഖവും കണ്ടപ്പോൾ അവരുടെ മുഖത്തെ അമർഷം അനുകമ്പയായി മാറി. ‘ ‘ പറഞ്ഞിരുന്നതനുസരിച്ച് നീ കൽക്കത്താസ്റ്റേഷനിൽ എത്താഞ്ഞപ്പോൾ ഞങ്ങൾക്കു ദേഷ്യംതോന്നി. നിനക്കു സുഖമില്ലായിരുന്നോ?’ ’ ‘ ‘അതേ.’ ’ തലേദിവസംവച്ചിരുന്ന അതേ മൂലയിൽ എന്റെ

കൂട്ടുകാർ സാധനസാമഗ്രികൾ തിരിച്ചുവയ'ക്കുന്നതു കണ്ടപ്പോൾ ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല. ഞാൻ പരാവർത്തനം ചെയ്തു പറഞ്ഞു: ‘ ‘സ്പെയിനിലേക്കൊരു പായ്ക്കപ്പൽ പണ്ടൊരിക്കൽ വിട കൊണ്ടു; അതാഴികടന്നങ്ങെത്തുംമുേമ്പ അമ്പേ ഇങ്ങുതിരിച്ചെത്തി!’ ’ ഗുരുദേവൻ മുറിയിലേക്ക് കടന്നുവന്നു. രോഗാവസ'ഥയ'ക്കു ശേഷം ആരോഗ്യം വീണ്ടെടുക്കുന്ന ഒരാളിന്റെ സ്വാതന്ത്ര്യം എനിക്ക് സ്വയം നൽകികൊണ്ട് ഗുരുദേവന്റെ കൈ ഞാൻ സ്നേഹപൂർവം കടന്നുപിടിച്ചു. ‘ ‘ ഗുരുജീ,’ ’ ഞാൻ പറഞ്ഞു, ‘ ‘എന്റെ പന്ത്രണ്ടാമത്തെ വയസ്സുമുതൽ, ഹിമാലയത്തിലെത്താൻ ഞാൻ പരാജയമടഞ്ഞ പല ശ്രമങ്ങൾ നടത്തി. അങ്ങയുടെ ആശിർവാദമില്ലാതെ ദേവി പാർവതി2 എന്നെ സ്വീകരിക്കുകയില്ലെന്ന് ഒടുവിൽ എനിക്കു നല്ല ബോധ്യമായി.’ ’ [image file=image_rsrc2BZ.jpg] 1 ഗുരുദേവൻ വിശദീകരണം തന്നില്ലയെങ്കിലും ആ രണ്ടു വേനൽക്കാലത്തും കശ്മീർ സന്ദർശിക്കാനുള്ള അദ്ദേഹത്തിന്റെ വൈമുഖ്യം അവിടെവച്ച് അദ്ദേഹത്തിന് അസുഖം വരാനുള്ള സമയമായില്ല എന്ന മുന്നറിവ് ആയിരുന്നിരിക്കണം2 വാച്യാർഥം ‘പർവതത്തിന്റേത്’. പുരാണങ്ങളിൽ പാർവതിയെ റ്റിബറ്റൻ അതിർത്തിയിലുള്ള ഒരു കൊടുമുടി വാസസ'ഥാനമായുള്ള രാജാ ഹിമവാന്റെ പുത്രിയായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. അപ്രാപ്യമായ ആ ഗിരിശൃംഗത്തിന്റെ താഴെക്കൂടി പോകുന്ന, അത്ഭുതപരതന്ത്രരായ യാത്രക്കാർ അങ്ങകലെ, മഞ്ഞിൻ താഴികക്കുടങ്ങളും ഗോപുരങ്ങളുമുള്ള കൊട്ടാരസദൃശമായ ഹിമരൂപങ്ങൾ കാണുന്നു.പാർവതിയും കാളിയും ദുർഗയും ഉമയും മറ്റുദേവിമാരും ജഗന്മാതാ(ദിവ്യജനനി)വിന്റെ പ്രത്യേക ധർമങ്ങളുടെ വിവിധഭാവങ്ങളെ സൂചിപ്പിക്കുന്നു. ഈശ്വരൻ അഥവാ ശിവൻ തന്റെ ഇന്ദ്രിയാതീതമായ (പരാ)ഭാവത്തിൽ സൃഷ്ടിയിൽ നിഷ്ക്രിയനാണ്; അദ്ദേഹത്തിന്റെ ശക്തിയെ ശിവപത്നി അതായത് പ്രപഞ്ചത്തിന്റെ അനന്തവികാസം സാധ്യമാക്കുന്ന ഉല്പാദനക്ഷമമായ സ്ത്രീ ശക്തിയായി സങ്കല്പിച്ച് അവൾക്ക് ഒരു പിന്നണിസ'ഥാനം നൽകിയിരിക്കുന്നു.പുരാണകഥകളിൽ ശിവന്റെ വാസസ'ഥലം ഹിമാലയമാണ്. ഹിമാലയത്തിൽനിന്ന് ഉത്ഭവിക്കുന്ന ആ നദിയുടെ അധിദേവതയാകാൻ ഗംഗാദേവി ആകാശത്തുനിന്നു താഴേക്കു വന്നു. അതിനാൽ ഗംഗാനദി സ്വർഗത്തുനിന്ന് യോഗികളുടെ രാജാവും ത്രിമൂർത്തികളിൽ സംഹാരമൂർത്തിയുമായ ശിവന്റെ ജടയിലൂടെ ഭൂമിയിലേക്ക് ഒഴുകുന്നതായി കവിതാത്മകമായി പറയപ്പെടുന്നു. ഭാരതത്തിന്റെ ഷേക്സ്പിയറായ കാളിദാസൻ ഹിമാലത്തെ ‘ ‘ശിവന്റെ പുഞ്ജീഭൂതഹാസ’ ’ മായി വർണിച്ചു. ‘ ‘മഹത്തായ വെളുത്ത പല്ലുകളുടെ ആ നിര വായനക്കാരന് ഒരു പക്ഷേ സങ്കല്പിക്കാൻ സാധിച്ചേക്കും,’ ’ എഫ്. ഡബ്ലിയു. തോമസിന്റെ ദ ലെഗസി ഒഫ് ഇൻഡ്യ (ഓക്സ്ഫഡ്)യിൽ അദ്ദേഹം എഴുതുന്നു. ‘ ‘പക്ഷേ സ്വർഗത്തിൽനിന്ന് താഴോട്ടുള്ള വരവിൽ ശിവന്റെ ജടയിൽകൂടി ഗംഗകടന്നുപോകുന്ന, അത്യുന്നതപർവതഭൂമിയിൽ ശാശ്വതമായി സിംഹാസനസ'ഥനും ചന്ദ്രക്കല മകുടാഭരണമായുള്ളവനുമായ ആ മഹായോഗിയുടെ രൂപം താൻ സാക്ഷാത്കരിച്ചിട്ടില്ലയെങ്കിൽ പൂർണമായ ആശയം ആ വായനക്കാരന് പിടികിട്ടാതെ പോകും.’ ’ ദിക്കുകളുടെ വസ്ത്രം മാത്രം ധരിച്ചിട്ടുള്ള (ദിഗംബരൻ) ശിവനെ ഹിന്ദുകലാരൂപങ്ങളിൽ രാത്രിയുടെ കാളിമയുടെയും നിഗൂഢതയുടെയും പ്രതീകമായ, കറുത്ത് സൂര്യപടം പോലുള്ള മാൻതോൽ ധരിച്ചിരിക്കുന്നതായി പലപ്പോഴും കാട്ടിയിരിക്കുന്നു. ചില ശൈവവിഭാഗക്കാർ ഒന്നും സ്വന്തമായില്ലാത്ത, എന്നാൽ എല്ലാമുള്ള ആ മഹാപ്രഭുവിനോടുള്ള ആദരവിൽ വസ്ത്രധാരണം വേണ്ടെന്നുവയ'ക്കുന്നു.കശ്മീരിന്റെ ഭരദേവതമാരിൽ ഒരാളായ, പതിനാലാംനൂറ്റാണ്ടിലെ ലല്ലായോഗീശ്വരി ദിഗംബരയായ ഒരു ശിവഭക്തയായിരുന്നു. അതിൽ ധാർമികരോഷംപൂണ്ട ഒരു സമകാലീനൻ അവർ എന്തിനാണ് നഗ്നത ആചരിക്കുന്നതെന്ന് അവരോടു ചോദിച്ചു. ‘ ‘ എന്തുകൊണ്ട് പാടില്ല?’ ’ എന്ന് അവർ ശക്തമായി പ്രതിവചിച്ചു. ‘ ‘ഞാൻ ഒരു പുരുഷനെയും ചുറ്റുപാടും കാണുന്നില്ല.’ ’ ലല്ലയുടെ ഏതാണ്ട് ശക്തവും കർശനവുമായ ചിന്താഗതിയിൽ ഈശ്വരസാക്ഷാത്ക്കാരം ഇല്ലാത്തവൻ പുരുഷൻ എന്ന പേരിന് അർഹനല്ല. ക്രിയായോഗവുമായി അടുത്തുബന്ധമുള്ള ഒരു അനുഷ്ഠാനം അവർ ആചരിച്ചിരുന്നു. അതിന്റെ വിമോചകശക്തി അവർ നിരവധി ശ്ലോകങ്ങളിൽ പ്രകീർത്തിച്ചിട്ടുണ്ട്. അതിലൊന്ന് ഞാൻ ഇവിടെ പരിഭാഷപ്പെടുത്തുന്നു.ശോകത്തിന്നമ്ലമേതു കുടിച്ചിട്ടില്ലീ ഞാൻ?എൻ ജനിമൃതിചക്രങ്ങളസംഖ്യമത്രേനോക്കുക മധുവൊന്നുമാത്രമാണെൻ ചഷകത്തിൽപ്രാണായാമകലയാലീഞാനതു പാനം ചെയ ് വൂ.മാനുഷികമായ മരണത്തിന് വിധേയമാകാതെ ആ പുണ്യാത്മാവ് അഗ്നിയിൽ സ്വയം അന്തർധാനം ചെയ്തു. പിന്നീട്, തന്റെ ദുഃഖിതരായ പൗരജനങ്ങളുടെ മുന്നിൽ ജീവൻ തുടിക്കുന്ന രൂപത്തിൽ സുവർണ വസ്ത്രങ്ങൾ അണിഞ്ഞ് പ്രത്യക്ഷപ്പെട്ടു; ഒടുവിൽ പൂർണവസ്ത്രധാരിണിയായിത്തന്നെ!അധ്യായം 21ഞങ്ങൾ കശ്മീർ സന്ദർശിക്കുന്നു ‘ ‘ഇപ്പോൾ നിനക്ക് യാത്രചെയ്യാനുള്ള ശക്തിയുണ്ട്. ഞാൻ നിന്റെ കൂടെ കശ്മീരിലേക്ക് വരാം.’ ’ ഏഷ്യാറ്റിക് കോളറയിൽ നിന്നുള്ള അത്ഭുതകരമായ വിമോചനത്തിനുശേഷം രണ്ടു ദിവസംകഴിഞ്ഞ് ശ്രീ യുക്തേശ്വരൻ എന്നെ അറിയിച്ചു.അന്നു വൈകുന്നേരം ആറുപേർ അടങ്ങുന്ന ഞങ്ങളുടെ സംഘം വടക്കോട്ട് തീവണ്ടികയറി. ഞങ്ങളുടെ ആദ്യത്തെ സാവകാശമായ വിശ്രമം ഹിമാലയപർവതസിംഹാസനത്തിൽ വിശ്രമിക്കുന്ന ഒരു മഹാറാണിയെപ്പോലുള്ള സിംലാപട്ടണത്തിൽ ആയിരുന്നു. കുത്തനെയുള്ള തെരുവുകളിലൂടെ മനോഹരദൃശ്യങ്ങൾ ആസ്വദിച്ചുകൊണ്ട് ഞങ്ങൾ നടന്നു. ‘ ‘ഇംഗ്ലീഷ് സ്ട്രോബെറി പഴങ്ങൾ

വേണോ?’ ’ വർണപ്പൊലിമയാർന്ന ഒരു തുറന്ന ചന്തസ'ഥലത്ത് കുത്തിയിരുന്നുകൊണ്ട് ഒരു പ്രായമായ സ്ത്രീ വിളിച്ചുചോദിച്ചു.ഗുരുദേവനിൽ ആ ചെറിയ ചുവന്നപഴങ്ങൾ എന്തോ പ്രത്യേക കൗതുകം ഉണർത്തി. അദ്ദേഹം ഒരു വലിയ കുട്ട പഴം വാങ്ങി. അടുത്തു നിന്നിരുന്ന കനായിക്കും എനിക്കും തന്നു. ഒരെണ്ണം ഞാൻ സ്വാദുനോക്കി; പക്ഷേ പെട്ടെന്ന് തുപ്പിക്കളഞ്ഞു. ‘ ‘പ്രഭോ, എന്തു പുളിപ്പുള്ള പഴം! എനിക്ക് ഇത് ഒരിക്കലും ഇഷ്ടമാവുകയില്ല!’ ’ എന്റെ ഗുരുദേവൻ ചിരിച്ചു. ‘ ‘ഓ! നിനക്ക് അത് ഇഷ്ടപ്പെടും—അമേരിക്കയിൽവച്ച്. അവിടെ ഒരു അത്താഴത്തിന് നിന്റെ ആതിഥേയ അത് പഞ്ചസാരയും പാൽപ്പാടയും ചേർത്ത് ഫോർക്കുകൊണ്ട് ഉടച്ചതിനു ശേഷം നിനക്കുതരും. നീ അതു രുചിച്ചിട്ടു പറയും: ‘എന്തു സ്വാദിഷ്ടമായ സ്ട്രോബെറി!’ അപ്പോൾ സിംലയിലെ ഈ ദിവസം നീ ഓർക്കും.’ ’ (എന്റെ മനസ്സിൽനിന്നു ശ്രീ യുക്തേശ്വരന്റെ പ്രവചനം മാഞ്ഞുപോയിരുന്നു. പക്ഷേ വർഷങ്ങൾക്കുശേഷം അമേരിക്കയിൽ ഞാൻ എത്തി അധികം കഴിയുന്നതിനുമുമ്പ് അത് ഉണർന്നുവന്നു. മസ്സാച്ചു സെറ്റ്സിലെ വെസ്റ്റ് സോമർവെല്ലിൽ മിസിസ് ആലീസ് റ്റി. ഹേസ്സിയുടെ അത്താഴവിരുന്നിൽ ഞാൻ അതിഥിയായിരുന്നു. അത്താഴത്തിന്റെ ഒടുവിൽ വിളമ്പുന്ന മധുരമായി മേശപ്പുറത്ത് സ്ട്രോബെറിപ്പഴങ്ങൾ കൊണ്ടു വച്ചപ്പോൾ എന്റെ ആതിഥേയ അതെടുത്ത് ഫോർക്കുകൊണ്ട് ഉടച്ച് പാൽപ്പാടയും പഞ്ചസാരയും ചേർത്ത് പറഞ്ഞു, ‘ ‘ഈ പഴങ്ങൾ രൂക്ഷമായ പുളിരസമുള്ളവയാണ്; ഈ രീതിയിൽ ആക്കിയാൽ അങ്ങയ'ക്ക് ഇഷ്ടമാകുമെന്ന് എനിക്കു തോന്നുന്നു.’ ’ ഞാൻ ഒരു വായ് കഴിച്ചു. ‘ ‘എന്തു സ്വാദിഷ്ടമായ സ്ട്രോബെറി!’ ’ ഞാൻ വിസ്മയത്തോടെ പറഞ്ഞു. ഉടൻ തന്നെ ഗുരുദേവൻ സിംലയിൽ വച്ചുചെയ്ത ദീർഘദർശനം എന്റെ ഓർമയുടെ അഗാധഗുഹയിൽനിന്നു പുറത്തുവന്നു. ഭാവിയുടെ സൂക്ഷ്മാ കാശത്ത് അലഞ്ഞിരുന്ന കർമാനുസൃത സംഭവങ്ങളുടെ കാര്യപരിപാടി ശ്രീ യുക്തേശ്വരന്റെ ഈശ്വരതാദാത്മ്യം പ്രാപിച്ച മനസ്സ് വളരെ മുമ്പുതന്നെ കണ്ടുപിടിച്ചുവെന്ന് അത്ഭുതാദരങ്ങളോടെ ഞാൻ മനസ്സിലാക്കി).ഞങ്ങളുടെ സംഘം വേഗം സിംല വിട്ട് റാവൽപിണ്ടിയിലേക്ക് വണ്ടികയറി. കശ്മീരിന്റെ തലസ'ഥാനമായ ശ്രീനഗറിലേക്കുള്ള ഏഴു ദിവസത്തെ യാത്രയ'ക്കായി അവിടെനിന്ന് രണ്ടു കുതിരകൾ വലിക്കുന്ന മേൽവശംമൂടിയ ഒരു വണ്ടി ഞങ്ങൾ വാടകയ'ക്കെടുത്തു. ഹിമാലയത്തിന്റെ യഥാർഥ വിശാലത വടക്കുദിക്കിലേക്കുള്ള യാത്രയുടെ രണ്ടാമത്തെ ദിവസം കാഴ്ചയിൽ കൊണ്ടുവന്നു. വണ്ടിയുടെ ഇരുമ്പു ചക്രങ്ങൾ ചൂടേറിയ കല്ലുനിറഞ്ഞ പാതയിലൂടെ ഉരഞ്ഞു നീങ്ങിയപ്പോൾ പർവതങ്ങളുടെ സൗന്ദര്യധോരണിയുടെ മാറിമാറിവരുന്ന വിശാല ദൃശ്യങ്ങൾ ഞങ്ങളെ ഹർഷപുളകിതരാക്കി. ‘ ‘പ്രഭോ,’ ’ ഗുരുദേവനോട് ആഡ്ഡി പറഞ്ഞു. ‘ ‘അങ്ങയുടെ പാവനമായ സാന്നിധ്യത്തിൽ ഈ മഹത്ദൃശ്യങ്ങൾ ഞാൻ അത്യധികം ആസ്വദിക്കുന്നു.’ ’ ആഡ്ഡിയുടെ ആസ്വാദനം കേട്ടപ്പോൾ എന്നിൽ ആഹ്ലാദം തുടിച്ചു; കാരണം, ഈ യാത്രയിൽ ആതിഥ്യം വഹിച്ചിരുന്നത് ഞാനായിരുന്നു. ശ്രീ യുക്തേശ്വരൻ എന്റെ ചിന്ത പിടിച്ചെടുത്തു: എന്റെ നേർക്കുതിരിഞ്ഞ് അദ്ദേഹം മന്ത്രിച്ചു. ‘ ‘നീ സ്വയം പുകഴ്ത്തുകയൊന്നും വേണ്ട; നമ്മിൽനിന്ന് അകന്നുമാറി ഒരു സിഗരറ്റ് വലിക്കുന്നതിനുവേണ്ട സമയംകിട്ടുന്ന സന്ദർഭത്തിന്റെ അത്രയും ആനന്ദനിർവൃതി ഗിരിശൃംഗങ്ങളുടെ ദൃശ്യങ്ങൾ ആഡ്ഡിക്ക് നൽകുന്നില്ല.’ ’ ഞാൻ ഞെട്ടിപ്പോയി. ‘ ‘പ്രഭോ,’ ’ ഞാൻ സ്വരം താഴ്ത്തിപ്പറഞ്ഞു, ‘ ‘നമ്മുടെ രഞ്ജിപ്പ് ഇത്തരം അസുഖകരമായ വാക്കുകളാൽ ദയവായി നഷ്ടപ്പെടുത്താതിരിക്കുക. ആഡ്ഡിക്ക് പുകവലിക്കാൻ അത്രയ'ക്ക് ഒരാഗ്രഹുമുണ്ടെന്ന് എനിക്ക് വിശ്വസിക്കാൻ വയ്യ.’ ’ സാധാരണരീതിയിൽ അദമ്യനായ ഗുരുദേവനെ ഞാൻ ആശങ്കയോടെ നോക്കി. ‘ ‘ശരി, ശരി, ഞാൻ ആഡ്ഡിയോട് ഒന്നും പറയുകയില്ല,’ ’ അദ്ദേഹം പതുക്കെച്ചിരിച്ചു. ‘ ‘പക്ഷേ വണ്ടിനിൽക്കുമ്പോൾ ആ അവസരം എത്രയും വേഗം പ്രയോജനപ്പെടുത്താനുള്ള തിടുക്കത്തിലാണ് അവനെന്ന് താമസിയാതെ നിനക്കുകാണാം.’ ’ വണ്ടി ഒരു ചെറിയ സത്രത്തിനടുത്തുനിന്നു. കുതിരകൾക്ക് വെള്ളം കൊടുക്കാൻ കൊണ്ടുപോയപ്പോൾ ആഡ്ഡി ചോദിച്ചു: ‘ ‘പ്രഭോ, കുറച്ചുസമയം ഞാൻ വണ്ടിക്കാരനുമൊത്ത് സവാരിചെയ്തു കൊള്ളട്ടെയോ? പുറത്തെ ശുദ്ധവായു കുറച്ചു ശ്വസിച്ചാൽ കൊള്ളാമെന്ന് എനിക്കുണ്ട്.’ ’ ശ്രീ യുക്തേശ്വരൻ അനുമതി നൽകി, പക്ഷേ എന്നോട് അഭി പ്രായപ്പെട്ടു, ‘ ‘അവന് ശുദ്ധപുകയാണ് വേണ്ടത്, ശുദ്ധവായുവല്ല.’ ’ വണ്ടി പൊടിനിറഞ്ഞ പാതയിലൂടെ ശബ്ദഘോഷത്തോടെ യാത്ര തുടർന്നു. ഗുരുദേവന്റെ കണ്ണുകൾ തിളങ്ങുന്നുണ്ടായിരുന്നു; അദ്ദേഹം എന്നോട് നിർദേശിച്ചു: ‘ ‘വണ്ടിയുടെ വാതിലിൽ കൂടി തല നീട്ടിനോക്കൂ, വായുവുമായി എന്താണ് ആഡ്ഡി ചെയ്യുന്നതെന്നു കാണാം.ഞാൻ അനുസരിച്ചു; പുകയുടെ വൃത്തങ്ങൾ ഉച്ഛ്വസിക്കുന്ന പ്രവൃത്തിയിൽ മുഴുകിയ ആഡ്ഡിയെക്കണ്ട് ഞാൻ നടുങ്ങിപ്പോയി. ശ്രീ യുക്തേശ്വരനെ ഞാൻ നോക്കിയത് ക്ഷമാപണത്തോടെയായിരുന്നു. ‘ ‘എപ്പോഴുമെന്നപോലെ, അങ്ങ് പറയുന്നത് ശരിയാണ്, പ്രഭോ. ആഡ്ഡി പ്രകൃതിദൃശ്യങ്ങളോടൊപ്പം പുകയും ആസ്വദിക്കുകയാണ്.’ ’ എന്റെ സ്നേഹിതന് വണ്ടിക്കാരനിൽനിന്ന് ഒരു സമ്മാനം ലഭിച്ചിട്ടുണ്ടാവുമെന്ന് ഞാൻ ഊഹിച്ചു; കൽക്കത്തയിൽനിന്ന് സിഗററ്റൊന്നും ആഡ്ഡി കൊണ്ടു വന്നിരുന്നില്ലെന്ന് എനിക്ക് അറിയാമായിരുന്നു.നദികൾ, അടിവാരങ്ങൾ, കിഴുക്കാംതൂക്കായ പാറക്കെട്ടുകൾ, മലയുടെ എണ്ണമറ്റ മടക്കുകൾ എന്നിവയിൽ ആഹ്ലാദിച്ചുകൊണ്ട് വളഞ്ഞുപുളഞ്ഞുപോയ വഴിയിലൂടെ ഞങ്ങൾ നീങ്ങി. ഓരോ രാത്രിയും ഞങ്ങൾ ഏതെങ്കിലും ഒരു നാടൻരീതിയിലുള്ള സത്രത്തിൽതങ്ങി. ഭക്ഷണം സ്വയംപാകംചെയ്തു. എന്റെ ആഹാരത്തിൽ പ്രത്യേകം ശ്രദ്ധിച്ച ശ്രീ യുക്തേശ്വരൻ

ഓരോരിക്കലും ഭക്ഷണത്തോടൊപ്പം ഞാൻ നാരങ്ങാനീര് കഴിക്കണമെന്ന് നിർബന്ധിച്ചു. ഞാൻ അപ്പോഴും ക്ഷീണിതനായിരുന്നു; പക്ഷേ, ഞങ്ങളുടെ ശകടം അസുഖകരമായ യാത്രയ'ക്കു വേണ്ടിമാത്രം രൂപകല്പന ചെയ്യതായിരുന്നുവെങ്കിലും, എന്റെ ശരീര സ'ഥിതി ദിവസേന മെച്ചപ്പെട്ടുവന്നു.മധ്യകശ്മീരിന് അടുത്തെത്തിയപ്പോൾ സന്തോഷകരമായ പ്രത്യാശ ഞങ്ങളുടെ ഹൃദയത്തിൽ നിറഞ്ഞു: ഈ സ്വർഗഭൂമിയിൽ താമരത്തടാകങ്ങൾ, ജലത്തിൽ പൊന്തിനടക്കുന്ന പൂന്തോട്ടങ്ങൾ, കമനീയമായ മേലാപ്പണിഞ്ഞ നൗകാഗൃഹങ്ങൾ, അനേകം പാലങ്ങളുള്ള ഝേലം നദി, പൂക്കൾ വീണുകിടക്കുന്ന പുൽതകിടികൾ എല്ലാംതന്നെ ഹിമാലയത്താൽ വലയം ചെയ്യതായിരുന്നു.സ്വാഗതമരുളുന്ന വൃക്ഷങ്ങൾ ഇരുപുറവും നിൽക്കുന്ന ഒരു വീഥിയിലൂടെയായിരുന്നു ഞങ്ങൾ ശ്രീനഗറിലെത്തിയത്. മഹത്തായ മലകളെ മേലേനിന്നും വീക്ഷിക്കുന്ന ഒരു രണ്ടുനിലസത്രത്തിൽ ഞങ്ങൾ മുറികൾ എടുത്തു. പൈപ്പുവെള്ളം ഉണ്ടായിരുന്നില്ല; അടുത്തുള്ള ഒരു കിണറ്റിൽനിന്നാണ് ഞങ്ങൾ വെള്ളം ശേഖരിച്ചത്. വേനൽക്കാലത്തെ ആ കാലാവസ'ഥ ഏറ്റവും അനുയോജ്യമായിരുന്നു: സുഖകരമായ ചൂടുള്ള പകലുകളും ഇളംതണുപ്പുള്ള രാത്രികളും.സ്വാമിശങ്കരന് സമർപ്പണം ചെയ്യിരിക്കുന്ന ഒരു പുരാതന ശ്രീനഗർ ക്ഷേത്രത്തിലേക്ക് ഞങ്ങൾ ഒരു തീർഥയാത്ര നടത്തി. ആകാശത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്നുനിൽക്കുന്ന ആ കൊടുമുടിയിലെ ആശ്രമത്തിലേക്ക് നോക്കിയപ്പോൾ ആനന്ദനിർവൃതിയുടെ ഒരു സമാധിയിലേക്ക് ഞാൻ വഴുതിവീണു. എന്റെ മനക്കണ്ണിനുമുമ്പിൽ ഒരു വിദൂര ദേശത്തെ കുന്നിൽമുകളിലെ രമ്യഹർമ്യം തെളിഞ്ഞുവന്നു; വർഷങ്ങൾ കഴിഞ്ഞ് അമേരിക്കയിൽ ഞാൻ സ'ഥാപിച്ച സെൽഫ് റിയലൈസേഷൻ ഫെലോഷിപ്പിന്റെ തലസ'ഥാനമന്ദിരമായി ശ്രീനഗറിലെ ശങ്കരക്ഷേത്രം രൂപന്താരപ്പെട്ടു. (കാലിഫോർണിയയിലെ ലോസ് ആൻജലീസ് ആദ്യമായി സന്ദർശിക്കെ, വാഷിങ്ങ്റ്റൺ കുന്നിനുമുകളിലെ വിസ്തൃതമായ സൗധം കണ്ടപ്പോൾ കശ്മീരിലും മറ്റിടങ്ങളിലുംവച്ച് വളരെ മുമ്പു ലഭിച്ച ദർശനങ്ങൾ കൊണ്ട് ഞാൻ അതിനെ ഉടൻ തിരിച്ചറിഞ്ഞു.)ശ്രീനഗറിൽ ഏതാനും ദിവസങ്ങൾ; എന്നിട്ട് എണ്ണായിരത്തി അഞ്ഞൂറ് അടി ഉയരത്തിലുള്ള ഗുൽമാർഗിലേക്ക്— ‘ഗുൽമാർഗ്’ എന്നാൽ ‘പൂക്കളുടെ മലമ്പാതകൾ.’ അവിടെ ഞാൻ ആദ്യമായി ഒരു വലിയ കുതിരപ്പുറത്തു സവാരിചെയ്യു. രാജേന്ദ്രൻ കയറിയത് ഒരു കുട്ടിക്കുതിരയുടെ പുറത്തായിരുന്നു. അതിന്റെ ഹൃദയം വേഗതയുടെ ശ്രേയോവാഞ്ഛയാൽ ഉത്തേജിതമായിരുന്നു. കുത്തനെയുള്ള ഖിലൻമാർഗിലേക്കു കടക്കാൻ ഞങ്ങൾ ഒരുമ്പെട്ടു; നിബിഡമായ വനത്തിലൂടെ പാത കടന്നുപോയി. കൂണുപോലുള്ള വൃക്ഷങ്ങൾ തിങ്ങിനിന്ന ഇവിടെ മൂടൽമഞ്ഞു നിറഞ്ഞ മലമ്പാതകൾ പലപ്പോഴും അപകടംപിടിച്ചതായിരുന്നു. പക്ഷേ രാജേന്ദ്രന്റെ കുട്ടിക്കുതിര എന്റെ തടിയൻ കുതിരയ'ക്ക് ഒരു നിമിഷനേരത്തെ വിശ്രമം നൽകിയില്ല—ഏറ്റവും അപായകരമായ തിരിവിൽപോലും മുമ്പോട്ട്, മുമ്പോട്ട്—മത്സരത്തിന്റെ രസമൊഴിച്ച് മറ്റെല്ലാം മറന്ന് രാജേന്ദ്രന്റെ കുതിര തളരാതെ എത്തുകയായി.ഞങ്ങളുടെ ശ്രമകരമായ ഓട്ടത്തിന്, അത്യന്തം സുന്ദരമായ ഒരു ദൃശ്യം പാരിതോഷികമായി ലഭിച്ചു. വളരെ വലിയ ധ്രുവക്കരടികളുടെ രൂപരേഖപോലെ അടുക്കടുക്കായിക്കിടക്കുന്ന മഞ്ഞുതൊപ്പി ധരിച്ച ഉദാത്തമായ ഹിമാലയത്തെ ഈ ജീവിതത്തിലാദ്യമായി ഞാൻ എല്ലാ ദിക്കിലേക്കും നോക്കിക്കണ്ടു. സൂര്യപ്രകാശം നിറഞ്ഞ നീലാകാശത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്നുനിന്ന അവസാനമില്ലാത്ത മഞ്ഞുമാമല നിരകളെ എന്റെ കണ്ണുകൾ വിരുന്നാക്കി ആഹ്ലാദത്തോടെ ആസ്വദിച്ചു.ഞാനും എന്റെ യുവസ്നേഹിതന്മാരും ഓവർകോട്ടുകൾ ധരിച്ചു കൊണ്ട് തിളങ്ങുന്ന വെള്ളമലഞ്ചരിവുകളിൽ ഉരുണ്ടു രസിച്ചു. കുന്നിറങ്ങുന്നവേളയിൽ വിരസമായമലകൾക്ക് പൂർണമായ രൂപാന്തരം വരുത്തുന്ന മഞ്ഞപ്പൂക്കളുടെ ഒരു വിശാലമായ പരവതാനി ഞങ്ങൾ കണ്ടു.ഷാലിമാറിലും നിശാത്ബാഗിലുമുള്ള ജഹാംഗീർ ചക്രവർത്തിയുടെ ‘ ‘വിനോദവാടികൾ’ ’ കാണാനാണ് ഞങ്ങൾ അടുത്തതായി പോയത്. നിശാത്ബാഗിലെ പുരാതനകൊട്ടാരം പ്രകൃതിദത്തമായ ഒരു വെള്ളച്ചാട്ടത്തിന്റെ നേരെ മുകളിലാണ് പണിതിരിക്കുന്നത്. പർവതങ്ങളിൽനിന്ന് ശക്തിയായി താഴേക്കു പതിക്കുന്ന ജലപ്രവാഹത്തെ സമർഥമായി യന്ത്രസംവിധാനങ്ങളിലൂടെ നിയന്ത്രിച്ച് നിറമാർന്ന മട്ടുപ്പാവുകളുടെ മേലേ ഒഴുക്കി കണ്ണഞ്ചിപ്പിക്കുന്ന പുഷ്പതടങ്ങളുടെ ഇടയിലുള്ള ധാരായന്ത്രങ്ങളിൽകൂടി ചീറ്റിത്തെറിപ്പിക്കുന്നു. ഈ അരുവി കൊട്ടാരത്തിലെ പല മുറികളിലുംകൂടി കടന്ന് ഒടുവിൽ താഴെ തടാകത്തിൽ ഒരു വനദേവതയെപ്പോലെ നിപതിക്കുന്നു. വിശാലമായ പൂന്തോട്ടങ്ങൾ ഒരു വർണകലാപം തന്നെയായിരുന്നു—പനിനീർപ്പൂക്കൾ, മുല്ല, ലില്ലിപ്പൂക്കൾ, പോപ്പിപ്പൂക്കൾ, കർപ്പൂരവള്ളി, പാൻസിപൂക്കൾ, സ്നാപ്ഡ്രാഗൺ. ചിനാർ, സൈപ്രസ്, ചെറിമരങ്ങൾ എന്നിവയുടെ പ്രതിസമമായ വരികളാൽതീർത്ത ഒരു മരതകവലയത്തിന്റെ അപ്പുറം ഹിമാലയത്തിന്റെ ശുഭ്രമായ തപോനിഷ്ഠകൾ തലയുയർത്തി നിൽക്കുന്നു. ‘കശ്മീർമുന്തിരി’ എന്നത് വളരെ അസുലഭമായ ഒരു വിശിഷ്ട ഭോജ്യമായാണ് കൽക്കത്തയിൽ കരുതപ്പെടുന്നത്. കശ്മീരിൽ ഞങ്ങളെ കാത്തിരിക്കുന്ന മുന്തിരിസദ്യയെപ്പറ്റി സംസാരിച്ചുകൊണ്ടിരുന്ന രാജേന്ദ്രൻ അവിടെ വലിയ മുന്തിരിത്തോട്ടങ്ങൾ കാണാഞ്ഞ് നിരാശനായി. ഇടയ'ക്കിടയ'ക്ക് അവന്റെ അസ'ഥാനത്തായ പ്രതീക്ഷയ'ക്ക് ഞാൻ അവനെ കളിയാക്കി. ‘ ‘മുന്തിരിങ്ങ തിന്നുതിന്ന് എനിക്ക് നടക്കാൻ വയ്യാതായി’ ’ ഞാൻ പറയും. ‘ ‘അദൃശ്യമായ മുന്തിരിങ്ങകൾ വയറ്റിൽകിടന്ന് വീഞ്ഞാകുന്നു!’ ’ മധുരമുള്ള മുന്തിരിങ്ങ കശ്മീരിനു പടിഞ്ഞാറ് കാബൂളിൽ ധാരാളമായി വളരുന്നുവെന്ന് ഞങ്ങൾ പിന്നീടു കേട്ടു.

ഒരു തരം അണ്ടിപ്പരിപ്പുകളിട്ട ഐസ്ക്രീം കഴിച്ച് ഞങ്ങൾ സ്വയം സമാശ്വസിച്ചു.തുന്നൽവേലയുള്ള ചുവന്ന മേൽകട്ടി തണൽ തരുന്ന ചെറിയ വള്ളങ്ങ(ഷിക്കാര)ളിൽ ഞങ്ങൾ ധാരാളം ഉല്ലാസയാത്ര നടത്തി. വെള്ളത്തിലെ ചിലന്തിവലപോലുള്ള തോടുകളെ കൂട്ടിയിണക്കിയ ദാൽ തടാകത്തിലെ കെട്ടുപിണഞ്ഞ നീർചാലുകളിലൂടെ ഞങ്ങൾ സഞ്ചരിച്ചു. തടികളും മണ്ണുംകൊണ്ട് പരുക്കനായി നിർമിച്ച, വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന അനവധി തോട്ടങ്ങൾ കാഴ്ചക്കാരെ അത്ഭുതപ്പെടുത്തുന്നു. ജലാശയങ്ങളിൽ പച്ചക്കറികളും മത്തനും വളരുന്നതുകാണുന്നത് വിചിത്രമായി ആദ്യം അനുഭവപ്പെടാം. ഇടയ'ക്കിടെ ഒരു കൃഷിക്കാരൻ ‘ ‘മണ്ണിൽ സ'ഥിരമായി വേരിറങ്ങുന്നത്’ ’ ഒരു അവമതിപോലെ കരുതി തന്റെ ചതുരാകാരമായ പുരയിടത്തെ, അനേകം ഇടങ്ങളിലേക്ക് കൈവഴികൾ കടന്നു കയറുന്ന തടാകത്തിലെ ഏതെങ്കിലുമൊരു പുതിയ സ'ഥലത്തേക്ക് കെട്ടിവലിച്ചുകൊണ്ടുപോകുന്നതു കാണാമായിരുന്നു.കഥകളാൽ വിഖ്യാതമായ ഈ താഴ്വരയിൽ ലോകത്തിലെ മുഴുവൻ സൗന്ദര്യസാരം നാം കാണുന്നു. ‘ ‘കശ്മീരാംഗന’ ’ ഗിരി ശൃംഗങ്ങളാൽ കിരീടംചൂടി, തടാകങ്ങളുടെ മാലയണിഞ്ഞ്, പുഷ്പപാദുകം ധരിച്ചവളാണ്. പിൽക്കാലത്ത് ഞാൻ വിവിധരാജ്യങ്ങൾ സന്ദർശിച്ചു കഴിഞ്ഞപ്പോൾ എന്തുകൊണ്ടാണ് കശ്മീർ ലോകത്തിലെ ഏറ്റവും പ്രകൃതിഭംഗിയുള്ള സ'ഥാനമായി കണക്കാക്കപ്പെടുന്നതെന്ന് എനിക്ക് മനസ്സിലായി—സ്വിസ് ആൽപ്സ് പർവതനിരയുടെയും സ്കോട്ട്ലൻഡിലെ ലോക്ലൊമൺഡിന്റെയും ഇംഗ്ളണ്ടിലെ ചേതോഹരമായ തടാകങ്ങളുടെയും വശ്യത ഗണ്യമായി അതിന് കൈമുതലായുണ്ട്. അലാസ്കായുടെയും ഡെൻവറിന് അടുത്തുള്ള പൈക്സ് പീക്കിന്റെയും പരുക്കൻ പാറക്കെട്ടുകളുടെ ഗാംഭീര്യത്തെ ഓർമിപ്പിക്കുന്ന പലതും ഒരു അമേരിക്കൻ സഞ്ചാരി കശ്മീരിൽ കണ്ടെത്തും.ഒരു പ്രകൃതിസൗന്ദര്യമത്സരത്തിൽ ഒന്നാംസ'ഥാനം ഞാൻ നൽകുന്നത് ഒന്നുകിൽ മെക്സിക്കോയിലെ സോചിമിൽക്കോയിലെ മത്സ്യങ്ങൾ കളിച്ചുനടക്കുന്ന നിരവധി ജലപഥങ്ങളിൽ ആകാശവും മലകളും പോപ്ലാർ വൃക്ഷങ്ങളും പ്രതിബിംബിക്കുന്ന പകിട്ടാർന്ന ദൃശ്യത്തിനോ അല്ലെങ്കിൽ ഹിമവാന്റെ കർശനമായ കാവലിൽ സുന്ദരിമാരായ കന്യകളെപ്പോലെ പരിരക്ഷിക്കപ്പെടുന്ന കശ്മീർ തടാകങ്ങൾക്കോ ആയിരിക്കും. ലോകത്തിലെ ഏറ്റവും സുന്ദരമായ സ'ഥലങ്ങളായി ഇവ രണ്ടും എന്റെ ഓർമയിൽ മുന്നിൽനിൽക്കും.എന്നിരുന്നാലും യെല്ലോസ്റ്റോൺ നാഷണൽ പാർക്കിലെ അത്ഭുതങ്ങളും, കോളറാഡോ, അലാസ്കാ എന്നിവിടങ്ങളിലെ ഗ്രാൻഡ്കാനിയനും കണ്ടുകൊണ്ടും ഞാൻ വിസ്മയഭരിതനായിട്ടുണ്ട്. നിരവധി ഉഷ്ണജലപ്രവാഹങ്ങൾ ഘടികാരത്തിന്റെ കൃത്യതയോടെ തുടരെ പൊട്ടിപ്പുറത്തേക്കുതെറിച്ചു വളരെയധികം ഉയരുന്നകാഴ്ച ലോകത്ത് യെല്ലോസ്റ്റോണിൽ മാത്രമായിരിക്കും ഒരു പക്ഷേ കാണാനാവുക. ഈ അഗ്നിപർവതമേഖലയിൽ പ്രകൃതി, മുമ്പ് എപ്പോഴോ ഉണ്ടായിരുന്ന സൃഷ്ടിയുടെ ഒരു പകർപ്പ് വച്ചിട്ടുപോയി: ചൂടുള്ള ഗന്ധക ഉറവകൾ, ഇന്ദ്രനീലത്തിലും മറ്റു വിവിധ വർണരാജിയിലുമുള്ള ലഘുജലാശയങ്ങൾ ഉഗ്രശക്തിയാർന്ന ഉഷ്ണജലധാരകൾ എന്നിവയും സ്വതന്ത്രമായി വിഹരിക്കുന്ന കരടികൾ, ചെന്നായ'ക്കൾ, കാട്ടുപോത്തുകൾ, മറ്റു വന്യമൃഗങ്ങൾ. കുമിളയിട്ടു മറിയുന്ന ചൂടുചേറിന്റെ ‘ ‘ഡെവിൾസ് പെയിന്റ്പോട്ട്’ ’ - ലേക്ക് വയോമിങ്ങിലെ പാതകളിലൂടെ മോട്ടോർ യാത്ര ചെയ്ത സമയത്ത് ഗർഗളം ഉതിർക്കുന്ന ഉറവകൾ, വെള്ളം തെറിപ്പിക്കുന്ന ഉഷ്ണജലധാരകൾ, ആവി ഉതിർക്കുന്ന നീരുറവകൾ എന്നിവ കണ്ടപ്പോൾ അതുല്യതയ'ക്ക് യെല്ലോസ്റ്റോൺ ഒരു പ്രത്യേകസമ്മാനം അർഹിക്കുന്നുവെന്നു പറയാൻതോന്നി.കാലിഫോർണിയയിൽ യോസെമെറ്റി പാർക്കിലെ, പുരാതന രാജകീയപ്രൗഢിയോടെ ആകാശത്തിൽ അത്യുന്നത സ്തൂപങ്ങൾ പോലെ ഉയർന്നു നിൽക്കുന്ന ശംകുദ്രുമങ്ങൾ (സെകോയ) ദിവ്യചാതുരിയിൽ രൂപകല്പന ചെയ്ത ഹരിതാഭമായ പ്രകൃതിദത്ത ദേവാലയങ്ങളാണ്. പൗരസ്ത്യനാടുകളിൽ വിസ്മയജനകമായ വെള്ളച്ചാട്ടങ്ങൾ ഉണ്ടെങ്കിലും അവ കാനഡാ അതിർത്തിയിൽ ന്യൂയോർക്കിലെ നയാഗ്രയുടെ കുത്തനെ നിലയ'ക്കാതെയുള്ള വെള്ളച്ചാട്ടത്തിന്റെ സൗന്ദര്യത്തിന് കിടനിൽക്കുന്നില്ല. കെന്റക്കിയിലെ ‘മാമത് കേവ്’ , ന്യൂമെക്സിക്കോയിലെ ‘കാൾസ്ബാഡ് കാവേൺസ്’ എന്നീ ഗുഹകൾ വിചിത്രമായമായ ലോകങ്ങളാണ്. ഗുഹയുടെ മേൽത്തട്ടിൽ നിന്ന് താഴോട്ടു നീണ്ടുവളർന്ന് ഭൂഗർഭജലത്തിൽ പ്രതിഫലിക്കുന്ന ചോക്ക് രൂപങ്ങൾ മനുഷ്യൻ ഭാവനചെയ്യുന്ന അന്യലോകങ്ങളുടെ മിന്നിമറയുന്ന ദൃശ്യങ്ങൾ കാഴ്ചവയ'ക്കുന്നു.കശ്മീരിലെ ജനങ്ങളിൽ വളരെയധികംപേരും അവരുടെ സൗന്ദര്യത്തിന് ലോകപ്രസിദ്ധരാണ്. അവർ യൂറോപ്യന്മാരെപ്പോലെ വെളുത്തനിറവും അംഗലക്ഷണവും അസ'ഥിഘടനയും ഉള്ളവരാണ്; പലർക്കും നീലക്കണ്ണുകളും സ്വർണത്തലമുടിയുമാണ്. പാശ്ചാത്യവേഷം ധരിച്ചാൽ അവർ അമേരിക്കക്കാരെപ്പോലെ ഇരിക്കും. ഹിമാലയത്തിന്റെ ശൈത്യം കശ്മീരികൾക്ക് ചൂടേറിയ സൂര്യനിൽ നിന്ന് ആശ്വാസം നൽകു കയും അവരുടെ തൊലിയുടെ വെളുപ്പുനിറം പരിരക്ഷിക്കുകയും ചെയ്യുന്നു. ഭാരതത്തിലെ ഉഷ്ണമേഖലാപ്രദേശമായ തെക്കൻ അക്ഷാംശങ്ങളിലേക്ക് യാത്രചെയ്യുമ്പോൾ അവിടത്തെ ആളുകൾ ക്രമേണ കൂടുതൽ കൂടുതൽ കറുത്തവരായിത്തീരുന്നതുകാണാം.കശ്മീരിൽ സന്തോഷകരമായ ഏതാനും ആഴ്ചകൾ ചെലവഴിച്ച ശേഷം ശ്രീരാമപുരത്തെ കോളേജ് ശരത്കാല അധ്യയനത്തിന് തുറക്കുന്ന സമയത്ത് എത്തത്തക്കവണ്ണം ബംഗാളിലേക്കു മടങ്ങാനുള്ള തയ്യാറെടുപ്പിന് ഞാൻ നിർബന്ധിതനായി. ശ്രീ യുക്തേശ്വരനും കനായിയും ആഡിയും ശ്രീനഗറിൽ ഏതാനും ദിവസംകൂടി തങ്ങുകയായിരുന്നു. ഞാൻ യാത്രതിരിക്കുന്നതിന് തൊട്ടുമുമ്പ് ശ്രീ യുക്തേശ്വരൻ തന്റെ ശരീരം പീഡയ'ക്ക്

വിധേയമാകുമെന്ന് സൂചിപ്പിച്ചു. ‘ ‘പ്രഭോ, അങ്ങ് നല്ല ആരോഗ്യവാനായി കാണപ്പെടുന്നുവല്ലോ, ’ ’ ഞാൻ തറപ്പിച്ചു പറഞ്ഞു. ‘ ‘ഒരു പക്ഷേ ഞാൻ ഈ ലോകം വെടിഞ്ഞെന്നും വരാം.’ ’ ‘ ‘ഗുരുജീ!’ ’ കാരുണ്യത്തിനു കേണുകൊണ്ട് ഞാൻ അദ്ദേഹത്തിന്റെ കാൽക്കൽ വീണു. ‘ ‘അങ്ങ് ഇപ്പോൾ ശരീരം ഉപേക്ഷിക്കുകയില്ലെന്ന് എനിക്കു വാക്കുതരൂ. അങ്ങയെകൂടാതെ തുടരാൻ ഞാൻ ഒട്ടുംതന്നെ തയ്യാറായിട്ടില്ല.’ ’ ശ്രീ യുക്തേശ്വരൻ മൗനം പാലിച്ചെങ്കിലും എന്നെ നോക്കി വളരെ കാരുണ്യത്തോടെ പുഞ്ചിരിച്ചപ്പോൾ എനിക്കു സമാധാനമായി. മനസ്സില്ലാ മനസ്സോടെ ഞാൻ അദ്ദേഹത്തെ പിരിഞ്ഞു. ‘ ‘ഗുരുദേവൻ അപകടകരമായി രോഗാവസ'ഥയിൽ.’ ’ ആഡ്ഢിയിൽ നിന്നുള്ള ഈ കമ്പിസന്ദേശം ശ്രീരാമപുരത്ത് ഞാൻ എത്തി കുറച്ചു കഴിഞ്ഞപ്പോൾ കിട്ടി. ‘ ‘പ്രഭോ, എന്നെ പിരിയില്ല എന്ന ഒരു വാഗ്ദാനം തരാൻ ഞാൻ അങ്ങയോട് അപേക്ഷിച്ചിരുന്നു. അങ്ങയുടെ ശരീരം നിലനിർത്തുക, അല്ലെങ്കിൽ ഞാനും മരിക്കും,’ ’ ഞാൻ വെപ്രാളത്തോടെ ഗുരുദേവനു കമ്പിയടിച്ചു. ‘ ‘അത് നിന്റെ ആഗ്രഹംപോലെ ആകട്ടെ.’ ’ ഇതായിരുന്നു കശ്മീരിൽ നിന്ന് ഗുരുദേവന്റെ മറുപടി.ഗുരുദേവൻ സുഖം പ്രാപിച്ചതായി അറിയിച്ചുകൊണ്ടുള്ള ആഡ്ഢിയുടെ കത്ത് ഏതാനും ദിവസങ്ങൾക്കകം വന്നു. രണ്ടാഴ്ച കഴിഞ്ഞ് അദ്ദേഹം ശ്രീരാമപുരത്ത് തിരിച്ചെത്തിയപ്പോൾ എന്റെ ഗുരുദേവന്റെ ശരീരത്തിന്റെ തൂക്കം പകുതിയായി കുറഞ്ഞുവെന്നുകണ്ട് ഞാൻ വ്യസനിച്ചു.അദ്ദേഹത്തിന്റെ ശിഷ്യന്മാരുടെ ഭാഗ്യാതിരേകംകൊണ്ട് ശ്രീ യുക്തേശ്വരൻ തന്റെ കടുത്ത പനിയിൽ അവരുടെ പാപങ്ങളിൽ പലതും എരിച്ചുകളഞ്ഞു. രോഗം മറ്റൊരാളിലേക്ക് ശാരീരികമായി മാറ്റുന്നതിനുള്ള അതീതഭൗതികവിധി ആത്മീയമായ ഉന്നതിയിൽ എത്തിയ യോഗിമാർക്ക് അറിവുള്ളതാണ്. ശക്തനായ ഒരാൾക്ക്, ഒരു ബലഹീനനെ ഒരു വലിയ ഭാരം ചുമക്കുന്നതിൽ സഹായിക്കാം; ഒരു ആത്മീയ അതിമാനുഷന് തന്റെ ശിഷ്യന്മാരുടെ കാർമികഭാരങ്ങളുടെ ഒരു ഭാഗം സ്വയം സ്വീകരിച്ചുകൊണ്ട് അവരുടെ ശാരീരികവും മാനസികവുമായ ക്ലേശങ്ങൾ തീരെ കുറയ'ക്കാൻ കഴിയും. തന്റെ മുടിയനായ പുത്രനെ അവന്റെ വിഡ്ഢിത്തത്തിന്റെ ദാരുണമായ ഫലങ്ങളിൽനിന്ന് രക്ഷിക്കാനായി ഒരു ധനികൻ എപ്രകാരമാണോ തന്റെ കുറെ പണം പരിത്യജിക്കുന്നത്, അതുപോലെ ഒരു ഗുരുനാഥൻ തന്റെ ശാരീരികധനത്തിന്റെ ഒരു ഭാഗം ശിഷ്യന്മാരുടെ ദുരിതം ലഘൂകരിക്കാൻ വേണ്ടി മനസ്സോടെ ബലികഴിക്കുന്നു.ഒരു രഹസ്യയോഗവിധികൊണ്ട് ഒരു യോഗി തന്റെ മനസ്സിനെയും സൂക്ഷ്മശരീരത്തെയും ദുരിതമനുഭവിക്കുന്ന വ്യക്തിയുടെ മനസ്സും സൂക്ഷ്മശരീരവുമായി യോജിപ്പിക്കുന്നു. അയാളുടെ അസുഖത്തെ ഒന്നായോ ഭാഗികമായോ തന്റെ സ'ഥൂലശരീരത്തിലേക്ക് മാറ്റുന്നു. ശരീരക്ഷേത്രത്തിൽ ഈശ്വരനെ വിളയിച്ചെടുത്തു കഴിഞ്ഞതിനാൽ യോഗിക്ക് ഇനി തന്റെ ശരീരത്തെപ്പറ്റി തീരെ ഉൽകണ്ഠ ഉണ്ടാകയില്ല. മറ്റുള്ളവരെ ആശ്വസിപ്പിക്കാൻവേണ്ടി അതിന് അസുഖം ബാധിക്കാൻ അദ്ദേഹം അനുവദിച്ചേക്കാമെങ്കിലും ഒരു വിധത്തിലും മാലിന്യമേൽക്കാത്ത മനസ്സിനെ അത് ബാധിക്കുന്നില്ല. അപ്രകാരമുള്ള സഹായം ചെയ്യാൻ കഴിയുന്നതിൽ അദ്ദേഹം സ്വയം അനുഗൃഹീതനെന്നും കരുതുന്നു. വാസ്തവത്തിൽ, മനുഷ്യശരീരം അതിന്റെ ധർമം പരിപൂർണമായി നിറവേറ്റിക്കഴിഞ്ഞുവെന്ന് കാണുന്നതാണ് ഈശ്വരനിൽ ആത്യന്തികമായ മുക്തിനേടൽ; ഒരു ആചാര്യൻ അതിനുശേഷം തന്റെ ശരീരത്തെ തനിക്ക് ഉചിതമെന്നു തോന്നുന്ന ഏതുവിധത്തിലും ഉപയോഗിക്കുന്നു.ആത്മീയമാർഗങ്ങളിലൂടെയോ, ബുദ്ധിപരമായ ഉപദേശത്താലോ, ഇച്ഛാശക്തിയാലോ, രോഗാദാനത്താലോ മനുഷ്യരാശിയുടെ ദുരിതങ്ങൾ ലഘൂകരിക്കുക എന്നതാണ് ഒരു ഗുരുവിന് ഈ ലോകത്തുള്ള കർത്തവ്യം. വേണമെന്നുള്ളപ്പോൾ അതിബോധതലത്തിലേക്ക് സ്വമേധയാ പിന്മാറിക്കൊണ്ട് ഒരു ആചാര്യന് ഭൗതികരോഗാവസ'ഥയെ അറിയാത്ത സ'ഥിതി പ്രാപിക്കാൻ കഴിയും; ചിലപ്പോൾ തന്റെ ശിഷ്യന്മാർക്ക് മാതൃകകാട്ടാൻ തന്റെ ശരീരവേദന നിർവികാരനായി സഹിക്കാൻ തീരുമാനിക്കുന്നു. മറ്റുള്ളവരുടെ വ്യാധികൾ ഏറ്റെടുത്ത് അവർക്കുവേണ്ടി അവരുടെ കർമത്തിന്റെ കാര്യകാരണനിയമത്തെ തൃപ്തിപ്പെടുത്താൻ ഒരു യോഗിക്കു കഴിയും. ഈ നിയമം യാന്ത്രികമായോ ഗണിതപരമായോ പ്രാവർത്തികമാക്കാം; അതിന്റെ പ്രവർത്തനങ്ങളെ ദൈവികജ്ഞാനം ലഭിച്ചവർക്ക് ശാസ്ത്രീയമായി കൈകാര്യം ചെയ്യാം.മറ്റൊരാളുടെ അസുഖം ഭേദമാക്കുമ്പോഴെല്ലാം ഗുരു സ്വയം രോഗബാധിതനായികൊള്ളണമെന്ന് ആത്മീയനിയമങ്ങൾ അനുശാസിക്കുന്നില്ല. തൽക്ഷണമായ വിവിധ രോഗശാന്തിമാർഗങ്ങളിൽ ആ പുണ്യാത്മാവിനുള്ള അറിവിലൂടെയാണ് സാധാരണഗതിയിൽ രോഗശാന്തി സംഭവിക്കുന്നത്. ആത്മജ്ഞാനിയായ രോഗവിമോചകന് യാതൊരു ദോഷവുമുണ്ടാക്കാത്തവയാണ് അവ. എന്നിരുന്നാലും, തന്റെ ശിഷ്യന്മാരുടെ പരിണാമത്തെ ത്വരിതപ്പെടുത്തുവാൻ ആഗ്രഹിക്കുന്ന ഒരു ഗുരു, അപൂർവം ചില അവസരങ്ങളിൽ ശിഷ്യന്മാരുടെ അനഭികാമ്യകർമങ്ങളുടെ ഒരു വലിയ അളവ് സ്വന്തം ഇഷ്ടപ്രകാരം തന്റെ ശരീരത്തിൽ പ്രവർത്തിപ്പിച്ച് ഇല്ലാതെയാക്കുന്നു.അനേകരുടെ പാപങ്ങൾക്ക് ഒരു മോചനദ്രവ്യമായി യേശു ക്രിസ്തു തന്നെത്തന്നെ കരുതി. സൂക്ഷ്മമായ കാര്യകാരണനിയമത്തോട് സ്വമേധയാ സഹകരിച്ചില്ലായിരുന്നുവെങ്കിൽ ദൈവികശക്തി തനിക്കുണ്ടായിരുന്ന യേശുദേവൻ കുരിശുമരണത്തിന് ഒരിക്കലും വിധേയനാവുകയില്ലായിരുന്നു.1 അങ്ങനെ അദ്ദേഹം മറ്റുള്ളവരുടെ, പ്രത്യേകിച്ചും തന്റെ ശിഷ്യന്മാരുടെ കർമഫലങ്ങൾ സ്വയം ഏറ്റെടുത്തു. ഈ വിധത്തിൽ അവർ അത്യധികം വിശുദ്ധീകരിക്കപ്പെടുകയും പിന്നീട് അവരിൽ കുടിയേറിയ പരിശുദ്ധാത്മാവിനെ

അഥവാ വിശ്വബോധത്തെ സ്വീകരിക്കാൻ യോഗ്യരാക്കപ്പെടുകയും ചെയ്യു.2ആത്മാവിനെ സാക്ഷാത്ക്കരിച്ച ഒരു ആചാര്യനു മാത്രമേ തന്റെ പ്രാണനെ പ്രദാനംചെയ്യാനോ മറ്റുള്ളവരുടെ രോഗങ്ങൾ തന്റെ ശരീരത്തിലേക്ക് മാറ്റുവാനോ കഴിയുകയുള്ളൂ. ഒരു സാധാരണമനുഷ്യന് രോഗശാന്തിക്കുള്ള ഈ യോഗമാർഗം ഉപയോഗിക്കാൻ കഴിയുകയില്ല; അയാൾ അങ്ങനെ ചെയ്യുന്നത് അഭികാമ്യമല്ലതാനും. കാരണം, അസ്വാസ'ഥ്യമുള്ള ഒരു ഭൗതിക ഉപകരണം അതായത് ശരീരം ഗാഢമായ ധ്യാനത്തിന് ഒരു തടസ്സമാണ്. സ്വന്തം ശരീരം നല്ല സ'ഥിതിയിൽ പരിപാലിക്കുകയെന്നത് മനുഷ്യന്റെ ഒഴിച്ചുകൂടാനാവാത്ത കർത്തവ്യമാണെന്ന് ഹിന്ദുധർമശാസ്ത്രങ്ങൾ പഠിപ്പിക്കുന്നു. അല്ലാത്തപക്ഷം അവന്റെ മനസ്സിന് ഭക്തിയുടെ ഏകാഗ്രതയിൽ സ'ഥിരമായിരിക്കാൻ സാധിക്കുകയില്ല.എന്നിരുന്നാലും, വളരെ ശക്തമായ ഒരു മനസ്സിന് എല്ലാ ശാരീരികപീഡകളേയും അതിജീവിക്കാനും ഈശ്വരസാക്ഷാത്കാരം നേടാനും കഴിയും. അനവധി പുണ്യാത്മാക്കൾ രോഗത്തെ അവഗണിക്കുകയും തങ്ങളുടെ ദൈവിക അന്വേഷണത്തിൽ വിജയിക്കുകയും ചെയ്തിട്ടുണ്ട്. രോഗങ്ങളാൽ സ്വയം വളരെ പീഡിതനായിരുന്ന അസീസി യിലെ ഫ്രാൻസിസ് പുണ്യവാളൻ മറ്റുള്ളവർക്ക് രോഗശാന്തി വരുത്തി; മരിച്ചവരെ പുനരുജ്ജീവിപ്പിച്ചു.ജീവിതത്തിന്റെ ആദ്യഘട്ടത്തിൽ ശരീരത്തിന്റെ പകുതിഭാഗം വ്രണങ്ങളാൽ പൊതിഞ്ഞ ഭാരതീയനായ ഒരു പുണ്യാത്മാവിനെ ഒരിക്കൽ ഞാൻ കണ്ടുമുട്ടി. ഒരു സമയം പതിനഞ്ചു മിനിറ്റിൽ കൂടുതൽ നിശ്ചലമായി രിക്കാൻ കഴിയാത്തവണ്ണം കടുത്തതായിരുന്നു അദ്ദേഹത്തിന്റെ പ്രമേഹ രോഗം. എന്നാൽ അദ്ദേഹത്തിന്റെ ആത്മീയ ഉൽക്കർഷേച്ഛ അദമ്യ മായിരുന്നു. ' 'മഹാപ്രഭോ, എന്റെ തകർന്ന ദേവാലയത്തിൽ അങ്ങു വരില്ലേ,' ' അദ്ദേഹം പ്രാർഥിച്ചു. ഇച്ഛാശക്തിയുടെ അവിരാമമായ ആജ്ഞകൊണ്ട് ദിവസം പതിനെട്ടു മണിക്കൂർ ആത്മനിർവൃതിയിൽ മുഴുകി പത്മാസനത്തിൽ ഇരിക്കാൻ ആ ദിവ്യന് ക്രമേണ കഴിഞ്ഞു. ' 'മൂന്നു കൊല്ലത്തിന്റെ അവസാനത്തിൽ 'ആ അനന്ത ജ്യോതിസ്' എന്റെ ഉള്ളിൽ ജ്വലിക്കുന്നത് ഞാൻ കണ്ടു. അതിന്റെ മാഹാത്മ്യത്തിൽ സന്തുഷ്ടനായി ഞാൻ എന്റെ ശരീരം മറന്നു. അതിനുശേഷം ഈശ്വരകൃപയാൽ അത് പൂർണാരോഗ്യമുള്ളതായിത്തീർന്നു എന്ന് ഞാൻ കണ്ടു' ' അദ്ദേഹം എന്നോട് പറഞ്ഞു.ഭാരതത്തിലെ മുഗൾ സാമ്രാജ്യാപകൻ ബാബർ രാജാവിനെ (1483 - 1530) സംബന്ധിക്കുന്നതാണ് ചരിത്രപ്രസിദ്ധമായ ഒരു രോഗശാന്തിയുടെ അനുഭവം. അദ്ദേഹത്തിന്റെ പുത്രൻ ഹുമയൂൺ അപകടകരമായി രോഗഗ്രസ്തനായി. തന്റെ പുത്രന്റെ തീരാവ്യാധി തനിക്കുതന്ന് പുത്രനെ രക്ഷിക്കണമെന്ന് അച്ഛൻ വേദന നിറഞ്ഞ നിശ്ചയദാർഢ്യത്തോടെ പ്രാർഥിച്ചു. ഹുമയൂൺ3 സുഖംപ്രാപിച്ചു; ഉടൻ തന്നെ രോഗശയ്യയിലായ ബാബർ അതേ അസുഖത്താൽ കാലഗതി പ്രാപിച്ചു.ഒരു ആചാര്യന് ഒരു സാൻഡോ4യുടെ ആരോഗ്യവും ശക്തിയും വേണമെന്ന് പാശ്ചാത്യരാജ്യങ്ങളിൽ ധാരാളം ആളുകൾ വിശ്വസിക്കുന്നു. ഈ ധാരണ അടിസ'ഥാനരഹിതമാണ്. ആജീവനാന്തമുള്ള ആരോഗ്യം ആ ഒരു കാരണത്താൽ ആന്തരികവെളിച്ചത്തെ അവശ്യം സൂചിപ്പിക്കുന്നില്ലാത്താതുപോലെ, ഗുരുവിന്റെ രോഗഗ്രസ്തമായ ശരീരം അദ്ദേഹം ദൈവികശക്തികളിൽ കുറവുള്ളവനാണെന്ന് കാട്ടുന്നില്ല. ഒരു ആചാര്യനെ വേർതിരിച്ചുകാണിക്കുന്ന യോഗ്യതകൾ ശാരീരികമല്ല, ആത്മീയമാണ്.വ്യക്തമായ ധാരണയില്ലാത്ത, കുഴങ്ങിയ നിരവധി സാധകർ പാശ്ചാത്യദേശത്ത് തെറ്റിദ്ധരിച്ചിരിക്കുന്നത് ആധ്യാത്മികവിദ്യയെപ്പറ്റി വാചാലമായി പ്രസംഗിക്കുകയോ എഴുതുകയോ ചെയ്യുന്ന ഒരാൾ ഒരു ആചാര്യനായിരിക്കുമെന്നാണ്. പക്ഷേ സവികല്പസമാധി (ശ്വാസം നിലച്ച അവസ'ഥ)യിൽ ഇച്ഛാനുസരണം പ്രവേശിക്കാനുള്ള കഴിവും അഴിവില്ലാത്ത പരമാനന്ദപ്രാപ്തിയും (നിർവികല്പസമാധി) മാത്രമാണ് ഒരാൾ ആചാര്യനാണെന്നതിന്റെ തെളിവുതരുന്നത്. ഈ ലക്ഷ്യപ്രാപ്തികൾ കൊണ്ടുമാത്രമേ പ്രപഞ്ചത്തിന്റെ ദ്വൈതഭാവങ്ങൾ അഥവാ മായയെ താൻ കീഴടക്കിയെന്ന് ഒരു മനുഷ്യന് തെളിയിക്കാൻ കഴിയൂവെന്ന് ഋഷീശ്വരന്മാർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അദ്ദേഹത്തിനു മാത്രമേ അനുഭവത്തിന്റെ ആഴങ്ങളിൽനിന്ന് ' 'ഏകം സത്' ' (ഒന്നു മാത്രമേ നിലനില്ക്കുന്നുള്ളൂ) എന്ന് പറയാൻ കഴിയൂ. ' 'അജ്ഞാനത്താൽ ദ്വൈതാവസ'ഥ നിലനില്ക്കുമ്പോൾ എല്ലാ വസ്തുക്കളും പരമാത്മാവിൽനിന്ന് വ്യത്യസ്തമായി ഒരുവൻ കാണുന്നു.' ' എന്ന് മഹാനായ അദ്വൈതവാദി ശ്രീശങ്കരൻ എഴുതിയിട്ടുണ്ട്. ' 'എല്ലാം പരമാത്മാവു തന്നെയാണെന്ന് അറിയുമ്പോൾ ഒരു അണു പോലും അതിൽനിന്ന് വ്യതിരിക്തമാണെന്ന് കാണുകയില്ല....ഉണർന്നു കഴിഞ്ഞാൽ സ്വപ്നം നിലനിൽക്കാത്തതുപോലെ സത്യവസ്തുവിന്റെ ജ്ഞാനം ഉദിച്ചു കഴിഞ്ഞാൽ ശരീരത്തിന്റെ അയാഥാർഥ്യം കാരണം, ഭൂതകാലചെയ്തികളുടെ ഫലം, തുടർന്ന് നിലനിൽക്കുന്നില്ല.മഹാന്മാരായ ഗുരുക്കന്മാർക്കു മാത്രമേ ശിഷ്യരുടെ കർമഫലം ഏറ്റുവാങ്ങാൻ കഴിവുള്ളൂ. തന്റെ ശിഷ്യരെ അസാധാരണമായ ആ രീതിയിൽ സഹായിക്കാൻ തന്റെ അന്തര്യാമിയായ പരമാത്മാവിൽ നിന്ന് അനുമതി ലഭിച്ചില്ലായിരുന്നുവെങ്കിൽ ശ്രീ യുക്തേശ്വരൻ ശ്രീനഗറി5ൽവച്ച് രോഗബാധിതനാവുകയില്ലായിരുന്നു. ദൈവകല്പനകൾ നടപ്പിലാക്കാൻ, ഈശ്വരതാദാത്മ്യം പ്രാപിച്ച എന്റെ ഗുരുദേവനേക്കാൾ ജ്ഞാനംകൊണ്ട് കൂടുതൽ സൂക്ഷ്മഗ്രാഹികളായിത്തീർന്ന പുണ്യാത്മാക്കൾ അപൂർവ മായിരുന്നു.അദ്ദേഹത്തിന്റെ മെലിഞ്ഞ ശരീരത്തെപ്പറ്റി സഹതാപത്തിന്റെ ഏതാനും വാക്കുകൾ ഞാൻ പറയാൻ ഒരുമ്പെട്ടപ്പോൾ എന്റെ ഗുരുദേവൻ ആഹ്ലാദത്തോടെ പറഞ്ഞു: "അതിനും അതിന്റെ നല്ലവശങ്ങളുണ്ട്; വർഷങ്ങളായി

ഞാൻ ധരിച്ചിട്ടില്ലാത്ത ചെറിയ ബനിയനുകളിൽ കയറിക്കൂടാൻ എനിക്ക് ഇപ്പോൾ സാധിക്കും!' ' ഗുരുദേവന്റെ ആഹ്ലാദപൂർണമായ ചിരികേട്ടപ്പോൾ, സാലേയിലെ ഫ്രാൻസിസ് പുണ്യവാളന്റെ വാക്കുകൾ ഞാൻ ഓർമിച്ചു: ' 'ശോചിക്കുന്ന താപസൻ ഒരു ശോച്യനായ താപസൻ തന്നെ!' ' [image file=image_rsrc2EF.jpg] ലോസ് ആൻജലീസ്, കാലിഫോർണിയയിൽ മൗണ്ട് വാഷിംഗ്ടൺ കുന്നിന് മുകളിൽ ◌യോഗാനന്ദജി 1925-ൽ സ'ഥാപിച്ച എസ് ആർ എഫ് ആസ'ഥാനത്തെ അന്താരാഷ്ട്ര ഭരണകാര്യാലയം. [image file=image_rsrc2EM.jpg] ശ്രീ ശ്രീ രാജർഷി ജനകാനന്ദൻ
യോഗദാ സത്സംഗ സൊസൈറ്റി ഒഫ് ഇൻഡ്യ/സെൽഫ് റിയലൈസേഷൻ ഫെലോഷിപ്പിന്റെ 1952-1955 വരെ ആധ്യാത്മിക നേതാവും അധ്യക്ഷനും [image file=image_rsrc2ET.jpg] ശ്രീ ശ്രീ ദയാമാതാ, 1955 ഫെബ്രുവരിയിൽ രാജർഷി ജനകാനന്ദന്റെ പിൻഗാമിയായി നീണ്ട 55 വർഷക്കാലം 2010-ൽ അവർ അന്തരിക്കുന്നതുവരെ സേവനം അനുഷ്ഠിച്ചു [image file=image_rsrc2EY.jpg] ശ്രീ ശ്രീ മൃണാളിനി മാതാ, മഹാനായ ഗുരുവിന്റെ അടുത്ത ശിഷ്യയും, അദ്ദേഹം തിരഞ്ഞെടുത്ത് പരിശീലിപ്പിച്ച ദേഹവും; യോഗദാ സത്സംഗ സൊസൈറ്റി ഒഫ് ഇൻഡ്യ/സെൽഫ് റിയലൈസേഷൻ ഫെലോഷിപ്പിന്റെ 2011 മുതൽ 2017 ൽ അവർ അന്തരിക്കുന്നതുവരെ ആധ്യാത്മിക നേതാവും അധ്യക്ഷയും. [image file=image_rsrc2F3.jpg] 1 കുരിശിലേറ്റുന്നതിനായി കൊണ്ടുപോകുന്നതിന്റെ തൊട്ടുമുമ്പ് ക്രിസ്തു പറഞ്ഞു: ' 'നീ എന്തു വിചാരിക്കുന്നു? എനിക്ക് എന്റെ പിതാവിനോട് അപേക്ഷിക്കാൻ കഴിയുകയില്ലേ? ഉടൻതന്നെ അവൻ എനിക്ക് പന്ത്രണ്ടുവ്യൂഹം മാലാഖമാരെ അയച്ചുതരി◌േല്ല പക്ഷേ, 'ഇത് ഇങ്ങനെ സംഭവിക്കണം' എന്ന് വിശുദ്ധലിഖിതത്തിലുള്ളത് അപ്പോൾ പി◌ന്നെ എങ്ങനെ നിറവേറും?' ' മത്തായി 26: 53 - 54 (ബൈബിൾ)2 അപ്പോസ്തലന്മാരുടെ പ്രവർത്തനങ്ങൾ 1:8 ഉം 2:14 ഉം (ബൈബിൾ).3 ഹുമയൂൺ മഹാനായ അക്ബറിന്റെ പിതാവാണ്. ആദ്യകാലത്ത് ഇസ്ലാമിക ആവേശത്തോടെ അക്ബർ ഹിന്ദുക്കളെ ദ്രോഹിച്ചു. ' 'എനിക്ക് അറിവുവന്നപ്പോൾ ഞാൻ അതിയായി ലജ്ജിച്ചു,' ' അദ്ദേഹം പിന്നീട് പറഞ്ഞു. ' 'എല്ലാ വിശ്വാസങ്ങളുടെ ക്ഷേത്രങ്ങളിലും അത്ഭുതങ്ങൾ സംഭവിക്കുന്നു.' ' ഭഗവദ്ഗീതയുടെ പേർഷ്യൻ പരിഭാഷ ഉണ്ടാക്കാൻ അദ്ദേഹം ഏർപ്പാടു ചെയ്യുകയും റോമിൽനിന്ന് ജസ്യൂട്ട് വൈദികരെ തന്റെ സദസ്സിലേക്ക് ക്ഷണിക്കുകയും ചെയ്തു. തന്റെ പുതിയ പട്ടണമായ ഫത്തേഹ്പൂർസിക്രിയിലെ വിജയകവാടത്തിൽ താഴെക്കാണുന്ന പ്രസ്താവന, തെറ്റായിട്ടാണെങ്കിലും സ്നേഹപൂർവം, യേശുവിന്റേത് എന്നുകരുതി അദ്ദേഹം കൊത്തിവയ്പ്പിച്ചിരിക്കുന്നു. ' 'മേരിയുടെ പുത്രൻ യേശു (അവനു സ്വസ്തി) പറഞ്ഞു: ലോകം ഒരു പാലമാണ്; അതിൽക്കൂടി കടന്നുപോകുക, പക്ഷേ അതിൽ വീടുകൾ പണിയാതിരിക്കൂ.' ' 4 ' ലോകത്തിലെ ഏറ്റവും ശക്തിമാൻ' എന്ന് അറിയപ്പെട്ടിരുന്ന ഒരു ജർമ്മൻ കായികാഭ്യാസി (മരണം 1925). 5 കശ്മീരിന്റെ തലസ'ഥാനമായ ശ്രീനഗർ, ക്രി.മു. മൂന്നാം ശതകത്തിൽ അശോക ചക്രവർത്തിയാണ് സ'ഥാപിച്ചത്. അദ്ദേഹം അവിടെ സ'ഥാപിച്ച അഞ്ഞൂറു ബുദ്ധവിഹാരങ്ങളിൽ നൂറെണ്ണം ആയിരം വർഷങ്ങൾക്കുശേഷം ചൈനസഞ്ചാരി ഹ്യുയെൻസാങ്ങ് കശ്മീർ സന്ദർശിച്ചപ്പോഴും നിലനിന്നിരുന്നു. മറ്റൊരു ചീന എഴുത്തുകാരനായിരുന്ന ഫാ—ഹിയാൻ (അഞ്ചാം നൂറ്റാണ്ട്) പാടലീപുത്രത്തിലെ (ഇന്നത്തെ പാട്ന) അശോകന്റെ വിശാലമായ കൊട്ടാരത്തിന്റെ നഷ്ടാവശിഷ്ടങ്ങൾ കണ്ടിട്ടുണ്ട്; അത് വാസ്തുവിദ്യയിലും അലങ്കാരശില്പങ്ങളിലും ' 'മനുഷ്യന്റെ കൈകൾകൊണ്ടു നിർമിച്ചതാകാനാവാത്തവണ്ണം' ' മഹത്തായ സൗന്ദര്യമുള്ളതാണെന്ന് അദ്ദേഹം നമ്മോടു പറയുന്നു.അധ്യായം 22ഒരു ശിലാവിഗ്രഹത്തിന്റെ ഹൃദയം ' 'പതിവ്രതയായ ഒരു ഹിന്ദു ഭാര്യ എന്ന നിലയിൽ എന്റെ ഭർത്താവിനെപ്പറ്റി പരാതി പറയാൻ എനിക്കിഷ്ടമില്ല. എന്നാലും അദ്ദേഹത്തിന്റെ ലൗകികചിന്താഗതിയിൽനിന്ന് അദ്ദേഹം പിന്മാറുന്നതു കാണാൻ എനിക്കു അതിയായ താല്പര്യമുണ്ട്. എന്റെ ധ്യാനമുറിയിലെ സിദ്ധന്മാരുടെ ചിത്രങ്ങളെ കളിയാക്കുന്നതിൽ അദ്ദേഹം സന്തോഷിക്കുന്നു. പ്രിയപ്പെട്ട അനുജാ, നിനക്ക് അദ്ദേഹത്തെ സഹായിക്കാൻ കഴിയുമെന്ന് എനിക്ക് ഉറച്ച വിശ്വാസമുണ്ട്. നീ അങ്ങനെ ചെയ്യുമോ?' ' എന്റെ വല്യേച്ചി രമ കേണപേക്ഷിക്കുന്ന ഭാവത്തിൽ എന്നെ നോക്കി. കൽത്തയിലെ ഗിരീശവിദ്യാരത്നതെരുവിലെ അവരുടെ വീട്ടിൽ ഒരു ചെറിയ സന്ദർശനത്തിന് ഞാൻ എത്തിയതായിരുന്നു. നന്നേ ചെറുപ്പത്തിൽ ചേച്ചി എന്നിൽ ശക്തമായ ആത്മീയസ്വാധീനം ചെലുത്തിയിരുന്ന തിനാലും, അമ്മയുടെ മരണത്താൽ കുടുംബത്തിലുണ്ടായ ശൂന്യത പരിഹ രിക്കാൻ സ്നേഹപൂർവം ശ്രമിച്ചിരുന്നതിനാലും ചേച്ചിയുടെ അപേക്ഷ എന്നെ വല്ലാതെ സ്പർശിച്ചു.
' 'പ്രിയപ്പെട്ട ചേച്ചീ, എന്നാൽ കഴിയുന്നതെല്ലാം ഞാൻ തീർച്ചയായും ചെയ്യാം.' ' പതിവുള്ള ശാന്തതയ'ക്കും സന്തോഷത്തിനും വിപരീതമായി അവരുടെ മുഖത്തു വ്യക്തമായിരുന്ന മ്ലാനത മാറ്റാനായി ഞാൻ മന്ദ ഹസിച്ചു.രമയും ഞാനും നിശ്ശബ്ദരായിരുന്ന് മാർഗദർശനത്തിന് പ്രാർഥിച്ചു. ഒരു കൊല്ലം മുമ്പ് എന്റെ ചേച്ചി ക്രിയായോഗദീക്ഷ നൽകാൻ എന്നോട് ആവശ്യപ്പെട്ടിരുന്നു; അതിൽ അവർ ശ്രേഷ്ഠമായ പുരോഗതി നേടുന്നുണ്ടായിരുന്നു.ഒരു പ്രചോദനം എനിക്കു ലഭിച്ചു. ഞാൻ പറഞ്ഞു: ' 'നാളെ ഞാൻ ദക്ഷിണേശ്വരത്തെ കാളിക്ഷേത്രത്തിൽ പോകുന്നുണ്ട്. എന്നോടൊപ്പം വരൂ, ജ്യേഷ്ഠനെക്കൂടി വരാൻ പ്രേരിപ്പിക്കൂ. ആ പവിത്രസ'ഥാനത്തെ സ്പന്ദനങ്ങളിൽ, ദിവ്യജനനി അദ്ദേഹത്തിന്റെ ഹൃദയത്തെ സ്പർശിക്കുമെന്ന് എനിക്കു തോന്നുന്നു. എന്തിനാണ് അദ്ദേഹത്തെ

കൂടെക്കൊണ്ടു പോകുന്നത് എന്നതിലുള്ള നമ്മുടെ ഉദ്ദേശ്യം വെളിപ്പെടുത്തരുത്.’ ’ ചേച്ചി പ്രതീക്ഷയോടെ സമ്മതിച്ചു. അടുത്ത ദിവസം അതിരാവിലെ ചേച്ചിയും ഭർത്താവും യാത്രയ'ക്കു തയ്യാറായി നിൽക്കുന്നുവെന്നു കണ്ടതിൽ എനിക്ക് സന്തോഷമായി. ഞങ്ങളുടെ കുതിരവണ്ടി അപ്പർസർക്കുലർ റോഡിലൂടെ ദക്ഷിണേശ്വരത്തേക്ക് കുലുങ്ങിക്കുലുങ്ങിപ്പോയപ്പോൾ എന്റെ അളിയൻ സതീശ് ചന്ദ്ര ബോസ് ഗുരുക്കന്മാരുടെ മാഹാത്മ്യത്തെ പരിഹസിച്ച് സ്വയം രസിച്ചു. രമ നിശ്ശബ്ദയായി കരയുകയായിരുന്നുവെന്ന് ഞാൻ ശ്രദ്ധിച്ചു. ‘ ‘ചേച്ചീ, സന്തോഷമായിരിക്കൂ!’ ’ ഞാൻ മന്ത്രിച്ചു. ‘ ‘അദ്ദേഹത്തിന്റെ അവഹേളനം നാം ഗൗരവമായി എടുക്കുന്നുവെന്നു വിശ്വസിക്കുന്ന തിലുള്ള സംതൃപ്തി ചേട്ടനു കൊടുക്കരുത്.’ ’ ‘ ‘മുകുന്ദാ, അന്ത:സാരശൂന്യരായ തട്ടിപ്പുകാരെ നിനക്ക് എങ്ങനെ ആദരിക്കാനാവും?’ ’ സതീശ് പറയുകയായിരുന്നു. ‘ഒരു സന്ന്യാസിയുടെ രൂപംതന്നെ വെറുപ്പുണ്ടാക്കുന്നതാണ്. അയാൾ ഒന്നുകിൽ അസ'ഥികൂടം പോലെ മെലിഞ്ഞിരിക്കും, അല്ലെങ്കിൽ ആനയെപ്പോലെ ഹീനമായി തടിച്ചു കൊഴുത്തിരിക്കും!’ ’ ചിരികൊണ്ടു കുലുങ്ങിപ്പോയ എന്റെ പ്രതികരണം സതീശിനു പിടിച്ചില്ല. അദ്ദേഹം ദുർമുഖത്തോടെ നിശ്ശബ്ദനായി ഇരുന്നു. ഞങ്ങളുടെ വണ്ടി ദക്ഷിണേശ്വരക്ഷേത്രപരിസരത്ത് എത്തിയപ്പോൾ അദ്ദേഹം പരിഹാസത്തോടെ ചിരിച്ചു. ‘ ‘ഈ യാത്ര അപ്പോൾ എന്നെ നന്നാക്കിയെടുക്കാനുള്ള ഒരടവാണല്ലേ? ’ ’ ഞാൻ ഉത്തരമൊന്നും പറയാതെ തിരിഞ്ഞപ്പോൾ അദ്ദേഹം എന്റെ കൈയ'ക്ക് കടന്നുപിടിച്ചു. ‘ ‘എടാ യുവസന്ന്യാസീ, ക്ഷേത്രഭാരവാഹികളോടു പറഞ്ഞ് ഉച്ചയൂണിനുള്ള ഏർപ്പാട് ഉണ്ടാക്കാൻ മറക്കരുത്.’ ’ പുരോഹിതരുമായുള്ള എന്തെങ്കിലും സംഭാഷണം ഒഴിവാക്കാൻ സതീശ് ആഗ്രഹിച്ചു. ‘ ‘ഞാൻ ഇപ്പോൾ ധ്യാനിക്കാൻ പോകുന്നു. ഊണിനെപ്പറ്റി വേവലാതിപ്പെടാതിരിക്കൂ, ’ ’ ഞാൻ അല്പം ഗൗരവത്തിൽ പറഞ്ഞു. ‘ ‘ദിവ്യജനനി അതു നോക്കിക്കൊള്ളും.’ ’ ‘ ‘ ദിവ്യജനനി എനിക്കുവേണ്ടി എന്തെങ്കിലും ചെയ്യുമെന്ന് എനിക്കു വിശ്വാസമില്ല. പക്ഷേ എന്റെ ഊണിന്റെ ഉത്തരവാദിത്വം നിനക്കായിരിക്കും.’ ’ സതീശിന്റെ സ്വരം ഭീഷണിയുടെതായിരുന്നു.വിശാലമായ കാളീക്ഷേത്രത്തിന്റെ മുമ്പിലുള്ള മുഖമണ്ഡപത്തിലേക്ക് ഞാൻ തനിയെപോയി. കൽതൂണികളിലൊന്നിനു സമീപം തണലുള്ള ഒരു സ'ഥലം തിരഞ്ഞെടുത്ത് ഞാൻ പത്മാസനത്തിൽ ഇരുന്നു. അപ്പോൾ സമയം ഏതാണ്ട് ഏഴുമണിയേ ആയിരുന്നുള്ളുവെങ്കിലും പ്രഭാതസൂര്യന്റെ ചൂട് അധികം വൈകാതെ കഠിനമാകുമായിരുന്നു.ഞാൻ ഭക്തിയിൽ നിർലീനനായപ്പോൾ ലോകം എന്റെ ബോധത്തിൽനിന്നു മാഞ്ഞുമറഞ്ഞു. കാളീദേവിയിൽ എന്റെ മനസ്സ് ഞാൻ ഏകാഗ്രമാക്കിയിരുന്നു. ദക്ഷിണേശ്വരത്തെ ഇതേ ക്ഷേത്രത്തിലെ കാളീവിഗ്രഹം മഹാനായ ഗുരു ശ്രീരാമകൃഷ്ണ പരമഹംസന്റെ പ്രത്യേക ആരാധനാപാത്രമായിരുന്നു. അദ്ദേഹത്തിന്റെ മനോവേദനയോടെയുള്ള ശക്തമായ പ്രാർഥനക്ക് പ്രതികരണമായി ഈ ശിലാവിഗ്രഹം പലപ്പോഴും ജീവൻപൂണ്ട് അദ്ദേഹത്തോട് സംസാരിച്ചിരുന്നു. ‘ ‘മൂകയായ ശിലാമാതാവേ,’ ’ ഞാൻ പ്രാർഥിച്ചു. ‘നിന്റെ പ്രിയഭക്തൻ രാമകൃഷ്ണന്റെ അപേക്ഷയിൽ നീ ജീവൻ ഉൾക്കൊണ്ടു; നിന്റെ ദർശനം കാംക്ഷിക്കുന്ന ഈ മകന്റെ ദീനരോദനം നീ എന്താണ് കേൾക്കാത്തത്?’ ’ ദിവ്യശാന്തിയോടൊപ്പം എന്റെ അഭിലാഷതീവ്രതയും അതിരറ്റുവർധിച്ചു. എന്റെ ഉള്ളിൽ ഞാൻ കണ്ടുകൊണ്ടിരുന്ന ദേവി അഞ്ചുമണിക്കൂർ കഴിഞ്ഞിട്ടും ഒരു പ്രതികരണവും കാട്ടാഞ്ഞപ്പോൾ എനിക്ക് അല്പം നിരാശതോന്നി. ചിലപ്പോൾ പ്രാർഥനകളുടെ നിറവേറ്റൽ താമസിപ്പിക്കുക എന്നത് ഈശ്വരന്റെ ഒരു പരീക്ഷയാണ്. പക്ഷേ സ'ഥിരോത്സാഹിയായ ഭക്തന്, ഒടുവിൽ തന്റെ ഇഷ്ടമൂർത്തിയായി അദ്ദേഹം പ്രത്യക്ഷപ്പെടുന്നു. ഒരു ഭക്തനായ ക്രിസ്ത്യാനി ക്രിസ്തുവിനെ കാണുന്നു; ഒരു ഹിന്ദു കൃഷ്ണനെയോ കാളീദേവിയേയോ, അയാളുടെ ആരാധന നിർവ്യക്തികമാണെങ്കിൽ വികസിക്കുന്ന ഒരു പ്രകാശത്തെയോ കാണുന്നു.മടിയോടെ ഞാൻ കണ്ണുതുറന്നപ്പോൾ ഒരു പൂജാരി ഉച്ചയ'ക്കുള്ള പതിവനുസരിച്ച് വാതിലുകൾ അടയ'ക്കുന്നതായി കണ്ടു, മണ്ഡപത്തിൽ എന്റെ ഏകാന്തമായ ഇരിപ്പിടത്തിൽനിന്ന് എഴുന്നേറ്റ് മുറ്റത്തേക്ക് ഞാൻ ഇറങ്ങി. കല്ലുപാകിയ തറ മധ്യാഹ്നസൂര്യനിൽ ചുട്ടുപഴുത്തിരുന്നു; എന്റെ നഗ്നമായപാദങ്ങൾ പൊള്ളിപ്പോയി. ‘ ‘ദിവ്യജനനീ,’ ’ ഞാൻ നിശ്ശബ്ദമായി പ്രതിഷേധിച്ചു, ‘എനിക്കു നീ ദിവ്യദർശനം നൽകിയില്ല, എന്നിട്ടു നീ ഇപ്പോൾ അടഞ്ഞ കതകുകൾക്കു പിന്നിൽ ക്ഷേത്രത്തിൽ ഒളിച്ചിരിക്കുന്നു. എന്റെ സ്യാലനുവേണ്ടി ഒരു പ്രത്യേക പ്രാർഥന ഇന്ന് എനിക്കു നടത്തണമായിരുന്നു.’ ’ എന്റെ മാനസികമായ അപേക്ഷ തൽക്ഷണം സ്വീകരിക്കപ്പെട്ടു. ആദ്യം എല്ലാ അസ്വസ'ഥതകളും അകറ്റികൊണ്ട് സുഖദമായ ഒരു ശീതളിമ എന്റെ പുറത്തും പാദത്തിനടിയിലും അനുഭവപ്പെട്ടു. തുടർന്ന് എന്നെ വിസ്മയിപ്പിക്കുമാറ് ക്ഷേത്രം വളരെയധികം വലുതായിത്തീർന്നു. കാളീദേവിയുടെ വിഗ്രഹം കാട്ടിക്കൊണ്ട് അതിന്റെ വലിയവാതിലുകൾ മെല്ലെ തുറന്നു. ക്രമേണ ആ വിഗ്രഹം ജീവനുള്ളതായിത്തീർന്നു. അവാച്യമായ ആനന്ദത്താൽ എന്റെ അകം കുളിർപ്പിച്ചുകൊണ്ട് ദേവി പുഞ്ചിരിയോടുകൂടി എന്നെ നോക്കി സ്വാഗതഭാവത്തിൽ തലയാട്ടി. ഏതോ അജ്ഞേയമായ ഉപകരണത്താലെന്നവണ്ണം എന്റെ ശ്വാസകോശങ്ങളിൽ നിന്നു വായു നിഷ്കാസിതമായി; പ്രജ്ഞ നഷ്ടപ്പെട്ടില്ലായിരുന്നുവെങ്കിലും എന്റെ ശരീരം തീർത്തും നിശ്ചലമായി.ബോധത്തിന്റെ പരമാനന്ദകരമായ വികാസം ഞാൻ അനുഭവിച്ചു. എന്റെ ഇടതുഭാഗത്ത് മൈലുകളോളം ഗംഗാനദിയും ക്ഷേത്രത്തിനപ്പുറം ദക്ഷിണേശ്വരപരിസരങ്ങൾ മുഴുവനും എനിക്ക് വ്യക്തമായി കാണാറായി. കെട്ടിടങ്ങളുടെ ഭിത്തികൾ സുതാര്യമായി മിന്നി; അവയിലൂടെ വിദൂരതയിൽ

ആളുകൾ നടക്കുന്നത് ഞാൻ കണ്ടു.എന്റെ ശ്വാസം നിലച്ചിട്ട് ശരീരം അസാധാരണമായ ഒരു നിശ്ചലാവസ'ഥയിൽ ആയിരുന്നുവെങ്കിലും എനിക്ക് കൈകാലുകൾ സ്വതന്ത്രമായി ചലിപ്പിക്കുവാൻ കഴിഞ്ഞിരുന്നു. ഏതാനും മിനിറ്റുകൾ ഞാൻ കണ്ണടച്ചും തുറന്നും പരീക്ഷിച്ചു നോക്കി; രണ്ട് അവസ'ഥയിലും ദക്ഷിണേശ്വരത്തെ വിശാലദൃശ്യം മുഴുവനും ഞാൻ കണ്ടു.ആത്മീയദൃഷ്ടി എക്സ്റേപോലെ എല്ലാവസ്തുക്കളിലും കടന്നു ചെല്ലുന്നു; എല്ലായിടവും ദിവ്യദൃഷ്ടിക്ക് കേന്ദ്രമാണ്. എന്നാൽ അതിന്റെ ദൃശ്യപരിധി എവിടേയും ഒട്ടില്ലതാനും. വാസ്തവത്തിൽ സ്വപ്നം തന്നെ യായ, നീർക്കുമിളപോലെ അടിസ'ഥാനമില്ലാത്ത ഒരു ഭൗതികലോകത്തിൽ മുഴുകി ഈശ്വരന്റെ മുടിയനായ പുത്രനായി കഴിയുന്നതവസാനിക്കുമ്പോൾ മനുഷ്യൻ അവന്റെ ശാശ്വതമായ സാമ്രാജ്യം വീണ്ടെടുക്കുന്നു. സൂര്യ പ്രകാശം നിറഞ്ഞ ആ മുറ്റത്തു നില്ക്കുമ്പോൾ ഈ യാഥാർഥ്യം ഒരിക്കൽ കൂടി എനിക്കു ബോധ്യമായി. തന്റെ ഇടുങ്ങിയ വ്യക്തിത്വത്തിൽ ഞെരുങ്ങിയ മനുഷ്യന് മോചനം ആവശ്യമെങ്കിൽ സർവവ്യാപിത്വത്തിനൊത്ത മറ്റൊരു രക്ഷാമാർഗമുണ്ടോ?ദക്ഷിണേശ്വരത്തെ എന്റെ ദിവ്യാനുഭൂതിയിൽ അസാധാരണമായി പെരുപ്പിച്ചുകാണപ്പെട്ട വസ്തുക്കൾ ക്ഷേത്രവും കാളീവിഗ്രഹവും മാത്രമായിരുന്നു. വെള്ള, നീല, മഴവില്ലിന്റെ ഇളംനിറങ്ങൾ എന്നിവയുടെ സൗമ്യമായ ഒരു പ്രകാശപരിവേഷത്താൽ മറ്റു വസ്തുക്കൾ ഓരോന്നും പൊതിയപ്പെട്ടിരുന്നുവെങ്കിലും സാധാരണ വലിപ്പത്തിലാണ് അവ കാണപ്പെട്ടത്. എന്റെ ശരീരം പറന്നുയരാൻ കഴിയും മട്ടിൽ സൂക്ഷ്മാകാശ സത്തയായിത്തോന്നി. എന്റെ ഭൗതികപരിസരങ്ങളെപ്പറ്റി തികച്ചും ബോധവാനായിരുന്ന ഞാൻ നിർവൃതികരമായ ദർശനത്തിന്റെ തുടർച്ചക്ക് കോട്ടം വരുത്താതെ ചുറ്റും നോക്കുകയും ഏതാനും ചുവടുകൾ നടക്കുകയും ചെയ്തു.ക്ഷേത്രമതിലിനുവെളിയിൽ വിശുദ്ധമായ ഒരു കൂവളമരത്തിന്റെ മുള്ളുകളുള്ള ശാഖയ'ക്കുകീഴിൽ ഇരിക്കുകയായിരുന്ന എന്റെ സ്യാലനെ ഞാൻ പെട്ടെന്നു കണ്ടു. അദ്ദേഹത്തിന്റെ ചിന്താഗതി നിഷ്പ്രയാസം എനിക്കു കാണാൻകഴിഞ്ഞു. ദക്ഷിണേശ്വരത്തിന്റെ പവിത്രമായ സ്വാധീനത്തിൽ കുറെയൊക്കെ ഉൽക്കർഷം പ്രാപിച്ചിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ മനസ്സിൽ എന്നെപ്പറ്റിയുള്ള കാരുണ്യമില്ലാത്തചിന്തകൾ അപ്പോഴും ഉണ്ടായിരുന്നു. ഞാൻ ദേവിയുടെ അതിമനോഹരമായ രൂപത്തിന്റെനേർക്കു തിരിഞ്ഞു. ‘ ‘ദിവ്യമാതാവേ, നീ എന്റെ സഹോദരിയുടെ ഭർത്താവിനെ ആത്മീയമായി പരിവർത്തനം ചെയ്യുകയില്ലേ?’ ’ ഞാൻ പ്രാർഥിച്ചു.ഇതുവരെ നിശ്ശബ്ദമായിരുന്ന ആ മനോജ്ഞരൂപം ഒടുവിൽ സംസാരിച്ചു. ‘ ‘നിന്റെ അഭീഷ്ടം ഞാൻ തരുന്നു. ’ ’ ഞാൻ സന്തോഷത്തോടെ സതീശിനെ നോക്കി. ഏതോ ആത്മീയശക്തി പ്രവർത്തിക്കുന്നുവെന്ന് നൈസർഗികബോധമുണ്ടായതുപോലെ അദ്ദേഹം അല്പം രോഷത്തോടെ നിലത്തുനിന്ന് എഴുന്നേറ്റു. അമ്പലത്തിനുപിന്നിൽ അദ്ദേഹം ഓടുന്നത് ഞാൻ കണ്ടു; മുഷ്ടിചുരുട്ടിക്കൊണ്ട് അദ്ദേഹം എന്നെ സമീപിച്ചു.സർവംഗ്രാഹിയായ ആ ദർശനവിശേഷം അപ്രത്യക്ഷമായി. എനിക്ക് തേജസ്വിനിയായ ദേവിയെ തുടർന്നുകാണാൻ കഴിഞ്ഞില്ല; ക്ഷേത്രം അതിന്റെ സുതാര്യത നഷ്ടപ്പെട്ട് സാധാരണരൂപം പൂണ്ടു. വീണ്ടും എന്റെ ശരീരം സൂര്യാതപത്താൽ ചുട്ടുപൊള്ളി. മണ്ഡപത്തിന്റെ തണലിലേക്ക് ഞാൻ ചാടിക്കയറി; സതീശ് കോപത്തോടെ എന്നെ അവിടേക്ക് പിൻതുടർന്നു. ഞാൻ എന്റെ വാച്ചിൽ നോക്കി. ഒരു മണിയായിരുന്നു; ദിവ്യദർശനം ഒരു മണിക്കൂർ നീണ്ടു നിന്നിരുന്നു. “എടാ കൊച്ചു വിഡ്ഢീ,” എന്റെ സ്യാലൻ ആക്രോശിച്ചു. “നീ അവിടെ കാലും പിണച്ചുവച്ച്, കണ്ണുകോങ്കണ്ണുമാക്കി മണിക്കൂറുകൾ ഇരുന്നു. നിന്നെയും നിരീക്ഷിച്ചുകൊണ്ട് ഞാൻ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയായിരുന്നു. നമ്മുടെ ആഹാരം എവിടെ? അമ്പലമാണെങ്കിൽ അടച്ചു; നീ ക്ഷേത്രാധികാരികളെ അറിയിച്ചുമില്ല; ഇനി ഇപ്പോൾ ഊണ് ഏർപ്പാടുചെയ്യാൻ വളരെ വൈകിയും കഴിഞ്ഞു.” ദേവിയുടെ സാന്നിധ്യത്തിൽ എനിക്കുണ്ടായ ആത്മപ്രഹർഷം അപ്പോഴും എന്നിൽ നിലനിന്നിരുന്നു. ഞാൻ വിളിച്ചുപറഞ്ഞു, “ദിവ്യജനനി നമ്മെ ഊട്ടും!” “ഈ ഒരൊറ്റ പ്രാവശ്യം,” സതീശ് ഉച്ചത്തിൽ പറഞ്ഞു. “മുൻകൂട്ടി ഊണ് ഇടപാടുചെയ്യാതെ നിന്റെ ദിവ്യജനനി നമുക്ക് ഊണുതരുന്നത് എനിക്ക് ഒന്നു കാണണം!” അദ്ദേഹം പറഞ്ഞുകഴിയുന്നതിനുമുമ്പ് ഒരു ക്ഷേത്ര പുരോഹിതൻ മുറ്റംകടന്ന് ഞങ്ങളുടെ അടുത്തെത്തി.അദ്ദേഹം എന്നോടുപറഞ്ഞു: ‘ ‘മകനേ, ധ്യാനത്തിന്റെ മണിക്കൂറുകളിൽ നിന്റെ മുഖം ശാന്തമായി തിളങ്ങുന്നത് ഞാൻ ശ്രദ്ധിക്കുകയായിരുന്നു. നിങ്ങളുടെ സംഘം രാവിലെ എത്തുന്നത് ഞാൻ കണ്ടു, നിങ്ങളുടെ ഉച്ചഭക്ഷണത്തിന് ആവശ്യമുള്ള ആഹാരം മാറ്റിവയ'ക്കണമെന്ന് എനിക്ക് ആഗ്രഹമുണ്ടായി. മുൻകൂർ അപേക്ഷിക്കാത്തവരെ ഊട്ടുന്നത് ക്ഷേത്രനിയമത്തിന് എതിരാണ്, പക്ഷേ നിങ്ങളുടെ കാര്യത്തിൽ ഞാനൊരു വിട്ടുവീഴ്ചചെയ്തു.’ ’ ഞാൻ അദ്ദേഹത്തിന് നന്ദിപറഞ്ഞുകൊണ്ട് സതീശിന്റെ കണ്ണുകളിൽ നോക്കി. വികാരധീനനായി മുഖംതുടുത്ത അദ്ദേഹം നിശ്ശബ്ദമായ പശ്ചാത്താപത്താൽ ദൃഷ്ടിതാഴ്ത്തി. അന്ന് കിട്ടാനില്ലാത്ത മാങ്ങകളുംകൂട്ടി മൃഷ്ടാന്നഭോജനം വിളമ്പിയപ്പോൾ എന്റെ അളിയന് വിശപ്പ് കഷ്ടിയായിരുന്നുവെന്ന് ഞാൻ ശ്രദ്ധിച്ചു. ചിന്തകളിൽ ആണ്ടുപോയ അദ്ദേഹം കുഴങ്ങിയിരുന്നു.കൽക്കത്തക്കു മടങ്ങുമ്പോൾ സൗമ്യതയാർന്ന മുഖഭാവത്തോടെ സതീശൻ ഇടയ'ക്കിടയ'ക്ക് എന്നെ യാചനാഭാവത്തിൽ നോക്കി. പക്ഷേ, സതീശന്റെ വെല്ലുവിളിക്ക് ഉത്തരമെന്നവിധം ഞങ്ങളെ ഊണിനു ക്ഷണിക്കാൻ ആ പുരോഹിതൻ പ്രത്യക്ഷപ്പെട്ട നിമിഷത്തിനുശേഷം അദ്ദേഹം ഒരൊറ്റ വാക്കുപോലും ഉരിയാടിയിരുന്നില്ല.അടുത്ത ദിവസം ഉച്ചതിരിഞ്ഞ് ഞാൻ ചേച്ചിയെ അവരുടെ വീട്ടിൽചെന്നു കണ്ടു.

അവർ സ്നേഹത്തോടെ എന്നെ സ്വീകരിച്ചു. ‘ ‘പ്രിയപ്പെട്ട അനുജാ,’ ’ അവർ പറഞ്ഞു, ‘ ‘എന്തൊരത്ഭുതം! ഇന്നലെ രാത്രി എന്റെ ഭർത്താവ് എന്റെ മുമ്പിൽനിന്ന് മറകൂടാതെ കരഞ്ഞു. ‘ ‘പ്രിയദേവീ’ , 1 അദ്ദേഹം പറഞ്ഞു, ‘എന്നെ നന്നാക്കിയെടുക്കാനുള്ള നിന്റെ അനുജന്റെ പദ്ധതി എന്നിൽ ഒരു മാറ്റം വരുത്തിയതിൽ എനിക്ക് പറഞ്ഞറിയിക്കാനാവാത്ത സന്തോഷമുണ്ട്. നിന്നോട് ഞാൻ ചെയ്ത ഓരോ തെറ്റും ഞാൻ തിരുത്താൻ പോവുകയാണ്. ഇന്നു രാത്രി മുതൽ നമ്മുടെ വലിയ കിടപ്പുമുറി ഒരു ആരാധനാലമായി മാത്രം നമുക്ക് ഉപയോഗിക്കാം; നിന്റെ ചെറിയ ധ്യാനമുറി നമ്മുടെ കിടപ്പുമുറിയുമാക്കി മാറ്റാം. നിന്റെ അനുജനെ പരിഹസിച്ചതിൽ എനിക്ക് ആത്മാർഥമായ ദു:ഖമുണ്ട്. എന്റെ ലജ്ജാകരമായ രീതികൾ കാരണം, ഞാൻ ആത്മീയപാതയിൽ പുരോഗതി നേടിയല്ലാതെ മുകുന്ദനോട് ഇനി സംസാരിക്കുകയില്ലയെന്ന ശിക്ഷ ഞാൻ സ്വയം നൽകുകയാണ്. ഇപ്പോൾമുതൽ ഞാൻ ദിവ്യജനനിയെ ആത്മാർഥമായി തേടും; എന്നെങ്കിലും ഒരു ദിവസം എനിക്ക് ജനനിയെ തീർച്ചയായും കണ്ടേ മതിയാവൂ!” വർഷങ്ങൾക്കുശേഷം (1936—ൽ) ഞാൻ ഡൽഹിയിൽവച്ച് എന്റെ സ്യാലനെ സന്ദർശിച്ചു. അദ്ദേഹം ആത്മസാക്ഷാത്ക്കാരത്തിൽ വളരെ മുമ്പോട്ടുപോയിയെന്നും ദിവ്യജനനിയുടെ ദർശനത്താൽ അനുഗൃഹിതനായിയെന്നും അറിഞ്ഞ് എനിക്ക് അതിയായ സന്തോഷമുണ്ടായി. ഒരു കടുത്തരോഗം ബാധിച്ചിരുന്ന അദ്ദേഹം പകൽ സമയം ഓഫീസ് ജോലിയുണ്ടായിരുന്നിട്ടും രാത്രിയുടെ അധികഭാഗവും രഹസ്യമായി അഗാധ ധ്യാനത്തിൽ ചെലവഴിച്ചിരുന്നുവെന്ന് അദ്ദേഹത്തോടൊത്തുള്ള എന്റെ താമസത്തിനിടയിൽ ഞാൻ ശ്രദ്ധിച്ചു.സതീശിന്റെ ജീവിതം അധികം നീളാൻ ഇടയില്ലെന്ന് എനിക്കു തോന്നി. രമ എന്റെ മനസ്സുവായിച്ചു കാണണം. ‘ ‘പ്രിയ അനുജാ, എനിക്ക് ആരോഗ്യമുണ്ട്, എന്റെ ഭർത്താവിന് അസുഖമാണ്. എന്നിരുന്നാലും ഒരു പതിഭക്തയായ ഹിന്ദുഭാര്യയെന്ന നിലയിൽ ഞാനായിരിക്കും ആദ്യം മരിക്കുക എന്നു നീ മനസ്സിലാക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഇനി അധികം താമസിയാതെ ഞാൻ കടന്നുപോകും.’ ’ 2അവരുടെ വാക്കുകൾകേട്ട് ഞാൻ ഞെട്ടിയെങ്കിലും അവയിലെ സത്യത്തിന്റെ രൂക്ഷത എനിക്കു ബോധ്യമായിരുന്നു. ഈ പ്രവചനത്തിന് ഒന്നരവർഷത്തിനുശേഷം എന്റെ ചേച്ചി മരിച്ചപ്പോൾ ഞാൻ അമേരിക്കയിലായിരുന്നു. പിന്നീട് എന്റെ ഏറ്റവും ഇളയ അനുജൻ വിഷ്ണു എനിക്ക് വിശദവിവരങ്ങൾ തന്നു. ‘ ‘രമയുടെ മരണസമയത്ത് രമയും സതീശനും കൽക്കത്തയിലായിരുന്നു,’ ’ വിഷ്ണു പറഞ്ഞു. ‘ ‘അന്നു രാവിലെ ചേച്ചി വിവാഹദിനത്തിലെ വേഷങ്ങൾ എടുത്തുധരിച്ചു. ‘ ‘ ‘എന്താ ഈ വിശേഷവേഷത്തിൽ?’ സതീശ് അന്വേഷിച്ചു. ‘ ‘ ‘ഈ ലോകത്ത് അങ്ങയെ ഞാൻ സേവിക്കുന്ന അവസാന ദിവസമാണിന്ന്,’ രമ മറുപടി പറഞ്ഞു. ഒരല്പസമയത്തിനുശേഷം അവർക്ക് ഹൃദയാഘാതം ഉണ്ടായി. സഹായത്തിനായി മകൻ വെളിയിലേക്ക് ഓടുമ്പോൾ അവർ പറഞ്ഞു: ‘ ‘ ‘മോനെ, എന്നെ വിട്ടുപോകരുത്. പോയിട്ട് പ്രയോജനമില്ല; ഒരു ഡോക്ടർ വരുമ്പോഴേക്കും ഞാൻ പോയിരിക്കും.’ പത്തുമിനിറ്റിനു ശേഷം രമ തന്റെ ഭർത്താവിന്റെ പാദങ്ങൾ ഭക്തിയോടെ പിടിച്ചുകൊണ്ട് വേദനയില്ലാതെ സന്തുഷ്ടയായി സ്വബോധത്തോടുകൂടി ശരീരം വെടിഞ്ഞു. ‘ ‘ഭാര്യയുടെ നിര്യാണശേഷം സതീശൻ വളരെ അന്തർമുഖനായിത്തീർന്നു,’ ’ വിഷ്ണു തുടർന്നു. ‘ ‘ഒരു ദിവസം സതീശനും ഞാനും പുഞ്ചിരിക്കുന്ന രമയുടെ ഒരു ചിത്രം നോക്കുകയായിരുന്നു. ‘ ‘ ‘എന്താണ് നീ ചിരിക്കുന്നത്’ ? തന്റെ ഭാര്യ അടുത്തുള്ളതുപോലെ സതീശൻ പെട്ടെന്ന് ചോദിച്ചു. ‘എനിക്കുമുമ്പേ പോകാൻ ഏർപ്പാടാക്കിയതിൽ നീ മിടുക്കിയാണെന്നു കരുതുന്നു. നിനക്ക് എന്നിൽ നിന്നകന്ന് ദീർഘനാൾ കഴിയാൻ ആകില്ലെന്ന് ഞാൻ തെളിയിക്കും; വേഗം ഞാൻ നിന്റെ അടുത്തെത്തും.’ ’ ‘ ‘ഈ സമയത്ത് സതീശൻ രോഗത്തിൽനിന്ന് പൂർണവിമുക്തനും നല്ല ആരോഗ്യവാനുമായിരുന്നുവെങ്കിലും ചിത്രത്തിനു മുമ്പിലെ അസാധാരണ പരാമർശം നടത്തിക്കഴിഞ്ഞ് താമസിയാതെ പ്രത്യേകിച്ചു കാരണമൊന്നുംകൂടാതെ അദ്ദേഹം മരിച്ചു.’ ’ അങ്ങനെ എന്റെ പ്രിയപ്പെട്ട ചേച്ചി രമയും, ദക്ഷിണേശ്വരത്തുവച്ച് ഒരു സാധാരണലൗകികനിൽനിന്ന് നിശ്ശബ്ദനായ ഒരു പുണ്യാത്മാവായി മാറിയ ഭർത്താവ് സതീശനും അവർ പ്രവചനം ചെയ്തതുപോലെ ഇഹലോകവാസം വെടിഞ്ഞു. [image file=image_rsrc2H5.jpg] 1 ദേവി, പ്രകാശിക്കുന്നവൾ എന്ന് വാച്യാർഥം. സംസ്കൃതത്തിൽ ദിവ് എന്ന ക്രിയയിൽനിന്ന്.2 തന്റെ ഭർത്താവിന് അവൾ അർപ്പിച്ച ആത്മാർഥമായ സേവനങ്ങളുടെ തെളിവായി ‘നുകം വച്ച നിലയിൽ’ സേവനം അനുഷ്ഠിച്ചുകൊണ്ടുതന്നെ ഭർത്താവിനെക്കാൾ മുമ്പേ മരിക്കുന്നത് ആത്മീയ പുരോഗതിയുടെ ലക്ഷണമായി ഒരു ഹിന്ദു ഭാര്യ വിശ്വസിക്കുന്നു.അധ്യായം 23ഞാൻ സർവകലാശാലാബിരുദം നേടുന്നു ‘ ‘ദർശനശാസ്ത്രത്തിന്റെ പാഠപുസ്തകം വച്ചുകൊണ്ടു ചെയ്യേണ്ട ചില ജോലികൾ നീ അവഗണിക്കുന്നു. പരീക്ഷ കടന്നുകൂടുന്നതിന് അധ്വാനമൊന്നും വേണ്ടാത്ത ഭൂതോദയത്തെയാണ് നീ ആശ്രയിക്കുന്നതെന്നതിന് സംശയമില്ലാ. കുറേക്കൂടി ബുദ്ധിമുട്ടിപ്പഠിക്കാതെ നീ പരീക്ഷ ജയിക്കാൻ പോകുന്നില്ലായെന്നത് ഞാൻ നോക്കിക്കൊള്ളാം.’ ’ ശ്രീരാമപുരത്തെ കോളേജിലെ പ്രഫസർ ഡി.സി. ഘോഷാൽ എന്നെ കർക്കശമായി താക്കീതു ചെയ്യുകയായിരുന്നു. അദ്ദേഹത്തിന്റെ ഈ അവസാന ക്ലാസുപരീക്ഷയിൽ ജയിച്ചില്ലെങ്കിൽ, വർഷാവസാന പരീക്ഷയ'ക്ക് ഇരിക്കാൻ ഞാൻ അയോഗ്യനാവും. വർഷാവസാന പരീക്ഷകൾ കൽക്കത്താ സർവകലാശാലയാണ് സംഘടിപ്പിക്കുന്നത്; ശ്രീരാമപുരം കോളേജ് അതിൽ അംഗത്വമുള്ള ഒരു ശാഖയാണ്. ഭാരതത്തിലെ കലാശാലകളിൽ ഏ. ബീ. പരീക്ഷയിൽ ഒരു വിദ്യാർഥി ഒരു വിഷയത്തിൽ തോറ്റാൽ

അടുത്തവർഷം എല്ലാ വിഷയവും ഒരുമിച്ച് എഴുതേണ്ടിവരുന്നു.ശ്രീരാമപുരം കോളേജിലെ അധ്യാപകർ സാധാരണഗതിയിൽ എന്നോട് നേരിയ തമാശ കലർന്ന കാരുണ്യത്തോടെ പെരുമാറിയിരുന്നു. ‘ ‘മുകുന്ദന് മതത്തിന്റെ ലഹരി അല്പം ഏറിപ്പോയി.’ ’ ഇപ്രകാരം വിലയിരുത്തിയിട്ട്, ക്ലാസ്സുറിയിലെ ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ ശ്രമിക്കുകയെന്ന ഉൾക്കിടിലത്തിൽനിന്ന് അവർ എന്നെ നയപരമായി ഒഴിവാക്കിയിരുന്നു; അവസാനത്തെ ക്ലാസ്സപരീക്ഷകൾ, ഏ.ബീ. പരീക്ഷ എഴുതുന്ന വിദ്യാർഥികളുടെ അവസാന പട്ടികയിൽനിന്ന് എന്നെ ഒഴിവാക്കിക്കൊള്ളുമെന്ന് അവർ വിശ്വസിച്ചു. എന്റെ സഹപാഠികൾ എന്നെപ്പറ്റിയുള്ള അഭിപ്രായം അവർ എനിക്കു തന്ന ഇരട്ടപ്പേരിൽനിന്ന് പ്രകടമാണ് - ‘ ‘കിറുക്കൻ സന്ന്യാസി.’ ’ ദർശനശാസ്ത്രത്തിൽ പരാജയപ്പെടുത്തുമെന്ന പ്രഫസർ ഘോഷാലിന്റെ ഭീഷണിയെ വിഫലമാക്കാൻ ഞാൻ ഒരു കൗശലം പ്രയോഗിച്ചു. അവസാന ക്ലാസുപരീക്ഷകളുടെ ഫലങ്ങൾ പ്രസിദ്ധപ്പെടുത്താറായപ്പോൾ പ്രഫസറുടെ മുറിയിൽ എന്റെ കൂടെ വരുവാൻ ഒരു സഹപാഠിയോട് ഞാൻ ആവശ്യപ്പെട്ടു. ‘ ‘വരൂ, എനിക്കൊരു സാക്ഷിവേണം. ഈ അധ്യാപകനെ കടത്തിവെട്ടാൻ കഴിഞ്ഞില്ലെങ്കിൽ എനിക്കത് വലിയ നിരാശയാകും.’ ’ എന്റെ ഉത്തരക്കടലാസിന് എത്ര മാർക്ക് ലഭിച്ചുവെന്ന് പ്രഫസർ ഘോഷാലിനോട് അന്വേഷിച്ചപ്പോൾ അദ്ദേഹം നിഷേധാർഥത്തിൽ തലകുലുക്കി. ‘ ‘ജയിച്ചവരുടെ കൂട്ടത്തിൽ നീ ഇല്ല,’ ’ അദ്ദേഹം വിജയഭാവത്തിൽ പറഞ്ഞു. തന്റെ മേശമേൽ ഉണ്ടായിരുന്ന വലിയ കെട്ടിൽ അദ്ദേഹം തിരഞ്ഞു. ‘ ‘നിന്റെ കടലാസ് ഇവിടെ കാണുന്നതേയില്ല; പരീക്ഷയ'ക്ക് ഹാജരാകാത്തതുകൊണ്ട് നീ എന്തായാലും തോറ്റു.’ ’ ഞാൻ ചെറുതായി ചിരിച്ചു. ‘ ‘സർ, ഞാൻ പരീക്ഷയ'ക്ക് ഉണ്ടായിരുന്നു. ഉത്തരക്കടലാസുകെട്ടിൽ ഞാൻ ഒന്നു നോക്കിക്കോട്ടേയോ?’ ’ എന്തു ചെയ്യണമെന്നറിയാതെ പ്രഫസർ അനുവാദം തന്നു; നമ്പറല്ലാതെ തിരിച്ചറിയാനുള്ള എല്ലാ അടയാളങ്ങളും ശ്രദ്ധയോടെ ഞാൻ ഒഴിവാക്കിയിരുന്ന എന്റെ ഉത്തരക്കടലാസ് ഞാൻ വേഗം കണ്ടുപിടിച്ചു. എന്റെ പേരെന്ന ‘ ‘ചുവന്നകൊടി’ ’ മുന്നറിയിപ്പു നൽകാതിരുന്നതുകൊണ്ട് എന്റെ ഉത്തരങ്ങൾ, പാഠപുസ്തകങ്ങളിലെ ഉദ്ധരണികളും മറ്റും ഇല്ലാതിരുന്നിട്ടുപോലും ഉയർന്ന മാർക്ക് നേടി.1എന്റെ വിദ്യ മനസ്സിലായപ്പോൾ അദ്ദേഹം ഗർജിച്ചു. ‘ ‘വെറും യാദൃച്ഛികത!’ ’ അദ്ദേഹം പ്രതീക്ഷയോടെ കൂട്ടിച്ചേർത്തു. ‘ ‘ഏ.ബീ. പരീക്ഷയ'ക്ക് നീ തീർച്ചയായും തോൽക്കും.’ ’ മറ്റു വിഷയങ്ങളിലെ പരീക്ഷകൾക്കുവേണ്ടി പഠിപ്പിക്കലും പരിശീലനവും എനിക്ക് ലഭിച്ചു; പ്രത്യേകിച്ച് എന്റെ പ്രിയസുഹൃത്തും അച്ഛന്റെ സഹോദരൻ ശാരദായുടെ മകനുമായ, പ്രഭാസ് ചന്ദ്ര ഘോഷിൽനിന്ന്. ജയിക്കുന്നതിന് ആവശ്യമായ ഏറ്റവും കുറവ് മാർക്കോടെ എല്ലാ പരീക്ഷകളിലും ഞാൻ കഷ്ടിച്ച് കടന്നുകൂടി. [image file=image_rsrc2HW.jpg] പരമഹംസ യോഗാനന്ദനും അദ'ദ്ദേഹത്തിന്റെ മച്ചുനൻ പ്രഭാസ് ചന്ദ്ര ഘോഷും, കൽക്കത്തയിൽ ഡിസംബർ 1919. ശ്രീ യോഗാനന്ദന്റെ ആജീവനാന്ത സുഹൃത്തും ശിഷ്യനും അച്ഛന്റെ സഹോദരപുത്രനും ആയിരുന്ന ശ്രീ ഘോഷ് 1975-ൽ അദ്ദേഹം മരിക്കുന്നതുവരെ നാല്പതു കൊല്ലത്തോളം വൈ എസ് എസ് ന്റെ വൈസ് പ്രസിഡന്റായിരുന്നു.ഇപ്പോൾ കോളേജിലെ നാലു വർഷങ്ങൾക്കു ശേഷം ഏ.ബി. പരീക്ഷയ'ക്ക് ഇരിക്കാൻ ഞാൻ അർഹനായി. ഇതൊക്കെയാണെങ്കിലും ഈ പ്രത്യേകാനുകൂല്യം അനുഭവിക്കാൻ കഴിയുമെന്ന് ഞാൻ തീരെ പ്രതീക്ഷിച്ചതല്ല. ശ്രീരാമപുരം കോളേജിലെ പരീക്ഷകൾ കൽക്കത്താ സർവകലാശാലയിലെ കടുത്ത പരീക്ഷകളുമായി തട്ടിച്ചുനോക്കുമ്പോൾ വെറും കുട്ടിക്കളി മാത്രമായിരുന്നു. ശ്രീ യുക്തേശ്വരന്റെ അടുത്തേക്ക് എന്റെ ഏറെക്കുറെ നിത്യമായ സന്ദർശനം കോളേജ്ഹാളുകളിൽ കയറാൻ എനിക്ക് ഒട്ടും സമയം അനുവദിച്ചിരുന്നില്ല. അവിടെ എന്റെ അസാന്നിധ്യത്തെക്കാൾ എന്റെ സാന്നിധ്യമാണ് സഹപാഠികളിൽ അത്ഭുതം ഉളവാക്കിയത്.ഏതാണ്ട് എല്ലാ ദിവസവും ഞാൻ പിൻതുടർന്നിരുന്ന പതിവ്, രാവിലെ ഒമ്പതര മണിക്ക് സൈക്കിളിൽ യാത്രയാകുന്നതോടെ തുടങ്ങുന്നു. ഒരു കൈയിൽ ഗുരുദേവനുള്ള ഉപഹാരം ഉണ്ടാകും - ‘പന്ഥി’ - യിലെ പൂന്തോട്ടത്തിൽനിന്ന് ഏതാനും പൂക്കൾ. എന്നെ സ്നേഹത്തോടെ സ്വീകരിക്കുന്ന ഗുരുദേവൻ ഉച്ചയൂണിന് ക്ഷണിക്കും. അന്നത്തേക്ക് കോളേജിനെപ്പറ്റിയുള്ള ചിന്തകളെ അകറ്റാമെന്നു സന്തോഷിച്ച് ഞാൻ അത് ഉത്സാഹപൂർവം എല്ലായ്പ്പോഴും സ്വീകരിച്ചിരുന്നു. ശ്രീ യുക്തേശ്വരന്റെ അതുല്യമായ ജ്ഞാനപ്രവാഹം ശ്രദ്ധിച്ചു കൊണ്ടോ ആശ്രമജോലികളിൽ സഹായിച്ചുകൊണ്ടോ അദ്ദേഹത്തോടൊപ്പം മണിക്കൂറുകൾ ചെലവഴിച്ചശേഷം പാതിരായോടടുത്ത് പന്ഥിയിലേക്ക് ഞാൻ മടിയോടെ തിരിച്ചുപോകും. ഇടയ'ക്കിടയ'ക്ക് ഞാൻ എന്റെ ഗുരുദേവനോടൊത്ത് രാത്രി മുഴുവനും കഴിക്കുമായിരുന്നു. അദ്ദേഹത്തിന്റെ സംഭാഷണങ്ങളിൽ സന്തോഷപൂർവം എല്ലാം മറന്നിരിക്കുന്ന ആ വേളകളിൽ ഇരുൾ മാറി പ്രഭാതം അണയുന്നത് ഞാൻ അറിഞ്ഞിരുന്നതേയില്ല.ഒരു രാത്രിയിൽ പതിനൊന്നുമണിയോടടുത്ത് താമസസ'ഥലത്തേക്ക് യാത്രതിരിക്കാൻ പാദരക്ഷ ധരിച്ചുകൊണ്ടിരുന്നപ്പോൾ ഗുരുദേവൻ ഗൗരവമായി എന്നോട് ചോദിച്ചു: ‘ ‘നിന്റെ ഏ.ബീ. പരീക്ഷ എന്നാണ് തുടങ്ങുന്നത്?’ ’ ‘ ‘ഇനി അഞ്ചു ദിവസം കഴിഞ്ഞ്.’ ’ ‘ ‘നീ തയ്യാറാണെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.’ ’ അന്ധാളിപ്പുകൊണ്ടു സ്തംഭിച്ചുപോയ ഞാൻ ഒരു പാദരക്ഷ വായുവിൽ ഉയർത്തിപ്പിടിച്ച നിലയിൽ നിന്നു. ‘ ‘പ്രഭോ,’ ’ ഞാൻ തറപ്പിച്ചു പറഞ്ഞു, ‘ ‘എന്റെ ദിനങ്ങൾ പ്രഫസർമാരുടെ കൂടെയല്ലാതെ അങ്ങയോ ടൊത്താണ് ഞാൻ ചെലവഴിച്ചതെന്ന് അങ്ങേയ'ക്ക് അറിയാം. പ്രയാസമേറിയ പരീക്ഷകൾക്ക് ഇരിക്കുക എന്ന

പ്രഹസനം നടത്താൻ എനിക്ക് എങ്ങനെ കഴിയും?' ' ശ്രീ യുക്തേശ്വരന്റെ ദൃഷ്ടി എന്റെ കണ്ണുകൾ തുളച്ചു. ' 'നീ പരീക്ഷയ'ക്ക് ഇരിക്കണം,' ' അദ്ദേഹത്തിന്റെ സ്വരം നിർദയവും ആധികാരികവുമായിരുന്നു. ' 'ആശ്രമജീവിതത്തോടുള്ള നിന്റെ താല്പര്യക്കൂടുതലിനെ നിന്റെ അച്ഛനും മറ്റു ബന്ധുക്കളും കുറ്റം പറയാൻ നാം ഇടയാക്കരുത്. പരീക്ഷകൾക്കു ഹാജരാകുമെന്ന് മാത്രം നീ ഉറപ്പുതരൂ. കഴിയുന്നിടത്തോളം ഭംഗിയായി എഴുതുക.' ' നിയന്ത്രിക്കാനാവാത്ത കണ്ണുനീർ എന്റെ കവിളിലൂടെ ഒഴുകു കയായിരുന്നു. ഗുരുദേവന്റെ ആജ്ഞ അന്യായവും അദ്ദേഹത്തിന്റെ താല്പര്യം ഏറ്റവും മിതമായ ഭാഷയിൽ പറഞ്ഞാൽ ഏറെ വൈകിപ്പോയതുമാണെന്ന് എനിക്കുതോന്നി. ' 'അങ്ങയുടെ ആഗ്രഹം അതാണെങ്കിൽ ഞാൻ പരീക്ഷയ'ക്ക് ഇരിക്കാം.' ' ഒരു തേങ്ങലോടെ ഞാൻ പറഞ്ഞു. ' 'പക്ഷേ ശരിയായ തയ്യാറെടുപ്പിന് ഇനി സമയമില്ലാ.' ' ഞാൻ സ്വയം പിറുപിറുത്തു, ' 'ചോദ്യങ്ങൾക്ക് ഉത്തരമായി ഞാൻ അങ്ങയുടെ വചനങ്ങൾകൊണ്ട് കടലാസുകൾ നിറയ'ക്കും!' ' അടുത്തദിവസം എന്റെ പതിവുസമയത്ത് ആശ്രമത്തിൽ എത്തിയ ഞാൻ എന്റെ പൂച്ചെണ്ട് മനോവേദനയോടെ ശ്രീ യുക്തേശ്വരന് നൽകി. എന്റെ വിഷാദഭാവം കണ്ട് അദ്ദേഹം ചിരിച്ചു. ' 'മുകുന്ദാ, പരീക്ഷയ'ക്കോ മറ്റേതെങ്കിലും കാര്യത്തിനോ നിന്നെ സഹായിക്കുന്നതിൽ ജഗൽപ്രഭു ഉതകാതെ വന്നിട്ടുണ്ടോ?' ' ' 'ഇല്ല പ്രഭോ,' ' ഞാൻ സന്തുഷ്ടനായിപ്പറഞ്ഞു. കൃതജ്ഞതയുടെ സ്മരണകൾ ഒരു പ്രവാഹംപോലെ എന്നിൽ ഉണർന്നു. ' ' മടിയല്ല, ഈശ്വരനിലുള്ള തീക്ഷ്ണമായ അഭിനിവേശമാണ് കലാശാലാബഹുമതികൾ തേടുന്നതിൽനിന്ന് നിന്നെ തടഞ്ഞത്,' ' എന്റെ ഗുരുദേവൻ കാരുണ്യപൂർവം പറഞ്ഞു. അല്പനേരത്തെ മൗനത്തിനുശേഷം അദ്ദേഹം ബൈബിൾ ഉദ്ധരിച്ചു: ' 'നിങ്ങളാദ്യം അവന്റെ രാജ്യവും അവന്റെ നീതിയും തേടുക; അങ്ങനെയാണെങ്കിൽ ഇവയൊക്കെയുംകൂടി നിങ്ങൾക്ക് നൽകപ്പെടും.' ' 2ഗുരുദേവന്റെ സാന്നിധ്യത്തിൽ എന്റെ ഭാരം ലഘുവായിത്തീരുന്നത് ഒരു ആയിരാമത്തെ പ്രാവശ്യം എനിക്ക് അനുഭവപ്പെട്ടു. കാലേകൂട്ടിയുള്ള ഉച്ചയൂണു കഴിഞ്ഞപ്പോൾ ഞാൻ പന്ഥിയിലേക്ക് മടങ്ങണമെന്ന് അദ്ദേഹം നിർദേശിച്ചു. ' 'നിന്റെ സ്നേഹിതൻ രമേശ ചന്ദ്ര ദത്ത് ഇപ്പോഴും അവിടെ ത്തന്നെയാണോ താമസം?' ' ' 'അതേ, പ്രഭോ.' ' ' 'അവനെ ചെന്നു കാണുക. പരീക്ഷകളിൽ നിന്നെ സഹായിക്കാൻ ജഗദീശ്വരൻ അവന് പ്രചോദനം നൽകും.' ' ' ' ശരി, പ്രഭോ; പക്ഷേ രമേശ് അസാധാരണമാംവിധം തിരക്കിലാണ്. അവനാണ് ക്ലാസ്സിലെ ഒന്നാമൻ. മറ്റുള്ളവരേക്കാൾ ഏറെ പഠിക്കാനുണ്ടവന്.' ' ഗുരുദേവൻ എന്റെ എതിർപ്പുകൾ തള്ളിക്കളഞ്ഞു. ' 'രമേശ് നിനക്കുവേണ്ടി സമയം കണ്ടെത്തും. നീ ചെല്ലൂ.' ' ഞാൻ പന്ഥിയിലേക്ക് സൈക്കിളിൽ തിരിച്ചപോയി. വിടുതിവീട്ടുവളപ്പിൽ ഞാൻ ആദ്യം കണ്ടത് പഠിക്കാൻ ബഹുമിടുക്കനായിരുന്ന രമേശിനെ ആയിരുന്നു. അവന്റെ ദിവസങ്ങൾ ഒരു ജോലിയുമില്ലാതെ സ്വതന്ത്രമായിരുന്നുവെന്നു തോന്നുംവണ്ണം അവൻ, സങ്കോചത്തോടെയുള്ള എന്റെ അപേക്ഷ സസന്തോഷം സ്വീകരിച്ചു. ' ' തീർച്ചയായും! ഞാൻ നിനക്ക് എന്തും ചെയ്യുതരാം.' ' അന്നും അടുത്ത ഏതാനും ദിവസങ്ങളിലും അനവധി മണിക്കൂറുകൾ എന്നെ വിവിധവിഷയങ്ങൾ പഠിപ്പിക്കുന്നതിന് അവൻ ചെലവഴിച്ചു. ' ' ഇംഗ്ലീഷ് സാഹിത്യപരീക്ഷയിലെ അനേകം ചോദ്യങ്ങൾ ചൈൽഡ് ഹാരൽഡിന്റെ യാത്രാമാർഗത്തെപ്പറ്റിയുള്ളതായിരിക്കും എന്നു ഞാൻ കരുതുന്നു. നമുക്ക് ഉടൻ തന്നെ ഒരു ഭൂപടം സംഘടിപ്പിക്കണമല്ലോ,' ' അവൻ പറഞ്ഞു.ഞാൻ എന്റെ പിതൃസഹോദരൻ ശാരദായുടെ വീട്ടിൽ ഓടിപ്പോയി ഒരു ഭൂപടം കൊണ്ടുവന്നു. ബൈറന്റെ പ്രേമലോലുപനായ യാത്രികൻ സന്ദർശിച്ച സ'ഥലങ്ങൾ യൂറോപ്പിന്റെ ഭൂപടത്തിൽ അടയാളപ്പെടുത്തി.ഈ പഠിപ്പിക്കൽ കേൾക്കാൻ ഏതാനും സഹപാഠികൾ ചുറ്റും കൂടി. ഒരു ക്ലാസ്സിനുശേഷം അവരിലൊരാൾ അഭിപ്രായപ്പെട്ടു, ' 'രമേശ് നിന്നെ തെറ്റായി ഉപദേശിക്കുകയാണ്. പുസ്തകങ്ങളെ അധികരിച്ച് അമ്പതു ശതമാനം ചോദ്യങ്ങളേ സാധാരണകാണൂ; ബാക്കി അമ്പതു ശതമാനം ഗ്രന്ഥകാരന്മാരുടെ ജീവിതത്തെപ്പറ്റി ആയിരിക്കും. ' ' ഇംഗ്ലീഷ് സാഹിത്യപരീക്ഷയ'ക്ക് ഇരുന്നപ്പോൾ ചോദ്യക്കടലാസിൽ ആദ്യം ഞാൻ നോക്കിയപ്പോൾ തന്നെ എന്റെ കവിളിലൂടെ കൃതജ്ഞതയുടെ കണ്ണുനീർ കടലാസ്സുകളെ നനച്ചുകൊണ്ട് ഒഴുകാൻ ഇടയായി. ക്ലാസ്സിലെ മോണിറ്റർവന്ന് എന്നോട് അനുകമ്പയോടെ കാര്യം അന്വേഷിച്ചു. ' 'എന്റെ ഗുരുദേവൻ മുൻകൂട്ടിപ്പറഞ്ഞിരുന്നു, രമേശ് എന്നെ സഹായിക്കുമെന്ന്,' ' ഞാൻ വിശദീകരിച്ചു. ' 'നോക്കൂ, രമേശ് സൂചിപ്പിച്ച അതേ ചോദ്യങ്ങൾതന്നെ വന്നിരിക്കുന്നു!' ' ഞാൻ തുടർന്നു. ' 'എന്റെ ഭാഗ്യമെന്നുപറയട്ടെ, എന്നെ സംബന്ധിച്ചിടത്തോളം അഗാധമായ നിഗൂഢതയിലാണ്ട ജീവിതങ്ങളുള്ള ബ്രിട്ടീഷ് ഗ്രന്ഥകാരന്മാരെപ്പറ്റി ഇക്കൊല്ലം ചോദ്യങ്ങൾ വളരെ കുറവാണ്.' ' ഞാൻ തിരിച്ചെത്തിയപ്പോൾ എന്റെ താമസസ'ഥലം ഒച്ചപ്പാടു കൊണ്ടു നിറഞ്ഞിരുന്നു. രമേശിന്റെ പഠിപ്പിക്കലിലുള്ള എന്റെ വിശ്വാസത്തെ പരിഹസിച്ചിരുന്ന വിദ്യാർഥികൾ അഭിനന്ദനങ്ങൾ കൊണ്ട് എന്റെ കാതടപ്പിച്ചു. പരീക്ഷയുടെ ആഴ്ചയിൽ രമേശോടൊപ്പം ആവുന്നത്ര സമയം തുടർന്നു ഞാൻ ചെലവഴിച്ചു. പരീക്ഷയ'ക്ക് പ്രഫസർമാർ ചോദിക്കുമെന്ന് അവൻ കരുതിയ ചോദ്യങ്ങൾ അവൻ രൂപപ്പെടുത്തി. ദിവസംതോറും രമേശിന്റെ ചോദ്യങ്ങൾ ഏറെക്കുറെ അതേ വാക്കുകളിൽ പരീക്ഷയ'ക്കുവന്നു.ദിവ്യാത്ഭുതംപോലെയുള്ള എന്തോ ഒന്ന് സംഭവിക്കുന്നുവെന്നും അശ്രദ്ധനായ കിറുക്കൻ സന്ന്യാസി ജയിച്ചേക്കാനുള്ള സാധ്യത കാണുന്നുവെന്നുമുള്ള വാർത്ത കോളജിലെങ്ങും പരന്നു. സംഗതിയുടെ സത്യാവസ'ഥ മറച്ചു പിടിക്കാൻ ഞാൻ ശ്രമിച്ചില്ല. കൽക്കത്താ സർവകലാശാല പ്രഫസർമാർ തയ്യാറാക്കിയ ചോദ്യങ്ങൾ

മാറ്റാൻ സ'ഥലത്തെ പ്രഫസർമാർക്ക് കഴിവില്ലായിരുന്നു.ഇംഗ്ലീഷ്സാഹിത്യത്തിലെ പരീക്ഷയെപ്പറ്റി വീണ്ടും ചിന്തിച്ചപ്പോൾ ഞാൻ ഒരു വലിയ അബദ്ധംകാട്ടിയെന്ന് ഒരു ദിവസം രാവിലെ എനിക്കു മനസ്സിലായി. ചില ചോദ്യങ്ങൾ 'എ' അല്ലെങ്കിൽ 'ബി' എന്നും 'സി' അല്ലെങ്കിൽ 'ഡി' എന്നും രണ്ടുഭാഗങ്ങളായി തിരിച്ചിരുന്നു; ഓരോ ഭാഗത്തിലെയും ഓരോ ചോദ്യത്തിന് ഉത്തരം എഴുതുന്നതിനുപകരം ഞാൻ ആദ്യഭാഗത്തിലെ രണ്ടുചോദ്യത്തിനും ഉത്തരമെഴുതിയിട്ട് രണ്ടാമത്തെ ഭാഗം അലക്ഷ്യമായി വിട്ടുകളഞ്ഞു. അതിൽ എനിക്കു ലഭിക്കാവുന്ന ഏറ്റവും നല്ല മാർക്ക് മുപ്പത്തിമൂന്നായിരുന്നു - ജയിക്കാൻ വേണ്ട മുപ്പത്തിയാറിൽ നിന്ന് മൂന്നുമാർക്ക് കുറവ്.ഞാൻ ഗുരുദേവന്റെയടുത്ത് പാഞ്ഞെത്തി എന്റെ ബുദ്ധിമുട്ടുകൾ വെളിവാക്കി. ' 'പ്രഭോ, ഞാൻ പൊറുക്കാനാവാത്ത ഒരു മണ്ടത്തരം കാണിച്ചു. രമേശിലൂടെ ലഭിച്ച ദൈവികാനുഗ്രഹത്തിന് ഞാൻ അർഹനല്ല; ഞാൻ തീർത്തും അയോഗ്യനാണ്' ' ' 'സന്തോഷമായിരിക്കൂ മുകുന്ദാ.' ' ശ്രീ യുക്തേശ്വരന്റെ സ്വരം ലാഘവമാർന്നതും ഉത്കണ്ഠാരഹിതവും ആയിരുന്നു. അദ്ദേഹം ആകാശത്തിന്റെ നീലമേലാപ്പിലേക്കു ചൂണ്ടി. ' 'നിനക്ക് നിന്റെ ഡിഗ്രി കിട്ടാതിരിക്കുന്നതിനെക്കാൾ സാദ്ധ്യത ആകാശത്തിൽ സൂര്യനും ചന്ദ്രനും അവരുടെ സ'ഥാനങ്ങൾ വച്ചുമാറുന്നതിനാണ്.' ' കണക്കുകൂട്ടിയാൽ ഞാൻ ജയിക്കുമെന്നത് അചിന്ത്യമായിരുന്നെങ്കിലും ഞാൻ ആശ്രമം വിട്ടത് ഏറെ പ്രശാന്തമായ ഒരു മനോഭാവത്തോടെയായിരുന്നു. ഒന്നോ രണ്ടോ പ്രാവശ്യം ആശങ്കയോടെ ഞാൻ ആകാശത്തേക്ക് നോക്കി; ദിനേശൻ തന്റെ പതിവുഭ്രമണപഥത്തിൽ ഉറച്ചുനിൽക്കുന്നതായി കാണപ്പെട്ടു.ഞാൻ പന്ഥിയിലെത്തിയപ്പോൾ ഒരു സഹപാഠിപറയുന്നതു കേൾക്കാനിടയായി: ' 'ഇക്കൊല്ലം, ആദ്യമായി, ഇംഗ്ലീഷ്സാഹിത്യത്തിൽ ജയിക്കാനാവശ്യമായ മാർക്ക് കുറച്ചിരിക്കുന്നുവെന്ന് സ്വല്പം മുമ്പ് എനിക്ക് അറിവുകിട്ടി.' ' ഞാൻ ആ കുട്ടിയുടെ മുറിയിൽ കടന്നുകയറിയ തിടുക്കംകണ്ട് അവൻ ആശങ്കയോടെ തലയുയർത്തിനോക്കി. ഞാൻ ആകാംക്ഷയോടെ അവനെ ചോദ്യംചെയ്തു. ' 'നീണ്ടമുടിക്കാരൻ സന്ന്യാസീ,' ' ചിരിച്ചുകൊണ്ട് അവൻ ചോദിച്ചു. ' 'പഠിത്തകാര്യങ്ങളിൽ എന്താണ് പെട്ടെന്ന് ഒരു താല്പര്യം? എന്തിനാണ് പതിനൊന്നാം മണിക്കൂറിൽ കരയുന്നത്? പക്ഷേ, പാസ്മാർക്ക് ഇപ്പോൾ മുപ്പത്തിമൂന്നായിക്കുറച്ചിട്ടുണ്ട് എന്നത് സത്യമാണ്.' ' ആഹ്ലാദത്തോടെ തുള്ളിച്ചാടി ഞാൻ എന്റെ മുറിയിൽ എത്തി, മുട്ടുകുത്തിനിന്ന് ദിവ്യപിതാവിന്റെ ഗണിതപരമായ കൃത്യത വാഴ്ത്തി.ഒരു ആത്മീയസാന്നിധ്യത്തിന്റെ ബോധത്തിൽ ഓരോ ദിവസവും ഞാൻ രോമാഞ്ചമണിഞ്ഞു. അത് എന്നെ രമേശിലൂടെ നയിക്കുന്നതായി വ്യക്തമായി ഞാൻ മനസ്സിലാക്കി. ബംഗാളി ഭാഷയിലെ എന്റെ പരീക്ഷയോടു ബന്ധപ്പെട്ട് ഒരു പ്രധാനസംഭവം ഉണ്ടായി. ഒരു ദിവസം രാവിലെ ഞാൻ പരീക്ഷാഹാളിലേക്കുതിരിക്കുമ്പോൾ രമേശൻ എന്നെ വിളിച്ചു. എന്നെ ആ വിഷയത്തിൽ അവൻ പരിശീലിപ്പിച്ചിട്ടില്ലായിരുന്നു. ' 'രമേശ് നിന്നെ ഉച്ചത്തിൽ വിളിക്കുന്നു.' ' ഒരു സഹപാഠി അക്ഷമനായി എന്നോടു പറഞ്ഞു. ' 'തിരിച്ചുപോകരുത്; പരീക്ഷയ'ക്ക് നാം താമസിക്കും.' ' ആ ഉപദേശം അവഗണിച്ചുകൊണ്ട് ഞാൻ തിരിഞ്ഞോടി. ' 'സാധാരണയായി ബംഗാളി പരീക്ഷ നമ്മുടെ ബംഗാളി കുട്ടികൾ എളുപ്പത്തിൽ ജയിക്കും.' ' രമേശൻ പറഞ്ഞു. ' 'ഇക്കൊല്ലം ഉപപാഠപുസ്തകങ്ങളിൽനിന്ന് ചോദ്യംചോദിച്ച് കുട്ടികളെ ശരിക്കും കശാപ്പുചെയ്യാൻ പ്രഫസർമാർ ഉദ്ദേശിച്ചിട്ടുണ്ടെന്ന് ഒരു ഭൂതോദയം എനിക്കുണ്ടായി.' ' പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത് ജീവിച്ചിരുന്ന പ്രസിദ്ധ ബംഗാളി മനുഷ്യസ്നേഹി വിദ്യാസാഗറിന്റെ ജീവിതത്തിലെ രണ്ടു കഥകളുടെ രൂപരേഖ തുടർന്ന് അവൻ പറഞ്ഞുതന്നു.രമേശിന് നന്ദിപറഞ്ഞുകൊണ്ട് ഞാൻ വേഗത്തിൽ പരീക്ഷ ഹാളിലേക്ക് സൈക്കളിൽ തിരിച്ചു. ബംഗാളി പരീക്ഷാകടലാസിന് രണ്ടു ഭാഗങ്ങളുള്ളതായി ഞാൻ കണ്ടു. ആദ്യചോദ്യം വിദ്യാസാഗറി3ന്റെ ജീവിതത്തിലെ മനുഷ്യകാരുണ്യപരമായ പ്രവർത്തിയുടെ രണ്ട് ഉദാഹരണങ്ങളെഴുതുക എന്നതായിരുന്നു. ഈ അടുത്തസമയം മാത്രം നേടിയ അറിവ് കടലാസിലേക്കു പകർത്തിയപ്പോൾ, രമേശിന്റെ അന്ത്യനിമിഷത്തിലുള്ള വിളി ഞാൻ ശ്രദ്ധിക്കാനിടയായതിന് ഏതാനും നന്ദിവാക്കുകൾ ഞാൻ മന്ത്രിച്ചു. വിദ്യാസാഗറിന്റെ മഹാമനസ്കത (ഇപ്പോൾ എന്നോട് കാട്ടിയ ഒരു മഹാമനസ്കതയും അതിൽ പെടുന്നു) എനിക്ക് അറിവില്ലായിരുന്നുവെങ്കിൽ എനിക്ക് ബംഗാളി പരിക്ഷയിൽ വിജയിക്കാൻകഴിയുമായിരുന്നില്ല.ചോദ്യക്കടലാസിലെ രണ്ടാമത്തെ ചോദ്യം ഇപ്രകാരമായിരുന്നു: ' 'നിങ്ങളെ ഏറ്റവുമധികം പ്രചോദിപ്പിച്ചിട്ടുള്ള മനുഷ്യന്റെ ജീവിതത്തെക്കുറിച്ച് ബംഗാളിയിൽ ഒരു ലേഖനം എഴുതുക.' ' പ്രിയപ്പെട്ട വായനക്കാരാ, എന്റെ ലേഖനത്തിന് ഞാൻ ആരെ തിരഞ്ഞെടുത്തുവെന്ന് പറയേണ്ടതില്ലല്ലോ. എന്റെ ഗുരുദേവനെ വാഴ്ത്തി താളുകൾ ഒന്നിനുപുറകെ ഒന്നായി എഴുതി നിറച്ചപ്പോൾ എന്റെ പ്രവചനം യഥാർഥമാകുന്നു എന്നു മനസ്സിലാക്കി ഞാൻ പുഞ്ചിരിച്ചു: ' 'ഞാൻ അങ്ങയുടെ വചനങ്ങൾകൊണ്ട് കടലാസുകൾ നിറയ'ക്കും!' ' ഫിലോസഫി (ദർശനശാസ്ത്രം)യിൽ എന്തെങ്കിലും രമേശിനോട് ചോദിക്കണമെന്ന് എനിക്കു തോന്നിയില്ല. ശ്രീ യുക്തേശ്വരന്റെ കീഴിലെ നീണ്ട ശിക്ഷണത്തിൽ വിശ്വാസം പുലർത്തി ഞാൻ പുസ്തകത്തിലെ വിശദീകരണങ്ങൾ സുരക്ഷിതമായി അവഗണിച്ചു. എനിക്ക് ഏറ്റവുമധികം മാർക്കു ലഭിച്ചത് ഫിലോസഫിയിൽ ആയിരുന്നു. മറ്റെല്ലാ വിഷയങ്ങളിലും എന്റെ മാർക്ക് കഷ്ടിച്ച് ജയിക്കാനുള്ളതുമാത്രമായിരുന്നു.എന്റെ നിസ്വാർഥസ്നേഹിതൻ രമേശ് തന്റെ ഡിഗ്രി പ്രശസ്തമായ നിലയിൽ സമ്പാദിച്ചുവെന്നത് രേഖപ്പെടുത്താൻ സന്തോഷമുണ്ട്.എന്റെ ബിരുദലബ്ധിയിൽ അച്ഛന്റെ

മുഖത്ത് പുഞ്ചിരിപ്പൂക്കൾ വിടർന്നു. ‘ ‘മുകുന്ദാ, നീ ജയിക്കുമെന്ന് ഞാൻ കരുതിയതേയില്ലാ,’ ’ അദ്ദേഹം ഏറ്റുപറഞ്ഞു. ‘ ‘അത്രയധികം സമയമാണ് നീ ഗുരുദേവനോടൊത്ത് ചെലവഴിക്കുന്നത്. ’ ’ അച്ഛന്റെ മൗനവിമർശനം ഗുരുദേവൻ ശരിക്കും തിരിച്ചറിഞ്ഞിരുന്നു.എന്റെ പേരിന്റെ പിന്നിൽ ഒരു ഏ.ബീ. എപ്പോഴെങ്കിലും ഉണ്ടാകുമോ എന്ന് വർഷങ്ങളായി എനിക്കു സംശയമുണ്ടായിരുന്നു. ഏതാണ്ട് അവ്യക്തമായ കാരണങ്ങളാൽ എന്നിൽ നിക്ഷിപ്തമായ ഒരു ദൈവികസമ്മാനമാണ് അതെന്ന് വിചാരിക്കാതെ ആ ബിരുദം ഞാൻ ഉപയോഗിക്കാറില്ല. കാണാപാഠം പഠിച്ച അറിവുകൾ അവരിൽ പരീക്ഷകൾക്കു ശേഷം നിലനിന്നിരുന്നില്ലായെന്ന് കലാശാലാവിദ്യാഭ്യാസം ലഭിച്ചവർ ചിലപ്പോഴൊക്കെ പറയുന്നത് ഞാൻ കേൾക്കാറുണ്ട്. ആ ഏറ്റുപറച്ചിൽ എന്റെ കലാശാലവിദ്യാഭ്യാസത്തിലെ നിസ്തർക്കമായ ന്യൂനതകളുടെ കാര്യത്തിൽ ഒരല്പം സാന്ത്വനം പകരുന്നു.എനിക്ക് കൽക്കത്തായൂനിവേഴ്സിറ്റിയിൽ നിന്ന് ബിരുദം ലഭിച്ച 1915 ജൂണിലെ ആ ദിവസം ഞാനെന്റെ ഗുരുദേവന്റെ പാദങ്ങളിൽ നമിച്ച് അദ്ദേഹത്തിന്റെ ജീവനിൽനിന്ന് എന്നിലേക്ക് ഒഴുകിയ4 അനുഗ്രഹാശിസ്സുകൾക്ക് നന്ദിപ്രകാശിപ്പിച്ചു. ‘ ‘എഴുന്നേൽക്കൂ, മുകുന്ദാ,’ ’ അദ്ദേഹം വാത്സല്യത്തോടെ പറഞ്ഞു. ‘ ‘സൂര്യചന്ദ്രന്മാരെ പുനഃസംവിധാനം ചെയ്യുന്നതിനേക്കാൾ കൂടുതൽ സൗകര്യം നിന്നെ ഒരു ബിരുദധാരിയാക്കുന്നതാണെന്ന് ജഗൽപ്രഭു കണ്ടു.’ ’ [image file=image_rsrc2KK.jpg] 1 ഞങ്ങൾ തമ്മിലുണ്ടായ മോശമായ ബന്ധങ്ങൾക്ക് കാരണം ക്ലാസ്സുകളിലെ എന്റെ അസാന്നിധ്യം മാത്രമായിരുന്നു, അല്ലാതെ അദ്ദേഹത്തിന്റെ ഒരു കുറ്റവുമായിരുന്നില്ലായെന്ന് സമ്മതിച്ച് ഞാൻ പ്രഫസർ ഘോഷാലിനോട് നീതി പുലർത്തേണ്ടതായിട്ടുണ്ട്.ദർശനത്തിൽ വിപുലമായ അറിവുണ്ടായിരുന്ന പ്രഫ. ഘോഷാൽ, ശ്രദ്ധേയനായ ഒരു വാഗ്മിയായിരുന്നു. പിന്നീടുള്ള വർഷങ്ങളിൽ ഞങ്ങൾ നല്ല സൗഹൃദപൂർണമായ ഒരു പരസ്പര ധാരണ പുലർത്തി.2 മത്തായി 6:33 (ബൈബിൾ)3 ചോദ്യത്തിലെ കൃത്യമായ വാക്കുകൾ ഞാൻ ഓർക്കുന്നില്ല. പക്ഷേ വിദ്യാസാഗറിനെപ്പറ്റി രമേശ് അപ്പോൾപറഞ്ഞ കഥകളെ സംബന്ധിക്കുന്നതായിരുന്നു അവയെന്ന് എനിക്ക് ഓർമയുണ്ട്.തന്റെ പാണ്ഡിത്യംകൊണ്ട് പണ്ഡിറ്റ് ഈശ്വര ചന്ദ്ര, ബംഗാളിൽ വിദ്യാസാഗർ എന്നപേരിൽ അറിയെപ്പട്ടിരുന്നു.4 മറ്റുള്ളവരുടെ മനസ്സിനേയും സംഭവങ്ങളുടെ ഗതിയെയും സ്വാധീനിക്കുവാനുള്ള ശക്തി, പതഞ്ജലിയുടെ യോഗസൂത്ര III:24ൽ പറഞ്ഞിട്ടുള്ള ഒരു വിഭൂതി (യോഗശക്തി) യാണ്. ‘ ‘സാർവലൗകികമായ ഏകഭാവന’ ’ യുടെ ഫലമാണിത് എന്ന് പ്രസ്തുതസൂത്രം വിശദീകരിക്കുന്നു. (യോഗസൂത്രങ്ങളെപ്പറ്റിയുള്ള രണ്ട് പ്രാമാണികഗ്രന്ഥങ്ങളാണ് യോഗാ സിസ്റ്റം ഒഫ് പതഞ്ജലി (വാല്യം 17, ഓറിയെന്റൽ സീരീസ്, ഹാർവർഡ് യൂനിവേഴ്സിറ്റി)യും ദാസ് ഗുപ്തയുടെ യോഗാ ഫിലോസഫി (റ്റബ്നേഴ്സ്, ലണ്ടൻ)യും.ഈശ്വരൻ തന്റെ സർവശക്തമായ പ്രതിച്ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചുവെന്ന് എല്ലാ മതഗ്രന്ഥങ്ങളും ഉൽഘോഷിക്കുന്നു. പ്രപഞ്ചത്തിനുമേലുള്ള സ്വാധീനം പ്രകൃത്യതീതമെന്നു തോന്നാം; പക്ഷേ വാസ്തവത്തിൽ തന്റെ ദൈവികമായ ഉത്ഭവത്തിന്റെ ‘ ‘ശരിയായ ഓർമ’ ’ നേടുന്ന എല്ലാപേർക്കും ആ ശക്തി സഹജവും സ്വതസിദ്ധവുമാണ്. ശ്രീ യുക്തേശ്വരനെപ്പോലെ ഈശ്വരസാക്ഷാത്ക്കാരം ലഭിച്ചവർക്ക് അഹംബോധവും അതിൽനിന്നുണ്ടാകുന്ന വ്യക്തിഗതങ്ങളായ ആഗ്രഹങ്ങളും ഇല്ല; യഥാർഥ ആചാര്യന്മാരുടെ പ്രവൃത്തികൾ സ്വാഭാവിക ധർമ(ഋത)ത്തിന് അയത്നമായ അനുരൂപതയിലാണ്. എമേഴ്സെന്റെ വാക്കുകളിൽ, മഹാത്മാക്കൾ എല്ലാപേരും ‘ ‘സദ്ഗുണസമ്പന്നരായല്ലാ, സദ്ഗുണം തന്നെയായിയിത്തീരുകയാണ്; അപ്പോൾ സൃഷ്ടിയുടെ ലക്ഷ്യം നിറവേറ്റപ്പെടുന്നു; ഈശ്വരൻ നന്നേ സന്തുഷ്ടനാകുന്നു.’ ’ സൃഷ്ടിയുടെ സൂക്ഷ്മനിയമങ്ങൾ അറിയുന്നതുകൊണ്ട്, ക്രിസ്തുവിനെപ്പോലെ, ആത്മസാക്ഷാത്കാരം നേടിയ ആർക്കും ദിവ്യാത്ഭുതങ്ങൾ പ്രവർത്തിപ്പിക്കാം; പക്ഷേ പ്രതിഭാസാത്മകമായ സിദ്ധികൾ പ്രയോഗിക്കാൻ എല്ലാ ആചാര്യന്മാരും കൂട്ടാക്കാറില്ല. ഓരോ പുണ്യാത്മാവും ഈശ്വരനെ തന്റെ രീതിയിൽ പ്രതിഫലിപ്പിക്കുന്നു; രണ്ടു മണൽതരികൾ ഒരേപോലെ അല്ലാത്ത ഒരു ലോകത്ത് വ്യക്തിത്വത്തിന്റെ പരിസ്ഫുരണം മൗലികമാണ്.ഈശ്വരസാക്ഷാത്കാരം ലഭിച്ച ദിവ്യന്മാരെ സംബന്ധിച്ചടത്തോളം ഒരേ നിയമങ്ങൾ വയ'ക്കുവാൻ ആവില്ല; ചിലർ അത്ഭുതങ്ങൾ കാട്ടുന്നു, ചിലർ അങ്ങനെ ചെയ്യുന്നില്ല; ചിലർ നിഷ്ക്രിയരാകുമ്പോൾ മറ്റു ചിലർ (പുരാതന ഭാരതത്തിലെ ജനകമഹാരാജാവ്, ആവിലയിലെ വിശുദ്ധതെറീസ എന്നിവരെപ്പോലെയുള്ളവർ) വലിയ കാര്യങ്ങളിൽ വ്യാപൃതരാകുന്നു; ചിലർ പഠിപ്പിക്കുന്നു, ചിലരാകട്ടെ തങ്ങളുടെ ജീവിതങ്ങൾ നിശ്ശബ്ദമായും ഒതുങ്ങിക്കൂടിയും ഒരു നിഴൽ പോലെ കഴിക്കുന്നു. ഓരോ പുണ്യാത്മാവിനും വ്യത്യസ്ത പാഠഭാഗം തുറന്നുകാട്ടുന്ന കർമ (പൂർവകാല ചെയ്തികൾ)ത്തിന്റെ നിഗൂഢമായ ചുരുൾ ലൗകികബുദ്ധിയായ ഒരു വിമർശകനും വായിക്കാൻ സാധിക്കുകയില്ല.അധ്യായം 24ഞാൻ സ്വാമിപരമ്പരയുടെ സന്ന്യാസദീക്ഷ സ്വീകരിക്കുന്നു ‘ ‘ഗുരുദേവാ, ബംഗാൾ- നാഗ്പൂർ റെയിൽവേയിൽ ഒരു എക്സിക്യൂട്ടീവിന്റെ പദവി ഞാൻ സ്വീകരിക്കണമെന്ന് അച്ഛൻ ആകാംക്ഷയോടെ പ്രതിക്ഷിക്കുന്നുണ്ടായിരുന്നു. ഞാൻ അത് തീർത്തും നിരാകരിച്ചിരിക്കുകയാണ്.’ ’ ഞാൻ പ്രതിക്ഷയോടെ കൂട്ടിച്ചേർത്തു, ‘ ‘അങ്ങ് എന്നെ സ്വാമിപരമ്പരയിലെ ഒരു സന്ന്യാസിയാക്കുകയില്ലേ?’ ’ ഞാൻ അപേക്ഷാഭാവത്തിൽ അദ്ദേഹത്തെ നോക്കി. കഴിഞ്ഞകൊല്ലങ്ങളിൽ, എന്റെ നിശ്ചയത്തിന്റെ ആഴം അളക്കാൻ വേണ്ടി ഇതേ അപേക്ഷ അദ്ദേഹം നിരസിച്ചിരുന്നു. ഇന്ന് ഏതായാലും അദ്ദേഹം ദയാവായ്പോടെ

പുഞ്ചിരിച്ചു. ‘ ‘ശരി, ഞാൻ നാളെ നിനക്ക് സന്യാസദീക്ഷതരാം.’ ’ അദ്ദേഹം ശാന്തമായി തുടർന്നു. ‘ ‘ഒരു സന്ന്യാസിയാകണമെന്ന ആഗ്രഹത്തിൽ നീ ഉറച്ചു നിന്നതിൽ എനിക്കു സന്തോഷമുണ്ട്. ലാഹിരി മഹാശയൻ പലപ്പോഴും പറയുമായിരുന്നു: ‘നിങ്ങളുടെ ജീവിതത്തിലെ വസന്തകാല അതിഥിയായി വരുവാൻ ഈശ്വരനെ ക്ഷണിച്ചില്ലെങ്കിൽ, നിങ്ങളുടെ ജീവിതത്തിലെ ശിശിരകാലത്ത് അദ്ദേഹം വരുകയില്ല.’ ’ ’ ‘ ‘പ്രിയ ഗുരുദേവാ, സമാരാധ്യനായ അങ്ങയെപ്പോലെ ഒരു സന്ന്യാസിയാകണമെന്ന എന്റെ ആഗ്രഹം ഒരിക്കലും എനിക്ക് കൈവെടിയാനാവില്ല.’ ’ അളവറ്റ സ്നേഹാദരങ്ങളോടെ ഞാൻ അദ്ദേഹത്തെ നോക്കി പുഞ്ചിരിച്ചു. ‘ ‘അവിവാഹിതൻ കർത്താവിനെ എങ്ങനെ സംപ്രീതനാക്കാമെന്ന് ചിന്തിച്ച്, കർത്താവിന്റെ കാര്യങ്ങളിൽ തൽപരനാകുന്നു; വിവാഹിതൻ സ്വഭാര്യയെ എങ്ങിനെ പ്രീതിപ്പെടുത്താമെന്ന് ചിന്തിച്ച് ലൗകികകാര്യങ്ങളിൽ തല്പരനാകുന്നു.’ ’ 1 ചില ആത്മീയാനുഷ്ഠാനങ്ങൾ വച്ചുപുലർത്തിയിരുന്നശേഷം വിവാഹിതരായ എന്റെ പല സുഹൃത്തുക്കളുടെയും ജീവിതങ്ങൾ ഞാൻ വിശകലനംചെയ്തു നോക്കിയിരുന്നു. ലൗകിക ചുമതലകളുടെ സമുദ്രത്തിലേക്ക് വിക്ഷേപിക്കപ്പെട്ട അവർ അഗാധമായി ധ്യാനിക്കാനുള്ള ദൃഢപ്രതിജ്ഞകൾ വിസ്മരിച്ചുപോയിട്ടുണ്ട്.മഹാപ്രഭുവിന് ജീവിതത്തിലെ രണ്ടാമത്തെ സ്ഥാനം നൽകുക2യെന്നത് എനിക്ക് ചിന്തിക്കാൻ പോലും കഴിയുകയില്ലായിരുന്നു. ജന്മജന്മാന്തരങ്ങളിൽ മനുഷ്യന് നന്മകൾ നിശ്ശബ്ദമായി ചൊരിയുന്ന, പ്രപഞ്ചത്തിന്റെ ഒരേ ഒരു ഉടമയാണ് അദ്ദേഹം. മനുഷ്യന് തിരിച്ചുനൽകാൻ ആവുന്ന ഒറ്റ പാരിതോഷികമേ ഉള്ളൂ - നൽകാനോ നൽകാതിരിക്കാനോ അവനു കഴിയുന്ന അവന്റെ സ്നേഹം.സൃഷ്ടിയുടെ പരമാണുക്കളിൽ തന്റെ സാന്നിധ്യം ദുർഗ്രാഹ്യതയിൽ മറച്ചുവയ'ക്കാൻ അനന്തമായി ക്ലേശം സഹിച്ച സ്രഷ്ടാവിന് ഒരൊറ്റ ഉദ്ദേശം - ഉള്ളിൽ തട്ടുന്ന ആഗ്രഹം - മാത്രമേ ഉണ്ടാകാൻ വഴിയുള്ളൂ: മനുഷ്യൻ തന്റെ സ്വതന്ത്രമായ ഇച്ഛകൊണ്ട് അദ്ദേഹത്തെ അന്വേഷിക്കണം. ‘സർവ്വശക്തിത്വം’ എന്ന തന്റെ ഉരുക്കുമുഷ്ടി എല്ലാ വിനയനമ്രതകളുടെയും എത്ര വിലോലമൃദുവസ്ത്രംകൊണ്ടാണ് അദ്ദേഹം പൊതിയാത്തത്!അടുത്തദിവസം എന്റെ ജീവിതത്തിലെ ഏറ്റവും സ്മരണീയമായ ദിനങ്ങളിൽ ഒന്നായിരുന്നു. സർവകലാശാലബിരുദം നേടിയതിന് ഏതാനും ആഴ്ചകൾക്കുശേഷം, 1915 ജൂലായിലെ സൂര്യപ്രകാശം തിരതല്ലിയ ഒരു വ്യാഴാഴ്ചയായിരുന്നു അത് എന്ന് ഞാൻ ഓർക്കുന്നു. ശ്രീരാമപുരം ആശ്രമത്തിന്റെ അകത്തെ ബാൽക്കണിയിൽവച്ച് ഗുരുദേവൻ ഒരു വെള്ളപ്പട്ടുതുണി, സ്വാമിപരമ്പരയുടെ നിറമായ കാവിയിൽ മുക്കി. തുണി ഉണങ്ങിക്കഴിഞ്ഞപ്പോൾ, ഒരു സന്ന്യാസിയുടെ വസ്ത്രമെന്നനിലയിൽ എന്റെ ഗുരുദേവൻ അത് എന്നെ ധരിപ്പിച്ചു. ‘ ‘പട്ടുതുണി കൂടുതൽ ഇഷ്ടപ്പെടുന്ന പാശ്ചാത്യദേശത്തു നീ ഒരിക്കൽ പോകും. അതിന്റെ പ്രതീകമായി സാധാരണമായ പരുത്തിത്തുണിക്കുപകരം ഈ പട്ടാണ് ഞാൻ നിനക്കുവേണ്ടി തിരഞ്ഞെടുത്തത,് ’ ’ അദ്ദേഹം പറഞ്ഞു.ഭാരതത്തിൽ സന്ന്യാസിമാർ ‘ ‘ദാരിദ്ര്യം’ ’ എന്ന ആദർശം വരിക്കുന്നു. അന്നാട്ടിൽ പട്ടുവസ്ത്രം ധരിച്ച ഒരു സ്വാമി അപൂർവമാണ്. എന്നിരുന്നാലും ശരീരത്തിലെ ചില സൂക്ഷ്മവൈദ്യുതപ്രവാഹങ്ങളെ നിലനിർത്തുന്ന പട്ടുവസ്ത്രങ്ങൾ പലയോഗിമാരും ധരിക്കുന്നു. ‘ ‘ഞാൻ ചടങ്ങുകൾക്ക് എതിരാണ്,’ ’ ശ്രീ യുക്തേശ്വരൻ അഭിപ്രായപ്പെട്ടു. ‘ ‘ചടങ്ങുകൾ ഒഴിവാക്കിയ ‘വിദ്വത്’ രീതിയിൽ ഞാൻ നിന്നെ സ്വാമിയാക്കും.’ ’ സന്ന്യാസത്തിലെക്കുള്ള വിശദമായ ദീക്ഷ അഥവാ ‘വിവിദിഷ'യിൽ ഒരു ഹോമം ഉണ്ട്. ഇതിൽ പ്രതീകാത്മകമായ മരണാനന്തരകർമങ്ങളും നടത്തപ്പെടുന്നു. ശിഷ്യന്റെ ഭൗതികശരീരം മരിച്ചതായി സങ്കൽപ്പിക്കപ്പെട്ട് ജ്ഞാനാഗ്നിയിൽ ദഹിപ്പിക്കപ്പെടുന്നു. എന്നിട്ട് പുതുതായി അവരോധിക്കപ്പെട്ട സ്വാമിക്ക്, ‘ ‘അയമാത്മാ ബ്രഹ്മ,’ ’ 3 ‘ ‘തത്വമസി,’ ’ അഹംബ്രഹ്മാസ്മി’ ’ എന്നിവപോലെയുള്ള ഒരു മന്ത്രം നൽകുന്നു. ലാളിത്യത്തിലുള്ള തന്റെ താല്പര്യംകാരണം ശ്രീ യുക്തേശ്വരൻ, ഏതായാലും ഔപചാരികമായ എല്ലാ ചടങ്ങുകളും ഒഴിവാക്കിയിട്ട് എന്നോട് ഒരു പുതിയ പേര് തിരഞ്ഞെടുക്കാൻ മാത്രം ആവശ്യപ്പെട്ടു. ‘ ‘അത് സ്വയം തിരഞ്ഞെടുക്കാനുള്ള വിശേഷാവകാശം ഞാൻ നിനക്കു നൽകുന്നു.’ ’ അദ്ദേഹം ചിരിച്ചുകൊണ്ടുപറഞ്ഞു.ഒരു നിമിഷം ചിന്തിച്ചശേഷം ഞാൻ പ്രതിവചിച്ചു. ‘ ‘യോഗാനന്ദൻ.’ ’ 4 ‘ ‘ഈശ്വരയോഗത്തിലൂടെ ആനന്ദം’ ’ എന്ന് ഈ പേരിന് അർഥം. ‘ ‘അങ്ങനെയാവട്ടെ. മുകുന്ദലാൽ ഘോഷ് എന്ന കുടുംബനാമം നീ വെടിയുന്നു. സന്ന്യാസിപരമ്പരയിൽ ഗിരിശാഖയിലെ യോഗാനന്ദൻ എന്ന് ഇനി നീ വിളിക്കപ്പെടും.’ ’ ശ്രീ യുക്തേശ്വരന്റെ മുന്നിൽ നമസ്കരിക്കുകയും എന്റെ പുതിയ പേര് അദ്ദേഹം വിളിക്കുന്നത് ആദ്യമായി കേൾക്കുകയും ചെയ്തപ്പോൾ എന്റെ ഹൃദയത്തിൽ കൃതജ്ഞത നിറഞ്ഞു കവിഞ്ഞു. മുകുന്ദനെന്ന ബാലനെ, ഒരിക്കൽ യോഗാനന്ദനെന്ന സന്ന്യാസിയാക്കി മാറ്റാൻ എത്ര സ്നേഹത്തോടും അക്ഷീണമായുമാണ് അദ്ദേഹം കഠിനയത്നം ചെയ്തത്! ശങ്കരാചാര്യ5രുടെ സുദീർഘമായ സംസ്കൃതസ്തോത്രത്തിലെ ഏതാനും ശ്ലോകങ്ങൾ ഞാൻ ആഹ്ലാദത്തോടെ പാടി:മനോബുധ്യഹങ്കാര ചിത്താനിനാഹംനചശ്രോത്രജിഹ്വേ നചഘ്രാണനേത്രേനചവ്യോമഭൂമിർന്ന തേജോനവായു-ശ്ചിദാനന്ദരൂപ: ശിവോഽഹം ശിവോഽഹം.നമൃത്യുർനശങ്കാ നമേജാതിഭേദ:പിതാ നൈവമേ നൈവമാതാനജന്മന ബന്ധുർ ന മിത്രം ഗുരുനൈെർവ ശിഷ്യ-ശ്ചിദാനന്ദരൂപ: ശിവോഽഹം ശിവോഽഹം.അഹം നിർവികല്പോ നിരാകാരരൂപോവിഭൂത്വംച സർവത്ര സർവേന്ദ്രിയാണാംനചാ സംഗതോ നൈവ

മുക്തിർന്നമേയ-ശ്ചിദാനന്ദരൂപ: ശിവോഽഹം ശിവോഽഹം.ഭാരതത്തിൽ അനാദികാലം മുതൽ ആദരിക്കപ്പെടുന്ന സന്ന്യാസിപരമ്പരയിൽ ഓരോ സ്വാമിയും ഉൾപ്പെടുന്നു. നൂറ്റാണ്ടുകൾക്കുമുമ്പ് ശ്രീ ശങ്കരാചാര്യർ ഇന്നത്തെ രൂപത്തിൽ പുന:സംഘടിപ്പിച്ചതിനുശേഷം ആ സന്ന്യാസിപരമ്പരയെ സമാരാധ്യരായ ആചാര്യന്മാരുടെ തുടർച്ചയായ ഒരു ശൃംഖല നയിച്ചുപോന്നിട്ടുണ്ട്. (ഓരോ മഠാധിപതിയും ‘ജഗദ്ഗുരു ശ്രീശങ്കരാചാര്യ’ എന്ന സ്'ഥാനപ്പേര് വഹിക്കുന്നു). അസംഖ്യം-ഒരു പക്ഷേ ഒരു ദശലക്ഷം-സന്ന്യാസിമാരാണ് സന്ന്യാസിപരമ്പരയിൽ ഉണ്ടാവുക. പരമ്പരയിൽ ചേരുന്നതിന് സന്ന്യാസിമാരിൽനിന്നുതന്നെ ദീക്ഷ സ്വീകരിക്കണമെന്ന വ്യവസ്'ഥ ഇവർ പാലിക്കുന്നു. അങ്ങനെ സന്ന്യാസപരമ്പരയിലെ എല്ലാപേരും ആദിശങ്കരാചാര്യർ എന്ന പൊതു ഗുരുവിൽ അവരുടെ ആത്മീയ പാരമ്പര്യത്തിന്റെ ഉറവിടം കണ്ടെത്തുന്നു. അവർ നിർമമത്വം, ബ്രഹ്മചര്യം, മഠാധിപതി അഥവാ ആത്മീയ അധികാരസ്'ഥാനത്തോടുള്ള അജ്ഞാനുവർത്തിത്വം എന്നിവയുടെ പ്രതിജ്ഞ എടുക്കുന്നു. കത്തോലിക്കാപുരോഹിതമഠങ്ങൾക്ക്, അവയെക്കാൾ പുരാതനമായ ഹിന്ദുസന്ന്യാസി പരമ്പരയോട് പലവിധത്തിലും സാമ്യമുണ്ട്.സന്ന്യാസിപരമ്പരയിലെ പത്തുവിഭാഗങ്ങളിൽ ഒരെണ്ണവുമായി തന്റെ ഔപചാരികബന്ധം സൂചിപ്പിക്കുന്ന ഒരു പദം സ്വന്തം പേരിന്റെകൂടെ ഒരു സ്വാമി ചേർക്കുന്നു. സ്വാമി ശ്രീ യുക്തേശ്വരനും, അതുകൊണ്ട് ഞാനും ഉൾപ്പെടുന്ന ‘ഗിരി’ വിഭാഗം ഈ ‘ദശനാമി’ കളിൽ ഉൾപ്പെടുന്നു. സാഗര, ഭാരതി, പുരി, സരസ്വതി, തീർഥ, ആരണ്യ എന്നിവ മറ്റു ശാഖകളാണ്.സാധാരണയായി ‘ആനന്ദൻ’ എന്ന് അവസാനിക്കുന്ന സന്ന്യാസനാമം, ഒരു പ്രത്യേക മാർഗം, അവസ്'ഥ എന്നിവയിലൂടെയോ അല്ലെങ്കിൽ സ്നേഹം, ജ്ഞാനം, വിവേകം, ഭക്തി, സേവനം, യോഗം മുതലായ ദൈവികഗുണങ്ങളിലൂടെയോ മോക്ഷത്തിനുള്ള ഒരു സ്വാമിയുടെ ആഗ്രഹത്തെ എടുത്തുകാട്ടുന്നു. അദ്ദേഹത്തിന്റെ ഉപനാമം പ്രകൃതിയുമായുള്ള ശ്രുതിമധുരമായ പൊരുത്തം സൂചിപ്പിക്കുന്നു.മനുഷ്യരാശിയെ നിസ്വാർഥമായി സേവിക്കുകയും വ്യക്തിപരമായ ബന്ധങ്ങളും ആഗ്രഹങ്ങളും നിശ്ശേഷം വെടിയുകയും ചെയ്യുക എന്ന ആദർശം മിക്ക സ്വാമിമാരെയും ഭാരതത്തിലോ ചിലപ്പോൾ വിദേശരാജ്യങ്ങളിലോ മനുഷ്യകാരുണ്യപരവും വിദ്യാഭ്യാസപരവുമായ പ്രവർത്തനങ്ങളിൽ മുഴുകുന്നതിലേക്ക് നയിക്കുന്നു. ജാതി, വർഗം, മതം, നിറം, ലിംഗം, വംശം എന്നിവയുടെ സമസ്ത ഭേദഭാവങ്ങളെയും ഉപേക്ഷിച്ചുകൊണ്ട്, ഒരു സ്വാമി മനുഷ്യസാഹോദര്യത്തിന്റെ ആദർശങ്ങളെ പിൻതുടരുന്നു. പരമാത്മാവുമായുള്ള കേവല ഐക്യമാണ് അദ്ദേഹത്തിന്റെ ലക്ഷ്യം. ജാഗ്രത്തിലും സുഷുപ്തിയിലും തന്റെ ബോധത്തെ ‘ ‘സോഹം’ ’ (അവൻ ഞാൻ തന്നെ) എന്ന വിചാരത്താൽ പരിപൂരിതമാക്കി ഈ ലോകത്തിൽത്തന്നെ- എന്നാൽ അതിന്റേതല്ലാതെ- സംതൃപ്തനായി അദ്ദേഹം വിഹരിക്കുന്നു. അങ്ങനെ മാത്രമേ ‘സ്വാമി’ – ആത്മാവുമായി താദാത്മ്യം പ്രാപിക്കാൻ ശ്രമിക്കുന്നവൻ - എന്ന പദവി അദ്ദേഹത്തിന് അന്വർഥമാക്കാൻ കഴിയൂ. [image file=image_rsrc2N5.jpg] 1915-ൽ പുരാതന സ്വാമി പരമ്പരയിലെ സന്ന്യാസ ദീക്ഷ സ്വീകരക്കുന്നതിനു മുന്നെ പരമഹംസ യോഗാനന്ദന്റെ കൽക്കത്തയിലെ ഗർപാർ റോഡിലെ കുടുംബവീട്ശ്രീ യുക്തേശ്വരൻ ഒരു സ്വാമിയും ഒരു യോഗിയുമായിരുന്നു. സമാരാധ്യമായ ഒരു സന്ന്യാസിപരമ്പരയുമായുള്ള തന്റെ ബന്ധത്തിന്റെ ബലത്തിൽ ഔപചാരികമായി സന്ന്യാസിയായ ഒരു സ്വാമി ഒരു യോഗിയായിക്കൊള്ളണമെന്നില്ല. ആത്മസാക്ഷാത്കാരത്തിനായി ശാസ്ത്രീയമായ സാധനയുടെ ഒരു മാർഗം അവലംബിക്കുന്ന ഏതൊരാളും ഒരു യോഗിയാണ്. അദ്ദേഹം വിവാഹിതനോ അവിവാഹിതനോ ആകാം, ലൗകികഉത്തരവാദിത്വങ്ങളോ ഔപചാരിക മതബന്ധങ്ങളോ ഉള്ളയാളുമാകാം.ഒരു സ്വാമി, ശുഷ്കമായ യുക്തിയുടെ, കഠിനമായ പരിത്യാഗത്തിന്റെ പാതമാത്രം പിൻതുടരുന്നത് മനസ്സിലാക്കാം. എന്നാൽ ഒരു യോഗി ശരീരവും മനസ്സും സുശിക്ഷിതമാക്കുകയും ആത്മാവിനെ ക്രമേണ മുക്തമാക്കുകയും ചെയ്യുന്ന നിയതമായ, പടിപടിയായ ഒരു സാധനാക്രമം പാലിക്കുന്നു. വൈകാരികമായ കാരണങ്ങളാലോ, വിശ്വാസത്തിന്റെ പേരിലോ അന്ധമായി ഒന്നും തന്നെ സ്വീകരിക്കാതെ, ഒരു യോഗി, പ്രാചീന ഋഷീശ്വരന്മാർ കല്പിച്ച, സമഗ്രമായി പരീക്ഷിക്കപ്പെട്ട സാധനാഭ്യാസങ്ങൾ അനുഷ്ഠിക്കുന്നു. ഭാരതത്തിന്റെ ഓരോ കാലഘട്ടത്തിലും, പരമാർഥത്തിൽ മുക്തരായ യഥാർഥ യോഗീശ്വരന്മാരെ - ജീവൻമുക്തരെ - യോഗശാസ്ത്രം സൃഷ്ടിച്ചിട്ടുണ്ട്.മറ്റേതൊരു ശാസ്ത്രവുംപോലെ, യോഗശാസ്ത്രം ഏതു രാജ്യത്തെയും ഏതു കാലത്തേയും ജനങ്ങൾക്ക് പരിശീലിക്കാവുന്നതാണ്. യോഗശാസ്ത്രം, പാശ്ചാത്യർക്ക് ‘ ‘അപകടകര’ ’ മോ ‘ ‘അനുയോജ്യമല്ലാത്ത’ ’ തോ ആണെന്ന് അജ്ഞരായ ചില എഴുത്തുകാർ മുന്നോട്ടുവയ'ക്കുന്ന വാദം തികച്ചും തെറ്റാണ്; യോഗാഭ്യാസത്തിന്റെ ബഹുവിധ അനുഗ്രഹങ്ങൾ തേടുന്നതിൽനിന്ന്, ഇത് ആത്മാർഥതയുള്ള അനേകം വിദ്യാർഥികളെ പരിതാപകരമാംവണ്ണം വിലക്കിയിട്ടുണ്ട്.ചിന്തകളുടെ സ്വാഭാവികമായ പ്രക്ഷുബ്ധതയെ അടക്കാനുള്ള ഒരു മാർഗമാണ് യോഗശാസ്ത്രം. ചിന്തകളുടെ പ്രക്ഷുബ്ധത, അതിനെ അടക്കാത്തപക്ഷം, തങ്ങളുടെ യഥാർഥസ്വഭാവമായ ആത്മാവിനെ കണ്ടെത്തുന്നതിൽനിന്ന്, എല്ലാ രാജ്യത്തിലെയും എല്ലാവരെയും ഒരേപോലെ തടയുന്നു. രോഗവിമോചകമായ സൂര്യപ്രകാശംപോലെ, പൗരസ്ത്യപാശ്ചാത്യദേശങ്ങളിലെ മനുഷ്യർക്ക് ഒരേപോലെ ഗുണകരമാണ് യോഗാഭ്യാസം. മിക്കമനുഷ്യരുടെയും ചിന്തകൾ അസ്വസ്'ഥവും ചഞ്ചലവുമാണ്; അതുകൊണ്ടുതന്നെ മനോനിയന്ത്രണത്തിന്റെ ശാസ്ത്രമായ യോഗാഭ്യാസത്തിന്റെ

ആവശ്യകത സ്പഷ്ടമാണ്.യോഗത്തെ ‘ ‘ചിത്തവൃത്തിനിരോധം’ ’ എന്ന് പുരാതനകാലത്തെ ഋഷിവര്യനായ പതഞ്ജലി6 നിർവചിക്കുന്നു.7 അദ്ദേഹത്തിന്റെ ഹ്രസ്വവും പ്രഗത്ഭവുമായ കൃതി, യോഗസൂത്രങ്ങൾ, ഹൈന്ദവ ദർശനശാസ്ത്രത്തിലെ ആറു ദർശനങ്ങളിൽ ഒന്നാണ്. പാശ്ചാത്യദർശനങ്ങളിൽനിന്ന് വ്യത്യസ്തമായി ഹൈന്ദവ ഷഡ്ദർശനങ്ങളിൽ8 താത്വികശിക്ഷണത്തിനുപരി, പ്രായോഗിക അഭ്യസനവും സന്നിവേശിപ്പിച്ചിരിക്കുന്നു. സാധ്യമായ എല്ലാ സത്വവിദ്യാശാസ്ത്രങ്ങളും പരിചിന്തനങ്ങളും പഠിച്ചശേഷം, ആറു നിശ്ചിത വിജ്ഞാനശാഖകളാണ് ഹൈന്ദവദർശനം രൂപപ്പെടുത്തയിട്ടുള്ളത്. ഇവയുടെ ലക്ഷ്യം ശാശ്വതമായ ദുരിതനിവാരണവും കാലാതിശായിയായ പരമാനന്ദലിബ്ധിയുമാണ്.നേരിട്ട് പരമസത്യം ദർശിക്കുന്നതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗങ്ങൾ ഉൾക്കൊള്ളുന്നതായി ഷഡ്ദർശനങ്ങളുടെ കൂട്ടത്തിൽ യോഗസൂത്രത്തെ പിൽക്കാല ഉപനിഷത്തുകൾ ഉയർത്തിക്കാട്ടുന്നു. യോഗസാധനയുടെ പ്രായോഗികസങ്കേതങ്ങളിലൂടെ, മനുഷ്യൻ പരിചിന്തനകളുടെ ഊഷരമേഖലകളെ എന്നന്നേക്കുമായി വെടിഞ്ഞ്, യാഥാർഥ്യത്തിന്റെ ചൈതന്യസത്തയുടെ പ്രത്യക്ഷാനുഭൂതി കൈവരിക്കുന്നു.പതഞ്ജലിയുടെ യോഗപദ്ധതി ‘അഷ്ടാംഗയോഗം’ എന്ന് അറിയപ്പെടുന്നു.9 ആദ്യപടികൾ (1) യമം (സദാചാരം); (2) നിയമം (ധർമാനുഷ്ഠാനം) എന്നിവയാണ്. അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, അപരിഗ്രഹം, എന്നിവയുടെ പാലനമാണ് യമം. ശൗചം, സന്തോഷം, തപസ്സ്, സ്വാധ്യായം, ഈശ്വരപ്രണിധാനം എന്നിവയാണ് നിയമത്തിന്റെ അനുശാസനങ്ങൾ.അടുത്തപടികൾ, (3) ആസനം, ധ്യാനത്തിനായി നട്ടെല്ല് നിവർത്തി, ശരീരത്തെ സുഖകരമായ ഒരു സ'ഥിതിയിൽ ഉറപ്പിച്ച് ഇരിക്കുക; (4) പ്രാണായാമം (സൂക്ഷ്മമായ പ്രാണശക്തിയുടെ നിയന്ത്രണം); (5) പ്രത്യാഹാരം (ബാഹ്യവസ്തുക്കളിൽനിന്ന് ഇന്ദ്രിയങ്ങളെ പിൻവലിക്കുക) എന്നിവയാണ്.അവസാനപടികളാണ് യോഗത്തിന്റെ യഥാർഥഭാഗം: (6) ധാരണ (ഏകാഗ്രത; മനസ്സിനെ ഒരു ചിന്തയിൽ ഉറപ്പിച്ചുനിർത്തുക); (7) ധ്യാനം; (8) സമാധി. യോഗത്തിന്റെ ഈ അഷ്ടാംഗമാർഗം ബുദ്ധിഗ്രാഹ്യതയ'ക്ക് അതീതമായ സത്യത്തെ സാക്ഷാത്കരിക്കുന്ന കൈവല്യം എന്ന ആത്യന്തികലക്ഷ്യത്തിലേക്ക് യോഗിയെ നയിക്കുന്നു. ‘ ‘ഒരു സ്വാമിയാണോ അതോ ഒരു യോഗിയാണോ കൂടുതൽ ശ്രേഷ്ഠൻ?’ ’ എന്ന് ഒരാൾ ചോദിച്ചേക്കാം. ഈശ്വരതാദാത്മ്യം പ്രാപിക്കുമ്പോൾ വിവിധമാർഗങ്ങളുടെ വ്യത്യാസങ്ങൾ മറയും. എന്നാലും, യോഗമാർഗം സർവംഗ്രാഹിയാണെന്ന് ഭഗവദ്ഗീത ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അതിന്റെ മാർഗങ്ങൾ സന്ന്യാസജീവിതത്തിന് താല്പര്യമുള്ള അപൂർവം ചിലരെപ്പോലെ പ്രത്യേകതരക്കാരെയോ, സ്വഭാവക്കാരെയോ മാത്രം ഉദ്ദേശിച്ചിട്ടുള്ളതല്ല; യോഗാഭ്യാസത്തിന് (ഏതെങ്കിലും മതത്തോടോ വിശ്വാസത്തോടോവുള്ള) ഔപചാരകമായ കൂറ് ഒന്നും ആവശ്യമില്ല. യോഗ ശാസ്ത്രം സാർവലൗകികമായ ഒരു ആവശ്യം നിറവേറ്റുന്നതുകൊണ്ട് അതിന് സ്വാഭാവികമായ ഒരു സാർവലൗകിക വശ്യതയുണ്ട്.ഒരു യഥാർഥയോഗിക്ക് കർത്തവ്യനിരതനായി ലോകത്തു കഴിയാം; അവിടെ അദ്ദേഹം വെള്ളത്തിലിട്ട വെണ്ണപോലെയാണ്. അല്ലാതെ വെണ്ണയ'ക്കുവേണ്ടി കടയാത്ത, പെട്ടെന്ന് വെള്ളത്തോടു ചേരുന്ന അശിക്ഷിതരായ മനുഷ്യരാശിയെന്ന പാൽപോലെയല്ല. അഹന്താ നിർഭരമായ ആഗ്രഹങ്ങളിൽ മാനസികമായ കെട്ടുപാടുകൾ വരുത്തിവയ'ക്കാതെയിരിക്കുകയും ഈശ്വരന്റെ കൈകളിൽ പൂർണമനസ്സോടെ സമർപ്പിക്കപ്പെട്ട ഒരു ഉപകരണമെന്നനിലയിൽ ജീവിതത്തിലെ തന്റെ കർത്തവ്യങ്ങൾ നിറവേറ്റുകയും ചെയ്താൽ തന്റെ ലൗകികകൃത്യ നിർവഹണം മനുഷ്യനെ ഈശ്വരനിൽനിന്ന് അകറ്റണമെന്നില്ല.യോഗി എന്നോ സ്വാമി എന്നോ ഒരിക്കലും കേട്ടിട്ടില്ലെങ്കിലും ആ പേരുകൾക്ക് യഥാർഥ മാതൃകകളായ അനേകം മഹാത്മാക്കൾ അമേരിക്കയിലോ, യൂറോപ്പിലോ മറ്റ് അഹിന്ദുസമുദായങ്ങളിലോ ഇന്നു ജീവിക്കുന്നുണ്ട്. അവരുടെ നി:സ്വാർഥസേവനത്തിലൂടെയോ വികാരങ്ങളുടെയും ചിന്തകളുടെയും മേലുള്ള നിയന്ത്രണം കൊണ്ടോ അചഞ്ചലമായ ഈശ്വരപ്രേമത്താലോ ഏകാന്തധ്യാനത്തിന്റെ അപാരപ്രഭാവംകൊണ്ടോ അവർ ഒരർഥത്തിൽ യോഗിമാരാണ്; ആത്മസംയമനം എന്ന യോഗശാസ്ത്രമാണ് അവർ സ്വയം ലക്ഷ്യം വയ'ക്കുന്നത്. മനുഷ്യന്റെ മനസ്സിനും ജീവിതത്തിനും കുറേക്കൂടി ബോധപൂർവമായ ഒരു ലക്ഷ്യം സാധ്യമാക്കുന്ന യോഗാഭ്യാസത്തിന്റെ നിശ്ചിതമായ ശാസ്ത്രം പഠിപ്പിച്ചാൽ ഇവർക്ക് കൂടുതൽ ഉന്നതിപ്രാപിക്കുവാൻ കഴിയും.ചില പാശ്ചാത്യഗ്രന്ഥകാരന്മാർ, യോഗശാസ്ത്രത്തെ ഉപരിപ്ലവമായ രീതിയിൽ തെറ്റിധരിച്ചിരിക്കുന്നു. പക്ഷേ അതിന്റെ വിമർശകർ ഒരിക്കലും യോഗാഭ്യാസം ചെയ്യുന്നവരായിരുന്നില്ല. യോഗശാസ്ത്രത്തിനു ലഭിച്ചിട്ടുള്ള നിരവധി ചിന്താബന്ധുരമായ പ്രശംസാവചനങ്ങളിൽ, പ്രസിദ്ധ സ്വിസ് മന:ശാസ്ത്രജ്ഞൻ ഡോ. സി. ജി. യുങ്ങിന്റേത് എടുത്തുപറയത്തക്കതാണ്. ‘ ‘മതപരമായ ഒരു അനുഷ്ഠാനപദ്ധതി ‘ശാസ്ത്രീയം’ എന്ന് സ്വയം ശുപാർശചെയ്യുമ്പോൾ അതിന് പാശ്ചാത്യരാജ്യങ്ങളിൽ ജനപ്രീതി ഉറപ്പാക്കാം. യോഗശാസ്ത്രം ജനപ്രതീക്ഷ നിറവേറുന്നു.’ ’ ഡോ യുങ്ങ്10 എഴുതുന്നു. ‘ ‘പുതുമയുടെ വശ്യതയും പാതിമനസ്സിലായതിന്റെ ആകർഷണീയതയും ഇരിക്കെത്തന്നെ നിരവധി അനുയായികളെ ലഭിക്കാൻ തക്കകാരണം യോഗശാസ്ത്രത്തിനുണ്ട്. യോഗാഭ്യാസത്തിന് നിയന്ത്രണവിധേയമാക്കാവുന്ന അനുഭവം സാധ്യമാണ്. അങ്ങനെ വസ്തുതകളാണ് വേണ്ടതെന്ന ശാസ്ത്രീയനിബന്ധനകളെ യോഗം തൃപ്തിപ്പെടുത്തുന്നു. കൂടാതെ അതിന്റെ പരപ്പും ആഴവും സമാരാധ്യമായ പൗരാണികതയും ജീവിതത്തിന്റെ എല്ലാ വശങ്ങളെയും ഉൾക്കൊള്ളുന്ന സിദ്ധാന്തം,

അനുഷ്ഠാനവിധികൾ എന്നിവയുംകൊണ്ട് സ്വപ്നംകാണാത്ത സാധ്യതകൾ അത് വാഗ്ദാനംചെയ്യുകയും ചെയ്യുന്നു. ‘ ‘മതപരമോ ദാർശനികമോ ആയ ഓരോ അനുഷ്ഠാനവും മന:ശാസ്ത്രപരമായ അച്ചടക്കത്തെ, അതായത് ഒരു മാനസികമായ ആരോഗ്യവിജ്ഞാനപദ്ധതിയെയാണ് ഉദ്ദേശിക്കുന്നത്. യോഗശാസ്ത്ര11ത്തിലെ തികച്ചും ശാരീരികമായ അഭ്യാസങ്ങൾ ശാരീരികമായ ഒരു ആരോഗ്യപദ്ധതിയും ഉദ്ദേശിക്കുന്നുണ്ട്. ഇത് സാധാരണ കായികപരിശീലനത്തെയും ശ്വാസോച്ഛ്വാസവ്യായാമത്തെയുംകാൾ ഗുണമേന്മയുള്ളതാണ്. കാരണം, വെറും യാന്ത്രികവും ശാസ്ത്രീയവും മാത്രമല്ല, ദാർശനികം കൂടിയാണ് ഇത്; യോഗാഭ്യാസത്തിൽ ശരീരഭാഗങ്ങളുടെ പരിശീലനം അവയെ സമ്പൂർണമായ ആത്മാവിൽ, ഉദാഹരണത്തിന് പ്രാണായാമ വ്യായാമങ്ങളിൽ വ്യക്തമാക്കുന്നതുപോലെ, സംയോജിപ്പിക്കുന്നു. ഇവിടെ പ്രാണൻ ഒരേ സമയം ശ്വാസവും പ്രപഞ്ചത്തിന്റെ സാർവലൗകിക പ്രവർത്തന ചൈതന്യവുമാണ്.... ‘ ‘യോഗാഭ്യാസം.... യോഗശാസ്ത്രം അടിസ'ഥാനമാക്കിയ ആശയങ്ങൾ ഒഴിവാക്കിക്കൊണ്ടായാൽ നിഷ്ഫലമായിരിക്കും. അത് ശാരീരികത്തെ ആത്മീയത്തോട് വിസ്മയകരമായ രീതിയിൽ സമ്പൂർണമായി സമന്വയിപ്പിക്കുന്നു. ‘ ‘ഈ ആശയങ്ങളും അനുഷ്ഠാനങ്ങളും പൗരസ്ത്യദേശത്താണ് വികാസംപ്രാപിച്ചത്. അനേകായിരംവർഷത്തെ തുടർച്ചയായ പാരമ്പര്യ മാണ് ഇവിടെ ഇതിന് ആവശ്യമായ ആത്മീയ അടിത്തറ സൃഷ്ടിച്ചത്. എനിക്കു സംശയം കൂടാതെ വിശ്വസിക്കാൻ കഴിയുന്നതുപോലെ, ശരീര ത്തെയും മനസ്സിനേയും ഏകീഭവിപ്പിക്കാനുള്ള കുറ്റമറ്റതും ഉത്തമവുമായ പദ്ധതിയാണ് യോഗം. അങ്ങനെ ദേഹീദേഹസംയോഗത്തിന്റെ ഒരിക്കലും ചോദ്യംചെയ്യപ്പെടാനാവാത്ത ഒരു ഐക്യം സൃഷ്ടിക്കപ്പെടുന്നു. ഈ സംയോഗം ബോധതലത്തിന് ഉപരിയായി ഉയരുന്നു. അന്തർധാന ശകലങ്ങൾ സാധ്യമാക്കുന്ന മന:ശാസ്ത്രപരമായ ഒരവസ'ഥ സൃഷ്ടിക്കുന്നു.’ ’ ബാഹ്യപ്രകൃതിയുടെ കീഴടക്കൽപോലെതന്നെ ആത്മനിയന്ത്രണത്തിന്റെ ആന്തരികശാസ്ത്രവും ആവശ്യമാണെന്നു കാണുന്ന പാശ്ചാത്യദിനം അടുത്തുവരികയാണ്. ജഡവസ്തു യഥാർഥത്തിൽ ഊർജം ഘനീഭവിച്ചതാണെന്ന, ഇപ്പോൾ അവിതർക്കിതമായ, ശാസ്ത്രീയസത്യം മനുഷ്യന്റെ മനസ്സിന് സ്വബോധം നൽകി അതിനെ വിശാലമാക്കുന്നത് ഈ ആണവയുഗം കാണും. കല്ലിലും ലോഹത്തിലും ഉള്ളതിനേക്കാൾ ശക്തമായ ഊർജം മനുഷ്യമനസ്സിന് വിമോചിപ്പിക്കാനാവും; ആകണം. അല്ലാത്തപക്ഷം, പുതുതായി അഴിച്ചുവിട്ട ഭൗതിക ആണവരാക്ഷസൻ, വകതിരിവില്ലാത്ത നശീകരണവുമായി ലോകത്തിനെതിരെ തിരിയും. മനുഷ്യന് ആറ്റം ബോംബിലുള്ള ഉത്കണ്ഠയുടെ പരോക്ഷമായ ഒരു പ്രയോജനം യോഗ12ശാസ്ത്രത്തിലുള്ള വർധിച്ച പ്രായോഗികതാല്പര്യം ആവാം: ‘ ‘ബോംബിന് അഭേദ്യമായ ഒരു യഥാർഥ അഭയസ'ഥാനം!’ ’ [image file=image_rsrc2NW.jpg] ശ്രീ ശങ്കരാചാര്യ SRF/YSS തലസ'ഥാനകാര്യാലയത്തിൽപുരി ശ്രീ ജഗദ്ഗുരു ശങ്കരാചാര്യ ഭാരതീകൃഷ്ണ തീർത്ഥ ലോസ് ആൻജലീസിൽ, SRF–ന്റെ അന്താരാഷ്ട്ര ആസ'ഥാനത്തിൽ, 1958, ശ്രീ ശങ്കരാചാര്യരുടെ മൂന്നുമാസക്കാല സന്ദർശനത്തിന് SRF/YSS ആണ് അവസരം ഒരുക്കിയത്. [image file=image_rsrc2P3.jpg] 1 I കോറിന്തോസുകാർ 7:32-33 (ബൈബിൾ).2 ഈശ്വരന് രണ്ടാം സ'ഥാനം നൽകുന്നവൻ അദ്ദേഹത്തിന് ഒരു സ'ഥാനവും നൽകുന്നില്ല’ ’ – റസ്കിൻ3 വാച്യാർഥം - ‘ഈ ആത്മാവ് ബ്രഹ്മമാകുന്നു.’ പരബ്രഹ്മം-അജം-പുർണമായും ഉപാധിരഹിതമാണ് (നേതി, നേതിഃ ഇതല്ലാ, ഇതല്ലാ). എങ്കിലും വേദാന്തത്തിൽ പലപ്പോഴും സത്-ചിത്-ആനന്ദം എന്ന് പരാമർശിക്കപ്പെടുന്നു.4 യോഗാനന്ദൻ എന്നപേര് സ്വാമിമാരുടെ ഇടയിൽ പൊതുവെ സാധാരണമാണ്.5 ആദിശങ്കരന്റെ കാലഘട്ടം പണ്ഡിതരുടെ ഇടയിൽ ഒരു തർക്കവിഷയമാണ്. അതുല്യനായ ആ അദ്വൈതി ക്രി.മു.ആറാംശതകത്തിൽ ജീവിച്ചിരുന്നതായി ചില രേഖകൾ സൂചിപ്പിക്കുന്നു; ആനന്ദഗിരി എന്ന ഋഷിവര്യൻ ക്രി. മു 4412 വരെ എന്നും പാശ്ചാത്യചരിത്രകാരന്മാർ ക്രി.വ.എട്ടാം നൂറ്റാണ്ടോ ഒമ്പതാം നൂറ്റാണ്ടിന്റെ ആദ്യഭാഗമെന്നോ അഭിപ്രായപ്പെടുന്നു. പല കാലഘട്ടങ്ങളോടുമുള്ള ആഭിമുഖ്യം!പുരിയിലെ പ്രാചീന ഗോവർധനമഠത്തിന്റെ അധിപതി, യശ:ശരീരനായ ജഗദ്ഗുരു ശ്രീ ശങ്കരാചാര്യ ശ്രീ ഭാരതീ കൃഷ്ണ തീർഥ 1958 -ൽ മൂന്നുമാസക്കാലത്തേക്ക് അമേരിക്ക സന്ദർശിച്ചു. ഒരു ശങ്കരാചാര്യർ പാശ്ചാത്യനാടുകളിലേക്ക് യാത്രചെയ്യുന്നത് അത് ആദ്യമായിരുന്നു. ചരിത്രംസൃഷ്ടിച്ച ആ യാത്രാപരിപാടി, സെൽഫ്-റിയലൈസേഷൻ ഫെലോഷിപ്പും യോഗദാസത്സംഗ സൊസൈറ്റി ഒഫ് ഇൻഡ്യയുമാണ് ഏർപ്പാടു ചെയ്തത്. ജഗദ്ഗുരു, അമേരിക്കയിലെ പ്രധാനപ്പെട്ട സർവകലാശാലകളിൽ പ്രസംഗിക്കുകയും പ്രസിദ്ധ ചരിത്രകാരൻ ഡോ. ആർനൽഡ് റ്റോയിൻബിയുമായി ലോകസമാധാനത്തെപ്പറ്റി ചർച്ചചെയ്യുകയും ഉണ്ടായി.ശ്രീ ശ്രീ ദയാമാതാ (അധ്യക്ഷ) യുടെ ക്ഷണം ശ്രീ ശങ്കരാചാര്യർ 1959-ൽ സ്വീകരിച്ചുകൊണ്ട് യോഗദാ സത്സംഗ സൊസൈറ്റി ഒഫ് ഇൻഡ്യ/സെൽഫ്-റിയലൈസേഷൻ ഫെലോഷിപ്പിന്റെ ഗുരുക്കന്മാരുടെ പ്രതിനിധിയായിരുന്ന് യോഗദാ സത്സംഗയിലെ രണ്ടു സാധകർക്ക് അദ്ദേഹം സന്ന്യാസദീക്ഷ നൽകി. ആ ചടങ്ങ് അദ്ദേഹം പുരിയിലെ യോഗദാസത്സംഗ ആശ്രമത്തിലുള്ള ശ്രീ യുക്തേശ്വരക്ഷേത്രത്തിൽവച്ചാണ് നടത്തിയത്. (പ്രസാധക കുറിപ്പ്)6 പതഞ്ജലിയുടെ കാലം അജ്ഞാതമാണെങ്കിലും പല പണ്ഡിതന്മാരും അത് ക്രി. മു. രണ്ടാം നൂറ്റാണ്ടായി കണക്കാക്കുന്നു. കാലത്തിനു മാറ്റാനാവാത്ത ശക്തമായ ഉൾകാഴ്ചയോടെയാണ് ഋഷീശ്വരന്മാർ നിരവധി വിഷയങ്ങളിൽ രചനകൾ നടത്തിയത്; എന്നിരുന്നാലും, പിന്നീടുണ്ടായ

ചരിത്രകാരന്മാർക്ക് ദുരിതമുണ്ടാക്കിക്കൊണ്ട് ആ കൃതികളിൽ സ്വന്തം കാലഘട്ടത്തിന്റെയോ വ്യക്തിത്വത്തിന്റെയോ മുദ്ര പതിപ്പിക്കാൻ ആ മഹാത്മക്കൾ കൂട്ടാക്കിയില്ല. തങ്ങളുടെ ഹ്രസ്വമായ ജീവിതം നിത്യജീവനിലെ താൽക്കാലികപ്രാധാന്യംമാത്രമുള്ള ജ്യോതിസ്സുകളാണെന്നും വ്യാവസായികചിഹ്നം നൽകി തങ്ങളുടെ കുത്തകയാക്കാനാവാത്ത കാലാതീതസത്യം തങ്ങളുടെ സ്വകാര്യസ്വത്തല്ലെന്നും അവർ മനിസ്സിലാക്കിയിരിക്കുന്നു.7 ചിത്തവൃത്തി നിരോധ: (യോഗസുത്രം 1:2) മനസ്സിന്റെ വിവിധഭാവങ്ങളുടെ പരിസമാപ്തി എന്ന് പരിഭാഷപ്പെടുത്താം. ചിന്തിക്കുന്ന തത്ത്വം (ചിന്താശക്തി) എന്നതിന്റെ ഒരു സമഗ്രമായ പേരാണ് 'ചിത്തം' ; പ്രാണശക്തി, മന, അഹങ്കാരം, ബുദ്ധി എന്നിവ ഇതിൽപെടുന്നു. 'വൃത്തി' (ചുഴി) മനുഷ്യബോധത്തിൽ നിരന്തരം ഉയരുകയും അമരുകയും ചെയ്യുന്ന ചിന്തയുടെയും വികാരത്തിന്റെയും തിരമാലകളെ പരാമർശിക്കുന്നു. 'നിരോധം' എന്നാൽ നിഷ്ക്രിയമാക്കൽ, വിരാമമിടൽ, നിയന്ത്രണം എന്നർത്ഥം.8 വേദത്തെ അടിസ'ഥാനമാക്കിയുള്ള ആറുദർശനങ്ങൾ: സാംഖ്യം, യോഗം, വേദാന്തം, മീമാംസ, ന്യായം, വൈശേഷികം എന്നിവയാണ്.9 ബുദ്ധമതത്തിൽ മനുഷ്യന്റെ പെരുമാറ്റച്ചട്ടങ്ങളെന്ന നിലയിൽ മാർഗദർശകമായ താഴെ കൊടുത്തിരിക്കുന്ന, ശ്രേഷ്ഠമായ അഷ്ടമാർഗങ്ങളായി ഇതിനെ തെറ്റിദ്ധരിക്കരുത്.(1) സദാദർശങ്ങൾ, (2) സദുദ്ദേശം, (3) സദ്വാക്ക്, (4) സൽപ്രവൃത്തി, (5) സദുപജീവനമാർഗം. (6) സത്പ്രയത്നം, (7) സദാത്മസ്മരണ, (8) സത്സാക്ഷാത്കാരം (സമാധി).10 1937ൽ ഇൻഡ്യൻ സയൻസ് കോൺഗ്രസിൽ ഡോ. യുങ്ങ് പങ്കെടുക്കുകയും കൽക്കത്താ സർവകലാശാലയുടെ ഒരു ബഹുമതിബിരുദം സ്വീകരിക്കുകയും ചെയ്തു.11 ഡോ. യുങ്ങ് ഇവിടെ പരാമർശിക്കുന്നത് ആരോഗ്യത്തിനും ദീർഘായുസ്സിനും വേണ്ടിയുള്ള ആസനങ്ങളുടെയും ക്രിയകളുടെയും പ്രത്യേക പഠനം ഉൾക്കൊള്ളുന്ന ഹഠയോഗം എന്ന പ്രത്യേക ശാഖയെയാണ്. ഹഠയോഗം പ്രയോജനകരമാണ്. അത്ഭുതകരമായ കായികനേട്ടങ്ങൾ ഉളവാക്കുമെങ്കിലും ആത്മീയ മോചനം കാംക്ഷിക്കുന്ന യോഗികൾ ഈ യോഗചര്യ തീരെ അവലംബിക്കാറില്ല.12 നല്ല പരിജ്ഞാനമില്ലാത്ത ധാരാളം ആളുകൾ യോഗത്തെ ഹഠയോഗമെന്നു പറയുകയോ, ഇന്ദ്രജാലം, അത്ഭുതസിദ്ധികൾ നേടുന്നതിനുള്ള ദുർമന്ത്രവാദം എന്നൊക്കെ കരുതുകയോ ചെയ്യുന്നു. എന്തായാലും യോഗം എന്ന പദം കൊണ്ട് പണ്ഡിതന്മാർ അർഥമാക്കുന്നത്, യോഗസുത്രത്തിൽ (പാതഞ്ജല സൂത്രമെന്നും ഇത് അറിയപ്പെടുന്നു) നിർദേശിച്ചിരിക്കുന്ന പദ്ധതിയാണ്: രാജയോഗം. ഈശ്വരതാദാത്മ്യംപ്രാപിച്ച ദിവ്യനായ സദാശിവേന്ദ്ര ഉൾപ്പെടെ ഭാരതത്തിലെ അതിമഹാന്മാരായ ചിന്തകരെ ഭാഷ്യങ്ങൾ രചിക്കാൻ പ്രചോദിപ്പിച്ച ഗാംഭീര്യമുള്ള തത്ത്വചിന്തകൾ ആ കൃതി ഉൾക്കൊള്ളുന്നു.വേദത്തെ ആസ്പദമാക്കിയുള്ള മറ്റു അഞ്ചുപ്രാചീനദർശനങ്ങളെപ്പോലെ യോഗ സൂത്രവും ''സദാചാരപരമായ വിശുദ്ധി'' എന്ന മാസ്മരവിദ്യയെ (യമ-നിയമങ്ങളുടെ പത്തു കല്പനകളെ) ദാർശനികമായ അന്വേഷണത്തിന്റെ ഒഴിച്ചുകൂടാനാവാത്ത പ്രാഥമികതത്ത്വമായി കണക്കാക്കുന്നു. പാശ്ചാത്യദേശത്ത് നിഷ്കർഷിക്കാത്ത വ്യക്തിപരമായ ഈ പെരുമാറ്റച്ചട്ടം, ആറു ഭാരതീയ ദർശനങ്ങൾക്കും ശാശ്വതമായ ചൈതന്യം പകർന്നിട്ടുണ്ട്. പ്രപഞ്ചത്തെ നിലനിർത്തുന്ന ഋതം, മനുഷ്യഭാഗധേയത്തെ നിർണയിക്കുന്ന ധാർമികസംവിധാനത്തിൽ നിന്നുവ്യത്യസ്തമല്ല സാർവലൗകികമായ സദാചാരനിയമങ്ങൾ പാലിക്കുന്നതിനുമടിക്കുന്നവർ സത്യത്തെ ഗൗരവബുദ്ധ്യാ പിൻതുടരാൻ കൂട്ടാക്കുന്നവരല്ല.യോഗസൂത്രത്തിലെ മൂന്നാം വിഭാഗം പലവിധ അത്ഭുതയോഗശക്തി (വിഭൂതികളും സിദ്ധികളും)കളെപ്പറ്റി പരാമർശിക്കുന്നു. യഥാർഥ അറിവ് എപ്പോഴും ശക്തിയാണ്. യോഗമാർഗത്തെ നാലുഘട്ടങ്ങളായി വിഭജിച്ചിരിക്കുന്നു-ഓരോന്നിനും അതിന്റെ വിഭൂതിപ്രകാശനങ്ങളും ഉണ്ട്. ഒരു പ്രത്യേകശക്തി നേടുമ്പോൾ, താൻ നാലുഘട്ടങ്ങളിൽ ഒന്നിന്റെ പരീക്ഷകൾ വിജയകരമായി കടന്നുകൂടിയിരിക്കുന്നുവെന്ന് യോഗിമനസ്സിലാക്കുന്നു. ഓരോ ഘട്ടങ്ങളുടെയും ലക്ഷണമായ സിദ്ധികളുടെ ആവിർഭാവം യോഗസമ്പ്രദായത്തിന്റെ ശാസ്ത്രീയഘടനയുടെ തെളിവാണ്. ഇതുമൂലം തന്റെ ''ആത്മീയ പുരോഗതിയെ'' പ്പറ്റിയുള്ള സാധകന്റെ മിഥ്യാസങ്കല്പങ്ങൾ ദൂരീകരിക്കപ്പെടുന്നു; പ്രമാണമാണ് ആവശ്യം!പരമാത്മാവുമായുള്ള ഐക്യം മാത്രമായിരിക്കണം ഏകലക്ഷ്യമെന്ന് പതഞ്ജലി സാധകന് മുന്നറിയിപ്പുനൽകുന്നു. അല്ലാതെ അത് പവിത്രമായ ആ പാതയുടെ വക്കിലെ പുഷ്പങ്ങളായ വിഭൂതികളുടെ സമാർജനമായിക്കൂടാ. അദ്ദേഹത്തിന്റെ പ്രാതിഭാസികമായ സമ്മാനങ്ങളെയല്ല, ആ നിത്യഭാസ്സിനെ തേടു! ഈശ്വരസാക്ഷാത്കാരത്തിൽക്കുറഞ്ഞ ഏതെങ്കിലും നേട്ടത്തിൽ സംതൃപ്തനാകുന്ന സാധകനുമുന്നിൽ ഈശ്വരൻ, സ്വയം വെളിപ്പെടുന്നില്ല. അതുകൊണ്ട് കഠിനസാധനചെയ്യുന്ന യോഗി തന്റെ പ്രാതിഭാസിക വിഭൂതികൾ കാട്ടാതിരിക്കുന്നതിൽ ശ്രദ്ധി ക്കുന്നു. കാരണം മിഥ്യാഹങ്കാരം ഉണർത്തി ആത്യന്തികമായ കൈവല്യംപ്രാപിക്കുന്നതിൽനിന്ന് താൻ തന്റെ ശ്രദ്ധയെതിരിക്കാൻ പാടില്ല.ആത്യന്തികലക്ഷ്യത്തിൽ യോഗി എത്തിക്കഴിയുമ്പോൾ, തന്റെ ഇഷ്ട പ്രകാരം വിഭൂതികൾ പ്രവർത്തിപ്പിക്കുകയോ അങ്ങനെ ചെയ്യാതിരിക്കകയോ ചെയ്യുന്നു. അത്ഭുതകരമോ അല്ലാത്തതോ ആയ എല്ലാ പ്രവൃത്തികളും അപ്പോൾ കർമബദ്ധമല്ലാതെ പ്രവർത്തിപ്പിക്കപ്പെടുന്നു. വ്യക്തിപരമായ അഹന്തയുടെ കാന്തം ഇനിയും നിലനിൽക്കുന്നിടത്തു മാത്രമേ കർമത്തിന്റെ ഇരുമ്പു തരികൾ ആകർഷിക്കപ്പെടുന്നുള്ളു.അധ്യായം 25സഹോദരൻ അനന്തനും സഹോദരി നളിനിയും ''അനന്തന് ഇനി ജീവിച്ചിരിക്കാൻ കഴിയില്ല; ഈ ജന്മത്തിലെ അവന്റെ കർമങ്ങൾ തീർന്നിരിക്കുന്നു.'' ഒരു ദിവസം രാവിലെ ഗാഢധ്യാനത്തിൽ ഞാൻ മുഴുകിയിരിക്കുമ്പോൾ കർക്കശമായ ഈ

വാക്കുകൾ എന്റെ അന്തർബോധത്തിൽ എത്തി. ഞാൻ സ്വാമിയായിട്ട് അധികം താമസിയാതെ ജ്യേഷ്ഠൻ അനന്തദായുടെ അതിഥിയായി എന്റെ ജന്മസ'ഥലമായ ഗോരഖ്പൂരം ഞാൻ സന്ദർശിച്ചു. പെട്ടെന്നുണ്ടായ ഒരു അസുഖം അദ്ദേഹത്തെ ശയ്യാവലംബിയാക്കി; ഞാൻ സ്നേഹപൂർവം അദ്ദേഹത്തെ ശുശ്രൂഷിച്ചു.ഗൗരവമുള്ള ഈ ആന്തരികവിധിപ്രസ്താവം എന്നെ ശോകാകുലനാക്കി. ഞാൻ നിസ്സഹായനായി നോക്കിനിൽക്കേ അനന്തദാ അകന്നുപോകുന്നത് കാണാനായിമാത്രം ഗോരഖ്പൂരത്ത് തങ്ങുന്നത് എനിക്ക് സഹിക്കാനാവില്ലായിരുന്നു. കാര്യം മനസ്സിലാക്കാത്ത എന്റെ ബന്ധുക്കളുടെ വിമർശനങ്ങൾക്കിടയിൽ, ആദ്യം ലഭ്യമായ കപ്പലിൽ ഞാൻ ഭാരതം വിട്ടു. അത് ബർമയും ചൈനാക്കടലും കടന്ന് ജപ്പാനിൽ എത്തി. കോബെയിൽ ഇറങ്ങി ഞാൻ ഏതാനും ദിവസം മാത്രം അവിടെ ചെലവിട്ടു. കാഴ്ചകൾ കാണാൻപോകാൻ ഹൃദയത്തിലെ ശോകഭാരം എന്നെ അനുവദിച്ചില്ല.മടക്കയാത്രയിൽ കപ്പൽ ഷാങ്ഹായിയിൽ എത്തി. അവിടെ കൗതുകവസ്തുക്കൾ വിൽക്കുന്ന പല കടകളിലേക്ക് കപ്പലിലെ ഭിഷഗ്വരൻ ഡോ. മിശ്ര എന്നെ കൂട്ടിക്കൊണ്ടുപോയപ്പോൾ ശ്രീ യുക്തേശ്വരനും എന്റെ കുടുംബാംഗങ്ങൾക്കും സ്നേഹിതർക്കും വേണ്ടി ഞാൻ പല സമ്മാനങ്ങൾ തിരഞ്ഞെടുത്തു. മുളയിൽ കൊത്തുപണിചെയ്ത ഒരു വലിയ ശലാകം ഞാൻ അനന്തദായ'ക്കു വേണ്ടി വാങ്ങി. ചൈനാക്കാരനായ വില്പനക്കാരൻ ആ സമ്മാനം എന്റെ കൈയ്യിൽ തന്നനിമിഷംതന്നെ ഞാൻ അത് അറിയാതെ താഴെയിടുകയും ചെയ്തു. ‘ ‘എന്റെ മരിച്ചുകഴിഞ്ഞ പ്രിയസഹോദരനുവേണ്ടിയാണ് ഞാൻ ഇതു വാങ്ങിയത്!’ ’ ഞാൻ കരഞ്ഞുകൊണ്ടു പറഞ്ഞു.അനന്തദായുടെ ആത്മാവ് അനന്തയിലേക്ക് സ്വതന്ത്രമാക്കപ്പെടുകായണെന്നുള്ള വ്യക്തമായ ഒരു ബോധം എന്നിലൂടെ കടന്നു പോയി. വീഴ്ചയിൽ കൗതുകവസ്തു ശരിക്കുംപൊട്ടിപ്പോയത് പ്രതീകാ ത്മകമായിരുന്നു; തേങ്ങലുകൾക്കിടയിൽ മുളന്തണ്ടിന്റെ പുറത്ത് ഞാൻ എഴുതി; ‘ ‘ഇപ്പോൾ പൊയ'ക്ക്ഴിഞ്ഞ എന്റെ പ്രിയ അനന്തദായ'ക്ക്.’ ’ എന്നോടൊപ്പമുണ്ടായിരുന്ന ഡോക്ടർ ഒരു പരിഹാസച്ചിരിയോടെ എന്നെ നിരീക്ഷിക്കുകയായിരുന്നു. ‘ ‘കണ്ണീരൊഴുക്കാൻ വരട്ടെ,’ ’ അദ്ദേഹം അഭിപ്രായപ്പെട്ടു, ‘ ‘മരിച്ചുവെന്ന് ഉറപ്പില്ലാതെ എന്തിനു കരയുന്നു?’ ’ ഞങ്ങളുടെ കപ്പൽ കൽക്കത്തയിലെത്തിയപ്പോൾ ഡോ. മിശ്ര വീണ്ടും എന്നോടൊപ്പം ഉണ്ടായി. എന്റെ ഏറ്റവും ഇളയ അനുജൻ വിഷ്ണു എന്നെ കാത്ത് തുറമുഖത്തുണ്ടായിരുന്നു. ‘ ‘അനന്തദാ ജീവൻ വെടിഞ്ഞുവെന്ന് എനിക്കറിയാം.’ ’ അവനു സംസാരിക്കാൻ കഴിയുന്നതിനുമുമ്പ് ഞാൻ വിഷ്ണുവിനോട് പറഞ്ഞു. ‘ ‘എപ്പോഴാണ് അനന്തദാ മരിച്ചതെന്ന് എന്നോടും ഈ ഡോക്ടറോടും പറയൂ.’ ’ വിഷ്ണു പറഞ്ഞ തീയതി, ഞാൻ ഷാങ്ഹായിയിൽ വച്ച് കൗതുക വസ്തുക്കൾ വാങ്ങിയ അതേ ദിവസമായിരുന്നു. ‘ ‘നോക്കൂ!’ ’ ഡോ. മിശ്ര വിളിച്ചുപറഞ്ഞു, ‘ ‘ഇതിനെപ്പറ്റി ഒരു വാക്കുപോലും പുറത്തുവിടരുത്! ഇപ്പോൾതന്നെ ആവശ്യത്തിലധികം ദീർഘമായ മെഡിക്കൽ ബിരുദപഠനത്തിൽ മന:പ്രേഷിത സന്ദേശത്തെപ്പറ്റി ഒരു വർഷത്തെ പഠിത്തവുംകൂടി പ്രഫസർമാർ കൂട്ടിച്ചേർക്കും!’ ’ വീട്ടിൽ ഞാൻ കടന്നപ്പോൾ അച്ഛൻ സ്നേഹമായി എന്നെ കെട്ടിപ്പിടിച്ചു. ‘ ‘നീ വന്നെത്തിയല്ലോ,’ ’ അദ്ദേഹം വാത്സല്യത്തോടെ പറഞ്ഞു. അദ്ദേഹത്തിന്റെ കണ്ണുകളിൽനിന്ന് രണ്ടു വലിയ കണ്ണുനീർത്തുള്ളികൾ അടർന്നുവീണു. സാധാരണഗതിയിൽ വികാരപ്രകടനം നടത്താത്ത അദ്ദേഹം ഇത്തരം ബാഹ്യലക്ഷണങ്ങൾ കൊണ്ട് മുമ്പെങ്ങും എന്നോട് സ്നേഹം കാട്ടിയിട്ടില്ല. പുറമെ ഗൗരവക്കാരനായ അച്ഛന്റെയുള്ളിൽ ഒരു അമ്മയുടെ അലിവുള്ള ഹൃദയം ഉണ്ടായിരുന്നു. കുടുംബത്തിലെ എല്ലാ കാര്യങ്ങളിലും മാതാപിതാക്കളുടെ ഇരട്ടഭാഗങ്ങൾ അദ്ദേഹം വഹിച്ചു.അനന്തദായുടെ മരണത്തിനുശേഷം അധികം താമസിയാതെ എന്റെ അനുജത്തി നളിനി മരണത്തിന്റെ കവാടത്തിൽനിന്ന്, ദൈവികരോഗവിമോചനത്തിന്റെ പ്രഭാവംകൊണ്ട് തിരിച്ചെത്തിക്കപ്പെട്ടു. ആ കഥ പറയുന്നതിനുമുമ്പ്, ഞങ്ങളുടെ നേരത്തെയുള്ള ജീവിതത്തിലെ ചില ഘട്ടങ്ങൾ പരാമർശിക്കട്ടെ.കുട്ടികളായിരുന്നപ്പോൾ നളിനിയും ഞാനും തന്നിലുള്ള ബന്ധം അത്രയധികം സന്തുഷ്ടമായിരുന്നില്ല. ഞാൻ മെലിഞ്ഞിരുന്നു; അവളാകട്ടെ എന്നെക്കാളും ശോഷിച്ചിരുന്നു. മന:ശാസ്ത്രജ്ഞന്മാർക്കു മനസ്സിലാക്കാൻ പ്രയാസമില്ലാത്ത, ബോധപൂർവമല്ലാത്ത ഒരു പ്രേരണയാൽ ഞാൻ അവളുടെ കോലത്തെപ്പറ്റിപ്പറഞ്ഞ് കൂടെക്കൂടെ അവളെ കളിയാക്കുമായിരുന്നു. അതേപോലെ, ഏറിപ്പോയ കുട്ടിത്തത്തിന്റെ ഹൃദയശൂന്യമായ, തുറന്നടിച്ച രീതിയിലുള്ളവ ആയിരുന്നു അവളുടെ തറുതലകളും. അമ്മ ചിലപ്പോൾ ഇടപെട്ട് മൂത്തവനായ എന്റെ ചെവിക്കിട്ട് ഒരു കൊട്ടുതന്ന് ഈ ബാലിശകലഹങ്ങൾ താല്ക്കാലികമായി അവസാനിപ്പിക്കുമായിരുന്നു.അവളുടെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ വർഷങ്ങൾ കഴിഞ്ഞപ്പോൾ, കൽക്കത്തയിലെ ഒരു നല്ല ചെറുപ്പക്കാരൻ ഡോ. പഞ്ചാനൻ ബോസുമായി നളിനിയുടെ വിവാഹം നിശ്ചയിച്ചു. യഥാസമയം വിപുലമായ വിവാഹച്ചടങ്ങുകൾ ആഘോഷിക്കപ്പെട്ടു. വിവാഹരാത്രിയിൽ ഞങ്ങളുടെ കൽക്കത്താവസതിയിലെ വിശാലമായ സ്വീകരണമുറിയിൽ ഉല്ലാസഭരിതരായ ബന്ധുക്കളുടെകൂടെ ഞാനും കൂടി. കസവുറയിട്ട, ഏറെ വലിയ ഒരു തലയിണയിൽചാരി വരൻ തന്റെ അരികിൽ നളിനിയെയും കൂട്ടി ഇരിക്കുകയായിരുന്നു. പകിട്ടേറിയ ഒരു ഇളംചുവ പ്പ് പട്ടുസാരിക്ക്, കഷ്ടമെന്നുപറയട്ടെ, അവളുടെ മെലിഞ്ഞ ശരീരത്തിന്റെ കോണുകളെ പൂർണമായും മറയ'ക്കാൻ കഴിഞ്ഞില്ല. എന്റെ പുതിയ സ്യാലന്റെ തലയിണയ'ക്കു പിന്നിൽ അഭയംതേടി ഞാൻ അയാളെനോക്കി സൗഹൃദപൂർവം പുഞ്ചിരിച്ചു. വിവാഹനറുക്കെടുപ്പിൽ തനിക്ക് എന്താണ്

കിട്ടിയതെന്ന് നളിനിയെ നേരത്തെ കണ്ടിട്ടില്ലായിരുന്ന അയാൾ വിവാഹദിനത്തിലായിരുന്നു മനസ്സിലാക്കിയത്.എന്റെ അനുകമ്പ മനസ്സിലാക്കി ഡോ. ബോസ്, ആരും ശ്രദ്ധിക്കാത്തവണ്ണം നളിനിയെ ചൂണ്ടിക്കാട്ടി, എന്റെ ചെവിയിൽ മന്ത്രിച്ചു, ‘ ‘പറയൂ, ഇതെന്താണ്?’ ’ ‘ ‘അതോ, ഡോക്ടർ,’ ’ ഞാൻ മറുപടി പറഞ്ഞു, ‘ ‘അത് നിങ്ങളുടെ നിരീക്ഷണത്തിനുള്ള ഒരു അസ'ഥിപഞ്ജരം!’ ’ വർഷങ്ങൾചെല്ലുംതോറും ഡോ. ബോസ് ഞങ്ങളുടെ കുടുംബത്തിന് പ്രിയങ്കരനായിത്തീർന്നു. വീട്ടിൽ ആർക്കെങ്കിലും അസുഖമുണ്ടായാൽ അദ്ദേഹത്തെപ്പോയികാണും. ഞങ്ങൾ രണ്ടുപേരും ഉറ്റമിത്രങ്ങളായി, പലപ്പോഴും ഞങ്ങളുടെ തമാശകൾ നളിനിയെ കരുവാക്കിയായിരിക്കും. ‘ ‘ഇത് വൈദ്യശാസ്ത്രത്തിലെ ഒരു കൗതുകമാണ്,’ ’ എന്റെ അളിയൻ ഒരു ദിവസം എന്നോട് അഭിപ്രായപ്പെട്ടു. ‘ ‘നിങ്ങളുടെ മെലിഞ്ഞ അനുജത്തിയിൽ ഞാൻ സകലതും പരീക്ഷിച്ചുനോക്കി - മീനെണ്ണ, വെണ്ണ, മുളപ്പിച്ച യവം, തേൻ, മത്സ്യം, മാംസം, മുട്ട, ടോണിക്കുകൾ, എല്ലാം. എന്നിട്ടും ഒരിഞ്ചിന്റെ നൂറിലൊരംശം തടിവയ'ക്കാൻ അവൾക്കു കഴിയുന്നില്ല.’ ’ ഏതാനുംദിവസം കഴിഞ്ഞ് ഞാൻ അവരുടെ വീട്ടിൽ പോയി. എന്റെ ജോലി ഏതാനും മിനിറ്റുകൾക്കുള്ളിൽ കഴിഞ്ഞു; നളിനിയുടെ ശ്രദ്ധയിൽപെടാതെയാണ് എന്നുകരുതി ഞാൻ മടങ്ങുകയായിരുന്നു. ഞാൻ മുൻവശത്തെ വാതിലിൽ എത്തിയപ്പോൾ അവളുടെ സ്നേഹപൂർണമെങ്കിലും ആജ്ഞാപൂർവമായ ശബ്ദം ഞാൻ കേട്ടു. ‘ ‘ജ്യേഷ്ഠാ, ഇവിടെ വരൂ. ഇപ്രാവശ്യം എന്നെ പറ്റിച്ചു കടന്നു കളയാൻ ഞാൻ സമ്മതിക്കുകയില്ല. എനിക്ക് ജ്യേഷ്ഠനോട് ഒന്നു സംസാരിക്കണം.’ ’ ഞാൻ പടികൾകയറി അവളുടെ മുറിയിലെത്തി. അവൾ കരയുന്നതുകണ്ട് ഞാൻ അമ്പരന്നു. ‘ ‘പ്രിയസഹോദരാ, നമുക്ക് പഴയ പിണക്കങ്ങൾ എല്ലാം ഇനി മറക്കാം. ഇപ്പോൾജ്യേഷ്ഠന്റെ കാലുകൾ ആത്മീയമാർഗത്തിൽ ഉറച്ചു കഴിഞ്ഞുവെന്ന് എനിക്ക് അറിയാം. എനിക്കും എല്ലാ രീതിയിലും അങ്ങയെപ്പോലെയാകണം.’ ’ പ്രതീക്ഷാനിർഭരമായി അവൾ തുടർന്നു, ‘ ‘ജ്യേഷ്ഠന് ഇപ്പോൾ നല്ല ആരോഗ്യമുണ്ടെന്നു കണ്ടാലറിയാം. അങ്ങ് എന്നെ സഹായിക്കുമോ? എന്റെ ഭർത്താവ് എന്റെ അടുത്തുവരുന്നില്ല, എന്നാൽ ഞാൻ അദ്ദേഹത്തെ ഗാഢമായി സ്നേഹിക്കുന്നു! പക്ഷേ മെലിഞ്ഞ് അനാകർഷ കമായിരിക്കേണ്ടിവന്നാലും എന്റെ ഏറ്റവും വലിയ ആഗ്രഹം ഈശ്വരസാക്ഷാത്കാരത്തിൽ പുരോഗതി നേടുകയെന്നതാണ്.’ ’ അവളുടെ അപേക്ഷ എന്റെ ഹൃദയത്തെ അഗാധമായി സ്പർശിച്ചു. ഞങ്ങളുടെ പുതിയ സൗഹൃദം ക്രമേണ വളർന്നു; ഒരു ദിവസം എന്റെ ശിഷ്യയാകണമെന്ന് അവൾ ആവശ്യപ്പെട്ടു. ‘ ‘ജ്യേഷ്ഠന് ഇഷ്ടമുള്ള ഏതുരീതിയിലും എന്നെ പരിശീലിപ്പിക്കൂ. ടോണിക്കുകൾക്കുപകരം ഈശ്വരനിൽ എന്റെ വിശ്വാസം ഞാൻ അർപ്പിക്കുന്നു.’ ’ കൈനിറയെ മരുന്നുകളെടുത്ത് അവൾ ജനാലവഴി ഓടയിലേക്ക് ഒഴിച്ചു.ആഹാരത്തിൽനിന്ന് മത്സ്യം, മാംസം, മുട്ട എന്നിവയെല്ലാം ഒഴിവാക്കാൻ അവളുടെ വിശ്വാസത്തിന്റെ ഒരു പരീക്ഷയെന്ന നിലയിൽ ഞാൻ ആവശ്യപ്പെട്ടു.ഞാൻ വച്ച വിവിധ നിയമങ്ങൾ നളിനി വിട്ടുവീഴ്ച്ചയില്ലാതെ പാലിക്കുകയും നിരവധി ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടും സസ്യ ഭക്ഷണം മാത്രം മതിയെന്നുവയ'ക്കുകയും ചെയ്തു. മാസങ്ങൾക്കുശേഷം ഞാൻ നളിനിയെ സന്ദർശിച്ചു. ‘ ‘അനുജത്തീ, നീ ആത്മീയനിബന്ധനകൾ ഏറെ ശുഷ്കാന്തിയോടെ പാലിക്കുകയായിരുന്നു. അതിന്റെ ഫലപ്രാപ്തി അടുത്തു,’ ’ ഞാൻ കുസൃതിയോടെ ചിരിച്ചു. ‘ ‘നിനക്ക് എത്ര വണ്ണംവയ'ക്കണം? കൊല്ലങ്ങളായി സ്വന്തം പാദങ്ങൾ കണ്ടിട്ടില്ലാത്ത നമ്മുടെ അമ്മായിയുടെ അത്രയും വേണോ? ‘ ‘വേണ്ടാ! ജ്യേഷ്ഠന്റെ അത്രയുമാകണമെന്നാണ് എന്റെ അതിയായ ആഗ്രഹം.’ ’ ഉത്തമവിശ്വാസത്തിന്റെ ഉറപ്പോടെ ഞാൻ മറുപടിയായി പറഞ്ഞു: ‘ ‘ ഈശ്വരകൃപയാൽ ഞാൻ ഏപ്പോഴും സത്യം പറഞ്ഞിട്ടുള്ളതിനാൽ, ഇപ്പോഴും സത്യമായി1 പറയുന്നു. ഈശ്വരാനുഗ്രഹത്താൽ നിന്റെ ശരീരം തീർച്ചയായും വ്യത്യാസപ്പെടും; ഒരു മാസം കൊണ്ട് അതിന് എന്റെ തൂക്കം ലഭിക്കും.’ ’ എന്റെ ഹൃദയത്തിൽനിന്നുവന്ന ഈ വാക്കുകൾ ഫലിച്ചു. മുപ്പതുദിവസം കൊണ്ട് നളിനിയുടെതൂക്കം എന്റെയത്രയുമായി. ശരീരത്തിന്റെ പുതിയവണ്ണം അവൾക്കു സൗന്ദര്യം നൽകി; അവളുടെ ഭർത്താവ് അവളിൽ ഗാഢമായി അനുരക്തനായി. അസുഖകരമായി ആരംഭിച്ച അവരുടെ വിവാഹം ഉത്തമമായ സൗഹൃദം കണ്ടെത്തി.എന്റെ അഭാവത്തിൽ നളിനിക്ക് സന്നിപാതജ്വരം വന്നതായി ജപ്പാനിൽനിന്നു മടങ്ങിയെത്തിയപ്പോൾ ഞാൻ അറിഞ്ഞു. ഞാൻ അവളുടെ വീട്ടിൽ ഓടിയെത്തി. അവൾ അത്യന്തം മെലിഞ്ഞിരിക്കുന്നതുകണ്ട് ഞാൻ അന്ധാളിച്ചുപോയി. അവൾ തുടർച്ചയായി അബോധാവസ'ഥയിലായിരുന്നു.എന്റെ സ്യാലൻ പറഞ്ഞു, ‘ ‘സുഖക്കേടുകൊണ്ട് അവളുടെ മനസ്സുകുഴങ്ങുന്നതിനുമുമ്പ് അവൾ കൂടെക്കൂടെ പറയുമായിരുന്നു: ‘ ‘ജ്യേഷ്ഠൻ മുകുന്ദൻ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എനിക്ക് ഈ അനുഭവം ഉണ്ടാകില്ലായിരുന്നു.’ ’ അദ്ദേഹം കണ്ണീരോടെ തുടർന്നു, ‘ ‘മറ്റ് ഡോക്ടർമാരും ഞാനും പ്രതീക്ഷയ'ക്ക് വകയൊന്നും കാണുന്നില്ല. നീണ്ടുനിന്ന സന്നിപാതജ്വരത്തിനുശേഷം ഇപ്പോൾ അവൾക്ക് രക്താതിസാരവും പിടിപെട്ടിരിക്കുന്നു.’ ’ എന്റെ പ്രാർഥനകൊണ്ട് സ്വർഗത്തെയും ഭൂമിയേയും ഞാൻ ഇളക്കിമറിക്കാൻ ശ്രമിച്ചു. എനിക്കു പരിപൂർണ സഹകരണം നൽകിയ ഒരു ആംഗ്ലോ-ഇൻഡ്യൻ നേഴ്സിനെ ഏർപ്പെടുത്തി എന്റെ അനുജത്തിക്ക് വിവിധ യോഗചികിത്സാവിധികൾ നടപ്പാക്കി. രക്താതിസാരം ഭേദമായി.പക്ഷേ ഡോ. ബോസ് ദു:ഖിതനായി തലയാട്ടി. ‘ ‘അവൾക്ക് ചിന്തുവാൻ ഇനി രക്തമില്ല.’ ’ ‘ ‘അവൾ സുഖം പ്രാപിക്കും,’ ’ ഞാൻ ശക്തമായിപ്പറഞ്ഞു. ‘ ‘ഏഴു ദിവസത്തിനുള്ളിൽ അവളുടെ ജ്വരം മാറും.’ ’

ഒരാഴ്ചകഴിഞ്ഞ് നളിനി കണ്ണു തുറന്ന് എന്നെ നോക്കുന്നതു കണ്ട് ഞാൻ രോമാഞ്ചംകൊണ്ടു. അവൾ എന്നെ സ്നേഹത്തോടെ തിരിച്ചറിഞ്ഞു. അന്നുമുതൽ അവളുടെ രോഗവിമോചനം വേഗത്തിലായിരുന്നു, അവളുടെ പതിവുതൂക്കം തിരിച്ചുകിട്ടിയെങ്കിലും അവളുടെ കാലുകൾ തളർന്നുപോയിരുന്നു. ഏതാണ്ടു മാരകമായ അസുഖത്തിന്റെ ഈ ദു:ഖകരമായ അടയാളം അവൾ പേറി. ഭാരതീയരും ഇംഗ്ലീഷുകാരുമായ ഡോക്ടർമാർ അവളെ പ്രതീക്ഷയ'ക്കു വകയില്ലാതെ മുടന്തിയായി മുദ്രകുത്തി.പ്രാർഥനയാൽ അവൾക്കുവേണ്ടി ഞാൻ തുടർച്ചയായി പടവെട്ടിയ യുദ്ധം എന്നെ തളർത്തിയിരുന്നു. ശ്രീ യുക്തേശ്വരന്റെ സഹായം തേടാൻ ഞാൻ ശ്രീരാമപുരത്തുപോയി. നളിനിയുടെ ദുരവസ'ഥ ഞാൻ അദ്ദേഹത്തോടു പറഞ്ഞപ്പോൾ അദ്ദേഹം അഗാധമായ അനുകമ്പ പ്രകടിപ്പിച്ചു. ‘ ‘ഒരു മാസത്തിനകം നിന്റെ അനുജത്തിയുടെ കാലുകൾ നേരെയാകും.’ ’ അദ്ദേഹം തുടർന്നു, ‘ ‘രണ്ടു കാരറ്റിന്റെ ഒരു തുളയ'ക്കാത്ത മുത്ത് ഒരു വളയിൽ കൊളുത്തുകൊണ്ടുപിടിപ്പിച്ച് തൊലിപ്പുറത്തു ചേർത്ത് അവൾ ധരിക്കട്ടെ.’ ’ സമാശ്വാസത്തിന്റെ സന്തുഷ്ടിയോടെ ഞാൻ അദ്ദേഹത്തിന്റെ പാദത്തിൽ നമസ്കരിച്ചു. ‘ ‘പ്രഭോ, അങ്ങ് ഒരു ആചാര്യനാണ്; അവൾ സുഖം പ്രാപിക്കുമെന്ന അങ്ങയുടെ വാക്കുകൾതന്നെ മതിയാവും. എന്നാലും അങ്ങ് നിർബന്ധിക്കുകയാണെങ്കിൽ ഞാൻ അവൾക്കുവേണ്ടി ഉടൻതന്നെ ഒരു മുത്തുവാങ്ങാം.’ ’ എന്റെ ഗുരുദേവൻ തലയാട്ടി. ‘ ‘അങ്ങനെചെയ്യൂ.’ ’ തുടർന്ന് അദ്ദേഹം താൻ ഒരിക്കലും കണ്ടിട്ടില്ലാത്ത നളിനിയുടെ ശാരീരികവും മാനസികവുമായ സ്വഭാവവിശേഷങ്ങൾ കൃത്യമായി വിവരിച്ചു. ‘ ‘പ്രഭോ, ഇത് ജ്യോതിഷപരമായ ഒരു വിശകലനമാണോ? അങ്ങയ'ക്ക് അവളുടെ ജനനദിവസമോ സമയമോ അറിയില്ലല്ലോ,’ ’ ഞാൻ അന്വേഷിച്ചു.ശ്രീ യുക്തേശ്വരൻ പുഞ്ചിരിച്ചു. ‘ ‘പഞ്ചാംഗങ്ങളുടെയും ഘടി കാരങ്ങളുടെയും സാക്ഷ്യപത്രത്തെ ആശ്രയിക്കാത്ത, കുറേക്കൂടി അഗാധ മായ ഒരു ജ്യോതിഷമുണ്ട്. ഓരോ മനുഷ്യനും സ്രഷ്ടാവിന്റെ അഥവാ വിരാട്പുരുഷന്റെ ഒരു ഭാഗമാണ്; ഓരോ മനുഷ്യനും സൂക്ഷ്മവും അതു പോലെ സ'ഥൂലവുമായ ഓരോ ശരീരവുമുണ്ട്. മനുഷ്യദൃഷ്ടി സ'ഥൂലരൂപത്തെ കാണുന്നു, പക്ഷേ ഉൾക്കണ്ണ് കൂടുതൽ അഗാധമായി ചൂഴ്ന്നിറങ്ങുന്നു. ഓരോ മനുഷ്യനും യാതൊരു വിശ്വവിധാനത്തിന്റെ അവിഭാജ്യവും വൈയക്തികവുമായ അംശമാണോ അതുവരെയും അന്തർദൃഷ്ടി കടന്നുചെല്ലുന്നു ’ ’ ഞാൻ കൽക്കത്തയ'ക്കു മടങ്ങിവന്ന് നളിനിക്കുവേണ്ടി ഒരു മുത്ത്2 വാങ്ങി. ഒരു മാസത്തിനുശേഷം അവളുടെ തളർച്ച ബാധിച്ച കാലുകൾ പൂർണമായും സുഖപ്പെട്ടു.അവളുടെ ഹൃദയംഗമായ കൃതജ്ഞത ഗുരുദേവനെ അറിയിക്കാൻ എന്റെ അനുജത്തി എന്നോട് ആവശ്യപ്പെട്ടു. അദ്ദേഹം ആ സന്ദേശം നിശ്ശബ്ദമായി ചെവിക്കൊണ്ടു. പക്ഷേ ഞാൻ യാത്ര പറയവേ അദ്ദേഹം അർഥഗർഭമായ ഒരു പരാമർശംനടത്തി. ‘ ‘നിന്റെ അനുജത്തിക്ക് കുട്ടികൾ ഉണ്ടാവുകയില്ലെന്ന് ഡോക്ടർമാർ അവളോടു പറഞ്ഞിട്ടുണ്ട്. ഏതാനും കൊല്ലങ്ങൾക്കകം അവൾ രണ്ടു പെൺകുട്ടികൾക്ക് ജന്മം കൊടുക്കുമെന്ന് അവൾക്ക് ഉറപ്പുനൽകുക.’ ’ ഏതാനും വർഷങ്ങൾകഴിഞ്ഞ്, നളിനിയെ സന്തോഷിപ്പിച്ചു കൊണ്ട് അവൾക്ക് ഒരു മകൾ ജനിച്ചു; കൊല്ലങ്ങൾക്കുശേഷം മറ്റൊരുമകളും അവൾക്കുണ്ടായി. [image file=image_rsrc2SG.jpg] ശ്രീ ശ്രീ ദയാ മാതാ ദിവ്യസമാധ്യവസ'ഥയിൽയോഗദാ സത്സംഗ സൊസൈറ്റി/സെൽഫ് റിയലൈസേഷൻ ഫെലോഷിപ്പിന്റെ മൂന്നാമത്തെ അധ്യക്ഷ ശ്രീ ശ്രീ ദയാമാതാ 1968-ൽ ഭാരതത്തിലേക്കുള്ള ഒരു സന്ദർനവേളയിൽ ധ്യാനത്തിൽ മുഴുകിയ നിലയിൽ. ‘ ‘തന്റെ വാക്കുകളും ദൈവികമായ മാതൃകയും കൊണ്ടുമാത്രമല്ലാതെ, YSS/SRF ന്റെ ശാസ്ത്രീയ രീതികളും തന്ന് പരമഹംസയോഗാനന്ദൻ ധ്യാനമാർഗം ഞങ്ങളെ പഠിപ്പിച്ചു. സത്യത്തെപ്പറ്റി വായിക്കുന്നതുകൊണ്ടു മാത്രം ആത്മാവിന്റെ ദാഹം അടങ്ങുകയില്ല. സത്യത്തെ - ജഗദീശ്വരന്റെ ജലധാരയിൽ നിന്നുതന്നെ ഒരാൾ പാനം ചെയ്യണം. ഈശ്വരസാക്ഷാത്കാരമെന്നാൽ അതാണ്- നേരിട്ടുള്ള ഈശ്വരാനുഭവം.’ ’ തന്റെ പേര് അർത്ഥമാക്കുന്നതുപോലെ ദയാമാതായുടെ ജീവിതദൗത്യം ഈശ്വര പ്രേമവും അത് മറ്റുള്ളവരുമായി പങ്കുവയ'ക്കലുമായിരുന്നു. [image file=image_rsrc2SP.jpg] 1 സത്യം പറയുക എന്നത് ശീലമാക്കിയിട്ടുള്ളവർ അവരുടെ വാക്കുകൾ സത്യമാക്കാനുള്ള ശക്തി സമാർജിക്കുന്നുവെന്ന് ഹൈന്ദവവൈദശാസ്ത്രങ്ങൾ പ്രഖ്യാപിക്കുന്നു. ഹൃദയസ്പൃക്കായി അവർ പുറപ്പെടുവിക്കുന്ന ആജ്ഞകൾ എല്ലാം നിറവേറ്റപ്പെടുന്നു. (യോഗസൂത്രം II:36). ലോകങ്ങൾ സത്യത്തിൽ അധിഷ്ഠിതമായി പടുത്തുയർത്തിയിരിക്കുന്നതു കൊണ്ട്, മനുഷ്യന് തന്റെ ജീവിതത്തെ അനന്തതയുമായി സമരസപ്പെടുത്തുന്നതിനുള്ള ഒരു സൽഗുണമായി സത്യത്തെ എല്ലാ മതഗ്രന്ഥങ്ങളും പ്രകീർത്തിക്കുന്നു. മഹാത്മാഗാന്ധി മിക്കപ്പോഴും പറയുമായിരുന്നു: ‘ ‘സത്യം ഈശ്വരനാണ്;’ ’ അദ്ദേഹം ആജീവനാന്തം ശ്രമിച്ചത് ചിന്തയിലും വാക്കിലും പ്രവൃത്തിയിലും തികഞ്ഞ സത്യസന്ധത പുലർത്തുവാനായിരുന്നു. യുഗാന്തരങ്ങളിലൂടെ സത്യമെന്ന ആദർശം ഹിന്ദുസമുദായത്തിൽ നിർലീനമായി തുടർന്നു. ‘ലോകത്തിൽ എന്തെങ്കിലും സാധിക്കാനായി ഒരു കാരണവശാലും’ ഒരു ബ്രാഹ്മണൻ കള്ളം പറയുകയില്ല എന്ന് മാർകോ പോളൊ നമ്മോട് പറയുന്നു. ഭാരതത്തിലെ ഒരു ഇംഗ്ലീഷ് ന്യായധിപൻ, വില്യം സ്ലീമൻ, ജേർണി ത്രൂ അവധ് 1849-50 എന്ന തന്റെ ഗ്രന്ഥത്തിൽ പറയുന്നു: ‘ ‘ഒരു മനുഷ്യന് തന്റെ സ്വത്തോ സ്വാതന്ത്ര്യമോ ജീവൻതന്നെയോ അപകടപ്പെടുമായിരുന്ന നൂറുകണക്കിനു കേസുകൾ എന്റെ മുന്നിൽ വന്നിട്ടുണ്ട്. എങ്കിൽ പോലും ഒരു കള്ളംപറയാൻ അയാൾ വിസമ്മതിച്ചിട്ടുണ്ട്.’ ’ 2 മുത്തുകളും മറ്റു രത്നങ്ങളും അതുപോലെതന്നെ ലോഹങ്ങളും ചില ചെടികളും മനുഷ്യന്റെ

ത്വക്കിനോടു ചേർത്തു ധരിച്ചാൽ അവ ശരീരകോശങ്ങളിൽ ഒരു വൈദ്യുത കാന്തസ്വാധീനം ചെലുത്തുന്നു. സസ്യങ്ങളിലും ലോഹങ്ങളിലും രത്നങ്ങളിലുമുള്ള ഇംഗാലവും വിവിധ മൂലകങ്ങളും മനുഷ്യശരീരത്തിലുമുണ്ട്. ഋഷീശ്വരന്മാരുടെ ഈ തുറയിലെ കണ്ടുപിടുത്തങ്ങൾ ശരീരഘടനാശാസ്ത്രജ്ഞർ ഒരു കാലത്ത്സ്ഥിരീകരിക്കുമെന്നതിനു സംശയമില്ല. വൈദ്യുതപ്രാണപ്രവാഹങ്ങളോടുകൂടിയ സംവേദനക്ഷമമായ മനുഷ്യ ശരീരം, ഇനിയും കണ്ടുപിടിച്ചിട്ടില്ലാത്ത എത്രയോ രഹസ്യങ്ങളുടെ ഒരു കേന്ദ്രമാണ്.രത്നങ്ങൾക്കും ലോഹവളകൾക്കും ശരീരത്തിന്റെ ദോഷങ്ങൾക്കു പരിഹാരമായ മൂല്യങ്ങൾ ഉണ്ടെങ്കിലും അവ ശുപാർശചെയ്യുന്നതിന് ശ്രീ യുക്തേശ്വരന് മറ്റൊരു കാരണവുമുണ്ടായിരുന്നു. മഹാന്മാരായ രോഗവിമോചകരായി കാണപ്പെടാൻ ആചാര്യന്മാർ ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല: ഈശ്വരൻ മാത്രമാണ് യഥാർഥ രോഗവിമോചകൻ. അതുകൊണ്ട് ഈശ്വരനിൽനിന്ന് വിനയപൂർവം അവർ സ്വീകരിച്ചിട്ടുള്ള ശക്തി വിശേഷങ്ങളെ പുണ്യാത്മാക്കൾ പലപ്പോഴും വിവിധരീതികളിൽ മറച്ചു പിടിക്കുന്നു. മനുഷ്യൻ സാധാരണയായി ഇന്ദ്രിയഗോചരമായവയിൽ വിശ്വാസമർപ്പിക്കുന്നു; എന്റെ ഗുരുദേവന്റെ അടുത്ത് ആളുകൾ രോഗശാന്തിക്കായി വന്നപ്പോൾ അവരുടെ വിശ്വാസം ഉണർത്താനും തന്നിൽനിന്ന് ശ്രദ്ധതിരിക്കാനും വളയോ ഒരു രത്നമോ ധരിക്കാൻ അദ്ദേഹം പറഞ്ഞു. ആ വളകളും രത്നങ്ങളും സ്വാഭാവികമായ വൈദ്യുതന്-കാന്തരോഗ വിമോചകശക്തികൾക്കു പുറമേ ഗുരുദേവന്റെ ഗുപ്തമായ ആത്മീയ അനുഗ്രഹവും വഹിച്ചിരുന്നു.അധ്യായം 26ക്രിയായോഗശാസ്ത്രംഈ പുസ്തകത്തിൽ കൂടെക്കൂടെ പരാമർശിച്ചിട്ടുള്ള ക്രിയായോഗശാസ്ത്രം ആധുനികഭാരതത്തിൽ പരക്കെ അറിയപ്പെടാൻ കാരണഭൂതൻ എന്റെ ഗുരുവിന്റെ ഗുരുവായ ലാഹിരി മഹാശയനാണ്. ക്രിയയുടെ സംസ്കൃതധാതു ക്രി എന്നാൽ ചെയ്യുക, പ്രവർത്തിക്കുകയും പ്രതിപ്രവർത്തിക്കുകയും ചെയ്യുക എന്നർഥം. കാര്യ-കാരണങ്ങളുടെ സ്വാഭാവികസിദ്ധാന്തമായ കർമം എന്ന വാക്കിലും ഇതേ ധാതുകാണാം. അങ്ങനെ ക്രിയായോഗം ‘ ‘ഒരു പ്രത്യേക ക്രിയയിലൂടെ അഥവാ അനുഷ്ഠാനത്തിലൂടെ ഈശ്വരനുമായുള്ള ഐക്യം (യോഗം) നേടൽ’ ’ ആണ്. ഈ മാർഗം ഉത്തമ വിശ്വാസത്തോടെ പരിശീലിക്കുന്ന ഒരു യോഗി കർമം അഥവാ കാര്യകാരണസന്തുലന വ്യവസ്ഥയുടെ നിയമാധിഷ്ഠിതമായ ശൃംഖലയിൽനിന്ന് ക്രമേണ മുക്തനായിത്തീരുന്നു.പ്രാചീനമായ ചില യോഗശാസ്ത്രനിബന്ധനകൾ കാരണം, പൊതുജനങ്ങൾക്കായി ഉദ്ദേശിച്ചിട്ടുള്ള ഒരു പുസ്തകത്തിൽ ക്രിയായോഗത്തിന്റെ പൂർണവിശദീകരണം എനിക്കു നൽകാൻ കഴിയുകയില്ല. യഥാർഥ ക്രിയായോഗവിദ്യ യോഗദാ സത്സംഗ സൊസൈറ്റി/സെൽഫ്-റിയലൈസേഷൻ ഫെലോഷിപ് അധികാരപ്പെടുത്തിയ ഒരു ക്രിയാവാ(ക്രിയായോഗി) നിൽനിന്ന് പരിശീലിക്കേണ്ടതാണ്.1 ഇവിടെ ഒരു പൊതുപരാമർശം മതിയാകും.മനുഷ്യരക്തത്തെ അംഗാരവിമുക്തമാക്കുകയും പ്രാണവായുവിനാൽ പുനർപൂരിതമാക്കുകയുംചെയ്യുന്ന ഒരു ലളിതമായ മന: കായികപദ്ധതിയാണ് ക്രിയായോഗം. അധികരിച്ച ഈ പ്രാണവായുവിന്റെ പരമാണുക്കൾ മസ്തിഷ്കത്തെയും സുഷുമ്നാകേന്ദ്രങ്ങളെയും നവചൈതന്യവത്താക്കുന്നതിന് പ്രാണശക്തിയായി രൂപാന്തരപ്പെടുന്നു. അശുദ്ധരക്തത്തിന്റെ വർധനവ് തടയുന്നതുവഴി, ശരീരകലകളുടെ ജീർണനം കുറയ'ക്കുകയോ ഒഴിവാക്കുകയോ ചെയ്യാൻ യോഗിക്കു കഴിയുന്നു. പൂർണതപ്രാപിച്ചയോഗി തന്റെ ശരീരകോശങ്ങളെ ഊർജമായി പുനരാവിഷ്കരിക്കുന്നു. ഇച്ഛാനുസരണം സ്വന്തം ശരീരത്തെ ആവിർഭവിപ്പിക്കുകയും വിലയിപ്പിക്കുകയും ചെയ്യാൻ കഴിഞ്ഞിരുന്ന എലീജയും, യേശുവും, കബീറും മറ്റു പ്രവാചകന്മാരും ക്രിയായോഗത്തിലോ അതുപോലുള്ള ഒരു ചര്യയിലോ തികഞ്ഞ വൈദഗ്ധ്യം നേടിയവരായിരുന്നു.ക്രിയ ഒരു പ്രാചീനശാസ്ത്രമാണ്. ലാഹിരി മഹാശയന് ഇത് ലഭിച്ചത് തന്റെ മഹാനായ ഗുരുനാഥൻ ബാബാജിയിൽനിന്നാണ്. വിസ്മൃതിയുടെ അന്ധകാരത്തിലാണ്ടുപോയ ഈ യോഗവിദ്യ പുനരാവിഷ്ക്കരിക്കുകയും സ്പഷ്ടീകരിക്കുകയും ചെയ്ത ബാബാജി അതിനെ ക്രിയായോഗം എന്നു സരളമായി പുനർനാമകരണം ചെയ്തു. ‘ ‘ഈ പത്തൊമ്പതാംനൂറ്റാണ്ടിൽ ഞാൻ നിന്നിലൂടെ ലോക ത്തിനു നൽകുന്ന ക്രിയായോഗം പരസഹസ്രം സംവത്സരങ്ങൾക്കു മുമ്പ് ശ്രീകൃഷ്ണൻ അർജുനന് നൽകിയ അതേ ശാസ്ത്രത്തിന്റെ പുനരുദ്ധാരണമാണ്; ഇതേ ശാസ്ത്രം പിന്നീട് പതഞ്ജലിക്കും ക്രിസ്തുദേവനും വിശുദ്ധയോഹന്നാനും, വിശുദ്ധപൗലോസിനും മറ്റുശിഷ്യന്മാർക്കും അറിയാമായിരുന്നു,’ ’ ബാബാജി ലാഹിരി മഹാശയനോടുപറഞ്ഞു.ഭഗവദ്ഗീതയിൽ ഭഗവാൻ കൃഷ്ണൻ ക്രിയായോഗത്തെ രണ്ടുപ്രാവശ്യം പരമാർശിക്കുന്നുണ്ട്. ഒരു ശ്ലോകം ഇങ്ങനെയാണ്; ‘ ‘പ്രാണന്റെയും അപാനന്റെയും ഗതികളെ തടഞ്ഞിട്ട് അപാനനിൽ പ്രാണനെയും, പ്രാണനിൽ അപാനനെയും ഹോമിക്കുന്ന യോഗി ഇവ രണ്ടിനെയും നിർവീര്യമാക്കുന്നു. അങ്ങനെ അദ്ദേഹം പ്രാണനെ ഹൃദയത്തിൽനിന്ന് മോചിപ്പിക്കുകയും ജീവശക്തിയെ തന്റെ നിയന്ത്രണത്തിന് വിധേയമാക്കുകയും ചെയ്യുന്നു.’ ’ 2 ഇതിന്റെ വ്യാഖ്യാനം: ‘ ‘ശ്വാസകോശത്തിന്റെയും ഹൃദയത്തിന്റെയും പ്രവർത്തനത്തെ ശാന്തമാക്കുകവഴി പ്രാണശക്തി കൂടുതൽ സഞ്ചയിപ്പിച്ചുകൊണ്ട് ശരീരത്തിന്റെ വിനാശനത്തിന് യോഗി വിരാമമിടുന്നു; അപാനന്റെ നിയന്ത്രണത്താൽ ശരീരത്തിലെ വളർച്ചയുടെ വ്യതിയാനങ്ങളെ അദ്ദേഹം തടയുന്നു. അങ്ങനെ വിനാശവും വളർച്ചയും സമതുലിതമാക്കിക്കൊണ്ട് യോഗി പ്രാണശക്തിയുടെ നിയന്ത്രണം വശമാക്കുന്നു.’ ’ ഗീതയിലെ മറ്റൊരുശ്ലോകം പ്രസ്താവിക്കുന്നു: ‘ ‘

ഭ്രൂമധ്യത്തിൽ ദൃഷ്ടികേന്ദ്രീകരിച്ചുകൊണ്ടും, നാസാദ്വാരങ്ങളിലും ശ്വാസകോശങ്ങളിലും സഞ്ചരിക്കുന്ന പ്രാണാപാനപ്രവാഹങ്ങളെ സമമാക്കിക്കൊണ്ടും ബാഹ്യവിഷയങ്ങളിൽനിന്ന് ശ്രദ്ധ പിൻവലിക്കുകയും, തന്റെ ഇന്ദ്രിയങ്ങളെയും ബുദ്ധിയേയും നിയന്ത്രണവിധേയമാക്കുകയും ആഗ്രഹം, ഭയം, കോപം ഇവ വെടിയുകയും ചെയ്യാൻ കഴിയുന്ന മോക്ഷംതേടുന്ന ആ ധ്യാനവിചക്ഷണൻ ശാശ്വതമായി വിമോചിതനാകുന്നു.’ ’ 3കഴിഞ്ഞ ഒരു ജന്മത്തിൽ താൻ തന്നെയാണ് അവിനാശിയായ യോഗവിദ്യ പ്രാചീനകാലത്തെ ഒരു ജ്ഞാനിയായ വിവസ്വാന് ഉപദേശിച്ചതെന്നും ശ്രീകൃഷ്ണൻ പറയുന്നുണ്ട്.4 വിവസ്വാൻ സ്മൃതികാരനായ മനു5വിനും, മനു ഭാരതത്തിലെ സൂര്യവംശസ'ഥാപകനായ ഇക്ഷ്വാകുവിനും ഇത് ഉപദേശിച്ചു. ഇങ്ങനെ, ഒരാളിൽനിന്ന് അടുത്തയാളിലേക്ക് പകർന്ന ഈ രാജയോഗം ഭൗതികവാദയുഗത്തിന്റെ ആവിർഭാവം6വരെ ഋഷീശ്വരന്മാർ കാത്തുസൂക്ഷിച്ചു. അപ്പോൾ പുരോഹിതന്മാരുടെ രഹസ്യരീതികളും ആളുകളുടെ അനാസ'ഥയും കാരണം വിശുദ്ധമായ ഈ ജ്ഞാനം ക്രമേണ അപ്രാപ്യമായിത്തീർന്നു. ‘ ‘ ശരീരത്തിന്റെ ശിക്ഷണം, മനസ്സിന്റെ നിയന്ത്രണം, ഓംകാര ധ്യാനം7 എന്നിവ അടങ്ങിയതാണ് ക്രിയായോഗം’ ’ എന്ന് പ്രാചീന കാലത്തെ യോഗശാസ്ത്രത്തിന്റെ പ്രമുഖപ്രണേതാവ് പതഞ്ജലി മഹർഷി എഴുതി. അദ്ദേഹം ക്രിയായോഗത്തെ രണ്ടുപ്രാവശ്യം പരാമർശിക്കുന്നുണ്ട്. ധ്യാനവേളയിൽ കേൾക്കുന്ന ഓംകാരത്തിന്റെ യഥാർഥ പ്രപഞ്ചധ്വനിയാണ് ഈശ്വരനെന്ന് പതഞ്ജലി പറയുന്നു.8 ഓം ആണ് സൃഷ്ടിയുടെ വചനം, സ്പന്ദനയന്ത്രത്തിന്റെ മുരൾച്ച, ദൈവികസാന്നിധ്യത്തിന്റെ സാക്ഷി.9 യോഗവിദ്യയിലെ തുടക്കക്കാരനുപോലും ഓംകാരത്തിന്റെ വിസ്മയകരമായ ശബ്ദം കാലവിളംബം കൂടാതെതന്നെ കേൾക്കാൻ കഴിഞ്ഞേക്കും. ആ ആനന്ദകരമായ ആത്മീയപ്രോത്സാഹനത്തിലൂടെ താൻ ദൈവികതലങ്ങളുമായി താദാത്മ്യത്തിൽ എത്തുകയാണെന്ന് അയാൾക്ക് ബോധ്യംവരുന്നു.തന്റെ രണ്ടാമത്തെ പരാമർശത്തിൽ പതഞ്ജലി ക്രിയാവിദ്യ അഥവാ പ്രാണനിയന്ത്രണത്തെപ്പറ്റി ഇങ്ങനെ പറയുന്നു: ‘ ‘ശ്വാസത്തിന്റെയും ഉച്ഛ്വാസത്തിന്റെയും ഗതിയുടെ വിഘടനംകൊണ്ട് സാധ്യമാകുന്ന പ്രാണായാമത്താൽ മുക്തിനേടാൻ കഴിയും.’ ’ 10ഇന്ദ്രിയങ്ങളിലേക്കും അവിടെനിന്നും, പ്രാണനെ പ്രവഹിപ്പിക്കാൻ സാധിച്ചിരുന്ന ക്രിയായോഗമോ ഒരു തത്തുല്യവിദ്യയോ വിശുദ്ധ പൗലോസിന് അറിയാമായിരുന്നു. അതിനാൽ അദ്ദേഹത്തിന് പറയാൻ കഴിഞ്ഞു: ‘ ‘നമ്മുടെ കർത്താവായ ക്രിസ്തുവിൽ എനിക്കുള്ള ഹർഷാനുഭൂതിയിൽ, ഞാൻ നിത്യേന മരിക്കുന്നു.’ ’ 11 സാധാരണഗതിയിൽ വെളിയിലേക്കുമാത്രം നിയോഗിക്കപ്പെടുന്ന, ഇന്ദ്രിയഗോചരമായ ലോകത്തിന് യാഥാർഥ്യത്തിന്റെ തോന്നലേകുന്ന സമസ്തശാരീരിക ജീവശക്തിയെയും ഉള്ളിൽ കേന്ദ്രകരിക്കുന്ന ഒരു ഉപായത്തിലൂടെ വിശുദ്ധപൗലോസ് ക്രിസ്തുബോധത്തിന്റെ ‘ ‘നിർവൃതി’ ’ യോടെയുള്ള ഒരു യഥാർഥസംഗമം നിത്യേന അനുഭവിച്ചിരുന്നു. ആ മുഗ്ദ്ധാവസ'ഥയിൽ താൻ ഇന്ദ്രിയവ്യാമോഹങ്ങൾക്ക്, അതായത് മായയുടെലോകത്തിന് മൃതപ്രായനായി അഥവാ അവയിൽനിന്ന് സ്വതന്ത്രനായിത്തീരുന്നതായി അദ്ദേഹത്തിന് ബോധ്യമുണ്ടായിരുന്നു.ഈശ്വരതാദാത്മ്യത്തിന്റെ ആദ്യഘട്ടങ്ങ(സവികല്പസമാധി)ളിൽ സാധകന്റെ ബോധം പരമാത്മാവിൽ ലയിക്കുന്നു; പ്രാണൻ ശരീരത്തിൽ നിന്ന് പിൻവലിക്കപ്പെടുന്നതിനാൽ ശരീരം മരിച്ചതുപോലെ നിശ്ചലവും അയവില്ലാത്തതുമായി കാണപ്പെടുന്നു. താല്ക്കാലികമായി പ്രജ്ഞാഹീനമാക്കപ്പെട്ട തന്റെ ശരീരത്തിന്റെ അവസ'ഥയെപ്പറ്റി യോഗിക്ക് പൂർണബോധ്യമുണ്ടാവും. എന്നിരുന്നാലും കുറേക്കൂടി ഉയർന്ന ആത്മീയാവസ'ഥ (നിർവികല്പസമാധി)യിലേക്ക് പുരോഗമിക്കുമ്പോൾ ശരീരം നിശ്ചലമാകാതെ തന്നെ അദ്ദേഹം ഈശ്വരനുമായി താദാത്മ്യം പ്രാപിക്കുന്നു; സാധാരണ ജാഗ്രദവസ'ഥയിലും ജീവിതത്തിലെ ശ്രമമേറിയ കർത്തവ്യങ്ങളുടെ നടുവിൽ പോലും.12 ‘ ‘ മനുഷ്യപരിണാമം ത്വരതിപ്പെടുത്തുവാൻ ഉതകുന്ന ഒരു ഉപായമാണ് ക്രിയായോഗം,’ ’ ശ്രീ യുക്തേശ്വരൻ തന്റെ വിദ്യാർഥികളോട് വിശദീകരിച്ചു. ‘ ‘പ്രപഞ്ചബോധരഹസ്യം ശ്വാസോച്ഛ്വാസനിയന്ത്രണവുമായി ഗാഢമായി ബന്ധപ്പെട്ടതാണെന്ന് പ്രാചീന യോഗികൾ കണ്ടുപിടിച്ചിരുന്നു. ഇതാണ് ലോകജ്ഞാനഭണ്ഡാരത്തിന് ഭാരതത്തിന്റെ അതുല്യവും അനശ്വരവുമായ സംഭാവന. സാധാരണഗതിയിൽ ഹൃദയത്തിന്റെ പ്രവർത്തനത്തെ നിലനിർത്തുന്നതിൽ പൂർണമായി ഉപയോഗിക്കപ്പെടുന്ന പ്രാണശക്തിയെ, ശ്വാസത്തിന്റെ അന്തമില്ലാത്ത ആവശ്യങ്ങളെ ശമിപ്പിക്കുവാനും പ്രശാന്തമാക്കുവാനും കഴിയുന്ന ഒരു മാർഗത്താൽ വിമോചിപ്പിച്ച് ഉയർന്നതലങ്ങളിലുള്ള പ്രവർത്തനങ്ങൾക്കായി അത് സ്വതന്ത്രമാക്കപ്പെടണം.പ്രതീകാത്മകമായ വിരാട്പുരുഷന്റെ-രാശിചക്രത്തിലെ പന്ത്രണ്ടു രാശികൾക്ക് സമാനമായ-ആറ് സുഷുമ്നാ(മൂലാധാര, സ്വാധിഷ്ഠാന, മണിപുര, അനാഹത, വിശുദ്ധ, ആജ്ഞാ) കേന്ദ്രങ്ങളെചുറ്റി തന്റെ പ്രാണശക്തിയെ മുകളിലേക്കും താഴേക്കും കറങ്ങുവാൻ ക്രിയായോഗി മാർഗനിർദേശം ചെയ്യുന്നു. മനുഷ്യനിലെ സംവേദനക്ഷമമായ സുഷുമ്നയ'ക്കു ചുറ്റുമായി ഊർജത്തിന്റെ അര മിനിറ്റുനേരത്തെകറക്കം അയാളുടെ പരിണാമത്തിൽ സൂക്ഷ്മമായ പുരോഗതി ഉളവാക്കുന്നു; ആ അരമിനിറ്റിലെ ക്രിയ ഒരു വർഷത്തെ സ്വാഭാവികമായ ആത്മീയ വികാസത്തിന് തുല്യമാണ്.സർവജ്ഞമായ ആത്മീയനേത്രമെന്ന സൂര്യനുചുറ്റുമായി ആറ് ആന്തരികനക്ഷത്രസമൂഹങ്ങൾ (ധ്രുവീകരണത്താൽ പന്ത്രണ്ട്) കറങ്ങിക്കൊണ്ടിരിക്കുന്ന മാനുഷികസൂക്ഷ്മശരീര സംവിധാനത്തിന് ഇന്ദ്രിയ ഗോചരമായ സൂര്യനും പന്ത്രണ്ട് രാശി

ചക്രങ്ങളുമായി ബന്ധമുണ്ട്. എല്ലാ മനുഷ്യരിലും അതുകൊണ്ട്, ഒരു ആന്തരികവും ഒരു ബാഹ്യവുമായ പ്രപഞ്ചം പ്രഭാവം ചെലുത്തുന്നു. മനുഷ്യന്റെ ലൗകികവും സ്വർഗീയ വുമായ പരിസ'ഥിതികൾ പന്ത്രണ്ടുവർഷമുള്ള ചക്രങ്ങളുടെ പരമ്പരകളിൽ അവന്റെ സ്വാഭാവികപാതയിൽ അവനെ മുന്നോട്ട് തള്ളി വിടുന്നുവെന്ന് പ്രാചീന ഋഷീശ്വരന്മാർ കണ്ടുപടിച്ചു. പരമാത്മബോധം കൈക്കൊള്ളുവാൻ തക്കവണ്ണം മനുഷ്യമസ്തിഷ്കത്തെ ഉത്തമമാക്കിത്തീർക്കാൻ സാധാരണവും അരോഗവുമായ ദശലക്ഷം വർഷങ്ങളുടെ പരിണാമം ആവശ്യമാണെന്ന് വേദശാസ്ത്രഗ്രന്ഥങ്ങൾ ഉറപ്പിച്ചുപറയുന്നു.എട്ടര മണിക്കൂറിൽ അനുഷ്ഠിക്കുന്ന ഒരായിരം ക്രിയകൾ ഒരു യോഗിക്ക് ഒരുദിവസംകൊണ്ട് ആയിരം സംവത്സരത്തിന് തുല്യമായ സ്വാഭാവിക പരിണാമം നൽകുന്നു: ഒരു വർഷത്തിൽ 365,000 വർഷങ്ങളുടെ പരിണാമം. അങ്ങനെ ഒരു ക്രിയായോഗിക്ക് മൂന്നു കൊല്ലത്തെ ബുദ്ധിപൂർവമായ സ്വപ്രയത്നത്തിൽകൂടി, പ്രകൃതി ഒരു ദശലക്ഷം വർഷത്തിൽ നൽകുന്നത്ര ഫലം നേടിയെടുക്കാൻ കഴിയുന്നു. അഗാധമായ പുരോഗതി നേടിയ യോഗികൾക്കുമാത്രമേ ഈ ക്രിയായോഗത്തിന്റെ കുറുക്കുവഴി എടുക്കാനാകൂവെന്ന് തീർച്ചയാണ്. തീവ്രമായ അനുഷ്ഠാനത്താൽ ഉത്ഭൂതമാകുന്ന ഊർജം താങ്ങാൻ തങ്ങളുടെ ശരീരത്തെയും മസ്തിഷ്കത്തെയും അത്തരം യോഗികൾ ഒരു ഗുരുവിന്റെ മാർഗദർശന ത്തിൽ ശ്രദ്ധാപൂർവം തയ്യാറാക്കിയിട്ടുണ്ടാവും.ക്രിയയുടെ തുടക്കക്കാരൻ പതിന്നാല് മുതൽ ഇരുപത്തിനാലു വരെ പ്രാവശ്യംമാത്രം ദിവസം രണ്ടു നേരം തന്റെ ഈ യോഗാഭ്യാസം ചെയ്യുന്നു. ആറോ, പന്ത്രണ്ടോ, ഇരുപത്തിനാലോ, നാല്പത്തിയെട്ടോ കൊല്ലത്തെ സപര്യകൊണ്ട് നിരവധി യോഗികൾ മുക്തിപ്രാപിക്കുന്നു. പൂർണസാക്ഷാത്കാരത്തിനുമുമ്പ് മരിക്കുന്ന ഒരു യോഗി, അനുഷ്ഠിച്ചിടത്തോളമുള്ള തന്റെ ക്രിയയുടെ സൽകർമം കൂടെക്കൊണ്ടുപോകുന്നു; അയാളുടെ പുതിയ ജീവിതത്തിൽ തന്റെ ലക്ഷ്യത്തിലേക്ക് സ്വാഭാവി കമായും ആനയിക്കപ്പെടുകയും ചെയ്യുന്നു.ഒരു അമ്പത് വാട്ടിന്റെ വിളക്കുപോലെയാണ് ഒരു ശരാശരി മനുഷ്യന്റെ ശരീരം. ക്രിയയുടെ അമിതമായ അനുഷ്ഠാനംകൊണ്ട് ഉണർത്തപ്പെടുന്ന കോടാനുകോടി വാട്ടിന്റെശക്തി അതിനുതാങ്ങാനാവില്ല. ക്രിയയുടെ ലളിതവും തെറ്റുപറ്റാത്തതുമായ ഉപായങ്ങളുടെ ക്രമേണയും ചിട്ടയായുമുള്ള ആചരണത്തിന്റെ വർധനവിൽകൂടി മനുഷ്യ ശരീരം ദിവസംപ്രതി സൂക്ഷ്മതലത്തിൽ പരിവർത്തനവിധേയമാവുകയും ആത്യന്തികമായി പ്രപഞ്ചതേജസ്സിന്റെ അനന്തമായ ശേഷി പ്രകടിപ്പിക്കാൻ പാകമായിത്തീരുകയും ചെയ്യുന്നു. ഇതാണ് പരമാത്മാവിന്റെ ജഡഭൗതിക ക്രിയാത്മകതയുടെ പ്രാഥമിക പ്രകാശനം.വഴിപിഴച്ച എത്രയോ യോഗാധ്യാപനകുതുകികൾ പഠിപ്പിക്കുന്ന അശാസ്ത്രീയമായ ശ്വാസോച്ഛ്വാസവ്യായാമവുമായി ക്രിയായോഗത്തിന് ഒരു ബന്ധവുമില്ല. ശ്വാസത്തെ ശ്വാസകോശങ്ങളിൽ ബലംപ്രയോഗിച്ചു നിർത്താനുള്ള ശ്രമങ്ങൾ അസ്വാഭാവികവും തികച്ചും അസുഖകരവുമാണ്. എന്നാൽ ക്രിയാനുഷ്ഠാനത്തിലാകട്ടെ, തുടക്കംമുതൽ ശാന്തിയുടെ അനുഭവവും സുഷുമ്നയിലുണ്ടാകുന്ന നവോന്മേഷത്തിന്റെ സുഖദമായ അനുഭൂതിയുമാണുള്ളത്.ഈ പുരാതന യോഗവിദ്യ ശ്വാസത്തെ ചിത്തവസ്തുവായി മാറ്റുന്നു. ആത്മീയപുരോഗതികൊണ്ട് ശ്വാസത്തെ മാനസിക സങ്കല്പമായി, മനസ്സിന്റെ ഒരു പ്രവൃത്തിയായി, ഒരു 'സ്വപ്നശ്വാസ' മായി യോഗിക്ക് മനസ്സിലാക്കാൻ കഴിയുന്നു.മനുഷ്യന്റെ ശ്വാസോച്ഛ്വാസക്രമവും അവന്റെ ബോധാവസ'ഥകളുടെ മാറ്റവും തമ്മിലുള്ള ഗണിതപരമായ ബന്ധത്തിന് ധാരാളം ഉദാഹരണങ്ങൾ നൽകാനാവും. സങ്കീർണവും ബുദ്ധിപരവുമായ വാദപ്രതിവാദങ്ങളിൽ മുഴുകുന്നതിലോ സൂക്ഷ്മത ആവശ്യമുള്ളതോ പ്രയാസമേറിയതോ ആയ ശാരിരികവ്യാപാരങ്ങളിൽ ഏർപ്പെടുന്നതിലോ ശ്രദ്ധ മുഴുവനും കേന്ദ്രീകരിച്ചിരിക്കുന്ന ഒരാൾ, സ്വാഭാവികമായും വളരെ സാവധാനം ശ്വസിക്കുന്നു. ശ്രദ്ധയുടെ ഏകാഗ്രത സാവധാനത്തിലുള്ള ശ്വാസോച്ഛ്വാസത്തെ ആശ്രയിച്ചിരിക്കുന്നു; ധ്രുതിയിലുള്ളതോ ക്രമരഹിതമോ ആയ ശ്വാസോച്ഛ്വാസം ഭയം, കാമം, ക്രോധം മുതലായ ഹാനികരമായ മാനസികാവകളുടെ ഒഴിച്ചുകൂടാനാവാത്ത സഹചാരികളാണ്. മനുഷ്യൻ ഒരു മിനിറ്റിൽ ശരാശരി 18 തവണ ശ്വാസോച്ഛ്വാസം ചെയ്യുമ്പോൾ അസ്വസ'ഥനായ വാനരൻ 32 തവണ ശ്വസിക്കുന്നു. ആന, ആമ, പാമ്പ്, അതുപോലെ ശ്രദ്ധേയമായ ദീർഘായുസ്സുള്ള മറ്റുജീവികൾ ഇവയ'ക്ക് എല്ലാം തന്നെ മനുഷ്യന്റേതിനെക്കാൾ കുറഞ്ഞ ഒരു ശ്വാസോച്ഛ്വാസ ക്രമമാണ് ഉള്ളത്. ഉദാഹരണമായി മുന്നൂറുവർഷം ജീവിച്ചിരിക്കുന്ന ഭീമാകാരനായ ആമ, ഒരു മിനിറ്റിൽ നാലു പ്രാവശ്യമേ ശ്വസിക്കുന്നുള്ളൂ.ശരീരത്തെയും ശ്വാസോച്ഛ്വാസത്തേയും പറ്റിയുള്ള മനുഷ്യന്റെ അല്പസമയത്തേക്കുള്ള ബോധമില്ലായ്മയാണ് ഉറക്കത്തിൽനിന്നു ലഭിക്കുന്ന ഉന്മേഷത്തിന്റെയും ഊർജസ്വലതയുടെയും കാരണം. ഉറങ്ങുന്ന മനുഷ്യൻ ഒരു യോഗിയായിത്തീരുന്നു; ഓരോ രാത്രിയും അയാൾ ശരീരതാദാത്മ്യത്തിൽനിന്നും തന്നെ വിമോചിപ്പിക്കുകയും എന്നിട്ട് പ്രധാന മസ്തിഷ്കമണ്ഡലത്തിലെയും സുഷുമ്നയിലെ ആറു ഉപഊർജദായക കേന്ദ്രങ്ങളിലെയും രോഗവിമോചകപ്രവാഹങ്ങളുമായി പ്രാണനെ ലയിപ്പിക്കുകയുംചെയ്യുന്ന യോഗാനുഷ്ഠാനം ബോധപൂർവമല്ലാതെ ചെയ്യുന്നു. അപ്രകാരം, എല്ലാ ജീവജാലങ്ങളെയും നിലനിർത്തുന്ന പ്രപഞ്ച ഊർജത്തിൽനിന്ന്, അറിഞ്ഞുകൊണ്ടല്ലെങ്കിലും ഉറങ്ങുന്നയാൾ ശക്തി പുനർസംഭരിക്കുന്നു.ഒരു യോഗി സ്വേച്ഛയാൽ ലളിതമായ ഒരു നൈസർഗിക പ്രക്രിയ ബോധപൂർവം അനുഷ്ഠിക്കുന്നു. എന്നാൽ മന്ദഗതിയായ ഉറക്കക്കാരൻ ഇത് അബോധാവസ'ഥയിൽ ചെയ്യുന്നു. തന്റെ ശരീരകോശങ്ങളെ അക്ഷയജ്യോതിസ്സുകൊണ്ട് പൂരിതമാക്കാനും പരിപോഷിപ്പിക്കാനും അപ്രകാരം അവയെ

ആത്മീയമായി കാന്തവത്കരിച്ച സ'ഥിതിയിൽ നിലനിർത്താനും ക്രിയയോഗി തന്റെ യോഗാനുഷ്ഠാനം പ്രയോജനപ്പെടുത്തുന്നു; ശാസ്ത്രീയമായരീതിയിൽ ശ്വാസോച്ഛ്വാസ പ്രക്രിയ തനിക്ക് അനാവശ്യമാക്കുന്നു. കൂടാതെ തന്റെ ക്രിയയോഗ സാധനയുടെവേളയിൽ ഉറക്കം, അബോധാവസ'ഥ, മരണം എന്നീ നിഷേധാത്മക അവസ'ഥകളിൽ കടക്കുന്നുമില്ല.മായയ'ക്ക് അഥവാ പ്രകൃതിനിയമത്തിന് അധീനരായവരിൽ പ്രാണശക്തിയുടെ പ്രവാഹം ബാഹ്യലോകത്തേക്കാണ്; ആ പ്രവാഹങ്ങൾ ഇന്ദ്രിയങ്ങളിൽ ദുർവിനിയോഗംചെയ്യപ്പെട്ടു നഷ്ടമാകുന്നു. ക്രിയാനുഷ്ഠാനം ഈ പ്രവാഹത്തെ നേരേ തിരിച്ചാക്കുന്നു; പ്രാണശക്തി ആന്തരിക പ്രപഞ്ചത്തിലേക്ക് മനസ്സുകൊണ്ട് നയിക്കപ്പെടുകയും അത് സൂക്ഷ്മമായ സുഷുമ്നോർജങ്ങളുമായി വീണ്ടും ഒന്നിച്ചു ചേർക്കപ്പെടുകയും ചെയ്യുന്നു. ജീവശക്തിയുടെ ഇപ്രകാരമുള്ള പുന:പ്രബലനം കൊണ്ട് യോഗിയുടെ ശരീരവും മസ്തിഷ്കകോശങ്ങളും ഒരു ആത്മീയ സിദ്ധൗഷധത്താൽ നവീകരിക്കപ്പെടുന്നു.പ്രകൃതിയും അവളുടെ ദൈവികപദ്ധതിയും മാത്രം കൊണ്ടു നയിക്കപ്പെടുന്ന മനുഷ്യർ, ശരിയായ ആഹാരം, സൂര്യപ്രകാശം, ഏകതയുടെ സമഞ്ജസചിന്തകൾ എന്നിവയിൽക്കൂടി ഒരു ദശ ലക്ഷംവർഷംകൊണ്ട് ആത്മസാക്ഷാത്ക്കാരം നേടും. മസ്തിഷ്ക ഘടനയുടെ അല്പമാത്രമായ സംസ്ക്കരണത്തിനുപോലും പന്ത്രണ്ടു വർഷത്തെ ആരോഗ്യകരമായ സാധാരണജീവിതം ആവശ്യമാണ്; മസ്തിഷ്കവസതിയെ പരമാത്മബോധം പ്രകടിപ്പിക്കാൻ തക്കവിധം വിമലീകരിക്കുന്നതിന് പത്തുലക്ഷംവർഷം സൂര്യൻ ഉദിച്ച് അസ്തമിക്കണം. നേരേമറിച്ച്, ഒരു ക്രിയായോഗി, ഈ ആത്മീയശാസ്ത്രത്തിന്റെ പ്രയോജനത്താൽ പ്രകൃതിനിയമങ്ങളെ നീണ്ടകാലം ശ്രദ്ധാപൂർവം ആചരിക്കേണ്ടതിന്റെ ആവശ്യകതയിൽ നിന്ന് സ്വയം രക്ഷപ്പെടുത്തുന്നു.ആത്മാവിനെ ശരീരവുമായി ബന്ധിപ്പിക്കുന്ന ശ്വാസമെന്ന പാശം അഴിച്ചുകളഞ്ഞ്, ആയുസ്സ് ദീർഘിപ്പിക്കുന്നതിനും, ബോധത്തെ അനന്തത യിലേക്ക് വികസിപ്പിക്കുന്നതിനും ക്രിയ ഉപകരിക്കുന്നു. മനസ്സും ജഡവസ്തുക്കളിൽ കുരുങ്ങിക്കിടക്കുന്ന ഇന്ദ്രിയങ്ങളും തമ്മിലുള്ള വടംവലിയെ ഈ യോഗവിദ്യ കീഴടക്കുകയും തന്റെ ശാശ്വതസാമ്രാജ്യ പൈതൃകത്തെ വീണ്ടെടുക്കാൻ സാധകനെ സ്വതന്ത്രനാക്കുകയും ചെയ്യുന്നു. തന്റെ യഥാർഥസത്ത ശരീരത്തിന്റെ ചട്ടക്കൂടാലോ ശ്വാസത്താലോ ബദ്ധമല്ലെന്ന് അവൻ അപ്പോൾ മനസ്സിലാക്കുന്നു. വായുവിനോടുള്ള മർത്ത്യന്റെ അടിമത്തത്തിന്റെയും പ്രകൃതിശക്തികളോടുള്ള ഒഴിയാനാവാത്ത ബാധ്യതകളുടെയും പ്രതീകമാണ് ശ്വാസം.ശരീരത്തിന്റെയും മനസ്സിന്റെയും യജമാനനായിത്തീർന്ന ഒരു ക്രിയായോഗി തന്റെ ‘‘ആത്യന്തികശത്രു’’13വായ മരണത്തിനുമേൽ അന്തിമവിജയം നേടുന്നു.അങ്ങനെ നീ മനുഷ്യനെ ആഹരിക്കുന്ന മരണത്തെ ആഹരിക്കുന്നു:ഒരിക്കൽ മരണംമരിച്ചാൽ, പിന്നെ മരണം എന്നൊന്നില്ല.14ആത്മാവലോകനം അഥവാ ‘‘മൗനമായിരിക്കുക’’ കൊണ്ട് പ്രാണനാൽ പരസ്പരംബദ്ധമായ മനസ്സിനെയും ഇന്ദ്രിയങ്ങളെയും ബലമായിപ്പിടിച്ച് അകറ്റാൻ ശ്രമിക്കുന്നത് അശാസ്ത്രീയമായ ഒരു മാർഗമാണ്. ഈശ്വരനിലേക്കുമടങ്ങാൻ ശ്രമിക്കുന്ന മനനശീലമുള്ള മനസ്സിനെ പ്രാണശക്തി ഇന്ദ്രിയങ്ങളിലേക്കു തിരിച്ച് വലിച്ചിഴച്ചു കൊണ്ടേയിരിക്കുന്നു. പ്രാണനിൽകൂടി മനസ്സിനെ നേരിട്ടു നിയന്ത്രിക്കുന്ന ക്രിയ ആണ് അനന്തതയിലേക്കുള്ള ഏറ്റവും സുഗമമവും ഫലപ്രദവും ശാസ്ത്രീയവുമായ സമീപനമാർഗം. മതസിദ്ധാന്തങ്ങളുടെ മന്ദവും അനിശ്ചിതവുമായ ‘‘കാളവണ്ടി’’ യാത്രയോട് തട്ടിച്ചു നോക്കുമ്പോൾ ക്രിയായോഗത്തെ ‘‘വിമാന’’ മാർഗമെന്ന് ന്യായമായും വിളിക്കാം.യോഗശാസ്ത്രം ആധാരമാക്കുന്നത് ഏകാഗ്രതയുടെയും എല്ലാത്തരം ധ്യാനാനുഷ്ഠാനങ്ങളുടെയും അനുഭവസിദ്ധിയാണ്. ശബ്ദ-സ്പർശ- രൂപ-രസ-ഗന്ധങ്ങളായ ഇന്ദ്രിയവിഷയങ്ങളിലേക്ക് പ്രാണശക്തിയെ ഇച്ഛാനുസരണം അയയ'ക്കാനോ അയയ'ക്കാതിരിക്കാനോ ഒരു സാധകനെ യോഗാഭ്യാസം പ്രാപ്തനാക്കുന്നു. ഇന്ദ്രിയ വിഛേദനശക്തി ലഭിച്ച യോഗിക്ക്, സ്വന്തം മനസ്സിനെ ഇച്ഛാനുസരണം ദൈവികതലങ്ങളുമായോ ജഡവസ്തുക്കളുടെ ലോകവുമായോ ഏകീകരിക്കുവാൻ എളുപ്പത്തിൽ സാധിക്കുന്നു. അച്ചടക്കരഹിതമായ ഇന്ദ്രിയാനുഭവങ്ങളുടെയും അസ്വ സ'ഥചിന്തകളുടെയും ലൗകിക തലങ്ങളിലേക്ക് ഇനി ഒരിക്കലും അയാൾ സ്വന്തം ഇഷ്ടത്തിനെതിരായി പ്രാണനാൽ പിന്നാക്കം വലിച്ചിഴക്കപ്പെടുന്നില്ല.ഭൂതകാലകർമഫലങ്ങളല്ല, മറിച്ച്, ആത്മാവിന്റെ നിർദേശങ്ങൾ മാത്രമാണ് പുരോഗതിപ്രാപിച്ച ഒരു ക്രിയായോഗിയുടെ ജീവിതത്തെ സ്വാധീനിക്കുന്നത്. ഗൃദ്ധഹൃദയങ്ങൾക്ക് ക്ലിഷ്ടവും അതീവമന്ദവുമായിതോന്നുന്ന സാധാരണജീവിതത്തിലെ അഹംബുദ്ധിയുടെ നല്ലതും ചീത്തയുമായ പ്രവൃത്തികളുടെ കാലവിളംബിയായ പരിണാമത്തിന്റെ പരിശാസകരെ സാധകൻ അപ്രകാരം ഒഴിവാക്കുന്നു.ശ്രേഷ്ഠമായ ആത്മീയജീവിതം ഒരു യോഗിയെ സ്വതന്ത്രനാക്കുന്നു; അഹംബോധത്തിന്റെ കാരാഗൃഹത്തിൽനിന്ന് പുറത്തുവരുമ്പോൾ അദ്ദേഹം സർവസന്നിധിയുടെ ഗാഢമായ വായു രുചിക്കുന്നു. പ്രകൃത്യാലുള്ള ജീവിതത്തിന്റെ അടിമത്തം, നേരേമറിച്ച് ലജ്ജാകരമായ മന്ദഗതിയിലാണ് പോകുക. തന്റെ ജീവിതത്തെ പരിണാമത്തിന്റെ ചിട്ടയ'ക്കൊന്നിച്ചു മാത്രം കൊണ്ടുപോകുന്ന ഒരാൾക്ക് പ്രകൃതിയിൽനിന്ന് സൗജന്യമായി ലഭിക്കുന്ന ശീഘ്രത ഒരു അവകാശമായി നേടിയെടുക്കാൻ കഴിയുകയില്ല. തന്റെ ശരീരത്തെയും മനസ്സിനെയും ഭരിക്കുന്ന നിയമങ്ങൾക്ക് വീഴ്ച വരുത്താതെ ജീവിച്ചാലും, ആത്യന്തികമോചനത്തിന് അയാൾക്ക് ഒരു ദശലക്ഷം സംവത്സരങ്ങളിലെ വ്യാജവേഷമിട്ട ജന്മങ്ങൾ വേണ്ടിവരും.അതിനാൽ ആത്മീയവ്യക്തിത്വത്തിനുവേണ്ടി ഭൗതികവും മാനസികവുമായ വ്യക്തിബോധങ്ങൾ

സ്വയംവെടിഞ്ഞ യോഗിയുടെ ഈശ്വരസാക്ഷാത്കാരത്തിന്റെ സുദീർഘമായ കാലാവധി ചുരുക്കിത്തരുന്ന ഈ യോഗവിദ്യ, ഒരു ദശലക്ഷംവർഷം എന്ന കാലയളവിനെ അരോചകമായിക്കാണുന്നവർക്കുവേണ്ടി ശുപാർശചെയ്യുന്നു. സ്വന്തം ആത്മാവ് പോകട്ടെ, പ്രകൃതിയുമായിപ്പോലും ഇണങ്ങി ജീവിക്കാത്ത സാധാരണമനുഷ്യന് ഈ കാലപരിധി വീണ്ടും ദീർഘിക്കുന്നു; അങ്ങനെയുള്ളവർ, പകരം, പ്രകൃതിവിരുദ്ധമായ സങ്കീർണതകൾക്കു പിമ്പേ പായുകയും തന്റെ ചിന്തയിലും പ്രവൃത്തിയിലും പ്രകൃതിയുടെ വിവേക ബുദ്ധിയെ ധിക്കരിക്കുകയും ചെയ്യുന്നു. അത്തരക്കാരന് ദശലക്ഷം സംവത്സരങ്ങളുടെ ഇരട്ടിപോലും മുക്തിക്കു വേണ്ടി മതിയാവുകയില്ല.മസ്തിഷ്കമെന്ന സിംഹാസനത്തിലിരിക്കുന്ന ആത്മാവെന്ന ചക്രവർത്തി സുഷുമ്നയിലെ ആറ് കേന്ദ്രങ്ങളിലെ-ബോധമണ്ഡല ങ്ങളിലെ-രാജപ്രതിനിധികളുമായി ഭരിക്കുന്ന ഒരു സാമ്രാജ്യമാണ് തന്റെ ശരീരമെന്ന് അജ്ഞനായ മനുഷ്യൻ ഒന്നുകിൽ മനസ്സിലാക്കുന്നതേയില്ല, അല്ലെങ്കിൽ തീരെ അപൂർവമായി മാത്രം മനസ്സിലാക്കുന്നു. ശരീരത്തിന്റെ വളർച്ച, പരിണാമം, വിനാശം മുതലായ എല്ലാ ധർമങ്ങളും നിർവഹിക്കു വാനുള്ള സുനിശ്ചിതവും സ്വയംപ്രേരിതമെന്ന് തോന്നുന്നതുമായ ഇരുപത്തിയേഴായിരം ശതകോടി കോശങ്ങളും, ബുദ്ധിവൈഭവം കൈമുതലായുള്ള മനുഷ്യബോധത്തിന്റെ അടിത്തട്ടിലെ അഞ്ചുകോടി ചിന്തകൾ, വികാരങ്ങൾ, മാറിക്കൊണ്ടിരിക്കുന്ന ബോധത്തിന്റെ വ്യതിയാനങ്ങൾ എന്നീ അനുസരണയുള്ള പരകോടി പ്രജകളുടെമേൽ ഈ ദൈവവാഴ്ച വ്യാപിച്ചിരിക്കുന്നു. ഇത് ശരാശരി അറുപതുവയസ്സുള്ള ജീവിതകാലത്തിന്റെ കണക്കാണ്.രോഗത്തിന്റെയോ മതിഭ്രമത്തിന്റെയോ രൂപത്തിൽ മനുഷ്യ ശരീരത്തിൽ ആത്മാവ് എന്ന ചക്രവർത്തിക്കെതിരെ ഉയരുന്ന കലാപങ്ങൾ എളിയ പ്രജകളുടെ കൂറില്ലായ്മകാരണമുള്ളവയല്ല; മറിച്ച് ആത്മാവോടൊപ്പം മനുഷ്യന് അഴിവില്ലാത്തവിധം വരദാനം ലഭിച്ച സ്വത്വം അഥവാ ഇച്ഛാശക്തിയുടെ, കഴിഞ്ഞകാലത്തേയോ ഇപ്പോഴത്തേയോ ദുരുപയോഗ ത്തിൽനിന്നാണ് അവ ഉളവാകുന്നത്.കഴമ്പില്ലാത്ത തന്റെ അഹംബുദ്ധിയുമായി സ്വയം താദാത്മ്യം പുലർത്തിക്കൊണ്ട് താനാണ് ചിന്തിക്കുന്നത്, ഇച്ഛിക്കുന്നത്, അനുഭവിക്കുന്നത്, ആഹാരം ദഹിപ്പിക്കുന്നത്, സ്വന്തം ജീവൻ നിലനിർത്തുന്നത് എന്നെല്ലാം മനുഷ്യൻ ധരിച്ചുവശാകുന്നു. സാധാരണജീവിതത്തിൽ താൻ തന്റെ പൂർവകർമങ്ങളുടെയും പ്രകൃതി അഥവാ പരിസ'ഥിതികളുടേയും ഒരു കളിപ്പാവയല്ലാതെ മറ്റൊന്നുമല്ലെന്ന് മനനംകൊണ്ട് (ഇതൊരല്പം മാത്രം മതിയാകും) അവൻ അംഗീകരിക്കുന്നില്ല. ഓരോ മനുഷ്യന്റെയും ബുദ്ധിപരമായ പ്രതികരണങ്ങളും, വികാരങ്ങളും, ഭാവങ്ങളും, ശീലങ്ങളും ഈ ജന്മത്തിലല്ലെങ്കിൽ ഏതെങ്കിലും ഒരു പൂർവജന്മത്തിൽ സഞ്ചയിച്ച കാരണങ്ങളുടെ കാര്യങ്ങൾ-ഫലങ്ങൾ-മാത്രമാണ്. എന്നിരുന്നാലും, ആവക സ്വാധീനങ്ങൾക്ക് ഉപരിയാണ് അവന്റെ അധിരാജനായ ആത്മാവ്. ക്ഷണികസത്യങ്ങളേയും സ്വാതന്ത്ര്യങ്ങളേയും വെടിഞ്ഞ് ഇച്ഛാഭംഗ ങ്ങൾക്കെല്ലാം അതീതമായ, വിലങ്ങുകളില്ലാത്ത തന്റെ ഉണ്മയിലേക്ക് ക്രിയായോഗി കടക്കുന്നു. മനുഷ്യൻ ചീഞ്ഞഴുകുന്ന ഒരു ശരീരമല്ല, സചേതനമായ ഒരു ആത്മാവാണെന്ന് ലോകത്തെ വിവിധ മതഗ്രന്ഥങ്ങൾ പ്രഖ്യാപിക്കുന്നു; വേദങ്ങളുടെ ഈ ദൃഢപ്രസ്താവം തെളിയിക്കുവാനുള്ള ഒരു മാർഗം ക്രിയായോഗത്തിൽ അവൻ കണ്ടെത്തുന്നു. ‘ ‘ ബാഹ്യമായ ധർമാനുഷ്ഠാനങ്ങൾക്ക് അജ്ഞാനത്തെ നശിപ്പിക്കുവാൻ കഴിയുകയില്ല. കാരണം അവ പരസ്പരവിരുദ്ധമല്ല,’ ’ ശ്രീശങ്കരൻ തന്റെ പ്രസിദ്ധമായ ശതശ്ലോകിയിൽ എഴുതി. ‘ ‘ സാക്ഷാത്കരിക്കപ്പെട്ട ജ്ഞാനമേ അജ്ഞാനത്തെ അകറ്റുന്നുള്ളൂ... അന്വേഷണത്തിൽ കൂടിയല്ലാതെ മറ്റൊരു മാർഗത്തിലൂടെയും ജ്ഞാനം ഉണ്ടാകുന്നില്ല. ‘ ‘ഞാൻ ആരാണ്? ഈ പ്രപഞ്ചം എങ്ങനെയുണ്ടായി? ഇതിന്റെ സ്രഷ്ടാവ് ആരാണ്? ഇതിന്റെ ഉപാദാനകാരണം എന്താണ്?’ ’ ഇത്തരത്തിലുള്ള ഒരു അന്വേഷണമാണ് പരാമർശിച്ചിരിക്കുന്നത്.’ ഈ മാതിരി ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ ബുദ്ധിക്കാവില്ല; അതുകൊണ്ട് ഋഷീശ്വരന്മാർ ആത്മീയാന്വേഷണത്തിന്റെ സങ്കേതമായി യോഗാഭ്യാസത്തെ വികസിപ്പിച്ചെടുത്തു.അങ്ങനെ, തന്റെ ചിന്തകളും, ഇച്ഛയും, വികാരങ്ങളും, ശാരീരികവാഞ്ഛകളുടെ മിഥ്യാത്മബോധത്തിൽ നിന്നു വിടർത്തി, തന്റെ മനസ്സിനെ സുഷുമ്നയുടെ ശ്രീകോവിലുകളിലുള്ള അതിബോധ ശക്തികളുമായി സംയോജിപ്പിച്ച് ലോകത്തിൽ ഈശ്വരൻ വിഭാവനം ചെയ്ത രീതിയിൽ ഒരു യഥാർഥ യോഗി ജീവിക്കുന്നു; അദ്ദേഹത്തെ പൂർവകാലവാസനകളോ വിവരക്കേടിന്റെ പുതിയ പ്രേരണകളോ ഉത്തേജിപ്പിക്കുന്നില്ല. തന്റെ പരമമായ അഭിവാഞ്ഛയുടെ സാഫല്യം കൈവരിച്ച അദ്ദേഹം അക്ഷയമായ ആത്മീയാനന്ദത്തിന്റെ ആത്യന്തികമായ അഭയകേന്ദ്രത്തിൽ സുരക്ഷിതമായി എത്തിയിരിക്കുന്നു.യോഗാഭ്യാസത്തിന്റെ നിശ്ചിതവും വ്യവസ'ഥിതവുമായ ഗുണഫലത്തെ പരാമർശിച്ചുകൊണ്ട് ആ സാങ്കേതികവിദ്യാവിശാരദനായ യോഗിയെ, ശ്രീകൃഷ്ണൻ താഴെപ്പറയുന്ന വാക്കുകളിൽ പുകഴ്ത്തുന്നു: ‘ ‘ശരീരത്തെക്ലേശിപ്പിക്കുന്ന തപസ്വികളെക്കാളും, ജ്ഞാനത്തിന്റെയോ കർമത്തിന്റെയോ പാത പിൻതുടരുന്ന സാധകരെക്കാളും, യോഗി ശ്രേഷ്ഠനാണെന്നു കരുതപ്പെടുന്നു. അല്ലയോ അർജുനാ, നീ യോഗിയായിത്തീരൂ!’ ’ 15ക്രിയായോഗമാണ് ഭഗവദ്ഗീതയിൽ കൂടെക്കൂടെ ശ്ലാഘിച്ചു കാണുന്ന യഥാർഥ ‘ ‘അഗ്നിഹോത്രം’ ’. അതുല്യനായ ഈശ്വരന് സമർപ്പിച്ച അദ്വൈതമായ അഗ്നികുണ്ഡത്തിൽ തന്റെ മാനുഷികവാഞ്ഛകളെ യോഗി ഹോമിക്കുന്നു. ഭൂത-വർത്തമാനകാലങ്ങളുടെ ആഗ്രഹങ്ങളെല്ലാം ദൈവികപ്രേമത്തിന് ഇന്ധനമായിത്തീരുന്ന ഇതുതന്നെയാണ് വാസ്തവത്തിലെ യോഗാഗ്നിഹോമം. ഈശ്വരനെന്ന ആത്യന്തികജ്വാല

മാനുഷികവിഭ്രാന്തി എന്ന ഹവിസ്സിനെ സ്വീകരിക്കുകയും മനുഷ്യനെ കന്മഷഹീനനാക്കുകയും ചെയ്യുന്നു. പ്രതീകാത്മകമായ അസ'ഥികളിൽ നിന്ന് സർവേച്ഛുവായ മാംസം അടർത്തിക്കളഞ്ഞ്, അവന്റെ കർമത്തിന്റെ അസ'ഥിപഞ്ജരത്തെ ജ്ഞാനസൂര്യനിൽ വിമലീകരിച്ചു ശുഭ്രമാക്കി ക്കൊണ്ട് അവൻ ഒടുവിൽ മനുഷ്യന്റെയും സ്രഷ്ടാവിന്റെയും മുമ്പിൽ നിർദോഷിയായി വിശുദ്ധിയാർജിക്കുന്നു. [image file=image_rsrc2UD.jpg] 1937 ജനുവരിയിൽ കാലിഫോർണിയയിലെ എൻസിനിറ്റാസിലെ സമുദ്രതീരത്തെ ഒരു സ്വകാര്യഭാഗത്ത്, അഞ്ചുകൊല്ലത്തെ ക്രിയായോഗാനുഷ്ഠാനത്തിനു ശേഷം മി. ലിന്നിന് സമാധിയിൽ വരദാനമേകുന്ന ആന്തര്യാമിയായ മഹിമയെന്ന നിലയിലുള്ള ജഗദീശ്വരന്റെ ഒരു ദർശനം ലഭിച്ചു. ‘ ‘മി. ലിന്നിന്റെ സന്തുലിതമായ ജീവിതം എല്ലാ മനുഷ്യർക്കും ഒരു പ്രചോദനമായി ഭവിക്കട്ടെ,’ ’ യോഗാനന്ദൻ പറഞ്ഞു. മനസാക്ഷിയോടെ തന്റെ ലൗകിക കർത്തവ്യങ്ങൾ നിറവേറ്റിക്കൊണ്ടുതന്നെ ജഗദീശ്വരന്റെ നിത്യവുമുള്ള ഗാഢമായ ധ്യാനത്തിന് അദ്ദേഹം സമയം കണ്ടെത്തി. വ്യാപാരിവ്യവസായിയെന്ന നിലയിൽ വിജയംവരിച്ച അദ്ദേഹം പ്രബുദ്ധനായ ഒരു ക്രിയായോഗി ആയിത്തീർന്നു.പരമഹംസജി അദ്ദേഹത്തെ വിശുദ്ധനായ ലിൻ എന്നു വിളിക്കുമായിരുന്നു. പുരാതന ഭാരതത്തിലെ ആത്മീയ മഹത്വം കൈവരിച്ച ജനകമഹാരാജാവിനെ പുരസ്കരിച്ച് 1951 ൽ അദ്ദേഹത്തിന് രാജർഷി ജനകാനന്ദൻ എന്ന സന്യാസനാമം നൽകി. രാജകീയ ഋഷി എന്നാണ് ഈ സ'ഥാനപ്പേരിന്റെ അർഥം. [image file=image_rsrc2UN.jpg] 1 ക്രിയായോഗദീക്ഷയും പാഠങ്ങളും നൽകാനും അഥവാ അവ നൽകാൻ നിയുക്തനായ ഒരു യോഗദാ സത്സംഗ സൊസൈറ്റി/സെൽഫ്-റിലൈസേഷൻ ഫെലോഷിപ് സ്വാമിയെ അധികാരപ്പെടുത്തുവാനുമുള്ള അവകാശം പരമഹംസ യോഗാനന്ദൻ തന്റെ പിൻഗാമിയായി വൈഎസ്എസ്/ എസ്ആർഎഫ് അധ്യക്ഷനും ആത്മീയ മേധാവിയും ആയിത്തീരുന്നവരിൽ നിക്ഷിപ്തമാക്കിയിരിക്കുന്നു. യോഗദാ സത്സംഗ സൊസൈറ്റിയുടെ ആസ'ഥാനങ്ങളിൽനിന്നു ലഭിക്കുന്ന യോഗദാ പാഠങ്ങളിലൂടെ ക്രിയായോഗശാസ്ത്രം എക്കാലവും പ്രചരിപ്പിക്കാൻവേണ്ട വ്യവസ'ഥയും അദ്ദേഹം ചെയ്തിട്ടുണ്ട്. (പ്രസാധക കുറിപ്പ്).2 ഭഗവദ്ഗീത IV:29. 3 ഭഗവദ്ഗീത V:27-28. പ്രാണായാമത്തെക്കുറിച്ച് കൂടുതൽ വിശദീകരണങ്ങൾക്ക് 611, 613-615 എന്നീ പേജുകൾ കാണുക.4 ഭഗവദ്ഗീത IV:1-2. 5 മാനവധർമശാസ്ത്രം അഥവാ മനുസ്മൃതിയുടെ ചരിത്രപൂർവകാലകർത്താവ്. വേദാനുസൃതമായ ഈ പൊതുനിയമാവലിയിലെ വ്യവസ'ഥകൾ ഭാരതത്തിൽ ഇന്നും പ്രാബല്യത്തിലുണ്ട്.6 ഹൈന്ദവ വേദശാസ്ത്രങ്ങളുടെ കണക്കനുസരിച്ച് ഭൗതിവാദകാലഘട്ടങ്ങളുടെ ആരംഭം ക്രി.മു. 3102-ൽ ആയിരുന്നു. വിഷുവചക്രത്തിലെ അവരോഹണ ദ്വാപരയുഗത്തിന്റെയും പ്രപഞ്ചകാലചക്രത്തിലെ കലിയുഗത്തിന്റെയും ആരംഭം ആ വർഷമായിരുന്നു. പതിനായിരം വർഷങ്ങൾക്കുമുമ്പ് മനുഷ്യരാശി ഒരു പ്രാകൃതമായ ശിലായുഗത്തിൽ ജീവിക്കുകയായിരുന്നുവെന്നു വിശ്വസിക്കുന്ന മിക്ക നരവംശസാസ്ത്രജ്ഞന്മാരും, ലെമുറിയ, അറ്റ്ലാൻ്റിസ്, ഭാരതം, ചൈന, ജന്മാൻ, ഈജിപ്റ്റ്, മെക്സിക്കോ എന്നിവിടങ്ങളിലേയും മറ്റു പല നാടുകളിലേയും അതിപ്രാചീന സംസ്കാരങ്ങളുടെ പരക്കെ നിലവിലിരുന്ന കീഴ്‌വഴക്കങ്ങളെ ‘ ‘ഉദാത്തകല്പനകൾ’ ’ എന്നു പറഞ്ഞ് അപ്പാടെ തള്ളിക്കളയുന്നു.7 യോഗസൂത്രം II:1 ക്രിയായോഗം എന്ന വാക്കുകൊണ്ട് പതഞ്ജലി മഹർഷി പരാമർശിക്കുന്നത്, പിൽകാലത്ത് ബാബാജി പഠിപ്പിച്ചതോ അതുമായി അടുത്ത സാദൃശ്യമുള്ളതോ ആയ ഒരു വിദ്യയെയാണ്. പ്രാണായാമത്തിൽ ഒരു നിശ്ചിതമായ സങ്കേതത്തെയാണ് പതഞ്ജലി മഹർഷി ഉദ്ദേശിക്കുന്നത് എന്നത് അടുത്ത ഖണ്ഡികയിൽ ഉദ്ധരിച്ചിട്ടുള്ള യോഗസൂത്രം II:49 തെളിയിക്കുന്നു.8 ഭഗവത്ഗീത 1:279 ‘ ‘വിശ്വസ്തനും യഥാർഥസാക്ഷിയും ദൈവത്തിന്റെ സൃഷ്ടിയുടെ ആരംഭവുമായ ആമേന്റെ വാക്കുകൾ.’ ’ -വെളിപാട് 3:14 (ബൈബിൾ) ‘ ‘ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു; ദൈവമായിരുന്നു ആ വചനം... എല്ലാം അവൻ വഴി ഉണ്ടായി (വചനം അഥവാ ഓം); ഉണ്ടായതൊന്നും അവനെ കൂടാതെ ഉണ്ടായിട്ടില്ല.’ ’ – യോഹന്നാൻ 1:13 (ബൈബിൾ). വേദങ്ങളിലെ ഓം, റ്റിബറ്റുകാരുടെ പവിത്രശബ്ദമായ ഹും, മുസ്ലീങ്ങളുടെ അമീൻ, ഈജിപ്റ്റുകാർ, ഗ്രീക്കുകാർ, റോമാക്കാർ, യഹൂദന്മാർ, ക്രിസ്ത്യാനികൾ, എന്നിവരുടെ ആമേൻ എന്നിവയായി. ഹീബ്രുവിൽ അതിന്റെ അർഥം തീർച്ചയായ, വിശ്വസ്തനായ എന്നാണ്.10 യോഗസൂത്രം II:49. 11 I കോറിന്തോസുകാർ 15:31 (ബൈബിൾ). ‘ ‘നമ്മുടെ ഹർഷാനുഭൂതി’ ’ യാണ് ശരിയായ വിവർത്തനം; അല്ലാതെ മിക്കപ്പോഴും നൽകപ്പെടുന്നതുപോലെ ‘ ‘നിങ്ങളുടെ ഹർഷാനുഭൂതി’ ’ യല്ല വിശുദ്ധ പൗലോസ് പരമാർശിച്ചത് ക്രിസ്തുബോധത്തിന്റെ സാർവലൗകികതയാണ്.12 വികല്പമെന്ന സംസ്കൃതവാക്കിന്റെ അർഥം ‘ ‘ഭിന്നത’ ’, ‘ ‘ദ്വൈതഭാവം.’ ’ അന്യത നിലനിൽക്കുന്ന സമാധിയവസ'ഥ വികല്പവും ഏകത്വത്തിന്റെ അവസ'ഥ നിർവികല്പവുമാണ്. അതായത്, സവികല്പസമാധിയിൽ ഭക്തൻ ഭഗവാനിൽനിന്ന് അന്യമെന്ന തോന്നൽ ഒരല്പം നിലനിൽക്കുന്നു; നിർവികല്പസമാധിയിൽ തന്റെ ആത്മതാദാത്മ്യം അയാൾ തീർത്തും മനസ്സിലാക്കുന്നു.13 ‘ ‘നശിപ്പിക്കപ്പെടേണ്ട അവസാനത്തെ ശത്രു മരണമാണ്.’ ’ I കോറിന്തോസുകാർ 15:26 (ബൈബിൾ). മരണാനന്തരം പരമഹംസയോഗാനന്ദന്റെ ശരീരം ജീർണനവിധേയമാകാതിരുന്നത് അദ്ദേഹം പൂർണത പ്രാപിച്ച ഒരു ക്രിയായോഗിയായിരുന്നുവെന്നു തെളിയിച്ചു. എന്നിരുന്നാലും, എല്ലാ മഹാന്മാരായ ആചാര്യന്മാരും, മരണശേഷം ശാരീരികജീർണതാരാഹിത്യം കാട്ടാറില്ല. അപ്രകാരമുള്ള അത്ഭുതങ്ങൾ എന്തെങ്കിലും

പ്രത്യേക ഉദ്ദേശ്യം നിറവേറ്റാൻ മാത്രമായിട്ടേ സംഭവിക്കാറുള്ളുവെന്ന് ഹിന്ദു ശാസ്ത്രഗ്രന്ഥങ്ങൾ നമ്മോടു പറയുന്നു. പരമഹംസജിയുടെ കാര്യത്തിൽ പാശ്ചാത്യരെ യോഗശാസ്ത്രത്തിന്റെ മൂല്യം ബോധ്യമാക്കുക എന്നതായിരുന്നു ആ ‘ ‘പ്രത്യേക ഉദ്ദേശ്യം’ ’ എന്നതിനു സംശയമില്ല. പാശ്ചാത്യദേശങ്ങൾക്ക് സേവനം അർപ്പിക്കാൻ ബാബാജിയും ശ്രീ യുക്തേശ്വരജിയും യോഗാനന്ദജിക്ക് കല്പന നൽകിയിരുന്നു; പരമഹംസജി ആ ഉത്തരവാദിത്വം ജീവിതത്തിലും മരണത്തിലും നിറവേറ്റി. (പ്രസാധക കുറിപ്പ്)14 ഷേക്സ്പിയർ: സോനറ്റ് 146.15 ഭഗവദ്ഗീത VI:46ശ്വാസോച്ഛ്വാസവിരാമത്തിന് ശരീരത്തിനും മനസ്സിനുംമേലുള്ള അസാധാരണമായ രോഗവിമോചകവും നവയുവത്വദായകവുമായ ഫലങ്ങളെ ആധുനിക ശാസ്ത്രം കണ്ടെത്താൻ തുടങ്ങിയിരിക്കുകയാണ്. പല ക്ഷയരോഗികളെയും അരോഗ്യാവസ'ഥയിലേക്ക് തിരിച്ചുകൊണ്ടുവരുന്ന ഒരു ശ്വാസകോശമാത്രവിശ്രമ ചികിത്സാപദ്ധതി, ന്യൂയോർക്കിലെ കോളേജ് ഒഫ് ഫിസിഷൻസ് ആൻഡ് സേർജൻസ്-ലെ ഡോ. ആൽവൻ എൽ. ബാരക് തുടങ്ങിയിട്ടുണ്ട്. തന്റെ ഉള്ളിലും വെളിയിലും മർദം തുല്യമാക്കുന്ന ഒരു അറയുടെ ഉപയോഗം രോഗിയെ ശ്വസനം നിർത്തുവാൻ പ്രാപ്തനാക്കുന്നു. 1947 ഫെബ്രുവരി ഒന്നാം തീയതിയിലെ ന്യൂയോർക്ക് ടൈംസ് ഡോ. ബാരകിനെ ഇപ്രകാരം ഉദ്ധരിക്കുന്നു: ‘ ‘കേന്ദ്ര നാഡീവ്യൂഹത്തിൽ ശ്വസനവിരാമത്തിന്റെ പ്രഭാവം ശ്രദ്ധേയമാണ്. കൈകാലുകളുടെ അറ്റത്തുള്ള പേശികൾ ചലിപ്പിക്കുന്നിതനുള്ള ചോദനം അത്ഭുതകരമാംവണ്ണം കുറഞ്ഞു. കൈകൾചലിപ്പിക്കാതെയോ സ'ഥാനം മാറ്റാതെയോ രോഗിക്ക് ആ അറയിൽ മണിക്കൂറുകൾ കിടക്കാൻ കഴിയും. ദിവസേന രണ്ടുകൂട് സിഗരറ്റ് വലിച്ചിരുന്ന രോഗികളിൽപോലും സ്വതേയുള്ള ശ്വാസോച്ഛ്വാസം നിലയ'ക്കുമ്പോൾ പുകവലിക്കുള്ള ആഗ്രഹം അപ്രത്യക്ഷമാകുന്നു. രോഗിക്ക് വിനോദങ്ങൾ ഒന്നും ആവശ്യമില്ലാതെവരുന്ന വിധത്തിലുള്ളതാണ് പലപ്പോഴും, ഇത്തരത്തിൽ ലഭിക്കുന്ന വിശ്രമം.’ ’ 1951ൽ ഡോ. ബാരക് ഈ ചികിത്സയുടെ മെച്ചം പൊതുജനമധ്യത്തിൽ സ'ഥിരീകരിച്ചു: ‘ ‘ഇത് ശ്വാസകോശങ്ങളെ മാത്രമല്ലാ, മുഴുവൻ ശരീരത്തെയും അങ്ങനെ തോന്നത്തക്കവണ്ണം മനസ്സിനെയും വിശ്രമിപ്പിക്കുന്നു. ഉദാഹരണത്തിന്, ഹൃദയത്തിന്റെ ജോലി, മൂന്നിലൊന്നായി കുറയുന്നു. ഞങ്ങളുടെ രോഗികളുടെ മന:ക്ലേശം ഒഴിയുന്നു. ആർക്കും വിരസത അനുഭവപ്പെടുന്നില്ല.’ ’ ഈ വസ്തുതകളിൽനിന്ന്, മാനസികമോ ശാരീരികമോ ആയ അസ്വസ'ഥവൃത്തികളുടെ ത്വരകൂടാതെ യോഗികൾക്ക് എങ്ങനെ ദീർഘനേരം നിശ്ചലമായി ഇരിക്കാൻ സാധിക്കുന്നു വെന്നത് നാം മനസ്സിലാക്കാൻ തുടങ്ങുന്നു. ഇത്തരത്തിലുള്ള ശാന്തിയിലൂടെ മാത്രമേ ആത്മാവിന് ഈശ്വരനിലേക്ക് തിരിച്ചുപോകാനുള്ള പാത കണ്ടെത്താൻ കഴിയൂ. സാധാരണ മനുഷ്യന് ശ്വസനരാഹിത്യത്തിന്റെ അല്പം ചില ഗുണങ്ങൾ ലഭിക്കാൻ മർദസന്തുലിത അറയിൽ കഴിയണം. എന്നാൽ യോഗിക്ക് ശാരീരികവും മാനസികവുമായ പാരിതോഷികങ്ങളും ആത്മാവബോധവും നേടുന്നതിന് ക്രിയോയാഗവിദ്യയല്ലാതെ മറ്റൊന്നും ആവശ്യമില്ല.അധ്യായം 27റാഞ്ചി യോഗവിദ്യാലയസ'ഥാപനം ‘ ‘സംഘടനാപരമായ പ്രവർത്തനങ്ങളോട് നിനക്ക് എന്താണിത്ര വിരോധം?’ ’ ഗുരുദേവന്റെ ചോദ്യം എന്നെ ഒരല്പം നടുക്കി. സംഘടനകൾ ഒരുതരം ‘ കടന്നൽകൂടുകൾ’ ആണെന്നായിരുന്നു എന്റെ അപ്പോഴത്തെ വ്യക്തിപരമായ വിശ്വാസമെന്നത് സത്യമാണ്. ‘ ‘അത് ഒരു പാഴ്േവലയാണ് പ്രഭോ,’ ’ ഞാൻ ഉത്തരം പറഞ്ഞു. ‘ ‘നേതാവ് എന്ത് ചെയ്താലും ചെയ്യതില്ലെങ്കിലും അയാൾ വിമർശിക്കപ്പെടും.’ ’ ‘ ‘ദൈവികമായ ഈ നന്മകളെല്ലാം നിനക്കു തന്നെ മതി, അല്ലേ?’ ’ ഗുരുദേവന്റെ പ്രത്യുത്തരത്തിന് അകമ്പടിയായി കർക്കശമായ ഒരു നോട്ടവുമുണ്ടായിരുന്നു. ‘ ‘മഹാമനസ്ക്കരായ ഒരു ഗുരുപരമ്പര, തങ്ങളുടെ ജ്ഞാനം മറ്റുള്ളവരിലേക്കു പകരാൻ തയ്യാറല്ലായിരുന്നുവെങ്കിൽ നിനക്കോ മറ്റാർക്കെങ്കിലുമോ യോഗാഭ്യാസത്തിലൂടെ ഈശ്വരസംയോഗം ലഭിക്കുമായിരുന്നോ?’ ’ അദ്ദേഹം തുടർന്നു, ‘ ‘ ഈശ്വരനാണു തേൻ, സംഘടനകൾ തേനീച്ചക്കൂടും; രണ്ടും ആവശ്യമാണ്. പരമാത്മാവ് കുടികൊള്ളുന്നില്ലായെങ്കിൽ ഏതു രൂപവും തീർച്ചയായും അർഥശൂന്യമാണ്. എന്നിരുന്നാലും ആത്മീയമധു നിറഞ്ഞ, കർമനിരതമായ തേനീച്ചകൂടുകൾ നിനക്ക് എന്തുകൊണ്ട് തുടങ്ങിക്കൂടാ? ’ ’ അദ്ദേഹത്തിന്റെ ഉപദേശം എന്റെ ഹൃദയത്തെ സ്പർശിച്ചു. ഞാൻ മറുപടിയൊന്നും പറഞ്ഞില്ലെങ്കിലും എന്റെ ഉള്ളിൽ ഒരു ഉറച്ചതീരുമാനം രൂപംകൊണ്ടു: എന്റെ ഗുരുദേവന്റെപാദങ്ങളിൽ ഞാൻ പഠിച്ച വിമോചകമായ സത്യങ്ങൾ, എന്റെ കഴിവിൽപെട്ടിടത്തോളം ഞാൻ എന്റെ സഹജീവികളുമായി പങ്കിടും. ഞാൻ പ്രാർഥിച്ചു, ‘ ‘ജഗദീശ്വരാ, എന്റെ ഭക്തിയുടെകോവിലിൽ അങ്ങയുടെ പ്രേമം എന്നെന്നും പ്രകാശിക്കട്ടെ, അങ്ങയുടെ പ്രേമം എല്ലാ ഹൃദയങ്ങളിലും ഉണർത്താൻ എനിക്കു കഴിയുമാറാകട്ടെ.’ ’ മുമ്പൊരിക്കൽ, ഞാൻ സന്ന്യാസം സ്വീകരിക്കുന്നതിനുമുമ്പ്, ശ്രീ യുക്തേശ്വരൻ അപ്രതീക്ഷിതമായ ഒരു പരാമർശം നടത്തി: ‘ ‘ നിന്റെ വാർധക്യത്തിൽ ഒരു ഭാര്യയുടെ തുണ നിനക്കില്ലല്ലോ യെന്ന് നീ എത്ര കുണ്ഠിതപ്പെടും!’ ’ അദ്ദേഹം പറഞ്ഞിരുന്നു. ‘ ‘തന്റെ ഭാര്യയേയും മക്കളേയും പോറ്റാൻ ഒരു ഗൃഹനാഥൻ കഷ്ടപ്പെടുന്നത് ഈശ്വരന്റെ ദൃഷ്ടിയിൽ കൃതാർഥതനൽകുന്ന ഒരു കാര്യമാണെന്ന് നീ സമ്മതിക്കുന്നില്ലേ?’ ’ ‘ ‘പ്രഭോ,’ ’ ഞാൻ ഭീതിയോടെ പ്രതിഷേധിച്ചു. ‘ ‘ഈ ജന്മത്തിൽ എന്റെ അഭിനിവേശം വിശ്വപ്രിയനുമാത്രമുള്ളതാണെന്ന് അങ്ങേക്ക് അറിയാമല്ലോ.’ ’ ഗുരുദേവൻ ആർത്തുചിരിച്ചപ്പോൾ എനിക്കു മനസ്സിലായി അദ്ദേഹത്തിന്റെ വാക്കുകൾ എന്നെ പരീക്ഷിക്കാൻ വേണ്ടി മാത്രം പറഞ്ഞതായിരുന്നുവെന്ന്.അദ്ദേഹം അവധാനപൂർണ്ണം പറഞ്ഞു: ‘ ‘സാധാരണ

ലൗകിക കർത്തവ്യങ്ങൾ പരിത്യജിക്കുന്ന ഒരാൾക്ക് കുറെക്കൂടി വിശാലമായ ഒരു കുടുംബത്തിന്റെ ഏതെങ്കിലും ഉത്തരവാദിത്വം ഏറ്റെടുത്താലേ സ്വയം നീതീകരിക്കാൻ കഴിയൂവെന്ന് ഓർമിക്കൂ.' '
'യുവാക്കൾക്ക് ഉചിതമായ വിദ്യാഭ്യാസം' എന്ന ആദർശം എപ്പോഴും എനിക്ക് പ്രിയപ്പെട്ട ഒന്നായിരുന്നു. ശരീരത്തിന്റെയും ബുദ്ധിയുടെയും മാത്രം വികാസം ഉന്നം വച്ച സാധാരണവിദ്യാഭ്യാസത്തിന്റെ ശുഷ്കമായ ഫലങ്ങൾ എനിക്ക് വ്യക്തമായി ബോധ്യപ്പെട്ടിരുന്നു. സദാചാര-ആത്മീയ മൂല്യങ്ങൾ ഔപചാരിക പാഠ്യപദ്ധതിയിൽ ഇനിയും ഉൾകൊണ്ടിട്ടില്ല. അവ വിവേചിച്ച് അറിയാതെ ഒരു മനുഷ്യനും സന്തുഷ്ടിയിൽ എത്താൻ കഴിയില്ല. ബാലന്മാർക്ക് പുരുഷത്വത്തിന്റെ പൂർണതയിലേക്ക് വളർന്നുയരാൻ കഴിയുന്ന ഒരു വിദ്യാലയം സ്ഥാപിക്കാൻ ഞാൻ ഉറച്ചു. ബംഗാളിലെ ഒരു ചെറിയ ഗ്രാമപ്രദേശമായ ദിഹികയിൽ ഏഴു കുട്ടികളോടെ എന്റെ ആദ്യചുവട് ഞാൻ വച്ചു.ഒരു വർഷത്തിനുശേഷം, 1918-ൽ, വേഗംവളരുന്ന എന്റെ വിദ്യാർഥിസമൂഹത്തെ കാസിംബസാർ മഹാരാജാവായ സർ മനീന്ദ്ര ചന്ദ്ര നന്ദിയുടെ മഹാമനസ്കതകൊണ്ട് റാഞ്ചിയിലേക്കു മാറ്റാൻ എനിക്കു കഴിഞ്ഞു. കൽക്കത്തയിൽനിന്ന് ഏതാണ്ട് ഇരുനൂറുമൈൽ അകലെ ഝാർഖണ്ഡിലെ ഈ പട്ടണം ഭാരതത്തിലെ ഏറ്റവും ആരോഗ്യകരമായ ഒരു കാലാസ്ഥവയാൽ അനുഗൃഹീതമാണ്. റാഞ്ചിയിലെ കാസിംബസാർ കൊട്ടാരം ' 'യോഗദാ സത്സംഗ ബ്രഹ്മചര്യവിദ്യാലയം' ' 1 എന്നു ഞാൻ പേരിട്ട പുതിയ പാഠശാലയുടെ പ്രധാനകെട്ടിടമായി.പ്രൈമറി-സെക്കൻഡറി തലത്തിലേക്കുള്ള പാഠ്യവിഷയങ്ങൾക്കായി ഞാൻ പഠനപദ്ധതി സംഘടിപ്പിച്ചു. ഇതിൽ കാർഷിക, വ്യാവസായിക, വാണിജ്യ വിജ്ഞാനങ്ങളോടൊപ്പം മറ്റു അധ്യയനവിഷയങ്ങളും ഉൾപ്പെടുന്നു. ഭാരതത്തിലെ യുവജനങ്ങളുടെ മതേതരവും ദൈവികവുമായ വിദ്യാഭ്യാസത്തിന്റെ പ്രാചീനകേന്ദ്രങ്ങളായിരുന്നു ഋഷീശ്വരന്മാരുടെ ആരണ്യാശ്രമങ്ങൾ. അവരുടെ വിദ്യാഭ്യാസ ആദർശങ്ങൾ പിൻതുടർന്നുകൊണ്ട് മിക്കക്ലാസുകളും വാതിൽപുറത്തുവച്ചു നടത്താൻ ഞാൻ ഏർപ്പാടുണ്ടാക്കി.റാഞ്ചിയിലെ വിദ്യാർഥികളെ യോഗധ്യാനവും യോഗദാ എന്ന ഒരു അതുല്യ ആരോഗ്യ-കായിക വികസനപദ്ധതിയും പഠിപ്പിക്കുന്നു. യോഗദായുടെ തത്ത്വങ്ങൾ 1916-ലാണ് ഞാൻ ആവിഷ്കരിച്ചത്.മനുഷ്യശരീരം ഒരു വൈദ്യുതബാറ്ററി പോലെയാണെന്ന് മനസ്സിലാക്കിക്കൊണ്ട് മനുഷ്യന്റെ ഇച്ഛാശക്തിയുടെ നേരിട്ടുള്ള പ്രവർത്തനത്താൽ അതിനെ ഊർജത്താൽ പുനർപൂരിതമാക്കാൻ കഴിയുമെന്ന നിഗമനത്തിൽ ഞാൻ എത്തി. ഏതു തരത്തിലുള്ള ഒരു പ്രവൃത്തിയും ഇച്ഛിക്കൽകൂടാതെ അസാധ്യമായതുകൊണ്ട് തന്റെ കായബലം പുനഃസ്ഥാപിക്കാൻ പ്രഥമചാലകമായ ഇച്ഛാശക്തിയെ മനുഷ്യന് ഉപയോഗിക്കാം. പ്രയാസമേറിയ ഉപകരണങ്ങളോ യാന്ത്രിക വ്യായാമങ്ങളോ ഇതിന് ആവശ്യമില്ല. ലളിതമായ യോഗദാസങ്കേതങ്ങൾകൊണ്ട് ഒരാൾക്ക് തന്റെ ഉപമസ്തിഷ്ക (medulla oblongata) ത്തിൽ കേന്ദ്രീകരിക്കുന്ന പ്രാണശക്തിയെ അപരിമിതമായ പ്രപഞ്ചസംഭാരത്തിൽനിന്ന് ബോധപൂർവം തൽക്ഷണം പുനർപൂരണം ചെയ്യാം.റാഞ്ചിയിലെ കുട്ടികൾ യോഗദാ പരിശീലനത്തോട് നന്നായിപ്രതികരിച്ചു. ശരീരത്തിന്റെ ഒരു ഭാഗത്തുനിന്നും മറ്റൊരിടത്തേക്ക് പ്രാണശക്തിയെ സഞ്ചരിപ്പിക്കാനും പ്രയാസമേറിയ ആസനങ്ങളിൽ സമ്പൂർണ സന്തുലനതയോടെ ഇരിക്കുവാനുള്ള അസാധാരണമായ കഴിവ് അവർ വികസിപ്പിച്ചു. നല്ല കരുത്തുള്ള എത്രയോ മുതിർന്നവർക്ക് കിടനിൽക്കാനാവാത്ത കായികശേഷിയുടെയും സഹനശക്തിയുടെയും അത്ഭുതങ്ങൾ അവർ കാട്ടി.എന്റെ ഏറ്റവും ഇളയ സഹോദരൻ വിഷ്ണു ചരണ ഘോഷ് റാഞ്ചിവിദ്യാലയത്തിൽ ചേർന്നു, പില്ക്കാലത്ത് അവൻ ഒരു ശ്രേഷ്ഠനായ കായികാഭ്യാസിയായിത്തീർന്നു. 1938-39-ൽ അവനും അവന്റെ ഒരു ശിഷ്യനുംകൂടി കായികശക്തിയും പേശീനിയന്ത്രണവും പ്രദർശിപ്പിച്ചുകൊണ്ട് പാശ്ചാത്യരാജ്യങ്ങളിൽ സഞ്ചരിച്ചു. ന്യൂയോർക്കിൽ കൊളംബിയ യൂനിവേഴ്സിറ്റിയിലേയും, അമേരിക്കയിലും യൂറോപ്പിലുമുള്ള മറ്റനേകം സർവകലാശാലകളിലേയും പ്രഫസർമാർ, മനസ്സിന് ശരീരത്തിന്മേലുള്ള ശക്തിയുടെ പ്രകടനങ്ങൾകണ്ട് വിസ്മയഭരിതരായി.2റാഞ്ചിയിലെ ആദ്യവർഷം അവസാനിച്ചപ്പോൾ പ്രവേശനത്തിനുള്ള അപേക്ഷകർ രണ്ടായിരത്തിലെത്തി. പക്ഷേ അന്ന് ആ വിദ്യാലയം കുട്ടികൾക്കു്സ്ഥിരമായി താമസിച്ചു പഠിക്കാൻ ഉദ്ദേശിച്ചുള്ള ഒന്നായിരുന്നതിനാൽ നൂറുപേരെ മാത്രമേ ചേർക്കാൻ കഴിഞ്ഞുള്ളൂ. പോയിവരുന്ന കുട്ടികളുടെ പഠനം താമസിയാതെ തുടങ്ങി.വിദ്യാലയത്തിൽ എനിക്ക് ചെറിയ കുട്ടികളുടെ അച്ഛനമ്മമാരുടെ സ്ഥാനം വഹിക്കുകയും സംഘടനാപരമായ നിരവധി ക്ലേശങ്ങൾ നേരിടുകയും വേണ്ടിവന്നു. ക്രിസ്തുദേവന്റെ വാക്കുകൾ ഞാൻ മിക്കപ്പോഴും ഓർമിച്ചു: ' 'എനിക്കുവേണ്ടിയും സുവിശേഷത്തിനുവേണ്ടിയും വീടിനെയോ സഹോദരന്മാരെയോ സഹോദരിമാരെയോ അമ്മയെയോ അച്ഛനെയോ മക്കളെയോ വയലുകളെയോ ഉപേക്ഷിച്ച ഒരാൾക്ക് ഇപ്പോൾ ഇക്കാലത്തുതന്നെ, നൂറുമടങ്ങു പ്രതിഫലം ലഭിക്കാതിരിക്കില്ല. വീടുകളും സഹോദരന്മാരും സഹോദരിമാരും അമ്മമാരും മക്കളും വയലുകളും പീഡനങ്ങളോടൊപ്പം അവർക്കുലഭിക്കും; വരും യുഗത്തിൽ നിത്യജീവനും.' ' 3ശ്രീ യുക്തേശ്വരൻ ഈ വാക്കുകൾ ഇങ്ങനെയാണ് വ്യാഖ്യാനിച്ചിരിക്കുന്നത്: ' 'മുഴുവൻ സമൂഹത്തിനുംവേണ്ടി മഹത്തായ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാനായി ( ' 'ഇപ്പോൾ, ഇക്കാലത്തുതന്നെ നൂറുമടങ്ങ് വീടുകളും സഹോദരന്മാരും സഹോദരിമാരും' ' ) ജീവിതത്തിലെ സാധാരണ അനുഭവങ്ങളായ വിവാഹം, കുടുംബപരിപാലനം എന്നിവ ഉപേക്ഷിക്കുന്ന ഭക്തൻ, തന്നെ തെറ്റിദ്ധരിക്കുന്ന ലോകത്തിന്റെ പീഡനം മിക്കപ്പോഴും ഏറ്റുവാങ്ങിക്കൊണ്ടുള്ള പ്രവർത്തനമാണ് ചെയ്യുന്നത്.

എന്നാലും അപ്രകാരമുള്ള വിശാലവ്യക്തിത്വങ്ങൾ സ്വാർഥതയെ അതിജീവിക്കാൻ ഭക്തനെ സഹായിക്കുകയും അവന് ദൈവികമായ ഒരു പാരിതോഷികം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.' ' എനിക്ക് അനുഗ്രഹാശിസ്സുകൾ നൽകാനായി അച്ഛൻ ഒരു ദിവസം റാഞ്ചിയിൽ എത്തി. ബംഗാൾ-നാഗ്പൂർ റെയിൽവേയിൽ അദ്ദേഹം വച്ചുനീട്ടിയ ജോലി നിരസിച്ച് ഞാൻ അദ്ദേഹത്തെ വേദനിപ്പിച്ചിരുന്നതിനാൽ അദ്ദേഹം എനിക്ക് അനുഗ്രഹാശിസ്സുകൾ നൽകാൻ കൂട്ടാക്കിയിരുന്നില്ല. ' 'മകനേ, നിന്റെ ജീവിതത്തിൽ നീ തിരഞ്ഞെടുത്തവഴിയുമായി ഞാൻ ഇപ്പോൾ പൊരുത്തപ്പെട്ടുകഴിഞ്ഞു,' ' അദ്ദേഹം പറഞ്ഞു. ' 'സന്തുഷ്ടരും ആശാഭരിതരുമായ ഈ കുട്ടികളുടെ ഇടയിൽ നിന്നെ കാണുന്നതിൽ എനിക്ക് സന്തോഷമുണ്ട്; നിന്റെ സ'ഥാനം ഇവിടെയാണ്, അല്ലാതെ റെയിൽവേ സമയവിവരപ്പട്ടികളുടെ നിർജീവമായ അക്കങ്ങളുടെ ഇടയിലല്ല' ' എന്റെ പിന്നാലെകൂടിയ ഒരു പറ്റം കുട്ടികളുടെ കൂട്ടത്തിനുനേരെ അദ്ദേഹം കൈവീശി. ' 'എനിക്ക് എട്ടു കുട്ടികളേ ഉണ്ടായിരുന്നുള്ളൂ. പക്ഷേ എനിക്ക് നിന്റെ വികാരം ഉൾക്കൊള്ളാനാകും!' ' തിളങ്ങുന്ന കണ്ണുകളോടെ അദ്ദേഹം പറഞ്ഞു.ഞങ്ങളുടെ കൈവശം ഫലഭൂയിഷ്ഠമായ ഇരുപത് ഏക്കർ ഭൂമി ഉണ്ടായിരുന്നതിനാൽ വിദ്യാർഥികളും അധ്യാപകരും ഞാനും നിത്യേന മലക്കറിക്കൃഷിയുടേയും മറ്റു പുറംജോലികളുടേയും വേളകൾ ആസ്വാദ്യകരമാക്കി. ഏതാണ്ട് ഒരു ദേവവിഗ്രഹംപോലെ കുട്ടികൾ ആരാധിച്ചിരുന്ന ഒരു മാൻകുട്ടി ഉൾപ്പെടെ ധാരാളം വളർത്തു മൃഗങ്ങൾ ഞങ്ങൾക്ക് ഉണ്ടായിരുന്നു. ഞാനും ആ മാൻകിടാവിനെ അത്ര ഇഷ്ടപ്പെട്ടിരുന്നതിനാൽ എന്റെ മുറിയിൽ ഉറങ്ങാൻ ഞാൻ അതിനെ അനുവദിച്ചു. കിഴക്ക് വെള്ളവീശുമ്പോൾ ആ മാൻകിടാവ് എന്റെ കിടക്കയ'ക്ക് അരികെ പിച്ചവച്ച് പുലർകാല ലാളനാശ്ലേഷങ്ങൾക്കായി വരും.ഒരു ദിവസം എനിക്ക് റാഞ്ചിപട്ടണത്തിൽ ഒരു കാര്യത്തിന് പോകാനുണ്ടായിരുന്നതുകൊണ്ട് പതിവിലും നേരത്തെ ഞാൻ അതിന് ആഹാരം നൽകി. ഞാൻ തിരിച്ചുവരുന്നതുവരെ അതിന് ഒന്നും കൊടുക്കരുതെന്ന് ഞാൻ കുട്ടികളോട് പറഞ്ഞിരുന്നു. അനുസരണയില്ലാത്ത ഒരു പയ്യൻ അതിന് കുറെ അധികം പാൽ കൊടുത്തു. ഞാൻ വൈകിട്ട് തിരിച്ചെത്തിയപ്പോൾ ദു:ഖകരമായ വാർത്തയാണ് കേട്ടത്. ' 'അമിതമായി പാൽ കൊടുത്തതിനാൽ മാൻകുട്ടി ചത്തുപോകുമെന്ന നിലയിലാണ്.' ' ജീവച്ഛവമായ ആ മാൻകിടാവിനെ ഞാൻ കണ്ണീരോടെ മടിയിൽ കിടത്തി. അതിന്റെ ജീവൻ വിട്ടുതരാൻ ഈശ്വരനോട് ഉള്ളുരുകി പ്രാർഥിച്ചു. മണിക്കൂറുകൾക്കുശേഷം അത് കണ്ണുതുറന്ന് എഴുന്നേറ്റു വേച്ചുവേച്ചു നടന്നു. സ്ക്കൂൾമുഴുവനും സന്തോഷത്താൽ ആർത്തുവിളിച്ചു.പക്ഷേ ഒരിക്കലും മറക്കാനാവാത്ത ഒരു ഗഹനമായപാഠം അന്നുരാത്രി ഞാൻ പഠിച്ചു. രണ്ടുമണിവരെ ഉറക്കമിളച്ച് ഞാൻ ആ മാൻകുട്ടിയോടൊപ്പം ഇരുന്നു. അതിനുശേഷം ഞാൻ ഉറങ്ങിപ്പോയി. സ്വപ്നത്തിൽ മാൻകുട്ടി പ്രത്യക്ഷപ്പെട്ട് എന്നോടുപറഞ്ഞു: ' 'അങ്ങ് എന്നെ പിടിച്ചുനിർത്തുകയാണ്. എന്നെ പോകാൻ അനുവദിക്കൂ; ദയവുചെയത് എന്നെ വിടൂ!' ' ' 'ശരി അങ്ങനെയാകട്ടെ,' ' സ്വപ്നത്തിൽ ഞാൻ ഉത്തരം പറഞ്ഞു.ഉടൻതന്നെ ഞാൻ ഉണർന്നുവിളിച്ചുപറഞ്ഞു, ' 'കുട്ടികളേ, മാൻകിടാവ് ചാവാൻപോവുകയാണ്.' ' കുട്ടികൾ പാഞ്ഞെത്തി.അതിനെ കിടത്തിയിരുന്ന മൂലയിലേക്ക് ഞാൻ ഓടിചെന്നു. അത് എഴുന്നേൽക്കാനായി ഒരവസാനശ്രമം നടത്തി. എന്റെ നേരെ കാലിടറി നീങ്ങി എന്റെ പാദത്തിൽ ചത്തുവീണു.മൃഗങ്ങളുടെ ഭാഗധേയങ്ങൾ നിശ്ചയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന സമഷ്ടികർമ്മമനുസരിച്ച് മാൻകിടാവിന്റെ ജീവിതം അവസാനിച്ചിരുന്നു; കുറെക്കൂടി ഉയർന്ന ഒരു രൂപം ധരിക്കാൻ അത് തയ്യാറായിരുന്നു. സ്വാർഥമെന്നു പിന്നീടു ഞാൻ മനസ്സിലാക്കിയ ഗാഢമമതയും എന്റെ ശക്തമായ പ്രാർഥനകളുംകൊണ്ട്, അതിനെ മൃഗരൂപത്തിന്റെ പരിമിതിക്കുള്ളിൽ പിടിച്ചുനിർത്താൻ എനിക്കു കഴിഞ്ഞു. അതിൽനിന്ന് രക്ഷപ്പെടാൻ ആ ആത്മാവ് കഠിനശ്രമം നടത്തുകയായിരുന്നു. മാനിന്റെ ആത്മാവ് സ്വപ്നത്തിലൂടെ അപേക്ഷിച്ചതിനുകാരണം, എന്റെ സ്നേഹപൂർണമായ അനുമതികൂടാതെ ഒന്നുകിൽ അതു പോകാൻ ഇഷ്ടപ്പെട്ടില്ല, അല്ലെങ്കിൽ അതിന് പോകാൻ കഴിയുമായിരുന്നില്ലയെന്നതാണ്. ഞാൻ സമ്മതിച്ച ഉടനെ അതു പോയി.എന്റെ ദുഃഖം നിശ്ശേഷം അകന്നു; ഈശ്വരനുവേണ്ടത് തന്റെ ഭാഗമായി തന്റെ മക്കൾ എല്ലാത്തിനെയും സ്നേഹിക്കുകയാണ്, അല്ലാതെ മരണത്തോടെ എല്ലാം അവസാനിക്കുന്നു എന്ന് തെറ്റിദ്ധരിക്കുകയല്ലായെന്ന് എനിക്കു വീണ്ടും ബോധ്യമായി. തന്റെ സ്നേഹിതരെ എക്കാലത്തേക്കുമെന്നവണ്ണം മറയ'ക്കുന്ന മരണത്തിന്റെ ദുർഗമമായ കോട്ടമാത്രമാണ് അജ്ഞനായ മനുഷ്യൻ കാണുന്നത്. പക്ഷേ ഈശ്വരന്റെ ബഹിർസ്സുരണങ്ങളായി മറ്റുള്ളവരെ സ്നേഹിക്കുന്ന ഒരു നിർമമൻ, തന്റെ സ്നേഹഭാജനങ്ങൾ മരണത്തിൽ അല്പസമയത്തെ സൗഖ്യത്തിനായി ഈശ്വരനിലേക്ക് തിരിച്ചുപോയതുമാത്രമാണെന്ന് മനസ്സിലാക്കുന്നു.എളിയതുടക്കത്തിൽനിന്ന് റാഞ്ചിവിദ്യാലയം ബീഹാറും ബംഗാളും മുഴുവൻ അറിയപ്പെടുന്ന ഒരു സ'ഥാപനമായി വളർന്നു. ഋഷീശ്വരന്മാരുടെ വിദ്യാഭ്യാസലക്ഷ്യങ്ങളും ആദർശങ്ങളും നിലനിർത്തുന്നതിൽ ആഹ്ലാദിക്കുന്ന ആളുകളുടെ സ്വമേധയായുള്ള സംഭാവനകളാലാണ് വിദ്യാലയത്തിലെ പല വകുപ്പുകളും പ്രവർത്തിക്കുന്നത്. മിട്നാപുരിലും ലഖൻപുരിലും ഭംഗിയായി നടക്കുന്ന ശാഖാവിദ്യാലയങ്ങൾ സ'ഥാപിച്ചിട്ടുണ്ട്.റാഞ്ചിയിലെ ആസ'ഥാനകേന്ദ്രങ്ങളിൽ സ'ഥലത്തെ പാവപ്പെട്ടവർക്ക് മരുന്നുകളും ഡോക്ടർമാരുടെ സേവനവും സൗജന്യമായി നൽകിവരുന്ന ഒരു ചികിത്സാവിഭാഗവും നല്ല നിലയിൽ നടത്തിവരുന്നു.

കായികമത്സരങ്ങളിലും ഈ വിദ്യാലയം ഔന്നത്യം തെളിയിച്ചിട്ടുണ്ട്; വിദ്യാഭ്യാസമേഖലയിൽ റാഞ്ചിയിലെ വിദ്യാർഥികൾ പിൽക്കാലത്ത് സർവകലാശാലാതലത്തിലും പ്രശസ്തരായിട്ടുണ്ട്.കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകളിൽ, പൗരസ്ത്യ-പാശ്ചാത്യദേശങ്ങളിലെ അനവധി പ്രഗത്ഭരായ സ്ത്രീപുരുഷന്മാരുടെ സന്ദർശനംകൊണ്ട് റാഞ്ചിവിദ്യാലയം ആദരിക്കപ്പെട്ടിട്ടുണ്ട്. ’ ’ രണ്ടുശരീരങ്ങളോടു കൂടിയ പുണ്യാത്മാ’ ’ വായ വാരാണസിയിലെ സ്വാമി പ്രണവാനന്ദൻ 1918 -ൽ ഏതാനും ദിവസത്തേക്ക് റാഞ്ചിയിൽ വന്നിരുന്നു. വൃക്ഷങ്ങളുടെ ചുവട്ടിലെ മനോഹരമായ ക്ലാസുകൾ വീക്ഷിച്ചപ്പോഴും വൈകുന്നേരം ആൺകുട്ടികൾ ധ്യാനനിരതരായി ചലിക്കാതെ മണിക്കൂറുകളോളം ഇരിക്കുന്നതുകണ്ടപ്പോഴും അദ്ദേഹം ആനന്ദവിവശനായി. ‘ ‘ചെറുപ്പക്കാരുടെ പരിശീലനത്തിന് ലാഹിരി മഹാശയന്റെ ആദർശങ്ങളാണ് ഈ സ്ഥാപനത്തിൽ പിൻതുടരുന്നതെന്നു കാണുമ്പോൾ എന്റെ ഹൃദയം സന്തോഷംകൊള്ളുന്നു. എന്റെ ഗുരുദേവന്റെ അനുഗ്രഹങ്ങൾ ഈ വിദ്യാലയത്തിനുണ്ടാകട്ടെ.’ ’ എന്റെ അടുത്തിരുന്ന ഒരു കുട്ടി മഹാനായ ആ യോഗിവര്യനോട് ഒരു ചോദ്യം ചോദിക്കാൻ ധൈര്യപ്പെട്ടു. ‘ ‘പ്രഭോ, ഞാനൊരു സന്ന്യാസിയായിത്തീരുമോ? എന്റെ ജീവിതം ഈശ്വരനുവേണ്ടിമാത്രമുള്ളതാണോ?’ ’ സ്വാമി പ്രണവാനന്ദൻ സൗമ്യമായി ചിരിച്ചെങ്കിലും അദ്ദേഹത്തിന്റെ കണ്ണുകൾ ഭാവിയിലേക്ക് ഉറ്റുനോക്കുകയായിരുന്നു. ‘ ‘കുഞ്ഞേ, നീ വളർന്നുകഴിയുമ്പോൾ സുന്ദരിയായ ഒരു വധു നിന്നെ കാത്തിരിക്കുന്നുണ്ടാവും,’ ’ അദ്ദേഹം ഉത്തരംപറഞ്ഞു. (സ്വാമിയാകാൻ കൊല്ലങ്ങളോളം അവൻ പരിശ്രമിച്ചുവങ്കിലും ആ കുട്ടി ഒടുവിൽ വിവാഹിതനാകുകതന്നെ ചെയ്തു.)സ്വാമി പ്രണവാനന്ദൻ റാഞ്ചി സന്ദർശിച്ചുപോയിട്ട് കുറേനാൾ കഴിഞ്ഞ്, അദ്ദേഹം കൽക്കത്തയിൽ താൽക്കാലികമായി തങ്ങിയിരുന്ന ഒരു വസതിയിൽ എന്റെ അച്ഛനോടൊപ്പം ഞാനും പോയി. വർഷങ്ങൾക്കുമുമ്പ് പ്രണവാനന്ദജി എന്നോടു പ്രവചനം ചെയ്തിരുന്നത് എന്റെ മനസ്സിലേക്ക് ഓടി എത്തി. ‘ ‘ഞാൻ പിന്നീടൊരിക്കൽ നിന്റെ അച്ഛനോടൊപ്പം നിന്നെ കാണും.’ ’ അച്ഛൻ സ്വാമിജിയുടെ മുറിയിൽ പ്രവേശിച്ചപ്പോൾ, മഹാനായ ആ യോഗീശ്വരൻ തന്റെ ഇരുന്നിടത്തിൽനിന്ന് എഴുന്നേറ്റ് സ്നേഹബഹുമാനങ്ങളോടെ അച്ഛനെ ആശ്ലേഷിച്ചു. ‘ ‘ഭഗവതീ, നിങ്ങൾ സ്വന്തം കാര്യത്തിൽ എന്താണ് ചെയ്യുന്നത്?’ ’ അദ്ദേഹം ചോദിച്ചു. ‘ ‘നിങ്ങളുടെ മകൻ അനന്തതയിലേക്ക് കുതിക്കുന്നതു കാണുന്നില്ലേ?’ ’ അച്ഛന്റെ മുമ്പിൽവച്ച് എനിക്കു ലഭിച്ച പ്രശംസകേട്ടപ്പോൾ എന്റെ മുഖം തുടുത്തു. സ്വാമി തുടർന്നു, ‘ ‘ നമ്മുടെ അനുഗ്രഹീതനായ ഗുരുദേവൻ ഇടയ്ക്കിടെ ഇങ്ങനെ പറയുന്നത് നിങ്ങൾ ഓർക്കുന്നുണ്ടാവും: ‘ബനത് ബനത്, ബൻ ജായ്.’ 4 അതുകൊണ്ട് ക്രിയായോഗാനുഷ്ഠാനം അവിരാമം തുടരൂ; അങ്ങനെ ഈശ്വരന്റെ പടിവാതിലിൽ വേഗം എത്തിച്ചേരൂ.’ ’ വാരാണസിയിലെ വിസ്മയംപകർന്ന എന്റെ ആദ്യസന്ദർശനവേളയിൽ അരോഗദൃഢഗാത്രനായിരുന്ന പ്രണവാനന്ദജിയുടെ ശരീരം ഇപ്പോൾ പ്രായാധിക്യത്തിന്റെ സ്പഷ്ടമായ ലക്ഷണങ്ങൾ കാട്ടിയിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ ഇരിപ്പ് മതിപ്പുളവാക്കുംവിധം നിവർന്നതായിരുന്നു. ‘ ‘സ്വാമിജീ, അങ്ങേക്ക് പ്രായാധിക്യം അനുഭവപ്പെടുന്നില്ലേ? ശരീരം ദുർബലമാകുംന്തോറും ഈശ്വരാനുഭൂതിക്ക് എന്തെങ്കിലും കോട്ടംതട്ടുന്നുണ്ടോ?’ ’ ഞാൻ അദ്ദേഹത്തിന്റെ കണ്ണുകളിൽതന്നെ നോക്കിക്കൊണ്ട് ചോദിച്ചു.അദ്ദേഹം ദിവ്യമായി പുഞ്ചിരിച്ചു. ‘ ‘എന്റെ പ്രിയൻ മുമ്പെന്നത്തെക്കാളും കൂടുതൽ എന്നോടൊത്തുണ്ട്.’ ’ അദ്ദേഹത്തിന്റെ സമ്പൂർണമായ ദൃഢവിശ്വാസം എന്റെ മനസ്സിനെയും ആത്മാവിനെയും ഒരു മുഗ്ദ്ധാനുഭൂതിയിൽ ആമഗ്നമാക്കി. അദ്ദേഹം തുടർന്നു. ‘ ‘ഞാനിപ്പോഴും രണ്ടു പെൻഷനുകൾ അനുഭവിക്കുകയാണ്-ഒന്ന് ഈ ഭഗവതിയിൽ നിന്ന്, മറ്റേത് മേലേനിന്ന്.’ ’ മേലേക്ക് വിരൽചൂണ്ടികൊണ്ട് ആ പുണ്യാത്മാവ് അല്പസമയത്തേക്ക് സമാധിയുടെ നിർവൃതിയിൽ നിശ്ചലനായി ഇരുന്നു. അദ്ദേഹത്തിന്റെ മുഖം ഒരു ദിവ്യദീപ്തിയിൽ പ്രകാശിച്ചു. എന്റെ ചോദ്യത്തിന് തികഞ്ഞ മറുപടി!പ്രണവാനന്ദസ്വാമിയുടെ മുറിയിൽ ധാരാളം ചെടികളും വിത്തുകളുടെ പൊതികളും കണ്ട് അവയുടെ ഉദ്ദേശ്യമെന്താണെന്നു ഞാൻ ചോദിച്ചു. ‘ ‘ഞാൻ വാരാണസി എന്നന്നേക്കുമായി വിട്ടു; ഇപ്പോൾ ഹിമാലയത്തിലേക്കുള്ള യാത്രാമധ്യേയാണ്,’ ’ അദ്ദേഹം പറഞ്ഞു. ‘ ‘അവിടെ എന്റെ ശിഷ്യന്മാർക്കുവേണ്ടി ഞാൻ ഒരു ആശ്രമം തുടങ്ങും. ഈ വിത്തുകൾ, പച്ചച്ചീരകളും മറ്റു ചില മലക്കറികളും വിളയിക്കും. ഈശ്വരസംയോഗത്തിന്റെ നിർവൃതിയിൽ സമയം ചെലവഴിച്ചുകൊണ്ട് എന്റെ പ്രിയപ്പെട്ടവർ ലളിതമായി ജീവിക്കും. മറ്റൊന്നും വേണ്ട.’ ’ എന്നാണ് അദ്ദേഹം കൽക്കത്തക്ക് തിരിച്ചുവരികയെന്ന് അച്ഛൻ തന്റെ സഹശിഷ്യനോട് ചോദിച്ചു. ‘ ‘ഇനി ഒരിക്കലുമില്ല,’ ’ ആ ദിവ്യൻ പ്രതിവചിച്ചു. ‘ ‘എന്റെ പ്രിയപ്പെട്ട വാരാണസി ഞാൻ എന്നന്നേക്കുമായിവിട്ട് ഹിമാലയത്തിൽ പോയി അവിടെ എന്റെ ദേഹം വെടിയുമെന്ന് ലാഹിരി മഹാശയൻ പറഞ്ഞിരുന്ന വർഷം ഇതാണ്.’ ’ അദ്ദേഹത്തിന്റെ വാക്കുകൾകേട്ട് എന്റെ കണ്ണുകൾ നിറഞ്ഞു. പക്ഷേ സ്വാമിജി, പ്രശാന്തമായി പുഞ്ചിരിച്ചു. ജഗജ്ജനനിയുടെ മടിയിൽ സുരക്ഷിതനായി ഇരിക്കുന്ന ഒരു കുട്ടിയെ അദ്ദേഹം എന്നെ ഓർമിപ്പിച്ചു. ഒരു മഹാനായ യോഗിയുടെ പരമോന്നതമായ ആത്മീയസിദ്ധികൾ സമ്പൂർണമായി നിലനിർത്തുന്ന കാര്യത്തിൽ പ്രായാധിക്യത്തിന് യാതൊരു ദു:സ്വാധീനവും ചെലുത്താനാവില്ല. തന്റെ ശരീരം ഇച്ഛാനുസരണം നവീകരിക്കാൻ അദ്ദേഹത്തിനു കഴിയും; എങ്കിലും പ്രായംചെല്ലുക എന്ന പ്രക്രിയയെ തടയുവാൻ ചിലപ്പോൾ കൂട്ടാക്കാതെ തന്റെ കർമം ഭൗതികതലത്തിൽ സ്വയം ക്ഷയിച്ചുതീരാൻ അദ്ദേഹം അനുവദിക്കുന്നു. ഒരു പുനർജന്മത്തിൽ തന്റെ ശേഷിച്ച കർമശകലങ്ങളെ ചെയ്തുതീർക്കുക എന്ന ആവശ്യകത ഒഴിവാക്കുന്ന

സമയലാഭത്തിന്റെ ഉപകരണമായി ഇപ്പോഴത്തെ ശരീരത്തെ അദ്ദേഹം ഉപയോഗിക്കുന്നു.പ്രണവാനന്ദജിയുടെ അടുത്ത ശിഷ്യനും എന്റെ ഒരു പഴയ സ്നേഹിതനുമായിരുന്ന സനന്ദനനെ മാസങ്ങൾക്കുശേഷം ഞാൻ കണ്ടു. ‘ ‘എന്റെ പൂജനീയനായ ഗുരു പോയ'ക്കഴിഞ്ഞു, ’ ’ തേങ്ങലുകൾക്കിടയിൽ അദ്ദേഹം പറഞ്ഞു. ‘ ‘അദ്ദേഹം ഋഷീകേശത്തിനടുത്ത് ഒരു ആശ്രമംസ'ഥാപിച്ച് ഞങ്ങൾക്ക് സ്നേഹവായ്പോടെ പരിശീലനം നൽകി. ഞങ്ങൾ ഏറെക്കുറെ നന്നായി അവിടെ താമസം ഉറപ്പിക്കുകയും അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ അതിവേഗം ആത്മീയപുരോഗതി നേടുകയും ചെയ്തപ്പോൾ അദ്ദേഹം ഋഷികേശത്തിലെ ഒരു വലിയ ജനസഞ്ചയത്തിന് അന്നദാനം നൽകാൻ തീരുമാനിച്ചു. ഇത്രയധികംപേർ എന്തിനാണെന്ന് ഞാൻ അന്വേഷിച്ചു. ‘ ‘ ‘ഇതാണ് എന്റെ അവസാനത്തെ ഉത്സവാഘോഷച്ചടങ്ങ്’ , അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന്റെ വാക്കുകളുടെ പൂർണമായ അർഥം ഞാൻ മനസ്സിലാക്കിയില്ല. ‘ ‘ധാരാളം ഭക്ഷണപദാർഥങ്ങൾ പാകംചെയ്യുന്നതിൽ പ്രണവാനന്ദജി സഹായിച്ചു. ഏതാണ്ട് രണ്ടായിരം ആളുകൾക്ക് ഞങ്ങൾ ഭക്ഷണം നൽകി. സദ്യയ'ക്കുശേഷം അദ്ദേഹം ഉയർന്ന ഒരു പീഠത്തിൽ ഇരുന്ന് അനന്തതയെപ്പറ്റി പ്രചോദനാത്മകമായ ഒരു പ്രഭാഷണം നടത്തി. അതിന്റെ പരിസമാപ്തിയിൽ ആദരപൂർവം മിഴിനട്ടുനിന്ന ആയിരങ്ങളുടെ മുന്നിൽവച്ച് വേദിയിൽ അടുത്തിരുന്ന എന്റെ നേരെ തിരിഞ്ഞിട്ട് അസാധാരണമായ ഊർജസ്വലതയോടെ അദ്ദേഹം പറഞ്ഞു. ‘ ‘ ‘സനന്ദനൻ, തയ്യാറായിക്കൊള്ളു, ഞാൻ ഈ ശരീരപഞ്ജരം വെടിയാൻ പോകുകയാണ്.’ 5 ‘ ‘അന്ധാളിച്ച് അല്പനേരം മിണ്ടാൻകഴിയാതെ ഇരുന്ന ഞാൻ വിളിച്ചുപറഞ്ഞു. ‘ ‘ഗുരുദേവാ അരുത്! ദയവായി അത് ചെരുത്!’ എന്റെ വാക്കുകൾ ഉണർത്തിയ അത്ഭുതംകൊണ്ട് ജനസഞ്ചയം നിശ്ശബ്ദരായി. പ്രണവാനന്ദജി എന്നെ നോക്കി പുഞ്ചിരിതൂകി. പക്ഷേ അദ്ദേഹത്തിന്റെ കണ്ണുകൾ നിത്യതയെ ദർശിക്കാൻ തുടങ്ങിക്കഴിഞ്ഞിരുന്നു. ‘ ‘ ‘സ്വാർഥി ആകാതിരിക്കു, എന്നെപ്പറ്റി ദു:ഖിക്കുകയും അരുത്. ഞാൻ ദീർഘകാലം നിങ്ങളെ എല്ലാപേരെയും സന്തോഷപൂർവം സേവിക്കുകയായിരുന്നു; ഇപ്പോൾ ആഹ്ലാദിക്കുകയും എനിക്ക് യാത്രാമംഗളം നേരുകയും ചെയ്യൂ. എന്റെ വിശ്വപ്രിയനെ കാണാൻ ഞാൻ പോകുന്നു,’ അദ്ദേഹം മന്ത്രിച്ചു. ‘താമസിയാതെ ഞാൻ വീണ്ടും ജനിക്കും. അല്പകാലത്തെ പരമാനന്ദാനുഭൂതി ആസ്വദിച്ചശേഷം ഞാൻ ഭൂമിയിൽ തിരിച്ചെത്തി ബാബാജി6യോട് ഒത്തുചേരും. എന്റെ ആത്മാവ് എന്ന് എവിടെ ഒരു പുതിയ ശരീരംപൂണ്ടുവെന്ന് നീ താമസിയാതെ അറിയും.’ ‘ ‘അദ്ദേഹം വീണ്ടും ഉച്ചത്തിൽ പറഞ്ഞു, ‘സനന്ദനൻ രണ്ടാമത്തെ ക്രിയായോഗത്താൽ ഇതാ ഞാൻ ശരീരപഞ്ജരം വെടിയുന്നു.’ 7 ‘ ‘അദ്ദേഹം ഞങ്ങളുടെ മുമ്പിലുണ്ടായിരുന്ന ജനസമുദ്രത്തെ നോക്കി ഹ്രസ്വമായ ഒരു ആശീർവാദം അവർക്ക് നൽകി. ആത്മീയനയനത്തിൽ ദൃഷ്ടി ആന്തരികമാക്കി അദ്ദേഹം നിശ്ചലനായി. പരമാനന്ദാവയിൽ അദ്ദേഹം ധ്യാനനിരതനായിരിക്കുകയാണെന്ന് പകച്ചുനിന്ന പുരുഷാരം കരുതി. അപ്പോഴേക്കും അദ്ദേഹം മാംസശരീരത്തിന്റെ ദിവ്യമന്ദിരം ഉപക്ഷേിച്ച്, തന്റെ ആത്മാവിനെ ബ്രഹ്മാണ്ഡവിശാലതയിൽ നിമഗ്നമാക്കിയിരുന്നു. പത്മാസനത്തിലിരുന്ന ആ ശരീരത്തിൽ ശിഷ്യന്മാർ തൊട്ടുനോക്കി; പക്ഷേ അതിൽ നിന്ന് ചൂട് അകന്നിരുന്നു. മരവിച്ച പുറംചട്ടമാത്രം അവശേഷിച്ചു; അതിലെ താമസക്കാരൻ അമരതീരത്തേക്ക് പലായനംചെയ്തിരുന്നു.’ ’ സനന്ദനൻ കഥ പറഞ്ഞുനിർത്തിയപ്പോൾ ഞാൻ ചിന്തിച്ചു: ‘ ‘ ‘രണ്ടുശരീരമാർന്ന ദിവ്യൻ’ മരണത്തിലും ജീവിതത്തിലെന്നപോലെ നാടകീയത പുലർത്തി!’ ’ പ്രണവാനന്ദജി ഇനി എവിടെയാണ് ജനിക്കാനിരിക്കുന്നതെന്ന് ഞാൻ അന്വേഷിച്ചു. ‘ ‘ആ അറിവ് ഒരു ദിവ്യരഹസ്യമായി ഞാൻ കരുതുന്നു,’ ’ സനന്ദനൻ പറഞ്ഞു. ‘ ‘അത് ഞാൻ ആരോടും പറയാൻ പാടില്ല. ഒരുപക്ഷേ അത് മറ്റുവിധത്തിൽ അങ്ങ് അറിയാൻ ഇടയായേക്കാം. ’ ’ ഒരു പുതിയ ജന്മം എടുത്ത പ്രണവാനന്ദജി കുറച്ചു വർഷങ്ങൾക്കു ശേഷം ഹിമാലയത്തിലെ ബദരിനാരായണത്തിൽ പോയിയെന്നും അവിടെ മഹാനായ ബാബാജിയുടെ കൂടെയുള്ള താപസവൃന്ദത്തിൽ ചേർന്നുവെന്നും വർഷങ്ങൾക്കുശേഷം സ്വാമി കേശവാനന്ദ്ഃനിൽനിന്ന് ഞാൻ അറിഞ്ഞു. [image file=image_rsrc2XG.jpg] റാഞ്ചിയിലെ യോഗദാ സത്സംഗ സൊസൈറ്റി ഭരണകേന്ദ്ര കെട്ടിടം, ശാഖാമഠവും ആശ്രമവും [image file=image_rsrc2XN.jpg] 1 മനുഷ്യജീവിതത്തിൽ വേദപദ്ധതി പ്രകാരമുള്ള ബ്രഹ്മചര്യം, ഗാർഹസ'ഥ്യം, വാനപ്രസ'ഥം, സന്ന്യാസം എന്നീ നാലുഘട്ടങ്ങളിലൊന്നായ ബ്രഹ്മചര്യത്തെയാണ് ഇവിടെ പരാമർശിച്ചിരിക്കുന്നത്. ആധുനിക ഭാരതത്തിൽ വ്യാപകമായി പാലിക്കപ്പെടുന്നില്ലെങ്കിലും മാതൃകാപരമായ ഈ ജീവിതപദ്ധതിക്ക് ഇപ്പോഴും ഉത്സുകരായ ധാരാളം അനുയായികൾ ഉണ്ട്. ഒരു ഗുരുവിന്റെ ഒരു ജീവിതകാലം നീണ്ടുനിൽക്കുന്ന നിർദേശാനുസരണം അതീവശ്റദ്ധയോടെയാണ് നാലുഘട്ടങ്ങളും നടപ്പിലാക്കപ്പെടുന്നത്.റാഞ്ചിയിലെ യോഗദാ സത്സംഗ വിദ്യാലയത്തെപ്പറ്റി കൂടുതൽ വിവരങ്ങൾ അധ്യായം 40-ൽ കൊടുത്തിരിക്കുന്നു.2 വിഷ്ണു ചരണ ഘോഷ് 1970 ജൂലായ് 9-ാം തീയതി കൽക്കത്തയിൽവച്ച് നിര്യാതനായി (പ്രസാധക കുറിപ്പ്).3 മർക്കോസ് 10:29-30 (ബൈബിൾ)4 ലാഹിരി മഹാശയന്റെ ഏറ്റവും പ്രിയപ്പെട്ട സാരോക്തികളിൽ ഒന്ന്; ധ്യാനത്തിൽ സ'ഥിരോത്സാഹം കാട്ടാൻ ശിഷ്യരെ ഇതുദ്ധരിച്ച് അദ്ദേഹം പ്രോത്സാഹിപ്പിച്ചിരുന്നു. ഈ ആശയത്തെ ഇങ്ങനെ പരിഭാഷപ്പെടുത്താം: “യത്നിച്ച്, യത്നിച്ച്, യത്നഫലം ഒരിക്കൽ ഓർക്കാപ്പുറത്ത് കൈവരുന്നു.” 5 അതായത് സ്വേച്ഛയാൽ ജീവത്യാഗം ചെയ്യുക6 ലാഹിരി മഹാശയന്റെ ഗുരു. അദ്ദേഹം ഇപ്പോഴും ജീവിച്ചിരിക്കുന്നു. (അധ്യായം 33) കാണുക).7 പ്രണവാനന്ദൻ അവലംബിച്ച യഥാർത്ഥ യോഗവിദ്യ

മൂന്നാം ക്രിയായോഗദീക്ഷയെന്ന നിലയിൽ യോഗദാമാർഗത്തിലെ ഉയർന്നക്രിയാവാൻമാർക്ക് അറിയാവുന്നതാണ്. ലാഹിരിമഹാശയൻ അത് പ്രണവാനന്ദന് ഉപദേശിച്ചപ്പോൾ, 'യോഗാവതാര'ത്തിൽ നിന്ന് തനിക്ക് ലഭിച്ച 'രണ്ടാമത്തെ' ക്രിയാദീക്ഷയായിരുന്നു അത്. ഈ ക്രിയ വശത്താക്കിയ സാധകന് ബോധപൂർവം ശരീരം വെടിഞ്ഞുപോവുകയോ ശരീരത്തിൽ തിരികെ പ്രവേശിക്കുകയോ ചെയ്യാൻ കഴിയുന്നു. യോഗസാധനയിൽ തികവുവന്നയോഗിൾ മരണത്തിന്റെ അവസാന നിഷ്ക്രമണത്തിൽ ഈ ക്രിയാമാർഗം അവലംബിക്കുന്നു. മരണത്തിന്റെ നിമിഷം അവർ തീർച്ചയായും മുൻക്കൂട്ടി അറിയുന്നു. മോക്ഷത്തിന്റെ പ്രാണതാരക "കവാടം" ആയ ആത്മീയനേത്രത്തിലൂടെ മഹായോഗികൾ "അകത്തേക്കും പുറത്തേക്കും" പോകുന്നു. ക്രിസ്തു പറഞ്ഞു. "വാതിൽ ഞാനാകുന്നു: ആരെങ്കിലും എന്നിലൂടെ പ്രവേശിച്ചാൽ, അയാൾ രക്ഷപ്രാപിക്കും. അയാൾ അകത്തുവരികയും പുറത്തുകടക്കുകയും മേച്ചിൽപ്പുറം കണ്ടെത്തുകയും ചെയ്യും. കള്ളൻ (മായ) മോഷ്ടിക്കാനും കൊല്ലാനും നശിപ്പിക്കാനും മാത്രമാണ്. ഞാൻ (ക്രിസ്തുബോധം) വന്നത് അവർക്ക് ജീവനും അതിന്റെ സമൃദ്ധിയും ഉണ്ടാകാൻ വേണ്ടിയാണ്." (യോഹന്നാൻ 10:9-10, ബൈബിൾ).8 കേശവാനന്ദനുമായുള്ള എന്റെ സമാഗമം ഇവിടെ വിവരിച്ചിരിക്കുന്നു.അധ്യായം 28കാശിയുടെ പുനർജനനവും കണ്ടെത്തലും ‘ ‘വെള്ളത്തിൽ ഇറങ്ങരുതേ. തൊട്ടികളിൽ വെള്ളമെടുത്ത് നമുക്ക് കുളിക്കാം.’ ’ എട്ടുമൈൽ അകലെയുള്ള ഒരു കുന്നിലേക്ക് കാൽനട വിനോദയാത്രയായി എന്നോടൊത്തുവന്ന റാഞ്ചി വിദ്യാർഥികളോട് ഞാൻ പറയുകയായിരുന്നു. ഞങ്ങളുടെ മുന്നിലുള്ള കുളം മാടിവിളിക്കുന്നതായി തോന്നിയെങ്കിലും അതിനോട് എന്തോ ഒരു രസക്കേട് എന്റെ മനസ്സിൽ പൊന്തിവന്നിരുന്നു. മിക്കകുട്ടികളും സ്വന്തം തൊട്ടിമുക്കി വെള്ളമെടുക്കാൻ തുടങ്ങിയെങ്കിലും ഏതാനും ചിലർ ശീതളജലത്തിന്റെ വശ്യതയ'ക്ക് വഴങ്ങിപ്പോയി. അവർ വെള്ളത്തിൽ ചാടി മുങ്ങിയ ഉടനെ വലിയ നീർപാമ്പുകൾ അവരുടെ ചുറ്റും വളഞ്ഞുപുളഞ്ഞു നീങ്ങാൻ തുടങ്ങി. എന്തൊരുച്ചത്തിലുള്ള ആർത്തനാദവും വെള്ളംതെറ്റിക്കലും! കുളത്തിൽ നിന്നു കരയ'ക്കു കയറാൻ എന്തൊരു തിടുക്കം, ചിരിച്ചുപോകുന്ന വെപ്രാളം!ലക്ഷ്യസ'ഥാനത്ത് എത്തിയശേഷം ഉല്ലാസയാത്രയ'ക്ക് കരുതിയ ഉച്ചയൂണ് ഞങ്ങൾ ആസ്വദിച്ചു. ഒരു മരത്തിന്റെ കീഴിൽ, കുട്ടികളുടെ മധ്യത്തിൽ ഞാൻ ഇരുന്നു. പ്രചോദിതമായ ഒരു മാനസികാസ'ഥാവയിൽ എന്നെ കണ്ടിട്ട് കുട്ടികൾ വീണ്ടും വീണ്ടും എന്നോട് ചോദ്യങ്ങൾ ചോദിച്ചു കൊണ്ടിരുന്നു.ഒരുപയ്യൻ ചോദിച്ചു, ‘ ‘ഒന്നു പറയൂ, സ്വാമിജീ, ഞാൻ എക്കാലവും അങ്ങയുടെകൂടെ സന്ന്യാസത്തിന്റെ പാതയിൽ ഉണ്ടാകുമോ?’ ’ ‘ ‘ഏയ്, ഇല്ല, നിന്നെ അവർ ബലമായി വീട്ടിലേക്ക് കൊണ്ടു പോകും. പിന്നീട് നീ വിവാഹം കഴിക്കും.’ ’ ഞാൻ മറുപടി പറഞ്ഞു.വിശ്വസിക്കാനാവാതെ അവൻ ശക്തിയായി പ്രതിഷേധിച്ചു. ‘ ‘ഞാൻ മരിച്ചാലല്ലാതെ എന്നെ വീട്ടിലേക്ക് കൊണ്ടുപോകാൻ പറ്റില്ല.’ ’ (പക്ഷേ ഏതാനും മാസങ്ങൾക്കകം, അവന്റെ കണ്ണീരോടെയുള്ള എതിർപ്പ് വകവയ'ക്കാതെ അവനെ തിരിച്ചുകൊണ്ടുപോകാൻ മാതാപിതാക്കൾ എത്തി. കുറച്ചുവർഷങ്ങൾക്കു ശേഷം അവൻ വിവാഹം കഴിക്കുകതന്നെ ചെയ്തു).പല ചോദ്യങ്ങൾക്കും ഞാൻ ഉത്തരം പറഞ്ഞുകഴിഞ്ഞപ്പോൾ കാശി എന്നു പേരുള്ള ഒരു കുട്ടി എന്നെ അഭിസംബോധന ചെയ്തു. ഏതാണ്ടു പന്ത്രണ്ടു വയസ്സുണ്ടായിരുന്നു അവന്. മിടുക്കനായ അവൻ ഏവർക്കും പ്രിയങ്കരനായിരുന്നു. ‘ ‘സ്വാമിജീ, എന്റെ ഭാഗധേയം എന്താണ്?’ ’ അവൻ ചോദിച്ചു. ‘ ‘നീ താമസിയാതെ മരിക്കും.’ ’ തടുക്കാനാവാത്ത ഒരു ശക്തി ഈ വാക്കുകൾ എന്റെ വായിൽനിന്ന് ബലമായി പുറപ്പെടുവിച്ചതായി എനിക്കുതോന്നി.ഈ വെളിപാട് എന്നെയും മറ്റെല്ലാപേരെയും നടുക്കുകയും ദു:ഖിപ്പിക്കുകയും ചെയ്തു. ‘ഭീതിപരത്തിയ ഒരു അവിവേകിയെ’ എന്നപോലെ ഞാൻ സ്വയം ശകാരിച്ച് വീണ്ടുമുള്ള ചോദ്യങ്ങൾക്ക് ഉത്തരംപറയാൻ വിസമ്മതിച്ചു.വിദ്യാലയത്തിൽ തിരിച്ചെത്തിയപ്പോൾ കാശി എന്റെ മുറിയിൽ വന്നു. ‘ ‘ഞാൻ മരിക്കുകയാണെങ്കിൽ, ഞാൻ പുനർജനിക്കുമ്പോൾ അങ്ങ് എന്നെ കണ്ടുപിടിച്ച്, ആത്മീയമാർഗത്തിലേക്ക് വീണ്ടും കൊണ്ടുവരുമോ?’ ’ തേങ്ങലുകൾക്കിടയിൽ അവൻ ചോദിച്ചു.ബുദ്ധിമുട്ടേറിയ ഈ ഗൂഢവിദ്യയുടെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ ഞാൻ വിസമ്മതം പ്രകടിപ്പിച്ചു. പക്ഷേ, പിന്നീട് ആഴ്ചകളോളം കാശി എന്നെ ഒഴിയാതെ നിർബന്ധിച്ചുകൊണ്ടേയിരുന്നു. ഇനി ഒട്ടുംപിടിച്ചു നിൽക്കാനാവാതെ അവൻ അവശനായിയെന്നു കണ്ടപ്പോൾ ഞാൻ ഒടുവിൽ അവനെ സാന്ത്വനപ്പെടുത്തി. ‘ ‘ശരി,’ ’ ഞാൻ വാക്കുകൊടുത്തു. ‘ ‘ജഗൽപിതാവ് എന്നെ സഹായിക്കുകയാണെങ്കിൽ ഞാൻ നിന്നെ കണ്ടെത്താൻ ശ്രമിക്കും.’ ’ വേനലവധിക്ക് ഞാൻ ഒരു യാത്രപോയി. കാശിയെ എന്നോടൊപ്പം കൊണ്ടുപോകാൻ കഴിയാത്തതിൽ എനിക്ക് വേദനയുണ്ടായിരുന്നു. പോകുന്നതിനുമുമ്പ് ഞാൻ അവനെ എന്റെ മുറിയിലേക്ക് വിളിച്ചു. എല്ലാ പ്രേരണകളെയുംചെറുത്ത് വിദ്യാലയത്തിന്റെ ആത്മീയസ്പന്ദനങ്ങൾക്കുള്ളിൽത്തന്നെ നിന്നുകൊള്ളണമെന്ന് ഞാൻ അവനോട് അവധാനപൂർവം നിർദേശിച്ചു. അവൻ വീട്ടിൽ പോയില്ലെങ്കിൽ വരാനിരിക്കുന്ന ദുരന്തം അവന് ഒഴിവാക്കാനാവുമെന്ന് എനിക്ക് എങ്ങനെയോ തോന്നി.ഞാൻ പോയ പുറകെ കാശിയുടെ അച്ഛൻ റാഞ്ചിയിലെത്തി. അയാൾ പതിനഞ്ചുദിവസക്കാലം കാശിയുടെ നിശ്ചയത്തെ ഇളക്കാൻ ശ്രമിച്ചു. അമ്മയെ കാണാൻ നാലുദിവസത്തേക്കുമാത്രം കൽക്കത്തക്ക് പോയാൽ കാശിക്ക് തിരിച്ചുപോരാമെന്ന് അയാൾ വിശദീകരിച്ചു. കാശി ഉറച്ചുനിന്നു. പോലീസിന്റെ സഹായത്തോടെ കുട്ടിയെ കൂട്ടിക്കൊണ്ടു

പോകുമെന്ന് അച്ഛൻ ഒടുവിൽ പറഞ്ഞു. വിദ്യാലയത്തിന് ഏതെങ്കിലും വിധത്തിൽ ഒരു അപഖ്യാതിക്ക് കാരണമാകാൻ ഇഷ്ടപ്പെടാത്ത കാശിക്ക് ഈ ഭീഷണി മന:പ്രയാസമുണ്ടാക്കി. പോകുകയല്ലാതെ മറ്റുവഴിയൊന്നും അവൻ കണ്ടില്ല.ഏതാനും ദിവസങ്ങൾക്കുശേഷം ഞാൻ റാഞ്ചിയിൽ തിരിച്ചെത്തി. കാശിയെ എങ്ങനെയാണ് കൊണ്ടുപോയതെന്ന വിവരം കേട്ട ഉടനെതന്നെ ഞാൻ കൽക്കത്തക്ക് തീവണ്ടി കയറി. അവിടെ എത്തിയിട്ട് ഒരു കുതിര വണ്ടി പിടിച്ചു. അത്ഭുതമെന്നു പറയട്ടെ, ഗംഗാനദിയിലെ ഹൗറാ പാലത്തിലൂടെ വണ്ടി കടന്നുപോയ'ക്കഴിഞ്ഞപ്പോൾ, ഞാൻ ആദ്യംകണ്ട ആളുകൾ, ദു:ഖാചരണത്തിന്റെ വേഷം ധരിച്ച കാശിയുടെ അച്ഛനും മറ്റു ബന്ധുക്കളുമായിരുന്നു. വണ്ടി നിറുത്തുവാൻ വിളിച്ചുപറഞ്ഞുകൊണ്ട് ഞാൻ ചാടിയിറങ്ങി ആ ഭാഗ്യദോഷിയായ പിതാവിനെ കോപത്തോടെ തറപ്പിച്ചുനോക്കി. ‘ ‘എടോ ഘാതകാ, നിങ്ങൾ എന്റെ കുട്ടിയെ കൊന്നു!’ ’ ഏറെക്കുറെ അന്യായമായി ഞാൻ ഉറക്കെ പറഞ്ഞു.കാശിയെ നിർബന്ധിച്ച് കൽക്കത്തക്ക് കൊണ്ടുവന്നതിൽ താൻ ചെയ്ത തെറ്റ് ആ അച്ഛൻ നേരത്തേതന്നെ മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. അവിടെ ഉണ്ടായിരുന്ന ഏതാനും ദിവസം അവൻ രോഗാണുകലർന്ന ആഹാരംകഴിച്ച് കോളറ ബാധിച്ചാണ് മരിച്ചത്.കാശിയോടുള്ള എന്റെ സ്നേഹവും മരണശേഷം അവനെ കണ്ടെത്താമെന്ന വാഗ്ദാനവും രാവുംപകലും എന്നെ അലട്ടി. ഞാൻ എവിടെ പോയിരുന്നാലും അവന്റെ മുഖം എന്റെ മുന്നിൽ തെളിഞ്ഞു വന്നു. എന്റെ നഷ്ടപ്പെട്ട അമ്മയെ ഞാൻ വളരെക്കാലംമുമ്പ് തിരഞ്ഞതുപോലെ അവിസ്മരണീയമായ ഒരു അന്വേഷണം അവനുവേണ്ടി ഞാൻ തുടങ്ങി.ഈശ്വരൻ എനിക്ക് വിവേചനശക്തി തന്നിട്ടുള്ള സ'ഥിതിക്ക് ഞാൻ അത് ഉപയോഗിക്കണമെന്നും ആ കുട്ടിയുടെ സൂക്ഷ്മലോകവാസം എവിടെയാണെന്ന് എനിക്ക് അറിയാൻ ഉതകുന്ന സൂക്ഷ്മനിയമങ്ങൾ അനാവരണംചെയ്യുന്നതിന് എന്റെ കഴിവുകൾ അങ്ങേയറ്റം വിനിയോഗിക്കണമെന്നും എനിക്കു തോന്നി. നിറവേറാത്ത ആഗ്രഹങ്ങളെക്കൊണ്ട് സ്പന്ദിക്കുന്ന ഒരു ആത്മാവാണ് അവനെന്ന് ഞാൻ മനസ്സിലാക്കി-സൂക്ഷ്മലോകമേഖലകളിലെ കോടിക്കണക്കിനുള്ള പ്രകാശിക്കുന്ന ആത്മാക്കളുടെ ഇടയിൽ എവിടെയോ ഒഴുകി നടക്കുന്ന ഒരു പ്രകാശപുഞ്ജം. പ്രകാശമായി സ്പന്ദിക്കുന്ന ഇത്രയധികം മറ്റ് ആത്മാക്കളുടെയിടയിൽ അവനുമായി ഞാൻ എങ്ങനെയാണ് ആത്മബന്ധം സ'ഥാപിക്കുക?ഒരു രഹസ്യയോഗവിദ്യ ഉപയോഗിച്ച് എന്റെ ഭ്രൂമധ്യത്തിലെ നേത്രം1 എന്ന ‘ ‘മൈക്രോഫോണി’ ’ ലൂടെ കാശിയുടെ ആത്മാവിനോട് എനിക്കുള്ള സ്നേഹം ഞാൻ പ്രേഷണം ചെയ്തു. കാശി താമസിയാതെ ഭൂമിയിൽ തിരിച്ചെത്തുമെന്നും, എന്റെ വിളി ഞാൻ നിരന്തരം പ്രേഷണം ചെയ്താൽ അവന്റെ ആത്മാവ് പ്രതികരിക്കുമെന്നും ഉൾക്കാഴ്ചകൊണ്ട് എനിക്കു ബോധ്യമായി. കാശി അയയ'ക്കുന്ന അത്യല്പമായ പ്രതികരണം പോലും എന്റെ വിരലുകൾ, കൈത്തലങ്ങൾ, സുഷുമ്ന എന്നിവയിലെ ഞരമ്പുകളിൽ അനുഭവപ്പെടുമെന്ന് എനിക്ക് അറിയാമായിരുന്നു.അവൻ ഒരു ഭ്രൂണമായി പുനർജനിച്ചു കഴിഞ്ഞു എന്ന് ഞാൻ വിശ്വസിച്ച ആ സ'ഥലത്തിന്റെ ദിശ തിട്ടപ്പെടുത്താൻ ഞാൻ ശ്രമിച്ചു കൊണ്ട് എന്റെ ഉയർത്തിപ്പിടിച്ച കൈകൾ ആന്റെനയായി ഉപയോഗിച്ച ഞാൻ പലപ്പോഴും വട്ടം കറങ്ങിക്കറങ്ങി തിരിയും. ഏകാഗ്രതകൊണ്ടുക്രമീകരിച്ച എന്റെ ഹൃദയ’ ’ റേഡിയോ’ ’ യിൽ അവനിൽനിന്ന് പ്രതികരണം ലഭിക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചു.കാശിയുടെ മരണത്തിനുശേഷം ഏതാണ്ട് ആറുമാസം തുടർച്ച യായി, ഒട്ടും തളരാത്ത ഉത്സാഹത്തോടെ ഈ യോഗമാർഗം ഞാൻ അവലംബിച്ചു. ഒരു പ്രഭാതത്തിൽ കൽക്കത്തയിലെ തിരക്കേറിയ ബൗബസാറിലൂടെ ഏതാനും സുഹൃത്തുക്കളുമായി നടക്കുമ്പോൾ ഞാൻ എന്റെ കൈവിരലുകൾ പതിവുരീതിയിൽ ഉയർത്തി. അപ്പോൾ ഇതാദ്യമായി ഒരു പ്രതികരണം ലഭിച്ചു. എന്റെ വിരലുകളിലും കൈവെള്ളയിലും കൂടി വൈദ്യുത സ്പന്ദനങ്ങൾ അല്പാല്പമായി ഒഴുകിയെത്തിയപ്പോൾ ഞാൻ കോരിത്തരിച്ചു. എന്റെ ബോധത്തിന്റെ ഒരു അഗാധതലത്തിൽ ആ വൈദ്യുതിപ്രവാഹങ്ങൾ ഒരു ചിന്തയായി സ്വയം പരിഭാഷപ്പെട്ടു: ‘ ‘ഞാൻ കാശിയാണ്; ഞാൻ കാശിയാണ്; എന്റെ അടുത്തേക്ക് വരൂ.’ ’ എന്റെ ഹൃദയറേഡിയോയിൽ ഞാൻ ശ്രദ്ധകേന്ദ്രീകരിച്ചപ്പോൾ ആ ചിന്ത ഏറെക്കുറെ കേൾക്കാവുന്നതുപോലെ ആയിത്തീർന്നു. കാശിയുടെ സ്വാഭാവികവും ഒരുമാതിരി പരുക്കനുമായ അടക്കിയ സ്വരത്തിൽ2 അവന്റെ വിളി വീണ്ടും വീണ്ടും ഞാൻ കേട്ടു. എന്റെ കൂട്ടുകാരിൽ ഒരാളായ പ്രകാശദാസിന്റെ കൈപിടിച്ചു കൊണ്ട് ഞാൻ അദ്ദേഹത്തെനോക്കി ആഹ്ലാദത്തോടെ പുഞ്ചിരിച്ചു.
‘ ‘കാശിയെ ഞാൻ കണ്ടെത്തിയെന്നു തോന്നുന്നു.’ ’ എന്റെ സ്നേഹിതർക്കും നിരവധി വഴിപോക്കർക്കും അവർ ഒട്ടും മറച്ചുവക്കാത്ത നേരംപോക്കിന് ഇടയാക്കിക്കൊണ്ട് ഞാൻ നിന്നു വട്ടം കറങ്ങാൻ തുടങ്ങി. ‘ ‘സർപിളമാർഗം’ ’ എന്നു അന്വർഥമായി വിളിക്കുന്ന അടുത്തുള്ള ഒരു ഇടവഴിയെ അഭിമുഖീകരിക്കുമ്പോൾ മാത്രമേ എന്റെ വിരലുകളിൽകൂടി വൈദ്യുതസ്പന്ദനങ്ങൾ തരിച്ചിറങ്ങിയുള്ളൂ. മറ്റു ദിശകളിലേക്ക് തിരിയുമ്പോൾ ആ സൂക്ഷ്മപ്രവാഹങ്ങൾ നിലച്ചു. ‘ ‘ആ! ഈ വഴിക്ക് വീടുള്ള ഏതോ ഒരു അമ്മയുടെ ഗർഭത്തിലായിരിക്കും കാശിയുടെ ആത്മാവ്.’ ’ സുഹൃത്തുക്കളും ഞാനും സർപിളമാർഗം ഇടവഴിയിലൂടെ നടന്നു; എന്റെ ഉയർത്തിപ്പിടിച്ച കൈകളിലെ സ്പന്ദനങ്ങൾ കൂടുതൽ ശക്തവും വ്യക്തവുമായി. ഒരു കാന്തത്താലെന്നപോലെ, വഴിയുടെ വലതുഭാഗത്തേക്കു ഞാൻ ആകർഷിക്കപ്പെട്ടു. ഒരു വീടിന്റെ വാതിൽക്കൽ എത്തിയപ്പോൾ നിലത്തുറപ്പിച്ചതുപോലെ നിന്നുപോയതിൽ ഞാൻ അത്ഭുതപ്പെട്ടു. അത്യന്തം ആവേശത്തോടെ ശ്വാസംപോലും അടക്കിപ്പിടിച്ചു കൊണ്ട് ഞാൻ വാതിലിൽ മുട്ടി. എന്റെ ദീർഘവും

അസാധാരണവുമായ അന്വേഷണം വിജയകരമായി പര്യവസാനിച്ചുവെന്ന് എനിക്കു തോന്നി.ഒരു ജോലിക്കാരി കതകുതുറന്ന് യജമാനൻ അകത്തുണ്ടെന്നു പറഞ്ഞു. അദ്ദേഹം രണ്ടാംനിലയിൽനിന്ന് ഇറങ്ങിവന്ന്, എന്നെ നോക്കി ചോദ്യരൂപത്തിൽ പുഞ്ചിരിച്ചു. എത്രയും ഉചിതവും അതേ സമയം അനുചിതവുമായ ആ ചോദ്യം എങ്ങനെ അവതരിപ്പിക്കണമെന്ന് എനിക്ക് തീർത്തും അറിഞ്ഞുകൂടായിരുന്നു. ‘ ‘അങ്ങും ഭാര്യയും കഴിഞ്ഞ ആറുമാസമായി ഒരു കുഞ്ഞിന്റെ ജനനം പ്രതീക്ഷിക്കുകയാണോ? ദയവായി പറയൂ.’ ’ 3 ‘ ‘അതേ, അതു ശരിയാണ്.’ കാവിധരിച്ച ഒരു സന്ന്യാസിയാണ് ഞാൻ എന്നുകണ്ട് അദ്ദേഹം മര്യാദയോടെ തുടർന്നു, ‘ ‘എന്റെ കാര്യങ്ങൾ അങ്ങേക്ക് എങ്ങനെ അറിയാമെന്ന് ഒന്നു പറയുമോ?’ ’ കാശിയെയും അവനു ഞാൻ കൊടുത്തിരുന്ന വാഗ്ദാനത്തെയുംപറ്റി കേട്ടപ്പോൾ അത്ഭുതസ്തബ്ധനായ ആ മനുഷ്യൻ എന്റെ കഥ വിശ്വസിച്ചു. ‘ ‘നല്ല നിറമുള്ള ഒരു ആൺകുട്ടി നിങ്ങൾക്കു ജനിക്കും. അവന് വലിയ മുഖവും നെറ്റിക്കുമുകളിലെ മുടിയിൽ ചുഴിയും ഉണ്ടായിരിക്കും. അവന്റെ പ്രകൃതം ശ്രേഷ്ഠമായ രീതിയിൽ ആത്മീയമായിരിക്കും.’ ’ വരാൻപോകുന്ന കുട്ടിക്ക് കാശിയുടെ ഈ സാദൃശ്യങ്ങൾ ഉണ്ടായിരിക്കുമെന്ന് എനിക്ക് തീർച്ചയായിരുന്നു.ഞാൻ പിന്നീട് ആ കുഞ്ഞിനെ സന്ദർശിച്ചു. കാശി എന്ന പഴയ പേരു തന്നെ മാതാപിതാക്കന്മാർ അവനു നൽകി. എന്റെ പ്രിയപ്പെട്ട റാഞ്ചി വിദ്യാർഥിയോട് കുഞ്ഞിലേതന്നെ അവനു സാദൃശ്യമുണ്ടായിരുന്നു. കണ്ടമാത്രയിൽതന്നെ ആ ശിശു എന്നോട് സ്നേഹം കാട്ടി; കഴിഞ്ഞ കാലത്തെ ആകർഷണം ദ്വിഗുണീകരിച്ച തീവ്രതയോടെ തുടർന്നു.വർഷങ്ങൾകഴിഞ്ഞ് കൗമാരത്തിലെത്തിയ അവൻ അമേരിക്കയിലെ എന്റെ താമസക്കാലത്ത് എനിക്ക് എഴുതി. സന്ന്യാസം സ്വീകരിക്കാനുള്ള അവന്റെ അതിയായ ആഗ്രഹം അവൻ വിശദീകരിച്ചു. ഞാൻ അവനെ ഹിമാലയത്തിലെ ഒരു ഗുരുവിന്റെ അടുത്തേക്ക് അയച്ചു. പുനർജനിച്ച കാശിയെ അദ്ദേഹം ശിഷ്യനായി സ്വീകരിച്ചു. [image file=image_rsrc2ZD.jpg]
കാശി
റാഞ്ചി വിദ്യാലയത്തിലെ വിദ്യാർത്ഥി [image file=image_rsrc2ZJ.jpg] 1
ഭ്രൂമധ്യബിന്ദുവിൽനിന്ന് പ്രസ്ഫുരിക്കുന്ന ഇച്ഛാശക്തിയാണ് ചിന്തയുടെ പ്രേഷണ ഉപകരണം. മനുഷ്യന്റെ തോന്നൽ അഥവാ വൈകാരികശക്തി ഹൃദയത്തിൽ സ്വസ'ഥമായി കേന്ദ്രീകരിക്കപ്പെടുമ്പോൾ അത് ഒരു മനോറേഡിയോ ആയി വർത്തിക്കുകയും അകലയോ അടുത്തോ ഉള്ളവരുടെ സന്ദേശങ്ങൾ സ്വീകരിക്കാൻ ശേഷിയുള്ളതാവുകയും ചെയ്യുന്നു. മനോമയസന്ദേശത്തിൽ ഒരാളുടെ മനസ്സിലെ അതിസൂക്ഷ്മമായ സ്പന്ദനങ്ങൾ സൂക്ഷ്മാകാശത്തിലെ സൂക്ഷ്മസ്പന്ദനങ്ങളിലും പിന്നീട് കുറച്ചുകൂടിസ'ഥൂലമായ ഭൗമാകാശത്തും പ്രക്ഷേപിക്കുമ്പോൾ വൈദ്യുതതരംഗങ്ങൾ സൃഷ്ടിക്കപ്പെടുകയും, അടുത്തതായി അവ, മറ്റുള്ളവരുടെ മനസ്സിൽ ചിന്താതരംഗങ്ങളായി സ്വയം പരിവർത്തിതമാവുകയും ചെയ്യുന്നു.2 പരിശുദ്ധമായ സ്ഥിതിയിൽ ഓരോ ആത്മാവും സർവജ്ഞമാണ്. കാശിയുടെ ആത്മാവ് കാശി എന്ന കുട്ടിയുടെ സ്വഭാവത്തിന്റെ പ്രത്യേകതകളെല്ലാം ഓർമിച്ചിരിക്കുകയും അതുകൊണ്ട് എന്റെ ഓർമ ഉണർത്താൻ വേണ്ടി അവന്റെ പരുക്കൻ ശബ്ദം അനുകരി ക്കുകയും ചെയ്തു.3 അനേകം മനുഷ്യർ ശാരീരികമായ മരണത്തിനുശേഷം അഞ്ഞൂറോ ആയിരമോ വർഷം സൂക്ഷ്മലോകത്തു കഴിയാറുണ്ടെങ്കിലും രണ്ടു ജന്മങ്ങളുടെ ഇടയ'ക്കുള്ള കാലദൈർഘ്യം സംബന്ധിച്ച് നിശ്ചിതമായ നിയമമൊന്നുമില്ല. (43-ാം അധ്യായം കാണുക). ഭൗതികമോ സൂക്ഷ്മമോ ആയ ശരീരത്തിൽ ഒരാളിന്റെ അനുവദിക്കപ്പെട്ട വാസത്തിന്റെ കാലാവധി കർമാനുസാരമായി മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിരിക്കുന്നു.അജ്ഞാനിയായ മനുഷ്യനെ ഇന്ദ്രിയങ്ങളുടെ പിടിയിൽനിന്ന് താല്ക്കാലികമായി സ്വതന്ത്രനാക്കുന്ന മരണവും, യഥാർഥത്തിൽ ലഘുമരണമായ ഉറക്കവും മർത്യനു കൂടിയേതീരൂ. മനുഷ്യൻ സത്താമാത്രമായി ആത്മാവായതിനാൽ തന്റെ ശരീരാതീതമായ അസ്തിത്വത്തിന്റെ ഉന്മേഷദായകമായ സ്മരണകൾ ഉറക്കത്തിലും മരണത്തിലും അവന് ലഭിക്കുന്നു.ഹിന്ദുധർമശാസ്ത്രങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നപ്രകാരം, കർമസന്തുലനത്തിന്റെ നിയമം പ്രവർത്തന-പ്രതിപ്രവർത്തനത്തിന്റെയും, കാര്യകാരണങ്ങളുടെയും, വിതയ'ക്കുന്നതു കൊയ്യുന്നതിന്റെയും നിയമമമാണ്. നൈസർഗിക ധർമ (ഋത)ത്തിന്റെ ഗതിയിൽ ഓരോ മനുഷ്യനും തന്റെ ചിന്തയും പ്രവൃത്തിയും കൊണ്ട് തന്റെ ഭാഗധേയം രചിക്കുന്നു. ഒരു വൃത്തപരിധി, അഴിവില്ലാത്തവണ്ണം സ്വയം എങ്ങനെയാണോ അതിന്റെ പ്രാരംഭബിന്ദുവിൽ പൂർത്തിയാകുന്നത്, അതുപോലെ മനുഷ്യൻ ബുദ്ധിപൂർവമായോ ബുദ്ധിഹീനമായോ പ്രവർത്തിപ്പിക്കുന്ന ഓരോരോ പ്രാപഞ്ചികോർജങ്ങളെല്ലാംതന്നെ അവയുടെ പ്രാരംഭബിന്ദു എന്നനിലയിൽ അവനിലേക്ക് തന്നെ തിരിച്ചെത്തണം. ‘ ‘എങ്ങനെ മറിച്ചിട്ടാലും സ്വയംസമതുലിതമാകുന്ന ഗണിതസമവാക്യംപോലെയാണ് ഈ ലോകം. നിശ്ശബ്ദമായും നിശ്ചയമായും ഓരോ രഹസ്യവും പരസ്യമാകുന്നു. ഓരോ കുറ്റവും ശിക്ഷിക്കപ്പെടുന്നു. ഓരോ നന്മയും പ്രതിഫലം ഏറ്റുവാങ്ങുന്നു. ഓരോ തെറ്റും തിരുത്തപ്പെടുന്നു.’ ’ –എമേഴ്സൺ, ‘ ‘കോംപൻസേഷൻ’ ’, ജീവിതത്തിലെ അസമത്വങ്ങൾക്കുപിന്നിലുള്ള നീതിയുടെനിയമമാണ് ‘കർമ’ മെന്ന അറിവ്, ഈശ്വരനോടും മനുഷ്യനോടുമുള്ള അമർഷത്തിൽനിന്ന് മനുഷ്യ മനസ്സിനെ മോചിപ്പിക്കാൻ ഉപകരിക്കുന്നു.അധ്യായം 29രവീന്ദ്രനാഥ ടാഗോറും ഞാനും വിദ്യാലയങ്ങൾ താരതമ്യം ചെയ്യുന്നു ‘ ‘ആത്മാവിഷ്കാരത്തിന്റെ ഒരു നൈസർഗികരൂപമെന്ന നിലയിൽ, പക്ഷികളെപ്പോലെ

അനായാസമായി പാടുവാൻ രവീന്ദ്രനാഥ ടാഗോർ ഞങ്ങളെ പഠിപ്പിച്ചു.’ ’ എന്റെ റാഞ്ചിവിദ്യാലയത്തിലെ മിടുക്കനായ ഭോലാനാഥ് എന്ന പതിനാലുകാരൻ വിദ്യാർഥി ഒരു ദിവസം രാവിലെ അവന്റെ മധുരമായ സംഗീതസമാലാപനങ്ങളെ ഞാൻ അഭിനന്ദിച്ചപ്പോൾ തന്ന വിശദീകരണമാണ് ഇത്. പരപ്രേരണയോടെയാണെങ്കിലുമല്ലെങ്കിലും അവൻ ഇമ്പമാർന്ന ഗാനനിർഝരി പൊഴിക്കുമായിരുന്നു. ടാഗോറിന്റെ ബോൽപുരിലെ വിഖ്യാതമായ ശാന്തിനികേതനത്തിൽ അവൻ മുമ്പു പഠിച്ചിരുന്നു. ‘ ‘എന്റെ കുട്ടിക്കാലംമുതലേ രവീന്ദ്രനാഥിന്റെ ഗാനങ്ങൾ എന്റെ ചുണ്ടത്തുണ്ടായിരുന്നു,’ ’ ഞാൻ അവനോട് പറഞ്ഞു. ‘ ‘എല്ലാ ബംഗാളികളും-അക്ഷരജ്ഞാനമില്ലാത്ത ഗ്രാമീണർപോലും - അദ്ദേഹത്തിന്റെ ഉദാത്തമായ കവിതകളിൽ സന്തോഷിക്കുന്നു.ഭോലായും ഞാനും ടാഗോറിന്റെ ഏതാനും ഈരടികൾ ഒത്തു ചേർന്നുപാടി. അദ്ദേഹം ആയിരക്കണക്കിന് ഭാരതീയകവിതകൾക്ക് സംഗീതം പകർന്നിരുന്നു: അവയിൽ ചിലവ അദ്ദേഹത്തിന്റെ സ്വന്തവും മറ്റുള്ളവ പ്രാചീനകൃതികളുമായിരുന്നു. ‘ ‘ അദ്ദേഹത്തിന് നോബൽസമ്മാനം ലഭിച്ച് അധികം കഴിയു ന്നതിനുമുമ്പ് ഞാൻ അദ്ദേഹത്തെ സന്ദർശിച്ചു,’ ’ ഞങ്ങളുടെ ഗാനാ ലാപനത്തിനുശേഷം ഞാൻ പറഞ്ഞു. ‘ ‘തന്റെ സാഹിത്യവിമർശകരെ ഒതുക്കുന്നതിൽ നയതന്ത്രങ്ങൾ വെടിഞ്ഞ് അദ്ദേഹം കാട്ടിയ ധൈര്യത്തിൽ മതിപ്പു തോന്നിയതിനാൽ അദ്ദേഹത്തെ കാണാൻ എനിക്ക് അതിയായ താല്പര്യം ഉണ്ടായി.’ ’ ഞാൻ അടക്കിച്ചിരിച്ചു.ജിജ്ഞാസുവായ ഭോലാ ആ കഥ കേൾക്കാൻ താല്പര്യം കാട്ടി. ‘ ബംഗാളികവിതയിൽ ഒരു പുതിയ ശൈലി അവതരിപ്പിച്ചതിന് പണ്ഡിതന്മാർ ടാഗോറിനെ നിശിതമായി വിമർശിച്ചു,’ ’ ഞാൻ പറഞ്ഞു തുടങ്ങി. ‘ ‘പണ്ഡിതന്മാർക്ക് പ്രിയങ്കരമായ വ്യവസ്'ഥാപിത പരിമിതികളെയെല്ലാം അവഗണിച്ചുകൊണ്ട് അദ്ദേഹം സംഭാഷണ ശൈലിയും ഉത്തമ സാഹിത്യശൈലിയും കൂട്ടിക്കലർത്തി. അദ്ദേഹത്തിന്റെ ഗാനങ്ങൾ വൈകാരികമായി വശ്യമായ ഭാഷയിൽ ആഴമേറിയ ദാർശനിക സത്യങ്ങൾ ആവിഷ്കരിച്ചു. അംഗീകൃത സാഹിത്യരൂപങ്ങളെ അദ്ദേഹം തീരെ വകവച്ചില്ല. ‘ ‘ ‘ഒരു രൂപയ'ക്ക് തന്റെ പ്രേമ സല്ലാപങ്ങൾ അച്ചടിച്ചുവിറ്റ കവി കപോതം’ എന്ന് ഏറെ സ്വാധീനമുള്ള ഒരു നിരൂപകൻ വിദ്വേഷത്തോടെ ടാഗോറിനെ പരാമർശിച്ചുപറഞ്ഞു. പക്ഷേ, ടാഗോറിന്റെ പ്രതികാരം വൈകിയില്ല. സ്വന്തം കവിതയായ ഗീതാഞ്ജലി അദ്ദേഹം തന്നെ ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയപ്പോൾ പാശ്ചാത്യ സാഹിത്യലോകമാകെ അദ്ദേഹത്തിന്റെ പാദങ്ങളിൽ സ്തുത്യുപഹാരങ്ങൾ അർപ്പിച്ചു. ഒരുകാലത്തെ വിമർശകരുൾപ്പെടെ ഒരു തീവണ്ടി നിറയെ പണ്ഡിതന്മാർ അദ്ദേഹത്തെ അഭിനന്ദിക്കാൻ ശാന്തിനികേതനത്തിൽ എത്തി. ‘ ‘മനഃപൂർവം ദീർഘനേരം കാത്തിരുത്തിയ ശേഷം മാത്രമേ രവീന്ദ്രനാഥ് തന്റെ അതിഥികളെ സ്വീകരിച്ചുള്ളൂ. എന്നിട്ട് നിർവികാരമായ നിശ്ശബ്ദതയിൽ അവരുടെ പുകഴ്ത്തലുകൾ കേട്ടുകൊണ്ടിരുന്നു. ഒടുവിൽ അവരുടെതന്നെ പതിവ് ആയുധമായ വിമർശനം അദ്ദേഹം അവരുടെ നേർക്കുതിരിച്ചു. ‘ ‘ ‘മാന്യന്മാരെ, നിങ്ങളിവിടെച്ചൊരിഞ്ഞ സുഗന്ധിയായ ബഹുമതികൾ പൊരുത്തമില്ലാത്ത വിധത്തിൽ നിങ്ങളുടെ മുൻകാല നിന്ദയുടെ ചീഞ്ഞഴുകിയ ഗന്ധവുമായി ഇടകലരുന്നു. എനിക്ക് നോബൽസമ്മാനം കിട്ടിയതും നിങ്ങൾക്ക് പെട്ടെന്നുണ്ടായ തീക്ഷ്ണമായ കവിതാസ്വാദനശേഷിയുമായി സാധ്യമായ എന്തെങ്കിലും ബന്ധമുണ്ടോ? ബംഗാളിന്റെ ശ്രീകോവിലിൽ എളിയപൂക്കൾ ആദ്യം അർപ്പിച്ചപ്പോൾ നിങ്ങളെ അസന്തുഷ്ടനാക്കിയ അതേ കവി തന്നെയാണ് ഞാൻ.’ ‘ ‘ടാഗോർ നൽകിയ നിശിതവിമർശനത്തിന്റെ ഒരു വിവരണം പത്രങ്ങൾ പ്രസിദ്ധീകരിച്ചു. വ്യാജസ്തുതിയിൽ മയങ്ങിപ്പോകാത്ത ഒരു മനുഷ്യന്റെ തുറന്നടിച്ച വാക്കുകൾ എന്നിൽ മതിപ്പുളവാക്കി,’ ’ ഞാൻ തുടർന്നു. ‘ ‘അദ്ദേഹത്തിന്റെ സെക്രട്ടറി, ലളിതമായ ബംഗാളി ധോത്തിധരിച്ചിരുന്ന ശ്രീ. സി.എഫ്. ആൻഡ്രൂസ്1 ആയിരുന്നു കൽക്കത്തയിൽവച്ച് എന്നെ രവീന്ദ്രനാഥിന് പരിചയപ്പെടുത്തിയത്. അദ്ദേഹം ടാഗോറിനെ സ്നേഹപൂർവം ‘ഗുരുദേവൻ’ എന്നായിരുന്നു വിളിച്ചിരുന്നത്. ‘ ‘രവീന്ദ്രനാഥ് എന്നെ ഔദാര്യപൂർവം സ്വീകരിച്ചു. വശ്യതയുടെയും സംസ്കാരത്തിന്റെയും സഭ്യതയുടെയും ഒരു പരിവേഷം അദ്ദേഹം പ്രസരിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ സാഹിത്യപശ്ചാത്തലത്തെപ്പറ്റിയുള്ള എന്റെ ചോദ്യത്തിനുത്തരമായി അദ്ദേഹം പറഞ്ഞത് ഭാരതത്തിന്റെ മതപരമായ മഹാകാവ്യങ്ങളും പതിനാലാംനൂറ്റാണ്ടിലെ ജനപ്രീതിനേടിയ കവി വിദ്യാപതിയുമാണ് തന്നെ പ്രധാനമായും സ്വാധീനിച്ചിട്ടുള്ളതെന്നാണ്.’ ’ ഈ ഓർമകളാൽ പ്രചോദിതനായി ‘നിന്റെ പ്രേമത്തിൻ ദീപം കൊളുത്തൂ’ എന്ന പഴയബംഗാളി ഗാനം ടാഗോർ പുനരാവിഷ്കരിച്ചമാതിരി ഞാൻ പാടാൻ തുടങ്ങി. ഭോലായും ഞാനും വിദ്യാലയത്തിന്റെ പരിസരങ്ങളിൽ ഉലാത്തിയപ്പോൾ ആഹ്ലാദപൂർവം അത് നീട്ടിപ്പാടി. [image file=image_rsrc30E.jpg] രവീന്ദ്രനാഥ ടാഗോർ
ബംഗാളി സാഹിത്യത്തിലെ പ്രചോദിതനായ കവിയും, നോബൽ പുരസ്ക്കാര ജേതാവുംറാഞ്ചിവിദ്യാലയംസ'ഥാപിച്ച് ഏതാണ്ടു രണ്ടുകൊല്ലം കഴിഞ്ഞപ്പോൾ, രവീന്ദ്രനാഥിനെ ശാന്തിനികേതനത്തിൽ ചെന്നുകാണാനും ഞങ്ങളുടെ വിദ്യാഭ്യാസ ആദർശങ്ങൾ ചർച്ചചെയ്യാനും എനിക്ക് ഒരു ക്ഷണം ലഭിച്ചു. ഞാൻ സസന്തോഷം പോയി. ഞാൻ അകത്തു കടന്നപ്പോൾ കവി തന്റെ പഠനമുറിയിൽ ഇരിക്കുകയായിരുന്നു; ഏതു ചിത്രകാരനും ആഗ്രഹിക്കുന്ന, ഒന്നാംതരം പുരുഷത്വത്തിന്റെ ആകർഷകമായ മാതൃകയായിരുന്നു അദ്ദേഹമെന്ന് ഞങ്ങളുടെ ആദ്യകൂടിക്കാഴ്ചയിലെന്നപോലെ അപ്പോഴും ഞാൻ വിചാരിച്ചു. അദ്ദേഹത്തിന്റെ സുഭഗമായ,

ശില്പചാതുരിയാർന്ന, ആധ്യാത്മമുള്ള മുഖം നീണ്ടമുടിയും ഒഴുകി ഇറങ്ങിയ താടിമീശയുംകൊണ്ട് ആവൃതമായിരുന്നു. വിടർന്ന ആർദ്രമായ കണ്ണുകൾ, സ്വർഗീയമായ പുഞ്ചിരി, അക്ഷരാർഥത്തിൽ വശ്യമായ മുരളീനാദംപോലെ മധുരമായ സ്വരം. ഒത്ത വണ്ണവും പൊക്കവുമുള്ള ഗൗരവശാലിയായ അദ്ദേഹം, സ്ത്രീ സഹജമായ സ്നിഗ്ധതയും ഒരു കുഞ്ഞിന്റെ സന്തോഷകരമായ സ്വാഭാവികതയും തന്നിൽ ഒത്തിണക്കിയിരുന്നു. ആദർശപരമായ കവിസങ്കല്പത്തിന് ഈ സൗമ്യഗായകനെക്കാൾ അനുയോജ്യമായ മൂർത്തീഭാവം വേറെ കണ്ടെത്താനാവുകയില്ല.യാഥാസ'ഥിതിക രീതിയിലല്ലാതെ സ'ഥാപിച്ച ഞങ്ങളുടെ രണ്ടു വിദ്യാലയങ്ങളുടെ ഒരു താരതമ്യപഠനത്തിൽ ടാഗോറും ഞാനും താമസിയാതെ മുഴുകി. പല സമാനതകളും ഞങ്ങൾ കണ്ടെത്തി: വാതിൽപുറത്തുവച്ച് പഠിപ്പിക്കൽ, ലാളിത്യം, കുട്ടികളുടെ സൃഷ്ടിപരമായ ചൈതന്യത്തിന് മതിയായ വികസനസാധ്യത. എന്നിരുന്നാലും സാഹിത്യത്തിന്റെയും കവിതയുടെയും പഠനത്തിനും ഭോലായുടെ കാര്യത്തിൽ ഞാൻ നേരത്തെതന്നെ ശ്രദ്ധിച്ചിരുന്നതുപോലെ, സംഗീതത്തിലും ഗാനത്തിലുംകൂടിയുള്ള ആത്മാവിഷ്കാരത്തിനും രവീന്ദ്രനാഥ് കാര്യമായ ഊന്നൽ നൽകിയിരുന്നു. ശാന്തിനികേതനത്തിലെ കുട്ടികൾക്ക് മൗനത്തിന് സമയം നീക്കിവച്ചിരുന്നു, എന്നാൽ അവർക്ക് പ്രത്യേക യോഗശാസ്ത്ര പരിശീലനം നൽകിയിരുന്നില്ല.റാഞ്ചിയിലെ എല്ലാ വിദ്യാർഥികളെയും പഠിപ്പിക്കുന്ന യോഗദാ ഊർജപുനർപൂരണവ്യായാമങ്ങളെപ്പറ്റിയും യോഗാഭ്യാസത്തിലെ ഏകാഗ്രതാപരിശീലനസങ്കേതങ്ങളെപ്പറ്റിയുമുള്ള എന്റെ വിശദീകരണം കവി ആഹ്ലാദകരമായ താല്പര്യത്തോടെ ശ്രദ്ധിച്ചു.തന്റെ ആദ്യകാലവിദ്യാഭ്യാസത്തിന്റെ കഷ്ടപ്പാടുകളെപ്പറ്റി ടാഗോർ എന്നോടു പറഞ്ഞു. ‘ ‘അഞ്ചാംക്ലാസിനുശേഷം ഞാൻ വിദ്യാലയത്തിൽനിന്ന് ഓടിക്കളഞ്ഞു,’ ’ അദ്ദേഹം ചിരിച്ചുകൊണ്ടു പറഞ്ഞു. ക്ലാസ്മുറിയിലെ മുഷിപ്പിക്കുന്ന കർശനമായ പെരുമാറ്റച്ചട്ടങ്ങൾ അദ്ദേഹത്തിലെ സ്വതസിദ്ധമായ കവിഭാവനയുടെ മൃദുലതയെ എങ്ങനെ വ്രണപ്പെടുത്തിയിട്ടുണ്ടാവാമെന്ന് എനിക്ക് എളുപ്പം മനസ്സിലാക്കാൻ കഴിഞ്ഞു. ‘ ‘അതുകൊണ്ടാണ് തണൽമരങ്ങളുടേയും ആകാശത്തിന്റെ മനോഹാരിതകളുടെയും കീഴിൽ ഞാൻ ശാന്തിനികേതനം തുറന്നത്.’ ’ സുന്ദരമായ പൂന്തോട്ടത്തിലിരുന്നുപഠിക്കുന്ന കുട്ടികളുടെ ഒരു ചെറിയ കൂട്ടത്തെ അദ്ദേഹം വാചാലമായി ചൂണ്ടികാട്ടി. ‘ ‘പുഷ്പങ്ങളുടെയും പാടുന്നപക്ഷികളുടെയും ഇടയിൽ ഒരു കുട്ടി അവന്റെ നൈസർഗികമായ പശ്ചാത്തലത്തിലാണ്. തന്നിൽ ഒളിഞ്ഞിരിക്കുന്ന വ്യക്തിപരമായ കഴിവുകളുടെ സമ്പത്ത് കുറേക്കൂടി അനായാസമായി അവിടെ അവൻ പ്രകടിപ്പിക്കുന്നു. യഥാർഥ വിദ്യാഭ്യാസം ബാഹ്യസ്രോതസ്സുകളിൽനിന്ന് ഉള്ളിലേക്ക് അടിച്ചു കയറ്റണ്ടതോ കുത്തിനിറയ'ക്കേണ്ടതോ അല്ല. മറിച്ച്, ഉള്ളിലുള്ള അപരിമിതമായ ജ്ഞാനസഞ്ചയത്തെ ബഹിർസ്ഫുരിപ്പിക്കാൻ സഹായിക്കുകയാണ് അത് ചെയ്യേണ്ടേത്.’ ’ 2ഞാൻ യോജിച്ചു. എന്നിട്ട് പറഞ്ഞു, ‘ ‘സാധാരണ വിദ്യാലയ ങ്ങളിൽ കുട്ടികളിലെ ആദർശബോധത്തിന്റെയും വീരാരാധനയുടെയും സഹജവാസനകളെ പട്ടിണിയിട്ടിട്ട്, സ'ഥിതിവിവരക്കണക്കുകളും കാലഘട്ടങ്ങളുടെ പട്ടികകളുംമാത്രം അടങ്ങിയ, മറ്റെല്ലാം ഒഴിവാക്കിക്കൊണ്ടുള്ള ആഹാരമാണ് നൽകുന്നത്.’ ’ ശാന്തിനികേനത്തിന്റെ പ്രാരംഭകാലപ്രവർത്തനങ്ങൾക്ക് പ്രചോദനംനൽകിയ തന്റെ പിതാവ് ശ്രീ ദേവേന്ദ്രനാഥിനെപ്പറ്റി സ്നേഹവായ്പോടെ കവി സംസാരിച്ചു. ‘ ‘ഈ ഫലഭൂയിഷ്ഠമായ പ്രദേശം അച്ഛൻ എനിക്കു സമ്മാനിച്ചു. മുമ്പുതന്നെ ഇവിടെ ഒരു അതിഥിമന്ദിരവും ക്ഷേത്രവും അദ്ദേഹം നിർമിച്ചിരുന്നു.’ ’ രവീന്ദ്രനാഥ് എന്നോട് പറഞ്ഞു. ‘ ‘1901–ൽ വെറും പത്തു കുട്ടികളുമായാണ് ഇവിടെ ഞാൻ എന്റെ വിദ്യാഭ്യാസ പരീക്ഷണം ആരംഭിച്ചത്. നോബൽസമ്മാനത്തുകയായി ലഭിച്ച എണ്ണായിരം പവൻ മുഴുവനും ഈ വിദ്യാലയത്തിന്റെ സംരക്ഷണത്തിനായി ചെലവാക്കി.’ ’ ‘ ‘മഹർഷി’ ’ എന്ന് പരക്കെ അറിയെപ്പട്ടിരുന്ന മുതിർന്ന ടാഗോർ ദേവേന്ദ്രനാഥ് ഏറെ ശ്രേഷ്ഠനായ ഒരു വ്യക്തി ആയിരുന്നു. അദ്ദേഹത്തിന്റെ ആത്മകഥയിൽനിന്ന് ഇത് വെളിവാകുന്നുണ്ട്. പുരുഷ പ്രാപ്തിയായശേഷം രണ്ടുകൊല്ലം അദ്ദേഹം ഹിമാലയത്തിൽ ധ്യാനത്തിൽ ചെലവഴിച്ചു. അദ്ദേഹത്തിന്റെ പിതാവായ ശ്രീ. ദ്വാരകാ നാഥ് ടാഗോർ ആകട്ടേ, പൊതുനന്മയ'ക്കായുള്ള മഹാമനസ്കമായ സംഭാവനകൾകൊണ്ട് ബംഗാളിൽ പരക്കെ വാഴ്ത്തപ്പെട്ടിരുന്നു. കേളികേട്ട ഈ വംശവൃക്ഷത്തിൽനിന്ന് പ്രതിഭാധനന്മാരുടെ ഒരു കുടുംബം ഉണ്ടായി. രവീന്ദ്രനാഥ് മാത്രമല്ല, അദ്ദേഹത്തിന്റെ ബന്ധുക്കളെല്ലാംതന്നെ സർഗസൃഷ്ടിയിൽ വ്യക്തിമുദ്ര പതിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ ഭാഗിനേയരായ ഗഗനേന്ദ്രും അവനീന്ദ്രും ഭാരതത്തിലെ മുൻപന്തി കലാകാരന്മാരിൽപെടുന്നു.3 പക്ഷികൾക്കും വനഭൂമിയിലെ ജന്തുക്കൾക്കുംപോലും പ്രിയങ്കരനായിരുന്ന ക്രാന്തദർശിയായ ഒരു ദാർശനികനായിരുന്നു രവീന്ദ്രനാഥിന്റെ സഹോദരൻ ദ്വിജേന്ദ്ര്.അതിഥിമന്ദിരത്തിൽ അന്നുരാത്രി കഴിയുവാൻ രവീന്ദ്രനാഥ് എന്നെ ക്ഷണിച്ചു. വൈകിട്ട് കവിയും സംഘവും പൂമുഖത്ത് അവതരിപ്പിച്ച ഒരു ടാബ്ലോ എന്നെ അത്യധികം ആനന്ദിപ്പിച്ചു. കാലം പിന്നോട്ടു പോയി: എന്റെ മുന്നിലെ രംഗം ഒരു പുരാതന ആശ്രമത്തിലേതുപോലെ ആയിരുന്നു-സന്തുഷ്ടനായ ഗായകനുചുറ്റും അദ്ദേഹത്തിന്റെ ശിഷ്യന്മാർ; എല്ലാവരും ദിവ്യപ്രേമത്തിന്റെ പരിവേഷത്തിൽ. സൗഹൃത്തിന്റെ ഓരോബന്ധവും സ്വരപ്പൊരുത്തത്തിന്റെ ചരടുകൊണ്ട് ടാഗോർ ഇഴചേർത്തു. തറപ്പിച്ച് ഒന്നും പറയാത്ത അദ്ദേഹം അദമ്യമായ ഒരു കാന്തശക്തിയാൽ മനുഷ്യഹൃദയങ്ങളെ തന്നോടടുപ്പിച്ച് പിടിച്ചടക്കി. ജഗത്പ്രഭുവിന്റെ പൂന്തോട്ടത്തിൽ പ്രകൃത്യാലുള്ള സുഗന്ധത്താൽ മറ്റുള്ളവരെ ആകർഷിക്കുന്ന അപൂർവ

കവനകുസുമം!അടുത്തകാലത്തുരചിച്ച ചില അതിമനോജ്ഞമായ കവിതകൾ രവീന്ദ്രനാഥ് തന്റെ സംഗീതാത്മകമായസ്വരത്തിൽ ഞങ്ങളെ വായിച്ചു കേൾപ്പിച്ചു. തന്റെ വിദ്യാർഥികളുടെ ആമോദത്തിനായി ഗാനങ്ങൾക്കും നാടകങ്ങൾക്കും ശാന്തിനികേതനത്തിൽ വച്ചാണ് സംഗീതസംവിധാനം അധികവും നിർവഹിച്ചത്. ഏതാണ്ട് എല്ലാ ശ്ലോകങ്ങളിലും, ആ ദിവ്യനാമം എടുത്തുപറയാതെതന്നെ ഈശ്വരനെ പരാമർശിക്കുന്ന അദ്ദേഹത്തിന്റെ കലയിലാണ് ആ വരികളുടെ സൗന്ദര്യം കുടികൊള്ളുന്നതെന്ന് ഞാൻ കരുതുന്നു. അദ്ദേഹം എഴുതി: ' ' ഗാനാലാപനത്തിന്റെ നിർവൃതിയിൽ ഉന്മത്തനായി ഞാൻ എന്നെ മറക്കുകയും എന്റെ നാഥനായ അങ്ങയെ സുഹൃത്തെന്ന് വിളിക്കുകയും ചെയ്യുന്നു.' ' അടുത്തദിവസം മധ്യാഹ്നഭോജനത്തിനുശേഷം മടിയോടെയാണ് ഞാൻ അദ്ദേഹത്തോട് വിടപറഞ്ഞത്. അദ്ദേഹത്തിന്റെ ചെറിയ വിദ്യാലയം, അന്താഷ്ട്ര സർവകലാശാലയായ വിശ്വഭാരതി4യായി വളർന്നതിൽ ഞാൻ സന്തോഷിക്കുന്നു. പലരാജ്യങ്ങളിൽനിന്നുമുള്ള വിദ്വാന്മാർ പഠനത്തിനുള്ള മാതൃകാപരമായ ചുറ്റുപാടുകൾ ഇവിടെ കണ്ടെത്തുന്നു. ' 'എവിടെ മനസ്സിൽ ഭീതിയില്ലയോ;എവിടെ ശിരസ്സ് ഉയർത്തിപ്പിടിച്ചിരിക്കുന്നുവോ;എവിടെ അറിവ് സ്വതന്ത്രമാകുന്നുവോ;എവിടെ ലോകം ഇടുങ്ങിയ ഗാർഹികഭിത്തികളാൽഛിന്നഭിന്നമാകുന്നില്ലയോ;എവിടെ വാക്കുകൾ സത്യത്തിന്റെ അഗാധതയിൽനിന്ന്ഉൽഗമിക്കുന്നുവോ;എവിടെ അക്ഷീണയത്നം അതിന്റെ കരങ്ങൾപരിപൂർണതയിലേക്ക് ഉയർത്തുന്നുവോ;എവിടെ വിവേകത്തിന്റെ നിർമലസ്രോതസ്സ് മാറാത്തശീലങ്ങളുടെമണലാരണ്യത്തിൽ വഴിതെറ്റി വറ്റുന്നില്ലയോ;എവിടെ മനസ്സിനെ മുന്നോട്ട്, വിശാലതവായ'ക്കുന്നചിന്തയിലേക്കും പ്രവൃത്തിയിലേക്കും അങ്ങ് നയിക്കുന്നുവോ;ആ സ്വാതന്ത്ര്യസ്വർഗത്തിലേക്ക്, എന്റെ പിതാവേ, എന്റെ രാജ്യംഉണർന്നെഴുന്നേൽക്കേണമേ!5രവീന്ദ്രനാഥ് ടാഗോർ [image file=image_rsrc31F.jpg] 1 ഇംഗ്ലീഷുകാരനായ എഴുത്തുകാരൻ, പ്രസാധകൻ, മഹാത്മാഗാന്ധിയുടെ ഉറ്റമിത്രം.2 ' 'കൂടെക്കൂടെ ജനിച്ചിട്ടുള്ള അല്ലെങ്കിൽ, ഹൈന്ദവദർശനം പറയുന്ന മാതിരി, 'ആയിരക്കണക്കിനു ജന്മങ്ങളിലൂടെ സഞ്ചരിച്ചുകഴിഞ്ഞ' .... ആത്മാവിന് താൻ നേടാത്ത അറിവായി ഒന്നുമില്ല; താൻ മുമ്പ് അറിഞ്ഞിരുന്നത് .... ഓർമയിൽ കൊണ്ടുവരുന്നതിന് തനിക്കു കഴിയുമെന്നതിൽ ഒരത്ഭുതവുമില്ല.... അറിവു തേടലും വിദ്യാഭ്യാസവും ഓർമപുതുക്കൽ മാത്രമാണ്.' ' എമേഴ്സൺ, ' ' റെപ്രിസെന്റേറ്റിവ് മെൻ.' ' 3 തനിക്ക് അറുപതുവയസ്സായതിനുശേഷം ഏതാനും വർഷം രവീന്ദ്രനാഥും ചിത്രകലയുടെ ഗൗരവമായപഠനത്തിൽ ഏർപ്പെട്ടിരുന്നു. കുറേ കൊല്ലങ്ങൾക്കു മുമ്പ് അദ്ദേഹത്തിന്റെ രചനകൾ യൂറോപ്യൻ തലാനങ്ങളിലും ന്യൂയോർക്കിലും പ്രദർശിപ്പിച്ചിരുന്നു.4 ഏവരുടേയും സ്നേഹാദരങ്ങൾ ആർജിച്ച കവി 1941-ൽ അന്തരിച്ചുവെങ്കിലും അദ്ദേഹത്തിന്റെ വിശ്വഭാരതി എന്ന സ'ഥാപനം ഇന്നും വളർന്നു വികസിച്ചു കൊണ്ടിരിക്കുന്നു. 1950 ജനുവരിയിൽ ശാന്തിനികേതനത്തിൽനിന്ന് അറുപത്തിയഞ്ച് അധ്യാപകരും വിദ്യാർഥികളും റാഞ്ചി യോഗദാ സത്സംഗ വിദ്യാലയത്തിൽ പത്തുദിവസത്തെ സന്ദർശനം നടത്തി.5 ഗീതാഞ്ജലി (മക്മിലൻ കമ്പനി)പ്രശസ്ത പണ്ഡിതനായ സർ എസ്. രാധാകൃഷ്ണന്റെ ദ ഫിലോസഫി ഒഫ് ടാഗോർ (മക്മിലൻ) -ൽ കവിയെപ്പറ്റി ചിന്താബന്ധുരമായ ഒരു പഠനം കാണാം.അധ്യായം 30ദിവ്യാത്ഭുതങ്ങളുടെ നിയമംമൂന്നു താപസന്മാർ എന്ന രസകരമായ ഒരു നാടോടിക്കഥ മഹാനായ നോവലിസ്റ്റ് ലിയോ ടോൾസ്റ്റോയി1 എഴുതിയിട്ടുണ്ട്. അദ്ദേഹത്തിന്റെ സ്നേഹിതൻ നിക്കോളാസ് റോറിച്ച് അത് ഇങ്ങനെ സംഗ്രഹിച്ചു: ' 'ഒരു ദ്വീപിൽ മൂന്നു വൃദ്ധതപോധനന്മാർ താമസിച്ചിരുന്നു. അത്ര ശുദ്ധഗതിക്കാരായിരുന്നതുകൊണ്ട് അവരുടെ ഒരേ ഒരു പ്രാർഥന ഇതായിരുന്നു: 'ഞങ്ങൾ മൂന്നുപേരുണ്ട്; അവിടുന്നും മൂവരാണ്- ഞങ്ങളിൽ കനിവുണ്ടാകേണമേ!' ഈ നിഷ്കളങ്കമായ പ്രാർഥനയുടെ വേളയിൽ ദിവ്യാത്ഭുതങ്ങൾ ഉണ്ടായി.അന്നാട്ടിലെ ബിഷപ്പ്2 ഈ മൂന്നു താപസന്മാരെയും അവരുടെ അനുവദനീയമല്ലാത്ത പ്രാർഥനയെയുംപറ്റി കേൾക്കാനിടയായി. വേദപുസ്തകമനുസരിച്ചുള്ള പ്രാർഥനകൾ പഠിപ്പിക്കാനായി അദ്ദേഹം അവരെ സന്ദർശിക്കാൻ തീരുമാനിച്ചു. ദ്വീപിലെത്തിയ അദ്ദേഹം സ്വർഗത്തോടുള്ള അവരുടെ അപേക്ഷ ലജ്ജാകരമാണെന്ന് താപസന്മാരോടു പറയുകയും അനേകം പതിവു പ്രാർഥനകൾ പഠിപ്പിക്കുകയും ചെയ്തു. ബിഷപ്പ് പിന്നെ ഒരു ചെറുകപ്പലിൽ യാത്രയായി. കപ്പലിനെ പിൻതുടരുന്ന ഒരു ഉജ്വലമായപ്രകാശം അദ്ദേഹം കണ്ടു. അത് അടുത്തുവന്നപ്പോൾ കൈകോർത്തു പിടിച്ചുകൊണ്ട് അലകളുടെ മീതെ ഓടി കപ്പലിന്റെ മുന്നിൽ കടക്കാൻ ശ്രമിക്കുന്ന ആ മൂന്ന് താപസന്മാരെ അദ്ദേഹം തിരിച്ചറിഞ്ഞു. ' 'ബിഷപ്പിന്റെ അടുത്തെത്തിയപ്പോൾ അവർ വിളിച്ചു പറഞ്ഞു, 'അങ്ങ് പഠിപ്പിച്ച പ്രാർഥനകൾ ഞങ്ങൾ മറന്നുപോയി. അവ ഒന്നുകൂടി പറഞ്ഞുതരണമെന്ന് ആവശ്യപ്പെടാനാണ് ഞങ്ങൾ ധൃതിയിൽ വന്നത് ' . അത്ഭുതാധീനനായ ബിഷപ് വേണ്ടായെന്ന അർഥത്തിൽ തലയാട്ടി. ' 'അദ്ദേഹം എളിമയോടെ പറഞ്ഞു, 'പ്രിയപ്പെട്ടവരെ, നിങ്ങളുടെ പഴയ പ്രാർഥനയുമായി കഴിഞ്ഞുകൊള്ളുക!' ' ' എങ്ങനെയാണ് ഈ പുണ്യാത്മാക്കൾ വെള്ളത്തിനുമീതെ നടന്നത്?എങ്ങനെയാണ് ക്രിസ്തുദേവൻ തന്റെ ക്രൂശിക്കപ്പെട്ട ശരീരം ഉയിർത്തെഴുന്നേല്പിച്ചത്?എങ്ങനെയാണ് ലാഹിരി മഹാശയനും ശ്രീ യുക്തേശ്വരനും ദിവ്യാത്ഭുതങ്ങൾ കാട്ടിയത്?ആണവയുഗത്തിന്റെ ആവിർഭാവത്തോടെ ലോകമനസ്സിന്റെ സാധ്യതകൾ പൊടുന്നനെ ഏറെ വികസിച്ചിട്ടുണ്ടെങ്കിലും,

ആധുനികശാസ്ത്രത്തിന് ഇതേവരെ ഒരു ഉത്തരവും നൽകാനില്ല. ‘‘അസാധ്യം’’ എന്ന വാക്കിന് മനുഷ്യന്റെ പദാവലിയിൽ പ്രാധാന്യം കുറഞ്ഞുവരികയാണ്.ഭൗതികലോകം നിലനിൽക്കുന്നത് ഒരേ ഒരു മായാസിദ്ധാന്തത്തിൽ അധിഷ്ഠിതമായാണെന്ന് വേദഗ്രന്ഥങ്ങൾ ഉൽഘോഷിക്കുന്നു. മായ എന്നത് ആപേക്ഷികതയുടെയും ദ്വന്ദ്വാത്മകതയുടെയും പ്രമാണമാണ്. ഈശ്വരൻ എന്ന ഏകചൈതന്യം കേവലമായ ഐക്യമാണ്. സൃഷ്ടിയുടെ വ്യത്യസ്തവും വിവിധവുമായ രൂപങ്ങളായി കാണപ്പെടാൻ അദ്ദേഹം വ്യാജമോ, അയഥാർഥമോ ആയ ഒരു ആവരണം അണിയുന്നു. ഈ മിഥ്യയായ, ദ്വന്ദ്വാത്മകമായ ആവരണമാണ് മായ.3 പ്രാചീന ഋഷീശ്വരന്മാരുടെ ഈ ലളിതമായ പ്രസ്താവം ആധുനികകാലത്തെ നിരവധി കണ്ടുപിടിത്തങ്ങൾ സ്ഥിരീകരിച്ചിട്ടുണ്ട്.ന്യൂട്ടന്റെ ‘ചലനസിദ്ധാന്തം’ മായയുടെ ഒരു നിയമമാണ്: ‘‘ഓരോ പ്രവൃത്തിക്കും തുല്യവും വിപരീതവുമായ ഒരു പ്രതിപ്രവൃത്തി എപ്പോഴുമുണ്ട്; ഏതെങ്കിലും രണ്ടു വസ്തുക്കളുടെ പരസ്പരപ്രവർത്തനം എല്ലായ്പ്പോഴും തുല്യവും വിരുദ്ധദിശയിലുമാണ്.’’ പ്രവൃത്തിയും പ്രതി പ്രവൃത്തിയും അങ്ങനെ, സൂക്ഷ്മമായും സമമാണ്. ‘‘ഒരേ ഒരു ബലം - ശക്തി - മാത്രം ഉണ്ടാവുക എന്നത് അസാധ്യമാണ്. ഉണ്ടായിരിക്കേണ്ടതും എപ്പോഴും ഉള്ളതും തുല്യവും വിപരീതവുമായ ഒരു ജോഡി ബലങ്ങളാണ്.’’ പ്രകൃതിയിലെ മൗലികമായ പ്രവർത്തനങ്ങളെല്ലാം അവയുടെ മായികമായ ഉത്ഭവം വെളിപ്പെടുത്തുന്നു. ഉദാഹരണത്തിന്, വൈദ്യുതി വികർഷണത്തിന്റെയും ആകർഷണത്തിന്റെയും ഒരു പ്രതിഭാസമാണ്; അതിന്റെ ഇലക്ട്രോണുകളും, പ്രോട്ടോണുകളും വൈദ്യുതവിപരീതങ്ങൾ ആണ്. മറ്റൊരു ഉദാഹരണം: പരമാണു അഥവാ പദാർഥത്തിന്റെ ആത്യന്തികമായ അംശം, ഭൂമിയെപ്പോലെതന്നെ അധിധ്രുവവും ന്യൂനധ്രുവവും ഉള്ള ഒരു കാന്തമാണ്. പ്രാപഞ്ചികമായ എല്ലാ വസ്തുക്കളും ധ്രുവീകരണത്തിന്റെ അഴിവില്ലാത്ത പിടിയിലാണ്; ഊർജതന്ത്രത്തിന്റെയോ രസതന്ത്രത്തിന്റെയോ മറ്റേതെങ്കിലും ശാസ്ത്രത്തിന്റെയോ നിയമങ്ങൾ ഈ സ്വതസിദ്ധമായ വൈപരീത്യത്തിൽനിന്ന് അഥവാ വിരുദ്ധതത്ത്വങ്ങളിൽനിന്ന് മുക്തമായി കാണപ്പെടുന്നില്ല.അപ്പോൾ, ഭൗതികശാസ്ത്രത്തിന് സൃഷ്ടിയുടെ ഊടും പാവും ഘടനയും തന്നെയായ മായയ'ക്കു പുറത്തുകടന്ന് നിയമങ്ങൾ ആവിഷ്ക്കരിക്കുക വയ്യ. പ്രകൃതിതന്നെ മായയാണ്; ഭൗതികശാസ്ത്രം നിശ്ചയമായും മായയുടെ ഒഴിയാനാവാത്ത സ്വകീയതയെത്തന്നെ കൈകാര്യംചെയ്യാൻ ബാധ്യമാകുന്നു. അതിന്റെ സാമ്രാജ്യത്തിൽ മായ നിതാന്തവും അക്ഷയവുമാണ്. അവളുടെ വൈവിധ്യമാർന്ന അനന്തതയുടെ ഒരു ഭാവംകഴിഞ്ഞാൽ മറ്റൊന്ന് പരിശോധിക്കാം എന്നതിൽക്കവിഞ്ഞ് ഒന്നുംചെയ്യാൻ ഭാവിശാസ്ത്രജ്ഞൻമാർക്ക് ആവില്ല. അങ്ങനെ ആത്യന്തികമായ നിർണായകതയിലെത്താതെ ശാസ്ത്രം നിരന്തരമായ ഒരു ഒഴുക്കിൽപെട്ടു നിൽക്കുന്നു. എക്കാലവും നിലനിന്നു പോന്നിട്ടുള്ളതും പ്രവർത്തനനിരതവുമായ പ്രപഞ്ചത്തിന്റെ നിയമങ്ങൾ അനാവരണം ചെയ്യാൻ മാത്രമാണ് തീർച്ചയായും അതിനു കഴിയുക; എന്നാൽ അതിന് ആ നിയമങ്ങളുടെ ആവിഷ്കാരകനെ - അവയുടെ പ്രയോക്താവിനെ - കണ്ടെത്താൻ ശക്തിയില്ല. ഭൂഗുരുത്വത്തിന്റെയും വിദ്യുത്ച്ഛക്തിയുടെയും ഉജ്വലമായ മൂർത്തീഭാവങ്ങൾ അറിയപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. എങ്കിലും ഗുരുത്വാകർഷണവും വിദ്യുച്ഛക്തിയും എന്താണെന്ന് ഒരുത്തർക്കും അറിഞ്ഞുകൂടാ.4മായയെ മറികടക്കുക എന്നതാണ് സഹസ്രാബ്ദങ്ങളിലെ പ്രവാചകർ മനുഷ്യരാശിക്ക് നൽകിയ ഭാരിച്ച ചുമതല. സൃഷ്ടിയുടെ ദ്വന്ദ്വങ്ങളെ കീഴടക്കുകയും സ്രഷ്ടാവിന്റെ ഏകത്വത്തെദർശിക്കുകയുമാണ് മനുഷ്യന്റെ സർവോൽകൃഷ്ടമായലക്ഷ്യം. പ്രപഞ്ചത്തിന്റെ മിഥ്യയെ മുറുകിപ്പിടിക്കുന്നവർക്ക് അതിന്റെ മൗലികനിയമമായ ദ്വൈതധ്രുവീകരണത്തെ അംഗീകരിച്ചേ മതിയാവൂ: വേലിയേറ്റവും വേലിയിറക്കവും, ഉയർച്ചയും താഴ്ചയും, പകലും രാവും, സുഖവും ദു:ഖവും, നന്മയും തിന്മയും, ജനനവും മരണവും. മനുഷ്യൻ ഏതാനുമായിരം മനുഷ്യജന്മങ്ങളിൽകൂടി കടന്നുപോയിക്കഴിയുമ്പോൾ ഈ ചാക്രികഗതി ഒരുതരം വേദനാജനകമായ വിരസത ഉളവാക്കുന്നു; അപ്പോൾ മായയുടെ നിബന്ധനകൾക്ക് അപ്പുറത്തേക്ക് ആശാനിർഭരമായി അവൻ നോക്കുന്നു.മായയുടെ മറ നീക്കുക എന്നാൽ സൃഷ്ടിയുടെ രഹസ്യം അനാവരണംചെയ്യുക എന്നതാണ്. അങ്ങനെ പ്രപഞ്ചത്തെ അനാവൃതമാക്കുന്നയാൾ മാത്രമാണ് യഥാർഥ അദ്വൈതി. അല്ലാതുള്ളവർ നാസ്തികവിഗ്രഹങ്ങളെ ആരാധിക്കുന്നു. പ്രകൃതിയുടെ ദ്വന്ദ്വാത്മകമിഥ്യകൾക്ക് വിധേയനായിരിക്കുന്നിടത്തോളം കാലം ജേനസ്സിനെപ്പോലെ ദ്വിമുഖിയായ മായയാണ് അവന്റെ ദേവത; അവന് ഒരേ ഒരു യഥാർഥ ഈശ്വരനെ അറിയാൻ കഴിയുന്നില്ല.ജഗദ്ഭ്രമം-മായ-മനുഷ്യരിൽ അവിദ്യയായി വെളിവാകുന്നു. ബുദ്ധിപരമായ ഉത്തമവിശ്വാസമോ അപഗ്രഥനമോകൊണ്ട് മായ അഥവാ അവിദ്യയെ ഒരിക്കലും ഇല്ലാതാക്കാൻ ആവില്ല; നിർവികല്പസമാധിയുടെ ആന്തരിക അവസ്ഥയിലൂടെ മാത്രമേ അതു സാധ്യമാകൂ. പഴയനിയമത്തിലെ പ്രവാചകരും എല്ലാ നാട്ടിലേയും എക്കാലത്തുമുള്ള ഋഷിമാരും ബോധത്തിന്റെ ഈ അവസ്ഥയിൽ നിന്നാണ് അരുളപ്പാടുകൾ ചെയ്തിട്ടുള്ളത്.എസെക്കിയേൽ പറഞ്ഞു:5 ‘‘പിന്നെ അയാൾ എന്നെ കിഴക്കോട്ടുള്ള കവാടത്തിലേക്കു കൊണ്ടുവന്നു: ഇതാ ഇസ്രായേലിന്റെ ദൈവത്തിന്റെ തേജസ്സ് കിഴക്കുനിന്നുവരുന്നു: അവന്റെ ആഗമനശബ്ദം പെരുവെള്ളത്തിന്റെ ഇരമ്പൽ പോലെയായിരുന്നു: അവന്റെ തേജസ്സിൽ ഭൂമി വിളങ്ങി.’’ സൃഷ്ടിയുടെ ഏകയാഥാർഥ്യം സംസ്ഥാപിക്കുന്ന വചനം അഥവാ ഓംകാരം ‘‘വിവിധ ജലധാരകളുടെ ദൈവികനാദം’’ കേട്ടുകൊണ്ട് ഭ്രൂമധ്യത്തിലെ ദിവ്യദൃഷ്ടി(കിഴക്ക്)യിലൂടെ യോഗി തന്റെ ബോധത്തെ സർവസന്നിഹിതത്വത്തിലേക്ക് സാവധാനം

നയിക്കുന്നു.പ്രപഞ്ചത്തിലെ അനന്തകോടി അജ്ഞാതരഹസ്യങ്ങളിൽ ഏറ്റവും മഹത്തായ പ്രതിഭാസം പ്രകാശമാണ്. സഞ്ചാരത്തിന് വായുവോ, മറ്റു ഭൗതിക മാധ്യമങ്ങളോ ആവശ്യമുള്ള ശബ്ദതരംഗങ്ങളിൽനിന്നു വ്യത്യസ്തമായി, പ്രകാശതരംഗങ്ങൾ താരാന്തരശൂന്യതയിലൂടെ സ്വതന്ത്രമായിസഞ്ചരിക്കുന്നു. തരംഗസിദ്ധാന്തങ്ങളിൽ ഗ്രഹാന്തരപ്രകാശ മാധ്യമമായി കണക്കാക്കുന്ന സാങ്കല്പിക ആകാശംപോലും, ശൂന്യാകാശത്തിന്റെ ക്ഷേത്രഗണിതാനുസൃത സ്വഭാവങ്ങൾ ഒരു സൂക്ഷ്മാകാശസിദ്ധാന്തത്തെ വ്യർഥമാക്കുന്നുവെന്ന ഐൻസ്റ്റയിനിന്റെ സിദ്ധാന്തത്തിന്റെ വെളിച്ചത്തിൽ ഉപേക്ഷിക്കാൻ കഴിയും. ഈ രണ്ടു സാങ്കല്പികസിദ്ധാന്തങ്ങൾ അനുസരിച്ചായാലും പ്രകാശമാണ് പ്രകൃതിയിലെ മറ്റ് ഏതു പ്രതിഭാസത്തെക്കാളും സർവാധികം സൂക്ഷ്മവും ഭൗതികവസ്തുക്കളിൽനിന്ന് സർവാധികം നിരാശ്രയവും-ഏറ്റവും സ്വതന്ത്രം-ആയിരിക്കുന്നത്.ഐൻസ്റ്റയിന്റെ വിശാലസങ്കല്പങ്ങളിൽ പ്രകാശത്തിന്റെ വേഗത-ഒരു സെക്കന്റിൽ 1, 86, 300 മൈൽ-ആപേക്ഷിക സിദ്ധാന്തത്തെ മുഴുവനും സ്വാധീനിക്കുന്നു. മനുഷ്യന്റെ സീമിതമായ മനസ്സിനെ സംബന്ധിച്ചിടത്തോളം, പ്രകാശത്തിന്റെ വേഗതയാണ് ചഞ്ചലമായ ഈ പ്രപഞ്ചത്തിലെ ഒരേ ഒരു സ'ഥിരമാനം എന്ന് കണക്കുകളിലൂടെ അദ്ദേഹം തെളിയിക്കുന്നു. മനുഷ്യന്റെ കാല, ദേശമാനങ്ങൾ അധിഷ്ഠിതമായിരിക്കുന്നത് ഏകവും ‘ ‘നിരുപാധികവുമായ ’ ’ പ്രകാശവേഗതയിലാണ്. ആശയരൂപേണ ശാശ്വതമെന്ന് ഇതുവരെ കരുതിയിരുന്ന കാല, ദേശങ്ങൾ ആപേക്ഷികവും പരിമിതവുമായ ഘടകങ്ങളാണ്. അവ അവയുടെ സോപാധികമായ മാനസാധുതകൾ കൈവരിക്കുന്നത് പ്രകാശവേഗതയുടെ മാനദണ്ഡത്തിന് അനുസൃതമായി മാത്രമാണ്.നീളം, വീതി, ഘനം ഇത്യാദിമാനങ്ങളുടെ ആപേക്ഷികതയായി വ്യാപ്തിയെ ഉൾപ്പെടുത്തിയപ്പോൾ, സന്ദിഗ്ദ്ധതയുടെ ഒരു ശുദ്ധസാരമായ കാലം ഇപ്പോൾ അതിന്റെ ശരിയായ സ്വഭാവത്തിൽ വെളിവാക്കപ്പെട്ടിരിക്കുന്നു. തന്റെ തൂലികയുടെ ഏതാനും സമവാക്യലേഖ്യങ്ങൾകൊണ്ട് പ്രകാശത്തിന്റേത് ഒഴികെയുള്ള എല്ലാ നിശ്ചിത സത്യസങ്കല്പങ്ങളും ഐൻസ്റ്റയിൻ ഈ പ്രപഞ്ചത്തിൽനിന്ന് നിഷ്കാസനം ചെയ്തു.പിൽക്കാലത്തെ ഒരു മുന്നേറ്റമായ ഏകീകൃതക്ഷേത്രസിദ്ധാന്തത്തിൽ മഹാനായ ആ ഊർജതന്ത്രജ്ഞൻ ഭൂഗുരുത്വാകർഷണ നിയമങ്ങളെയും വൈദ്യുതകാന്തനിയമങ്ങളെയും ഒരു ഗണിതസൂത്രത്തിൽ ഉൾക്കൊള്ളിക്കാൻ തുനിഞ്ഞു. ഒരേ ഒരു നിയമത്തിന്റെ വകഭേദങ്ങളിൽ ബ്രഹ്മാണ്ഡഘടനയെ ഒതുക്കിനിർത്തിക്കൊണ്ട് ഐൻസ്റ്റയിൻ, യുഗങ്ങൾ മറികടന്ന് സൃഷ്ടിയുടെ ഏകമാത്രമായ രചനാ സംവിധാനം, അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന കാമരൂപിയായ മായയാണെന്ന് ഉൽഘോഷിച്ച ഋഷീശ്വരന്മാരിലേക്ക് എത്തിയിരിക്കുന്നു.ഐതിഹാസികമായ ആപേക്ഷികസിദ്ധാന്തത്തിൽനിന്നാണ് അന്തിമവസ്തുവായ പരമാണുവിന്റെ പര്യവേക്ഷണസാധ്യതകൾ ഉയർന്നുവന്നിട്ടുള്ളത്. മഹാന്മാരായ ശാസ്ത്രജ്ഞന്മാർ ഇപ്പോൾ സധൈര്യം പ്രഖ്യാപിക്കുന്നത്, പരമാണു ദ്രവ്യമല്ലാ ഊർജമാണ്, എന്നുമാത്രമല്ല ആണവഊർജം മൗലികമായി മനോവസ്തുവാണെന്നു കൂടിയാണ്. ‘ഭൗതികലോകത്തിന്റെ സ്വഭാവം ’ (ദ നെയ്ച്ചർ ഒഫ് ദ ഫിസിക്കൽ വേൾഡ്)7എന്ന ഗ്രന്ഥത്തിൽ സർ ആർതർ സ്റ്റാൻലി എഡിങ്ങ്റ്റൻ ഇങ്ങനെ എഴുതുന്നു: ‘ ‘ഭൗതികശാസ്ത്രം നിഴലുകളുടെ ഒരു ലോകത്തെയാണ് കൈകാര്യം ചെയ്യുന്നതെന്ന് തുറന്നു സമ്മതിക്കുന്ന യാഥാർഥ്യ ബോധം അതിപ്രധാനമായ മുന്നേറ്റങ്ങളിൽ ഒന്നാണ്. ഭൗതികശാസ്ത്രത്തിന്റെ ലോകത്ത് നാം ദർശിക്കുന്നത്, പരിചിതമായ ജീവിതനാടകത്തിന്റെ ഒരു നിഴൽചിത്രാവിഷ്കാരമാണ്. നിഴൽകടലാസ്സിൽ നിഴൽമാത്രമായി മഷി ഒഴുകുമ്പോൾ നിഴൽമേശമേൽ എന്റെ നിഴൽകൈമുട്ട് വിശ്രമിക്കുന്നു. ഇതെല്ലാം പ്രതീകാത്മകമാണ്; ഒരു ഭൗതികശാസ്ത്രജ്ഞൻ അതിനെ പ്രതീകമെന്നനിലയിൽ വിടുന്നു. പിന്നീട് ‘മനസ്സ്’ എന്ന മായാജാലക്കാരൻ കടന്നുവന്ന് ആ പ്രതീകങ്ങളെ പുതുപരിവേഷത്തിൽ രൂപാന്തരപ്പെടുത്തുന്നു.... പരുക്കനായി പറഞ്ഞാൽ, ഈ നിഗമനം, ലോകത്തിന്റെ സത്ത മനോവസ്തുവാണ് എന്നുവരുത്തുന്നു. ’ ’ അടുത്തകാലത്ത് ഇലക്ട്രോൺ മൈക്രോസ്കോപ് കണ്ടുപിടിച്ച തോടെ, പരമാണുവിന്റെ പ്രകാശസത്തയുടെയും, പ്രകൃതിയുടെ ഒഴിച്ചുകൂടാനാവാത്ത ദ്വന്ദ്വാത്മകതയുടെയും നിർണായകമായ തെളിവു ലഭിച്ചു. 1937-ൽ ‘ ‘ശാസ്ത്രപുരോഗതിക്കുവേണ്ടിയുള്ള അമേരിക്കൻ സംഘടന’ ’ യുടെ ഒരു സമ്മേളനത്തിൽ ഇലക്ട്രോൺ മൈക്രോ സ്കോപ്പിന്റെ ഒരു പ്രദർശനത്തെപ്പറ്റി താഴെക്കൊടുത്തിരിക്കുന്ന വിവരണം ദ ന്യൂയോർക്ക് റൈംസ് നൽകി:ഇതുവരെ എക്സ്റേ മൂലം പരോക്ഷമായിമാത്രം അറിഞ്ഞിരുന്ന റ്റങ്ങ്സ്റ്റൻ ലോഹത്തിന്റെ സ്ഫാടികഘടന ഒരു പ്രദീപ്തമായ വെള്ളിത്തിരയിൽ വ്യക്തമായി രൂപംപൂണ്ടു. ഇത് ഒരു ഘനികയുടെ ആകൃതിയിലുള്ള ജാളിവേലയിൽ ഒമ്പതുപരമാണുക്കൾ ഓരോ മൂലയിൽ ഓരോ പരമാണുവും ഒത്തനടുക്ക് മറ്റൊരു പരമാണുവുമായിട്ടാണ് കാണപ്പെട്ടത്. റ്റങ്ങ്സ്റ്റൻ ക്രിസ്റ്റലിന്റെ പരമാണുക്കൾ കോണികപ്രതിരൂപങ്ങളിൽ നിരത്തിയ പ്രകാശബിന്ദുക്കളായി ആ പ്രദീപ്തമായ വെള്ളിത്തിരയിൽ പ്രത്യക്ഷപ്പെട്ടു. പ്രകാശത്തിന്റെ ഈ സ്ഫാടിക ഘനികയിൽ വന്നലയ'ക്കുന്ന വായുതന്മാത്രകളെ, ചലിക്കുന്ന ജലത്തിലെ തിളങ്ങുന്ന സൂര്യരശ്മികളുടെ ബിന്ദുക്കൾപോലെ നൃത്തം വയ'ക്കുന്ന പ്രകാശബിന്ദുക്കളായി കാണാമായിരുന്നു....ന്യൂയോർക്കിലെ ബെൽ ടെലഫോൺ ലബോറട്ടറിയിലെ ഡോക്ടർമാർ ക്ലിന്റൻ കെ. ഡേവിസനും ലെസ്റ്റർ എച്ച്. ജേർമറും 1927-ൽ ഇലക്ട്രോൺ മൈക്രോസ്കോപ്പിന്റെ തത്ത്വം ആദ്യം കണ്ടുപിടിച്ചു. ഇലക്ട്രോണിന് ഒരു കണികയുടെയും ഒരു തരംഗത്തിന്റെയും സ്വഭാവ സവിശേഷതകൾ അടങ്ങിയ ഒരു ദ്വൈതവ്യക്തിത്വം ഉണ്ടെന്ന് അവർ

കണ്ടെത്തി.8 ഈ തരംഗസ്വഭാവം ഇലക്ട്രോണിന് പ്രകാശത്തിന്റെ സ്വഭാവഗുണം നൽകി. കാചം ഉപയോഗിച്ച് പ്രകാശത്തെ ഒരു ബിന്ദുവിൽ കേന്ദ്രീകരിക്കുന്നതുപോലെ ഇലക്ട്രോണുകളെ ‘ ‘കേന്ദ്രീകരി’ ’ ക്കുവാനുള്ള ഉപായങ്ങൾ കണ്ടുപിടിക്കാൻ പരിശ്രമം ആരംഭിച്ചു. ‘ ‘ഇലക്ട്രോണിന്റെ പരസ്പരവിരുദ്ധമായ ഈ ദ്വൈതസ്വഭാവം കണ്ടുപിടിച്ചതിന് ഡോ. ഡേവിസന് ഊർജതന്ത്രത്തിൽ നോബെൽസമ്മാനം ലഭിച്ചു. ഭൗതിക പ്രപഞ്ചത്തിന് മുഴുവനും ഒരു ദ്വൈതവ്യക്തിത്വം ഉണ്ടെന്ന് ഈ കണ്ടുപിടുത്തം വെളിവാക്കി.’ ’ ‘നിഗൂഢപ്രപഞ്ചം’ (ദ മിസ്റ്റീരിയസ് യൂനിവേഴ്സ്)9 എന്ന ഗ്രന്ഥത്തിൽ സർ ജയിംസ് ജീൻസ് എഴുതുന്നു: ‘ ‘അറിവിന്റെ അരുവി വെറും യാന്ത്രികമല്ലാത്ത ഒരു യാഥാർഥ്യത്തെ ലാക്കാക്കിയാണ് ഒഴുകുന്നത്; ഈ പ്രപഞ്ചം ഒരു വലിയ യന്ത്രമെന്നതിനെക്കാൾ മഹത്തായ ഒരു ചിന്തയായിട്ടു തോന്നാൻ തുടങ്ങുന്നു.’ ’ അങ്ങനെ, ഇരുപതാംനൂറ്റാണ്ടിന്റെ ശാസ്ത്രം ചിരപുരാതനമായ വേദങ്ങളിലെ ഒരുതാളുപോലെ അനുഭവപ്പെടുന്നു.അപ്പോൾ, ഭൗതികപ്രപഞ്ചം എന്നൊന്നില്ല എന്ന ദാർശനിക സത്യം, അത് അങ്ങനെതന്നെ വേണമെങ്കിൽ, മനുഷ്യൻ ശാസ്ത്രത്തിൽ നിന്നു പഠിക്കട്ടേ. ഭൗതികപ്രപഞ്ചത്തിന്റെ ഊടും പാവും, മായ-മിഥ്യ-യാണ്. വിശകലനം ചെയ്താൽ അതിന്റെ യാഥാർഥ്യത്തിന്റെ മൃഗതൃഷ്ണകൾ മുഴുവനും ഇല്ലാതാകുന്നു. ഭൗതിക പ്രപഞ്ചത്തിന്റെ വിശ്വാസമേകുന്ന അവലംബങ്ങൾ ഓരോന്നോരാന്നായി തന്റെ കീഴിൽ തകർന്നുവീഴുമ്പോൾ ‘ ‘ഞാനല്ലാതെ മറ്റു ദേവന്മാർ നിനക്ക് ഉണ്ടാകരുത്’ ’ 10 എന്ന ദൈവികമായ ആജ്ഞയുടെ ഉല്ലംഘനമാണ് തന്റെ വിഗ്രഹാരാധാനാ നിഷ്ഠയെന്ന് മനുഷ്യൻ അവ്യക്തമായി ഗ്രഹിക്കുന്നു.ഒരു വസ്തുവിന്റെ പിണ്ഡവും ഊർജവും തുല്യമൂല്യമാണെന്നു സൂചിപ്പിക്കുന്ന പ്രസിദ്ധമായ സമവാക്യത്തിൽ ഐൻസ്റ്റയിൻ തെളിയിച്ചത് ഇതാണ്: ഏതൊരു വസ്തുവിന്റെ കണികയിലുമുള്ള ഊർജം അതിന്റെ പിണ്ഡത്തെ അഥവാ തൂക്കത്തെ പ്രകാശവേഗതയുടെ വർഗം കൊണ്ടു ഗുണിച്ചാൽ കിട്ടുന്നതിന് തുല്യമാണ്. ദ്രവ്യകണികകളുടെ വിനാശത്തിൽക്കൂടിയാണ് ആണവ ഊർജത്തിന്റെ വിമോചനം നടത്തുന്നത്. ദ്രവ്യത്തിന്റെ ‘ ‘മൃതി’ ’ യാണ് ആണവയുഗത്തിന് ജന്മം നൽകിയത്.പ്രകാശവേഗത, ഗണിതസംബന്ധമായ ഒരു മാനം അഥവാ നിശ്ചിതം ആയത് ഒരു സെക്കൻഡിൽ 1,86,300 മൈൽ എന്നതിന് ഒരു കേവലമൂല്യം ഉള്ളതുകൊണ്ടല്ല, മറിച്ച്, ഗതിവേഗത്തോടൊപ്പം സ്വന്തം പിണ്ഡം വർധിക്കുന്ന ഒരൊറ്റ ജഡവസ്തുവിനും പ്രകാശത്തിന്റെ ഗതിവേഗം ഒരിക്കലും നേടുവാൻ ആകുകയില്ല എന്നതിലാണ്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ: തന്റെ പിണ്ഡം അപരിമിതമായ ഒരു ഭൗതികവസ്തുവിനു മാത്രമേ പ്രകാശത്തിന്റെ വേഗതയോട് തുല്യത നേടാൻ കഴിയൂ.ഈ ആശയം ദിവ്യാത്ഭുതങ്ങളുടെ നിയമങ്ങളിലേക്ക് നമ്മെ നയിക്കുന്നു.സ്വന്തം ശരീരവും മറ്റുവസ്തുക്കളും ആവിർഭവിപ്പിക്കുകയും അപ്രത്യക്ഷമാക്കുകയും ചെയ്യുക, പ്രകാശവേഗതയിൽ സഞ്ചരിക്കുക, ഏതു സ്ഥൂലവസ്തുവും തൽക്ഷണം പ്രദർശിപ്പിക്കുവാൻ സൃഷ്ടിക്ഷമമായ പ്രകാശരശ്മികളെ ഉപയോഗിക്കുക എന്നീ സിദ്ധികളുള്ള ആചാര്യന്മാർ അത്ഭുതസിദ്ധികളുടെ വ്യവസ്ഥ നിറവേറ്റിയവരാണ്: അവരുടെ പിണ്ഡം അപരിമിതമാണ്.പരിപൂർണത കൈവരിച്ച ഒരു യോഗിയുടെ ബോധം സങ്കുചി തമായ ശരീരവുമായല്ല, മറിച്ച് വിശ്വഘടനയുമായാണ് അനായാസമായി താദാത്മ്യപ്പെട്ടിരിക്കുന്നത്. ന്യൂട്ടന്റെ ‘ ‘ശക്തി’ ’ എന്ന നിലയിലോ ഐൻസ്റ്റയിന്റെ ‘ ‘ജഡത’ ’ എന്ന നിലയിലോ ഒരു ആചാര്യനെ തന്റെ ഭാരത്തിന്റെ ഗുണവിശേഷം പ്രദർശിപ്പിക്കുന്നതിന് നിർബന്ധിതനാക്കാൻ ഗുരുത്വാകർഷണത്തിന് കഴിയുകയില്ല. ഭാരം എന്ന ഗുണം എല്ലാ ഭൗതിക വസ്തുക്കളെയും വിഭിന്നമാക്കുന്ന ഗുരുത്വാകർഷണവ്യവസ്ഥയാണ്. സർവവ്യാപിയായ ആത്മാവാണ് താൻ എന്നു മനസ്സിലാക്കുന്ന ഋഷി, സ്ഥലകാലപരമായ ശാരീരികകാർക്കശ്യങ്ങൾക്ക് വിധേയനല്ലാതെയാകുന്നു. അവയുടെ ‘പാരതന്ത്ര്യവലയങ്ങൾ’ സോഹം എന്ന ലായനിയിൽ വിലയിക്കുന്നു. ‘ ‘വെളിച്ചം ഉണ്ടാകട്ടെ! വെളിച്ചം ഉണ്ടായി.’ ’ 11 ഈശ്വരന്റെ ആദ്യത്തെ ആജ്ഞ പ്രപഞ്ചസൃഷ്ടിയിൽ അതിന്റെ ഘടനാത്മക സത്ത-പ്രകാശം-ഉളവാക്കി. ഈ ദ്രവ്യേതരമാധ്യമത്തിന്റെ കിരണധാരയിൽ എല്ലാ ദൈവികസൃഷ്ടികളും രൂപംകൊള്ളുന്നു. ഈശ്വരന്റെ ദർശനം അഗ്നിജ്വാലയായും പ്രകാശമായും ഓരോ യുഗങ്ങളിലെയും ഭക്തന്മാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. യോഹന്നാൻ പുണ്യവാളൻ നമ്മോടു പറയുന്നു: ‘ ‘അവന്റെ കണ്ണുകൾ അഗ്നിനാളങ്ങൾ പോലെയും.... അവന്റെ മുഖമാകട്ടെ സമ്പൂർണശോഭയോടെ ജ്വലിച്ചുനിൽക്കുന്ന സൂര്യനെപ്പോലെയുമായിരുന്നു.തികവുവരുത്തിയ ധ്യാനത്തിലൂടെ തന്റെ ബോധത്തെ സൃഷ്ടികർത്താവിൽ ലയിപ്പിച്ച ഒരു യോഗി, പ്രപഞ്ചസത്തയെ ദർശിക്കുന്നത് പ്രകാശം (ജീവോർജത്തിന്റെ സ്പന്ദനം)ആയിട്ടാണ്; ജലത്തെ സൃഷ്ടിക്കുന്ന പ്രകാശരശ്മികൾക്കും, സ്ഥലത്തെ സൃഷ്ടിക്കുന്ന പ്രകാശരശ്മികൾക്കും തമ്മിൽ അദ്ദേഹത്തിന് ഒരു വ്യത്യാസവുമില്ല. ദ്രവ്യബോധത്തിൽനിന്നും, വ്യാപ്തിയുടെ ത്രിമാനങ്ങളിൽനിന്നും നാലാമത്തെ മാനമായ കാലത്തിൽനിന്നും വിമുക്തനായ ഒരു ആചാര്യൻ തന്റെ പ്രകാശദേഹത്തെ ഒരേ ലാഘവത്തോടെ ഭൂമി, ജലം, അഗ്നി, വായു എന്നിവയുടെ പ്രകാശരശ്മികളുടെ മേലേകൂടിയോ ഉള്ളിലൂടെയോ കടത്തിക്കൊണ്ടുപോകുന്നു. ‘ ‘ശരീരത്തിന്റെ വിളക്ക് കണ്ണാണ്. അതുകൊണ്ട് നിന്റെ കണ്ണ് അന്യൂനമാണെങ്കിൽ ശരീരം മുഴുവൻ പ്രകാശം നിറഞ്ഞതായിരിക്കും.12 വിമോചകമായ ആത്മീയലോചനത്തിൽ ദീർഘമായ ഏകാഗ്രധ്യാനം, ജഡവസ്തുവിനെയും അതിന്റെ ഗുരുത്വാകർഷണരൂപമായ ഭാരത്തെയും പറ്റിയുള്ള എല്ലാ മിഥ്യാധാരണകളെയും ഇല്ലായ്മചെയ്യാൻ യോഗിയെ പ്രാപ്തനാക്കുന്നു; അദ്ദേഹം പ്രപഞ്ചത്തെ ഈശ്വരൻസൃഷ്ടിച്ച അതേ വിധത്തിൽ

അവിച്ഛിന്നമായ ഒരു പ്രകാശഘനസാരമായി കാണുന്നു.ഹാർവാർഡിലെ ഡോ. എൽ. റ്റി. റ്റോലൻഡ് പറയുന്നു, ‘ ‘പ്രകാശ പ്രതിബിംബങ്ങൾ സാധാരണ ‘ഹാഫ്-റ്റോൺ’ പടങ്ങളുടെ അതേ തത്ത്വത്തെ ആധാരമാക്കിയാണ് നിർമ്മിച്ചിരിക്കുന്നത്; അതായത് കണ്ണുകൾകൊണ്ട് തിരിച്ചറിയാനാവാത്ത അതിസൂക്ഷ്മമായ കുത്തുകളോ പുള്ളികളോ കൊണ്ട് അവ ഉണ്ടാക്കപ്പെട്ടിരിക്കുന്നു.... കണ്ണിന്റെ ഛായാപടലത്തിന്റെ സൂക്ഷ്മഗ്രാഹിത്വം അത്രവലുതായതുകൊണ്ട്, പ്രായേണ കുറഞ്ഞ അളവിലുള്ള തക്കതായ പ്രകാശകണികകൾകൊണ്ട് ഒരു കാഴ്ചയുടെ പ്രതീതി ഉളവാക്കാം.’ ’ സൃഷ്ടിയുടെ സത്ത പ്രകാശമാണ് എന്ന സത്യസാക്ഷാത്ക്കാരം നേടിയ ഏതൊരാൾക്കും ദിവ്യാത്ഭുതങ്ങളുടെ നിയമങ്ങൾ പ്രവർത്തിപ്പിക്കാൻ സാധിക്കും. സാർവലൗകികമായ പ്രകാശ ആണവരേണുക്കളിൽ നിന്ന് ഏതൊരു വസ്തുവും ക്ഷണത്തിൽ കാഴ്ചയ്ക്കു വിഷയീഭവിപ്പിച്ച് ആവിർഭവിപ്പിക്കാൻ പ്രകാശപ്രതിഭാസങ്ങളെപ്പറ്റിയുള്ള തന്റെ ദിവ്യജ്ഞാനംകൊണ്ട് ഒരു സിദ്ധന് കഴിയും. ആവിർഭവിപ്പിക്കുന്ന വസ്തുവിന്റെ പ്രത്യക്ഷരൂപം-ഒരു വൃക്ഷം, ഒരു ഔഷധം, ഒരു മനുഷ്യശരീരം അല്ലെങ്കിൽ മറ്റെന്തെങ്കിലും-നിശ്ചയിക്കുന്നത് യോഗിയുടെ ഇഷ്ടവും, അദ്ദേഹത്തിന്റെ ഇച്ഛാശക്തിയുടെയും ഭാവനാവിലാസത്തിന്റെയും കരുത്തുമാണ്.രാത്രിയിൽ മനുഷ്യൻ സ്വപ്നാവബോധത്തിൽ പ്രവേശിക്കുന്നു. അങ്ങനെ നിത്യേന, തന്നെചൂഴ്ന്നുനിൽക്കുന്ന മിഥ്യയായ അഹംബോധ പരിമിതികളിൽനിന്ന് രക്ഷപ്പെടുന്നു. തന്റെ മനസ്സിന്റെ സർവശക്തിത്വത്തിന്റെ ആവർത്തിച്ചുള്ള ബോധ്യം ഉറക്കത്തിൽ അവന് ഉണ്ടാകുന്നു. എത്രയോകാലം മുമ്പ് മരിച്ചുപോയ സ്നേഹിതർ, ഏറ്റവും വിദൂരമായ ഭൂഖണ്ഡങ്ങൾ, ഓർമയിൽ ഉണർന്ന ബാല്യകാലരംഗങ്ങൾ-അതാ സ്വപ്നത്തിൽ പ്രത്യക്ഷപ്പെടുന്നു!അവരുടെ ചില സ്വപ്നങ്ങളിൽ അല്പസമയത്തേക്ക് എല്ലാ മനുഷ്യരും അനുഭവിക്കുന്ന ആ സ്വച്ഛന്ദവും നിരപേക്ഷവുമായ ബോധമാണ് ഈശ്വരതാദാത്മ്യം പ്രാപിച്ച ഒരു യോഗിവര്യന്റെ സ'ഥായിയായ മാനസികാവസ'ഥ. വ്യക്തിപരമായ സ്വാർഥതാല്പര്യങ്ങൾ വെടിഞ്ഞ, ജഗത്സ്രഷ്ടാവ് തന്നിൽനിക്ഷേപിച്ചിട്ടുള്ള സൃഷ്ടിപരമായ ഇച്ഛാശക്തി ഉപയോഗിക്കുന്ന ഒരു യോഗി, ഒരു ഭക്തന്റെ ആത്മാർഥമായ പ്രാർഥന നിറവേറ്റാനായി പ്രപഞ്ചത്തിലെ പ്രകാശരേണുക്കളെ പുനഃസംവിധാനം ചെയ്യുന്നു. ‘ ‘അനന്തരം ദൈവം അരുൾചെയ്തു: നമ്മുടെ പ്രതിച്ഛായയിൽ നമുക്കു സദൃശ്യനായി മനുഷ്യനെ നാം നിർമിക്കട്ടെ: സമുദ്രത്തിലെ മത്സ്യങ്ങളുടെമേലും, ആകാശത്തിലെ പക്ഷികളുടെമേലും, കന്നുകാലികളുടെമേലും, ഭൂമിയുടെമേലും, ഭൂമിയിലെ സർവവന്യ ജന്തുക്കളുടെ മേലും, നിലത്ത് ഇഴയുന്ന എല്ലാ ഇഴജന്തുക്കളുടെ മേലും അവർക്ക് അധികാരം ഉണ്ടായിരിക്കട്ടെ.’ ’ 13അതിനായാണ് മനുഷ്യനെയും സർവചരാചരങ്ങളെയും സൃഷ്ടിച്ചത്: അതായത് പ്രപഞ്ചത്തിനുമേൽ അവന്റെ ആധിപത്യം അറിഞ്ഞുകൊണ്ട് അവൻ മായയ്ക്ക് അതീതമായി ഉയരണം.1915-ൽ സന്ന്യാസം സ്വീകരിച്ച് ഏറെനാൾ കഴിയുന്നതിനു മുമ്പ് വിചിത്രമായ ഒരു ദിവ്യദർശനം എനിക്കുണ്ടായി. അതിൽ മനുഷ്യബോധത്തിന്റെ ആപേക്ഷികത മിഴിവോടെ തെളിയിക്കപ്പെട്ടു; മായയുടെ വേദനാജനകമായ ദ്വന്ദ്വങ്ങളുടെ പിന്നിലുള്ള ‘ ‘നിത്യപ്രകാശ’ ’ ത്തിന്റെ ഏകത ഞാൻ വ്യക്തമായിഗ്രഹിച്ചു. അച്ഛന് ഗർപാർ റോഡിൽ ഉണ്ടായിരുന്ന വീട്ടിന്റെ മച്ചിൽ എന്റെ ചെറിയ മുറിയിൽ ഇരിക്കുമ്പോഴാണ് ഒരു പ്രഭാതത്തിൽ ആ ദർശനം പൊടുന്നനെ എനിക്കുണ്ടായത്. ഒന്നാം ലോകമഹായുദ്ധം മാസങ്ങളായി യൂറോപ്പിൽ ഭീകരമായി തുടരുകയായിരുന്നു; കനത്ത ആൾനാശത്തെപ്പറ്റി ഞാൻ ദുഃഖിതനായി ചിന്തിച്ചു കൊണ്ടിരുന്നു.ധ്യാനനിരതനായി ഞാൻ കണ്ണുകൾ അടച്ചപ്പോൾ, എന്റെ ബോധം ഒരു യുദ്ധക്കപ്പലിലെ കപ്പിത്താന്റെ ശരീരത്തിലേക്ക് പെട്ടെന്നു മാറ്റപ്പെട്ടു. കരയിലെ തോക്കിൻനിരകളിൽനിന്നും കപ്പലിലെ പീരങ്കികളിൽനിന്നും പരസ്പരംവർഷിച്ച വെടിയുണ്ടകളുടെ ഇടിമുഴക്കം അന്തരീക്ഷത്തെ ഭേദിച്ചു. ഒരു വലിയ വെടിയുണ്ട കപ്പലിന്റെ വെടിമരുന്നറയിൽ വന്നുതറച്ച് എന്റെ കപ്പലിനെ രണ്ടായി പിളർത്തി. പൊട്ടിത്തെറിയിൽനിന്നും രക്ഷപ്പെട്ട കുറച്ചു നാവികരോടൊപ്പം ഞാൻ വെള്ളത്തിലേക്ക് ചാടി.മിടിക്കുന്ന ഹൃദയത്തോടെ ഞാൻ കരയിൽ സുരക്ഷിതമായി എത്തി. പക്ഷേ കഷ്ടം! വഴിതെറ്റിവന്ന ഒരു വെടിയുണ്ട അതിന്റെ ദ്രുതഗതിയിലുള്ള പ്രയാണം എന്റെ മാറിൽ അവസാനിപ്പിച്ചു. ഒരു ആർത്തനാദത്തോടെ ഞാൻ നിലംപതിച്ചു. എന്റെ ശരീരം ആകെ സ്തംഭിച്ചു പോയെങ്കിലും, കാലു മരവിച്ചുപോയി എന്നറിയുന്ന ഒരാളെപ്പോലെ എന്റെ ശരീരം എന്റേതായിത്തന്നെ ഇരിക്കുന്നതായി എനിക്കു ബോധ്യമുണ്ടായിരുന്നു. ‘ ‘അവസാനം മരണത്തിന്റെ അജ്ഞേയമായ കാലടികൾ എന്റെ ഒപ്പം എത്തിക്കഴിഞ്ഞു,’ ’ ഞാൻ വിചാരിച്ചു. ഒരു അന്ത്യനിശ്വാസത്തോടെ ഞാൻ അബോധാവസ'ഥയിലേക്ക് വഴുതിവീഴാൻ പോകുകയായിരുന്നു. അപ്പോൾ അതാ, ഞാൻ ഗർപാർ റോഡ് മുറിയിൽ പത്മാസനത്തിൽ ഇരിക്കുന്നതായി ഞാൻ കണ്ടു.!എനിക്കു തിരിച്ചുകിട്ടിയ, മാറത്തു വെടിയുണ്ട തുള വീഴ്ത്താത്ത എന്റെ ശരീരത്തെ ഞാൻ സന്തോഷത്തോടെ തഴുകുകയും നുള്ളുകയും ചെയ്തപ്പോൾ വികാരാധിക്യത്തിന്റെ കണ്ണീർ ധാരധാരയായി ഒഴുകി. ഞാൻ ജീവിച്ചിരിക്കുന്നുവെന്ന് സ്വയം ഉറപ്പുവരുത്താനായി ശ്വാസം എടുക്കുകയും വിടുകയും ചെയ്തു കൊണ്ട് ഞാൻ മുന്നോട്ടുംപിന്നോട്ടും ആടി. ഈ ആത്മപ്രഹർഷങ്ങൾക്കിടയിൽ എന്റെ ബോധം വീണ്ടും രക്തപങ്കിലമായ ആ കടൽപുറത്തെ ശവശരീരത്തിലേക്ക് മാറ്റപ്പെട്ടതായി ഞാൻ അറിഞ്ഞു. കടുത്ത ആശയക്കുഴപ്പം എനിക്കുണ്ടായി. ‘ ‘ഈശ്വരാ, ഞാൻ മരിച്ചുവോ അതോ ജീവിച്ചിരിക്കുന്നുവോ?’ ’ ഞാൻ

പ്രാർഥിച്ചു.കണ്ണഞ്ചിപ്പിക്കുന്ന ഒരു പ്രകാശപൂരം ചക്രവാളങ്ങളിൽ കളിയാടി. മൃദുവായ ഒരു മുഴക്കത്തിന്റെ പ്രകമ്പനം വാക്കുകളായി രൂപാന്തരപ്പെട്ടു: ‘ ‘ജീവന്മരണങ്ങൾക്ക് പ്രകാശവുമായി എന്തു ബന്ധം? എന്റെ പ്രകാശത്തിന്റെ പ്രതിച്ഛായയിൽ ഞാൻ നിന്നെ സൃഷ്ടിച്ചു. ജീവിത മരണങ്ങളുടെ ആപേക്ഷികതകൾ പ്രപഞ്ചസ്വപ്നത്തിന്റെ ഭാഗമാണ്. നിന്റെ സ്വപ്നവിമുക്തമായ സത്തയെ ദർശിക്കൂ! ഉണരൂ, എന്റെ കുഞ്ഞേ, ഉണരൂ!’ ’ മനുഷ്യന്റെ നവോത്ഥാനത്തിന്റെ പടവുകളായി തക്ക സമയത്തും സ്ഥലത്തും തന്റെ സൃഷ്ടിയുടെ രഹസ്യങ്ങൾ കണ്ടുപിടിക്കാൻ ജഗദീശ്വരൻ ശാസ്ത്രജ്ഞന്മാർക്ക് പ്രചോദനംനൽകുന്നു. ‘ദിവ്യമായ പ്രജ്ഞ നയിക്കുന്ന പ്രകാശം’ എന്ന ഒറ്റശക്തിയുടെ വൈവിധ്യമാർന്ന ബഹിർസ്ഫുരണങ്ങളാണ് പ്രപഞ്ചമെന്നു മനസ്സിലാക്കാൻ, പല പുതിയ കണ്ടുപിടുത്തങ്ങളും മനുഷ്യനെ സഹായിക്കുന്നു. ചലച്ചിത്രം, റേഡിയോ, ടെലവിഷൻ, റെഡാർ, ഫോട്ടോ ഇലക്ട്രിക്സെൽ-അത്ഭുതകരമായ ‘ ‘വൈദ്യുതഅക്ഷി’ ’ – ആണവഊർജത്തിന്റെ ഈ അത്ഭുതങ്ങളെല്ലാംതന്നെ പ്രകാശത്തിന്റെ വൈദ്യുതകാന്തപ്രതിഭാസത്തെ ആധാരമാക്കിയുള്ളവയാണ്.ചലച്ചിത്രകലയ'ക്ക് ഏത് അത്ഭുതവും ചിത്രീകരിക്കാം. സമാകർഷകമായ കാഴ്ചയുടെ കാര്യത്തിൽ ‘ട്റിക്-ഫൊട്ടോഗ്രഫി’ ക്ക് അസാധ്യമായ ഒരു വിസ്മയവുമില്ല. തന്റെ സ്ഥൂലശരീരത്തിൽ നിന്നുയരുന്ന ഒരു സുതാര്യമായ സൂക്ഷ്മശരീരമായി മനുഷ്യനെ കാട്ടാം, അയാൾക്ക് വെള്ളത്തിനു മീതേ നടക്കാം, മരിച്ചവരെ ഉയിർത്തെഴുന്നേല്പിക്കാം. സംഭവവികാസങ്ങളുടെ സ്വാഭാവികമായ പരമ്പരയെ നേരേ പിന്നാക്കം തിരിക്കാം, കാലദേശങ്ങളെ തകിടം മറിക്കാം. ഒരു യഥാർഥ ആചാര്യൻ വാസ്തവത്തിലുള്ള പ്രകാശരശ്മികൾകൊണ്ട് ദൃശ്യാത്ഭുതങ്ങൾ കൈവരിക്കുന്നതുപോലെ ഫൊട്ടോഗ്രഫിയിലെചിത്രങ്ങൾ തന്റെ ഇഷ്ടമനുസരിച്ച് ഒരു വിദഗ്ദ്ധന് ഒത്തുചേർത്തു വയ'ക്കാം.ചലചിത്രങ്ങൾ അവയുടെ ജീവസ്സുറ്റ പ്രതിച്ഛായകൾകൊണ്ട് സൃഷ്ടിയെ സംബന്ധിക്കുന്ന നിരവധി സത്യങ്ങളെ സ്പഷ്ടമാക്കിത്തരുന്നു. ‘പ്രപഞ്ച സംവിധായകൻ’ തന്റെ നാടകങ്ങൾ വിരചിച്ച്, നൂറ്റാണ്ടുകളുടെ വർണപകിട്ടേറിയ പൊതുപ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിന് അസംഖ്യം നടീനടന്മാരെ വിളിച്ചുകൂട്ടുന്നു. അനന്തതയുടെ ഇരുണ്ട അണിയറയിൽ നിന്ന് അദ്ദേഹം, തന്റെ പ്രകാശധാരകൾ അനുസ്യൂതമായിവരുന്ന യുഗങ്ങളുടെ ഫിലിമിലൂടെ കടത്തിവിട്ട് മഹാകാശത്തിന്റെ പശ്ചാത്തലത്തിൽ ചിത്രങ്ങൾ പതിപ്പിക്കുന്നു.നിഴലിന്റെയും വെളിച്ചത്തിന്റെയും സംയോഗം മാത്രമാണെങ്കിലും ചലച്ചിത്രത്തിലെ പ്രതിച്ഛായകൾ വാസ്തവമാണെന്നു തോന്നുന്നു. അതേ പോലെ പ്രപഞ്ചവൈവിധ്യവും ഒരു മിഥ്യാദൃശ്യമാണ്. ഗ്രഹഗോളങ്ങൾ അവയിലെ എണ്ണമറ്റ ജീവരാശികളോടൊപ്പം ഈ വിശ്വചലച്ചിത്രത്തിലെ രൂപങ്ങളല്ലാതെ മറ്റൊന്നുമല്ല. മനുഷ്യന്റെ ഇന്ദ്രിയാനുഗതമായ ധാരണകൾക്കനുരൂപമായി താല്കാലികമായ ഈ ക്ഷണഭംഗുരരംഗങ്ങൾ മനുഷ്യന്റെ ബോധതലത്തിൽ സൃഷ്ടിയുടെ അനന്തമായ പ്രകാശധാരകൾ നിപതിപ്പിക്കുന്നു.പ്രതിച്ഛായാരഹിതമായ ഒരു പ്രകാശധാര നിമിത്തമാണ് തിരശ്ശീല യിലെ എല്ലാ രൂപങ്ങളും പ്രത്യക്ഷപ്പെടുന്നതെന്ന് സിനിമാ പ്രേക്ഷകർക്ക് മേലേക്ക് നോക്കിക്കാണാം. അതുപോലെ, ശബളാഭമായ പ്രപഞ്ചനാടകം ‘പ്രപഞ്ചസ്രോതസ്സി’ ന്റെ ഒരൊറ്റ ശുഭ്രജ്യോതിസ്സിൽനിന്നാണ് ഉൽഭൂതമാകുന്നത്. തന്റെ വിശ്വനാടകശാലയിൽ തന്റെ കുട്ടികളെ ഒരേസമയം അഭിനേതാക്കളും പ്രേക്ഷകരുമാക്കിക്കൊണ്ട് അവരുടെ ആമോദത്തിനായി അവിശ്വസനീയമായ വൈഭവത്തോടെ ജഗദീശ്വരൻ ഈ ‘ ‘അതിഗംഭീരമായ’ ’ കലാപരിപാടികൾ അവതരിപ്പിക്കുന്നു.യൂറോപ്പിലെ പടക്കളങ്ങളെപ്പറ്റി ഒരു ന്യൂസ്റീൽ കാണാൻ ഒരു ദിവസം ഞാൻ സിനിമാശാലയിൽ കയറി. ഒന്നാം ലോകമഹായുദ്ധം പാശ്ചാത്യദേശങ്ങളിൽ അപ്പോഴും സംഹാരതാണ്ഡവം ആടുകയായിരുന്നു; ന്യൂസ്റീൽ ആ കൂട്ടക്കൊല അത്ര വാസ്തവികതയോടെ അവതരിപ്പിച്ചതുകൊണ്ട്, ഞാൻ വേദനിക്കുന്ന ഹൃദയത്തോടെയാണ് സിനിമാശാലവിട്ടത്.ഞാൻ പ്രാർഥിച്ചു, ‘ ‘ഈശ്വരാ, എന്തുകൊണ്ട് അങ്ങ് ഇത്തരം ദുരിതം അനുവദിക്കുന്നു?’ ’ അതിയായ അത്ഭുതം ഉളവാക്കിക്കൊണ്ട് ഒരു ഉത്തരം എനിക്ക് തൽക്ഷണം ലഭിച്ചു. യൂറോപ്പിലെ യഥാർഥയുദ്ധരംഗങ്ങളുടെ രൂപത്തിൽ ഒരു ദർശനമായിരുന്നു അത്. മരിച്ചവരും മരിച്ചുകൊണ്ടിരിക്കുന്നവരും നിറഞ്ഞ ആ രംഗങ്ങൾ ന്യൂസ്റീലിന്റെ ചിത്രീകരണങ്ങളെ നിഷ്ഠൂരതയിൽ ഏറെ പിന്നിലാക്കിയിരുന്നു. ‘ ‘സൂക്ഷിച്ചുനോക്കൂ!’ ’ എന്റെ ആന്തരികബോധത്തോട് ഒരു ശാന്തമായ സ്വരം പറഞ്ഞു. ‘ ‘ഇപ്പോൾ ഫ്രാൻസിൽ അരങ്ങേറുന്ന ഈ രംഗങ്ങൾ നിഴലും വെളിച്ചവും ചേർന്ന ഒരു വിളയാട്ടം മാത്രമാണെന്ന് നീ മനസ്സിലാക്കും. നീ ഇപ്പോൾകണ്ട സിനിമാ ന്യൂസ്റീലിന്റെ അത്രതന്നെ യഥാർഥവും അയാർഥവുമായ വിശ്വചലച്ചിത്രങ്ങളാണ് അവ-ഒരു നാടകത്തിലെ അന്തർനാടകം.’ ’ എന്റെ ഹൃദയം എന്നിട്ടും സാന്ത്വനപ്പെട്ടില്ല. ആ ദൈവികസ്വരം തുടർന്നു: ‘ ‘സൃഷ്ടി ഇരുളും വെളിച്ചവും-രണ്ടും ആണ്, അല്ലെങ്കിൽ ചിത്രം സാധ്യമല്ല. മായയിലെ നന്മയുടെയും തിന്മയുടെയും ആധിപത്യം എപ്പോഴും ഇടവിട്ട് മാറിക്കൊണ്ടിരിക്കും. ഈ ലോകത്ത് നിരന്തരമായ സന്തുഷ്ടിയായിരുന്നുവെങ്കിൽ മനുഷ്യൻ മറ്റൊരു ലോകം ഇച്ഛിക്കുമോ? തന്റെ ശാശ്വതഗേഹം താൻ വെടിഞ്ഞിരിക്കുകയാണെന്നോർക്കാൻ ദുരിതംകൂടാതെ അവൻ തീരെ കൂട്ടാക്കുകയില്ല. സ്മരണയ'ക്ക് ഒരു ഉത്തേജകമാണ് വേദന. രക്ഷാമാർഗം ജ്ഞാനത്തിലൂടെയാണ്. മരണത്തിന്റെ ദുരന്തം അയഥാർഥമാണ്; അതോർത്തുനടുങ്ങുന്നവർ ഉണ്ടയില്ലാത്ത വെടിയല്ലാതെ മറ്റൊന്നും ഏറ്റില്ലായെങ്കിലും, വേദിയിൽ

ഭീതികൊണ്ട് മരിച്ചുവീഴുന്ന അറിവുകെട്ട നടനെപ്പോലെയാണ്. എന്റെ പുത്രന്മാർ പ്രകാശത്തിന്റെ സന്തതികളാണ്; അവർ എക്കാലവും മിഥ്യാബോധത്തിൽ ഉറങ്ങിക്കിടക്കുകയില്ല.' '
മായയെപ്പറ്റിയുള്ള വേദശാസ്ത്രവിവരണങ്ങൾ ഞാൻ വായിച്ചിട്ടുണ്ടായിരുന്നു. എങ്കിലും അവ വ്യക്തിഗതമായ ദിവ്യദർശനങ്ങളോടും അവയോടുചേർന്ന സാന്ത്വനവാക്കുകളോടുമൊപ്പം ലഭിച്ച അഗാധമായ ഉൾക്കാഴ്ച എനിക്ക് നൽകിയിരുന്നില്ല. സൃഷ്ടി, വിശാലമായ ഒരു ചലചിത്രമാണെന്നും, അതിലല്ലാ, അതിനപ്പുറത്താണ് തന്റെ യാഥാർഥ്യം ഇരിക്കുന്നതെന്നും ആത്യന്തികമായി ബോധ്യം വന്നുകഴിയുമ്പോൾ ഒരുവന്റെ മൂല്യങ്ങൾ അഗാധമായ പരിവർത്തനത്തിന് വിധേയമാകുന്നു.ഈ അധ്യായം എഴുതിക്കഴിഞ്ഞ്, എന്റെ കിടക്കയിൽ ഞാൻ പത്മാസനത്തിൽ ഇരുന്നു. പാതിമൂടിയ രണ്ടു വിളക്കുകൾ എന്റെ മുറിക്ക്14 മങ്ങിയ പ്രകാശം പകർന്നു. മഞ്ഞനിറമുള്ള ചെറിയ പ്രകാശബിന്ദുക്കൾ മുറിയുടെ മേൽത്തട്ടുനിറയെ റേഡിയത്തിന്റെ പ്രഭയോടെ മിന്നുന്നത് ഞാൻ ദൃഷ്ടിഉയർത്തി നോക്കിയപ്പോൾ കണ്ടു. സൂച്യഗ്രസൂക്ഷ്മവും ലോലവുമായ അസംഖ്യം കിരണാവലികൾ വർഷപാതംപോലെ, ഒത്തുകൂടി സുതാര്യമായ ഒരു ധാരയായി എന്റെമേൽ നിശ്ശബ്ദമായി പൊഴിഞ്ഞു.തൽക്ഷണം എന്റെ ശരീരത്തിന് അതിന്റെ സ'ഥൂലാവസ'ഥ നഷ്ടപ്പെട്ടു. രൂപാന്തരംപ്രാപിച്ച് അത് സൂക്ഷ്മഘടന കൈക്കൊണ്ടു. ഭാരമില്ലാതായ എന്റെ ശരീരം കിടക്കയെ തൊട്ടുതൊടാതെ അല്പം ഇടത്തോട്ടും വലത്തോട്ടും നീങ്ങിയപ്പോൾ എനിക്ക് വായുവിൽ തങ്ങിനില്ക്കുന്ന ഒരു അനുഭൂതി ഉണ്ടായി. ഞാൻ മുറിയിൽ ചുറ്റും നോക്കി; സാധനസാമഗ്രികളും ഭിത്തിയും പതിവുപോലെ തന്നെയായിരുന്നു, പക്ഷേ മേൽത്തട്ടുകാണാനാകാത്തവണ്ണം ആ ചെറിയ പ്രകാശബിന്ദുക്കൾ അത്ര പെരുകിയിരുന്നു. ഞാൻ അത്ഭുതാധീനനായി. ' 'ഇതാണ് വിശ്വചലചിത്രസംവിധാനം.' ' ആ പ്രകാശത്തിനുള്ളിൽ നിന്നെന്നവണ്ണം ഒരു ശബ്ദം ഇങ്ങനെ പറഞ്ഞു. ' 'നിന്റെ വെളുത്ത കിടക്കവിരിയിൽ രശ്മികൾചൊരിഞ്ഞുകൊണ്ട് അത് നിന്റെ ശരീരത്തിന്റെ ചിത്രം നിർമിക്കുന്നു. നോക്കൂ. നിന്റെ രൂപം പ്രകാശമല്ലാതെ മറ്റൊന്നുമല്ല!' ' ഞാൻ എന്റെ കൈകളിൽ നോക്കി. അവ പുറകോട്ടും മുന്നോട്ടും നീക്കി, എന്നിട്ടും അവയുടെ ഭാരം അനുഭവപ്പെട്ടില്ല. ഒരു ആനന്ദനിർവൃതി എന്നിൽ നിറഞ്ഞുകവിഞ്ഞു. പ്രകാശത്തിന്റെ പ്രപഞ്ചകാണ്ഡം എന്റെ ശരീരമായി വിടർന്ന് ചലച്ചിത്രശാലയിലെ പ്രേഷണമുറിയിൽനിന്ന് ഒഴുകി തിരശീലയിൽ ചിത്രങ്ങൾ ആവിർഭവിപ്പിക്കുന്ന പ്രകാശധാരകളുടെ ദൈവികമായ ഒരു പുനരാവിഷ്കാരംപോലെ കാണപ്പെട്ടു.അരണ്ടവെളിച്ചത്തിൽ എന്റെ കിടക്കമുറി എന്ന സിനിമാശാലയിൽ എന്റെ ശരീരത്തിന്റെ ചലച്ചിത്രത്തെ കുറെ ഏറെനേരം ഞാൻ അനുഭവിച്ചറിഞ്ഞു. എനിക്ക് പല ദർശനങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും അവയൊന്നും ഇത്ര അസാധാരണമായിരുന്നില്ല. സ'ഥൂലശരീരം എന്ന മിഥ്യ പൂർണമായി ഇല്ലാതാവുകയും, എല്ലാ വസ്തുക്കളുടെയും അന്ത:സത്ത പ്രകാശമാണെന്നുള്ള തിരിച്ചറിവ് അഗാധമാവുകയും ചെയ്തപ്പോൾ ആ ജീവരേണുക്കളുടെ സ്പന്ദിക്കുന്ന പ്രവാഹത്തെ തലയുയർത്തിനോക്കി പ്രാർഥനാ പൂർവം ഞാൻ പറഞ്ഞു. ' 'ദിവ്യജ്യോതിസ്സേ, അഗ്നിജ്വാലയുടെ രഥത്തിൽ എലീജയെ സ്വർഗത്തിലേക്ക് നയിച്ചതുപോലെ15 എന്റെ എളിയശരീരചിത്രത്തെ ദയവായി നിന്നിലേക്ക് പിൻവലിക്കൂ.' ' ഈ പ്രാർഥന സ്പഷ്ടമായും അമ്പരപ്പിക്കുന്നതായിരുന്നിരിക്കണം; ആ പ്രകാശധാര അപ്രത്യക്ഷമായി. എന്റെ ശരീരം അതിന്റെ സാധാരണഭാരം വീണ്ടെടുത്ത് കിടക്കയിൽ അമർന്നു; മേൽത്തട്ടിലെ കണ്ണഞ്ചിപ്പിക്കുന്ന ദീപസമൂഹം മങ്ങിമറഞ്ഞു. ഈ ഭൂമി വിട്ടുപിരിയാനുള്ള എന്റെ സമയം സമാഗതമായില്ലായിരിക്കാം. ' 'പോരെങ്കിൽ,' ' ദാർശനികബുദ്ധിയോടെ ഞാൻ വിചാരിച്ചു, ' 'എന്റെ അധികപ്രസംഗത്തിൽ എലീജ ശരിക്കും അസന്തുഷ്ടനായിരിക്കാനും ഇടയുണ്ട്!' '
[image file=image_rsrc347.jpg] 1 ടോൾസ്റ്റോയിക്കും മഹാത്മാഗാന്ധിക്കും പൊതുവായ ധാരാളം ആദർശങ്ങൾ ഉണ്ടായിരുന്നു; ഇരുവരും അഹിംസയെപ്പറ്റി കത്തിടപാടുകൾ നടത്തിയിരുന്നു. ' 'തിന്മയെ തിന്മകൊണ്ട് ചെറുക്കരുത്' ' എന്നതാണ് ക്രിസ്തുവിന്റെ കാതലായ ഉപദേശമെന്ന് ടോൾസ്റ്റോയി കരുതിയിരുന്നു. (മത്തായി 5:39, ബൈബിൾ) തിന്മയെ ഫലത്തിൽ അതിന്റെ യുക്തിയുക്തവിപരീതമായ നന്മയോ, സ്നേഹമോ കൊണ്ടുവേണം ചെറുക്കാൻ.2 ഈ കഥയ'ക്ക് ചരിത്രപരമായ ഒരാധാരം ഉള്ളതായിത്തോന്നുന്നു; ദ്വിന നദീമുഖത്തുള്ള സ്ലോവെറ്റ്സ്കി മഠത്തിലേക്ക് ആർക്കേൻജലിൽനിന്ന് ബിഷപ്പ് ബോട്ടുയാത്രചെയ്യുമ്പോഴാണ് ഈ മൂന്നു ദിവ്യന്മാരെ കണ്ടുമുട്ടിയതെന്ന് ഒരു ടിപ്പണിക്കുറിപ്പ് പറയുന്നു3 52, 54 പേജുകളിലെ അടിക്കുറിപ്പുകൾ കാണുക.4 ആത്യന്തികതത്ത്വങ്ങൾക്കുമുന്നിൽ ശാസ്ത്രത്തിന്റെ അപര്യാപ്തതയെപ്പറ്റി ഒരു ഏറ്റുപറച്ചിൽ മഹാനായ ശാസ്ത്രജ്ഞൻ മാർക്കോണി നടത്തി: ' 'ജീവിതത്തിന്റെ രഹസ്യം കണ്ടെത്തുന്നതിൽ ശാസ്ത്രത്തിന് തികഞ്ഞ കഴിവില്ലായ്മയാണുള്ളത്. മതവിശ്വാസം ഇല്ലായിരുന്നുവെങ്കിൽ ഈ വസ്തുത യഥാർഥത്തിൽ പേടിപ്പെടുത്തുന്നതാവും. മനുഷ്യന്റെ ചിന്തയ'ക്കുമുമ്പിൽ ഇന്നുവരെ വയ'ക്കപ്പെട്ടിട്ടുള്ള പ്രശ്നങ്ങളിൽ തീർച്ചയായും ഏറെ അപരിഹാര്യമായി തുടർന്നുപോന്നിട്ടുള്ളത് ജീവിതത്തിന്റെ ദുർഗ്രാഹ്യതയാണ്.' ' 5 എസെക്കിയേൽ 43:1-2 (ബൈബിൾ).6 വൈദ്യുതകാന്തികതയുടെ നിയമങ്ങളും ഭൂഗുരുത്വവുമായുള്ള ബന്ധം ഒരു ഗണിത വിജ്ഞാനസൂത്ര (ഏകീകൃതക്ഷേത്രസിദ്ധാന്തം) ത്തിൽ ആവിഷ്കരിക്കാമെന്ന് ഐൻസ്റ്റയിനിന് ബോധ്യമുണ്ടായിരുന്നു. ഈ പുസ്തകം എഴുതിക്കൊണ്ടിരിക്കുന്ന വേളയിൽ ഇതേ വിഷയത്തിൽ പഠനങ്ങൾനടത്തുകയായിരുന്നു അദ്ദേഹം. മരിക്കുന്നതിനു മുമ്പ് തന്റെ പഠനം പൂർത്തിയാക്കാൻ

അദ്ദേഹത്തിന് കഴിഞ്ഞില്ലായെങ്കിലും പല ഭൗതിക വിജ്ഞാന ശാസ്ത്രജ്ഞരും അത്തരമൊരു സംബന്ധം കാണാൻ കഴിയുമെന്ന ഐൻസ്റ്റയിനിന്റെ ദൃഢവിശ്വാസം പങ്കുവയ'ക്കുന്നു. (പ്രസാധക കുറിപ്പ്)7 മക്മിലൻ കമ്പനി.8 അതായത് ദ്രവ്യവസ'ഥും ഊർജവും, ഇവ രണ്ടും.9 കേംബ്രിജ് യൂനിവേഴ്സിറ്റി പ്രെസ്.10 പുറപ്പാട് 20:3 (ബൈബിൾ)11 ഉൽപത്തി 1:3 (ബൈബിൾ)12 വെളിപാട് 1:14-16 (ബൈബിൾ)13 ഉൽപത്തി 1:26 (ബൈബിൾ)14 കാലിഫോർണിയയിൽ എൻസിനിറ്റാസിലെ സെൽഫ്-റിയലൈസേഷൻ ഫെലോഷിപ് ആശ്രമത്തിൽ (പ്രസാധകകുറിപ്പ്).15 II രാജാക്കന്മാർ 2:11 (ബൈബിൾ)ഒരു ദിവ്യാത്ഭുതമെന്നാൽ സാധാരണ കരുതുന്നത്, നീതീകരണ സാധ്യമല്ലാത്ത, നിയമമില്ലാത്തതോ നിയമത്തിന് ഉപരിയായതോ ആയ ഒരു അനുഭവം അഥവാ സംഭവം എന്നാണ്. എന്നാൽ കണിശമായി ക്രമപ്പെടുത്തിയ നമ്മുടെ പ്രപഞ്ചത്തിൽ എല്ലാ സംഭവങ്ങളും നിയമാനസൃതമായി നടക്കുന്നതും നിയമങ്ങൾക്ക് അനുസൃതമായി വ്യാഖ്യാനിക്കാവുന്നതുമാണ്. ബോധത്തിന്റെ ആന്തരികപ്രപഞ്ചത്തിൽ പ്രവർത്തിക്കുന്ന സൂക്ഷ്മനിയമങ്ങളുടെ കൃത്യമായ അറിവിന്റെ ഒരു സ്വാഭാവികസഹചാരിയാണ് ഒരു ആചാര്യന്റെ (അങ്ങനെ വിളിക്കപ്പെടുന്ന) അത്ഭുതശക്തികൾ.എല്ലാംതന്നെ ഓരോ ദിവ്യാത്ഭുതമാണെന്ന വ്യാപകമായ അർഥത്തിലല്ലാതെ, യാതൊന്നുംതന്നെ വാസ്തവത്തിൽ ഒരു ‘‘ദിവ്യാത്ഭുതം’’ ആണെന്നു പറയുക വയ്യ. അതിസൂക്ഷ്മവും സങ്കീർണവുമായി പ്രവർത്തനക്ഷമമാക്കിയ ഒരു ശരീരത്തിൽ ആവരണം ചെയ്യപ്പെട്ട നാമോരുത്തരും, നക്ഷത്രങ്ങളുടെ ഇടയിൽ ശൂന്യാകാശത്തുകൂടി അതിവേഗം കറങ്ങിക്കൊണ്ടിരിക്കുന്ന ഭൂമിയിൽ ‘നിർത്ത’പ്പെട്ടിരിക്കുന്നു-ഇതിലും സർവസാധാരണമായി എന്തെങ്കിലുമുണ്ടോ? അഥവാ ഇതിലും അത്ഭുതകരമായി എന്തുണ്ട്?ക്രിസ്തുദേവനെയോ ലാഹിരി മഹാശയനെയോപോലുള്ള മഹാന്മാരായ പ്രവാചകന്മാർ സാധാരണയായി ധാരാളം ദിവ്യാത്ഭുതങ്ങൾ കാട്ടാറുണ്ട്. അമ്മാതിരി ആചാര്യന്മാർക്ക്, മനുഷ്യരാശിക്കുവേണ്ടി വിപുലവും ബുദ്ധിമുട്ടേറിയതുമായ ഒരു ആത്മീയദൗത്യം നിറവേറ്റാനുണ്ട്. ദുരിതത്തിലാണ്ടവരെ ദിവ്യാത്ഭുതങ്ങളാൽ സഹായിക്കുകയെന്നത് ആ ദൗത്യത്തിന്റെ ഭാഗമാണെന്നു തോന്നുന്നു. മാറാവ്യാധികൾക്കും പരിഹാരമില്ലാത്ത മാനുഷികപ്രശ്നങ്ങൾക്കുമെതിരായി ദൈവകല്പനവേണ്ടിവരുന്നു. കാപ്പർനോമിൽവച്ച് തന്റെ ആസന്നമരണനായ മകന് രോഗവിമോചനം നാട്ടുപ്രമാണി ആവശ്യപ്പെട്ടപ്പോൾ, യേശുദേവൻ വക്രഫലിതത്തിൽ ഉത്തരം പറഞ്ഞു: ‘‘അടയാളങ്ങളും അത്ഭുതങ്ങളും കാണാതെ നീ വിശ്വസിക്കുകയില്ല.’’ പക്ഷേ അദ്ദേഹം തുടർന്നു: ‘‘നീ നിന്റെ വഴിക്കു പോകൂ; നിന്റെ മകൻ ജീവിക്കും’’ – (യോഹന്നാൻ 4:46-54, ബൈബിൾ)പ്രാതിഭാസികലോകത്തിന് ആധാരമായ മായ-മിഥ്യയുടെ മാസ്മരശക്തി-യുടെ വേദാനുസരണമായ വിശദീകരണമാണ് ഈ അധ്യായത്തിൽ ഞാൻ നൽകിയിരിക്കുന്നത്. ആണവമായ ‘‘ജഡവസ്തു’’വിൽ അയഥാർഥ്യതയുടെ ഒരു ‘‘മായാജാലം’’ വ്യാപരിക്കുന്നത് പാശ്ചാത്യശാസ്ത്രം കണ്ടുപിടിച്ചു കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും, പ്രകൃതി മാത്രമല്ലാ മനുഷ്യനും (തന്റെ മർത്യഭാവത്തിൽ) മായയുടെ ആപേക്ഷികത്വം, വൈരുധ്യം, ദ്വൈതഭാവം, വിപര്യയം, വിപരീതാവസ'ഥകൾ എന്നിവയ'ക്ക് വിധേയനാണ്.മായയുടെ സത്യം ഋഷീശ്വരന്മാർ മാത്രമേ അറിഞ്ഞിരുന്നുള്ളൂ എന്നു ധരിച്ചുകൂടാ. പഴയനിമയപ്രവാചകർ മായയെ ‘സാത്താൻ’ (ഹീബ്രുവിൽ ‘‘എതിരാളി’’ എന്നർഥം) എന്നപേരിൽ വിളിച്ചു. ഗ്രീക്ക് ബൈബിളിൽ ‘സാത്താ’ന്റെ തത്സമമായി ‘ഡയബോളസ്’ അഥവാ പിശാച് എന്ന പദം ഉപയോഗിക്കുന്നു. ആ ഒരേ ഒരു ഏകവും നിരാകാരവുമായ സത്യത്തെ മറയ'ക്കാൻ സൃഷ്ടിരൂപങ്ങളുടെ ബാഹുല്യം ഉളവാക്കുന്ന പ്രപഞ്ചമാന്ത്രികനാണ് മായ അഥവാ സാത്താൻ. ഈശ്വരന്റെ പദ്ധതിയിലും ലീലയിലും സാത്താൻ അഥവാ മായയുടെ ഒരേ ഒരു ധർമം മനുഷ്യന്റെ ശ്രദ്ധ പരമാത്മാവിൽനിന്നും ഭൗതികവസ്തുവിലേക്ക്, സത്യത്തിൽനിന്ന് അസത്യത്തിലേക്കു തിരിക്കുവാൻ ശ്രമിക്കുക എന്നതാണ്.ശ്രീയേശു മായയെ ഒരു പിശാച്, കൊലയാളി, നുണയൻ എന്നെല്ലാമാണ് ചിത്രചാതുരിയോടെ വർണിക്കുന്നത്. ‘‘പിശാച്.... ആദിമുതൽക്കേ കൊലയാളി ആയിരുന്നു. അവനു സത്യവുമായി ബന്ധമേ ഇല്ല. കാരണം അവനിൽ സത്യം ഇല്ല. നുണപറയുമ്പോൾ അവൻ സ്വന്തം പ്രകൃതിയനുസരിച്ച് സംസാരിക്കുന്നു: അവൻ നുണയനും നുണയുടെ പിതാവുമാണ്.’’ – (യോഹന്നാൻ 8:44, ബൈബിൾ) ‘‘ആദിമുതലേ പാപം ചെയ്തത് പിശാചാണല്ലോ. ദൈവപുത്രൻ പ്രത്യക്ഷനായതു പിശാചിന്റെ പ്രവൃത്തികളെ നശിപ്പിക്കാനായിരുന്നു.’’ (I യോഹന്നാൻ 3:8, ബൈബിൾ). അതായത് തന്റെ സത്തയിൽ കൂടസ'ഥചൈതന്യ(ക്രിസ്തു ബോധ)ത്തിന്റെ സാക്ഷാത്കാരം മിഥ്യകളെ അഥവാ ‘‘പിശാചിന്റെ പ്രവൃത്തികളെ’’ നിഷ്പ്രയാസം നശിപ്പിക്കുന്നു.മായ ‘‘ആദിമുതലേ’’ നിലനിൽക്കുന്നു, കാരണം പ്രാതിഭാസികലോകങ്ങളിൽ ഘടനാപരമായി അത് അന്തർലീനമാണ്. ദൈവികമായ അപരിവർത്തനീയതയ'ക്ക് നേരേവിപരീതമായി, പ്രാതിഭാസികലോകങ്ങൾ സദാ പരിണാമത്തിന്റെ ഒഴുക്കിലാണ്.അധ്യായം 31വിശുദ്ധമാതാവുമായി ഒരഭിമുഖം ‘‘അഭിവന്ദ്യമാതാവേ, പ്രവാചകനായ അവിടത്തെ ഭർത്താവാണ് ശൈശവത്തിൽ എന്നെ ജ്ഞാനസ്നാനം ചെയ്യിച്ചത്. എന്റെ അച്ഛനമ്മമാരുടെയും എന്റെ ഗുരുദേവൻ ശ്രീ യുക്തേശ്വരന്റെയും ഗുരുവായിരുന്നു അദ്ദേഹം. അതുകൊണ്ട് ഭവതിയുടെ പവിത്രമായ ജീവിതത്തിലെ ഏതാനും സംഭവങ്ങൾ കേൾക്കാനുള്ള വിശേഷസൗഭാഗ്യം എനിക്കു നൽകുമോ?’’ ലാഹിരി മഹാശയന്റെ ജീവിതസഖിയായ ശ്രീമതി

കാശീമണി മാതാവിനെ അഭിസംബോധന ചെയ്യുകയായിരുന്നു ഞാൻ. കുറച്ചുകാലം വാരാണസിയിൽ തങ്ങേണ്ടിവന്നപ്പോൾ ആ അഭിവന്ദ്യമഹതിയെ സന്ദർശിക്കണമെന്ന ഒരു ദീർഘകാലാഭിലാഷം ഞാൻ നിറവേറ്റുകയായിരുന്നു.വാരാണസിയിലെ ഗരുഡേശ്വർമൊഹല്ല ഭാഗത്തുള്ള ലാഹിരി കുടുംബവീട്ടിൽ അവർ എന്നെ ദയാവായ്പോടെ സ്വീകരിച്ചു. പ്രായാധിക്യം ഉണ്ടായിരുന്നെങ്കിലും ആത്മീയപരിമളം പരത്തുന്ന ഒരു താമരപ്പൂവുപോലെ അവർ വിളങ്ങി. ഇടത്തരം ശരീരവും വെളുത്തനിറവും ലോലമായ കഴുവും, വികസിച്ചുതിളങ്ങുന്ന കണ്ണുകളുമായിരുന്നു അവർക്ക്. ' 'മകനെ, നിനക്കു സ്വാഗതം. വരൂ, മുകളിലത്തെ നിലയിലേക്കുപോകാം.' ' കുറെക്കാലം ഭർത്താവുമൊത്ത് അവർ ജീവിച്ചിരുന്ന ഒരു വളരെ ചെറിയ മുറിയിലേക്ക് കാശീമണി എന്നെ ആനയിച്ചു. അതുല്യനായ ആ ആചാര്യൻ വിവാഹത്തിന്റെ മാനവനാടകം അഭിനയിക്കാൻ പ്രസാദിച്ചു കാരുണ്യംകാട്ടിയ ആ പുണ്യസ'ഥലം ദർശിച്ചതിൽ ഞാൻ അഭിമാനം കൊണ്ടു. അവരുടെ അടുത്ത് ഒരു മെത്തയിട്ട ഇരിപ്പിടത്തിൽ ഇരിക്കാൻ സൗമ്യയായ ആ മഹതി ആംഗ്യംകാട്ടി. ' 'കൊല്ലങ്ങൾക്കുമുമ്പാണ് എന്റെ പതിദേവന്റെ ദൈവികമായ മാഹാത്മ്യം എനിക്കു മനസ്സിലാക്കാൻ ഇടയായത്,' ' അവർ പറഞ്ഞുതുടങ്ങി. ' 'ഒരു രാത്രി ഇതേ മുറിയിൽവച്ച് എനിക്ക് സുവ്യക്തമായ ഒരു സ്വപ്നമുണ്ടായി. തേജസ്വികളായ ദേവദൂതന്മാർ എനിക്കു മുകളിൽ കല്പനാതീതമായ മനോഹാരിതയോടെ വായുവിൽ ഒഴുകിനടന്നു. ആ ദർശനം അത്രയധികം വാസ്തവികമായിരുന്നതിനാൽ ഞാൻ ഉടൻതന്നെ ഉണർന്നു; വിചിത്രമെന്നു പറയട്ടെ, മുറി കണ്ണഞ്ചിപ്പിക്കുന്ന പ്രകാശത്തിൽ മുങ്ങിയിരുന്നു. ' 'എന്റെ ഭർത്താവ് പത്മാസനനായി മുറിയുടെ മധ്യത്തിൽ ദേവദൂതന്മാർ വലയംചെയ്ത് വായുവിൽ ഉയർന്നുനിൽക്കുന്നതായി കാണപ്പെട്ടു. അഞ്ജലീബദ്ധരായ അവർ അദ്ദേഹത്തെ ആരാധിക്കുകയായിരുന്നു. ' 'അത്യധികം അത്ഭുതാധീനയായിത്തീർന്ന ഞാൻ അപ്പോഴും സ്വപ്നംകാണുകയാണെന്ന് വിശ്വസിച്ചു. ' ' 'പെൺ പിറന്നവളേ! നീ സ്വപ്നംകാണുകയല്ല.' ലാഹിരി മഹാശയൻ പറഞ്ഞു, 'നിന്റെ ഉറക്കം എന്നന്നേക്കുമായി വെടിയൂ.' അദ്ദേഹം സാവധാനം നിലത്തേക്ക് താണിറങ്ങിവന്നപ്പോൾ ഞാൻ അദ്ദേഹത്തിന്റെ പാദങ്ങളിൽ നമസ്കരിച്ചു. ' ' 'ഗുരുദേവാ,' ഞാൻ പറഞ്ഞു, 'ഞാൻ അങ്ങയെ വീണ്ടും വീണ്ടും നമസ്കരിക്കുന്നു! അങ്ങയെ എന്റെ ഭർത്തായി കണക്കാക്കിയതിന് അങ്ങ് എന്നോടുക്ഷമിക്കുമോ? ആത്മീയമായി ഉണർന്ന ഒരാളുടെ അരികിൽ അജ്ഞാനത്തിൽ ഉറങ്ങിക്കിടന്നതോർക്കുമ്പോൾ ഞാൻ ലജ്ജകൊണ്ട് മൃതപ്രായയായിത്തീരുന്നു. ഈ രാത്രിമുതൽ അങ്ങ് എന്റെ ഭർത്താവല്ല, ഗുരുവാണ്. നിസ്സാരയായ എന്നെ അങ്ങ് ശിഷ്യയായി സ്വീകരിക്കുമോ?1 ' 'അദ്ദേഹം എന്നെ പതുക്കെ തൊട്ടു. 'വിശുദ്ധാത്മാവേ, എഴുന്നേൽക്കൂ. നിന്നെ സ്വീകരിച്ചിരിക്കുന്നു.' അദ്ദേഹം ദേവദൂതരുടെ നേരെ ചൂണ്ടി. 'ഈ പുണ്യാത്മാക്കളിൽ ഓരോരുത്തരെയായി നമസ്കരിക്കൂ.' ' 'എന്റെ വിനയപൂർവമായ നമസ്കാരങ്ങൾ കഴിഞ്ഞപ്പോൾ ആ ദേവവൃന്ദം വേദോച്ചാരണരൂപേണ ഒരേസ്വരത്തിൽ മൊഴിഞ്ഞു. ' ' 'ദിവ്യദേഹത്തിന്റെ സഹധർമിണീ, ദേവി അനുഗൃഹീതയാണ്. ഞങ്ങൾ ഭവതിയെ വണങ്ങുന്നു.' അവർ എന്റെ പാദങ്ങൾ വണങ്ങി. അതാ! ആ ഉജ്വലരൂപങ്ങൾ മറഞ്ഞു. മുറിവീണ്ടും ഇരുണ്ടു. ' 'എന്റെ ഗുരു എന്നോട് ക്രിയായോഗ ദീക്ഷ സ്വീകരിക്കാൻ ആവശ്യപ്പെട്ടു. ' ' 'അങ്ങനെ ആകട്ടെ,' ഞാൻ പ്രതിവചിച്ചു. 'ആ അനുഗ്രഹം എന്റെ ജീവിതത്തിൽ നേരത്തെതന്നെ ലഭിക്കാത്തതിൽ എനിക്കു ദു:ഖമുണ്ട്.' ' ' 'അതിന് സമയമായിട്ടില്ലായിരുന്നു.' ലാഹിരി മഹാശയൻ എന്നെ സാന്ത്വനപ്പെടുത്തിക്കൊണ്ട് പുഞ്ചിരിച്ചു. 'നിന്റെ കർമങ്ങൾ ഏറിയകൂറും അനുഭവിച്ചുതീർക്കാൻ ഞാൻ നിശ്ശബ്ദനായി നിന്നെ സഹായിച്ചു. ഇപ്പോൾ നീ സമ്മതിക്കുകയും അതിന് തയ്യാറായിത്തീരുകയും ചെയ്തു.' ' 'അദ്ദേഹം എന്റെ നെറ്റിയിൽ തൊട്ടു. കറങ്ങിത്തിരിയുന്ന പ്രകാശരാശികൾ കാണായി. ആ പ്രകാശദീപ്തി ഒരു ഇന്ദ്രനീല ആത്മീയനേത്രമായി സാവധാനം രൂപംകൊണ്ടു. സ്വർണവർണത്താൽ വലയിതമായ അതിന്റെമധ്യത്തിൽ പഞ്ചകോണാകാരമായ വെള്ളിനക്ഷത്രമായിരുന്നു. ' ' 'നിന്റെ ബോധത്തെ ആ നക്ഷത്രത്തിലൂടെ അനന്തതയുടെ സാമ്രാജ്യത്തിലേക്ക് കടത്തിവിടൂ.' എന്റെ ഗുരുവിന്റെ ശബ്ദം ദൂരെ നിന്നെത്തുന്ന മൃദുലസംഗീതംപോലെ ഒരു പുതിയ നാദമാധുരി കൈക്കൊണ്ടു. ' 'ദർശനങ്ങൾ ഒന്നിനുപുറകെ ഒന്നായി എന്റെ ആത്മാവിന്റെ തീരങ്ങളിൽ മഹാസമുദ്രത്തിലെ അലയുംനുരയുംപോലെ പൊട്ടിവിടർന്നു. വിശാലദൃശ്യങ്ങളുടെ വലയങ്ങൾ ഒടുവിൽ ദിവ്യാനന്ദത്തിന്റെ സാഗരത്തിൽ അലിഞ്ഞുചേർന്നു. അവിരാമമായി അലയിട്ടുയരുന്ന അനുഗ്രഹാശിസ്സുകളിൽ ഞാൻ എന്നെത്തന്നെ മറന്നു. മണിക്കൂറുകൾക്കുശേഷം ലൗകിക ബോധത്തിലേക്ക് ഞാൻ മടങ്ങിയെത്തിയപ്പോൾ ഗുരുനാഥൻ എനിക്ക് ക്രിയായോഗവിദ്യ ഉപദേശിച്ചു. ' 'ആ രാത്രിമുതൽ ലാഹിരി മഹാശയൻ എന്റെ മുറിയിൽ ഉറങ്ങിയിട്ടില്ല. മാത്രമല്ല, അതിനുശേഷം അദ്ദേഹം ഉറങ്ങിയിട്ടേയില്ല. താഴത്തെനിലയിലെ മുൻവശത്തെ മുറിയിൽ ശിഷ്യരുമായി അദ്ദേഹം രാവുംപകലും ഇരിപ്പാക്കി. ' ' യശസ്വിനിയായ ആ മഹതി മൗനത്തിലാണ്ടു. ആ യോഗിവര്യനുമായുള്ള അവരുടെ വിശിഷ്ടമായബന്ധം മനസ്സിലാക്കിക്കൊണ്ട് കൂടുതൽ അനുസ്മരണകൾ ആവശ്യപ്പെടാൻ ഞാൻ മുതിർന്നു. ' 'മകനെ, നിനക്ക് കഥകേൾക്കാൻ കൊതിയാണ്. ഏതായാലും ഒരു കഥകൂടി ഞാൻ പറയാം.' ' അവർ സങ്കോചത്തോടെ ചിരിച്ചു. ' 'ഗുരുവായ പതിദേവനോട് ഞാൻ ചെയ്ത ഒരു തെറ്റ് ഏറ്റുപറയാം. ദീക്ഷസ്വീകരിച്ച് ഏതാനും മാസങ്ങൾക്കുശേഷം എനിക്ക് ഏകാന്തതയും

അവഗണനയും അനുഭവപ്പെട്ടുതുടങ്ങി. ഒരു ദിവസം ലാഹിരി മഹാശയൻ എന്തോ സാധനം എടുക്കാൻ ഈ മുറിയിൽ കയറി; ഞാൻ പെട്ടെന്ന് അദ്ദേഹത്തെ പിൻതുടർന്നു. മായാമോഹിതയായ ഞാൻ അദ്ദേഹത്തെ കർക്കശമായ രീതിയിൽ അഭിസംബോധനചെയ്തു. ‘ ‘ ‘നിങ്ങൾ നിങ്ങളുടെ സമയം മുഴുവനും ശിഷ്യരോടൊത്ത് ചെലവിടുന്നു. ഭാര്യയോടും മക്കളോടും നിങ്ങൾക്ക് ഉത്തരവാദിത്വമില്ലേ? കുടുംബത്തിനുവേണ്ടി കൂടുതൽ പണം തരുന്നതിൽ നിങ്ങൾ ശ്രദ്ധിക്കുന്നില്ല എന്നതിൽ എനിക്കു വിഷമമുണ്ട്.' ‘ ‘ഒരു നിമിഷം ഗുരുനാഥൻ എന്നെ നോക്കി. അതാ അദ്ദേഹം അപ്രത്യക്ഷനായി! അന്ധാളിച്ചുംപേടിച്ചുംനിന്ന എനിക്ക് മുറിയുടെ എല്ലാഭാഗങ്ങളിൽനിന്നുമായി ഒരു ശബ്ദം കേൾക്കയായി: ‘ ‘ ‘ഇതൊന്നും ഒന്നുമല്ല; അതു നിനക്ക് അറിഞ്ഞുകൂടെ? എന്നെപ്പോലുള്ള ഒരു ഒന്നുമില്ലായ്മയ'ക്ക് നിനക്കുവേണ്ടി എങ്ങനെ സമ്പത്തു സൃഷ്ടിക്കാൻ കഴിയും? ‘ ‘ ‘ഗുരുജീ,' ഞാൻ കരഞ്ഞുപറഞ്ഞു, ‘പത്തുലക്ഷം തവണ ഞാൻ അങ്ങയോടു മാപ്പു യാചിക്കുന്നു! പാപിയായ എന്റെ കണ്ണുകൾകൊണ്ട് അങ്ങയെ കാണാൻ കഴിയുന്നില്ല; ദയവായി അങ്ങയുടെ പവിത്രമായ രൂപത്തിൽ പ്രത്യക്ഷപ്പെട്ടാലും.' ‘ ‘ ‘ഞാൻ ഇവിടെയാണ്.' എനിക്കുമുകളിൽനിന്ന് ഈ ഉത്തരം വന്നു. ഞാൻ മുകളിലേക്ക് നോക്കിയപ്പോൾ, തന്റെ തല മേൽത്തട്ടിൽ സ്പർശിക്കുന്നവിധത്തിൽ വായുവിൽ അദ്ദേഹം ആവിർഭവിച്ചു. ആ കണ്ണുകൾ കണ്ണഞ്ചിപ്പിക്കുന്ന തീനാളങ്ങൾ പോലെയായിരുന്നു. അദ്ദേഹം സാവധാനം നിലത്തിറങ്ങിയശേഷം പേടിച്ചരണ്ട ഞാൻ ആ കാൽക്കൽ തേങ്ങിക്കൊണ്ടുകിടന്നു. ‘ ‘ ‘പെൺപിറന്നവളേ, ദൈവികനിധി തേടൂ, അല്ലാതെ കാക്കപ്പൊന്നിനുവേണ്ടി കേഴാതിരിക്കൂ. ആന്തരികമായ നിധി നേടിക്കഴിഞ്ഞാൽ ബാഹ്യസമ്പത്തുക്കൾ താനേ വന്നുകൊള്ളും.' അദ്ദേഹം കൂട്ടിച്ചേർത്തു, ‘എന്റെ ഒരു ആത്മീയപുത്രൻ നിനക്കുവേണ്ടതു തരാൻ ഏർപ്പാടുചെയ്തുകൊള്ളും.' ‘ ‘എന്റെ ഗുരുവിന്റെ വാക്കുകൾ സ്വാഭാവികമായും സത്യമായിത്തീർന്നു; ഒരു ശിഷ്യൻ ഗണ്യമായ ഒരു തുക ഞങ്ങളുടെ കുടുംബത്തിന് നീക്കിവച്ചു.’ ’ അവരുടെ വിസ്മയകരമായ അനുഭവങ്ങൾ എന്നോടു പങ്കിട്ടതിന് കാശീമണി മാതാവിനോട് ഞാൻ നന്ദിപറഞ്ഞു.2 അടുത്ത ദിവസം അവരുടെ വീട്ടിലേക്ക് മടങ്ങിയ ഞാൻ തിങ്കൌറീ ലാഹിരിയും ദുക്കൌറീ ലാഹിരിയുമായി അനേകം മണിക്കൂർ നേരത്തെ ദാർശനികചർച്ചകൾ നടത്തി. ഭാരതത്തിന്റെ മഹാനായ യോഗീന്ദ്രന്റെ പുണ്യാത്മാക്കളായ ഈ രണ്ടു പുത്രന്മാരും പിതാവിന്റെ ആദർശധീരമായ കാലടികൾ വിശ്വസ്തതയോടെ പിൻതുടർന്നു. വെളുത്തനിറവും പൊക്കവും കനത്തതാടിയും ദൃഢഗാത്രവും മൃദുവായസ്വരവും കുലീനമായ പെരുമാറ്റവുമുള്ളവരായിരുന്നു രണ്ടുപേരും.അദ്ദേഹത്തിന്റെ പത്നി മാത്രമായിരുന്നില്ലാ ലാഹിരി മഹാശയന്റെ ഒരേ ഒരു ശിഷ്യ; എന്റെ അമ്മയുൾപെടെ നൂറുകണക്കിന് മറ്റുള്ളവരും ഉണ്ടായിരുന്നു. ഒരിക്കൽ ഒരു ശിഷ്യ അദ്ദേഹത്തിന്റെ ഒരു ഫോട്ടോ ആവശ്യപ്പെട്ടു. അവർക്ക് ഒരു ഫോട്ടോ നൽകിയ അദ്ദേഹം ഇങ്ങനെ കൂട്ടിച്ചേർത്തു: ‘ ‘ഇത് ഒരു രക്ഷാകവചമാണെന്ന് നീ വിചാരിച്ചാൽ അത് അങ്ങനെയായിരിക്കും, അല്ലെങ്കിൽ വെറുമൊരു ഫോട്ടോമാത്രം.’ ’ ഏതാനും ദിവസങ്ങൾക്കുശേഷം ഈ ശിഷ്യയും ലാഹിരി മഹാശയന്റെ പുത്രവധുവും ഒരു മേശക്കരികിൽ ഭഗവദ്ഗീത അധ്യയനം ചെയ്തു കൊണ്ടിരിക്കുകയായിരുന്നു. അതിന്റെ പിൻവശത്തായി ഗുരുവിന്റെ ഫോട്ടോ തൂക്കിയിരിക്കുന്നു. അതിശക്തമായ ഇടിയും മിന്നലും കനത്തപേമാരിയും പെട്ടെന്ന് പൊട്ടിപ്പുറപ്പെട്ടു. ‘ ‘ലാഹിരി മഹാശയാ, ഞങ്ങളെ രക്ഷിക്കൂ!’ ’ രണ്ടു സ്ത്രീകളും ചിത്രത്തിനുമുമ്പിൽ ശിരസ്സുനമിച്ചു. മേശമേൽ ഇരുന്ന പുസ്തകത്തിൽ ഇടിവെട്ടേറ്റു, പക്ഷേ രണ്ടു ഭക്തകളും പരുക്കേൽക്കാതെ രക്ഷപ്പെട്ടു. ‘ ‘ദഹിപ്പിക്കുന്ന ചൂട് ഏശാതിരിക്കാൻ എന്റെ ചുറ്റും മഞ്ഞുകട്ടിയുടെ ഒരു പാളി വച്ചിരുന്നതുപോലെ എനിക്കു തോന്നി,’ ’ ശിഷ്യ പിന്നീടു പറഞ്ഞു.അഭയ എന്ന ശിഷ്യയുടെകാര്യത്തിൽ ലാഹിരി മഹാശയൻ രണ്ട് അത്ഭുതപ്രവൃത്തികൾ കാട്ടി. അവരും കൽക്കത്തയിലെ ഒരു അഭിഭാഷകനായ ഭർത്താവും ഗുരുവിനെകാണാൻ ഒരു ദിവസം വാരാണസിയിലേക്ക് തിരിച്ചു. വാഹനത്തിരക്കുകാരണം അവരുടെ കുതിരവണ്ടി താമസിച്ചു; ഹൗറാ മെയിൻ സ്റ്റേഷനിൽ എത്തിയപ്പോഴേക്കും പുറപ്പെടാൻതുടങ്ങുന്ന വാരാണസി തീവണ്ടിയുടെ ചൂളം വിളിയാണ് കേൾക്കാൻകഴിഞ്ഞത്.ടിക്കറ്റ് ഓഫീസിനടുത്ത് അഭയ നിശ്ശബ്ദയായിനിന്നു. ‘ ‘ലാഹിരി മഹാശയാ, ഈ തീവണ്ടി നിർത്തണമെന്ന് ഞാൻ അങ്ങയോട് കേണ് അപേക്ഷിക്കുന്നു! അങ്ങയെക്കാണാൻ ഒരു ദിവസംകൂടി കാത്തിരിക്കുന്നതിന്റെ യാതന എനിക്കു സഹിക്കാൻ ആവില്ല.’ ’ അവർ നിശ്ശബ്ദമായി പ്രാർഥിച്ചു.മുക്രയിട്ടു ചീറുന്ന തീവണ്ടിയുടെ ചക്രങ്ങൾ വട്ടത്തിൽ കറങ്ങിക്കൊണ്ടിരുന്നു. എന്നാൽ വണ്ടി മുന്നോട്ടുനീങ്ങിയില്ല. ഈ അപൂർവപ്രതിഭാസം വീക്ഷിക്കാൻ എൻജിനീയറും യാത്രക്കാരും പ്ലാറ്റുഫോമിലേക്ക് ഇറങ്ങി. ഇംഗ്ലീഷുകാരനായ ഒരു റെയിൽവേ ഗാർഡ് അഭയയുടെയും ഭർത്താവിന്റെയും അടുത്തെത്തി. മുൻവഴക്കങ്ങൾക്കു വിപരീതമായി ആ ഗാർഡ് തന്റെ സേവനങ്ങൾ നൽകാൻ സ്വമനസ്സാലെ സന്നദ്ധത കാട്ടി. ‘ ‘ബാബൂ, പണം തരൂ, ഞാൻ ടിക്കറ്റു വാങ്ങികൊണ്ടുവരാം. അപ്പോഴേക്കും നിങ്ങൾ വണ്ടിയിൽ കയറിക്കൊള്ളൂ.’ ’ അയാൾ പറഞ്ഞു.ഈ ദമ്പതികൾ വണ്ടിയിൽകയറി ഇരുന്നിട്ട് ടിക്കറ്റ് കയ്യിൽ വാങ്ങിക്കഴിഞ്ഞപ്പോഴേക്കും തീവണ്ടി സാവധാനം മുന്നോട്ടുനീങ്ങി. വണ്ടി എങ്ങനെ ഓടാൻ തുടങ്ങിയെന്നോ, അതിനുമുമ്പ് അത് എന്തുകൊണ്ടു നിന്നുവെന്നോ അറിയാതെ, എൻജിനീയറും യാത്രക്കാരും അവരവരുടെ സ'ഥാനങ്ങളിൽ വെപ്രാളത്തിൽ കയറിക്കൂടി.വാരാണസിയിൽ ലാഹിരി മഹാശയന്റെ വീട്ടിലെത്തിയ അഭയ ഗുരുനാഥന്റെ മുമ്പിൽ

നിശ്ശബ്ദയായി നമസ്കരിച്ച് പാദം തൊട്ടുതൊഴാൻ ഭാവിച്ചു. ‘ ‘ശാന്തയാകൂ, അഭയാ,’ ’ അദ്ദേഹം അഭിപ്രായപ്പെട്ടു. ‘ ‘എന്നെ ബുദ്ധിമുട്ടിക്കാൻ നിനക്ക് എന്തിഷ്ടമാണ്! നിനക്ക് അടുത്ത ട്രെയിനിൽ വരാൻ വയ്യാത്തതുപോലെ!’ ’ സ്മരണീയമായ മറ്റൊരവസരത്തിൽ അഭയ ലാഹിരി മഹാശയനെ സന്ദർശിച്ചു. ഇപ്രാവശ്യം തീവണ്ടിയുടെ കാര്യത്തിലല്ലാ, ഒരു സന്താനത്തിനുവേണ്ടിയായിരുന്നു അദ്ദേഹത്തിന്റെ കരുണാകടാക്ഷം അവർ ആവശ്യപ്പെട്ടത്. ‘ ‘എന്റെ ഒമ്പതാമത്തെകുട്ടി ജീവിച്ചിരിക്കണമെന്ന് ഞാൻ അങ്ങയോടു പ്രാർഥിക്കുന്നു,’ ’ അവർ പറഞ്ഞു ‘ ‘എനിക്കു എട്ടു കുട്ടികൾ ഉണ്ടായി; എല്ലാം ജനിച്ചയുടൻ മരിച്ചു.’ ’ ഗുരുനാഥൻ ദയാർദ്രമായി പുഞ്ചിരിച്ചു. ‘ ‘നിനക്ക് ഇനി ജനിക്കുന്ന കുട്ടി ജീവിക്കും. എന്റെ നിർദേശങ്ങൾ ശ്രദ്ധയോടെ അനുസരിക്കൂ. ഒരു പെൺകുഞ്ഞായിരിക്കും അത്. രാത്രിയായിരിക്കും ജനിക്കുക. എണ്ണവിളക്ക് പ്രഭാതംവരെ കത്തിക്കൊണ്ടിരുന്നുവെന്ന് ഉറപ്പുവരുത്തുക. ഉറങ്ങിപ്പോകാനും അങ്ങനെ വിളക്ക് അണഞ്ഞുപോകാനും ഇടയാവരുത്.’ ’ സർവജ്ഞനായ ഗുരു ദീർഘദർശനം ചെയ്തതുപോലെതന്നെ അഭയയുടെ കുട്ടി ഒരു പെൺകുഞ്ഞായിരുന്നു. അവൾ രാത്രിയിലാണ് ജനിച്ചത്. വിളക്കിൽ നിറച്ച് എണ്ണ ഉണ്ടായിരിക്കുവാൻ ആ അമ്മ പരിചാരികയ'ക്ക് നിർദേശംകൊടുത്തു. രണ്ടുസ്ത്രീകളും നിഷ്കർഷയോടെ ദീർഘമായി പ്രഭാതമാകുവോളം ഉറക്കമിളച്ചുവെങ്കിലും ഒടുവിൽ ഉറങ്ങിപ്പോയി. വിളക്കിലെ എണ്ണ തീരെവറ്റാറായി; ദീപം അണയാൻ പോകുന്നതുപോലെ ചഞ്ചലമായി. കിടപ്പുമുറിയുടെ വാതിൽ, കുറ്റിമാറി, ഒരു വലിയ ഒച്ചയോടെ പെട്ടെന്ന് തുറന്നു. ഞെട്ടിത്തരിച്ച സ്ത്രീകൾ ഉണർന്നു. അവരുടെ വിസ്മയം നിറഞ്ഞകണ്ണുകൾ ലാഹിരി മഹാശയന്റെ രൂപം കണ്ടു. ‘ ‘അഭയാ, നോക്കൂ, വിളക്ക് ഏറെക്കുറെ കെട്ടതുപോലെയായല്ലോ!’ ’ അദ്ദേഹം ചൂണ്ടിക്കാട്ടി. പരിചാരിക പെട്ടെന്ന് അതിൽ എണ്ണ നിറച്ചു. അത് തെളിഞ്ഞുകത്താൻ തുടങ്ങിയപ്പോൾ ഗുരുനാഥൻ അപ്രത്യക്ഷനായി. കതക് അടഞ്ഞു; ദൃശ്യമായ യാതൊന്നിന്റെയും സഹായംകൂടാതെ കുറ്റി വീണു.അഭയയുടെ ഒമ്പതാമത്തെ കുട്ടി ജീവിച്ചിരുന്നു; 1935-ൽ ഞാൻ അന്വേഷിച്ചപ്പോഴും അവൾ ജീവിച്ചിരിക്കുന്നുണ്ടായിരുന്നു.ലാഹിരി മഹാശയന്റെ ശിഷ്യരിൽ ഒരാൾ സമാരാധ്യനായ കാളികുമാർ റോയ്, ഗുരുനാഥനോടൊത്തുള്ള തന്റെ ജീവിതത്തിന്റെ ഹൃദയഹാരിയായ അനേകം വിവരങ്ങൾ പറഞ്ഞുകേൾപ്പിച്ചു. ‘ ‘അദ്ദേഹത്തിന്റെ വാരാണസിയിലെ വീട്ടിൽ പലപ്പോഴും ആഴ്ചകളോളം തുടർച്ചയായി ഞാൻ ഒരു അതിഥിയായിരുന്നു,’ ’ റോയി എന്നോടു പറഞ്ഞു. ‘ ‘അനേകം പുണ്യാത്മാക്കളും ദണ്ഡിസ്വാമിദമാരും രാത്രിയുടെ പ്രശാന്തിയിൽ ഗുരുപാദങ്ങളിൽ ഇരിക്കുവാൻ വരുന്നത് ഞാൻ കണ്ടിട്ടുണ്ട്. ചിലപ്പോൾ അവർ ധ്യാനസംബന്ധമായോ ദാർശനികമായോ ഉള്ള കാര്യങ്ങൾ ചർച്ചചെയ്യുമായിരുന്നു. ശ്രേഷ്ഠരായ ആ അതിഥികൾ പ്രഭാതത്തിൽ മടങ്ങും. എന്റെ സന്ദർശനവേളയിൽ ലാഹിരി മഹാശയൻ ഒരിക്കൽപോലും ഉറങ്ങാൻകിടക്കുന്നത് ഞാൻ കണ്ടിട്ടില്ല. ‘ ‘ഗുരുനാഥനുമായുള്ള ബന്ധത്തിന്റെ ആദ്യനാളുകളിൽ എനിക്ക് തൊഴിലുടമയുടെ എതിർപ്പ് നേരിടേണ്ടി വന്നു.’ ’ റോയി തുടർന്നു. ‘ ‘അയാൾ ലൗകികതയിൽ ആകെ മുഴുകിയിരുന്നു. ‘ ‘ ‘എന്റെ ഉദ്യോഗസ'ഥന്മാരുടെ ഇടയിൽ മതഭ്രാന്തന്മാരെ എനിക്കുവേണ്ട.' പുച്ഛത്തോടെ അയാൾ പറയും. ‘നിങ്ങളുടെ കപടഗുരുവിനെ എപ്പോഴെങ്കിലും കാണുകയാണെങ്കിൽ അയാൾ ഒരിക്കലും മറക്കാത്ത ഏതാനും വാക്കുകൾ ഞാൻ പറയുന്നുണ്ട്.' ‘ ‘ഈ ഭീഷണി എന്റെ സ'ഥിരം പരിപാടിയെ തടസ്സപ്പെടുത്തിയില്ല; ഏറെക്കുറെ എല്ലാ സായാഹ്നങ്ങളും ഞാൻ ഗുരുവിനോടൊപ്പം ചെലവഴിച്ചു. ഒരു രാത്രി എന്റെ മേലാവ് എന്നെ പിൻതുടർന്നു കൊണ്ട് ഗുരുനാഥന്റെ സ്വീകരണമുറിയിലേക്ക് അപമര്യാദയായി ഓടിക്കയറിവന്നു. താൻ പുറപ്പെടുവിക്കുമെന്നുപറഞ്ഞ അഭിപ്രായങ്ങൾ വിളമ്പാൻ അയാൾ ഉദ്ദേശിച്ചിരുന്നുവെന്നതിന് സംശയമൊന്നുമില്ല. അയാൾ ഇരുന്നയുടനെ ലാഹിരി മഹാശയൻ ഏതാണ്ട് പന്ത്രണ്ടുപേരുള്ള ശിഷ്യസംഘത്തെ അഭിസംബോധന ചെയ്തു. ‘ ‘നിങ്ങൾക്കെല്ലാം ഒരു ചിത്രം കാണണോ?’ ’ ‘ ‘ഞങ്ങൾ തലയാട്ടിയപ്പോൾ, അദ്ദേഹം മുറി ഇരുട്ടാക്കാൻ പറഞ്ഞു. ‘ഒരാൾക്കു പിന്നിൽ മറ്റൊരാളായി വൃത്തത്തിൽ ഇരുന്നിട്ട് ഓരോരുത്തരും മുമ്പിലിരിക്കുന്ന ആളിന്റെ കണ്ണുപൊത്തുക.' ‘ ‘എന്റെ മേലാവും ഗുരുവിന്റെ നിർദേശങ്ങൾ ഇഷ്ടമില്ലാതെയാണെങ്കിലും അനുസരിക്കുന്നുണ്ടായിരുന്നുവെന്നുകണ്ടതിൽ ഞാൻ അത്ഭുതപ്പെട്ടില്ല. ഏതാനും മിനിറ്റുകൾക്കുള്ളിൽ ലാഹിരി മഹാശയൻ ഞങ്ങളോട് എന്താണ് കാണുന്നതെന്ന് ചോദിച്ചു. ‘ ‘ഞാൻ മറുപടി പറഞ്ഞു, ‘പ്രഭോ, ഒരു സുന്ദരി പ്രത്യക്ഷപ്പെടുന്നു. ചുവന്ന കരയുള്ള സാരി ധരിച്ച അവൾ ഒരു ചേമ്പിന്റെ അടുത്തു നിൽക്കുന്നു' മറ്റെല്ലാ ശിഷ്യന്മാരും ഇതേ വിവരണം നൽകി. ഗുരുനാഥൻ എന്റെ മേലാവിനോടു തിരിഞ്ഞു. ‘ആ സ്ത്രീയെ നിങ്ങൾ തിരിച്ചറിയുന്നുണ്ടോ?' ‘ ‘ഉണ്ട്’ ’ അയാളുടെ സ്വഭാവത്തിലില്ലായിരുന്ന നൂതനവികാരങ്ങളുമായി അയാൾ മല്ലിടുകയായിരുന്നുവെന്ന് സ്പഷ്ടം. ‘ ‘എനിക്ക് ഒരു നല്ല ഭാര്യയുണ്ടെങ്കിലും ഞാൻ എന്റെ പണം ഇവൾക്കുവേണ്ടി ചെലവിടുമായിരുന്നു. എന്നെ ഇവിടെ എത്തിച്ച ഗൂഢോദ്ദേശ്യങ്ങൾ ഓർത്ത് എനിക്കു ലജ്ജയുണ്ട്. എനിക്ക് അങ്ങ് മാപ്പു നൽകി എന്നെ ഒരു ശിഷ്യനായി സ്വീകരിക്കുമോ? ‘ ‘ ‘നിങ്ങൾ ആറുമാസത്തേക്ക് ഒരു സദാചാരജീവിതം നയിച്ചാൽ ഞാൻ നിങ്ങളെ സ്വീകരിക്കാം.' ഗുരുനാഥൻ പറഞ്ഞു. ‘അല്ലാത്തപക്ഷം നിങ്ങൾക്ക് ദീക്ഷ തരേണ്ടിവരികയില്ല.' ‘ ‘മൂന്നു മാസത്തേക്ക് എന്റെ മുതലാളി പ്രലോഭനങ്ങളിൽ നിന്ന് ഒഴിഞ്ഞുനിന്നു; പിന്നീട് അയാൾ ആ സ്ത്രീയുമായി പഴയ ബന്ധം തുടർന്നു. രണ്ടു മാസത്തിനുശേഷം അയാൾ മരിച്ചു. അയാൾക്ക് ദീക്ഷ

നൽകുന്നതിന്റെ അസംഭാവ്യതയെപ്പറ്റിയുണ്ടായ എന്റെ ഗുരുവിന്റെ വ്യംഗ്യപ്രവചനം അങ്ങനെ ഞാൻ മനസ്സിലാക്കി.’ ’ ലാഹിരി മഹാശയന് വിഖ്യാതനായ ഒരു സ്നേഹിതൻ ഉണ്ടായിരുന്നു, ത്രൈലംഗസ്വാമി. അദ്ദേഹത്തിന് മുന്നൂറിൽ കൂടുതൽ വയസ്സുണ്ടായിരുന്നുവെന്ന് പ്രസിദ്ധമായിരുന്നു. ഈ രണ്ടു യോഗീന്ദ്രന്മാരും പലപ്പോഴും ഒരുമിച്ച് ധ്യാനനിരതനാകാറുണ്ടായിരുന്നു. ത്രൈലംഗസ്വാമികളുടെ പ്രസിദ്ധി അത്രമാത്രം പരന്നിരുന്നതിനാൽ, അദ്ദേഹത്തിന്റെ അമ്പരപ്പിക്കുന്ന അത്ഭുതപ്രവൃത്തികളുടെ സത്യസ'ിതി നിഷേധിക്കുന്ന ഹിന്ദുക്കൾ ഉണ്ടാവില്ല. ഇന്ന് ക്രിസ്തുദേവൻ ഭൂമിയിൽ തിരിച്ചുവന്ന്, ന്യൂയോർക്കിലെ തെരുവിലൂടെ അത്ഭുതങ്ങൾ കാട്ടി നടന്നുപോയാൽ ഉളവാക്കുന്ന ഭക്ത്യാദരങ്ങൾ ആണ് ദശാബ്ദങ്ങൾക്കുമുമ്പ് വാരാണസിയിലെ തിരക്കേറിയ തെരുവുകളിലൂടെ കടന്നുപോകുന്ന ത്രൈംലംഗസ്വാമി ജനങ്ങളിൽ സൃഷ്ടിച്ചത്. കാലപ്രവാഹത്തിന്റെ ക്ഷതങ്ങൾ എൽക്കാത്തവണ്ണം ഭാരതത്തെ ശക്തമായി യോജിപ്പിച്ച് പരിരക്ഷിച്ച സിദ്ധന്മാരിൽ ഒരാളായിരുന്നു അദ്ദേഹം.പലപ്പോഴും കടുത്ത വിഷദ്രാവകങ്ങൾ യാതൊരു ദൂഷ്യഫലവും തനിക്ക് അനുഭവപ്പെടാതെ ഈ സ്വാമി കുടിക്കുന്നതു കാണാമായിരുന്നു. ഇന്നു ജീവിച്ചിരിക്കുന്ന ചിലരുൾപ്പെടെ ആയിരക്കണക്കിന് ആളുകൾ ത്രൈലംഗസ്വാമി ഗംഗാനദിയിൽ പൊന്തിക്കിടക്കുന്നത് കണ്ടിട്ടുണ്ട്. ദിവസങ്ങളോളം അദ്ദേഹം ജലത്തിനുമീതെ ഇരിക്കുകയോ സുദീർഘമായ കാലയളവുകൾ തിരകൾക്കടിയിൽ ഒളിക്കുകയോ ചെയ്യുമായിരുന്നു. മണികർണികാഘട്ടത്തിലെ ചുട്ടുപൊള്ളുന്ന കൽപടവുകളിൽ ഭാരതത്തിലെ കടുത്ത സൂര്യാതപത്തിൽ വിവസ്ത്രനായ സ്വാമിയുടെ നിശ്ചലമായ ശരീരം ഒരു സാധാരണകാഴ്ചയായിരുന്നു.പ്രാണവായുവിനെയോ ചില വ്യവസ'ഥകളെയോ മുൻകരുതലുകളെയോ മനുഷ്യജീവന് ആശ്രയിക്കേണ്ടതില്ലായെന്ന്, ഇത്തരം അത്ഭുത പ്രവൃത്തികൾകൊണ്ട് ത്രൈലംഗസ്വാമി ജനങ്ങളെ പഠിപ്പിക്കാൻ ശ്രമിച്ചു. മഹാനായ ആ ആചാര്യൻ ജലത്തിനു മുകളിലായാലും അതിന് അടിയിലായാലും ആ ശരീരം കടുത്ത വെയിലിനെ വെല്ലുവിളിച്ചിരു ുന്നെങ്കിലും ഇല്ലെങ്കിലും താൻ ഈശ്വരബോധത്താൽ ജീവിക്കുന്നുവെന്ന് അദ്ദേഹം തെളിയിച്ചു: മരണത്തിന് അദ്ദേഹത്തെ സ്പർശിക്കാൻ കഴിഞ്ഞില്ല.ഈ യോഗി ആത്മീയമായി മാത്രമല്ല, ശാരീരികമായും ഗംഭീരനായിരുന്നു. അദ്ദേഹത്തിന്റെ ശരീരഭാരം മുന്നൂറു റാത്തലിൽ അധികമായിരുന്നു: ജീവിച്ച ഓരോ വർഷത്തിനും ഓരോ റാത്തൽ വീതം! അദ്ദേഹം അപൂർവമായേ ആഹാരം കഴിച്ചിരുന്നുള്ളൂവെന്നത് വിസ്മയം വളർത്തുന്നു. ഇതൊക്കെയാണെങ്കിലും ഒരു ആചാര്യൻ തനിക്കുവേണമെന്നുതോന്നുമ്പോൾ ആരോഗ്യത്തിന്റെ സാധാരണനിയമങ്ങളെല്ലാംതന്നെ അവഗണിക്കുന്നു. ഇത് ഏതെങ്കിലും പ്രത്യേക കാരണത്തോടെയായിരിക്കും-മിക്കപ്പോഴും തനിക്കു മാത്രം അറിയാവുന്ന ഏതെങ്കിലും സൂക്ഷ്മകാരണം.പ്രപഞ്ചമായാസ്വപ്നത്തിൽനിന്നുണർന്ന് ഈ ലോകത്തെ ജഗന്നിയന്താവിന്റെ മനസ്സിലെ ഒരു ആശയമായി തിരിച്ചറിഞ്ഞ മഹാന്മാരായ യോഗികൾക്ക്, ഘനീഭവിച്ച ഊർജത്തിന്റെ മാറ്റിമറിക്കാവുന്ന ഒരു രൂപം മാത്രമാണ് ശരീരമെന്ന് അറിഞ്ഞുകൊണ്ട് അതിനെ ഇഷ്ടമുള്ള രീതിയിൽ ഉപയോഗിക്കാം. വസ്തുക്കൾ, ഘനീഭവിച്ച ഊർജമല്ലാതെ മറ്റൊന്നുമല്ലായെന്ന് ഇന്ന് ഭൗതികശാസ്ത്രജ്ഞന്മാർ മനസ്സിലാക്കുന്നുണ്ടെങ്കിലും, വിജ്ഞാനികളായ ആചാര്യന്മാർ ദ്രവ്യനിയന്ത്രണത്തിന്റെ മേഖലയിൽ സിദ്ധാന്തത്തിൽനിന്ന് അനുഭവത്തിലേക്ക് വിജയകരമായി കടന്നിട്ടുണ്ട്.ത്രൈലംഗസ്വാമി എപ്പോഴും ദിഗംബരനായി കഴിഞ്ഞിരുന്നു. വാരാണസിയിലെ സഹികെട്ട പോലീസുകാർ, കുഴക്കുന്ന ഒരു കുസൃതിക്കുട്ടിയായി അദ്ദേഹത്തെ കണക്കാക്കിയിരുന്നു. പ്രകൃതിസ്വരൂപനായ സ്വാമി ഏദൻതോട്ടത്തിലെ ആ ആദിമആദാമിനെപ്പോലെ സ്വന്തം നഗ്നത തിരിച്ചറിഞ്ഞിരുന്നില്ല. പക്ഷേ ഇതേപ്പറ്റി ശരിക്കും ബോധമുണ്ടായിരുന്ന പോലീസുകാർ അദ്ദേഹത്തെ ഉപചാരമൊന്നും കൂടാതെ കാരാഗ്രഹത്തിലടച്ചു. പൊതുജനങ്ങൾ അസന്തുഷ്ടരായി: ത്രൈലംഗസ്വാമിയുടെ കൂറ്റൻ ശരീരം, അതിന്റെ പതിവുപരിപൂർണതയിൽ കാരാഗ്രഹത്തിന്റെ മേൽക്കൂരയുടെ പുറത്ത് ഉടൻ കാണപ്പെട്ടു. അപ്പോഴും ഭദ്രമായി പൂട്ടിത്തന്നെ ഇരുന്ന അദ്ദേഹത്തിന്റെ തടവറ സ്വാമിയുടെ രക്ഷാമാർഗത്തെപ്പറ്റി സൂചനയൊന്നും നൽകിയില്ല.നിരാശരായ നിയമപാലകർ അവരുടെ കർത്തവ്യം ഒരിക്കൽ കൂടി നിർവഹിച്ചു. ഇപ്രാവശ്യം സ്വാമിയുടെ തടവറയ'ക്കുമുമ്പിൽ ഒരു പാറാവുകാരനെയും നിർത്തി. നീതിയുടെ മുന്നിൽ കരബലം വീണ്ടും പിൻവാങ്ങി: മഹാനായ ആ സിദ്ധയോഗി പുരപ്പുറത്ത് നിസ്സംഗനായി ഉലാത്തുന്നത് അധികം താമസിയാതെ കാണായി.നീതിയുടെ മഹാദേവി കണ്ണുമൂടിക്കെട്ടിയിരിക്കുന്നു; ത്രൈലംഗസ്വാമിയുടെ കാര്യത്തിൽ പൊറുതിമുട്ടിയ പോലീസുകാർ അവളുടെ മാതൃക പിൻതുടരാൻ തീരുമാനിച്ചു.ശ്രേഷ്ഠനായ ആ യോഗി പതിവായി മൗനവ്രതം പാലിച്ചിരുന്നു.4 വട്ടമുഖവും കനത്ത വീപ്പ പോലുള്ള വയറുമുണ്ടായിട്ടും ത്രൈലംഗസ്വാമി വല്ലപ്പോഴുമേ ആഹാരം കഴിച്ചിരുന്നുള്ളൂ. ആഴ്ചകളോളം നിരാഹാരനായിരുന്നശേഷം, തന്റെ ഭക്തർ നൽകിയ കുടംകണക്കിനുള്ള കട്ടത്തൈരുകുടിച്ച് അദ്ദേഹം ഉപവാസം അവസാനിപ്പിക്കും. ഒരു സംശയാലു ത്രൈലംഗസ്വാമിയെ ഒരു കാപട്യക്കാരനായിക്കാട്ടാൻ തീരുമാനിച്ചു. വെള്ളയടിക്കാൻ ഉപയോഗിക്കുന്ന കുമ്മായംകലക്കിയത് ഒരു വലിയ തൊട്ടിനിറയെ സ്വാമിയുടെ മുന്നിൽവച്ചു.ആ ലൗകികവാദി കപടബഹുമാനത്തോടെ പറഞ്ഞു. ‘ ‘ഗുരോ, ഞാൻ അങ്ങയ'ക്ക് കുറച്ചു കട്ടത്തൈര് കൊണ്ടുവന്നിട്ടുണ്ട്. അത് ദയവായി കുടിക്കൂ.’ ’ കോപ്പക്കണക്കിനുള്ള കുടൽപൊള്ളുന്ന ആ കുമ്മായത്തിന്റെ അവസാനത്തുള്ളിവരെ സ്വാമി മടികൂടാതെ കുടിച്ചു. ഏതാനും നിമിഷങ്ങൾക്കകം

ആ ദുഷ്ടൻ പ്രാണവേദനയോടെ, നിലത്തു വീണു. ‘ ‘രക്ഷിക്കണേ, സ്വാമീ, രക്ഷിക്കണേ!’ ’ അവൻ നിലവിളിച്ചു. ‘ ‘ഞാൻ വേവുകയാണ്! എന്റെ ഹീനമായ പരീക്ഷണത്തിന് എന്നോടു ക്ഷമിക്കേണമേ.’ ’ മഹാനായ ആ യോഗി തന്റെ പതിവു മൗനം ഭഞ്ജിച്ചു. ‘ ‘നിന്ദകാ, നീ എനിക്കു വിഷം നൽകിയപ്പോൾ എന്റെ ജീവനും നിന്റെ ജീവനും ഒന്നാണെന്ന് നീ മനസ്സിലാക്കിയില്ല. സൃഷ്ടിയിലെ ഓരോ പരമാണുവിലുമെന്നപോലെ, എന്റെ വയറ്റിലും ഈശ്വരൻ കുടികൊള്ളുന്നുവെന്ന് എനിക്ക് അറിവില്ലായിരുന്നുവെങ്കിൽ, കുമ്മായച്ചാറ് എന്നെ കൊല്ലുമായിരുന്നു. ഇപ്പോൾ നിനക്ക് ദൈവികമായ തിരിച്ചടിയുടെ അർഥംബോധ്യമായ സ്ഥിതിക്ക് ഇനി ആരുടെയും മേൽ കുബുദ്ധികൾകാട്ടരുത്.’ ’ ത്രൈലംഗസ്വാമിയുടെ വാക്കുകളാൽ അസുഖംമാറിയ ആ പാപി വേച്ചുവേച്ച് സ്ഥലംവിട്ടു.വേദനയുടെ തിരിച്ചടി ഉണ്ടായത് ആചാര്യന്റെ ഇച്ഛാശക്തികൊണ്ട് ആയിരുന്നില്ലാ, മറിച്ച്, നിയതിയുടെ നിയമത്തിന്റെ പ്രവർത്തനം മൂലമാണ്.5 ഈ നിയമം സ്രഷ്ടപ്രപഞ്ചത്തിന്റെ ഏറ്റവും വിദൂരമായി കറങ്ങുന്ന ഗ്രഹത്തെപ്പോലും നിലനിർത്തുന്നു. ത്രൈലംഗസ്വാമിയെപ്പോലെ ഈശ്വരസാക്ഷാത്ക്കാരം ലഭിച്ചവരെ സംബന്ധിച്ചിടത്തോളം ദൈവികനിയമത്തിന്റെ പ്രവർത്തനം തൽക്ഷണമാണ്; അവർ അഹന്തയുടെ നശീകരണാത്മകമായ എല്ലാ പ്രതിപ്രവാഹങ്ങളും എന്നന്നേക്കുമായി അകറ്റിയവരാണ്.ധർമത്തിന്റെ സ്വാഭാവികമായ (ത്രൈലംഗസ്വാമിയുടെയും കൊലപാതകിയാകാൻ ഒരുങ്ങിയവന്റെയും കഥയിലെന്നപോലെ പലപ്പോഴും അപ്രതീക്ഷിതമായ ഒരു നാണയത്തിൽ തിരിച്ചുകിട്ടുന്ന) കണക്കുതീർക്കലുകളിലുള്ള വിശ്വാസം മനുഷ്യന്റെ അനീതിയോട് നമുക്കുതോന്നുന്ന ക്ഷിപ്രകോപത്തെ മയപ്പെടുത്തുന്നു. ‘ ‘പ്രതികാരം എന്റേതാണ്. ഞാൻ പകരം വീട്ടും എന്ന് കർത്താവ് അരുൾ ചെയ്യുന്നു.’ ’ 6 മനുഷ്യന്റെ അപര്യാപ്തമായ കഴിവുകളുടെ ആവശ്യകത എവിടെ? പ്രപഞ്ചം തക്ക പകപോക്കലിന് കളം ഒരുക്കുന്നുണ്ട്.ദൈവികമായ നീതി, സ്നേഹം, സർവജ്ഞത്വം, അമരത്വം എന്നിവയുടെ സാധ്യതയെ മന്ദബുദ്ധികൾ അവജ്ഞയോടെ തള്ളിക്കളയുന്നു. ‘ ‘വെറും അന്തസാരശൂന്യമായ വേദശാസ്ത്ര നിഗമനങ്ങൾ!’ ’ പ്രപഞ്ചദൃശ്യങ്ങളോട് ഭക്ത്യാദരങ്ങൾ കാട്ടാത്ത ഇത്തരം വിവേകശൂന്യരായ മനുഷ്യർ തങ്ങളുടെ ജീവിതത്തിൽ സംഘർഷാത്മകമായ സംഭവപരമ്പരകൾക്ക് തുടക്കമിടുന്നു. ഇവ ആത്യന്തികമായി അവരെ ജ്ഞാനംനേടാൻ നിർബന്ധിതരാക്കുന്നു.ജറുസലേമിലേക്ക് വിജയാഹ്ളാദത്തോടെ പ്രവേശിച്ച വേളയിൽ, ആത്മീയനിയമത്തിന്റെ സർവശക്തിത്വം ശ്രീയേശു പരാമർശിച്ചു. ശിഷ്യന്മാരും ജനതതിയും സന്തോഷത്താൽ ആർപ്പു വിളിച്ച് ‘ ‘സ്വർഗത്തിൽ സമാധാനം! അത്യുന്നതങ്ങളിൽ മഹത്വം!’ ’ എന്നു പറഞ്ഞപ്പോൾ ചില പരീശന്മാർ അത് അന്തസ്സുകെട്ട ഒരു കാഴ്ചയായിപ്പോയിയെന്ന് പരാതിപ്പെട്ടു. ‘ ‘ഗുരോ നിന്റെ ശിഷ്യന്മാരെ ശാസിക്കൂ.’ ’ എന്നാൽ തന്റെ ശിഷ്യന്മാരെ നിശ്ശബ്ദരാക്കിയാൽ, ‘ ‘ഈ കല്ലുകൾ അപ്പോൾതന്നെ ആർത്തുവിളിക്കും എന്ന്’ ’ 7 യേശു ഉത്തരം പറഞ്ഞു.പരീശന്മാരോടുള്ള ഈ ശാസനയിൽ ശ്രീയേശു ചൂണ്ടിക്കാട്ടിയത് ഇതാണ്: ദൈവികമായ നീതിനിർവഹണം ആലങ്കാരികമായ ഒരു കാല്പനിക സങ്കല്പം അല്ലായെന്നും, സമാധാനകാംക്ഷിയായ ഒരു മനുഷ്യന് തന്റെ നാവ് പിഴുതുകളയപ്പെട്ടാലും സൃഷ്ടിയുടെ അടിസ്ഥാനശിലയിൽ-പ്രപഞ്ചസംവിധാനത്തിൽ-തന്നെ അവന്റെ സംസാരശേഷിയും രക്ഷയും അവൻ കണ്ടെത്തും.ശ്രീയേശു പറയുകയായിരുന്നു: ‘ ‘സമാധാനകാംക്ഷികളായ മനുഷ്യരെ നിശ്ശബ്ദരാക്കാമെന്ന് നിങ്ങൾ കരുതുന്നുവോ? ഓരോ കല്ലുകൾ പോലും ആരുടെ മഹത്വവും സർവസാന്നിധ്യവും ഗാനം ചെയ്യുന്നുവോ ആ ഈശ്വരന്റെ ശബ്ദത്തെയും, അതുപോലെ അടക്കാമെന്ന് നിങ്ങൾ വിചാരിച്ചേക്കാം. സ്വർഗരാജ്യത്തിന്റെ സമാധാനം അവർ ഒത്തുചേർന്ന് വാഴ്ത്തിക്കൂടാ എന്ന് നിങ്ങൾ ആവശ്യപ്പെടുമോ? യുദ്ധകാലങ്ങളിൽമാത്രം കൂട്ടം ചേരാനും ഐക്യം പ്രദർശിപ്പിക്കാനും നിങ്ങൾ അവരെ ഉപദേശിക്കുമോ? എന്നിൽ, ഹേ പരീശന്മാരേ, ലോകത്തിന്റെ അടിത്തറകൾ മറിച്ചിടാൻ നിങ്ങൾ തയ്യാറായിക്കൊള്ളുക; എന്തെന്നാൽ സൗമ്യരായ മനുഷ്യരും, അതുപോലെ കല്ലും മണ്ണും, വെള്ളവും തീയും വായുവും, സൃഷ്ടിയിലെ ദൈവികമായ പൊരുത്തത്തിനു സാക്ഷ്യം വഹിക്കാൻ നിങ്ങൾക്കെതിരെ ഉയരും.’ ’ ഈശ്വരതുല്യനായ യോഗി ത്രൈലംഗസ്വാമിയുടെ കാരുണ്യാതിരേകം എന്റെ മാതുലന് ഒരിക്കൽ അനുഭവിക്കാൻ ഭാഗ്യമുണ്ടായി. ഒരു പ്രഭാതത്തിൽ വാരാണസിയിലെ ഒരു സ്നാനഘട്ടത്തിൽ ഭക്തജനത്തിരക്കിൽ ഈ ആചാര്യനെ അദ്ദേഹം കണ്ടു. ആൾക്കൂട്ടത്തിനിടയിലൂടെ വഴിയുണ്ടാക്കി ത്രൈലംഗസ്വാമിയുടെയടുത്ത് എത്താനും അദ്ദേഹത്തിന്റെ പാദം സ്പർശിച്ചു വണങ്ങാനും മാതുലന് സാധിച്ചു. വേദനയുണ്ടാക്കിയിരുന്ന ഒരു തീരാവ്യാധിയിൽനിന്ന് തനിക്ക് തൽക്ഷണമോചനം ലഭിച്ചതുകണ്ട് അദ്ദേഹം അത്ഭുതപരതന്ത്രനായി.8ശങ്കരീ മായി ജിയു9 എന്ന ഒരു സ്ത്രീയാണ് ആ യോഗിവര്യന്റെ ഇന്നു ജീവിച്ചിരിക്കുന്ന ശിഷ്യരിൽ ഒരേ ഒരാൾ. സ്വാമിയുടെ ഒരു ശിഷ്യന്റെ മകളായ അവർക്ക് കുട്ടിക്കാലം മുതൽ തന്നെ സ്വാമിയുടെ ശിക്ഷണം ലഭിച്ചു. ബദരീനാഥം, കേദാരനാഥം, അമരനാഥം, പശുപതിനാഥം എന്നിവിടങ്ങൾക്കു സമീപം ഹിമാലയത്തിലെ ഏകാന്തമായ നിരവധി ഗുഹകളിൽ അവർ നാല്പതുകൊല്ലക്കാലം കഴിഞ്ഞു. 1826-ൽ ജനിച്ച ഈ ബ്രഹ്മചാരിണിക്ക് ഇപ്പോൾ നൂറു വയസ്സിലേറെയായി. എങ്കിലും കാഴ്ചയിൽ വാർധക്യം തോന്നിക്കാത്ത അവർ കറുത്തമുടിയും തിളങ്ങുന്ന പല്ലുകളും വിസ്മയകരമായ ഉന്മേഷവും ഇപ്പോഴും നിലനിർത്തുന്നു. ഏതാനും വർഷങ്ങൾ കൂടുമ്പോൾ മേളകളുടെ വേളയിൽ അവർ ഏകാന്തത വെടിഞ്ഞ് പുറത്തു വരാറുണ്ട്.ഈ ദിവ്യമഹതി

ലാഹിരി മഹാശയനെ പലപ്പോഴും സന്ദർശിച്ചിരുന്നു. ഒരു ദിവസം കൽക്കത്തയിലെ ബാരക്പൂരഭാഗത്ത് അവർ ലാഹിരി മഹാശയന്റെ അരികിൽ ഇരിക്കുമ്പോൾ അദ്ദേഹത്തിന്റെ മഹാനായ ഗുരു ബാബാജി നിശ്ശബ്ദനായി മുറിയിൽകയറിവന്ന് അവർ രണ്ടുപേരോടും സംഭാഷണം നടത്തിയതായി അവർ പറഞ്ഞിട്ടുണ്ട്. ‘ ‘മരണമില്ലാത്ത ആ ആചാര്യൻ ഒരു നനഞ്ഞവസ്ത്രം ധരിച്ചിരുന്നു,’ ’ അവർ ഓർമിച്ചു, ‘ ‘നദിയിൽ ഒരു മുങ്ങിക്കുളികഴിഞ്ഞ് എത്തിയമാതിരി. ചില ആത്മീയനിർദേശങ്ങൾ തന്ന് അദ്ദേഹം എന്നെ അനുഗ്രഹിച്ചു.’ ’ വാരാണസിയിൽവച്ച് ഒരിക്കൽ ലാഹിരി മഹാശയന് ഒരു പൊതുവേദിയിൽ ആദരവ് അർപ്പിക്കുന്നതിനുവേണ്ടി ത്രൈലംഗ സ്വാമി തന്റെ മൗനവ്രതം ഉപേക്ഷിക്കുകയുണ്ടായി. ത്രൈലംഗസ്വാമിയുടെ ശിഷ്യരിൽ ഒരാൾ എതിർത്തു: ‘ ‘പ്രഭോ, ഒരു സ്വാമിയും സന്ന്യാസിയുമായ അങ്ങ് ഒരു ഗൃഹസ'ഥാശ്രമിയോട് എന്തിന് ഇത്ര വലിയ ആദരവു കാട്ടണം?’ ’ ‘ ‘മകനെ,’ ’ ത്രൈലംഗസ്വാമി ഉത്തരം പറഞ്ഞു, ‘ ‘പ്രപഞ്ചജനനി എവിടെവച്ചുവോ അവിടെ കഴിയുന്ന ദിവ്യനായ പൂച്ചക്കുട്ടിയെപ്പോലെയാണ് ലാഹിരി മഹാശയൻ. ഒരു ലൗകിക മനുഷ്യന്റെഭാഗം കർത്തവ്യബോധത്തോടെ അഭിനയിക്കുമ്പോൾതന്നെ അദ്ദേഹം പൂർണ ആത്മസാക്ഷാത്ക്കാരം കൈവരിച്ചു. ഞാനാണെങ്കിൽ അതു നേടിയത് എല്ലാം-എന്റെ ലങ്കോട്ടിപോലും-ഉപേക്ഷിച്ചാണ്!’ ’ [image file=image_rsrc37Y.jpg] ശങ്കരീ മായ് ജിയൂ, ത്രൈലംഗസ്വാമിയുടെ ജീവിച്ചിരിക്കുന്ന ഏക ശിഷ്യ ഹരിദ്വാരത്തെ കുംഭമേളയിൽ, 1938, അന്ന് യോഗിനിക്ക് 112 വയസ്സായിരുന്നു [image file=image_rsrc383.jpg] 1 ‘ ‘അദ്ദേഹം ഈശ്വരനുവേണ്ടിമാത്രം, അവൾ അദ്ദേഹത്തിലുള്ള ഈശ്വരനുവേണ്ടിയും’ ’ – മിൽറ്റൻ.2 ആ വന്ദ്യമാതാവ് വാരാണസിയിൽവച്ച് 1930 മാർച്ച് 25-ന് ദിവംഗതയായി.3 മനുഷ്യനിൽ സുഷുമ്നയായ ബ്രഹ്മദന്നത്തിന്റെ പ്രതീകമായി ഒരു മുളവടി ആചാരപരമായി വഹിക്കുന്ന സന്യാസിവിഭാഗത്തിലെ അംഗങ്ങൾ. മസ്തിഷ്ക-സുഷുമ്നകളിലെ ഏഴുകേന്ദ്രങ്ങളുടെ ഉണർത്തപ്പെടലാണ് അനന്തതയിലേക്കുള്ള യഥാർഥമാർഗമായി ഭവിക്കുന്നുത്.4 അദ്ദേഹം ഒരു മുനി, ആത്മീയമായ മൗനം പാലിക്കുന്ന സന്ന്യാസി ആയിരുന്നു. സംസ്കൃതത്തിലെ ‘ മുനി’ എന്ന പദം ഗ്രീക്കുഭാഷയിലെ monos (ഏകാകി, ഏകാന്തം) എന്ന പദത്തോട് സമാനമാണ്. ഇതിൽനിന്നാണ് ഇംഗ്ലീഷിലെ monk, monoism എന്ന പദങ്ങൾ വന്നിട്ടുള്ളത്.5 താരതമ്യപ്പെടുത്തുക: II രാജാക്കന്മാർ 2:19-24 (ബൈബിൾ) ജെറിക്കോയിൽവച്ച് എലീഷാ ‘ ‘രോഗവിമോചകമായ ജലങ്ങളുടെ’ ’ അത്ഭുതം കാട്ടിയശേഷം ഒരു കൂട്ടം കുട്ടികൾ അദ്ദേഹത്തെ കളിയാക്കി. ‘ ‘ അപ്പോൾ രണ്ടു പെൺ കരടികൾ കാട്ടിൽനിന്ന് ഇറങ്ങിവന്ന് ആ നാല്പത്തിരണ്ടു ബാലന്മാരെ കടിച്ചു കീറി.’ ’ 6 റോമാക്കാർ 12:19 (ബൈബിൾ)7 ലൂക്കോസ് 19:37-40 (ബൈബിൾ)8 ത്രൈലംഗസ്വാമിയുടെയും മറ്റു മഹാന്മാരായ ആചാര്യന്മാരുടെയും ജീവിതങ്ങൾ ശ്രീയേശുവിന്റെ വാക്കുകൾ നമ്മെ ഓർമിപ്പിക്കുന്നു; ‘ ‘വിശ്വസിക്കുന്നവരുടെ കൂടെ ഈ അടയാളങ്ങൾ കാണപ്പെടും: അവർ എന്റെ നാമത്തിൽ പിശാചുക്കളെ ഒഴിപ്പിക്കും; അവർ പുതിയ ഭാഷകൾ സംസാരിക്കും; അവർ സർപ്പങ്ങളെ കൈയിൽ എടുക്കും; മാരകമായ എന്തുകുടിച്ചാലും അവർക്കു ദോഷമുണ്ടാകുകയില്ല; അവർ രോഗികളുടെമേൽ കൈകൾവച്ചാൽ രോഗികൾ സുഖം പ്രാപിക്കും. ’ ’ -മർക്കോസ് 16:17-18 (ബൈബിൾ)9 'ജീ' എന്ന പരപ്രത്യയത്തിന്റെ ബംഗാളിരൂപംഅധ്യായം 32രാമൻ മരണത്തിൽനിന്ന് ഉയിർത്തെഴുനേല്പ്പിക്കപ്പെടുന്നു ‘ ‘ ‘ലാസർ എന്നൊരാൾ രോഗിയായി.... അതുകേട്ട് യേശു പറഞ്ഞു: ‘ഈ രോഗം മരണകരമല്ല. ഇതു ദൈവമഹത്വത്തിനാണ്; ഇതുമൂലം ദൈവപുത്രൻ മഹത്വപ്പെടേണ്ടിയിരിക്കുന്നു.’ ’ ’ 1ശ്രീ യുക്തേശ്വരൻ ശ്രീരാമപുരത്തെ, ആശ്രമത്തിന്റെ ബാൽക്കണിയിലിരുന്ന് പ്രസന്നമായ ഒരു പ്രഭാതത്തിൽ ക്രിസ്തീയ ശാസ്ത്ര ഗ്രന്ഥങ്ങൾ വ്യാഖ്യാനിക്കുകയായിരുന്നു. ഗുരുദേവന്റെ മറ്റ് ഏതാനും ശിഷ്യന്മാരെക്കൂടാതെ റാഞ്ചിയിലെ ഒരു സംഘം വിദ്യാർഥികളോടൊപ്പം ഞാനും അവിടെ ഉണ്ടായിരുന്നു. ‘ ‘പ്രസ്തുത ഖണ്ഡികയിൽ ശ്രീയേശു, സ്വയം ദൈവപുത്രൻ എന്നു വിളിക്കുന്നു. അദ്ദേഹം യഥാർഥത്തിൽ ഈശ്വരനിൽ ഐക്യം പ്രാപിച്ചിരുന്നെങ്കിലും ഇവിടത്തെ പരാമർശത്തിന് അഗാധമായ, വ്യക്തിപരമല്ലാത്ത ഒരു അർഥവ്യാപ്തിയുണ്ട്,’ ’ എന്റെ ഗുരുദേവൻ വിശദീകരിച്ചു. ‘ ‘ ദൈവപുത്രൻ എന്നാൽ മനുഷ്യനിലെ ക്രിസ്തു അഥവാ ഈശ്വരബോധമാണ്. ഒരു മർത്യനും ഈശ്വരന് മാഹാത്മ്യമേകാൻ ആവില്ല. തന്റെ സ്രഷ്ടാവിനെ തേടുക എന്ന ഒരൊറ്റ ബഹുമതിമാത്രമേ മനുഷ്യന് അദ്ദേഹത്തോട് കാട്ടാൻകഴിയൂ; തനിക്ക് അറിഞ്ഞുകൂടാത്ത ഒരു അമൂർത്തതക്ക് മഹത്വമണയ'ക്കുവാൻ അവനു കഴിയുകയില്ല. ദിവ്യന്മാരുടെ ശിരസ്സിനുചുറ്റുമുള്ള ‘ ദിവ്യപരിവേഷം’ ഈശ്വരനെ അറിഞ്ഞ് ആരാധന അർപ്പിക്കുവാൻ അവർക്കുള്ള യോഗ്യതയുടെ പ്രതീകാത്മകമായ സാക്ഷ്യമാണ്.’ ’ ശ്രീ യുക്തേശ്വരൻ ലാസറുടെ ഉയിർത്തെഴുന്നേല്പിന്റെ വിസ്മയകരമായകഥ തുടർന്നുവായിച്ചു. അതു തീർന്നപ്പോൾ അദ്ദേഹം നീണ്ട ഒരു നിശ്ശബ്ദതയിലേക്കുകടന്നു. വിശുദ്ധഗ്രന്ഥം മടിയിൽ തുറന്നിരുന്നു. ‘ ‘ഇതുപോലൊരു ദിവ്യാത്ഭുതംവീക്ഷിക്കാൻ എനിക്കും ഭാഗ്യം ലഭിച്ചു.’ ’ ഒടുവിൽ എന്റെ ഗുരുദേവൻ ഗൗരവമാർന്ന ഭക്തിഭാവത്തോടെ പറഞ്ഞു. ‘ ‘എന്റെ സ്നേഹിതരിൽ ഒരാളെ ലാഹിരി മഹാശയൻ മരണത്തിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ചു.’ ’ എന്റെ അരികിലിരുന്ന കുട്ടികൾ ഏറിയ കൗതുകത്തോടെ പുഞ്ചിരിച്ചു. ദാർശനികചിന്ത മാത്രമല്ല പ്രത്യേകിച്ചും അദ്ദേഹത്തിന്റെ ഗുരുനാഥനോടൊത്തുള്ള അത്ഭുതകരമായ അനുഭവങ്ങളുടെ ഏതു കഥ ശ്രീ യുക്തേശ്വരനെക്കൊണ്ട്

പറയിപ്പിക്കാമോ അതും ആസ്വദിക്കാൻ പോരുന്ന ഒരു ബാലകൻ എന്നിലുമുണ്ടായിരുന്നു. ‘ ‘എന്റെ സ്നേഹിതൻ രാമനും ഞാനും കൂട്ടുപിരിഞ്ഞിരുന്നില്ല.’ ’ ഗുരുദേവൻ കഥ തുടങ്ങി. ‘ ‘ ഞങ്ങളുടെ ഗുരുനാഥൻ ലാഹിരി മഹാശയനെ കാണാൻ ലജ്ജാശീലനും ഏകാന്തതാപ്രിയനുമായിരുന്നതുകൊണ്ട് അർധരാത്രിക്കും പ്രഭാതത്തിനുമിടയ'ക്കുള്ള സമയത്തു മാത്രമാണ് അവൻ വരിക. അപ്പോൾ പകലുള്ള ശിഷ്യവൃന്ദത്തിന്റെ തിരക്ക് ഉണ്ടാവുകയില്ല. ഞാൻ അവന്റെ ഏറ്റവും അടുത്ത സ്നേഹിതനായിരുന്നതിനാൽ അവന്റെ പല അഗാധ ആത്മീയാനുഭൂതികളും എന്നോട് രഹസ്യമായി പറഞ്ഞിരുന്നു. അവനോടുള്ള ഉത്തമമായ കൂട്ടുകെട്ട് എനിക്ക് വലിയ പ്രചോദനമായി.’ ’ എന്റെ ഗുരുദേവന്റെ മുഖം ഓർമകളാൽ സ്നിഗ്ധമായി. ‘ ‘ പെട്ടെന്ന് കഠിനമായ ഒരു പരീക്ഷണത്തിന് രാമൻ വിധേയനായി,’ ’ ശ്രീ യുക്തേശ്വരൻ തുടർന്നു. ‘ ‘ഏഷ്യാറ്റിക് കോളറപിടിച്ച് അവൻ കിടപ്പിലായി. കലശലായ രോഗാവസ'ഥയിൽ ഡോക്ടർമാരുടെ സേവനം സ്വീകരിക്കുന്നതിൽ ഞങ്ങളുടെ ഗുരുനാഥന് എതിർപ്പില്ലായിരുന്നതിനാൽ രണ്ടു വിദഗ്ദ്ധ ഡോക്ടർമാരെ വരുത്തി. രോഗിയെ ശുശ്രൂഷിക്കുന്ന തിരക്കിനിടയിൽ ഞാൻ ലാഹിരി മഹാശയനോട് സഹായത്തിനായി അഗാധമായി പ്രാർഥിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ വീട്ടിലേക്ക് തിടുക്കത്തിൽ പോയി ഞാൻ കഥ ഏങ്ങിയേങ്ങിപ്പറഞ്ഞു. ‘ ‘ ‘ഡോക്ടർമാർ രാമനെ നോക്കുന്നുണ്ട്. അവൻ സുഖം പ്രാപിക്കും.' എന്റെ ഗുരു ഉല്ലാസവനായി ചിരിച്ചു. ‘ ‘ഭാരംമാറിയ മനസ്സോടെ ഞാൻ സുഹൃത്തിന്റെ കിടക്കയ'ക്ക് അരികിൽ തിരിച്ചെത്തിയപ്പോൾ അത്യാസന്നനിലയിലാണ് അവനെ കണ്ടത്. ‘ ‘ ‘അവൻ ഒന്നോ രണ്ടോ മണിക്കൂറിലധികം ജീവിച്ചിരിക്കുകയില്ല,' ഡോക്ടർമാരിൽ ഒരാൾ നിരാശയുടെ ആംഗ്യത്തോടെ എന്നോടു പറഞ്ഞു. ഒരിക്കൽക്കൂടി ഞാൻ ലാഹിരി മഹാശയന്റെഅടുത്ത് പാഞ്ഞെത്തി. ‘ ‘ ‘ആ ഡോക്ടർമാർ മന:സാക്ഷിയുള്ളവരാണ്. രാമൻ സുഖം പ്രാപിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്.’ ഗുരുദേവൻ എന്നെ ആഹ്ലാദപൂർവം തിരിച്ചയച്ചു. ‘ ‘രാമന്റെ വീട്ടിൽ ചെന്നപ്പോൾ രണ്ടു ഡോക്ടർമാരും പോയ തായിക്കണ്ടു. ഒരാൾ എനിക്ക് ഒരു കുറിപ്പ് വച്ചിരുന്നു: ‘ഞങ്ങൾക്ക് ആവുന്നതിന്റെ പരമാവധി ഞങ്ങൾ ചെയ്തുകഴിഞ്ഞു. പക്ഷേ അവന്റെ കാര്യം പ്രതീക്ഷക്ക് വകനൽകുന്നില്ല.’ ‘ ‘എന്റെ ചങ്ങാതി വാസ്തവത്തിൽ മരിച്ചുകൊണ്ടിരിക്കുന്നതായി കാണപ്പെട്ടു. ലാഹിരി മഹാശയന്റെ വാക്കുകൾ എങ്ങനെ ഫലിക്കാതെ വരാനാണെന്ന് ഞാൻ അത്ഭുതപ്പെട്ടു. എങ്കിലും രാമന്റെ ജീവൻ അതിവേഗം വാർന്നുപൊയ'ക്കൊണ്ടിരുന്ന കാഴ്ച എന്റെ മനസ്സിന് ‘എല്ലാം കഴിഞ്ഞു' എന്ന തോന്നൽ നൽകിക്കൊണ്ടേയിരുന്നു. വിശ്വാസത്തിന്റെയും സംശയത്തിന്റെയും മാറിമാറി വന്ന അലമാലകളിൽ കുഴങ്ങിയ ഞാൻ എന്റെ സ്നേഹിതനെ കഴിയുംവിധം ശുശ്രൂഷിച്ചു. അവൻ ശക്തിസംഭരിച്ച് ഇത്രയും പറഞ്ഞു: ‘ ‘ ‘യുക്തേശ്വരാ, ഗുരുദേവന്റെയടുത്ത് ഓടിച്ചെന്നുപറയൂ ഞാൻ പോയീയെന്ന്. അന്ത്യകർമങ്ങൾക്കുമുമ്പ് എന്റെ ശരീരത്തെ അനുഗ്രഹിക്കാൻ ആവശ്യപ്പെടൂ.' ഈ വാക്കുകളോടെ അവൻ അന്ത്യശ്വാസം വലിച്ചു.2 ‘ ‘അവന്റെ കിടക്കയ'ക്കരികിലിരുന്ന് ഒരു മണിക്കൂർ നേരം ഞാൻ കരഞ്ഞു. എപ്പോഴും പ്രശാന്തിയെ പ്രേമിച്ചിരുന്ന അവൻ മരണത്തിന്റെ നിത്യശാന്തിപൂകി. മറ്റൊരു ശിഷ്യൻ കയറിവന്നു; ഞാൻ തിരിച്ചുവരുന്നതു വരെ അവനോട് അവിടെ ഇരിക്കാൻ പറഞ്ഞ് അർധപ്രജ്ഞനായ ഞാൻ തിരിച്ച് ഗുരുദേവന്റെ അടുത്തേക്ക് കഷ്ടപ്പെട്ടുനടന്നു. ‘ ‘ ‘രാമന് ഇപ്പോൾ എങ്ങനെയിരിക്കുന്നു?' ലാഹിരി മഹാശയന്റെമുഖം പുഞ്ചിരിയിൽ പൊതിഞ്ഞിരുന്നു. ‘ ‘ ‘അവന് എങ്ങനെയുണ്ടെന്ന് താമസിയാതെ അങ്ങയ'ക്ക് ബോധ്യമാകും.’ ഞാൻ വികാരധീനനായി വിളിച്ചുപറഞ്ഞു. ‘ഏതാനും മണിക്കൂറുകൾക്കകം ചുടലയിലേക്ക് കൊണ്ടുപോകുന്നതിനുമുമ്പ് അവന്റെ ജഡം അങ്ങ് കാണും,’ തകർന്നുപോയ ഞാൻ വാവിട്ടു കരഞ്ഞു. ‘ ‘ ‘യുക്തേശ്വരാ, സ്വയം നിയന്ത്രിക്കൂ. ശാന്തനായിരുന്നു ധ്യാനിക്കൂ.’ എന്റെ ഗുരുദേവൻ സമാധിയിലേക്കു പിൻവാങ്ങി. സായാഹ്നവും രാത്രിയും സമ്പൂർണ നിശ്ശബ്ദതയിൽ കടന്നുപോയി; ഉള്ളിലെ സമാധാനം വീണ്ടെടുക്കാൻ ഞാൻ വൃഥാവിൽ ശ്രമിച്ചു. ‘ ‘പ്രഭാതത്തിൽ ലാഹിരി മഹാശയൻ സാന്ത്വനപൂർവം എന്നെ നോക്കി. ‘നീ ഇപ്പോഴും അസ്വസ'ഥനാണെന്ന് ഞാൻ മനസ്സിലാക്കുന്നു. മരുന്നിന്റെ രൂപത്തിൽ വ്യക്തമായി കാണത്തക്ക എന്തെങ്കിലും വസ്തു രാമനു വേണ്ടി ഞാൻ നൽകുമെന്ന് നീ പ്രതീക്ഷിച്ചുവെന്ന് ഇന്നലെ എന്താണ് പറയാതിരുന്നത്?' കപ്പിന്റെ ആകൃതിയിലുള്ള ഒരു വിളക്ക് ഗുരുദേവൻ ചൂണ്ടിക്കാട്ടി. ശുദ്ധീകരിക്കാത്ത ആവണക്കെണ്ണയായിരുന്നു അതിൽ. ‘ഒരു ചെറിയ കുപ്പിയിൽ വിളക്കിൽ നിന്നുള്ള എണ്ണ നിറയ'ക്കൂ; ഏഴുതുള്ളികൾ രാമന്റെ വായിൽ ഒഴിക്കൂ.' ‘ ‘ ‘പ്രഭോ, ഇന്നലെ ഉച്ചക്കാണ് അവൻ മരിച്ചത്. ഇനി എണ്ണ കൊണ്ട് എന്തുഫലം?' ഞാൻ എതിർത്തു. ‘ ‘ ‘സാരമില്ല, ഞാൻ പറയുന്നതുപോലെ ചെയ്യൂ' ഗുരുവിന്റെ പ്രസന്നഭാവം എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല; വേർപാടിന്റെ വേദനയിൽനിന്ന് അപ്പോഴും ഞാൻ മോചിതനായിരുന്നില്ല. ഒരല്പം എണ്ണ ഒഴിച്ചെടുത്തുകൊണ്ട് ഞാൻ രാമന്റെ വീട്ടിലേക്കുതിരിച്ചു. ‘ ‘മരണത്തിന്റെ പിടിയിൽ എന്റെ സുഹൃത്തിന്റെ ശരീരം മരവി ച്ചിരുന്നു. അവന്റെ ദാരുണമായ സ'ഥിതി വകവയ'ക്കാതെ അവന്റെ ചുണ്ടുകൾ ഞാൻ എന്റെ വലതു ചൂണ്ടുവിരൽ കൊണ്ട് തുറന്നു; എന്റെ ഇടതുകൈയും കോർക്കും കൊണ്ട് അവന്റെ കടിച്ചുപിടിച്ചിരുന്ന പല്ലുകളുടെമേലെ എണ്ണ തുള്ളിതുള്ളിയായി ഒഴിക്കാൻ എനിക്ക് ഒരുവിധം കഴിഞ്ഞു. ഏഴാമത്തെ തുള്ളി അവന്റെ തണുത്ത ചുണ്ടുകളെ സ്പർശിച്ചപ്പോൾ രാമൻ ശക്തമായി പിടച്ചു. വിസ്മയത്തോടെ അവൻ എഴുന്നേറ്റിരുന്നപ്പോൾ അവന്റെ പേശികൾ

നഖശിഖാന്തം പ്രകമ്പനം കൊണ്ടു. ‘ ‘ ‘ഒരു പ്രഭാപ്രസരത്തിൽ ഞാൻ ലാഹിരി മഹാശയനെ കണ്ടു,' അവൻ ഉറക്കപ്പെറഞ്ഞു. ‘അദ്ദേഹം സൂര്യനെപ്പോലെ തിളങ്ങി.' ‘ ‘എഴുന്നേൽക്കൂ, നിന്റെ ഉറക്കം മതിയാക്കൂ’ ’ അദ്ദേഹം ആജ്ഞാപിച്ചു. ‘ ‘യുക്തേശ്വരന്റെകൂടെ എന്നെ കാണാൻ വരൂ. ’ ’ ‘ ‘രാമൻ സ്വയം വസ്ത്രം മാറിയപ്പോഴും മാരകമായ അസുഖത്തിനുശേഷം ഞങ്ങളുടെ ഗുരുവിന്റെ വീടുവരെ നടക്കാൻ ശക്തനായപ്പോഴും എനിക്ക് എന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. കൃതജ്ഞതയുടെ കണ്ണീരോടെ അവൻ ലാഹിരി മഹാശയന്റെമുന്നിൽ സാഷ്ടാംഗം നമസ്കരിച്ചു. ‘ ‘ഗുരുദേവന് ചിരി അടക്കാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ കണ്ണുകൾ എന്നെ നോക്കിയപ്പോൾ കുസൃതികൊണ്ടുതിളങ്ങി. ‘ ‘അദ്ദേഹം പറഞ്ഞു, ‘യുക്തേശ്വരാ, ഒരു കുപ്പി ആവണക്കെണ്ണ കൊണ്ടുനടക്കാൻ തീർച്ചയായും നീ ഇനിമേലിൽ മറക്കില്ല. എപ്പോഴെങ്കിലും ഒരു ശവശരീരംകണ്ടാൽ എണ്ണ പ്രയോഗിച്ചേക്കണം. എന്താ, ഏഴുതുള്ളി വിളക്കെണ്ണ യമന്റെ ശക്തിയെ പരാജയെപ്പെടുത്താൻ തീർച്ചയായും മതിയാകണമല്ലോ!' ‘ ‘ ‘ഗുരുജീ, അങ്ങ് എന്നെ കളിയാക്കുകയാണ്. എനിക്ക് മന സ്സിലാകുന്നില്ല; എന്റെ തെറ്റ് എന്താണെന്ന് ദയവുചെയ്തുപറഞ്ഞു തരൂ.' ‘ ‘ ‘രാമൻ സുഖംപ്രാപിക്കുമെന്ന് ഞാൻ രണ്ടു തവണ നിന്നോടു പറഞ്ഞു; എന്നിട്ടും നിനക്ക് എന്നെ പൂർണമായും വിശ്വസിക്കാൻ കഴിഞ്ഞില്ല,' ലാഹിരി മഹാശയൻ വിശദീകരിച്ചു. ‘ ഡോക്ടർമാർക്ക് അവനെ സുഖപ്പെടുത്താനാവുമെന്ന് ഞാൻ അർഥമാക്കിയില്ല; അവരും സ'ഥലത്തുണ്ടല്ലോ എന്നേ ഞാൻ അഭിപ്രായപ്പെട്ടുള്ളൂ. ഭിഷഗ്വരന്മാരുടെ ചികിത്സയിൽ ഇടപെടാൻ ഞാൻ ആഗ്രഹിച്ചില്ല; അവർക്കും ജീവിക്കേണ്ടേ!' സന്തുഷ്ടി മുഴങ്ങുന്ന വാക്കുകളിൽ എന്റെ ഗുരു തുടർന്നു, ‘സർവശക്തനായ പരമാത്മന് ആരെയും സുഖപ്പെടുത്താൻ കഴിയും, ഡോക്ടർ ഉണ്ടെങ്കിലും ഇല്ലെങ്കിലുമെന്ന് എക്കാലവും ഓർക്കുക.' ‘ ‘ ‘എന്റെ തെറ്റുമനസ്സിലായി,' പരിതാപത്തോടെ ഞാൻ ഏറ്റു പറഞ്ഞു. ‘അങ്ങയുടെ ലളിതമായവാക്കുകൾ പ്രപഞ്ചത്തിനുമുഴുവനും ബാധകമാണെന്ന് ഞാൻ ഇപ്പോൾമനസ്സിലാക്കുന്നു.’ ’ ശ്രീ യുക്തേശ്വരൻ ഭക്ത്യാദരങ്ങൾ ഉണർത്തുന്ന കഥ പറഞ്ഞു കഴിഞ്ഞപ്പോൾ, റാഞ്ചിയിൽനിന്നുള്ള ഒരു കുട്ടി ഒരു ചോദ്യം ചോദിക്കാൻ മുതിർന്നു. ഒരു ബാലനിൽനിന്ന് അത്തരം ചോദ്യം തീർത്തും മനസ്സിലാക്കത്തക്കതായിരുന്നു. ‘ ‘പ്രഭോ, അങ്ങയുടെ ഗുരു എന്തിനാണ് ആവണക്കെണ്ണ തന്നയച്ചത്?’ ’ ‘ ‘കുഞ്ഞേ, എണ്ണ തന്നതിൽ പ്രത്യേകിച്ച് അർഥമൊന്നുമില്ല. ഞാൻ പ്രകടമായ എന്തെങ്കിലും വസ്തു പ്രതീക്ഷിച്ചതു കാരണം, ലാഹിരി മഹാശയൻ അടുത്തിരുന്ന എണ്ണ തിരഞ്ഞെടുത്തുവെന്നേയുള്ളൂ. എന്നിൽ ഏറിയ വിശ്വാസം വളർത്താനുള്ള വസ്തുനിഷ്ഠമായ ഒരു പ്രതീകമായിരുന്നു അത്. ഞാൻ ഒരല്പം സംശയിച്ചതിനാൽ, ഗുരുദേവൻ രാമനെ മരിക്കാൻ അനുവദിച്ചു. ശിഷ്യന് സുഖമാകുമെന്ന് അദ്ദേഹം പറഞ്ഞു കഴിഞ്ഞ സ'ഥിതിക്ക് രോഗവിമോചനം നടന്നേ തീരൂവെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. അതുകൊണ്ട് സാധാരണഗതിയിൽ ആത്യന്തിക രോഗമായ മരണത്തിൽ നിന്നുതന്നെ രാമനെ രക്ഷപ്പെടുത്തേണ്ടിവന്നു.’ ’ കഥകേട്ടിരുന്ന ആ ചെറിയ സംഘത്തെ ശ്രീ യുക്തേശ്വരൻ പിരിച്ചുവിട്ടു. എന്നിട്ട് തന്റെ കാല്ക്കലുള്ള ഒരു കമ്പളത്തിന്റെ ഇരിപ്പിടത്തിൽ ഇരിക്കാൻ എന്നോട് ആംഗ്യംകാട്ടി. ‘ ‘യോഗാനന്ദാ,’ ’ അസാധാരണമായ ഗൗരവത്തോടെ അദ്ദേഹം പറഞ്ഞു, ‘ ‘ലാഹിരി മഹാശയന്റെ നേരിട്ടുള്ള ശിഷ്യന്മാരുടെ മധ്യത്തിലായിരുന്നു നിന്റെ ജനനം മുതൽ നീ. ആ മഹാനായ ആചാര്യൻ തന്റെ ഉദാത്തമായജീവിതം ഭാഗികമായ ഏകാന്തതയിലാണ് കഴിച്ചത്; തന്റെ ആദർശങ്ങളും ഉപദേശങ്ങളും അടിസ'ഥാനമാക്കി എന്തെങ്കിലും ഒരു സംഘടന അനുയായികൾ കെട്ടിപ്പടുക്കുന്നതിനെതിരെ അദ്ദേഹം ഉറച്ചുനിന്നു. എന്നിരുന്നാലും അദ്ദേഹം ശ്രേഷ്ഠമായ ഒരു പ്രവചനം നടത്തി. ‘ ‘ ‘എന്റെ തിരോധാനത്തിന് ഏതാണ്ട് അമ്പത് വർഷങ്ങൾക്കു ശേഷം യോഗശാസ്ത്രത്തിന് പാശ്ചാത്യരാജ്യങ്ങളിൽ ഉണ്ടാകാൻ പോകുന്ന അഗാധമായ താല്പര്യം നിമിത്തം എന്റെ ജീവിതത്തിന്റെ ഒരു വിവരണം എഴുതാൻ ഇടയാകും. യോഗശാസ്ത്രത്തിന്റെ സന്ദേശം ലോകത്തെ വലയംചെയ്യും. ‘ ഏകപിതാവ്' എന്ന ദർശനത്തെ ആധാരമാക്കിയുള്ള ഐക്യത്തെ-മനുഷ്യസാഹോദര്യത്തെ-സ'ഥാപിക്കുന്നതിന് അത് സഹായകമാകും.' ‘ ‘മകനെ, യോഗാനന്ദാ,’ ’ ശ്രീ യുക്തേശ്വരൻ തുടർന്നു, ‘ ‘ആ സന്ദേശം പ്രചരിപ്പിക്കുന്നതിലും ആ വിശുദ്ധ ജീവിതകഥ എഴുതുന്നതിലും നീ നിന്റെ പങ്ക് വഹിക്കണം.’ ’ ലാഹിരി മഹാശയൻ 1895-ൽ സമാധിയായിട്ട് അമ്പതു വർഷം 1945-ൽ ഈ പുസ്തകം എഴുതിത്തീർന്ന വർഷം തികഞ്ഞു. 1945 പുതിയ ഒരു കാലഘട്ടത്തെ-വിപ്ലവകരമായ ആണവ ഊർജത്തിന്റെ ഒരു പുതിയ യുഗപ്പിറവിയെ-സ്വാഗതം ചെയ്തുവെന്ന യാദൃച്ഛികതയും എന്റെ മനസ്സിൽ തട്ടാതിരുന്നില്ല. എല്ലാ ചിന്താശീലമായ മനസ്സുകളും സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും അടിയന്തിരപ്രശ്നങ്ങളിലേക്ക് മുമ്പെങ്ങുമില്ലാത്തവണ്ണം തിരിയുന്നു. കാരണം, തുടരെയുള്ള ബലപ്രയോഗം മനുഷ്യരാശിയെ അതിന്റെ പ്രശ്നങ്ങളോടൊപ്പം നിഷ്കാസനം ചെയ്തെന്നു വരാം.കാലത്താലോ ബോംബുകൊണ്ടോ മനുഷ്യരാശിയും അതിന്റെ പ്രയത്നഫലങ്ങളും ഒരു നേരിയ അടയാളംപോലും അവശേഷിപ്പിക്കാതെ അപ്രത്യക്ഷമായാലും സൂര്യൻ തന്റെ പാതയിൽ നിന്ന് വ്യതിചലിക്കുകയില്ല: താരങ്ങൾ അവയുടെ മാറ്റമില്ലാത്ത ജാഗ്രത പുലർത്തുകയും ചെയ്യും. പ്രപഞ്ചനിയമങ്ങൾ നിർത്തിവയ'ക്കാനോ അസ'ഥിരപ്പെടുത്താനോ കഴിയുകയില്ല. അവയുമായി സ്വയം സമരസപ്പെട്ടുപോകുകയാണ് മനുഷ്യന് ഏറെ ഉത്തമമായി ചെയ്യാവുന്നത്. പ്രപഞ്ചം

കൈയ്യൂക്കിന് എതിരാണെങ്കിൽ, സൂര്യൻ നഭോമണ്ഡലത്തിൽ ഒരു സമരത്തിനു മുതിരാതെ തനിക്ക് അവകാശപ്പെട്ട സമയത്തുതന്നെ പിൻവാങ്ങി താരങ്ങൾക്ക് രാത്രിയിൽ അവരുടെ എളിയ സ്വാധീനം അനുവദിക്കുന്നുവെങ്കിൽ, നമ്മുടെ ചുരുട്ടിയ മുഷ്ടികൊണ്ട് എന്തുഫലം? അതിൽനിന്ന് സമാധാനം ഉടലെടുക്കുമോ? ക്രൂരതയല്ല സന്മനസ്സാണ് പ്രപഞ്ചപേശികൾക്ക് കരുത്തു നൽകുന്നത്.
സമാധാനത്തിൽ കഴിയുന്ന മനുഷ്യരാശി വിജയത്തിന്റെ നിരവധി ഗുണഫലങ്ങൾ അറിയുന്നു.
രക്തം വീണു കുതിർന്ന മണ്ണിലുണ്ടായവയെക്കാൾ ഇവയ'ക്ക് മാധുര്യമേറും.ഫലവത്തായ ഒരു ഐക്യരാഷ്ട്രസംഘടന സ്വാഭാവികവും പേരൊന്നുമില്ലാത്തതുമായ ഒരു ഐക്യഹൃദയസംഘടനയായിരിക്കും. ലൗകിക യാതനകൾ പരിഹരിക്കാൻ വിശാലമായ സഹാനുഭൂതിയും വിവേകപൂർണമായ ഉൾക്കാഴ്ചയും ആവശ്യമാണ്. മനുഷ്യന് ഈശ്വരനുമായുള്ള ബന്ധുത്വം എന്ന അഗാധമായ ഐക്യത്തെപ്പറ്റിയുള്ള ബോധത്തിൽനിന്നല്ലാതെ മനുഷ്യരുടെ ഇടയിലെ വൈരുധ്യങ്ങളുടെ വെറുമൊരു ബുദ്ധിപരമായ വിശകലനത്തിൽ നിന്ന് ഇവ ഉണ്ടാവുകയില്ല. ലോകത്തിന്റെ പരമോന്നതമായ ആദർശ ലക്ഷ്യം-സാഹോദര്യത്തിലൂടെ സമാധാനം-നേടുന്നതിന്, വ്യക്തിനിഷ്ഠമായ ഈശ്വരപ്രാപ്തിയുടെ ശാസ്ത്രമായ യോഗാഭ്യാസം എല്ലാവരിലും എല്ലാദേശത്തും വൈകാതെ എത്തിച്ചേരട്ടെ!ഭാരതത്തിന് മറ്റേതൊരു ദേശത്തിന്റേതിനെക്കാളും പ്രാചീനമായ ഒരു സംസ്ക്കാരമാണുള്ളത്. അവൾ കാലത്തെ അതിജീവിച്ചു എന്ന അത്ഭുതം ഒരു കാരണവശാലും ഒരു യാദൃച്ഛിക സംഭവമല്ലായെന്ന് അധികം ചരിത്രകാരന്മാർ ശ്രദ്ധിച്ചിട്ടില്ല. ഓരോ തലമുറയിലെയും ശ്രേഷ്ഠസന്താനങ്ങളിലൂടെ ഭാരതം സനാതനസത്യങ്ങളോട് വച്ചുപുലർത്തിയിട്ടുള്ള ഭക്ത്യാദരങ്ങളുടെ ചരിത്രത്തിന്റെ സ്വാഭാവികമായ പരിണാമമാണിത്. നിലനില്പിന്റെ തികഞ്ഞ നിത്യതകൊണ്ട് യുഗങ്ങൾക്ക്(എത്രയെന്ന് മുഷിപ്പൻ പണ്ഡിതന്മാർക്ക് ശരിയായി പറയാൻ കഴിയുമോ?) മുന്നിൽ അചഞ്ചലസ'ഥിരതയാൽ ഭാരതം കാലത്തിന്റെ വെല്ലുവിളികൾക്ക് ഏതൊരു ജനതയ'ക്കും നൽകാവുന്നതിൽ ഏറ്റവും ശ്രേഷ്ഠമായ പ്രത്യുത്തരം നൽകിയിട്ടുണ്ട്.ധർമിഷ്ഠരായ പത്തുപേർ അവിടെ ഉണ്ടാകുന്നുവെങ്കിൽ സോദോം പട്ടണത്തെ സർവനാശത്തിൽനിന്നു രക്ഷിക്കണമെന്ന് മഹാപ്രഭുവിനോടുള്ള എബ്രഹാമിന്റെ അപേക്ഷയും3 ‘ ‘പത്തുപേരെ ഓർത്ത് ഞാൻ അതിനെ നശിപ്പിക്കുകയില്ല,’ ’ എന്ന ദൈവികമായ മറുപടിയും ഒരു ബൈബിൾ കഥയിലുണ്ട്. ഭാരതം വിസ്മൃതിയിൽ പെടാതെ രക്ഷപ്പെട്ടതിന്റെ വെളിച്ചത്തിൽ ഈ കഥയ'ക്ക് പുതിയ അർഥവ്യാപ്തി ലഭിക്കുന്നു. യുദ്ധകലകളിൽ വൈദഗ്ധ്യമാർന്ന ശക്തമായ രാഷ്ട്രങ്ങളുടെ സാമ്രാജ്യങ്ങൾ, ഒരിക്കൽ ഭാരതത്തിന് സമകാലീനമായിരുന്ന പ്രാചീന ഈജിപ്റ്റ്, ബാബിലോണിയ, ഗ്രീസ്, റോം എന്നിവ മണ്ണടിഞ്ഞുകഴിഞ്ഞു.ഒരു രാഷ്ട്രം നിലനിൽക്കുന്നത് അതിന്റെ ഭൗതികനേട്ടങ്ങളിലല്ലാ, മറിച്ച് അതിന്റെ ഉദാത്തസൃഷ്ടികളായ ഉത്തമസന്താനങ്ങളിലാണെന്ന് മഹാപ്രഭുവിന്റെ ഉത്തരം വ്യക്തമായിക്കാട്ടുന്നു.പാതി കഴിയും മുമ്പുതന്നെ രണ്ടുപ്രാവശ്യം രക്തത്തിന്റെ കറ പുരണ്ട ഇരുപതാം നൂറ്റാണ്ടിൽ ഈ ദിവ്യവചനങ്ങൾ ഇനിയും കേൾക്കട്ടെ: ‘ ‘കൈക്കൂലിക്കു വഴങ്ങാത്ത ന്യായാധിപന്റെ’ ’ കണ്ണിൽ ശ്രേഷ്ഠരായ പത്തുപേരെ സൃഷ്ടിക്കാൻ കഴിയുന്ന ഒരു രാജ്യവും ഇനി ഉന്മൂലനാശം അറിയാനിടയാകരുത്.അത്തരം പ്രേരണകൾ മാനിച്ചുകൊണ്ട് കാലത്തിന്റെ ഒരായിരം കൗശലങ്ങളുടെമുന്നിൽ, താൻ കഴിവുകെട്ടവളല്ലായെന്ന് ഭാരതം തെളിയിച്ചിട്ടുണ്ട്.
ആത്മസാക്ഷാത്ക്കാരം ലഭിച്ച ആചാര്യന്മാർ ഓരോ നൂറ്റാണ്ടിലും ഈ മണ്ണ് പവിത്രമാക്കിയിട്ടുണ്ട്.
ലാഹിരി മഹാശയനെയും ശ്രീ യുക്തേശ്വരനെയുംപോലുള്ള ക്രിസ്തുസമാനരായ ആധുനിക കാലത്തെ യോഗികൾ ഈശ്വരസാക്ഷാത്ക്കാരത്തിന്റെ ശാസ്ത്രമായ യോഗാഭ്യാസത്തിന്റെ അറിവ് മനുഷ്യന്റെ ആനന്ദത്തിനും ഒരു രാഷ്ട്രത്തിന്റെ ദീർഘായുസ്സിനും അനിവാര്യമാണെന്ന് പ്രഖ്യാപിക്കാൻ ആവിർഭവിക്കുന്നു.ലാഹിരി മഹാശയന്റെ ജീവിതത്തെയും അദ്ദേഹത്തിന്റെ സാർവലൗകിക സിദ്ധാന്തത്തെയുംപറ്റി വളരെ പരിമിതമായ വിവരങ്ങളേ അച്ചടിയിൽ വന്നിട്ടുള്ളൂ.4
മൂന്നു ദശാബ്ദമായി ഭാരതത്തിലും, അമേരിക്കയിലും, യൂറോപ്പിലും, വിമോചകമായ യോഗവിദ്യയെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ സന്ദേശത്തിൽ അഗാധവും ആത്മാർഥവുമായ താല്പര്യം ഞാൻ കണ്ടിട്ടുണ്ട്. ആ ആചാര്യന്റെ ജീവിതത്തെപ്പറ്റി എഴുതിയ ഒരു വിവരണം അദ്ദേഹം ദീർഘദർശനം ചെയ്തതുപോലെ, ഇപ്പോൾ പാശ്ചാത്യദേശങ്ങളിൽ ആവശ്യമായിരിക്കുന്നു. അവിടെ മഹാന്മാരായ ആധുനികയോഗികളുടെ ജീവചരിത്രം വലുതായി അറിയപ്പെടുന്നില്ല.ലാഹിരി മഹാശയൻ 1828 സെപ്റ്റംബർ 30-ാം തീയതി ഒരു പുരാതന ഭക്തബ്രാഹ്മണകുടുംബത്തിൽ ജനിച്ചു.
ബംഗാളിൽ കൃഷ്ണനഗരത്തിനടുത്തുള്ള നദിയാതാലൂക്കിലെ ഘുർണി ഗ്രാമമാണ് അദ്ദേഹത്തിന്റെ ജന്മസ'ഥലം. ആദരണീയനായ ഗൗർ മോഹൻ ലാഹിരിയുടെ രണ്ടാമത്തെ ഭാര്യ ശ്രീമതി മുക്തകാശിയുടെ ഏക പുത്രനായിരുന്നു അദ്ദേഹം (പിതാവിന്റെ ആദ്യപത്നി മൂന്നു പുത്രന്മാരുടെ ജനനത്തിനുശേഷം ഒരു തീർഥാടനവേളയിൽ മരിക്കുകയാണുണ്ടായത്). ബാല്യത്തിൽതന്നെ കുട്ടിയുടെ അമ്മ മരിച്ചു; ‘ ‘യോഗിരാജ’ ’ നായ പരമശിവന്റെ ഒരു ഉറച്ചഭക്തയായിരുന്നുവെന്ന സാർഥകമായ വിവരമല്ലാതെ മറ്റൊന്നും അവരെക്കുറിച്ച് അറിവില്ല.ശ്യാമാ ചരണ ലാഹിരി എന്ന മുഴുവൻ പേരുള്ള കുട്ടി ഘുർണിയിൽ തന്റെ കുടുംബഗൃഹത്തിൽ ബാല്യകാലം ചെലവഴിച്ചു. ഈ കുട്ടി മൂന്നുനാലു വയസ്സുള്ളപ്പോൾ തല ഒഴികെ ബാക്കിശരീരം മണ്ണിനടിയിലാക്കി, ഒരു പ്രത്യേക യോഗാസനത്തിൽ ഇരിക്കുന്നത് പലപ്പോഴും കാണാമായിരുന്നു.1833-ലെ തണുപ്പുകാലത്ത്,

അടുത്തുള്ള ജലാംഗിനദി ഗതിമാറി ഒഴുകി ഗംഗയുടെ അഗാധതയിൽ അപ്രത്യക്ഷമായപ്പോൾ ലാഹിരി എസ്റ്റേറ്റ് നഷ്ടമായി. ലാഹിരികൾ സ'ഥാപിച്ച ശിവക്ഷേത്രങ്ങളിൽ ഒന്നും കുടുംബഗേഹത്തോടൊപ്പം നദിയിൽമുങ്ങിപ്പോയി. ചുഴികുത്തി ഒഴുകിയ വെള്ളത്തിൽനിന്ന് ശിവലിംഗം രക്ഷപ്പെടുത്തി ഒരു ഭക്തൻ അതിനെ ഒരു പുതിയ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചു; അതാണ് ഇപ്പോൾപ്രസിദ്ധമായ ഘുർണി ശിവസ'ഥാനം.ഗൗർ മോഹൻ ലാഹിരിയും കുടുംബവും ഘുർണിവിട്ട് വാരാണസിയിൽ താമസമാക്കിയ ഉടൻതന്നെ അവിടെ ഒരു ശിവക്ഷേത്രം പണിതു. പതിവായ വിശേഷപൂജ, ദാനധർമങ്ങൾ, വേദാധ്യയനം എന്നിവയോടുകൂടി, വേദവിധിപ്രകാരമുള്ള ഗൃഹാശ്രമധർമം അദ്ദേഹം പാലിച്ചു. എങ്കിലും നീതിമാനും തുറന്ന മനഃസ'ഥിതിക്കാരനുമായ അദ്ദേഹം നവീന ആശയങ്ങളുടെ ഗുണകരമായ പ്രവാഹങ്ങളെ അവഗണിച്ചില്ല.വാരാണസിയിലെ പഠനസമാജങ്ങളിൽ ബാലനായ ലാഹിരി ഹിന്ദിയും ഉർദുവും പഠിച്ചു. ജയനാരായണ ഘോഷാൽ നടത്തിയിരുന്ന ഒരു വിദ്യാലയത്തിൽ ചേർന്ന് സംസ്കൃതം, ബംഗാളി, ഫ്രെഞ്ച്, ഇംഗ്ലീഷ് എന്നിവ അഭ്യസിച്ചു. വേദങ്ങളുടെ വിശദമായ ഒരു പഠനം ആരംഭിച്ച ആ യുവയോഗി മറാഠാപണ്ഡിതൻ നാഗഭട്ടൻ ഉൾപ്പെടെയുള്ള പ്രാജ്ഞരായ ബ്രാഹ്മണരുടെ വേദചർച്ചകൾ ആകാംക്ഷയോടെ ശ്രദ്ധിച്ചിരുന്നു.ശ്യാമാ ചരൺ ദയാശീലനും സൗമ്യനും ധൈര്യശാലിയും കൂട്ടുകാർക്ക് പ്രിയങ്കരനുമായ ഒരു യുവാവായിരുന്നു. അംഗസൗഷ്ഠവമുള്ള അരോഗദൃഢഗാത്രനായ അദ്ദേഹം നീന്തലിലും മറ്റനേകം കായികാഭ്യാസങ്ങളിലും മികച്ചുനിന്നു.1846-ൽ ശ്യാമാ ചരൺ ലാഹിരി ശ്രീ ദേവനാരായണ് സന്യാലിന്റെ മകൾ ശ്രീമതി കാശീ മണിയെ വിവാഹം ചെയ്തു. ഭാരതീയകുടുംബിനിയുടെ ഒരു മാതൃകയായിരുന്ന കാശീ മണി, ഗൃഹജോലികൾ സന്തോഷപൂർവം ചെയ്തുകൊണ്ട് ഗൃഹാശ്രമിയുടെ കടമയായ അതിഥി പൂജയും ദരിദ്രസേവയും അനുഷ്ഠിച്ചു. പുണ്യചരിതരായ തിങ്കൌറീ, ദുക്കൗറീ എന്ന രണ്ടു പുത്രന്മാരും രണ്ടു പുത്രിമാരും ആ ദാമ്പത്യത്തെ അനുഗ്രഹിച്ചു. 1851-ൽ ഇരുപത്തിമൂന്നാമത്തെ വയസ്സിൽ ലാഹിരി മഹാശയൻ ബ്രിട്ടീഷ് സർക്കാരിന്റെ മിലിട്ടറി എൻജിനീയറിങ്ങ് വകുപ്പിൽ അക്കൗണ്ടന്റായി ജോലി സ്വീകരിച്ചു. സേവനകാലത്ത് അദ്ദേഹത്തിന് അനേകം സ'ഥാനക്കയറ്റങ്ങൾ ലഭിച്ചു. അങ്ങനെ, ഈശ്വരന്റെ ദൃഷ്ടിയിൽ മാത്രമല്ലാ അദ്ദേഹം ഒരു നായകനായത്; ലൗകിക ജീവിതമെന്ന ലഘുനാടകത്തിലെ ഒരു ഓഫീസ് ജോലിക്കാരൻ എന്ന എളിയനിലയിലും അദ്ദേഹം ഒരു വിജയമായിരുന്നു.പല അവസരങ്ങളിൽ എൻജിനീയറിങ്ങ് വകുപ്പ് അവരുടെ ഗാസിപുർ, മിർസാപുർ, നൈനിതാൾ, ദാനാപുർ, വാരാണസി എന്നീ ഓഫീസുകളിലേക്ക് ലാഹിരി മഹാശയനെ സ'ഥലം മാറ്റി. അച്ഛന്റെ മരണശേഷം, മുഴുവൻ കുടുംബത്തിന്റെയും ഉത്തരവാദിത്വം ആ ചെറുപ്പക്കാരൻ ഏറ്റെടുത്തു. വാരാണസീപ്രാന്തത്തിൽ ആളൊഴിഞ്ഞ ഗരുഡേശ്വര മൊഹല്ലയിൽ അദ്ദേഹം അവർക്കൊരു വീടുവാങ്ങി.തന്റെ മുപ്പത്തിമൂന്നാമത്തെ വയസ്സിലാണ് ലാഹിരി മഹാശയ5ന്റെ അവതാരലക്ഷ്യം നിറവേറിയത്. ഹിമാലയത്തിലെ റാണിഖേത്തിനടുത്തു വച്ച് അദ്ദേഹം തന്റെ മഹാനായ ഗുരുനാഥൻ ബാബാജിയെ കണ്ടുമുട്ടുകയും അദ്ദേഹത്തിൽനിന്ന് ക്രിയാദീക്ഷ സ്വീകരിക്കുകയും ചെയ്തു. [image file=image_rsrc3AD.jpg] ദ്വാരാഹട്ടിനടുത്ത് ഹിമാലയതാഴ്‌വാരത്തിനടുത്തുള്ള യോഗദാ സത്സംഗ ആശ്രമവും ധ്യാന സങ്കേതവും. ഇതിനടുത്തായുള്ള കുന്നുകളിലെ ഗുഹയിൽ മഹാവതാർ ബാബാജി ഇടയ'ക്ക് തങ്ങുകയും, 1861-ൽ ലാഹിരി മഹാശയന് ക്രിയായോഗദീക്ഷ നൽകി നഷ്ടപ്പെട്ടു പോയ ആ പുരാതന അധ്യാത്മിക ശാസ്ത്രം ആധുനിക ലോകത്തിനായി പുനരുജ്ജീവിപ്പിച്ച് നൽകുകയും ചെയ്തു (അധ്യായം 34 കാണുക).ലാഹിരി മഹാശയനു മാത്രമായിരുന്നില്ല ആ സംഭവം മംഗളകാരിയായത്; മനുഷ്യരാശിക്കു മുഴുവനും സൗഭാഗ്യത്തിന്റെ ഒരു മുഹൂർത്തമായിരുന്നു അത്. ആ വേളയിൽ നഷ്ടപ്രായമോ, എന്നേ മണ്മറഞ്ഞതോ ആയ ആ മഹോന്നത യോഗരഹസ്യം വീണ്ടും വെളിച്ചം കാണുകയായിരുന്നു.പുരാണകഥയിൽ, നാവുവരണ്ട ഭക്തഭഗീരഥന് ദിവ്യദാഹ ജലംനൽകിക്കൊണ്ട് സ്വർഗത്തിൽനിന്ന് ഗംഗ ഭൂമിയിൽ അവതരിച്ചതു പോലെ, 1861-ൽ സ്വർഗസ്രോതസ്സായ ക്രിയായോഗം ഹിമാലയത്തിന്റെ രഹസ്യഹൃദന്തങ്ങളിൽനിന്ന് മനുഷ്യരുടെ പൊടിയണിഞ്ഞ വാസലങ്ങളിലേക്ക് പ്രവഹിക്കാൻതുടങ്ങി.6 [image file=image_rsrc3AM.jpg] ശ്രീ ശ്രീ ലാഹിരി മഹാശയൻ ‘‘ഞാൻ പരമാത്മചൈതന്യമാണ്. സർവവ്യാപിയായ ആ അദൃശ്യനെ പ്രതിഫലിപ്പിക്കാൻ നിന്റെ ക്യാമറയ'ക്കു കഴിയുമോ?’’ ലാഹിരി മഹാശയന്റെ പ്രതിഛായ പിടിച്ചെടുക്കാൻ പല വിഫലമായ ശ്രമങ്ങൾ നടന്ന ശേഷം, യോഗാവതാരം തന്റെ ‘‘ശരീര ക്ഷേത്രത്തിന്റെ’’ ഫോട്ടോ എടുക്കാൻ ഒടുവിൽ സമ്മതിച്ചു. ‘‘മറ്റൊരു ചിത്രം എടുക്കാൻ ഗുരുനാഥൻ പിന്നീട് ഇരുന്നു കൊടുത്തിട്ടില്ല; കുറഞ്ഞപക്ഷം, എന്റെ അറിവിൽപ്പെട്ടിടത്തോളം ഇല്ല.’’ പരമഹംസജി എഴുതി. [image file=image_rsrc3AU.jpg] 1 യോഹന്നാൻ 11:1-4 (ബൈബിൾ)2 കോളറബാധിതനായ രോഗി ഒട്ടുമിക്കവാറും സ്വബോധത്തോടെ ഇരിക്കുകയും പരിസരബോധം നഷ്ടപ്പെടാതെ മരണത്തിന്റെ നിമിഷംവരെ തുടരുകയും ചെയ്യുന്നു.3 ഉല്പത്തി 18:23-32 (ബൈബിൾ).4 സ്വാമി സത്യാനന്ദന്റെ ശ്രീ ശ്രീ ശ്യാമാചരണലാഹിരി മഹാശയ എന്ന ലഘു ജീവചരിത്രം 1941-ൽപുറത്തിറങ്ങി. അതിന്റെ പുറങ്ങളിൽനിന്ന് ചില ഭാഗങ്ങൾ ലാഹിരി മഹാശയനെക്കുറിച്ചുള്ള ഈ ഭാഗത്തിൽ ഞാൻ പരിഭാഷപ്പെടുത്തിയിരിക്കുന്നു.5 'മഹാശയ'നെന്ന മതപരമായ സംസ്കൃത അപരനാമത്തിന്റെ അർഥം ‘‘വിശാല മാനസൻ’’ എന്നാണ്.6 ഹിന്ദുക്കളുടെ പുണ്യനദിയായ ഗംഗാമാതാവിന്റെ ജലധാരകളുടെ ഉത്ഭവം നിതാന്തഹിമങ്ങളുടെയും

നിശ്ശബ്ദതകളുടെയുംമധ്യേ ഹിമാലയത്തിലെ ഒരു മഞ്ഞുമൂടിയ ഗുഹയിൽനിന്നാണ്. ഗംഗാതീരത്തുവസിക്കുന്നതിൽ നൂറ്റാണ്ടുകളായി ആയിരക്കണക്കിന് തപോധനന്മാർ സന്തോഷിച്ചിട്ടുണ്ട്. ഗംഗാതീരത്തിന് അനുഗ്രഹാശിസ്സുകളുടെ ഒരു പരിവേഷം അവർ പൈതൃകമായി നൽകി.ഗംഗാനദിയുടെ അസാധാരണവും ഒരുപക്ഷേ അതുല്യവുമായ ഒരു സവിശേഷത അതിന്റെജലം ഒരിക്കലും മലിനമാകയില്ല എന്നതാണ്. അതിന്റെ ശാശ്വതമായ കീടാണുനാശക ശക്തികൊണ്ട് ഗംഗാജലത്തിൽ സൂക്ഷ്മാണുക്കൾ ജീവിക്കുകയില്ല. കോടിക്കണക്കിനു ഹിന്ദുക്കൾ ഗംഗയിലെ ജലം ഹാനികൂടാതെ കുളിക്കാനുംകുടിക്കാനും ഉപയോഗിക്കുന്നു. ഈ വസ്തുത ആധുനിക ശാസ്ത്രജ്ഞർക്ക് ചിന്താക്കുഴപ്പംസൃഷ്ടിക്കുന്നു. അവരിൽ ഒരാൾ, 1946-ൽ രസതന്ത്രത്തിനുള്ള നോബൽസമ്മാനം പങ്കിട്ട ഡോ. ജോൺ ഹോവഡ് നോർത്റോപ്, ഈയിടെ പറഞ്ഞു: ‘ ‘ഗംഗാജലം അത്യധികം മലിനമാണെന്ന് നമുക്കറിയാം, ഭാരതീയർ ആ ജലം കുടിക്കുകയും അതിൽ നീന്തിത്തുടിക്കുകയും ചെയ്യുന്നു. എങ്കിലും പ്രത്യക്ഷത്തിൽ, അവർക്ക് അസുഖമൊന്നും ബാധിക്കുന്നില്ല.’ ’ പ്രത്യാശയോടെ അദ്ദേഹം കൂട്ടിചേർത്തു :ഒരു പക്ഷേ, സൂക്ഷ്മാണു ഭോജി വൈറസുൾ നദിയെ രോഗാണുവിമുക്തമാക്കുന്നുണ്ട്.’ ’ എല്ലാ പ്രകൃതിപ്രതിഭാസങ്ങളോടും ഭക്ത്യാദരങ്ങൾകാട്ടാൻ വേദങ്ങൾ ഉൽബോധിപ്പിക്കുന്നു. അസീസിയിലെ ഫ്രാൻസിസ് പുണ്യവാളന്റെ പ്രശംസാവചനം ഒരു ഭക്തനായ ഹിന്ദുവിന് നന്നായി മനസ്സിലാകുന്നു: ‘ ‘നമ്മുടെ സോദരിജലത്തെ തന്നതിന് ദൈവത്തിന് സ്തുതി. എത്ര ഉപയോഗപ്രദയും എളിയവളും വിശുദ്ധയും അമൂല്യയുമാണ് അവൾ.’ ’ അധ്യായം 33ബാബാജി, ആധുനികഭാരതത്തിന്റെ മഹാവതാരംവടക്കൻ ഹിമാലയത്തിലെ ബദരീനാരായണത്തിനടുത്തുള്ള കിഴുക്കാംതൂക്കായ പർവതശിഖരങ്ങൾ ലാഹിരി മഹാശയന്റെ ഗുരുവായ ബാബാജിയുടെ ജീവത്തായ സാന്നിധ്യംകൊണ്ട് ഇപ്പോഴും അനുഗൃഹീതമാണ്. ജനസംസർഗത്തിൽനിന്ന് അകന്നുകഴിയുന്ന ആ ഗുരുദേവൻ തന്റെ ഭൗതികശരീരം നൂറ്റാണ്ടുകളായി, ഒരുപക്ഷേ സഹസ്രാബ്ദങ്ങളായി, നിലനിർത്തിപ്പോരുന്നു. മരണമില്ലാത്ത ബാബാജി ഒരു അവതാരമാണ്. ഈ സംസ്കൃതപദത്തിന്റെ അർഥം, ‘ ‘താഴേക്കുവരുക’ ’ എന്നാണ്; അതിന്റെ ധാതുക്കൾ അവ(താഴേക്ക്)യും, ത്രി(കടന്നുപോകുക)യും ആണ്. ഹൈന്ദവവേദങ്ങളിൽ അവതാരം ദേഹരൂപത്തിലേക്കുള്ള ഈശ്വര ചൈതന്യത്തിന്റെ അവരോഹണത്തെ സൂചിപ്പിക്കുന്നു. ‘ ‘ബാബാജിയുടെ ആത്മീയ ഔന്നത്യം മനുഷ്യന്റെ ധാരണാ ശക്തിക്ക് അതീതമാണ്,’ ’ ശ്രീ യുക്തേശ്വരൻ എന്നോടു വിശദീകരിച്ചു. ‘ ‘മനുഷ്യന്റെ ഹ്രസ്വദൃഷ്ടിക്ക് അദ്ദേഹത്തിന്റെ സർവാതിശായിയായ ആധ്യാത്മിക ജ്യോതിസ്സിൽ എത്തിച്ചേരാൻ കഴിയില്ല. ആ അവതാരത്തിന്റെ മാഹാത്മ്യം സങ്കല്പിക്കുകപോലും അസാധ്യമാണ്; അത് അചിന്ത്യമാണ്.’ ’ ഉപനിഷത്തുക്കൾ ആത്മീയപുരോഗതിയുടെ ഓരോ ഘട്ടവും കൃത്യമായി തരംതിരിച്ചിട്ടുണ്ട്. ഒരു സിദ്ധൻ (പൂർണത നേടിയദേഹം) ജീവൻമുക്ത(ജീവിച്ചിരിക്കെ മുക്തി നേടിയ ദേഹം) അവസ'ഥയിൽ നിന്ന് പരാമുക്ത(പരമമായ മുക്തി-മരണത്തിനുമേൽ പൂർണ ആധിപത്യം നേടിയ) അവസ'ഥയിലേക്ക് മുന്നേറുന്നു. ഒരു പരാമുക്തൻ മായയുടെ അടിമത്തത്തിൽനിന്നും അതിന്റെ ജനനമരണചക്രത്തിൽനിന്നും പൂർണമായി മുക്തിനേടിക്കഴിഞ്ഞു. അതുകൊണ്ട് പരാമുക്തൻ ഒരു ഭൗതികശരീരത്തിലേക്ക് തിരിച്ചുവരാറേയില്ല; തിരിച്ചുവരുകയാണെങ്കിൽ അദ്ദേഹം ഒരു അവതാരമാണ്- ലോകത്തിന് സ്വർഗീയമായ അനുഗ്രഹങ്ങൾ വരുത്താൻ ദൈവികമായി നിയോഗിക്കപ്പെട്ട ഒരു മാധ്യമം. ഒരു അവതാരത്തിന് പ്രാപഞ്ചികമായ പരിമിതികളുടെ നിയമങ്ങൾ ബാധകമല്ല; ഒരു പ്രകാശപ്രതിബിംബമായി കാണപ്പെടുന്ന അദ്ദേഹത്തിന്റെ പവിത്രമായ ശരീരം പ്രകൃതിയോടുള്ള കടപ്പാടുകളിൽ നിന്നും വിമുക്തമാണ്.വെറുതെ നോക്കിയാൽ ഒരു അവതാരത്തിന്റെ രൂപത്തിൽ അസാധാരണമായി ഒന്നും കാണുകയില്ല; പക്ഷേ ചില അവസരങ്ങളിൽ അത് നിഴൽ വീഴ്ത്തുകയോ നിലത്ത് പാദമുദ്ര പതിപ്പിക്കുകയോ ചെയ്യുന്നില്ല. അന്ധകാരത്തിൽനിന്നും ജഡികമായ അടിമത്തത്തിൽ നിന്നുമുള്ള ആന്തരികസ്വാതന്ത്ര്യത്തിന്റെ ബാഹ്യവും പ്രതീകാത്മകവുമായ ദൃഷ്ടാന്തമാണ് അവ. ജനിമൃതികളുടെ ആപേക്ഷികതയുടെ പിന്നിലെ ‘സത്യ'ത്തെ അമ്മാതിരിയുള്ള ഒരു ഈശ്വരപുരുഷനു മാത്രമേ അറിയൂ. ഏറെ തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ള ഒമർ ഖയ്യാം, റൂബായിയാത് എന്ന അനശ്വര വേദഗ്രന്ഥത്തിൽ ഇങ്ങനെയുള്ള മുക്തനെ പ്രകീർത്തിക്കുന്നു: ‘ ‘വൃദ്ധിവെടിയാത്തൊരെന്നാമോദചന്ദ്രികേ,വിൺതിങ്കൾ വീണ്ടുമുദിച്ചീടുന്നു;ഇനിയെത്രയൂഴമുദിച്ചവൾ തേടുമീ-യാരാമമാകെ വൃഥാവിലെന്നെ!’ ’ 1 ‘ ‘വൃദ്ധിവെടിയാത്തൊരാമോദചന്ദ്രിക’ ’ ഈശ്വരനാണ്, സർവ കാലസംഗതമായ നിത്യതയുടെ ധ്രുവനക്ഷത്രം. ‘ ‘വീണ്ടുമുദിക്കുന്ന വിണ്ണിന്റെ തിങ്കൾ’ ’ കാലികമായ പുനരാവർത്തനത്തിന്റെ നിയമത്തിനുവിധേയമായ ബാഹ്യപ്രപഞ്ചമാണ്. ആ പേർഷ്യൻ ദാർശനികൻ, പ്രകൃതിയുടെ ആരാമം അഥവാ മായയായ ഭൂമിയിലേക്കുള്ള ഒഴിവാക്കാനാവാത്ത തിരിച്ചുവരവിൽനിന്ന് ആത്മസാക്ഷാത്കാരത്തിലൂടെ എക്കാലത്തേക്കും വിമോചിതനായിക്കഴിഞ്ഞു. ‘ ‘ഇനിയെത്രയൂഴമുദിച്ചവൾതേടും വൃഥാവിൽ എന്നെ!’ ’ കൈവല്യം പ്രാപിച്ച ഒരാത്മാവിനെ തേടുന്ന വിസ്മയഭരിതയായ പ്രപഞ്ചത്തിന്റെ കടുത്ത നിരാശ!ക്രിസ്തുദേവൻ തന്റെ സ്വാതന്ത്ര്യം മറ്റൊരു രീതിയിലാണ് പ്രകാശിപ്പിച്ചത്: ‘ ‘ഒരു വേദജ്ഞൻ അവനെ സമീപിച്ചു പറഞ്ഞു: ഗുരോ, പോകുന്നിടത്തെല്ലാം നിന്നെ അനുഗമിക്കും. യേശുപറഞ്ഞു: കുറുനരികൾക്കു മാളങ്ങളുണ്ട്,

ആകാശത്തിലെ പറവകൾക്ക് കൂടുകളുണ്ട്, മനുഷ്യപുത്രനോ തല ചായ'ക്കാൻ ഇടമില്ലാ.' '
2സർവവ്യാപിത്വംകൊണ്ട് എങ്ങും നിറഞ്ഞുനിന്ന ക്രിസ്തുദേവനെ സർവാതിശായിയായ ആത്മാവിലല്ലാതെ എങ്ങനെ പിൻതുടരാൻ കഴിയും?ശ്രീകൃഷ്ണനും, ശ്രീരാമനും, ശ്രീബുദ്ധനും, പതഞ്ജലി മഹർഷിയും പ്രാചീനഭാരതത്തിലെ അവതാരങ്ങളിൽപെടുന്നു. ദക്ഷിണഭാരത അവതാരം അഗസ്ത്യമുനിയെ അധികരിച്ച് തമിഴിൽ ഗണ്യമായ ഒരു കാവ്യാത്മകസാഹിത്യം വളർന്നിട്ടുണ്ട്. ക്രിസ്തുവിനു മുമ്പുംപിമ്പുമായുള്ള ശതാബ്ദങ്ങളിൽ അനവധി ദിവ്യാത്ഭുതങ്ങൾ കാട്ടിയിട്ടുള്ള അദ്ദേഹം ഇന്നും തന്റെ ഭൗതികശരീരം നിലനിർത്തുന്നുവെന്നാണ് വിശ്വാസം.ഭാരതത്തിൽ ബാബാജിയുടെ അവതാരലക്ഷ്യം പ്രവാചകന്മാരെ തങ്ങളുടെ പ്രത്യേകദൗത്യങ്ങളിൽ സഹായിക്കുക എന്നതാണ്. അങ്ങനെ അദ്ദേഹം വേദോക്തമായ മഹാവതാരം എന്ന ഗണത്തിൽ പെടാൻ യോഗ്യത നേടുന്നു. സന്ന്യാസി പരമ്പര പുന:സംഘടിപ്പിച്ച ആദിശങ്കരദനും, മധ്യകാലത്തെ യോഗിവര്യനായ കബീറിനും താൻ യോഗദീക്ഷ നൽകിയതായി അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. നമുക്ക് അറിയാമെന്നപോലെ, പത്തൊമ്പതാം നൂറ്റാണ്ടിലെ പ്രധാനശിഷ്യൻ, നഷ്ടപ്രായമായ ക്രിയായോഗത്തെ പുനരുജ്ജീവിപ്പിച്ച ലാഹിരി മഹാശയനായിരുന്നു.ബാബാജി ശ്രീയേശുവുമായി സദാ താദാത്മ്യത്തിലാണ്; അവർ ഒത്തുചേർന്ന് വിമോചനത്തിന്റെ ദിവ്യസ്പന്ദനങ്ങൾ പുറപ്പെടുവിക്കുന്നു. അവർ ഈ കാലഘട്ടത്തിന്റെ വിമോചനത്തിനുള്ള ആത്മീയമാർഗം ആസൂത്രണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈശ്വരസാക്ഷാത്കാരം നേടിയ ഈ രണ്ട് ആചാര്യന്മാരിൽ ഒരാൾ ഭൗതികശരീരത്തോടുകൂടിയും മറ്റേയാൾ ഭൗതികശരീരമില്ലാതെയും പ്രവർത്തിക്കുന്നു. യുദ്ധങ്ങളും വർഗീയവൈരവും ജാതിമത സങ്കുചിത ചിന്തകളും ഭൗതികതയുടെ തിരിച്ചടി നൽകുന്ന തിന്മകളും വെടിയാൻ രാഷ്ട്രങ്ങളെ പ്രേരിപ്പിക്കുകയെന്നതാണ് അവരുടെ ദൗത്യം. ആധുനിക കാലത്തിന്റെ പ്രവണതകൾ, പ്രത്യേകിച്ചും പാശ്ചാത്യ സംസ്കാരത്തിന്റെ സ്വാധീനവും സങ്കീർണതകളും ബാബാജി നന്നായി അറിയുന്നു. പാശ്ചാത്യ-പൗരസ്ത്യദേശങ്ങളിൽ ഒരുപോലെ, യോഗാഭ്യാസത്തിന്റെ ആത്മവിമോചനം പ്രചരിപ്പിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹത്തിന് ബോധ്യമുണ്ട്.ബാബാജിയെപ്പറ്റി ചരിത്രപരമായ പരാമർശങ്ങൾ ഒന്നുമില്ലായെന്നത് നമ്മെ അത്ഭുതപ്പെടുത്തേണ്ടതില്ല. ഒരു നൂറ്റാണ്ടിലും പൊതുജനമധ്യത്തിൽ മഹാനായ ആ ആചാര്യൻ പ്രത്യക്ഷപ്പെട്ടിട്ടില്ല; അദ്ദേഹത്തിന്റെ സഹസ്രാബ്ദപദ്ധതികളിൽ, പരസ്യത്തിന്റെ തെറ്റിദ്ധാരണാജനകമായ പ്രചാരണവേലയുടെ പകിട്ടേറിയ പ്രകാശത്തിന് സ'ഥാനമില്ല. ഏകനും നിശ്ശബ്ദനുമായ സ്രഷ്ടാവിനെപ്പോലെ ബാബാജി എളിയ നിഗൂഢതയിൽ പ്രവർത്തിക്കുന്നു.ശ്രീകൃഷ്ണനെയും ക്രിസ്തുദേവനെയും പോലുള്ള മഹാന്മാരായ പ്രവാചകന്മാർ ഭൂമിയിൽ ആവിർഭവിക്കുന്നത് നിർദിഷ്ടവും ജനശ്രദ്ധയാകർഷിക്കുന്നതുമായ ഒരു ലക്ഷ്യത്തോടെയാണ്; അതു നിറവേറ്റിക്കഴിഞ്ഞാലുടൻ അവർ പോകുന്നു. ബാബാജിയെപ്പോലുള്ള മറ്റ് അവതാരങ്ങൾ ചരിത്രത്തിലെ എടുത്തുപറയത്തക്ക ഏതെങ്കിലും ഒരു സംഭവവുമായി ബന്ധപ്പെടുന്നതിനുമുപരി, നൂറ്റാണ്ടുകളിലൂടെ മനുഷ്യന്റെ സാവധാനമുള്ള പുരോഗതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് ഏറ്റെടുക്കുക. അത്തരം അവതാരങ്ങൾ പൊതുദൃഷ്ടിയിൽ നിന്ന് എപ്പോഴും മറഞ്ഞുനിൽക്കുകയും ഇഷ്ടാനുസരണം അദൃശ്യരാകാനുള്ള കഴിവ് വച്ചുപുലർത്തുകയും ചെയ്യുന്നു. ഇക്കാരണങ്ങളാലും, തങ്ങളെപ്പറ്റി പുറത്തുപറയാതിരിക്കാൻ ശിഷ്യരോട് പൊതുവേ അവർ നിർദേശിക്കുന്നതിനാലും അനവധി ആത്മീയ അതികായന്മാർ ലോകരറിയാതെ കഴിയുന്നു. ബാബാജിയെക്കുറിച്ചുള്ള ഈ താളുകളിൽ അദ്ദേഹത്തിന്റെ ജീവിതത്തെപ്പറ്റി ഒരു സൂചനമാത്രമേ ഞാൻ തരുന്നുള്ളു. പരസ്യപ്പെടുത്തുന്നത് അനുയോജ്യവും സഹായകവുമെന്ന് അദ്ദേഹം കരുതുന്ന ചില വസ്തുതകൾ മാത്രമാണവ.ബാബാജിയുടെ കുടുംബം, ജന്മസ'ഥലം തുടങ്ങി ഇതിഹാസകാരന്മാർക്ക് പ്രിയങ്കരമായ പരിമിതപ്പെടുത്തുന്ന വസ്തുതകൾ ഒന്നുംതന്നെ ഒരിക്കലും വെളിവായിട്ടില്ല. സാധാരണഗതിയിൽ അദ്ദേഹം ഹിന്ദി സംസാരിക്കുന്നു; പക്ഷേ ഏതു ഭാഷയും അദ്ദേഹത്തിന് അനായാസേന സംസാരിക്കാൻ കഴിയും. ബാബാജി (അഭിവന്ദ്യ പിതാവ്) എന്ന ലളിതമായ നാമമാണ് അദ്ദേഹം സ്വീകരിച്ചിട്ടുള്ളത്; ലാഹിരി മഹാശയന്റെ ശിഷ്യന്മാർ നൽകിയിട്ടുള്ള മറ്റു അപരനാമങ്ങൾ, 'മഹാമുനി ബാബാജി മഹാരാജ്,' 'മഹായോഗി,' 'ത്രയംബക ബാബ,' 'ശിവബാബ' എന്നിവയൊക്കെയാണ്. പൂർണമുക്തനായ ഒരു ആചാര്യന്റെ കുടുംബനാമം അറിഞ്ഞില്ലെങ്കിൽത്തന്നെയെന്താണ്? ' 'എപ്പോഴെങ്കിലും ബാബാജിയുടെ നാമം ഭക്തിയോടെ ആരെങ്കിലും ഉച്ചരിച്ചാൽ അപ്പോൾതന്നെ ആ ഭക്തൻ ഒരു ആത്മീയ അനുഗ്രഹത്തിനുപാത്രമാകുന്നു.' ' ലാഹിരി മഹാശയൻ പറഞ്ഞു.അമരനായ ആ ഗുരു, തന്റെ ശരീരത്തിൽ, പ്രായത്തിന്റെ ഒരു സൂചനയും കാട്ടുന്നില്ല; ഇരുപത്തിയഞ്ചു വയസ്സിലധികമില്ലാത്ത ഒരു യുവാവിനെപ്പോലെ അദ്ദേഹം കാണപ്പെടുന്നു. വെളുത്ത നിറവും ഇടത്തരം ശരീരവും പൊക്കവുമുള്ള ബാബാജിയുടെ സുന്ദരവും ബലിഷ്ഠവുമായ ശരീരം ശ്രേഷ്ഠമായ ഒരു ദീപ്തി പൊഴിക്കുന്നു. അദ്ദേഹത്തിന്റെ കണ്ണുകൾ കറുത്തതും ശാന്തവും ദയാർദ്രവുമാണ്; നീണ്ടുതിളങ്ങുന്ന തലമുടി ചെമ്പിച്ചതാണ്. ചിലപ്പോൾ ബാബാജിയുടെ മുഖം ലാഹിരി മഹാശയന്റെ മുഖത്തോട് അടുത്ത സാദൃശ്യം പുലർത്തുന്നു. യുവത്വം തുളുമ്പുന്ന ബാബാജിയുടെ അച്ഛനാണോ ലാഹിരി മഹാശയൻ എന്നു തോന്നത്തക്കവണ്ണം ആ സാദൃശ്യം പിൽക്കാലങ്ങളിൽ ചിലപ്പോഴൊക്കെ അത്ര എടുത്തുപറയത്തക്കതായിരുന്നു.എന്റെ താപസോത്തമനായിരുന്ന സംസ്കൃതാധ്യാപകൻ സ്വാമി

കേവലാനന്ദൻ ബാബാജി4യോടൊപ്പം കുറെക്കാലം ഹിമാലയത്തിൽ കഴിഞ്ഞിരുന്നു. ‘ ‘ അതുല്യനായ ആ ആചാര്യൻ, തന്റെ സംഘത്തോടൊപ്പം പർവതപ്രദേശങ്ങളിൽ ഓരോ സ'ഥലത്ത് സഞ്ചരിക്കുന്നു,’ ’ കേവലാനന്ദജി എന്നോടുപറഞ്ഞു. ‘ ‘അദ്ദേഹത്തിന്റെ ചെറിയ സംഘത്തിൽ അത്യധികം ആത്മീയോന്നതിനേടിയ അമേരിക്കക്കാരായ രണ്ടു ശിഷ്യന്മാരുണ്ട്. ബാബാജി ഒരിടത്ത് കുറേ സമയം തങ്ങിക്കഴിഞ്ഞാൽ ഡേരാ ദണ്ഡാ ഉഠാവോ ('നമുക്ക് തമ്പും കോലും പൊക്കാം') എന്നുപറയുന്നു. അദ്ദേഹം ഒരു ദണ്ഡ് (മുളവടി)കൈയ്യിൽ വയ'ക്കുന്നു. സംഘത്തോടൊപ്പം മറ്റൊരിടത്തേക്കു തൽക്ഷണം സ'ഥലംവിടുന്നതിനുള്ള സൂചനയാണ് അദ്ദേഹത്തിന്റെ വാക്കുകൾ. എപ്പോഴും അദ്ദേഹം ഈ സൂക്ഷ്മയാനമാർഗം സ്വീകരിക്കാറില്ല: ചിലപ്പോൾ ഗിരിശൃംഗങ്ങളിൽനിന്ന് ഗിരിശൃംഗങ്ങളിലേക്ക് അദ്ദേഹം കാൽനടയായി പോകുന്നു. ‘ ‘ബാബാജി സ്വമേധയാ ആഗ്രഹിച്ചാലേ, മറ്റുള്ളവർക്ക് അദ്ദേ ഹത്തെ കാണാനോ തിരിച്ചറിയാനോ കഴിയൂ. വിവിധ ശിഷ്യന്മാർക്ക് അല്പാല്പം വ്യത്യസ്തമായ രൂപങ്ങളിൽ അദ്ദേഹം പ്രത്യക്ഷപ്പെട്ടിട്ടുള്ളതായി അറിയുന്നു-ചിലപ്പോൾ താടിയും മീശയുമായും ചിലപ്പോൾ അവയില്ലാതെയും. ജീർണതയില്ലാത്ത ആ ശരീരത്തിന് ആഹാരം ആവശ്യമില്ല; അതുകൊണ്ട് അദ്ദേഹം വല്ലപ്പോഴുമേ ഭക്ഷണം കഴിക്കാറുള്ളൂ. തന്നെ സന്ദർശിക്കുന്ന ശിഷ്യന്മാരോടു കാട്ടുന്ന സാമൂഹ്യ മര്യാദയുടെ പേരിൽ അദ്ദേഹം ചിലപ്പോൾ പഴങ്ങളോ പാലും നെയ്യും ചേർത്തുപാകംചെയ്ത ചോറോ സ്വീകരിക്കാറുണ്ട്. ‘ ‘ബാബാജിയുടെ ജീവിതത്തിലെ രണ്ട് അത്ഭുതകരമായ സംഭവങ്ങൾ എനിക്കറിയാം,’ ’ കേവലാനന്ദജി തുടർന്നു. ‘ ‘ഒരു രാത്രിയിൽ അദ്ദേഹത്തിന്റെ ശിഷ്യന്മാർ ശക്തിയായി കത്തിക്കൊണ്ടിരുന്ന വിശുദ്ധ ഹോമാഗ്നിക്കു ചുറ്റും ഇരിക്കുകയായിരുന്നു. പെട്ടെന്ന് ആ ഗുരുനാഥൻ, കത്തിക്കാളുന്ന ഒരു വിറകുകൊള്ളി എടുത്ത് അഗ്നിക്കു സമീപമിരുന്ന ഒരു ശിഷ്യന്റെ നഗ്നമായ തോളിൽ ലഘുവായി ഒരടി കൊടുത്തു. ‘ ‘ ‘പ്രഭോ, എത്ര ക്രൂരമാണിത്!' അവിടെ ഉണ്ടായിരുന്ന ലാഹിരി മഹാശയൻ പ്രതിഷേധംപ്രകടിപ്പിച്ചു. ‘ ‘ ‘അവന്റെ കർമഫലമായി അവൻ നിങ്ങളുടെ കണ്മുമ്പിൽ വച്ച് എരിഞ്ഞു ചാമ്പലാകുന്നതു കാണുന്നതാണോ നിനക്ക് ഇഷ്ടം? ‘ ‘ഈ വാക്കുകളോടെ ബാബാജി തന്റെ വിമോചകമായ കൈ, ശിഷ്യന്റെ വിരൂപമായിത്തീർന്ന തോളിൽ വച്ചു. ‘ഈ രാത്രി ഞാൻ നിന്നെ വേദനാജനകമായ മരണത്തിൽനിന്ന് രക്ഷിച്ചിരിക്കുന്നു. തീയാലുള്ള നിന്റെ അല്പമാത്രമായ വേദനകൊണ്ട് കർമത്തിന്റെ നിയമം തൃപ്തമാക്കപ്പെട്ടിരിക്കുന്നു.' ‘ ‘മറ്റൊരിക്കൽ ബാബാജിയുടെ വിശുദ്ധസംഘത്തെ ഒരു അപരിചിതന്റെ വരവ് ശല്യപ്പെടുത്തി. ഗുരുനാഥന്റെ താവളത്തിനടുത്ത്, കയറിക്കൂടാൻ ഏതാണ്ടസാധ്യമായ പർവതശിഖരത്തിൽ അത്ഭുതകരമായ വൈദഗ്ധ്യത്തോടെ അയാൾ കയറിയെത്തി. ‘ ‘ ‘പ്രഭോ, അങ്ങുതന്നെയായിരിക്കണം മഹാനായ ബാബാജി.' അയാളുടെ മുഖം അവർണനീയമായ ഭക്തിയാൽ തിളങ്ങി. ‘മാസങ്ങളായി, അപ്രാപ്യമായ ഈ പർവതശിഖരങ്ങളിൽ ഞാൻ അങ്ങയെ അവസാനിക്കാത്ത അന്വേഷണവുമായി തേടി നടന്നു. എന്നെ ഒരു ശിഷ്യനായി സ്വീകരിക്കണമെന്ന് ഞാൻ താണുവീണ് അപേക്ഷിക്കുന്നു.' ‘ ‘ആ മഹാനായ ആചാര്യൻ പ്രതികരിക്കാതിരുന്നപ്പോൾ, ആ മനുഷ്യൻ താഴെ പാറക്കെട്ടുകൾ നിറഞ്ഞ ഗർത്തത്തിലേക്കു ചൂണ്ടി. ‘അങ്ങ് എന്നെ കൈക്കൊള്ളുകയില്ലെങ്കിൽ ഈ പർവതശിഖരത്തിൽനിന്ന് ഞാൻ താഴേക്കുചാടും. ഈശ്വരനിലേക്ക് അങ്ങയുടെ മാർഗദർശനം എനിക്കു നേടാനാകുന്നില്ലെങ്കിൽ ജീവിതത്തിന് പിന്നെ വിലയില്ല.' ‘ ‘ ‘ എങ്കിൽ ചാടൂ,' ബാബാജി നിർവികാരനായി പറഞ്ഞു. ‘നിന്റെ ഇപ്പോഴത്തെ ആത്മീയവികാസം വച്ചുകൊണ്ട് എനിക്ക് നിന്നെ സ്വീകരിക്കാനാവില്ല.' ‘ ‘അയാൾ ഉടനെതന്നെ താഴെയുള്ള പാറക്കെട്ടുകളിലേക്ക് എടുത്തുചാടി. നടുങ്ങിപ്പോയ ശിഷ്യരോട് അയാളുടെ ശരീരം എടുത്തുകൊണ്ടുവരാൻ ബാബാജി നിർദേശിച്ചു. അവർ ഛിന്നഭിന്നമായ ആ ശരീരം എടുത്തുകൊണ്ടുവന്നപ്പോൾ ആചാര്യൻ തന്റെ കൈ മരിച്ച മനുഷ്യന്റെ മേൽവച്ചു. അതാ! അയാൾ കണ്ണുകൾ തുറന്ന്, സർവശക്തനായ ഗുരുവിന്റെ മുന്നിൽ എളിമയോടെ സാഷ്ടാംഗം നമസ്കരിച്ചു. ‘ ‘ ‘ഇപ്പോൾ നീ ശിഷ്യത്വത്തിനു തയ്യാറായിക്കഴിഞ്ഞു,' തന്റെ പുനരുജ്ജീവിച്ച ശിഷ്യനെനോക്കി ബാബാജി സ്നേഹപൂർവം പുഞ്ചിരിച്ചു. ‘ബുദ്ധിമുട്ടേറിയ ഒരു പരീക്ഷയിൽ ധൈര്യപൂർവം നീ വിജയിച്ചു.5 മരണം നിന്നെ ഇനി തീണ്ടുകയില്ല; ഇപ്പോൾ നീ ഞങ്ങളുടെ അമരഗണത്തിൽ ഒരുവനായി.' എന്നിട്ട് അദ്ദേഹം തന്റെ പതിവുയാത്രാമൊഴി ഉരുവിട്ടു: ‘ഡേരാ ദണ്ഡാ ഉഠാവോ'; സംഘം ഒന്നാകെ പർവതത്തിൽനിന്നു മറഞ്ഞു.ഒരു അവതാരം സർവവ്യാപിയായ പരമാത്മാവിൽ നിവസിക്കുന്നു, അദ്ദേഹത്തിന് വർഗത്തിന്റെ നേർവിപരീതമായ ദൂരമെന്നൊന്നില്ല. അതിനാൽ നൂറ്റാണ്ടുകളിലൂടെ തന്റെ ഭൗതികശരീരം വച്ചു പുലർത്തുന്നതിന് ബാബാജിയെ ഒരു കാരണം മാത്രമേ പ്രേരിപ്പിക്കുന്നുള്ളൂ: മനുഷ്യരാശിക്ക് അതിന്റെ സാധ്യതകളെക്കുറിച്ച് സുവ്യക്തമായ ഒരു മാതൃക നൽകുക എന്ന അഭിലാഷം. ഒരു ഭൗതിക ശരീരത്തിൽ ഈശ്വരന്റെ ഒരു ക്ഷണികദർശനം മനുഷ്യനു ലഭിക്കുന്നില്ലായെങ്കിൽ, തനിക്ക് മർത്യത്വത്തെ അതിജീവിക്കാനാവില്ലയെന്ന ഭാരിച്ച മായാവിഭ്രാന്തിയിൽ അവൻ എന്നും പീഡിതനായിത്തന്നെ കഴിയേണ്ടി വരും.യേശുവിന്, ആദ്യം മുതൽതന്നെ തന്റെ ജീവിതത്തിലെ സംഭവങ്ങളുടെ ഗതി അറിയാമായിരുന്നു; അദ്ദേഹം ഓരോ സംഭവത്തിലൂടെയും കടന്നുപോയത് തനിക്കുവേണ്ടിയോ കാർമികമായ ബാധ്യതയാലോ ആയിരുന്നില്ല; ചിന്താശീലരായ മനുഷ്യരുടെ അഭ്യുന്നതിക്കുവേണ്ടിയായിരുന്നു. മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നീ നാലു സുവിശേഷകർ അവാച്യസുന്ദരമായ ആ

ജീവിതനാടകം ഭാവിതലമുറയുടെ പ്രയോജനത്തിനായി രേഖപ്പെടുത്തി.ബാബാജിക്കും, ഭൂത-വർത്തമാന-ഭാവികളുടെ ആപേക്ഷികതയില്ല; തുടക്കംമുതലേ തന്റെ ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളും അദ്ദേഹം അറിയുന്നു. മനുഷ്യരുടെ പരിമിതമായ അറിവിനുള്ളിൽ സ്വയം ഒതുങ്ങിനിന്ന്, ഒന്നോ അധികമോ സാക്ഷികളുടെ മുന്നിൽ വച്ച് തന്റെ ദിവ്യജീവിതത്തിലെ പല പ്രവൃത്തികളും അദ്ദേഹം ചെയ്തിട്ടുണ്ട്. അങ്ങനെ, ശാരീരികമായ അനശ്വരതയുടെ സാധ്യത പ്രഖ്യാപിക്കാൻ തനിക്കു സമയമായിയെന്നു ബാബാജി കരുതിയ ഒരു വേളയിൽ, ലാഹിരി മഹാശയന്റെ ഒരു ശിഷ്യനും സന്നിഹിതനായിരുന്നു. മറ്റു സാധകന്മാരുടെ പ്രചോദനത്തിനായി ആത്യന്തികമായി അറിയപ്പെടട്ടേയെന്നു കരുതി അദ്ദേഹം രാംഗോപാൽ മജുംദാറിന്റെ മുമ്പിൽ ഈ വാഗ്ദാനം ചെയ്തു: ‘ ‘പിതാവേ... നീ എപ്പോഴും എന്നെ കേൾക്കുന്നുവെന്ന് എനിക്കറിയാം. നീ എന്നെ അയച്ചുവെന്ന് ചുറ്റുംനിൽക്കുന്ന ഈ ജനം വിശ്വസിക്കേണ്ടതിനാണ് ഞാൻ ഇതുപറഞ്ഞത്’ ’ 6 എന്ന് ക്രിസ്തുദേവൻ പറഞ്ഞതുപോലെ, മഹാത്മാക്കൾ അവരുടെ വാക്കുകൾ ഉച്ചരിക്കുന്നതും സ്വാഭാവികമെന്നുതോന്നുന്ന സംഭവഗതികളിൽ ഭാഗഭാക്കാവുന്നതും മനുഷ്യനന്മയ'ക്കു വേണ്ടിമാത്രമാണ്.രൺബാജപുരത്ത് ‘ ‘ഉറങ്ങാത്ത ദിവ്യൻ’ ’ 7 രാംഗോപാലിനെ ഞാൻ സന്ദർശിച്ചപ്പോൾ, അദ്ദേഹം ബാബാജിയുമായുള്ള തന്റെ ആദ്യ കൂടിക്കാഴ്ചയുടെ വിസ്മയകരമായ കഥ പറഞ്ഞു. ‘ ‘ലാഹിരി മഹാശയന്റെ പാദങ്ങൾക്കരികിൽ ഇരിക്കാൻ എന്റെ ഏകാന്തമായ ഗുഹവിട്ട് ചിലപ്പോൾ ഞാൻ വാരാണസിയിൽ പോകുമായിരുന്നു.’ ’ രാംഗോപാൽ എന്നോടു പറഞ്ഞു. ‘ ‘ അദ്ദേഹത്തിന്റെ ശിഷ്യന്മാരുടെ ഒരു സംഘത്തോടൊപ്പം ഞാനും ഒരു പാതിരാവിൽ നിശ്ശബ്ദനായി ധ്യാനിച്ചിരുന്നപ്പോൾ ഗുരുദേവൻ എന്നോട് അത്ഭുതകരമായ ഒരു അപേക്ഷ നടത്തി. ‘ ‘ ‘ രാംഗോപാൽ, ഉടൻ തന്നെ ദശാശ്വമേധസ്നാനഘട്ടത്തിലേക്കു പോകൂ.' ‘ ‘ഞാൻ വേഗം ആളൊഴിഞ്ഞ ആ സ'ഥലത്തെത്തി. നിലാവും തിളങ്ങുന്ന നക്ഷത്രങ്ങളുംകൊണ്ട് രാത്രി പ്രകാശം തുളുമ്പുന്നതായിരുന്നു. അല്പനേരം ക്ഷമയോടെ ഞാൻ ഇരുന്നപ്പോൾ എന്റെ കാലിന് അരികിലുള്ള ഒരു വലിയ ശിലാതലത്തിൽ എന്റെ ശ്രദ്ധ പതിഞ്ഞു. ഒരു ഭൂഗർഭഗുഹ വെളിവാക്കിക്കൊണ്ട് അത് സാവധാനം ഉയർന്നു. ഏതോ അജ്ഞാതരീതിയിൽ ഉയർത്തിപ്പിടിച്ച നിലയിൽ അതു നിശ്ചലമായി നിന്നപ്പോൾ സുവസ്ത്രാവൃതയും അതിസുന്ദരിയുമായ ഒരു യുവതിയുടെ രൂപം ഗുഹയിൽനിന്ന് വായുവിൽ ഉയർന്നുവന്നു. ഒരു ലോലമായ പ്രകാശപരിവേഷത്തിൽ പൊതിഞ്ഞ അവർ എന്റെ മുന്നിലേക്ക് സാവധാനം ഇറങ്ങിവന്ന്, ബ്രഹ്മാനന്ദനിർവൃതിയിൽ മുഴുകി നിശ്ചലയായി നിന്നു. ഒടുവിൽ അവർ അനങ്ങി. എന്നിട്ട് മധുരമായി പറഞ്ഞു. ‘ ‘ ‘ഞാൻ മാതാജി8യാണ്, ബാബാജിയുടെ സഹോദരി. അദ്ദേഹത്തോടും ലാഹിരി മഹാശയനോടും അതിപ്രധാനമായ ഒരു കാര്യം ചർച്ച ചെയ്യാൻ ഇന്നു രാത്രി എന്റെ ഗുഹയിൽ വരാൻ ഞാൻ പറഞ്ഞിട്ടുണ്ട്.' ‘ ‘ അവ്യക്തമായ ഒരു പ്രഭാപൂരം ഗംഗയുടെ മേലേ പൊന്തി അതിവേഗം ഒഴുകി വരുകയായിരുന്നു; ആ അസാധാരണമായ പ്രകാശധാര ജലത്തിൽ പ്രതിഫലിച്ചു. അത് അടുത്തടുത്തു വന്നിട്ട് കണ്ണഞ്ചിപ്പിക്കുന്ന ഒരു മിന്നലോടെ മാതാജിയുടെ അരികിലെത്തിക്ഷണമാത്രയിൽ ലാഹിരി മഹാശയന്റെ മനുഷ്യരൂപമായി സാന്ദ്രീഭവിച്ചു. അദ്ദേഹം ആ ദിവ്യമഹതിയുടെ പാദങ്ങളിൽ വിനയാന്വിതനായി വീണു വണങ്ങി. ‘ ‘എന്റെ വിസ്മയത്തിൽ നിന്ന് ഞാൻ വിമോചിതനാകുന്നതിനു മുമ്പ് കറങ്ങുന്ന ഒരു അജ്ഞേയമായ പ്രകാശപൂരം ആകാശത്തിൽ കണ്ട് വീണ്ടും ഞാൻ അത്ഭുതപ്പെട്ടു. പെട്ടെന്ന് താഴ്ന്നിറങ്ങിയ ഉജ്വലമായ ആ പ്രകാശചക്രം ഞങ്ങൾ നിന്നതിനടുത്തെത്തി, സുകുമാരകളേബരനായ ഒരു യുവാവിന്റെ രൂപംപ്രാപിച്ചു. അത് ബാബാജിയാണെന്ന് ഞാൻ ഉടൻതന്നെ മനസ്സിലാക്കി. അദ്ദേഹം ലാഹിരി മഹാശയനെപ്പോലെ തന്നെയിരുന്നു, എങ്കിലും ബാബാജിക്ക് കൂടുതൽ ചെറുപ്പവും തിളങ്ങുന്ന നീണ്ടമുടിയും ഉണ്ടായിരുന്നു. ‘ ‘ലാഹിരി മഹാശയനും, മാതാജിയും, ഞാനും ആ മഹാഗുരുവിന്റെ കാൽക്കൽ വീണു വണങ്ങി. അദ്ദേഹത്തിന്റെ ദിവ്യശരീരത്തിൽ തൊട്ടപ്പോൾ സ്വർഗീയാനന്ദത്തിന്റെ അഭൗമമായ അനുഭൂതി എന്റെ സത്തയിലെ ഓരോ തന്തുവിനെയും പുളകം കൊള്ളിച്ചു. ‘ ‘ ‘ അനുഗൃഹീതയായ സഹോദരീ, ഞാൻ എന്റെ ശരീരം വെടിഞ്ഞ് ‘ ‘അനന്തമായപ്രവാഹ’ ’ ത്തിൽ പ്രവേശിക്കാൻ ഉദ്ദേശിക്കുകയാണ്,' ബാബാജി പറഞ്ഞു. ‘ ‘ ‘അങ്ങയുടെ ഉദ്ദേശം ഞാൻ നേരത്തേ തന്നെ ഒരല്പം കണ്ടറിഞ്ഞിരുന്നു. പ്രിയ ഗുരുനാഥാ, അക്കാര്യം ഇന്നു രാത്രി അങ്ങയോടു ചർച്ചചെണമെന്ന് ഞാൻ ആഗ്രഹിച്ചു. അങ്ങ് എന്തിന് അങ്ങയുടെ ശരീരം വെടിയണം?' ആ ദിവ്യമഹതി അദ്ദേഹത്തെ യാചനാരൂപത്തിൽ നോക്കി. ‘ ‘ ‘എന്റെ പരമാത്മസമുദ്രത്തിൽ ദൃശ്യമോ അദൃശ്യമോ ആയ അലമാല ഞാൻ ധരിക്കുന്നതിൽ എന്താണ് വ്യത്യാസം?' ‘ ‘മാതാജി മനോജ്ഞമായ ഒരു ഫലിതോക്തിയിൽ മറുപടി പറഞ്ഞു. ‘അമരനായ ഗുരോ, അതിൽ വ്യത്യാസമൊന്നുമില്ലെങ്കിൽ ദയവായി അങ്ങയുടെ രൂപം ഒരിക്കലും വെടിയാതിരിക്കൂ9.' ‘ ‘ ‘ അങ്ങനെയാകട്ടെ,' ബാബാജി ശാന്തഗംഭീരമായി പറഞ്ഞു. ‘ഞാൻ ഒരിക്കലും എന്റെ സ'ഥൂലശരീരം വെടിയുകയില്ല. അത് എല്ലായ്പ്പോഴും ഭൂമിയിലെ കുറച്ചുപേർക്കെങ്കിലും കാണത്തക്കതായിരിക്കും. ജഗദീശ്വരൻ തന്റെ ഇംഗിതമാണ് ഭവതിയുടെ വാക്കുകളിലൂടെ വെളിവാക്കിയത്.' ‘ ‘ഈ മഹാത്മാക്കളുടെ സംഭാഷണം ഭക്ത്യാദരങ്ങളോടെ ശ്രദ്ധിച്ചുകൊണ്ടിരുന്ന എന്നോട് മഹാനായ ആ ഗുരു ദയാവായ്പിന്റെ ആംഗ്യത്തോടെ പറഞ്ഞു. ‘ ‘ ‘ഭയപ്പെടേണ്ടാ, രാം ഗോപാൽ, ഈ അനശ്വരവാഗ്ദാനത്തിന്റെ രംഗത്തിന് ഒരു സാക്ഷിയായതിൽ നീ അനുഗൃഹീതനാണ്.' ‘ ‘

ബാബാജിയുടെ ശബ്ദത്തിന്റെ മാധുരി ക്രമേണ അലിഞ്ഞമർന്നപ്പോൾ അദ്ദേഹത്തിന്റെയും ലാഹിരി മഹാശയന്റെയും രൂപങ്ങൾ സാവധാനം വായുവിൽ ഉയർന്ന് ഗംഗയുടെ മുകളിലൂടെ പിന്നോട്ടു നീങ്ങി. രാത്രിയുടെ ആകാശത്തിൽ അവർ അപ്രത്യക്ഷരാകുമ്പോൾ കണ്ണഞ്ചിപ്പിക്കുന്ന പ്രകാശത്തിന്റെ ഒരു പരിവേഷം അവരുടെ ശരീരത്തെ പൊതിഞ്ഞു. മാതാജിയുടെ രൂപം വായുവിൽ ഒഴുകി ഗുഹയുടെ മുകളിൽ എത്തിയിട്ട് താഴ്ന്നുവന്നു; ശിലാതലം ഏതോ അദൃശ്യകരങ്ങളാൽ നീക്കിയതുപോലെ താണുവന്ന് ഗുഹാമുഖം അടച്ചു. ‘ ‘അത്യധികം പ്രചോദനമുൾക്കൊണ്ടുകൊണ്ട് ഞാൻ ലാഹിരി മഹാശയന്റെ വാസസ'ഥാനത്തേക്ക് തിരിച്ചുനടന്നു. പ്രഭാതത്തിൽ ഞാൻ അദ്ദേഹത്തെ വന്ദിച്ചപ്പോൾ എന്റെ ഗുരുദേവൻ എന്നെ നോക്കി സാർഥകമായി പുഞ്ചിരിച്ചു. ‘ ‘ ‘ ഞാൻ നിന്റെ കാര്യത്തിൽ സന്തുഷ്ടനാണ്, രാംഗോപാൽ. ബാബാജിയെയും മാതാജിയെയും കാണാനുള്ള നിന്റെ ആഗ്രഹം പലപ്പോഴും എന്നോടു പറഞ്ഞിട്ടുള്ളത് അവസാനം ഒരു അത്ഭുതകരമായ സാഫല്യത്തിലെത്തി.' ‘ ‘അർധരാത്രി എന്റെ വേർപാടിനുശേഷം ലാഹിരി മഹാശയൻ തന്റെ പീഠത്തിൽനിന്ന് അനങ്ങിയിട്ടില്ലയെന്ന് എന്റെ സഹശിഷ്യന്മാർ എന്നോടു പറഞ്ഞു. ‘ ‘ ‘നീ ദശാശ്വമേധഘട്ടത്തിൽ പോയശേഷം അദ്ദേഹം അമരത്വത്തെപ്പറ്റി വിസ്മയകരമായ ഒരു പ്രഭാഷണം ചെയ്തു,' ഒരു ശിഷ്യൻ എന്നോടു പറഞ്ഞു. ആത്മസാക്ഷാത്കാരം ലഭിച്ച ഒരു മനുഷ്യന്, ഒരേ സമയത്ത് രണ്ടോ അതിലധികമോ ശരീരങ്ങളിൽ വിവിധലങ്ങളിൽ പ്രത്യക്ഷപ്പെടാൻ കഴിയുമെന്ന വേദവാക്യങ്ങളിലെ സത്യം ഞാൻ ആദ്യമായി പൂർണമായും മനസ്സിലാക്കി. ‘ ‘ഈ ഭൂമിക്കു വേണ്ടിയുള്ള നിഗൂഢമായ ദിവ്യപദ്ധതിയെ സംബന്ധിച്ച ധാരാളം ആധ്യാത്മിക കാര്യങ്ങൾ ലാഹിരി മഹാശയൻ പിന്നീട് എന്നോടു വിശദീകരിച്ചു,’ ’ രാംഗോപാൽ ഉപസംഹരിച്ചു. ‘ ‘നിലവിലിരിക്കുന്ന പ്രപഞ്ചകാലചക്രത്തിന്റെ സമയത്തോളം തന്റെ ശരീരത്തിൽ കഴിയുവാൻ ജഗദീശ്വരൻ ബാബാജിയെ തിരഞ്ഞെടുത്തിരിക്കുന്നു. യുഗങ്ങൾ വരും, പോകും-എങ്കിലും അമരനായ ആചാര്യൻ10 നൂറ്റാണ്ടുകളുടെ നാടകം കണ്ടുകൊണ്ട് ഈ ലോകവേദിയിൽ സന്നിഹിതനായിരിക്കും.’ ’ [image file=image_rsrc3D4.jpg] ശ്രീ ശ്രീ മഹാവതാര ബാബാജി

ശ്രീ ശ്രീ ലാഹിരി മഹാശയന്റെ ഗുരു [image file=image_rsrc3D9.jpg] 1 എഡ്വേർഡ് ഫിറ്റ്സ്ജറൽഡിന്റെ തർജമയുടെ ആശയാനുവാദം.2 മത്തായി 8:19-20 (ബൈബിൾ)3 ഗോവിന്ദയതിയായിരുന്നു ചരിത്രപരമായി ശ്രീശങ്കരന്റെ ഗുരു. ശ്രീശങ്കരൻ വാരാണസിയിൽവച്ച് ബാബാജിയിൽനിന്ന് ക്രിയായോഗദീക്ഷ സ്വീകരിച്ചു. ലാഹിരി മഹാശയനോടും സ്വാമി കേവലാനന്ദനോടും ഈ കഥ പറയവേ, മഹാനായ ആ അദ്വൈതിയുമായുള്ള കൂടിക്കാഴ്ചയുടെ പല രസകരമായ വിശദവിവരങ്ങളും ബാബാജി നൽകി.4 ബാബാജി (വന്ദ്യപിതാവ്) എന്നത് ബഹുമതിയുടെ ഒരു സാധാരണ അപരനാമമാണ്; ഭാരതത്തിലെ പല വിഖ്യാത ആചാര്യന്മാരും ബാബാജി എന്നു വിളിക്കപ്പെടുന്നുണ്ട്. എന്നിരുന്നാലും അവരാരും തന്നെ ലാഹിരി മഹാശയന്റെ ഗുരുവായ ബാബാജിയല്ല. ആ മഹാവതാരം ജീവിച്ചിരിപ്പുണ്ട് എന്നത് പൊതുജനങ്ങൾക്കു വെളിപ്പെടുത്തപ്പെട്ടത് 1946-ൽ ഒരു യോഗിയുടെ ആത്മകഥയിലൂടെ ആയിരുന്നു.5 അനുസരണയെ സംബന്ധിച്ചതായിരുന്നു പരീക്ഷ. ജ്ഞാനിയായ ഗുരു ‘ ‘ചാടൂ’ ’ എന്നു പറഞ്ഞപ്പോൾ ആ മനുഷ്യൻ അനുസരിച്ചു. അയാൾ മടിച്ചിരുന്നുവെങ്കിൽ, ബാബാജിയുടെ മാർഗദർശനം ഇല്ലാതെ തന്റെ ജീവിതം പ്രയോജനരഹിതമെന്ന് താൻ കരുതുന്നുവെന്ന പ്രഖ്യാപനം അയാൾ വൃഥാവിലാക്കിയേനെ. അയാൾ മടിച്ചിരുന്നുവെങ്കിൽ, അയാൾക്ക് ഗുരുവിൽ പരിപൂർണവിശ്വാസമില്ലായെന്ന് വെളിപ്പെടുമായിരുന്നു. അതുകൊണ്ട് പരീക്ഷ നിർദാക്ഷിണ്യവും അസാധാരണവുമായിരുന്നെങ്കിലും, ആ പരസ'ഥിതിതിയിൽ ഉത്തമമായ ഒന്നായിരുന്നു.6 യോഹന്നാൻ 11:41 42 (ബൈബിൾ).7 താരകേശ്വരക്ഷേത്രത്തിനുമുമ്പിൽ ഞാൻ നമിച്ചില്ലയെന്നു ശ്രദ്ധിച്ച സർവസന്നിഹിതനായ യോഗി (അധ്യായം 13).8 മാതാജിയും നൂറ്റാണ്ടുകളായി ജീവിച്ചിരിക്കുന്നു; തന്റെ സഹോദരന്റെ ഏതാണ്ടത്രയും തന്നെ ആത്മീയമായി പുരോഗമിച്ചിട്ടുണ്ട്. ദശാശ്വമേധഘട്ടത്തിനടുത്ത് ഒരു രഹസ്യഭൂഗർഭ അറയിൽ അവർ ആനന്ദനിർവൃതിയിൽ നിർലീനയായി കഴിയുന്നു.9 ഈ സംഭവം താലീസിന്റെ കഥ ഓർമപ്പെടുത്തുന്നു. മഹാനായ ഈ യവന ദാർശനികൻ ജീവിതവുംമരണവുംതമ്മിൽ വ്യത്യാസമില്ലെന്ന് പഠിപ്പിച്ചു. “എങ്കിൽ നിങ്ങൾ എന്താണ് മരിക്കാത്തത്?” ഒരു വിമർശകൻ ചോദിച്ചു. അദ്ദേഹം ഉത്തരം പറഞ്ഞു. “കാരണം, അത് ഒരു വ്യത്യാസവും വരുത്തുന്നില്ല.” 10 ‘ ‘സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: എന്റെ വചനം പാലിക്കുന്ന (ക്രിസ്തുബോധത്തിൽ ഇരിക്കുന്ന) ആരും ഒരിക്കലും മരണം അറിയുകയില്ല.’ ’ (യോഹന്നാൻ 8:51, ബൈബിൾ).ഈ വാക്കുകളിൽ ശ്രീയേശു ഭൗതികശരീരത്തിലെ ഒരു മരണമില്ലാത്ത ജീവിതത്തെപ്പറ്റി പരാമർശിക്കുകയായിരുന്നില്ല.അത്തരം വിരസമായ തളച്ചിടൽ ഒരു പാപിക്കു പോലും നാം കൊടുക്കുകയില്ല, പിന്നെയല്ലേ ഒരു ദിവ്യന്! ക്രിസ്തുദേവൻ പരാമർശിച്ച ജ്ഞാനി അവിദ്യയുടെ മാരകമായ മയക്കത്തിൽ നിന്ന് നിത്യജീവനിലേക്ക് ഉണർന്നവനാണ് (അധ്യായം 43 കാണുക).മനുഷ്യന്റെ സത്താമാത്രമായ സ്വഭാവം അരൂപിയും സർവവ്യാപിയുമായ പരമാത്മാവിന്റെതാണ്. നിർബന്ധിതം അഥവാ കാർമികമായ ശരീരധാരണം അവിദ്യയുടെ ഫലമാണ്. ജനനമരണങ്ങൾ മായയുടെ ‘പ്രപഞ്ചമിഥ്യയുടെ’ പ്രകടരൂപങ്ങളാണെന്ന് ഹിന്ദുശാസ്ത്ര ഗ്രന്ഥങ്ങൾ പഠിപ്പിക്കുന്നു. ആപേക്ഷികതയുടെ ഒരു ലോകത്തുമാത്രമേ

ജനനമരണങ്ങൾക്ക് അർഥമുള്ളു.ബാബാജി ഒരു ഭൗതികദേഹത്തിലോ ഈ ഭൂമിയിലോ പരിമിതനല്ല, മറിച്ച് ഈശ്വരേച്ഛയാൽ ലോകത്തിനു മുഴുവനുമായുള്ള ഒരു പ്രത്യേക ദൗത്യം നിറവേറ്റുന്നുവെന്നേയുള്ളു.സ്വാമി പ്രണവാനന്ദനെപ്പോലുള്ള മഹാന്മാരായ ആചാര്യന്മാർ പുതിയ ശരീരം ധരിച്ച് ഭൂമിയിൽ വീണ്ടും വരുന്നതിന്റെ കാരണം അവർക്കു മാത്രമേ അറിയൂ. ഈ ഭൂമിയിലെ അവരുടെ അവതാരം കർമത്തിന്റെ അയവില്ലാത്ത പരിമിതികൾക്കു വിധേയമല്ല. ഇത്തരം സ്വമേധയായുള്ള തിരിച്ചു വരവിനെ വ്യുത്ഥാനം അഥവാ മായ അന്ധരാക്കുന്നതിൽനിന്നു മോചിതരായ ശേഷം ഭൂമിയിലെ ജീവിതത്തിലേക്കുള്ള തിരിച്ചു വരവ് എന്നുപറയുന്നു.പരിപൂർണ ഈശ്വരസാക്ഷാത്കാരം ലഭിച്ച ഒരു ആചാര്യന്റെ ദേഹവിയോഗത്തിന്റെ രീതി സാധാരണമോ അത്ഭുതകരമോ ആകാം. എങ്കിലും, സ്വന്തം ശരീരം ഉയിർത്തെഴുന്നേൽപിക്കാനും ലോകവാസികളുടെമുമ്പിൽ ശരീരനായി പ്രത്യക്ഷപ്പെടാനും അദ്ദേഹത്തിനുകഴിയുന്നു. ഒരു ഭൗതിതശരീരത്തിന്റെ പരമാണുക്കളെ ആവിർഭവിപ്പിക്കുകയെന്നതിന് എണ്ണമില്ലാത്ത സൗരയൂഥങ്ങളുടെ പ്രഭുവുമായി താദാത്മ്യം പ്രാപിച്ച ഒരാളുടെ ശക്തികളെ തെല്ലും ആയാസപ്പെടുത്താൻ കഴിയുകയില്ല!ക്രിസ്തുദേവൻ പ്രഖ്യാപിച്ചു, ‘ ‘എന്റെ ജീവൻ, അതു വീണ്ടും എടുക്കാനായി, ഞാൻ ത്യജിക്കുന്നു. എന്നിൽനിന്ന് അത് ആരും എടുക്കുന്നില്ല, എന്നാൽ ഞാൻ അത് സ്വമേധയാ ത്യജിക്കുകയാണ്. അതു ത്യജിക്കാൻ എനിക്ക് അധികാരം ഉണ്ട്. അതു വീണ്ടും എടുക്കാനും എനിക്ക് അധികാരം ഉണ്ട്.’ ’ (യോഹന്നാൻ 10:17-18, ബൈബിൾ)അധ്യായം 34ഹിമാലയത്തിൽ ഒരു രമ്യഹർമ്യം സൃഷ്ടിക്കുന്നു ‘ ‘ലാഹിരി മഹാശയനുമായുള്ള ബാബാജിയുടെ ആദ്യസമാഗമം ഹരംപിടിപ്പിക്കുന്ന ഒരു കഥയാണ്. മരണമില്ലാത്ത ആ ഗുരുവിനെപ്പറ്റി വിശദമായൊരു ക്ഷണികദർശനം നൽകുന്ന അപൂർവം ചില കഥകളിൽ ഒന്നുമാണത്.’ ’ ആശ്ചര്യജനകമായ ഒരു കഥയ'ക്ക് സ്വാമി കേവലാനന്ദന്റെ ആമുഖമായിരുന്നു ഈ വാക്കുകൾ. ആദ്യത്തെ പ്രാവശ്യം ഈ കഥ അദ്ദേഹം പറഞ്ഞപ്പോൾ ഞാൻ അക്ഷരാർഥത്തിൽ തരിച്ചിരുന്നുപോയി. പല അവസരങ്ങളിലും എന്റെ സൗമ്യശീലനായ സംസ്കൃതാധ്യാപകനെ ഈ കഥ ആവർത്തിച്ചുപറയാൻ ഞാൻ പ്രേരിപ്പിച്ചിട്ടുണ്ട്; അത് ഏറെക്കുറെ അതേ വാക്കുകളിൽ ശ്രീ യുക്തേശ്വരനും പിൽക്കാലത്ത് എന്നോടു പറഞ്ഞിട്ടുണ്ട്. ലാഹിരി മഹാശയന്റെ ഈ രണ്ടു ശിഷ്യന്മാരും വിസ്മയകരമായ ഈ കഥ അവരുടെ ഗുരുവിന്റെ മുഖത്തുനിന്നും നേരിട്ടു കേട്ടതാണ്. ‘ ‘എന്റെ മുപ്പത്തിമൂന്നാമത്തെ വയസ്സിലാണ് ബാബാജിയുമായുള്ള എന്റെ ആദ്യത്തെ കൂടിക്കാഴ്ച ഉണ്ടായത്.’ ’ ലാഹിരി മഹാശയൻ പറഞ്ഞു. ‘ ‘1861-ലെ ശരൽകാലത്ത് സർക്കാരിന്റെ മിലിട്ടറി എൻജിനീയറിങ്ങ് വിഭാഗത്തിലെ ഒരു അക്കൗണ്ടന്റായി ഞാൻ ദാനാപുരത്ത് നിയോഗിക്കപ്പെട്ടിരുന്നു. ഒരു പ്രഭാതത്തിൽ ഓഫീസ് മാനേജർ എന്നെ വിളിച്ചു. ‘ ‘ ‘ലാഹിരീ, നമ്മുടെ കേന്ദ്ര ഓഫീസിൽനിന്ന് ഒരു കമ്പി സന്ദേശം വന്നിരിക്കുന്നു. ഇപ്പോൾ ഒരു സൈനികസങ്കേതം1 തുറക്കുന്ന റാണിഖേത്തിലേക്ക് നിങ്ങളെ സ'ഥലം മാറ്റാൻ ഉദ്ദേശിക്കുകയാണ്,' അദ്ദേഹം പറഞ്ഞു. ‘ ‘ഒരു ജോലിക്കാരനുമായി ആ അഞ്ഞൂറുമൈൽ യാത്രയ'ക്ക് ഞാൻ പുറപ്പെട്ടു. കുതിരവണ്ടിയിൽ യാത്രചെയ്ത് മുപ്പതുദിവസം കൊണ്ട് ഹിമാലയത്തിലെ റാണിഖേത്തിൽ2 എത്തി. ‘ ‘എന്റെ ഓഫീസ് ജോലികൾ ഭാരിച്ചതായിരുന്നില്ല; മനോജ്ഞമായ കുന്നുകളിൽ ചുറ്റിനടക്കാൻ എനിക്കു ധാരാളം സമയം ലഭിച്ചു. ശ്രേഷ്ഠരായ ഋഷീശ്വരന്മാർ തങ്ങളുടെ സാന്നിധ്യത്താൽ ആ പ്രദേശത്തെ അനുഗ്രഹിച്ചിരുന്നുവെന്ന വർത്തമാനം ഞാൻ കേട്ടു; അവരെ കാണാനുള്ള ഒരു ആഗ്രഹം എന്നിൽ ശക്തമായി ഉണ്ടായി. ഒരു ദിവസം ഉച്ചതിരിഞ്ഞ് ചുറ്റി നടന്നപ്പോൾ ആരോ ഒരാൾ അകലെ നിന്ന് എന്റെ പേര് വിളിക്കുന്നതു കേട്ട് ഞാൻ വിസ്മയചകിതനായി. ദ്രോണഗിരി പർവതത്തിലേക്ക് ഞാൻ ഉത്സാഹത്തോടെ തുടർന്നു കയറി. കാട്ടിൽ ഇരുട്ടു പരക്കുന്നതിനു മുമ്പ് വന്ന വഴിയെ തിരിച്ചു പോകാൻ സാധിച്ചില്ലെങ്കിലോയെന്ന ചിന്ത കൊണ്ട് എനിക്ക് ഒരു ചെറിയ അസ്വസ'ഥതതോന്നി. ‘ ‘വശങ്ങളിൽ ഗുഹകൾ ഉണ്ടായിരുന്ന ഒരു ചെറിയ വെളിസ'ഥലത്ത് ഒടുവിൽ ഞാനെത്തി. കൈനീട്ടി സ്വാഗതം ചെയ്തുകൊണ്ട് പാറക്കെട്ടുകളിലൊന്നിൽ ഒരു യുവാവ് പുഞ്ചിരിയോടെ നിന്നിരുന്നു. ചെമ്പിച്ച മുടിയൊഴിച്ചാൽ അദ്ദേഹത്തിന് എന്നോട് ശ്രേഷ്ഠമായ രൂപസാമ്യമുള്ളതായി ഞാൻ അതിയായ ആശ്ചര്യത്തോടെ കണ്ടെത്തി. ‘ ‘ ‘ലാഹിരീ,3 നീ വന്നെത്തി!' ആ മഹാത്മാവ് എന്നെ ഹിന്ദിയിൽ സ്നേഹപൂർവം അഭിസംബോധന ചെയ്തു. ‘ഇവിടെ ഈ ഗുഹയിൽ വിശ്രമിക്കൂ. ഞാനാണ് നിന്നെ വിളിച്ചത്.' ‘ ‘ധാരാളം കമ്പിളിപ്പുതപ്പുകളും ഏതാനും കമണ്ഡലുകളും ഉണ്ടായിരുന്ന വൃത്തിയുള്ള ചെറിയ ആ ഗുഹയിൽ ഞാൻ പ്രവേശിച്ചു. ‘ ‘ ‘ലാഹിരീ, നീ ആ ഇരിപ്പിടം ഓർക്കുന്നുണ്ടോ?' ഒരു മൂലയിൽ മടക്കിവച്ചിരുന്ന ഒരു കമ്പളം ആ യോഗിവര്യൻ ചൂണ്ടിക്കാട്ടി. ‘ ‘ ‘ഇല്ല പ്രഭോ,' എന്റെ അപ്രതീക്ഷിതമായ അനുഭവത്തിന്റെ അസാധാരണതയിൽ ഏതാണ്ടു കുഴങ്ങിയ ഞാൻ കൂട്ടിച്ചേർത്തു, ‘എനിക്ക് ഇപ്പോൾ പോകണം, ഇരുട്ടുന്നതിനുമുമ്പ്. എനിക്ക് രാവിലെ ഓഫീസിൽ ജോലിയുണ്ട്.' ‘ ‘അജ്ഞാതനായ ആ ദിവ്യൻ ഇംഗ്ലീഷിൽ പ്രതിവചിച്ചു. ‘ഓഫീസ് നിനക്കുവേണ്ടിയാണ് കൊണ്ടുവന്നത്, നിന്നെ ഓഫീസിനു വേണ്ടിയല്ല.' ‘ ‘വനാന്തരത്തിലെ ഈ താപസന് ഇംഗ്ലീഷ് സംസാരിക്കാൻ മാത്രമല്ല, ക്രിസ്തുദേവന്റെ വാക്കുകൾ4 പരാവർത്തനം ചെയ്യാനും കഴിയുന്നുവെന്നതിൽ ഞാൻ അത്ഭുതപരതന്ത്രനായി. ‘ ‘ ‘എന്റെ കമ്പിസന്ദേശം ഫലിച്ചുവെന്നു ഞാൻ മനസ്സിലാക്കുന്നു.' യോഗിയുടെ പരാമർശം എനിക്കു മനസ്സിലായില്ല; അതിന്റെ അർഥം ഞാൻ ചോദിച്ചു. ‘ ‘ ‘നിന്നെ ഈ വിജനപ്രദേശങ്ങളിലേക്ക്

വിളിച്ചുവരുത്തിയ ആ കമ്പിസന്ദേശമാണ് ഞാൻ പരാമർശിക്കുന്നത്. നിന്നെ റാണിഖേത്തിലേക്ക് സ'ഥലംമാറ്റുകയെന്ന ആശയം നിന്റെ മേലധികാരിയുടെ മനസ്സിനോട് നിശ്ശബ്ദമായി നിർദേശിച്ചത് ഞാനാണ്. മനുഷ്യരാശിയുമായുള്ള തന്റെ ഐക്യം ഒരാൾക്ക് അനുഭവവേദ്യമാകുമ്പോൾ എല്ലാ മനസ്സുകളും അയാളുടെ ഇച്ഛാനുസരണം പ്രവർത്തിപ്പിക്കാവുന്ന പ്രേഷണനിലയങ്ങൾ ആയിത്തീരുന്നു.' അദ്ദേഹം കൂട്ടിച്ചേർത്തു. 'ലാഹിരീ, തീർച്ചയായും നിനക്ക് ഈ ഗുഹ പരിചിതമായി തോന്നുന്നില്ലേ?' ' 'അമ്പരന്ന ഞാൻ നിശ്ശബ്ദനായി നിന്നപ്പോൾ ആ ദിവ്യദേഹം എന്റെ അടുത്തെത്തി എന്റെ നെറ്റിയിൽ മൃദുവായി തട്ടി. അദ്ദേഹത്തിന്റെ കാന്തസമാനമായ സ്പർശത്തിൽ, എന്റെ പൂർവജന്മത്തിന്റെ മധുരസ്മരണാബീജങ്ങളെ വിമോചിപ്പിച്ചുകൊണ്ട് അത്ഭുതകരമായ ഒരു വൈദ്യുതി എന്റെ മസ്തിഷ്കത്തിലൂടെ പ്രവഹിച്ചു. ' ' 'ഞാൻ ഓർക്കുന്നു!' സന്തോഷത്തിന്റെ തേങ്ങൽകൊണ്ട് എന്റെ ശബ്ദം ഗദ്ഗദമായിരുന്നു. 'എക്കാലവും എന്റേതായിരുന്ന എന്റെ ഗുരു ബാബാജിയാണ് അങ്ങ്! കഴിഞ്ഞ കാലത്തിന്റെ രംഗങ്ങൾ എന്റെ മനസ്സിൽ മിഴിവോടെ തെളിയുന്നു. ഇതേ ഗുഹയിൽ എന്റെ കഴിഞ്ഞ ജന്മത്തിലെ അനേകം വർഷങ്ങൾ ഞാൻ ചെലവഴിച്ചു!' അവാച്യമായ ഓർമകൾ എന്നെ വികാരവിവശനാക്കിയപ്പോൾ ഞാൻ കണ്ണീരോടെ എന്റെ ഗുരുദേവന്റെ പാദങ്ങൾ പുണർന്നു. ' ' 'നീ എന്നിലേക്ക് തിരിച്ചെത്താൻ മൂന്നു ശതാബ്ദങ്ങളിലേറെ ഞാൻ കാത്തിരുന്നു.' ബാബാജിയുടെ ശബ്ദത്തിൽ സ്വർഗീയസ്നേഹം മുഴങ്ങി. ' ' 'നീ വഴുതി നീങ്ങിയിട്ട്, മരണത്തിനപ്പുറമുള്ള ജീവിതത്തിന്റെ പ്രക്ഷുബ്ധമായ തിരമാലകളിൽ അപ്രത്യക്ഷനായി. നിന്റെ കർമത്തിന്റെ മാന്ത്രികവടി നിന്നെ തൊട്ടു, നീ പോയ്മറഞ്ഞു! നിന്റെ ദൃഷ്ടിയിൽനിന്ന് ഞാൻ മറഞ്ഞെങ്കിലും എന്റെ ദൃഷ്ടിയിൽനിന്ന് നീ ഒരിക്കലും മറഞ്ഞിരുന്നില്ല. മനോജ്ഞരായ ദേവതമാർ ഒഴുകിനീങ്ങുന്ന പ്രകാശമാനമായ സൂക്ഷ്മലോകസാഗരത്തിൽ ഞാൻ നിന്നെ പിൻതുടർന്നു. അന്ധകാരത്തിലും കൊടുങ്കാറ്റിലും പ്രതിസന്ധിയിലും പ്രകാശത്തിലും തള്ളപ്പക്ഷി തന്റെ കുഞ്ഞിനെ കാക്കുന്നതുപോലെ ഞാൻ നിന്റെ പിന്നാലെ ഉണ്ടായിരുന്നു. മനുഷ്യസഹജമായ ഗർഭകാലജീവിതം കഴിഞ്ഞ് നീ ശിശുവായി പുറത്തുവന്നപ്പോൾ എന്റെ കണ്ണ് നിന്നിൽതന്നെയായിരുന്നു. കുട്ടിക്കാലത്ത് പത്മാസനനായ നിന്റെ ചെറിയരൂപം ഘുർണി മണൽപരപ്പിൽ നീ ആഴ്ത്തിയിരുന്നപ്പോഴും അദൃശ്യനായി ഞാൻ സന്നിഹിതനായിരുന്നു. മാസങ്ങളുംവർഷങ്ങളും ക്ഷമയോടെ ഞാൻ നിന്നെ നിരീക്ഷിച്ചുപോന്നു-ഈ പരിപക്വമായ സുദിനവും കാത്ത്. നീ ഇപ്പോൾ എന്നോടൊപ്പം എത്തിയിരിക്കുന്നു. ഇതാ മുമ്പ് നീ എക്കാലവും സ്നേഹിച്ചിരുന്ന നിന്റെ ഗുഹ; അത് ഞാൻ നിനക്കുവേണ്ടി എപ്പോഴും വൃത്തിയായും ഉപയോഗിക്കാനൊരുക്കിയും വച്ചിരുന്നു. നീ ഇരുന്നിരുന്ന പവിത്രമായ കമ്പിളി ഇരിപ്പിടം ഇതാ, വികസിക്കുന്ന നിന്റെ ഹൃദയം ഈശ്വരനെക്കൊണ്ട് നിറയ'ക്കാൻ നിത്യേന നീ ഇരുന്നിരുന്നത് ഇതിലാണ്. ഞാൻ തയ്യാറാക്കിയ അമൃത് മിക്കപ്പോഴും കുടിക്കാൻ നീ ഉപയോഗിച്ച നിന്റെ ലോട്ടാ ഇതാ, എന്നെങ്കിലും ഒരിക്കൽ അതിൽനിന്ന് നിനക്ക് വീണ്ടും കുടിക്കാൻവേണ്ടി ആ പിച്ചള കോപ്പ ഞാൻ തേച്ചുമിനുക്കി സൂക്ഷിച്ചിരിക്കുന്നതു നോക്കൂ. എന്റെ സ്വന്തമായ നീ ഇപ്പോൾ എല്ലാം മനസ്സിലാക്കുന്നുവോ?' ' ' 'എന്റെ ഗുരുദേവാ, ഞാൻ എന്തുപറയട്ടെ?' ഗദ്ഗദത്തോടെ ഞാൻ മന്ത്രിച്ചു. 'ഇത്ര അനശ്വരപ്രേമത്തെപ്പറ്റി എവിടെയെങ്കിലും കേട്ടിട്ടുണ്ടോ?' ജീവിതത്തിലും മരണത്തിലും എന്റെ ശാശ്വതനിധിയായ എന്റെ ഗുരുഭൂതനെ ആനന്ദനിർവൃതിയിൽ ഞാൻ ദീർഘനേരം നോക്കിനിന്നുപോയി. ' ' 'ലാഹിരീ, നിനക്ക് ഒരു വിശുദ്ധീകരണം ആവശ്യമുണ്ട്. ലോട്ടായിലെ എണ്ണ കുടിക്കൂ, എന്നിട്ട് നദീതീരത്ത് കിടക്കൂ.' ബാബാജിയുടെ പ്രായോഗികബുദ്ധി ഇപ്പോഴും മുന്നിൽ തന്നെയെന്ന് പെട്ടെന്നെത്തിയ പഴയഓർമയുടെ പുഞ്ചിരിയോടെ ഞാൻ ചിന്തിച്ചു. ' 'അദ്ദേഹത്തിന്റെ നിർദേശങ്ങൾ ഞാൻ അനുസരിച്ചു. ഹിമാലയത്തിലെ അതിശീതമായ രാത്രി വന്നെത്തുകയായിരുംെന്നങ്കിലും ഊഷ്മളവും സുഖദവുമായ ഒരു കിരണപ്രസരണം എന്റെ ഉള്ളിൽ സ്പന്ദിക്കാൻ തുടങ്ങി. ഞാൻ അത്ഭുതപ്പെട്ടു. അജ്ഞാതമായ ആ എണ്ണയിൽ പ്രപഞ്ചത്തിന്റെ ചൂട് നിറഞ്ഞിരുന്നുവോ? ' 'ഇരുട്ടിൽ എന്റെ ചുറ്റും കടുത്തശീതക്കാറ്റുകൾ ഭീഷണമായ വെല്ലുവിളിയുടെ ആക്രോശത്തോടെ ആഞ്ഞടിച്ചു. പാറക്കെട്ടുകൾ നിറഞ്ഞ നദിക്കരയിൽ നിണ്ടുനിവർന്നുകിടന്ന എന്റെമേൽ, ഗഗാസാനദിയിലെ കുളിരുന്ന കൊച്ചോളങ്ങൾ ഇടയ'ക്കിടെ വന്നലച്ചു. അടുത്ത് കടുവകൾ ഗർജിച്ചുവെങ്കിലും എന്റെ ഹൃദയം ഭയവിമുക്തമായിരുന്നു; എന്റെ ഉള്ളിൽ പുതുതായി ഉയിർക്കൊണ്ട പ്രഭാമയമായ ശക്തിവിശേഷം അപ്രതിരോധ്യമായ പരിരക്ഷണത്തിന്റെ ഉറപ്പ് എനിക്ക് നൽകി. ഏതാനും മണിക്കൂറുകൾ വേഗം കടന്നുപോയി; മറ്റൊരു ജീവിതത്തിന്റെ മങ്ങിയ ഓർമകൾ എന്റെ ഗുരുദേവനുമായുള്ള ഇപ്പോഴത്തെ പു:നസമാഗമത്തിന്റെ ഉജ് വലമായ ശില്പവിധാനവുമായി ഇഴ ചേർന്നു. ' 'അടുത്തെത്തുന്ന കാലൊച്ചകൾ എന്റെ ഏകാന്തചിന്തകളെ തടസ്സപ്പെടുത്തി. ഇരുട്ടിൽ ഒരു മനുഷ്യന്റെ കൈകൾ എന്നെ എഴുന്നേൽക്കാൻ മെല്ലെ സഹായിച്ചു. എന്നിട്ട് എനിക്ക് ഉണങ്ങിയ വസ്ത്രങ്ങൾ തന്നു. ' ' 'വരൂ സഹോദരാ, ഗുരുദേവൻ അങ്ങയെ കാത്തിരിക്കുന്നു,' അദ്ദേഹം പറഞ്ഞു. ' 'അദ്ദേഹം കാട്ടിലൂടെ വഴികാട്ടി. വഴിയിലെ ഒരു തിരിവിൽ ഞങ്ങൾ എത്തിയപ്പോൾ ദൂരത്ത് കരാളമായ രാത്രിയെ അഭംഗുരമായ ഒരു പ്രഭാപൂരം പെട്ടെന്ന് പ്രകാശമാനമാക്കി. ' ' 'അതു സൂര്യോദയമാണോ? തീർച്ചയായും രാത്രി മുഴുവൻ കഴിഞ്ഞിട്ടില്ലല്ലോ?' ഞാൻ അന്വേഷിച്ചു. ' ' 'ഇപ്പോൾപാതിരാവാണ്.' എന്റെ വഴികാട്ടി ചെറുതായി പുഞ്ചിരിച്ചു. 'അതുല്യനായ ബാബാജി ഇവിടെ ഇന്നു രാത്രി ആവിർഭവിപ്പിച്ച ഒരു

സുവർണസൗധത്തിന്റെ പ്രഭയാണ് ആ കാണുന്ന പ്രകാശം. അവ്യക്തമായ ഭൂതകാലത്ത് ഒരു കൊട്ടാരത്തിന്റെ മനോഹാരിതകൾ ആസ്വദിക്കണമെന്നുള്ള ആശ ഒരിക്കൽ അങ്ങ് പ്രകടിപ്പിച്ചിരുന്നു. നമ്മുടെ ഗുരുദേവൻ അങ്ങയുടെ ആ ആഗ്രഹം നിറവേറ്റിത്തന്ന്, അങ്ങയുടെ കർമത്തിന്റെ അവസാനബന്ധനത്തിൽനിന്ന് അങ്ങയെ അങ്ങനെ മോചിപ്പിക്കുകയാണ്.5' അദ്ദേഹം തുടർന്നു, 'ഈ മനോജ്ഞമായ കൊട്ടാരം ഇന്നുരാത്രി അങ്ങയുടെ ക്രിയായോഗദീക്ഷയുടെ രംഗമായിരിക്കും. അങ്ങയുടെ വിദേശവാസത്തിന്റെ പരിസമാപ്തി കൊണ്ടാടുന്നതിന്റെ സ്വാഗതഗാനംപാടാൻ ഇവിടെയുള്ള അങ്ങയുടെ എല്ലാ സഹോദരന്മാരും ഒന്നു ചേരുന്നു. നോക്കൂ!'
' 'ഞങ്ങളുടെ മുന്നിൽ സ്വർണംകൊണ്ടുള്ള കണ്ണഞ്ചിപ്പിക്കുന്ന വിശാലമായ ഒരു രമ്യഹർമ്യം നിലകൊണ്ടു. എണ്ണമറ്റ രത്നങ്ങളാൽ അലംകൃതമായി, പ്രകൃതിഭംഗിക്കൊത്ത് രൂപകല്പന ചെയ്ത പൂന്തോട്ടങ്ങളുടെ മധ്യത്തിൽ അതു സ'ഥിതി ചെയ്തു. നിശ്ചലമായ ജലാശയങ്ങളിൽ പ്രതിബിംബിച്ചത് അനുപമമായ മനോഹാരിതയുടെ ഒരു കാഴ്ചയായിരുന്നു! കോട്ടപോലെ ഉയർന്നു നിലകൊണ്ട കമാനങ്ങൾ ശ്രേഷ്ഠമായ വജ്രവും ഇന്ദ്രനീലവും മരതകവും സങ്കീർണമായി പതിച്ചവയായിരുന്നു. മാണിക്യക്കല്ലുകൾകൊണ്ട് അരുണവർണത്തിൽ ജ്വലിച്ചുതിളങ്ങിയിരുന്ന കവാടങ്ങളിൽ ദിവ്യമുഖകാന്തിയാർന്ന പാറാവുകാർ കാവൽ നിന്നിരുന്നു. ' 'ഞാൻ സഹചാരിയോടൊപ്പം വിശാലമായ സ്വീകരണമുറിയിൽ പ്രവേശിച്ചു. പനിനീർപൂക്കളുടെയും സുഗന്ധദ്രവ്യങ്ങളുടെയും പരിമളം വായുവിലൂടെ ഒഴുകിയെത്തി; മങ്ങിയദീപങ്ങൾ വിവിധനിറമാർന്ന പ്രകാശം വിതറി. ഭക്തന്മാരുടെ ചെറിയസംഘങ്ങൾ-അക്കൂട്ടത്തിൽ ചിലർ വെളുത്തവരും ചിലർ കറുത്തവരുമായിരുന്നു-മൃദുസ്വരത്തിൽ മന്ത്രോച്ചാരണം ചെയ്യുകയോ മൗനത്തിൽ ആന്തരികശാന്തിയിൽ മുഴുകി ധ്യാനനിരതരായി ഇരിക്കുകയോ ചെയ്തു. പ്രസരിപ്പാർന്ന ഒരു സന്തുഷ്ടി ആ അന്തരീക്ഷത്തിൽ കളിയാടി. ' 'ഞാൻ ആശ്ചര്യം പ്രകടിപ്പിച്ചപ്പോൾ എന്റെ വികാരങ്ങൾ പങ്കുവച്ചുകൊണ്ട് എന്റെ മാർഗദർശി പുഞ്ചിരിയോടെ പറഞ്ഞു. 'അങ്ങയുടെ കണ്ണുകളെ വിരുന്നൂട്ടൂ; ഈ മനോജ്ഞസൗധത്തിന്റെ കലാസൗകുമാര്യം ആസ്വദിക്കൂ, കാരണം ഇത് അങ്ങയുടെ ബഹുമാനാർഥമായി മാത്രം സൃഷ്ടിക്കപ്പെട്ടതാണ്.' ' ' 'സോദരാ' ഞാൻ പറഞ്ഞു, 'ഈ സൗധത്തിന്റെ മനോഹാരിത മനുഷ്യഭാവനയുടെ അതിരുകൾ അതിശയിക്കുന്നു. ഇതിന്റെ ഉത്ഭവത്തിന്റെ രഹസ്യം എന്നോടു ദയവായി പറയൂ.' ' ' 'സസന്തോഷം ഞാൻ വിശദീകരിക്കാം.' എന്റെ സഹചാരിയുടെ കറുത്ത കണ്ണുകൾ വിജ്ഞാനത്താൽ തിളങ്ങി. 'ഇതിന്റെ പ്രത്യക്ഷീകരണത്തിൽ വിശദീകരിക്കാനാവാത്തതായി ഒന്നുമില്ല. ഈ പ്രപഞ്ചം മുഴുവൻ സ്രഷ്ടാവിന്റെ ചിന്തയുടെ ഒരു ആവിഷ്കാരമാണ്. ശൂന്യാകാശത്ത് ഒഴുകിനടക്കുന്ന ഭൂമി എന്ന ഭാരമേറിയ മൺകട്ട ഈശ്വരന്റെ ഒരു സ്വപ്നമാണ്. അദ്ദേഹം തന്റെ മനസ്സിൽ നിന്നാണ് എല്ലാ വസ്തുക്കളെയും സൃഷ്ടിച്ചത്. ഇത് മനുഷ്യൻ സ്വപ്നബോധത്തിൽ ഒരു സൃഷ്ടിയെ പുനരാവിഷ്ക്കരിക്കുകയും ജീവജാലങ്ങളോടൊപ്പം ചൈതന്യവത്താക്കുകയും ചെയ്യുന്നതുപോലെതന്നെയാണ്. ' ' 'ജഗൽപ്രഭു ഈ ഭൂമിയെ ആദ്യം ഒരു ആശയമായി രൂപപ്പെടുത്തി. അദ്ദേഹം അതിനു ജീവൻ നൽകി; ആണവശക്തിയും പിന്നീട് ജഡവസ്തുക്കളും ഉൽഭൂതമായി. അദ്ദേഹം ഭൂമിയുടെ പരമാണുക്കളെ ഒരു ഘനഗോളമായി ഏകോപിപ്പിച്ചു. അതിന്റെ തന്മാത്രകളെയല്ലാം ഈശ്വരന്റെ ഇച്ഛയാണ് ഒന്നിച്ചുചേർത്തുനിർത്തുന്നത്. അദ്ദേഹം ആ ഇച്ഛാശക്തി പിൻവലിക്കുമ്പോൾ ഭൗമാണുക്കളെല്ലാം ഊർജമായി പരിണമിക്കുന്നു. ആണവഊർജം അതിന്റെ സ്രോതസ്സായ ബോധത്തിലേക്കു മടങ്ങുന്നു. അപ്പോൾ ഭൂമിയെന്ന ആശയം വസ്തുനിഷ്ഠത കൈവെടിയും. ' ' 'ഒരു സ്വപ്നത്തിന്റെ ഉള്ളടക്കം സമൂർത്തമായി നിലനിർത്തുന്നത് സ്വപ്നം കാണുന്ന ആളിന്റെ ഉപബോധചിന്തകൾ ആണ്. സ്വപ്നത്തിന്റെ കെട്ടുറപ്പു നിലനിർത്തുന്ന ആ ചിന്ത, ജാഗ്രദവസ'ഥയിൽ പിൻവലിക്കപ്പെടുമ്പോൾ സ്വപ്നവും അതിന്റെ ഘടകങ്ങളും വിലയിക്കുന്നു. ഒരാൾ കണ്ണുകളടച്ച് ഒരു സ്വപ്നസൃഷ്ടി പടുത്തുയർത്തുന്നു. ഉണരുമ്പോൾ അതിനെ അയത്നമായി അപ്രത്യക്ഷമാക്കുന്നു. അയാൾ ഈശ്വരന്റെ മൂലമാതൃകതന്നെ അവലംബിക്കുന്നു. അതുപോലെ പ്രപഞ്ചബോധത്തിൽ അയാൾ ഉണരുമ്പോൾ പ്രപഞ്ചസ്വപ്നമെന്ന മിഥ്യയെ അയത്നമായി വിലയിപ്പിക്കുന്നു. ' ' 'പരിമിതികളില്ലാത്തതും സർവശക്തവുമായ ഇച്ഛാശക്തിയോട് പൊരുത്തപ്പെട്ടിരിക്കുന്ന ബാബാജിക്ക് ഘടകാത്മകങ്ങളായ പരമാണുക്കൾ സ്വയം സംയോജിച്ച് ഏതുരൂപവും കൈക്കൊള്ളുവാൻ ആജ്ഞാപിക്കുക സാധ്യമാണ്. ഈ ഭൂമി യഥാർഥമാണെന്ന അതേ അർഥത്തിൽ, ക്ഷണേനസൃഷ്ടിച്ച ഈ സുവർണസൗധവും യഥാർഥമാണ്. ഈശ്വരന്റെ ചിന്ത ഭൂമിയെ സൃഷ്ടിക്കുകയും അദ്ദേഹത്തിന്റെ ഇച്ഛാശക്തി അതിനെ നിലനിർത്തുകയും ചെയ്യുന്നതുപോലെ, തന്റെ സങ്കല്പത്തിൽനിന്ന് ബാബാജി ഈ മണിമന്ദിരം സൃഷ്ടിച്ച്, അതിന്റെ പരമാണുക്കളെ തന്റെ ഇച്ഛാശക്തിയാൽ ഏകോപിപ്പിച്ചു നിർത്തുന്നു.' അദ്ദേഹം തുടർന്നു, 'സൗധത്തിന്റെ ഉദ്ദേശ്യം സാധിച്ചുകഴിഞ്ഞാൽ ബാബാജി ഇതിനെ അപ്രത്യക്ഷമാക്കും.' ' 'ഞാൻ ഭയഭക്തികളാൽ നിശബ്ദനായിരുന്നപ്പോൾ എന്റെ മാർഗദർശി കൈവീശിക്കാട്ടി പറഞ്ഞു. 'രത്നങ്ങളാൽ മോടിപിടിപ്പിച്ചിട്ടുള്ള ഈ തിളങ്ങുന്ന സൗധം മനുഷ്യപ്രയത്നത്താൽ ഉണ്ടാക്കിയിട്ടുള്ളതല്ല; അതിലുള്ള സ്വർണവും രത്നങ്ങളും ശ്രമപ്പെട്ട് ഖനനം ചെയ്തവയല്ല. മനുഷ്യന് ഒരു കനത്ത വെല്ലുവിളിയായി അത് കുറ്റമറ്റ രീതിയിൽ നിലകൊള്ളുന്നു.6 ബാബാജിയെപ്പോലെ ദൈവപുത്രനെന്ന സാക്ഷാത്കാരം നേടിയ ആർക്കും തന്റെ ഒളിഞ്ഞിരിക്കുന്ന

അനന്തശക്തിവൈഭവങ്ങളാൽ ഏതു ലക്ഷ്യവും നേടാം. ഒരു വെറും സാധാരണ കല്ല് അത്യധികം ആണവശക്തി, ആരുമറിയാതെ, ഉൾക്കൊള്ളുന്നു.7 അതുപോലെതന്നെ, ഏറ്റവും എളിയ മനുഷ്യൻപോലും ദൈവികതയുടെ ഒരു ശക്തിഗേഹമാണ്.' ' 'ആ ദിവ്യദേഹം അടുത്തുണ്ടായിരുന്ന ഒരു മേശമേൽനിന്ന്, വജ്രഖചിതമായ കൈപിടിയുള്ള മനോജ്ഞമായ ഒരു പുഷ്പകലശം കൈയ്യിലെടുത്തു. 'നമ്മുടെ മഹാനായ ആചാര്യൻ, പരകോടി പ്രപഞ്ച കിരണങ്ങൾ ഘനീഭവിപ്പിച്ച് ഈ കൊട്ടാരം സൃഷ്ടിച്ചു. ഈ കലശവും അതിലെ വജ്രങ്ങളും തൊട്ടുനോക്കൂ; അവ ഇന്ദ്രിയാനുഭവത്തിന്റെ എല്ലാ പരീക്ഷകളും വിജയിക്കും,' അദ്ദേഹം തുടർന്നു. ' 'ഞാൻ ആ കലശം പരിശോധിച്ചുനോക്കി; അതിലെ രത്നങ്ങൾ ഒരു രാജാധിരാജന്റെ ശേഖരത്തിന് അനുയോജ്യമായിരുന്നു. മുറിയുടെ ഭിത്തികളിലൂടെ ഞാൻ വിരലോടിച്ചു; അവ തിളങ്ങുന്ന കട്ടിയായ സ്വർണമായിരുന്നു. അഗാധമായ ഒരു സംതൃപ്തി എന്റെ മനസ്സിൽ നിറഞ്ഞു. കഴിഞ്ഞുപോയ ജന്മങ്ങളിൽനിന്ന് എന്റെ ഉപബോധമനസ്സിൽ ഒളിഞ്ഞിരുന്ന ഒരാഗ്രഹം ഒരേസമയത്ത് സംതൃപ്തമാക്കപ്പെടുകയും ദുരീകരിക്കപ്പെടുകയും ചെയ്തതായി തോന്നി. [image file=image_rsrc3F9.jpg] ഹിമാലയത്തിൽ ബാബാജിയുടെ ഗുഹറാണിഖേത്തിനടുത്തുള്ള ഈ ഗുഹയിൽ വെച്ചാണ് തനിക്ക് ക്രിയായോഗദീക്ഷ നൽകിയ തന്റെ ഏകാന്തവാസിയായ ഗുരുനാഥനെ ലാഹിരി മഹാശയൻ കണ്ടുമുട്ടിയത്. ലാഹിരി മഹാശയന്റെ പൗത്രനായ ആനന്ദമോഹന ലാഹിരിയും (വെള്ള വസ്ത്രത്തിൽ) മറ്റ് മൂന്നുപേരും ഈ വിശുദ്ധസ'ഥാനം സന്ദർശിക്കുന്നു ' 'അലംകൃതമായ വളച്ചുവാതിലുകളിലൂടെയും ഇടനാഴികളിലുംകൂടി, ഒരു സമ്രാട്ടിന്റെ കൊട്ടാരത്തിന്റെ മോടിയിൽ സജ്ജീകരിച്ച ശയനമുറികളുടെ നിരയിലേക്ക് രാജകീയപ്രൗഢിയാർന്ന എന്റെ സ്നേഹിതൻ എന്നെ നയിച്ചു. ഞങ്ങൾ അതിവിശാലമായ ഒരു ഹാളിൽ പ്രവേശിച്ചു. അതിന്റെ നടുവിൽ വിവിധവർണങ്ങളുടെ ഉജ്വലശോഭപരത്തുന്ന രത്നങ്ങൾപതിച്ച ഒരു സിംഹാസനം നിന്നിരുന്നു. അതിൽ സർവസമാരാധ്യനായ ബാബാജി പത്മാസനത്തിൽ ഉപവിഷ്ടനായിരുന്നു. അദ്ദേഹത്തിന്റെ കാൽക്കൽ തിളങ്ങുന്ന തറയിൽ ഞാൻ നമസ്കരിച്ചു. ' ' 'ലാഹിരീ, ഒരു സ്വർണരാജസൗധത്തിനു വേണ്ടിയുള്ള നിന്റെ സ്വപ്നാഭിലാഷങ്ങൾ നീ ഇപ്പോഴും ആസ്വദിക്കുകയല്ലേ? എന്റെ ഗുരുനാഥന്റെ കണ്ണുകൾ അദ്ദേഹത്തിന്റെ ഇന്ദ്രനീലക്കല്ലുകൾപോലെതന്നെ വെട്ടിത്തിളങ്ങുകയായിരുന്നു. 'ഉണരൂ! നിന്റെ ലൗകികമായ എല്ലാ ദാഹങ്ങളും എന്നന്നേയ'ക്കുമായി ശമിക്കാൻ പോവുകയാണ്.' അദ്ദേഹം അനുഗ്രഹത്തിന്റെ ചില ഗൂഢാർഥവചനങ്ങൾ ഉരുവിട്ടു. 'എന്റെ മകനേ, എഴുന്നേൽക്കൂ, ക്രിയായോഗത്തിലൂടെ, ഈശ്വരന്റെ രാജ്യത്തിലേയ'ക്കുള്ള ദീക്ഷാകരണം സ്വീകരിക്കൂ.' ' ' ബാബാജി തന്റെ കൈനീട്ടി; ഒരു ഹോമാഗ്നി പ്രത്യക്ഷമായി, ഫലങ്ങളും പുഷ്പങ്ങളും അതിനുചുറ്റുമുണ്ടായിരുന്നു. ഈ ജ്വലിക്കുന്ന അൾത്താരയുടെമുന്നിൽവച്ച് ഞാൻ വിമോചകമായ ക്രിയായോഗദീക്ഷ സ്വീകരിച്ചു. ' 'ചടങ്ങുകൾ എല്ലാം വെളുപ്പിനെ തീർന്നു. എന്റെ ആനന്ദനിർവൃതിയുടെ അവസ'ഥയിൽ എനിക്ക് ഉറക്കത്തിന്റെ ആവശ്യം തോന്നിയില്ല. അമൂല്യനിധികളും മനോഹരമായ കൗതുകവസ്തുക്കളും നിറഞ്ഞിരുന്ന കൊട്ടാരമുറികളിൽ ഞാൻ ചുറ്റിക്കറങ്ങുകയും ഉദ്യാനങ്ങൾ സന്ദർശിക്കുകയും ചെയ്തു. തലേദിവസം ഞാൻ കണ്ടിരുന്ന ഗുഹകളും തരിശയായ പർവതശിഖരങ്ങളും അടുത്തായി ഞാൻ ശ്രദ്ധിച്ചു; പക്ഷേ അപ്പോൾ ഒരു വിശാലസൗധവും പൂന്തോട്ടങ്ങളും അവയോടുചേർന്ന് ഉണ്ടായിരുന്നില്ല. ' 'ഹിമാലയത്തിലെ തണുത്ത സൂര്യപ്രകാശത്തിൽ വെട്ടിത്തിളങ്ങുന്ന കൊട്ടാരത്തിൽ വീണ്ടും കടന്നുചെന്ന്, ഞാൻ എന്റെ ഗുരുദേവന്റെ സാന്നിധ്യം തേടി. നിശ്ശബ്ദരായ ധാരാളം ശിഷ്യരാൽ ചുറ്റപ്പെട്ട് അദ്ദേഹം അപ്പോഴും സിംഹാസനനായിരുന്നു. ' ' 'ലാഹിരി, നിനക്ക് വിശപ്പുണ്ട്.' ബാബാജി തുടർന്നു, ' നിന്റെ കണ്ണുകൾ അടയ'ക്കൂ.' ' 'ഞാൻ കണ്ണുകൾ വീണ്ടും തുറന്നപ്പോൾ, രമണീയമായ ആ ഹർമ്യവും പൂന്തോട്ടങ്ങളും അപ്രത്യക്ഷമായിരുന്നു. സൂര്യപ്രകാശം തട്ടിയിരുന്ന ഗുഹാമുഖങ്ങൾക്ക് അധികം അകലെയല്ലാതെ, മറഞ്ഞുകഴിഞ്ഞ കൊട്ടാരത്തിന്റെ അതേസ'ഥാനത്ത്, വെറും നിലത്താണ് എന്റെ സ്വന്തം ശരീരവും ബാബാജിയുടെയും അദ്ദേഹത്തിന്റെ ശിഷ്യന്മാരുടെയും രൂപങ്ങളും ഇപ്പോൾ ഇരുന്നിരുന്നത്. ബന്ധനത്തിലുള്ള പരമാണുക്കൾ, എവിടെനിന്ന് എത്തിയോ ആ ചിന്താസാരത്തിലേക്ക് തിരിച്ചുപോയി ആ കൊട്ടാരം അപ്രത്യക്ഷമാകുമെന്ന് എന്റെ വഴികാട്ടിപറഞ്ഞിരുന്നത് ഞാൻ ഓർമിച്ചു. സ്തബ്ധനായിപ്പോയെങ്കിലും ഞാൻ അദ്ദേഹത്തിൽ വിശ്വാസം അർപ്പിച്ചുകൊണ്ട് എന്റെ ഗുരുദേവനെ നോക്കി. മഹാത്ഭുതങ്ങളുടേതായ ഈ ദിനത്തിൽ അടുത്തതായി എന്താണ് പ്രതീക്ഷിക്കേണ്ടതെന്ന് എനിക്ക് അറിയില്ലായിരുന്നു. ' ' 'മണിമേട പടുത്തുയർത്തിയതിന്റെ ഉദ്ദേശ്യം ഇപ്പോൾ സാധിച്ചു കഴിഞ്ഞു,' ബാബാജി വിശദീകരിച്ചു. അദ്ദേഹം ഒരു മൺപാത്രം നിലത്തു നിന്ന് എടുത്തു. 'നിന്റെ കൈ അതിൽ വയ'ക്കുക. എന്നിട്ട് ഇഷ്ടമുള്ള ആഹാരം സ്വീകരിക്കൂ.' ' 'ഞാൻ ആ പരന്ന, ഒഴിഞ്ഞ പാത്രത്തിൽ തൊട്ടു; വെണ്ണയിൽ പാകം ചെയ്ത ചൂടുള്ള ലുച്ചിയും കറിയും മധുരപലഹാരങ്ങളും പ്രത്യക്ഷപ്പെട്ടു. അതു കഴിച്ചുകൊണ്ടിരുന്നപ്പോൾ പാത്രം എപ്പോഴും നിറഞ്ഞു തന്നെയിരുന്നു എന്ന് ഞാൻ ശ്രദ്ധിച്ചു. ആഹാരത്തിനുശേഷം വെള്ളത്തിനുവേണ്ടി ഞാൻ ചുറ്റും നോക്കി. ഗുരുദേവൻ എന്റെ മുന്നിലെ പാത്രത്തിലേക്കു ചൂണ്ടി. ആഹാരപദാർഥങ്ങൾ മറഞ്ഞുകഴിഞ്ഞിരുന്നു; അവയുടെ സ'ഥാനത്ത് വെള്ളമായിരുന്നു. ' ' ' ഈശ്വരന്റെ രാജ്യത്തിൽ ലൗകികസാഫല്യങ്ങളും ഉൾപ്പെടുന്നുവെന്ന് വളരെക്കുറച്ചുപേർ മാത്രം അറിയുന്നു.' ബാബാജി പറഞ്ഞു. 'ദൈവികസാമ്രാജ്യം ഭൗമവസ്തുക്കളോളം വ്യാപിക്കുന്നു; പക്ഷേ

മിഥ്യാസ്വഭാവമാർന്ന ഭൂമി ‘ ‘യാഥാർഥ്യ’ ’ ത്തിന്റെ സത്ത ഉൾക്കൊള്ളുന്നില്ല.' ‘ ‘ ‘പ്രിയ ഗുരുദേവാ, സ്വർഗത്തിലെയും ഭൂമിയിലെയും സൗന്ദര്യത്തിന്റെ സംബന്ധം ഇന്നലെ രാത്രി അങ്ങ് എനിക്കുകാട്ടിത്തന്നു!' മറഞ്ഞുകഴിഞ്ഞ മണിമന്ദിരത്തിന്റെ ഓർമകളിൽ ഞാൻ പുഞ്ചിരിച്ചു. തീർച്ചയായും മറ്റ് ഒരു സാധാരണയോഗിയും ഇതിലേറെ ഉദാത്തവും ആഡംബരപൂർണവുമായ പരിസരങ്ങളിൽവച്ച് പരമാത്മാവിന്റെ നിഗൂഢതകളിലേക്കുള്ള ദീക്ഷാകരണം നേടിയിരിക്കുകയില്ല! ഇപ്പോഴത്തെ രംഗത്തിന്റെ രൂക്ഷമായ വ്യത്യാസം ഞാൻ ശാന്തനായി നോക്കിനിന്നു. വിജനമായ ഭൂതലം, ആകാശത്തിന്റെ മേൽക്കൂര, പ്രാകൃതമായ സംരക്ഷണം നൽകുന്ന ഗുഹകൾ-എല്ലാം എന്റെ ചുറ്റുമിരുന്നിരുന്ന ദിവ്യാത്മാക്കൾക്കുവേണ്ടിയുള്ള ഒരു രമണീയമായ നൈസർഗികപശ്ചാത്തലമായി തോന്നി. ‘ ‘അന്ന് ഉച്ചതിരിഞ്ഞ് എന്റെ കമ്പളത്തിൽ ഞാൻ ഇരുന്നു. പൂർവജന്മസാക്ഷാത്കാരങ്ങളുടെ സംബന്ധങ്ങളാൽ പവിത്രമാക്കപ്പെട്ടതായിരുന്നു അത്. എന്റെ ദിവ്യഗുരു അടുത്തുവന്ന് തന്റെ കൈ എന്റെ തലയ'ക്കു മുകളിലൂടെ ഓടിച്ചു. ഞാൻ നിർവികല്പസമാധിയിൽ ലയിച്ച് അതിന്റെ നിർവൃതിയിൽ ഏഴുദിവസം ഇടതടവില്ലാതെ മുഴുകി. ആത്മജ്ഞാനത്തിന്റെ പടിപടിയായ തലങ്ങൾ താണ്ടി ‘ ‘യാഥാർഥ്യ’ ’ ത്തിന്റെ അനശ്വരസാമ്രാജ്യങ്ങളിൽ കടന്നുചെന്നു. മിഥ്യയുടെ എല്ലാ പരിമിതികളും ഒഴിഞ്ഞുമാറി; പരമാത്മാവിന്റെ അൾത്താരയിൽ എന്റെ ആത്മാവ് പൂർണപ്രതിഷ്ഠ നേടി. ‘ ‘പാവനമായ ആ വിജനതയിൽ എക്കാലവും അദ്ദേഹത്തോടൊപ്പം കഴിയാൻ എന്നെ അനുവദിക്കണമെന്ന് എട്ടാമത്തെ ദിവസം, എന്റെ ഗുരുദേവന്റെ പാദങ്ങളിൽവീണ് ഞാൻ കേണപേക്ഷിച്ചു. ‘ ‘എന്നെ ആശ്ലേഷിച്ചുകൊണ്ട് ബാബാജി പറഞ്ഞു. ‘എന്റെ മകനേ, പൊതുജനദൃഷ്ടിയിലാണ് ഈ ജന്മത്തിലെ നിന്റെ ഭാഗം നീ അഭിനയിക്കേണ്ടത്. ജന്മമെടുക്കുന്നതിനു മുമ്പുതന്നെ നിരവധി ജന്മങ്ങളിലെ ഏകാന്ത ധ്യാനത്താൽ അനുഗൃഹീതനായ നീ ഇനി ഈ ലോകത്തെ മനുഷ്യരോട് ഇടപഴകണം. ‘ ‘ ‘വിവാഹംകഴിച്ച് ഒരു ചെറിയകുടുംബവും തൊഴിൽ കാര്യങ്ങളുമാകുന്നതുവരെ ഈ ജന്മത്തിൽ നീ എന്നെ കണ്ടുമുട്ടിയില്ല എന്നതിന് തക്കതായ ഒരു കാരണമുണ്ട്. ഹിമാലയത്തിലെ ഞങ്ങളുടെ അജ്ഞേയ സംഘത്തിൽ ചേരുകയെന്ന ചിന്ത നീ മാറ്റിവയ'ക്കണം. നിന്റെ ജീവിതം പട്ടണത്തിലെ ജനതയുടെ ഇടയിലാണ്; ആദർശശാലിയായ ഒരു ഗൃഹയോഗിയുടെ മാതൃകയായി നീ സേവനം ചെണം. ‘ ‘ ‘വ്യാകുലചിത്തരായ അനേകം സ്ത്രീപുരുഷന്മാരുടെ ദീനരോദനങ്ങൾ മഹാത്മാക്കളുടെ കാതുകളിൽ വീണിട്ട് ശ്രദ്ധിക്കപ്പെടാതെ പോയിട്ടില്ല,' അദ്ദേഹം തുടർന്നു. ‘ ആത്മാർഥതയുള്ള അനേകം അന്വേഷകർക്ക് ആത്മീയസാന്ത്വനം ക്രിയായോഗത്തിലൂടെ പകരാൻ നിന്നെ തിരഞ്ഞെടുത്തിരിക്കുകയാണ്. കുടുംബബന്ധങ്ങളും ഭാരിച്ച ലൗകികചുമതലകളുംകൊണ്ട് ബുദ്ധിമുട്ടിക്കഴിയുന്ന ലക്ഷക്കണക്കിന് ആളുകൾ അവരെപ്പോലെ ഒരു ഗൃഹസ'ഥനായ നിന്നിൽനിന്ന് പുതിയ പ്രതീക്ഷ കൈക്കൊള്ളും. സർവോത്തമമായ യോഗസിദ്ധികൾ ഗൃഹസ'ഥന്മാർക്ക് അപ്രാപ്യമല്ലെന്ന അറിവിലേക്ക് നീ അവരെ നയിക്കണം. സ്വാർഥതാല്പര്യങ്ങളോ മമതയോ കൂടാതെ തന്റെ ചുമതലകൾ ആത്മാർഥമായി നിറവേറ്റുന്ന യോഗി, ലോകമധ്യത്തിലാണെങ്കിലും ജ്ഞാനോദയത്തിന്റെ സുനിശ്ചിതമായ പാതയിലാണ് ചരിക്കുന്നത്. ‘ ‘ ‘കർമബന്ധങ്ങൾ ഓരോന്നും ആന്തരികമായി പൊട്ടിച്ചെറിഞ്ഞു കഴിഞ്ഞ നിനക്ക്, ഈ ലോകത്തെ പരിത്യജിക്കേണ്ട യാതൊരാവശ്യവുമില്ല. ലൗകികനല്ലെങ്കിലും നീ ഈ സംസാരത്തിൽ നിൽക്കണം. നിന്റെ കുടുംബപരവും തൊഴിൽസംബന്ധവും പൗരധർമപരവും ആത്മീയവുമായ കർത്തവ്യങ്ങൾ മനഃസാക്ഷിയോടെ നിറവേറ്റാൻ ഇനിയും അനവധി വർഷങ്ങൾ നിനക്കു ബാക്കിയുണ്ട്. ലൗകികരുടെ വരണ്ട ഹൃദയങ്ങളിൽ ഒരു പുതിയ ദിവ്യപ്രതീക്ഷയുടെ മധുരമായ മന്ദമാരുതൻ കടന്നുചെല്ലും. ആന്തരികമായ പരിത്യാഗത്തെയാണ്, ബാഹ്യമായ പരിത്യാഗങ്ങളെയല്ല ആത്മവിമോചനം ആശ്രയിച്ചിരിക്കുന്നതെന്ന് നിന്റെ സന്തുലിതമായ ജീവിതത്തിൽനിന്ന് അവർ മനസ്സിലാക്കും.' ‘ ‘ഉന്നതമായ ഹിമാലയത്തിന്റെ വിജനതയിൽ എന്റെ ഗുരുദേവന്റെ വാക്കുകൾ ശ്രദ്ധിച്ചുകൊണ്ടിരുന്നപ്പോൾ എന്റെ കുടുംബവും ഓഫീസും ലോകവും എത്ര വിദൂരമായിത്തോന്നി! എങ്കിലും പരുക്കനായ സത്യം അദ്ദേഹത്തിന്റെ വാക്കുകളിൽ മുഴങ്ങി; സമാധാനത്തിന്റെ ഈ അനുഗൃഹീതസങ്കേതം വിടാൻ ഞാൻ അനുസരണയോടെ സമ്മതിച്ചു. ഗുരുവിൽ നിന്നു ശിഷ്യനിലേക്ക് യോഗവിദ്യ പകർന്നു കൊടുക്കുന്നതിന്റെ പ്രാചീനമായ കർക്കശനിയമങ്ങൾ ബാബാജി എന്നെ പഠിപ്പിച്ചു. ‘ ‘ബാബാജി പറഞ്ഞു, ‘ക്രിയയാകുന്ന താക്കോൽ അർഹരായ ശിഷ്യർക്കുമാത്രം നൽകുക. ഈശ്വരാന്വേഷണത്തിനായി തന്റെ എല്ലാം തന്നെ ത്യജിക്കാൻ ശപഥംചെയ്യുന്ന ഒരാൾ മാത്രമേ ജീവിതത്തിന്റെ ആത്യന്തിക ദുർഗ്രാഹ്യതകൾക്ക് ധ്യാനത്തിന്റെ ശാസ്ത്രത്തിലൂടെ ഉത്തരം കാണാൻ അർഹനാകുന്നുള്ളൂ.' ‘ ‘ ‘ഈശ്വരതുല്യനായ ഗുരോ, നഷ്ടപ്പെട്ടുപോയ ക്രിയായോഗവിദ്യ പുനരുജ്ജീവിപ്പിച്ചുകൊണ്ട് അങ്ങ് മനുഷ്യരാശിയെ അനുഗ്രഹിച്ചു കഴിഞ്ഞിരിക്കുന്നതിനാൽ, ശിഷ്യത്വത്തിന്റെ കർശനനിയമങ്ങളിൽ അയവു വരുത്തി അതിന്റെ പ്രയോജനം വർധിപ്പിക്കുകയില്ലേ?' ഞാൻ ബാബാജിയെ പ്രാർഥനയോടെ നോക്കി. ‘ തുടക്കത്തിൽ പരിപൂർണമായ ആന്തരികത്യാഗം പ്രതിജ്ഞചെയ്യാൻ അവർക്കു കഴിഞ്ഞില്ലെങ്കിലും ആത്മാർഥതയുള്ള എല്ലാ സാധകർക്കും ക്രിയാദീക്ഷ നൽകാൻ അനുവദിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. ത്രിവിധതാപഃങ്ങളാൽ പീഡിതരായ ലൗകികർക്ക് പ്രത്യേകം പ്രോത്സാഹനങ്ങൾ ആവശ്യമാണ്. ക്രിയാദീക്ഷ അവർക്കു നൽകാതിരുന്നാൽ മോചനത്തിന്റെ പാതയിൽ മുന്നേറാൻ

അവർ ഒരിക്കലും ശ്രമിക്കുകയില്ല' ' ' 'അങ്ങനെയാകട്ടെ. ഈശ്വരേച്ഛ നിന്നിലൂടെ പ്രകാശിപ്പിക്കപ്പെട്ടിരിക്കുന്നു. നിന്നോട് എളിമയോടെ സഹായം അപേക്ഷിക്കുന്ന എല്ലാവർക്കും ക്രിയ നൽകൂ,' കൃപാനിധിയായ ഗുരുദേവൻ ഉത്തരം പറഞ്ഞു.9 ' 'അല്പനേരത്തെ മൗനത്തിനുശേഷം ബാബാജി തുടർന്നു, 'ഭഗവദ്ഗീത10യിലെ ഈ അതിമഹത്തായ വാഗ്ദാനം ഓരോ ശിഷ്യനോടും ആവർത്തിച്ചുപറയുക: സ്വല്പമപ്യസ്യ ധർമസ്യ ത്രായതേ മഹതോഭയാത് (ഈ ധർമത്തിന്റെ അല്പമാത്രമായ ആചരണംപോലും വലുതായ ഭയത്തിൽ-തുടർച്ചയായ ജനിമൃതിചക്രത്തിൽ അടങ്ങിയിരിക്കുന്ന കഠിനമായ ദുരിതങ്ങളിൽ-നിന്നുനിന്നെ രക്ഷിക്കും.) ' ' അടുത്ത പ്രഭാതത്തിൽ വിടവാങ്ങുന്നതിനുമുമ്പുള്ള ഒരു ആശീർവാദത്തിനായിട്ട് ഗുരുദേവന്റെപാദങ്ങളിൽ ഞാൻ നമസ്കരിച്ചപ്പോൾ, പിരിയുന്നതിലുള്ള എന്റെ വലിയ മടി അദ്ദേഹം മനസ്സിലാക്കി. ' ' 'നാം തമ്മിൽ വേർപാടൊന്നുമില്ല, എന്റെ പ്രിയപ്പെട്ട കുഞ്ഞേ.' സ്നേഹത്തോടെ അദ്ദേഹം എന്റെ തോളിൽ തൊട്ടു. 'നീ എവിടെ യാണെങ്കിലും ശരി, എന്നെ വിളിക്കുമ്പോഴെല്ലാം, ഞാൻ തൽക്ഷണം നിന്റെ അടുത്തുണ്ടാകും.' ' 'അദ്ദേഹത്തിന്റെ വിസ്മയകരമായ വാഗ്ദാനത്താൽ സാന്ത്വനപ്പെട്ടും പുതുതായിലഭിച്ച ആത്മജ്ഞാനത്തിന്റെ സ്വർണത്താൽ ധനികനായും ഞാൻ മലകൾ ഇറങ്ങി താഴേക്കു പോയി. എന്റെ ഓഫീസിലെ സഹപ്രവർത്തകർ എന്നെ സ്വാഗതം ചെയ്തു. ഹിമാലയവനങ്ങളിൽ എനിക്കു വഴിതെറ്റിപ്പോയിയെന്ന് കഴിഞ്ഞ പത്തുദിവസങ്ങളായി അവർ വിചാരിച്ചിരുന്നു. കേന്ദ്ര ഓഫീസിൽനിന്ന് ഒരു കത്ത് താമസിയാതെ എത്തി. ' ' 'ലാഹിരി ദാനാപുരം ഓഫീസിൽ മടങ്ങി എത്തണം' എന്നായിരുന്നു സന്ദേശം. 'റാണിഖേത്തിലേക്ക് സ'ഥലംമാറ്റം തെറ്റായി സംഭവിച്ചതാണ്. റാണിഖേത്തിലെ ചുമതലകൾ ഏറ്റെടുക്കാൻ മറ്റൊരാളെ ആയിരുന്നു അയയ'ക്കേണ്ടിയിരുന്നത്.' ' 'ഭാരതത്തിന്റെ വടക്കേ അറ്റത്തേക്ക് എന്നെ നയിച്ച സംഭവങ്ങളുടെ രഹസ്യമായ അന്തർധാരകളെപ്പറ്റിയോർത്ത് ഞാൻ പുഞ്ചിരിച്ചു. ' ' ദാനാപുര11ത്തേക്ക് മടങ്ങുന്നതിനുമുമ്പ്, മൊറാദാബാദിൽ ഒരു ബംഗാളി കുടുംബത്തോടൊപ്പം ഞാൻ ഏതാനും ദിവസം ചെലവഴിച്ചു. എന്നെ സ്വീകരിക്കാൻ ആറു സുഹൃത്തുക്കൾ ഒത്തുകൂടി. സംഭാഷണം ഞാൻ ആത്മീയകാര്യങ്ങളിലേക്കു തിരിച്ചപ്പോൾ എന്റെ ആതിഥേയൻ മനംമടുത്തുപറഞ്ഞു: ' ' 'ഓ, ഇക്കാലത്ത് ഭാരതത്തിൽ സിദ്ധന്മാരേയില്ല.' ' ' 'ബാബൂ, ഈ നാട്ടിൽ ഇപ്പോഴും ശ്രേഷ്ഠരായ ദിവ്യാത്മാക്കൾ ഉണ്ട്!' ഞാൻ ഉശിരോടെ എതിർത്തു. ' 'ശ്രേഷ്ഠമായ ആവേശത്തിന്റെ മാനസികാവസ'ഥയിൽ ഞാനെന്റെ ദിവ്യാത്ഭുതങ്ങളുടെ അനുഭവങ്ങൾ പറയാൻ പ്രചോദിതനായി. ആ ചെറിയ സുഹൃത്സംഘം മര്യാദ വിടാതെ അവിശ്വസനീയത കാട്ടി. ' 'ഒരാൾ ആശ്വസിപ്പിക്കാനെന്നവണ്ണം പറഞ്ഞു 'ലാഹിരീ, പർവതത്തിലെ പ്രാണവായുകുറഞ്ഞ അന്തരീക്ഷത്തിൽ, നിങ്ങളുടെ മനസ്സ് ആയാസപ്പെട്ടുകാണും. നിങ്ങൾ ഈ വിസ്തരിച്ചത് ഏതെങ്കിലുമൊരു ദിവാസ്വപ്നമായിരിക്കും.' ' 'സത്യത്തിന്റെ അത്യൗത്സുക്യത്തോടെ ഞാൻ വേണ്ടതുപോലെ ചിന്തിക്കാതെ പറഞ്ഞു. 'ഞാൻ വിളിക്കുകയാണെങ്കിൽ ഈ വീട്ടിൽതന്നെ വേണമെങ്കിലും എന്റെ ഗുരുദേവൻ പ്രത്യക്ഷപ്പെടും.' ' 'എല്ലാകണ്ണുകളിലും താല്പര്യം തിളങ്ങി; അങ്ങനെയൊരു പ്രതിഭാസംകാണാൻ ആ സംഘം അതീവതല്പരരായിരുന്നതിൽ അത്ഭുതമില്ല. അല്പം മടിയോടെ ഞാൻ ഒരു പ്രശാന്തമായ മുറിയും രണ്ടു പുതിയ കമ്പിളികളും ആവശ്യപ്പെട്ടു. ' ' ' ഗുരുദേവൻ ആകാശത്തുനിന്ന് ആവിർഭവിക്കും. മുറിക്കുവെളിയിൽ നിശ്ശബ്ദരായി ഇരിക്കൂ; ഞാൻ നിങ്ങളെ അധികം താമസിയാതെ വിളിക്കാം,' ഞാൻ പറഞ്ഞു. ' 'എന്റെ ഗുരുദേവനെ എളിമയോടെ വിളിച്ചുകൊണ്ട് ഞാൻ ധ്യാനനിമഗ്നനായി. ഇരുട്ടാക്കിയ മുറിയിൽ, നേർത്ത സുഖകരമായ ഒരു പ്രകാശം നിറഞ്ഞു; ബാബാജിയുടെ തേജോമയമായ ശരീരം പ്രത്യക്ഷമായി. ' ' 'ലാഹിരീ, ഒരു നിസ്സാരകാര്യത്തിന് നീ എന്നെ വിളിച്ചു വരുത്തുന്നുവോ?' ഗുരുദേവന്റെ നോട്ടം കർക്കശമായിരുന്നു. 'സത്യം യഥാർഥ സാധകർക്കുള്ളതാണ്, അല്ലാതെ വെറും ജിജ്ഞാസുക്കൾക്കുള്ളതല്ല. സ്വന്തം കണ്ണുകളാൽ കാണുമ്പോൾ വിശ്വസിക്കുന്നത് എളുപ്പമാണ്; അപ്പോൾ നിരാകരിക്കാൻ അവിടെ ഒന്നുമുണ്ടാവില്ല. തങ്ങൾക്കു സ്വാഭാവികമായ ലൗകികബുദ്ധിയുടെ സന്ദേഹവാദത്തിന് അതീതരായവർക്ക് തികച്ചും അവർ അർഹിക്കുന്നമാതിരി കണ്ടുപിടിക്കാൻ കഴിയുന്നതുമാണ് ഇന്ദ്രിയാതീതമായ യാഥാർഥ്യം.' അദ്ദേഹം കർശനമായി പറഞ്ഞു, 'ഞാൻ പോകട്ടെ!' ' 'ഞാൻ പ്രാർഥനയോടെ അദ്ദേഹത്തിന്റെ കാൽക്കൽ വീണു. ' വിശുദ്ധഗുരോ, എന്റെ ഗൗരവമായതെറ്റ് ഞാൻ മനസ്സിലാക്കുന്നു; ഞാൻ വിനീതനായി മാപ്പു ചോദിക്കുന്നു. ആത്മീയമായി അന്ധകാരത്തിലാണ്ട ഈ മനസ്സുകളിൽ വിശ്വാസം സൃഷ്ടിക്കുവാനാണ് അങ്ങയെ വിളിക്കാൻ ഞാൻ മുതിർന്നത്. എന്റെ പ്രാർഥനയിൽ അങ്ങ് കൃപയോടെ പ്രത്യക്ഷപ്പെട്ടതുകൊണ്ട് എന്റെ സ്നേഹിതരിൽ അനുഗ്രഹം ചൊരിയാതെ ദയവായി അങ്ങ് പിരിഞ്ഞുപോകരുത്. അവിശ്വാസികളാണെങ്കിലും എന്റെ അസാധാരണമായ അവകാശവാദങ്ങളുടെ സത്യസ'ഥിതി അന്വേഷിക്കാനെങ്കിലും അവർ തയ്യാറായല്ലോ.' ' ' ' എങ്കിൽ ആകട്ടെ, ഞാൻ അല്പസമയം നില്ക്കാം. നിന്റെ കൂട്ടുകാരുടെ മുമ്പിൽ നിന്റെ വാക്കുകൾ കള്ളമാണെന്നു വരുത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല' ബാബാജിയുടെ മുഖം ശാന്തമായെങ്കിലും അദ്ദേഹം സൗമ്യമായി ഇത്രയുംകൂടി കൂട്ടിച്ചേർത്തു. 'എന്റെ മകനേ, ഇനിമേൽ നിനക്ക് ആവശ്യം വരുമ്പോഴാണ് ഞാൻ വരിക; അല്ലാതെ, നീ വിളിക്കുമ്പോഴൊക്കെയല്ല'.12 ' 'ഞാൻ വാതിൽ തുറന്നപ്പോൾ പിരിമുറുക്കമുള്ള നിശ്ശബ്ദത ആ ചെറിയ സംഘത്തിൽ വ്യാപിച്ചിരുന്നു. തങ്ങളുടെ

കണ്ണുകളെ അവിശ്വസിക്കുന്നതുപോലെ, എന്റെ സ്നേഹിതർ കമ്പളത്തിലിരുന്നിരുന്ന തേജോമയരൂപത്തെ ഉറ്റുനോക്കി. ‘ ‘ ‘ഇത് കൂട്ടമാസ്മരവിദ്യയാണ്!' ഒരാൾ തുറന്നുചിരിച്ചു. ‘ ഞങ്ങളുടെ അറിവുകൂടാതെ ഒരുത്തർക്കും ഈ മുറിയിൽ കടന്നുകയറാൻ സാധ്യമാവുകയില്ല!' ‘ ‘ ബാബാജി പുഞ്ചിരിയോടെ മുന്നോട്ടുവന്ന്, ഓരോരുത്തരും തന്റെ ശരീരത്തിലെ ഇളംചൂടുള്ള ഉറച്ചമാംസത്തിൽ തൊട്ടുനോക്കുവാൻ ആംഗ്യം കാട്ടി. സംശയംമാറിയ എന്റെ സ്നേഹിതർ ആദരപൂർവമായ പശ്ചാത്താപത്തോടെ അദ്ദേഹത്തിന്റെ മുമ്പിൽ ദണ്ഡനമസ്കാരം ചെയ്തു. ‘ ‘ ‘ ഹൽവാ ഉണ്ടാക്കൂ' ബാബാജി ഇങ്ങനെ ആവശ്യപ്പെട്ടത് ആ സംഘത്തിന് തന്റെ ശാരീരികമായ യാഥാർഥ്യം കൂടുതൽ ഉറപ്പാക്കാനാണെന്ന് എനിക്കു മനസ്സിലായി. ഹൽവയുടെകൂട്ട് വേകുന്ന വേളയിൽ ആ ദിവ്യഗുരു മധുരമായി വർത്തമാനം പറഞ്ഞു. ഉത്തമവിശ്വാസികളായിത്തീർന്ന ആ സംശയാലുക്കളുടെമാറ്റം മഹത്തരമായിരുന്നു-ഞങ്ങൾ ഹൽവ കഴിച്ചുകഴിഞ്ഞപ്പോൾ ബാബാജി ഞങ്ങളെ ഓരോരുത്തരെയായി അനുഗ്രഹിച്ചു. പെട്ടെന്ന് ഒരു പ്രകാശജ്വാല കാണപ്പെട്ടു. അവിടെ പരക്കുന്ന ഒരു പ്രകാശബാഷ്പമായി ബാബാജിയുടെ ശരീരത്തിലെ വൈദ്യുതഘടകങ്ങളുടെ തൽക്ഷണമായ രാസവിഘടനത്തിന് ഞങ്ങൾ സാക്ഷ്യം വഹിച്ചു. ഗുരുദേവന്റെ, ഈശ്വരനിൽ പൊരുത്തപ്പെട്ട ഇച്ഛാശക്തി തന്റെ ശരീരമായി ഒരുമിച്ചു നിർത്തിയ സൂക്ഷ്മാകാശപരമാണുക്കളുടെ പിടി അയച്ചു; ഉത്തരക്ഷണത്തിൽ പരകോടി പ്രാണാണുസ്ഫുലിംഗങ്ങൾ അവയുടെ അനന്തശേഖരത്തിലേക്ക് ക്രമേണ മങ്ങിമറഞ്ഞു. ‘ ‘ ‘എന്റെതന്നെ കണ്ണുകൾകൊണ്ട് ഞാൻ ആ മൃത്യുഞ്ജയനെ കണ്ടു.’ സുഹൃത്സംഘത്തിലെ ഒരാളായ മൈത്രൻ13 ആദരവോടെ പറഞ്ഞു. തന്റെ പുതിയ ഉണർവിന്റെ സന്തുഷ്ടിയിൽ അദ്ദേഹത്തിന്റെ മുഖം തിളങ്ങി. ‘ഒരു കുട്ടി, കുമിളകൾകൊണ്ട് കളിക്കുന്നതുപോലെ ആ പരമഗുരു കാലദേശങ്ങളെക്കൊണ്ടു കളിച്ചു. സ്വർഗത്തിന്റെയും ഭൂമിയുടെയും താക്കോൽ കൈവശമുള്ള ഒരു ദേഹത്തെ ഞാൻ കണ്ടു.' ‘ ‘ഞാൻ ഉടനെ ദാനാപുരത്തേക്കു മടങ്ങി. പരമാത്മാവിൽ അടിയുറച്ച ഒരു ഗൃഹസ'ഥന്റെ കുടുംബപരവും തൊഴിൽപരവുമായ വിവിധകൃത്യങ്ങൾ ഞാൻ ഏറ്റെടുത്തു,’ ’ ലാഹിരി മഹാശയൻ പറഞ്ഞുതീർത്തു.ബാബാജിയുമായി വേറൊരു കൂടിക്കാഴ്ചയുടെ കഥ ലാഹിരി മഹാശയൻ സ്വാമി കേവലാനന്ദനോടും ശ്രീ യുക്തേശ്വരനോടും പറയുകയുണ്ടായി. ‘ ‘നിനക്ക് എപ്പോഴൊക്കെ എന്റെ ആവശ്യം ഉണ്ടാകുമോ അപ്പോൾ ഞാൻ വരും’ ’ എന്ന തന്റെ വാഗ്ദാനം ആ പരമഗുരു നിറവേറ്റിയ പല അവസരങ്ങളിലൊന്നായിരുന്നു അത്. ‘ ‘അലഹബാദിലെ ഒരു കുംഭമേളയായിരുന്നു രംഗം, ’ ’ ലാഹിരി മഹാശയൻ ശിഷ്യന്മാരോടു പറഞ്ഞു. ‘ ‘എന്റെ ഓഫീസ്ജോലിയിൽ നിന്ന് ഒരു ചെറിയ അവധിയെടുത്ത് ഞാൻ അവിടെ പോയതായിരുന്നു. ആ പുണ്യമഹോത്സവത്തിൽ പങ്കെടുക്കുന്നതിന് വിദൂരസ'ഥലങ്ങളിൽനിന്ന് വന്നെത്തിയ ഭിക്ഷുക്കളുടെയും സന്ന്യാസിമാരുടെയും ഇടയിൽ അലഞ്ഞുനടക്കുമ്പോൾ, ദേഹമാസകലം ഭസ്മംപൂശി, ഭിക്ഷാപാത്രവുമായി ഇരുന്ന ഒരു താപസനെ ഞാൻ ശ്രദ്ധിച്ചു. സന്ന്യാസത്തിന്റെ ബാഹ്യലക്ഷണങ്ങൾക്കു ചേരുന്ന ആന്തരികമായ മഹത്വമില്ലാത്ത ഒരു കപടസന്ന്യാസിയാണ് ആ മനുഷ്യനെന്ന ചിന്ത എന്റെ മനസ്സിൽ ഉദിച്ചു. ‘ ‘അയാളെ കടന്നുനീങ്ങിയ ഉടനെ എന്റെ വിസ്മയംനിറഞ്ഞ കണ്ണുകൾ ബാബാജിയെയാണ് കണ്ടത്. ജടാധാരിയായ ഒരു സന്ന്യാസിയുടെ മുന്നിൽ അദ്ദേഹം മുട്ടുകുത്തിനിൽക്കുകയായിരുന്നു. ‘ ‘ ‘ഗുരുജീ!’ ഞാൻ തിടുക്കത്തിൽ അടുത്തെത്തി. ‘പ്രഭോ, അങ്ങ് ഇവിടെ എന്താണ് ചെയ്യുന്നത്?' ‘ ‘ ‘ഞാൻ ഈ സന്ന്യാസിയുടെ പാദം കഴുകുകയാണ്, എന്നിട്ട് അദ്ദേഹത്തിന്റെ പാചകപ്പാത്രങ്ങൾ വൃത്തിയാക്കും.’ ബാബാജി ഒരു കൊച്ചുകുട്ടിയെപ്പോലെ എന്നെ നോക്കി പുഞ്ചിരിച്ചു. ഞാൻ ആരെയും വിമർശിക്കരുതെന്ന് അദ്ദേഹം എനിക്കു കാട്ടിത്തരുകയായിരുന്നുവെന്ന് ഞാൻ മനസ്സിലാക്കി. മറിച്ച് ശ്രേഷ്ഠരായാലും നികൃഷ്ടരായാലും ഏതു മനുഷ്യരുടെയും ശരീരക്ഷേത്രത്തിൽ ഈശ്വരൻ ഒരേപോലെ കുടികൊള്ളുന്നുവെന്നു ഞാൻ മനസ്സിലാക്കണമെന്ന് അദ്ദേഹം എന്നെ ബോധ്യപ്പെടുത്തി. ‘ ‘ മഹാനായ ആ ആചാര്യൻ കൂട്ടിച്ചേർത്തു, ‘ജ്ഞാനികളും അജ്ഞാനികളുമായ സാധുക്കളെ സേവിക്കുന്നതിലൂടെ മറ്റെന്തു നന്മകളെക്കാളും ഈശ്വരന് ഏറെ പ്രിയമായ ഏറ്റവും മഹത്തായ നന്മ-എളിമ-ഞാൻ പഠിക്കുകയാണ്.’ ’ 14 [image file=image_rsrc3H2.jpg] 1 പിൽക്കാലത്ത് ഒരു സൈനിക ആരോഗ്യസംരക്ഷണകേന്ദ്രം. 1861 ആയപ്പോഴേക്കും ബ്രിട്ടീഷ് സർക്കാർ ഭാരതത്തിൽ കമ്പിയില്ലാക്കമ്പിയുടെ ശ്യംഖല സ'ഥാപിച്ചിരുന്നു.2 അൽമോറാ ജില്ലയിലെ റാണിഖേത്ത് ഹിമാലയത്തിന്റെ അത്യുന്നത ശൃംഗങ്ങളിൽ ഒന്നായ നന്ദാദേവി (25, 661 അടി)യുടെ താഴ്‌വാരത്തിൽ സ'ഥിതി ചെയ്യുന്നു.3 ലാഹിരി മഹാശയൻ കഴിഞ്ഞ ജന്മത്തിൽ അറിയപ്പെട്ടിരുന്ന ഗംഗാധരനെന്ന പേരാണ് ബാബാജി വാസ്തവത്തിൽ വിളിച്ചത്. പരമശിവന്റെ പേരുകളിൽ ഒന്നാണ് ഗംഗാധരൻ. പുരാണങ്ങളനുസരിച്ച്, പുണ്യനദിയായ ഗംഗ, സ്വർഗത്തുനിന്നു താഴേക്കു പതിച്ചു. അതിശക്തമായ ഈ പതനത്തിന്റെ ഊക്കുതാങ്ങാൻ ഭൂമിക്കു കഴിയാതെ വരരുതെന്നു കരുതി പരമശിവൻ ഗംഗാജലത്തെ തന്റെ ജടയിൽ താങ്ങിയിട്ട് അവിടെനിന്ന് ആ ജലത്തെ സൗമ്യമായ ഒരു പ്രവാഹമായി മോചിപ്പിച്ചു. ഗംഗാധരന്റെ ദാർശനികമായ അർഥം ‘ ‘സുഷുമ്നയിലെ പ്രാണശക്തിയാകുന്ന നദിയുടെ നിയന്ത്രണമുള്ളവൻ’ ’ എന്നാണ്.4 “ശാബത്ത് മനുഷ്യനു വേണ്ടിയാണ്; മനുഷ്യൻ ശാബത്തിനു വേണ്ടിയല്ല.” (മാർക്കോസ് 2:27, ബൈബിൾ)5 കർമത്തിന്റെ നിയമമനുസരിച്ച് മനുഷ്യാഭിലാഷങ്ങൾ എല്ലാം ആത്യന്തികമായി നിറവേറപ്പെടണം. അങ്ങനെ,

അനധ്യാത്മികമായ തീവ്രാഭിലാഷങ്ങളാണ് മനുഷ്യനെ പൂനർജന്മങ്ങളുടെചക്രവുമായി ബന്ധിച്ചിടുന്നത്.6 ‘ ‘ദിവ്യാത്ഭുതം-അതെന്താണ്? അതൊരു ശകാരമത്രേ മനുഷ്യരാശിക്കൊരു പരോക്ഷരൂക്ഷഹാസം.’ ’ – എഡ്വേഡ് യങ്ങ്, നൈറ്റ് തോട്ട്സ്7 പ്രാചീനഭാരതത്തിന്റെ വൈശേഷിക, ന്യായദർശനങ്ങളിൽ ആണവഘടനാസിദ്ധാന്തം പ്രതിപാദിച്ചിട്ടുണ്ട്. ‘ ‘ഓരോ അണുവിന്റെയും പൊള്ളകൾക്കുള്ളിൽ, സൂര്യരശ്മിയിൽ അസംഖ്യം രജതകണികകൾപോലെ വിശാലമായ ലോകങ്ങൾ കിടക്കുന്നു.’ ’ യോഗവാസിഷ്ഠം.8 ശാരീരിക, മാനസിക,ആധ്യാത്മിക താപത്രയങ്ങൾ യഥാക്രമം രോഗങ്ങൾ, മാനസികവൈഷമ്യങ്ങൾ, ആത്മീയഅജ്ഞാനം എന്നിവയായി വെളിപ്പെടുന്നു.9 ക്രിയായോഗം മറ്റുള്ളവരെ പഠിപ്പിക്കാനുള്ള അനുവാദം ആദ്യം ലാഹിരി മഹാശയനുമാത്രമാണ് ബാബാജി നൽകിയത്. ആ യോഗാവതാരം, അപ്പോൾ തന്റെ ഏതാനും ശിഷ്യന്മാർക്കും ക്രിയായോഗം പഠിപ്പിക്കാൻ അധികാരം നൽകണമെന്നു ബാബാജിയോട് ആവശ്യപ്പെട്ടു. അദ്ദേഹം സമ്മതിക്കുകയും ക്രിയാമാർഗത്തിൽ പുരോഗമിച്ചുട്ടുള്ളവർക്കും, ലാഹിരി മഹാശയനോ ആ യോഗാവതാരത്തിന്റെ അംഗീകൃത ശിഷ്യപരമ്പരയോ അധികാരപ്പെടുത്തിയവരിലുമായി ക്രിയായോഗം അഭ്യസിപ്പിക്കാനുള്ള അധികാരം പരിമിതപ്പെടുത്തണമെന്ന് ആജ്ഞാപിക്കുകയുംചെയ്തു. യഥോചിതം അധികാരപ്പെടുത്തിയിട്ടുള്ള ക്രിയാഗുരുക്കന്മാരിൽനിന്ന് ദീക്ഷലഭിച്ചവരും വിശ്വസ്തതയും ആത്മാർഥതയുള്ളവരുമായ എല്ലാ ക്രിയായോഗികളുടെയും ആത്മീയക്ഷേമത്തിന്റെ ചുമതല, അവരുടെ ജന്മാന്തരങ്ങളിലൂടെ ഏറ്റെടുക്കാമെന്ന് ബാബാജി ദയാവായ്പോടെ വാഗ്ദാനംചെയ്തു.യോഗദാ സത്സംഗ സൊസൈറ്റി ഓഫ് ഇൻഡ്യയുടെയും സെൽഫ്-റിയലൈസേഷൻ ഫെലോഷിപിന്റെയും ദീക്ഷസ്വീകരിക്കുന്നവർ, ക്രിയായോഗവിദ്യ അവർ മറ്റുള്ളവർക്ക് വെളിപ്പെടുത്തുകയില്ലെന്ന ഒരു പ്രതിജ്ഞ ഒപ്പുവയ'ക്കണമെന്ന് കർശനവ്യവസ'ഥയുണ്ട്. ലളിതമെങ്കിലും സൂക്ഷ്മതയുള്ള ക്രിയായോഗവിദ്യ അങ്ങനെ അനധികൃത ആചാര്യന്മാരുടെ തിരുത്തലുകളിൽനിന്നും ദുർവ്യാഖ്യാനങ്ങളിൽനിന്നും പരിരക്ഷിക്കപ്പെടുകയും അതിന്റെ മൗലികമായ അവികലരൂപത്തിൽ നിലനിൽക്കുകയും ചെയ്യും.ക്രിയായോഗത്തിന്റെ പ്രയോജനം സാധാരണജനങ്ങൾക്കും ലഭിക്കാനായി പ്രാചീനകാലത്തെ നിബന്ധനകളായ ഇന്ദ്രിയജയവും സന്ന്യാസവും അവർക്ക് ഒഴിവാക്കിയെങ്കിലും ലാഹിരി മഹാശയനോടും അദ്ദേഹത്തിന്റെ ആത്മീയമാർഗത്തിലെ ശിഷ്യപരമ്പരയോടും (YSS/SRF ഗുരുപരമ്പര) ദീക്ഷ ആവശ്യപ്പെടുന്നവർക്ക്, ക്രിയായോഗ അനുഷ്ഠാനത്തിന്റെ തയ്യാറെടുക്കൽ എന്നനിലയിൽ ഒരു പ്രാരംഭിക ആത്മീയപരിശീലനകാലം ഏർപ്പെടുത്ത ണമെന്ന് ബാബാജി ആവശ്യപ്പെട്ടു. ക്രിയായോഗം പോലുള്ള ഒരു ഉയർന്നസങ്കേതത്തിന്റെ അനുഷ്ഠാനം ക്രമരഹിതമായ ഒരു ആത്മീയജീവിതവുമായി പൊരുത്തപ്പെടുകയില്ല. ക്രിയായോഗം വെറുമൊരു ധ്യാനവിദ്യയിലും ഉപരിയാണ്; അത് ഒരു ജീവിതരീതിയും ആണ്. അതിനാൽ ദീക്ഷസ്വീകരിക്കുന്നവർ ചില ആത്മീയമായചിട്ടകളും അച്ചടക്കനിബന്ധനകളും സ്വീകരിക്കണമെന്ന് വരുന്നു. യോഗദാ സത്സംഗ സൊസൈറ്റി ഓഫ് ഇൻഡ്യയും, സെൽഫ്-റിയലൈസേഷൻ ഫെലോഷിപ്പും മഹാവതാരബാബാജി, ലാഹിരി മഹാശയൻ, സ്വാമി ശ്രീ യുക്തേശ്വരൻ, പരമഹംസയോഗാനന്ദൻ എന്നിവരിലൂടെ ലഭിച്ച ഈ നിർദേശങ്ങൾ വിശ്വസ്തതയോടെ നടപ്പിലാക്കിയിട്ടുണ്ട്. ക്രിയായോഗത്തിന്റെ പ്രാരംഭമായി YSS/SRF പാഠങ്ങളിൽ ഉള്ളതും YSS/SRF–ന്റെ അംഗികൃത പ്രതിനിധികൾ പഠിപ്പിക്കുന്നതുമായ ഹംസധ്യാനവിദ്യയും ഓംധ്യാനവിദ്യയും ക്രിയായോഗത്തിന്റെ അവിഭാജ്യഘടകങ്ങളാണ്. വ്യക്തിയുടെബോധത്തെ ആത്മസാക്ഷാത്കാരത്തിലേക്ക് ഉയർത്തുവാനും ആത്മാവിനെ ബന്ധനത്തിൽനിന്നു മോചിപ്പിക്കുവാനും ഈ യോഗവിദ്യകൾ ഏറെ ഫലപ്രദമാണ്. (പ്രസാധക കുറിപ്പ്)10 അധ്യായം II:4011 വാരാണസിക്കു സമീപമുള്ള ഒരു പട്ടണം.12 അനന്തതയിലേക്കുള്ള പാതയിൽ ലാഹിരി മഹാശയനെപ്പോലെ ജ്ഞാനികളായ ആചാര്യന്മാർക്കുപോലും അത്യുത്സാഹത്തിന്റെ ആധിക്യം ദുരിതമായിത്തീരാം; അവർ അച്ചടക്കവിധേയരാക്കപ്പെടുകയുംചെയ്യാം. ഭഗവദ്ഗീതയിൽ ദിവ്യഗുരു ശ്രീകൃഷ്ണൻ ഭക്തരാജകുമാരൻ അർജുനനെ ശാസിക്കുന്ന അനേകം ശ്ലോകങ്ങൾ നാം വായിക്കുന്നു.13 പിൽക്കാലത്ത് ‘മൈത്ര മഹാശയൻ’ എന്ന് അറിയപ്പെട്ട ഇദ്ദേഹം ആത്മസാക്ഷാത്കാരത്തിൽ വളരെ ഉയർച്ചപ്രാപിച്ചു. എന്റെ ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് അധികം താമസിയാതെ ഞാൻ മൈത്രമഹാശയനെ കണ്ടു; വാരാണസിയിലെ മഹാമണ്ഡൽ ആശ്രമത്തിൽ ഞാൻ അന്തേവാസിയായിരുന്നപ്പോൾ അദ്ദേഹം അവിടം സന്ദർശിച്ചു. മൊറോദാബാദിലെ സുഹൃദ്സംഘത്തിന്റെ മുമ്പിൽ ബാബാജിയുടെ ആവിർഭാവത്തെപ്പറ്റി അപ്പോഴാണ് അദ്ദേഹം എന്നോടു പറഞ്ഞത്. ‘ ‘ആ ദിവ്യാത്ഭുതത്തിന്റെ ഫലമായി ഞാൻ ലാഹിരി മഹാശയന്റെ ആജീവനാന്ത ശിഷ്യനായിത്തീർന്നു.’ ’ എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.14 ‘ ‘അവൻ ഉന്നതത്തിലിരിക്കുന്നു. അങ്ങുതാഴെ, ആകാശത്തിലേക്കും ഭൂമിയിലേക്കും അവൻ നോക്കുന്നു.’ ’ (സങ്കീർത്തനങ്ങൾ 113:6, ബൈബിൾ) ‘ ‘സ്വയം ഉയർത്തുന്നവൻ താഴ്ത്തപ്പെടും; സ്വയം താഴ്ത്തുന്നവനോ ഉയർത്തപ്പെടും.’ ’ -(മത്തായി 23:12, ബൈബിൾ).അഹങ്കാരത്തെ അഥവാ മിഥ്യാവ്യക്തിത്വത്തെ തോല്പിക്കുക എന്നാൽ തന്റെ ശാശ്വതസത്തയെ കണ്ടെത്തുകയാണ്.അധ്യായം 35ലാഹിരി മഹാശയന്റെ പുണ്യജീവിതം ‘ ‘ധർമമെല്ലാം ഇങ്ങനെ നിറവേറ്റുന്നത് നമുക്ക് ഉചിതമാണല്ലോ’ ’ 1 യോഹന്നാൻ സ്നാപകനോടുള്ള ഈ വാക്കുകളിലും, തന്നെ ജ്ഞാന സ്നാനംചെയ്യിക്കാൻ

ആവശ്യപ്പെടുന്നതിലും ശ്രീയേശു തന്റെ ഗുരുവിന്റെ ദൈവികമായ അധികാരങ്ങൾ അംഗീകരിക്കുകയായിരുന്നു.പൗരസ്ത്യവീക്ഷണ2ത്തിലൂടെ ബൈബിളിന്റെ ഭക്ത്യാദരപൂർവമായ ഒരു പഠനംകൊണ്ടും എന്റെ ഉൾക്കാഴ്ചയുടെ അവബോധത്താലും എനിക്കു ബോധ്യപ്പെട്ടത്, യോഹന്നാൻ സ്നാപകൻ കഴിഞ്ഞ ജന്മങ്ങളിൽ ക്രിസ്തുദേവന്റെ ഗുരുവായിരുന്നുവെന്നാണ്. ബൈബിളിലെ നിരവധി വചനങ്ങൾ യോഹന്നാനും ശ്രീയേശുവും തങ്ങളുടെ മുൻജന്മങ്ങളിൽ യഥാക്രമം ഏലിയയും ശിഷ്യൻ എലീശയും ആയിരുന്നുവെന്നു സൂചിപ്പിക്കുന്നു. (പഴയ നിയമത്തിലെ പേരുകൾ ഇവയാണ്. യവന തർജമക്കാർ പേരുകളെ ഏലിയാസും എലിസിയസും ആക്കിമാറ്റി; പുതിയ നിമയത്തിൽ അവ ഈ മാറിയരൂപത്തിൽ വീണ്ടും പ്രത്യക്ഷപ്പെടുന്നു).പഴയനിമയത്തിന്റെ അവസാനഭാഗം തന്നെ ഏലിയയുടെയും എലീശയുടെയും പുനർജന്മത്തെപ്പറ്റിയുള്ള ഒരു പ്രവചനമാണ്: ‘ ‘മഹത്ത്വമേറിയതും ഭയജനകവുമായ കർത്താവിന്റെ ദിനം വരും മുമ്പ്, പ്രവാചകനായ ഏലിയായെ ഞാൻ നിങ്ങളുടെ അടുത്തേക്ക് അയയ'ക്കും.3 അങ്ങനെ ‘ ‘കർത്താവിന്റെ... ദിനം വരും മുമ്പ് ’ ’ അയക്കപ്പെട്ട യോഹന്നാൻ (ഏലിയ), ക്രിസ്തുദേവന്റെ വരവിനു അഗ്രദൂതനായി അല്പം മുമ്പായി ജനിച്ചു. ഏലിയ (ഏലിയാസ്)അല്ലാതെ മറ്റാരുമല്ല തന്റെ വരാമ്പോകുന്ന പുത്രനെന്നു സാക്ഷ്യപ്പെടുത്താൻ അച്ഛനായ സക്കറിയാസിന് ഒരു മാലാഖ പ്രത്യക്ഷമായി. ‘ ‘മാലാഖ അയാളോടു പറഞ്ഞു: സെഖര്യാ, നീ ഭയപ്പെടേണ്ട. നിന്റെ പ്രാർഥന കേട്ടിരിക്കുന്നു. നിന്റെ ഭാര്യ എലിസബത്ത് നിനക്ക് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യോഹന്നാൻ എന്നു പേരിടണം.... അനേകം ഇസ്രായേൽപുത്രന്മാരെ അവരുടെ ദൈവമായ കർത്താവിലേക്ക് അയാൾ തിരികെ കൊണ്ടുവരും. ഏലിയായുടെ ചൈതന്യത്തോടും ശക്തിയോടും കൂടി അയാൾ അവന്റെ മുമ്പേപോകും.4 അങ്ങനെ പിതാക്കന്മാരുടെ ഹൃദയങ്ങൾ മക്കളിലേക്ക് തിരിക്കും, അനുസരണയില്ലാത്തവരെ നീതിമാന്മാരുടെ വിജ്ഞാനത്തിലേക്ക് ആനയിക്കും, അങ്ങനെ സജ്ജമായ ഒരു ജനത്തെ കർത്താവിനുവേണ്ടി ഒരുക്കിനിർത്തും.’ ’ 5രണ്ട് അവസരങ്ങളിൽ ശ്രീയേശു ഏലിയായെ യോഹന്നാനെന്ന് സംശയാതീതമായി തിരിച്ചറിഞ്ഞു. ‘ ‘ഏലിയാ വന്നു കഴിഞ്ഞു. അവർ അയാളെ തിരിച്ചറിഞ്ഞില്ല.... അവൻ സ്നാപകയോഹന്നാനെപ്പറ്റിയാണ് തങ്ങളോടു സംസാരിച്ചതെന്ന് അപ്പോൾ ശിഷ്യന്മാർക്കു മനസ്സിലായി.’ ’ 6 വീണ്ടും ശ്രീയേശു പറയുന്നു: ‘ ‘യോഹന്നാന്റെ കാലംവരെ പ്രവാചകരും നിയമവും പ്രവചനം നടത്തി. നിങ്ങൾക്ക് ഇഷ്ടമുണ്ടെങ്കിൽ ഇതു സ്വീകരിക്കുക; ഇയാളാണ് വരാനിരിക്കുന്ന ഏലിയ.’ ’ 7താൻ ഏലിയ (എലിയാസ്) അല്ലായെന്ന് യോഹന്നാൻ പറയുമ്പോൾ8 അദ്ദേഹം ഉദ്ദേശിച്ചത് യോഹന്നാന്റെ എളിയവേഷത്തിൽ മഹാനായ ഗുരു ഏലിയാസിന്റെ ബാഹ്യമഹത്വത്തിലല്ല താൻ വരുന്നത് എന്നാണ്. അദ്ദേഹത്തിന്റെ പുർവജന്മത്തിൽ തന്റെ മാഹാത്മ്യത്തിന്റെ ‘ ‘മേലങ്കിയും ’ ’ തന്റെ ആത്മീയസ്വത്തും സ്വന്തം ശിഷ്യൻ എലീശക്ക് അദ്ദേഹം കൊടുത്തിരുന്നു. ‘ ‘എലീശാ പറഞ്ഞു: നിന്റെ ചൈതന്യത്തിൽ എനിക്ക് ഇരട്ടി അവകാശം ഉണ്ടാകണമേ. ഏലിയാ പറഞ്ഞു, നീ ദുഷ്കരമായ ഒരു കാര്യമാണ് ചോദിച്ചത്: എങ്കിലും ഞാൻ നിന്നിൽനിന്ന് എടുക്കപ്പെടുമ്പോൾ നീ എന്നെ കാണുന്നപക്ഷം, നിന്റെ പ്രാർഥന സഫലമാകും..... ഏലിയായുടെ താഴെ വീണമേലങ്കി എടുത്തുകൊണ്ട് എലീശാ മടങ്ങിപ്പോന്നു.’ ’ 9ഈ ബന്ധം നേരെ തിരിഞ്ഞുവന്നു; എലീസ-യേശുവിന്, ഏലിയ-യോഹന്നാന്റെ പ്രത്യക്ഷഗുരുസ'ഥാനം ഇനി ആവശ്യമില്ലായിരുന്നു. കാരണം ശ്രീയേശു ദിവ്യമായ പരിപൂർണത പ്രാപിച്ചിരുന്നു.മലയിൽ10വച്ച് ശ്രീയേശുവിന് പരിവർത്തനം വന്നപ്പോൾ മോശയോടൊപ്പം തന്റെ ഗുരു ഏലിയായെയാണ് അദ്ദേഹം കണ്ടത്. ക്രൂശിതനായ യേശു അന്ത്യസമയത്ത് ഉച്ചത്തിൽ നിലവിളിച്ചു: ‘ ‘ഏലി ഏലിലമാ സബക്താനി? അതായത്: എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്താണ് എന്നെ കൈവിട്ടത്? ഇതുകേട്ട് അവിടെ നിന്നിരുന്ന ചിലർ പറഞ്ഞു, ഇവൻ ഏലിയായെ വിളിക്കയാണ്.... വരട്ടെ, അവനെ രക്ഷിക്കാൻ ഏലിയാ വരുമോ എന്നു നമുക്കു കാണാം.’ ’ 11കാലാതീതമായ ഗുരുശിഷ്യബന്ധം യോഹന്നാനും ശ്രീ യേശുവിനുമെന്നപോലെ ബാബാജിക്കും ലാഹിരി മഹാശയനും തമ്മിലുമുണ്ടായിരുന്നു. തന്റെ ശിഷ്യന്റെ രണ്ടു ജന്മങ്ങൾക്കിടയിൽ ചുഴികുത്തി ഒഴുകിയ അഗാധമായ ജലരാശി വാത്സല്യാതിരേകത്തോടെ നീന്തിക്കടന്ന അമരനായ ഗുരു, ലാഹിരി മഹാശയൻ കുട്ടിയായിരുന്നപ്പോഴും പിന്നീട് പുരുഷനായിത്തീർന്നശേഷവും അദ്ദേഹത്തിന്റെ തുടർന്നുള്ള ഓരോ ചുവടുവയ്പ്പിലും മാർഗദർശനം നൽകി. ഒരിക്കലും മുറിഞ്ഞിട്ടില്ലാത്ത ആ ബന്ധം തുറന്ന നിലയിൽ പുന:സ'ഥാപിക്കാനുള്ള സമയം സമാഗതമായീയെന്ന് ശിഷ്യന് മുപ്പത്തിമൂന്ന് വയസ്സാകുന്നതുവരെ ബാബാജി കരുതിയില്ല.നിസ്വാർഥനായ ആ ആചാര്യൻ തന്റെ പ്രിയപ്പെട്ട ശിഷ്യനെ റാണിഖേത്തിലെ ഹ്രസ്വമായ കൂടിക്കാഴ്ചക്കുശേഷം തന്നോടൊപ്പം നിർത്താതെ ഒരു ബാഹ്യലോകദൗത്യത്തിനായി നിയോഗിക്കുകയാണ് ചെയ്തത്. ‘ ‘എന്റെ മകനെ, നിനക്ക് എപ്പോഴാണോ എന്റെ ആവശ്യം വരിക, അപ്പോഴൊക്കെ ഞാൻ എത്തും.’ ’ ഇങ്ങനെയുള്ള ഒരു വാഗ്ദാനത്തിന്റെ പരിമിതിയില്ലാത്തവ്യവസ'ഥകൾ മർത്യനായ ഏതൊരു സ്നേഹനിധിക്ക് നിറവേറ്റാൻകഴിയും?വാരാണസിയുടെ വിദൂരമായ ഒരുകോണിൽ സമൂഹത്തിൽ പൊതുവെ അറിയപ്പെടാതെ ഒരു മഹത്തായ ആത്മീയനവോത്ഥാനം 1861-ൽ ആരംഭിച്ചു. പൂക്കളുടെ സൗരഭ്യം അടക്കിവയ'ക്കാനാകാത്തതു പോലെ, ഒച്ചപ്പാടില്ലാതെ മാതൃകാഗൃഹജീവിതം നയിക്കുകയായിരുന്ന

ലാഹിരി മഹാശയന് തന്റെ സ്വത:സിദ്ധമായ മാഹാത്മ്യം മറച്ചുവയ'ക്കാൻ കഴിഞ്ഞില്ല. ഭാരതത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും ഭക്തമധുമക്ഷികകൾ ജീവൻമുക്തനായ ഈ ആചാര്യനിൽനിന്നു ദിവ്യമധു തേടാൻ തുടങ്ങി.ലാഹിരി മഹാശയനെ സ്നേഹപൂർവം ‘ ‘പരമാനന്ദബാബു’ ’ എന്ന് വിളിച്ചിരുന്ന ഒരു ഇംഗ്ലീഷുകാരൻ ഓഫീസ് സൂപ്രണ്ടാണ് തന്റെ ഈ ജീവനക്കാരനിലെ അസാധാരണമായ ആധ്യാത്മിക പരിവർത്തനം ആദ്യംശ്രദ്ധിച്ചത്. ‘ ‘സർ, അങ്ങ് ദു:ഖിതനായിക്കാണുന്നുവല്ലോ. എന്താണു കാരണം?’ ’ ഒരു ദിവസം രാവിലെ ലാഹിരി മഹാശയൻ തന്റെ മേലാവിനോടു ഈ അനുകമ്പാപൂർണമായ അന്വേഷണം നടത്തി. ‘ ‘ ഇംഗ്ളണ്ടിൽ എന്റെ ഭാര്യ ഗുരുതരമായ രോഗാവസ'ഥയിലാണ്. ഞാൻ ഉത്കണ്ഠകൊണ്ടു വലയുകയാണ്.’ ’ ‘ ‘അവരെപ്പറ്റി എന്തെങ്കിലും വിവരം ഞാൻ എത്തിച്ചുതരാം.’ ’ ലാഹിരി മഹാശയൻ മുറിവിട്ട്, ഏകാന്തമായ ഒരു സ'ഥലത്ത് അല്പസമയം ഇരുന്നു. അദ്ദേഹം തിരിച്ചുവന്നപ്പോൾ ആശ്വസിപ്പിക്കുന്ന ഒരു മന്ദഹാസം തൂകി. ‘ ‘അങ്ങയുടെ പത്നി സുഖം പ്രാപിച്ചുവരുന്നു. ഇപ്പോൾ അവർ അങ്ങയ'ക്ക് ഒരു കത്ത് എഴുതുകയാണ്.’ ’ സർവജ്ഞനായ ആ യോഗി ആ എഴുത്തിലെ ചില ഭാഗങ്ങൾ ഉദ്ധരിച്ചു. ‘ ‘പരമാനന്ദബാബു, അങ്ങ് ഒരു സാധാരണക്കാരനല്ലെന്ന് എനിക്കറിയാം. എങ്കിലും ഇച്ഛാനുസരണം കാലദേശങ്ങൾ ഇല്ലായ്മ ചെയ്യാൻ അങ്ങയ'ക്കുകഴിയുമെന്ന് എനിക്കു വിശ്വസിക്കാൻ വയ്യ!’ ’ പറഞ്ഞ കത്ത് ഒടുവിൽ വന്നെത്തി. തന്റെ ഭാര്യയുടെ രോഗ വിമുക്തിയുടെ സന്തോഷകരമായ വർത്തമാനം മാത്രമല്ല, മഹാനായ ആ ഗുരു ആഴ്ച്ചകൾക്കു മുമ്പു പറഞ്ഞ അതേ വാക്കുകളും അതിൽ ഉണ്ടെന്ന് വിസ്മയചകിതനായ ആ സുപ്രണ്ട് കണ്ടു.ഏതാനും മാസങ്ങൾക്കുശേഷം പ്രസ്തുത വനിത ഭാരതത്തിൽ എത്തി. ലാഹിരി മഹാശയനെ കണ്ടപ്പോൾ ഭക്ത്യാദരങ്ങളോടെ അവർ അദ്ദേഹത്തെ നോക്കി.അവർ പറഞ്ഞു, ‘ ‘ സർ, ലണ്ടനിൽ എന്റെ രോഗശയ്യയ'ക്കരികിൽ മാസങ്ങൾക്കുമുമ്പ് ദിവ്യപരിവേഷത്താൽ ആവൃതമായി ഞാൻ കണ്ട രൂപം അങ്ങയുടേതായിരുന്നു. ആ നിമിഷം എന്റെ രോഗം മാറി! പിന്നീട് പെട്ടെന്നു തന്നെ ഭാരതത്തിലേക്കുള്ള നീണ്ട കപ്പൽയാത്ര ചെയ്യാൻ എനിക്കു സാധിച്ചു.’ ’ ധന്യനായ ഗുരുദേവൻ ദിവസംതോറും ഒന്നോ രണ്ടോ സാധകർക്ക് ക്രിയായോഗദീക്ഷ നൽകി. ഈ ആത്മീയകർത്തവ്യങ്ങൾക്കും ഔദ്യോഗികവും കുടുംബപരവുമായ ചുമതലകൾക്കും പുറമേ, മഹാനായ ആചാര്യൻ വിദ്യാഭ്യാസത്തിലും അത്യന്തം താല്പര്യം പ്രകടിപ്പിച്ചിരുന്നു. ധാരാളം പഠനസ'ഥലങ്ങൾ അദ്ദേഹം രൂപീകരിക്കുകയും വാരാണസിയിലെ ബംഗാളിതോലപ്രദേശത്തെ ഒരു വലിയ ഹൈസ്ക്കൂളിന്റെ വളർച്ചയിൽ ക്രിയാത്മകമായ ഒരു പങ്ക് വഹിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ‘ ‘ഗീതാസദസ്സ്’ ’ എന്നു അറിയപ്പെട്ടിരുന്ന, ആഴ്ചതോറുമുള്ള സമ്മേളനങ്ങളിൽ നിരവധി സത്യാന്വേഷികൾക്കുവേണ്ടി ഗുരുദേവൻ വേദശാസ്ത്ര ഗ്രന്ഥങ്ങൾ വ്യാഖ്യാനിച്ചു. ‘ ‘ഒരാളിന്റെ തൊഴിൽപരവും സാമൂഹികവുമായ കർത്തവ്യങ്ങൾ നിറവേറ്റിക്കഴിഞ്ഞിട്ട് ഈശ്വരധ്യാനത്തിന് എവിടെയുണ്ട് സമയം?’ ’ എന്ന പതിവു വെല്ലവിളിയെ ഇപ്രകാരമുള്ള വൈവിധ്യമാർന്ന പ്രവർത്തനത്തിലൂടെ ലാഹിരി മഹാശയൻ നേരിട്ടു. ഗൃഹാശ്രമിയായ ആ മഹാഗുരുവിന്റെ സമഞ്ജസമായി ചിട്ടപ്പെടുത്തിയ ജീവിതം ആയിരക്കണക്കിനു സ്ത്രീപുരുഷന്മാർക്ക് പ്രചോദനമായിത്തീർന്നു. കുറഞ്ഞ ഒരു ശമ്പളം വാങ്ങി, മിതമായി ചെലവുകൾ നടത്തി, ആഡംബരരഹിതനായി, ഏവർക്കും എളുപ്പത്തിൽ പ്രാപ്യനായി ആ ഗുരുനാഥൻ അച്ചടക്കമുള്ള ലൗകിക ജീവിതത്തിന്റെ പാതയിലൂടെ സ്വാഭാവികമായും സന്തുഷ്ടമായും മുന്നോട്ടുനീങ്ങി.പരമപുരുഷപദത്തിൽ അധിഷ്ഠിതനായിരുന്നുവെങ്കിലും ലാഹിരി മഹാശയൻ എല്ലാവരോടും അവരുടെ ഗുണദോഷങ്ങൾ നോക്കാതെ ആദരവുകാട്ടിയിരുന്നു. ഭക്തജനങ്ങൾ അദ്ദേഹത്തെ വണങ്ങിയിരുന്നപ്പോൾ, അദ്ദേഹവും അവരെ തിരിച്ചു വണങ്ങുമായിരുന്നു. ഒരു കുട്ടിയുടെ എളിമയോടെ അദ്ദേഹം മറ്റുള്ളവരുടെ പാദം തൊട്ടു നമിച്ചിരുന്നു. പക്ഷേ ഗുരുവന്ദനം ഒരു പ്രാചീന പൗരസ്ത്യ സമ്പ്രദായമായിട്ടുപോലും തിരിച്ച് അദ്ദേഹത്തോട് ആദരവു കാട്ടുവാൻ അവരെ അനുവദിച്ചിരുന്നില്ല.എല്ലാ വിശ്വാസക്കാർക്കും ക്രിയാദീക്ഷാദാനം ചെയ്തുവെന്നതാണ് ലാഹിരി മഹാശയന്റെ ജീവിതത്തിലെ എടുത്തുപറയേണ്ട ഒരു വസ്തുത. ഹിന്ദുക്കൾ മാത്രമല്ല മുസ്ലീങ്ങളും ക്രിസ്ത്യാനികളും അദ്ദേഹത്തിന്റെ മുന്തിയ ശിഷ്യന്മാരിൽ ഉൾപ്പെട്ടിരുന്നു. അദ്വൈത വിശ്വാസികളെയും ദ്വൈതികളെയും വിവിധ വിശ്വാസക്കാരെയും പ്രത്യേക വിശ്വാസങ്ങളൊന്നുമില്ലാത്തവരെയും ആ വിശ്വഗുരു പക്ഷഭേദമന്യേ സ്വീകരിക്കുകയും യോഗവിദ്യ അഭ്യസിപ്പിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ഏറെ പുരോഗതിനേടിയ ശിഷ്യന്മാരിൽ ഒരാൾ മുസ്ലീമായ അബ്ദുൽ ഗഫൂർ ഖാൻ ആയിരുന്നു. ലാഹിരി മഹാശയൻ സ്വയം ഏറ്റവും ഉയർന്ന ബ്രാഹ്മണജാതിയിൽപെട്ടിരുന്നുവെങ്കിലും, അക്കാലത്തെ അയവില്ലാത്ത ജാതിവ്യവസ'ഥയുടെ അസഹിഷ്ണുത ഇല്ലാതാക്കാൻ തന്റേടത്തോടെയുള്ള ശ്രമങ്ങൾ നടത്തി. സമൂഹത്തിന്റെ എല്ലാ തുറകളിൽനിന്നുമുള്ളവർ ആ ഗുരുദേവന്റെ സർവസന്നിഹിതമായ ചിറകുകൾക്കുകീഴിൽ അഭയം കണ്ടെത്തി. ഈശ്വരപ്രചോദിതരായ എല്ലാ പ്രവാചകന്മാരെയും പോലെ ലാഹിരി മഹാശയൻ സമുദായ ബഹിഷ്കൃതർക്കും മർദിതരും പീഡിതരുമായവർക്കും പുതിയ പ്രതീക്ഷ നൽകി. ‘ ‘നിങ്ങൾ ആരുടേതുമല്ലാ, ആരും നിങ്ങളുടേതുമല്ലായെന്ന് ഓർമിക്കൂ. എന്നെങ്കിലും ഈ ലോകത്തിന്റെ എല്ലാ വസ്തുക്കളും പെട്ടെന്നു കൈവെടിയേണ്ടിവരുമെന്ന് കരുതുക. അതുകൊണ്ട് ഈശ്വരനെ ഇപ്പോഴേ പരിചയപ്പെടൂ,’ ’ മഹാനായ ആ ഗുരുദേവൻ തന്റെ ശിഷ്യരെ

ഉൽബോധിപ്പിച്ചു. ‘ ‘ഈശ്വരാനുഭൂതിയുടെ ആകാശയാനത്തിൽ നിത്യേന പറന്ന്, വരാനിരിക്കുന്ന മരണത്തിന്റെ സൂക്ഷ്മലോകയാത്രക്ക് സ്വയം തയ്യാറെടുക്കൂ. മായയുടെ ബലത്താൽ നിങ്ങൾ മാംസവും അസ്ഥിയും കൊണ്ടുള്ള ഒരു ഭാണ്ഡക്കെട്ടാണെന്ന് സ്വയം ധരിക്കുന്നു.12 എത്ര മെച്ചമായാലും അത് കഷ്ടപ്പാടുകളുടെ ഒരു കൂടു തന്നെയാണ്. നിരന്തരമായി ധ്യാനിക്കൂ; ധ്യാനത്തിലൂടെ സകല ദുരിതങ്ങളിൽനിന്നും സ്വതന്ത്രമായ ‘ ‘അനന്തസത്ത’ ’ യാണ് താനെന്ന് എത്രയും വേഗം കണ്ടെത്തൂ. ശരീരത്തിന്റെ ഒരു തടവുപുള്ളിയാകുന്നതു മതിയാക്കൂ; ക്രിയയുടെ രഹസ്യത്താക്കോലുപയോഗിച്ച് വിമോചനംനേടാൻ പഠിക്കൂ.’ ’ തന്റെ വിവിധതരക്കാരായ ശിഷ്യരെ അവരവരുടെ സ്വന്തം മതവിശ്വാസത്തിന്റെ ഉൽകൃഷ്ടമായ പരമ്പരാഗതശിക്ഷണം വച്ചു പുലർത്താൻ അദ്ദേഹം പ്രോത്സാഹിപ്പിച്ചു. മോക്ഷത്തിനുള്ള ഒരു പ്രായോഗികമാർഗമെന്ന നിലയിൽ ക്രിയായോഗത്തിന്റെ സർവം ഗ്രാഹകമായ സ്വഭാവത്തെ ഊന്നിപ്പറഞ്ഞുകൊണ്ട് തന്റെ ശിഷ്യർക്ക് സ്വന്തം ജീവിതത്തെ അവരവരുടെ സാഹചര്യങ്ങളും വളർന്ന രീതിയുമനുസരിച്ച് ആവിഷ്കരിക്കാൻ ലാഹിരി മഹാശയൻ സ്വാതന്ത്ര്യം നൽകി. ‘ ‘ഒരു മുസ്ലീം ദിവസം അഞ്ചുനേരം നിസ്കരിക്കണം.13 ദിവസേന അനേകം പ്രാവശ്യം ഒരു ഹിന്ദു ധ്യാനത്തിലിരിക്കണം. ഒരു ക്രിസ്ത്യാനി ദിവസവും അനേകപ്രാവശ്യം മുട്ടുകുത്തി പ്രാർഥിക്കുകയും ബൈബിൾ വായിക്കുകയും വേണം,’ ’ ആ ആചാര്യൻ ചൂണ്ടിക്കാട്ടി.ശിഷ്യർക്ക് അവരുടെ സ്വാഭാവിക പ്രവണതകൾ അനുസരിച്ച് ഭക്തി-, കർമ-, ജ്ഞാന-, രാജയോഗങ്ങളിൽ ഏതാണ് അനുയോജ്യമെന്നാൽ അതിലേക്ക് ജ്ഞാനത്തിന്റെ വിവേചനം കൊണ്ട് ഗുരുദേവൻ വഴികാട്ടി. സന്ന്യാസം സ്വീകരിക്കുവാൻ ആഗ്രഹിക്കുന്ന ഭക്തർക്ക് അനുമതി നൽകാൻ അമാന്തംകാട്ടിയിരുന്ന ഗുരുദേവൻ അവരോട് സന്ന്യാസജീവിതത്തിന്റെ കഠിനനിഷ്ഠകളെപ്പറ്റി ആദ്യംതന്നെ നല്ലവണ്ണം ചിന്തിക്കാൻ എപ്പോഴും മുന്നറിയിപ്പു നൽകിയിരുന്നു.ആ മഹാനായ ഗുരുനാഥൻ, തന്റെ ശിഷ്യരെ വേദശാസ്ത്ര ഗ്രന്ഥങ്ങളുടെ സിദ്ധാന്തപരമായ ചർച്ച ഒഴിവാക്കാൻ പഠിപ്പിച്ചു. ‘ ‘ഈ പ്രാചീനസൂക്തങ്ങൾ വായിക്കുന്നതിൽ മാത്രമല്ലാതെ, അവയെ സാക്ഷാ ത്കരിക്കുന്നതിന് സ്വയം സമർപ്പിക്കുന്നവൻ മാത്രമാണ് ബുദ്ധിമാൻ, ’ ’ അദ്ദേഹം പറഞ്ഞു. ‘ ‘നിങ്ങളുടെ എല്ലാ പ്രശ്നങ്ങളും ധ്യാനത്തിലൂടെ പരിഹരിക്കൂ.14 അർഥശൂന്യമായ ഊഹാപോഹങ്ങൾ യഥാർഥ ഈശ്വര സംയോഗത്തിനായി കൈമാറുക. ‘ ‘ അന്ധവിശ്വാസജടിലമായ മതചിന്തകളുടെ ചപ്പുചവറുകൾ മനസ്സിൽനിന്നും നിർമാർജനം ചെയ്യുക. അപരോക്ഷമായ ഈശ്വരാനുഭൂതിയുടെ സ്വച്ഛവും വിമോചകവുമായ ജലധാരയെ സ്വാഗതം ചെയ്യുക. അന്തരാത്മാവിന്റെ ചലനാത്മകമായ മാർഗദർശനത്തോട് സ്വയം സമരസപ്പെടുക; ആ ‘ ‘ ദിവ്യശബ്ദത്തിന്’ ’ , ജീവിതത്തിലെ ഓരോ ധർമസങ്കടത്തിനും ഒരു പ്രതിവിധിയുണ്ട്. മനുഷ്യന് സ്വയം ദുരിതങ്ങളിൽ ചെന്നുചാടുന്നതിനുള്ള സാമർഥ്യം ഒടുങ്ങാത്തതാണെങ്കിലും ഈശ്വര കൃപയുടെ വൈഭവവും ഒട്ടും കുറവല്ല.’ ’ തന്റെ ഗീതാവ്യാഖ്യാനം കേട്ടുകൊണ്ടിരുന്ന ഒരു സംഘം ശിഷ്യന്മാരുടെ മുമ്പിൽ ഗുരുനാഥന്റെ സർവവ്യാപിത്വം ഒരിക്കൽ വെളിവാകുകയുണ്ടായി. സ്പന്ദനശീലമായ സകലസൃഷ്ടിയിലും കുടികൊള്ളുന്ന കൂടസ്ഥചൈതന്യം (ക്രിസ്തുബോധം) വ്യാഖ്യാനിച്ചു കൊണ്ടിരുന്നപ്പോൾ, ലാഹിരി മഹാശയൻ പെട്ടെന്നു കിതച്ചുകൊണ്ടു പറഞ്ഞു: ‘ ‘ ജപ്പാന്റെ തീരത്തിനകലെ അനവധി ആളുകളുടെ ശരീരത്തിലായി ഞാൻ വെള്ളത്തിൽ മുങ്ങിമരിച്ചുകൊണ്ടിരിക്കുന്നു.’ ’ ജപ്പാനുസമീപം ഒരു കപ്പൽ മുങ്ങി അനവധി ആളുകൾ മരിച്ച വിവരം അടുത്തദിവസം രാവിലെ പത്രത്തിലെ കേബിൾവാർത്തയായി ശിഷ്യൻമാർ വായിച്ചു.ദൂരത്തുള്ള അനേകം ശിഷ്യൻമാർ ലാഹിരി മഹാശയന്റെ സാന്നിധ്യം തങ്ങളെ പൊതിയുന്നതായി അനുഭവിച്ചറിഞ്ഞിരുന്നു. ‘ ‘ക്രിയായോഗം അഭ്യസിക്കുന്നവരുടെകൂടെ ഞാൻ എപ്പോഴും ഉണ്ട്,’ ’ അദ്ദേഹത്തിന്റെയടുത്തു കഴിയാൻ സാധിക്കാത്ത ശിഷ്യരെ സാന്ത്വനപ്പെടുത്തിക്കൊണ്ട് അദ്ദേഹം പറയും. ‘ ‘നിങ്ങളുടെ സദാവികസ്വരമായ ആത്മീയാനുഭവങ്ങളിലൂടെ നിങ്ങൾക്ക് ഞാൻ പരമപദത്തിലേക്ക് മാർഗദർശനം നൽകും.’ ’ മഹാനായ ആ ഗുരുവിന്റെ ശ്രേഷ്ഠനായ ശിഷ്യൻ ഭൂപേന്ദ്ര നാഥ സന്യാൽ15 കുട്ടിയായിരുന്നപ്പോൾ, 1892-ൽ വാരാണസിയിൽ പോകാനാവാതെ, ലാഹിരി മഹാശയനോട് ആത്മീയശിക്ഷണം നൽകാൻ പ്രാർഥിച്ചു. ലാഹിരി മഹാശയൻ ഭൂപേന്ദ്രന് ഒരു സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ദീക്ഷ നൽകുകയും ചെയ്തു. പിന്നീട് ആ ബാലൻ വാരാണസിയിൽ പോകുകയും ഗുരുനാഥനോട് ദീക്ഷയാവശ്യപ്പെടുകയും ചെയ്തു. ‘ ‘ഞാൻ നേരത്തെതന്നെ ഒരു സ്വപ്നത്തിൽ നിനക്ക് ദീക്ഷ നൽകിയിരുന്നല്ലോ.’ ’ ലാഹിരി മഹാശയൻ മറുപടി നൽകി.ഒരു ശിഷ്യൻ തന്റെ ലൗകികമായ ഏതെങ്കിലും ഉത്തരവാദിത്വം അവഗണിച്ചാൽ ഗുരുനാഥൻ അയാളെ സൗമ്യമായി തിരുത്തുകയും അനുശാസനത്തിനു വിധേയനാക്കുകയും ചെയ്തിരുന്നു. ‘ ‘ഒരു ശിഷ്യന്റെ കുറ്റങ്ങളെപ്പറ്റി തുറന്നുപറയാൻ നിർബന്ധിതനാകുമ്പോഴും ലാഹിരി മഹാശയന്റെ വാക്കുകൾ സൗമ്യവും ഹിതകരവുമായിരുന്നു,’ ’ ഒരിക്കൽ ശ്രീ യുക്തേശ്വരൻ എന്നോടു പറഞ്ഞു. അദ്ദേഹം അല്പം ഖേദത്തോടെ കൂട്ടിച്ചേർത്തു: ‘ ‘ഒരു ശിഷ്യനും എന്റെ ഗുരുനാഥന്റെ മുനവച്ചവാക്കുകൾ കേട്ട് ഒരിക്കലും ഓടി അകന്നിട്ടില്ല’ ’ . എനിക്ക് ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ലായെങ്കിലും അദ്ദേഹത്തിന്റെ വാക്കുകൾ മൂർച്ചയുള്ളതോ അല്ലാത്തതോ ആവട്ടെ, അവ എന്റെ കാതുകൾക്ക് മധുര സംഗീതമാണെന്ന് എന്റെ ഗുരുനാഥന് ഞാൻ സത്യസന്ധമായി ഉറപ്പുകൊടുത്തു.ക്രമാനുഗതമായ നാലുദീക്ഷാ16കരണങ്ങളായി ലാഹിരി മഹാശയൻ ക്രിയാനുഷ്ഠാനത്തെ ശ്രദ്ധാപൂർവം

തരംതിരിച്ചിരുന്നു. ഉയർന്ന മൂന്നു ക്രിയാദീക്ഷകളും സാധകൻ സ്പഷ്ടമായ ആത്മീയ പുരോഗതി കൈവരിച്ച ശേഷമേ അദ്ദേഹം നൽകിയിരുന്നുള്ളു. തന്റെ കഴിവുകൾ ശരിയായി വിലയിരുത്തപ്പെടുന്നില്ല എന്ന ശക്തമായ ധാരണയോടെ ഒരു ദിവസം ഒരു ശിഷ്യൻ തന്റെ അതൃപ്തി വ്യക്തമാക്കി. ‘ ‘ഗുരുനാഥാ, രണ്ടാമത്തെ ദീക്ഷക്ക് ഞാൻ ഇപ്പോൾ തയ്യാറാണെന്നു തീർച്ച,’ ’ അയാൾ പറഞ്ഞു. അതേനിമിഷം കതകുതുറന്ന് ഒരു എളിയ ശിഷ്യൻ വൃന്ദാ ഭഗത് കടന്നുവന്നു. അയാൾ വാരാണസിയിലെ ഒരു പോസ്റ്റ്മാൻ ആയിരുന്നു. ‘ ‘വൃന്ദാ, ഇവിടെ എന്റെയടുത്ത് ഇരിക്കൂ, ’ ’ മഹാനായ ഗുരുദേവൻ അയാളുടെ നേരേ നോക്കി സ്നേഹപൂർവം മന്ദഹസിച്ചു. ‘ ‘പറയൂ, രണ്ടാമത്തെ ക്രിയാദീക്ഷക്ക് തയ്യാറാണോ നീ?’ ’ ആ എളിയ പോസ്റ്റ്മാൻ രണ്ടുകൈകളുമുയർത്തി തൊഴുതു. ‘ ‘ഗുരുദേവാ,’ ’ അമ്പരപ്പോടെ അയാൾ പറഞ്ഞു, ‘ ‘ഇനി കൂടുതൽ ദീക്ഷകൾ ഒന്നും ദയവുചെയ്ത് തരരുതേ! ഇതിൽ ഉപരിയായ പാഠങ്ങൾ ഞാൻ എങ്ങനെ ഉൾക്കൊള്ളാനാണ്? ഇന്ന് ഞാൻ അങ്ങയുടെ ആശീർവാദം വാങ്ങാനാണുവന്നത്. കാരണം ആദ്യത്തെ ക്രിയ തന്നെ എന്നിൽ അത്രമാത്രം ദിവ്യലഹരി നിറച്ചിരിക്കുന്നതുകൊണ്ട്, എനിക്ക് കത്തുകൾ വിതരണം ചെയ്യാൻപോലും സാധിക്കുന്നില്ല!’ ’ ‘ ‘വൃന്ദാ ഇപ്പോൾതന്നെ പരമാനന്ദസാഗരത്തിൽ നീന്തിത്തുടിക്കുന്നു.’ ’ ലാഹിരി മഹാശയന്റെ ഈ വാക്കുകൾകേട്ട് മറ്റേ ശിഷ്യൻ തലതാഴ്ത്തി. ‘ ‘ഗുരുനാഥാ, തന്റെ പണിയായുധങ്ങളിൽ പഴിചാരുന്ന മോശക്കാരനായ ഒരു ജോലിക്കാരനാണു ഞാനെന്ന് ഞാൻ മനസ്സിലാക്കുന്നു,’ ’ അയാൾ പറഞ്ഞു.വിദ്യാവിഹീനനായ ആ സാധാരണ പോസ്റ്റ്മാൻ പിൽകാലത്ത് ക്രിയയിലൂടെ തന്റെ ഉൾകാഴ്ച വളർത്തി. വേദശാസ്ത്രഗ്രന്ഥങ്ങളിലെ കുഴപ്പംപിടിച്ച പ്രശ്നങ്ങൾക്ക് അദ്ദേഹത്തിന്റെ വ്യാഖ്യാനം പണ്ഡിതന്മാർ പലപ്പോഴും തേടി. പാപമോ പാണ്ഡിത്യമോ ഒരേപോലെതന്നെ ഇല്ലാതിരുന്ന എളിയവനായ വൃന്ദാഭഗത് വിദ്വാന്മാരുടെയിടയിൽ വിഖ്യാതി നേടി.ലാഹിരി മഹാശയന്റെ അസംഖ്യം വാരാണസി ശിഷ്യന്മാരെക്കൂടാതെ, ഭാരതത്തിന്റെ വിദൂരഭാഗങ്ങളിൽനിന്ന് നൂറുകണക്കിനാളുകൾ അദ്ദേഹത്തെ കാണാൻവന്നിരുന്നു. തന്റെ പുത്രരുടെ ഭാര്യാപിതാക്കളുടെ വീട്ടിൽ സന്ദർശനത്തിനായിട്ട് ലാഹിരി മഹാശയൻ ബംഗാളിൽ സ്വയം പല പ്രാവശ്യം പോയിരുന്നു. അങ്ങനെ അദ്ദേഹത്തിന്റെ സാന്നിധ്യത്താൽ അനുഗൃഹീതമായി ബംഗാളിൽ ക്രിയായോഗത്തിന്റെ ചെറിയ സംഘങ്ങൾ ധാരാളം ഉണ്ടായി. പ്രത്യേകിച്ചും കൃഷ്ണനഗരം, വിഷ്ണുപുരം എന്നീ ജില്ലകളിൽ അനവധി നിശ്ശബ്ദസാധകർ ആത്മീയധ്യാനത്തിന്റെ അദൃശ്യപ്രവാഹത്തെ ഇന്നും നിലനിർത്തിപ്പോരുന്നു.ലാഹിരി മഹാശയനിൽനിന്ന് ക്രിയായോഗദീക്ഷ ലഭിച്ച ധാരാളം താപസേന്ദ്രന്മാരിൽ, വാരാണസിയിലെ പ്രസിദ്ധനായ സ്വാമി ഭാസ്കരാനന്ദ സരസ്വതിയും, ദേവഘറിലെ താപസേന്ദ്രനായ ബാലാനന്ദ ബ്രഹ്മചാരിയും എടുത്തുപറയേണ്ടവരാണ്. വാരാണസിയിലെ മഹാരാജാ ഈശ്വരീ നാരായണ സിൻഹ ബഹാദൂറിന്റെ മകന്റെ ഒരു സ്വകാര്യ അധ്യാപകനായി ലാഹിരി മഹാശയൻ കുറേക്കാലം സേവനം അനുഷ്ഠിച്ചു. ആചാര്യന്റെ ആത്മീയനേട്ടങ്ങൾ മനസ്സിലാക്കിയ മഹാരാജാവും മകനും, അതുപോലെ മഹാരാജാ ജതീന്ദ്ര മോഹൻ ഠാക്കൂറും ക്രിയായോഗദീക്ഷ സ്വീകരിച്ചു.ലാഹിരി മഹാശയന്റെ നല്ല സ്വാധീനമുള്ള ലൗകികമായ സ'ഥാനങ്ങൾ വഹിച്ചിരുന്ന അനേകം ശിഷ്യന്മാർ ക്രിയായോഗത്തിന്റെ വ്യാപ്തി പ്രചരണവേലയിലൂടെ വർധിപ്പിക്കാമെന്ന് ആഗ്രഹിച്ചു. ഗുരുനാഥൻ അതിന് അനുമതി നിഷേധിച്ചു. വാരാണസിയിലെ രാജാവിന്റെ വൈദ്യനായിരുന്ന ഒരു ശിഷ്യൻ ഗുരുദേവനെ ‘ ‘കാശിബാബ’ ’ 17 എന്ന പേരിൽ വിഖ്യാതനാക്കാൻ ഒരു സംഘടിതമായ ശ്രമം ആരംഭിച്ചു. ഗുരുനാഥൻ അതും വിലക്കി. ‘ ‘ക്രിയാപുഷ്പത്തിന്റെ സുഗന്ധം സ്വാഭാവികമായി പരക്കട്ടേ. ആത്മീയമായി ഫലഭൂയിഷ്ഠമായ ഹൃദയങ്ങളിൽ ക്രിയയുടെ വിത്തുകൾ തീർച്ചയായും വേരുപിടിക്കും,’ ’ അദ്ദേഹം പറഞ്ഞു.ആധുനിക മാധ്യമമായ സംഘടന മുഖേനയോ, മുദ്രണം വഴിയോ യോഗാഭ്യാസം പ്രചരിപ്പിക്കുന്ന സംവിധാനം മഹാനായ ആ ആചാര്യൻ സ്വീകരിച്ചില്ലെങ്കിലും തന്റെ സന്ദേശത്തിന്റെ പ്രഭാവം അപ്രതിരോധ്യമായ ഒരു പ്രളയംപോലെ അതിന്റെ ശക്തിയാൽ മനുഷ്യമനസ്സിന്റെ തീരങ്ങളെ ആമഗ്നമാക്കിക്കൊണ്ട് ഉയരുമെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. ഭക്തരുടെ പരിവർത്തനം വന്നതും വിശുദ്ധമാക്കപ്പെട്ടതുമായ ജീവിതങ്ങളായിരുന്നു ക്രിയായോഗത്തിന്റെ അനശ്വര ജീവശക്തിയുടെ എളിയ പ്രത്യക്ഷപ്രമാണം.റാണിഖേത്തിലെ ക്രിയാദീക്ഷയ'ക്ക് ഇരുപത്തിയഞ്ചു വർഷ ങ്ങൾക്കുശേഷം 1886-ൽ ലാഹിരി മഹാശയൻ പെൻഷനായി ജോലിയിൽ നിന്നു വിരമിച്ചു18 അദ്ദേഹത്തിന്റെ സാമീപ്യം പകൽ സമയത്തും ലഭ്യമായതുകൊണ്ട് കൂടുതൽ കൂടുതൽ ശിഷ്യന്മാർ അദ്ദേഹത്തെ തേടിയെത്തി. ഇപ്പോൾ അദ്ദേഹം സ്വസ'ഥമായ പത്മാസനത്തിൽ അധികസമയവും മൗനമായി ഇരുന്നു. നടക്കാനായിട്ടോ വീട്ടിന്റെ മറ്റു ഭാഗങ്ങൾ സന്ദർശിക്കാനായോ പോലും അദ്ദേഹം തന്റെ ചെറിയ ഇരുപ്പുമുറിയിൽ നിന്ന് അപൂർവമായേ വെളിയിൽ ഇറങ്ങിയിരുന്നുള്ളൂ. പ്രശാന്തപ്രവാഹമായി ഏതാണ്ട് ഇടതടവില്ലാതെ ശിഷ്യന്മാർ ഗുരുവിന്റെ ദർശനത്തിന് എത്തിയിരുന്നു.കാണികളിൽ അത്ഭുതാദരങ്ങൾ വളർത്തിക്കൊണ്ട് ലാഹിരി മഹാശയന്റെ സ്വാഭാവിക ശാരീരികാവസ'ഥ അതിമാനുഷ പ്രത്യേകതകളായ ശ്വാസമില്ലായ്മ, ഉറക്കം വേണ്ടായ്മ, നാഡിമിടിപ്പും ഹൃദയ സ്പന്ദനവും കാട്ടായ്മ, മണിക്കൂറുകളോളം കണ്ണുകൾ ഇമവെട്ടായ്മ എന്നിവയും, അഗാധമായ ശാന്തിയുടെ പരിവേഷവും കാട്ടിയിരുന്നു. ആത്മീയ ഉത്കർഷം നേടാതെ ഒരു സന്ദർശകനും മടങ്ങിയിരുന്നില്ല; ഒരു യഥാർഥ ദിവ്യന്റെ നിശ്ശബ്ദമായ അനുഗ്രഹം തങ്ങൾക്കു ലഭിച്ചുവെന്ന് അവർക്കു ബോധ്യമായിരുന്നു.ഗുരുനാഥൻ പിന്നീട്, തന്റെ ശിഷ്യൻ പഞ്ചാനൻ

ഭട്ടാചാര്യയ'ക്ക് ‘ ‘ആര്യ മിഷൻ ഇൻസ്റ്റിറ്റ്യൂഷൻ’ ’ എന്ന പേരിൽ ഒരു യോഗകേന്ദ്രം തുടങ്ങുവാൻ അനുവാദം നൽകി. ആ കേന്ദ്ര ചില യോഗശാസ്ത്ര പ്രോക്തമായ പച്ചമരുന്നുകൾ19 വിതരണം ചെയ്യുകയും ബംഗാളിൽ ആദ്യമായി ഭഗവദ്ഗീതയുടെ ഒരു വിലകുറഞ്ഞ പതിപ്പ് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ആയിരക്കണക്കിനു വീടുകളിൽ ഹിന്ദിയിലും ബംഗാളിയിലുമുള്ള ആര്യ മിഷൻ ഗീത എത്തിച്ചേർന്നു.പ്രാചീനരീതിയനുസരിച്ച്, ഗുരുദേവൻ ജനങ്ങൾക്ക് പൊതുവെ ഒരു വേപ്പെണ്ണ20 വിവിധരോഗങ്ങളുടെ ശാന്തിക്കായി നൽകിയിരുന്നു. ഗുരുദേവൻ ഒരു ശിഷ്യനോട് എണ്ണ വാറ്റിയെടുക്കാൻ പറഞ്ഞാൽ അയാൾക്ക് അത് എളുപ്പം ചെയ്യാൻകഴിയുമായിരുന്നു. മറ്റ് ആരെങ്കിലും ശ്രമിച്ചാൽ അയാൾക്ക് വിചിത്രമായ വിഷമതകൾ നേരിടുകയും ചെയ്യുമായിരുന്നു; ആവശ്യമായ വാറ്റൽപ്രക്രിയക്ക് എണ്ണ വിധേയമാക്കിക്കഴിയുമ്പോൾ ആ ദ്രാവകം ഏതാണ്ടു പൂർണമായും ബാഷ്പീകൃതമായിപ്പോയിയെന്നു കാണും. ഗുരുദേവന്റെ അനുഗ്രഹം ഒരു അവശ്യചേരുവയായിരുന്നുവെന്നു വ്യക്തം.(താഴെ ഇടത്ത് ഒപ്പ്) ‘ ‘ശ്രീ ശ്യാമാ ചരണ ദേവശർമൻ ’ ’ [image file=image_rsrc3KM.jpg] ലാഹിരി മഹാശയന്റെ കൈയ്യക്ഷരവും ഒപ്പും ബംഗാളി ലിപിയിൽ മേലേ കാണിച്ചിരിക്കുന്നു. ഒരു ശിഷ്യന് അദ്ദേഹം അയച്ച എഴുത്തിലാണ് ഈ വരികൾ ഉള്ളത്; ഒരു സംസ്കൃത ശ്ലോകം മഹാനായ ആ ആചാര്യൻ താഴെക്കാണുന്നവിധം വ്യാഖ്യാനിച്ചിരിക്കുന്നു: ‘ ‘കണ്ണ് ഇമവെട്ടാത്ത ശാന്തതപ്രാപിച്ച ദേഹം ശാംഭവിമുദ്ര21 നേടിക്കഴിഞ്ഞു.’ ’ മറ്റു പല പ്രവാചകരെയുംപോലെ ലാഹിരി മഹാശയൻ സ്വന്തമായി ഗ്രന്ഥങ്ങൾ ഒന്നും രചിച്ചിരുന്നില്ല, പക്ഷേ അനവധി ശിഷ്യരെ അദ്ദേഹം തന്റെ വേദശാസ്ത്ര വ്യാഖ്യാനങ്ങൾ പഠിപ്പിച്ചു. ആ ഗുരുദേവന്റെ പൗത്രൻ, എന്റെ പ്രിയപ്പെട്ട സുഹൃത്ത് യശ:ശരീരനായ ശ്രീ ആനന്ദ മോഹൻ ലാഹിരി ഇങ്ങനെ എഴുതി: ‘ ‘വ്യാഖ്യാനത്തിനുതീരെ വഴങ്ങാത്ത അനേകം കീറാമുട്ടികൾ (വ്യാസകൂടങ്ങൾ) ഭഗവദ്ഗീതയിലും മഹാഭാരതത്തിന്റെ മറ്റു ഭാഗങ്ങളിലുമുണ്ട്. ഈ കീറാമുട്ടികൾ ചോദ്യംചെയ്യപ്പെടാതെ വിട്ടാൽ വിചിത്രവും പെട്ടെന്നു തെറ്റിദ്ധരിക്കാവുന്ന തരത്തിലുള്ളതുമായ കുറെ പുരാണകഥകളല്ലാതെ നാം ഒന്നും കാണുകയില്ല. ഈ കീറാമുട്ടികൾ വ്യാഖ്യാനിക്കാതെവിട്ടാൽ, സഹസ്രാബ്ദങ്ങളിലെ പരീക്ഷണങ്ങളുടെ ആരായലുകൾക്കുശേഷം പൗരസ്ത്യദേശം അമാനുഷികമായ ക്ഷമയോടെ പരിരക്ഷിച്ചിട്ടുള്ള ഒരു ശാസ്ത്രമായിരിക്കും നമുക്ക് നഷ്ടപ്പെടുക.22 ‘ ‘വേദശാസ്ത്രങ്ങളിലെ ബിംബകല്പനകളുടെ കടംകഥകളിൽ സമർഥമായി ഒളിച്ചുവച്ചിരുന്ന മതധർമശാസ്ത്രത്തെ, പ്രതീകാത്മകതകൾ ഒഴിവാക്കി ലാഹിരി മഹാശയൻ വെളിച്ചത്തുകൊണ്ടുവന്നു. അവ ഇപ്പോൾ ദുർഗ്രാഹ്യമായ വാചകകസർത്തുകൾ അല്ലാതായിത്തീർന്നുകഴിഞ്ഞു. വേദപ്രോക്തമായ ആരാധനാസമ്പ്രദായം ശാസ്ത്രീയമായ അർഥവ്യാപ്തിയുള്ളതാണെന്ന് ആ ആചാര്യൻ തെളിയിച്ചു. ‘ ‘സാധാരണഗതിയിൽ ദുഷ്ടവികാരങ്ങൾക്ക് എതിരെ മനുഷ്യൻ നിസ്സഹായനാണെന്ന് നമുക്കറിയാം; എന്നാൽ മഹത്തരവും ശാശ്വതവുമായ പരമാനന്ദത്തിന്റെ ബോധം ക്രിയയോഗാനുഷ്ഠാനത്തിലൂടെ അവനിൽ ഉദിക്കുമ്പോൾ അവ ദുർബലമാവുകയും മനുഷ്യനു അവയിൽ മുഴുകാൻ തക്കകാരണമൊന്നും കാണാൻ കഴിയാതെ വരികയും ചെയ്യുന്നു. ഇവിടെ ഹീനമായ പ്രകൃതത്തിന്റെ നിരാസമെന്ന കൈവെടിയലും, നിത്യാനന്ദത്തിന്റെ അനുഭവം എന്ന സ്വീകാരവും ഒപ്പം സംഭവിക്കുന്നു. ഇങ്ങനെ ഒരു ഇതരമാർഗം കൂടാതെയുള്ള വെറും നിഷേധാത്മകമായ സദാചാരനിയമങ്ങൾ നമുക്ക് പ്രയോജനരഹിതമാണ്. ‘ ‘അനന്തത, ശക്തിയുടെ മഹാസാഗരം ആണ് ഇന്ദ്രിയഗോചര വസ്തുക്കൾക്കെല്ലാം പിന്നിൽ സ'ഥിതിചെയ്യുന്നത്. ലൗകിക വൃത്തികളിൽ നമുക്കുള്ള ആസക്തി നമ്മിലെ ആധ്യാത്മിക ഭയഭക്ത്യാദരങ്ങളെ ഇല്ലായ്മ ചെയ്യുന്നു. പ്രകൃതിശക്തികളെ എങ്ങനെ ഉപയോഗിക്കണമെന്ന് ആധുനികശാസ്ത്രം നമ്മെ പഠിപ്പിക്കുന്നതുകൊണ്ട് നാമരൂപങ്ങൾക്കു പിന്നിലുള്ള ‘ മഹാശക്തി'യെ മനസ്സിലാക്കുന്നതിൽ നാം പരാജയപ്പെടുന്നു. പ്രകൃതിയോടുള്ള അതിപരിചയം അവളുടെ ആത്യന്തികരഹസ്യങ്ങളോട് നമുക്ക് പുച്ഛം ഉളവാക്കിയിട്ടുണ്ട്; നമുക്ക് അവളുമായുള്ള ബന്ധം വെറും പ്രായോഗികവ്യാവഹാരങ്ങളിൽ ഒതുങ്ങുന്ന ഒന്നാണ്. നമ്മുടെ ഉദ്ദേശങ്ങൾ സാധിക്കുന്നതിന് അവളെ നിർബന്ധിതയാക്കാനുള്ള മാർഗങ്ങൾ കണ്ടെത്താൻ നാം അവളെ പൊറുതിമുട്ടിക്കുന്നുവെന്നു തന്നെ പറയാം; അവളുടെ ഊർജങ്ങൾ നാം ഉപയോഗിക്കുന്നു. അവയുടെ ദൈവികമായ ഉറവിടം നമുക്ക് ഇനിയും അജ്ഞാതമാണ്. ശാസ്ത്രത്തിന്റെ കാര്യത്തിൽ നമുക്ക് പ്രകൃതിയുമായുള്ള ബന്ധം ഒരു ഗർവിഷ്ഠനായ മനുഷ്യനും അയാളുടെ ഭൃത്യനും തമ്മിലുള്ളതുപോലെയാണ്; അല്ലെങ്കിൽ ഒരു ദാർശനികമായ അർഥത്തിൽ പ്രകൃതി, സാക്ഷിക്കൂട്ടിൽനിൽക്കുന്ന ഒരു തടവുകാരിയെപ്പോലെയാണ്. നാം അവളെ ‘എതിർവിചാരണ' ചെയ്യുന്നു, വെല്ലുവിളിക്കുന്നു; പ്രകൃതിയുടെ ഒളിഞ്ഞമൂല്യങ്ങൾ അളക്കുന്നതിന് അപര്യാപ്തമായ മാനുഷികമാനദണ്ഡങ്ങൾവച്ച് സൂക്ഷ്മമായി അവളുടെ സാക്ഷ്യങ്ങൾ തൂക്കിനോക്കുന്നു. ‘ ‘ നേരെമറിച്ച്, ശ്രേഷ്ഠമായ ഒരു ശക്തിയുമായി മനുഷ്യന്റെ ആത്മാവ് താദാത്മ്യം പ്രാപിക്കുമ്പോൾ പ്രകൃതി സ്വമേധയാ, ക്ലേശമോ ആയാസമോ കൂടാതെതന്നെ, മനുഷ്യന്റെ ഇച്ഛയെ അനുസരിക്കുന്നു. പ്രകൃതിയുടെമേൽ ലഭിക്കുന്ന ഇമ്മാതിരി അനായാസമായ ആധിപത്യത്തെ അജ്ഞനായ ഭൗതികവാദി ‘അത്യത്ഭുതകര'മെന്നു വിളിക്കുന്നു. ‘ ‘യോഗാഭ്യാസം ദുർജ്ഞേയമായ ഒരു അനുഷ്ഠാനമാണെന്ന തെറ്റിദ്ധാരണ അകറ്റിയ ഒരു ദൃഷ്ടാന്തമായിത്തീർന്നു ലാഹിരി മഹാശയന്റെ ജീവിതം. പ്രകൃതിയുമായി തന്റെ ശരിയായബന്ധം മനസ്സിലാക്കാനും, ദുർജ്ഞേയമോ

നിത്യസംഭവമോ ആയ എല്ലാ പ്രതിഭാസങ്ങളോടും ആത്മീയമായ ഭക്ത്യാദരങ്ങൾ തോന്നുവാനും ഓരോ മനുഷ്യനും ശാസ്ത്രത്തിന്റെ വസ്തുനിഷ്ഠത നിലനിർത്തിക്കൊണ്ട് ഒരുവഴി ക്രിയായോഗവിദ്യയിലൂടെ കണ്ടെത്താം.23 ഒരായിരം കൊല്ലങ്ങൾക്കുമുമ്പ് ദുർഗ്രാഹ്യമായിരുന്ന പലതും ഇന്ന് അങ്ങിനെയല്ലായെന്നും, അത്ഭുതമെന്ന് ഇന്നു കരുതുന്നവ ഒരു നൂറു കൊല്ലങ്ങൾക്കുശേഷം ശാസ്ത്ര നിയമങ്ങൾക്കുവിധേയമായി സുഗ്രാഹ്യമാകുകയും ചെയ്യുമെന്നും നാം ഓർമിക്കണം. ‘ ‘ക്രിയായോഗത്തിന്റെ ശാസ്ത്രം ശാശ്വതമാണ്. അത് ഗണിതം പോലെ കൃത്യമാണ്; കണക്കിലെ കൂട്ടൽ കുറയ'ക്കൽ നിയമങ്ങളെപ്പോലെ ക്രിയയുടെ നിയമത്തെയും ഒരിക്കലും ഇല്ലായ്മ ചെയ്യാൻ കഴിയുകയില്ല. ഗണിതപുസ്തകങ്ങളെല്ലാം കത്തിച്ചു ചാമ്പലാക്കിയാലും യുക്തി യുക്തമായ മനസ്സുകൾ വീണ്ടും അത്തരം സത്യങ്ങൾ എല്ലായ്പോഴും കണ്ടെത്തും. യോഗശാസ്ത്രത്തിന്റെ എല്ലാ പുസ്തകങ്ങളും വിലക്കപ്പെട്ടാലും ശുദ്ധമായ ഭക്തിയും തൽഫലമായ ശുദ്ധജ്ഞാനവുമുള്ള ഒരു ദിവ്യദേഹം ഉണ്ടാകുമ്പോഴൊക്കെ അതിന്റെ പ്രാഥമികതത്ത്വങ്ങൾ പുനരാവിഷ്കരിക്കപ്പെടും.’ ’ ബാബാജിയെ അവതാരങ്ങളിൽ ഒരു മഹാവതാരമായി കരുതുകയും ശ്രീ യുക്തേശ്വരനെ തീർച്ചയായും ഒരു ജ്ഞാനാവതാരമായി വിളിക്കുകയും ചെയ്യുന്നതുപോലെ ലാഹിരി മഹാശയൻ ഒരു യോഗാവതാരം24 ആയിരുന്നു.സമൂഹത്തിന്റെ ആത്മീയനിലവാരം ആ മഹാഗുരു ഗുണത്തിലും അളവിലും ഉയർത്തി. തന്റെ അടുത്ത ശിഷ്യരെ ദേവസമാനരായി ഉയർത്താനുള്ള കഴിവിലും പൊതുജനങ്ങളുടെ മധ്യത്തിൽ വ്യാപകമായ സത്യപ്രചരണത്തിലും, ലോകരക്ഷകരോടൊപ്പം ലാഹിരി മഹാശയൻ ഒരു സ'ഥാനം അലങ്കരിക്കുന്നു.യോഗാഭ്യാസത്തിലൂടെ നേടാവുന്ന സ്വാതന്ത്ര്യത്തിന്റെ വാതിൽ ആദ്യമായി എല്ലാ മനുഷ്യർക്കും തുറന്നുകൊടുക്കുന്ന നിശ്ചിതമാർഗമായ ക്രിയയ'ക്ക് നൽകിയ പ്രായോഗികമായ ഊന്നലിലാണ്, ഒരു പ്രവാചകനെന്നനിലയിൽ അദ്ദേഹത്തിന്റെ അനന്യത. തന്റെ ജീവിതത്തിലെതന്നെ ദിവ്യാത്ഭുതങ്ങൾ കൂടാതെ, യോഗശാസ്ത്രത്തിന്റെ പ്രാചീനസങ്കീർണതകൾ ലഘൂകരിച്ച് സാധാരണക്കാരന്റെ പിടിയിലൊതുങ്ങുന്ന, ഫലപ്രദമായ ലാളിത്യത്തിലേക്ക് അതിനെ കൊണ്ടുവന്നുവെന്നതിലൂടെ ആ യോഗാവതാരം തീർച്ചയായും ദിവ്യാത്ഭുതങ്ങളുടെ കൊടുമുടിയിൽ എത്തി.ദിവ്യാത്ഭുതങ്ങളെപ്പറ്റി ലാഹിരി മഹാശയൻ പലപ്പോഴും ഇങ്ങനെ പറഞ്ഞിരുന്നു: ‘ ‘പൊതുജനങ്ങൾക്കറിയാത്ത സൂക്ഷ്മനിയമങ്ങളുടെ പ്രവർത്തനം വിവേചനമില്ലാതെ പരസ്യമായി ചർച്ച ചെയ്യുകയോ പരസ്യപ്പെടുത്തുകയോ ചെയ്യരുത്.’ ’ ഈ താളുകളിൽ ഞാൻ അദ്ദേഹത്തിന്റെ മുന്നറിയിപ്പിന്റെ വാക്കുകൾ അവഗണിച്ചതായി തോന്നാം. എങ്കിൽ അദ്ദേഹം എനിക്കു നൽകിയ ആന്തരികമായ ഉറപ്പാണ് അതിന്റെ പിന്നിലുള്ളത്. എങ്കിലും ബാബാജി, ലാഹിരി മഹാശയൻ, ശ്രീ യുക്തേശ്വരൻ എന്നിവരുടെ ജീവചരിത്രം രേഖപ്പെടുത്തുമ്പോൾ, ചില ദിവ്യാത്ഭുതകഥകൾ ഒഴിവാക്കുന്നതായിരിക്കും ഉചിതമെന്നു ഞാൻ കരുതി. ദുർഗ്രഹമായ തത്ത്വചിന്തയുടെ ഒരു വ്യാഖ്യാനവുംകൂടെ എഴുതാതെ അവ ഉൾപ്പെടുത്താൻ എനിക്കു കഴിയുമായിരുന്നില്ല.ഒരു ഗൃഹാശ്രമിയായ യോഗിയെന്ന നിലയിൽ ഇന്നത്തെ ലോകത്തിന്റെ ആവശ്യങ്ങൾക്ക് അനുയോജ്യമായ ഒരു പ്രായോഗിക സന്ദേശം ലാഹിരി മഹാശയൻ നൽകി. പ്രാചീനഭാരതത്തിലെ ഉത്തമമായ സാമ്പത്തിക, മതപരസാഹചര്യങ്ങൾ ഇപ്പോൾനിലവില്ല. അതിനാൽ ഒരു യോഗിയെന്നാൽ ‘ഭിക്ഷാപാത്രവുമായി ചുറ്റി നടക്കുന്ന ഒരു താപസൻ' എന്ന പഴയമാതൃക മഹാനായ ആ ഗുരുനാഥൻ പ്രോത്സാഹിപ്പിച്ചില്ല. പകരം അദ്ദേഹം ഊന്നിപ്പറഞ്ഞത് ഒരു യോഗി തന്റെ ജീവിതമാർഗം സ്വയം കണ്ടെത്തുന്നതിന്റെയും ഏറെ ഞെരുക്കത്തിൽകഴിയുന്ന സമൂഹത്തെ ആശ്രയിക്കാതിരിക്കുന്നതിന്റെയും, സ്വന്തം വീട്ടിലെ സ്വകാര്യതയിൽ യോഗാഭ്യാസം നടത്തുന്നതിന്റെയും പ്രയോജനങ്ങളാണ്. ഈ ഉപദേശത്തിന് ലാഹിരി മഹാശയൻ തന്റെ മാതൃകയുടെ ആശാവഹമായ പിൻബലം നൽകുകയും ചെയ്തു. അദ്ദേഹം ‘ ‘വർധിച്ചകാര്യക്ഷമതയുള്ള’ ’ ഒരു ആധുനികയോഗിയുടെ മാതൃകയായിരുന്നു. ബാബാജി ഉദ്ദേശിച്ചതു പോലെ ലോകത്തെ എല്ലാ ഭാഗത്തുമുള്ള മുമുക്ഷുക്കൾക്ക് ഒരു മാർഗദർശനമാകാൻ വേണ്ടിയുള്ളതായിരുന്നു അദ്ദേഹത്തിന്റെ ജീവിതരീതി.പുതുമനുഷ്യർക്ക് പുത്തൻപ്രതീക്ഷ! ആ ‘യോഗാവതാരം' ഇങ്ങനെ പ്രഖ്യാപിച്ചു: ‘ ‘ഈശ്വരസംയോഗം സ്വപ്രയത്നത്താൽ സാധ്യമാണ്; അത് മതവിശ്വാസങ്ങളേയോ ഒരു പ്രപഞ്ചസ്വേച്ഛാധിപതിയുടെ അന്യായമായ തീർപ്പിനെയോ ആശ്രയിച്ചല്ല ഇരിക്കുന്നത്.’ ’ മനുഷ്യന്റെ ദൈവികതയിൽ വിശ്വസിക്കാനാകാത്തവർ ഒടുവിൽ ക്രിയായോഗത്തിന്റെ താക്കോൽ ഉപയോഗിച്ച് അവരവരുടെ സമ്പൂർണ ദൈവികത ദർശിക്കും. [image file=image_rsrc3M8.jpg] ശ്രീ ശ്രീ ലാഹിരി മഹാശയൻ (1828-1895)
ഒരു യോഗാവതാരം മഹാവതാര ംബാബാജിയുടെ ശിഷ്യൻ;
ശ്രീ ശ്രീ സ്വാമി ശ്രീ യുക്തേശ്വരന്റെ ഗുരു. [image file=image_rsrc3MD.jpg] പഞ്ചാനൻ ഭട്ടാചാര്യ
ലാഹിരി മഹാശയന്റെ ശിഷ്യൻ [image file=image_rsrc3MJ.jpg] 1 മത്തായി 3:15 (ബൈബിൾ).2 പഴയനിയമവും പുതിയനിയമവും എഴുതിയവർ പുനർജന്മനിയമങ്ങൾ അറിയുകയും വിശ്വസിക്കുകുയം ചെയ്തിരുന്നതായി ബൈബിളിലെ പല ഭാഗങ്ങളും വെളിവാക്കുന്നു.3 മാലാഖി 4:5 (ബൈബിൾ).4 ’ ’ പ്രഭുവിനുമുമ്പേ.’ ’ 5 ലൂക്കോസ് 1:13-17 (ബൈബിൾ).6 മത്തായി 17:12-13 (ബൈബിൾ).7 മത്തായി 11:13-14 (ബൈബിൾ).8 യോഹന്നാൻ 1:21 (ബൈബിൾ).9 II രാജാക്കന്മാർ 2:914

(ബൈബിൾ).10 മത്തായി 17:3 (ബൈബിൾ).11 മത്തായി 27:46-49 (ബൈബിൾ)12 ‘ ‘എത്രതരം മരണങ്ങളാണ് നമ്മുടെ ശരീരത്തിലുള്ളത്! മരണമല്ലാതെ അവയിൽ മറ്റൊന്നുമില്ലാ.’ ’ -മാർട്ടിൻ ലൂതർ.13 മുസ്ലീങ്ങൾ ദിവസേന അഞ്ചു തവണ ആവർത്തിക്കുന്ന മുഖ്യപ്രാർഥന.14 സത്യത്തെ, പൂപ്പൽപിടിച്ച പുസ്തകങ്ങളിലല്ലാ, ധ്യാനത്തിൽ തേടുക. ചന്ദ്രനെ ക്കാണാൻ കുളത്തിലേക്കല്ലാ, ആകാശത്തിലേക്ക് നോക്കൂ.’ ’ -പേർഷ്യൻ പഴഞ്ചൊല്ല്.15 ശ്രീ സന്യാൽ 1962-ൽ അന്തരിച്ചു (പ്രസാധക കുറിപ്പ്)16 ക്രിയായോഗത്തിന് പല പിരിവുകളുണ്ട്. ഏറ്റവുമധികം പ്രായോഗികമൂല്യമുള്ള നാല് അവശ്യപടികൾ ലാഹിരി മഹാശയൻ വിവേചിച്ചുകണ്ടു.17 ശിഷ്യന്മാർ ലാഹിരി മഹാശയന് യോഗിവര്യൻ, യോഗിരാജൻ, മുനിവരൻ എന്നീ അപരനാമങ്ങൾ നൽകി. ‘യോഗാവതാരം’ എന്നത് ഞാൻ കൂട്ടിച്ചേർത്തു.18 ഒരു സർക്കാർവകുപ്പിൽ മൊത്തം മുപ്പത്തിയഞ്ചുകൊല്ലം അദ്ദേഹം സേവനമനുഷ്ഠിച്ചു.19 ഹിന്ദു വൈദ്യശാസ്ത്രസംഹിത ആയുർവേദം എന്നറിയപ്പെടുന്നു. വേദകാലത്തെ വൈദ്യന്മാർ ലോലമായ ശസ്ത്രക്രിയാ ഉപകരണങ്ങൾ ഉപയോഗിച്ചിരുന്നു, പ്ലാസ്റ്റിക് സർജറി നടത്തിയിരുന്നു, വിഷവാതകങ്ങളുടെ ദോഷഫലങ്ങളെ നേരിടുന്നത് എങ്ങനെയാണെന്ന് മനിസ്സലാക്കിയിരുന്നു, ഗർഭശിശുവിനെ പുറത്തെടുക്കാനുള്ള ശസ്ത്രക്രിയയും മസ്തിഷ്ക ശസ്ത്രക്രിയയും ചെയ്തിരുന്നു, വിവിധ മരുന്നുകളുടെ പ്രയോഗത്തിൽ പ്രാഗത്ഭ്യം കാട്ടുകയും ചെയ്തിരുന്നു. ഹിപ്പോക്രാറ്റിസ് (ക്രി.മു. നാലാം നൂറ്റാണ്ട്) തന്റെ മെറ്റീരിയ മെഡികയുടെ അധികഭാഗവും ഹിന്ദുവിജ്ഞാനത്തിൽനിന്ന് കടമെടുത്തതാണ്.20 വേപ്പിന്റെ ഔഷധഗുണം പാശ്ചാത്യനാടുകളിൽ ഇപ്പോൾ അംഗീകരിച്ചു കഴിഞ്ഞു. അവിടെ അതിന്റെ കൈയ്പേറിയ തോല് ഒരു ടോണിക്കായും, വിത്തിലും പഴത്തിലും നിന്നെടുക്കുന്ന എണ്ണ കുഷ്ഠം മുതലായ രോഗങ്ങളുടെ ചികിത്സയ'ക്കും ഉപയോഗിക്കുന്നു.21 ശാംഭവിമുദ്രകൊണ്ട് അർഥമാക്കുന്നത് നോട്ടം പുരികങ്ങളുടെ മധ്യത്തിലുള്ള ബിന്ദുവിൽ ഉറപ്പിക്കലാണ്. യോഗി മന:ശാന്തിയുടെ ഒരു പ്രത്യേകഘട്ടത്തിൽ എത്തിച്ചേരുമ്പോൾ അദ്ദേഹത്തിന്റെ ഇമകൾ വെട്ടുകയില്ല; അദ്ദേഹം ആന്തരികലോകത്തിൽ ലയിച്ചിരിക്കുകയാണ്.മുദ്ര എന്നത്, സാധാരണയായി, വിരലുകളുടെയും കൈകളുടെയും ആചാരപരമായ ഒരു കൈക്രിയ ആണ്. പല മുദ്രകളും നാഡികളെ സ്വാധീനിക്കുന്നതുവഴി അക്ഷോഭ്യത ഉണ്ടാക്കുന്നു. പ്രാചീന ഹിന്ദുസംഹിതകൾ നാഡികളെയും (ശരീരത്തിലെ 72,000 നാഡീതന്തുക്കൾ) മന'സ്സുമായി അവയുടെ ബന്ധത്തെയും വളരെ സൂക്ഷ്മമായി തരം തിരിച്ചിരിക്കുന്നു. അപ്രകാരം പൂജയിലും യോഗാഭ്യാസത്തിലും ഉപയോഗിക്കുന്ന മുദ്രകൾക്ക് ശാസ്ത്രീയമായ ആധാരമുണ്ട്. മുദ്രകളുടെ ഒരു വിപുലമായഭാഷ ഭാരതത്തിലെ ചിത്രരചനയിലും മതാചാരപരമായ നൃത്തങ്ങളിലും കാണാം.22 ‘ ‘സിന്ധുതടത്തിൽ അടുത്തകാലത്തു നടത്തിയ പുരാവസ്തുപര്യവേക്ഷണങ്ങളിൽ, ക്രിസ്തുവിന് മൂവായിരം വർഷങ്ങൾക്കു മുമ്പുണ്ടായിരുന്ന ധാരാളം അച്ചുകൾ കണ്ടെത്തി. ഇന്ന് യോഗാഭ്യാസപദ്ധതിയിൽ ശീലിക്കുന്ന ധ്യാനാവസ'ഥയിലുള്ള ആ രൂപങ്ങൾ അക്കാലത്തു പോലും യോഗശാസ്ത്രത്തിന്റെ ചില പ്രാഥമികതത്ത്വങ്ങൾ അറിയപ്പെട്ടിരുന്നുവെന്ന നിഗമനത്തെ സാധൂകരിക്കുന്നു. പഠനവിധേയമാക്കിയ സമ്പ്രദായങ്ങളുടെ സഹായത്താടെ നിയതമായ ആത്മാവലോകനം ഭാരതത്തിൽ അയ്യായിരം വർഷങ്ങളായി പരിശീലിച്ചിരിക്കുന്നുവെന്നു നമുക്ക് അയുക്തികമായല്ലാതെ തന്നെ ഊഹിക്കാം.’ ’ ‘ ‘ദി അമേരിക്കൻ കൗൺസിൽ ഒഫ് ലേനഡ് സൊസൈറ്റിസ്, വാഷിംഗ്ടൺ ഡി.സി.യുടെ ബുള്ളറ്റിനി’ ’ ൽ പ്രഫസർ. ഡബ്ലിയൂ. നോർമൻ ബ്രൗണ്.എങ്കിലും ഭാരതത്തിൽ എണ്ണമറ്റ സഹസ്രാബ്ദങ്ങളായി യോഗശാസ്ത്രം അറിയപ്പെട്ടിരുന്നുവെന്നതാണ് ഹിന്ദുധർമശാസ്ത്രഗ്രന്ഥങ്ങളുടെ സാക്ഷിപത്രം.23 ‘ ‘അത്ഭുതപ്പെടാൻ കഴിവില്ലാത്ത, പതിവായി അത്ഭുതപ്പെടുക(ആരാധിക്കുക)യും ചെയ്യാത്ത മനുഷ്യൻ അസംഖ്യം റോയൽ സൊസൈറ്റികളുടെ അധ്യക്ഷൻ ആയിരുന്നാലും... എല്ലാ പരീക്ഷണശാലകളും നിരീക്ഷണകേന്ദ്രങ്ങളും, ഒപ്പം അവയുടെ ഗവേഷണഫലങ്ങളും തന്റെ ഒരേയൊരു തലയിൽ കൊണ്ടുനടന്നാലും അയാൾ വെറുമൊരു കണ്ണടമാത്രമാണ്, അവയുടെ പിന്നിൽ കണ്ണുകൾ ഇല്ല.’ ’ -കാർലൈൽ, സാർറ്റർ റിസാർറ്റസ്.24 ശ്രീ യുക്തേശ്വർജി, തന്റെ ശിഷ്യൻ പരമഹംസ യോഗാനന്ദനെ ഒരു ദൈവിക പ്രേമാവതാരമെന്ന് പരാമർശിച്ചിരുന്നു. പരമഹംസജിയുടെ ദേഹവിയോഗത്തിനുശേഷം, അദ്ദേഹത്തിന്റെ പ്രധാനശിഷ്യനും ആത്മീയപിൻഗാമിയുമായ രാജർഷി ജനകാനന്ദൻ (മി. ജെയിംസ് ജെ. ലിൻ) യോഗാനന്ദജിക്ക് പ്രേമാവതാരമെന്ന അപരനാമം നൽകി. (പ്രസാധക കുറിപ്പ്)അധ്യായം 36പാശ്ചാത്യദേശങ്ങളിൽ ബാബാജിയുടെ താത്പര്യം ‘ ‘ഗുരുദേവാ, അങ്ങ് ബാബാജിയെ എന്നെങ്കിലും കണ്ടിട്ടുണ്ടോ?’ ’ ശ്രീരാമപുരത്തെ ശാന്തമായ ഒരു വേനൽക്കാലരാത്രിയായിരുന്നു അത്. ആശ്രമത്തിലെ രണ്ടാംനിലയിലെ ബാൽക്കണിയിൽ ശ്രീ യുക്തേശ്വരന്റെ അരികിൽ ഞാൻ ഇരിക്കുകയായിരുന്നു; ഉഷ്ണമേഖലാദേശത്തെ വലിയ നക്ഷത്രങ്ങൾ ഞങ്ങളുടെ തലയ'ക്കു മുകളിൽ വെട്ടിത്തിളങ്ങി. ‘ ‘ഉണ്ട്,’ ’ എന്റെ ഈ നേരെയുള്ള ചോദ്യത്തിൽ ഗുരുദേവൻ മന്ദഹസിച്ചു; അദ്ദേഹത്തിന്റെ കണ്ണുകൾ ഭക്ത്യാദരങ്ങൾകൊണ്ട് തിളങ്ങി. ‘ ‘മരണമില്ലാത്ത ആ ഗുരുനാഥന്റെ ദർശനം കൊണ്ട് മൂന്നു പ്രാവശ്യം ഞാൻ അനുഗൃഹീതനായിട്ടുണ്ട്. ഞങ്ങളുടെ ആദ്യ സമാഗമം അലഹബാദിൽ ഒരു കുംഭമേളയിൽവച്ച് ആയിരുന്നു.’ ’ ഭാരതത്തിൽ ചിരപുരാതനകാലം മുതലേ നടന്നുവരുന്ന മതപരമായ ഉത്സവങ്ങളാണ് കുംഭമേളകൾ; എക്കാലവും അവ പൊതുജനങ്ങളുടെ ദൃഷ്ടിയിൽ ആധ്യാത്മികലക്ഷ്യങ്ങൾ വച്ചുപോന്നിട്ടുണ്ട്. ലക്ഷങ്ങൾവരുന്ന ഹിന്ദുഭക്തജനങ്ങൾ ആറോ

പന്ത്രണ്ടോ കൊല്ലം തികയുമ്പോൾ പലതരത്തിലുമുള്ള ആയിരക്കണക്കിനു സാധുസത്തുക്കളെയും യോഗികളെയും സ്വാമിമാരെയും താപസന്മാരെയും ദർശിക്കാനായി ഒത്തുകൂടുന്നു. അവരിൽ പലരും മേളകളിൽ പങ്കുകൊള്ളാനും ലൗകികരായ മനുഷ്യരിൽ അനുഗ്രഹാശിസ്സുകൾ ചൊരിയാനുമല്ലാതെ തങ്ങളുടെ ആളൊഴിഞ്ഞ വാസസ'ഥാനങ്ങൾ ഒരിക്കലും വിടാറില്ലാത്ത തപോധനന്മാരാണ്. ' 'ബാബാജിയെ കണ്ടസമയത്ത് ഞാൻ ഒരു സ്വാമിയായിരുന്നില്ല,' ' ശ്രീ യുക്തേശ്വരൻ തുടർന്നു. ' 'പക്ഷേ ലാഹിരി മഹാശയനിൽ നിന്ന് ക്രിയാദീക്ഷ ഞാൻ സ്വീകരിച്ചുകഴിഞ്ഞിരുന്നു. 1894 ജനുവരിയിൽ അലഹബാദിൽ കൂടുന്ന മേളയിൽ സംബന്ധിക്കാൻ അദ്ദേഹം എന്നെ പ്രേരിപ്പിച്ചു. ഒരു കുംഭമേളയുടെ ആദ്യത്തെ അനുഭവമായിരുന്നു എനിക്കത്; ആൾക്കൂട്ടത്തിന്റെ ആരവവും തിരക്കും എന്നെ പരവശനാക്കി. തിരയുന്ന കണ്ണുകളോടെ ഞാൻ ചുറ്റും ഉറ്റുനോക്കി. ഒരു ആചാര്യന്റെയും ജ്ഞാനദീപ്തമായ മുഖം ഞാൻ കണ്ടില്ല. ഗംഗയിലെ പാലം കടക്കുമ്പോൾ കൈയ്യിൽ ഭിക്ഷാപാത്രം നീട്ടിക്കൊണ്ട് ഒരു പരിചയക്കാരൻ അടുത്തു നിൽക്കുന്നത് ഞാൻ ശ്രദ്ധിച്ചു. ' ' 'ഓ, ഈ മേള ഒച്ചപ്പാടിന്റെയും യാചകരുടെയും ഒരു അലങ്കോലമല്ലാതെ മറ്റൊന്നുമല്ല,' ഞാൻ നിരാശയോടെ ചിന്തിച്ചു. 'മതവും പ്രസംഗിച്ച് ഭിക്ഷയിൽ ശ്രദ്ധകേീകരിക്കുന്ന ഈ അലസന്മാരേക്കാൾ മനുഷ്യരാശിയുടെ പ്രായോഗിക നന്മയ'ക്കു വേണ്ടി അറിവിന്റെ ചക്രവാളങ്ങൾ ക്ഷമയോടെ വികസിപ്പിക്കുന്ന പാശ്ചാത്യശാസ്ത്രകാരന്മാരല്ലേ, ഈശ്വരനുകൂടുതൽ പ്രിയമെന്നു ഞാൻ സംശയിക്കുന്നു.' ' 'സാമൂഹ്യപരിഷ്കരണത്തെപ്പറ്റിയുള്ള നീറിക്കൊണ്ടിരുന്ന എന്റെ ചിന്തകൾക്ക് എന്റെ മുന്നിൽ വന്നുനിന്ന ഒരു ദീർഘകായനായ സന്ന്യാസിയുടെ ശബ്ദം വിരാമമിട്ടു ' ' 'സർ,' അദ്ദേഹം പറഞ്ഞു, 'ഒരു താപസേന്ദ്രൻ അങ്ങയെ വിളിക്കുന്നു.' ' ' ' ആരാണ് അദ്ദേഹം?' ' ' 'വന്നു നേരിട്ടു കണ്ടു മനസ്സിലാക്കൂ.' ' 'ഈ ഹ്രസ്വമായ ഉപദേശത്തെ മടിയോടെ അനുസരിച്ച ഞാൻ ഒരു മരത്തിന്റെ അടുത്തെത്തി. അതിന്റെ ശാഖകളുടെ തണലിൽ ആകർഷകമായ ഒരു സംഘം ശിഷ്യരുടെ നടുവിൽ ഒരു ഗുരു ഇരുന്നിരുന്നു. കറുത്തു തിളങ്ങുന്ന കണ്ണുകളുള്ള ആ ആചാര്യൻ തേജസ്വിയായ ഒരു അസാധാരണ വ്യക്തിയായിരുന്നു. എന്നെക്കണ്ട് എഴുന്നേറ്റുവന്ന അദ്ദേഹം എന്നെ ആശ്ലേഷിച്ചു. ' ' 'സ്വാഗതം സ്വാമിജീ,' അദ്ദേഹം സ്നേഹപൂർവ്വം പറഞ്ഞു. ' ' 'പ്രഭോ, ഞാൻ സ്വാമി അല്ല,' ഞാൻ തറപ്പിച്ചുപറഞ്ഞു. ' ' 'ഈശ്വരനിർദേശത്താൽ ഞാൻ സ്വാമിപദം നൽകുന്നവർ അത് ഒരിക്കലും തള്ളിക്കളയാറില്ല.' ആ ദിവ്യദേഹം എന്നെ ലളിതമായി അഭിസംബോധന ചെയ്തു. എങ്കിലും അദ്ദേഹത്തിന്റെ വാക്കുകളിൽ സത്യത്തിന്റെ ഗാഢമായ ഉറപ്പ് മുഴുങ്ങി; തൽക്ഷണം, ആത്മീയാനുഗ്രഹത്തിന്റെ ഒരു തിരയിൽ ഞാൻ ആമഗ്നനായി. പ്രാചീനമായ സന്ന്യാസി1പരമ്പരയിലേക്ക് പെട്ടെന്ന് ഉയർത്തപ്പെട്ടതിൽ മന്ദഹസിച്ചു കൊണ്ട്, എന്നെ ഇപ്രകാരം ആദരിച്ച, പ്രത്യക്ഷത്തിൽ മഹാനായ ആ മനുഷ്യരൂപധാരിയായ ദേവന്റെ പാദങ്ങളിൽ ഞാൻ താണുവണങ്ങി. ' ' 'ബാബാജി-അത് അദ്ദേഹം തന്നെയായിരുന്നു-അദ്ദേഹത്തിന്റെയടുത്ത് വൃക്ഷത്തിന്റെചുവട്ടിലുള്ള ഒരു ഇരിപ്പിടം എനിക്കു ചൂണ്ടികാട്ടി. അരോഗദൃഢഗാത്രനും യുവാവുമായിരുന്ന അദ്ദേഹം കാഴ്ചയിൽ ലാഹിരി മഹാശയനെപ്പോലെയായിരുന്നു; ആ രണ്ട് ആചാര്യന്മാരുടെയും അസാധാരണ രൂപസാദൃശ്യത്തെപ്പറ്റി ഞാൻ പലപ്പോഴും കേട്ടിരുന്നുവെങ്കിലും ആ രൂപസാദൃശ്യം എനിക്ക് അത്ര കാര്യമായി അപ്പോൾ മനസ്സിൽ തട്ടിയില്ല. ഒരു മനുഷ്യന്റെ മനസ്സിൽ ഏതെങ്കിലും നിശ്ചിതചിന്ത ഉടലെടുക്കുന്നതു തടയാനുള്ള കഴിവ് ബാബാജിക്കുണ്ട്. അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ ഞാൻ തികച്ചും സ്വാഭാവികമായി പെരുമാറണമെന്ന് മഹാനായ ഗുരുനാഥൻ ആഗ്രഹിച്ചുവെന്നത് സ്പഷ്ടമായിരുന്നു. അദ്ദേഹം ആരെന്നുള്ള തിരിച്ചറിവ് എന്നെ ഭക്ത്യാദരങ്ങൾകൊണ്ട് വീർപ്പുമുട്ടിക്കരുതെന്ന് അദ്ദേഹം കരുതി. ' ' 'കുംഭമേളയെപ്പറ്റി എന്താണ് അങ്ങയുടെ അഭിപ്രായം?' ' ' 'എനിക്ക് വലിയ നിരാശതോന്നി, പ്രഭോ,' ഞാൻ പറഞ്ഞു. പക്ഷേ തിടുക്കത്തിൽ കൂട്ടിച്ചേർത്തു, 'അങ്ങയെ കാണുന്നതുവരെ. എങ്ങനെയെന്നറിയില്ലാ, പുണ്യാത്മാക്കളും ഈ കോലാഹലങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ലായെന്നു തോന്നുന്നു.' ' ' കാഴ്ചയിൽ എനിക്ക് അദ്ദേഹത്തിന്റെ ഇരട്ടിപ്രായം ഉണ്ടായിരുന്നെങ്കിലും അദ്ദേഹം എന്നെ ' ' കുഞ്ഞേ' ' എന്നു വിളിച്ചുകൊണ്ടു പറഞ്ഞു, 'പലരുടെയും കുറ്റംവച്ചുകൊണ്ട് എല്ലാവരെയും വിലയിരുത്തരുത്. ഈ ലോകത്തിൽ എല്ലാം തന്നെ മണലും പഞ്ചസാരയും കൂട്ടിച്ചേർത്തതുപോലെ സമ്മിശ്രസ്വഭാവമുള്ളവയാണ്. പഞ്ചസാരയെ മാത്രം എടുത്തിട്ട് മണലിനെ ഉപേക്ഷിക്കുന്ന ബുദ്ധിയുള്ള ഉറുമ്പിനെപ്പോലെയാകൂ. ഇവിടെയുള്ള ധാരാളം സന്ന്യാസിമാർ ഇപ്പോഴും അജ്ഞാനത്തിൽ അലയുന്നവരാണെങ്കിലും, ഈശ്വരസാക്ഷാത്കാരം ലഭിച്ച ഏതാനും പൂരുഷന്മാർ ഈ മേളയെ അനുഗ്രഹിക്കുന്നു.' ' 'ഈ മഹാത്മാവുമായുള്ള എന്റെ കൂടിക്കാഴ്ചയുടെ വെളിച്ചത്തിൽ ഞാൻ വേഗം അദ്ദേഹത്തോടു യോജിച്ചു. ' ' 'പ്രഭോ, ഇവിടെ കൂടിയിരിക്കുന്ന മിക്ക ആളുകളെക്കാളും ബുദ്ധിവൈഭവത്തിൽ ശ്രേഷ്ഠരായ പ്രമുഖ പാശ്ചാത്യശാസ്ത്രജ്ഞന്മാരെപ്പറ്റി ഞാൻ ചിന്തിക്കുകയായിരുന്നു,' ഞാൻ അഭിപ്രായപ്പെട്ടു. 'വിദൂരമായ യൂറോപ്പിലും അമേരിക്കയിലുമുള്ള അവർ വിവിധ മതവിശ്വാസികളും ഇത്തരം മേളകളുടെ ശരിയായ പ്രയോജനം അറിയാത്തവരുമാണ്. ഭാരതത്തിലെ ആചാര്യന്മാരെ കണ്ടുമുട്ടിയാൽ അവർക്കാണ് അത്യധികം നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയുക. ബുദ്ധിപരമായ കാര്യങ്ങളിൽ ഉന്നതരെങ്കിലും ധാരാളം പാശ്ചാത്യർ തികഞ്ഞ ഭൗതിക വാദികളാണ്. ശാസ്ത്രങ്ങളിലും ദർശനങ്ങളിലും പ്രസിദ്ധരായ ചിലർ മതങ്ങളുടെ സത്തയായ ഐക്യത്തെ അംഗീകരിക്കുന്നില്ല. അവരുടെ മതവിശ്വാസങ്ങൾ, അവരെ

നമ്മിൽനിന്നും എന്നന്നേക്കുമായി വേർതിരിക്കുന്ന, തരണം ചെയ്യാനാകാത്ത പ്രതിബന്ധമായി നില നിൽക്കുന്നു.' ‘ ‘ ‘അങ്ങേയ'ക്ക് പാശ്ചാത്യദേശങ്ങളുടെ കാര്യത്തിൽ താല്പര്യമുള്ളതായി ഞാൻ കണ്ടു; അതുപോലെ പൗരസ്ത്യത്തിലും,' ബാബാജിയുടെ മുഖം അംഗീകാരം കൊണ്ടു പ്രസന്നമായി. ‘മനുഷ്യരാശിയെ മുഴുവൻ ഉൾക്കൊള്ളാൻപോന്ന അങ്ങയുടെ വിശാലഹൃദയത്തിന്റെ വേദന എനിക്ക് അനുഭവപ്പെട്ടു. അതാണ് അങ്ങയെ ഞാൻ ഇവിടേക്ക് വിളിപ്പിച്ചത്. ‘ ‘ ‘കർമവും ആത്മീയബോധവും സമന്വയിപ്പിച്ച് ഒരു ഉത്തമ മധ്യമാർഗം പൗരസ്ത്യരും പാശ്ചാത്യരും സ'ഥാപിക്കേണ്ടതുണ്ട്,' അദ്ദേഹം തുടർന്നു, ‘ഭൗതികമായ വളർച്ചയ'ക്ക് ഭാരതത്തിന് പടിഞ്ഞാറൻ നാടുകളിൽനിന്ന് ധാരാളം പഠിക്കാനുണ്ട്; പകരം പാശ്ചാത്യരെ യോഗശാസ്ത്രത്തിന്റെ സുസ'ഥിരമായ അടിത്തറയിൽ തങ്ങളുടെ മതവിശ്വാസങ്ങൾ പ്രതിഷ്ഠിക്കാൻ സഹായിക്കുന്ന സാർവലൗകികമാർഗങ്ങൾ പഠിപ്പിക്കാൻ ഭാരതത്തിനും കഴിയും.' ‘ ‘ ‘സ്വാമിജീ, പൗരസ്ത്യ-പാശ്ചാത്യ ദേശങ്ങൾ തമ്മിൽ വരാനിരിക്കുന്ന സൗമനസ്യപൂർണമായ ആദാനപ്രദാനങ്ങളിൽ അങ്ങേയ'ക്ക് ഒരു പങ്കു നിർവഹിക്കാനുണ്ട്. പാശ്ചാത്യലോകത്ത് യോഗശാസ്ത്രത്തിന്റെ പ്രചാരണത്തിനു വേണ്ടി പരിശീലിപ്പിക്കാനായി ഏതാനും കൊല്ലങ്ങൾക്കു ശേഷം അങ്ങേയ'ക്ക് ഒരു ശിഷ്യനെ ഞാൻ അയച്ചുതരും. ആത്മീയസാധന കൊതിക്കുന്ന നിരവധി ആത്മാക്കളുടെ സ്പന്ദനങ്ങൾ അവിടെ നിന്നും എന്നിലേക്ക് പ്രളയജലം പോലെ വന്നലയ'ക്കുന്നു. ഉണർത്തപ്പെടാൻ കാത്തിരിക്കുന്ന ഭാവി ദിവ്യാത്മാക്കളെ അമേരിക്കയിലും യൂറോപ്പിലും ഞാൻ ദർശിക്കുന്നു.’ ’ ’ തന്റെ കഥയുടെ ഈ ഘട്ടത്തിൽ ശ്രീ യുക്തേശ്വരൻ തന്റെ നോട്ടം പൂർണമായും എന്നിലേക്കു തിരിച്ചു.തെളിഞ്ഞ നറുനിലാവിൽ, പുഞ്ചിരിയോടെ അദ്ദേഹം പറഞ്ഞു, ‘ ‘എന്റെ മകനെ, നീയാണ് ബാബാജി എനിക്ക് അയച്ചുതരാമെന്ന് കൊല്ലങ്ങൾക്കുമുമ്പ് വാഗ്ദാനംചെയ്ത ശിഷ്യൻ. ’ ’ എന്റെ കാലടികൾ ശ്രീ യുക്തേശ്വരനിലേക്കുനയിച്ചത് ബാബാജിയാണെന്നറിഞ്ഞ് ഞാൻ സന്തോഷിച്ചെങ്കിലും, എന്റെ പ്രിയഗുരുനാഥനിൽ നിന്നും, ഈ എളിയ ആശ്രമത്തിലെ പ്രശാന്തിയിൽനിന്നുമകലെ അതിവിദൂരമായ പാശ്ചാത്യദേശത്ത് ഞാൻ കഴിയുന്നത് വിഭാവനം ചെയ്യുവാൻ എനിക്കു പ്രയാസം തോന്നി.ശ്രീ യുക്തേശ്വരൻ തുടർന്നു, ‘ ‘ബാബാജി അതിനുശേഷം ഭഗവദ്ഗീതയെപ്പറ്റി പറഞ്ഞു. ഗീതയുടെ അനേകം അധ്യായങ്ങൾക്ക് ഞാൻ വ്യാഖ്യാനം എഴുതിയിട്ടുണ്ടെന്ന വസ്തുത അദ്ദേഹത്തിന് അറിയാമെന്ന്, ഏതാനും പ്രശംസാവചനങ്ങളിലൂടെ എന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട്, അദ്ദേഹം സൂചിപ്പിച്ചു. ‘ ‘ ‘സ്വാമിജീ, എന്റെ അപേക്ഷപ്രകാരം മറ്റൊരു കൃത്യം ദയവായി ഏറ്റെടുക്കൂ.' മഹാനായ ആ ഗുരുനാഥൻ പറഞ്ഞു. ‘ക്രിസ്തീയ-ഹൈന്ദവ മതഗ്രന്ഥങ്ങളുടെ അന്തർലീനമായ ഒരുമയെപ്പറ്റി ഒരു ലഘുഗ്രന്ഥം അങ്ങ് എഴുതുകയില്ലേ? അവയുടെ അടിസ'ഥാനപരമായ ഏകത മനുഷ്യരുടെ വിഭാഗീയചിന്തകൾകൊണ്ടു ഇപ്പോൾമറയ'ക്കപ്പെട്ടിരിക്കുന്നു. പ്രചോദിതരായ ദൈവപുത്രന്മാർ ഒരേ സത്യമാണ് പറഞ്ഞിട്ടുള്ളതെന്ന് സമാന്തര പരാമർശങ്ങൾ കൊണ്ട് ചൂണ്ടിക്കാട്ടുക.' ‘ ‘ ‘മഹാരാജ്, എന്തൊരു ആജ്ഞയാണിത്! ഇതു നിറവേറ്റാൻ എനിക്കുകഴിയുമോ?' ശങ്കയോടെ ഞാൻ പറഞ്ഞു. ‘ ‘ബാബാജി സൗമ്യമായി ചിരിച്ചു. ‘മകനെ നീ എന്തിനു സംശയിക്കുന്നു?' ധൈര്യം പകർന്നുകൊണ്ട് അദ്ദേഹം പറഞ്ഞു. ‘വാസ്തവത്തിൽ ഇതെല്ലാം ആരുടെ പ്രവൃത്തികളാണ്? ആരാണ് എല്ലാ കർമങ്ങളുടെയും കർത്താവ്? ജഗന്നിയന്താവ് എന്നെക്കൊണ്ട് പറയിച്ചതെല്ലാം സത്യമായിത്തീർന്നേ പറ്റൂ.' ‘ ‘ആ ധന്യാത്മാവിന്റെ അനുഗ്രഹാശിസ്സുകൾ എനിക്ക് കരുത്തേകി യെന്നു ഞാൻ കരുതുകയും ആ പുസ്തകം എഴുതാൻ സമ്മതിക്കുകയും ചെയ്തു. പിരിയാനുള്ള സമയം സമാഗതമായി എന്നുകരുതി ഇലകൊണ്ടുള്ള ഇരിപ്പിടത്തിൽനിന്ന് ഞാൻ മടിയോടെ എഴുന്നേറ്റു. ‘ ‘അങ്ങ് ലാഹിരിയെ അറിയുമോ?' ആ ആചാര്യൻ അന്വേഷിച്ചു. ‘അദ്ദേഹം ഒരു മഹാത്മാവാണ്, അല്ലേ? നമ്മുടെ കൂടിക്കാഴ്ചയെപ്പറ്റി അദ്ദേഹത്തോടുപറയൂ.' എന്നിട്ട് അദ്ദേഹം ലാഹിരി മഹാശയനുള്ള ഒരു സന്ദേശം എനിക്കു തന്നു. ‘ ‘വിടവാങ്ങിക്കൊണ്ട് ഞാൻ വിനയപൂർവം അദ്ദേഹത്തെ പ്രണമിച്ചപ്പോൾ ആ പുണ്യാത്മാവ് സ്നേഹാർദ്രമായി പുഞ്ചിരിച്ചു. ‘അങ്ങയുടെ പുസ്തകം എഴുതിത്തീരുമ്പോൾ ഞാൻ അങ്ങയെ സന്ദർശിക്കും.' അദ്ദേഹം വാഗ്ദാനം ചെയ്തു. ‘ഇപ്പോൾ വിട.' ‘ ‘അടുത്ത ദിവസം അലഹബാദ് വിട്ട് ഞാൻ വാരാണസിക്കു തീവണ്ടി കയറി. എന്റെ ഗുരുവിന്റെ വീട്ടിലെത്തി കുംഭമേളയിൽകണ്ട ആ ശ്രേഷ്ഠനായ താപസേന്ദ്രന്റെ കഥ വികാരവായ്പോടെ വിവരിച്ചു. ‘ ‘ ‘ അഹോ, നീ അദ്ദേഹത്തെ തിരിച്ചറിഞ്ഞില്ലേ?' ലാഹിരി മഹാശയന്റെ കണ്ണുകൾ ചിരികൊണ്ട് നൃത്തംവയ'ക്കുകയായിരുന്നു. ‘അദ്ദേഹം അതു തടഞ്ഞതുകൊണ്ട് നിനക്ക് കഴിഞ്ഞില്ലായെന്ന് മനസ്സിലായി. അദ്ദേഹമാണ് എന്റെ അതുല്യനായ ഗുരുനാഥൻ, സ്വർഗീയ ബാബാജി!' ‘ ‘ ‘ ബാബാജി!' വിസ്മയസ്തബ്ധനായ ഞാൻ ആ പേര് ആവർത്തിച്ചു. 'ഈശ്വരതുല്യനായ യോഗി ബാബാജി! അപ്രത്യക്ഷനും പ്രത്യക്ഷനുമായ രക്ഷകൻ ബാബാജി! അഹോ! ആ കഴിഞ്ഞ അനുഭവത്തെ ഒന്നു തിരിച്ചുവിളിക്കാനും അദ്ദേഹത്തിന്റെ പാദപത്മങ്ങളിൽ എന്റെ ഭക്ത്യാദരങ്ങൾ അർപ്പിക്കാൻ ആ സന്നിധിയിൽ എത്താനും കഴിഞ്ഞെങ്കിൽ!' ‘ ‘ ‘സാരമില്ലാ, വീണ്ടും നിന്നെ കാണാമെന്ന് അദ്ദേഹം വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ.' ലാഹിരി മഹാശയൻ ആശ്വസിപ്പിച്ചു കൊണ്ടുപറഞ്ഞു. ‘ ‘ ‘ ഗുരുദേവാ, ദൈവജ്ഞനായ ആചാര്യൻ അങ്ങയ'ക്കു തരാൻ ഒരു സന്ദേശം എന്നെ ഏല്പിച്ചിട്ടുണ്ട്. ‘ ‘ ലാഹിരിയോടു പറയൂ, ഈ ജീവിതത്തിന് സംഭരിച്ചിരുന്ന ശക്തി ഇപ്പോൾ അല്പമാത്രമായേ അവശേഷിക്കുന്നുള്ളൂ. അത് ഏറെക്കുറെ തീർന്നുകഴിഞ്ഞു.’ ’ ’ ‘ ‘ഗൂഢാർഥമായ ഈ

വാക്കുകൾ ഞാൻ പറഞ്ഞപ്പോൾ വൈദ്യുതാഘാതം ഏറ്റതുപോലെ ലാഹിരി മഹാശയന്റെ രൂപം വിറപൂണ്ടു. ക്ഷണത്തിൽ അദ്ദേഹം ആകെ മൗനത്തിലാണ്ടു; അദ്ദേഹത്തിന്റെ പുഞ്ചിരിപൂണ്ട മുഖം അവിശ്വസനീയാംവണ്ണം കർക്കശമായിമാറി. പീഠത്തിലെ ഇരുണ്ട നിശ്ചലമായ മരപ്രതിമയെപ്പോലെ അദ്ദേഹത്തിന്റെ ശരീരം മങ്ങിവിളറി. ഞാൻ ഭയചകിതനായി പകച്ചുനിന്നു. സദാസന്തുഷ്ടനായ അദ്ദേഹം ഇത്ര ഭീഷണമായഭാവം കൈക്കൊള്ളുന്നത് ഞാൻ ജീവിതത്തിൽ ഒരിക്കലും കണ്ടിട്ടില്ല. അവിടെയുണ്ടായിരുന്ന മറ്റുശിഷ്യന്മാരും ഭയാശങ്കകളോടെ മിഴിച്ചുനോക്കി. ‘ ‘മൂന്നുമണിക്കൂർ നിശ്ശബ്ദമായിനീങ്ങി. പിന്നീട് ലാഹിരി മഹാശയൻ തന്റെ സ്വതസിദ്ധമായ പ്രസന്നത കൈക്കൊണ്ടു. അദ്ദേഹം തന്റെ ഓരോ ശിഷ്യനോടും വാത്സല്യപൂർവം സംസാരിച്ചു. എല്ലാവരും സമാശ്വസിച്ചു. ‘ ‘ ലാഹിരി മഹാശയന്റെ ശരീരം താമസംവിനാ കുടിയൊഴിയുമെന്ന് മനസ്സിലാക്കാനുള്ള സംശയാതീതമായ ഒരു അടയാളമായിരുന്നു ബാബാജിയുടെ സന്ദേശമെന്ന് ഗുരുദേവന്റെ പ്രതികരണത്തിൽനിന്ന് ഞാൻ മനസ്സിലാക്കി. എന്റെ ഗുരുദേവൻ, തൽക്ഷണം അദ്ദേഹത്തിന്റെ സത്തയെ സംയമനംചെയ്ത് ഇഹലോകത്തോടുള്ള മമതയുടെ അവസാനചരടും അറുത്തുകളഞ്ഞ് തന്റെ ശാശ്വതമായ സ്വത്വത്തിലേക്ക് ഓടിയകന്നുവെന്ന് അദ്ദേഹത്തിന്റെ ഭീഷണമായ മൗനം തെളിയിച്ചു. ബാബാജിയുടെവാക്കുകൾ അദ്ദേഹത്തിന്റെ ഭാഷയിൽ 'നിന്നോടൊപ്പം ഞാൻ എന്നെന്നുമുണ്ടാകുമെെന്നാണ് അർഥമാക്കിയത്. ‘ ‘ബാബാജിയും ലാഹിരി മഹാശയനും സർവജ്ഞരായിരുന്നുവെങ്കിലും, എന്നിലൂടെയോ മറ്റേതെങ്കിലും മാധ്യമത്തിലൂടെയോ ആശയവിനിമയം ചെയ്യേണ്ട ആവശ്യം അവർക്കില്ലായിരുന്നുവെങ്കിലും, ആ മഹാത്മാക്കൾ പലപ്പോഴും മാനവനാടകത്തിനുയോജിച്ച രീതിയിൽ ഒരു ഭാഗം അഭിനയിക്കാൻ ഔദാര്യം കനിഞ്ഞുകാട്ടിയിരുന്നു. ചിലപ്പോഴൊക്കെ അവരുടെ പ്രവചനങ്ങൾ ദൂതന്മാരിലൂടെ സാധാരണരീതിയിൽ അയച്ചുകൊടുക്കുന്നു. ഈ പ്രവചനങ്ങൾ പിന്നീട് നിറവേറ്റപ്പെടുന്നതറിയുമ്പോൾ കൂടുതൽകൂടുതൽ ആളുകളിൽ ഏറിയ ഈശ്വരവിശ്വാസം ഉണർത്തുമെന്നതിനാലാണിത്. ‘ ‘ഞാൻ വേഗംതന്നെ വാരാണസിവിട്ട് ശ്രീരാമപുരത്തെത്തി. ബാബാജി നിർദേശിച്ച വേദശാസ്ത്രഗ്രന്ഥത്തിന്റെ രചനയ'ക്ക് തുടക്കമിട്ടു ’ ’ ശ്രീ യുക്തേശ്വരൻ തുടർന്നു. ‘ ‘എന്റെ ജോലി ആരംഭിച്ച ഉടൻ തന്നെ മരണമില്ലാത്ത ആ ഗുരുവിന് സമർപ്പിച്ചുകൊണ്ടുള്ള ഒരു കവിത എഴുതാൻ എനിക്കു പ്രചോദനംലഭിച്ചു. സംസ്കൃത കവിത എഴുതാൻ ഞാൻ ഒരിക്കലും ശ്രമിച്ചിട്ടില്ലായിരുന്നുവെങ്കിലും എന്റെ പേനയിൽനിന്ന് ശ്രുതി മധുരമായ വരികൾ അനായാസമായി ഒഴുകി. ‘ ‘രാത്രിയുടെ പ്രശാന്തിയിൽ, ബൈബിളും സനാതനധർമ2ത്തിലെ ശാസ്ത്രഗ്രന്ഥങ്ങളുമായി ഒരു താരതമ്യപഠനത്തിൽ ഞാൻ വ്യാപൃതനായി. അനുഗൃഹീതനായ യേശുദേവന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ വേദങ്ങളുടെ വെളുപാടുകളുമായി ഒന്നാണെന്ന് ഞാൻ സമർഥിച്ചു. എന്റെ പരമഗുരു3വിന്റെ കൃപകൊണ്ട് ദ ഹോളി സയൻസ്4 എന്ന പുസ്തകം ചുരുങ്ങിയ സമയത്തിനുള്ളിൽ എഴുതിത്തീർന്നു.ഗുരുദേവൻ തുടന്നു, ‘ ‘എന്റെ സാഹിതീസംരംഭം പരിസമാപി ച്ചതിന്റെ അടുത്തപ്രഭാതത്തിൽ ഞാൻ ഇവിടെ റായ്ഘട്ടത്തിൽ ഗംഗാസ്നാനത്തിനായി പോയി. സ്നാനഘട്ടത്തിൽ ആരുമില്ലായിരുന്നു; സൂര്യപ്രകാശം നിറഞ്ഞ അവിടത്തെ പ്രശാന്തി ആസ്വദിച്ചുകൊണ്ട് ഞാൻ അല്പനേരം നിശ്ചലനായിനിന്നു. തെളിഞ്ഞുമിന്നിയ നദീജലത്തിൽ മുങ്ങിക്കുളിച്ചശേഷം ഞാൻ വീട്ടിലേക്കു തിരിച്ചു. ഗംഗയിൽനനഞ്ഞ എന്റെ വസ്ത്രങ്ങൾ ഓരോ ചുവടുവയ'ക്കുമ്പോഴും കാലുകളിൽ പളപളാ അടിച്ചുകൊണ്ടിരുന്നതായിരുന്നു നിശ്ശബ്ദതയിലെ ഒരേ ഒരു ശബ്ദം. നദീ തീരത്തുള്ള ഒരു വലിയ ആൽമരത്തിന്റെ തറകടന്നുപോയപ്പോൾ ശക്തമായ ഒരു പ്രചോദനം തിരിഞ്ഞുനോക്കാൻ എന്നെ പ്രേരിപ്പിച്ചു. അവിടെ, ആ വടവൃക്ഷത്തിന്റെ തണലിൽ ഏതാനും ശിഷ്യന്മാരാൽ ചുറ്റപ്പെട്ട് മഹാനായ ബാബാജി ഇരിക്കുന്നു! ‘ ‘ ‘സ്വാഗതം, സ്വാമിജീ!' ഞാൻ സ്വപ്നം കാണുകയല്ലെന്ന് എനിക്ക് ബോധ്യം വരുത്താൻ ആചാര്യന്റെ മധുരശബ്ദം മുഴങ്ങി. 'അങ്ങയുടെ പുസ്തകം വിജയകരമായി എഴുതിത്തീർന്നുവെന്ന് ഞാൻ മനസ്സിലാക്കുന്നു. ഞാൻ വാക്കുതന്നിരുന്നതുപോലെ നന്ദി പറയാൻ ഞാൻ ഇവിടെ എത്തിയിരിക്കുന്നു.' ‘ ‘അതിവേഗം മിടിക്കുന്ന ഹൃദയത്തോടെ ഞാൻ അദ്ദേഹത്തിന്റെ പാദത്തിൽ ദണ്ഡനമസ്കാരം ചെയ്തു. ഞാൻ അദ്ദേഹത്തോട് അപേക്ഷിച്ചു, 'പരമഗുരോ, അടുത്തുതന്നെയുള്ള എന്റെ ഭവനത്തെ അങ്ങും ശിഷ്യന്മാരും സാന്നിധ്യംകൊണ്ട് അനുഗ്രഹിക്കുകയില്ലേ?' ‘ ‘ആ പരമഗുരു മന്ദസ്മിതത്തോടെ എന്റെ പ്രാർഥന നിരാകരിച്ചു. 'ഇല്ല കുഞ്ഞേ, ഞങ്ങൾ വൃക്ഷങ്ങളുടെ താവളം ഇഷ്ടപ്പെടുന്നവരാണ്; ഈ സ'ഥലം വളരെ സുഖകരമാണ്. ‘ ‘ ‘ഒരല്പനേരം നിൽക്കൂ, ഗുരുദേവാ', ഞാൻ പ്രാർഥനയോടെ അദ്ദേഹത്തെ നോക്കി. 'ഏതാനും വിശേഷപ്പെട്ട മധുര പലഹാരങ്ങളുമായി ഞാൻ ഉടനെവരാം.'5 ‘ ‘ ഏതാനും മിനിറ്റുകൾക്കകം ഒരു താലത്തിൽ സ്വാദിഷ്ടഭോജ്യങ്ങളുമായി ഞാൻ തിരിച്ചെത്തിയപ്പോൾ, ആ അതികായനായ പേരാൽ ആ സ്വർഗീയസംഘത്തിന് തണലേകിയിരുന്നില്ല. ഞാൻ സ്നാനഘട്ടത്തിനുചുറ്റും എല്ലായിടവും തിരഞ്ഞു, പക്ഷേ സൂക്ഷ്മാകാശച്ചിറകുകളിൽ ആ ചെറിയസംഘം പറന്ന് അകന്നുകഴിഞ്ഞുവെന്ന് എന്റെ ഹൃദയത്തിൽ ഞാനറിഞ്ഞു. ‘ ‘എനിക്ക് കടുത്ത മനോവ്യഥ തോന്നി. 'ഇനി കണ്ടുമുട്ടിയാലും ബാബാജിയോടു സംസാരിക്കാൻ ഞാൻ കൂട്ടാക്കുകയില്ല,' ഞാൻ സ്വയം പറഞ്ഞു. 'ഇത്രവേഗം അദ്ദേഹം എന്നെ വിട്ടുപോയത് ദയവില്ലായ്മയായിപ്പോയി,' ഇത് തീർച്ചയായും പരിഭവത്തിൽ കവിഞ്ഞ്

മറ്റൊന്നുമായിരുന്നില്ല. ഏതാനും മാസങ്ങൾക്കുശേഷം ലാഹിരി മഹാശയനെ വാരാണസിയിൽ ഞാൻ സന്ദർശിച്ചു. അദ്ദേഹത്തിന്റെ സ്വീകരണമുറിയിൽ ഞാൻ കയറിയപ്പോൾ എന്റെ ഗുരുദേവൻ അഭിവാദ്യമായി പുഞ്ചിരിച്ചു. ' ' 'വരൂ യുക്തേശ്വരാ,' അദ്ദേഹം പറഞ്ഞു. 'നീ ഇപ്പോൾ മുറിയുടെ വാതിലിൽ ബാബാജിയെ കണ്ടുമുട്ടിയോ?' ' ' 'എന്ത്, ഇല്ലല്ലോ,' ഞാൻ അത്ഭുതത്തോടെ ഉത്തരം പറഞ്ഞു. ' ' 'ഇവിടെ വരൂ,' ലാഹിരി മഹാശയൻ എന്റെ നെറ്റിയിൽ മൃദുവായി തൊട്ടു; ഉടൻതന്നെ, ഒരു വിടർന്ന വിശിഷ്ടമായ താമരപോലെ മനോഹരമായ ബാബാജിയുടെരൂപം വാതിലിനടുത്ത് ഞാൻ ദർശിച്ചു. ' 'ഞാൻ എന്റെ പഴയപരിഭവം ഓർത്ത് നമസ്ക്കരിക്കാൻ കൂട്ടാക്കിയില്ല. ലാഹിരി മഹാശയൻ എന്നെ അമ്പരപ്പോടെ നോക്കി. ' 'ആ ദിവ്യഗുരു ആഴം അളക്കാനാവാത്ത കണ്ണുകളോടെ എന്നെ നോക്കുകയായിരുന്നു. 'നീ എന്നോട് പിണങ്ങിയാണ്, അല്ലേ?' ' ' 'പ്രഭോ, എന്തുകൊണ്ട് അല്ലാതിരിക്കണം?' ഞാൻ ഉത്തരം പറഞ്ഞു. 'അങ്ങയുടെ മാസ്മരസംഘവുമായി അങ്ങ് വായുവിൽ നിന്ന് പ്രത്യക്ഷപ്പെട്ടു, അതുപോലെ നേർത്തവായുവിൽ മറയുകയും ചെയ്തു.' ' ' 'നിന്നെ വന്നുകാണാം എന്നാണ് ഞാൻ പറഞ്ഞിരുന്നത്, പക്ഷേ എത്രനേരം നിൽക്കുമെന്നു പറഞ്ഞിരുന്നില്ലാ,' ബാബാജി സൗമ്യമായി ചിരിച്ചു. 'നിന്നിൽ ആവേശത്തിന്റെ അസ്വസ'ഥത നിറഞ്ഞിരുന്നു. നിന്റെ ആവേശത്തിന്റെ കൊടുങ്കാറ്റ് എന്നെ സൂക്ഷ്മാകാശത്തിൽ ഏതാണ്ട് പൂർണമായി അണച്ചുകളയുകയായിരുന്നുവെന്ന് ഞാൻ ഉറപ്പിച്ചു പറയുന്നു.' ' 'വസ്തുനിഷ്ഠമായ ഈ വിശദീകരണത്തിൽ ഞാൻ ഉടനടി തൃപ്തനായി. ഞാൻ അദ്ദേഹത്തിന്റെ പാദങ്ങളിൽ നമിച്ചു; പരമഗുരു എന്റെ തോളിൽ കരുണാർദ്രമായി തലോടി. ' ' 'കുഞ്ഞേ, നീ കൂടുതൽ ധ്യാനം ചെണം, ' അദ്ദേഹം പറഞ്ഞു. 'നിന്റെ കാഴ്ചശേഷി ഇനിയും കുറ്റമറ്റതായിട്ടില്ല-സൂര്യപ്രകാശത്തിനു പിന്നിൽ ഞാൻ ഒളിഞ്ഞുനിന്നത് നിനക്കുകാണാൻ കഴിഞ്ഞില്ല.' സ്വർഗീയ വേണുനാദത്തിൽ ഇങ്ങനെ പറഞ്ഞുകൊണ്ട് പ്രകാശത്തിന്റെ അദൃശ്യ ദീപ്തിയിൽ ബാബാജി മറഞ്ഞു. ' 'എന്റെ ഗുരുവിനെ കാണാനായി വാരാണസിയിലേക്കുള്ള എന്റെ അവാസാനയാത്രകളിലൊന്നായിരുന്നു അത്,' ' ശ്രീ യുക്തേശ്വരൻ പറഞ്ഞു നിർത്തി. ' 'കുംഭമേളയിൽവച്ച് ബാബാജി പ്രവചിച്ചിരുന്നതുപോലെ, ലാഹിരി മഹാശയന്റെ, ഗൃഹാശ്രമി എന്ന അവതാരം അന്ത്യത്തോട് അടുക്കുകയായിരുന്നു. 1895-ലെ വേനൽക്കാലത്ത് അദ്ദേഹത്തിന്റെ ദൃഢമായ ശരീരത്തിൽ, പുറത്ത് ഒരു ചെറിയ പരു വളർന്നുവന്നു. അതു കീറാൻ അദ്ദേഹം സമ്മതിച്ചില്ല; തന്റെ ചില ശിഷ്യരുടെ ദുഷ്കർമം സ്വന്തം ശരീരത്തിലൂടെ അദ്ദേഹം പ്രവർത്തിപ്പിച്ചു തീർക്കുകയായിരുന്നു. ഒടുവിൽ ചില ശിഷ്യന്മാർ വല്ലാതെ നിർബന്ധിച്ചു. അപ്പോൾ ഗുരുദേവൻ അർഥം വച്ചുപറഞ്ഞു; ' ' 'ശരീരത്തിനു പോകാൻ ഒരു കാരണം വേണമല്ലോ; നിങ്ങൾക്കു വേണ്ടതെന്താണെന്നുവച്ചാൽ ഞാൻ സമ്മതിച്ചേക്കാം.' ' 'കുറച്ചു നാളുകൾക്കുശേഷം അതുല്യനായ ആ ഗുരുനാഥൻ വാരാണസിയിൽവച്ച് തന്റെ ദേഹം ഉപേക്ഷിച്ചു. ഇനി ഒരിക്കലും ഞാൻ അദ്ദേഹത്തെ ആ ചെറിയ സ്വീകരണമുറിയിൽ തേടേണ്ടതില്ല; എന്റെ ജീവിതത്തിൽ ഓരോദിവസവും അദ്ദേഹത്തിന്റെ സർവസന്നിഹിതമായ മാർഗനിർദേശത്താൽ അനുഗൃഹീതമായി ഞാൻ കാണുന്നു.' ' ആത്മീയമായി വളരെ പുരോഗതി നേടിയ സ്വാമി കേശവാനന്ദന്റെ വാക്കുകളിൽ ലാഹിരി മഹാശയന്റെ മഹാസമാധിയുടെ അനവധി അത്ഭുതകരമായ വിശദവിവരങ്ങൾ വർഷങ്ങൾക്കുശേഷം ഞാൻ കേട്ടു.6 ' ' 'എന്റെ ഗുരുദേവൻ ശരീരം ത്യജിക്കുന്നതിന് ഏതാനും ദിവസം മുമ്പ്, ഹരിദ്വാരത്തെ എന്റെ ആശ്രമത്തിൽ ഇരിക്കുകയായിരുന്ന എന്റെ മുന്നിൽ അദ്ദേഹം ആവിർഭവിച്ചു,' കേശവാനന്ദജി എന്നോടു പറഞ്ഞു. ' 'വാരാണസിയിലേക്ക് ഉടൻതന്നെ വരൂ.' ' ഈ വാക്കുകളോടെ ലാഹിരി മഹാശയൻ അന്തർധാനം ചെയ്തു. ' 'ഞാൻ ഉടൻതന്നെ വാരാണസിക്ക് തീവണ്ടികയറി. എന്റെ ഗുരുവിന്റെവീട്ടിൽ ധാരാളം ശിഷ്യന്മാർ ഒരുമിച്ചുകൂടിയതായി കണ്ടു. ആ ദിവസം7 മണിക്കൂറുകളോളം ഗുരുദേവൻ ഗീത വ്യാഖ്യാനിച്ചു. എന്നിട്ട് അദ്ദേഹം ഞങ്ങളെ അഭിസംബോധന ചെയ്ത് ലളിതമായി പറഞ്ഞു. ' ' 'ഞാൻ എന്റെ ജന്മഗേഹത്തിൽപോകുന്നു.' ' 'ഞങ്ങളുടെ ഹൃദയവേദനയുടെ തേങ്ങലുകൾ അണപൊട്ടി ഒഴുകി. ' ' 'ശാന്തരാകൂ; ഞാൻ ഉയിർത്തെഴുന്നേൽക്കും.' ഇത്രയും പറഞ്ഞശേഷം ലാഹിരി മഹാശയൻ തന്റെ ഇരിപ്പിടത്തിൽനിന്ന് എഴുന്നേറ്റ് മൂന്നുപ്രാവശ്യം വട്ടം കറങ്ങിയിട്ട് വടക്കോട്ടു തിരിഞ്ഞ് പത്മാസനനായി, വിശിഷ്ടമായ മഹാസമാധി8പൂകി. ' 'ശിഷ്യർക്ക് ഏറ്റവും പ്രിയങ്കരമായിരുന്ന ലാഹിരി മഹാശയന്റെ സുന്ദരമായ ശരീരം ഗംഗാതീരത്തെ മണികർണികാഘട്ടത്തിൽ ഗൃഹാശ്രമികൾക്കുള്ള അന്ത്യകർമങ്ങളോടെ ദഹിപ്പിച്ചു.' ' സ്വാമി കേശവാനന്ദൻ തുടർന്നു. ' 'അടുത്തദിവസം രാവിലെ പത്തുമണിക്ക് ഞാൻ വാരാണസിയിൽ തന്നെയായിരുന്നപ്പോൾ എന്റെ മുറി ഒരു പ്രകാശധോരണിയിൽ മുങ്ങി. അത്ഭുതം! എന്റെ മുന്നിൽ രക്തവും മാംസവും പൂണ്ട ശരീരത്തിൽ ലാഹിരി മഹാശയൻ നിന്നു. അത് അദ്ദേഹത്തിന്റെ പഴയ ശരീരംപോലെ തന്നെയായിരുന്നു. എന്നാൽ അതിൽ, കൂടുതൽ യുവത്വവും തിളക്കവും ഉണ്ടായിരുന്നു, എന്റെ ദിവ്യഗുരു എന്നോടു പറഞ്ഞു. ' ' 'കേശവാനന്ദാ, ഇത് ഞാൻ തന്നെയാണ്. ദഹിപ്പിക്കപ്പെട്ട എന്റെ ശരീരത്തിന്റെ വിഘടിപ്പിച്ച പരമാണുക്കളിൽനിന്ന് ഞാൻ ഒരു പുതിയ ശരീരം ഉയിർത്തെഴുന്നേല്പിച്ചു. ഗൃഹാശ്രമി എന്ന നിലയിൽ ഈ ലോകത്തിലെ എന്റെ കർത്തവ്യം കഴിഞ്ഞു; പക്ഷേ ഞാൻ ഈ ഭൂമി തീർത്തും വിട്ടുപോകുന്നില്ല. ഇനിമേൽ കുറേസമയം ഞാൻ ബാബാജിയുമൊത്ത് ഹിമാലയത്തിൽ ചെലവഴിക്കും, ബാബാജിയുമായി വിശ്വമാകെയും.' ' 'ഏതാനും അനുഗ്രഹവചസ്സുകളോടെ അതീന്ദ്രിയനായ ആചാര്യൻ മറഞ്ഞു. എന്റെ

ഹൃദയത്തിൽ വിസ്മയകരമായ പ്രചോദനം നിറഞ്ഞു; യേശുവിന്റെയും കബീറി9ന്റെയും മരണത്തിനുശേഷവും, ആ ഗുരുക്കന്മാരെ ജീവനോടെ ദർശിച്ച ശിഷ്യന്മാരെപ്പോലെ ആത്മീയമായ ഒരു ഉൽക്കർഷം എനിക്ക് അനുഭവപ്പെട്ടു.സ്വാമി കേശവാനന്ദൻ തുടർന്നു, ‘ ‘ഞാൻ ഏകാന്തമായ ഹരിദ്വാർ ആശ്രമത്തിൽ തിരിച്ചെത്തിയപ്പോൾ, ലാഹിരി മഹാശയന്റെ കുറച്ചു ചിതാഭസ്മം കൂടെ കൊണ്ടുവന്നിരുന്നു. അദ്ദേഹം സ്ഥലകാലപഞ്ജരത്തിൽനിന്നും മോചിതനായിയെന്ന് എനിക്കറിയാമായിരുന്നു; സർവവ്യാപിത്വത്തിന്റെ ആ പക്ഷി സ്വതന്ത്രമാക്കപ്പെട്ടു. എന്നിരുന്നാലും അദ്ദേഹത്തിന്റെ ചിതാഭസ്മം പീഠത്തിൽവച്ച് ആദരിക്കുന്നത് എന്റെ മനസ്സിനെ ആശ്വസിപ്പിച്ചു.’ ’ തന്റെ ഉയിർത്തെഴുന്നേറ്റ ഗുരുവിന്റെ ദർശനത്താൽ അനുഗൃഹീതനായ മറ്റൊരു ശിഷ്യനാണ് പുണ്യാത്മാവായ പഞ്ചാനനൻ ഭട്ടാചാര്യ.10 അദ്ദേഹത്തിന്റെ കൽക്കത്തയിലുള്ള വസതിയിൽവച്ച് ഞാൻ സന്ദർശിച്ച് തന്റെ ഗുരുനാഥനോടൊത്തുള്ള ധാരാളം വർഷങ്ങളുടെ കഥകൾ സസന്തോഷം കേട്ടിരുന്നു. അവസാനമായി അദ്ദേഹം തന്റെ ജീവിതത്തിലെ ഏറ്റവും വിസ്മയകരമായ സംഭവം എന്നോട് പറഞ്ഞു. ‘ ‘ഇവിടെ കൽക്കത്തയിൽ, അദ്ദേഹത്തിന്റെ ശവദാഹം കഴിഞ്ഞതിന്റെ അടുത്തദിവസം രാവിലെ പത്തുമണിക്ക് ലാഹിരി മഹാശയൻ ജീവിച്ചിരിക്കുമ്പോഴത്തെ അതേ മഹിമയിൽ എന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടു.’ ’ ‘ ‘രണ്ടു ശരീരങ്ങളോടുകൂടിയദിവ്യൻ,’ ’ സ്വാമി പ്രണവാനന്ദനും തന്റെ സ്വർഗീയാനുഭവത്തിന്റെ വിശദാംശങ്ങൾ എന്നോടു വെളിപ്പെടുത്തി. എന്റെ റാഞ്ചി വിദ്യാലയം സന്ദർശിക്കുന്നവേളയിൽ പ്രണവാനന്ദൻ എന്നോടുപറഞ്ഞു: ‘ ‘ലാഹിരി മഹാശയൻ ശരീരം വെടിയുന്നതിന് ഏതാനും ദിവസം മുമ്പ്, വാരാണസിയിൽ ഉടനെ എത്താൻ ആവശ്യപ്പെടുന്ന ഒരു കത്ത്, എനിക്ക് അദ്ദേഹത്തിൽ നിന്നും ലഭിച്ചു. പക്ഷേ, ഒഴിവാക്കാനാവാത്ത സാഹചര്യങ്ങളിൽ ഞാൻ താമസിച്ചുപോയതു കൊണ്ട് എനിക്ക് യാത്രതിരിക്കാൻ കഴിഞ്ഞില്ല. രാവിലെ പത്തുമണിയോടെ ഞാൻ യാത്രതിരിക്കാനായി തയ്യാറായപ്പോൾ പെട്ടെന്ന് എന്റെ മുറിയിൽ ഗുരുദേവന്റെ തിളങ്ങുന്നരൂപംകണ്ട് ഞാൻ ആഹ്ലാദഭരിതനായി. ‘ ‘ ‘എന്തിന് വാരാണസിയിലേക്ക് ധൃതിയിൽ തിരിക്കണം?' ലാഹിരി മഹാശയൻ പുഞ്ചിരിച്ചുകൊണ്ട് ചോദിച്ചു. 'അവിടെ ഇനി നീ എന്നെ കാണുകയില്ല.' ‘ ‘അദ്ദേഹത്തിന്റെ വാക്കുകളുടെ അർഥം വെളിവായപ്പോൾ, അദ്ദേഹത്തെ വെറും ഒരു മനോദർശനത്താലാണ് കാണുന്നതെന്ന് വിശ്വസിച്ച് ഞാൻ ഹൃദയം പൊട്ടിക്കരഞ്ഞു. ‘ ‘എന്നെ സാന്ത്വനപ്പെടുത്തിക്കൊണ്ട് ഗുരുദേവൻ എന്റെ അടുത്തേക്ക് വന്നു. 'ഇതാ എന്റെ ശരീരം തൊടുക. ഞാൻ ജീവിച്ചിരിക്കുന്നു, എപ്പോഴത്തെയും പോലെ; വിലപിക്കാതിരിക്കൂ; ഞാൻ എല്ലായ്പോഴും നിന്നോടൊപ്പം ഇല്ലേ?’ ’ ’ മഹാന്മാരായ ഈ മൂന്നു ശിഷ്യന്മാരുടെ വാക്കുകളിൽനിന്ന് അത്യത്ഭുതകരമായ സത്യത്തിന്റെ ഒരു കഥയാണ് പുറത്തുവന്നിരിക്കുന്നത്. ലാഹിരി മഹാശയന്റെ മൃതദേഹം അഗ്നിക്ക് അർപ്പിച്ചതിന്റെ അടുത്ത ദിവസം രാവിലെ പത്തുമണിക്ക്, ഉയിർത്തെഴുന്നേറ്റ ആ ഗുരുനാഥൻ, യഥാർഥമെങ്കിലും രൂപഭേദം വന്ന ശരീരത്തിൽ വ്യത്യസ്തമായ മൂന്നു പട്ടണങ്ങളിൽ മൂന്നു ശിഷ്യന്മാരുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടു. ‘ ‘നശ്വരമായത് അനശ്വരതയെയും മർത്യമായത് അമർത്യതയെയും ധരിക്കുമ്പോൾ 'മരണത്തെ വിജയം ആഹരിച്ചു' എന്ന വിശുദ്ധ ലിഖിതത്തിലെ വചനം നിറവേറും. മരണമേ നിന്റെ വിഷപ്പല്ല് എവിടെ? മരണമേ നിന്റെ വിജയം എവിടെ?11 [image file=image_rsrc3SB.jpg] 1 പിന്നീട് ബുദ്ധഗയയിലെ മഹന്ത് (മഠാധിപതി), ശ്രീ യുക്തേശ്വരന് ഔപചാരികമായ സന്ന്യാസദീക്ഷ നൽകി.2 വാച്യാർഥത്തിൽ ‘ ‘ആദ്യന്തരഹിതമായ ധർമം.’ ’ സമസ്ത വൈദികസിദ്ധാന്തങ്ങൾക്കുമുള്ള നാമം. മഹാനായ അലക്സാൻഡറുടെ കീഴിൽ വടക്കു പടിഞ്ഞാറൻ ഭാരതത്തെ ആക്രമിച്ച യവനന്മാരാണ് സിന്ധുനദീതീരവാസികളെ ഇന്ദുക്കൾ അഥവാ ഹിന്ദുക്കൾ എന്ന് വിവിക്ഷിച്ചത്. അവരുടെ കാലം മുതൽക്കാണ് സനാതനധർമത്തെ ഹിന്ദുമതം എന്നു വിളിച്ചു തുടങ്ങിയത്.3 വാക്കിന്റെ അർഥം ‘ ‘ഗുരുവിന്റെ ഗുരു’ ’. ലാഹിരി മഹാശയന്റെ ഗുരുവായ ബാബാജി, ശ്രീ യുക്തേശ്വരന്റെ പരമഗുരുവാണ്. ക്രിയായോഗാനുഷ്ഠാനം ചെയ്യുന്ന എല്ലാ YSS/SRF അംഗങ്ങളുടെയും ആത്മീയക്ഷേമത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്ന ഭാരതീയ ഗുരുപരമ്പരയിലെ ആചാര്യന്മാരുടെയും പരമഗുരുവാണ് മഹാവതാര ബാബാജി.4 ഇപ്പോൾ ഇത് യോഗദാ സത്സംഗ സൊസൈറ്റി, റാഞ്ചി, ഝാർഖണ്ഡ് പ്രസിദ്ധീകരിക്കുന്നു.5 ഗുരുപൂജ ചെയ്യാതിരിക്കുക ഭാരതത്തിൽ അനാദരവായാണ് കരുതുന്നത്.6 കേശവാനന്ദന്റെ ആശ്രമത്തിലെ എന്റെ സന്ദർശനം ഇവിടെ വിവരിച്ചിരിക്കുന്നു.7 1895-സെപ്റ്റംബർ, 26-ാം തീയതിയാണ് ലാഹിരി മഹാശയൻ ശരീരംവെടിഞ്ഞത്. ഏതാനും ദിവസങ്ങൾക്കകം അദ്ദേഹത്തിന്റെ അറുപത്തിയേഴാമതു ജന്മദിനം വന്നെത്തുമായിരുന്നു.8 മരണം ഭൗതികശരീരത്തെ ആക്രമിക്കുന്ന അന്ത്യനിമിഷം ആകാറായി എന്ന് മുൻകൂട്ടി അറിയാവുന്ന യോഗിവര്യന്മാർ ആചരിക്കുന്ന വേദപ്രോക്തമായ കർമത്തിന്റെ ഭാഗമാണ് മൂന്നുപ്രാവശ്യം കറങ്ങി വടക്കോട്ടുതിരിയുക എന്നത്. ഒരു ആചാര്യൻ വിശ്വരൂപമായ ഓംകാരത്തിൽ സ്വയംവിലയിക്കുന്ന അവസാന ധ്യാനമാണ് മഹാസമാധി.9 കബീർ പതിനാറാം നൂറ്റാണ്ടിലെ ഒരു പുണ്യപൂരുഷനായിരുന്നു. അദ്ദേഹത്തിന്റെ വിപുലമായ അനുയായിവൃന്ദത്തിൽ ഹിന്ദുക്കളും മുസ്ലീങ്ങളും ഉൾപ്പെട്ടിരുന്നു. കബീറിന്റെ മരണശേഷം ശവസംസ്കാരചടങ്ങുകളുടെ രീതിയെച്ചൊല്ലി അനുയായികൾ വഴക്കിട്ടു. വശംകെട്ട ആചാര്യൻ തന്റെ അന്തിമനിദ്രയിൽനിന്ന് എഴുന്നേറ്റ് വേണ്ട നിർദേശങ്ങൾ നൽകി; 'എന്റെ ഭൗതികാവശിഷ്ടത്തിന്റെ പകുതി മുസ്ലീം ചടങ്ങുകളോടെ മറവുചെണം, മറ്റേ പകുതി ഹൈന്ദവാചാരപ്രകാരം ദഹിപ്പിക്കുക.' അദ്ദേഹം

എന്നിട്ടു മറഞ്ഞു. അദ്ദേഹത്തിന്റെ ശവശരീരം മൂടിയിരുന്ന തുണികൾ ശിഷ്യന്മാർ മാറ്റിയപ്പോൾ പുഷ്പങ്ങളുടെ മനോഹരമായ ഒരു അടുക്കല്ലാതെ മറ്റൊന്നും കണ്ടില്ല. അതിൽ പകുതി മഘറിൽ മുസ്ലീങ്ങൾ ഇപ്പോഴും ആദരിക്കുന്ന ദേവാലയത്തിൽ ശിഷ്യന്മാർ അനുസരണയോടെ മറവു ചെയ്തു. മറ്റേ പകുതി ഹൈന്ദവാചാര പ്രകാരം വാരാണസിയിൽ ദഹിപ്പിക്കുകയും ചെയ്തു. ഒരു ആരാധനാമന്ദിരം, കബീർ ചൗറ, ആ സ്ഥലത്ത് പണികഴിപ്പിക്കപ്പെട്ടു. ഇത് നിരവധി തീർഥാടകരെ ആകർഷിക്കുന്നു.കബീറിന്റെ ചെറുപ്പത്തിൽ, ആധ്യാത്മികപാതയിൽ തങ്ങൾക്ക് ബുദ്ധിപരമായി അതിസൂക്ഷ്മമായ മാർഗദർശനം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് രണ്ടു ശിഷ്യന്മാർ അദ്ദേഹത്തെ സമീപിച്ചു. അദ്ദേഹം സരളമായി ഇങ്ങനെ പ്രതികരിച്ചു. ‘ ‘പാത ദൂരത്തെ വിധിക്കുന്നു;ഈശ്വരൻ കൂടെയുണ്ടെങ്കിൽ നിനക്കു പാതയേ വേണ്ട.സത്യത്തിൽ എനിക്കു ചിരിവരുന്നുവെള്ളത്തിൽ മീനിന് ദാഹമത്രേ!’ ’ 10 ബീഹാറിലെ ദേവഘർ എന്ന സ്ഥലത്ത് 17 ഏക്കർ വിസ്തൃതമായ ഒരു ഉദ്യാനത്തിൽ ഒരു ശിവക്ഷേത്രം നിർമിച്ച് ലാഹിരി മഹാശയന്റെ ഒരു എണ്ണഛായാചിത്രം പഞ്ചാനനൻ പ്രതിഷ്ഠിച്ചു. (പ്രസാധക കുറിപ്പ്)11 I കോറിന്തോസുകാർ 15:54-55, (ബൈബിൾ). ‘ ‘മരിച്ചവരെ ദൈവം ഉയിർപ്പിക്കും എന്നുള്ളത് നിങ്ങൾക്ക് അവിശ്വസനീയമായി തോന്നുന്നത് എന്തുകൊണ്ട്?’ ’ അപ്പോസ്തലന്മാരുടെ പ്രവർത്തനങ്ങൾ 26:8 (ബൈബിൾ).അധ്യായം 37ഞാൻ അമേരിക്കയിൽ പോകുന്നു ‘ ‘അമേരിക്ക! തീർച്ചയായും ഈ ആളുകൾ അമേരിക്കക്കാരാണ്!’ ’ പാശ്ചാത്യ1മുഖങ്ങളുടെ ഒരു വിശാലദൃശ്യം എന്റെ അന്തർനേത്രത്തിനു മുന്നിലൂടെ കടന്നുപോയപ്പോൾ ഇതായിരുന്നു എന്റെ വിചാരം.റാഞ്ചി വിദ്യാലയത്തിലെ സ്റ്റോർറൂമിൽ, പൊടിപിടിച്ച കുറെ പെട്ടികളുടെ പിന്നിൽ ധ്യാനനിമഗ്നനായി ഞാൻ ഇരിക്കുകയായിരുന്നു.2 കൊച്ചുകുട്ടികളുമായി കഴിഞ്ഞ ആ തിരക്കേറിയ വർഷങ്ങളിൽ ഒരു ഒഴിഞ്ഞ കോണു ലഭിക്കുക വളരെ പ്രയാസമായിരുന്നു!എന്റെ മനോദൃശ്യം തുടർന്നു; ഒരു വലിയ ജനതതി എന്നെ ഉറ്റുനോക്കിക്കൊണ്ട് എന്റെ ബോധതലത്തിന്റെ വേദിയിലൂടെ അഭിനേതാക്കളെപ്പോലെ കടന്നുപോയി.സ്റ്റോർമുറിയുടെ കതകു തുറന്നു; പതിവുപോലെ, ഒരു കുട്ടി എന്റെ ഒളിസങ്കേതം കണ്ടെത്തി. ‘ ‘ഇവിടെ വരൂ വിമൽ,’ ’ ഞാൻ ആഹ്ലാദത്തോടെ വിളിച്ചു പറഞ്ഞു. ‘ ‘ഒരു വിശേഷം ഞാൻ നിന്നോടു പറയാം: ഈശ്വരൻ എന്നെ അമേരിക്കയിലേക്കു വിളിക്കുന്നു!’ ’ ‘ ‘അമേരിക്കയിലേക്കോ?’ ’ ചന്ദ്രനിലേക്ക് എന്ന് ഞാൻ പറഞ്ഞുവെന്നു തോന്നുന്നമാതിരി അവൻ എന്റെ വാക്കുകൾ ആവർത്തിച്ചു. ‘ ‘അതേ! ഞാൻ കൊളംബസിനെപ്പോലെ അമേരിക്ക കണ്ടുപിടിക്കാൻ ഇറങ്ങിപ്പുറപ്പെടുകയാണ്. ഭാരതം കണ്ടെത്തിയെന്നാണ് അദ്ദേഹം വിചാരിച്ചത്; ഈ രണ്ടു നാടുകൾക്കും തമ്മിൽ ഒരു കർമബന്ധം നിശ്ചയമായും ഉണ്ട്!’ ’ വിമൽ ചാടിഓടിപ്പോയി; ആ ഇരുകാലൻ വർത്തമാനപ്പത്രം വിദ്യാലയം മുഴുവനും ആ വാർത്ത ഉടനെ പരത്തി.അമ്പരന്ന അധ്യാപകസംഘത്തെ വിളിച്ച് ഞാൻ വിദ്യാലയത്തിന്റെ ഉത്തരവാദിത്വം അവരെ ഏല്പിച്ചു. ‘ ‘ലാഹിരി മഹാശയൻ വിഭാവനംചെയ്ത വിദ്യാഭ്യാസപരമായ യോഗശാസ്ത്ര ആദർശങ്ങൾക്ക് നിങ്ങൾ എപ്പോഴും മുൻതൂക്കം നൽകും എന്നെനിക്കറിയാം,’ ’ ഞാൻ പറഞ്ഞു. ‘ ‘ഞാൻ നിങ്ങൾക്ക് കൂടെക്കൂടെ എഴുതാം; ഈശ്വരേച്ഛ അതെങ്കിൽ ഞാൻ എന്നെങ്കിലും തിരിച്ചുവരും.’ ’ സൂര്യപ്രകാശത്തിൽ പ്രസന്നമായ റാഞ്ചിയിലെ വിദ്യാലയത്തിന്റെ ഏക്കറുകളോളംവരുന്ന വിസ്തൃതപരിസരങ്ങളെയും അവിടുത്തെ കൊച്ചുകുട്ടികളെയും അവസാനമായി ഒന്നു നോക്കിയപ്പോൾ എന്റെ കണ്ണു നിറഞ്ഞുപോയി. എന്റെ ജീവിതത്തിലെ ഒരു നിശ്ചിതഘട്ടം ഇപ്പോൾ കഴിഞ്ഞിരിക്കുന്നുവെന്ന് ഞാൻ മനസ്സിലാക്കി; ഇനി ഞാൻ വിദൂരദേശങ്ങളിലായിരിക്കും കഴിയുക. എനിക്കു ദർശനം കിട്ടി ഏതാനും മണിക്കൂറുകൾക്കുശേഷം ഞാൻ കൽക്കത്തക്ക് തീവണ്ടികയറി. അമേരിക്കയിലെ ഇന്റർനാഷനൽ കോൺഗ്രസ് ഒഫ് റിലിജസ് ലിബറൽസിൽ ഭാരതത്തിൽനിന്നുള്ള പ്രതിനിധിയായി പങ്കുകൊള്ളാനുള്ള ക്ഷണം എനിക്ക് അടുത്തദിവസം ലഭിച്ചു. അമേരിക്കൻ യൂനിറ്റേറിയൻ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ അക്കൊല്ലം ബോസ്റ്റനിൽ വച്ചായിരുന്നു അതു നടക്കുക.എന്റെ തലകറങ്ങി. ഞാൻ ശ്രീരാമപുരത്തുപോയി ശ്രീ യുക്തേശ്വരനെ തേടിപ്പിടിച്ചു. ‘ ‘ ഗുരുദേവാ, അമേരിക്കയിൽ ഒരു മതസമ്മേളനത്തെ അഭി സംബോധനചെയ്യാൻ ഒരു ക്ഷണം എനിക്കു കിട്ടിയിരിക്കുന്നു. ഞാൻ പോകട്ടെയോ?’ ’ ‘ ‘നിനക്കു എല്ലാകതകുകളും തുറന്നുകിടക്കുന്നു,’ ’ ഗുരുദേവൻ ലഘുവായി പറഞ്ഞു. ‘ ‘പോകണമെങ്കിൽ ഇപ്പോൾപോകാൻ പറ്റും, അല്ലെങ്കിൽ ഒരിക്കലും നടെന്നന്നുവരില്ല.’ ’ ‘ ‘എങ്കിലും പ്രഭോ, പൊതുവേദിയിൽ, പ്രസംഗിക്കുന്നതിനെപ്പറ്റി എനിക്ക് എന്തറിയാം? ഒരിക്കലും ഞാൻ ഒരു പ്രഭാഷണം നടത്തിയിട്ടില്ല, അതും, ഇംഗ്ലീഷിൽ!’ ’ ഞാൻ അങ്കലാപ്പോടെ പറഞ്ഞു. ‘ ‘ഇംഗ്ലീഷിലായാലും ശരി അല്ലെങ്കിലും ശരി, യോഗശാസ്ത്ര ത്തെക്കുറിച്ചുള്ള നിന്റെ വാക്കുകൾ പാശ്ചാത്യദേശത്ത് ആളുകൾ ചെവിക്കൊള്ളും.’ ’ ഞാൻ ചിരിച്ചുപോയി. ‘ ‘കൊള്ളാം, ഗുരുദേവാ, അമേരിക്കക്കാർ ബംഗാളി പഠിക്കുമെന്നു ചിന്തിക്കാൻ പ്രയാസമാണ്! ഇംഗ്ലീഷ് ഭാഷയുടെ കടമ്പകൾ മറികടക്കാൻ അങ്ങ് പ്രചോദനംകൊണ്ട് എന്നെ ദയവായി അനുഗ്രഹിച്ചാലും.’ ’ 3 [image file=image_rsrc3TP.jpg] പരമഹംസ യോഗാനന്ദന്റെ സ്മൃതി മന്ദിരം - റാഞ്ചി ആശ്രമംലോകമൊട്ടുക്കും ക്രിയായോഗം പ്രചരിപ്പിക്കാൻ തന്നെ പാശ്ചാത്യ ലോകത്തേക്ക് വിളിക്കുന്ന പ്രവചനാത്മകമായ ദിവ്യദർശനം പരമഹംസജിക്ക് ലഭിച്ച പഴയ കലവറമുറിയുടെ

സ'ഥലത്താണ് സ്മൃതി മന്ദിരം സ'ഥിതി ചെയ്യുന്നത്. കൈക്കൊത്തു വേലയിൽ തീർത്ത ഈ വെള്ള വെണ്ണക്കൽ മന്ദിരം ഈ ചരിത്ര സംഭവത്തിന്റെ എഴുപത്തിയഞ്ചാം വാർഷികവേളയിൽ 1995-ൽ സമർപ്പിക്കപ്പെട്ടു.എന്റെ പരിപാടിയുടെ വാർത്ത അച്ഛനോടു പറഞ്ഞപ്പോൾ അദ്ദേഹം തീർത്തും ഞെട്ടിപ്പോയി. അമേരിക്ക അദ്ദേഹത്തിന് അവിശ്വസനീയാം വണ്ണം വിദൂരമായിരുന്നു; ഇനി എന്നെ ഒരിക്കലും കാണാൻ ഇടയാവില്ലായെന്ന് അദ്ദേഹം ഭയന്നു. ‘ ‘നിനക്ക് എങ്ങനെ പോകാൻ കഴിയും? ’ ’ അദ്ദേഹം ഗൗരവത്തോടെ ചോദിച്ചു. ‘ ‘ആരു നിനക്ക് സാമ്പത്തികസഹായം നൽകും?’ ’ എന്റെ വിദ്യാഭ്യാസത്തിന്റെയും മുഴുവൻ ജീവിതത്തിന്റെയും ചെലവുകൾ അദ്ദേഹം സ്നേഹപൂർവം വഹിച്ചിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ ചോദ്യം എന്റെ പദ്ധതിക്ക് എന്നെ കുഴക്കുന്ന ഒരു പൂർണവിരാമമിടുമെന്ന് അദ്ദേഹം ആശിച്ചു. ‘ ‘ജഗദീശ്വരൻ തീർച്ചയായും വേണ്ട പണം നൽകും ’ ’ ഞാൻ ഈ മറുപടി നൽകിയപ്പോൾ വളരെക്കാലംമുമ്പ് ആഗ്രയിൽവച്ച് അനന്തദായ'ക്ക് നൽകിയ ഇതേപ്രകാരമുള്ള ഒരു മറുപടി ഞാൻ ഓർത്തു. നിർദോഷമായി ഞാൻ കൂട്ടിച്ചേർത്തു, 'അച്ഛാ, എന്നെ സഹായിക്കണമെന്ന തോന്നൽ ഭഗവാൻ ഒരുപക്ഷേ അങ്ങയുടെ മനസ്സിൽ വയ'ക്കും. ’ ’ ‘ ‘ഇല്ല, ഒരിക്കലുമില്ല!’ ’ ആദ്ദേഹം എന്നെ ഏറെ സഹതാപത്തോടെ നോക്കി.അതുകൊണ്ട്, അടുത്ത ദിവസം വലിയ ഒരു തുകയ'ക്കുള്ള ചെക്ക് അച്ഛൻ എന്നെ ഏല്പിച്ചപ്പോൾ ഞാൻ വിസ്മയസ്തബ്ധനായി. ‘ ‘ഞാൻ നിനക്ക് ഈ പണം തരുന്നത് ഒരു അച്ഛൻ എന്ന നിലയ'ക്കല്ല, ലാഹിരി മഹാശയന്റെ ഒരു വിശ്വസ്തശിഷ്യൻ എന്ന നിലയിലാണ്,’ ’ അദ്ദേഹം പറഞ്ഞു. ‘ ‘ആവട്ടെ, ആ അതിവിദൂരമായ പാശ്ചാത്യദേശത്തുപോകൂ; മതങ്ങളുടെ അതിർവരമ്പുകളില്ലാത്ത ക്രിയായോഗത്തിന്റെ സിദ്ധാന്തങ്ങൾ അവിടെ പ്രചരിപ്പിക്കൂ.’ ’ തന്റെ വ്യക്തിപരമായ ആഗ്രഹങ്ങളെ പെട്ടെന്ന് അവഗണിക്കാൻ കഴിഞ്ഞ അച്ഛന്റെ നിസ്വാർഥമനോഭാവം എന്നെ വല്ലാതെ സ്പർശിച്ചു. വിദേശയാത്രക്ക് സാധാരണഗതിയിലുള്ള ഒരു കമ്പമല്ല എന്റെ പദ്ധതികളുടെ പ്രേരകശക്തിയെന്ന ശരിയായ തിരിച്ചറിവ് തലേരാത്രി അദ്ദേഹത്തിന് ഉണ്ടായി. ‘ ‘ ചിലപ്പോൾ ഈ ജന്മത്തിൽ ഇനി നാം കണ്ടുമുട്ടിയെന്നു വരികയില്ല,’ ’ അറുപത്തിഏഴുകാരനായ അച്ഛൻ ദു:ഖത്തോടെ പറഞ്ഞു.അന്തർജ്ഞാനത്തിന്റെ ഒരു ദൃഢവിശ്വാസം ഇങ്ങനെ പറയാൻ എന്നെ പ്രേരിപ്പിച്ചു, ‘ ‘തീർച്ചയായും ജഗദീശ്വരൻ നമ്മെ ഒരിക്കൽക്കൂടി ഒന്നിച്ചുചേർക്കും.’ ’ എന്റെ ഗുരുദേവനെയും എന്റെ ജന്മഭൂമിയെയുംപിരിഞ്ഞ്, അമേരിക്കയുടെ അപരിചിതതീരങ്ങളിലേക്ക് പോകാനുള്ള ഒരുക്കങ്ങൾ ചെയ്തുകൊണ്ടിരുന്നപ്പോൾ എനിക്ക് ചില്ലറ വെപ്രാളമൊന്നുമല്ല അനുഭവപ്പെട്ടത്. ‘ ‘ഭൗതികസംസ്കാരത്തിന്റെ പാശ്ചാത്യദേശങ്ങളെക്കുറിച്ചുള്ള അനേകം കഥകൾ ഞാൻ കേട്ടിട്ടുണ്ടായിരുന്നു. ശതാബ്ദങ്ങളുടെ ആർഷപരിവേഷമാർന്ന ഭാരതത്തിൽനിന്ന് വളരെ വ്യത്യസ്തമായ ഒരു നാട്. ‘ ‘പാശ്ചാത്യരുടെ അഹംഭാവവും പൊങ്ങച്ചവും നേരിടണമെങ്കിൽ പൗരസ്ത്യനായ ഒരധ്യാപകൻ ഹിമാലയത്തിലെ ശൈത്യത്തിന്റെ പരീക്ഷ നേരിടാൻ പോന്നതിലധികം കരുത്തുള്ളവനായിരിക്കണം!’ ’ ഞാൻ വിചാരിച്ചു.ഈശ്വരന്റെ ശബ്ദം കേൾക്കുന്നതുവരെ തുടർന്നു പ്രാർഥിക്കാനും വേണ്ടിവന്നാൽ പ്രാർഥിച്ചു മരിക്കാനുമുള്ള ഇളകാത്ത തീരുമാനത്തോടെ ഒരു ദിവസം അതിരാവിലെ ഞാൻ പ്രാർഥിക്കാൻ തുടങ്ങി. ആധുനിക പ്രയോജനവാദത്തിന്റെ മൂടൽമഞ്ഞിൽ എനിക്ക് വഴിതെറ്റില്ലയെന്നതിന് അദ്ദേഹത്തിന്റെ അനുഗ്രഹവും ഉറപ്പും എനിക്ക് വേണ്ടിയിരുന്നു. അമേരിക്കയിലേക്ക് പോകാൻ എന്റെ ഹൃദയം തയ്യാറായിരുന്നു, എങ്കിലും ഈശ്വരന്റെ അനുമതിയുടെ സാന്ത്വനം കേൾക്കണമെന്ന് അതിലും ശക്തിയായി അത് തീരുമാനിച്ചുറച്ചിരുന്നു.തേങ്ങലുകൾ അടക്കിക്കൊണ്ട് ഞാൻ പ്രാർഥിച്ചുകൊണ്ടേയിരുന്നു. മറുപടി ഉണ്ടായില്ല. ഉച്ചയായപ്പോൾ എന്റെ പ്രാർഥന അതിന്റെ പാരമ്യത്തിൽ എത്തി; തീവ്രവേദനയുടെ സമ്മർദത്തിൽ എന്റെ തല കറങ്ങുകയായിരുന്നു. എന്റെ ആന്തരികക്ഷോഭത്തിന്റെ ആഴംകൂട്ടിയിട്ട് ഇനിയും ഒന്നുകൂടിക്കരഞ്ഞാൽ എന്റെ തലച്ചോറു പിളരുമെന്ന് എനിക്കുതോന്നി.ആ നിമിഷത്തിൽ എന്റെ ഗർപാർ റോഡ് വസതിയുടെ വാതിലിൽ ആരോ മുട്ടുന്നതുകേട്ടു. കതകുതുറന്നപ്പോൾ ഒരു സന്ന്യാസിയുടെ അല്പ വസ്ത്രത്തിൽ ഒരു യുവാവിനെ കണ്ടു. അദ്ദേഹം വീട്ടിൽ പ്രവേശിച്ചു.ചെറുപ്പമായ ഒരു ലാഹിരി മഹാശയന്റെ ഛായ അദ്ദേഹത്തിനുണ്ടായിരുന്നതുകൊണ്ട്, ഞാൻ അല്പം അമ്പരപ്പോടെ വിചാരിച്ചു: ‘ ‘ഇദ്ദേഹം ബാബാജിയായിരിക്കണം!’ ’ എന്റെ ചിന്തയ'ക്ക് അദ്ദേഹം മറുപടിതന്നു. ‘ ‘അതേ, ഞാൻ ബാബാജി തന്നെ.’ ’ അദ്ദേഹം ഹിന്ദിയിൽ സംഗീതാത്മകമായി പറഞ്ഞു. ‘ ‘നമ്മുടെ സ്വർഗപിതാവ് നിന്റെ പ്രാർഥന ചെവിക്കൊണ്ടു. നിന്നോട് ഇങ്ങനെ പറയാൻ അദ്ദേഹം ആജ്ഞാപിക്കുന്നു: നിന്റെ ഗുരുദേവന്റെ ആജ്ഞയനുസരിച്ച് അമേരിക്കയിൽ പോകൂ. പേടിക്കേണ്ട; നീ സംരക്ഷിക്കപ്പെടും.’ ’ ജീവത്തായ ഒരു നിശ്ശബ്ദതയ'ക്കുശേഷം ബാബാജി എന്നെ വീണ്ടും അഭിസംബോധനചെയ്തു. ‘ ‘പാശ്ചാത്യരാജ്യങ്ങളിൽ ക്രിയായോഗത്തിന്റെ സന്ദേശം പ്രചരിപ്പിക്കുവാൻ ഞാൻ തിരഞ്ഞെടുത്തയാൾ നീയാണ്. വളരെക്കാലംമുമ്പ് നിന്റെ ഗുരു യുക്തേശ്വരനെ ഞാൻ ഒരു കുംഭമേളയിൽ വച്ചുകണ്ടു; നിന്നെ അദ്ദേഹത്തിന്റെയടുത്ത് പരിശീലനത്തിനായി അയയ'ക്കുമെന്ന് അന്നു ഞാൻ പറഞ്ഞു.’ ’ അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ ഉളവായ ഭക്ത്യാദരംകൊണ്ട് നിരുദ്ധകണ്ഠനായിപ്പോയ എനിക്ക് സംസാരിക്കാനായില്ല. അദ്ദേഹമാണ് എന്നെ ശ്രീ യുക്തേശ്വരനിലേക്ക് നയിച്ചതെന്ന് അദ്ദേഹത്തിന്റെ മുഖത്തു നിന്ന് നേരിട്ടുകേട്ടത് എന്നെ അഗാധമായി സ്പർശിച്ചു. മരണമില്ലാത്ത ഗുരുവിന്റെമുന്നിൽ ഞാൻ ദണ്ഡനമസ്കാരം ചെയ്തു. അദ്ദേഹം

എന്നെ കാരുണ്യപൂർവം പിടിച്ചുയർത്തി. എന്റെ ജീവിതത്തിലെ പലകാര്യങ്ങളും എന്നോടു പറഞ്ഞശേഷം, അദ്ദേഹം എനിക്ക് വ്യക്തിപരമായ ചില നിർദേശങ്ങൾ തരികയും ചില രഹസ്യപ്രവചനങ്ങൾ ഉച്ചരിക്കുകയും ചെയ്തു. ‘ ‘ഈശ്വരസാക്ഷാത്കാരത്തിന്റെ ശാസ്ത്രീയസങ്കേതമായ ക്രിയായോഗം ആത്യന്തികമായി എല്ലാ രാജ്യങ്ങളിലും പ്രചരിക്കുകയും മനുഷ്യന്റെ വ്യക്തിനിഷ്ഠവും അതീന്ദ്രിയവുമായ ഈശ്വരാനുഭൂതിയിലൂടെ രാഷ്ട്രങ്ങളെ സമരസപ്പെടുത്തുന്നതിൽ സഹായിക്കുകയും ചെയ്യും’ ’ അദ്ദേഹം അവസാനം ഘനഗംഭീരമായി പറഞ്ഞു.പ്രൗഢമനോജ്ഞമായ ഒരു കടാക്ഷത്താൽ ആ പരമഗുരു തന്റെ വിശ്വബോധത്തിന്റെ ഒരു ലാഞ്ഛനകൊണ്ട് എന്നെ പുളകം കൊള്ളിച്ചു. ‘ ‘ഒരായിരം സൂര്യന്മാർ ഒരേ സമയത്ത് ആകാശത്തു പ്രത്യക്ഷപ്പെട്ടാലുണ്ടാകുന്ന പ്രകാശപൂരം ആ വിശ്വരൂപന്റെ കാന്തിയുടെ ഒരു മങ്ങിയ പ്രതിഫലനം മാത്രമേ ആകൂകയുള്ളു!’ ’ 4അല്പം കഴിഞ്ഞ്, ‘ ‘എന്നെ പിൻതുടരാൻ ശ്രമിക്കരുത്. നിനക്ക് അതുസാധിക്കില്ല’ ’ എന്നുപറഞ്ഞുകൊണ്ട് ബാബാജി വാതിലിലേക്കു നീങ്ങി. ‘ ‘ബാബാജീ, ദയവുചെയ്ത് പോകരുത്, എന്നെക്കൂടികൊണ്ടു പോകൂ!’ ’ ഞാൻ വീണ്ടും വീണ്ടും അപേക്ഷിച്ചു. അദ്ദേഹം പ്രതിവചിച്ചു, ‘ ‘ഇപ്പോൾ വേണ്ട, ഇനിയൊരിക്കൽ ആകട്ടെ.’ ’ വികാരധീനനായ ഞാൻ അദ്ദേഹത്തിന്റെ താക്കീത് അവഗണിച്ചു. അദ്ദേഹത്തെ പിൻതുടരാൻ ശ്രമിച്ചപ്പോൾ, എന്റെ കാലുകൾ നിലത്തുനിന്നു അനങ്ങാത്തവണ്ണം ഉറച്ചുപോയിരിക്കുന്നതായി ഞാൻ കണ്ടു. വാതിൽക്കൽ നിന്ന് അവസാനമായി ബാബാജി എന്നെ സ്നേഹപൂർവം നോക്കി. ആശിർവാദരൂപത്തിൽ കൈ ഉയർത്തിയിട്ട് അദ്ദേഹം നടന്നുനീങ്ങിയപ്പോൾ, എന്റെ കണ്ണുകൾ പ്രതീക്ഷയോടെ അദ്ദേഹത്തിൽ തറഞ്ഞുനിന്നു.ഏതാനും മിനിറ്റുകൾകഴിഞ്ഞപ്പോൾ എന്റെ കാലുകൾ സ്വതന്ത്രമായി. എന്റെ പ്രാർഥന കൈക്കൊണ്ടതിനുമാത്രമല്ല, ഒരു കൂടിക്കാഴ്ചകൊണ്ട് ബാബാജി എന്നെ അനുഗ്രഹിച്ചതിനും ഈശ്വരനോട് അവസാനമില്ലാതെ നന്ദി പ്രകടിപ്പിച്ചുകൊണ്ട് താഴെയിരുന്ന് അഗാധമായ ധ്യാനത്തിൽ ഞാൻ ലയിച്ചു. പുരാതനനും നിത്യയുവാവുമായ ആചാര്യന്റെ സ്പർശത്താൽ എന്റെ ശരീരമാകെ വിശുദ്ധമാക്കപ്പെട്ടതായി തോന്നി. അദ്ദേഹത്തെ കാണണമെന്നത് എന്റെ ദീർഘനാളത്തെ ഉൽക്കടമായ ആഗ്രഹമായിരുന്നു.ബാബാജിയുമായുള്ള എന്റെ സമാഗമത്തെപ്പറ്റി ഞാൻ ഇതുവരെ ആരോടും പറഞ്ഞിട്ടില്ല. എന്റെ മാനുഷികമായ അനുഭവങ്ങളിൽ ഏറ്റവും വിശുദ്ധമായതെന്നു കണക്കാക്കി ഞാൻ അത് ഹൃദയത്തിൽ ഒളിച്ചു വച്ചിരിക്കുകയായിരുന്നു. ഞാൻ എന്റെ കണ്ണുകൾകൊണ്ട് ബാബാജിയെ കണ്ടിട്ടുണ്ട് എന്നു വെളിപ്പെടുത്തിയാൽ, ലോകകാര്യങ്ങളിൽ ശ്രദ്ധപതിപ്പിച്ച് ഏകാകിയായികഴിയുന്ന അദ്ദേഹത്തിന്റെ യാഥാർഥ്യത്തിൽ ഈ ആത്മകഥയുടെ വായനക്കാർ വിശ്വസിക്കാൻ കൂടുതൽ തയ്യാറാകുമെന്ന ചിന്ത എന്നിലുണ്ടായി. ആധുനികഭാരതത്തിലെ ആ യോഗിവര്യന്റെ ഒരു ശരിയായ ചിത്രം, ഈ പുസ്തകത്തിനുവേണ്ടി വരയ'ക്കാൻ ഞാൻ ഒരു കലാകാരനെ സഹായിക്കുകയുണ്ടായി.എന്റെ അമേരിക്കയാത്രയുടെ തലേദിവസം വൈകുന്നേരം ഞാൻ ശ്രീ യുക്തേശ്വരന്റെ വിശുദ്ധസന്നിധിയിൽ ആയിരുന്നു. 'നീ ഹിന്ദുക്കളുടെ ഇടയിലാണ് പിറന്നതെന്ന് മറക്കുക, പക്ഷേ അമേരിക്കക്കാരന്റെ എല്ലാരീതികളും സ്വന്തമാക്കുകയുമരുത്. രണ്ടു ജനതയുടെയും നല്ലവശങ്ങൾ സ്വീകരിക്കുക,’ ’ അദ്ദേഹത്തിന്റെ ജ്ഞാനത്തിന്റെ പ്രശാന്തമായരീതിയിൽ ഗുരുദേവൻ പറഞ്ഞു. ‘ ‘ഈശ്വരന്റെ സന്താനം എന്ന യഥാർഥവ്യക്തിത്വം പുലർത്തൂ. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ചിതറിക്കിടക്കുന്ന നിന്റെ സഹോദരങ്ങളുടെ നല്ലഗുണങ്ങൾ കണ്ടെത്തി സ്വാംശീകരിക്കുക.’ ’ എന്നിട്ട് അദ്ദേഹം എന്നെ അനുഗ്രഹിച്ചു: ‘ ‘ഈശ്വരാന്വേഷണ ത്തിൽ നിന്റെയടുത്ത് വിശ്വാസത്തോടെ എത്തുന്ന എല്ലാവരും സഹായിക്കപ്പെടും. നീ അവരെ നോക്കുമ്പോൾ നിന്റെ കണ്ണുകളിൽ നിന്ന് പുറപ്പെടുന്ന ആത്മീയപ്രവാഹം അവരുടെ മസ്തിഷ്കത്തിൽ പ്രവേശിക്കുകയും ലൗകികശീലങ്ങളെമാറ്റി അവരെ കൂടുതൽ ഈശ്വര ബോധമുള്ളവരാക്കുകയും ചെയ്യും.’ ’ പുഞ്ചിരിച്ചുകൊണ്ട് അദ്ദേഹം തുടർന്നു, ‘ ‘ആത്മാർഥതയുള്ള ആത്മാക്കളെ ആകർഷിക്കാനുള്ള നിന്റെ സഹജമായകഴിവ് വളരെയേറെയാണ്. എവിടെയൊക്കെ നീ പോയാലും വിജനഭൂമിയിലാണെങ്കിലും നിനക്ക് സുഹൃത്തുക്കളെ ലഭിക്കും.’ ’ ശ്രീ യുക്തേശ്വരന്റെ ഈ രണ്ട് അനുഗ്രഹങ്ങളും വേണ്ടത്ര അനുഭവത്തിൽ വന്നിട്ടുണ്ട്. ഒരൊറ്റ സുഹൃത്തുപോലുമില്ലായിരുന്ന അമേരിക്കയിൽ ഞാൻ ഏകനായി വന്നു; പക്ഷേ കാലാതീതമായ ആത്മവിദ്യ സ്വീകരിക്കുവാൻ തയ്യാറായ ആയിരങ്ങളെ ഞാൻ അവിടെകണ്ടു. [image file=image_rsrc3US.jpg] പരമഹംസ യോഗാനന്ദൻ

1920 ൽ കൽക്കട്ടയിൽവച്ചെടുത്ത പാസ്പോർട്ട് ചിത്രം.ഒന്നാം ലോകമഹായുദ്ധത്തിനുശേഷം അമേരിക്കയ'ക്കു പുറപ്പെട്ട ആദ്യയാത്രാക്കപ്പലായ ദ സിറ്റി ഓഫ് സ്പാർറ്റായിൽ 1920 ഓഗസ്റ്റിൽ ഞാൻ ഭാരതം വിട്ടു. എന്റെ പാസ്പോർട്ട് കിട്ടുന്നതിനുള്ള ധാരാളം ചുവപ്പുനാട പ്രയാസങ്ങൾ ഏറെക്കുറെ അത്ഭുതകരമായ രീതിയിൽ മാറിക്കിട്ടിയ ശേഷം മാത്രമാണ് എനിക്ക് എന്റെ യാത്രാസൗകര്യങ്ങൾ ഏർപ്പാടു ചെയ്യാൻ കഴിഞ്ഞത്.ബോസ്റ്റൻ കോൺഗ്രസിലേക്കുള്ള ഭാരതപ്രതിനിധിയാണ് ഞാൻ എന്ന് രണ്ടുമാസത്തെ കപ്പൽയാത്രയ'ക്കിടയിൽ ഒരു സഹയാത്രികൻ കണ്ടുപിടിച്ചു. ‘ ‘സ്വാമി യോഗാനന്ദ,’ ’ പിൽക്കാലത്ത് എന്റെ പേര് അമേരിക്കക്കാർ ഉച്ചരിച്ചു കേൾക്കാനിരിക്കുന്ന കൗതുകകരമായ പലപല രീതികളിൽ ആദ്യത്തെ ഒന്നിൽ അദ്ദേഹം എന്നെ അഭിസംബോധന ചെയ്തു. ‘ ‘അടുത്ത വ്യാഴാഴ്ച രാത്രി യാത്രക്കാരെ അങ്ങയുടെ ഒരു പ്രഭാഷണം

കൊണ്ട് അനുഗ്രഹിക്കണം. 'ജീവിതസമരവും അതു നേരിടേണ്ട വിധവും' എന്ന വിഷയമായാൽ ഞങ്ങൾക്ക് എല്ലാപേർക്കും പ്രയോജനകര മായിരിക്കുമെന്ന് എനിക്കു തോന്നുന്നു.’ ’ കഷ്ടം! സ്വന്തം ജീവിതസമരമാണ് എനിക്ക് നേരിടേണ്ടി വന്നതെന്ന് ഞാൻ ബുധനാഴ്ച മനസ്സിലാക്കി. എന്റെ ആശയങ്ങളെ ഇംഗ്ലീഷിൽ ഒരു പ്രഭാഷണമായി സംഘടിപ്പിക്കാൻ കിണഞ്ഞു ശ്രമിച്ച ഞാൻ ഒടുവിൽ എല്ലാ ശ്രമങ്ങളും ഉപേക്ഷിച്ചു. പുതുതായി ജീനികാണുന്ന മെരുക്കാത്ത ഒരു കുട്ടിക്കുതിരയെപ്പോലെ എന്റെ ചിന്തകൾ ഇംഗ്ലീഷ് വ്യാകരണ നിമയങ്ങളുമായി സഹകരണം എല്ലാ വിധത്തിലും നിരസിച്ചു. ഏതായാലും, ഗുരുദേവന്റെ പഴയ ഉറപ്പുകളിൽ പൂർണമായി വിശ്വസിച്ചു കൊണ്ട് കപ്പലിലെ വിശാലമായ സ്വീകരണശാലയിൽ എന്റെ വ്യാഴാഴ്ചത്തെ ശ്രോതാക്കൾക്കു മുന്നിൽ ഞാൻ പ്രത്യക്ഷപ്പെട്ടു. എന്റെ ചുണ്ടിൽ വാചാലത വന്നെത്തിയില്ല. മൂകനായി സഭയുടെ മുന്നിൽ ഞാൻ നിന്നു. പത്തുമിനിറ്റു നീണ്ടുനിന്ന സഹനശക്തിയുടെ ഒരു പരീക്ഷണത്തിനുശേഷം ശ്രോതാക്കൾ എന്റെ ഗതികേടു മനസ്സിലാക്കി ചിരിക്കുവാൻ തുടങ്ങി.ആ സാഹചര്യം എനിക്ക് അപ്പോൾ തമാശയായി തോന്നിയില്ല; ധാർമികരോഷത്താൽ ഞാൻ ഗുരുദേവന് ഒരു നിശ്ശബ്ദ പ്രാർഥന അയച്ചു. ‘ ‘നിനക്ക് കഴിയും! സംസാരിക്കൂ!’ ’ അദ്ദേഹത്തിന്റെ ശബ്ദം എന്റെ ബോധതലത്തിൽ തൽക്ഷണം മുഴങ്ങി.എന്റെ ചിന്തകൾ ഉടൻതന്നെ ഇംഗ്ലീഷുഭാഷയുമായി ഒരു സുഹൃത് ബന്ധത്തിലെത്തി. നാല്പത്തിയഞ്ചു മിനിറ്റിനുശേഷവും ശ്രോതാക്കൾ സശ്രദ്ധം എന്റെ വാക്കുകൾ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. അമേരിക്കയിലെ വിവിധ സംഘടനകളിൽ പിൽക്കാലത്ത് പ്രസംഗിക്കാനുള്ള ധാരാളം ക്ഷണങ്ങൾ ആ പ്രഭാഷണം എനിക്കു നേടിത്തന്നു.ഞാൻ പറഞ്ഞ ഒരൊറ്റവാക്കും പിന്നീട് എനിക്ക് ഓർക്കാൻ കഴിഞ്ഞില്ല. വിവേകപൂർവമായ അന്വേഷണങ്ങൾകൊണ്ട് നിരവധി യാത്രക്കാരിൽനിന്ന് എനിക്കു മനസ്സിലായി: ‘ ‘കുറ്റമറ്റ ഉശിരൻ ഇംഗ്ലീഷിൽ ഒരു ആവേശഭരിതമായ പ്രസംഗമാണ് അങ്ങ് നടത്തിയത്.’ ’ സന്തോഷപ്രദമായ ഈ പ്രതികരണത്തിൽ ഞാൻ വിനയപൂർവം ഗുരുദേവന്റെ സമയോചിതമായ സഹായത്തെ നന്ദിയോടെ സ്മരിച്ചു. കാലദേശങ്ങളുടെ തടസ്സങ്ങൾ അർഥശൂന്യമാക്കിക്കൊണ്ട് എന്നോടൊപ്പം എന്റെ ഗുരുദേവൻ എപ്പോഴുമുണ്ടെന്നത് ഞാൻ ഒരിക്കൽക്കൂടി മനസ്സിലാക്കി.ബോസ്റ്റൻ കോൺഗ്രസിലെ ഇംഗ്ലീഷ് പ്രഭാഷണം എന്ന യാതന യെപ്പറ്റിയുള്ള ഭയാശങ്കകളുടെ വേദന, കപ്പൽയാത്രയുടെ ബാക്കിഭാഗത്ത് ഞാൻ ഇടയ'ക്കിടെ അനുഭവിച്ചു. ‘ ‘ഈശ്വരാ, എന്റെ ഏകപ്രചോദനം അങ്ങ് ആകട്ടെ,’ ’ ഞാൻ ഗാഢമായി പ്രാർഥിച്ചു.സെപ്റ്റംബർ അവസാനം ദ സിറ്റി ഓഫ് സ്പാർറ്റാ ബോസ്റ്റനടുത്ത് നങ്കൂരമിട്ടു 1920 ഒക്ടോബർ ആറാംതീയതി അമേരിക്കയിലെ എന്റെ കന്നിപ്രസംഗം കൊണ്ട് ഞാൻ കോൺഗ്രസിനെ അഭിസംബോധന ചെയ്തു. അത് നന്നായി സ്വീകരിക്കപ്പെട്ടു; ഞാൻ ആശ്വാസത്തോടെ നിശ്വസിച്ചു. അമേരിക്കൻ യൂനിറ്റേറിയൻ അസോസിയേഷന്റെ സെക്രട്ടറി, കോൺഗ്രസിന്റെ നടപടികൾ പ്രസിദ്ധീകരിച്ച വിവരണത്തിൽ ഔദാര്യപൂർവം ഇങ്ങനെ എഴുതി:5 ‘ ‘റാഞ്ചിയിലെ ബ്രഹ്മചര്യ ആശ്രമത്തിൽ നിന്നുള്ള പ്രതിനിധി സ്വാമി യോഗാനന്ദൻ തന്റെ സംഘടനയുടെ അഭിവാദ്യങ്ങൾ അറിയിച്ചു. 'മതത്തിന്റെ ശാസ്ത്രം' എന്ന വിഷയത്തിൽ ദാർശനികമായ ഒരു പ്രഭാഷണം അദ്ദേഹം ഒഴുക്കുള്ള ഇംഗ്ലീഷിൽ ശക്തമായി അവതരിപ്പിച്ചു. വിപുലമായ പ്രചാരണത്തിനുവേണ്ടി ഇത് ലഘുരേഖാരൂപത്തിൽ അച്ചടിച്ചിട്ടുണ്ട്. മതം സാർവലൗകികവും ഏകവുമാണെന്ന് അദ്ദേഹം സമർഥിച്ചു. പ്രത്യേകമായ മര്യാദകളെയും കീഴ്‌വഴക്കങ്ങളെയും സാർവലൗകികമാക്കാൻ നമുക്ക് സാധ്യമല്ലായിരിക്കാം, പക്ഷേ മതങ്ങളുടെ പൊതുഘടകങ്ങളെ സാർവലൗകികമാക്കാൻ നമുക്കു കഴിയും; അവയെ ആചരിക്കാനും അനുസരിക്കാനും ഏവരോടും ഒരുപോലെ ആവശ്യപ്പെടാനും നമുക്കു കഴിയും.’ ’ [image file=image_rsrc3V9.jpg] യോഗാനന്ദജി ഇന്റർനാഷണൽ കോൺഗ്രസ് ഓഫ് റിലിജസ് ലിബറൽസിലേക്കുള്ള ഏതാനും പ്രതിനിധികളോടൊത്ത്, ഒക്ടോബർ 1920 ബോസ്റ്റൻ, യു. എസ്. ഏ. ഇവിടെയാണ് യോഗാനന്ദജി അമേരിക്കയിൽ തന്റെ കന്നിപ്രസംഗം നടത്തിയത്.അച്ഛന്റെ ഉദാരമായ ചെക്കുകൊണ്ട്, കോൺഗ്രസ്സ് കഴിഞ്ഞ ശേഷവും എനിക്ക് അമേരിക്കയിൽ തങ്ങാൻകഴിഞ്ഞു. സന്തോഷകരമായ മൂന്നുവർഷങ്ങൾ ബോസ്റ്റനിൽ എളിയ ചുറ്റുപാടുകളിൽ ഞാൻ ചെലവഴിച്ചു. ഞാൻ പൊതുപ്രസംഗങ്ങൾ ചെയ്തു, ക്ലാസുകളിൽ പഠിപ്പിച്ചു, സോങ്ങ്സ് ഓഫ് ദ സോൾ ('ആത്മാവിന്റെ ഗാനങ്ങൾ') എന്ന ഒരു കവിതാസമാഹാരവും രചിച്ചു. ഇതിന് ആമുഖം എഴുതിയത് കോളജ് ഓഫ് ദ സിറ്റി ഓഫ് ന്യൂയോർക്കിന്റെ അധ്യക്ഷൻ ഡോ. ഫ്രെഡറിക് ബി. റോബിൻസൻ ആണ്.61924-ൽ ഭൂഖണ്ഡത്തിനുകുറുകേ ഒരു സഞ്ചാരപരിപാടി ആവിഷ്കരിച്ചുകൊണ്ട്, പല പ്രമുഖനഗരങ്ങളിലും ഞാൻ ആയിരക്കണക്കിന് ആളുകൾക്കുമുന്നിൽ പ്രസംഗിച്ചു. സിയാറ്റിലിൽനിന്ന് സുന്ദരമായ അലാസ്കയിൽ ഒരു അവധിക്കാലത്തിനായി ഞാൻ തിരിച്ചു.വിശാലഹൃദയരായ വിദ്യാർഥികളുടെ സഹായംകൊണ്ട് 1925 അവസാനം കാലിഫോർണിയയിലെ ലോസ് ആൻജലീസിലെ മൗണ്ട് വാഷിംഗ്ടൺ എസ്റ്റേറ്റിൽ ഒരു അമേരിക്കൻ ഹെഡ്ക്വാർട്ടേഴ്സ് ഞാൻ സ'ഥാപിച്ചു. വർഷങ്ങൾക്കുമുമ്പ് കശ്മീരിൽവച്ച് എനിക്കു ലഭിച്ച ദർശനത്തിൽ ഞാൻ കണ്ട സൗധമാണ് ഇത്. വിദൂരമായ അമേരിക്കയിലെ ഈ പ്രവർത്തനങ്ങളുടെ ചിത്രങ്ങൾ ശ്രീ യുക്തേശ്വരന് അയച്ചു കൊടുക്കാൻ എനിക്കു തിടുക്കമായിരുന്നു. അദ്ദേഹം ഒരു പോസ്റ്റ്കാർഡിൽ ബംഗാളിയിൽ മറുപടി അയച്ചു; അത് ഞാൻ ഇവിടെ പരിഭാഷപ്പെടുത്തുന്നു:ഓഗസ്റ്റ് 11, 1926എന്റെ ഹൃദയത്തിന്റെ കുഞ്ഞേ, യോഗാനന്ദാ!നിന്റെ സ്ക്കൂളിന്റെയും വിദ്യാർഥികളുടെയും ഫോട്ടോകൾകണ്ട് എന്റെ ജീവിതത്തിൽ എത്ര സന്തോഷമാണ് ഉണ്ടാകുന്നതെന്ന് വാക്കുകളിൽ

പ്രകടിപ്പിക്കാൻ എനിക്ക് ആവില്ല. വിവിധനഗരങ്ങളിലെ നിന്റെ യോഗവിദ്യാർഥികളെക്കണ്ട് ഞാൻ ആനന്ദത്തിൽ അലിയുന്നു.നിന്റെ ദൃഢപ്രസ്താവം, ആലാപം, രോഗവിമോചക സ്പന്ദനങ്ങൾ, ദിവ്യസുഖപ്രാപ്തി പ്രാർഥനകൾ എന്നീ പദ്ധതികളെപ്പറ്റി കേട്ടിട്ട് നിന്നോട് ഹൃദയപൂർവം നന്ദി പറയാതിരിക്കാൻ കഴിയുന്നില്ല.പ്രവേശകവാടവും കുന്നിൻമുകളിലേക്ക് വളഞ്ഞു പോകുന്ന വീഥിയും മൗണ്ട് വാഷിംഗ്ടൺ എസ്റ്റേറ്റിനു പിന്നിലായി പരന്നുകിടക്കുന്ന മനോഹരമായ പ്രകൃതിദൃശ്യങ്ങളും കണ്ടപ്പോൾ എന്റെ സ്വന്തം കണ്ണുകളാൽ അവ കാണാൻ ഞാൻ കൊതിക്കുകയാണ്.ഇവിടെ എല്ലാം ഭംഗിയായി നടക്കുന്നു. ഈശ്വരകൃപയാൽ നീ എപ്പോഴും പരമാനന്ദത്തിൽ ആയിരിക്കട്ടെ.ശ്രീ യുക്തേശ്വര ഗിരിവർഷങ്ങൾ അതിവേഗം കടന്നുപോയി. എന്റെ പുതിയനാടിന്റെ എല്ലാ ഭാഗത്തും ഞാൻ പ്രഭാഷണങ്ങൾ നടത്തുകയും നൂറുകണക്കിനു ക്ലബ്ബുകൾ, സർവകലാശാലകൾ, ദേവാലയങ്ങൾ എല്ലാ മതവിഭാഗങ്ങളിലുംപെട്ട സംഘടനകൾ എന്നിവയെ അഭിസംബോധന ചെയ്യുകയും ചെയ്തു. 1920-30 ദശകത്തിൽ എന്റെ യോഗാക്ലാസ്സുകളിൽ പതിനായിരക്കണക്കിന് അമേരിക്കക്കാർ സംബന്ധിച്ചു. അവർക്കെല്ലാമായി വിസ്പേഴ്സ് ഫ്രം ഇറ്റേണിറ്റി ' ' 7 എന്നപേരിൽ പ്രാർഥനകളും ആത്മചിന്തനങ്ങളും ഉൾക്കൊള്ളുന്ന ഒരു പുതിയ പുസ്തകം മദാം അമേലിറ്റാ ഗാലി-കുർചിയുടെ ആമുഖത്തോടെ ഞാൻ സമർപ്പണം ചെയ്തു.ചിലപ്പോഴൊക്കെ (സെൽഫ്-റിയലൈസേഷൻ ഫെലോഷിപ്പിന്റെ ആസ'ഥാനമായ മൗണ്ട് വാഷിംഗ്ടൺ സെന്റർ നടത്തുന്നതിനുള്ള ചെലവിന്റെ ബില്ലുകൾ മാസത്തിന്റെ ഒന്നാംതീയതികളിൽ ധാരാളമായി വന്നെത്തുമ്പോൾ) ഭാരതത്തിന്റെ ശുദ്ധമായ മന:ശാന്തി ഞാൻ ഓർത്തുകൊതിച്ചിട്ടുണ്ട്. എങ്കിലും പാശ്ചാത്യ-പൗരസ്ത്യദേശങ്ങളുടെ ഇടയിൽ വികാസം പ്രാപിക്കുന്ന ഒരു പരസ്പരധാരണ ഞാൻ ദിവസേന ദർശിച്ചു: എന്റെ ആത്മാവ് സന്തോഷിച്ചു.ഈശ്വരനാണ് തന്നെനയിക്കുന്നതെന്ന് പലപ്പോഴും അനുഭവി ച്ചറിഞ്ഞിരുന്ന, അമേരിക്കയുടെ ' 'രാഷ്ട്രപിതാവാ' ' യ ജോർജ് വാഷിംഗ്ടൺ അമേരിക്കയ'ക്കുവേണ്ടി, ഇനിപറയുന്ന ആത്മീയപ്രചോദനത്തിന്റെ വാക്കുകൾ, (തന്റെ ' 'വിടവാങ്ങൽ സന്ദേശ' ' ത്തിൽ) പറയുകയുണ്ടായി: ' 'സ്വതന്ത്രവും പ്രബുദ്ധവുമായ ഒരു നാട്ടിലെ ഉൽകൃഷ്ടമായ നീതിബോധത്തിന്റെയും ഔദാര്യത്തിന്റെയും മാർഗദർശനം എല്ലായ്പ്പോഴുംതേടുന്ന ഒരു ജനതയുടെ മഹനീയവും പുതുമയാർന്നതുമായ ഒരു മാതൃക മനുഷ്യരാശിക്കു നൽകാൻ ഈ രാജ്യം അനതിവിദൂര ഭാവിയിൽ യോഗ്യമായിത്തീരും. കാലസംഭവഗതികളിൽ അമ്മാതിരി ഒരു പദ്ധതിയുടെ സൽഫലങ്ങൾ, ആ പദ്ധതി കൂറോടെ പിൻതുടർന്നാൽ താൽകാലികമായ ചില പ്രയോജനങ്ങൾ നഷ്ടപ്പെടുത്തിയേക്കാമെങ്കിലും, മഹത്തായ നേട്ടങ്ങളായേ പരിണമിക്കൂവെന്നത് ആർക്കു സംശയിക്കാൻ കഴിയും? ഒരു രാഷ്ട്രത്തിന്റെ സ'ഥിരമായ ഐശ്വര്യം അതിന്റെ നന്മയുമായി ജഗന്നിയന്താവ് ബന്ധപ്പെടുത്തിയിട്ടില്ലായെന്നു വരുമോ?വാൾട്ട് വിറ്റ്മന്റെ ' 'ഹിം റ്റു അമേരിക്ക' ' ( ' 'ദൗ മദർ വിത് ദൈ ഈക്വൽ ബ്രൂഡ്' ' -ൽ നിന്ന്)നീ നിന്റെ ഭാവിയിൽ,നീ നിന്റെ വർധമാനമായ ഏറെ പ്രാജ്ഞരായ, സ്ത്രീപുരുഷ സന്തതികളിൽ-നിന്റെ ധാർമിക ആത്മീയബലിഷ്ഠരിൽ;തെക്കും,വടക്കും, പടിഞ്ഞാറും, കിഴക്കും.നീ നിന്റെ ധാർമികസ്വത്തിൽ, സംസ്കാരത്തിൽ, (അതുനേടുംവരെ നിന്റെ ഗർവിഷ്ഠ ഭൗതികസംസ്കാരം നിഷ്ഫലമായിരിക്കും).നീ നിന്റെ എല്ലാം തരും, എല്ലാമുൾക്കൊള്ളും ആരാധനയിൽ-ഒരൊറ്റബൈബിളിൽ, രക്ഷകനിൽ, മാത്രം അല്ലനീ, നിന്റെ എണ്ണമറ്റ രക്ഷകർ, നിന്നിൽ സന്നിഹിതർ ആർക്കും കിടനിൽക്കുന്ന ദൈവികർ ആരെയുംപോൽ...ഇവരെല്ലാം! ഇവർ നിന്നിൽ (തീർച്ചയായും വരവാകും) ഇന്നു ഞാൻ പ്രവചിക്കുന്നു. [image file=image_rsrc3W6.jpg] 1924-ൽ ഭൂഖണ്ഡം ചുറ്റിയുള്ള പ്രസംഗപര്യടനത്തിന്റെ മധ്യേ അലാസ്കായിലേക്കുള്ള യാത്രയിൽ യോഗാനന്ദജി തന്റെ കപ്പൽമുറിയിൽ. [image file=image_rsrc3WB.jpg] അമേരിക്കയിൽ കോളോറാഡോയിലെ ഡെൻവറിൽ യോഗാനന്ദജി ഒരു വേദിയിൽ ക്ലാസ് നടത്തുന്നു, 1924. [image file=image_rsrc3WG.jpg] കാലിഫോർണിയയിലെ ലോസ് ആൻജലീസിൽ ഫിൽഹാർമോണിക് ഓഡിറ്റോറിയത്തിൽ യോഗാനന്ദജി പ്രഭാഷണം നടത്തുന്നു, 1925. [image file=image_rsrc3WN.jpg] വിശാലമനസ്കരായ തന്റെ വിദ്യാർഥികളുടെ സഹായത്തോടെ ശ്രീ യോഗാനന്ദൻ മൗണ്ട് വാഷിംഗ്ടൺ എസ്റ്റെയിറ്റ്സ് 1925 ൽ വിലയ'ക്ക് വാങ്ങി. അതിന്റെ നടപടികൾ പൂർത്തിയാക്കുന്നതിനു മുമ്പുതന്നെ, തന്റെ ആദ്യയോഗം, ഈസ്റ്റർ ദിന പ്രഭാത ശുശ്രൂഷ, ഇനി തന്റെ തലസ'ഥാനമന്ദിരമാകാൻ പോകുന്ന മന്ദിരത്തിന്റെ അങ്കണത്തിൽ വച്ച് അദ്ദേഹം നടത്തി. [image file=image_rsrc3WU.jpg] മൗണ്ട് വേർനൻ, വെർജീനിയയിൽ 1927 ഫെബ്രുവരി 22-ന് ജോർജ് വാഷിംഗ്ടണിന്റെ ശവകുടീര നിലവറയ'ക്കു മുമ്പിൽ പരമഹംസ യോഗാനന്ദൻ പുഷ്പങ്ങൾ അർപ്പിക്കുന്നു. [image file=image_rsrc3WZ.jpg] ശ്രീ ശ്രീ പരമഹംസ യോഗാനന്ദൻ വൈറ്റ് ഹൗസിൽപ്രസിഡന്റ്കാൽവിൻ കൂളിജിനെ സന്ദർശിച്ചശേഷം ശ്രീ ശ്രീ പരമഹംസ യോഗാനന്ദൻ മി. ജോൽ ബാൽഫറോടൊപ്പം വൈറ്റ് ഹൗസിൽ നിന്ന് പുറത്തേക്കുവരുന്നു. കാൽവിൻ കൂളിജ് ജനാലയിലൂടെ പുറത്തേക്കുനോക്കുന്നു.1927 ജാനുവരി 25-ലെ വാഷിംഗ്ടൺ ഹെറാൾഡ് ദിനപത്രം ഇങ്ങനെ റിപ്പോർട്ടുചെയ്തു: സ്വാമി യോഗാനന്ദനെ മി. കൂളിജ് സ്പഷ്ടമായ ആഹ്ലാദത്തോടെ അഭിവാദനം ചെയ്തു. അദ്ദേഹത്തെപറ്റി ധാരാളം വായിക്കുകയുണ്ടായി എന്ന് മി. കൂളിജ് യോഗാനന്ദജിയോട് പറഞ്ഞു. ഭാരതത്തിന്റെ ചരിത്രത്തിൽ ഇതാദ്യമായാണ് ഒരു സ്വാമിയെ ഔപചാരികമായി ഒരു പ്രസിഡന്റ്സ്വീകരിക്കുകയുണ്ടായത്.

[image file=image_rsrc3X6.jpg] 1929-ൽ യോഗാനന്ദജി മെക്സിക്കോസിറ്റി സന്ദർശിച്ചപ്പോൾ സമാരാധ്യനായ മെക്സിക്കൻ പ്രസിഡന്റ് എമിലിയോ പോർറ്റിസ് ഗിൽ അദ്ദേഹത്തിന് ആതിഥ്യം അരുളി. [image file=image_rsrc3XB.jpg] 1929-ൽ പരമഹംസ യോഗാനന്ദൻ മെക്സിക്കോയിലെ ജോചിമിൽക്കോ തടാകത്തിൽ ഒരു വള്ളത്തിൽ ധ്യാനനിരതനായി ഇരിക്കുന്നു. [image file=image_rsrc3XG.jpg] 1 ഇതിൽ പലമുഖങ്ങളും പിൽക്കാലത്ത് ഞാൻ പാശ്ചാത്യദേശത്ത് കണ്ടുമുട്ടുകയും ഉടനെ തിരിച്ചറിയുകയും ചെയ്തു.2 പരമഹംസയോഗാനന്ദൻ അമേരിക്കയിൽ വന്നതിന്റെ 75-ാം വാർഷികം കുറിച്ചു കൊണ്ട് 1995-ൽ, മനോഹരമായ ഒരു സ്മൃതിമന്ദിരം റാഞ്ചിയിൽ പരമഹംസജിക്ക് ദർശനം ലഭിച്ച ആ പഴയ സ്റ്റോർമുറിയുടെ സ'ഥാനത്ത് സമർപ്പിക്കുകയുണ്ടായി. (പ്രസാധക കുറിപ്പ്).3 ശ്രീ യുക്തേശ്വരനും ഞാനും സാധാരണയായി ബംഗാളിയിലാണ് സംസാരിച്ചിരുന്നത്.4 ഭഗവദ്ഗീത XI:125 ന്യൂ പ്രിൽഗ്രിമേജസ് ഒഫ് ദ സ്പിരിറ്റ് ('ആത്മാവിന്റെ പുതിയ തീർഥാടനങ്ങൾ') (ബോസ്റ്റൻ: ബീക്കൻ പ്രെസ്, 1921). 6 യോഗദാ സത്സംഗ സൊസൈറ്റി ഒഫ് ഇൻഡ്യ പ്രസാധനം ചെയ്തത്. ഡോ. ഫ്രെഡറിക് ബി. റോബിൻസനും അദ്ദേഹത്തിന്റെ പത്നിയും 1939-ൽ ഇൻഡ്യ സന്ദർശിക്കുകയും, യോഗദാ സത്സംഗ സൊസൈറ്റിയുടെ ഒരു യോഗത്തിൽ വിശിഷ്ടാതിഥികളായിരിക്കുകയും ചെയ്തു7 യോഗദാ സത്സംഗ സൊസൈറ്റി പ്രസാധനം ചെയ്തത്.അധ്യായം 38ലൂതർ ബേർബാങ്ക്, പനിനീർപൂക്കൾക്കിടയിലെ പുണ്യാത്മാവ് ‘ ‘മെച്ചപ്പെട്ട സസ്യങ്ങൾ വളർത്തിയെടുക്കുന്നതിന്റെ രഹസ്യം ശാസ്ത്രീയജ്ഞാനം ഒഴിച്ചാൽ, സ്നേഹമാണ്.’ ’ കാലിഫോർണിയയിൽ സാന്റാ റോസയിലെ അദ്ദേഹത്തിന്റെ പൂന്തോട്ടത്തിൽ ഞാൻ കൂടെ നടക്കുമ്പോൾ ലൂതർ ബേർബാങ്ക് മൊഴിഞ്ഞതാണ് ഈ വിജ്ഞാന ശകലം. ഭക്ഷ്യയോഗ്യമായ കള്ളിമുൾചെടികളുടെ തടത്തിനരികിൽ ഞങ്ങൾ ഒന്നു നിന്നു.അദ്ദേഹം തുടർന്നു, ‘ ‘മുള്ളില്ലാത്ത കള്ളിച്ചെടികൾ ഉല്പാദി പ്പിക്കാൻ പരീക്ഷണങ്ങൾ നടത്തികൊണ്ടിരുന്നപ്പോൾ സ്നേഹത്തിന്റെ ഒരു വൈകാരികസാന്നിധ്യം സൃഷ്ടിക്കാനായി ഞാൻ ആ ചെടികളോട് പലപ്പോഴും സംസാരിച്ചിരുന്നു. 'നിങ്ങൾക്ക് പേടിക്കാനായി ഒന്നുമില്ല,' ഞാൻ അവയോടു പറയും, 'നിങ്ങൾക്ക് സ്വരക്ഷക്ക് മുള്ളുകൾ ആവശ്യമില്ല. ഞാൻ നിങ്ങളെ സുരക്ഷിതരായി നോക്കും.' മരുഭൂമിയിലെ ഉപയോഗപ്രദമായ ഈ ചെടി ക്രമേണ മുള്ളില്ലാത്ത ഇനമായി പരിണമിച്ചു.’ ’ ഈ അത്ഭുതപ്രതിഭാസത്തിൽ ഞാൻ ആകൃഷ്ടനായി. ‘ ‘പ്രിയപ്പെട്ട ലൂതർ, എന്റെ മൗണ്ട് വാഷിംഗ്ടൺ എസ്റ്റേറ്റിൽ നടാനായി ഏതാനും കള്ളിയിലകൾ തരൂ.’ ’ അടുത്തുനിന്നിരുന്ന ഒരു ജോലിക്കാരൻ ഇലകൾ പറിച്ചെടുക്കാൻ ഒരുങ്ങി; ബേർബാങ്ക് അയാളെ തടഞ്ഞു. ‘ ‘സ്വാമിക്കു വേണ്ടി ഞാൻ തന്നെ അവ പറിച്ചെടുക്കാം.’ ’ അദ്ദേഹം എനിക്ക് മൂന്ന് ഇലകൾ തന്നു. പിന്നീട് ഞാൻ നട്ട അവ, വളർന്നു വലിയ ഒരു തോട്ടമായി പടർന്നപ്പോൾ ഞാൻ സന്തുഷ്ടനായി.തന്റെ ആദ്യത്തെ ശ്രേഷ്ഠമായ വിജയം, ഇപ്പോൾ അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്ന വലിയ ഉരുളക്കിഴങ്ങാണെന്ന് ആ മഹാനായ തോട്ടക്കൃഷിവിദഗ്ദൻ പറഞ്ഞു. ഒരു പ്രതിഭാധനന്റെ അടങ്ങാത്ത ആവേശത്തോടെ അദ്ദേഹം പ്രകൃതിയിലെ നൂറുകണക്കിനു സസ്യജാലങ്ങൾ സങ്കരത്തിലൂടെ മെച്ചപ്പെടുത്തി ലോകത്തിനു കാഴ്ചവച്ചുകൊണ്ടേയിരുന്നു. തക്കാളി, ചോളം, ചുരക്ക, ചെറി, പ്ലം, പീച്ച്, ബെറി, പോപ്പി, ലില്ലി, റോസാ എന്നിവയുടെ പുതിയ ബേർബാങ്ക് വകഭേദങ്ങൾ സൃഷ്ടിക്കപ്പെട്ടു.സ്വാഭാവികപരിണാമം വളരെയധികം ത്വരിതപ്പെടുത്താമെന്ന് പ്രസിദ്ധമായിത്തീർന്ന ഒരു വാൽനട്ട് വൃക്ഷംകൊണ്ട് അദ്ദേഹം തെളിയിച്ചു. ആ മരത്തിനടുത്ത് ലൂതർ എന്നെ കൂട്ടിക്കൊണ്ടുപോയപ്പോൾ ഞാൻ എന്റെ ക്യാമറ അതിന്റെ നേരെ തിരിച്ചു. ‘ ‘ പതിനാറുകൊല്ലംമാത്രംകൊണ്ട് ഈ വാൽനട്ട് വൃക്ഷം സമൃദ്ധ മായി കായ'ക്കുന്ന സ'ഥിതിയിൽ എത്തി. എന്റെ സഹായം ഇല്ലായിരുന്നുവെങ്കിൽ പ്രകൃതിക്ക് ഇതിന്റെ ഇരട്ടി സമയം വേണ്ടിവന്നേനേ, ’ ’ അദ്ദേഹം പറഞ്ഞു.ബേർബാങ്കിന്റെ വളർത്തുപുത്രി അവളുടെ നായയുമായി ഓടിച്ചാടി പൂന്തോട്ടത്തിലെത്തി. ‘ ‘അവൾ എന്റെ മനുഷ്യച്ചെടിയാണ്.’ ’ ലൂതർ അവൾക്കു നേരെ വാത്സല്യപൂർവം കൈവീശി. ‘ ‘പടർന്നുവളർന്ന ഒരു വിശാലവൃക്ഷമായിട്ടാണ് ഞാൻ ഇപ്പോൾ മനുഷ്യരാശിയെ കാണുന്നത്. അതിന്റെ ഏറ്റവും മെച്ചപ്പെട്ട സാഫല്യങ്ങൾക്കായി അതിനുവേണ്ടത് സ്നേഹവും മഹത്തായ വെളിസ'ഥലങ്ങളുടെ സ്വാഭാവികാനുഗ്രഹങ്ങളും ബുദ്ധിപൂർവമായ സങ്കരണവും തിരഞ്ഞെടുക്കലും മാത്രമാണ്. സസ്യപരിണാമത്തിലെ അത്ര അത്ഭുതകരമായ പുരോഗതി എന്റെ ജീവിതകാലത്തു തന്നെ ഞാൻ കണ്ടിട്ടുണ്ട്. അതുകൊണ്ട് കുട്ടികളെ ലളിതവും വിവേക പൂർവവുമായ ജീവിതത്തിന്റെ തത്വങ്ങൾ പഠിപ്പിച്ചാൽ, രോഗരഹിതവും സന്തുഷ്ടവുമായ ഒരു ലോകത്തെ സൃഷ്ടിക്കാനാവുമെന്ന് ഞാൻ ശുഭാപ്തി വിശ്വാസത്തോടെ പ്രതീക്ഷിക്കുന്നു. നാം പ്രകൃതിയിലേക്കും പ്രകൃതിയുടെ ദൈവികതയിലേക്കും മടങ്ങണം.’ ’ ‘ ‘വാതിൽപുറത്തെ അധ്യയനവും സന്തോഷത്തിന്റെയും ലാളിത്യത്തിന്റെയും അന്തരീക്ഷവുംകൊണ്ട് എന്റെ റാഞ്ചിവിദ്യാലയം നിങ്ങൾ ഏറെ ഇഷ്ടപ്പെടുമായിരുന്നു, ലൂതർ.’ ’ ബേർബാങ്കിന്റെ ഹൃദയത്തോട് ഏറ്റവും അടുത്ത ഒരു തന്ത്രിയാണ് എന്റെ വാക്കുകൾ തൊട്ടുണർത്തിയത്. ശിശുവിദ്യാഭ്യാസമായിരുന്നു അത്. അദ്ദേഹത്തിന്റെ ആഴമേറിയ, ശാന്തമായ കണ്ണുകളിൽ കൗതുകം തിളങ്ങി. അദ്ദേഹം എന്നോട് ധാരാളം ചോദ്യങ്ങൾ ചോദിച്ചു.അദ്ദേഹം ഒടുവിൽ പറഞ്ഞു, ‘ ‘ സ്വാമിജീ, അങ്ങയുടേതുപോലുള്ള വിദ്യാലയങ്ങളാണ് ഭാവിയിലെ സുവർണയുഗത്തിന്റെ ഏക പ്രതീക്ഷ. പ്രകൃതിയിൽനിന്നു വേറിട്ട, മുഴുവൻ വ്യക്തിത്വത്തിന്റെയും വളർച്ച മുരടിപ്പിക്കുന്ന

ഇന്നത്തെ വിദ്യാഭ്യാസപദ്ധതിക്ക് ഞാൻ തീർത്തും എതിരാണ്. വിദ്യാഭ്യാസം സംബന്ധിച്ച അങ്ങയുടെ പ്രായോഗിക ആദർശങ്ങളുടെ കാര്യത്തിൽ ഞാൻ സർവാത്മനാ അങ്ങയോട് യോജിക്കുന്നു.' ' സൗമ്യശീലനായ ആ പ്രാജ്ഞപുരുഷനോട് വിടവാങ്ങുമ്പോൾ ഒരു ചെറിയഗ്രന്ഥത്തിൽ കൈയ്യൊപ്പിട്ട് അദ്ദേഹം എനിക്കു നൽകി.1 ' 'എന്റെ 'ദ ട്റെയ്നിങ്ങ് ഒഫ് ദ ഹ്യൂമൻ പ്ലാന്റ്'2 ('മനുഷ്യ സസ്യത്തിന്റെ പരിശീലനം') എന്ന പുസ്തകം ഇതാ,' ' അദ്ദേഹം പറഞ്ഞു. ' 'പുതിയതരം പരിശീലനങ്ങൾ-ധീരപരീക്ഷണങ്ങൾ-ആവശ്യമാണ്. ഏറ്റവും സാഹസികമായ പരീക്ഷണങ്ങൾ പലപ്പോഴും കായ്കളുടെയും പൂക്കളുടെയും ഉത്തമമായ മികവ് പുറത്തു കൊണ്ടുവരുന്നതിൽ വിജയിച്ചിട്ടുണ്ട്. അതുപോലെ കുട്ടികളുടെ വിദ്യാഭ്യാസത്തിലെ പുതുമയാർന്ന പരീക്ഷണങ്ങൾ എണ്ണമറ്റതും ഏറെ ധീരവുമാകണം.' ' അന്നുരാത്രി ഞാൻ അദ്ദേഹത്തിന്റെ പുസ്തകം അതീവ താല്പര്യത്തോടെ വായിച്ചു. മനുഷ്യരാശിക്ക് മഹത്തായ ഒരു ഭാവി വിഭാവനം ചെയ്തുകൊണ്ട് അദ്ദേഹം എഴുതി: ' 'ഈ ലോകത്തെ തീരെ വഴങ്ങാത്ത, വളയ'ക്കാൻ ഏറെ പ്രയാസമായ ജീവനുള്ള വസ്തു, ചില സ്വഭാവങ്ങളിൽ വേരൂന്നിക്കഴിഞ്ഞ ഒരു ചെടിയാണ്... ഈ ചെടി അതിന്റെ വ്യക്തിത്വം യുഗാന്തരങ്ങളിലൂടെ നിലനിർത്തിയിട്ടുണ്ടെ ന്നോർക്കുക; ഒരുപക്ഷേ ഈ ദീർഘമായ കാലഘട്ടത്തിൽ ഒരിക്കലും കാര്യമായ തോതിൽ മാറ്റമില്ലാതെ യുഗങ്ങളോളം പിന്നിലേക്ക് അതിന്റെ ഉത്ഭവത്തെ അത് പാറകളിലേക്ക് തന്നെ തെളിക്കുന്നു. ആവർത്തനങ്ങളുടെ ഈ യുഗങ്ങൾക്കെല്ലാം ശേഷം, അതുല്യമായ ഉറച്ച ഒരു ഇച്ഛാശക്തി, എന്നുതന്നെ പറയട്ടേ, ഈ സസ്യങ്ങൾക്ക് ഉണ്ടാകുന്നില്ല എന്ന് കരുതാമോ? മനുഷ്യശക്തിക്ക് ഇതുവരെ മാറ്റാൻ കഴിയാത്തവണ്ണം സ'ഥിരബുദ്ധി നേടിയ സസ്യങ്ങൾ, ഉദാഹരണത്തിന് ചില പനവർഗങ്ങൾ, വാസ്തവത്തിൽ നിലനിൽക്കുന്നുണ്ട്. ഒരു സസ്യത്തിന്റെ ഇച്ഛാ ശക്തിയുടെ മുമ്പിൽ മനുഷ്യന്റെ ഇച്ഛാശക്തി ദുർബലമാണ്. ഒരു പുതിയ ജീവൻ അതിനോടു കൂട്ടികലർത്തുന്നതു മാത്രംകൊണ്ട് ഒരു ചെടിയുടെ ആജീവനാന്ത സ്വഭാവസ'ഥിരത ശിഥിലമാക്കപ്പെടുന്നു. സമ്പൂർണവും ശക്തവുമായ ഒരു വ്യതിയാനമാണ് സങ്കരണത്തിലൂടെ സംഭവിക്കുന്നത് എന്നു കാണുക. അപ്പോൾ, ഈ വ്യതിയാനം വരുമ്പോൾ, അതിനെ തലമുറകളിലൂടെ ക്ഷമയോടെയുള്ള മേൽനോട്ടവും തിരഞ്ഞെടുക്കലും കൊണ്ടുസ'ഥിരീകരിച്ചാൽ അതിന്റെ കടുത്ത ഇച്ഛാശക്തി നഷ്ടപ്പെട്ട്, പരിവർത്തനം വന്ന് പഴയ സ്വഭാവത്തിലേക്ക് ഒരിക്കലും തിരിച്ചു പോകാത്ത വിധത്തിൽ ആ പുതിയ ചെടി, അതിന്റെ പുതിയ വഴിക്ക് തിരിക്കുന്നു. [image file=image_rsrc3YH.jpg] [image file=image_rsrc3YN.jpg] ലൂതർ ബേർബാങ്കും യോഗാനന്ദജിയും സാന്റാ റോസാ, കാലിഫോർണിയയിൽ, 1924. ' 'ഒരു കുട്ടിയുടെ സംവേദനക്ഷമവും എളുപ്പം വഴങ്ങുന്നതുമായ സ്വഭാവത്തിന്റെ കാര്യത്തിൽ പ്രശ്നം തികച്ചും ലഘുവായിത്തീരുന്നു.' ' മഹാനായ ഈ അമേരിക്കക്കാരനിലേക്ക് ഒരു കാന്തത്താലെന്നവണ്ണം ആകൃഷ്ടനായ ഞാൻ അദ്ദേഹത്തെ വീണ്ടും വീണ്ടും സന്ദർശിച്ചു. ഒരു പ്രഭാതത്തിൽ തപാൽശിപായിയും ഞാനും ഒരുമിച്ചാണ് എത്തിയത്. ഏതാണ്ട് ആയിരം കത്തുകളാണ് ബേർബാങ്കിന്റെ പഠന മുറിയിലേക്ക് അയാൾ കൊണ്ടുവന്നത്. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും തോട്ടക്കൃഷിവിദഗ്ദർ അദ്ദേഹത്തിന് എഴുതിയിരുന്നു. ' 'സ്വാമിജീ, അങ്ങയുടെ സാന്നിധ്യമാണ് ഉദ്യാനത്തിലേക്ക് ഇറങ്ങാൻ എനിക്ക് പറ്റിയ ഒഴിവുകഴിവ്,' ' ലൂതർ ആഹ്ലാദത്തോടെ പറഞ്ഞു. യാത്രാവിവരങ്ങളുടെ നുറുകണക്കിനു ഫയലുകൾ വച്ചിട്ടുള്ള വലിയ മേശവലിപ്പ് അദ്ദേഹം തുറന്നു.അദ്ദേഹം പറഞ്ഞു, ' 'നോക്കൂ, ഇങ്ങനെയാണ് ഞാൻ എന്റെ യാത്രകൾ നടത്തുന്നത്. ചെടികളും എഴുത്തുകുത്തുകളുമായി സദാതിരക്കിലായ ഞാൻ എന്റെ വിദേശയാത്രക്കുള്ള കൊതി ഈ പടങ്ങൾ ഇടയ'ക്കിടെ നോക്കി തീർക്കുന്നു.' ' എന്റെ കാർ അദ്ദേഹത്തിന്റെ ഗേറ്റിൽ നിന്നിരുന്നു; ആ ചെറിയ പട്ടണത്തിലെ തെരുവുകളിലൂടെ ലൂതറും ഞാനും കാറോടിച്ചു പോയി. അദ്ദേഹം സ്വന്തമായി വികസിപ്പിച്ചെടുത്ത സാന്റാ റോസാ, പീച്ച്ബ്ലോ, ബേർബാങ്ക് എന്നീയിനം റോസുകൾ നിറമാല ചാർത്തിയ പൂന്തോട്ടങ്ങൾ അവിടെയുണ്ടായിരുന്നു.മു ംമ്പാരിക്കൽ എന്റെ സന്ദർശനവേളയിൽ ഈ മഹാനായ ശാസ്ത്രകാരൻ ക്രിയാദീക്ഷ സ്വീകരിച്ചിരുന്നു. ' 'ഞാൻ ക്രിയായോഗവിദ്യ ഭക്തിപൂർവം അനുഷ്ഠിക്കുന്നുണ്ട്, സ്വാമിജീ,' ' അദ്ദേഹം പറഞ്ഞു. യോഗാഭ്യാസത്തിന്റെ വിവിധ വശങ്ങളെപ്പറ്റിയുള്ള ശ്രേഷ്ഠമായ ധാരാളം ചോദ്യങ്ങൾ ചോദിച്ചശേഷം ലൂതർ സാവധാനം പറഞ്ഞു. ' 'പാശ്ചാത്യദേശം ആരാഞ്ഞു തുടങ്ങിയിട്ടു പോലുമില്ലാത്ത ജ്ഞാന ത്തിന്റെ വിപുലമായ ശേഖരം വാസ്തവത്തിൽ പൗരസ്ത്യദേശത്തിനു കൈമുതലായുണ്ട്.' ' 3പ്രകൃതിയുമായുള്ള അദ്ദേഹത്തിന്റെ ഗാഢമായ ആത്മസംവാദം കൊണ്ട് താൻ അതീവഗൂഢമായി സൂക്ഷിച്ചുപോന്ന പല രഹസ്യങ്ങളും പ്രകൃതി അദ്ദേഹത്തിനു തുറന്നുകാട്ടി. അത് ബേർബാങ്കിന് അതിരറ്റ ഒരു ആത്മീയസമാരാധ്യത നൽകി. ' ' ചിലപ്പോളൊക്കെ ആ അനന്തശക്തിയോട് ഏറെ അടുപ്പം എനിക്ക് അനുഭവപ്പെടാറുണ്ട്,' ' സങ്കോചത്തോടെ അദ്ദേഹം ഒരു രഹസ്യം എനിക്കു കൈമാറി. അദ്ദേഹത്തിന്റെ സൂക്ഷ്മവേദിയും സുഭഗവുമായ മുഖം ഓർമകളാൽ പ്രദീപ്തമായി. ' 'ആ വേളകളിൽ എന്റെ ചുറ്റുമുള്ള രോഗികളെയും അതേപോലെ, അസുഖം ബാധിച്ച ചെടികളെയും എനിക്ക് സുഖപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.' ' ആത്മാർഥതയുള്ള ഒരു ക്രിസ്ത്യാനിയായിരുന്ന തന്റെ അമ്മയെപ്പറ്റി അദ്ദേഹം എന്നോടു പറഞ്ഞു. ' 'അവരുടെ മരണത്തിനു ശേഷം പലപ്രാവശ്യം അവർ ദർശനങ്ങളിൽ പ്രത്യക്ഷപ്പെട്ട് എന്നെ അനുഗ്രഹിച്ചിട്ടുണ്ട്; അവർ എന്നോട് സംസാരിക്കുകയും

ചെയ്തിട്ടുണ്ട്.അദ്ദേഹത്തിന്റെ വീട്ടിലേക്ക്, അദ്ദേഹത്തെ കാത്തു കിടന്ന ആയിരം കത്തുകളിലേക്ക് ഞങ്ങൾ മനസ്സില്ലാമനേസ്സാടെ തിരിച്ചു പോയി.ഞാൻ പറഞ്ഞു, ‘ ‘ലൂതർ, പൗരസ്ത്യ-പാശ്ചാത്യദേശങ്ങളുടെ സത്യദർശനങ്ങൾ ഉൾക്കൊള്ളുന്ന ഒരു ആനുകാലികപ്രസിദ്ധീകരണം ഞാൻ അടുത്തമാസം ആരംഭിക്കും. ആ പ്രസിദ്ധീകരണത്തിന് ഒരു നല്ല പേര് നിശ്ചയിക്കാൻ എന്നെ ദയവായി സഹായിക്കണം.’ ’ കുറച്ചുസമയം ഞങ്ങൾ ചില പേരുകൾ ചർച്ചചെയ്തു. ഒടുവിൽ ഈസ്റ്റ്-വെസ്റ്റ്4 എന്നാകാമെന്നു തീരുമാനിച്ചു. ഞങ്ങൾ അദ്ദേഹത്തിന്റെ പഠനമുറിയിൽ തിരികെ കയറിയപ്പോൾ അദ്ദേഹം എഴുതിയ ‘ ‘ശാസ്ത്രവും സംസ്കാരവും’ ’ എന്ന ലേഖനം ബേർബാങ്ക് എനിക്കു തന്നു. ‘ ‘ഈസ്റ്റ്-വെസ്റ്റിന്റെ ആദ്യലക്കത്തിൽ ഇതു വരും,’ ’ ഞാൻ നന്ദിപൂർവം പറഞ്ഞു.ഞങ്ങളുടെ സൗഹൃദം വളർന്നപ്പോൾ ഞാൻ ബേർബാങ്കിനെ എന്റെ ‘ ‘അമേരിക്കൻ പുണ്യവാളൻ’ ’ എന്നു വിളിച്ചു. ‘ ‘നിഷ്കപടനായ ഒരു യഥാർഥ മനുഷ്യനെ ഇവിടെ ദർശിക്കൂ!’ ’ 5 ഞാൻ പരാവർത്തനം ചെയ്തു. എളിമ, ക്ഷമ, ത്യാഗശീലം എന്നിവ ദീർഘകാലമായി പരിശീലിച്ചിരുന്ന അദ്ദേഹത്തിന്റെ ഹൃദയം അളക്കാനാവാത്തവണ്ണം അഗാധമായിരുന്നു. പനിനീർചെടികളുടെ ഇടയിലെ അദ്ദേഹത്തിന്റെ ചെറിയ വീട് കർക്കശമായ ലാളിത്യം പ്രദർശിപ്പിച്ചു; ആഡംബരത്തിന്റെ അർഥശൂന്യമായ കൈവശവസ്തുക്കൾ കുറയ'ക്കുന്നതിന്റെ സൗഖ്യവും അദ്ദേഹത്തിന് അറിയാമായിരുന്നു. ശാസ്ത്രജ്ഞനെന്ന നിലയിലുള്ള തന്റെ പ്രശസ്തിയിൽ അദ്ദേഹം പ്രദർശിപ്പിച്ചിരുന്ന എളിമ പാകമായ പഴങ്ങളുടെ ഭാരത്താൽ കുനിയുന്ന വൃക്ഷങ്ങളെ എന്റെ ഓർമയിൽ വീണ്ടും വീണ്ടും കൊണ്ടു വന്നു; പഴങ്ങളില്ലാത്ത പാഴ്മരമാണ് അതിന്റെ തല പൊള്ളയായ പൊങ്ങച്ചത്തിൽ പൊക്കിപ്പിടിക്കുന്നത്.1926-ൽ എന്റെ പ്രിയസുഹൃത്ത് ദിവംഗതനായപ്പോൾ ഞാൻ ന്യൂയോർക്കിലായിരുന്നു. കണ്ണീരോടെ ഞാൻ ചിന്തിച്ചു. ‘ ‘അദ്ദേഹത്തെ ഒരു നോക്കുകൂടികാണാൻ കഴിയുമെങ്കിൽ ഇവിടെനിന്നും സാന്റാ റോസ വരെയുള്ള വഴിമുഴുവൻ ഞാൻ സന്തോഷത്തോടെ കാൽനടയായി പിന്നിടും!’ ’ സെക്രട്ടറിമാരിൽ നിന്നും സന്ദർശകരിൽ നിന്നും അകന്ന് കതകുപൂട്ടി അടുത്ത ഇരുപത്തിനാലു മണിക്കൂർ നേരം ഞാൻ ഏകാന്തതയിൽ ചെലവഴിച്ചു.അടുത്തദിവസം ലൂതറിന്റെ ഒരു വലിയ ചിത്രത്തിനുമുന്നിൽ, വൈദികചടങ്ങുകളോടെ ഞാൻ ഒരു അനുസ്മരണം നടത്തി. ശരീരത്തിന്റെ ഘടകങ്ങളുടെയും, അവയുടെ അനന്തസ്രോതസിലേക്കുള്ള മടക്കത്തിന്റെയും പ്രതീകമായി പുഷ്പം, ജലം, അഗ്നി എന്നിവകൊണ്ടുള്ള ഒരു അഞ്ജലി നടത്തിയപ്പോൾ, എന്റെ ഒരു സംഘം അമേരിക്കൻ വിദ്യാർഥികൾ മരണാനന്തരചടങ്ങുകൾക്കുള്ള ഹൈന്ദവവേഷത്തിൽ പ്രാചീനമന്ത്രങ്ങൾ ഉരുവിട്ടു.സ്വന്തം പൂവാടിയിൽ വർഷങ്ങൾക്കുമുമ്പ് ബേർബാങ്ക് നട്ടു വളർത്തിയ ഒരു ലബനൻ സിഡാർ വൃക്ഷത്തിന്റെ കീഴിൽ അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ അന്ത്യവിശ്രമം കൊള്ളുന്നുവെങ്കിലും, എന്നെ സംബന്ധിച്ചിടത്തോളം, വഴിയരികിൽ പൂക്കുന്ന വിടർന്നമിഴികളോടു കൂടിയ ഏതു പൂവിലും അദ്ദേഹത്തിന്റെ ആത്മാവ് കുടിയിരിക്കുന്നു. പ്രകൃതിയുടെ വിരാടസത്തയിലേക്ക് കുറേകാലത്തേയ'ക്ക് പിൻവാങ്ങിയ ലൂതറല്ലേ അവളുടെ ഇളംകാറ്റിൽ മന്ത്രിക്കുന്നത്, പുലരികളിൽ ഉലാത്തുന്നത്?അദ്ദേഹത്തിന്റെ പേര് ഇപ്പോൾ സാധാരണ ഭാഷയുടെ പൈതൃക ത്തിലേക്കു കടന്നു കഴിഞ്ഞു. ‘ ‘ബേർബാങ്ക്’ ’ – ഒരു സകർമകക്രിയ ആയി ചേർത്തിട്ട്, വെബ്സ്റ്ററുടെ ന്യൂ ഇന്റർനാഷനൽ ഡിക്ഷ്ണറി അതിനെ നിർവചിക്കുന്നു: ‘ ‘(സസ്യ)സങ്കരണം നടത്തുക; ഒട്ടുചെടികൾ വളർത്തുക. അതുകൊണ്ട്, ആലങ്കാരികമായി, (ഒരു പ്രക്രിയ അല്ലെങ്കിൽ സ'ഥാപനം) മെച്ചപ്പെടുത്തുക; നല്ല പ്രത്യേകതകൾ തിരഞ്ഞെടുത്തും ചീത്തയെ ഒഴിവാക്കിയും, അല്ലെങ്കിൽ നല്ല പ്രത്യേകതകൾ കൂട്ടിച്ചേർത്തു കൊണ്ടു നന്നാക്കുക.’ ’ ‘ ‘പ്രിയപ്പെട്ട ബേർബാങ്ക്’ ’ നിർവചനംവായിച്ചിട്ട് ഞാൻ ഉറക്കെ പറഞ്ഞുപോയി: ‘ ‘അങ്ങയുടെ പേരുതന്നെ ഇന്ന് നന്മയുടെ പര്യായമാണ്!’ ’ [image file=image_rsrc3ZE.jpg] 1 കൈയ്യൊപ്പിട്ട സ്വന്തം ചിത്രവും ബേർബാങ്ക് എനിക്കു തന്നു. ഒരു ഹിന്ദു കച്ചവടക്കാരൻ എബ്രഹാം ലിങ്കന്റെ പടം നിധിപോലെ ഒരിക്കൽ കാത്തുസൂക്ഷിച്ചു. അതുപോലെ ഞാനും ലൂതറിന്റെ പടം സൂക്ഷിക്കുന്നു. ആഭ്യന്തര യുദ്ധക്കാലത്ത് അമേരിക്കയിൽ ഉണ്ടായിരുന്നു ആ ഹിന്ദുവിന് ലിങ്കനോട് അത്രയധികം മതിപ്പു തോന്നിയതുകൊണ്ട് ആ മഹാനായ വിമോചകന്റെ ഒരു ചിത്രം ലഭിക്കാതെ ഭാരതത്തിലേക്ക് മടങ്ങിപ്പോകാൻ അയാൾ മടിച്ചു. ലിങ്കന്റെ പടിവാതിലിൽ ഇരിപ്പുറപ്പിച്ച ആ കച്ചവടക്കാരൻ, അത്ഭുതപരതന്ത്രനായ പ്രസിഡന്റ്, ന്യൂയോർക്കിലെ പ്രസിദ്ധ ചിത്രകാരനായ ഡാനിയൽ ഹണ്ടിങ്ങ്ടന്റെ സേവനങ്ങൾ ഏർപ്പാടാക്കാൻ തനിക്ക് അനുവാദം തരുന്നതുവരെ പിരിഞ്ഞുപോകാൻ കൂട്ടാക്കിയില്ല. ചിത്രം വരച്ചു കഴിഞ്ഞപ്പോൾ, ആ ഹിന്ദു വിജയാഹ്ലാദത്തോടെ അത് കൽക്കത്തക്ക് കൊണ്ടുപോയി.2 ന്യൂയോർക്ക് : സെഞ്ചറി കമ്പനി, 1922.3 സമാധി അവസ'ഥ പ്രാപിക്കുന്നതിനും പ്രാണായാമം ശീലിക്കുന്നതിനും വേണ്ടി പശ്ചാത്യശാസ്ത്രജ്ഞർ ‘ ‘പൗരസ്ത്യ സങ്കേതങ്ങൾ പഠിക്കണം’ ’ എന്ന് പ്രസിദ്ധ ഇംഗ്ലീഷ് ജീവശാസ്ത്രജ്ഞനും യുനെസ്കോ ഡയറക്ടറുമായ ഡോ. ജൂലിയൻ ഹക്സ്ലി അടുത്തകാലത്തു പറഞ്ഞു. ‘ ‘എന്തു സംഭവിക്കുന്നു?’ ’ ‘ ‘അത് എങ്ങനെ സാധിക്കുന്നു?’ ’ അദ്ദേഹം ചോദിച്ചു. 1948 ആഗസ്റ്റ് 21-ലെ അസോഷിയേറ്റഡ് പ്രെസിന്റെ ഒരു ലണ്ടൻ ലേഖനം ഇങ്ങനെ റിപ്പോർട്ട് ചെയ്തു: ‘ ‘പുതിയ വേൾഡ് ഫെഡറേഷൻ ഫൊർ മെന്റൽ ഹെൽത് (മാസികാരോഗ്യത്തിന്റെ ലോക സംഘടന)-നോട്, പൗരസ്ത്യദേശത്തെ

ആധ്യാത്മികവിദ്യ ഒന്നു പരിശോധിച്ചു നോക്കിയാൽ കൊള്ളാമെന്ന് ഡോ. ഹക്സ്ലി പറഞ്ഞു. അദ്ദേഹം മാനസിക വിജ്ഞാനവിദഗ്ധരെ ഉപദേശിച്ചു, ഈ വിജ്ഞാനം ശാസ്ത്രീയമായി അപഗ്രഥിച്ചുനോക്കാൻ കഴിഞ്ഞാൽ, ' 'നിങ്ങളുടെ പ്രവർത്തനമേഖലയിൽ ഒരു വലിയ പുരോഗതി ഉണ്ടാക്കാൻ കഴിയുമെന്ന് ഞാൻ കരുതുന്നു.' ' ' 4 1948-ൽ ഇത് സെൽഫ്-റിയലൈസേഷൻ എന്നു പുനർനാമകരണം ചെയ്യപ്പെട്ടു.5 യോഹന്നാൻ 1:47 (ബൈബിൾ)അധ്യായം 39കത്തോലിക്കാവിശുദ്ധ തെറീസ നൊയ്മാൻ ' 'ഭാരതത്തിലേക്ക് മടങ്ങിവരൂ. ഞാൻ നിനക്കുവേണ്ടി ക്ഷമയോടെ പതിനഞ്ചുകൊല്ലം കാത്തിരുന്നുകഴിഞ്ഞു. താമസിയാതെ ഞാൻ ഈ ദേഹത്തിൽനിന്ന് പ്രകാശമാനമായ അനന്തധാമത്തിലേക്ക് നീന്തി അകലും. യോഗാനന്ദാ, വന്നുചേരൂ!' ' എന്റെ ഉള്ളിലെ കാതിൽ ശ്രീ യുക്തേശ്വരന്റെ ശബ്ദം ഞെട്ടലുണ്ടാക്കുമാറ് മുഴങ്ങി. മൗണ്ട് വാഷിംഗ്ടൺ ആസ്ഥാനത്തിൽ ധ്യാനത്തിലിരിക്കുകയായിരുന്നു ഞാൻ. ഇമവെട്ടുന്ന നേരംകൊണ്ട് പതിനായിരം മൈലുകൾതാണ്ടി അദ്ദേഹത്തിന്റെ സന്ദേശം ഒരു കൊള്ളിമീൻപോലെ എന്റെ സത്തയിൽ കടന്നുവന്നു.പതിനഞ്ചുസംവത്സരങ്ങൾ! അതേ, എനിക്കു ബോധ്യം വന്നു, ഇപ്പോൾ1935 ആണ്; എന്റെ ഗുരുദേവന്റെ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുന്നതിന് പതിനഞ്ചുകൊല്ലം ഞാൻ അമേരിക്കയിൽ ചെലവിട്ടുകഴിഞ്ഞു. ഇപ്പോൾ അദ്ദേഹം എന്നെ തിരിച്ചുവിളിക്കുന്നു.അല്പസമയം കഴിഞ്ഞ്, എനിക്കുണ്ടായ അനുഭവം ഒരു പ്രിയസ്നേഹിതൻ ജയിംസ് ജെ. ലിന്നിനോട് ഞാൻ പറഞ്ഞു. നിത്യേനയുള്ള ക്രിയായോഗാനുഷ്ഠാനംകൊണ്ട് അദ്ദേഹത്തിന്റെ ആത്മീയപുരോഗതി അത്ര എടുത്തുപറയത്തക്കതായിരുന്നതിനാൽ ഞാൻ പലപ്പോഴും അദ്ദേഹത്തെ ' 'പുണ്യാത്മാവ് ലിൻ ' ' എന്നുവിളിച്ചിരുന്നു. ഈ പ്രാചീനയോഗമാർഗത്തിലൂടെ യഥാർഥ ആത്മസാക്ഷാത്കാരം ലഭിച്ച സിദ്ധന്മാരെ പാശ്ചാത്യദേശങ്ങളും സൃഷ്ടിക്കുമെന്ന ബാബാജിയുടെപ്രവചനത്തിന്റെ സാഫല്യം, ഇദ്ദേഹത്തിലും മറ്റനേകം പാശ്ചാത്യരിലും ഞാൻ സന്തോഷത്തോടെ കാണുന്നു.എന്റെ യാത്രയ'ക്കുവേണ്ട പണം സംഭാവനനൽകാൻ ശ്രീ ലിൻ മഹാമനസ്കതയോടെ നിർബന്ധംകാട്ടി. സാമ്പത്തികപ്രശ്നം അങ്ങനെ പരിഹരിക്കപ്പെട്ടപ്പോൾ, യൂറോപ്പു വഴി ഭാരതത്തിലേക്ക് കപ്പൽയാത്ര ചെയ്യാൻ ഞാൻ ഒരുക്കങ്ങൾനടത്തി. 1935 മാർച്ചിൽ കാലിഫോർണിയ സ്റ്റേറ്റിന്റെ നിയമങ്ങളനുസരിച്ച്, സെൽഫ്റിയലൈസേഷൻ ഫെലോഷിപ് മതേതരവും ലാഭേച്ഛാരഹിതവും ശാശ്വതമായി നിലനിൽക്കാനുദ്ദേശിച്ചിട്ടുള്ളതുമായ ഒരു സംഘടനയായി ഞാൻ പ്രമാണംചെയ്തു. എന്റെ പുസ്തകങ്ങളുടെ അവകാശമുൾപ്പെടെ എന്റെ എല്ലാ സ്വത്തുക്കളും ഞാൻ സെൽഫ്റിയലൈസേഷൻ ഫെലോഷിപ്പിന് സംഭാവനചെയ്തു. മതപരവും വിദ്യാഭ്യാസപരവുമായ മിക്ക സ്ഥാപനങ്ങളെയും പോലെ, സെൽഫ്റിയലൈസേഷൻ ഫെലോഷിപ് അതിന്റെ അംഗങ്ങളിൽനിന്നും, പൊതുജനങ്ങളിൽ നിന്നുമുള്ള നിക്ഷേപങ്ങൾകൊണ്ടും സംഭാവനകൾ കൊണ്ടുമാണ് നിലനിൽക്കുന്നത്. ' 'ഞാൻ തിരിച്ചുവരും,' ' എന്റെ വിദ്യാർഥികളോടു ഞാൻ പറഞ്ഞു. ' 'ഞാൻ അമേരിക്കയെ ഒരുകാലത്തും മറക്കുകയില്ല.' ' ലോസ് ആൻജലീസിൽവച്ച് പ്രിയപ്പെട്ട സുഹൃത്തുക്കൾ നൽകിയ യാത്രയയപ്പുസൽക്കാരവേളയിൽ ഞാൻ ആ മുഖങ്ങളിൽ ദീർഘനേരം നോക്കിയിരുന്നിട്ട് കൃതജ്ഞതയോടെ ചിന്തിച്ചു: ' 'പ്രഭോ, അങ്ങയെ ഏകദാതാവായി സ്മരിക്കുന്നവന്, മനുഷ്യരുടെ ഇടയിൽ സൗഹൃദത്തിന്റെ മാധുര്യത്തിന് ഒരിക്കലും കുറവുവരികയില്ല.' ' 1935 ജൂൺ 9-ാം തീയതി യൂറോപ എന്ന കപ്പലിൽ ന്യൂയോർ ക്കിൽനിന്ന് ഞാൻ യാത്രതിരിച്ചു. രണ്ടു വിദ്യാർഥികൾ എന്നെ അനുഗമിച്ചു: എന്റെ സെക്രട്ടറി മി. സി. റിച്ചാർഡ് റൈറ്റും, സിൻസിനാറ്റിയിൽ നിന്ന് മുതിർന്ന ഒരു വനിത മിസ്. എറ്റി ബ്ലെച്ചും. സമുദ്രത്തിന്റെ പ്രശാന്തി നിറഞ്ഞദിനങ്ങൾ ഞങ്ങൾ ആസ്വദിച്ചു. ഇത് കഴിഞ്ഞ ആഴ്ചകളിലെ തിരക്കിൽനിന്നും സ്വാഗതാർഹമായ ഒരു വ്യതിയാനമായിരുന്നു. ഞങ്ങളുടെ വിശ്രമവേള അധികം നീണ്ടുനിന്നില്ല; ആധുനിക നൗകകളുടെ ഗതിവേഗത്തിന് ഖേദകരമായ ചില വശങ്ങളുമുണ്ട്!ജിജ്ഞാസുക്കളായ മറ്റ് ഏതൊരു സഞ്ചാരിസംഘത്തെയും പോലെ, അതിവിപുലവും പുരാതനവുമായ ലണ്ടൻ നഗരത്തിൽ ഞങ്ങൾ ചുറ്റിനടന്നു. ഞാൻ എത്തിയതിന്റെ അടുത്തദിവസം കാക്സ്റ്റൻ ഹാളിൽ ഒരു വിശാലമായ സഭയെ അഭിസംബോധന ചെയ്യാൻ എനിക്കു ക്ഷണം ലഭിച്ചു. സർ ഫ്രാൻസിസ് യങ്ഹസ്ബൻഡ് ആണ് എന്നെ ശ്രോതാക്കൾക്കു പരിചയപ്പെടുത്തിയത്.സർ ഹാരി ലോഡറിന്റെ അതിഥികളായി സ്കോട്ട്ലൻഡിലെ അദ്ദേഹത്തിന്റെ എസ്റ്റേറ്റിൽ ഞങ്ങൾ സന്തോഷകരമായ ഒരു ദിവസം ചെലവഴിച്ചു. ബവേറിയയിലേക്ക് ഒരു തീർഥാടനം നടത്തണമെന്ന് എനിക്ക് ആഗ്രഹമുണ്ടായിരുന്നതിനാൽ, ഏതാനും ദിവസങ്ങൾ കഴിഞ്ഞ് ഞങ്ങളുടെ ചെറുസംഘം ഇംഗ്ലീഷ്ചാനൽ കടന്ന് യൂറോപ്യൻ ഭൂഖണ്ഡത്തിൽ പ്രവേശിച്ചു. കോണേർസ്രോയിത്തിലെ തെറീസ നൊയ്മാൻ എന്ന കത്തോലിക്കവിശുദ്ധയെ സന്ദർശിക്കാനുള്ള ഒരേ ഒരവസരം ഇതായിരിക്കുമെന്ന് എനിക്കു തോന്നി.കൊല്ലങ്ങൾക്കു മുമ്പ് തെറീസ നോയ്മാനെപ്പറ്റി വിസ്മയകരമായ ഒരു വിവരണം ഞാൻ വായിച്ചിരുന്നു. ആ ലേഖനത്തിലെ വസ്തുതകൾ താഴെ കുറിക്കുന്നു:1) 1898-ൽ ദുഃഖവെള്ളിയാഴ്ച ജനിച്ച തെറീസയ'ക്ക് ഇരുപതുവയസ്സിൽ ഒരു അപകടത്തിൽ പരിക്കേറ്റു; അവർ അന്ധയാവുകയും അവരുടെ ശരീരം തളരുകയും ചെയ്തു.2) ' 'ചെറുപുഷ്പം' ' എന്ന അപരനാമത്തോടുകൂടിയ ലിസിയൂവിലെ തെറെയ്സ വിശുദ്ധയോടുള്ള പ്രാർഥനകളിലൂടെ 1923-ൽ അവൾ അത്ഭുതകരമായി കാഴ്ചശക്തി വീണ്ടെടുത്തു. പിന്നീട് തെറീസ നോയ്മാന്റെ കൈകാലുകൾ നിമിഷനേരംകൊണ്ട് സുഖം

പ്രാപിച്ചു.3) 1923 മുതൽ, ഒരു ദിവസം നിവേദിച്ച ഒരു ചെറിയ അപ്പം വിഴുങ്ങുന്നത് ഒഴിച്ചാൽ, തെറീസ ആഹാരപാനീയങ്ങൾ പൂർണമായും വെടിഞ്ഞിരുന്നു.4) 1926-ൽ തെറീസയുടെ തലയിലും മാറിലും കൈകാലുകളിലും ക്രിസ്തുദേവന്റെ തിരിമുറുവുകൾ പ്രത്യക്ഷപ്പെട്ടു. എല്ലാ വെള്ളിയാഴ്ച1യും തന്റെ ശരീരത്തിൽ ക്രിസ്തുവിന്റെ ചരിത്രപ്രസിദ്ധമായ യാതനകൾ അനുഭവിച്ചുകൊണ്ട് അവർ ക്രിസ്തുവിന്റെ പീഡാനുഭവങ്ങളിൽകൂടി കടന്നുപോകുന്നു.5) സാധാരണഗതിയിൽ അവരുടെ ഗ്രാമത്തിലെ ലളിതമായ ജേർമൻഭാഷമാത്രം അറിയുന്ന തെറീസ, വെള്ളിയാഴ്ചകളിലെ സമാധികളിൽ, പ്രാചീന അറമായിക് എന്നു പണ്ഡിതന്മാർ തിരിച്ചറിഞ്ഞിട്ടുള്ള പദശകലങ്ങൾ ഉച്ചരിക്കുന്നു. അവരുടെ ദർശനവേളകളിൽ അവസരോചിതമായി അവർ ഹീബ്രുവോ ഗ്രീക്കോ സംസാരിക്കുന്നു.6) പള്ളിമേധാവികളുടെ അനുവാദത്തോടെ തെറീസയെ ഒട്ടേറെ അവസരങ്ങളിൽ ശാസ്ത്രീയനിരിക്ഷണത്തിന് വിധേയയാക്കിയിട്ടുണ്ട്. ഒരു പ്രൊട്ടെസ്റ്റന്റ് ജേർമൻപത്രത്തിന്റെ പത്രാധിപർ ഡോ. ഫ്രീറ്റ്സ് ഗെർലിക് ഈ ‘ ‘കത്തോലിക്കാകാപട്യത്തിന്റെ കള്ളി വെളിച്ചത്താക്കാൻ’ ’ കോണേർസ്രോയിത്തിലേക്ക് പോയി; പക്ഷേ അവരുടെ ജീവചരിത്രം ഭക്ത്യാദരപൂർവം എഴുതുന്നതിൽ അതു കലാശിച്ചു.പതിവുപോലെ,
പൗരസ്ത്യ-പാശ്ചാത്യദേശങ്ങളിൽ എവിടെയായാലും, ഒരു ദിവ്യദേഹത്തെ കണ്ടുമുട്ടുന്നതിൽ ഞാൻ ഉത്സുകനായിരുന്നു. ജൂലൈ 16-ാം തീയതി ഞങ്ങളുടെ ചെറിയസംഘം കൗതുകകരമായ കോണേർസ്രോയിത് ഗ്രാമത്തിൽ പ്രവേശിച്ചപ്പോൾ ഞാൻ സന്തോഷിച്ചു. അമേരിക്കയിൽനിന്ന് ഞങ്ങളോടൊപ്പം കൊണ്ടുവന്ന ഫോഡ്കാറിലും, ഒരു അമേരിക്കക്കാരൻ ചെറുപ്പക്കാരൻ, ഒരു പ്രായംചെന്ന സ്ത്രീ, നീണ്ട തലമുടി കോട്ട്കോളറിനുള്ളിൽ ഒതുക്കിയ ഒലിവുനിറമുള്ള ഒരു പൗരസ്ത്യൻ എന്നിങ്ങനെ വൈവിധ്യമാർന്ന അതിലെ യാത്രക്കാരിലും ബവേറിയയിലെ കൃഷീവലർ സജീവതാല്പര്യം കാട്ടി.ജറേനിയംപൂക്കൾ വിടർന്നു വികസിച്ചു നിന്നിരുന്ന ഒരു പഴയ കിണറ്റിൻകരയിലെ വൃത്തിയും വെടിപ്പുമുള്ള തെറീസയുടെ കുടിൽ കഷ്ടമെന്നു പറയട്ടെ, നിശ്ശബ്ദതയിൽ അടഞ്ഞു കിടക്കുകയായിരുന്നു. അയൽവാസികൾക്കോ, ഞങ്ങളെ കടന്നുപോയ സ'ഥലം പോസ്റ്റ്മാനുപോലുമോ അവരെപ്പറ്റി ഒരു വിവരവും നൽകാൻ കഴിഞ്ഞില്ല. മഴ പെയ്യാൻ തുടങ്ങി; എന്റെ സഹചാരികൾ തിരിച്ചു പോകാമെന്നു നിർദേശിച്ചു. ‘ ‘പാടില്ല.’ ’ ഞാൻ തറപ്പിച്ചു പറഞ്ഞു, ‘ ‘തെറീസയെപ്പറ്റി ഏന്തെങ്കിലും വിവരം ലഭിക്കുന്നതുവരെ ഞാൻ ഇവിടെത്തന്നെ നിൽക്കും.’ ’ രണ്ടു മണിക്കൂർ കഴിഞ്ഞപ്പോഴും ഞങ്ങൾ ആ അസുഖകരമായ മഴയിൽ ഞങ്ങളുടെ കാറിൽതന്നെ ഇരിക്കുകയായിരുന്നു. ‘ ‘ഈശ്വരാ, അവർ സ'ഥലം വിട്ടെങ്കിൽ, അങ്ങ് എന്നെ എന്തിനാണ് ഇവിടേക്കു നയിച്ചത്?’ ’ ഞാൻ പരിഭവത്തോടെ നെടുവീർപ്പിട്ടു പറഞ്ഞു.ഇംഗ്ലീഷ് സംസാരിക്കുന്ന ഒരാൾ, തന്റെ സഹായം ഭവ്യതയോടെ വാഗ്ദാനം ചെയ്തുകൊണ്ട് ഞങ്ങളുടെ അടുത്തുവന്നുനിന്നു. ‘ ‘തെറീസ എവിടെയാണെന്ന് എനിക്ക് തീർച്ചപറയാൻ കഴിയില്ല,’ ’ അദ്ദേഹം പറഞ്ഞു. ‘ ‘പക്ഷേ ഇവിടെനിന്ന് എണ്പതുമൈൽ അകലെ, ഐക്സ്റ്റാറ്റ് സർവകലാശാലയിലെ വിദേശഭാഷകളുടെ അധ്യാപകൻ പ്രഫ. ഫ്രാന്റ്സ് വുറ്റ്സ്റ്റിന്റെ വീട്ടിൽ അവർ ഇടയ'ക്കിടെ സന്ദർശനം നടത്താറുണ്ട്.’ ’ അടുത്തപ്രഭാതത്തിൽ ഞങ്ങളുടെ സംഘം പ്രശാന്തമായ ഐക്സ്റ്റാറ്റ് നഗരത്തിൽപ്രവേശിച്ചു. ഡോ. വുറ്റ്സ്റ്റ് അദ്ദേഹത്തിന്റെ വീട്ടിൽ ഞങ്ങളെ സൗഹൃദത്തോടെ സ്വീകരിച്ചു. ‘ ‘അതേ, തെറീസ ഇവിടെയുണ്ട്.’ ’ സന്ദർശകരുടെ വിവരം അവരെ അറിയിപ്പിച്ചു. അവരുടെ മറുപടിയുമായി ഒരു ദൂതൻ ഉടൻ എത്തി. ‘ ‘അനുവാദംകൂടാതെ ആരെയും കാണരുതെന്ന് ബിഷപ്പ് എനിക്കു നിർദേശം നൽകിയിട്ടുണ്ടെങ്കിലും, ഭാരതത്തിൽനിന്നുള്ള പുണ്യാത്മാവിനെ ഞാൻ സ്വീകരിക്കാം.’ ’ ഈ വാക്കുകൾ എന്നെ അഗാധമായി സ്പർശിച്ചു. ഡോ. വുറ്റ്സ്റ്റിന്റെ പിന്നാലെ ഞാൻ മുകളിലത്തെ നിലയിലെ ഇരുപ്പുമുറിയിലേക്ക് പോയി. തെറീസ ഉടനെ മുറിയിൽ എത്തി. ശാന്തിയുടെയും സന്തോഷത്തിന്റെയും ഒരു ദിവ്യശോഭ അവർ പ്രസരിപ്പിച്ചു. അവർ ഒരു കറുത്തകുപ്പായവും തൂവെള്ള ശിരോവസ്ത്രവും ധരിച്ചിരുന്നു. അപ്പോൾ അവരുടെ പ്രായം മുപ്പത്തിയേഴ് ആയിരുന്നെങ്കിലും അവർ അതിലും ചെറുപ്പമായാണു കാണപ്പെട്ടത്. അവർക്ക് ശിശുസമാനമായ സ്നിഗ്ധതയും വശ്യതയും ഉണ്ടായിരുന്നു. ആരോഗ്യം തുളുമ്പുന്ന വടിവൊത്ത ഉടലും റോസാദലംപോലെ കവിളുകളുള്ള പ്രസാദവതിയായ ഈ വിശുദ്ധ ആഹാരം കഴിക്കാറില്ല!ഏറെ മൃദുവായ ഒരു ഹസ്തദാനത്താൽ തെറീസ എന്നെ ഉപചരിച്ചു. പരസ്പരം ഈശ്വരപ്രേമികളെന്നറിഞ്ഞ് നിശ്ശബ്ദമായ ആത്മസംവാദത്തിൽ ഞങ്ങൾ പുഞ്ചിരിച്ചു.ഡോ. വുറ്റ്സ്റ്റ് ദയാപൂർവം ഒരു ദ്വിഭാഷിയുടെ സേവനമനുഷ്ഠിക്കാൻ സന്നദ്ധനായി. ഞങ്ങൾ ഇരുന്നപ്പോൾ, തെറീസ നിഷ്കളങ്കമായ കൗതുകത്തോടെ എന്നെ നോക്കുന്നത് ഞാൻ ശ്രദ്ധിച്ചു; ബവേറിയയിൽ ഹിന്ദുക്കൾ അപൂർവമായിരുന്നുവെന്നു വ്യക്തം. ‘ ‘നിങ്ങൾ ആഹാരം ഒന്നും കഴിക്കാറില്ലേ?’ ’ ഉത്തരം അവരുടെ വാക്കുകളിൽതന്നെ എനിക്കു കേൾക്കണമായിരുന്നു. ‘ ‘ഇല്ല, എന്നും രാവിലെ ആറുമണിക്ക് കുർബാനയുടെ ഒരു അപ്പമല്ലാതെ മറ്റൊന്നുമില്ല.’ ’ ‘ ‘അപ്പത്തിന് എന്തുവലിപ്പമുണ്ട്?’ ’ ‘ ‘കടലാസുപോലെ കനംകുറഞ്ഞ്, ഒരു ചെറിയ നാണയത്തിന്റെ വലിപ്പം.’ ’ അവർ തുടർന്നു. ‘ ‘ഞാൻ അത് ഒരു വ്രതമെന്ന നിലയിൽ കഴിക്കുന്നു; നിവേദിച്ചതല്ലായെങ്കിൽ എനിക്ക് അത് വിഴുങ്ങാൻ കഴിയുകയില്ല. ’ ’ ‘ ‘പന്ത്രണ്ടു കൊല്ലക്കാലം മുഴുവൻ അതു മാത്രം കഴിച്ച് നിങ്ങൾക്ക് ജീവിക്കാൻ തീർച്ചയായും കഴിയുമായിരുന്നില്ല, ഉവ്വോ?’ ’ ‘ ‘ഞാൻ ഈശ്വരന്റെ പ്രകാശത്താൽ ജീവിക്കുന്നു.’ ’ അവരുടെ

ഉത്തരം എത്ര ലളിതം, എത്ര ഐൻസ്റ്റീനിയൻ! ‘ ‘സൂക്ഷ്മാകാശം, സൂര്യൻ, വായു എന്നിവയിൽനിന്ന് നിങ്ങളുടെ ശരീരത്തിലേക്ക് ഊർജം പ്രവഹിക്കുന്നുവെന്ന് നിങ്ങൾക്കറിയാമെന്ന് ഞാൻ മനസ്സിലാക്കുന്നു.’ ’ പെട്ടെന്ന് അവരുടെ മുഖത്ത് ഒരു പുഞ്ചിരി വിടർന്നു. 'ഞാൻ എങ്ങനെ ജീവിക്കുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കുന്നതിൽ എനിക്ക് അതീവ സന്തോഷമുണ്ട്.’ ’ ‘ ‘ നിങ്ങളുടെ വിശുദ്ധമായജീവിതം, ക്രിസ്തുദേവൻ പറഞ്ഞ സത്യത്തിന്റെ ഒരു നിത്യദൃഷ്ടാന്തമാണ്: 'മനുഷ്യൻ അപ്പം കൊണ്ടുമാത്രമല്ല ജീവിക്കുന്നത്, ദൈവത്തിന്റെ തിരുവായിൽനിന്നു പുറപ്പെടുന്ന എല്ലാ വചനങ്ങളാലും അത്രേ.’ ’ ’ 2എന്റെ വിശദീകരണത്തിൽ അവർ വീണ്ടും സന്തോഷം പ്രകടിപ്പിച്ചു. ‘ ‘തീർച്ചയായും അത് അങ്ങനെതന്നെ. മനുഷ്യന് ഈശ്വരന്റെ അദൃശ്യമായ പ്രകാശത്താൽ ജീവിക്കാൻകഴിയുമെന്നും അല്ലാതെ ആഹാരം മാത്രം കൊണ്ടല്ല അതു സാധ്യമാകുകയെന്നും തെളിയിക്കാം. ഇന്നു ഞാൻ ഭൂമിയിലുള്ളതിന്റെ ഒരു ഉദ്ദേശ്യം അതാണ്.’ ’ ‘ ‘ആഹാരമില്ലാതെ ജീവിക്കുന്നത് എങ്ങനെയെന്ന് മറ്റുള്ളവരെ പഠിപ്പിക്കാൻ നിങ്ങൾക്കു കഴിയുമോ?’ ’ അവർ ഒരല്പം അമ്പരന്നതുപോലെകാണപ്പെട്ടു. ‘ ‘എനിക്ക് അതിനു കഴിയുകയില്ല; ഈശ്വരൻ അതാഗ്രഹിക്കുന്നില്ല.’ ’ അവരുടെ ശക്തിയാർന്ന, കമനീയമായ കൈകളിൽ എന്റെ നോട്ടം പതിഞ്ഞപ്പോൾ രണ്ടു കൈത്തലത്തിന്റെയും പിന്നിൽ അടുത്തകാലത്തുണങ്ങിയ, ചതുരാകൃതിയിലുള്ള ഓരോ മുറിപാട് തെറീസ എനിക്ക് കാട്ടിത്തന്നു. കൈവെള്ളയിൽ ഉണങ്ങിക്കഴിഞ്ഞ കുറച്ചുകൂടി ചെറുതായ, ചന്ദ്രക്കലമാതിരി ഓരോമുറിവ് അവർ ചൂണ്ടികാട്ടി. ഓരോ മുറിവും കൈ തുളച്ചുപോയിരുന്നു. പൗരസ്ത്യദേശങ്ങളിൽ ഇപ്പോഴും ഉപയോഗത്തിലുള്ളതും എന്നാൽ പടിഞ്ഞാറൻ രാജ്യങ്ങളിൽ കണ്ടതായി എനിക്കോർമയില്ലാത്തതുമായ, ചന്ദ്രക്കലപോലെ അറ്റമുള്ള വലിയ ചതുര ഇരുമ്പാണികളുടെ വ്യക്തമായ ഓർമ ഈ കാഴ്ച എന്നിലുണർത്തി.തന്റെ പ്രതിവാരസമാധികളെപ്പറ്റി ചിലതൊക്കെ ആ വിശുദ്ധ എന്നോടു പറഞ്ഞു. ‘ ‘ക്രിസ്തുദേവന്റെ കുരിശിലെ യാതനകൾ നിസ്സഹായയായ ഒരു കാഴ്ചക്കാരിയെപ്പോലെ ഞാൻ നോക്കിക്കാണുന്നു.’ ’ ഓരോ ആഴ്ചയിലും വ്യാഴാഴ്ച അർധരാത്രി മുതൽ വെള്ളിയാഴ്ച ഉച്ചയ'ക്ക് ഒരു മണി വരെ അവരുടെ മുറിവുകൾ പൊട്ടി രക്തം വാർന്നു പോകുന്നു; തന്റെ പതിവുതൂക്കമായ 121 റാത്തലിൽ പത്തു റാത്തൽ അവർക്കു കുറയുന്നു. തന്റെ അനുഭവാത്മകമായ സ്നേഹത്തിൽ കഠിനവേദന അനുഭവിക്കുന്നുവെങ്കിലും തന്റെ പ്രഭുവിന്റെ ഈ പ്രതിവാരദർശനങ്ങൾക്ക് തെറീസ സന്തോഷത്തോടെ കാത്തിരിക്കുന്നു.പുതിയനിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെയുള്ള യേശുദേവന്റെ ജീവിതത്തിന്റെയും ക്രൂശിക്കലിന്റെയും ചരിത്രപരമായ സത്യാവസ'ഥ എല്ലാ ക്രിസ്ത്യാനികൾക്കും വീണ്ടും ബോധ്യം വരുത്താനും, ഗലീലിയിലെ ആ ആചാര്യനും അദ്ദേഹത്തിന്റെ ഭക്തർക്കും തമ്മിലുള്ള നിത്യചൈതന്യമാർന്ന ബന്ധത്തെ നാടകീയമായി പ്രദർശിപ്പിക്കാനുമാണ് തെറീസയുടെ അസാധാരണമായ ജീവിതം കൊണ്ട് ഈശ്വരൻ ഉദ്ദേശിച്ചതെന്ന് ഞാൻ ഉടൻ മനസ്സിലാക്കി.ആ വിശുദ്ധയോടൊപ്പം ചെലവഴിച്ചസമയത്ത് തനിക്കുണ്ടായ ചില അനുഭവങ്ങൾ പ്രഫ. വുറ്റ്സ്റ്റ് വിവരിച്ചു. ‘ ‘തെറീസ ഉൾപ്പെടെ ഞങ്ങളുടെ ഒരു സംഘം ജേർമനിയിൽ വിനോദയാത്രയ'ക്ക് ഇടയ'ക്കിടെ പോകാറുണ്ട്. ഞങ്ങൾ മൂന്നുനേരം ആഹാരം കഴിക്കും; തെറീസ ഒന്നും കഴിക്കാറില്ല-ഇത് എടുത്തുപറയത്തക്ക ഒരു അന്തരമാണ്. ക്ഷീണസ്പർശമറിയാത്ത അവർ, അപ്പോൾ വിടർന്ന ഒരു പനിനീർപൂവുപോലെ ഉന്മേഷവതിയായിരിക്കും. ബാക്കിയുള്ള ഞങ്ങൾ വിശന്ന് വഴിയരികിലെ സത്രങ്ങൾ തേടുമ്പോൾ തെറീസ ആർത്തുചിരിക്കുന്നു.’ ’ രസകരമായ ചില ശാരീരികവിവരങ്ങളും ആ പ്രഫസർ തുടർന്നു പറഞ്ഞു: ‘ ‘ആഹാരം കഴിക്കാത്തതിനാൽ, തെറീസയുടെ ആമാശയം ചുരുങ്ങിയിരിക്കുന്നു. അവർക്ക് വിസർജ്യങ്ങളില്ല. പക്ഷേ സ്വേദഗ്രന്ഥികൾ പ്രവർത്തിക്കുന്നു; അവരുടെ ത്വക്ക് എപ്പോഴും മൃദുവും ദൃഢവുമാണ്.’ ’ പിരിയുമ്പോൾ, അവരുടെ സമാധിസമയത്ത് സന്നിഹിതനായിരിക്കാനുള്ള എന്റെ ആഗ്രഹം ഞാൻ തെറീസയെ അറിയിച്ചു. ‘ ‘ശരി, അടുത്ത വെള്ളിയാഴ്ച കൊണേർസ്രോയിത്തിൽ വരൂ,’ ’ അവർ ഭവ്യതയോടെപറഞ്ഞു. ‘ ‘ബിഷപ്പ് നിങ്ങൾക്ക് അനുവാദം തരും. എന്നെ ഐക്സ്റ്റാറ്റിൽ വന്നു കണ്ടതിൽ സന്തോഷമുണ്ട്.’ ’ കൈകൾപിടിച്ച് സൗമ്യമായി തെറീസ പലപ്രാവശ്യം കുലുക്കി. എന്നിട്ട് ഞങ്ങളോടൊപ്പം ഗേറ്റുവരെ വന്നു. മി. റൈറ്റ് കാറിലെ റേഡിയോ ഓണ് ചെയ്തു. ഉത്സാഹത്താൽ അടക്കിചിരിച്ചുകൊണ്ട് ആ വിശുദ്ധ അതു പരിശോധിച്ചു. ധാരാളം ചെറുപ്പക്കാർ കൂടിയതിനാൽ തെറീസ വീട്ടിനുള്ളിലേക്കു പിൻവാങ്ങി. ജനാലയ'ക്കരുകിൽ നിന്ന് ഞങ്ങളെ നോക്കിക്കൊണ്ട് അവർ ഒരു കുട്ടിയെപ്പോലെ കൈവീശുന്നത് ഞങ്ങൾ കണ്ടു.ആ പുണ്യവതി രാത്രിയിൽ ഒന്നോ രണ്ടോ മണിക്കൂർ മാത്രമാണ് ഉറങ്ങുന്നതെന്ന് തെറീസയുടെ കാരുണ്യവും സൗഹൃദവും കാട്ടിയ രണ്ടു സഹോദരന്മാരുമായി അടുത്ത ദിവസത്തെ ഒരു സംഭാഷണത്തിൽ ഞങ്ങൾ മനസ്സിലാക്കി. ശരീരത്തിൽ അനവധി മുറിവുകളുണ്ടായിട്ടും അവർ പ്രവർത്തനനിരതയും ഊർജസ്വലയുമാണ്. അവർ പക്ഷികളെ ഇഷ്ടപ്പെടുന്നു. മത്സ്യങ്ങളെ വളർത്തുന്ന ഒരു ജലാശയം സംരക്ഷിക്കുന്നു. മിക്കപ്പോഴും തന്റെ തോട്ടത്തിൽ ജോലി ചെയ്യുകയും ചെയ്യുന്നു. അവരുടെ എഴുത്തുകുത്തുകൾ വിപുലമാണ്; കത്തോലിക്കരായ ഭക്തജനങ്ങൾ പ്രാർഥനയ'ക്കായും രോഗശാന്തി അനുഗ്രഹത്തിനായും അവർക്കെഴുതുന്നു. അവരിലൂടെ പല അനുഗ്രഹാർഥികളും കടുത്ത രോഗങ്ങളിൽനിന്നും വിമോചിതരായിട്ടുണ്ട്.മറ്റുള്ളവരുടെ അസുഖങ്ങൾ തന്റെ സ്വന്തം ശരീരത്തിൽ പ്രവർത്തിപ്പിച്ച്

ഇല്ലാതെയാക്കാൻ തെറീസയ'ക്ക് പ്രാർഥനയിലൂടെ ശക്തിയുണ്ടെന്ന്, അവരുടെ ഏതാണ്ട് ഇരുപത്തിമൂന്നു വയസ്സുള്ള സഹോദരൻ ഫെർഡിനാൻഡ് വിശദീകരിച്ചു. വൈദികവൃത്തിയിൽ പ്രവേശിക്കാൻ തയ്യാറെടുക്കുകയായിരുന്ന, തന്റെ നാട്ടിലെ ഒരു ചെറുപ്പക്കാരന്റെ തൊണ്ടദീനം തന്റെ തൊണ്ടയിലേക്ക് മാറ്റേണമേയെന്ന് അവർ പ്രാർഥിച്ച അന്നുമുതലാണ് ആ വിശുദ്ധ ആഹാരം വെടിഞ്ഞത്.വ്യാഴാഴ്ച വൈകുന്നേരം ഞങ്ങളുടെ സംഘം ബിഷപ്പിന്റെ വീട്ടിൽപോയി. എന്റെ നീണ്ട തലമുടിയിൽ അല്പം വിസ്മയത്തോടെ നോക്കിയ അദ്ദേഹം തടസ്സമൊന്നും കൂടാതെ ആവശ്യമായ അനുമതി എഴുതിത്തന്നു. ഫീസൊന്നുമില്ലായിരുന്നു; മുൻവർഷങ്ങളിൽ വെള്ളിയാഴ്ചകളിൽ തടിച്ചുകൂടിയിരുന്ന യദൃച്ഛയാവരുന്ന സഞ്ചാരികളുടെ തള്ളിക്കയറ്റത്തിൽനിന്ന് തെറീസയെ രക്ഷിക്കാൻ മാത്രമാണ് പള്ളി ഈ നിയമമുണ്ടാക്കിയത്.വെള്ളിയാഴ്ച രാവിലെ ഒമ്പതര മണിയോടടുത്ത് ഞങ്ങൾ ആ ഗ്രാമത്തിലെത്തി. അവർക്ക് ധാരാളം സൂര്യപ്രകാശം ലഭിക്കുന്നതിനായി തെറീസയുടെ ചെറിയവീട്ടിൽ മേൽക്കൂരയിൽ ഒരുഭാഗം കണ്ണാടിയിട്ടതായിരുന്നുവെന്ന് ഞാൻ ശ്രദ്ധിച്ചു. ഇപ്രാവശ്യം വാതിൽ അടച്ചിരിക്കുകയല്ലാ, അതിഥിസത്ക്കാരത്തിന്റെ ആഹ്ലാദത്തിൽ, തുറന്നിട്ടിരിക്കുകയാണെന്നു കണ്ടതിൽ ഞങ്ങൾ സന്തോഷിച്ചു. അനുമതിപത്രം കൈവശം വച്ച ഏതാണ്ട് ഇരുപതു സന്ദർശകരുടെ ഒരു വരിയിൽ ഞങ്ങളുംചേർന്നു. പലരും ഈ അത്ഭുതസമാധികാണാൻ വളരെ ദൂരെനിന്നും വന്നവരായിരുന്നു.താല്ക്കാലികമായ ഒരു ജിജ്ഞാസയെ തൃപ്തിപ്പെടുത്താനല്ല, മറിച്ച് ആത്മീയകാരണങ്ങൾ കൊണ്ടാണ് ഞാൻ അവരെ കാണാൻ ആഗ്രഹിച്ചതെന്ന് തന്റെ ഉൾക്കാഴ്ചകൊണ്ട് മനസ്സിലാക്കിയതുവഴി, പ്രഫസറുടെ വീട്ടിൽവച്ച് തെറീസ എന്റെ ഒന്നാമത്തെ പരീക്ഷയിൽ വിജയിച്ചിരുന്നു.രണ്ടാംനിലയിലെ അവരുടെ മുറിയിലേക്കുള്ള പടികൾ കയറുന്നതിനു തൊട്ടുമുമ്പായി ഞാൻ സ്വയം സമാധ്യാവസ'ഥയിൽ പ്രവേശിച്ചു. മനോമയവും മനോദർശനപരവുമായി അവരുമായി ഒരു ഏകാത്മകത ലഭിക്കാൻ വേണ്ടിയായിരുന്നു ഇത്. രണ്ടാമത്തെ പരീക്ഷ ഈ വസ്തുതയുമായി ബന്ധപ്പെട്ടതായിരുന്നു. സന്ദർശകർനിറഞ്ഞ അവരുടെമുറിയിൽ ഞാൻ പ്രവേശിച്ചു; വെള്ളവസ്ത്രം ധരിച്ച അവർ കിടക്കയിൽ കിടക്കുകയായിരുന്നു. അവിശ്വസനീയവും അതീവ ഭീഷണവുമായ ഒരു ദൃശ്യംകണ്ട് ഭക്ത്യാദരങ്ങളോടെ ഞാൻ വാതിലിനു തൊട്ടടുത്തുനിന്നു, എന്റെ തൊട്ടു പിന്നിൽ മി. റൈറ്റും.തെറീസയുടെ താഴത്തെ കൺപോളയിൽ നിന്ന് ഒരിഞ്ചുവീതിയിൽ രക്തം ലോലമായി തുടരെ ഒഴുകി. അവരുടെ ദൃഷ്ടികൾ നെറ്റിയുടെ മധ്യത്തിലെ ആത്മീയനയനത്തിൽ കേന്ദ്രീകരിച്ചിരുന്നു. അവരുടെ ശിരോവസ്ത്രം മുൾകിരീടത്തിന്റെ തിരുമുറിവുകളിൽ നിന്നുള്ള രക്തത്തിൽ കുതിർന്നിരുന്നു. അവരുടെ വെള്ളവസ്ത്രം ഹൃദയത്തിനുമേൽ രക്തവർണമായി. ഇവിടെയാണ് നൂറ്റാണ്ടുകൾക്കുമുമ്പ് ഒരു പട്ടാളക്കാരന്റെ കുന്തം കൊണ്ടുള്ള കുത്തേറ്റ് ശ്രീയേശുവിന്റെശരീരം ആത്യന്തികമായ അപമാനം സഹിച്ചത്.തെറീസയുടെ കരങ്ങൾ ഒരു മാതാവിന്റെ അപേക്ഷാപൂർവമായ ആംഗ്യത്തിൽ നീട്ടിയിരുന്നു; അവരുടെ മുഖം പീഡിതവും എന്നാൽ ദൈവികവുമായ ഒരുഭാവം ധരിച്ചിരുന്നു. അവർ കൂടുതൽ മെലിഞ്ഞിരിക്കുന്നതായി കാണപ്പെട്ടു. ആന്തരികവും ബാഹ്യവുമായ പലരീതിയിലും അവർ മാറിയിരുന്നു. തന്റെ അതീന്ദ്രിയബോധദൃഷ്ടിയിൽ കാണാമായിരുന്ന ആളുകളോട് അവർ ഒരു വിദേശഭാഷയിൽ പിറുപിറുത്തുകൊണ്ട് വിറയാർന്ന ചുണ്ടുകളോടെ സംസാരിച്ചു.ഞാൻ അവരുമായി താദാത്മ്യത്തിലായിരുന്നതുകൊണ്ട് അവരുടെ ദർശനങ്ങളിലെ രംഗങ്ങൾ ഞാൻ കാണാൻ തുടങ്ങി. കൂകിവിളിക്കുന്ന ജനക്കൂട്ടത്തിന്റെ മധ്യത്തിൽകൂടി കുരിശു ചുമക്കുകയായിരുന്ന ശ്രീയേശുവിനെ അവർ വീക്ഷിക്കുകയായിരുന്നു.3 പെട്ടെന്ന് അവർ അന്ധാളിപ്പോടെ തലയുയർത്തി: ക്രൂരമായഭാരം താങ്ങാനാവാതെ യേശുദേവൻ താഴെവീണിരിക്കുന്നു. ആ ദൃശ്യം അപ്രത്യക്ഷമായി. ഉൽക്കടമായ സഹാനുഭൂതിയുടെ ക്ഷീണത്താൽ തെറീസ തലയിണയിലേക്ക് അമർന്നു.ഈ നിമിഷത്തിൽ എന്റെ പിന്നിൽ വലിയ ഒരു 'ഫടോ' ശബ്ദം ഞാൻ കേട്ടു. ഒരു ക്ഷണനേരത്തേക്കു തലതിരിച്ച ഞാൻ കണ്ടത് നിലംപരിശായ ഒരുശരീരം രണ്ടുപേർ ചുമന്ന് വെളിയിൽ കൊണ്ടുപോകുന്നതാണ്. പക്ഷേ അഗാധമായ അതീന്ദ്രിയബോധത്തിൽ നിന്ന് ഉണർന്നു വരികയായിരുന്നതിനാൽ താഴെവീണ ആളിനെ ഞാൻ ഉടൻ തരിച്ചറിഞ്ഞില്ല. തെറീസയുടെ മുഖത്ത് ഞാൻ വീണ്ടും നോട്ടം ഉറപ്പിച്ചു. രക്തത്തിന്റെ ചെറിയ അരുവികൾ അതിനെ വല്ലാതെ വാട്ടിവിളറിച്ചിരുന്നു. പക്ഷേ ഇപ്പോൾ ആ മുഖം ശാന്തിയും വിശുദ്ധിയും പവിത്രതയും പ്രസരിപ്പിച്ചു. പിന്നീട് ഞാൻ തിരിഞ്ഞു നോക്കിയപ്പോൾ രക്തം ഒലിക്കുന്ന തന്റെ കവിളിൽ കൈചേർത്തുവച്ചുനിൽക്കുന്ന മി. റൈറ്റിനെയാണു കണ്ടത്. ‘ ‘ ഡിക്, നീയാണോ വീണത്? ’ ’ ഞാൻ ഉൽകണ്ഠയോടെ ചോദിച്ചു. ‘ ‘അതേ, ഭയങ്കരമായ ആ കാഴ്ചകണ്ട് ഞാൻ ബോധംകെട്ടു വീണു. ’ ’ ‘ ‘ശരി, തിരിച്ചുവരാനും ആ കാഴ്ചകാണാനും നീ ധൈര്യം കാണിച്ചുവല്ലോ, ’ ’ ആശ്വസിപ്പിച്ചുകൊണ്ട് ഞാൻ പറഞ്ഞു.ക്ഷമയോടെ കാത്തുനിൽക്കുന്ന തീർഥാടകരുടെ നിര ഓർത്ത് മി.റൈറ്റും ഞാനും തെറീസയോട് നിശ്ശബ്ദമായി യാത്രപറഞ്ഞ് അവരുടെ വിശുദ്ധമായ സാന്നിധ്യം വിട്ടിറങ്ങി.4പിറ്റേദിവസം ഞങ്ങളുടെ ചെറിയ സംഘം തെക്കോട്ട് കാറിൽ യാത്ര തുടർന്നു. തീവണ്ടിയെ ആശ്രയിക്കാതെ, നാട്ടിൻപുറത്ത് എവിടെവേണമെങ്കിലും ഫോഡ് നിർത്താമല്ലോയെന്ന് ഞങ്ങൾ സന്തോഷിച്ചു. ജേർമനി, ഹോളണ്ട്, ഫ്രാൻസ്, സ്വിസ് ആൽപ്സ് എന്നിവിടങ്ങളിലൂടെ വിനോദയാത്രയുടെ ഓരോ നിമിഷവും ഞങ്ങൾ

ആസ്വദിച്ചു. എളിമയുടെ അപ്പോസ്തലനായ ഫ്രാൻസിസ് പുണ്യവാളന് ആദരാഞ്ജലി അർപ്പിക്കാനായി ഇറ്റലിയിൽവച്ച് ഞങ്ങൾ അസീസിയിലേക്ക് ഒരു വിശേഷാൽയാത്ര ചെയ്തു. ഞങ്ങളുടെ യൂറോപ്പ് പര്യടനം ഗ്രീസിൽ അവസാനിച്ചു. അവിടെ ഞങ്ങൾ അതീനിയൻ ക്ഷേത്രങ്ങൾ വീക്ഷിക്കുകയും മാരകവിഷംകുടിച്ച സൗമ്യനായ സോക്രട്ടീസി5ന്റെ കാരാഗൃഹം കാണുകയുംചെയ്തു. തങ്ങളുടെ ഭാവനയ'ക്ക് വെണ്ണക്കല്ലിലൂടെ എല്ലായിടത്തും രൂപംനൽകിയ പ്രാചീന യവനരുടെ കലാബോധം ആരിലും മതിപ്പുവളർത്തുന്നു.സൂര്യപ്രകാശം നിറഞ്ഞ മെഡിറ്ററേനിയൻ സമുദ്രത്തിലൂടെ യാത്രചെയ്ത് ഞങ്ങൾ പാലസ്തീനിൽ എത്തി. ആ വിശുദ്ധഭൂമിയിൽ ദിവസങ്ങളോളം ചുറ്റിനടന്ന എനിക്ക്, തീർഥാടനത്തിന്റെ പ്രയോജനം മുമ്പെന്നത്തേതിലും കൂടുതൽ ബോധ്യപ്പെട്ടു. സംവേദനക്ഷമമായ ഹൃദയത്തിന് ക്രിസ്തുദേവന്റെ ചൈതന്യം പാലസ്തീനിൽ എങ്ങും നിറഞ്ഞുകാണാം. ബത്‌ലഹേമിലും ഗത്സേമനിയിലും കാൽവരിയിലും ഒലിവിന്റെ വിശുദ്ധമലയിലും ജോർദാൻ നദിക്കരയിലും ഗലീലി കടൽതീരത്തും ഞാൻ അദ്ദേഹത്തോടൊപ്പം ഭക്ത്യാദരങ്ങളോടെ നടന്നു.ഞങ്ങളുടെ ചെറുസംഘം, ശ്രീയേശു ജനിച്ച പുൽത്തൊട്ടിയും ജോസഫിന്റെ മരപ്പണിശാലയും ലാസറിന്റെ ശവകുടീരവും മാർത്തയുടെയും മേരിയുടെയും വീടും ഒടുവിലത്തെ അത്താഴത്തിന്റെ സഭാമന്ദിരവും സന്ദർശിച്ചു. പഴമ വാതിൽ തുറന്നു; യുഗങ്ങൾക്കുവേണ്ടി ക്രിസ്തുദേവൻ ഒരിക്കൽ അഭിനയിച്ച ദിവ്യനാടകത്തിന്റെ രംഗങ്ങൾ ഓരോന്നായി ഞാൻ കണ്ടു.ആധുനിക കെയ്റോ നഗരവും പ്രാചീന പിരമിഡുകളുമുള്ള ഈജിപ്തിലേക്ക് തുടർന്ന് ഞങ്ങൾ പോയി. പിന്നീട് ദീർഘമായ ചെങ്കടലിലും വിസ്തൃതമായ അറബിക്കടലിലും കൂടി ഒരു കപ്പൽ യാത്ര: അതാ, ഭാരതം! [image file=image_rsrc421.jpg] തെറീസ നോയ്മാനും സി. ആർ. റൈറ്റും പരമഹംസ യോഗാനന്ദനും ഐക്സ്റ്റാറ്റ്, ബവേറിയായിൽ, 1935. [image file=image_rsrc426.jpg] 1 രണ്ടാം ലോകമഹായദ്ധത്തിനുശേഷം എല്ലാ വെള്ളിയാഴ്ചകളിലും തെറീസയ'ക്ക് ഈ ദിവ്യാനുഭവങ്ങൾ ഉണ്ടാകാറില്ല; വർഷത്തിലെ ചില പുണ്യദിനങ്ങളിൽ മാത്രമേ അങ്ങനെ ഉണ്ടാകാറുള്ളു. ഫ്രീഡ്രിക് ലിറ്റർ വോണ് ലാമയുടെ തെറീസ നോയ്മാൻ: എ സ്റ്റിഗ്മറ്റിസ്റ്റ് ഒഫ് അവർ ഡേ, ഫേർതർ ക്രോനിക്കിൾസ് ഒഫ് തെറീസ നോയ്മാൻ എന്നിവയും ഏ.പി. ഷിംബർഗ് (1947) - ദ സ്റ്റോറി ഒഫ് തെറീസ നോയ്മാൻ (എല്ലാം ബ്രൂസ് പബ്ലിഷിങ്ങ് കമ്പനി, മിൽവോക്കി, വിസ്കോൺസിൻ-ന്റെ പ്രസിദ്ധീകരണങ്ങൾ): ആൽബ ഹൗസ്, സ്റ്റാറ്റൻ ഐലൻഡ്, ന്യൂയോർക്ക്, യു. എസ്. എ. പ്രസിദ്ധീകരിച്ച ജോഹാനസ് സ്റ്റൈനറിന്റെ തെറീസ നൊയ്മാൻ ഇവയുമാണ് അവരുടെ ജീവിതത്തെപ്പറ്റിയുള്ള പുസ്തകങ്ങൾ.2 മത്തായി 4:4 (ബൈബിൾ). മനുഷ്യശരീരം എന്ന ബാറ്ററി സ'ഥൂലമായ ആഹാരം മാത്രംകൊണ്ടല്ല നിലനിൽക്കുന്നത്, മറിച്ച് പ്രപഞ്ച ഊർസ്വന്ദനത്താലാണ് (വചനം അഥവാ ഓം). അദൃശ്യമായ ഈ ശക്തി ഉപമസ്തിഷ്ക(medulla oblongata)ത്തിലൂടെ മനുഷ്യശരീരത്തിനുള്ളിലേക്ക് പ്രവഹിക്കുന്നു. ഈ ആറാമത്തെ ശരീരകേന്ദ്രം, കണ്ഠപ്രദേശത്തിനു പിന്നിൽ അഞ്ചു സുഷുമ്നാചക്ര (പ്രാണശക്തിയെപ്രസരിപ്പിക്കുന്നകേന്ദ്ര)ങ്ങളുടെ മുകളിൽ സ'ഥിതിചെയ്യുന്നു.ശരീരത്തിലേക്ക് വിശ്വപ്രാണ (ഓം) ന്റെ മുഖ്യപ്രവേശനദ്വാരമായ ഉപമസ്തിഷ്കം, മനുഷ്യന്റെ ഇച്ഛാശക്തിയുടെ ഇരിപ്പിടമായി ഭ്രൂമധ്യത്തിലുള്ള ഏകനയനമായ ക്രിസ്തു ബോധകേന്ദ്ര(കൂടസ'ഥം)വുമായി ധ്രുവീകരണം കൊണ്ട് നേരിട്ട് ബന്ധിച്ചിരിക്കുന്നു. ഇതാണ് മനുഷ്യന്റെ ഇച്ഛാശക്തിയുടെ കേന്ദ്രം. പ്രാണൻ അപ്പോൾ മസ്തിഷ്കത്തിലെ ഏഴാമത്തെ കേന്ദ്രത്തിൽ അപരിമിതശക്തികളുടെ സംഭരണിയായി സ്വരൂപിച്ചു വയ'ക്കപ്പെടുന്നു. (വേദങ്ങളിൽ പരാമർശിച്ചിരിക്കുന്നു ‘ ‘പ്രകാശത്തിന്റെ സഹസ്രദലപത്മം’ ’ ) ഈ കേന്ദ്രമാണ്. പരിശുദ്ധാത്മാവ് അഥവാ സൃഷ്ടിയെ മുഴുവനും ദൈവികമായി നിലനിർത്തുന്ന അദൃശ്യ പ്രാണശക്തിയെന്നാണ് ഓംകാരത്തെ ബൈബിൾ പരാമർശിക്കുന്നത്. ‘ ‘ദൈവത്തിൽനിന്നു നിങ്ങൾക്കു ലഭിച്ചതും നിങ്ങളിൽ ഉള്ളതുമായ പരിശുദ്ധാത്മാവിന്റെ ദേവാലയമാണ് നിങ്ങളുടെ ശരീരമെന്ന് അറിഞ്ഞുകൂടേ?’ ’ I കോറിന്തോസുകാർ 6:19 (ബൈബിൾ)3 എന്റെ ആഗമനത്തിനുമുമ്പുള്ള മണിക്കൂറുകളിൽ, ക്രിസ്തുദേവന്റെ ജീവിതത്തിലെ അവസാനദിനങ്ങളുടെ അനേകം ദൃശ്യങ്ങളിലൂടെ തെറീസ കടന്നുപോയിക്കഴിഞ്ഞിരുന്നു. സാധാരണയായി അവരുടെ സമാധ്യവസ'ഥ ആരംഭിക്കുന്നത് അവസാന തിരുവത്താഴത്തിനുശേഷമുള്ള സംഭവങ്ങളുടെ ദൃശ്യങ്ങളോടെയും അവസാനിക്കുന്നത് യേശുവിന്റെ ക്രൂശുമരണത്തോടെയും, ചിലപ്പോഴൊക്കെ അദ്ദേഹത്തിന്റെ കബറടക്കത്തോടെയും ആയിരിക്കും.4 ജേർമനിയിൽ നിന്നുള്ള ഒരു ഐ.എൻ.എസ്. വാർത്താസന്ദേശം (1948 മാർച്ച് 26) ഇങ്ങനെ റിപ്പോർട്ടുചെയ്യുന്നു: ‘ ‘ജേർമനിയിലെ ഒരു ഗ്രാമീണവനിത, ഈ ദുഃഖവെള്ളിയാഴ്ച തന്റെ കട്ടിലിൽകിടന്നു; കുരിശിലെ ആണികളും മുൾക്കിരീടവുംകൊണ്ട് ക്രിസ്തുവിന്റെ ശരീരത്തിൽ ചോര ഒഴുകിയതുപോലെ, തന്റെ തല, കൈകൾ, തോളുകൾ എന്നിവിടങ്ങളിൽ ചോരപ്പാടുകളോടുകൂടിയാണ് അവർ കിടന്നിരുന്നത്. ആയിരക്കണക്കിനു ജേർമൻകാരും അമേരിക്കക്കാരും തെറീസ നോയ്മാന്റെ കട്ടിലിനരികിലൂടെ ഭക്ത്യാദരങ്ങളോടെ നിശ്ശബ്ദരായി കടന്നുപോയി.’ ’ ആ മഹതി 1962 സെപ്തംബർ 18-ാം തീയതി കോണേർസ്രോയിത്തിൽ ദിവംഗതയായി. (പ്രസാധക കുറിപ്പ്)5 യൂസിബിയസിൽ ഒരു ഭാഗത്ത് സോക്രട്ടീസും ഒരു ഹിന്ദു തപസ്വിയുമായുള്ള രസകരമായ ഏറ്റുമുട്ടൽ വിവരിക്കുന്നുണ്ട്. ആ ഭാഗം ഇങ്ങനെയാണ്: ‘ ‘ഭാരതീയരെപ്പറ്റി ഗായകനായ അരിസ്റ്റോസിനസ് താഴെപ്പറയുന്ന കഥ പറയുന്നു. ഇവരിൽ ഒരാൾ സോക്രട്ടീസിനെ ആതൻസിൽവച്ചു കണ്ടുമുട്ടുകയും അദ്ദേഹത്തിന്റെ

ദർശനത്തിന്റെ വ്യാപ്തി എന്താണെന്ന് ചോദിക്കുകയും ചെയ്തു. 'മനുഷ്യ പ്രതിഭാസത്തിലേക്ക് ഒരു അന്വേഷണം' സോക്രട്ടീസ് ഉത്തരം പറഞ്ഞു. ഇതുകേട്ട് ആ ഭാരതീയൻ പൊട്ടിച്ചിരിച്ചു. 'ദൈവികപ്രതിഭാസങ്ങളെപ്പറ്റി അജ്ഞനായിരിക്കുമ്പോൾ, മനുഷ്യന് മാനുഷികപ്രതിഭാസങ്ങൾ എങ്ങനെ ആരായാൻ കഴിയും?' ' ' അദ്ദേഹം ചോദിച്ചു.പാശ്ചാത്യദർശനത്തിൽ പ്രതിധ്വനിക്കുന്ന യവന ആദർശം. ' 'മനുഷ്യാ നീ നിന്നെ അറിയൂ' ' എന്നതാണ്. ഒരു ഹിന്ദു പറയും: ' 'മനുഷ്യാ, നീ നിന്റെ ആത്മാവിനെ അറിയൂ.' ' ദെകാർതിന്റെ ചൊല്ല് ' 'ഞാൻ ചിന്തിക്കുന്നു, അതുകൊണ്ട് ഞാൻ ഉണ്ട്,' ' ദാർശനികമായി സാധുവല്ല. യുക്തിചിന്തക്ക് മനുഷ്യന്റെ ആത്യന്തികസത്തയിൽ വെളിച്ചം വീശാൻ കഴിയുകയില്ല. മനുഷ്യമനസ്സ്, അതിന് വിഷയമായ പ്രാതിഭാസികമായ പ്രപഞ്ചം പോലെതന്നെ സദാ ഒഴുക്കിലാണ്; അതിനു സുനിശ്ചിതമായ ആത്യന്തികസത്യത്തെ പ്രദാനം ചെയ്യാൻ ആവില്ല. ബുദ്ധിപരമായ സംതൃപ്തിയല്ല പരമലക്ഷ്യം. ഈശ്വരാന്വേഷിയാണ്, വിദ്യയുടെ-മാറ്റമില്ലാത്ത സത്യത്തിന്റെ -യഥാർഥ പ്രേമി; മറ്റെല്ലാം അവിദ്യ-ആപേക്ഷികജ്ഞാനം-ആണ്.അധ്യായം 40ഞാൻ ഭാരതത്തിലേക്ക് മടങ്ങുന്നുചാരിതാർഥ്യത്തോടെ ഭാരതത്തിന്റെ അനുഗ്രഹീതമായ വായുശ്വസിക്കുകയായിരുന്നു ഞാൻ. ഞങ്ങളുടെ കപ്പൽ ' 'രാജപുത്താന' ' വിശാലമായ ബോംബെ തുറമുഖത്ത് 1935 ഓഗസ്റ്റ് 22-ാം തീയതി അടുത്തു. കപ്പലിൽനിന്നും പുറത്തുവന്ന ഈ ആദ്യദിവസം തന്നെ വരാനിരിക്കുന്ന വർഷത്തിന്റെ ഇടതടവില്ലാത്ത പ്രവർത്തനങ്ങളുടെ ഒരു ആദ്യാനുഭവമായിരുന്നു. പൂമാലകളുമായി ഞങ്ങളെ സ്വാഗതംചെയ്യാൻ സ്നേഹിതർ തുറമുഖത്ത് ഒത്തുകൂടിയിരുന്നു; അധികം താമസിയാതെ താജ്മഹൽ ഹോട്ടലിലെ ഞങ്ങളുടെ മുറിയിൽ പത്രക്കാരുടെയും ഫൊട്ടോഗ്രഫർമാരുടെയും വിവിധ സംഘങ്ങളെ ഞങ്ങൾ സ്വീകരിച്ചു.ബോംബെ എനിക്ക് ഒരു പുതിയ നഗരമായിരുന്നു; പാശ്ചാത്യമായ പല പുതുമകളുള്ള അത് ഊർജസ്വലമായ ഒരു ആധുനിക നഗരമായി എനിക്കനുഭവപ്പെട്ടു. വിശാലമായ തെരുവീഥികളുടെ വശങ്ങളിൽ തെങ്ങുകൾ നിരയായിനിന്നിരുന്നു; മനോജ്ഞമായ ഗവണ്മെന്റ്മന്ദിരങ്ങൾ ശ്രദ്ധപിടിച്ചുപറ്റാൻ പുരാതനക്ഷേത്രങ്ങളോട് മത്സരിച്ചു. എങ്കിലും കാഴ്ചകൾ കാണാൻ തീരെ സമയം എടുത്തില്ല; എന്റെ ഗുരുദേവനെയും മറ്റു പ്രിയപ്പെട്ടവരെയും കാണാനുള്ള ആകാംക്ഷകൊണ്ട് ഞാൻ അക്ഷമനായിരുന്നു. ഫോഡ് കാർ ചരക്കുകമ്പാർട്ടുമന്റിലാക്കിയിട്ട്, ഞങ്ങൾ ട്രെയിനിൽ കൽക്കത്ത1 ലക്ഷ്യമാക്കി കിഴക്കോട്ടുകുതിച്ചു.ഹൗറസ്റ്റേഷനിൽ എത്തിയപ്പോൾ ഞങ്ങളെ സ്വീകരിക്കാൻ വലിയ ഒരു പുരുഷാരം കാത്തുനിന്നിരുന്നതിനാൽ അല്പസമയത്തേക്ക് ഞങ്ങൾക്ക് വണ്ടിയിൽനിന്നു നിലത്തു കാൽകുത്താൻ കഴിഞ്ഞില്ല. കാസിംബസാറിലെ യുവാവായ മഹാരാജാവും എന്റെ സഹോദരൻ വിഷ്ണുവും സ്വീകരണത്തിന് നേതൃത്വം നൽകി. ഞങ്ങൾക്കു നൽകപ്പെട്ട സ്വാഗതത്തിന്റെ ഹൃദ്യതയും ഗാംഭീര്യവും ഞങ്ങൾ പ്രതീക്ഷിച്ചതിനുമപ്പുറമായിരുന്നു.വരിവരിയായി നീങ്ങിയ കാറുകളുടെയും മോട്ടോർ സൈക്കിളുകളുടെയും പിന്നാലെ മൃദംഗത്തിന്റെയും ശംഖുകളുടെയും ആഹ്ലാദകരമായ ശബ്ദങ്ങളുടെ മധ്യേ അടിതൊട്ടുമുടിവരെ പൂമാലകൾ അണിഞ്ഞ മിസ് ബ്ലെച്ചും, മി. റൈറ്റും, ഞാനും എന്റെ അച്ഛന്റെ വീട്ടിലേക്ക് സാവധാനം കാറിൽ നീങ്ങി.എന്റെ വൃദ്ധനായ പിതാവ് മരണത്തിൽനിന്ന് ഉയിർത്തെഴുന്നേറ്റ ഒരാളെയെന്നപോലെ എന്നെ ആശ്ലേഷിച്ചു; സന്തോഷത്താൽ മൂകരായി ഞങ്ങൾ പരസ്പരം ഏറെനേരം നോക്കിനിന്നു. സഹോദരീസഹോദരന്മാരും, അമ്മാവന്മാരും, അമ്മായിമാരും, മച്ചുനന്മാരും, ശിഷ്യന്മാരും, വർഷങ്ങളായി എന്റെ സ്നേഹിതരായിരുന്നവരും എനിക്കു ചുറ്റും കൂടി; ആ കൂട്ടത്തിൽ ഒരൊറ്റ കണ്ണുപോലും ഈറനണിയാതെയില്ലായിരുന്നു. ഇപ്പോൾ ഓർമകളുടെ ശേഖരത്തിലേക്ക് കടന്നുപോയെങ്കിലും, സ്നേഹപൂർണമായ ഈ പുന:സമാഗമത്തിന്റെ രംഗം എന്റെ ഹൃദയത്തിൽ മറക്കാനാവാതെ മിഴിവുറ്റതായി നിലനിൽക്കുന്നു. ശ്രീ യുക്തേശ്വരനുമായുള്ള എന്റെ കൂടിക്കാഴ്ചയുടെ കാര്യമാണെങ്കിൽ, അതുവിവരിക്കാൻ എന്റെ വാക്കുകൾക്ക് ശക്തിയില്ല; എന്റെ സെക്രട്ടറിയുടെ വിവരണംകൊണ്ട് തൃപ്തിപ്പെടാം. ' 'ഏറ്റവും വലിയ പ്രതീക്ഷകളോടെ ഇന്നു ഞാൻ കൽക്കത്തയിൽനിന്ന് ശ്രീരാമപുരത്തേക്ക് കാറോടിച്ചു യോഗാനന്ദജിയെ കൊണ്ടുപോയി,' ' മി.റൈറ്റ് അദ്ദേഹത്തിന്റെ യാത്രാഡയറിയിൽ രേഖപ്പെടുത്തി. ' 'ഞങ്ങൾ വിചിത്രവും ഭംഗിയുള്ളതുമായ കടകൾ-അവയിലൊന്ന് യോഗാനന്ദജി കോളേജിൽ പഠിച്ചിരുന്നകാലത്ത് ഏറ്റവും ഇഷ്ടപ്പെട്ടിരുന്ന ഒരു ഭോജനശാലയായിരുന്നു-കടന്നുമുന്നോട്ടുപോയി ഒടുവിൽ വീതികുറഞ്ഞ, ഇരുവശവും മതിലുകളുള്ള ഒരു ഇടവഴിയിൽ പ്രവേശിച്ചു. പെട്ടെന്ന് ഇടത്തോട്ട് ഒരു തിരിവ്; അവിടെ ഞങ്ങളുടെമുന്നിൽ ഗുരുനാഥന്റെ ഇഷ്ടികയിൽകെട്ടിയ ലളിതമായ രണ്ടുനില ആശ്രമംകണ്ടു. അതിന്റെ ഗ്രില്ലിട്ട ബാൽക്കണി മേലേനിലയിൽ വെളിയിലേക്കു തള്ളിനിന്നിരുന്നു. പ്രശാന്തമായ ഏകാന്തതയായിരുന്നു എങ്ങും നിറഞ്ഞു നിന്ന അനുഭൂതി. ' 'ആശ്രമ മതിൽകെട്ടിനകത്തുള്ള മുറ്റത്തേക്ക് യോഗാനന്ദജിയുടെ പിന്നാലെ ഗൗരവം വിടാതെ എളിമയോടെ ഞാൻ നടന്നു. അതിവേഗം മിടിക്കുന്ന ഹൃദയങ്ങളോടെ ഞങ്ങൾ ഏതാനും പഴയ സിമന്റുപടികൾ ചവിട്ടിക്കയറി. തീർച്ചയായും അസംഖ്യം സത്യാന്വേഷികൾ ഈ പടവുകൾ കടന്നുപോയിട്ടുണ്ട്. ഞങ്ങൾ നീട്ടിചുവടുവയ'ക്കുന്നതിനൊപ്പം ഞങ്ങളുടെ മനസ്സിലെ പിരിമുറുക്കം കൂടുതൽ തീക്ഷ്ണമായിക്കൊണ്ടിരുന്നു. ഞങ്ങളുടെ മുന്നിൽ ഏറ്റവും മേലെയുള്ള പടിയിൽ മഹാനായ ഗുരുദേവൻ സ്വാമി ശ്രീ യുക്തേശ്വരൻ ഒരു മഹർഷിയുടെ കുലീനമായ ഭാവഗാംഭീര്യത്തോടെ ശാന്തനായിപ്രത്യക്ഷപ്പെട്ടു. ' 'അദ്ദേഹത്തിന്റെ മഹനീയസാന്നിധ്യത്തിൽ ഞാൻ

അനുഗ്രഹീതനായീയെന്ന് എനിക്കനുഭവപ്പെട്ടു. യോഗാനന്ദജി ഗുരുനാഥനെ വീണ്ടുനമസ്കരിച്ച് തന്റെ ആത്മാവിന്റെ കൃതജ്ഞതയും അഭിവാദനങ്ങളും അർപ്പിച്ചപ്പോൾ എന്റെ ആകാംക്ഷാനിർഭരമായ കണ്ണുകൾ കണ്ണീർ കൊണ്ടുമൂടി. വിനയാന്വിതനായി അദ്ദേഹം ഗുരുദേവന്റെ പാദങ്ങൾതൊട്ടു തന്റെ ശിരസ്സിൽവച്ചു; എന്നിട്ട് എഴുന്നേറ്റു. ശ്രീ യുക്തേശ്വരജി അദ്ദേഹത്തെ മാറോട് ഇരുവശത്തും ചേർത്ത് ആലിംഗനം ചെയ്തു. ‘ ‘തുടക്കത്തിൽ വാക്കുകൾ ഒന്നും തന്നെ കൈമാറിയില്ല. പക്ഷേ തീവ്രമായ അനുഭൂതി ആത്മാവിന്റെ മൂകമായ ശൈലിയിൽ ആവിഷ്കരിക്കപ്പെട്ടു. പുനഃസമാഗമത്തിന്റെ ഊഷ്മളതയിൽ അവരുടെ കണ്ണുകൾ എങ്ങനെ തിളങ്ങി! പ്രശാന്തമായ ആ മുഖത്ത് സ്നിഗ്ദ്ധമായ ഒരു തരളത അലമാലകളുയർത്തി; പൊടുന്നനെ മേഘങ്ങളെ കബളിപ്പിച്ചുകൊണ്ട് സൂര്യദേവൻ ഒരു പ്രകാശധോരണി ആ രംഗത്തിനേകി. ‘ ‘പരമഗുരുവിന്റെമുമ്പിൽ മുട്ടുകുത്തിനിന്ന് ഞാൻ എനിക്ക് ബഹിർസ്ഫുരിപ്പിക്കാനാവാത്ത എന്റെ സ്നേഹവും നന്ദിയും അദ്ദേഹത്തിനുസമർപ്പിച്ചു. കാലത്താലും സേവനത്താലും തഴമ്പിച്ച ആ പാദങ്ങളിൽതൊട്ട് ഞാനും അദ്ദേഹത്തിന്റെ അനുഗ്രഹാശിസ്സുകൾ നേടി. എന്നിട്ട് ഞാൻ എഴുന്നേറ്റു. ആത്മാവലോകനത്താൽ അഗാധവും സന്തോഷത്താൽ ദീപ്തവുമായ മനോഹരമായ അദ്ദേഹത്തിന്റെ നയനങ്ങളിലേക്ക് ഞാൻ ഉറ്റുനോക്കി. ‘ ‘തെരുവിൽനിന്ന് ആദ്യംകണ്ട ബാൽക്കണിയിലേക്ക് ഒരു വശം മുഴുവൻ തുറന്നിരിക്കുന്ന ഇരുപ്പുമുറിയിൽ ഞങ്ങൾ പ്രവേശിച്ചു. പഴക്കംചെന്ന ഒരു ദിവാനിൽചാരി ഗുരുദേവൻ സിമന്റുതറയിൽവിരിച്ച ഒരു മെത്തയിൽ ഇരുന്നു. യോഗാനന്ദജിയും ഞാനും ഗുരുവിന്റെ കാൽക്കൽ, ഇരിപ്പുസുഖമാക്കാൻ ഓറഞ്ചുനിറമുള്ള തലയിണകളിൽചാരി, പുല്പായിൽ ഇരുന്നു. ‘ ‘രണ്ടു സ്വാമിമാരുടെയും ബംഗാളിയിലുള്ള സംഭാഷണത്തിന്റെ സാരം മനസ്സിലാക്കാൻ വിഫലമായി ഞാൻ നന്നേ ശ്രമിച്ചു. (കാരണം, അവർ രണ്ടുപേരും കൂടുമ്പോൾ ഇംഗ്ലീഷ് തികച്ചും അപ്രസക്തമാണെന്ന് ഞാൻ മനസ്സിലാക്കി. എങ്കിലും ‘ ‘സ്വാമിജി മഹരാജ്’ ’ എന്ന് മറ്റുള്ളവർവിളിക്കുന്ന മഹാഗുരുവിന് ഇംഗ്ലീഷ് സംസാരിക്കാൻ കഴിയും, പലപ്പോഴും അദ്ദേഹം സംസാരിക്കാറുമുണ്ട്). ഹൃദയം കുളിർപ്പിക്കുന്ന പുഞ്ചിരിയിലും തിളങ്ങുന്ന കണ്ണുകളിലുംകൂടി ആ മഹാത്മാവിന്റെ ദിവ്യത്വം ഞാൻ നിഷ്പ്രയാസം ദർശിച്ചു. ഫലിതരൂപമോ ഗൗരവമോ ആയ സംഭാഷണങ്ങളിൽ പെട്ടെന്ന് കണ്ടെത്താൻ കഴിയുന്നത് അദ്ദേഹത്തിന്റെ പ്രസ്താവനകളിലെ നിസ്സന്ദേഹതയുടെ ഉറപ്പാണ്-ഈശ്വരനെ താൻ അറിയുന്നതിനാൽ, തന്റെ ജ്ഞാനത്തെക്കുറിച്ച് ശരിയായബോധമുള്ള ഒരു പ്രാജ്ഞന്റെ ലക്ഷണം. ഗുരുനാഥന്റെ മഹത്തായ വിജ്ഞാനം, ശക്തമായ ലക്ഷ്യബോധം, നിശ്ചയദാർഢ്യം എന്നിവ എല്ലാവിധത്തിലും വ്യക്തമായിരുന്നു. ‘ ‘അദ്ദേഹത്തിന്റെ വേഷം ലളിതമായിരുന്നു: ഒരിക്കൽ മാത്രം കാവിയിൽ മുക്കിയ സാധാരണ ധോത്തിയും കുപ്പായവും ഇപ്പോൾ മങ്ങി ഒരു ഓറഞ്ചു നിറത്തിലായിരിക്കുന്നു. ഓരോ സന്ദർഭത്തിലും ആദരവോടെ അദ്ദേഹത്തെ പഠിക്കാൻ കഴിഞ്ഞപ്പോൾ ഒരു കായികതാരത്തിന്റേതുപോലെ നല്ല അംഗസൗഷ്ഠവമുള്ള ഒരു ശരീരമായിരുന്നു അദ്ദേഹത്തിന്റേതെന്നു ഞാൻ മനസ്സിലാക്കി. സന്ന്യാസത്തിന്റെ യാതനകളും ത്യാഗങ്ങളും അത് കരുത്തുറ്റതാക്കി. അദ്ദേഹത്തിന്റെ നില്പും നടപ്പും രാജോചിതമായിരുന്നു. കുലീനമായ നടത്തയോടെ നീണ്ടുനിവർന്ന് അദ്ദേഹം നീങ്ങുന്നു. അദ്ദേഹത്തിന്റെ ചിരി ആഹ്ലാദം നിറഞ്ഞതും കേളീവിലോലവുമായിരുന്നു. തന്റെ വക്ഷസ്സിന്റെ ആഴങ്ങളിൽനിന്നും ഉദ്ഗമിക്കുന്ന ആ ചിരി അദ്ദേഹത്തിന്റെ ശരീരമാസകലം കുലുക്കുകയും ത്രസിപ്പിക്കുകയുംചെയ്തു. ‘ ‘അദ്ദേഹത്തിന്റെ ഗാംഭീര്യം തുളുമ്പുന്ന മുഖം ദൈവികമായ ഒരു ശക്തിവിശേഷത്തിന്റെ അനുഭവം ശ്രേഷ്ഠമായരീതിയിൽ പകരുന്നു. നടുക്കുവച്ച് പകുത്ത തലമുടി നെറ്റിയോടടുത്ത് വെളുത്തതും മറ്റിടങ്ങളിൽ വെള്ളിചേർന്ന സ്വർണനിറവും വെള്ളിചേർന്ന കറുപ്പും ഇടകലർന്നതാണ്. തോളുവരെ നീണ്ട ചുരുളുകളായി അവ എത്തിനിൽക്കുന്നു. താടിയും മീശയും കുറവായിരുന്നു അഥവാ അവിടവിടെ മാത്രമായിരുന്നു. എങ്കിലും അവ അദ്ദേഹത്തിന്റെ മുഖലക്ഷണത്തെ പ്രൗഢമാക്കി. സ്വർഗത്തെ തേടുന്നുവോയെന്നു തോന്നിപ്പിക്കുംവിധം അദ്ദേഹത്തിന്റെ നെറ്റി ശരിക്കും ചരിഞ്ഞിറങ്ങിയിരുന്നു. അദ്ദേഹത്തിന്റെ ശക്തമായ കറുത്ത കണ്ണുകൾക്ക് സ്വർഗീയമായ ഒരു നീലവലയം പരിവേഷം ചാർത്തുന്നു. അദ്ദേഹത്തിന്റെ മൂക്ക് വലുതും അനാകർഷകവുമാണ്. ഒരു കുട്ടിയെപ്പോലെ തന്റെ കൈവിരലുകൾ കൊണ്ട് മൂക്ക് ഞൊടിക്കുകയും തിരുപ്പുകയുംചെയ്ത് അലസവേളകളിൽ അദ്ദേഹം രസിക്കുമായിരുന്നു. വിശ്രമത്തിൽ അദ്ദേഹത്തിന്റെ വായ് കാർക്കശ്യത്തിന്റെ രൂപം പൂണ്ടിരുന്നുവെങ്കിലും ആർദ്രതയുടെ സൂക്ഷ്മസ്പർശം അവിടെ പ്രകാശിച്ചിരുന്നു. [image file=image_rsrc437.jpg] ശ്രീ യുക്തേശ്വരനും യോഗാനന്ദജിയും കൽക്കത്ത 1935 ‘ ‘ഒരല്പം ഇടിഞ്ഞുപൊളിഞ്ഞ ഈ മുറി അതിന്റെ ഉടമസ്ഥന്റെ ഭൗതികസുഖത്തോടുള്ള വിരക്തിയെ സൂചിപ്പിക്കുന്നുവെന്ന് അവിടവിടെ കണ്ണോടിച്ചപ്പോൾ ഞാൻ മനസ്സിലാക്കി. ആ നീണ്ടമുറിയുടെ കാലപ്പഴക്കത്തിന്റെ കറവീണ വെള്ളച്ചുമരിൽ നിറം മങ്ങിയ നീലക്കുമ്മായക്കെട്ട് ഇടയ്ക്കിടെ കാണാം. മുറിയുടെ ഒരറ്റത്ത് ലാഹിരി മഹാശയന്റെ ആ ഒരേയൊരു അപൂർവചിത്രം ഭക്തിപൂർവം മാലചാർത്തി തൂക്കിയിരിക്കുന്നു. ബോസ്റ്റനിൽ മതസമ്മേളനത്തിന് ആദ്യം എത്തിയ അവസരത്തിൽ മറ്റു പ്രതിനിധികളോടൊപ്പം യോഗാനന്ദജി നിൽക്കുന്ന ഒരു പഴയചിത്രവും അവിടെയുണ്ട്. ‘ ‘പുതുമയുടെയും പഴമയുടെയും കൗതുകകരമായ ഒരു ഒത്തുചേരൽ ഞാൻ ശ്രദ്ധിച്ചു. ഒരു വലിയ സ്ഫടികശരറാന്തൽ, ദീർഘകാലം ഉപയോഗിക്കാതെകിടന്ന് ചിലന്തിവല പിടിച്ചിരിക്കുന്നു; ചുവരിലാകട്ടെ വർണപകിട്ടാർന്ന ഏറ്റവും പുതിയ കലൻഡറും.

മുറിയിൽ ശാന്തിയുടെയും സന്തുഷ്ടിയുടെയും പരിമളം ഉതിരുന്നു. ‘ ‘ബാൽക്കണിക്കപ്പുറം തെങ്ങുകൾ ആശ്രമത്തിന് നിശ്ശബ്ദസംരക്ഷണം നൽകി തലയുയർത്തി നിൽക്കുന്നു. ‘ ‘ഗുരുനാഥൻ ഒന്നു കൈകൊട്ടുകയേവേണ്ടൂ, ഉടനടി ഏതെങ്കിലും ഒരു കൊച്ചുശിഷ്യൻ എത്തുന്നു. കറുത്ത തലമുടി തോളിൽ വീണുകിടക്കുന്ന, കറുത്ത തിളങ്ങുന്ന കണ്ണുകളും സ്വർഗീയമായ പുഞ്ചിരിയുമുള്ള പ്രഫുല്ലൻ2 എന്ന മെലിഞ്ഞ പയ്യനാണ് അവരിൽ ഒരാൾ: പുഞ്ചിരിയിൽ അവന്റെ മേൽചുണ്ടുകളുടെ അഗ്രങ്ങൾ ഉയരുമ്പോൾ അവന്റെ കണ്ണുകൾ തിളങ്ങുന്നു-സന്ധ്യാസമയത്ത് കാണപ്പെടുന്ന ചന്ദ്രക്കലയും നക്ഷത്രങ്ങളുംപോലെ. ‘ ‘തന്റെ ആത്മീയ’ ’ സന്താന’ ’ ത്തിന്റെ പുനരാഗമനത്തിൽ സ്വാമി ശ്രീ യുക്തേശ്വരന്റെ സന്തുഷ്ടി സ്പഷ്ടമായും ഉൽക്കടമാണ്. (ആ സന്താനത്തിന്റെ സന്താനമായ എന്നെപ്പറ്റിയും അറിയാൻ അദ്ദേഹത്തിന് ഏറെ താല്പര്യം ഉള്ളതായി തോന്നുന്നു). എന്നിരുന്നാലും ആ മഹാത്മാവിന്റെ സ്വഭാവത്തിലെ ജ്ഞാനഭാവത്തിന്റെ മുൻതൂക്കം, വികാരത്തിന്റെ ബാഹ്യപ്രകടനത്തെ തടയുന്നു. ‘ ‘ഒരു ശിഷ്യൻ തന്റെ ഗുരുവിന്റെ അടുത്തു മടങ്ങിയെത്തുമ്പോൾ ആചാരമനുസരിച്ച് ചെയ്യേണ്ട രീതിയിൽ യോഗാനന്ദജി അദ്ദേഹത്തിന് ഏതാനും സമ്മാനങ്ങൾ കാഴ്ചവച്ചു. പിന്നീട്, ലളിതമെങ്കിലും പച്ചക്കറികളും അരിയും നന്നായി പാകംചെയ്ത ഭക്ഷണംകഴിക്കാൻ ഞങ്ങൾ ഇരുന്നു. പല ഭാരതീയരീതികളും ഞാൻ ആചരിക്കുന്നതിൽ ശ്രീ യുക്തേശ്വരൻ സന്തോഷിച്ചു: ഉദാഹരണത്തിന് കൈക്കൊണ്ട് ആഹാരം കഴിക്കുക. ‘ ‘ അനേകം മണിക്കൂറുകൾനീണ്ട ബംഗാളി സംഭാഷണത്തിനും, ഊഷ്മളമായ മന്ദഹാസങ്ങൾക്കും, സന്തുഷ്ടമായ പരസ്പരാലോകനങ്ങൾക്കുംശേഷം അദ്ദേഹത്തിന്റെ പാദത്തിൽ പ്രണാമങ്ങൾ അർപ്പിച്ചിട്ട്3 വിശുദ്ധമായ ഒരു കൂടിക്കാഴ്ചയുടെ സുചിരസ്മരണകളോടെ ഞങ്ങൾ കൽക്കത്തയ'ക്ക് തിരിച്ചു. പരമഗുരവിനെപ്പറ്റിയുള്ള ബാഹ്യമായധാരണകളാണ് ഞാൻ ഇവിടെ കുറിച്ചിരിക്കുന്നതെങ്കിലും അദ്ദേഹത്തിന്റെ ആത്മീയമഹത്വത്തെപ്പറ്റി എനിക്ക് എപ്പോഴും നല്ല ബോധ്യമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പ്രഭാവാതിരേകം എനിക്ക് അനുഭവപ്പെട്ടു, ആ അനുഭൂതി എന്റെ ദൈവികാനുഗ്രഹമായി ഞാൻ എന്നെന്നും വച്ചുപുലർത്തും.’ ’ അമേരിക്ക, യൂറോപ്പ്, പാലസ്തീൻ എന്നിവിടങ്ങളിൽനിന്ന് ശ്രീ യുക്തേശ്വരന് ഞാൻ അനേകം സമ്മാനങ്ങൾ കൊണ്ടുവന്നിരുന്നു. പുഞ്ചിരിയോടെ അവ അദ്ദേഹം സ്വീകരിച്ചുവെങ്കിലും അഭിപ്രായമൊന്നും പറഞ്ഞില്ല. വടിയായും ഉപയോഗിക്കാവുന്ന ഒരു കുട എന്റെ സ്വന്തം ഉപയോഗത്തിനായി ഞാൻ ജേർമനിയിൽനിന്ന് വാങ്ങിയിരുന്നു. അത് ഗുരുദേവനു കൊടുക്കാൻ ഭാരതത്തിൽവച്ച് ഞാൻ തീരുമാനിച്ചു. ‘ ‘ഈ സമ്മാനം ഞാൻ യഥാർഥത്തിൽ വിലമതിക്കുന്നു!’ ’ പതിവില്ലാത്ത ഈ അഭിപ്രായം പ്രകടിപ്പിച്ചപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ വാത്സല്യാർദ്രമായ ധാരണയോടെ എന്റെ നേർക്കുതിരിഞ്ഞു. എല്ലാ സമ്മാനങ്ങളിലുംവച്ച് ഈ ‘ ‘വടിക്കുട’ ’ യാണ് സന്ദർശകരെ കാട്ടാൻ അദ്ദേഹം തിരഞ്ഞെടുത്തത്. ‘ ‘ഗുരുദേവാ, ഈ ഇരുപ്പുമുറിക്ക് ഒരു പുതിയ പരവതാനി വാങ്ങിയിടാൻ എന്നെ ദയവായി അനുവദിക്കൂ.’ ’ ശ്രീ യുക്തേശ്വരന്റെ കടുവാത്തോൽ ഒരു കീറിയ കമ്പളത്തിന്റെ മേലാണ് വിരിച്ചിരുന്നതെന്ന് ഞാൻ ശ്രദ്ധിച്ചു. ‘ ‘നിനക്ക് അതാണ് സന്തോഷമെങ്കിൽ അങ്ങനെ ചെയ്യൂ.’ ’ എന്റെ ഗുരുവിന്റെ സ്വരം ഉത്സാഹഭരിതമായിരുന്നില്ല. ‘ ‘നോക്കൂ, എന്റെ കടുവാത്തോൽ സുഖകരവും വെടിപ്പുള്ളതുമാണ്; എന്റെ ചെറിയ സാമ്രാജ്യത്തിൽ ഞാൻ സമ്രാട്ടാണ്. അതിനപ്പുറത്താണ് പുറംമോടിയിൽമാത്രം താല്പര്യമുള്ള വിശാലലോകം’ ’. അദ്ദേഹം ഈ വാക്കുകൾപറഞ്ഞപ്പോൾ വർഷങ്ങൾ പിന്നിലേക്കു പോകുന്നതായി എനിക്കു തോന്നി; ഗുണദോഷിക്കലിന്റെ അഗ്നിയിൽ നിത്യേന ശുദ്ധീകരിക്കപ്പെടുന്ന ഒരു യുവശിഷ്യനാകുകയാണ് ഒരിക്കൽകൂടി ഞാൻ! [image file=image_rsrc43S.jpg] യോഗാനന്ദജി (മധ്യത്തിൽ ഇരിക്കുന്നു) ശ്രീ യുക്തേശ്വര (വലത്ത് നിൽക്കുന്നു) നോടൊപ്പം, ശ്രീരാമപുരം ആശ്രമം, 1935.ശ്രീരാമപുരത്തുനിന്നും കൽക്കത്തയിൽനിന്നും ഒരു വേർപാട് ഒരുവിധം താങ്ങാൻകഴിഞ്ഞപ്പോൾ ഞാൻ മി. റൈറ്റുമൊപ്പിച്ച് റാഞ്ചിയിലേക്ക് പുറപ്പെട്ടു. എന്തൊരു സ്വീകരണമായിരുന്നു അവിടെ, ഹൃദയസ്പൃക്കായ അഭിവന്ദനം! പതിനഞ്ചുകൊല്ലത്തെ എന്റെ അഭാവത്തിൽ വിദ്യാലയത്തിന്റെ കൊടിക്കൂറ പറത്തിയ നി:സ്വാർഥരായ അധ്യാപകരെ ആശ്ലേഷിച്ചപ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞു. അവിടെത്തന്നെ താമസിച്ചു പഠിക്കുന്നവരും ദിവസവും വന്നുപോകുന്നവരുമായ വിദ്യാർഥികളുടെ തെളിഞ്ഞമുഖങ്ങളും സന്തുഷ്ടമായ പുഞ്ചിരിയും അവരുടെ ശ്രദ്ധാപൂർവമായ പഠിത്തത്തിലും യോഗപരിശീലനത്തിലുമുള്ള മേന്മയ'ക്ക് മതിയായ തെളിവായിരുന്നു.എങ്കിലും കഷ്ടം, റാഞ്ചി സ'ഥാപനം കടുത്തസാമ്പത്തിക പ്രതിസന്ധിയിലായിരുന്നു. തന്റെ കാസിംബസാർ കൊട്ടാരം ഈ വിദ്യാലയത്തിന്റെ പ്രധാനകെട്ടിടമായി മാറ്റാൻ നൽകുകയും പിന്നീട് പലപ്പോഴും കൈയച്ചുസംഭാവനകൾ നൽകുകയും ചെയ്തിട്ടുള്ള മുൻ മഹാരാജാ സർ മണീന്ദ്ര ചന്ദ്ര നന്ദി ഇന്നു ജീവിച്ചിരിപ്പില്ല. പൊതുജനപിൻതുണയുടെ കുറവുകൊണ്ട് വിദ്യാലയത്തിലെ അനേകം സൗജന്യപൊതുസേവനപ്രവർത്തനങ്ങൾ തകരാറിലായി.അമേരിക്കയുടെ പ്രായോഗികബുദ്ധിയും തടസ്സങ്ങൾക്കുനേരെ കുലുക്കമില്ലാത്ത മനോഭാവവും ഒരൽപം പഠിക്കാതെയായിരുന്നില്ല ഞാൻ അവിടെ വർഷങ്ങൾ ചെലവിട്ടത്. ഗൗരവമായ പ്രശ്നങ്ങളുമായി മല്ലിട്ടു കൊണ്ട് ഒരാഴ്ച ഞാൻ റാഞ്ചിയിൽ തങ്ങി. പിന്നീട് പ്രമുഖ നേതാക്കന്മാരും വിദ്യാഭ്യാസവിചക്ഷണന്മാരുമായി കൽക്കത്തയിൽവച്ചുള്ള കൂടിക്കാഴ്ചകൾ, കാസിംബസാറിലെ യുവാവായ മഹാരാജാവുമായി

സുദീർഘമായ ഒരു സംഭാഷണം, എന്റെ അച്ഛനോട് ഒരു സാമ്പത്തിക സഹായാഭ്യർഥന-ഇത്രയുമായപ്പോൾ റാഞ്ചിവിദ്യാലയത്തിന്റെ ഇളകിയ അടിത്തറകൾ ഉറയ'ക്കാൻ തുടങ്ങി. എന്റെ അമേരിക്കൻ വിദ്യാർഥികളിൽനിന്നും ധാരാളം സംഭാവനകൾ തക്കസമയത്തു ലഭിച്ചു.ഭാരതത്തിലെത്തി ഏതാനും മാസങ്ങൾക്കകം റാഞ്ചിവിദ്യാലയം നിയമാനുസൃതം രജിസ്റ്റർചെയ്യപ്പെട്ടുകണ്ടതിൽ ഞാൻ സന്തോഷിച്ചു.സ'ഥിരമായ പ്രവർത്തനത്തിന് നിധി ഏർപ്പെടുത്തിയ ഒരു യോഗവിദ്യാകേന്ദ്രം സ'ഥാപിക്കുകയെന്ന എന്റെ ഒരു ജീവിതകാലത്തെ സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടു. ആ അഭിലാഷമാണ് ഏഴുകുട്ടികളുടെ ഒരു ചെറുസംഘത്തോടുകൂടിയ എളിയ തുടക്കത്തിന് 1917-ൽ എനിക്കു മാർഗദർശകമായത്.യോഗദാ സത്സംഗ ബ്രഹ്മചര്യവിദ്യാലയം എന്ന ഈ പാഠശാല പ്രാഥമിക-ഹൈസ്കൂൾതല വിഷയങ്ങളിൽ വാതിൽപുറ ക്ലാസുകൾ നടത്തുന്നു. അവിടെത്തന്നെ താമസിച്ചുപഠിക്കുന്നവർക്കും വന്നുപോകുന്നകുട്ടികൾക്കും ഏതെങ്കിലും തൊഴിലധിഷ്ഠിതപരിശീലനവും ലഭിക്കുന്നുണ്ട്.സ്വയംഭരണാധികാരമുള്ള കമ്മിറ്റികൾ മുഖേന കുട്ടികൾതന്നെ അവരുടെ പല പ്രവർത്തനങ്ങളും ചിട്ടപ്പെടുത്തുന്നു. അധ്യാപകരെ തോല്പിക്കുന്നതരം കുസൃതികാട്ടി വികൃതിയായി രസിക്കുന്ന കുട്ടികൾ തങ്ങളുടെ സഹപാഠികൾ ഏർപ്പെടുത്തുന്ന അച്ചടക്കനിയമങ്ങൾ സസന്തോഷം അനുസരിക്കുന്നതായി ഒരു വിദ്യാഭ്യാസപ്രവർത്തകനെന്നനിലയിൽ, തുടക്കത്തിൽതന്നെ ഞാൻ മനസ്സിലാക്കി. ഒരിക്കലും ഒരു മാതൃകാവിദ്യാർഥിയല്ലായിരുന്ന എനിക്ക്, കുട്ടികളുടെ കുസൃതിത്തങ്ങളോടും പ്രശ്നങ്ങളോടും കലവറയില്ലാത്ത സഹാനുഭൂതി ഉണ്ടായിരുന്നു.കായികവിനോദങ്ങളും കളികളും പ്രോത്സാഹിക്കപ്പെടുന്നു; ചുറ്റുപാടുമുള്ള വെളിസ'ഥലങ്ങൾ ഹോക്കിയുടെയും ഫുട്ബോൾ കളിയുടെയും ബഹളംകൊണ്ടു മാറ്റൊലികൊള്ളുന്നു. മത്സരങ്ങളിൽ റാഞ്ചികുട്ടികൾ പലപ്പോഴും കപ്പുകൾനേടുന്നു. ഇച്ഛാശക്തിയാൽ പേശികൾ ഊർജംകൊണ്ട് പുനർപൂരണംചെയ്യുന്ന യോഗദാരീതി അവരെ പഠിപ്പിക്കുന്നു: പ്രാണനെ ശരീരത്തിന്റെ ഏതുഭാഗത്തേക്കും മാനസികമായി നിയോഗിക്കുകയാണ് ഈ മാർഗം. അവർ യോഗാസനങ്ങളും വാൾപ്പയറ്റും കോൽപ്പയറ്റും പഠിക്കുന്നു. പ്രഥമശുശ്രൂഷയിൽ പരിശീലനംസിദ്ധിച്ചിട്ടുള്ള റാഞ്ചികുട്ടികൾ വെള്ളപ്പൊക്കത്തിന്റെയോ ക്ഷാമത്തിന്റെയോ കഷ്ടകാലങ്ങളിൽ തങ്ങളുടെ പ്രദേശങ്ങളിൽ ശ്ലാഘനീയമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അവർ തോട്ടങ്ങളിൽ ജോലിചെയ്യുകയും അവർക്കാവശ്യമുള്ള പച്ചക്കറികൾ വിളയിക്കുകയും ചെയ്യുന്നു.ഈ പ്രദേശത്തെ കോൾ, സന്ഥാൾ, മുണ്ടാ എന്നീ ആദി വാസിവർഗങ്ങൾക്ക് ഹിന്ദിയിൽ പ്രൈമറിസ്ക്കൂൾ വിഷയങ്ങളിൽ അധ്യയനം നൽകുന്നുണ്ട്. പെൺകുട്ടികൾക്കുമാത്രമായ ക്ലാസ്സുകൾ അടുത്തുള്ള ഗ്രാമങ്ങളിൽ വച്ചു നടത്തുന്നു.റാഞ്ചിവിദ്യാലയത്തിന്റെ അന്യാദൃശമായപ്രത്യേകത ഇവിടെ ക്രിയായോഗദീക്ഷ നൽകുന്നുവെന്നതാണ്. കുട്ടികൾ നിത്യവും തങ്ങളുടെ ആധ്യാത്മികസാധന ശീലിക്കുകയും, ഗീതാപാരായണത്തിൽ വ്യാപൃതരാവുകയും ചെയ്യുന്നു; സരളത, ആത്മപരിത്യാഗം, സ്വാഭിമാനം, സത്യം എന്നീ സദ്ഗുണങ്ങളുടെ മഹത്വം സാരോപദേശങ്ങളും മാതൃകകളും കൊണ്ട് അവരെ പഠിപ്പിക്കുന്നു. യാതൊന്നാണോ സന്താപം ജനിപ്പിക്കുന്നത് അതാണ് തിന്മയെന്ന് അവർക്ക് ചൂണ്ടിക്കാട്ടി കൊടുക്കുന്നു. യഥാർഥ സന്തോഷമായി പരിണമിക്കുന്ന പ്രവൃത്തികളാണ് നന്മ. തിന്മയെ വിഷമയമായ തേനിനോട് ഉപമിക്കാം; അതു പ്രലോഭിപ്പിക്കുന്നു, പക്ഷേ മാരകമാണുതാനും.ശരീരത്തിന്റെയും മനസ്സിന്റെയും അസ്വസ'ഥതയെ അതിജീവിക്കാനുള്ള ഏകാഗ്രതാപരിശീലനമാർഗങ്ങൾ അത്ഭുതകരമായ ഫലങ്ങൾ ഉളവാക്കിയിട്ടുണ്ട്: ഒമ്പതോ പത്തോ വയസ്സുപ്രായമുള്ള ബാലന്റെ ആകർഷകമായ രൂപം ഇമവെട്ടാതെ, ദൃഷ്ടി ആത്മീയനേത്രത്തിൽ കേന്ദ്രീകരിച്ച് ഒന്നോ അതിലധികമോ മണിക്കൂർനേരം സമതുലിതമാക്കിയ ശരീരത്തോടെ തുടർച്ചയായി ഇരിക്കുന്ന കാഴ്ച റാഞ്ചിയിൽ പുതുമയല്ലഫലവൃക്ഷത്തോട്ടത്തിൽ ധന്യനായ ഗുരുദേവൻ ലാഹിരി മഹാശയന്റെ പ്രതിമയുള്ള ഒരു ശിവക്ഷേത്രമുണ്ട്. നിത്യേനയുള്ള പ്രാർഥനകളുംവേദാധ്യയനവും മാവിൻതണലിൽ നടത്തുന്നു.റാഞ്ചി എസ്റ്റേറ്റിലെ യോഗദാ സത്സംഗ സേവാശ്രമം ഭാരത ത്തിലെ ആയിരക്കണക്കിനു പാവങ്ങൾക്കു സൗജന്യമായി ശസ്ത്രക്രിയ ചെയ്തുകൊടുക്കുകയും ഔഷധങ്ങൾ നൽകുകയും ചെയ്യുന്നു.റാഞ്ചി സമുദ്രനിരപ്പിൽനിന്ന് രണ്ടായിരം അടി ഉയരത്തിൽ സ'ഥിതിചെയ്യുന്നു; കാലാവസ'ഥ സൗമ്യവും സമശീതോഷ്ണവുമാണ്. ഒരു വലിയ കുളത്തിന്റെ അരികിലായി സ'ഥിതിചെയ്യുന്ന 20 ഏക്കർ വിസ്തീർണമുള്ള ഈ വളപ്പിൽ ഭാരതത്തിലെ ഏറ്റവും നല്ല സ്വകാര്യ ഫലവൃക്ഷത്തോട്ടങ്ങളിലൊന്നാണുള്ളത്. മാവ്, ഈന്തപ്പന, പേര, ലിച്ചി, പ്ലാവ് മുതലായ അഞ്ഞൂറു ഫലവൃക്ഷങ്ങൾ ഇവിടെയുണ്ട്.റാഞ്ചിയിലെ ഗ്രന്ഥാലയത്തിൽ ഇംഗ്ലീഷ്, ബംഗാളി ഭാഷകളിൽ പാശ്ചാത്യ-പൗരസ്ത്യദേശങ്ങളിൽനിന്ന് സംഭാവനയായി ലഭിച്ച അസംഖ്യം മാസികകളും ആയിരം ഗ്രന്ഥങ്ങളുമുണ്ട്. ലോകമതഗ്രന്ഥങ്ങളുടെ ഒരു ശേഖരവും ഇവിടെകാണാം. ഭംഗിയായി ഇനം തിരിച്ചു സജ്ജീകരിച്ചിട്ടുള്ള ഒരു കാഴ്ചബംഗ്ളാവ് അമൂല്യരത്നങ്ങളും, പുരാവസ്തുസംബന്ധവും ഭൂതത്വ, നരവംശശാസ്ത്രപരങ്ങളുമായ കൗതുകവസ്തുക്കളും പ്രദർശിപ്പിക്കുന്നു: ഇവയിൽ അധികവും ജഗദീശ്വരന്റെ വൈവിധ്യമാർന്ന ഭൂപ്രദേശങ്ങളിലൂടെ എന്റെ സഞ്ചാരത്തിന്റെ സ്മരണികകളാണ്.4റാഞ്ചിയുടെ ഗുരുകുലസമ്പ്രദായം യോഗാഭ്യാസനത്തിന്റെ പ്രത്യേകതകളുള്ള ശാഖാവിദ്യാലയങ്ങൾ തുറന്നുകഴിഞ്ഞിരിക്കുന്നു. അവ ഇപ്പോൾ നല്ലനിലയിൽ പ്രവർത്തിക്കുന്നു. പശ്ചിമബംഗാളിലെ പുരുലിയ ജില്ലയിലെ ലക്ഷ്മണപുരത്ത്5

ആൺകുട്ടികൾക്കായുള്ള യോഗദാ സത്സംഗ വിദ്യാപീഠവും മിഡ്നാപുരം ജില്ലയിൽ എജ്മാലിചക്കിലെ യോഗദാ ഹൈസ്ക്കൂളും ആശ്രമവുമാണ് ഇവ.ദക്ഷിണേശ്വരത്ത് ഗംഗാനദിക്ക് അഭിമുഖമായി തല ഉയർത്തി നിൽക്കുന്ന യോഗദാ മഠം6 1939-ൽ സമർപ്പണംചെയ്യപ്പെട്ടു. കൽക്കത്തക്ക് ഏതാനും മൈൽമാത്രം വടക്കുള്ള ഈ ആശ്രമം നഗരവാസികൾക്ക് ഒരു പ്രശാന്തിനിലയമാണ്.യോഗദാ സത്സംഗ സൊസൈറ്റിയുടെയും അതിനു ഭാരതത്തിന്റെ വിവിധഭാഗങ്ങളിലുള്ള വിദ്യാലയങ്ങളുടെയും കേന്ദ്രങ്ങളുടെയും ആശ്രമങ്ങളുടെയും തലസ'ഥാനം ദക്ഷിണേശ്വരം മഠമാണ്. യോഗദാ സത്സംഗ സൊസൈറ്റി ഒഫ് ഇൻഡ്യയെ, അന്താരാഷ്ട്രതലസ'ഥാനമായ, അമേരിക്കയിൽ കാലിഫോർണിയയിലെ ലോസ് ആൻജലീസിലുള്ള, സെൽഫ്-റിയലൈസേഷൻ ഫേലോഷിപ്പുമായി നിയമാനുസൃതമായി ബന്ധപ്പെടുത്തിയിരിക്കുന്നു. യോഗദാ സത്സംഗ പ്രവർത്തനങ്ങളിൽ ഭാരതത്തിന്റെ എല്ലാ ഭാഗങ്ങളിലുമുള്ള വിദ്യാർഥികൾക്ക് മാസംതോറും പാഠങ്ങൾ അയച്ചുകൊടുക്കുകയും ഉൾപ്പെടുന്നു. യോഗദാ സത്സംഗ സൊസൈറ്റിയുടെ ഊർജവത്കരണം, ഏകാഗ്രതാ പരിശീലനം, ധ്യാനം എന്നിവയിൽ വിശദമായ നിർദേശങ്ങൾ ഈ പാഠങ്ങൾ നൽകുന്നു. യോഗ്യതനേടിയ വിദ്യാർഥികൾക്ക് പിന്നീടുള്ള പാഠങ്ങളിൽ കൊടുത്തിട്ടുള്ള ഉയർന്ന ക്രിയായോഗസാധനയ'ക്ക് ഒഴിച്ചുകൂടാനാവാത്ത അടിസ'ഥാനമാണ് ഇവയുടെ കൃത്യമായ പരിശീലനം.യോഗദായുടെ വിദ്യാഭ്യാസ, മത, ആതുരസേവനപരമായ പ്രവർത്തനങ്ങൾക്ക് ധാരാളം അധ്യാപകരുടെയും പ്രവർത്തകരുടെയും ആത്മാർഥമായ അർപ്പണമനോഭാവത്തോടുകൂടിയ സേവനം കൂടിയേതീരൂ. അവരുടെ പേരിന്റെ ഒരുപട്ടിക ഞാൻ ഇവിടെ നിരത്തുന്നില്ല, കാരണം അവർ അസംഖ്യമാണ്; പക്ഷേ എന്റെ ഹൃദയത്തിൽ അവർ ഓരോരുത്തർക്കും ഉജ്വലമായ ഓരോ സ'ഥാനമുണ്ട്.മി. റൈറ്റ് റാഞ്ചിയിലെ അനേകം കുട്ടികളുമായി സൗഹൃദം സ'ഥാപിച്ചു; ലളിതമായ ഒരു ധോത്തിധരിച്ച് അദ്ദേഹം അല്പകാലം അവരുടെകൂടെ താമസിച്ചു. ബോംബെ, റാഞ്ചി, കൽക്കത്ത, ശ്രീരാമപുരം എന്നുവേണ്ട എവിടെയൊക്കെപ്പോയോ അവിടെയല്ലാംവെച്ച് മിഴിവുറ്റ വർണനാപാടവത്തിന്റെ സിദ്ധിയുള്ള എന്റെ സെക്രട്ടറി യാത്രാക്കുറിപ്പിൽ തന്റെ സാഹസികാനുഭവങ്ങളെക്കുറിച്ച് എഴുതുമായിരുന്നു. ഒരു സായാഹ്നത്തിൽ ഞാൻ അദ്ദേഹത്തോട് ഒരു ചോദ്യം ചോദിച്ചു. ‘ ‘ഡിക്, ഭാരതത്തെപ്പറ്റി എന്താണ് നിന്റെ പൊതുവെയുള്ള ധാരണ?’ ’ ‘ ‘ശാന്തി,’ ’ അദ്ദേഹം ചിന്തിച്ചിട്ടുപറഞ്ഞു. ‘ ‘ഈ നാടിന്റെ ഗോത്രപരിവേഷം ശാന്തിയാണ്. ’ ’ [image file=image_rsrc44J.jpg] ഭഗവാൻ കൃഷ്ണന്റെ ജനനവും ബാല്യവുമായി ബന്ധപ്പെട്ട മഥുരയിൽ യോഗാനന്ദൻ യമുനാനദിയിലൂടെ ഒരു വഞ്ചി യാത്രയിൽ 1935-ൽ. (മധ്യത്തിൽ നിന്ന് വലത്തോട്ട് ഇരിക്കുന്നവർ) യോഗാനന്ദന്റെ ജ്യേഷ്ഠ സഹോദരൻ അനന്തലാൽ ഘോഷിന്റെ മകൾ, യോഗാനന്ദജിയുടെ ഇളയ സഹോദരൻ സനന്ദലാൽ ഘോഷ്, റിച്ചർഡ്. സി. റൈറ്റ്. [image file=image_rsrc44R.jpg] 1917-ൽ ആൺകുട്ടികൾക്കുള്ള അദ്ദേഹത്തിന്റെ ആദ്യത്തെ വിദ്യാലയം സ'ഥാപിച്ചിരുന്നിടത്തേക്കുള്ള ഒരു സന്ദർശന വേളയിൽ പരമഹംസ യോഗാനന്ദൻ ദാമോദറിൽ ദിഹികക്കടുത്ത്, 1935 ഡിസംബർ 18 ന് എടുത്ത ചിത്രം. ഒരിക്കൽ ഏകാന്തവും തനിക്കു പ്രിയപ്പെട്ട കോണുമായിരുന്ന തകർന്ന ഒരു ഗോപുരത്തിന്റെ വാതിലിൽ അദ്ദേഹം ധ്യാനനിരതനായി ഇരിക്കുകയാണ് [image file=image_rsrc44W.jpg] യോഗാനന്ദനും (മധ്യത്തിൽ) സെക്രട്ടറി റിച്ചർഡ് റൈറ്റും (വലത്, ഇരിക്കുന്നു) റാഞ്ചിയിൽ ജൂലൈ 17, 1936. ആദിവാസി വിദ്യാർത്ഥിനികൾക്കു വേണ്ടിയുള്ള യോഗാനന്ദന്റെ സ്കൂളിലെ അധ്യാപകരും വിദ്യാർത്ഥികളുമാണ് അവർക്ക് ചുറ്റും. [image file=image_rsrc451.jpg] ശ്രീയോഗാനന്ദൻ ആൺകുട്ടികൾക്കുള്ള യോഗദാ സത്സംഗ വിദ്യാലയത്തിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒപ്പം റാഞ്ചിയിൽ 1936-ൽ. കാസിംബസാറിലെ മഹാരാജാവിന്റെ സംരക്ഷണത്തിൽ ഈ സ'ഥാപനത്തിലേക്ക് ബംഗാളിലെ ദിഹികയിൽ യോഗാനന്ദജി സ'ഥാപിച്ച ഈ സ്കൂൾ മാറ്റുകയായിരുന്നു. [image file=image_rsrc456.jpg] ദക്ഷിണേശ്വരത്ത് ഗംഗാതീരത്തിൽ, യോഗാനന്ദജി 1939ൽ സ'ഥാപിച്ച യോഗദാ മഠം. യോഗദാ സത്സംഗ സൊസൈറ്റി ഒഫ് ഇൻഡ്യയുടെ രജിസ്റ്റേഡ് ഓഫീസ്. [image file=image_rsrc45B.jpg] 1 ഉപഭൂഖണ്ഡത്തിന്റെ കുറുകെയുള്ള യാത്രയുടെ പകുതിയിൽ മധ്യപ്രദേശിലെ വർധായിൽ മഹാത്മാഗാന്ധിയെ കാണാൻ ഞങ്ങൾ യാത്രയ'ക്കിടയിൽ ഇറങ്ങി. ആ ദിവസങ്ങൾ 44-ാം അധ്യായത്തിൽ വിവരിച്ചിട്ടുണ്ട്.2 ഒരു മൂർഖൻപാമ്പ് അടുത്തെത്തിയപ്പോൾ ഗുരുദേവന്റെകൂടെയുണ്ടായിരുന്ന കുട്ടിയാണ് പ്രഫുല്ലൻ.3 അർത്ഥം പൂർണ്ണമായ അഭിവാദ്യം. സംസ്കൃതത്തിലെ മൂലപദം 'പ്ര' എന്നാൽ പൂർണ്ണമായ 'നമ' എന്നാൽ വന്ദനം അഥവാ നമസ്ക്കാരം.4 പരമഹംസയോഗാനന്ദൻ ശേഖരിച്ച, ഇതുപോലെയുള്ള പ്രദർശനവസ്തുക്കളുടെ പാശ്ചാത്യദേശത്തെ കാഴ്ചബംഗ്ളാവ് കാലിഫോർണിയയിൽ പസഫിക് പാലിസെയ്ഡ്സിലെ SRF തടാകദേവാലയത്തിൽ സ'ഥിതിചെയ്യുന്നു. (പ്രസാധക കുറിപ്പ്)5 ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുംവേണ്ടി അനേകം യോഗദാ വിദ്യാഭ്യാസസ'ഥാപനങ്ങൾ ഭാരതത്തിന്റെ നാനാഭാഗങ്ങളിലും സ'ഥാപിക്കപ്പെട്ടു. അവ ഇന്ന് അഭിവൃദ്ധിപ്രാപിച്ചുകൊണ്ടിരിക്കുകയുംചെയ്യുന്നു. ഇവ ശിശുവിഹാരങ്ങൾ മുതൽ കലാശാലാ തലംവരെ വ്യാപിച്ചിരിക്കുന്നു. (പ്രസാധക കുറിപ്പ്)6 യോഗദാ എന്നത് യോഗ. (ഒത്തുചേരൽ, രമ്യത, സന്തുലനം) ദാ (തരുന്നത്) എന്ന വാക്കുകളിൽനിന്നാണ് ഉണ്ടായിരിക്കുന്നത്. സത്സംഗ സത്യവുമായുള്ള സഖ്യം.മനുഷ്യശരീരത്തെ പ്രപഞ്ചസ്രോതസ്സിൽ നിന്നുള്ള ഊർജംകൊണ്ട്

പുനർപൂരണം ചെയ്യുവാനുള്ള തത്ത്വങ്ങൾ 1916-ൽ പരമഹംസയോഗാനന്ദൻ പുനർവിഭാവനം ചെയ്തപ്പോൾ അദ്ദേഹം പദസൃഷ്ടി ചെയ്തതാണ് യോഗദാ.അദ്ദേഹത്തിന്റെ ആശ്രമസംഘടനയെ സത്സംഗ എന്ന് ശ്രീ യുക്തേശ്വരൻ വിളിച്ചു; അദ്ദേഹത്തിന്റെ ശിഷ്യനായ പരമഹംസജി സ്വാഭാവികമായും ആ പേര് നിലനിർത്താൻ ആഗ്രഹിച്ചു.'യോഗദാ സത്സംഗ സൊസൈറ്റി ഒഫ് ഇൻഡ്യ' ശാശ്വതമായി നിലനിൽക്കാൻ രൂപകല്പന ചെയ്യപ്പെട്ട, ലാഭേച്ഛാരഹിതമായ ഒരു സ'ഥാപനമാണ്. ഭാരതത്തിലെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളും സ'ഥാപനങ്ങളും യോഗാനന്ദജി ഏകോപിപ്പിക്കുകയുണ്ടായി. പശ്ചിമബംഗാളിൽ ദക്ഷിണേശ്വരത്തെ യോഗദാമഠത്തിൽ ഒരു നിർവാഹകസമിതി അവയെല്ലാം ഇപ്പോൾ കഴിവുറ്റരീതിയിൽ ഭരിക്കുകയുംചെയ്യുന്നു. ഭാരതത്തിന്റെ നാനാഭാഗങ്ങളിൽ അനേകം യോഗദാ സത്സംഗ ധ്യാനകേന്ദ്രങ്ങൾ ഇപ്പോൾ ഭംഗിയായി പ്രവർത്തിച്ചുവരുന്നു.പാശ്ചാത്യദേശത്ത് യോഗാനന്ദജി തന്റെ സൊസൈറ്റിയുടെ പേര് ഇംഗ്ലീഷിലാക്കി അതിന്റെ പ്രവർത്തനങ്ങൾ Self-Realization Fellowship എന്ന പേരിൽ സംഘടിപ്പിച്ചു. ശ്രീ ശ്രീ സ്വാമി ചിദാനന്ദ ഗിരിയാണ് യോഗദാ സത്സംഗ സൊസൈറ്റിയുടെയും സെൽഫ്-റിയലൈസേഷൻ ഫേലോഷിപ്പിന്റെയും ഇപ്പോഴത്തെ അധ്യക്ഷൻ.അധ്യായം 41ഒരു ദക്ഷിണേന്ത്യൻ പര്യടനഗാഥ ‘ ‘ആ ക്ഷേത്രത്തിൽ ആദ്യം പ്രവേശിക്കുന്ന പാശ്ചാത്യൻ നീയാണ് ഡിക്. മറ്റുപലരും അതിന് വിഫലമായി ശ്രമിച്ചിട്ടുണ്ട്.’ ’ എന്റെ വാക്കുകൾ കേട്ട് മി. റൈറ്റ് അല്പം അമ്പരന്നതു പോലെ തോന്നി-അതിനു ശേഷം ആഹ്ലാദിച്ചു. ദക്ഷിണേന്ത്യയിലെ മൈസൂർ നഗരത്തെ മേലേനിന്നു വീക്ഷിച്ചുകൊണ്ട് കുന്നിൻ മുകളിൽ സ'ഥിതി ചെയ്യുന്ന മനോഹരമായ ചാമുണ്ഡീ ക്ഷേത്രം സന്ദർശിച്ച് ഞങ്ങൾ വെളിയിൽ കടന്നതേ ഉണ്ടായിരുന്നുള്ളൂ. അവിടെ മൈസൂർ രാജ കുടുംബത്തിന്റെ കുലദേവതയായ ചാമുണ്ഡീദേവിയുടെ സ്വർണരജത പ്രതിഷ്ഠയെ ഞങ്ങൾ വണങ്ങിയിരുന്നു. ‘ ‘ആ അപൂർവ ബഹുമതിയുടെ സ്മാരകമായി’ ’, ഏതാനും റോസാദലങ്ങൾ ശ്രദ്ധയോടെ പൊതിഞ്ഞുകൊണ്ട് മി. റൈറ്റ് പറഞ്ഞു, ‘ ‘പൂജാരി തീർഥജലം തളിച്ചു പവിത്രമാക്കിയ ഈ ദലങ്ങൾ ഞാൻ എന്നെന്നും സൂക്ഷിക്കും.’ ’ എന്റെ സഹചരനും ഞാനും1 1935 നവംബർ മാസം മൈസൂർ രാജാവിന്റെ അതിഥികളായി കഴിയുകയായിരുന്നു. മഹാരാജാവിന്റെ കിരീടാവകാശി2 യുവരാജ ശ്രീ കൺഠീരവ നരസിംഹ രാജ വാഡിയാർ തന്റെ പ്രബുദ്ധവും പുരോഗമനോന്മുഖവുമായ രാജ്യം സന്ദർശിക്കാൻ എന്നെയും എന്റെ സെക്രട്ടറിയേയും ക്ഷണിച്ചിരുന്നു.കഴിഞ്ഞ രണ്ടാഴ്ചക്കാലമായി ആയിരക്കണക്കിന് പൗരജനങ്ങളെയും വിദ്യാർഥികളെയും മൈസൂർ പട്ടണത്തിലെ ടൗൺഹാൾ, മഹാരാജാസ്കോളേജ്, യുനിവേഴ്സിറ്റി മെഡിക്കൽസ്ക്കൂൾ എന്നിവിടങ്ങളിൽ വച്ചും, മൂവായിരം ആളുകൾ സംബന്ധിച്ച ബാംഗ്ളൂരിലെ നാഷണൽഹൈസ്ക്കൂൾ, ഇന്റർമീഡിയറ്റ്കോളേജ്, ചെട്ടി ടൗൺ ഹാൾ എന്നിവിടങ്ങളിലെ മൂന്നു പൊതുയോഗങ്ങളിൽവച്ചും ഞാൻ അഭിസംബോധന ചെയ്തിരുന്നു.ആകാംക്ഷാഭരിതരായ ശ്രോതാക്കൾക്ക്, ഞാൻ വരച്ചു കാട്ടിയ അമേരിക്കയുടെ ഉജ്വലമായചിത്രം വിശ്വസിക്കുവാൻ കഴി ഞ്ഞോയെന്ന് എനിക്കറിയില്ല; എങ്കിലും പൗരസ്ത്യപാശ്ചാത്യദേശങ്ങളുടെ ഏറ്റവും നല്ല പ്രത്യേകതകളുടെ കൈമാറ്റത്താൽ ലഭിക്കാവുന്ന പരസ്പരപ്രയോജനങ്ങളെപ്പറ്റി ഞാൻ പറഞ്ഞപ്പോഴായിരുന്നു, എപ്പോഴും, ഉച്ചത്തിലുള്ള കരഘോഷം.മി. റൈറ്റും ഞാനും ഇപ്പോൾ ഉഷ്ണമേഖലാപ്രദേശത്തിന്റെ പ്രശാന്തിയിൽ വിശ്രമിക്കുകയായിരുന്നു. മി. റൈറ്റിന്റെ യാത്രാ ഡയറിയിൽ തന്റെ അനുഭവങ്ങളുടെ ഇനിപ്പറയുന്ന വിവരണം ചേർത്തിരിക്കുന്നു: ‘ ‘ ആകാശവിശാലതയിൽ ഈശ്വരൻ വിലങ്ങനെ വിതിർത്തിട്ട സദാമാറിക്കൊണ്ടിരിക്കുന്ന ചിത്രപട്ടാംബരത്തിൽ എല്ലാംമറന്ന് മിഴികൾ അർപ്പിച്ച് ഹർഷോന്മാദത്തിന്റെ എത്രയോ നിമിഷങ്ങൾ ഞങ്ങൾ ചെലവഴിച്ചു. നവചൈതന്യം തുടിക്കുന്ന വർണങ്ങൾ അദ്ദേഹത്തിന്റെ ദിവ്യസ്പർശത്തിനുമാത്രമേ സൃഷ്ടിക്കാൻകഴിയൂ. വെറും ചായക്കൂട്ടുപയോഗിച്ച് അതിനെ അനുകരിക്കാൻ മനുഷ്യൻ ശ്രമിക്കുമ്പോൾ വർണങ്ങളുടെ ആ യുവചൈതന്യം നഷ്ടപ്പെടുന്നു, കാരണം, വളരെ ലളിതവും ഫലപ്രദവുമായ ഒരു മാധ്യമം-എണ്ണച്ചായമോ നിറക്കൂട്ടോ അല്ലാ വെറും പ്രകാശകിരണങ്ങൾ-ആണ് ജഗൽപ്രഭു ഉപയോഗിക്കുന്നത്. അദ്ദേഹം ഒരിടത്ത് കുറെ പ്രകാശം തെറിപ്പിക്കുന്നു, അത് ചുവപ്പായി പ്രതിഫലിക്കുന്നു. അദ്ദേഹം വീണ്ടും തന്റെ ബ്രഷ് ചലിപ്പിക്കുന്നു, വർണങ്ങൾ ക്രമേണ ഓറഞ്ചും സുവർണവുമായിതീരുന്നു; തുടർന്ന് കരിംചുവപ്പിന്റെ ഒരു വര കൊണ്ട് അദ്ദേഹം മേഘങ്ങളെ കുത്തിക്കീറുന്നു. ആ മുറിവിൽ നിന്ന് ചുവപ്പിന്റെ ഒരു ചെറുചുരുൾ, അല്ലെങ്കിൽ അതിന്റെ ഓരത്തിലെ നിറം, ഊറിയിറങ്ങുന്നു. അങ്ങനെ, വീണ്ടും വീണ്ടും അദ്ദേഹത്തിന്റെ ലീല തുടരുന്നു. പ്രദോഷത്തിലും പ്രഭാതത്തിലും ഒരേപോലെ, എപ്പോഴും വ്യത്യസ്തമായി, എപ്പോഴും പുതുമയോടെ, എപ്പോഴും നവംനവമായി; ആവർത്തനമില്ലാ, ഒരേ മാതൃകകളോ നിറങ്ങളോ ഇല്ല. ഭാരതത്തിൽ പകലിനു രാത്രിയിലേക്കും രാത്രിക്കു പകലിലേക്കുമുള്ള മാറ്റത്തിന്റെ സൗന്ദര്യം മറ്റ് ഏതുപ്രദേശം എടുത്താലും താരതമ്യപ്പെടുത്താനാവില്ല. ഈശ്വരൻ തന്റെ ഭാണ്ഡത്തിലെ ചായക്കൂട്ടു മുഴുവനെടുത്ത് നഭോമണ്ഡലത്തിലേക്ക് ചുഴറ്റിയെറിഞ്ഞ് വിചിത്രവർണാഭമാക്കിയതുപോലെയാണ് ആകാശം പലപ്പോഴും കാണപ്പെടുക. ‘ ‘മൈസൂർപട്ടണത്തിന് പന്ത്രണ്ടുമൈൽ വെളിയിലുള്ള കൂറ്റൻ കൃഷ്ണരാജസാഗർ3 അണക്കെട്ട് സായംസന്ധ്യയിൽ സന്ദർശിച്ചതിന്റെ മഹത്തായ അനുഭൂതി ഞാൻ പറഞ്ഞറിയിച്ചു കൊള്ളട്ടെ. യോഗാനന്ദജിയും ഞാനും ഒരു കൊച്ചുബസിലാണു തിരിച്ചത്.

ബാറ്ററിക്കുപകരം ക്രാപ്പുകറക്കി വണ്ടിസ്റ്റാർട്ടാക്കുന്ന ഒരു കൊച്ചുപയ്യനും ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു. റോഡ് നിരപ്പായതെങ്കിലും താറിട്ടതായിരുന്നില്ല. ഏറെ പഴുത്ത ഒരു തക്കാളിപോലെ സൂര്യൻ ചക്രവാളത്തിൽ ഉടഞ്ഞസ്തമിക്കുകയായിരുന്നു. ‘ ‘ചതുരാകൃതിയിൽ എമ്പാടുമുള്ള നെൽപാടങ്ങളും സുഖദമായ പേരാലുകളുടെ കാവുകളും ഇടയ'ക്കിടെ തല ഉയർത്തി നിൽക്കുന്ന തെങ്ങുകളും കടന്ന് ഞങ്ങളുടെ യാത്ര മുമ്പോട്ടുനീങ്ങി; ഏതാണ്ട് എല്ലായിടത്തും സസ്യജാലങ്ങൾ കാട്ടിലെപ്പോലെ നിബിഡമായിരുന്നു. നക്ഷത്രങ്ങളും, കരയിലെ തെങ്ങുകളും മറ്റു വൃക്ഷങ്ങളും പ്രതിബിംബിക്കുന്ന ഒരു അതിവിശാലമായ കൃത്രിമ ജലാശയം ഒരു കുന്നിൻമുകളിലെത്തിയ ഞങ്ങൾ കണ്ടു; തട്ടുതട്ടായി തിരിച്ച മനോഹരമായ പൂന്തോട്ടങ്ങളും വൈദ്യുതദീപങ്ങളുടെ നിരകളും അതിനു ചുറ്റുമുണ്ടായിരുന്നു. ‘ ‘അണക്കെട്ടിന്റെ വക്കത്ത് കണ്ണഞ്ചിക്കുന്ന ഒരു കാഴ്ച ഞങ്ങൾ കണ്ടു: തെളിച്ചമുള്ള നിറങ്ങളിൽ മഷി ചീറ്റിവീഴുംപോലെ ജലധാരയിൽ കുതിച്ചുയരുന്ന വർണരാജികൾ; തിളങ്ങുന്ന നീലനിറത്തിലും കുങ്കുമനിറത്തിലും, പച്ചയിലും, മഞ്ഞയിലുമുള്ള വെള്ളച്ചാട്ടങ്ങൾ; തുമ്പിക്കൈയ്യിലൂടെ വെള്ളം ചീറ്റിവിടുന്ന ഗംഭീരരൂപികളായ ശിലാഗജങ്ങൾ. 1933-ലെ ഷിക്കാഗോ ലോകമേളയുടെ വൈദ്യുതജലധാരകളെ ഇവ ഓർമിപ്പിച്ചു. പ്രദീപ്തമായ ധാരായന്ത്രങ്ങളുള്ള ഈ അണക്കെട്ട് നെൽവയലുകളുടെയും സാധാരണക്കാരുടെയുമായ ഈ പുരാതന നഗരത്തിൽ ആധുനികമെന്ന നിലയിൽ ശ്രേഷ്ഠമാണ്. യോഗാനന്ദജിയെ അമേരിക്കയിലേക്ക് തിരിച്ചുകൂട്ടിക്കൊണ്ടുവരുന്നതിന് എനിക്കുള്ളതിൽ കവിഞ്ഞ ശക്തി വേണ്ടിവരുമോയെന്ന് ഞാൻ ഭയപ്പെടത്തക്കവണ്ണം സ്നേഹനിർഭരമായ ഒരു സ്വീകരണമാണ് ഭാരതീയർ ഞങ്ങൾക്കുതന്നത്. ‘ ‘ മറ്റൊരു അപൂർവബഹുമതി-എന്റെ ആദ്യത്തെ ആനപ്പുറത്തുള്ള സവാരിയാണ്. കൂറ്റനായ ഒരാനയുടെ പുറത്തു കയറിയുള്ള സവാരി ആസ്വദിക്കാനായി അദ്ദേഹത്തിന്റെ വേനൽക്കാലകൊട്ടാരത്തിലേക്ക് യുവരാജാവ് ഇന്നലെ ഞങ്ങളെ ക്ഷണിച്ചു. പട്ടുതുണികൊണ്ടുള്ള മൃദുലമായ ഇരിപ്പിടംവച്ച പെട്ടിപോലുള്ള അമ്പാരിയിലേക്ക് ഒരു ഏണിവഴി ഞാൻ കയറി; അതിനുശേഷം ആടിയും ഉലഞ്ഞും മേലേക്ക് എറിഞ്ഞും താഴേക്ക് അമർന്ന് കുഴിയിലേക്ക് വീഴുന്നമാതിരി താണും നീങ്ങിയ, വെപ്രാളമോ ആശ്ചര്യമോ കാട്ടാനാവാത്തവിധം ഹരംപകരുന്ന, പക്ഷേ പ്രിയപ്പെട്ട ജീവനുവേണ്ടി അള്ളിപ്പിടിച്ചു ഞാന്നുകിടന്ന ഒരു യാത്ര!’ ’ ചരിത്രപരവും പുരാവസ്തു ഗവേഷണപ്രധാനവുമായ നഷ്ടാവശിഷ്ടങ്ങൾകൊണ്ടു സമ്പന്നമായ ദക്ഷിണഭാരതം സ്പഷ്ടവും എന്നാൽ അനിർവചനീയവുമായ വശ്യതയുള്ള ഒരുനാടാണ്. മൈസൂറിനും വടക്കാണ് ഹൈദരാബാദ്. കരുത്തുറ്റ ഗോദാവരീനദി മുറിച്ചൊഴുകുന്ന ചിത്രസുന്ദരമായ ഒരു പീഠഭൂമിയാണിത്. വിശാലവും ഫലഭൂയിഷ്ഠവുമായ സമതലങ്ങൾ, മനോഹരമായ നീലഗിരി, ചുണ്ണാമ്പുകല്ലോ കരിങ്കല്ലോ ആയ മൊട്ടക്കുന്നുകളുള്ള മറ്റുസ'ഥലങ്ങൾ. ഹൈദരാബാദിന്റെചരിത്രം സുദീർഘവും വർണപ്പൊലിമയുള്ളതുമായ ഒരു കഥയാണ്. ആന്ധ്രാരാജാക്കന്മാരുടെ കീഴിൽ മൂവായിരം കൊല്ലംമുമ്പ് ആരംഭിച്ച്, ഏ.ഡി. 1294-ൽ മുസ്ലിം രാജപരമ്പരയ'ക്ക് കൈമാറുന്നതുവരെ ഹിന്ദുരാജവംശങ്ങളാണ് ഭരിച്ചിരുന്നത്.ഭാരതത്തിലൊട്ടാകെയുള്ള വാസ്തുശില്പവിദ്യ, കൊത്തുപണി, ചിത്രരചന എന്നിവയുടെ അതിമനോഹരമായ ദൃശ്യാവിഷ്കാരം ഹൈദരാബാദിലെ എല്ലോറ, അജന്ത4 എന്നീ പാറകൊത്തിയെടുത്ത ഗുഹകളിൽ ദൃശ്യമാണ്. എല്ലോറയിലെ കൈലാസമെന്ന ഭീമാകാരമായ ഒറ്റക്കല്ലിലുള്ളക്ഷേത്രത്തിൽ മൈക്കൽ ആൻജലോയുടെ ബൃഹത്തായശൈലിയിൽ കൊത്തിയെടുത്ത ദേവതകളുടെയും മനുഷ്യരുടെയും മൃഗങ്ങളുടെയും രൂപങ്ങളുണ്ട്. പാറയിൽ ചെത്തിയൊരുക്കി ശില്പവിധാനംകൊണ്ട് അലങ്കരിച്ച കനത്തകരിങ്കൽ തൂണുകൾ താങ്ങിനിർത്തുന്ന ഇരുപത്തിയഞ്ചു സന്ന്യാസിമഠങ്ങളുടെയും അഞ്ചു ഗുരുവിഹാരങ്ങളുടെയും ഇടമാണ് അജന്ത. ഇവിടെ കലാകാരന്മാരും ശില്പികളും തങ്ങളുടെ പ്രതിഭ അനശ്വരമാക്കിയിരിക്കുന്നു.ഉസ്മാനിയ സർവകലാശാലയും, പതിനായിരം മുസ്ലീങ്ങൾ പലപ്പോഴും പ്രാർഥനയ'ക്ക് ഒത്തുകൂടുന്ന ഗംഭീരമായ മെക്കാ മസ്ജിദ് പള്ളിയും ഹൈദരാബാദിന് അലങ്കാരമായിശോഭിക്കുന്നു.സമുദ്രനിരപ്പിൽനിന്ന് മൂവായിരം അടി ഉയരത്തിൽ സ'ഥിതിചെയ്യുന്ന മൈസൂർ സംസ'ഥാനം ഉഷ്ണമേഖലയിലെ നിബിഡവനങ്ങൾകൊണ്ട് സമ്പന്നമാണ്. കാട്ടാന, കാട്ടുപോത്ത്, കരടി, പുലി, കടുവ എന്നീ വന്യമൃഗങ്ങൾക്ക് അവ ആവാസസ'ഥാനവുമാണ്. പ്രധാന രണ്ടുനഗരങ്ങളായ ബാംഗ്ളൂരും മൈസൂറും വൃത്തിയും വെടിപ്പുമുള്ള അനേകം വിനോദസങ്കേതങ്ങളും പൊതു ഉദ്യാനങ്ങളും കൊണ്ട് ആകർഷകമാണ്.പതിനൊന്നു മുതൽ പതിനഞ്ചാം നൂറ്റാണ്ടുവരെ ഹിന്ദുരാജാക്കാന്മാരുടെ പരിപോഷണത്തിൽ ഹിന്ദു വാസ്തുവിദ്യയും ശില്പവേലയും അവയുടെ അത്യുൽകൃഷ്ടമായ മികവ് കൈവരിച്ചു. പതിനൊന്നാം നൂറ്റാണ്ടിൽ രാജാ വിഷ്ണുവർധനന്റെകാലത്ത് പണിപൂർത്തിയായ ബേലൂരിലെ ക്ഷേത്രം ശ്രേഷ്ഠമായ ഒരു കലാസൃഷ്ടിയാണ്. ഇതിന്റെ വിശദാംശങ്ങളിലെ സൗകുമാര്യവും ചൈതന്യധന്യമായ ചിത്രവേലയും അദ്വിതീയമാണ്.വടക്കൻമൈസൂറിൽ കാണുന്ന ശിലാശാസനങ്ങൾ ക്രി. മു. മൂന്നാം ശതകംമുതൽ ഉള്ളവയാണ്. ഭാരതവും അഫ്ഗാനിസ'ഥാനും ബലൂചിസ'ഥാനും ഉൾപ്പെട്ട വിസ്തൃതമായ സാമ്രാജ്യം ഭരിച്ചിരുന്ന അശോകർ5ചക്രവർത്തിയെക്കുറിച്ചുള്ള ഓർമകളിൽ വെളിച്ചം വീശുന്നവയാണ് ഇവ. വിവിധ പ്രാദേശികഭാഷകളിൽ ആലേഖനം ചെയ്തിട്ടുള്ള ‘ ‘അശോകന്റെ ധർമോപദേശങ്ങൾ’ ’ അന്നത്തെ പരക്കെയുള്ള സാക്ഷരതയ'ക്ക് തെളിവാണ്. പതിമൂന്നാം ശിലാശാസനം യുദ്ധങ്ങളെ അപലപിക്കുന്നു: ‘ ‘ആത്മീയമല്ലാതുള്ളവിജയങ്ങളെ യഥാർഥവിജയമായി കണക്കാക്കരുത്.’ ’

തന്റെ പ്രജകളെ ധാർമികപുരോഗതി നേടിയെടുക്കാൻ സഹായിക്കുന്നതിനെ ആശ്രയിച്ചാണ് ഒരു രാജാവിന്റെ യഥാർഥമഹത്വം ഇരിക്കുന്നതെന്ന് പത്താം ശിലാശാസനം പ്രഖ്യാപിക്കുന്നു. പതിനൊന്നാം ശിലാശാസനം ‘ ‘യഥാർഥ ദാനം’ ’ വസ്തുക്കളല്ല, ലോകനന്മ-സത്യത്തിന്റെ പ്രചാരണം- ആണെന്ന് നിർവചിക്കുന്നു. ആറാം ശിലാശാസനത്തിൽ, ‘ ‘രാത്രിയോ പകലോ ഏതു സമയത്തും’ ’ പൊതുകാര്യവിചാരണയ'ക്കായി തന്നോടു കൂടിയാലോചിക്കാൻ തന്റെ പ്രജകളെ അവരുടെ പ്രിയപ്പെട്ട രാജാവ് ക്ഷണിക്കുന്നു. രാജധർമത്തിന്റെ സത്യസന്ധമായപാലനത്തിലൂടെ ‘ ‘തന്റെ സഹജീവികളായ മനുഷ്യരോടുള്ള കടപ്പാടിൽനിന്ന് അങ്ങനെ താൻ മോചനംനേടുകയാ’ ’ ണെന്ന് അദ്ദേഹം തുടർന്നുപറയുന്നു.ഉഗ്രശാസനനായ ചന്ദ്രഗുപ്തമൗര്യന്റെ പൗത്രനായിരുന്നു അശോകൻ. മഹാനായ അലക്സാൻഡർ ഭാരതത്തിൽ അവശേഷിപ്പിച്ചിരുന്ന സൈന്യബലത്തെ ചന്ദ്രഗുപ്തൻ നശിപ്പിക്കുകയും, ക്രി. മു. 305-ൽ ആക്രമണത്തിനെത്തിയ സെല്യൂക്കസിന്റെ മാസിഡോണിയൻസൈന്യത്തെ തോല്പിക്കുകയും ചെയ്തു. അതിനുശേഷം, ഗ്രീക്കുകാരുടെ പ്രതിപുരുഷനായ മെഗാസ്തനീസിനെ അദ്ദേഹം തന്റെ ആസ'ഥാനമായ പാടലീപുത്ര6ത്തിൽ സ്വീകരിച്ചു. തന്റെ കാലത്തെ സന്തുഷ്ടവും കർമനിരതവുമായിരുന്ന ഭാരതത്തിന്റെ വർണനകൾ മെഗസ്തനീസ് നമുക്ക് നല്കിയിരിക്കുന്നു.വിജയശ്രീലാളിതനായ ചന്ദ്രഗുപ്തൻ, ഭാരതത്തിന്റെ ഭരണസാരഥ്യം ക്രി.മു. 298-ൽ തന്റെ മകനു കൈമാറി. ദക്ഷിണഭാരതത്തിലേക്ക് യാത്രചെയ്ത ചന്ദ്രഗുപ്തൻ, തന്റെ ജീവിതത്തിന്റെ അവസാനത്തെ പന്ത്രണ്ടുകൊല്ലം മൈസൂറിലെ ശ്രാവണബലഗോളയിൽ ഒരു ഗുഹയിൽ ഒരു ദരിദ്രതപസ്വിയായി ആത്മസാക്ഷാത്ക്കാരത്തിനുവേണ്ടി ചെലവഴിച്ചു. ഇത് ഇപ്പോൾമൈസൂറിലെ ഒരു ക്ഷേത്രമാണ്. ഗോമതേശ്വരന് ശ്രദ്ധാഞ്ജലി അർപ്പിക്കാൻ ഏ.ഡി. 983-ൽ അതിബൃഹത്തായ ഒരു പാറക്കെട്ടിൽ ജൈനന്മാർ കൊത്തിയെടുത്ത ലോകത്തിലെ ഏറ്റവും വലിയ ഒറ്റക്കൽപ്രതിമയുടെപേരിലും ഈ സ'ഥലം ഊറ്റംകൊള്ളുന്നു.ഭാരതത്തിലേക്ക് അലക്സാൻഡറുടെ സാഹസികയാത്രയിൽ അദ്ദേഹത്തെ അനുഗമിക്കുകയോ പിന്നീട് എത്തുകയോചെയ്ത യവനചരിത്രകാരന്മാരും മറ്റുപലരും രസകരമായ പല കഥകളും കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. ആറിയൻ, ഡിയോഡോറസ്, പ്ലൂട്ടാർക്ക്, ഭൂമിശാസ്ത്രജ്ഞനായ സ്റ്റാബോ എന്നിവരുടെ വിവരണങ്ങൾ ഡോ. ജെ. ഡബ്ളിയൂ. മക്രിൻഡിൽ7 വിവർത്തനം ചെയ്തിട്ടുണ്ട്. ഇവ പുരാതനഭാരതത്തിനുമേൽ പ്രകാശധാര പൊഴിക്കുന്നു. അലക്സാൻഡറുടെ വിജയകരമല്ലാതിരുന്ന ആക്രമണത്തിന്റെ ഏറ്റവും മതിപ്പുളവാക്കുന്ന പ്രത്യേകത ഹൈന്ദവദർശനങ്ങളിലും താൻ ഇടയ'ക്കിടെ കണ്ടുമുട്ടിയിരുന്ന യോഗികളിലും പുണ്യപൂരുഷന്മാരിലും അദ്ദേഹംകാട്ടിയ അഗാധമായ താല്പര്യമായിരുന്നു. അവരോടൊത്തുള്ള സത്സംഗം അദ്ദേഹം ആകാംക്ഷയോടെ തേടിയിരുന്നു. വടക്കേ ഇന്ത്യയിലെ തക്ഷശില8യിൽ ആ പാശ്ചാത്യയോദ്ധാവ് എത്തി അധികം താമസിയാതെ യവനദാർശനികൻ ഡയോജനീസിന്റെ ശിഷ്യനായ ഒനിസിക്രിത്തോസിനെ തക്ഷശിലയിലെ മഹാനായ സന്യാസി ദണ്ഡാമിസിനെ കൂട്ടിക്കൊണ്ടുവരുവാൻ പറഞ്ഞയച്ചു. ‘ ‘ബ്രാഹ്മണഗുരോ, അങ്ങയ'ക്ക് മംഗളം!’ ’ കാട്ടിലെ ആശ്രമത്തിലെത്തിയിട്ട് ഒനിസിക്രിത്തോസ് ദണ്ഡാമിസിനോടു പറഞ്ഞു. ‘ ‘ശക്തനായ സീയസ് ദേവന്റെ മകനും എല്ലാ മനുഷ്യരുടെയും പ്രഭുവുമായ അലക്സാൻഡർ അദ്ദേഹത്തിന്റെ അടുത്തേക്കു ചെല്ലാൻ അങ്ങയോട് ആവശ്യപ്പെടുന്നു. വഴങ്ങിയാൽ അദ്ദേഹം നിരവധി സമ്മാനങ്ങൾ അങ്ങയ'ക്കു നൽകും; വിസമ്മതിച്ചാൽ അദ്ദേഹം നിങ്ങളുടെ തലവെട്ടിക്കളയും!’ ’ ഏറെക്കുറെ കർക്കശമായ ഈ ക്ഷണം യോഗീന്ദ്രൻ ശാന്തനായികേട്ടു. എങ്കിലും ‘ ‘ഇലകൾ കൊണ്ടുള്ള ഇരിപ്പിടത്തിലിരുന്ന അദ്ദേഹം തല ഒന്ന് ഉയർത്തിനോക്കാൻപോലും കൂട്ടാക്കിയില്ല.’ ’ ‘ ‘അലക്സാൻഡർ സീയസിന്റെ പുത്രനാണെങ്കിൽ ഞാനും സീയസിന്റെ ഒരു പുത്രനാണ്,’ ’ അദ്ദേഹം അഭിപ്രായപ്പെട്ടു. ‘ ‘ അലക്സാൻഡറുടെ ഒന്നുംതന്നെ എനിക്ക് ആവശ്യമില്ല. കാരണം എനിക്കുള്ളതുകൊണ്ട് ഞാൻ തൃപ്തനാണ്. അദ്ദേഹമാകട്ടെ, തന്റെ ആളുകളുമായി സമുദ്രവും വൻകരകളും ഒരു പ്രയോജനവുമില്ലാതെ ചുറ്റിത്തിരിയുന്നു; തന്റെ അലച്ചിലിന്റെ അവസാനം ഒട്ടെത്തുന്നുമില്ല. ‘ ‘ പോകൂ, അലക്സാൻഡറോടു പറയൂ: ധിക്കാരത്തോടെ ചെയ്യുന്ന തെറ്റുകളുടെ കർത്താവല്ല രാജാധിരാജനായ ഈശ്വരൻ; മറിച്ച് അദ്ദേഹം പ്രകാശം, ശാന്തി, ജീവൻ, ജലം, മനുഷ്യശരീരം, ആത്മാക്കൾ എന്നിവയുടെ സ്രഷ്ടാവാണെന്ന്. മരണം അവരെ സ്വതന്ത്രരാക്കുമ്പോൾ അദ്ദേഹം എല്ലാ മനുഷ്യരെയും സ്വീകരിക്കും, കാരണം അവർ അപ്പോൾ രോഗമെന്ന തിന്മക്ക് വിധേയരല്ല. നരമേധത്തെ വെറുക്കുന്ന, യുദ്ധത്തിനു പ്രേരിപ്പിക്കാത്ത ഒരേ ഒരു ഈശ്വരനാണ് എന്റെ ആരാധനാപാത്രം. ‘ ‘അലക്സാൻഡർ ദൈവമൊന്നുമല്ല; കാരണം മരണം അവനും ഉണ്ടാകും,’ ’ ആ ഋഷിശ്രേഷ്ഠൻ അക്ഷോഭ്യമായ പരിഹാസത്തോടെ പറഞ്ഞു. ‘ ‘സാർവലൗകികമായ ആന്തരികസാമ്രാജ്യസിംഹാസനത്തിൽ ഇനിയും ഇരിപ്പുറപ്പിച്ചിട്ടില്ലാത്ത അയാളെപ്പോലെ ഒരാൾക്ക് ലോകത്തിന്റെ നായകനാകാൻ എങ്ങനെകഴിയും? അദ്ദേഹം ഇതുവരെ പാതാളലോകത്ത് ജീവനോടെ കടന്നു ചെന്നിട്ടില്ലെന്നു മാത്രമല്ല, ഈ ലോകത്തിലെ വിശാലമായ പ്രദേശങ്ങൾക്കു മീതെയുള്ള സൂര്യന്റെ ഗതിപോലും അയാൾ അറിയുന്നില്ല. മിക്ക രാജ്യങ്ങളും അദ്ദേഹത്തിന്റെ പേര് ഒന്നു കേൾക്കുകപോലും ചെയ്തിട്ടില്ല!’ ’ ‘ ‘ലോകപ്രഭു’ ’ വിന്റെ കാതുകളെ ആക്രമിക്കാൻ അയയ'ക്കപ്പെട്ടതിൽ തീർച്ചയായും ഏറ്റവും തീക്ഷ്ണമായ ഈ ശകാരത്തിനു ശേഷം ആ ഋഷീശ്വരൻ വ്യംഗ്യപരിഹാസത്തിൽ തുടർന്നു, ‘ ‘അലക്സാൻഡറുടെ ഇപ്പോഴുള്ള അധിനിവിഷ്ടദേശങ്ങൾ

അദ്ദേഹത്തിന്റെ അഭിവാഞ്ഛകൾ ക്കൊത്തവണ്ണം വിസ്തൃതമല്ലെങ്കിൽ അയാൾ ഗംഗാനദി കടക്കട്ടേ; അവിടെ തന്റെ മുഴുവൻ ഭടന്മാരെയും നിലയ'ക്കുനിർത്താൻ കഴിവുള്ള ഒരുനാട് അയാൾ കാണും.9
‘ ‘അലക്സാൻഡർ വാഗ്ദാനംചെയ്യുന്ന സമ്മാനങ്ങൾ എനിക്ക് ഒരുപയോഗവുമില്ലാത്തവയാണ്.’ ’ ദണ്ഡാമിസ് തുടർന്നു, എനിക്ക് അഭയം നൽകുന്ന വൃക്ഷങ്ങളും നിത്യേന ഭക്ഷണംതരുന്ന, പുഷ്പിക്കുന്ന ഫലസസ്യങ്ങളും ദാഹം ശമിപ്പിക്കുന്ന ജലവുമാണ് ഞാൻ വിലമതിക്കുന്നതും വാസ്തവത്തിൽ എനിക്ക് പ്രയോജനമുള്ളതും. ഉൽക്കണ്ഠാകുലമായ ചിന്തയോടെ ശേഖരിച്ചു കൂട്ടിവയ'ക്കുന്ന സമ്പാദ്യങ്ങൾ ഉടമസ'ഥനു വിനാശകാരിയായിത്തീരുകയാണു പതിവ്. അജ്ഞാനികളെയല്ലാം ബാധിക്കുന്ന ദു:ഖവും ക്ലേശവും മാത്രമാണ് അവ ഉണ്ടാക്കുന്നത്. ‘ ‘ ഞാനാണെങ്കിൽ കാട്ടിലെ ഇലകളിൽ കിടക്കുന്നു, ഒന്നും കാത്തുസൂക്ഷിക്കാനില്ലാത്തതിനാൽ ശാന്തമായ ഉറക്കത്തിൽ കണ്ണുപൂട്ടുന്നു; എന്നാൽ ലൗകികമായി വിലപിടിപ്പുള്ള എന്തെങ്കിലും എനിക്കുണ്ടായിരുന്നെങ്കിൽ ആ ഭാരം എന്റെ ഉറക്കത്തെ തുരത്തുമായിരുന്നു. ഒരമ്മ തന്റെ കുഞ്ഞിന് പാലു നൽകുന്നതുപോലെ ഭൂമി എനിക്ക് ആവശ്യമുള്ളതെല്ലാം തരുന്നു. ലൗകികക്ലേശങ്ങൾ അലട്ടാതെ എനിക്ക് ഇഷ്ടമുള്ളിടത്ത് ഞാൻ പോകുന്നു. ‘ ‘അലക്സാൻഡർ എന്റെ തല വെട്ടികളഞ്ഞന്നിരിക്കട്ടെ, എങ്കിലും അദ്ദേഹത്തിന് എന്റെ ആത്മാവിനെക്കൂടി നശിപ്പിക്കുവാൻ കഴിയുകയില്ല. അപ്പോൾ നിശ്ശബ്ദമായിത്തീരുന്ന എന്റെ തലയും, കീറിയ വസ്ത്രം പോലുള്ള ശരീരവും അവയുടെ മൂലഘടകങ്ങൾ എവിടെ നിന്നാണോ വന്നത്, ആ ഭൂമിയിൽ അവശേഷിക്കും. അപ്പോൾ ഞാൻ ആത്മാവായി ഈശ്വരനിലേക്ക് ഉയരും. ഈശ്വരനാണ് നാം ഭൂമിയിൽ കഴിയുമ്പോൾ അദ്ദേഹത്തിന്റെ ശാസനകൾക്ക് വിധേയരായി നാം ജീവിക്കുമോയെന്നറിയാൻ നമ്മെ മാംസനിബദ്ധമായ കൂട്ടിലടച്ച് ഭൂമുഖത്ത് വിട്ടത്. നാം തിരിച്ചുപോകുമ്പോൾ നമ്മുടെ ജീവിതത്തിന്റെ ഒരു കണക്ക് നമ്മോടു ചോദിക്കുന്നതും അദ്ദേഹംതന്നെയാണ്. എല്ലാ തെറ്റുകൾക്കും വിധികർത്താവ് അദ്ദേഹമാണ്; പീഡിതരുടെ കഠിനവേദനയുടെ ദീനരോദനങ്ങൾ പീഡിപ്പിക്കുന്നവന് ശിക്ഷവിധിക്കുന്നു. ‘ ‘അലക്സാൻഡർ ധനമോഹികളെയും മരണത്തെ ഭയപ്പെടുന്നവരെയും തന്റെ ഭീഷണികൾകൊണ്ടു ഭയഭീതരാക്കട്ടെ. ബ്രാഹ്മണർക്കെതിരെ അദ്ദേഹത്തിന്റെ ആയുധങ്ങൾ ബലഹീനമാണ്; ഞങ്ങൾ ധനം മോഹിക്കുകയോ മരണം ഭയക്കുകയോ ചെയ്യുന്നില്ല. പോയി അലക്സാൻഡറോടു പറയൂ: ദണ്ഡാമിസിന് നിങ്ങളുടെ യാതൊന്നും ആവശ്യമില്ല, അതുകൊണ്ട് നിങ്ങളുടെ അടുത്തേക്ക് വരുകയുമില്ല; ദണ്ഡാമിസിൽനിന്ന് നിങ്ങൾക്ക് എന്തെങ്കിലും വേണമെങ്കിൽ നിങ്ങൾ അയാളുടെ അടുത്തേക്കുവരിക.’ ’ ഒനിസിക്രിത്തോസ് സന്ദേശം യഥാവിധി അറിയിച്ചു; അലക്സാൻഡർ അതീവശ്രദ്ധയോടെ കേട്ടു. ‘ ‘വൃദ്ധനും നഗ്നനുമായ ദണ്ഡാമിസിനെക്കാണാൻ അദ്ദേഹത്തിന് മുമ്പത്തെക്കാൾ കൂടുതൽ ശക്തമായ ആഗ്രഹംതോന്നി. അനേകം രാജ്യങ്ങൾ വെന്ന അലക്സാൻഡർക്ക്, താൻ അടിയറവുപറഞ്ഞ പ്രതിയോഗിയെ അദ്ദേഹത്തിൽ മാത്രമാണ് കാണാൻ കഴിഞ്ഞത്.’ ’ ദാർശനിക പ്രശ്നങ്ങൾക്ക് സാരഗർഭമായ ഉത്തരങ്ങൾ നൽകുന്നതിന് സമർഥരെന്നു പ്രസിദ്ധരായ ധാരാളം ബ്രാഹ്മണ തപസ്വികളെ അലക്സാൻഡർ തക്ഷശിലയിലേക്ക് ക്ഷണിച്ചു. വാക്കുകൾ കൊണ്ടുള്ള ഇത്തരം ഒരു വക്കാണത്തിന്റെ വിവരണം പ്ലൂട്ടാർക്ക് നൽകുന്നു; അലക്സാൻഡർ തന്നെയാണ് ചോദ്യങ്ങൾ എല്ലാം രൂപപ്പെടുത്തിയത്.
‘ ‘എണ്ണത്തിൽ കൂടുതൽ ആരാണ്, ജീവിച്ചിരിക്കുന്നവരോ, മരിച്ചവരോ? ‘ ‘ജീവിച്ചിരിക്കുന്നവർ, കാരണം, മരിച്ചവർ ഇല്ലല്ലോ.’ ’ ‘ ‘ഏതാണ് കൂടുതൽ വലിയ ജന്തുക്കളെ സൃഷ്ടിക്കുന്നത്. കടലോ കരയോ?’ ’ ‘ ‘കര, കാരണം കടൽ കരയുടെ ഒരു ഭാഗം മാത്രമാണ്.’ ’ ‘ ‘ജന്തുക്കളിൽ ഏറ്റവും സാമർഥ്യമുള്ളത് ഏതാണ്?’ ’ ‘ ‘മനുഷ്യന് ഇനിയും പരിചിതമല്ലാത്തത് ഏതോ, അത്.’ ’ (അറിയാത്തതിനെ മനുഷ്യൻ ഭയക്കുന്നു). ‘ ‘ഏതാണ് ആദ്യം നിലവിൽവന്നത്, പകലോ രാത്രിയോ?’ ’ ‘ ‘പകൽ, ഒരു പകൽകൊണ്ട്’ ’. ഈ ഉത്തരംകേട്ട് അലക്സാൻഡർ അത്ഭുതം പ്രകടിപ്പിച്ചു; ആ ബ്രാഹ്മണൻ തുടർന്നു: ‘ ‘അസാധ്യമായ ചോദ്യങ്ങൾക്ക് അസാധ്യമായ ഉത്തരം വേണം.’ ’ ‘ ‘ആളുകൾക്ക് പ്രിയങ്കരനായിത്തീരാൻ ഏറ്റവും ഉത്തമമാർഗം ഏതാണ്?’ ’ ‘ ‘ ഭീമമായശക്തിയും വിശേഷാധികാരവും ഉള്ളപ്പോഴും അന്യർക്കു ഭയകാരണമാകാത്തയാൾ പ്രിയങ്കരനായിത്തീരുന്നു.’ ’ ‘ ‘എങ്ങനെ ഒരു മനുഷ്യന് ഈശ്വരനാകാൻ കഴിയും.’ ’ 10 ‘ ‘ ഒരു മനുഷ്യനു ചെയ്യാനാവത്തതു ചെയ്യുന്നതുകൊണ്ട്.’ ’ ‘ ‘ഏതാണ് കൂടുതൽ ശക്തം, ജീവിതമോ മരണമോ?’ ’ ‘ ‘ജീവിതം, കാരണം അത് എത്രയോ തിന്മകളെ താങ്ങുന്നു.’ ’ ഭാരതത്തിൽനിന്ന് ഒരു യഥാർഥ യോഗിയെ തന്റെ ഗുരുവായി കൊണ്ടുപോകാൻ അലക്സാൻഡർക്ക് കഴിഞ്ഞു. ഇദ്ദേഹമായിരുന്നു കാലനോസ് എന്ന് യവനന്മാർ വിളിച്ച കല്യാണ(സ്വാമി സ്ഫൈൻസ്). ഈ താപസൻ അക്സാൻഡറോടൊപ്പം പേർഷ്യയിൽ പോയി. മുൻകൂട്ടിപ്പറഞ്ഞിരുന്ന ദിവസം പേർഷ്യയിൽ സൂസ എന്ന സ'ഥലത്ത് യവനസൈന്യത്തിന്റെ കണ്മുമ്പിൽവച്ച് ഒരു ചിതയിൽപ്രവേശിച്ച് കാലനോസ് തന്റെ വൃദ്ധശരീരം ത്യജിച്ചു. വേദനയെയോ മരണത്തെയോ ആ യോഗി ഭയപ്പെട്ടില്ലായെന്നു ബോധ്യമായ ഭടന്മാരുടെ അത്ഭുതം ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു; തീനാളങ്ങൾ തന്റെ ശരീരത്തെ ഇരയാക്കിക്കൊണ്ടിരുന്നപ്പോൾ അദ്ദേഹം തന്റെ ഇരിപ്പിടത്തിൽനിന്ന് ഒന്നനങ്ങിയതുപോലുമില്ല. ചിതയിലേക്കു തിരിക്കുന്നതിനുമുമ്പായി അദ്ദേഹം തന്റെ അനേകം സഹചാരികളെ ആശ്ലേഷിച്ചിരുന്നു. പക്ഷേ അലക്സാൻഡറോട് വിടപറയുവാൻ കൂട്ടാക്കിയില്ല. ആ ഹിന്ദു ഋഷിവര്യൻ അദ്ദേഹത്തോട് ഇത്രമാത്രം പറഞ്ഞു: ‘ ‘ബാബിലോണിൽവച്ച് ഞാൻ നിന്നെ

പിന്നീടുകണ്ടുകൊള്ളാം.’ ’ പേർഷ്യവിട്ട് ഒരു വർഷംകഴിഞ്ഞ് അലക്സാൻഡർ ബാബിലോണിൽവച്ച് മൃതിയടഞ്ഞു. താൻ ജീവിതത്തിലും മരണത്തിലും അലക്സാൻഡറോട് ഒത്തുണ്ടായിരിക്കുമെന്നാണ് ആ പ്രവചനംകൊണ്ട് ആ ഭാരതീയ ഗുരുനാഥൻ അർഥമാക്കിയത്.ഭാരതീയ ജനസമൂഹത്തെപ്പറ്റി മിഴിവുറ്റതും ആവേശജനകവുമായ ധാരാളം ചിത്രങ്ങൾ ഗ്രീക്ക് ചരിത്രകാരന്മാർ നമുക്ക് നൽകിയിട്ടുണ്ട്. ഹൈന്ദവനിയമങ്ങൾ ജനങ്ങളെ സംരക്ഷിക്കുന്നുവെന്നും ‘ ‘അവരിൽ ആരുംതന്നെ യാതൊരു പരിത:സ'ഥിതിയിലും ഒരു അടിമ ആയിക്കൂടാ; എന്നാൽ സ്വാതന്ത്ര്യം സ്വയം അനുഭവിക്കുന്ന അവർ, സ്വാതന്ത്ര്യത്തിന് എല്ലാവർക്കുമുള്ള തുല്യ അവകാശത്തെ മാനിക്കണമെന്ന് അനുശാസിക്കുന്നു’ ’ 11വെന്നും ആറിയൻ നമ്മോടു പറയുന്നു.മറ്റൊരു പ്രസക്തഭാഗം ഇങ്ങനെ പ്രസ്താവിക്കുന്നു: ‘ ‘ഭാരതീയർ പണം അമിതപലിശക്ക് കൊടുക്കുകയോ കടം വാങ്ങേണ്ടതെങ്ങനെയെന്ന് അറിയുകയോ ചെയ്യുന്നില്ല. പരദ്രോഹം ഏല്ക്കയോ ഏല്പിക്കുകയോ ഭാരതീയരുടെ വ്യവസ'ഥാപിതരീതിക്ക് വിപരീതമായതിനാൽ അവർ ഉടമ്പടികൾ ചെയ്യുകയോ ജാമ്യം ആവശ്യപ്പെടുകയോ ഇല്ല.’ ’ രോഗചികിത്സ, ലഘുവും സ്വാഭാവികവുമായ മാർഗങ്ങളിലൂടെയായിരുന്നുവെന്ന് പറയുന്നു. ‘ ‘രോഗവിമോചനംവരുത്തിയിരുന്നത് ഏറെയും ആഹാരം ക്രമീകരിച്ചാണ്; അല്ലാതെ മരുന്നുകൾ കൊണ്ടല്ല. ലേപനങ്ങളും വച്ചുകെട്ടിന്റെ കുറുകിയ മിശ്രിതങ്ങളുമാണ് ഏറ്റവും അധികം വിലമതിക്കുന്ന ശമനമാർഗങ്ങൾ. മറ്റെല്ലാം വലിയ ഒരളവിൽ വിനാശകരമാണെന്ന് കരുതപ്പെടുന്നു.’ ’ യുദ്ധത്തിൽ ഏർപ്പെടുക ക്ഷത്രിയർക്കു മാത്രമായി പരിമിതപ്പെടുത്തിയിരുന്നു. ‘ ‘സ്വന്തംഭൂമിയിൽ കൃഷിപ്പണിയിൽ ഏർപ്പെട്ടിരിക്കുന്ന ഗൃഹസ'ഥനെ കണ്ടാൽപെട്ടാൽ, ഒരു ശത്രു ഉപദ്രവിക്കുകയില്ല; എന്തെന്നാൽ ഈ വർഗത്തിൽപെട്ടവർ പൊതുജനങ്ങൾക്ക് ഉപകാരികളാണെന്നു കരുതപ്പെട്ടിരുന്നു. അവർ എല്ലാ പീഡനങ്ങളിൽനിന്നും പരിരക്ഷിക്കപ്പെട്ടിരുന്നു. അങ്ങനെ ഭൂമിനശിച്ച് നാനാവിധമാകുന്നില്ല; അത് കനത്തവിള ഉല്പാദിപ്പിക്കുന്നു. ജീവിതം ആസ്വാദ്യകരമാക്കാൻ വേണ്ടവക, ഭൂമി ജനങ്ങൾക്കു നൽകുന്നു.’ ’ മൈസൂറിൽ എവിടെയുംകാണാവുന്ന ക്ഷേത്രങ്ങൾ ദക്ഷിണ ഭാരതത്തിലെ എത്രയോ മഹാന്മാരായ മഹർഷിമാരുടെ നിത്യസ്മാരകങ്ങളാണ്. ഈ സിദ്ധരിൽ ഒരാളായ തായ്മാനവർ താഴെകൊടുത്തിരിക്കുന്ന വെല്ലുവിളിയുടെകവിത നമുക്കുകൈമാറിയിരിക്കുന്നു.ഒരു മദയാനയെ നിങ്ങൾ തളച്ചേക്കാം;കരടിയുടെയും കടുവയുടെയും വായടച്ചേക്കാം;സിംഹത്തിൻ പുറത്തേറാം, മൂർഖൻപാമ്പുമായി കളിയാടിടാം;രസായനവിദ്യയാൽ നിത്യവൃത്തി കഴിച്ചിടാം;വേഷപ്രച്ഛന്നനായിട്ടീപ്രപഞ്ചത്തിൽ നടന്നിടാം;ദേവന്മാരെ ദാസരാക്കാം; എന്നും യൗവനമാർന്നിടാം;ജലോപരിചരിച്ചേക്കാം, തീയിൽപോലുംവസിച്ചിടാം;പക്ഷേ മനോനിയന്ത്രണം മഹത്തരം;എന്നാൽ ഏറെ സുദുഷ്കരം.ഭാരതത്തിന്റെ തെക്കേ അറ്റത്തുള്ള പ്രകൃതിരമണീയവും ഫലഭൂയിഷ്ഠവുമായ തിരുവിതാംകൂറിൽ ഗതാഗതത്തിന് നദികളും തോടുകളും ഉപയോഗപ്പെടുത്തുന്നു. പഴയകാലത്തു നടത്തിയ യുദ്ധങ്ങളിലും അനേകം ചെറുരാജ്യങ്ങൾ വെട്ടിപ്പിടിച്ചതിലുംകൂടി വരുത്തിവച്ച പാപം കഴുകിക്കളയാൻ ഇവിടുത്തെ മഹാരാജാവ് വർഷംതോറും പരമ്പരാഗതമായ ഒരു ഉത്തരവാദിത്വം ഏറ്റെടുക്കുന്നു. വേദമന്ത്രങ്ങളും പാരായണങ്ങളും ശ്രവിക്കാനായി പ്രതിവർഷം അമ്പത്തിയാറുദിവസം മൂന്നുനേരം മഹാരാജാവ് ക്ഷേത്രദർശനം നടത്തുന്നു; പാപപരിഹാരച്ചടങ്ങുകൾ ലക്ഷദീപത്തോടെ സമാപിക്കുന്നു.നിരന്നുള്ളതും വിശാലവും സമുദ്രവലയിതവുമായ മദിരാശി പട്ടണവും ക്രിസ്തുവർഷത്തിന്റെ ആരംഭത്തിലുള്ള ശതാബ്ദങ്ങളിൽ ഭരണംനടത്തിയിരുന്ന പല്ലവരാജവംശത്തിന്റെ തലസ'ഥാനമായ സുവർണനഗരം കാഞ്ചീപുരവും ഭാരതത്തിന്റെ തെക്കുകിഴക്കൻ തീരത്തെ മദിരാശിസംസ'ഥാനത്തിൽ ഉൾപ്പെടുന്നു. ആധുനിക മദിരാശി സംസ'ഥാനത്തിൽ മഹാത്മാഗാന്ധിയുടെ അക്രമരാഹിത്യ സിദ്ധാന്തങ്ങൾ വളരെയധികം പ്രചാരവും സ്വാധീനവും നേടിയിട്ടുണ്ട്; പെട്ടെന്നു തിരിച്ചറിയാവുന്ന വെളുത്ത ‘ ‘ഗാന്ധിത്തൊപ്പി ’ ’ കൾ എവിടെയും കാണാം. ദക്ഷിണഭാരതത്തിൽ പൊതുവേ, മഹാത്മാഗാന്ധി ‘ ‘ ഹരിജനങ്ങൾ’ ’ ക്കുവേണ്ടി ക്ഷേത്രസംബന്ധിയായി പ്രധാനപ്പെട്ട അനേകം പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.മഹാനായ സ്മൃതികാരൻ മനു ആവിഷ്കരിച്ച ജാതിവ്യവസ'ഥ യുടെ തുടക്കം മതിപ്പുളവാക്കുന്നതായിരുന്നു. പ്രകൃത്യാലുള്ള പരിണാമം മനുഷ്യരെ നാലു പ്രമുഖവിഭാഗങ്ങളായി വേർതിരിക്കുന്നുവെന്ന് അദ്ദേഹം വ്യക്തമായി കണ്ടു: സമുദായത്തിന് തന്റെ കായികാധ്വാനത്തിലൂടെ സേവനം നൽകാൻ കഴിവുള്ളവർ (ശൂദ്രർ); മനോഭാവം, കൈത്തൊഴിൽ, കൃഷി, വാണിജ്യം, കച്ചവടം, പൊതുവണികവൃത്തി എന്നിവയാൽ സേവനം അനുഷ്ഠിക്കുന്നവർ (വൈശ്യർ); ഭരണം, കാര്യനിർവഹണം, പ്രജാസംരക്ഷണം എന്നിവയ'ക്ക് സമർഥരായവർ-നാടുവാഴികളും യോദ്ധാക്കളും (ക്ഷത്രിയർ); മനനശീലരും ആത്മീയപ്രചോദനം നേടിയവരും നൽകുന്നവരും (ബ്രാഹ്മണർ). ‘ ‘ജനനമോ, ആചാരാനുഷ്ഠാനങ്ങളോ, പഠനമോ, പൈതൃകത്വമോ ഒരു മനുഷ്യൻ ദ്വിജൻ (ബ്രാഹ്മണൻ) ആണോയെന്ന് നിശ്ചയിക്കാൻ പര്യാപ്തമല്ല; സ്വഭാവത്തിനും സദാചാരത്തിനും മാത്രമേ ബ്രാഹ്മണ്യം തീരുമാനിക്കാൻ കഴിയൂ,’ ’ 12വെന്ന് മഹാഭാരതം പ്രഖ്യാപിക്കുന്നു. സമുദായാംഗങ്ങളെ അവരുടെ ജ്ഞാനം, നന്മ, പ്രായം, ബന്ധുത അല്ലെങ്കിൽ, ഏറ്റവുമൊടുക്കം, സമ്പത്ത് എന്നിവയെയനുസരിച്ച് ആദരിക്കുവാൻ മനു സമുദായത്തെ ഉൽബോധിപ്പിക്കുന്നു. കൂട്ടിവച്ചതോ ദാനധർമങ്ങൾക്കു ലഭ്യമാകാത്തതോ ആയ ധനം

വേദകാലഭാരതത്തിൽ എല്ലായ്പ്പോഴും വെറുക്കപ്പെട്ടിരുന്നു. ദാനധർമംചെയ്യാത്ത കുബേരന്മാർക്ക് സമുദായത്തിൽ താഴ്ന്ന ഒരു സ്ഥാനമാണ് നൽകിയിരുന്നത്.ജാതിവ്യവസ്ഥ നൂറ്റാണ്ടുകളിലൂടെ കർക്കശമായിത്തീർന്ന് പരമ്പരാഗതമായ ഒരു കൊലക്കയറായപ്പോൾ, ഗുരുതരമായ ദുരാചാരങ്ങൾ ഉടലെടുത്തു. ജനനം അല്ലാതെ യോഗ്യതമാത്രം ആധാരമാക്കിയ ജാതിവ്യവസ്ഥയുടെ പുരാതനമൂല്യങ്ങൾ പുനഃസ്ഥാപിക്കുന്നതിന്, 1947-ൽ സ്വതന്ത്രമായ ഭാരതം മന്ദഗതിയിലെങ്കിലും നിർണായകമായി പുരോഗതി ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ലോകത്തെ ഓരോ രാഷ്ട്രത്തിനും അതിന്റേതു മാത്രവും പ്രത്യേകം ദുരിതം സൃഷ്ടിക്കുന്നതുമായ കർമം നേരിടാനും മാന്യമായി പരിഹരിക്കാനും ഉണ്ട്. നാനാമുഖവും അജയ്യവുമായ ആത്മസത്തയോടെ ജാതിവ്യവസ്ഥാപരിഷ്കരണത്തിൽ ഭാരതം വിജയംവരിച്ചു കൊണ്ടിരിക്കുകയാണ്.ദക്ഷിണഭാരതം അത്ര വശ്യമായതിനാൽ മി. റൈറ്റും ഞാനും ഞങ്ങളുടെ ശാന്തിയുടെയും സന്തുഷ്ടിയുടെയും സ്വച്ഛന്ദമായ അനുഭൂതി നീട്ടികൊണ്ടുപോകാൻ കൊതിച്ചു. പക്ഷേ, കാലം അതിന്റെ ചിരപുരാതന ധിക്കാരത്തോടെ ഞങ്ങൾക്ക് സമയപരിധിയുടെ ഭവ്യമായ ഇളവുകൾ ഒന്നും അനുവദിച്ചില്ല. കൽക്കത്ത സർവകലാശാലയിൽ ഇൻഡ്യൻ ഫിലസോഫിക്കൽ കോൺഗ്രസിന്റെ സമാപനസമ്മേളനത്തെ അധികം താമസിയാതെ എനിക്ക് അഭിസംബോധന ചെയ്യേണ്ടിയിരുന്നു. മൈസൂർ സന്ദർശനത്തിന്റെ അവസാനം, ഇൻഡ്യൻ അക്കാഡമി ഒഫ് സയൻസിന്റെ അധ്യക്ഷൻ സർ സി.വി. രാമനുമായി ആസ്വാദ്യകരമായ ഒരു സംഭാഷണത്തിൽ ഞാൻ പങ്കെടുത്തു. പ്രകാശത്തിന്റെ വ്യാപനം സംബന്ധിച്ച അദ്ദേഹത്തിന്റെ സുപ്രധാന കണ്ടുപിടിത്തമായ ‘ ‘രാമൻ ഇഫെക്ട്’ ’ ന് ഉജ്വലപ്രതിഭയായ ആ ഹിന്ദു ഊർജതന്ത്രജ്ഞന് 1930-ൽ നോബൽ സമ്മാനം ലഭിച്ചു.മദ്രാസിൽ വിദ്യാർഥികളും സുഹൃത്തുക്കളും അടങ്ങിയ ഒരു പുരുഷാരത്തിന് മടിയോടെ വിടയോതിക്കൊണ്ട് മി. റൈറ്റും ഞാനും ഞങ്ങളുടെ യാത്ര തുടർന്നു. സദാശിവബ്രഹ്മ13ന്റെ പാവനസ്മരണയ്ക്കു തീർത്ത ഒരു ചെറിയ ദേവാലയത്തിനു മുന്നിൽ ഞങ്ങൾ നിന്നു. പതിനെട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അദ്ദേഹത്തിന്റെ ജീവിതത്തിൽ ദിവ്യാത്ഭുതങ്ങളുടെ കഥകൾ നിറഞ്ഞുനിൽക്കുന്നു. പുതുക്കോട്ടയിലെ രാജാവ് നേരൂരിൽ നിർമിച്ച ഇതിലും വലിയ ഒരു സദാശിവക്ഷേത്രം ധാരാളം ദൈവികമായ രോഗശാന്തിക്കു സാക്ഷ്യം വഹിച്ചിട്ടുള്ള ഒരു തീർഥാടന കേന്ദ്രമാണ്. അന്നുനാടു വാണിരുന്ന രാജാവിന്റെ മാർഗദർശനത്തിനായി 1750-ൽ സദാശിവബ്രഹ്മൻ എഴുതിയ ധർമശാസനങ്ങൾ പുതുക്കോട്ട രാജാക്കന്മാരുടെ പരമ്പര നിധിപോലെ കാത്തുസൂക്ഷിച്ചുപോരുന്നു.ജനപ്രിയനും പൂർണജ്ഞാനിയുമായിരുന്ന സദാശിവബ്രഹ്മനെപ്പറ്റി കൗതുകകരമായ നിരവധികഥകൾ തെന്നിന്ത്യയിലെ ഗ്രാമീണരുടെ ഇടയിൽ ഇപ്പോഴും പ്രചാരത്തിലുണ്ട്. ഒരു ദിവസം കാവേരി നദീതീരത്ത് സമാധിയിലാണ്ടിരുന്ന അദ്ദേഹത്തെ പെട്ടെന്നുണ്ടായ ഒരു വെള്ളപ്പൊക്കം താഴേക്ക് ഒഴുക്കിക്കൊണ്ടുപോകുന്നതായി കാണപ്പെട്ടു. ആഴ്ചകൾക്കുശേഷം, കോയമ്പത്തൂർ ജില്ലയിലെ കൊടുമുടി എന്ന സ്ഥലത്ത് ഒരു മൺകൂനയ്ക്ക് അടിയിൽ ആഴത്തിൽ അദ്ദേഹം മൂടപ്പെട്ടു കിടക്കുന്നതായിക്കണ്ടു. ഗ്രാമീണരുടെ മൺകോരികകൾ അദ്ദേഹത്തിന്റെ ശരീരത്തു പതിച്ചപ്പോൾ ആ പുണ്യപുരുഷൻ എഴുന്നേറ്റ് തിടുക്കത്തിൽ നടന്നുപോയി.വയോവൃദ്ധനായ ഒരു വേദാന്തപണ്ഡിതനെ വാഗ്വാദത്തിൽ തോൽപിച്ചതിന് തന്റെ ഗുരു ശകാരിച്ചതിനെ തുടർന്ന് സദാശിവൻ ഒരു മുനിയായി. ‘ ‘ഒരു യുവാവായ നീ നിന്റെ നാക്കുനിയന്ത്രിക്കാൻ എന്നാണു പഠിക്കുന്നത്?’ ’ ഗുരുചോദിച്ചു. ‘ ‘അങ്ങയുടെ അനുഗ്രഹത്തോടെ ഈ നിമിഷം മുതൽ.’ ’ സദാശിവബ്രഹ്മന്റെ ഗുരു ദഹരവിദ്യാപ്രകാശികയുടെയും ഉത്തരഗീതയുടെ അതിഗഹനമായ ഒരു ഭാഷ്യത്തിന്റെയും കർത്താവായ സ്വാമി ശ്രീ പരമശിവേന്ദ്ര സരസ്വതിയായിരുന്നു. സദാശിവബ്രഹ്മൻ ഈശ്വരാനുഭൂതിയുടെ ലഹരിയിൽ തെരുവീഥികളിൽ പലപ്പോഴും ‘ ‘മാന്യത വെടിഞ്ഞ്’ ’ നൃത്തം ചെയ്യുന്നതു രസിക്കാത്ത ചില ലൗകിക ബുദ്ധികൾ അദ്ദേഹത്തിന്റെ ജ്ഞാനിയായ ഗുരുവിന്റെ അടുത്ത് പരാതിയുമായി എത്തി. ‘ ‘പ്രഭോ, സദാശിവൻ വെറുമൊരു ഭ്രാന്തനെക്കാൾ കഷ്ടമാണ്,’ ’ അവർ പ്രഖ്യാപിച്ചു.എങ്കിലും പരമശിവേന്ദ്ര സ്വാമി സന്തോഷത്തോടെ ചിരിച്ചു. അദ്ദേഹം വിളിച്ചുപറഞ്ഞു, ‘ ‘ഓ, മറ്റുള്ളവർക്കും അത്തരം ഭ്രാന്ത് ലഭിച്ചിരുന്നെങ്കിൽ!’ ’ ഈശ്വരന്റെ സഹായഹസ്തം പ്രകടമായി കടന്നുവന്ന വിചിത്രവും സുന്ദരവുമായ ധാരാളം അനുഭവങ്ങൾ സദാശിവബ്രഹ്മന്റെ ജീവിതം ശ്രേഷ്ഠമാക്കുന്നു. ഈ ലോകത്ത് അങ്ങനെയെന്നു തോന്നുന്ന ഒട്ടനേകം അന്യായങ്ങൾ ഉണ്ട്; പക്ഷേ അദ്ദേഹത്തിന്റെ തൽക്ഷണം നടപ്പാക്കപ്പെടുന്ന ധർമനീതിയുടെ അസംഖ്യം ഉദാഹരണങ്ങൾ ഈശ്വരഭക്തന്മാർക്ക് സാക്ഷ്യപ്പെടുത്താൻ കഴിയും. ഒരു രാത്രി ധനികനായ ഒരു ഗൃഹന്റെ ധാന്യപ്പുരയുടെ അടുത്തായി സദാശിവബ്രഹ്മൻ സമാധിയിൽ മഗ്നനായി തങ്ങി. മോഷ്ടാക്കളെ കാത്തുനിന്നിരുന്ന മൂന്നുജോലിക്കാർ ആ താപസേന്ദ്രനെ അടിക്കാൻ വടി ഓങ്ങി. അതാ! അവരുടെ കരങ്ങൾ നിശ്ചലമായി. പ്രഭാതത്തിൽ സദാശിവബ്രഹ്മൻ പോകുന്നതുവരെ കൈകൾ ഉയർത്തിപ്പിടിച്ച പ്രതിമകൾപോലെ ഒരു അപൂർവ നിശ്ചലദൃശ്യമായി അവർ നിന്നു.മറ്റൊരവസരത്തിൽ തന്റെ ജോലിക്കാരെക്കൊണ്ട് വിറക് ചുമപ്പിച്ച് ആ വഴി കടന്നുപോയ ഒരു മേലാളൻ മഹാനായ ആ ആചാര്യനെ അപമര്യാദയായി നിർബന്ധിച്ച് ആ ജോലി ചെയ്യിച്ചു. നിശ്ശബ്ദനായ ആ പുണ്യാത്മാവ് എളിമയോടെ ആ ഭാരം ലക്ഷ്യസ്ഥാനത്ത് എത്തിച്ചിട്ട് അതിനെ വലിയ ഒരടുക്ക് വിറകിന്റെ മുകളിൽ വച്ചു. ഉടനേതന്നെ ആ കൂമ്പാരത്തിനു മുഴുവനും തീ

പിടിച്ച് ആളിക്കത്തി.ത്രൈലംഗസ്വാമിയെപ്പോലെ സദാശിവബ്രഹ്മനും വസ്ത്രം ധരിച്ചിരുന്നില്ല. ഒരു പ്രഭാതത്തിൽ ആ നഗ്നയോഗി അശ്രദ്ധനായി ഒരു മുസ്ലീം സേനാനായകന്റെ കൂടാരത്തിൽ പ്രവേശിച്ചു. രണ്ടു സ്ത്രീകൾ ഭയന്നുനിലവിളിച്ചു; ആ പടയാളി കലിതുള്ളി തന്റെ വാൾകൊണ്ട് സദാശിവനെ ആഞ്ഞുവെട്ടി. സ്വാമിയുടെ കൈ അറ്റുപോയി. ആ സിദ്ധയോഗി കൂസലില്ലാതെ സ'ഥലംവിട്ടു. ഭയവും പശ്ചാത്താപവുംകൊണ്ട് വിവശനായ മുസ്ലീം വാതിൽക്കൽ വീണിരുന്ന ആ കൈ എടുത്തു കൊണ്ട് സദാശിവബ്രഹ്മനെ പിൻതുടർന്നു. അറ്റ കൈയ്യുടെ രക്തം ഒഴുകിക്കൊണ്ടിരുന്ന ഭാഗത്ത് തന്റെ മുറിഞ്ഞുപോയ കൈ ആ യോഗി ശാന്തനായി തിരുകി. ആ സേനാനി ആത്മീയമായ ആത്മബോധനത്തിന് വിനയത്തോടെ അപേക്ഷിച്ചപ്പോൾ സദാശിവബ്രഹ്മൻ വിരലുകൊണ്ട് മണ്ണിൽ എഴുതി: ‘ ‘വേണമെന്നുതോന്നുന്നത് ചെയ്യാതിരിക്കൂ, അപ്പോൾ നിനക്ക് ഇഷ്ടമുള്ളതുചെയ്യാം.’ ’ വിമലീകൃതമായ മാനസികാവസ'ഥയിലേക്ക് ആ മുസ്ലീം ഉയർത്തപ്പെട്ടു. അഹന്തയെ കീഴ്പ്പെടുത്തിക്കൊണ്ട് ആത്മീയ സ്വാതന്ത്ര്യത്തിലേക്ക് എത്താനുള്ള മാർഗമാണ് പ്രത്യക്ഷത്തിൽ അയുക്തികമായ ആ ഉപദേശമെന്ന് അയാൾ മനസ്സിലാക്കുകയും ചെയ്തു. ആ ഏതാനും ചില വാക്കുകൾക്കുണ്ടായിരുന്ന ആത്മീയശക്തി ആ യോദ്ധാവിനെ യോഗ്യനായ ഒരു അനുയായി ആക്കിത്തീർക്കാൻ തക്കവണ്ണം മഹത്തായിരുന്നു; തന്റെ പഴയ താവളങ്ങൾ അദ്ദേഹത്തെ പിന്നീട് ഒരിക്കലും കണ്ടിട്ടില്ല.നൂറ്റിഅമ്പതുമൈൽ അകലെ മധുരയിലെ ക്ഷേത്രോത്സവം കാണാൻ ഗ്രാമത്തിലെ കുട്ടികൾ സദാശിവബ്രഹ്മന്റെയടുത്ത് ആഗ്രഹം പ്രകടിപ്പിച്ചു. കുട്ടികളോട് തന്റെ ശരീരത്തിൽ തൊടുവാൻ ആ യോഗി ആംഗ്യം കാട്ടി. അത്ഭുതം! അവർ മുഴുവനും തൽക്ഷണം മധുരയിലെത്തി. ആയിരക്കണക്കിനു തീർഥാടകരുടെയിടയിൽ കുട്ടികൾ സന്തോഷത്തോടെ ചുറ്റിനടന്നു. ഏതാനും മണിക്കൂറുകൾക്കുള്ളിൽ തന്റെ ലളിതമായ പരിവഹനമാർഗത്തിൽ അദ്ദേഹം കുട്ടികളെ വീട്ടിൽ തിരിച്ചെത്തിച്ചു. മധുരയിലെ വിഗ്രഹഘോഷയാത്രയുടെ മിഴിവാർന്നകഥകൾ അത്ഭുതത്തോടെ മാതാപിതാക്കൾ കേട്ടു. കുട്ടികൾ അവരുടെ കൈകളിൽ മധുരയിലെ മധുരപലഹാരങ്ങളുടെസഞ്ചികൾ പിടിച്ചിരുന്നത് അവർ ശ്രദ്ധിച്ചു.വിശ്വാസംവരാത്ത ഒരു യുവാവ് ആ പുണ്യാത്മാവിനെയും കഥയേയും പരിഹസിച്ചു. ശ്രീരംഗത്തുനടന്ന അടുത്ത ഉത്സവത്തിന് ആ പയ്യൻ സദാശിവബ്രഹ്മനെ സമീപിച്ചു.അയാൾ പുച്ഛത്തോടെ പറഞ്ഞു, ‘ ‘സ്വാമീ, മറ്റു കുട്ടികളെ മധുരയിൽ കൊണ്ടുപോയതുപോലെ എന്നെ ശ്രീരംഗത്ത് ഉത്സവത്തിന് ഒന്നുകൊണ്ടുപോകൂ.’ ’ സദാശിവൻ സമ്മതിച്ചു; പയ്യൻ ഉടനെ വിദൂരമായ പട്ടണത്തിലെ ആൾക്കൂട്ടത്തിലെത്തി. പക്ഷേ കഷ്ടം! തിരിച്ചു പോകേണ്ടപ്പോൾ ആ ദിവ്യനെ കാണാനില്ലായിരുന്നു. ക്ഷീണിച്ചു തളർന്ന പയ്യൻ വിരസമായ കാൽനടയായി തന്റെ വീട്ടിൽ എത്തി.ദക്ഷിണഭാരതം വിടുന്നതിനുമുമ്പായി മി. റൈറ്റും ഞാനും തിരുവണ്ണാമലയ'ക്കു സമീപം വിശുദ്ധമായ അരുണാചലത്തിൽ ശ്രീരമണമഹർഷിയെ ദർശിക്കാൻപോയി. അദ്ദേഹത്തിന്റെ ആശ്രമത്തിൽ മഹർഷി ഞങ്ങളെ സ്നേഹപൂർവം സ്വാഗതം ചെയ്യുകയും അടുത്തുണ്ടായിരുന്ന ഒരു കെട്ട് ഈസ്റ്റ്-വെസ്റ്റ് മാഗസീനുകൾ ചൂണ്ടികാട്ടുകയും ചെയ്തു. അദ്ദേഹത്തോടും ശിഷ്യന്മാരോടുമൊത്ത് ഞങ്ങൾ ചെലവിട്ട മണിക്കൂറുകളിൽ അദ്ദേഹം ഏറെയും മൗനത്തിലായിരുന്നു. അദ്ദേഹത്തിന്റെ സൗമ്യമായ മുഖം ദൈവിക സ്നേഹവും ജ്ഞാനവും പ്രസരിപ്പിച്ചു.കഷ്ടപ്പെടുന്ന മനുഷ്യരാശി, മറന്നുപോയ അതിന്റെ പരിപൂർണത വീണ്ടെടുക്കാൻ സഹായിക്കുന്നതിന് രമണമഹർഷി പഠിപ്പിക്കുന്നത് ഓരോരുത്തരും നിരന്തരം ‘ ‘ഞാൻ ആരാണ്? ’ ’ എന്ന ചോദ്യം സ്വയം ചോദിക്കണം എന്നാണ്-ശരിക്കും മഹത്തമമായ അന്വേഷണം. മറ്റെല്ലാ ചിന്തകളുടെയും കർശനമായ നിരാസംകൊണ്ട് യഥാർഥ സ്വത്വത്തിലേക്ക് കൂടുതൽ കൂടുതൽ ആഴത്തിൽ സ്വയം ഇറങ്ങിച്ചെല്ലുന്നതായി ഭക്തൻ വേഗത്തിൽ മനസ്സിലാക്കുന്നു. വഴിതെറ്റിക്കുന്ന മറ്റുചിന്തകളുടെ വിഹ്വലതകൾ ഉയരുന്നത് ശമിക്കുകയും ചെയ്യുന്നു. ദക്ഷിണഭാരതത്തിലെ പ്രാജ്ഞനായ ഈ ഋഷിവര്യൻ ഇങ്ങനെ എഴുതിയിരിക്കുന്നു.ദ്വിത്വങ്ങൾക്കും ത്രയങ്ങൾക്കും ആലംബനം അവശ്യം,താങ്ങില്ലാതെ അവയെകാണാൻ പ്രയാസം;ആ താങ്ങിനെ തേടിച്ചെന്നാൽ, അവ കെട്ടഴിഞ്ഞുവീഴും.അവിടെയാണ് സത്യം. അതുകാണുന്നോൻ പതറില്ലൊരിക്കലും. [image file=image_rsrc48R.jpg] രമണമഹർഷിയും യോഗാനന്ദജിയും ശ്രീ രമണന്റെ അരുണാചല ആശ്രമത്തിൽ. [image file=image_rsrc48W.jpg] സ്വാമി ശ്രീ യുക്തേശ്വരനും പരമഹംസ യോഗാനന്ദനും കൽക്കത്തയിൽ ഒരു മതഘോഷയാത്രയിൽ 1935 [image file=image_rsrc491.jpg] 1 മിസ്. ബ്ലെച്ച് എന്റെ ബന്ധുക്കളോടൊപ്പം കൽക്കത്തയിൽ തങ്ങി.2 യുവരാജാവിന്റെ മൂത്ത സഹോദരനായിരുന്നു മഹാരാജാ ശ്രീ കൃഷ്ണ രാജേന്ദ്ര വാഡിയാർ നാലാമൻ.3 പട്ട്, സോപ്പ്, ചന്ദനതൈലം എന്നിവയ'ക്ക് പ്രസിദ്ധമായ മൈസൂർ പട്ടണത്തെയും ചുറ്റുമുള്ള പ്രദേശങ്ങളെയും, 1930-ൽനിർമിച്ച ഈ ജലസേചന അണക്കെട്ട് സേവനപരിധിയിൽ കൊണ്ടുവരുന്നു.4 1950-ലെ അതിർത്തി പുനർനിർണയത്തിനുശേഷം, ഇപ്പോൾ ഈ ഗുഹകൾ മഹാരാഷ്ട്ര സംസ'ഥാനത്തിലാണ്. (പ്രസാധകകുറിപ്പ്).5 അശോകചക്രവർത്തി ഭാരതത്തിന്റെ വിവിധഭാഗങ്ങളിലായി 84,000 മതപരമായ സ്തൂപങ്ങൾ സ'ഥാപിച്ചു. പതിനാലുശിലാശാസനങ്ങളും പത്തുശിലാസ്തംഭങ്ങളും ഇപ്പോഴും നിലനിൽക്കുന്നു. ഓരോസ്തംഭവും യന്ത്രവിദ്യ, വാസ്തുവിദ്യ, ശില്പകല എന്നിവയുടെ ഓരോ വെന്നിക്കൊടിയാണ്. അദ്ദേഹം ജലസംഭരണികൾ, അണക്കെട്ടുകൾ, ജലസേചനമാർഗങ്ങൾ എന്നിവയുടെയും, യാത്രക്കാർക്കുവേണ്ടി രാജപാതകളുടെയും ഇരുവശവും ചോലവൃക്ഷങ്ങളും ഇടയ'ക്കിടെ സത്രങ്ങളുമുള്ള വീഥികളുടെയും,

ഔഷധനിർമാണാവശ്യത്തിനായി തോട്ടങ്ങളുടെയും, മനുഷ്യനും മൃഗങ്ങൾക്കുമുള്ള ആശുപത്രികളുടെയും നിർമാണത്തിനുള്ള ഏർപ്പാടുകളുണ്ടാക്കി.6 പാടലീപുത്ര(ആധുനിക പട്ന)നഗരത്തിന് കൗതുകകരമായ ഒരു ചരിത്രം ഉണ്ട്. ഇത് ഒരു അപ്രധാനകോട്ടയായിരുന്നു. ക്രി.മു. ആറാം ശതകത്തിൽ ശ്രീബുദ്ധൻ അവിടം സന്ദർശിച്ചു. അദ്ദേഹം ഒരു പ്രവചനം നടത്തി: ‘ ‘ ആര്യന്മാർ ഒത്തുകൂടുന്നിടത്തോളംകാലം, കച്ചവടക്കാർ യാത്രചെയ്യുന്നിടത്തോളംകാലം, പാടലീപുത്രം അവരുടെ മുഖ്യപട്ടണവും എല്ലാ വില്പനച്ചരക്കുകളുടെയും മുഖ്യകൈമാറ്റകേന്ദ്രവും ആകും.’ ’ (മഹാപരിനിർവാണ സൂത്രം). രണ്ടു നൂറ്റാണ്ടുകൾക്കുശേഷം പാടലീപുത്രം ചന്ദ്രഗുപ്തമൗര്യന്റെ വിശാലമായ സാമ്രാജ്യത്തിന്റെ തലസ'ഥാനമായിത്തീർന്നു. അദ്ദേഹത്തിന്റെ പൗത്രൻ അശോകൻ ഈ രാജനഗരത്തെ കൂടുതൽ അഭിവൃദ്ധിയിലേക്കും കീർത്തിയിലേക്കും നയിച്ചു.7 ഏൻഷന്റ്ഇൻഡ്യ, ആറു വാല്യങ്ങൾ, (കൽക്കത്ത: ചക്രവർത്തി, ചാട്ടർജി ആൻഡ് കമ്പനി, 15 കോളജ് സ്ക്വയർ, 1879, പുനർപ്രസിദ്ധീകരണം 1927).8 1947-ലെ ഭാരതവിഭജനത്തിനുശേഷം, തക്ഷശില ഇപ്പോൾ പാകിസ'ഥാനിൽ സ'ഥിതിചെയ്യുന്നു.9 അലക്സാൻഡറോ അദ്ദേഹത്തിന്റെ സൈന്യാധിപന്മാരിൽ ആരുംതന്നെയോ ഒരിക്കലും ഗംഗ കടന്നില്ല. വടക്കു പടിഞ്ഞാറുനിന്നും കടുത്ത ചെറുത്തുനിൽപ് നേരിടേണ്ടിവന്ന മാസിഡോണിയൻ സൈന്യം കൂടുതൽ മുന്നോട്ടുനീങ്ങാൻ വിസമ്മതിച്ചുകൊണ്ട് ലഹളയുണ്ടാക്കി: അലക്സാൻഡർ ഭാരതംവിടാൻ നിർബന്ധിതനായി. പേർഷ്യയിൽ കൂടുതൽ പിടിച്ചടക്കലുകൾ അദ്ദേഹം തേടി.10 താൻ പരിപൂർണതയിൽ എത്തിക്കഴിഞ്ഞില്ലേയെന്ന ഒരു സംശയം ‘ ‘സീയസിന്റെ മകന്’ ’ ഇടയ'ക്കിടെ ഉണ്ടായിരുന്നുവെന്ന് ഈ ചോദ്യത്തിൽനിന്ന് നമുക്ക് ഊഹിക്കാം.11 യവനസമൂഹത്തിന്റെ ഘടനയ'ക്ക് തികച്ചും വ്യത്യസ്തമായി ഭാരതത്തിൽ അടിമത്ത വ്യവസ'ഥ നിലവിലില്ലാതിരുന്നതായി എല്ലാ യവനനിരീക്ഷകരും പ്രസ്താവിക്കുന്നു.പ്രഫ. ബിനയകുമാർ സർക്കാറിന്റെ ക്രിയേറ്റീവ് ഇൻഡ്യ എന്ന ഗ്രന്ഥം ഭാരതത്തിന്റെ പ്രാചീനവും ആധുനികവുമായ നേട്ടങ്ങളുടെയും, ധനതത്ത്വശാസ്ത്രം, രാഷ്ട്രമീമാംസ, സാഹിത്യം, കല, സാമൂഹ്യദർശനം എന്നിവയിൽ നിലവിലിരുന്ന വ്യക്തമായ മൂല്യങ്ങളുടെയും ഒരു സമഗ്രചിത്രം നൽകുന്നു. (ലാഹോർ: മോതിലാൽ ബനാറസിദാസ്, പ്രസാധകർ, 1937, 714 മുതലുള്ള പുറങ്ങൾ).ശുപാർശചെയ്യപ്പെട്ട മറ്റൊരു ഗ്രന്ഥം എസ്.വി. വെങ്കിടേശ്വരയുടെ ഇൻഡ്യൻ കൾച്ചർ ത്രൂ ദി ഏജസ് (ന്യൂയോർക്ക്: ലോങ്മൻസ്, ഗ്രീൻ ആൻഡ് കമ്പനി) ആണ്.12 ‘ ‘ജീവിതത്തിൽ താൻ നേടാനായി തിരഞ്ഞെടുത്ത ലക്ഷ്യങ്ങൾ വെളിവാക്കുന്ന നൈസർഗിക കഴിവുകളെ ആശ്രയിച്ചായിരുന്നു തുടക്കത്തിൽ ഈ നാലുവർണങ്ങളിലൊന്നിൽ ഒരാളെ പെടുത്തിയിരുന്നത്, അല്ലാതെ ജനനത്തെയല്ല’ ’ 1935 ജനുവരിയിലെ ഈസ്റ്റ്-വെസ്റ്റിൽ താരാ മാതാ എഴുതുന്നു. ‘ ‘ഈ ലക്ഷ്യം താഴെ പറയുന്നവയിൽ ഏതെങ്കിലുമാവാം. (1) കാമം, ഇന്ദ്രിയവ്യാപാരങ്ങളുടെ ജീവിതത്തിന്റെ പ്രവർത്തനം (ശൂദ്രഘട്ടം), (2) അർഥം, ആഗ്രഹങ്ങൾ നേടിയെടുക്കുകയും എന്നാൽ അവയെ നിയന്ത്രണവിധേയമാക്കുകയും ചെയ്യുക (വൈശ്യഘട്ടം), (3) ധർമം, ഉത്തരവാദിത്തിന്റെയും ശരിയായപ്രവൃത്തിയുടെയും കാലം (ക്ഷത്രിയഘട്ടം), (4) മോക്ഷം, ആധ്യാത്മികതയുടെയും ധർമാധ്യാപനത്തിന്റെയും കാലം (ബ്രാഹ്മണഘട്ടം), ഈ നാലുജാതിക്കാർ (1) ശരീരം, (2) മനസ്സ് 3 ഇച്ഛാശക്തി, (4) ആത്മാവ് എന്നിവകൊണ്ട് മനുഷ്യരാശിയെ സേവിക്കുന്നു. ‘ ‘ഈ നാലുഘട്ടങ്ങൾ പ്രകൃതിയുടെ നിത്യഗുണങ്ങളായ തമസ്സ്, രജസ്സ്, സത്വം എന്നിവയുമായി ഒത്തുപോകുന്നു. ഈ ഗുണങ്ങൾ യഥാക്രമം ആലസ്യം, പ്രവൃത്തി, വികാസം അഥവാ ഭാരം, ഊർജം, ബുദ്ധി എന്നിവയാണ്. പ്രകൃത്യാലുള്ള ഈ നാലുവർണങ്ങൾ ഇനിപറയുന്ന ഗുണങ്ങൾ സൂചിപ്പിക്കുന്നു: (1) തമസ്സ് (അജ്ഞാനം), (2) തമസ്സ്-രജസ്സ് (അജ്ഞാനത്തിന്റെയും പ്രവൃത്തിയുടെയും മിശ്രം), (3) രജസ്സ്-സത്വം (സത്പ്രവൃത്തിയുടെയും ജ്ഞാനത്തിന്റെയും മിശ്രം), (4) സത്വം (ജ്ഞാനം). അങ്ങനെ തന്നിലുള്ള ഒരു ഗുണത്തിന്റെയോ രണ്ടു ഗുണങ്ങളുടെ മിശ്രത്തിന്റെയോ പ്രാമാണ്യമനുസരിച്ച് പ്രകൃതി ഓരോ മനുഷ്യന്റെയും ജാതികുറിക്കുന്നു. തീർച്ചയായും ഈ മൂന്നു ഗുണങ്ങളും വ്യത്യസ്തമായ അനുപാതങ്ങളിൽ ഓരോ മനുഷ്യനിലും ഉണ്ടായിരിക്കും. ഗുരുവിന് ഒരു മനുഷ്യന്റെ ജാതി അഥവാ അവന്റെ പരിണാമത്തിന്റെ അവസ'ഥ കൃത്യമായി നിർണയിക്കാൻ കഴിയും. ‘ ‘എല്ലാ മനുഷ്യവർഗങ്ങളും രാഷ്ട്രങ്ങളും സിദ്ധാന്തത്തിലല്ലെങ്കിലും, പ്രായോഗികമായി ജാതിവ്യവസ'ഥയുടെ പ്രത്യേകതകൾ ഒരുപരിധിവരെ പാലിക്കുന്നുണ്ട്. ‘ ‘സ്വാതന്ത്ര്യം’ ’ എന്നു വിളിക്കപ്പെടുന്ന അമിതമായ ദു:സ്വാതന്ത്ര്യം -പ്രത്യേകിച്ചും പ്രകൃത്യാലുള്ള വർണങ്ങളിൽ അത്യന്തവിരുദ്ധ വിഭാഗങ്ങൾ തമ്മിലുള്ള മിശ്രവിവാഹത്തിൽ-ഉള്ളിടത്ത് ആ സങ്കരജാതി എണ്ണത്തിൽ കുറഞ്ഞുകുറഞ്ഞ് നാമാവശേഷമാകുന്നു. അത്തരം ബന്ധത്തിൽ നിന്നുണ്ടാകുന്ന സന്തതികളെ പ്രത്യുല്പാദനശേഷി ഇല്ലാത്ത കോവർകഴുതകളെപ്പോലുള്ള വന്ധ്യസങ്കരങ്ങളോട് പുരാണസംഹിത ഉപമിക്കുന്നു. കൃത്രിമമായ ജന്തുജാതികൾ ഒടുക്കം ഉന്മൂലനം ചെയ്യപ്പെടുന്നു. ഇന്നു ജീവിച്ചിരുക്കുന്ന ഒരംഗംപോലുമില്ലാത്ത മഹത്തായ എത്രയോ മനുഷ്യവർഗങ്ങൾക്ക് ചരിത്രത്തിൽ വേണ്ടുവോളം തെളിവുകൾ ഉണ്ട്. മറ്റനേകം പ്രാചീനഗോത്രങ്ങൾ പൂർണമായും അപ്രത്യക്ഷമായപ്പോൾ, വംശത്തിന്റെവിശുദ്ധി പരിരക്ഷിച്ച് അതിനെ സഹസ്രാബ്ദങ്ങളുടെ ഗതിവിഗതികളിലൂടെ സുരക്ഷിതമായി ആനയിക്കാൻ അമിതസ്വാതന്ത്ര്യത്തിന് എതിരെയുള്ള ഒരു നിയന്ത്രണമോ നിരോധനമോ ആയി നിന്നു എന്ന അംഗീകാരം ഭാരതത്തിലെ ജാതിവ്യവസ'ഥയ'ക്കു അവളുടെ

ഏറ്റവും മഹത്തുക്കളായ ചിന്തകർ നൽകുന്നു.' ' 13 അദ്ദേഹത്തിന്റെ ഔപചാരികമായ നാമം സ്വാമി ശ്രീ സദാശിവേന്ദ്ര സരസ്വതി എന്നായിരുന്നു. അദ്ദേഹം ഈ പേരിൽ ഗ്രന്ഥരചന (ബ്രഹ്മസൂത്രത്തിനും പതഞ്ജലിയുടെ യോഗസൂത്രത്തിനും ഭാഷ്യങ്ങൾ) നടത്തി.ശൃംഗേരിമഠത്തിലെ മുൻ ശങ്കരാചാര്യർ പൂജ്യ ശ്രീ സച്ചിദാനന്ദ ശിവാഭിനവ നരസിംഹ ഭാരതി സദാശിവബ്രഹ്മനു സമർപ്പിച്ച ഭാവനാപൂർണമായ ഒരു ഗീതകം എഴുതിയിട്ടുണ്ട്.അധ്യായം 42എന്റെ ഗുരുവിനോടൊത്തുള്ള അന്ത്യദിനങ്ങൾ ' 'ഗുരുദേവാ, ഇന്നുരാവിലെ അങ്ങയെ തനിച്ചുകാണാൻ കഴിഞ്ഞതിൽ എനിക്കു സന്തോഷമുണ്ട്.' ' സുഗന്ധമുതിർക്കുന്ന കുറേ പഴങ്ങളും പനിനീർപൂക്കളുമായി ഞാൻ ശ്രീരാമപുരം ആശ്രമത്തിൽ അപ്പോൾ എത്തിയതായിരുന്നു. ശ്രീ യുക്തേശ്വരൻ ആലംബഹീനനായി എന്നെ നോക്കി. ' 'നിനക്ക് എന്താണ് ചോദിക്കാനുള്ളത്?' ' ഒരു രക്ഷാമാർഗം തേടുന്നതുപോലെ ഗുരുദേവൻ മുറിയാകെ പരതി നോക്കി. ' 'ഗുരുദേവാ, ഞാൻ ഒരു ഹൈസ്ക്കൂൾ വിദ്യാർഥിയായിട്ടാണ് അങ്ങയുടെ അടുത്തുവന്നത്; ഇന്ന് ഞാൻ ഒരു മുതിർന്ന പുരുഷനാണ്, ഒന്നോ രണ്ടോ നരച്ച മുടിയുമുണ്ട്. അന്നു മുതൽ ഇന്നു വരെ അങ്ങ് എന്നിൽ നിശ്ശബ്ദസ്നേഹം ചൊരിഞ്ഞിട്ടുണ്ടെങ്കിലും കണ്ടുമുട്ടിയ ദിവസം ഒരേ ഒരു പ്രാവശ്യം മാത്രമാണ് ' 'ഞാൻ നിന്നെ സ്നേഹിക്കുന്നു' ' എന്ന് അങ്ങ് പറഞ്ഞിട്ടുള്ളതെന്ന് അങ്ങയ'ക്ക് അറിയില്ലേ? ' ' ഞാൻ അദ്ദേഹത്തെ യാചനാപൂർവം നോക്കി.ഗുരുദേവൻ ദൃഷ്ടിതാഴ'ത്തി. ' 'യോഗാനന്ദാ, വാക്കുകളുരുവിടാത്ത ഹൃദയം ഭദ്രമായി കാത്തുസൂക്ഷിക്കുന്ന ഊഷ്മളഭാവങ്ങൾ ഭാഷണത്തിന്റെ നിർജീവമായ തലത്തിലേക്ക് ഞാൻ കൊണ്ടുവരണോ?' ' ' 'ഗുരുദേവാ, അങ്ങ് എന്നെ സ്നേഹിക്കുന്നു എന്ന് എനിക്കറിയാം, പക്ഷേ എന്റെ മർത്യകർണങ്ങൾ അങ്ങ് അങ്ങനെ പറയുന്നതു കേൾക്കാൻ അതിയായി കൊതിക്കുന്നു.' ' ' 'ശരി, നിന്റെ ഇഷ്ടംപോലെ ആകട്ടെ. യോഗമാർഗത്തിൽ പരിശീലനം നൽകാൻ ഒരു മകനുവേണ്ടി ഞാൻ എന്റെ വിവാഹജീവിതത്തിൽ പലപ്പോഴും അതിയായി ആശിച്ചിരുന്നു. പക്ഷേ എന്റെ ജീവിതത്തിലേക്ക് നീ കടന്നുവന്നപ്പോൾ എനിക്കു തൃപ്തിയായി; നിന്നിൽ ഞാൻ എന്റെ മകനെ കണ്ടെത്തി.' ' രണ്ടു തുള്ളി കണ്ണീർ ശ്രീ യുക്തേശ്വരന്റെ കണ്ണുകളിൽ തെളിഞ്ഞുനിന്നു. ' 'യോഗാനന്ദാ, നിന്നെ ഞാൻ എന്നുമെന്നും സ്നേഹിക്കുന്നു.' ' ' 'അങ്ങയുടെ വാക്കുകൾ സ്വർഗത്തിലേക്കുള്ള എന്റെ പ്രവേശപത്രമാണ്. ' ' അദ്ദേഹത്തിന്റെ ഈ വാക്കുകൾകേട്ട് എന്റെ ഹൃദയത്തിലെ ഒരു ഭാരം എന്നന്നേക്കുമായി അലിഞ്ഞ് ഇല്ലാതെയായതായി എനിക്ക് അനുഭവപ്പെട്ടു. അദ്ദേഹം വികാരചപലനായിരുന്നില്ലായെന്നും, ആത്മസംയമനം പാലിച്ചിരുന്നുവെന്നും എനിക്ക് അറിയാമായിരുന്നു. എങ്കിലും പലപ്പോഴും ഞാൻ അദ്ദേഹത്തിന്റെ മൗനത്തെപ്പറ്റി അത്ഭുതപ്പെട്ടിരുന്നു. അദ്ദേഹത്തെ പൂർണമായും തൃപ്തിപ്പെടുത്തുന്നതിൽ ഞാൻ വിജയിച്ചിട്ടില്ലായെന്ന് ചിലപ്പോഴൊക്കെ ഞാൻ ശങ്കിച്ചിരുന്നു. അസാധാരണമായിരുന്ന അദ്ദേഹത്തിന്റെ സ്വഭാവം തീർത്തും മനസ്സിലാക്കാൻ ഒരിക്കലും കഴിയുന്നതായിരുന്നില്ല. അഗാധവും പ്രശാന്തവുമായിരുന്ന അത് ബാഹ്യലോകത്തിന് അളക്കാമായിരുന്നില്ല; ആ ലോകത്തിന്റെമൂല്യങ്ങൾ അദ്ദേഹം എന്നേ മറികടന്നിരുന്നു.ഏതാനും ദിവസങ്ങൾക്കുശേഷം, കൽക്കത്തയിലെ ആൽബർട്ട് ഹാളിൽ ഒരു വലിയ പുരുഷാരത്തോട് ഞാൻ സംസാരിച്ചു. സന്തോഷിലെ മഹാരാജാവ്, കൽക്കത്തയിലെ മേയർ എന്നിവരോടൊപ്പം പ്രസംഗവേദിയിൽ ഇരിക്കാൻ ശ്രീ യുക്തേശ്വരൻ സമ്മതിച്ചു. ഗുരുദേവൻ അഭിപ്രായമൊന്നും പറഞ്ഞില്ലെങ്കിലും എന്റെ പ്രസംഗവേളയിൽ ഇടയ'ക്കിടെ ഞാൻ നോക്കിയപ്പോൾ അദ്ദേഹത്തെ സന്തുഷ്ടനായാണ് കണ്ടത്.പിന്നീട് ശ്രീരാമപുരം കോളേജിലെ പൂർവവിദ്യാർഥികളുടെ സമ്മേളനത്തിൽ എന്റെ ഒരു പ്രസംഗം ഉണ്ടായി. ഞാൻ എന്റെ പഴയ സതീർഥ്യരെയും അവർ അവരുടെ ' 'ഭ്രാന്തൻസന്ന്യാസി ' 'യെയും ഉറ്റുനോക്കിയപ്പോൾ ഏവരും സന്തോഷാശ്രുക്കൾ ലജ്ജകൂടാതെപൊഴിച്ചു. എന്റെ ഫിലോസഫി പ്രഫസർ വാഗ്മിയായ ഡോ.ഘോഷാൽ മുന്നോട്ടുവന്ന് എന്നെ സ്വീകരിച്ചു; ഞങ്ങളുടെ പഴയ തെറ്റിദ്ധാരണകൾ എല്ലാം, കാലമെന്ന മാന്ത്രികൻ നീക്കിയിരുന്നു.ഡിസംബർ അവസാനം ശ്രീരാമപുരം ആശ്രമത്തിൽ മകരസംക്രാന്തി ആഘോഷിച്ചു. പതിവുപോലെ ശ്രീ യുക്തേശ്വരന്റെ അടുത്തുമകലെയുമുള്ള ശിഷ്യർ ഒത്തുകൂടി. ഭക്തിസങ്കീർത്തനങ്ങൾ, കൃഷ്ണേതാ-ദായുടെ മധുമധുരമായ ഗാനാലാപനം, യുവശിഷ്യന്മാർ തയ്യാറാക്കിയ സദ്യ, ആളുകൾ തിങ്ങിനിറഞ്ഞ ആശ്രമാങ്കണത്തിൽ നക്ഷത്രങ്ങൾക്കുകീഴിൽ, വിജ്ഞാനത്തിന്റെ അഗാധതയിലേക്കു ചൂഴ്ന്നിറങ്ങുന്ന ഗുരുദേവന്റെ ആവേശകരമായ പ്രഭാഷണം-ഓർമകൾ, ഓർമകൾ! ദീർഘകാലംമുമ്പ് കടന്നുപോയ വർഷങ്ങളിലെ ആഹ്ലാദകരമായ ആഘോഷങ്ങൾ! ഈ രാത്രിയിൽ ഏതായാലും പുതിയ ഒരു പ്രത്യേക ഇനം അരങ്ങേറാൻ ഉണ്ടായിരുന്നു. ' 'യോഗാനന്ദാ, സഭയെ അഭിസംബോധനചെയ്യൂ-ഇംഗ്ലീഷിൽ.' ' തീരെ അസാധാരണമായ ഈ അപേക്ഷ മുന്നോട്ടുവച്ചപ്പോൾ ഗുരുദേവന്റെ കണ്ണുകൾ കുസൃതിച്ചിരിയിൽ തിളങ്ങുകയായിരുന്നു: എന്റെ ആദ്യത്തെ ഇംഗ്ലീഷ് പ്രസംഗത്തിനുമുമ്പ് കപ്പലിൽ വച്ചുണ്ടായ ദു:സ'ഥിതിയെപ്പറ്റി അദ്ദേഹം ചിന്തിക്കുകയായിരുന്നോ- എന്റെ സഹശിഷ്യരായ ശ്രോതാക്കളോട് ഞാൻ ആ കഥ പറഞ്ഞുകൊണ്ടു ഗുരുദേവന് ഭക്തിനിർഭരമായ ഉപചാരങ്ങൾ അർപ്പിച്ചു. ' 'അദ്ദേഹത്തിന്റെ പിഴയ'ക്കാത്ത മാർഗദർശനം ആ സാഗരനൗകയിൽ മാത്രമല്ല, വിശാലവും ആതിഥ്യസമ്പന്നവുമായ അമേരിക്കയിലും- എന്റെ പതിനഞ്ചുകൊല്ലത്തെ ഓരോദിവസവും-എനിക്ക് അനുഭവമായിരുന്നു.

’ ’ ഒരിക്കൽമാത്രം, ഇതുപോലെ ഒരു ഉത്സവത്തിനുശേഷം അദ്ദേഹത്തിന്റെ കിടപ്പുമുറിയിലെകിടക്കയിൽ ഉറങ്ങാൻ എന്നെ ശ്രീ യുക്തേശ്വരൻ അനുവദിച്ചിരുന്നു. അതിഥികൾ പിരിഞ്ഞശേഷം, അതേ കിടപ്പുമുറിയിലേക്ക് ശ്രീ യുക്തേശ്വരൻ എന്നെ വിളിച്ചു. ഈ രാത്രിയിൽ അവിടെ എന്റെ ഗുരുദേവൻ നിശ്ശബ്ദനായി ഇരിക്കുകയായിരുന്നു; കാൽക്കലായി അർധവൃത്താകൃതിയിൽ ശിഷ്യരും. ‘ ‘യോഗാനന്ദാ, നീ ഇപ്പോൾകൽക്കത്തക്ക് തിരിച്ചുപോവുകയാണോ? നാളെ ഇവിടെ മടങ്ങി വരൂ; എനിക്ക് ചില കാര്യങ്ങൾ നിന്നോടു പറയാനുണ്ട്.’ ’ അടുത്തദിവസം ഉച്ചതിരിഞ്ഞ്, അനുഗ്രഹാശിസ്സുകളുടെ ഏതാനും ലളിതമായ വാക്കുകളോടെ ശ്രീ യുക്തേശ്വരൻ എനിക്ക് സന്ന്യാസത്തിലെ അടുത്തപടിയായ പരമഹംസൻ1 എന്ന പദവി നൽകി.അദ്ദേഹത്തിന്റെ മുന്നിൽ നമസ്കരിച്ചപ്പോൾ ഗുരുദേവൻ പറഞ്ഞു, ‘ ‘ഇപ്പോൾ മുതൽ പഴയ സ്വാമിയെന്ന പദവിക്കുപകരം ഈ പുതിയ പദവി നിലവിൽ വരുന്നതാണ്.’ ’ എന്റെ പാശ്ചാത്യവിദ്യാർഥികൾ 'പരമഹംസജി'2 എന്ന് ഉച്ചരിക്കാൻ പെടാവുന്ന പാടോർത്ത് ഞാൻ നിശബ്ദമായി ചിരിച്ചു. ‘ ‘ഭൂതലത്തിലെ എന്റെ കർത്തവ്യങ്ങൾ ഇപ്പോൾ തീർന്നു കഴിഞ്ഞിരിക്കുന്നു; നീ അതു തുടരണം,’ ’ പ്രശാന്തവും സൗമ്യവുമായ കണ്ണുകളോടെ ഗുരുദേവൻ അടക്കിയ സ്വരത്തിൽ പറഞ്ഞു. എന്റെ ഹൃദയം ഭയംകൊണ്ട് അതിവേഗം മിടിക്കുകയായിരുന്നു. ‘ ‘പുരിയിലെ നമ്മുടെ ആശ്രമത്തിന്റെ ചുമതലകൾ ഏറ്റെടുക്കാൻ ആരെയെങ്കിലും അയയ'ക്കൂ, ’ ’ ശ്രീ യുക്തേശ്വരൻ തുടർന്നു. ‘ ‘ഞാൻ എല്ലാം നിന്നെ ഭാരമേല്പിക്കുകയാണ്. നിന്റെ ജീവിതത്തിന്റെയും ഈ സംഘടനയുടെയും നൗക ദൈവികതീരങ്ങളിൽ വിജയകരമായി എത്തിക്കുവാൻ നിനക്കു സാധിക്കും.’ ’ കണ്ണീരോടെ ഞാൻ ആ പാദങ്ങൾ പുൽകുകയായിരുന്നു; അദ്ദേഹം എഴുന്നേറ്റ് എന്നെ സ്നേഹത്തോടെ ആശീർവദിച്ചു.ഒരു യോഗദാ ഉപാസകനായ സ്വാമി സേവാനന്ദനെ അടുത്ത ദിവസം റാഞ്ചിയിൽനിന്ന് വിളിച്ചു വരുത്തിയിട്ട് പുരി ആശ്രമത്തിന്റെ ചുമതലയേൽക്കാൻ ഞാൻ അയച്ചു. തന്റെ വസ്തുവകകൾ നിയമാനുസൃതം വ്യവസ'ഥ ചെയ്യുന്നതിന്റെ വിശദാംശങ്ങൾ പിന്നീട് ഗുരുദേവൻ ചർച്ച ചെയ്തു. തന്റെ രണ്ട് ആശ്രമങ്ങളും മറ്റു വസ്തുവകകളും കൈക്കലാക്കാൻ അദ്ദേഹത്തിന്റെ മരണശേഷം ബന്ധുക്കൾ വ്യവസ'ഥഹാരം നടത്താനുള്ള സാധ്യത ഒഴിവാക്കുന്നതിൽ അദ്ദേഹത്തിന് വ്യഗ്രത ഉണ്ടായിരുന്നു. അവ ലോകോപകാരപ്രദമായ ഉദ്ദേശ്യങ്ങൾക്കു മാത്രമായി നിയമാനുസൃതമായിത്തന്നെ വ്യവസ'ഥ ചെയ്യണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. ‘ ‘ഈയിടെ ഗുരുദേവന് ഖിദിരപുരം സന്ദർശിക്കാനുള്ള ഒരുക്കങ്ങൾ ചെയ്തിരുന്നതാണ്, പക്ഷേ അദ്ദേഹത്തിന് പോകാൻ കഴിഞ്ഞില്ല.’ ’ അമൂല്യ ബാബു എന്ന ഒരു സഹശിഷ്യൻ ഒരു ദിവസം ഉച്ചകഴിഞ്ഞ് ഈ പ്രസ്താവം നടത്തിയപ്പോൾ ദുരന്തദുശ്ശങ്കയുടെ വിറങ്ങലിപ്പിക്കുന്ന ഒരു അലമാല എന്നിൽ ഉയർന്നു. ഞാൻ നിർബന്ധിച്ചുചോദിച്ചപ്പോൾ ശ്രീ യുക്തേശ്വരൻ പറഞ്ഞു ‘ ‘ഖിദിരപുരത്ത് ഇനി ഞാൻ പോവുകയില്ല.’ ’ ഒരു നിമിഷനേരത്തേക്ക് ഗുരുദേവൻ പേടിച്ചരണ്ട ഒരു കുട്ടിയെപ്പോലെ വിറച്ചു.പ്രതഞ്ജലി എഴുതി: ‘ ‘ശരീരമെന്ന പഞ്ജരത്തോട് സ്വതസിദ്ധമായി ഉയർന്നുവരുന്ന മമത3 ചെറിയ അളവിൽ വലിയ തപസ്വികളിൽ പോലും ഉണ്ട്.’ ’ മരണത്തെപ്പറ്റിയുള്ള ചില പ്രഭാഷണങ്ങളിൽ എന്റെ ഗുരുദേവൻ ഇതുകൂടി പറയുക പതിവായിരുന്നു: ‘ ‘ദീർഘകാലം കൂട്ടിലടയ'ക്കപ്പെട്ട ഒരു കിളി, കൂടിന്റെ വാതിൽ തുറന്നുവച്ചാൽ പരിചിതമായ കൂടുവിട്ടുപോകാൻ മടിക്കുന്നതുപോലെ.’ ’ ) ‘ ‘ഗുരുദേവാ, അങ്ങനെ പറയാതിരിക്കൂ!’ ’ ഒരു തേങ്ങലോടെ ഞാൻ അപേക്ഷിച്ചു, ‘ ‘ആ വാക്കുകൾ എന്നോട് ഒരിക്കലുംപറയരുത്!’ ’ ശ്രീ യുക്തേശ്വരന്റെ മുഖഭാവം ഒരു മന്ദസ്മിതത്തിൽ അയഞ്ഞു. തന്റെ എൺപത്തിയൊന്നാമതു ജന്മദിനം അടുത്തിരുന്നുവെങ്കിലും അദ്ദേഹം അരോഗദൃഢഗാത്രനായി കാണപ്പെട്ടു.വാക്കുകളിൽ പറയാത്തതെങ്കിലും ശക്തമായി അനുഭവപ്പെട്ടിരുന്ന എന്റെ ഗുരുവിന്റെ സ്നേഹത്തിന്റെ ഇളവെയിൽ നിത്യേന കാഞ്ഞിരുന്ന ഞാൻ, എന്റെ ബോധമനസ്സിൽനിന്ന് തന്റെ ആസന്നമായ ദേഹവിയോഗ ത്തെപ്പറ്റി അദ്ദേഹം നൽകിയ അനേകം സൂചനകളെ ദുരീകരിച്ചു. ‘ ‘പ്രഭോ, ഈ മാസം അലഹബാദിൽ കുംഭമേളയാണ്.’ ’ ഒരു ബംഗാളി പഞ്ചാംഗത്തിൽ ഞാൻ മേളതീയതികൾ ഗുരുദേവന് കാട്ടിക്കൊടുത്തു’ ’ 4 ‘ ‘നിനക്ക് തീർച്ചയായും പോകണമെന്നുണ്ടോ?’ ’ ഞാൻ അദ്ദേഹത്തെ പിരിയുന്നതിൽ ശ്രീ യുക്തേശ്വരനുണ്ടായിരുന്ന വൈമുഖ്യം മനസ്സിലാക്കാതെ ഞാൻ തുടർന്നു. ‘ ‘ഒരിക്കൽ അങ്ങേക്ക് ബാബാജിയുടെ ദർശനം ഒരു അലഹബാദ് കുംഭമേളയിൽ വച്ചു ലഭിച്ചു. ഒരുപക്ഷേ ഇപ്രാവശ്യം അദ്ദേഹത്തെ ദർശിക്കാനുള്ള ഭാഗ്യം എനിക്കും ലഭിച്ചേക്കും.’ ’ ‘ ‘നീ അദ്ദേഹത്തെ അവിടെവച്ചു കാണുമെന്ന് ഞാൻ വിചാരിക്കുന്നില്ല.’ ’ എന്റെ പരിപാടികളെ തടസ്സപ്പെടുത്താനാഗ്രഹിക്കാതെ ഗുരുദേവൻ മൗനംപാലിച്ചു.ഒരു ചെറിയ സംഘവുമായി പിറ്റെ ദിവസം ഞാൻ അലഹബാദിനു തിരിച്ചപ്പോൾ ഗുരുദേവൻ പതിവുപോലെ ശാന്തനായി എന്നെ ആശീർവദിച്ചു. എന്റെ ഗുരുവിന്റെ ദേഹവിയോഗം നിസ്സഹായനായി കണ്ടുനിൽക്കാൻ നിർബന്ധിതനാകുന്ന അനുഭവത്തിൽനിന്ന് എന്നെ ഒഴിവാക്കാൻ ജഗദീശ്വരൻ ആഗ്രഹിച്ചതുകൊണ്ടാകണം, ശ്രീ യുക്തേശ്വരന്റെ മനോഭാവത്തിന്റെ വിവക്ഷകൾ ഞാൻ മനസ്സിലാക്കാതെ പോയത്. എനിക്ക് പ്രിയമുള്ളവരുടെ മരണത്തിന്റെ സമയത്ത് ഞാൻ ആ രംഗത്തുനിന്ന് അകലെയായിരിക്കുവാൻ ഈശ്വരൻ കാരുണ്യപൂർവം വഴിയൊരുക്കുന്നവെന്നത് എന്റെ ജീവിതത്തിൽ എപ്പോഴും സംഭവിച്ചിട്ടുണ്ട്.5ഞങ്ങളുടെ സംഘം 1936-ജനുവരി 23-ന്

കുംഭമേളയുടെ സ'ഥലത്തെത്തി. രണ്ടു ദശലക്ഷത്തോളം വരുന്ന അലയടിക്കുന്ന പുരുഷാരം മതിപ്പുളവാക്കുന്ന, പോരാ, അസ്തപ്രജ്ഞമാക്കുന്ന ഒരു ദൃശ്യമാണ്. ആത്മീയമൂല്യങ്ങളോടും, കുറേക്കൂടി ദൈവികമായ ഒരു അഭയം തേടുന്നതിനായി ലൗകികബന്ധങ്ങളെ ഉപേക്ഷിച്ച സാധുസത്തുക്കളോടും, ഏറ്റവും എളിയ ഗ്രാമീണകർഷകനിൽപോലും ജന്മസിദ്ധമായിക്കാണുന്ന ആദരവാണ് ഭാരതീയ ജനതയുടെ സവിശേഷമായ നിസ്സർഗസത്ത. വഞ്ചകരും കപടവേഷക്കാരും തീർച്ചയായുമുണ്ട്; പക്ഷേ ഈ നാടിന് സ്വർഗീയമായ നന്മകളേകി വെളിച്ചംപകരുന്ന അപൂർവമായ ചിലരെക്കരുതി, ഭാരതം എല്ലാപേരെയും ആദരിക്കുന്നു. കാലത്തിന്റെ പ്രഹരങ്ങൾക്ക് തളർത്താനാവാത്ത ഊർജസ്വലചൈതന്യത്തിന് ഭാരതം കടപ്പെട്ടിരിക്കുന്നത് ഈ നാടിന്റെ നാഡീസ്പന്ദനമായ ആത്മീയവ്യഗ്രതയോടാണ്. ഇത് അനുഭവിച്ചറിയാനുള്ള അതുല്യമായ അവസരം ഈ വിപുലമായ ദൃശ്യം നോക്കികാണുകയായിരുന്ന പാശ്ചാത്യർക്കുലഭിച്ചു.ആദ്യദിവസം ഞങ്ങളുടെ സംഘം ചെലവഴിച്ചത് വെറുതെ മിഴിച്ചുനോക്കിനിന്നാണ്. പാപമോചനത്തിനായി ആയിരക്കണക്കിനു തീർഥാടകർ ഗംഗാസ്നാനം ചെയ്തു; ബ്രാഹ്മണപുരോഹിതർ ആചാരപരമായ ആരാധനാകർമങ്ങൾ നടത്തി; മൗനംഭജിച്ച സന്ന്യാസിമാരുടെ പാദങ്ങളിൽ അർഘ്യങ്ങൾ സമർപ്പിക്കപ്പെട്ടു; ഗജവീരന്മാരുടെ നിരകൾ, ചമയങ്ങളണിഞ്ഞ കുതിരകൾ, മന്ദഗതിയായ രാജപുത്താന ഒട്ടകങ്ങൾ എല്ലാം നിരനിരയായി കടന്നുപോയി; പിന്നാലെ സ്വർണവുംവെള്ളിയുംകൊണ്ടുള്ള ദണ്ഡുകളോ പട്ടിലുള്ള പതാകകളോ വീശുന്ന നഗ്നസന്ന്യാസിമാരുടെ കൗതുകകരമായ ഒരു ഘോഷയാത്ര.ചൂടിലും തണുപ്പിലും നിന്നുള്ള രക്ഷയ'ക്കായി ശരീരമാസകലം ഭസ്മംപൂശിയ കൗപീനമാത്രധാരികളായ സന്ന്യാസിമാർ ചെറിയകൂട്ടങ്ങളായി ശാന്തരായി ഇരുന്നിരുന്നു. അവരുടെ നെറ്റിയിലെ ഒരൊറ്റ ചന്ദനപ്പൊട്ട് ആത്മീയനേത്രത്തെ മിഴിവോടെ പ്രതിനിധാനം ചെയ്തിരുന്നു. ഓരോ മുളവടിയും ഭിക്ഷാപാത്രവുമേന്തിയ തലമുണ്ഡനംചെയ്ത കാവിവസ്ത്രധാരികളായ സ്വാമിമാർ ആയിരക്കണക്കിനുണ്ടായിരുന്നു. ചുറ്റിനടക്കുകയോ ശിഷ്യരുമായി ദാർശനികചർച്ചകൾ നടത്തുകയോ ആയിരുന്നു അവർ. സർവസംഗപരിത്യാഗികളുടെ ശാന്തി അവരുടെ മുഖത്തുനിന്നും പ്രസരിച്ചു. [image file=image_rsrc4AZ.jpg] 1936-ൽ അലഹബാദിലെ കുംഭമേളയിൽ സ്വാമി കൃഷ്ണാനന്ദൻ ഓംകാരനാദം മന്ദ്രമധുരമായി പുറപ്പെടുവിക്കുന്ന സസ്യഭുക്ക് സിംഹിയോടൊപ്പംജടാമകുടങ്ങൾധരിച്ച വിചിത്രരൂപികളായ സന്ന്യാസിമാർ അങ്ങിങ്ങ് വന്മരങ്ങളുടെകീഴിൽ വലിയ ആഴികൾകൂട്ടി അവയ'ക്കു ചുറ്റും ഇരുന്നു. ചിലർ അനേകം അടി നീളമുള്ള താടിമീശ ചുരുട്ടിമടക്കിക്കെട്ടിയിരുന്നു. അവർ നിശബ്ദരായി ധ്യാനിക്കുകയോ കടന്നുപോകുന്ന പുരുഷാരത്തെ, ഭിക്ഷക്കാർ, ആനപ്പുറത്തേറിയ രാജാക്കന്മാർ, വിവിധനിറമാർന്ന സാരികൾധരിച്ച് വളകളും തളകളും കിലുങ്ങുമാറ് നടക്കുന്ന സ്ത്രീകൾ, മെലിഞ്ഞ കൈകൾ വിലക്ഷണമായി ഉയർത്തിപ്പിടിച്ച ഫക്കീറന്മാർ, ധ്യാനത്തിനുള്ള യോഗദണ്ഡുകൊണ്ടുനടക്കുന്ന ബ്രഹ്മചാരികൾ, ബാഹ്യഗൗരവംകൊണ്ട് ഉള്ളിലെ പരമാനന്ദം മറച്ച എളിയ തപോധനന്മാർ എന്നിവരെയൊക്കെ അനുഗ്രഹിക്കുകയോ ചെയ്തു. ഈ കോലാഹലങ്ങൾക്കുപരിയായി അമ്പലമണികളുടെ അവിരാമമായ ആഹ്വാനവും ഞങ്ങൾകേട്ടു.മേളയിലെ ഞങ്ങളുടെ രണ്ടാമത്തെദിവസം എന്റെ സഹചാരികളും ഞാനും വിവിധ ആശ്രമങ്ങളും താല്കാലികപർണശാലകളും സന്ദർശിച്ച് പുണ്യപൂരുഷന്മാരെ പ്രണമിച്ചു. സന്ന്യാസിപരമ്പരയിലെ ‘ ‘ഗിരി’ ’ വിഭാഗത്തിന്റെ തലവനായ പുഞ്ചിരിക്കുന്ന തീപോലെ കണ്ണുകളുള്ള മെലിഞ്ഞ ഒരു തപസ്വിയുടെ അനുഗ്രഹം ഞങ്ങൾക്കു ലഭിച്ചു. കഴിഞ്ഞ ഒമ്പതുവർഷമായി മൗനവ്രതവും പഴങ്ങൾമാത്രം ഭക്ഷണവുമായിക്കഴിയുന്ന ഒരു ആചാര്യന്റെ ആശ്രമം ഞങ്ങൾ പിന്നീട് സന്ദർശിച്ചു. ശാസ്ത്രപാരംഗതനും എല്ലാ വിഭാഗക്കാർക്കും ആരാധ്യനുമായ പ്രജ്ഞാചക്ഷു7 എന്ന ഒരു അന്ധനായ സാധു ആശ്രമപൂമുഖത്ത് ഒരു വേദിയിൽ ഇരുന്നു.വേദാന്തത്തെപ്പറ്റി ഹിന്ദിയിൽ ഞാൻ ഒരു ചെറിയ പ്രഭാഷണംചെയ്തു. അതിനുശേഷം പനിനീർപൂവുപോലെ തുടുത്ത കവിളുകളും പ്രൗഢമായ തോളുകളുള്ള സുമുഖനായ കൃഷ്ണാനന്ദൻ എന്ന, അടുത്തുള്ള ഒരു സന്ന്യാസിയെ അഭിവാദനം ചെയ്യാൻ ഞങ്ങളുടെ സംഘം പുറപ്പെട്ടു. അദ്ദേഹത്തിന്റെ അടുത്തായി ഇണങ്ങിയ ഒരു സിംഹി കിടന്നിരുന്നു. സന്ന്യാസിയുടെ ആത്മീയവശ്യതയിൽ-അദ്ദേഹത്തിന്റെ കായികശേഷിയിൽ അല്ലായെന്നു തീർച്ച!-മയങ്ങിയ ആ വന്യജന്തു മാംസം വെടിഞ്ഞ് പാലും ചോറും കഴിക്കുന്നു. തവിട്ടുനിറമുള്ള ഈ വന്യമൃഗത്തെ മന്ദ്രാവസ'ഥയിലുള്ള ആകർഷകമായ ഒരു മുരളൽകൊണ്ട് ഓംകാരം പുറപ്പെടുവിക്കാൻ ആ സ്വാമി പഠിപ്പിച്ചിരിക്കുന്നു-ഒരു മാർജാരഭക്ത!ഞങ്ങളുടെ അടുത്ത കൂടിക്കാഴ്ച ജ്ഞാനിയായ ഒരു യുവസന്ന്യാസിയുമായി ആയിരുന്നു. മി. റൈറ്റിന്റെ ഉജ്വലമായ യാത്രാക്കുറിപ്പിൽ അത് ഭംഗിയായി വിവരിച്ചിരിക്കുന്നു. ‘ ‘ജലവിതാനം തീരെതാണിരുന്ന ഗംഗാനദിക്കുകുറുകെ, കിറുകിറുക്കുന്ന ഒരു തോണിപ്പാലത്തിലൂടെ ഫോഡുകാറിൽ ഞങ്ങൾ സഞ്ചരിച്ചു. ജനക്കൂട്ടത്തിനിടയിലൂടെയും ഇടുങ്ങി വളഞ്ഞുപുളഞ്ഞ പാതയിലൂടെയും പാമ്പിനെപ്പോലെ ഇഴഞ്ഞ് ഞങ്ങൾ നീങ്ങി. ബാബാജിയും ശ്രീ യുക്തേശ്വരനും കണ്ടുമുട്ടിയ ഇടമെന്ന് യോഗാനന്ദജി എനിക്കു ചൂണ്ടിക്കാണിച്ചുതന്ന നദീതടവും താണ്ടി, അല്പംകഴിഞ്ഞ് കാറിൽനിന്ന് ഞങ്ങൾ ഇറങ്ങി. സന്ന്യാസിമാർ കൂട്ടിയ ആഴിയുടെ കട്ടികൂടിവരുന്ന പുകപടലത്തിലൂടെയും കാൽവഴുതുന്ന മണൽപുറത്തുകൂടെയും അല്പംദൂരം നടന്ന്, ചെളിയും വയ'ക്കോലുംകൊണ്ട് ഏറ്റവും

എളിയ രീതിയിൽ ഉണ്ടാക്കിയിട്ടുള്ള ഒരു പറ്റം കുടിലുകളുടെയടുത്ത് ഞങ്ങൾ എത്തിച്ചേർന്നു. ഒരു എളിയ താല്ക്കാലിക കുടിലിന്റെ, അടയ'ക്കാൻ പാളികളില്ലാത്ത വാതിലിനു മുമ്പിൽ ഞങ്ങൾ നിന്നു. അസാധാരണമായ ബുദ്ധിവൈഭവംകൊണ്ട് ശ്രേഷ്ഠനായ കരപാത്രി എന്ന സഞ്ചാരിയായ യുവസാധുവിന്റെ ചെറിയ കുടിലായിരുന്നു ഇത്. അവിടെ, ഒരു വൈയ'ക്കോൽ ഇരിപ്പിടത്തിൽ, തന്റെ ഒരേ ഒരു പുതപ്പ്- സാന്ദർഭികമായി പറയട്ടെ, ഒരേ ഒരു സ്വത്തും-ആയ കാഷായവസ്ത്രം തോളിലിട്ട് അദ്ദേഹം ചമ്രംപടിഞ്ഞ് ഇരുന്നിരുന്നു. ‘ ‘ഞങ്ങൾ നാലുകാലിൽ ഇഴഞ്ഞ് ആ കുടിലിനുള്ളിൽ പ്രവേശിച്ചു. വാതിൽക്കൽവച്ചിരുന്ന മണ്ണെണ്ണവിളക്ക് പുൽമേഞ്ഞചുമരുകളിൽ ചലിക്കുന്ന വിചിത്രമായനിഴലുകൾ വിരിച്ചു. ആ ജ്ഞാനിയുടെ പാദങ്ങളിൽ നമസ്ക്കരിച്ച ഞങ്ങളെ നോക്കി യഥാർഥത്തിൽ ദിവ്യമായ ആ വദനം മന്ദസ്മിതം പൊഴിച്ചു. ആ സാധുവിന്റെ മുഖം പ്രത്യേകിച്ച് അദ്ദേഹത്തിന്റെ കണ്ണുകളും കുറ്റമറ്റപല്ലുകളും, ഒരു പുഞ്ചിരിയിൽ തിളങ്ങി. അദ്ദേഹത്തിന്റെ ഹിന്ദി എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ലെങ്കിലും ആ മുഖത്തെ ഭാവങ്ങൾ ഏറെ അർഥവത്തായിരുന്നു; ഉത്സാഹം, പ്രേമം, ആത്മീയമാഹാത്മ്യം എന്നിവ അദ്ദേഹത്തിൽനിറഞ്ഞിരുന്നു. അദ്ദേഹത്തിന്റെ മഹത്വം ആർക്കും വ്യക്തമാകുമായിരുന്നു. ‘ ‘ഭൗതികവസ്തുക്കളിൽ മമതവച്ചുപുലർത്താത്ത ഒരുവന്റെ ആനന്ദകരമായജീവിതം ഒന്നു സങ്കല്പിച്ചുനോക്കൂ: വസ്ത്രത്തിന്റെ പ്രശ്നമില്ല; ഭക്ഷണത്തിന് ആർത്തിയില്ല, ഒരിക്കലും ഭിക്ഷയാചിക്കുന്നില്ല, പാചകംചെയ്തഭക്ഷണം ഒന്നിരാടംദിവസങ്ങളിലല്ലാതെ തൊടുന്നില്ല, ഒരിക്കലും ഭിക്ഷാപാത്രം കൊണ്ടുനടക്കുന്നില്ല; ഒരിക്കലും പണംകൈകാര്യംചെയ്യുന്നില്ല, ധനസംബന്ധമായ കുരുക്കുകൾ ബാധിക്കുന്നില്ല, ഒരിക്കലും സാധനങ്ങൾ ശേഖരിച്ചുവയ'ക്കുന്നില്ല; എല്ലായ്പോഴും ഈശ്വരനിൽ വിശ്വാസം അർപ്പിക്കുന്നു; വാഹനയാത്രയുടെ ക്ലേശങ്ങളില്ല, വാഹനങ്ങളിൽ യാത്രയില്ല, പുണ്യനദികളുടെ തീരങ്ങളിൽ എപ്പോഴും നടക്കുന്നു; മമതാബന്ധം വളരുന്നതൊഴിവാക്കാൻ ഒരിക്കലും ഒരുസ'ഥലത്ത് ഒരാഴ്ചയിൽ കൂടുതൽ കഴിയുന്നില്ല. ‘ ‘അപ്രകാരമുള്ള ഒരു വിനയാന്വിതൻ! വേദങ്ങളിൽ അസാധാരണ പാണ്ഡിത്യവും വാരാണസി സർവകലാശാലയിൽനിന്ന് എം.എ. ബിരുദവും ശാസ്ത്രിപദവും നേടിയ ദേഹം! അദ്ദേഹത്തിന്റെ കാല്ക്കൽ ഇരുന്നപ്പോൾ ഒരു ഉത്കൃഷ്ടമായ അനുഭൂതി എന്നിൽ നിറഞ്ഞു; യഥാർഥമായ പ്രാചീനഭാരതത്തെക്കാണുകയെന്ന എന്റെ ആഗ്രഹത്തിനുലഭിച്ച സാഫല്യമാണിതെല്ലാമെന്നുതോന്നുന്നു. കാരണം, ആധ്യാത്മികമഹത്വം നേടിയ അതികായന്മാരുടേതായ ഈ നാടിന്റെ ഒരു യഥാർഥപ്രതിനിധിയാണ് അദ്ദേഹം.’ ’ അദ്ദേഹത്തിന്റെ തീർഥാടനജീവിതത്തെപ്പറ്റി കരപാത്രിയോട് ഞാൻ ചോദിച്ചു. ‘ ‘ശീതകാലത്തേക്ക് അങ്ങേയ'ക്ക് മറ്റുവസ്ത്രങ്ങളില്ലേ? ’ ’ ‘ ‘ഇല്ല, ഇതുമതിയാകും.’ ’ ‘ ‘ഏതെങ്കിലും പുസ്തകങ്ങൾ കൊണ്ടുനടക്കാറുണ്ടോ?’ ’ ‘ ‘ഇല്ല, ഞാൻ പറയുന്നതുകേൾക്കാൻ ആഗ്രഹിക്കുന്നവരെ ഞാൻ ഓർമയിൽനിന്നു പഠിപ്പിക്കുന്നു.’ ’ ‘ ‘വേറെ എന്തുചെയ്യുന്നു?’ ’ ‘ ‘ഞാൻ ഗംഗാതീരത്ത് സ്വതന്ത്രനായി സഞ്ചരിക്കുന്നു.’ ’ ശാന്തമായ ഈ വാക്കുകൾ കേട്ടപ്പോൾ അദ്ദേഹത്തിന്റെ ജീവിതത്തിന്റെ മട്ടിലുള്ള ലാളിത്യത്തിനുവേണ്ടി അതിയായ ഒരു ആഗ്രഹം എന്നെ വിവശനാക്കി. അമേരിക്കയേയും എന്റെ ചുമലിലുണ്ടായിരുന്ന എല്ലാ ഉത്തരവാദിത്വങ്ങളെയും ഞാൻ ഓർത്തു. ‘ ‘ഇല്ല, യോഗാനന്ദാ,’ ’ ഒരുനിമിഷം ദുഃഖത്തോടെ ഞാൻ ചിന്തിച്ചു. ‘ ‘ഗംഗാതീരത്തെ സ്വതന്ത്രസഞ്ചാരം, ഈ ജന്മത്തിൽ നിനക്കുള്ളതല്ല.’ ’ ആ യതിവര്യൻ തന്റെ ആത്മീയസാക്ഷാത്ക്കാരങ്ങളിൽ ചിലവ എന്നോടുപറഞ്ഞുകഴിഞ്ഞപ്പോൾ ഞാൻ പെട്ടെന്ന് ഒരു ചോദ്യം തൊടുത്തുവിട്ടു. ‘ ‘ഈ വിവരങ്ങൾ അങ്ങ് ശാസ്ത്രഗ്രന്ഥങ്ങളിൽ നിന്നാണോ പറയുന്നത് അതോ ആന്തരിക അനുഭവത്തിൽനിന്നോ?’ ’ ‘ ‘പകുതി പുസ്തകങ്ങളിലെ അറിവിൽനിന്ന്: പകുതി അനുഭവത്തിൽനിന്നും.’ ’ അദ്ദേഹം തുറന്ന പുഞ്ചിരിയോടെ പറഞ്ഞു.ഞങ്ങൾ അല്പനേരം ധ്യാനാത്മകമായ നിശ്ശബ്ദതയിൽ സന്തുഷ്ടരായി ഇരുന്നു. അദ്ദേഹത്തിന്റെ വിശുദ്ധസാന്നിധ്യത്തിൽനിന്നു പിരിഞ്ഞശേഷം ഞാൻ മി. റൈറ്റിനോടുപറഞ്ഞു, ‘ ‘അദ്ദേഹം സുവർണമായ ഒരുവൈയ'ക്കോൽ സിംഹാസനത്തിലിരിക്കുന്ന സമ്രാട്ടാണ്.’ ’ അന്നുരാത്രി മേളയുടെ മൈതാനത്ത് നക്ഷത്രങ്ങൾക്കു കീഴിൽ, ഇലകളെ ചെറുചില്ലകൊണ്ടു കുത്തിക്കോർത്തിണക്കിയ തട്ടങ്ങളിൽ ഞങ്ങൾ അത്താഴം കഴിച്ചു. ഭാരതത്തിൽ പാത്രം കഴുകൽ ഏറ്റവും പരിമിതമായി കുറച്ചിരിക്കുന്നു!കുംഭമേളയുടെ അത്യധികം ആകർഷകമായ രണ്ടുദിവസം കൂടി: എന്നിട്ടു യമുനാതീരത്തുകൂടെ, വടക്കുപടിഞ്ഞാറുള്ള ആഗ്രയിലേക്ക് ഒരിക്കൽകൂടി. ഞാൻ താജ്മഹലിൽ മിഴിനട്ടുനിന്നു; ‘ ‘വെണ്ണക്കല്ലിലെസ്വപ്നം’ ’ കണ്ടുമതിമറന്ന ജിതേന്ദ്രൻ ഓർമയിൽ എന്റെ അരികിൽനിന്നു. പിന്നീട് സ്വാമികേശവാനന്ദന്റെ വൃന്ദാവനം ആശ്രമത്തിലേക്ക്.കേശവാനന്ദജിയെ തേടിചെന്നതിന്റെ ഉദ്ദേശ്യം ഈ പുസ്തകവുമായി ബന്ധപ്പെട്ടതായിരുന്നു. ലാഹിരി മഹാശയന്റെ ജീവിതകഥ ഞാൻ എഴുതണം എന്ന ശ്രീ യുക്തേശ്വരന്റെ അപേക്ഷ ഞാൻ ഒരിക്കലും മറന്നിരുന്നില്ല. ഭാരതത്തിലെ എന്റെ താമസക്കാലത്ത് ആ യോഗാവതാരത്തിന്റെ നേരിട്ടുള്ള ശിഷ്യന്മാരും ബന്ധുക്കളുമായി ബന്ധപ്പെടാനുള്ള എല്ലാ അവസരങ്ങളും ഞാൻ ഉപയോഗപ്പെടുത്തുകയായിരുന്നു. അവരുമായുള്ള സംഭാഷണങ്ങൾ വാല്യങ്ങളോളം വരുന്ന വിശദമായ കുറിപ്പുകളിലാക്കി, ഞാൻ വസ്തുതകളും തീയതികളും ഒത്തുനോക്കി ഉറപ്പുവരുത്തുകയും, ചിത്രങ്ങൾ, പഴയ എഴുത്തുകൾ, രേഖകൾ എന്നിവ ശേഖരിക്കുകയും ചെയ്തു. ലാഹിരി മഹാശയനെ സംബന്ധിച്ച വസ്തുതാശേഖരം പെരുകാൻ തുടങ്ങി;

എന്റെ മുന്നിൽ പുസ്തകരചനയുടെ കഠിനയത്നങ്ങൾ നിരക്കുന്നുവെന്ന് ഞാൻ അമ്പരപ്പോടെ മനസ്സിലാക്കി. മഹാപുരുഷനായ ഗുരുവിന്റെ ജീവചരിത്രകാരനെന്നനിലയിൽ എന്റെ കർത്തവ്യം നിർവഹിക്കാൻ എനിക്കു കഴിയേണമേയെന്ന് ഞാൻ പ്രാർഥിച്ചു. തങ്ങളുടെ ഗുരുദേവനെപ്പറ്റി എഴുതിയ ഒരു വിവരണത്തിൽ അദ്ദേഹം നിസ്സാരനാക്കപ്പെടുമെന്നോ ദുർവ്യാഖ്യാനം ചെയ്യപ്പെടുമെന്നോ അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ പലരും ഭയന്നിരുന്നു. ‘ ‘ഒരു ദിവ്യാവതാരത്തിന്റെ ജീവിതകഥയോട് നിർജീവമായ വാക്കുകൾകൊണ്ട് നീതിപുലർത്താൻ സാധ്യമല്ല,’ ’ പഞ്ചാനൻ ഭട്ടാചാര്യ എന്നോട് ഒരിക്കൽ അഭിപ്രായപ്പെട്ടു.മറ്റ് ഉറ്റശിഷ്യന്മാരും അതുപോലെ ആ യോഗാവതാരത്തെ തങ്ങളുടെ ഹൃദയത്തിൽ അവരുടെ അമരഗുരുവായി കുടിയിരുത്തുന്നതുകൊണ്ട് തൃപ്തിപ്പെട്ടു. എങ്കിലും, തന്റെ ജീവചരിത്രത്തെപ്പറ്റിയുള്ള ലാഹിരി മഹാശയന്റെ പ്രവചനം മനസ്സിൽവച്ചുകൊണ്ട്, അദ്ദേഹത്തിന്റെ ബാഹ്യജീവിതത്തിന്റെ വസ്തുതകൾ സമ്പാദിക്കാനും സ'ഥിരീകരിക്കാനുമുള്ള ശ്രമം ഞാൻ ഉപേക്ഷിച്ചില്ല.വൃന്ദാവനത്തിലെ സുന്ദരമായ ഒരു ഉപവനത്തിൽ സ'ഥിതിചെയ്യുന്ന കാത്യായനീപീഠ ആശ്രമത്തിന്റെ കനത്ത കറുത്തതൂണുകളോടുകൂടിയ ഊക്കൻ ഇഷ്ടികക്കെട്ടിടത്തിൽവച്ച് സ്വാമി കേശവാനന്ദൻ ഞങ്ങളുടെ സംഘത്തെ ഹൃദ്യമായി സ്വീകരിച്ചു. ലാഹിരി മഹാശയന്റെ ഒരു വലിയ ചിത്രത്താൽ അലംകൃതമായ ഇരിപ്പുമുറിയിലേക്ക് അദ്ദേഹം ഞങ്ങളെ ഉടൻതന്നെ ആനയിച്ചു. സ്വാമിജിക്ക് തൊണ്ണൂറുവയസ്സ് ആകാൻ പോവുകയായിരുന്നെങ്കിലും അദ്ദേഹത്തിന്റെ ദൃഢപേശിയായ ശരീരം ശക്തിയും ആരോഗ്യവും കാട്ടി. നീണ്ട തലമുടിയും വെളുത്ത താടിയുമുള്ള, കണ്ണുകളിൽ ആനന്ദം തിളങ്ങുന്ന അദ്ദേഹം ശരിക്കുമൊരു വന്ദ്യവയോധികനായിരുന്നു. ഭാരതത്തിലെ ആചാര്യന്മാരെപ്പറ്റിയുള്ള എന്റെ പുസ്തകത്തിൽ അദ്ദേഹത്തിന്റെപേരും പരാമർശിക്കുവാൻ ആഗ്രഹിക്കുന്നതായി ഞാൻ അറിയിച്ചു. [image file=image_rsrc4BY.jpg] 90 വയസ്സുള്ള സ്വാമി കേശവാനന്ദൻ (നില്ക്കുന്നു, ഇടത്ത്) ലാഹിരി മഹാശയന്റെ ശിഷ്യൻ, യോഗാനന്ദൻ, റിച്ചർഡ് സി. റൈറ്റ്, വൃന്ദാവനത്തിൽ, കേശവാനന്ദന്റെ ആശ്രമത്തിൽ, 1936.അങ്ങയുടെ ആദ്യകാലജീവിതത്തെപ്പറ്റി എന്നോടു പറയൂ’ ’ ഞാൻ പ്രാർഥനയോടെ പുഞ്ചിരിച്ചു; മഹായോഗികൾ പലപ്പോഴും വാചാലരല്ല.കേശവാനന്ദസ്വാമി എളിമയുടെ ഒരു ആംഗ്യംകാട്ടി. ‘ ‘അതിൽ ബാഹ്യപ്രാധാന്യമുള്ള ഒന്നുംതന്നെ ഇല്ല. ശാന്തമായ ഒരു ഗുഹയിൽനിന്ന് മറ്റൊന്നിലേക്ക് കാൽനടയായിപോയിരുന്ന എന്റെ ജീവിതം ഏതാണ്ടു മുഴുവനുംതന്നെ ഹിമാലയത്തിലെ ഏകാന്തതയിലാണ് ചെലവഴിച്ചിട്ടുള്ളത്. കുറച്ചുകാലം, ചുറ്റും ഉയർന്നമരങ്ങൾ നിന്ന ഒരുപൂന്തോപ്പിൽ ഒരു ചെറിയ ആശ്രമം ഹരിദ്വാരത്തിനുപുറത്ത് ഞാൻ നടത്തിയിരുന്നു. മൂർഖൻപാമ്പുകളുടെ സർവസാന്നിധ്യം കാരണം യാത്രക്കാർ സന്ദർശനത്തിന് എത്താറില്ലാത്ത പ്രശാന്തമായ ഒരുസ'ഥലമായിരുന്നു അത്.’ ’ കേശവാനന്ദജി അടക്കിച്ചിരിച്ചു. ‘ ‘പിന്നീട് ഗംഗാനദിയിലെ ഒരു വെള്ളപ്പൊക്കം ആശ്രമത്തെയും മൂർഖൻപാമ്പുകളെയും ഒരുപോലെ ഒഴുക്കിക്കൊണ്ടുപോയി. അതിനു ശേഷം എന്റെ ശിഷ്യന്മാർ വൃന്ദാവനത്തിലെ ഈ ആശ്രമം കെട്ടിപ്പടുക്കാൻ എന്നെ സഹായിച്ചു.’ ’ അദ്ദേഹം ഹിമാലയത്തിലെ കടുവകളിൽനിന്ന് എങ്ങനെയാണ് സ്വയം രക്ഷനേടിയിരുന്നതെന്ന് ഞങ്ങളുടെ കൂട്ടത്തിലൊരാൾ സ്വാമിയോടുചോദിച്ചു.കേശവാനന്ദജി ഒന്നുതലകുലുക്കി. ‘ ‘ആധ്യാത്മികമായ ഔന്നത്യങ്ങളുടെ ആ ഉയർന്നപ്രദേശങ്ങളിൽ വന്യമൃഗങ്ങൾ യോഗികളെ തീരെ ഉപദ്രവിക്കാറില്ല.’ ’ അദ്ദേഹം പറഞ്ഞു. ‘ ‘ഒരിക്കൽ കാട്ടിൽവച്ച് ഒരു കടുവയെ ഞാൻ മുഖത്തോടുമുഖം കണ്ടു. എന്റെ പെട്ടെന്നുള്ള ആക്രോശത്തിൽ ആ മൃഗം കല്ലുപോലെ തരിച്ചുനിന്നുപോയി.’ ’ തന്റെ ഓർമകളിൽ സ്വാമി വീണ്ടും അടക്കിച്ചിരിച്ചു.8 ‘ ‘എന്റെ ഗുരുനാഥനെ സന്ദർശിക്കാനായി ഇടയ'ക്കിടെ എന്റെ ഏകാന്തതവിട്ട് വാരാണസിയിൽ ഞാൻ പോയിരുന്നു. ഹിമാലയവിജനങ്ങളിലെ എന്റെ ഒടുങ്ങാത്തയാത്രകളെപ്പറ്റി ഗുരുദേവൻ എന്നോട് തമാശപറയുമായിരുന്നു. ‘ ‘ ‘ യാത്രാപ്രേമത്തിന്റെ അടയാളം നിന്റെ കാലിലുണ്ട്. പാവനമായ ഹിമാലയത്തിന് നിന്നെ ഹഠാദാകർഷിക്കത്തക്കവണ്ണം വിസ്താരമുള്ളതിൽ എനിക്കു സന്തോഷമുണ്ട്.' ‘ ‘അദ്ദേഹത്തിന്റെ ദേഹവിയോഗത്തിനു മുമ്പും പിമ്പും പലപ്രാവശ്യം ലാഹിരി മഹാശയൻ സ്വശരീരത്തിൽ എന്റെ മുന്നിൽ പ്രത്യക്ഷനായിട്ടുണ്ട്. അദ്ദേഹത്തിന് ഹിമാലയത്തിന്റെ ഏതൊരു ഉയർന്നപ്രദേശവും അപ്രാപ്യമല്ല!’ ’ രണ്ടുമണിക്കൂറിനുശേഷം അദ്ദേഹം ഞങ്ങളെ ഊണുമുറിയിലേക്ക് കൊണ്ടുപോയി. ഞാൻ നിശ്ശബ്ദമായ അങ്കലാപ്പിൽ നെടുവീർപ്പിട്ടു. പതിനഞ്ചുകൂട്ടം വിഭവമുള്ള മറ്റൊരുസദ്യ! ഒരു കൊല്ലംതികയാത്ത ഭാരതീയ അതിഥിസൽകാരം, പക്ഷേ, എനിക്ക് അമ്പതുറാത്തൽ തൂക്കംവർധിച്ചിരുന്നു! എങ്കിലും എന്റെ ബഹുമാനാർഥം നടത്തിയ നിരവധി വിരുന്നുകളിൽ പ്രത്യേക ശ്രദ്ധയോടെ തയ്യാറാക്കപ്പെട്ട വിശിഷ്ടഭോജ്യങ്ങൾ ഏതെങ്കിലും നിരസിക്കുകയെന്നത് മര്യാദകേടിന്റെ പാരമ്യമായി കണക്കാക്കപ്പെടുമായിരുന്നു. ഭാരതത്തിൽ (കഷ്ടം! മറ്റൊരിടത്തുമല്ല) തടിച്ചു കൊഴുത്ത ഒരു സ്വാമി സന്തോഷകരമായ ഒരു കാഴ്ചയായിട്ടാണ് കരുതപ്പെടുന്നത്.അത്താഴത്തിനുശേഷം കേശവാനന്ദജി എന്നെ ഒരൊഴിഞ്ഞ കോണിലേക്ക് നയിച്ചു.അദ്ദേഹം പറഞ്ഞു, ‘ ‘നിന്റെ വരവ് അപ്രതീക്ഷിതമല്ല. നിനക്ക് ഒരു സന്ദേശം തരാനുണ്ട്. ’ ’ ഞാൻ വിസ്മയിച്ചുപോയി; കേശവാനന്ദജിയെ സന്ദർശിക്കാനുള്ള എന്റെ പരിപാടി ഞാൻ ആരേയും അറിയിച്ചിരുന്നില്ല.സ്വാമി തുടർന്നു, ‘ ‘കഴിഞ്ഞവർഷം ഞാൻ

വടക്കൻഹിമാലയത്തിലെ ബദരീനാരായണത്തിൽ ചുറ്റിത്തിരിയുമ്പോൾ എനിക്കുവഴിതെറ്റി. ആളൊഴിഞ്ഞ വിശാലമായ ഒരു ഗുഹയിൽ ഞാൻ അഭയം തേടി. പാറയായതറയിലെ ഒരു കുഴിയിൽ ചാരംമൂടിയ തീക്കനലുകൾ തിളങ്ങുന്നുണ്ടായിരുന്നു. ഈ ഏകാന്തസങ്കേതത്തിലെ താമസക്കാരൻ ആരാകുമെന്ന് വിസ്മയിച്ച്, സൂര്യപ്രകാശംവീഴുന്ന ഗുഹാമുഖത്തു കണ്ണുനട്ടുകൊണ്ട് തീയുടെ അടുത്ത് ഞാനിരുന്നു. ‘ ‘ ‘കേശവാനന്ദാ, നീ ഇവിടെ എത്തിയതിൽ എനിക്ക് സന്തോഷമുണ്ട്.' ഈ വാക്കുകൾ എന്റെ പിന്നിൽനിന്നാണ് കേട്ടത്. ഞെട്ടിത്തിരിഞ്ഞു നോക്കിയ ഞാൻ ഒരു പ്രകാശപൂരംകൊണ്ട് കണ്ണഞ്ചിപ്പിച്ച ബാബാജിയെയാണുകണ്ടത്. ആ മഹാഗുരു ഗുഹയുടെ ഉള്ളിൽ ആവിർഭവിച്ചതായിരുന്നു. അനേകം വർഷങ്ങൾക്കുശേഷം അദ്ദേഹത്തെ വീണ്ടും കണ്ടതിൽ അത്യന്തം സന്തുഷ്ടനായ ഞാൻ ആ പുണ്യപാദങ്ങളിൽ വീണു. ‘ ‘ ‘ഞാൻ നിന്നെ ഇവിടെ വിളിച്ചുവരുത്തിയതാണ്' ബാബാജി തുടർന്നു. 'അതാണ് നിനക്കു വഴിതെറ്റിയതും എന്റെ താല്കാലിക വസതിയായ ഈ ഗുഹയിലേക്ക് നീ നയിക്കപ്പെട്ടതും. നാംതമ്മിൽ കണ്ടിട്ട് കാലംകുറെയായി, വീണ്ടുംകാണാൻ ഇടയായതിൽ എനിക്കു സന്തോഷമുണ്ട്.' ‘ ‘അനശ്വരനായ ആ ആചാര്യൻ ആത്മീയസഹായത്തിന്റെ ഏതാനും വാക്കുകൾകൊണ്ട് എന്നെ അനുഗ്രഹിച്ചു, എന്നിട്ടു പറഞ്ഞു: 'യോഗാനന്ദന് ഞാൻ ഒരു സന്ദേശംതരുന്നു. അവൻ ഭാരതത്തിൽ തിരിച്ചെത്തുമ്പോൾ നിന്നെ സന്ദർശിക്കും. തന്റെ ഗുരുവുമായും ലാഹിരിയുടെ ജീവിച്ചിരിക്കുന്ന ശിഷ്യന്മാരുമായും ബന്ധപ്പെട്ട അനേകം കാര്യങ്ങളിൽ ബദ്ധശ്രദ്ധനാകുന്ന യോഗാനന്ദൻ പൂർണമായും തിരക്കിലാകും. അപ്പോൾ, അവനോടുപറയുക, അവൻ ആകാംക്ഷയോടെ ആശിക്കുന്നതുപോലെ ഞാൻ ഇപ്രാവശ്യം അവനെ കാണുകയില്ല; പക്ഷേ മറ്റൊരവസരത്തിൽ കണ്ടുകൊള്ളാം.'ബാബാജിയിൽനിന്ന് ഈ സാന്ത്വനിപ്പിക്കുന്ന വാഗ്ദാനം കേശവാനന്ദജിയുടെ വാക്കുകളിലൂടെ ലഭിച്ചത് എന്നെ അഗാധമായി സ്പർശിച്ചു. എന്റെ ഹൃദയത്തിലെ ഒരു വേദനമാറി; ശ്രീ യുക്തേശ്വരൻ സൂചിപ്പിച്ചിരുന്നതു പോലെതന്നെ, ബാബാജി കുംഭമേളയിൽ പ്രത്യക്ഷപ്പെട്ടില്ല എന്നോർത്ത് ഞാൻ പിന്നീട് ദുഃഖിച്ചില്ല.ആശ്രമത്തിലെ അതിഥികളുമായി ഒരു രാത്രി കഴിച്ചശേഷം ഞങ്ങൾ അടുത്തദിവസം ഉച്ചതിരിഞ്ഞ് കൽക്കത്തയ'ക്കു തിരിച്ചു. യമുനാനദിയുടെ മുകളിലെ പാലത്തിലൂടെ കാറോടിച്ചുപോയപ്പോൾ ഞങ്ങൾ വൃന്ദാവനത്തിനുമേലേ ചക്രവാളരേഖയുടെ അതിമനോജ്ഞമായ കാഴ്ച ആസ്വദിച്ചു. അപ്പോഴേക്കും സൂര്യൻ ആകാശത്തിനു തീകൊടുത്ത് അതിനെ വിശ്വകർമാവിന്റെ വർണാഭമായ തീച്ചൂളയായി മാറ്റിയത് താഴെ നിശ്ചലമായ യമുനാജലത്തിൽ പ്രതിബിംബിച്ചു.യമുനാതീരം ബാലനായ ശ്രീകൃഷ്ണന്റെ സ്മരണകളാൽ പവിത്രമാണ്. ഒരവതാരവും തന്റെ ഭക്തരും തമ്മിലുള്ള ശാശ്വതമായ സ്വർഗീയപ്രേമത്തിന് ഉദാഹരണം കാട്ടിക്കൊണ്ട് അദ്ദേഹം ഇവിടെ നിഷ്കളങ്കമധുരമായ ലീലകൾ ഗോപികളൊത്ത് ആടി. ഭഗവാൻ കൃഷ്ണന്റെ ജീവിതത്തെ പല പാശ്ചാത്യവ്യാഖ്യാതാക്കളും തെറ്റായിധരിച്ചുവച്ചിട്ടുണ്ട്. വേദത്തിലെ അന്യാപദേശങ്ങൾ വാച്യാർഥംമാത്രം കാണുന്നവർക്ക് കുഴക്കുന്നതാവും. ഒരു പരിഭാഷകനു പറ്റിയ രസകരമായ ഒരമളി ഇതുവ്യക്തമാക്കും. മധ്യകാലഘട്ടത്തിലെ പ്രചോദിതതാപസനായ ഒരു ചെരുപ്പുകുത്തി രവിദാസിന്റെ കഥയാണത്. മനുഷ്യരാശിയിൽ നിർലീനമായ ആത്മീയവൈഭവത്തെ തന്റെ സ്വന്തം തൊഴിലിന്റെ എളിയ ഭാഷയിൽ അദ്ദേഹം പാടിയിരുന്നു:വിസ്തൃത നീലാകാശക്കീഴിൽതോലുപൊതിഞ്ഞദ്ദേവനിരിപ്പൂ.ഒരു പാശ്ചാത്യഗ്രന്ഥകാരൻ രവിദാസിന്റെ ഈ കവിതയ'ക്കു നൽകിയ വിചിത്രവും അരസികവുമായ വ്യാഖ്യാനം കേൾക്കുമ്പോൾ ചിരി മറയ'ക്കാൻ നാം മുഖം തിരിക്കുന്നു. ‘ ‘അവൻ അതിനുശേഷം ഒരു കുടിൽവച്ചു, അതിൽ തോലുകൊണ്ട് അവനുണ്ടാക്കിയ ഒരു വിഗ്രഹംപ്രതിഷ്ഠിച്ച് അതിന്റെ ആരാധനയ'ക്ക് സ്വയം നിയോഗിച്ചു.’ ’ മഹാനായ കബീറിന്റെ ഒരു സഹശിഷ്യനായിരുന്ന രവിദാസിന്റെ ഉന്നതരായശിഷ്യരിൽ ഒരാളായിരുന്നു ചിത്തോർ റാണി. തന്റെ ഗുരുവിന്റെ ബഹുമാനാർഥം ഒരു സദ്യയ'ക്ക് അവർ അനേകം ബ്രാഹ്മണരെ ക്ഷണിച്ചെങ്കിലും എളിയവനായ ഒരു ചെരുപ്പുകുത്തിയോടൊപ്പം ആഹാരംകഴിക്കാൻ അവർ വിസമ്മതിച്ചു. തീണ്ടൽ കൂടാതെ തങ്ങളുടെ ഭക്ഷണം കഴിക്കാൻ അവർ അന്തസ്സുള്ള അകലത്തിൽ ഇരുന്നപ്പോൾ അതാ! ഓരോ ബ്രാഹ്മണനും തന്റെ അരികിൽ രവിദാസിന്റെ ഓരോരൂപം കണ്ടു. അത്ഭുതകരമായ ഈ പൊതു ജനപ്രത്യക്ഷം ചിത്തോറിൽ വ്യാപകമായ നവോത്ഥാനം കൈവരുത്തി.ഏതാനും ദിവസങ്ങൾക്കുള്ളിൽ ഞങ്ങളുടെ ചെറുസംഘം കൽക്കത്തയിലെത്തി. ശ്രീ യുക്തേശ്വരനെ കാണാൻ ആകാംക്ഷയോടെ കാത്തിരുന്ന ഞാൻ അദ്ദേഹം ശ്രീരാമപുരം വിട്ടുവെന്നും ഏതാണ്ടു മുന്നൂറു മൈൽ തെക്കുള്ള പുരിയിലാണെന്നും കേട്ട് നിരാശനായി. ‘ ‘പുരി ആശ്രമത്തിലേക്ക് ഉടനെ വരൂ’ ’ ഗുരുദേവന്റെ കൽക്കത്തയിലെ ഒരു ശിഷ്യൻ അതുല ചന്ദ്ര റോയ് ചൗധരിയ'ക്ക് മാർച്ച് 8-ാം തീയതി ഒരു സഹശിഷ്യൻ അയച്ചതായിരുന്നു ഈ കമ്പിസന്ദേശം. ഈ വാർത്ത എന്റെ ചെവിയിലെത്തി; അതിന്റെ ദുസ്സൂചനയിൽ മനംനൊന്ത് ഞാൻ ഈശ്വരനെ പ്രണമിച്ച് എന്റെ ഗുരുദേവന്റെ ജീവൻ വിട്ടുതരേണമേയെന്നു പ്രാർഥിച്ചു. അച്ഛന്റെ വീട്ടിൽ നിന്ന് തീവണ്ടികയറാൻ പോകാനായിത്തുടങ്ങുമ്പോൾ എന്റെ ഉള്ളിൽ ഒരു ദിവ്യശബ്ദം മന്ത്രിച്ചു: ‘ ‘ഇന്നുരാത്രി പുരിയിലേക്കു പോകരുത്. നിന്റെ പ്രാർഥന അനുവദിക്കാൻ സാധ്യമല്ല.’ ’ ദു:ഖിതനായി ഞാൻ പറഞ്ഞു, ‘ ‘പ്രഭോ, പുരിയിൽ ഞാനുമായി ഒരു വടംവലിയിൽ ഏർപ്പെടാൻ അങ്ങ് അഭിലഷിക്കുന്നില്ല. ഗുരുദേവന്റെ ജീവനുവേണ്ടിയുള്ള എന്റെ ഇടതടവില്ലാത്ത പ്രാർഥന അവിടെവച്ച്

അങ്ങേക്ക് നിരസിക്കേണ്ടിവരും. അപ്പോൾ അങ്ങയുടെ ആജ്ഞയനുസരിച്ച്, മഹത്തായകർത്തവ്യങ്ങൾ നിർവഹിക്കാൻ വേണ്ടി അദ്ദേഹം പിരിയേണമോ?' ' അന്തരംഗത്തിലെ ആജ്ഞയനുസരിച്ച് ആ രാത്രി ഞാൻ പുരിക്കു തിരിച്ചില്ല. അടുത്തദിവസം വൈകുന്നേരം തീവണ്ടികയറാൻ ഞാൻതിരിച്ചു; മാർഗമദ്ധ്യേ, ഏഴുമണിക്ക് ഒരു കറുത്തമേഘം പെട്ടെന്ന് ആകാശത്തെപൊതിഞ്ഞു.9 പിന്നീട് തീവണ്ടി പുരിയിലേക്കു കുതിച്ചു പാഞ്ഞപ്പോൾ ശ്രീ യുക്തേശ്വരന്റെ ഒരുദർശനം എനിക്കുണ്ടായി. അദ്ദേഹം ഏറെ ഗൗരവമാർന്ന മുഖഭാവത്തോടെ ഇരുന്നു, അദ്ദേഹത്തിന്റെ വശങ്ങളിൽ ഓരോ ദീപവും കാണപ്പെട്ടു. ' 'എല്ലാം കഴിഞ്ഞോ?' ' ഞാൻ യാചനാഭാവത്തിൽ കൈകൾ ഉയർത്തി.അദ്ദേഹം തലയാട്ടി, എന്നിട്ട് ക്രമേണ അപ്രത്യക്ഷനായി.പ്രതീക്ഷയ'ക്കു വകയില്ലെങ്കിലും അപ്പോഴും പ്രതീക്ഷയുമായി ഞാൻ അടുത്തപ്രഭാതത്തിൽ പുരിയിലെ തീവണ്ടിസ്റ്റേഷനിൽ നിൽക്കുമ്പോൾ ഒരു അപരിചിതൻ അടുത്തുവന്നു. ' 'നിങ്ങളുടെ ഗുരുദേവൻ യാത്രയായീയെന്ന് കേട്ടല്ലോ?' ' മറ്റൊരു വാക്കുംപറയാതെ അയാൾ നടന്നകന്നു. അയാൾ ആരായിരുന്നുവെന്നോ, എന്നെ അവിടെ കാണാമെന്ന് എങ്ങനെ അറിഞ്ഞുവെന്നോ ഞാൻ ഒരിക്കലും കണ്ടെത്തിയില്ല.ആഘാതമേറ്റ ഞാൻ വീഴാൻ പോകുന്നതു പോലെ പ്ലാറ്റുഫോമിന്റെ ഭിത്തിയിൽചാരിനിന്നു. ആകെ ഉലയ'ക്കുന്ന ഈ വാർത്ത എന്നെ ധരിപ്പിക്കാൻ വിവിധമാർഗങ്ങളിൽ എന്റെ ഗുരുദേവൻ ശ്രമിക്കുകയായിരുന്നുവെന്ന് ഞാൻ മനസ്സിലാക്കി. തിളച്ചുപൊങ്ങുന്ന ധാർമികരോഷം കൊണ്ട് എന്റെ ആത്മാവ് ഒരഗ്നിപർവതം പോലെയായി. പുരി ആശ്രമത്തിൽ എത്തിയപ്പോഴേക്കും ഞാൻ തകർന്നുവീഴുന്നനിലയിലായിരുന്നു. അന്തരാത്മാവിന്റെ ശബ്ദം സൗമ്യമായി ആവർത്തിക്കുകയായിരുന്നു: ' 'മന:സാന്നിധ്യം വീണ്ടെടുക്കൂ, ശാന്തനാകൂ.' ' ആശ്രമമുറിയിൽ ഞാൻ പ്രവേശിച്ചു. ഗുരുദേവന്റെ ശരീരം പത്മാസനത്തിൽ സുഭഗമായി അനിർവചനീയമായ രീതിയിൽ ഓജസ്സോടെ ആരോഗ്യത്തിന്റെ ഒരു പ്രതിച്ഛായ പോലെ കാണപ്പെട്ടു. ദേഹവിയോഗത്തിനു കുറച്ചു ദിവസം മുമ്പ് എന്റെ ഗുരുദേവന് പനികൊണ്ട് അല്പം അസുഖമുണ്ടായിരുന്നു; എന്നാൽ അനന്തതയിലേക്കുള്ള ആരോഹണത്തിന്റെ ദിവസത്തിനുമുമ്പ് അദ്ദേഹത്തിന്റെ ശരീരം പരിപൂർണസുഖം പ്രാപിച്ചിരുന്നു. അദ്ദേഹത്തിന്റെ പ്രിയപ്പെട്ട രൂപത്തിൽ എത്രപ്രാവശ്യം ഞാൻ നോക്കിയിട്ടും അതിൽനിന്ന് ജീവൻ പൊയ'ക്കഴിഞ്ഞിരുന്നുവെന്നു വിശ്വസിക്കാൻ എനിക്കുകഴിഞ്ഞില്ല. അദ്ദേഹത്തിന്റെ ത്വക്ക് മിനുസമുള്ളതും മൃദുവുമായിരുന്നു; ആ മുഖത്ത് അനുഗ്രഹാശിസ്സുകൾ ചൊരിയുന്ന ഒരു ദിവ്യഭാവം ഉണ്ടായിരുന്നു. അജ്ഞേയമായവിളിയുടെ വേളയെത്തിയപ്പോൾ അദ്ദേഹം ബോധപൂർവം തന്റെ ശരീരം വെടിഞ്ഞു. ' 'ബംഗാളിന്റെ സിംഹം യാത്രയായി!' ' വെളിവു നഷ്ടപ്പെട്ടവനെപ്പോലെ ഞാൻ വിലപിച്ചു.ആചാരപരമായ മരണാനന്തരകർമങ്ങൾ ഞാൻ മാർച്ച് 10-ാം തീയതി നിർവഹിച്ചു. സ്വാമിമാർക്കു വിധിച്ചിട്ടുള്ള പൗരാണിക ചടങ്ങുകളോടെ ശ്രീ യുക്തേശ്വരന്റെ മൃതദേഹം അദ്ദേഹത്തിന്റെ പുരി ആശ്രമത്തിലെ പൂന്തോട്ടത്തിൽ അടക്കംചെയ്തു.10 വിഷുസംക്രാന്തിയിലെ അനുസ്മരണപൂജാ ചടങ്ങിൽ ഗുരുദേവനെ ആദരിക്കാൻ അടുത്തും അകലെയുമുള്ള ശിഷ്യന്മാർ വന്നെത്തി. കൽക്കത്തയിലെ പ്രമുഖപത്രമായ അമൃതബസാർ പത്രിക, അദ്ദേഹത്തിന്റെ ചിത്രത്തോടൊപ്പം ഈ റിപ്പോർട്ടും പ്രസിദ്ധികരിച്ചു:ശ്രീമത് സ്വാമി ശ്രീ യുക്തേശ്വര ഗിരി മഹാരാജ് (81)-ന്റെ പിണ്ഡം അടിയന്തിരം മാർച്ച് 21-ന് പുരിയിൽ നടന്നു. അദ്ദേഹത്തിന്റെ അനേകം ശിഷ്യന്മാർ ചടങ്ങുകൾക്കായി പുരിയിൽ വന്നുചേർന്നു.ഭഗവദ്ഗീതയുടെ പ്രമുഖ വ്യാഖ്യാതാക്കളിൽ ഒരാളായ സ്വാമി മഹാരാജ് വാരാണസിയിലെ യോഗിരാജൻ ശ്രീ ശ്യാമാചരണ ലാഹിരി മഹാശയന്റെ ഒരു ഉന്നതശിഷ്യനായിരുന്നു. ഭാരതത്തിലെ നിരവധി യോഗദാ സത്സംഗ കേന്ദ്രങ്ങളുടെ സ'ഥാപകനായിരുന്നു അദ്ദേഹം. യോഗാപ്രസ'ഥാനം പാശ്ചാത്യരാജ്യങ്ങളിൽവളർത്തിയ അദ്ദേഹത്തിന്റെ പ്രധാനശിഷ്യൻ സ്വാമി യോഗാനന്ദന്റെ മഹത്തായ പ്രചോദനവും അദ്ദേഹമായിരുന്നു. ശ്രീ യുക്തേശ്വരജിയുടെ ദീർഘദർശനവൈഭവവും അഗാധമായ സാക്ഷാത്കാരസിദ്ധിയുമായിരുന്നു സ്വാമി യോഗാനന്ദനെ കടൽ കടക്കാനും ഭാരതീയ ആചാര്യന്മാരുടെ സന്ദേശം അമേരിക്കയിൽ പ്രചരിപ്പിക്കാനും പ്രചോദിപ്പിച്ചത്.ഭഗവദ്ഗീതയ'ക്കും മറ്റു വേദശാസ്ത്രഗ്രന്ഥങ്ങൾക്കും അദ്ദേഹം നൽകിയ വ്യാഖ്യാനങ്ങൾ പൗരസ്ത്യവും പാശ്ചാത്യവുമായ തത്ത്വചിന്തകളിൽ ശ്രീ യുക്തേശ്വരജിയുടെ അഗാധമായ അറിവ് സാക്ഷ്യപ്പെടുത്തുന്നു. ഇവ പാശ്ചാത്യ-പൗരസ്ത്യദേശങ്ങൾ തമ്മിലെ ഐക്യത്തിന്റെ നിദർശനങ്ങളാണ്. എല്ലാ മതവിശ്വാസങ്ങളുടെയും ഏകതയിൽ അദ്ദേഹം വിശ്വസിച്ചിരുന്നു. മതത്തിന്റെ ശാസ്ത്രീയ ഭാവം ഉൽബോധിപ്പിക്കുവാൻ വിവധ വിഭാഗങ്ങളുടെയും വിശ്വാസങ്ങളുടെയും നേതാക്കന്മാരുടെ സഹകരണത്തോടെ ശ്രീ യുക്തേശ്വരമഹാരാജ് സാധുസഭ സ'ഥാപിച്ചു. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിന്റെ സമയത്ത്, തന്റെ പിൻഗാമി സ്വാമി യോഗാനന്ദനെ അദ്ദേഹം സാധുസഭയുടെ അധ്യക്ഷനായി നാമനിർദേശം ചെയ്തു.അങ്ങനെയുള്ള ഒരു മഹാത്മാവിന്റെ നിര്യാണത്തിൽ ഭാരതത്തിന് ഒരു തീരാനഷ്ടമാണ് ഉണ്ടായിട്ടുള്ളത്. അദ്ദേഹത്തിന്റെ സമീപമെത്താൻ ഭാഗ്യം സിദ്ധിച്ചവർ അദ്ദേഹത്തിൽ അഭിവ്യക്തി തേടിയ ഭാരതസംസ്കാരത്തിന്റെയും സാധനയുടെയും യഥാർഥസത്ത തങ്ങളിൽ ഉൾക്കൊള്ളട്ടെ!ഞാൻ കൽക്കത്തയ'ക്കു മടങ്ങി. വിശുദ്ധസ്മരണകൾ നിറഞ്ഞ ശ്രീരാമപുരത്തെ ആശ്രമത്തിൽ കടന്നുചെല്ലാൻ ആത്മവിശ്വാസം പോരാഞ്ഞ്, ശ്രീ യുക്തേശ്വരന്റെ ശ്രീരാമപുരത്തെ

കൊച്ചുശിഷ്യനായ പ്രഫുല്ലനെ വിളിച്ചുവരുത്തി അവനെ റാഞ്ചിവിദ്യാലയത്തിൽ പ്രവേശിപ്പിക്കുന്നതിനുവേണ്ട ഏർപ്പാടുകൾചെയ്തു. ‘ ‘അലഹബാദിലെ മേളയ'ക്ക് അങ്ങുപോയ അന്നു രാവിലെ ഗുരുദേവൻ ചാരുബഞ്ചിൽ തളർന്നതു പോലെവീണു,’ ’ പ്രഫുല്ലൻ പറഞ്ഞു. ‘ ‘ ‘യോഗാനന്ദൻപോയി! യോഗാനന്ദൻപോയി!’ ’ എന്ന് അദ്ദേഹം വിലപിച്ചു. ഗൂഢാർഥമായി അദ്ദേഹം തുടർന്നു. 'മറ്റ് ഏതെങ്കിലുംവിധത്തിൽ അവനോടു പറയേണ്ടിവരും.' അതിനുശേഷം മണിക്കൂറുകളോളം അദ്ദേഹം നിശ്ശബ്ദനായി ഇരുന്നു.പ്രസംഗങ്ങളും ക്ലാസ്സുകളും കൂടിക്കാഴ്ചകളും പഴയ സുഹൃത്തുക്കളുമായി പുന:സമാഗമങ്ങളുംകൊണ്ട് എന്റെ ദിവസങ്ങൾ നിറഞ്ഞു. പൊള്ളയായ പുഞ്ചിരിയുടെയും അവിരാമമായ പ്രവർത്തനത്തിന്റെ ദിനങ്ങളുടെയും പശ്ചാത്തലത്തിൽ, വിഷാദചിന്തകളുടെ ഒരു കറുത്ത അരുവി, എത്രയോ വർഷങ്ങളായി എന്റെ സകല അനുഭൂതികളുടെയും മണൽപരപ്പിനടിയിലൂടെ വളഞ്ഞൊഴുകിയിരുന്ന ആന്തരികമായ പരാമാനന്ദസരിത്തിനെ മലിനമാക്കി. ‘ ‘ആ ദിവ്യതപസ്വി എവിടെപ്പോയി?’ ’ പീഡിതമായ ആത്മാവിന്റെ ആഴങ്ങളിൽ ഞാൻ നിശ്ശബ്ദമായി കരഞ്ഞു.ഉത്തരമൊന്നും ലഭിച്ചില്ല. ‘ ‘ഗുരുദേവൻ പരമാത്മാവിൽ വിലയം പ്രാപിച്ചുവെന്നത് ഏറ്റവും നല്ലതു തന്നെ,’ ’ എന്റെ മനസ്സ് ഉറപ്പുനൽകി. ‘ ‘അദ്ദേഹം അമൃതത്വത്തിന്റെ സാമ്രാജ്യത്തിൽ ശാശ്വതമായിശോഭിക്കുന്നു.’ ’ ‘ ‘ഇനി ഒരിക്കലും ശ്രീരാമപുരത്തെ പുരാതന അരമനയിൽ നീ അദ്ദേഹത്തെ കാണുകയില്ല,' എന്റെ ഹൃദയംകേണു. ‘ ‘ഇനി മേലിൽ, അദ്ദേഹത്തെ കാണാൻ സ്നേഹിതരെ കൊണ്ടുവരാനോ, അഭിമാനത്തോടെ 'നോക്കൂ, ഭാരതത്തിന്റെ ജ്ഞാനാവതാരമാണ് ആ ഇരിക്കുന്നത്' എന്നു പറയാനോ നിനക്കുകഴിയുകയില്ല.’ ’ ജൂൺ ആദ്യത്തിൽ ഞങ്ങളുടെ സംഘം ബോംബെയിൽനിന്ന് പാശ്ചാത്യദേശത്തേക്ക് കപ്പൽയാത്രയാകാനുള്ള ഏർപ്പാടുകൾ മി. റൈറ്റ് ചെയ്തു. മേയ്മാസത്തിൽ കൽക്കത്തയിലെ രണ്ടാഴ്ചത്തെ വിടവാങ്ങൽ സൽക്കാരങ്ങൾക്കും പ്രസംഗങ്ങൾക്കും ശേഷം, മിസ് ബ്ലെച്ചും, മി.റൈറ്റും, ഞാനും ഫോഡ്കാറിൽ ബോംബെയ'ക്കുതിരിച്ചു. അവിടെ എത്തിയപ്പോൾ ഞങ്ങളുടെ യാത്ര റദ്ദാക്കാൻ കപ്പൽ ഉദ്യോഗസ'ഥന്മാർ ആവശ്യപ്പെട്ടു. യൂറോപ്പിൽ ഞങ്ങൾക്ക് വീണ്ടും വേണ്ടിയിരുന്ന ഫോഡ് കയറ്റാൻ സ'ഥലമില്ലാത്തതായിരുന്നുകാരണം.ഞാൻ മി. റൈറ്റിനോട് മ്ലാനമായി പറഞ്ഞു. ‘ ‘സാരമില്ല, എനിക്ക് പുരിയിലേക്ക് ഒന്നുകൂടി മടങ്ങിപ്പോകണം.’ ’ ഞാൻ നിശ്ശബ്ദമായി കൂട്ടിച്ചേർത്തു, ‘ ‘എന്റെ കണ്ണുനീർ എന്റെ ഗുരുദേവന്റെ സമാധിസ'ഥലം ഒന്നുകൂടി നനയ'ക്കട്ടെ.’ ’ [image file=image_rsrc4DN.jpg] 1935 ഡിസംബറിൽ സ്വാമി ശ്രീ യുക്തേശ്വരൻ ആഘോഷിച്ച അവസാനത്തെ മകരസംക്രാന്തി. ശ്രീരാമപുരത്തെ ആശ്രമ മുറ്റത്ത് തന്റെ മഹാനായ ഗുരു (മധ്യത്തിൽ) വിന്റെ തൊട്ടടുത്ത് മേശക്കരികിൽ യോഗാനന്ദജി [image file=image_rsrc4DU.jpg] ശ്രീ യോഗാനന്ദൻ (ഇരുണ്ട കുപ്പായത്തിൽ) കൽക്കത്തയിൽ തന്റെ അച്ഛന്റെ വീട്ടിലെ തന്റെ യോഗദാ ക്ലാസ്സുകൾക്കു ചേർന്ന വിദ്യാർത്ഥികളോടൊപ്പം 1935-ൽ. സന്നിഹിതരാകുന്നവരുടെ എണ്ണക്കൂടുതൽ കാരണം ഈ ക്ലാസുകൾ യോഗാനന്ദജിയുടെ ഇളയ സഹോദരനും പ്രസിദ്ധനായ കായിക വിദഗ്ദ്ധനുമായ വിഷ്ണു ഘോഷിന്റെ തുറസ്സായ സ'ഥലത്തുള്ള കായിക പരിശീലനകേന്ദ്രത്തിലാണ് സംഘടിപ്പിച്ചിരുന്നത്. [image file=image_rsrc4DZ.jpg] സ്വാമി ശ്രീ യുക്തേശ്വരന്റെ സമാധിമന്ദിരം, പുരി [image file=image_rsrc4E4.jpg] 1 വെള്ളഹംസം ബ്രഹ്മാവിന്റെ പുരാണപ്രസിദ്ധമായ വാഹനമാണ്. വിശുദ്ധഹംസത്തിന് പാലും വെള്ളവും ചേർത്ത മിശ്രിതത്തിൽനിന്ന് പാൽമാത്രം വേർതിരിച്ചെടുക്കാനുള്ള കഴിവുണ്ടെന്നാണ് സങ്കല്പം. അങ്ങനെ, അത് ആത്മീയവിവേകത്തിന്റെ പ്രതീകമാണ്.അഹം സ: അഥവാ ഹംസയുടെ വാച്യാർഥം ‘ ‘ഞാൻ അവനാണ്’ ’ എന്നാണ്. ശക്തിയുക്തമായ ഈ സംസ്കൃത അക്ഷരങ്ങൾക്ക് ശ്വാസവും ഉച്ഛ്വാസവുമായി സ്പന്ദനാത്മകമായ ഒരു ബന്ധമുണ്ട്. അങ്ങനെ തന്റെ ഓരോ ശ്വാസവുംകൊണ്ട് മനുഷ്യൻ അവന്റെ സത്തയുടെ യാഥാർഥ്യം ബോധപൂർവമല്ലാതെ ഊന്നിപ്പറയുന്നു: അഹം സ!2 എന്നെ സർ എന്നുവിളിച്ച് അവർ ഈ ബുദ്ധിമുട്ട് പൊതുവെ ഒഴിവാക്കി.3 അതായത് അനാദികാലം മുതലുള്ള മരണാനുഭവങ്ങളുടെ ഓർമയിൽനിന്ന് ഉളവാകുന്നതാണ് ഇത്. പതഞ്ജലിയുടെ യോഗസൂത്രം II:9-ൽഈ പരാമർശം കാണാം.4 പ്രാചീനഗ്രന്ഥമായ മഹാഭാരതത്തിൽ മതപരമായ മേളകളെപ്പറ്റി പരാമർശമുണ്ട്. ക്രി.വ. 644-ലെ വിപുലമായ അലഹബാദ് കുംഭമേളകളുടെ ഒരു വിവരണം ചീനസഞ്ചാരി ഹ്യൂഎൻ സാങ്ങ് നൽകിയിട്ടുണ്ട്. ഹരിദ്വാരം, അലഹബാദ്, നാസിക്, ഉജ്ജയിനി എന്നിവിടങ്ങളിൽ മൂന്നു കൊല്ലത്തിലൊരിക്കൽ വരുന്ന കുംഭമേളയുടെ ചക്രം പന്ത്രണ്ടാംവർഷം വീണ്ടും ഹരിദ്വാരത്ത് പൂർത്തിയാകുന്നു. ഇങ്ങനെയാണ് കുംഭമേള സംഘടിപ്പിക്കപ്പെടാറ്. ഓരോ പട്ടണവും അതിന്റെ കുംഭമേളകഴിഞ്ഞ് ആറാംവർഷം അർധകുംഭം നടത്തുന്നു: അങ്ങനെ കുംഭവും അർധകുംഭവും വിവിധപട്ടണങ്ങളിൽ മൂന്നു കൊല്ലത്തിലൊരിക്കൽ നടത്തപ്പെടുന്നു.ഉത്തരേന്ത്യൻ ചക്രവർത്തിയായിരുന്ന ഹർഷൻ, അഞ്ചു കൊല്ലക്കാലം തന്റെ ഖജനാവിൽ സ്വരൂപിച്ചധനം മുഴുവനും കുംഭമേളയിൽവച്ച് സന്ന്യാസിമാർക്കും തീർഥാടകർക്കുമായി വിതരണം ചെയ്തുവെന്ന് ഹ്യൂഎൻ സാങ്ങ് പറയുന്നു. ചൈനയിലേക്കു മടങ്ങിയപ്പോൾ ഹർഷൻ വിടവാങ്ങലിന് സമ്മാനിച്ച രത്നങ്ങളും സ്വർണവും നിരസിച്ചിട്ട് പകരം താൻ കൂടുതൽ വിലമതിച്ച 657 മതഗ്രന്ഥങ്ങളുടെ കൈയെഴുത്തുപ്രതികൾ ഹ്യൂഎൻ സാങ്ങ് കൂടെക്കൊണ്ടുപോയി.5 എന്റെ അമ്മ, ജ്യേഷ്ഠൻ അനന്തദാ, ഏറ്റവും മൂത്ത ജ്യേഷ്ഠത്തി രമ, ഗുരുദേവൻ, അച്ഛൻ എന്നിവരുടെയും പ്രിയപ്പെട്ട മറ്റനേകം പേരുടെയും മരണസമയത്ത് ഞാൻ

അടുത്തില്ലായിരുന്നു. (അച്ഛൻ 1942-ൽ, 89-മത്തെ വയസ്സിൽ കൽക്കത്തയിൽവച്ച് അന്തരിച്ചു).6 ഏഴുവലിയ വിഭാഗങ്ങളെ പ്രതിനിധാനം ചെയ്യുന്ന ഏഴു മഠാധിപതികളുടെ ഒരു നിർവാഹകസമിതിയാണ് ഭാരതത്തിലെ ലക്ഷോപലക്ഷം സന്ന്യാസിമാരെ ഭരിക്കുന്നത്. ശ്രീ ശ്രീ ജയേന്ദ്രപുരിയാണ് ഇപ്പോഴത്തെ അധ്യക്ഷൻ അഥവാ മഹാമണ്ഡലേശ്വരൻ. ഏറെ മിതഭാഷിയായ ഈ വിശുദ്ധദേഹം സംസാരം പലപ്പോഴും സത്യം, പ്രേമം, പ്രവൃത്തി എന്നീ മൂന്നുവാക്കുകളിൽ ഒതുക്കുന്നു. മതിയായ പ്രഭാഷണം!7 മാംസചക്ഷുസ്സ് ഇല്ലാതെ 'ബുദ്ധികൊണ്ട് കാണുന്നവൻ' എന്ന് അർഥമുള്ള ഒരു പദവി.8 ഒരു കടുവയെ കബളിപ്പിക്കുന്നതിന് പല മാർഗങ്ങൾ ഉണ്ടെന്ന് തോന്നുന്നു. ഭാരതത്തിലെ വനങ്ങൾ ‘ ‘വൈവിധ്യമാർന്നതും സുന്ദരവും സുരക്ഷിതവുമായിക്കണ്ടുവെന്ന് ഒരു ആസ്ട്രേലിയക്കാരൻ പര്യവേഷകൻ ഫ്രാൻസിസ് ബെർറ്റിൽസ് പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ രക്ഷാകവചം പശതേച്ച കടലാസായിരുന്നു. ‘ ‘എല്ലാ രാത്രിയിലും ഇതിന്റെ കുറെ താളുകൾ എന്റെ താമസസ'ഥലത്തിനുചുറ്റുമായി നിരത്തും, എനിക്ക് ഒരിക്കലും ശല്യമുണ്ടായിട്ടില്ല,’ ’ അദ്ദേഹം വിശദീകരിച്ചു. ‘ ‘കാരണം മന:ശാസ്ത്രപരമാണ്. ഏറെ പ്രബുദ്ധമായ അന്തുസ്സുള്ള ഒരു മൃഗമാണ് കടുവ. ഒട്ടുന്ന കടലാസിന്റെയടുത്ത് എത്തുന്നതുവരെ അവൻ ചുറ്റിനടന്ന് മനുഷ്യനെ വെല്ലുവിളിക്കുന്നു; അവിടെയെത്തിയാൽ കടന്നുകളയുന്നു. പശക്കടലാസിന്റെമേൽ കുത്തിയിരുന്നശേഷം അന്തസ്സുള്ള ഒരു കടുവയും ഒരു മനുഷ്യനെ നേരിടുകയില്ല!’ ’ 9 ശ്രീ യുക്തേശ്വരൻ ഈ സമയത്ത് മഹാസമാധിയിൽ പ്രവേശിച്ചു-1936, മാർച്ച് 9-ാം തീയതി സന്ധ്യയ'ക്ക് 7 മണി.10 ഹിന്ദുശവസംസ്കാരത്തിന്റെ ആചാരക്രമം ഗൃഹാശ്രമികൾക്ക് ശവദാഹം വിധിച്ചിരിക്കുന്നു; സ്വാമിമാരുടെയും സന്ന്യാസിമാരുടെയും മൃതദേഹങ്ങൾ ദഹിപ്പിക്കുകയല്ല, മറവുചെയ്യുകയാണ് ചെയ്യുന്നത്. (അപൂർവമായി ഇതിൽനിന്ന് വ്യതിയാനങ്ങൾ ഉണ്ടായേക്കാം). സന്ന്യാസിമാരുടെശരീരം സന്ന്യാസദീക്ഷ സ്വീകരിക്കുന്നസമയം ജ്ഞാനാഗ്നിയിൽ ദഹിച്ചുവെന്ന് പ്രതീകാത്മകമായി കണക്കാക്കപ്പെടുന്നു.അധ്യായം 43ശ്രീ യുക്തേശ്വരന്റെ ഉയിർത്തെഴുന്നേൽപ് ‘ ‘ഭഗവാൻ കൃഷ്ണൻ! ’ ’ ഞാൻ ബോംബെയിലെ റീജന്റ്ഹോട്ടലിൽ എന്റെ മുറിയിൽ ഇരുന്നപ്പോൾ ആ അവതാരത്തിന്റെ മഹത്തായ രൂപം ഉജ്വലമായ പ്രകാശത്തിൽ പ്രത്യക്ഷപ്പെട്ടു. മൂന്നാം നിലയിലെ തുറന്നു കിടന്ന ഏറെപൊക്കമുള്ള ജാലകത്തിലൂടെ നോക്കിയപ്പോൾ തെരുവിന്റെ എതിരെയുള്ള ഒരു ഉയർന്ന കെട്ടിടത്തിന്റെ മേൽക്കൂരയ'ക്കു മുകളിൽ ആ അനിർവചനീയ ദൃശ്യം പെട്ടെന്ന് എന്റെ ദൃഷ്ടിയിൽപെടുകയായിരുന്നു.ആ ദിവ്യരൂപം പുഞ്ചിരിയോടെ എന്നെ നോക്കി കൈവീശുകയും ഉപചാരത്തിൽ തലയാട്ടുകയും ചെയ്തു. ഭഗവാൻ കൃഷ്ണൻ ഉദ്ദേശിച്ച സൂക്ഷ്മമായ സന്ദേശം എനിക്കു മനസ്സിലാക്കാൻ കഴിയാതിരുന്നപ്പോൾ ആശീർവാദത്തിന്റെ ആംഗ്യത്തോടെ അദ്ദേഹം മറഞ്ഞു. വിസ്മയകരമായി ഉൽക്കർഷം പൂണ്ട എനിക്ക് എന്തോ ആത്മീയാനുഭവം ഉണ്ടാകാൻ പോകുന്നുവെന്നുതോന്നി.എന്റെ പാശ്ചാത്യ യാത്ര തൽകാലം റദ്ദു ചെയ്തിരിക്കുകയായിരുന്നു. കൽക്കത്തയും പുരിയും വീണ്ടും സന്ദർശിക്കുവാൻ തിരിക്കുന്നതിനുമുമ്പ് ബോംബെയിൽ എനിക്ക് അനേകം പൊതുപ്രസംഗങ്ങൾ ചെയ്യാനുണ്ടായിരുന്നു.1936-ൽ ജൂൺ 19-ാം തീയതി ഉച്ചതിരിഞ്ഞ് മൂന്നുമണിക്ക് ശ്രീകൃഷ്ണദർശനത്തിന് ഒരാഴ്ചയ'ക്കുശേഷം ബോംബെ ഹോട്ടലിലെ എന്റെ കിടക്കയിൽ ഇരിക്കുകയായിരുന്ന എന്നെ ആനന്ദസന്ദായകമായ ഒരു പ്രകാശം ധ്യാനത്തിൽനിന്ന് ഉണർത്തി. എന്റെ തുറന്ന വിസ്മയചകിതമായ കണ്ണുകൾക്കു മുമ്പിൽ സൂര്യപ്രകാശം സ്വർഗീയകാന്തിയായി രൂപാന്തരപ്പെട്ട് ആ മുറിയാകെ ഒരു വിചിത്രലോകമായിമാറി.ശ്രീ യുക്തേശ്വരന്റെ മാംസവും രക്തവും കൊണ്ടുള്ള രൂപം ഞാൻ കണ്ടപ്പോൾ ആനന്ദാതിരേകത്തിന്റെ അലമാലകൾ എന്നെ പൊതിഞ്ഞു! ‘ ‘എന്റെ മകനെ!’ ’ ദേവമനോഹരമായ ഒരു മന്ദസ്മേരത്തോടെ ഗുരുദേവൻ വാത്സ്യല്യപൂർവം മൊഴിഞ്ഞു.എന്റെ ജീവിതത്തിൽ ആദ്യമായി ഞാൻ അദ്ദേഹത്തിന്റെ പാദം നമസ്കരിച്ചില്ല; പകരം അദ്ദേഹത്തെ എന്റെ കരവലയത്തിൽ ആർത്തിയോടെ ഒതുക്കുന്നതിന് ക്ഷണത്തിൽ ഞാൻ മുമ്പോട്ടു നീങ്ങി. മുഹൂർത്തങ്ങളിൽ അപൂർവമായ മുഹൂർത്തം! ഇപ്പോൾ എന്നിൽ കോരിച്ചൊരിഞ്ഞ പരമാനന്ദവുമായി തട്ടിച്ചുനോക്കുമ്പോൾ കഴിഞ്ഞ മാസങ്ങളിലെ മനോവ്യഥ തീരെ തുച്ഛമായ കഷ്ടനഷ്ടമായി ഞാൻ കണക്കാക്കി. ‘ ‘എന്റെ ഹൃദയംകൊണ്ടു ഞാൻ സ്നേഹിക്കുന്ന എന്റെ ഗുരുദേവാ, അങ്ങ് എന്താണ് എന്നെ വിട്ടുപോയത്?’ ’ ആനന്ദാതിരേകത്താൽ എനിക്ക് വാക്കുകൾ കുഴങ്ങി. ‘ ‘കുംഭമേളയ'ക്കു പോകാൻ അങ്ങ് എന്തിനാണ് എന്നെ അനുവദിച്ചത്? അങ്ങയെ വിട്ടുപോയതിൽ ഞാൻ കഠിനവേദനയോടെ എന്നെത്തന്നെ എത്ര മാത്രം കുറ്റപ്പെടുത്തി!’ ’ ‘ ‘ഞാൻ ബാബാജിയെ ആദ്യമായികണ്ട ആ തീർത്ഥസ'ഥാനം കാണാനുള്ള നിന്റെ ഉത്സാഹപൂർവമായ പ്രതീക്ഷയ'ക്കു തടസമാകാൻ ഞാൻ ആഗ്രഹിച്ചില്ല. ഞാൻ അല്പസമയത്തേയ'ക്കല്ലേ നിന്നെ വേർപിരിഞ്ഞുള്ളൂ; ഞാൻ ഇപ്പോൾ നിന്നോടൊപ്പമില്ലേ?’ ’ ‘ ‘പക്ഷേ ഈശ്വരന്റെ സിംഹമായ അങ്ങു തന്നെയാണോ ഇത് ഗുരുദേവാ? പുരിയിലെ ക്രൂരമായ മണ്ണിനടിയിൽ ഞാൻ മറവു ചെയ്തതു പോലൊരു ശരീരമാണോ അങ്ങ് ധരിച്ചിരിക്കുന്നത്?’ ’ ‘ ‘അതെ, എന്റെ കുഞ്ഞേ ആ ഞാൻ തന്നെയാണിത്. മാംസവും രക്തവുമായ ഒരു ശരീരമാണിത്. ഞാൻ ഇതിനെ സൂക്ഷ്മമായി കാണുന്നെങ്കിലും നിന്റെ ദൃഷ്ടിയിൽ അത് ഭൗതികമാണ്. നിന്റെ സ്വപ്ന ലോകത്ത് നീ പുരിയിലെ സ്വപ്നമണ്ണിൽ മറവുചെയ്ത വിശ്വസ്വപ്ന ഭൗതികശരീരം പോലെ തന്നെയുള്ള, തീർത്തും പുതുതായ ഒരു ശരീരം ഞാൻ പ്രപഞ്ചപരമാണുക്കളിൽനിന്ന് സൃഷ്ടിച്ചു. യഥാർഥത്തിൽ ഞാൻ ഉയിർത്തെഴുന്നേറ്റു-ഭൂമിയിലല്ല, ഒരു

സൂക്ഷ്മഗ്രഹത്തിൽ. എന്റെ ഉയർന്ന മാനദണ്ഡങ്ങൾ തൃപ്തിപ്പെടുത്താൻ ഭൂമിയിലെ മനുഷ്യരെ അപേക്ഷിച്ച് കൂടുതൽ പ്രാപ്തരാണ് അവിടുത്തെ താമസക്കാർ. അവിടെ നീയും നിന്റെ ശ്രേഷ്ഠരായ പ്രേമഭാജനങ്ങളും എന്നോടുചേരാൻ ഒരുനാൾ വന്നെത്തും.' ' ' 'മരണമില്ലാത്ത ഗുരോ, എനിക്കു കൂടുതൽ പറഞ്ഞുതരൂ!' ' ഗുരുദേവൻ പെട്ടെന്ന് കുസൃതിയോടെ അടക്കിച്ചിരിച്ചു. ' 'പ്രിയപ്പെട്ട കുഞ്ഞേ, ദയവായി നിന്റെ പിടി ഒന്നയയ'ക്കുകയില്ലേ?' ' ' 'ഒരല്പം മാത്രം!' ' അദ്ദേഹത്തെ ഒരു നീരാളിപ്പിടുത്തത്തിൽ വരിഞ്ഞുമുറുക്കിയിരിക്കുകയായിരുന്നു ഞാൻ. അദ്ദേഹത്തിന്റെ ശരീരത്തിന്റെ പ്രകൃത്യാലുള്ള ലഘുസുഗന്ധം മുമ്പെന്നപോലെ എനിക്ക് അനുഭവപ്പെട്ടു. ആ മഹത്തായ മുഹൂർത്തം ഓർക്കുമ്പോഴെല്ലാം അദ്ദേഹത്തിന്റെ ദിവ്യശരീരസ്പർശത്തിന്റെ ആ രോമാഞ്ചകാരിയായ അനുഭൂതി എന്റെ കൈകളുടെ അകവശത്തും ഉള്ളംകൈയിലും ഇപ്പോഴും നിലനിൽക്കുന്നു. ' 'മനുഷ്യന്റെ ശാരീരികകർമങ്ങൾ അനുഷ്ഠിച്ച് അവയെ ഒടുക്കുവാൻ സഹായിക്കാനായി പ്രവാചകന്മാരെ ഭൂമിയിലേക്ക് അയയ'ക്കുന്നതുപോലെ, ഒരു സൂക്ഷ്മലോകത്തിലെ രക്ഷകനായി സേവനം അനുഷ്ഠിക്കാൻ ഈശ്വരൻ എന്നെ നിയോഗിച്ചിരിക്കുന്നു,' ' ശ്രീ യുക്തേശ്വരൻ വിശദീകരിച്ചു. ' 'അതിനെ -ഹിരണ്യലോകം- എന്നുവിളിക്കുന്നു. അവിടെ ആത്മീയവികാസം നേടിയവരെ അവരുടെ സൂക്ഷ്മകർമങ്ങളിൽനിന്ന് വിമുക്തരാക്കാനും അങ്ങനെ സൂക്ഷ്മലോക പുനർജനിയിൽനിന്ന് സ്വതന്ത്രരാക്കാനും ഞാൻ സഹായിക്കുന്നു. ഹിരണ്യലോകവാസികൾ ആത്മീയമായി വളരെ പുരോഗതി നേടിയവരാണ്; അവരെല്ലാം ഭൂമിയിലെ അവരുടെ ഒടുവിലത്തെ ജന്മത്തിൽ ഭൗതികശരീരം ബോധപൂർവം മരണസമയത്ത് വെടിയാനുള്ള ധ്യാനലബ്ധമായ ശേഷി സമാർജിച്ചവരാണ്. ഭൂലോകവാസത്തിൽ സവികല്പസമാധ്യവസ'ഥ കടന്ന് നിർവികല്പസമാധ്യവസ'ഥ അനുഭവിച്ചിട്ടില്ലായെങ്കിൽ ആർക്കും ഹിരണ്യലോകത്ത് പ്രവേശിക്കാൻ കഴിയുകയില്ല.1 ' 'ഭൂമിയിൽനിന്നുള്ള ഏറെക്കുറെ മുഴുവൻപേരും മരിക്കു മ്പോൾ പോകേണ്ട സാധാരണ സൂക്ഷ്മലോകഗോളങ്ങളെ ഹിരണ്യലോകവാസികൾ കടന്നുകഴിഞ്ഞിരിക്കുന്നു; സൂക്ഷ്മലോകങ്ങളിലെ കഴിഞ്ഞകാലകർമങ്ങളുടെ അനേകംബീജങ്ങൾ അവർ അവിടെ വച്ച് നശിപ്പിച്ചു കഴിഞ്ഞിരിക്കുന്നു. ഏറെ പുരോഗതി നേടിയ ഭക്താത്മാക്കൾ ക്കല്ലാതെ മറ്റാർക്കും സൂക്ഷ്മലോകങ്ങളിൽ വസിക്കുമ്പോൾ ഇത്തരം പാപമോചനകർമങ്ങൾ ഫലപ്രദമായി ചെയ്യാൻ കഴിയുകയില്ല.2 എന്നിട്ട് സൂക്ഷ്മലോകകർമങ്ങളുടെ അല്പമാത്രമായ ലാഞ്ഛനയിൽ നിന്നു പോലും തങ്ങളുടെ ആത്മാക്കളെ മോചിപ്പിക്കാൻ ഈ മുമുക്ഷുക്കൾ, പ്രപഞ്ചനിയമത്താൽ നിർബന്ധിതരായി, പുതിയ ശരീരങ്ങളിൽ 'സൂക്ഷ്മ സൂര്യൻ' അഥവാ 'സ്വർഗം' ആയ ഹിരണ്യലോകത്ത് പുനർജനിക്കുന്നു. ഈ ലോകത്ത് അവരെ സഹായിക്കാനാണ് ഞാൻ സന്നിഹിതനായിരിക്കുന്നത്. ശ്രേഷ്ഠമായ കാരണലോകത്തുനിന്ന് വന്നിട്ടുള്ള ഏറെക്കുറെ പൂർണതയെത്തിയ ദേഹികളും ഹിരണ്യലോകത്തുണ്ട്.' ' എന്റെ മനസ്സ് ഇപ്പോൾഎന്റെ ഗുരുദേവന്റെ മനസ്സുമായി അത്രമാത്രം സമ്പൂർണമായ താദാത്മ്യത്തിലായിരുന്നതിനാൽ അദ്ദേഹത്തിന്റെ വാക്ചിത്രങ്ങൾ ഭാഗികമായി വാക്കുകളിലൂടെയും ഭാഗികമായി വിചാരസംക്രമണത്തിലൂടെയുമാണ് അദ്ദേഹം എന്നിലേക്കു പകർന്നത്. അങ്ങനെ ഞാൻ അദ്ദേഹത്തിന്റെ ആശയസംക്ഷേപങ്ങൾ അതിവേഗം സ്വീകരിക്കുകയായിരുന്നു.ഗുരുദേവൻ തുടർന്നു, ' 'മനുഷ്യന്റെ ആത്മാവിനെ ക്രമത്തിൽ മൂന്നു ശരീരങ്ങളിൽ ഈശ്വരൻ അടക്കംചെയ്തിരിക്കുന്നുവെന്ന് വേദഗ്രന്ഥങ്ങളിൽ നീ വായിച്ചിട്ടുണ്ട്-ആശയശരീരം അഥവാ കാരണശരീരം, മനുഷ്യന്റെ മാനസികവും വൈകാരികവുമായ സ്വഭാവങ്ങളുടെ ഇരിപ്പിടമായ സൂക്ഷ്മശരീരം, ഭൗതികമായ സ'ഥൂലശരീരം. ശാരീരികമായ ഇന്ദ്രിയങ്ങൾകൊണ്ടാണ് ഭൂമിയിൽ മനുഷ്യൻ സജ്ജനായിരിക്കുന്നത്. ഒരു സൂക്ഷ്മലോകവാസി പ്രവർത്തിക്കുന്നത് തന്റെ ബോധവും വികാരങ്ങളും ജീവരേണുക്കളാൽ നിർമിതമായ ശരീരവുംകൊണ്ടാണ്.3 കാരണശരീരിയായ ഒരു ആത്മാവ് ആശയങ്ങളുടെ പരമാനന്ദലോകങ്ങളിൽ വർത്തിക്കുന്നു. എന്റെ പ്രവർത്തനം കാരണലോകത്തേക്കു പ്രവേശിക്കാൻ തയ്യാറെടുക്കുന്ന സൂക്ഷ്മലോക മുമുക്ഷുക്കൾക്കു വേണ്ടിയാണ്.' ' ' 'ആരാധ്യനായ ഗുരുദേവാ, സൂക്ഷ്മലോകത്തെപ്പറ്റി എന്നോടു കൂടുതൽപറയൂ.' ' ശ്രീ യുക്തേശ്വരന്റെ അപേക്ഷ അനുസരിച്ച് എന്റെ പിടി ഞാൻ കുറച്ചൊന്ന് അയച്ചുവെങ്കിലും എന്റെ കരങ്ങൾ ഇപ്പോഴും അദ്ദേഹത്തെ വലയംചെയ്തിരുന്നു. എല്ലാ നിധികളിലുംവച്ച് അമൂല്യനിധിയായ എന്റെ ഗുരുദേവൻ മരണത്തെ പരിഹസിച്ചു തള്ളിക്കൊണ്ട് എന്റെയടുത്ത് എത്തിയിരിക്കുന്നു! ' 'സൂക്ഷ്മലോകവാസികൾ നിറഞ്ഞുകവിയുന്ന നിരവധി സൂക്ഷ്മ ഗ്രഹങ്ങളുണ്ട്.' ' ഗുരുദേവൻ പറഞ്ഞുതുടങ്ങി. ' 'അവിടത്തെ നിവാസികൾ ഒരു ഗ്രഹത്തിൽനിന്ന് മറ്റൊന്നിലേക്കു യാത്ര ചെയ്യാൻ സൂക്ഷ്മവിമാനങ്ങൾ അഥവാ പ്രകാശപിണ്ഡങ്ങൾ ഉപയോഗിക്കുന്നു. ഇവ വൈദ്യുതിയെക്കാളും വികിരണ ഊർജത്തെക്കാളും കൂടുതൽ വേഗതയിൽ സഞ്ചരിക്കുന്നു. ' 'പ്രകാശത്തിന്റെയും നിറത്തിന്റെയും വിവിധ സൂക്ഷ്മസ്പന്ദനങ്ങളാൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന സൂക്ഷ്മപ്രപഞ്ചം ഭൗതിക പ്രപഞ്ചത്തെക്കാൾ നൂറുകണക്കിനു മടങ്ങു വലുതാണ്. അതിഭീമവും പ്രകാശമാനവുമായ സൂക്ഷ്മലോകമെന്ന ബലൂണിന്റെ കീഴിൽ വളരെ ചെറിയ ഒരു ഖരമായ കുട്ടപോലെ ഈ ഭൗതികപ്രപഞ്ചം തൂങ്ങിക്കിടക്കുന്നു. അനവധി സ'ഥൂലസൂര്യന്മാരും നക്ഷത്രങ്ങളും ശൂന്യാകാശത്തു ചുറ്റിത്തിരിയുന്നതു പോലെ തന്നെ എണ്ണമറ്റ സൂക്ഷ്മലോകസൗരയൂഥങ്ങളും താരാഗണ സഞ്ചയവും ഉണ്ട്. അവയുടെ ഗ്രഹങ്ങൾക്ക്

സൂക്ഷ്മലോകസൂര്യചന്ദ്രന്മാരുണ്ട്. സൂക്ഷ്മലോകസൂര്യചന്ദ്രന്മാർ സ്ഥൂലസൂര്യചന്ദ്രന്മാരെക്കാൾ കൂടുതൽ മനോഹരമാണ്. സൂക്ഷ്മലോകജ്യോതിർഗോളങ്ങൾ ധ്രുവദീപ്തികൾ(aurora borealis) പോലെയാണ്-സൂക്ഷ്മസൂര്യന്റെ ധ്രുവദീപ്തി മൃദുകിരണനായ ചന്ദ്രന്റേതിനെക്കാൾ ഉജ്വലമാണ്. സൂക്ഷ്മലോക ദിനരാത്രങ്ങൾ ഭൗമദിനരാത്രങ്ങളെക്കാൾ ദീർഘമാണ്. ' 'സൂക്ഷ്മലോകം അതീവ സുന്ദരവും ശുചിത്വമാർന്നതും ശുദ്ധവും ചിട്ടയുള്ളതുമാണ്. മൃതഗ്രഹങ്ങളോ തരിശുഭൂമികളോ അവിടെയില്ല. ഭൂതലത്തിന്റെ കളങ്കങ്ങളായ കളകളും, സൂക്ഷ്മാണുജീവികളും, കീടങ്ങളും, പാമ്പുകളും അവിടെയില്ല. ഭൂമിയിലെ മാറിമറിയുന്ന കാലാവസ്ഥയുമില്ല, ഇവയ്ക്കു വ്യത്യസ്തമായി സൂക്ഷ്മലോകത്ത്, ഇടയ്ക്കിടെയുള്ള തിളങ്ങുന്ന ഹിമധൂളിപാതവും വിവിധവർണങ്ങളിലെ പ്രകാശങ്ങളുടെ മഴയുമുള്ള നിത്യവസന്തത്തിന്റെ മിതശീതോഷ്ണം നിലനിൽക്കുന്നു. സൂക്ഷ്മഗ്രഹങ്ങളിൽ വിവിധ നിറങ്ങളിൽ തിളങ്ങുന്ന തടാകങ്ങളും പ്രകാശമാനമായ സമുദ്രങ്ങളും മഴവില്ലുപോലുള്ള നദികളും ധാരാളമുണ്ട്.സാധാരണ സൂക്ഷ്മപ്രപഞ്ചത്തിൽ-കുറെക്കൂടി സൂക്ഷ്മതരമായ ഹിരണ്യലോകസ്വർഗത്തിലല്ല-കർമാനുസാരം വിവിധ സൂക്ഷ്മഗ്രഹ ങ്ങളിൽ നിവസിക്കുന്ന ഏറെക്കുറെ അടുത്തകാലത്തു ഭൂമിയിൽ നിന്നെത്തിയ സൂക്ഷ്മലോകരൂപികളും ദേവതകൾ, ജലകന്യകകൾ, മത്സ്യങ്ങൾ, മൃഗങ്ങൾ, ഭൂതപ്രേതങ്ങൾ, അർധദേവന്മാർ, മറ്റു സത്വങ്ങൾ എന്നീ കോടാനുകോടി സൂക്ഷ്മശരീരികളുമാണുള്ളത്. ശിഷ്ടാത്മാക്കൾക്കും ദുഷ്ടാത്മാക്കൾക്കും ഗോളാകൃതിയായ വിവിധമന്ദിരങ്ങൾ അഥവാ സ്പന്ദനമേഖലകളാണ് നൽകിയിരിക്കുന്നത്. ശിഷ്ടാത്മാക്കൾക്ക് സ്വതന്ത്രമായി സഞ്ചരിക്കാം, പക്ഷേ ദുഷ്ടാത്മാക്കളെ ചില പരിമിതമേഖലകളിൽ ഒതുക്കിനിർത്തിയിരിക്കുന്നു. മനുഷ്യർ ഭൂമുഖത്തും, മണ്ണിരകൾ മണ്ണിനടിയിലും, മത്സ്യങ്ങൾ ജലത്തിലും, പക്ഷികൾ വായുവിലും ജീവിക്കുന്നതുപോലെ, വിവിധനിലവാരത്തിലെ സൂക്ഷ്മലോകവാസികൾക്ക് അനുയോജ്യമായ സ്പന്ദനക്ഷേത്രം നീക്കിവച്ചിരിക്കുന്നു. ' 'മറ്റു സൂക്ഷ്മലോകങ്ങളിൽനിന്നു നിഷ്കാസിതരായ പതിതാത്മാക്കളുടെയിടയിൽ സംഘർഷങ്ങളും യുദ്ധങ്ങളും ഉണ്ടാകാറുണ്ട്. പ്രാണരേണുക്കളുടെ വിസ്ഫോടന സാമഗ്രികൾകൊണ്ടോ മാനസികമായ മാന്ത്രികസ്പന്ദനരശ്മികൾകൊണ്ടോ ആണ് ഇതു നടത്തുക.4 തങ്ങളുടെ ദുഷ്കർമഫലങ്ങളെ അനുഭവിച്ചു തീർത്തുകൊണ്ട് ഈ ആത്മാക്കൾ സൂക്ഷ്മലോകത്തിന്റെ അന്ധകാരാവൃതമായ പാതാളപ്രപഞ്ചത്തിൽ വസിക്കുന്നു. ' 'ആ അന്ധകാരാവൃതമായ സൂക്ഷ്മലോകകാരാഗൃഹത്തിനു മേലേയുള്ള വിശാലമായ മേഖലകൾ എല്ലാം പ്രകാശമാനവും രമണീയവുമാണ്. ഈശ്വരേച്ഛയ്ക്കും അദ്ദേഹത്തിന്റെ പരിപൂർണതയുടെ പദ്ധതിക്കും ഭൂമിയെക്കാ ൾകൂടുതൽ സ്വാഭാവികമായി പൊരുത്തപ്പെടുന്നതാണ് സൂക്ഷ്മപ്രപഞ്ചം. ഓരോ സൂക്ഷ്മലോകവസ്തുവും പ്രാഥമികമായി ഈശ്വരേച്ഛയ്ക്കും ഭാഗികമായി സൂക്ഷ്മലോകവാസികളുടെ ഇച്ഛയ്ക്കുമനുസരിച്ചാണ് ആവിർഭവിക്കുക. ഈശ്വരസൃഷ്ടിയിൽ ഏതിന്റെയും ചാരുതയുംരൂപവും വ്യത്യാസപ്പെടുത്തുന്നതിനോ അവയുടെ മേന്മ വർധിപ്പിക്കുന്നതിനോ ഉള്ളകഴിവ് അവർക്കുണ്ട്. സൂക്ഷ്മപ്രപഞ്ചം ഇച്ഛാനുസാരം വ്യത്യസ്തമാക്കുന്നതിനോ മെച്ചപ്പെടുത്തുന്നതിനോ ഉള്ള സ്വാതന്ത്ര്യവും അവകാശവും ജഗദീശ്വരൻ തന്റെ സൂക്ഷ്മലോക സന്താനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഭൂമിയിൽ ഒരു ഖരവസ്തുവിനെ സ്വാഭാവികമാർഗങ്ങളിലൂടെയോ രാസപ്രക്രിയകളിലൂടെയോവേണം ദ്രവമോ മറ്റു രൂപമോ ആക്കിമാറ്റാൻ; പക്ഷേ സൂക്ഷ്മലോകത്തിലെ ഖരവസ്തുക്കൾ ദ്രാവകമോ വാതകമോ ഊർജമോ ആയി തൽക്ഷണം മാറുന്നത് അന്തേവാസികളുടെ ഇച്ഛാശക്തി ഒന്നുകൊണ്ടു മാത്രമാണ്.എന്റെ ഗുരുദേവൻ തുടർന്നു, ' 'കടലിലും കരയിലും ആകാശത്തും തുടരെയുള്ള യുദ്ധങ്ങളും കൊലപാതകങ്ങളും കൊണ്ട് ഭൂമി അന്ധകാരാവൃതമാണ്, പക്ഷേ സൂക്ഷ്മലോകതലങ്ങൾ അനുരഞ്ജനവും സമത്വവും കൊണ്ട് സന്തുഷ്ടമാണ്. സൂക്ഷ്മലോകവാസികൾ ഇച്ഛിക്കുമ്പോൾ അവരുടെ രൂപം ആവിർഭവിപ്പിക്കുകയോ അന്തർധാനംചെയ്യിക്കുകയോ ചെയ്യുന്നു. പുഷ്പങ്ങൾക്കും മത്സ്യങ്ങൾക്കും മൃഗങ്ങൾക്കും രൂപ പരിണാമം വരുത്തി ഒരു നിശ്ചിതസമയത്തേക്ക് സൂക്ഷ്മലോകമനുഷ്യരാകുവാൻ കഴിയും. സൂക്ഷ്മലോകജീവികൾക്ക് ഇഷ്ടമുള്ള രൂപം സ്വീകരിക്കുവാനും അനായാസേന ആശയവിനിമയം നടത്തുവാനും സാധിക്കുന്നു. സ്ഥിരവും നിശ്ചിതവുമായ ഒരു പ്രകൃതിനിയമവും അവരെ തളച്ചു നിർത്തുന്നില്ല; ഉദാഹരണത്തിന് സൂക്ഷ്മലോകത്തെ ഏതു വൃക്ഷത്തോടും ഒരു സൂക്ഷ്മലോകമാങ്ങയോ ഒരു പുഷ്പമോ മറ്റ് ഏതൊരു വസ്തുവുമോ സൃഷ്ടിക്കാൻ സഫലമായി ആവശ്യപ്പെടാം. കാർമികമായ ചില പരിമിതികളുണ്ടെങ്കിലും, വിവിധരൂപങ്ങളുടെ അഭികാമ്യതയെപ്പറ്റി വിവേചനങ്ങളൊന്നുമില്ല. എല്ലാ വസ്തുക്കളും ജഗദീശ്വരന്റെ സചേതനമായപ്രകാശത്താൽ തുടിക്കുന്നു. ' 'ആരും സ്ത്രീക്ക് ജനിക്കുന്നില്ല. സൂക്ഷ്മലോകവാസികൾ പ്രപഞ്ചവ്യാപിയായ ഇച്ഛയാൽ പ്രത്യേകമാതൃകകളിൽ സാന്ദ്രീകൃതമായ സൂക്ഷ്മരൂപങ്ങളിൽ സന്താനങ്ങളെ ആവിർഭവിപ്പിക്കുന്നു. അടുത്ത സമയത്ത് ശരീരവിയോഗം സംഭവിച്ച ഒരു വ്യക്തി, സമാനമായ മാനസികവും ആത്മീയവുമായ പ്രവണതകളാൽ ആകൃഷ്ടമായി ഒരു സൂക്ഷ്മലോകകുടുംബത്തിലേക്ക് ക്ഷണം സ്വീകരിച്ചു വന്നെത്തുന്നു. ' 'സൂക്ഷ്മശരീരത്തിന് ചൂടോ തണുപ്പോ പ്രകൃതിയുടെ മറ്റവസ്ഥകളോ ബാധകമല്ല. ശരീരഘടനയിൽ സഹസ്രാരപത്മവും സുഷുമ്നയിലെ ജാഗ്രത്തായ ആറു കേന്ദ്രങ്ങളും ഉൾപ്പെടുന്നു. ഹൃദയം സൂക്ഷ്മമസ്തിഷ്കത്തിൽനിന്ന് വിശ്വപ്രാണനും പ്രകാശവും സ്വീകരിച്ച് അവയെ സൂക്ഷ്മനാഡികൾക്കും ശരീരകോശങ്ങൾക്കും വിതരണം ചെയ്യുന്നു. സൂക്ഷ്മദേഹികൾക്ക്

പ്രാണശക്തികൊണ്ടോ പവിത്ര മന്ത്രങ്ങളുടെ സ്പന്ദനങ്ങളാലോ സ്വന്തം രൂപത്തിൽ മാറ്റം വരുത്താനുള്ള കഴിവുണ്ട്. ‘ ‘മിക്കപ്പോഴും സൂക്ഷ്മശരീരം, ഏറ്റവും ഒടുവിൽ ധരിച്ചിരുന്ന ഭൗതികശരീരത്തിന്റെ ഒരു തനിപ്പകർപ്പയിരിക്കും. ഒരു സൂക്ഷ്മ ദേഹിയുടെ മുഖവും രൂപവും തന്റെ ഇക്കഴിഞ്ഞ ഭൂലോകവാസത്തിലെ യുവത്വത്തിലേതു പോലെയായിരിക്കും. ഇടയ'ക്കിടയ'ക്ക് എന്നെപ്പോലെ ചിലർ വാർധക്യത്തിലെ രൂപം തിരഞ്ഞെടുക്കുന്നു.’ ’ യുവത്വത്തിന്റെ ചൈതന്യം പ്രകാശിപ്പിച്ച ഗുരുദേവൻ ഉല്ലാസത്തോടെ അടക്കിച്ചിരിച്ചു. ‘ ‘പഞ്ചേന്ദ്രിയങ്ങളാൽ മാത്രം അറിയുന്ന സ'ഥാനികവും ത്രിമാനവുമായ ഭൗതികലോകത്തിൽനിന്നു വ്യത്യസ്തമായി, സൂക്ഷ്മലോകം, സർവംഗ്രാഹിയായ ആറാം ഇന്ദ്രിയമെന്ന അന്തർജ്ഞാനംകൊണ്ട് കാണാവുന്നതാണ്,’ ’ ശ്രീ യുക്തേശ്വരൻ തുടർന്നു. ‘ ‘അന്തർജ്ഞാനത്തിന്റെ അനുഭൂതിയൊന്നുകൊണ്ട് സൂക്ഷ്മലോകവാസികളെല്ലാവരും കാണുകയും കേൾക്കുകയും മണക്കുകയും രുചിക്കുകയും സ്പർശിക്കുകയും ചെയ്യുന്നു. അവർക്ക് മൂന്നുകണ്ണുകളുണ്ട്; അവയിൽ രണ്ടെണ്ണം ഭാഗികമായി അടഞ്ഞിരിക്കുന്നു. മൂന്നാമത്തേതും പ്രധാനവുമായ നെറ്റിയിലെ ലംബമായ സൂക്ഷ്മനേത്രം തുറന്നിരിക്കുന്നു. സൂക്ഷ്മലോകവാസികൾക്ക് കണ്ണ്, ചെവി, മൂക്ക്, നാക്ക്, ത്വക്ക് എന്നീ ബാഹ്യേന്ദ്രിയങ്ങളെല്ലാമുണ്ടെങ്കിലും ശരീരത്തിലെ ഏതു ഭാഗത്തിലൂടെയും അനുഭൂതികൾ ഉൾക്കൊള്ളുന്നതിന് അവർ അന്തർജ്ഞാനബോധം ഉപയോഗപ്പെടുത്തുന്നു; അവർക്ക് ചെവിയിലൂടെയൊ, മൂക്കിലൂടെയോ, തൊലിയിലൂടെയോ കാണാം. അതുപോലെ കണ്ണോ, നാക്കോകൊണ്ട് കേൾക്കാനും ചെവിയോ ത്വക്കോകൊണ്ട് രുചിക്കാനുമല്ലാം സാധിക്കുന്നു.5 ‘ ‘ മനുഷ്യന്റെ സ'ഥൂലശരീരം എണ്ണിയാലൊടുങ്ങാത്ത അപകടങ്ങൾക്കു വിധേയവും എളുപ്പത്തിൽ പരുക്കോ അംഗഭംഗമോ ഏൽക്കുന്നതുമാണ്; എന്നാൽ സൂക്ഷ്മശരീരത്തിന് വല്ലപ്പോഴും മുറിവോ പോറലോ സംഭവിച്ചേക്കാമെങ്കിലും ഇച്ഛാശക്തിമാത്രം കൊണ്ട് അത് ഉടൻതന്നെ സുഖംപ്രാപിക്കുന്നു. ’ ’ ‘ ‘സൂക്ഷ്മലോക നിവാസികളെല്ലാം സൗന്ദര്യമുള്ളവരാണോ ഗുരുദേവാ?’ ’ ‘ ‘ സൂക്ഷ്മലോകത്ത് സൗന്ദര്യം ഒരു ആത്മീയഗുണമായിട്ടാണ് കരുതപ്പെടുന്നത്, അല്ലാതെ അത് ബാഹ്യമായി സ'ഥിരീകരിക്കേണ്ട ഒന്നല്ല’ ’ ശ്രീ യുക്തേശ്വരൻ മറുപടി പറഞ്ഞു. ‘ ‘ സൂക്ഷ്മദേഹികൾ അതുകൊണ്ട് മുഖലക്ഷണങ്ങൾക്ക് ഒരു പ്രാധാന്യവും കല്പിക്കുന്നില്ല. എന്നിരുന്നാലും വർണാഭമായ പുതുശരീരങ്ങൾ സൂക്ഷ്മമായി ആവിർഭവിപ്പിച്ച് അണിയാനുള്ള വിശേഷാധികാരം അവർക്കുണ്ട്. ലോകത്ത് മനുഷ്യർ ആഘോഷവേളകളിൽ പുതുവസ്ത്രങ്ങൾ ധരിക്കുന്നതുപോലെ സൂക്ഷ്മലോകവാസികൾ പ്രത്യേകമായി സംവിധാനംചെയ്ത രൂപങ്ങൾ കൊണ്ട് സ്വയം അലങ്കരിക്കാൻ അവസരങ്ങൾ കണ്ടെത്തുന്നു. ‘ ‘ഒരു ദേഹി ആത്മീയപുരോഗതിയിലൂടെ സൂക്ഷ്മലോകത്തു നിന്ന് മോചിതനാകുകയും അങ്ങനെ കാരണലോകത്തിന്റെ സ്വർഗംപൂകാൻ തയ്യാറാകുകയും ചെയ്യുമ്പോൾ ഹിരണ്യലോകംപോലുള്ള ഉന്നതതരമായ സൂക്ഷ്മഗ്രഹങ്ങളിൽ സൂക്ഷ്മലോക ആഘോഷങ്ങൾ നടത്തപ്പെടുന്നു. അത്തരം അവസരങ്ങളിൽ അദൃശ്യനായ സ്വർഗപിതാവും അദ്ദേഹത്തിൽ വിലയം പ്രാപിച്ച വിശുദ്ധാത്മാക്കളും അവർക്കിഷ്ടമുള്ള ശരീരങ്ങളിൽ പ്രത്യക്ഷപ്പെടുകയും പ്രസ്തുത ആഘോഷങ്ങളിൽ പങ്കുകൊള്ളുകയും ചെയ്യുന്നു. തന്റെ പ്രിയപ്പെട്ട ഭക്തനെ സന്തുഷ്ടനാക്കാനായി മഹാപ്രഭു ഇഷ്ടമുള്ള രൂപം സ്വീകരിക്കുന്നു. ഭക്തിയിലൂടെയാണ് ആരാധിച്ചതെങ്കിൽ ഭക്തൻ ഈശ്വരനെ ദിവ്യജനനിയായിക്കാണുന്നു. ശ്രീയേശുവിന്, ആദ്യന്തരഹിതന്റെ പിതൃഭാവമായിരുന്നു മറ്റു സങ്കല്പങ്ങളെക്കാൾ വശ്യമായി അനുഭവപ്പെട്ടത്. തന്റെ സൃഷ്ടികൾക്ക് ഓരോന്നിനും സ്രഷ്ടാവ് പ്രദാനം ചെയ്തിരിക്കുന്ന വ്യക്തിത്വം പ്രഭുവിന്റെ നാനാമുഖപ്രതിഭയുടെ മേൽ ചിന്ത്യവും അചിന്ത്യവുമായ സകല ആവശ്യങ്ങളും ഉന്നയിക്കുന്നു!’ ’ ഗുരുദേവനും ഞാനും സന്തോഷത്തോടെ ഒരുമിച്ചു ചിരിച്ചു. ‘ ‘മറ്റു ജന്മങ്ങളിലെ സുഹൃത്തുക്കൾ സൂക്ഷ്മലോകത്ത് എളുപ്പത്തിൽ തിരിച്ചറിയുന്നു,’ ’ തന്റെ സംഗീതാത്മകമായസ്വരത്തിൽ ശ്രീ യുക്തേശ്വരൻ തുടർന്നുപറഞ്ഞു. ‘ ‘സൗഹൃദത്തിന്റെ അനശ്വരതയിൽ ആനന്ദിക്കുന്ന അവർ, ഐഹികജീവിതത്തിലെ ശോകപൂർണവും വിഭ്രാമകവുമായ വേർപാടുകളുടെ സമയത്ത് പലപ്പോഴും സംശയിച്ചു പോയിരുന്ന പ്രേമത്തിന്റെ അനശ്വരത മനസ്സിലാക്കുന്നു. ‘ ‘സൂക്ഷ്മലോകവാസികളുടെ അന്തർധാനം മറയെ തുളച്ചിറങ്ങുകയും ഭൂമിയിൽ മനുഷ്യന്റെ പ്രവർത്തനങ്ങളെ വീക്ഷിക്കുകയും ചെയ്യുന്നു, പക്ഷേ തന്റെ ആറാമത്തെ ഇന്ദ്രിയം ഒരുവിധം വികാസം പ്രാപിക്കാതെ മനുഷ്യന് സൂക്ഷ്മലോകത്തെ ദർശിക്കാൻ സാധിക്കുകയില്ല. ആയിരക്കണക്കിന് ഭൂലോകവാസികൾ ഒരു നിമിഷനേരത്തേക്കെങ്കിലും ഒരു സൂക്ഷ്മലോകദേഹിയെയോ ഒരു സൂക്ഷ്മലോകത്തെയോ കണ്ടിട്ടുണ്ട്.6 ‘ ‘പ്രപഞ്ചഭരണത്തിന്റെ സങ്കീർണ പ്രശ്നങ്ങളും 'ഭൂബദ്ധരായ ആത്മാക്കൾ' എന്ന മുടിയരായ പുത്രരുടെ മോചനവും കൈകാര്യം ചെയ്യുന്നതിൽ സഹായിച്ചുകൊണ്ട് ആത്മീയ ഉന്നതിനേടിയ ഹിരണ്യലോകനിവാസികൾ നീണ്ട സുക്ഷ്മലോക ദിനരാത്രങ്ങളിലൂടെ ഏറെയും പരമാനന്ദ നിർവൃതിയിൽ ഉണർന്നിരിക്കുന്നു. ഹിരണ്യലോകദേഹികൾ ഉറങ്ങുമ്പോൾ അവർ അപൂർവമായി സ്വപ്നസമാനമായ സൂക്ഷ്മലോകദൃശ്യങ്ങൾ കാണുന്നു. ഏറ്റവും ഉയർന്നനിലയിലുള്ള ബോധപൂർവമായ നിർവികല്പസമാധിയുടെ പരമാനന്ദത്തിൽ അവരുടെ മനസ്സ് മിക്കപ്പോഴും നിർലീനമായിരിക്കും. ‘ ‘എങ്കിലും സൂക്ഷ്മലോകങ്ങളുടെ സർവഭാഗങ്ങളിലും വസിക്കുന്നവർ മനോവേദനയ'ക്ക് വിധേയരാണ്. സദാചാരത്തിലോ സത്യദർശനത്തിലോ എന്തെങ്കിലും

പിഴപറ്റിയാൽ ഹിരണ്യലോകം പോലുള്ള സൂക്ഷ്മഗ്രഹങ്ങളിലെ ഉൽക്കൃഷ്ടരായ ആത്മാക്കളുടെ അതിവേഗം പ്രതികരിക്കുന്ന മനസ്സുകളിൽ ശക്തമായ വേദന അനുഭവപ്പെടുന്നു. ആധ്യാത്മിക പുരോഗതിയിൽ അധികം മുന്നേറിയ ഈ ആത്മാക്കൾ അവരുടെ ഓരോപ്രവൃത്തിയും വിചാരവും ആത്മീയനിയമത്തിന്റെ പൂർണതയുമായി പൊരുത്തപ്പെടുത്താൻ ശ്രമിക്കുന്നു. ‘ ‘ സൂക്ഷ്മലോകനിവാസികൾ തമ്മിലുള്ള ആശയവിനിമയം മുഴുവൻ തന്നെ മന:പ്രേഷണത്താലും സൂക്ഷ്മദർശനത്താലുമാണ് നടക്കുന്നത്. വാമൊഴിയും വരമൊഴിയും കൊണ്ട് ഭൂവാസികൾ സഹിക്കേണ്ടിവരുന്ന ആശയകുഴപ്പങ്ങളും തെറ്റിദ്ധാരണകളും ഒന്നും തന്നെ അവിടെയില്ല. ചലച്ചിത്രത്തിന്റെ തിരശീലയിലെ കഥാപാത്രങ്ങൾ പ്രകാശസൃഷ്ടമായ ചിത്രശൃംഖലയിൽ ചലിക്കുകയും വിവിധ പ്രവർത്തനങ്ങളിൽ വ്യാപൃതരാകുകയും ചെയ്യുന്നുവെങ്കിലും വാസ്തവത്തിൽ ശ്വാസോച്ഛ്വാസം ചെയ്യുന്നില്ല. അതുപോലെ, സൂക്ഷ്മലോകനിവാസികൾ പ്രകാശരൂപങ്ങളായി വിശേഷബുദ്ധിയാൽ നയിക്കപ്പെടുകയും അവരുടെ പ്രവർത്തനങ്ങൾ സമന്വയിക്കപ്പെടുകയും ചെയ്യുന്നത് പ്രാണവായുവിൽ നിന്ന് ശക്തി സംഭരിക്കേണ്ടതിന്റെ ആവശ്യം ഇല്ലാതെയാണ്. ഖരങ്ങളെയും ദ്രാവകങ്ങളെയും വാതകങ്ങളെയും വായുവിലെ ജീവോർജത്തെയും ജീവൻ നിലനിർത്താൻ മനുഷ്യൻ ആശ്രയിക്കുന്നു. എന്നാൽ സൂക്ഷ്മലോകനിവാസികളെ മുഖ്യമായും നിലനിർത്തുന്നത് പ്രപഞ്ചപ്രകാശമാണ്.’ ’ ‘ ‘എന്റെ ഗുരുദേവാ, സൂക്ഷ്മലോകവാസികൾ എന്തെങ്കിലും ഭക്ഷണം കഴിക്കുമോ?’ ’ എന്റെ എല്ലാ ഉപാധികളുടെയും മനസ്സിന്റെയും ഹൃദയത്തിന്റെയും ആത്മാവിന്റെയും സ്വീകരണശക്തികൊണ്ട് അദ്ദേഹത്തിന്റെ വിസ്മയാവഹമായ ആശയാവിഷ്കാരങ്ങൾ ഞാൻ ആവോളം പാനം ചെയ്യുകയായിരുന്നു. സത്യത്തിന്റെ അതിബോധജ്ഞാനദർശനങ്ങൾ നിത്യമായ യാഥാർഥ്യവും മാറ്റമില്ലാത്ത ഒന്നുമായിരിക്കും. അതേ സമയം ഇന്ദ്രിയാനുഭൂതികളും ധാരണകളും താല്കാലികവും ആപേക്ഷികവുമായ സത്യത്തിനപ്പുറം ഒന്നുമല്ല. അതിനാൽ അവയെപ്പറ്റിയുള്ള മനുഷ്യന്റെ ഓർമ പെട്ടെന്നുമങ്ങിപ്പോകുന്നു. എന്റെ ഗുരുദേവന്റെ വാക്കുകൾ എന്റെ സത്തയുടെ താളിൽ അത്ര അധികം ആഴത്തിൽ ആലേഖനം ചെയ്യപ്പെട്ടിരുന്നതിനാൽ എന്റെ മനസ്സിനെ സമാധ്യവസ'ഥയിലാക്കി എനിക്ക് ആ ദിവ്യാനുഭവം എപ്പോൾ വേണമെങ്കിലും ആവർത്തിച്ച് അനുഭവിക്കാൻ കഴിയുമായിരുന്നു. ‘ ‘പ്രകാശമാനവും കിരണസദൃശവുമായ സസ്യങ്ങൾ സൂക്ഷ്മലോകമണ്ണിൽ ധാരാളമുണ്ട്,’ ’ അദ്ദേഹം പറഞ്ഞു, ‘ ‘ സൂക്ഷ്മലോക നിവാസികൾ പച്ചക്കറികൾ ഭക്ഷിക്കുകയും അതിമനോജ്ഞമായ പ്രകാശസ്രോതസ്സുകളിലും സൂക്ഷ്മലോകസരിത്തുകളിലും ഒഴുകുന്ന തേൻ കുടിക്കുകയും ചെയ്യുന്നു. സാധാരണയായി ഭൂതലത്തിലെ മനുഷ്യരുടെ അദൃശ്യമായചിത്രങ്ങൾ ആകാശത്തുനിന്നു വരുത്തി ഒരു ടെലിവിഷൻ ഉപകരണത്താൽ ദൃശ്യമാക്കാനും പിന്നീട് ശൂന്യതയിൽ ഉപേക്ഷിക്കാനും കഴിയുന്ന അതേപോലെ പച്ചക്കറികൾ, ചെടികൾ, പഴങ്ങൾ എന്നിവയുടെ ഈശ്വരസൃഷ്ടവും അദൃശ്യവുമായി സൂക്ഷ്മാകാശത്ത് ഒഴുകിനടക്കുന്ന സങ്കല്പരൂപങ്ങളെ, നിവാസികളുടെ ആജ്ഞകൾ സൂക്ഷ്മഗ്രഹങ്ങളിൽ ആവിർഭവിപ്പിക്കുന്നു. അതേ രീതിയിൽ അവരുടെ ഏറ്റവും വിചിത്രമായ ഭാവനാവിലാസങ്ങളിൽനിന്ന് വിശാലമായ പൂന്തോട്ടങ്ങൾ ആവിർഭവിപ്പിക്കുന്നു; പിന്നീട് സൂക്ഷ്മാകാശത്തിന്റെ അദൃശ്യതയിലേക്ക് അവ മടങ്ങുകയുംചെയ്യുന്നു. ഹിരണ്യലോകംപോലുള്ള സ്വർലോകങ്ങളിലെ നിവാസികൾ ആഹാരം കഴിക്കുകയെന്ന ആവശ്യത്തിൽ നിന്ന് ഏറെക്കുറെ വിമോചിതരാണ്. ഏതാണ്ടു പരിപൂർണത പ്രാപിച്ച കാരണലോകവാസികളുടെ നിരുപാധികമായ അസ്തിത്വം ഇതിലും ഉദാത്തമാണ്, പരമാനന്ദനിർവൃതിയുടെ അമൃതുമാത്രമാണ് അവരുടെ ആഹാരം. ‘ ‘ഭൂമിയിൽനിന്നും വിമോചിപ്പിക്കപ്പെട്ട ഒരു സൂക്ഷ്മലോകനിവാസി സൂക്ഷ്മലോകപ്രപഞ്ചത്തിന്റെ വിവിധമേഖലകളിൽ, അപ്പോഴപ്പോൾ അവർ പ്രത്യക്ഷപ്പെടുമ്പോൾ അസംഖ്യം ബന്ധുജനങ്ങളെയും അച്ഛനമ്മ മാരെയും ഭാര്യാഭർത്താക്കന്മാരെയും സുഹൃത്തുക്കളെയും കണ്ടമുട്ടുന്നു. ഭൂതലത്തിലെ വ്യത്യസ്ത ജന്മങ്ങളിൽ താൻ സ്വന്തമാക്കിയവരാണ് അവർ.7 അതുകൊണ്ട് ആരെ പ്രത്യേകമായി സ്നേഹിക്കണമെന്ന് അറിയാൻ കഴിയാതെ വരുന്നു; ഈ വിധത്തിൽ എല്ലാവരെയും ഈശ്വരന്റെ സന്താനങ്ങളും വ്യക്തിത്വമാർന്ന ബഹിർസ്ഫുരണങ്ങളുമായി ക്കാണാനും ദൈവീകവും തുല്യവുമായ സ്നേഹം അവർക്കു നൽകാനും പഠിക്കുന്നു. ആത്മാവിന്റെ ഏറ്റവും ഒടുവിലത്തെ ജീവിതത്തിൽ പുതിയ ഗുണങ്ങൾ അവർ ഉണ്ടാക്കിയെടുത്തതിന് ഏറെക്കുറെ അനുസൃതമായി പ്രിയപ്പെട്ടവരുടെ ബാഹ്യരൂപം മാറിയിട്ടുണ്ടാവാമെങ്കിലും ഒരു സൂക്ഷ്മലോകവാസി അസ്തിത്വത്തിന്റെ മറ്റുതലങ്ങളിൽ തനിക്ക് ഒരിക്കൽ പ്രിയപ്പെട്ടവരായിരുന്ന എല്ലാവരെയും തിരിച്ചറിയുന്നതിന്, തന്റെ തെറ്റുപറ്റാത്ത അന്തർജ്ഞാനം ഉപയോഗപ്പെടുത്തുകയും അവരെ, അവരുടെ പുതിയ സൂക്ഷ്മഗേഹത്തിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്യുന്നു. ഓരോ പരമാണുവും ഇല്ലായ്മചെയ്യാനാവാത്ത വ്യക്തിത്വ8 ത്താൽ സമ്പന്നമായതിനാൽ ഒരു സൂക്ഷ്മലോകസ്നേഹിതൻ എന്തു വേഷം ധരിച്ചിരുന്നാലും ആ ആൾ തിരിച്ചറിയപ്പെടുന്നു. ഭൂമിയിൽ ഒരു നടന്റെ വേഷം എന്തു തന്നെയായാലും സൂക്ഷ്മനിരീക്ഷണത്തിൽ അയാൾ ആരാണെന്നുള്ളത് കണ്ടുപിടിക്കാമെന്നതു പോലെയാണിത്. ‘ ‘സൂക്ഷ്മലോകങ്ങളിൽ സാധാരണയായി ജീവിതകാലം ഭൂത ലത്തിലേതിനെക്കാൾ ദീർഘമാണ്. സാധാരണഗതിയിൽ സാമാന്യം നന്നായി പുരോഗതി നേടിയവരുടെ സൂക്ഷ്മലോകജീവിതത്തിന്റെ ശരാശരി ദൈർഘ്യം ഭൂമിയിലെ കാലഗണനയുടെ മാനദണ്ഡം വച്ച് അളക്കുമ്പോൾ അഞ്ഞൂറു മുതൽ ആയിരംവരെ

വർഷങ്ങളാണ്. ചില റെഡ് വുഡ് മരങ്ങൾ മറ്റു വൃക്ഷങ്ങളെ സഹസ്രാബ്ദങ്ങൾ കൊണ്ട് അതിജീവിക്കുന്നതുപോലെയോ, മിക്കമനുഷ്യരും അറുപതു വയസ്സാകുന്നതിനു മുമ്പു മരിക്കുമ്പോൾ ചില യോഗികൾ അനേകം നൂറ്റാണ്ടുകൾ ജീവിച്ചിരിക്കുന്നതുപോലെയോ അസാധാരണ വ്യക്തികൾ സൂക്ഷ്മ ലോകവാസത്തിന്റെ സാധാരണ കാലയളവിൽക്കവിഞ്ഞ് ജീവിക്കുന്നു. സൂക്ഷ്മലോകത്തിലെ സന്ദർശകർ അവരുടെ ശാരീരിക കർമത്തിന്റെ കൂടുതൽ കുറവനുസരിച്ച് ഏറിയതോ കുറഞ്ഞതോ ആയ ഒരു കാലയളവ് അവിടെ വസിക്കുന്നു. അവരുടെ ശാരീരികകർമം ഒരു നിയതമായ കാലപരിധിക്കുള്ളിൽ അവരെ ഭൂമിയിലേക്ക് ആകർഷിക്കുന്നു.

‘ ‘തന്റെ തിളങ്ങുന്നദേഹം ഉപേക്ഷിക്കുന്നസമയത്ത് ഒരു സൂക്ഷ്മശരീരി മരണവുമായി വേദനയോടെ മല്ലിടേണ്ടിവരുന്നില്ല. എന്നിരുന്നാലും, ഇവരിൽ പലരും തങ്ങളുടെ സൂക്ഷ്മദേഹം കുറേക്കൂടി ഉൽകൃഷ്ടമായ കാരണശരീരത്തിനുവേണ്ടി വെടിയണമെന്നു വിചാരിക്കുമ്പോൾ അല്പം അധീരരാകാറുണ്ട്. ഇഷ്ടമില്ലാത്ത മരണം, രോഗം, വാർധക്യം എന്നിവയിൽനിന്നു സൂക്ഷ്മലോകം മുക്തമാണ്. ഈ മൂന്ന് ഭയങ്ങൾ ഭൂമിയുടെ ശാപങ്ങളാണ്. ജീവൻ നിലനിർത്താൻ വായു, ആഹാരം, ഉറക്കം എന്നിവയിൽ നിന്ന് സദാസഹായം ആവശ്യമുള്ള ഒരു ദുർബലമായ ഭൗതികശരീരമാണ് താനെന്ന് ഏതാണ്ടുപൂർണമായി താദാത്മ്യംകല്പിക്കാൻ തന്റെ ബോധത്തെ മനുഷ്യൻ അനുവദിച്ചു.

‘ ‘ശാരീരികമരണത്തോടൊപ്പം ശ്വാസത്തിന്റെ നിലയ'ക്കലും ശരീരകോശങ്ങളുടെ ജീർണനവും ഉണ്ടാകുന്നു. അന്തേവാസികളുടെ ശാരീരികജീവിതത്തെ നിലനിർത്തുന്ന ഊർജത്തിന്റെ പ്രകടഅംശമായ പ്രാണന്റെ വിഘടനമാണ് സൂക്ഷ്മലോകമരണം. ഭൗതികമരണത്തിൽ സ'ഥൂലശരീരത്തെപ്പറ്റിയുള്ള ബോധം ഒരാത്മാവിന് നഷ്ടമാവുകയും സൂക്ഷ്മലോകത്തിൽ തന്റെ സൂക്ഷ്മശരീരത്തിന്റെ ബോധം കൈവരികയും ചെയ്യുന്നു. സമയമെത്തുമ്പോൾ സൂക്ഷ്മലോകമരണം അനുഭവിക്കുന്ന മനുഷ്യൻ, അങ്ങനെ സൂക്ഷ്മലോകജനിമൃതികളുടെ ബോധത്തിൽനിന്ന് ഭൗതികജനിമൃതികളുടെ ബോധത്തിലേക്ക് കടക്കുന്നു. ഇപ്രകാരമുള്ള സൂക്ഷ്മഭൗതികദേഹധാരണത്തിന്റെ ആവർത്തിക്കുന്ന ചാക്രികഗതി അജ്ഞാനികളുടെ ഒഴിവാക്കാനാവാത്ത ദുർവിധിയാണ്. സൂക്ഷ്മലോകത്തിലെ ആഹ്ലാദകരവും ഭൂമിയിലെ നിരാശാജനകവുമായ അനുഭവങ്ങളെപ്പറ്റി മനുഷ്യന്റെ ഉപബോധവുംകടന്ന് ആഴ്ന്നുപോകുന്ന ഓർമകളെ ചിലപ്പോഴൊക്കെ വേദശാസ്ത്രഗ്രന്ഥങ്ങളിലെ സ്വർഗ-നരക വർണനകൾ അവനിൽ ഉണർത്തുന്നു.’ ’ ‘ ‘പ്രിയപ്പെട്ട ഗുരുദേവാ, ഭൂതലത്തിലെ പുനർജന്മവും സൂക്ഷ്മ-കാരണ ലോകങ്ങളിലെ പുനർജന്മവും തമ്മിലുള്ള വ്യത്യാസം ദയവായി കുറേക്കൂടി വിശദമായി പറഞ്ഞുതരുമോ?’ ’ ഞാൻ ചോദിച്ചു. ‘ ‘ഒരു വ്യക്തീഭവിച്ച ആത്മാവെന്ന നിലയിൽ മനുഷ്യൻ സത്തയിൽ കാരണശരീരിയാണ്,’ ’ എന്റെ ഗുരുദേവൻ വിശദീകരിച്ചു. ‘ ‘ആ ശരീരം, മൗലികമോ കാരണാത്മകമോ ആയ ചിന്താശക്തികളെന്ന നിലയിൽ ഈശ്വരന് ആവശ്യമായി വരുന്ന മുപ്പത്തിയഞ്ചു ആശയങ്ങളുടെ മൂശയാണ്. ഇതിൽനിന്നാണ് ഈശ്വരൻ പിന്നീട് പത്തൊമ്പതു ഘടകങ്ങളുള്ള സൂക്ഷ്മശരീരവും പതിനാറു ഘടകങ്ങളുള്ളസ'ഥൂല ഭൗതികശരീരവും നിർമിച്ചത്.

‘ ‘സൂക്ഷ്മശരീരത്തിന്റെ പത്തൊമ്പത് തത്ത്വങ്ങൾ മാനസികം, വൈകാരികം, പ്രാണാത്മികം എന്നിവയാണ്. അതിന്റെ പത്തൊമ്പതു ഘടകങ്ങളാണ് ബുദ്ധി; അഹങ്കാരം; ചിത്തം; മനസ്; അഞ്ചു ജ്ഞാനേന്ദ്രിയങ്ങൾ, (ദർശനം, ശ്രവണം, ഘ്രാണം, രസനം, സ്പർശനം എന്നീ വിഷയാനുഭവങ്ങളുടെ സൂക്ഷ്മപ്രതിഘടകങ്ങൾ); അഞ്ചു കർമേന്ദ്രയങ്ങൾ (വംശോല്പാദനം, വിസർജനം, സംഭാഷണം, ചലനം, കൈകളുടെ ഉപയോഗം എന്നീ പ്രവൃത്തിനൈപുണികളുടെ മാനസികമായ സദൃശധർമങ്ങൾ); പഞ്ചപ്രാണങ്ങൾ (ആശയകരണം, സ്വാംശീകരണം, നിരാസം, പചനം, ചംക്രമണം എന്നിവ നിർവഹിക്കാനുള്ള ഉപകരണങ്ങൾ) എന്നിവ. പതിനാറു സ'ഥൂലരാസതന്മാത്രകൾ കൊണ്ടു നിർമിതമായ ഭൗതികശരീരത്തിന്റെ മരണത്തിനുശേഷവും പത്തൊമ്പതു തത്ത്വങ്ങൾ കൊണ്ടുള്ള ഈ സൂക്ഷ്മാവരണം നിലനിൽക്കുന്നു. ‘ ‘ഈശ്വരൻ വിവിധ ആശയങ്ങളെ തന്റെ ഉള്ളിൽ ചിന്തിച്ചുവച്ച് അവയെ സ്വപ്നങ്ങളായി ബഹിർസ്ഫുരിപ്പിച്ചു. അങ്ങനെ 'മായ' എന്ന പ്രപഞ്ചസ്വപ്നവനിത തന്റെ ആപേക്ഷികതയുടെ അനന്തവിശാലമായ വിഭൂഷണങ്ങളാൽ അലംകൃതയായി ആവിർഭവിച്ചു. ‘ ‘കാരണശരീരത്തിന്റെ മുപ്പത്തിയഞ്ച് ഭാവവിഭാഗങ്ങളിൽ മനുഷ്യന്റെ സൂക്ഷ്മമായ പത്തൊമ്പതും സ'ഥൂലമായ പതിനാറും പ്രതിഘടകങ്ങളുടെ എല്ലാ സങ്കീർണതകളെയും ഈശ്വരൻ സമാവേശിപ്പിച്ചു. സ്പന്ദനശക്തികളെ ആദ്യം സൂക്ഷ്മവും പിന്നീട് സ'ഥൂലവുമായി ഘനീഭവിപ്പിച്ചുകൊണ്ട് ഈശ്വരൻ മനുഷ്യന്റെ സൂക്ഷ്മശരീരത്തെയും പിന്നീട് സ'ഥൂലശരീരത്തെയും നിർമിച്ചു. ആപേക്ഷികതയുടെ നിയമമനുസരിച്ച് ‘ ‘കേവലമായ സരളത’ ’ അമ്പരപ്പിക്കുന്ന ബഹുലതയായി പരിണമിച്ചു. ആപേക്ഷികതയാൽ കാരണപ്രപഞ്ചവും കാരണശരീരവും സൂക്ഷ്മപ്രപഞ്ചത്തിൽ നിന്നും സൂക്ഷ്മശരീരത്തിൽനിന്നും വിഭിന്നമാണ്; അതുപോലെ സ'ഥൂലപ്രപഞ്ചവും സ'ഥൂലശരീരവും സ്വാഭാവികമായും സൃഷ്ടിയുടെ മറ്റുരൂപങ്ങളിൽനിന്നും വ്യത്യസ്തമായിരിക്കുന്നു. ‘ ‘മാംസശരീരം സ്രഷ്ടാവിന്റെ സ'ഥിരവും വസ്തുവത്കൃതവുമായ സ്വപ്നത്താലാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ദ്വന്ദ്വഭാവങ്ങൾ ഭൂമിയിൽ എപ്പോഴും നിലനില്ക്കുന്നു: രോഗവും ആരോഗ്യവും, ദു:ഖവും സുഖവും, നഷ്ടവും ലാഭവും. ത്രിമാനവസ്തുക്കളിൽ മനുഷ്യർ പരിമിതിയും തടസവും നേരിടുന്നു. രോഗങ്ങളോ മറ്റു കാരണങ്ങളോ മനുഷ്യന്റെ ജീവിക്കാനുള്ള മോഹത്തെ വല്ലാതെ ഉലയ'ക്കുമ്പോൾ മരണം വന്നെത്തുന്നു; മാംസത്തിന്റെ കനത്ത പുറംചട്ട

തൽക്കാലം പൊഴിയുന്നു. ആത്മാവ് അപ്പോഴും സൂക്ഷ്മ കാരണശരീങ്ങളാൽ പൊതിഞ്ഞുനിലകൊള്ളുന്നു.9 ഈ മൂന്നു ശരീരങ്ങളെയും ഒന്നിച്ചു ചേർത്തുനിർത്തുന്ന ശക്തി ആഗ്രഹമാണ്. നിറവേറാത്ത ആഗ്രഹങ്ങളുടെ ശക്തിയാണ് മനുഷ്യന്റെ അടിമത്തത്തിന്റെ മൂലകാരണം. ‘ ‘ശരീരബദ്ധമായ മോഹങ്ങൾ രൂഢമൂലമായിരിക്കുന്നത് അഹം ബോധത്തിലും ഇന്ദ്രിയസുഖങ്ങളിലുമാണ്. ഇന്ദ്രിയാനുഭവങ്ങളുടെ ആസക്തിയോ പ്രലോഭനമോ സൂക്ഷ്മലോക മമതകൾക്കും കാരണ ലോകാനുഭൂതികൾക്കുമുള്ള ഇച്ഛയുടെ ശക്തിയെക്കാൾ കൂടുതൽ പ്രബലമാണ്. ‘ ‘സൂക്ഷ്മലോകവാഞ്ഛകൾ സ്പന്ദനം ആധാരമാക്കിയ ആസ്വാദനത്തെ ആശ്രയിക്കുന്നു. സൂക്ഷ്മലോകവാസികൾ ഗോളങ്ങളുടെ സ്വർഗീയസംഗീതം ആസ്വദിക്കുന്നു; മുഴുവൻ സൃഷ്ടിയും, വ്യത്യസ്തത കൈക്കൊള്ളുന്ന പ്രകാശത്തിന്റെ അക്ഷയമായ ആവിഷ്കാരങ്ങളാണെന്ന കണ്ടറിവിൽ ആനന്ദനിർവൃതികൊള്ളുന്നു. സൂക്ഷ്മലോകവാസികൾ പ്രകാശത്തെ മണക്കുകയും രുചിക്കുകയും സ്പർശിക്കുകയുംചെയ്യുന്നു. അങ്ങനെ സൂക്ഷ്മലോക മോഹങ്ങളെല്ലാം വസ്തുക്കളെയും അനുഭവങ്ങളെയും പ്രകാശത്തിന്റെ രൂപങ്ങളോ ഘനീഭവിച്ച ചിന്തകളോ സ്വപ്നങ്ങളോ ആയി ആവിർഭവിപ്പിക്കുന്നതിനുള്ള സൂക്ഷ്മലോകവാസിയുടെ ശേഷിയുമായി ബന്ധപ്പെട്ടിരിക്കുന്നു. ‘ ‘കാരണലോകത്തെ അഭിലാഷങ്ങൾ ജ്ഞാനാനുഭവത്താൽ മാത്രം നിറവേറ്റപ്പെടുന്നു. ഏറെയും മുക്തരായി കാരണശരീരത്താൽ മാത്രം ആവൃതരായ ദേഹികൾ പ്രപഞ്ചത്തെ മുഴുവനും ഈശ്വരന്റെ സ്വപ്നസങ്കല്പങ്ങളുടെ സാക്ഷാത്കാരങ്ങളായി കാണുന്നു; അവർക്ക് എന്തും ഏതും വിചാരംകൊണ്ട് ആവിർഭവിപ്പിക്കാം. അതുകൊണ്ട് ഭൗതിക അനുഭൂതികളോ സൂക്ഷ്മലോകസുഖങ്ങളോ ഒക്കെ വെറും പരുക്കനും ആത്മാവിന്റെ ലോലമായ സംവേദനശക്തികൾക്ക് അസുഖകരവുമായി കാരണലോകവാസികൾ കരുതുന്നു. കാരണശരീരികൾ തങ്ങളുടെ അഭിലാഷങ്ങൾ ക്ഷണത്തിൽ അനുഭവവേദ്യമാക്കി അവയിൽനിന്നു മോചിതരാകുന്നു.10 കാരണശരീരം എന്ന നേരിയ ആവരണംമാത്രംകൊണ്ട് ആവൃതരാണ് തങ്ങളെന്നു മനസ്സിലാക്കുന്നവർക്ക് സ്രഷ്ടാവു ചെയ്യുന്നതുപോലെ പ്രപഞ്ചങ്ങളെ ആവിർഭവിപ്പിക്കാൻ കഴിയും. സമസ്തസൃഷ്ടിയും പ്രപഞ്ചസ്വപ്നതന്തുക്കളാൽ നിർമിതമായതി നാൽ, കാരണശരീരംകൊണ്ട് ലോലമായിമാത്രം ആവരണംചെയ്ത ആത്മാവിന് വിശാലമായ സാക്ഷാത്കാരശേഷിയുണ്ട്. ‘ ‘ആത്മാവ് പ്രകൃത്യാ അദൃശ്യമായതിനാൽ അതിന്റെ ശരീര ത്തിന്റെയോ ശരീരങ്ങളുടെയോ സാന്നിധ്യംകൊണ്ടു മാത്രമേ അതിനെ തിരിച്ചറിയാൻ സാധിക്കൂ. ഒരു ശരീരത്തിന്റെ സാന്നിധ്യം മാത്രം പോലും, അതിന്റെ നിലനില്പു സാധ്യമാക്കുന്നത് പൂർത്തീകരിക്കപ്പെടാത്ത ആഗ്രഹങ്ങളാണെന്ന് സ്പഷ്ടീകരിക്കുന്നു.11 ‘ ‘ഒരു മനുഷ്യന്റെ ആത്മാവ് ഒന്നോ രണ്ടോ മൂന്നോ ശരീര പാത്രങ്ങളുടെ ഉള്ളിലായി അജ്ഞതയും ആഗ്രഹങ്ങളുമാകുന്ന അടപ്പുകളിട്ട് ഭദ്രമായ നിലയിൽ അടയ'ക്കപ്പെട്ടിരിക്കുന്നിടത്തോളം കാലം, അവന് പരമാത്മസാഗരവുമായി വിലയിക്കാൻ ആവില്ല. സ'ഥൂലശരീരപഞ്ജരത്തെ മരണത്തിന്റെ കൂടം തച്ചുടച്ചു കഴിഞ്ഞാൽ സൂക്ഷ്മകാരണ ശരീരങ്ങളെന്ന മറ്റുരണ്ട് ആവരണങ്ങൾ ആത്മാവിനെ 'സർവ്യാപിയായ ജീവനു'മായി ബോധപൂർവം ഒപ്പിക്കുന്നതിൽ നിന്ന് ഇനിയും തടയാൻ ബാക്കിനിൽക്കുന്നു. ജ്ഞാനത്തിലൂടെ ഇച്ഛാരാഹിത്യം നേടുമ്പോൾ അതിന്റെ ശക്തി ബാക്കിയുള്ള രണ്ടു ശരീരാവരണങ്ങളെയും ശിഥിലമാക്കുന്നു. മനുഷ്യന്റെ സൂക്ഷ്മമായ ആത്മാവ് ഒടുവിൽ സ്വതന്ത്രമായി പുറത്തുവരുന്നു; അമേയമായ ബ്രഹ്മത്തിൽ ഒന്നാകുന്നു.’ ’ ഉൽകൃഷ്ടവും നിഗൂഢവുമായ കാരണലോകത്തെപ്പറ്റി കൂടുതൽ വിശദീകരിക്കാൻ ഞാൻ എന്റെ ദിവ്യനായ ഗുരുവിനോട് അപേക്ഷിച്ചു. ‘ ‘കാരണലോകം അവാച്യമായരീതിയിൽ അനിർവചനീയമാണ്,’ ’ അദ്ദേഹം പറഞ്ഞു. ‘ ‘അത് മനസ്സിലാക്കുന്നതിന് ഒരുവന് മഹത്തായ ഏകാഗ്രതാശക്തി ഉണ്ടായിരിക്കണം. സൂക്ഷ്മപ്രപഞ്ചത്തെയും സ'ഥൂലപ്രപഞ്ചത്തെയും അവയുടെ മുഴുവൻ വിപുലതയിൽ-അതായത് പ്രകാശമാനമായ ആ ബലൂണും അതിനു കീഴിൽ ഖരമായ കുട്ടയുമായി-ആശയങ്ങളായി മാത്രം നിലനിൽക്കുന്നുവെന്ന് കണ്ണടച്ചുമനോദർശനം ചെയ്യാൻ കഴിയത്തക്കവണ്ണമുള്ള ഏകാഗ്രതാശക്തിയാണ് ആവശ്യം. ഈ രണ്ടു പ്രപഞ്ചങ്ങളെയും അവയുടെ എല്ലാ സങ്കീർണതകളോടുംകൂടി വെറും ആശയങ്ങളായി പരിവർത്തനം ചെയ്യുകയോ ഉറപ്പുവരുത്തുകയോ ചെയ്യുന്നതിൽ ഈ അതിമാനുഷികമായ ഏകാഗ്രതകൊണ്ട് ഒരാൾ വിജയിച്ചാൽ അയാൾ കാരണലോകത്ത് എത്തുകയും മനസ്സും ജഡവസ്തുവും ഒന്നായിത്തീരുന്ന അതിർത്തിരേഖയിൽ നിൽക്കുകയും ചെയ്യും. ഒരു മനുഷ്യൻ തന്റെ കണ്ണുകൾ അടച്ചിരിക്കുമ്പോൾ അയാളുടെ ശരീരം കാഴ്ചയിൽപെടാത്ത ഒരു ആശയമായി മാത്രം വർത്തിക്കുന്നു. എങ്കിലും, താൻ നിലനിൽക്കുന്നുവെന്ന് അയാൾ മനസ്സിലാക്കുന്നതു പോലെ, ആ അതിർത്തിരേഖയിൽ ഖരം, ദ്രാവകം, വാതകം, വൈദ്യുതി, ഊർജം, ജീവജാലങ്ങൾ, ദേവതകൾ, മനുഷ്യർ, മൃഗങ്ങൾ, സസ്യങ്ങൾ, സൂക്ഷ്മാണുക്കൾ തുടങ്ങി സൃഷ്ടിയിലെ എല്ലാംതന്നെ ബോധത്തിന്റെ വിവിധരൂപങ്ങളായി അയാൾ ദർശിക്കുന്നു. ‘ ‘ഒരു മനുഷ്യന് ഭാവനയിൽ ചെയ്യാനാവുന്നതെല്ലാം ഒരു കാരണശരീരിക്ക് യഥാർഥത്തിൽചെയ്യാം. അതിവിശിഷ്ടമായ ഭാവനാ വിലാസമുള്ള മനുഷ്യന്റെബുദ്ധിശക്തിക്ക്, ചിന്തയുടെ ഒരു സീമയിൽനിന്ന് മറ്റൊന്നിലേക്ക് വ്യാപരിക്കാനോ മാനസികമായി ഒരു ഗ്രഹത്തിൽനിന്ന് മറ്റൊരു ഗ്രഹത്തിലേക്ക് കുതിക്കാനോ നിത്യതയുടെ ഗർത്തത്തിന്റെ അടിത്തട്ടിലേക്ക് വഴുതിവീഴാനോ നക്ഷത്രരാജികൾ അലുക്കിട്ട മേൽക്കട്ടിയിലേക്ക് ഒരഗ്നിബാണം

പോലെ കുതിച്ചുയരാനോ അല്ലെങ്കിൽ ക്ഷീരപഥത്തിലും താരസുന്ദരമായ അനന്തവിസ്തൃതിയിലും ഒരു അന്വേഷണദീപം പോലെ മിന്നിത്തെളിയാനോ മനസ്സുകൊണ്ടു മാത്രം സാധിക്കുന്നു. എന്നാൽ കാരണലോകവാസികൾക്ക് ഇതിൽ എത്രയോ കൂടുതൽ സ്വാതന്ത്ര്യമാണുള്ളത്: സ'ഥൂലമോ സൂക്ഷ്മമോ ആയ തടസങ്ങളോ കർമഫലത്തിന്റെ പരിമിതികളോ കൂടാതെ അവരുടെ വിചാരങ്ങളെ ക്ഷണത്തിൽ ആവിഷ്കരിച്ച് ആവിർഭവിപ്പിക്കാൻ അവർക്കു കഴിയും. ‘ ‘ഭൗതികപ്രപഞ്ചം പ്രാഥമികമായി ഇലക്ട്രോണുകളാൽ നിർമിച്ചിരിക്കുന്നതെന്നും സൂക്ഷ്മപ്രപഞ്ചം മൗലികമായി പ്രാണ രേണുക്കൾ ചേർന്നുണ്ടായതല്ലയെന്നും കാരണശരീരികൾ അറിയുന്നു. യഥാർഥത്തിൽ ഈശ്വരന്റെ ചിന്തയുടെ ലഘുതമമായകണികകൾ കൊണ്ട് സൃഷ്ടിച്ചിരിക്കുന്ന ഇവ രണ്ടിനേയും മായ കൊത്തിനുറുക്കുകയും വേർതിരിക്കുകയും ചെയ്യുന്നു. ആപേക്ഷികതയുടെ നിയമമായ മായ സൃഷ്ടിയെ സ്രഷ്ടാവിൽനിന്ന് മാറ്റിനിർത്താൻ പ്രകടമായും ഇടയ'ക്കു കടന്നുകയറുന്നു. ‘ ‘ ആനന്ദസ്വരൂപമായ പരമാത്മാവിന്റെ വ്യക്തിരൂപംപൂണ്ട ബിന്ദുക്കളായിട്ട് കാരണലോകത്തിലെ ആത്മാക്കൾ അന്യോന്യം മനസ്സിലാക്കുന്നു; അവരുടെ ചിന്താവസ്തുക്കൾ മാത്രമാണ് അവരെ പൊതിഞ്ഞിരിക്കുന്ന പദാർഥം. അവരുടെ ശരീരങ്ങളും ചിന്തകളും തമ്മിലുള്ള വ്യത്യാസം ആശയങ്ങൾ മാത്രമാണെന്ന് അവർ കാണുന്നു. കണ്ണടച്ചിരിക്കുന്ന ഒരാൾക്ക് തീവ്രമായ ഒരു ശുഭ്രപ്രകാശമോ നേരിയ നീലവെളിച്ചമോ ഭാവനയിൽ കാണാവുന്നതുപോലെ, കാരണശരീരികൾക്ക് വിചാരം കൊണ്ടുമാത്രം കാണാനും, കേൾക്കാനും, മണക്കാനും, രുചിക്കാനും, സ്പർശിക്കാനും സാധിക്കുന്നു; പ്രപഞ്ചമനസ്സിന്റെ ശക്തികൊണ്ട് അവർ എന്തും സൃഷ്ടിക്കുകയോ വിലയിപ്പിക്കുകയോ ചെയ്യുന്നു. ‘ ‘കാരണലോകത്തെ മരണവും പുനർജനനവും വിചാരത്തിലാണ് സംഭവിക്കുന്നത്. നിത്യനൂതനമായ ജ്ഞാനത്തിന്റെ അമൃതുമാത്രം അവർ ഭക്ഷിക്കുന്നു. പ്രശാന്തിയുടെ നിർഝരികളിൽനിന്ന് അവർ പാനംചെയ്യുന്നു. അറിവിന്റെ അനന്തമായ മണ്ണിൽ വിഹരിക്കുന്നു, പരമാനന്ദത്തിന്റെ സാഗരാനന്തതയിൽ നീന്തുന്നു. അതാ! പരമാത്മസൃഷ്ടമായ പരകോടി ഗ്രഹങ്ങളും നവംനവമായ ബുദ്ബുദങ്ങളും ജ്ഞാനരൂപമായ നക്ഷത്രങ്ങളും സുവർണധൂമപടലങ്ങളും വർണാഭമായസ്വപ്നങ്ങളും കടന്ന് അവരുടെ തിളങ്ങുന്ന വിചാരദേഹങ്ങൾ അനന്തതയുടെ ആകാശസമാനമായ വിരിമാറിൽ മിന്നൽവേഗത്തിൽ മുരണ്ടുനീങ്ങുന്നു. ‘ ‘ കാരണലോകത്തിൽ നിരവധി ദേഹികൾ ആയിരക്കണക്കിനു വർഷങ്ങളോളം കഴിയുന്നു. അഗാധതരമായ ആനന്ദനിർവൃതിയാൽ മോചിതമായ ആത്മാവ് തുടർന്ന് സങ്കുചിതമായ കാരണശരീരം വെടിഞ്ഞ് കാരണപ്രപഞ്ചത്തിന്റെ വിശാലത കൈക്കൊള്ളുന്നു. ആശയങ്ങളുടെ വിഭിന്നങ്ങളായ നീർച്ചുഴികളും, ശക്തി, പ്രേമം, ഇച്ഛ, സന്തോഷം, സമാധാനം, അന്തർജ്ഞാനം, സ'ഥൈര്യം, ആത്മസംയമനം, ഏകാഗ്രത എന്നിവയുടെ ഓരോരോ തിരകളും നിത്യാനന്ദസാഗരത്തിൽ അലിഞ്ഞു ചേരുന്നു. ബോധത്തിന്റെ 'വ്യക്തിഗതമായ ഒരു അല' എന്ന നിലയിൽ ആനന്ദം ഇനി ഈ ആത്മാവിന് അനുഭവിക്കേണ്ടതായില്ല. അത് ഏകമായ ബ്രഹ്മാണ്ഡവാരിധിയിൽ അതിന്റെ നിത്യമായ ചിരിയുടെയും പുളകങ്ങളുടെയും കമ്പനങ്ങളുടെയും ഓളങ്ങളിൽ വിലയിക്കുന്നു. ‘ ‘ഒരു ആത്മാവ് ഈ മൂന്നു ശരീരങ്ങളാകുന്ന കൂടുകളിൽ നിന്നു പുറത്തുവന്നാൽ അത് ആപേക്ഷികതയുടെ നിയമത്തിൽ നിന്ന് എന്നന്നേക്കുമായി മോചനംപ്രാപിക്കുകയും അനിർവചനീയവും സാർവകാലികവുമായ സദ്വസ്തു ആകുകയും ചെയ്യുന്നു.12 നക്ഷത്രങ്ങളും ചന്ദ്രന്മാരും സൂര്യന്മാരും ആലേഖനം ചെയ്ത ചിറകുകളോടു കൂടിയ ‘ ‘ സർവവ്യാപിത്വ’ ’ മെന്ന ചിത്രശലഭത്തെ ദർശിക്കൂ! പരമാത്മാവായി വികാസംപ്രാപിച്ച ഒരു ദേഹി വെളിച്ചമില്ലാത്ത വെളിച്ചത്തിന്റെ, ഇരുളില്ലാത്ത ഇരുട്ടിന്റെ, ചിന്തയില്ലാത്ത ചിന്തയുടെ മേഖലയിൽ ജഗദീശ്വരന്റെ പ്രപഞ്ചസൃഷ്ടി എന്ന സ്വപ്നത്തിൽ പരമാനന്ദനിർവൃതിയുടെ ലഹരിയിൽ ഏകാന്തമായി വസിക്കുന്നു.' ‘ ‘ഒരു മുക്തനായ ആത്മാവ്!’ ’ ഭക്ത്യാദരങ്ങളോടെ ഞാൻ പെട്ടെന്നുകൂട്ടിച്ചേർത്തു. ‘ ‘ഒരാത്മാവ് ശാരീരികമായ മിഥ്യാബോധത്തിന്റെ മൂന്നു ഭരണി കളിൽനിന്ന് ആത്യന്തികമായി വിമോചിതമാകുമ്പോൾ, അത് വ്യക്തിത്വം നഷ്ടപ്പെടാതെ തന്നെ ഈശ്വരനുമായി ഒന്നായിത്തീരുന്നു,’ ’ ഗുരുദേവൻ തുടർന്നു. ‘ ‘യേശുവായി ജനിക്കുന്നതിനു മുമ്പുതന്നെ ക്രിസ്തുദേവൻ ഈ ആത്യന്തികമോചനം നേടിയിരുന്നു. ആത്മാവിൽ ഉയിർത്തെഴുന്നേല്ക്കാനുള്ള പൂർണശേഷി പൂർവജന്മങ്ങളിലെ മൂന്നുഘട്ടങ്ങളിൽ അദ്ദേഹം നേടിയിരുന്നു. തന്റെ ഭൂതലജീവിതത്തിലെ മരണത്തിന്റെയും ഉയിർത്തെഴുനേല്പിന്റെയും മൂന്നുദിവസത്തെ അനുഭവം മുജ്ജന്മത്തിലെ ആ മൂന്നുഘട്ടങ്ങളുടെയും പ്രതീകമാണ്.’ ’ ‘ ‘ വികാസം പ്രാപിച്ചിട്ടില്ലാത്ത ഒരു ദേഹിക്ക് തന്റെ മൂന്നു ശരീരങ്ങളിൽനിന്നും പുറത്തുകടക്കാൻ എണ്ണമറ്റസ'ഥൂല-സൂക്ഷ്മ-കാരണ-ജന്മങ്ങൾ എടുക്കേണ്ടിവരുന്നു. ഈ ആത്യന്തികമോചനം നേടുന്ന ഒരു ആചാര്യൻ, മറ്റു മനുഷ്യരെ ഈശ്വരനിലേക്ക് മടക്കിക്കൊണ്ടുപോകുവാൻവേണ്ടി ഒരു അവതാരമായി ഭൂമിയിലേക്കു മടങ്ങിവരാൻ ഒരുങ്ങിയേക്കാം. അല്ലെങ്കിൽ, എന്നെപ്പോലെ, ഒരു സൂക്ഷ്മപ്രപഞ്ചത്തിൽ വസിക്കാൻ തീരുമാനിക്കാം. ഒരു രക്ഷകൻ അവിടുത്തെ ദേഹികളുടെ13 കർമഭാരത്തിന്റെ ഒരംശം സ്വയം ഏറ്റെടുത്ത് സൂക്ഷ്മലോകത്തിലെ തങ്ങളുടെ ജനനമരണചക്രത്തെ അവസാനിപ്പിക്കാനും കാരണലോകത്തിലേക്കു ശാശ്വതമായി പോകാനും സഹായിക്കുന്നു. അതല്ലെങ്കിൽ, ഒരു മുക്താത്മാവ് കാരണലോകത്തു പ്രവേശിച്ചേക്കാം. അവിടത്തെ നിവാസികളെ അവരുടെ കാരണശരീരവാസകാലത്തിന്റെ ദൈർഘ്യം കുറയ'ക്കുന്നതിനും അങ്ങനെ കൈവല്യം

നേടുന്നതിനും അദ്ദേഹം സഹായിക്കുന്നു.’ ’ ‘ ‘ഉയിർത്തെഴുന്നേറ്റ ഗുരുദേവാ, ദേഹികളെ ഈ മൂന്നു ലോകങ്ങളിലേക്കു തിരിച്ചു പോകാൻ നിർബന്ധിതരാക്കുന്ന കർമത്തെപ്പറ്റി കൂടുതലറിയാൻ എനിക്കാഗ്രഹമുണ്ട്.’ ’ എന്റെ സർവജ്ഞനായ ഗുരുദേവന്റെ വാക്കുകൾ എത്രനേരം വേണമെങ്കിലും കേട്ടുകൊണ്ടിരിക്കാമെന്ന് എനിക്കുതോന്നി. അദ്ദേഹത്തിന്റെ ഭൂലോകവാസകാലത്ത് അദ്ദേഹത്തിൽനിന്ന് ഇത്രയധികം വിജ്ഞാനം ഒരു നേരത്ത് എനിക്കു സ്വാംശീകരിക്കാൻ ഒരിക്കലും കഴിഞ്ഞിരുന്നില്ല. ജനിമൃതികളുടെ ചതുരംഗപ്പലകയിലെ ദുർഗ്രാഹ്യമായ ഇടക്കളങ്ങളിലേക്ക് വ്യക്തവും നിശ്ചിതവുമായ ഒരു ഉൾക്കാഴ്ച ഇപ്പോൾ ആദ്യമായി എനിക്ക് കിട്ടുകയായിരുന്നു. ‘ ‘സൂക്ഷ്മലോകങ്ങളിലെ തുടർന്നുള്ള താമസം സാധിതമാകുന്നതിനു മുമ്പായി മനുഷ്യന്റെ ഭൗതികകർമങ്ങൾ അഥവാ ആഗ്രഹങ്ങൾ പൂർണമായും പ്രവർത്തിപ്പിച്ചു തീർത്തിരിക്കണം,’ ’ തന്റെ രോമാഞ്ചകാരിയായ ശബ്ദത്തിൽ എന്റെ ഗുരുദേവൻ വിശദീകരിച്ചു. ‘ ‘സൂക്ഷ്മഗോളങ്ങളിൽ രണ്ടുതരത്തിലുള്ള ആത്മാക്കൾ പാർക്കുന്നു. ഭൂതലകർമങ്ങൾ പ്രവർത്തിപ്പിച്ചു തീർക്കാൻ ബാക്കിയുള്ളതുകൊണ്ട്, കാർമികമായ കടം വീട്ടാനായി ഇനിയും ഒരു സ'ഥൂലഭൗതിക ദേഹത്തിൽ പുനർവാസം അനുഷ്ഠിക്കേണ്ടവർ സ'ഥിരവാസികളല്ല. ഭൗതികമരണാനന്തരം സൂക്ഷ്മലോകം താല്ക്കാലികമായി സന്ദർശിക്കുന്നവരെന്ന് അക്കൂട്ടരെ തരംതിരിക്കാം. ‘ ‘ഭൂമിയിലെ കർമങ്ങളിൽനിന്ന് വിടുതൽ കിട്ടാത്തവർക്ക് സൂക്ഷ്മലോകമൃതിക്കു ശേഷം പ്രപഞ്ച ആശയങ്ങളുടെ ഉന്നതമായ കാരണലോകത്തു പോകാൻ അനുവാദമില്ല, പകരം, പതിനാറു സ'ഥൂലതന്മാത്രകളുള്ള സ'ഥൂലശരീരത്തിന്റെയും പത്തൊമ്പത് സൂക്ഷ്മതന്മാത്രകളുള്ള സൂക്ഷ്മശരീരത്തിന്റെയും യഥാക്രമമായ ബോധത്തോടുകൂടി സ'ഥൂല-സൂക്ഷ്മ ലോകങ്ങളിൽ അവർക്ക് വന്നും പോയുമിരിക്കാതെ നിവൃത്തിയില്ല. എന്നിരുന്നാലും ഭൗതികശരീരത്തിന്റെ ഓരോ പ്രാവശ്യത്തെയും നഷ്ടത്തിനുശേഷം, ഭൂമിയിൽനിന്നുവരുന്ന, ആത്മീയവികാസം പ്രാപിച്ചിട്ടില്ലാത്ത ഒരു ജീവൻ മരണനിദ്രയുടെ അഗാധമായമയക്കത്തിൽ അധികസമയവും കഴിയുന്നു. സുന്ദരമായ സൂക്ഷ്മലോകം അവർ തീരെ അറിയുന്നില്ല. അങ്ങനെയുള്ള ഒരാൾ സൂക്ഷ്മലോകത്തെ വിശ്രമത്തിനുശേഷം തുടർന്നുള്ള പാഠങ്ങൾക്കായി സ'ഥൂലതലത്തിലേക്കു തിരിച്ചുവരുന്നു. ഇപ്രകാരം വീണ്ടും വീണ്ടുമുള്ള യാത്രകൾകൊണ്ട് വിശിഷ്ടമായ പ്രകൃതിയുള്ള സൂക്ഷ്മലോകങ്ങളുമായി ക്രമേണ പരിചയപ്പെടുന്നു. ‘ ‘നേരെമറിച്ച് ഭൗതിക കാമനകളിൽനിന്ന് എന്നന്നേക്കുമായി സ്വതന്ത്രരായി ഭൂമിയിലെ സ'ഥൂലസ്പന്ദനങ്ങളിലേക്ക് തിരിച്ചുപോകേണ്ടതില്ലാത്തവരാണ് സൂക്ഷ്മലോകത്തിലെ സാധാരണനിവാസികൾ അഥവാ അവിടെ ദീർഘകാല താമസക്കാർ. അവർക്ക് സൂക്ഷ്മ-കാരണ കർമങ്ങൾ മാത്രമേ പ്രവർത്തിപ്പിച്ചുതീർക്കാനുള്ളൂ. സൂക്ഷ്മലോകമൃത്യുവിൽ ഇവർ ഏറെ ശുദ്ധവും മനോജ്ഞവുമായ കാരണലോകത്തേക്കു കടക്കുന്നു. ആത്മീയപുരോഗതി നേടിക്കഴിഞ്ഞ ഈ ദേഹികൾ പ്രപഞ്ചനിയമം അനുശാസിക്കുന്ന ഒരു കാലാവധിയുടെ അവസാനം തങ്ങളുടെ ബാക്കിനിൽക്കുന്ന കർമങ്ങൾ പ്രവർത്തിച്ചുതീർക്കാനായി ഒരു പുതിയ സൂക്ഷ്മശരീരം സ്വീകരിച്ച് ഹിരണ്യലോകത്തോ അതുപോലുള്ള ഉന്നതമായ ഒരുസൂക്ഷ്മഗ്രഹത്തിലോ പുനർജനിക്കുന്നു. ‘ ‘എന്റെ മകനേ, കാരണലോകത്തുനിന്ന് സൂക്ഷ്മലോകത്ത് പുനർജനിക്കുന്ന ആത്മാക്കളുടെ-ഭൗമതലത്തിൽനിന്നുവരുന്ന സൂക്ഷ്മലോകദേഹികളുടെയല്ല-പ്രത്യേകരക്ഷകനായിട്ടാണ് ഈശ്വരാജ്ഞയാൽ ഞാൻ പുനർജനിച്ചിരിക്കുന്നതെന്ന് നിനക്കിപ്പോൾ പൂർണമായി മനസ്സിലാക്കാൻകഴിയും. ഭൂമിയിൽനിന്നു വരുന്നവർ കർമവാസനകളുടെ അംശങ്ങൾ വച്ചുപുലർത്തുന്നുവെങ്കിൽ ഹിരണ്യലോകംപോലുള്ള അത്യുന്നത സൂക്ഷ്മഗ്രഹംവരെ ഉയരുന്നില്ല. ‘ ‘ലോകത്തിലെ മിക്ക ആളുകളും ധ്യാനലഭ്യമായ ഉൾക്കാഴ്ചയാൽ സൂക്ഷ്മലോകത്തിന്റെ ഉൽകൃഷ്ടമായ ആനന്ദവും നന്മകളും വിവേചിച്ചറിയാൻ പഠിച്ചിട്ടില്ലാത്തതുകൊണ്ട്, മരണശേഷം ഭൂമിയിലെ പരിമിതവും മികവെത്താത്തതുമായ ഭൗതികസുഖങ്ങളിലേക്കുതന്നെ മടങ്ങിവരാൻ ആഗ്രഹിക്കുന്നതുപോലെ, നിരവധി സൂക്ഷ്മലോകവാസികൾ സൂക്ഷ്മശരീരം സാധാരണഗതിയിൽ ശിഥിലമാകുമ്പോൾ കാരണലോകത്തിലെ ഉന്നതമായ ആത്മീയാനന്ദത്തിന്റെ അവസ'ഥ മനസ്സിലാക്കുന്നതിൽ പരാജയപ്പെടുകയും കുറേക്കൂടി സ'ഥൂലവും പകിട്ടാർന്നതുമായ സൂക്ഷ്മലോകസന്തുഷ്ടിയുടെ ചിന്തകളിൽമുഴുകി സൂക്ഷ്മലോകസ്വർഗം വീണ്ടും സന്ദർശിക്കാൻ കൊതിക്കുകയുംചെയ്യുന്നു. സ്രഷ്ടാവുമായി എത്രയോ ലോലമായിമാത്രം വേർതിരിച്ചിട്ടുള്ള കാരണ-ചിന്താലോകത്തിൽ മരണശേഷം ഒരു നിരന്തരവാസം നേടുന്നതിനുമുമ്പായി അവർ സ്വന്തം ഭാരിച്ച സൂക്ഷ്മലോകകർമത്തിൽനിന്ന് നിവൃത്തരാകണം. ‘ ‘ഒരുദേഹിക്ക്, നയനാനന്ദകരമായ സൂക്ഷ്മലോകാനുഭൂതികളിൽ ഇനിമേൽ ആഗ്രഹങ്ങളൊന്നുമില്ലാതാകുകയും അവിടേക്ക് തിരിച്ചുപോകാൻ പ്രലോഭിതനാകാതിരിക്കുകയും ചെയ്യുമ്പോൾ മാത്രമേ ആ ദേഹി കാരണലോകത്തു തങ്ങുന്നുള്ളൂ. മുഴുവൻ കാരണകർമങ്ങളിൽ അഥവാ പൂർവവാസനാബീജങ്ങളിൽനിന്നും മോചിതനാകുന്നതിനുള്ള യത്നം അവിടെ പൂർത്തിയാക്കിക്കൊണ്ട്, തടവിലാക്കപ്പെട്ട ആത്മാവ് അജ്ഞാനത്തിന്റെ മൂന്ന് അടപ്പുകളിൽ അവസാനത്തേതിനെ തള്ളിത്തുറന്ന്, ഒടുവിലത്തെ ഭരണിയായ കാരണശരീരത്തിൽനിന്ന് പുറത്തുവന്ന് നിത്യതയുമായി ഒന്നുചേരുന്നു. ‘ ‘ഇപ്പോൾനിനക്കു മനസ്സിലായോ?’ ’ ഗുരുദേവൻ

ഹൃദയാവർജകമായി ചിരിച്ചു. ‘ ‘ഉവ്വ്, അങ്ങയുടെ കൃപയാൽ. സന്തോഷവും കൃതജ്ഞതയും കൊണ്ട് ഞാൻ മൂകനാണ്.’ ’ പാട്ടിലോ കഥയിലോ നിന്ന് ഇത്ര ആത്മപ്രചോദകമായ അറിവ് എനിക്ക് മുമ്പൊരിക്കലും ലഭിച്ചിട്ടില്ല. കാരണം, സൂക്ഷ്മലോകങ്ങളെയും മനുഷ്യന്റെ മൂന്നുശരീരങ്ങളെയുംപറ്റി ഹിന്ദു വേദശാസ്ത്രങ്ങൾ പരാമർശിക്കുന്നുണ്ടെങ്കിലും, എന്റെ ഉയിർത്തെഴുന്നേറ്റ ഗുരുദേവന്റെ ജീവസ്സുറ്റ ആധികാരികതയുമായി തുലനംചെയ്യുമ്പോൾ അവ എത്ര വിദൂരവും അർഥശൂന്യവുമാണ്! ‘ ‘എത്തിച്ചേർന്നശേഷം യാത്രികൻ തിരിച്ചുവരാത്ത,’ ’ ഒരു അപരിചിതലോകം പോലും അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം വാസ്തവത്തിൽ ഇല്ലായിരുന്നു.14എന്റെ മഹാനായ ഗുരുദേവൻ തുടർന്നു. ‘ ‘മനുഷ്യന്റെ മൂന്നു ശരീരങ്ങളുടെ പരസ്പരവ്യാപനം അവന്റെ ത്രിഗുണാത്മകമായ പ്രകൃതത്തിൽ പലരീതിയിൽ പ്രകടമാകുന്നു. ഭൂമിയിലെ ജാഗ്രദവസ'ഥയിൽ ഒരു മനുഷ്യൻ അവന്റെ മൂന്നു ശരീരങ്ങളെപ്പറ്റിയും ഏറെക്കുറെ ബോധവാനാണ്. രുചിക്കുക, മണക്കുക, കേൾക്കുക, കാണുക, സ്പർശിക്കുക എന്നീ ഇന്ദ്രിയാനുഭൂതികളിൽ മുഴുകുമ്പോൾ അവൻ പ്രധാനമായും തന്റെ സ'ഥൂലശരീരത്തിലൂടെ പ്രവർത്തിക്കുന്നു. മനസ്സിലോ ഭാവനയിലോ ദർശിക്കുമ്പോഴും ഇച്ഛാശക്തി ഉപയോഗിക്കുമ്പോഴും അവൻ മുഖ്യമായും തന്റെ സൂക്ഷ്മശരീരത്തിലൂടെ പ്രവർത്തിക്കുന്നു. മനുഷ്യൻ ചിന്തിക്കുകയോ അഗാധമായ ആത്മപരിശോധനയിലേക്ക് അല്ലെങ്കിൽ ധ്യാനത്തിലേക്ക് കടക്കുകയോ ചെയ്യുമ്പോൾ അവന്റെ കാരണസത്ത വ്യക്തീഭവിക്കുന്നു. പ്രതിഭയുടെ വിശ്വവിശാലമായ ചിന്തകൾ, തന്റെ കാരണശരീരവുമായി പതിവായി സമ്പർക്കത്തിലേർപ്പെടുന്ന മനുഷ്യനിൽ വന്നെത്തുന്നു. ഈ അർഥത്തിൽ ഒരു വ്യക്തിയെ 'ലൗകിക'നെന്നോ 'ഊർജസ്വല'നെന്നോ 'ബുദ്ധിജീവി'യെന്നോ പൊതുവെ തരംതിരിക്കാം. ‘ ‘ഒരു മനുഷ്യൻ ദിവസേന ഏതാണ്ടു പതിനാറുമണിക്കൂർ നേരം തന്റെ ഭൗതികവാഹനമായ സ'ഥൂലശരീരവുമായി താദാത്മ്യത്തിലാണ്. അതിനുശേഷം അവൻ ഉറങ്ങുന്നു; സ്വപ്നം കാണുകയാണെങ്കിൽ, സൂക്ഷ്മശരീരികൾചെയ്യുന്നതുപോലെ ഏതു വസ്തുവും അനായാസമായി സൃഷ്ടിച്ചുകൊണ്ട് തന്റെ സൂക്ഷ്മശരീരത്തിൽ സ'ഥിതിചെയ്യുന്നു. ഉറക്കം ഗാഢവും സ്വപ്നരഹിതവുമാണെങ്കിൽ, അനേകം മണിക്കൂർ നേരത്തേക്ക് തന്റെ ബോധത്തെ അഥവാ ഞാനെന്ന ഭാവത്തെ കാരണശരീരത്തിലേക്കു മാറ്റാൻ അവനു കഴിയും, അത്തരംനിദ്ര ഉന്മേഷദായകമാണ്. ഒരു സ്വപ്നാടകൻ തന്റെ സൂക്ഷ്മശരീരത്തെയാണ്, അല്ലാതെ കാരണശരീരത്തെയല്ല പ്രാപിക്കുന്നത്; അവന്റെ ഉറക്കം പരിപൂർണമായും ഉന്മേഷദായകമല്ല’ ’ തന്റെ വിസ്മയകരമായ വിശദീകരണം നൽകിക്കൊണ്ടിരുന്നപ്പോൾ ശ്രീ യുക്തേശ്വരനെ ഞാൻ സ്നേഹപൂർവം വീക്ഷിക്കുകയായിരുന്നു. ‘ ‘ദൈവദൂതനായ ഗുരോ, അങ്ങയുടെ ശരീരത്തിൽ പുരി ആശ്രമത്തിൽവച്ച് അന്നു ഞാൻ അവസാനമായി കണ്ണീർവീഴ്ത്തിയപ്പോൾ എങ്ങനെയിരുന്നുവോ അതിൽനിന്ന് യാതൊരു വ്യത്യാസവുമില്ലാത്തതായി അതു കാണപ്പെടുന്നുവല്ലോ.’ ’ ‘ ‘അതേ, ശരിയാണ്, എന്റെ പുതിയശരീരം പഴയതിന്റെ ഒരു തനിപ്പകർന്നാണ്. ഭൂമിയിലായിരുന്നപ്പോഴെക്കാളും കൂടുതലായി ഇപ്പോൾ ഞാൻ ഈ ശരീരത്തെ ഇച്ഛാനുസരണം ഏതുസമയത്തും പ്രത്യക്ഷീകരിക്കുകയും, അപ്രത്യക്ഷീകരിക്കുകയും ചെയ്യുന്നു. ശരീരത്തെ നൊടിയിടയിൽ അപ്രത്യക്ഷീകരിച്ച് ഞാൻ ഇപ്പോൾ ഗ്രഹങ്ങളിൽനിന്ന് ഗ്രഹങ്ങളിലേക്കോ, യഥാർഥത്തിൽ സൂക്ഷ്മലോകത്തുനിന്നു കാരണലോകത്തേക്കോ അല്ലെങ്കിൽ ഭൂലോകത്തേക്കോ പ്രകാശത്തിന്റെ അതിശീഘ്രവാഹനത്തിൽ തൽക്ഷണംസഞ്ചരിക്കുന്നു;’ ’ എന്റെ ദിവ്യഗുരു മന്ദഹസിച്ചു. ‘ ‘ഈയിടെ നീ വളരെ വേഗത്തിൽ യാത്രചെയ്യുന്നെങ്കിലും ബോംബെയിൽ നിന്നെ കണ്ടെത്തുന്നതിന് എനിക്ക് ഒരുപ്രയാസവുമുണ്ടായില്ല!’ ’ ‘ ‘ഗുരുദേവാ, അങ്ങയുടെ ദേഹവിയോഗത്തിൽ ഞാൻ അത്യധികം ദു:ഖിക്കുകയായിരുന്നു!’ ’ ‘ ‘ആ, ഞാൻ എവിടെ മരിച്ചു? അതിൽ എന്തോ ഒരു വൈരുധ്യം ഇല്ലേ?’ ’ ശ്രീ യുക്തേശ്വരന്റെ കണ്ണുകൾ സ്നേഹവും തമാശയുംകൊണ്ട് തിളങ്ങുകയായിരുന്നു. അദ്ദേഹം തുടർന്നു. ‘ ‘ഭൂമിയിൽ നീ സ്വപ്നം കാണുകമാത്രമായിരുന്നു; ആ ഭൂമിയിൽ നീ എന്റെ സ്വപ്നദേഹമാണുകണ്ടത്. പിന്നീടു നീ ആ സ്വപ്നപ്രതീകത്തെ മറവുചെയ്തു. നീ ഈക്കാണുന്നതും ഇപ്പോഴും ഏതാണ്ടു മുറുകെ ആലിംഗനംചെയ്യുന്നതുമായ എന്റെ ഈ സൂക്ഷ്മതരമായ മാംസശരീരം ഈശ്വരന്റെ മറ്റൊരു ഉൽകൃഷ്ടമായ സ്വപ്നലോകത്തിൽ ഉയിർത്തെഴു ന്നേറ്റിരിക്കുകയാണ്. ഒരിക്കൽ ആ സൂക്ഷ്മതരമായ സ്വപ്നശരീരവും സ്വപ്നലോകവും അപ്രത്യക്ഷമാകും; അവയും എക്കാലത്തേക്കുമുള്ളതല്ല. കിനാവിലെ കുമിളകളെല്ലാം ആത്യന്തികമായ ഉണർവിന്റെ സ്പർശത്തിൽ ഒടുക്കം പൊട്ടിയേ മതിയാവൂ. മകനേ യോഗാനന്ദാ, സ്വപ്നങ്ങളും യാഥാർഥ്യവും തമ്മിൽ തിരിച്ചറിയൂ!’ ’ വേദാന്തപരമായ15 ഉയിർത്തെഴുന്നേല്പിന്റെ ഈ ആശയം എന്നെ വിസ്മയിപ്പിച്ചു. അദ്ദേഹത്തിന്റെ ജീവനറ്റശരീരം പുരിയിൽ കണ്ടപ്പോൾ ഗുരുദേവനോട് എനിക്കു സഹതാപം തോന്നിയതിൽ ഞാൻ ലജ്ജിച്ചു. എന്റെ ഗുരുദേവൻ ജഗദീശ്വരനിൽ എപ്പോഴും പൂർണമായി ഉണർന്നിരിക്കുകയായിരുന്നുവെന്ന് ഞാൻ അവസാനം മനസ്സിലാക്കി. തന്റെ ഐഹികജീവിതവും, ദേഹവിയോഗവും, ഇപ്പോഴത്തെ ഉയിർത്തെഴുന്നേല്പും പ്രപഞ്ചസ്വപ്നത്തിലെ ദൈവിക ആശയങ്ങളുടെ ആപേക്ഷികതകളിൽ കൂടുതലായി ഒന്നുമല്ലായെന്ന് അദ്ദേഹം കണ്ടിരുന്നുവെന്നും ഞാൻ ആത്യന്തികമായി അറിഞ്ഞു. ‘ ‘യോഗാനന്ദാ, എന്റെ ജീവിത, മരണ, ഉത്ഥാനങ്ങളുടെ സത്യം ഞാൻ ഇപ്പോൾ നിന്നോടു പറഞ്ഞുകഴിഞ്ഞിരിക്കുന്നു. എന്നെപ്പറ്റി വിഷമിക്കരുത്; ഈശ്വരന്റെ സ്വപ്നമായ മനുഷ്യരുടെ ഭൂമിയിൽനിന്ന് ഈശ്വരന്റെ മറ്റൊരു സ്വപ്നമായ

സൂക്ഷ്മശരീരധാരികളുടെ ലോകത്തേക്കുള്ള എന്റെ ഉയിർത്തെഴുന്നേല്പിന്റെ കഥ എമ്പാടും ഉൽഘോഷിക്കൂ! ദുരിതവിഭ്രാന്തരായ, മരണംഭയക്കുന്ന ഭൂലോകസ്വപ്നാടകരുടെ ഹൃദയങ്ങളിൽ പുതിയ പ്രതീക്ഷ ഉണരും.' ' ' 'ആകട്ടെ, ഗുരുദേവാ!' ' അദ്ദേഹത്തിന്റെ ഉയിർത്തെഴുന്നേല്പിൽ എനിക്കുള്ള ആനന്ദാതിരേകം എത്ര താല്പര്യത്തോടെ ഞാൻ മറ്റുള്ളവരുമായി പങ്കിടും! ' 'ഭൂമിയിൽ എന്റെ മാനദണ്ഡങ്ങൾ മിക്കമനുഷ്യർക്കും യോജിക്കാത്തവണ്ണം അസുഖകരമായരീതിയിൽ ഉയർന്നതായിരുന്നു. പലപ്പോഴും നിന്നെ ഞാൻ ആവശ്യത്തിലധികം ശാസിച്ചു. നീ എന്റെ പരീക്ഷയിൽ വിജയിച്ചു; എല്ലാ ശകാരമേഘങ്ങൾക്കിടയിലൂടെയും നിന്റെ സ്നേഹം പ്രകാശിച്ചു.' ' വാത്സല്യത്തോടെ അദ്ദേഹം കൂട്ടിച്ചേർത്തു, ' 'ഞാൻ ഇന്നു വന്നത് ഇതു പറയാനും കൂടിയാണ്: ശകാരത്തിന്റെ കർക്കശമായനോട്ടം എന്റെ കണ്ണുകളിൽ ഇനിമേൽ ഉണ്ടാവുകയില്ല. ഞാൻ ഇനി നിന്നെ ഒരിക്കലും ശാസിക്കുകയില്ല.' ' എന്റെ ഗുരുദേവന്റെ ശകാരങ്ങൾ കിട്ടാത്തതിന്റെ നഷ്ടബോധമായിരുന്നു എനിക്ക്. അവ ഓരോന്നും എന്റെ സുരക്ഷയുടെ ഓരോ കാവൽ മാലാഖയായിരുന്നു. ' 'പ്രിയപ്പെട്ട ഗുരുദേവാ, എന്നെ ഒരായിരംതവണ ശകാരിക്കൂ-ഇപ്പോൾ തന്നെ എന്നെ വഴക്കുപറയൂ!' ' ' 'ഞാൻ നിന്നെ ഇനി ശാസിക്കുകയില്ല. ' ' അദ്ദേഹത്തിന്റെ ദിവ്യശബ്ദം ഗംഭീരമായിരുന്നുവെങ്കിലും അതിൽ ചിരിയുടെ ഒരു അന്തർധാരയുണ്ടായിരുന്നു. ' 'ഈശ്വരന്റെ മായാസ്വപ്നത്തിൽ നമ്മുടെ രണ്ടു രൂപങ്ങളും വ്യത്യസ്തമായി പ്രത്യക്ഷപ്പെടുന്നിടത്തോളം കാലം, നീയും ഞാനും ഒന്നുചേർന്നു മന്ദഹസിക്കും. ഒടുവിൽ നാം ഒന്നായി ജഗന്നിയന്താവിൽ ലയിക്കും; നമ്മുടെ മന്ദഹാസം ഈശ്വരന്റെ മന്ദഹാസമാകും. ഒന്നായിത്തീർന്ന, നിത്യതയിലാകെ പ്രതിധ്വനിക്കുന്ന നമ്മുടെ ആനന്ദഗാനം ഈശ്വരനുമായി താദാത്മ്യം പ്രാപിച്ച ആത്മാക്കളുടെയിടയിൽ സംപ്രേഷപണം ചെയ്യപ്പെടും.' ' ഇവിടെ വെളിപ്പെടുത്താനാവാത്ത ചിലകാര്യങ്ങൾ ശ്രീ യുക്തേശ്വരൻ എനിക്കു വെളിവാക്കിത്തന്നു. എന്നോടൊപ്പം ബോംബെയിലെ ആ ഹോട്ടൽമുറിയിൽ ചെലവഴിച്ച രണ്ടു മണിക്കൂറിനുള്ളിൽ അദ്ദേഹം എന്റെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകി. 1936 ജൂണിലെ ആ ദിവസം അദ്ദേഹം നടത്തിയ അനേകം ആഗോളപ്രവചനങ്ങളിൽപലതും ഇതിനകം സംഭവിച്ചുകഴിഞ്ഞു. ' 'ഞാൻ നിന്നെ ഇപ്പോൾപിരിയുന്നു, പ്രിയപ്പെട്ടവനെ.' ' ഈ വാക്കുകൾപറഞ്ഞപ്പോൾ എന്റെ കരവലയത്തിനുള്ളിൽ ഗുരുദേവൻ അലിഞ്ഞ് ഇല്ലാതാകുന്നതായിഎനിക്കുതോന്നി. ' 'എന്റെ കുഞ്ഞേ,' ' എന്റെ ആത്മാവിന്റെ അന്തരാളങ്ങളിൽ പ്രതിധ്വനിച്ചുകൊണ്ട് അദ്ദേഹത്തിന്റെശബ്ദം മുഴങ്ങി; ' 'നിർവികല്പ സമാധിയിൽ പ്രവേശിച്ച് നീ എന്നെ എപ്പോൾ വിളിച്ചാലും ഇന്നത്തെപ്പോലെ രക്തമാംസങ്ങളുടെ ശരീരത്തിൽ ഞാൻ നിന്റെയടുത്തെത്തും.' ' ഈ സ്വർഗീയവാഗ്ദാനത്തോടെ ശ്രീ യുക്തേശ്വരൻ എന്റെ ദൃഷ്ടിയിൽനിന്നുമറഞ്ഞു. ഒരു മേഘനിനാദം സംഗീതാത്മകമായ നിർഘോഷത്തിൽ ആവർത്തിച്ചു: ' 'എല്ലാവരോടും പറയൂ! ഈ ലോകം ഈശ്വരന്റെ ഒരു സ്വപ്നമാണെന്ന് നിർവികല്പസാക്ഷാത്കാരത്തിൽ ആരൊക്കെയറിയുന്നുവോ, അവർക്ക് സൂക്ഷ്മതരസ്വപ്നസൃഷ്ടിഗോളമായ ഹിരണ്യലോകത്ത് എത്താൻ കഴിയും. ഭൂമിയിലേതിനു തുല്യമായ ഒരു ശരീരത്തിൽ ഞാൻ ഉയിർത്തെഴുന്നേറ്റതായി അവിടെകാണാം. ഏവരോടും പറയൂ യോഗാനന്ദാ!' ' വേർപാടിന്റെവേദന പോയ്മറഞ്ഞു. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ ദീർഘമായി എന്റെ മന:സമാധാനം നഷ്ടപ്പെടുത്തിക്കൊണ്ടിരുന്ന ദീനതയും ദു:ഖവും നാണിച്ചോടിയകന്നു. പുതുതായി തുറന്ന അനന്തമായ ആത്മരന്ധ്റങ്ങളിലൂടെ പരമാനന്ദം ഒരു നിർഝരിപോലെ പ്രവഹിച്ചു. ദീർഘകാലം ഉപയോഗശൂന്യമായി അടഞ്ഞുപോയ അവ പരമാനന്ദാതിരേകത്തിന്റെ ശക്തമായ തിരതള്ളലിൽ പരിശുദ്ധിയുടെ വിശാലത കൈക്കൊണ്ടു. എന്റെ പൂർവജന്മങ്ങൾ എന്റെ അന്തർനേത്രത്തിൽ ചലച്ചിത്രത്തിന്റെ അനുസ്യൂതിയോടെ പ്രത്യക്ഷപ്പെട്ടു. ഗുരുദേവന്റെ ദിവ്യദർശനം എനിക്കു ചുറ്റും ചൊരിഞ്ഞ പരമാത്മപ്രകാശത്തിൽ എന്റെ കഴിഞ്ഞകാലത്തെ സൽക്കർമ- ദുഷ്കർമങ്ങൾ വിലയിച്ചു.എന്റെ ആത്മകഥയുടെ ഈ അധ്യായത്തിൽ ഈ സദ് വാർത്ത പ്രചരിപ്പിച്ചുകൊണ്ട് എന്റെ ഗുരുദേവന്റെ ആജ്ഞ ഞാൻ നിറവേറ്റിക്കഴിഞ്ഞു. ജിജ്ഞാസുക്കളല്ലാത്ത ഒരു തലമുറയെ ഇത് ഒരിക്കൽകൂടി കുഴക്കിയേക്കാം. നീചവൃത്തികളിൽ നിമഗ്നനാകാൻ മനുഷ്യന് നല്ലവണ്ണം അറിയാം; നിരാശ അവന് അപരിചിതമല്ല. ഇവ മനുഷ്യന്റെ വികൃതികളാണ്; അല്ലാതെ അവന്റെ യഥാർഥ ഭാഗധേയമല്ല. അവൻ ഇച്ഛിക്കുന്ന അന്ന്, അവന് വിമോചനത്തിന്റെ പാതയിൽ മുന്നേറാൻകഴിയും. ' 'നീ മണ്ണാണ്' ' എന്നുപദേശിക്കുന്നവരുടെ വിഷണ്ണമായ നിരാശാവാദം അവൻ, അജയ്യമായ ആത്മാവിനെ മറന്ന് എത്രയോ കാലമായി കേൾക്കുന്നു!ഉയിർത്തെഴുന്നേറ്റ ഗുരുദേവനെകാണാനുള്ള യോഗം ലഭിച്ചത് എനിക്കുമാത്രമായിരുന്നില്ല.ശ്രീ യുക്തേശ്വരന്റെ ശിഷ്യരിൽ ഒരാൾ, പ്രായമായ ഒരു സ്ത്രീയായിരുന്നു. എല്ലാവരും സ്നേഹപൂർവം 'മാ' എന്നു വിളിച്ചിരുന്ന അവരുടെ വീട് പുരി ആശ്രമത്തിന് സമീപമായിരുന്നു. രാവിലത്തെ നടത്തയുടെ സമയം ഗുരുദേവൻ അവരുമായി കുശലംപറയുവാനായി പലപ്പോഴും നില്ക്കുമായിരുന്നു. 1936 മാർച്ചുമാസം 16-ാം തീയതി വൈകുന്നേരം മാ ആശ്രമത്തിലെത്തി ഗുരുദേവനെ കാണണമെന്ന് പറഞ്ഞു. ' 'എന്ത്? ഗുരുദേവൻ ഒരാഴ്ച മുമ്പ് സമാധിയായല്ലോ!' ' പുരി ആശ്രമത്തിന്റെ അപ്പോഴത്തെ മേധാവി സ്വാമി സേവാനന്ദൻ ദു:ഖത്തോടെ അവരെ നോക്കി. ' 'അത് അങ്ങനെ വരില്ല!' ' അവർ പുഞ്ചിരിയോടെ പ്രതിഷേധിച്ചു. ' 'അല്ല,' ' സേവാനന്ദൻ ശവസംസ്ക്കാരത്തിന്റെ

വിശദവിവരങ്ങൾ പറഞ്ഞു. ‘ ‘വരൂ, ഞാൻ മുൻവശത്തെ പൂന്തോട്ടത്തിലുള്ള അദ്ദേഹത്തിന്റെ സമാധിസ'ഥലത്തേക്ക് മായെ കൊണ്ടുപോകാം.’ ’ നിഷേധാർഥത്തിൽ മാ തലകുലുക്കി. ‘ ‘ അദ്ദേഹത്തിനു മരണമില്ല! തന്റെ പതിവുനടത്തത്തിനിടയ'ക്ക് അദ്ദേഹം ഇന്നു രാവിലെ പത്തുമണിക്ക് എന്റെ പടിവാതിൽ കടന്നുപോയി! പകൽ വെളിച്ചത്തിൽ തെളിഞ്ഞ വാതിൽപ്പുറത്തുവച്ച് ഞാൻ അദ്ദേഹത്തോട് കുറെസമയം സംസാരിക്കുകയും ചെയ്തു. ‘ ‘ ‘ഇന്നു വൈകുന്നേരം ആശ്രമത്തിൽ വരൂ' അദ്ദേഹം എന്നോടു പറഞ്ഞു. ‘ ‘ഞാൻ ഇതാ എത്തിയിരിക്കുന്നു! ഈ വൃദ്ധശിരസ്സിൽ അനുഗ്രഹാശിസ്സുകൾ ചൊരിയപ്പെടുന്നു. താൻ ഭൂതാതീതമായ ഏതു ശരീരത്തിലാണ് ഇന്നുരാവിലെ എന്നെ സന്ദർശിച്ചതെന്ന് ഞാൻ മനസ്സിലാക്കണമെന്ന് അനശ്വരനായ ഗുരുദേവൻ ആഗ്രഹിച്ചു!’ ’ അത്ഭുതസ്തബ്ധനായ സേവാനന്ദൻ അവരുടെ മുന്നിൽ നമസ്ക്കരിച്ചു.അദ്ദേഹം പറഞ്ഞു, ‘ ‘മാ, എന്തൊരു ദു:ഖഭാരമാണ് എന്റെ ഹൃദയത്തിൽനിന്ന് അവിടുന്നു നീക്കിയത്! അദ്ദേഹം ഉയിർത്തെഴുന്നേറ്റിരിക്കുന്നു!’ ’ [image file=image_rsrc4J8.jpg] 1 സവികല്പസമാധിയിൽ പരമാത്മാവുമായുള്ള തന്റെ ഐക്യം നേടിക്കഴിഞ്ഞെങ്കിലും നിശ്ചലമായ സമാധി അവസ'ഥയിലല്ലാതെ ആ വിശ്വബോധത്തെ നിലനിർത്തുവാൻ സാധകനു കഴിയുകയില്ല. ലോകത്തിൽ സ്വതന്ത്രമായി സഞ്ചരിക്കുമ്പോഴും ഈശ്വരാനുഭൂതി നഷ്ടമാകാതെ ഏറ്റവും ഉൽകൃഷ്ടമായ അവസ'ഥയായ നിർവികല്പസമാധിയിൽ നിരന്തരധ്യാനത്താൽ അദ്ദേഹം എത്തിച്ചേരുന്നു.നിർവികല്പസമാധിയിൽ ആ യോഗി, തന്റെ ഭൗതിക, അഥവാ ഭൗമ കർമങ്ങളുടെ അവസാനത്തെ അല്പാവശിഷ്ടങ്ങളും വിലയിപ്പിക്കുന്നു. എങ്കിലും ചില സൂക്ഷ്മ-കാരണ കർമങ്ങൾ തീർക്കാനായി ബാക്കിയുണ്ടായേക്കാമെന്നതിനാൽ ഉയർന്ന സ്പന്ദനങ്ങളുടെ ലോകങ്ങളിൽ സൂക്ഷ്മശരീരവും അതിനുശേഷം കാരണശരീരവും ആ യോഗി സ്വീകരിക്കുന്നു.2 സൂക്ഷ്മലോകങ്ങളുടെ സൗന്ദര്യം ആസ്വദിക്കുന്ന മിക്കവരും, ആയാസമേറിയ ആത്മീയാനുഷ്ഠാനങ്ങളുടെ ഒരു ആവശ്യകതയും കാണുന്നില്ല.3 ശ്രീ യുക്തേശ്വരൻ 'പ്രാണ' എന്ന വാക്കാണ് ഉപയോഗിച്ചത്. ഞാൻ അത് 'ജീവരേണുക്കൾ' എന്നു പരിഭാഷപ്പെടുത്തി. ഹൈന്ദവശാസ്ത്രഗ്രന്ഥങ്ങൾ അണുക്കളെയും പരമാണുക്കളെയുംപറ്റി മാത്രമല്ല, സൃഷ്ടിയുടെ സൂക്ഷ്മതമ ഊർജങ്ങളായ ‘ ‘പ്രാണ’ ’ നെയും പരാമർശിക്കുന്നു. അണുക്കളും ഇലക്ട്രോണുകളും അന്ധമായ ശക്തികളാണ്; പ്രാണൻ സ്വന്തം നിലയിൽ പ്രാജ്ഞമാണ്. ഉദാഹരണമായി ബീജ-അണ്ഡങ്ങളിലെ പ്രാണശക്തി ഭ്രൂണത്തിന്റെ വികാസത്തിന്, കർമഗതിയനുസരിച്ച് മാർഗദർശകമാകുന്നു.4 ഏകാഗ്രതയുടെ മനോബാണത്താൽ വിമുക്തമാകുന്ന ബീജാക്ഷരങ്ങളാണ് മന്ത്രം ദേവാസുരന്മാർ തമ്മിലുള്ള മന്ത്രയുദ്ധങ്ങൾ പുരാണങ്ങളിൽ വിവരിക്കുന്നുണ്ട്. ഒരിക്കൽ ഒരു അസുരൻ ഒരു ദേവനെ ഒരു മന്ത്രത്താൽ വധിക്കാൻശ്രമിച്ചു. പക്ഷേ, ഉച്ചാരണത്തെറ്റു മൂലം ആ മനോബോംബ് തിരിച്ചടിക്കുകയും അസുരൻ വധിക്കപ്പെടുകയും ചെയ്തു.5 ആ മാതിരി കഴിവുകൾ ഭൂമിയിലും അപൂർവമല്ലായെന്നതിന് ഹെലൻ കെല്ലറും അവരെപ്പോലുള്ള ചില അസാധാരണ മനുഷ്യരും ഉദാഹരണമാണ്.6 ഭൂമിയിൽ, നിഷ്കളങ്കരായ കുഞ്ഞുങ്ങൾക്ക് ചില അവസരങ്ങളിൽ ദേവതകളുടെ മനോജ്ഞമായ സൂക്ഷ്മദേഹങ്ങൾ കാണാൻകഴിയും. സകല ശാസ്ത്രഗ്രന്ഥങ്ങളും വിലക്കിയിട്ടുള്ള മയക്കുമരുന്നുകളും ലഹരിപാനീയങ്ങളും ഉപയോഗിച്ച് മനുഷ്യർ സൂക്ഷ്മലോക നരകങ്ങളിലെ ഭയാനകരൂപങ്ങളെ ദർശിക്കത്തക്കവണ്ണം അവരുടെ ബോധത്തെ താറുമാറാക്കിയെന്നുവരാം.7 മനുഷ്യൻ എല്ലാവരെയും ഒരേപോലെ എന്തുകൊണ്ട് സ്നേഹിക്കണമെന്ന് ഒരിക്കൽ ശ്രീബുദ്ധനോട് ചോദിക്കുകയുണ്ടായി. ആ മഹാനായഗുരു ഉത്തരം പറഞ്ഞു, ‘ ‘കാരണം, നിരവധിയും വിവിധവുമായ ജന്മങ്ങളിൽ, മറ്റ് ഓരോ ജീവിയും ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ അവനു പ്രിയങ്കരമായിരുന്നിട്ടുണ്ട്.8 പരമാണുമുതൽ മനുഷ്യൻവരെയുള്ള എല്ലാ സൃഷ്ടികളിലും അടങ്ങിയിരിക്കുന്ന എട്ടു മൗലിക പ്രകൃതികൾ ഭൂമി, ജലം, അഗ്നി, വായു, ആകാശം, മനസ്സ്, ബുദ്ധി, അഹങ്കാരം എന്നിവയാണ്. (ഭഗവദ്ഗീത VII:4 നോക്കുക)9 ശരീരം എന്നാൽ ആത്മാവിന്റെ ആവരണമെന്നർഥം; അത് സ'ഥൂലമോ സൂക്ഷ്മമോ ആകാം. മൂന്നു ശരീരങ്ങളും ‘ ‘സ്വർഗപക്ഷി’ ’ യുടെ പഞ്ജരങ്ങൾ ആണ്.10 34-ാം അധ്യായത്തിൽ വിവരിച്ചിരുക്കുന്നതുപോലെ കഴിഞ്ഞ ഏതോ ജന്മത്തിൽ ലാഹിരി മഹാശയന്റെ ഉപബോധമനസ്സിൽ, ഒരു കൊട്ടാരത്തിനു വേണ്ടിയുണ്ടായിരുന്ന ആഗ്രഹം ദുരീകരിക്കാൻ ബാബാജി സഹായിച്ചു.11 ‘ ‘അവൻ അവരോടു പറഞ്ഞു: ശവം എവിടെയോ അവിടെ കഴുകന്മാർ ഒത്തു കൂടും’ ’ ലൂക്കോസ് 17:37 (ബൈബിൾ).സ'ഥൂലശരീരത്തിലോ, സൂക്ഷ്മകാരണ ശരീരങ്ങളിലോ ആത്മാവ് ആവരണം ചെയ്യപ്പെട്ടിരിക്കുന്നിടത്തോളം കാലം മാനുഷികമായ ഇന്ദ്രിയ ദൗർബല്യങ്ങളിലോ സൂക്ഷ്മ-കാരണമമതകളിലോ ഇരതേടുന്ന, ആഗ്രഹങ്ങളുടെ കഴുകന്മാരും ആത്മാവിനെ തടവുകാരനാക്കാൻ വന്നുചേരും.12 ‘ ‘ജേതാവിനെ എന്റെ ദൈവത്തിന്റെ ആലയത്തിൽ ഞാൻ ഒരു സ്തംഭമാക്കും. അയാൾ ഒരിക്കലും പുറത്തുപോകയില്ല (അതായത്, പുനർജനിക്കുകയില്ല)... ‘ ‘ജേതാവായ ഞാൻ എന്റെ പിതാവിനോടൊപ്പം അവന്റെ സിംഹാസനത്തിൽ ഉപവിഷ്ടനായതുപോലെ, വിജയിയാകുന്നവനെ എന്നോടൊപ്പം എന്റെ സിംഹാസനത്തിൽ ഇരിക്കാൻ ഞാൻ അനുവദിക്കും’ ’ – വെളിപാട് 3:12, 21 (ബൈബിൾ).13 തന്റെ ഭൂലോകവാസത്തിനിടക്ക് താൻ ചില ശിഷ്യരുടെ രോഗത്തിന്റെ ഭാരം ഏറ്റെടുത്ത് അവരുടെ കർമത്തെ പലപ്പോഴും ലഘൂകരിച്ചിരുന്നതുപോലെ, ഹിരണ്യലോകവാസികളുടെ ചില

സൂക്ഷ്മകർമങ്ങൾ ഏറ്റുവാങ്ങുവാനും അങ്ങനെ, ഉത്കൃഷ്ടതരമായ കാരണലോകത്തേക്കുള്ള അവരുടെ പരിണാമഗതി ത്വരിതപ്പെടുത്തുവാനും, സൂക്ഷ്മലോകത്തെ ‘ ‘രക്ഷകൻ’ ’ എന്ന തന്റെ ദൗത്യം അദ്ദേഹത്തിന് അവസരം നൽകുന്നുവെന്ന് ശ്രീ യുക്തേശ്വരൻ ചൂണ്ടിക്കാട്ടുകയായിരുന്നു.14 ഹാംലെറ്റ് (ആക്റ്റ് III സീൻ 1).15 ജനിമൃതികൾ ചിന്തയിലെ ആപേക്ഷികതകൾ എന്ന നിലയിൽ മാത്രം. ഈശ്വരൻ മാത്രമാണ് ഏക യാഥാർഥ്യമെന്ന് വേദാന്തം ചൂണ്ടിക്കാട്ടുന്നു; സമസ്തസൃഷ്ടി അഥവാ വ്യതിരിക്തമായ അസ്തിത്വം, മായ അഥവാ ഭ്രമം ആണ്. അദ്വൈതത്തിന്റെ ഈ ദർശനത്തിന് ശ്രീശങ്കരന്റെ ഉപനിഷദ്ഭാഷ്യങ്ങളിൽ ഏറ്റവും മഹനീയമായ ആവിഷ്കാരം ലഭിച്ചു.അധ്യായം 44മഹാത്മാഗാന്ധിയോടൊപ്പം വർധായിൽ ‘ ‘വർധായിലേക്ക് സ്വാഗതം!’ ’ മഹാത്മാഗാന്ധിയുടെ സെക്രട്ടറി മഹാദേവ ദേസായി മിസ്. ബ്ലെച്ചിനെയും മി. റൈറ്റിനെയും എന്നെയും സ്നേഹനിർഭരമായ ഈ വാക്കുകളോടെ, ഖദർ നൂൽമാല സമ്മാനിച്ചുകൊണ്ട് സ്വീകരിച്ചു. ഓഗസ്റ്റ് മാസത്തിലെ പൊടിയും ചൂടുംനിറഞ്ഞ തീവണ്ടിയിൽ നിന്നു രക്ഷപ്പെട്ടതിന്റെ സന്തോഷത്തോടെ ഞങ്ങളുടെ ചെറിയ സംഘം അതിരാവിലെ വർധാ സ്റ്റേഷനിൽ എത്തിയതേ ഉണ്ടായിരുന്നുള്ളൂ. സാധനസാമഗ്രികൾ ഒരു കാളവണ്ടിയിൽ നിക്ഷേപിച്ചിട്ട്, ശ്രീ ദേസായി, കൂടെയുണ്ടായിരുന്ന ബാബാസാഹെബ് ദേശ്മുഖ്, ഡോ. പിംഗളെ എന്നിവരുമായി ഞങ്ങൾ ഒരു തുറന്ന മോട്ടോർകാറിൽ കയറി. ചെളിനിറഞ്ഞ നാട്ടുവഴികളിലൂടെ ഒരു ചെറിയ യാത്ര ഞങ്ങളെ ഭാരതത്തിന്റെ രാഷ്ട്രീയ താപസന്റെ ആശ്രമമായ ‘ ‘മഗൻവാടി’ ’ യിൽ എത്തിച്ചു.ശ്രീ ദേസായി ഞങ്ങളെ ഉടൻതന്നെ എഴുത്തുമുറിയിലേക്ക് കൊണ്ടുപോയി. അവിടെ ഗാന്ധിജി ചമ്രംപടിഞ്ഞ് ഇരുന്നിരുന്നു. ഒരു കൈയ്യിൽ പേന. മറുകൈയ്യിൽ ഒരു കടലാസുകഷണം. മുഖത്ത് വിശാലമായ മനം കവരുന്ന ഹൃദ്യമായ മന്ദഹാസം! ‘ ‘സ്വാഗതം!’ ’ അദ്ദേഹം ഹിന്ദിയിൽ കുത്തിക്കുറിച്ചു; അന്ന് ഒരു തിങ്കളാഴ്ചയായിരുന്നു. അദ്ദേഹത്തിന്റെ പ്രതിവാര മൗനവ്രതത്തിന്റെ ദിനം.ഇത് ഞങ്ങളുടെ ആദ്യത്തെ കൂടിക്കാഴ്ചയായിരുന്നു. എങ്കിലും ഞങ്ങൾ പരസ്പരം നോക്കി സനേഹപൂർവം ചിരിച്ചു. 1925-ൽ മഹാത്മാഗാന്ധി ഒരു സന്ദർശനംകൊണ്ട് റാഞ്ചിവിദ്യാലയത്തെ ആദരിച്ചു. സ്ക്കൂളിന്റെ അതിഥിപുസ്തകത്തിൽ ഒരു പ്രശംസാവചനം സദയം എഴുതിച്ചേർക്കുകയും ചെയ്തിരുന്നു.നൂറു റാത്തൽ മാത്രം തൂക്കമുണ്ടായിരുന്ന ശുഷ്കഗാത്രനായ ആ പുണ്യാത്മാവ് ശാരീരികവും മാനസികവും ആത്മീയവുമായ ആരോഗ്യം പ്രസരിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ ഇളംതവിട്ടു നിറമുള്ള കണ്ണുകൾ ബുദ്ധിയുടെ സൂക്ഷ്മതയും ആത്മാർഥതയും വിവേകവും കൊണ്ട് തിളങ്ങി; നിയമപരവും സാമൂഹ്യവും രാഷ്ട്രീയവുമായ ഒരായിരം സമരങ്ങളിൽ ഈ രാജ്യതന്ത്രജ്ഞൻ കഴിവിന്റെ മാറ്റുരയ'ക്കുകയും വിജയം കൈവരിക്കുകയും ചെയ്തിട്ടുണ്ട്. ഭാരതത്തിൽ നിരക്ഷരരായ ജനകോടികളുടെ ഹൃദയത്തിൽ ഗാന്ധിജി നേടിയതു പോലുള്ള സ'ഥിരപ്രതിഷ്ഠ ലോകത്തിലെ മറ്റൊരു നേതാവും തന്റെ ജനങ്ങളുടെയിടയിൽ നേടിയിട്ടില്ല. അവരുടെ ആത്മചോദിതമായ ആദരവാണ് അദ്ദേഹത്തിന്റെ പ്രസിദ്ധമായ 'മഹാത്മാ' എന്ന അപരനാമത്തിലുള്ളത്. അവർക്കുവേണ്ടി മാത്രമാണ് ഗാന്ധിജി തന്റെ വേഷം പരക്കെ കാർട്ടൂണുകളിൽ പ്രത്യക്ഷപ്പെടുന്ന തന്റെ അരവസ്ത്രത്തിൽ ഒതുക്കുന്നത്. അതിൽ കൂടുതൽ വസ്ത്രം ധരിക്കാൻ കഴിവില്ലാത്ത ചവിട്ടിമെതിക്കപ്പെട്ട മനുഷ്യസമൂഹവുമായി ഗാന്ധിജിക്കുള്ള ഐക്യബോധത്തിന്റെ പ്രതീകമാണ് ആ അരവസ്ത്രം. ‘ ‘ആശ്രമവാസികളാകെ അങ്ങയ'ക്ക് സേവനം അർപ്പിക്കുവാൻ തയ്യാറാണ്; എന്താവശ്യത്തിനും അവരെ വിളിക്കൂ,’ ’ തനതായ മര്യാദയോടെ ആ മഹാത്മാവ് ധൃതിയിലെഴുതിയ ഈ കുറിപ്പ് എനിക്കു തന്നു. വായനാമുറിയിൽനിന്ന് അതിഥിമന്ദിരത്തിലേക്ക് ഞങ്ങളെ ദേസായി കൂട്ടികൊണ്ടുപോയി.ഞങ്ങളുടെ മാർഗദർശി, ഞങ്ങളെ പുഷ്പ-ഫലത്തോട്ടങ്ങളിലൂടെ, അഴിയിട്ട ജാലകങ്ങളോടുകൂടിയ ഓടിട്ട ഒരു കെട്ടിടത്തിലേക്കു നയിച്ചു. മുറ്റത്ത് ഇരുപത്തിയഞ്ച് അടി വ്യാസത്തിലുള്ള ഒരു കിണർ ആടുമാടുകൾക്ക് വെള്ളം കൊടുക്കാനാണ് ഉപയോഗിക്കുന്നതെന്ന് ശ്രീ ദേസായി പറഞ്ഞു. അടുത്തു തന്നെ കറ്റമെതിക്കുവാനുള്ള കറങ്ങുന്ന സിമന്റ്ചക്രം ഉണ്ടായിരുന്നു. ഞങ്ങളുടെ ഓരോ കിടക്കമുറിയിലും ഏറ്റവും മിതമായ സാധനസാമഗ്രി മാത്രമാണ് ഉണ്ടായിരുന്നത്: കൈകൊണ്ട് കയർ വരിഞ്ഞ ഒരു കട്ടിൽ. വെള്ളയടിച്ച അടുക്കളയുടെ ഒരു കോണിൽ ഒരു ടാപ്പും മറ്റൊരിടത്ത് പാചകത്തിനുള്ള ഒരു അടുപ്പും ഉണ്ടായിരുന്നു. തനി ഗ്രാമീണശബ്ദങ്ങൾ ഞങ്ങളുടെ കാതിൽ വന്നെത്തി-കാക്കയുടെയും കുരുവിയുടെയും കരച്ചിൽ, കന്നുകാലികളുടെ അമറൽ, കല്ലുളിയുടെ തട്ടലും ഉരസലും.മി. റൈറ്റിന്റെ യാത്രാ ഡയറി നിരിക്ഷിച്ച ശ്രീ. ദേസായി, അതു തുറന്ന് ഒരു താളിൽ മഹാത്മജിയുടെ ആത്മാർഥതയുള്ള അനുയായികൾ-സത്യാഗ്രഹികൾ1-എടുത്തിട്ടുള്ള പ്രതിജ്ഞകളുടെ പട്ടിക എഴുതിച്ചേർത്തു: ‘ ‘അഹിംസ; സത്യം; അസ്തേയം; ബ്രഹ്മചര്യം; അപരിഗ്രഹം; ശ്രമദാനം; മിതഭക്ഷണം; നിർഭയത്വം; സർവമതസമാദരണം; സ്വദേശിപ്രസ'ഥാനം; തീണ്ടലില്ലായ്മ. ഇവ പതിനൊന്നും എളിമയോടെ ആചരിക്കേണ്ടതാണ്.’ ’ (അടുത്തദിവസം, ഓഗസ്റ്റ് 27, 1935 എന്ന തീയതിവച്ച്, ഗാന്ധിജി സ്വയം ആ താളിൽ ഒപ്പിട്ടു.)ഞങ്ങൾ എത്തി രണ്ടുമണിക്കൂർ കഴിഞ്ഞപ്പോൾ എന്റെ സഹചാരികളെയും എന്നെയും മധ്യാഹ്നഭോജനത്തിനു ക്ഷണിച്ചു. അദ്ദേഹത്തിന്റെ പഠനമുറിയുടെ അങ്കണത്തിന് എതിരെ ആശ്രമത്തിന്റെ പൂമുഖത്തെ വളഞ്ഞ വാതിലിനുകീഴിൽ മഹാത്മജി വന്ന് ഇരുന്നുകഴിഞ്ഞിരുന്നു. ഇരുപത്തിയഞ്ചോളം നഗ്നപാദസത്യാഗ്രഹികൾ പിത്തളത്താലങ്ങൾക്കും കിണ്ണങ്ങൾക്കും പിന്നിൽ ചമ്രംപടിഞ്ഞ് ഇരുന്നു.

ഒരു സമൂഹപ്രാർഥന; എന്നിട്ട് വലിയ പിത്തളപാത്രങ്ങളിൽ നിന്നു വിളമ്പിയ നെയ്യുരട്ടിയ ചപ്പാത്തി, അരിഞ്ഞു വേവിച്ച പച്ചക്കറികൾ, മധുരം ചേർത്ത ചെറുനാരങ്ങാക്കൂട്ട് എന്നിവ കൊണ്ടുള്ള ഭക്ഷണം.ചപ്പാത്തി, വേവിച്ച കിഴങ്ങുകൾ, വേവിക്കാത്ത കുറച്ചുപച്ചക്കറികൾ, ഓറഞ്ച് എന്നിവ ഗാന്ധിജി കഴിച്ചു. രക്തശുദ്ധിക്കുള്ള ഔഷധം എന്നു പ്രസിദ്ധമായ വേപ്പില അരച്ച ഒരു വലിയ ഉരുള അദ്ദേഹത്തിന്റെ പ്ലേറ്റിന്റെ വശത്തായി ഉണ്ടായിരുന്നു. അതിൽ കുറച്ചുഭാഗം അദ്ദേഹം ഒരു കരണ്ടികൊണ്ടു മാറ്റി എന്റെ പ്ലേറ്റിൽവച്ചു. ദു:സ്വാദുള്ള ഈ മരുന്ന് കുട്ടിക്കാലത്ത് അമ്മ നിർബന്ധിച്ചു വിഴുങ്ങിച്ചിരുന്നത് ഓർമിച്ചുകൊണ്ട് ഞാൻ അത് കുറച്ചു വെള്ളവുമായി ഒറ്റയടിക്ക് അകത്താക്കി. പക്ഷേ, ഗാന്ധിജി അത് അല്പാല്പമായി അരുചിയില്ലാതെ കഴിക്കുകയായിരുന്നു.മനസ്സിനെ ഇന്ദ്രിയങ്ങളിൽനിന്ന് ഇച്ഛാനുസരണം വേർപ്പെടുത്താൻ മഹാത്മജിക്കുണ്ടായിരുന്ന കഴിവ്, ഈ ചെറിയ കാര്യത്തിൽ ഞാൻ ശ്രദ്ധിച്ചു. ഏതാനും വർഷംമുമ്പ് അദ്ദേഹത്തിന് ഏറെ മാധ്യമശ്രദ്ധ പിടിച്ചുപറ്റിയ ഒരു 'അപ്പെൻഡെക്റ്റമി' ശസ്ത്രക്രിയ ചെയ്ത കാര്യം ഞാൻ ഓർമിച്ചു. ബോധംകെടുത്തുന്ന മരുന്നുകൾ നിരസിച്ചുകൊണ്ട് ഓപ്പറേഷൻ തീരുവോളം അദ്ദേഹം ശിഷ്യരുമായി സന്തോഷത്തോടെ സംസാരിച്ചിരുന്നു; ശാന്തമായ പുഞ്ചിരി അദ്ദേഹം വേദന അറിയുന്നില്ലെന്ന് വെളിപ്പെടുത്തുന്നുണ്ടായിരുന്നു.ഒരു ഇംഗ്ലീഷ് അഡ്മിറലിന്റെ മകൾ, മിസ് മാഡലീൻസ്ലെയിഡ് (ഇപ്പോൾ മീരാ ബെഹൻ2 എന്നുവിളിക്കപ്പെടുന്നു) എന്ന ശ്രേഷ്ഠയായ ഗാന്ധിശിഷ്യയുമായി സംസാരിക്കാനുള്ള അവസരം ഉച്ചതിരിഞ്ഞ് എനിക്കു കിട്ടി. തന്റെ ദൈനംദിന പ്രവർത്തനങ്ങളെപ്പറ്റി കുറ്റമറ്റ ഹിന്ദിയിൽ സംസാരിച്ചപ്പോൾ അവരുടെ ശക്തവും ശാന്തവുമായ മുഖം ഉത്സാഹത്താൽ തിളങ്ങി. ‘‘ഗ്രാമീണ പുനർനിർമാണപ്രവർത്തനങ്ങൾ അത്യധികം ആത്മസംതൃപ്തി നൽകുന്നു! ഞങ്ങളുടെ ഒരു സംഘം ദിവസവും രാവിലെ അഞ്ചുമണിക്ക് അടുത്തുള്ള ഗ്രാമീണരുടെ സേവനത്തിനായി പോവുകയും അവരെ ലളിതമായ ശുചിത്വകാര്യങ്ങൾ പഠിപ്പിക്കുകയും ചെയ്യുന്നു. അവരുടെ കക്കൂസുകളും മൺകുടിലുകളും വൃത്തിയാക്കാൻ ഞങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നു. ഗ്രാമീണർ നിരക്ഷരരാണ്; അവരെ മാതൃക കൊണ്ടല്ലാതെ പഠിപ്പിക്കുക സാധ്യമല്ല!’’ അവർ ഉത്സാഹത്തോടെ ചിരിച്ചു.സാധാരണയായി തീണ്ടൽജാതിക്കാർ ചെയ്തിരുന്ന തോട്ടിപ്പണിചെയ്യാൻ യഥാർഥമായ ക്രിസ്തീയ എളിമ പ്രാപ്തയാക്കിയ ഈ ഉന്നതകുലജാതയായ ആംഗലവനിതയെ, ഞാൻ അത്ഭുതാദരങ്ങളോടെയാണു വീക്ഷിച്ചത്.അവർ പറഞ്ഞു, ‘‘ഞാൻ 1925-ൽ ഭാരതത്തിൽ എത്തി. ഈ നാട്ടിൽ ‘എന്റെ വീട്ടിൽ തിരിച്ചെത്തി’ എന്ന അനുഭവമാണ് എനിക്കുള്ളത്. എന്റെ പഴയ ജീവിതരീതിയിലേക്കും താല്പര്യങ്ങളിലേക്കും തിരിച്ചുപോകാൻ ഞാൻ ഇനി ആഗ്രഹിക്കുകയില്ല.’’ അല്പസമയം ഞങ്ങൾ അമേരിക്കയിലെ കാര്യങ്ങൾ ചർച്ചചെയ്തു. ‘‘ഭാരതം സന്ദർശിക്കുന്ന പല അമേരിക്കക്കാരും ആത്മീയകാര്യങ്ങളിൽ പ്രദർശിപ്പിക്കുന്ന അഗാധമായ താല്പര്യം കാണുമ്പോൾ എനിക്ക് എപ്പോഴും സന്തോഷവും അത്ഭുതവും ഉണ്ട്,’’ അവർ പറഞ്ഞു.3മീരാബെഹന്റെ കൈകൾ ഉടൻതന്നെ ചർക്കയിൽ നൂൽനൂൽക്കുന്ന തിരക്കിലായി. മഹാത്മജിയുടെ ശ്രമഫലമായി ഇപ്പോൾ ചർക്കകൾ ഗ്രാമീണഭാരതത്തിൽ എവിടെയും കാണാം.കുടിൽവ്യവസായങ്ങൾ പുനരുദ്ധരിക്കാൻ ശക്തമായ ധനശാസ്ത്രപരവും സാംസ്കാരികവുമായ കാരണങ്ങൾ ഗാന്ധിജിക്ക് ഉണ്ട്. എങ്കിലും ആധുനിക പുരോഗതി അപ്പാടെ അന്ധമായി നിരാകരിക്കാൻ അദ്ദേഹം ഉപദേശിക്കുന്നില്ല. അദ്ദേഹത്തിന്റെ മഹത്തായ ജീവിതത്തിൽ യന്ത്രങ്ങൾ, ട്രെയിനുകൾ, കാറുകൾ, ബസുകൾ, കമ്പിയില്ലാകമ്പി എന്നിവയെല്ലാം സുപ്രധാനമായ ഒരു പങ്ക് വഹിച്ചിരുന്നു. രാഷ്ട്രീയമേഖലയിലെ പ്രായോഗിക സൂക്ഷ്മാംശങ്ങളും പരുക്കൻ യാഥാർഥ്യങ്ങളുമായി നിത്യേന മല്ലിട്ടുകൊണ്ട് ജയിലിന് അകത്തുംപുറത്തുമായി നടത്തിയ അമ്പതുകൊല്ലത്തെ പൊതുജനസേവനം, അദ്ദേഹത്തിന്റെ സമചിത്തത, തുറന്ന മന:സ്ഥിതി, വിവേകബുദ്ധി, മനുഷ്യജീവിതദൃശ്യങ്ങൾ നർമബോധത്തോടെ ആസ്വദിക്കാനുള്ള കഴിവ് എന്നിവയെ വർധിപ്പിക്കുകയേ ചെയ്തിട്ടുള്ളൂ. [image file=image_rsrc4KS.jpg] ഗാന്ധിജിയുടെ വർധാ ആശ്രമംഗാന്ധിജി (വലത്ത്) അല്പം മുമ്പ് എഴുതിയ ഒരു കുറിപ്പ് യോഗാനന്ദജി വായിക്കുന്നു അന്ന് ഒരു തിങ്കളാഴ്ചയായിരുന്നു. മഹാത്മജിയുടെ മൗനാചരണദിവസം. അടുത്ത ദിവസം 1935 ഓഗസ്റ്റ് 27 ന് യോഗാനന്ദജി ഗാന്ധിജിക്ക് ക്രിയായോഗദീക്ഷ നൽകിബാബാസാഹിബ് ദേശ്മുഖിന്റെ അതിഥികളായി ഞങ്ങൾ മൂവരും ആറുമണിക്കുള്ള അത്താഴം കഴിച്ചു. ഏഴുമണിക്കുള്ള പ്രാർഥനാസമയത്ത് മഗൻവാടി ആശ്രമത്തിൽ ഞങ്ങൾ തിരിച്ചെത്തി; മുപ്പതു സത്യാഗ്രഹികൾ അർധവൃത്തത്തിൽ ഗാന്ധിജിക്കു ചുറ്റുമായി മട്ടുപ്പാവിൽ ഇരുന്നിരുന്നു. ഞങ്ങൾ അവിടെ കയറി എത്തി. തന്റെ മുന്നിൽ ഒരു പഴഞ്ചൻ പോക്കറ്റ് വാച്ച് ചരിച്ചു വച്ചുകൊണ്ട് ഗാന്ധിജി ഒരു പുൽപായയിൽ ചമ്രംപടിഞ്ഞ് ഇരുന്നു. മങ്ങുന്ന സൂര്യൻ തെങ്ങുകളിലും അരയാലുകളിലും അന്തി വെളിച്ചം വീശി; നിശയുടെയും ചീവീടുകളുടെയും അവ്യക്തമായ മർമരം തുടങ്ങിക്കഴിഞ്ഞിരുന്നു. അന്തരീക്ഷം പ്രശാന്തി തന്നെയായിരുന്നു; ഞാൻ ഹർഷപുളകിതനായി.ശ്രീ ദേസായി നയിച്ച ഭക്ത്യാദരങ്ങൾ നിറഞ്ഞ ആലാപനത്തിന് സംഘത്തിന്റെ ഏറ്റുപാടൽ; പിന്നീട് ഗീതാപാരായണം. സമാപന പ്രാർഥന നടത്താൻ ഗാന്ധിജി എന്നോട് ആംഗ്യം കാട്ടി. ചിന്തയുടെയും ഉൽക്കർഷേച്ഛയുടെയും എന്തൊരു ദിവ്യമായ സ്വരൈക്യം! ഒരു ശാശ്വതസ്മരണ: സാന്ധ്യതാരങ്ങളുടെ കീഴിൽ വർധാമട്ടുപ്പാവിലെ ധ്യാനം.കൃത്യം എട്ടുമണിക്ക് ഗാന്ധിജി തന്റെ മൗനവ്രതം അവസാനിപ്പിച്ചു. അദ്ദേഹത്തിന്റെ ജീവിതത്തിലെ ഭഗീരഥപ്രയത്നങ്ങൾ തന്റെ

സമയത്തെ വളരെ സൂക്ഷ്മമായി വിഭജിക്കുവാൻ അദ്ദേഹത്തെ നിർബന്ധനാക്കുന്നു.'സ്വാഗതം, സ്വാമിജീ!' ' അദ്ദേഹത്തിന്റെ ഇപ്രാവശ്യത്തെ അഭിവാദനം കടലാസിലൂടെ ആയിരുന്നില്ല. എഴുത്തുമുറിയിലേക്ക് ഞങ്ങൾ മട്ടുപ്പാവിൽനിന്ന് ഇറങ്ങി വന്നതേ ഉണ്ടായിരുന്നുള്ളു; തടുക്കുകൾ (കസേരകളില്ല), പുസ്തകങ്ങളും കടലാസ്സുകളും ഏതാനും സാധാരണ പേനകളും (ഫൗണ്ടൻ പേനകൾ അല്ല) വച്ചിരുന്ന പൊക്കം കുറഞ്ഞ ഒരു ഡെസ്ക് എന്നിവകൊണ്ട് ലളിതമായി അവിടം സജ്ജീകരിച്ചിരുന്നു. ഒരു മൂലയിൽ ഒരു സാധാരണ ക്ലോക്ക് സമയം കാട്ടിയിരുന്നു. സമാധാനത്തിന്റെയും ഭക്തിയുടെയും സർവവ്യാപിയായ ഒരു പരിവേഷം. ഗാന്ധിജി, തന്റെ വശ്യവും, വായ്പൊളിച്ച, തീരെ പല്ലില്ലാത്തതുമായ ഒരു പുഞ്ചിരി പൊഴിക്കുകയായിരുന്നു. ' 'എന്റെ എഴുത്തുകുത്തുകൾക്ക് സമയം കണ്ടെത്താനുള്ള ഒരു ഉപായമായി ഒരു ദിവസത്തെ പ്രതിവാര മൗനവ്രതം ഞാൻ കൊല്ലങ്ങൾക്കുമുമ്പ് ആരംഭിച്ചു. പക്ഷേ ആ ഇരുപത്തിനാലു മണിക്കൂർ ഇപ്പോൾ ജീവപ്രധാനമായ ഒരു ആധ്യാത്മിക ആവശ്യമായിത്തീർന്നിരിക്കുകയാണ്. മുറയ'ക്കുള്ള ക്ലിപ്തസമയത്തെ മൗനാചരണം ഒരു യാതനയല്ല. അനുഗ്രഹമാണ്.' ' അദ്ദേഹം വിശദീകരിച്ചു.ഞാൻ പരിപൂർണമായി യോജിച്ചു.4 അമേരിക്കയെയും യൂറോപ്പിനെയുംപറ്റി മഹാത്മജി എന്നോടുചോദിച്ചു; ഭാരതത്തിലെയും ലോകത്തിന്റെ ഇതരഭാഗങ്ങളിലെയും സ'ഥിതിഗതികൾ ഞങ്ങൾ ചർച്ചചെയ്തു.ശ്രീ ദേസായി മുറിയിൽവന്നപ്പോൾ ഗാന്ധിജി പറഞ്ഞു, ' ' മഹാദേവാ, നാളെ രാത്രി സ്വാമിജിക്ക് യോഗശാസ്ത്രത്തെപ്പറ്റി സംസാരിക്കാൻ ടൗൺ ഹാളിൽ ഏർപ്പാടുചെയ്യൂ.' ' ഞാൻ ഗാന്ധിജിക്ക് ശുഭരാത്രി ആശംസിച്ചപ്പോൾ അദ്ദേഹം കാരുണ്യപൂർവം ഒരു കുപ്പി 'സിറ്റ്റോനെല' എണ്ണ എന്റെ കൈയിൽ തന്നു. ' 'സ്വാമിജീ, വർധായിലെ കൊതുകുകൾക്ക് അഹിംസ5യെപ്പറ്റി ഒരു വസ്തുവും അറിഞ്ഞുകൂടാ!' ' അദ്ദേഹം ചിരിച്ചുകൊണ്ട് പറഞ്ഞു.അടുത്തപ്രഭാതത്തിൽ ഞങ്ങളുടെ ചെറിയ സംഘം ശർക്കരയിട്ട ഗോതമ്പു പാൽകഞ്ഞിയുടെ പ്രാതൽ കാലേകൂട്ടി കഴിച്ചു. പത്തരയ'ക്ക് ആശ്രമത്തിന്റെ പൂമുഖത്ത് ഗാന്ധിജിയോടും സത്യാഗ്രഹികളോടുമൊപ്പം ഉച്ചഭക്ഷണത്തിന് അവർ ഞങ്ങളെ വിളിച്ചു. അന്നത്തെ വിഭവങ്ങളിൽ തവിടുകളയാത്ത അരിയുടെ ചോറും, പുതിയ ഏതാനും പച്ചക്കറികളും, ഏലത്തരിയും ഉൾപ്പെട്ടിരുന്നു.ഉച്ചയ'ക്ക് ആശ്രമപരിസരങ്ങളിൽ ചുറ്റിനടന്ന ഞാൻ ഏതാനും പ്രശാന്തരായ പശുക്കൾ മേഞ്ഞുകൊണ്ടുനിന്ന സ'ഥലത്തും കടന്നുചെന്നു. ഗോസംരക്ഷണം ഗാന്ധിജിക്ക് പ്രിയംകരമായ ഒരു തപസ്യയാണ്. ' 'എനിക്ക് ഗോവ് എന്നുവച്ചാൽ മനുഷ്യനിൽ താഴ്ന്ന എല്ലാ ജീവജാലങ്ങളുമാണ്. അവ മനുഷ്യന്റെ ഭൂതദയയെ അവന്റെ വർഗത്തിനുമപ്പുറം വിപുലമാക്കുന്നു,' ' ഇങ്ങനെ മഹാത്മജി വിശദീകരിക്കുന്നു. ' 'സമസ്തജീവജാലങ്ങളിൽനിന്നും തനിക്കുള്ള അനന്യത പശുവിലൂടെ സാക്ഷാത്കരിക്കാൻ മനുഷ്യൻ ബാധ്യസ'ഥനാണ്. പൗരാണിക ഋഷീശ്വരന്മാർ, ദൈവികത ആരോപിക്കാൻ ഗോവിനെ തിരഞ്ഞെടുത്തത് എന്തുകൊണ്ടാണെന്ന് എന്നെ സംബന്ധിച്ചിടത്തോളം സുവ്യക്തമാണ്. ഭാരതത്തിൽ പശുവായിരുന്നു ഏറ്റവും പറ്റിയ ദൃഷ്ടാന്തം. അവൾ സമൃദ്ധിയുടെ ദാതാവായിരുന്നു. പാൽ തരിക മാത്രമല്ല, അവൾ കൃഷി സാധ്യമാക്കുകയും ചെയ്തു. കരുണയുടെ ഒരു കാവ്യമാണ് പശു; സൗമ്യയായ ആ മൃഗത്തിൽ നാം ദയ കണ്ടെത്തുന്നു. കോടിക്കണക്കിനുള്ള മനുഷ്യരാശിക്ക് അവൾ രണ്ടാമതൊരു മാതാവാണ്. ഗോസംരക്ഷണമെന്നാൽ ഈശ്വരസൃഷ്ടിയിലെ എല്ലാ മൂകജീവികളുടെയും സംരക്ഷണമെന്നാണ് അർഥം. സൃഷ്ടിയിലെ താഴേക്കിടയിലുള്ള ജീവജാലങ്ങളുടെ സഹതാപാഭ്യർഥന അവ മൂകമാണെന്നതിനാൽ എത്രയോ കൂടുതൽ ശക്തമാണ്.' ' 6ഒരു യാഥാസ'ഥിതിക ഹിന്ദു നിത്യേന ആചരിക്കേണ്ടതായി ചില അനുഷ്ഠാനങ്ങൾ ഉണ്ട്. അതിലൊന്നാണ് ഭൂതയജ്ഞം- ജന്തുലോകത്തിന് ആഹാരം നൽകുക. സൃഷ്ടിയിൽ താഴെക്കിടയിലുള്ളവയോടു നിറവേറ്റേണ്ട കടപ്പാടുകളെപ്പറ്റി മനുഷ്യനുള്ള ബോധ്യത്തെയാണ് ഈ ചടങ്ങ് പ്രതീകവത്കരിക്കുന്നത്. ശരീരതാദാത്മ്യത്തിൽ (ഈ മായാമോഹം മനുഷ്യനെയും ബാധിക്കുന്നുണ്ട്) ജന്തുക്കൾ ജന്മവാസനയാൽ ബദ്ധരാണ്. അതേസമയം മനുഷ്യനു മാത്രമുള്ള മോചകമായവിവേകം അവയ'ക്ക് ഇല്ലതാനും.തന്റെ സൽപ്രവർത്തികൾക്ക് അനുരൂപമായി അദൃശ്യരായ ഉയർന്ന ദേഹികളിൽനിന്ന് എണ്ണമറ്റ കാരുണ്യാനുഭവങ്ങളും സന്തുഷ്ടിയും തനിക്കും ലഭിക്കുന്നതുകൊണ്ട് ഭൂതയജ്ഞം ബലഹീനരെ സഹായിക്കാനുള്ള മനുഷ്യന്റെ സന്നദ്ധതയ'ക്ക് കൂടുതൽ ശക്തി നൽകുന്നു. ഭൂമുഖത്തും സമുദ്രത്തിലും ആകാശത്തും സമൃദ്ധമായുള്ള, അവന് പുതുജീവൻ പകരുന്ന, പ്രകൃതിയുടെ വരദാനങ്ങൾക്കും മനുഷ്യരാശി കടപ്പെട്ടിരിക്കുന്നു. പ്രകൃതി, ജന്തുക്കൾ, മനുഷ്യൻ, സൂക്ഷ്മലോകദേവകൾ, എന്നിവയുടെ ഇടയിൽ പരിണാമപരമായുണ്ടായ ആശയവിനിമയക്കുറവിന്റെ തടസ്സത്തെ, അങ്ങനെ നിശ്ശബ്ദമായ പ്രേമത്തിന്റെ സേവനങ്ങൾകൊണ്ട് അതിജീവിക്കാൻ കഴിയും.മറ്റു രണ്ടു നിത്യയജ്ഞങ്ങൾ പിതൃയജ്ഞവും നൃയജ്ഞവും ആണ്. ഇന്ന് മനുഷ്യരാശിയെ പ്രകാശവത്താക്കുന്ന തങ്ങളുടെ അറിവിന്റെയും, വിജ്ഞാനത്തിന്റെയും കലവറ തങ്ങൾക്കു കൈമാറിയ മുൻതലമുറകളോടുള്ള കടപ്പാടിന്റെ അംഗീകാരപ്രതീകമായി പൂർവികർക്കുള്ള നിവേദ്യസമർപ്പണമാണ് പിതൃയജ്ഞം. നൃയജ്ഞമെന്നാൽ അപരിചിതർക്കും നിർധനർക്കും ആഹാരം നൽകുകയാണ്; ഇത് മനുഷ്യന്റെ വർത്തമാനകാല ഉത്തരവാദിത്വങ്ങളുടെയും സമകാലികരോടുള്ള കർത്തവ്യങ്ങളുടെയും ഒരു പ്രതീകമാണ്.സമീപത്ത് കൊച്ചുപെൺകുട്ടികൾക്കുവേണ്ടിയുള്ള ഒരു ഗാന്ധി ആശ്രമം ഉച്ചകഴിഞ്ഞ് സന്ദർശിച്ച് ഞാൻ

നൃയജ്ഞം നടത്തി. പത്തുമിനിട്ടു നേരത്തെ ഒരു കാർസവാരിയിൽ മി. റൈറ്റ് എന്നോടൊപ്പം കൂടി. നിറപ്പകിട്ടാർന്ന സാരികൾചുറ്റിയ പൂത്തണ്ടുകൾപോലുള്ള ഉടലിന്റെ മുകളിൽ പൂപോലുള്ള കൊച്ചുകൊച്ചു മുഖങ്ങൾ! മുറ്റത്തുവച്ച് ഞാൻ ഹിന്ദിയിൽ നടത്തിയ ചെറുപ്രഭാഷണത്തിന്റെ ഒടുവിൽ ആകാശം പെട്ടെന്ന് ഒരു കനത്ത മഴ അഴിച്ചുവിട്ടു. മി.റൈറ്റും ഞാനും ആർത്തുചിരിച്ചുകൊണ്ട് കാറിൽകയറി, ഇരച്ചു പാഞ്ഞെത്തിയ രജതപാളികൾക്കിടയിലൂടെ മഗൻവാടിക്കു പാഞ്ഞു. ഉഷ്ണമേഖലാപ്രദേശങ്ങളിലെ കനത്ത പേമാരിയുടെ കാഠിന്യവും വെള്ളപ്പാച്ചിലും!അതിഥിമന്ദിരത്തിൽ വീണ്ടും പ്രവേശിച്ചപ്പോൾ അവിടെയെങ്ങും നിറഞ്ഞുനിന്ന തികഞ്ഞ ലാളിത്യവും ആത്മപരിത്യാഗത്തിന്റെ സാക്ഷ്യങ്ങളും ഒരിക്കൽകൂടി മനസ്സിൽതട്ടി. വിവാഹജീവിതത്തിന്റെ ആദ്യകാലത്തുതന്നെ 'അപരിഗ്രഹ'ത്തിന്റെ ഗാന്ധിയൻ പ്രതിജ്ഞ അദ്ദേഹത്തിന്റെ ജീവിതത്തിലേക്ക് കടന്നുവന്നിരുന്നു. പ്രതിവർഷം അറുപതിനായിരത്തിലധികം രൂപ വരുമാനമുണ്ടായിരുന്ന തന്റെ വിപുലമായ അഭിഭാഷകവൃത്തി ഉപേക്ഷിച്ചിട്ട് തന്റെ സ്വത്തുമുഴുവനും അദ്ദേഹം പാവങ്ങൾക്ക് വിതരണംചെയ്തു.സാധാരണഗതിയിലുള്ള അപര്യാപ്തമായ ത്യാഗസങ്കല്പത്തെ ശ്രീ യുക്തേശ്വരൻ സൗമ്യമായി പരിഹസിച്ചിരുന്നു. ‘ ‘ഒരു ഭിക്ഷക്കാരന് സ്വത്ത് പരിത്യജിക്കാൻ കഴിയുകയില്ല,’ ’ എന്റെ ഗുരുദേവൻ പറയും. ‘ ‘ ‘എന്റെ ബിസിനസ് പരാജയപ്പെട്ടു; എന്റെ ഭാര്യ എന്നെ ഉപേക്ഷിച്ചിട്ടുപോയി; ഞാൻ എല്ലാം ത്യജിച്ച് ഒരു സന്യാസിമഠത്തിൽ പ്രവേശിക്കും,' എന്ന് ഒരാൾ പരിതപിച്ചാൽ എന്തു ലൗകികപരിത്യാഗത്തെപ്പറ്റിയാണ് അയാൾ പറയുന്നത്? സ്വത്തും മമതയും അയാൾ വെടിഞ്ഞില്ല; അവ അയാളെ വെടിയുകയാണ് ചെയ്തത്!’ ’ നേരെമറിച്ച്, ഗാന്ധിജിയെപ്പോലുള്ള വിശുദ്ധാത്മാക്കളാകട്ടെ, സ്പഷ്ടമായ ഭൗതികപരിത്യാഗങ്ങൾ മാത്രമല്ല ചെയ്തത്. അവർ സ്വാർഥതാല്പര്യത്തിന്റെയും വ്യക്തിപരമായ ലക്ഷ്യത്തിന്റെയും, ഏറെ പ്രയാസമായ ത്യാഗവും അനുഷ്ഠിച്ചു. അങ്ങനെ തങ്ങളുടെ അന്ത:സത്തയെ സമസ്ത മനുഷ്യരാശിയുടെ പ്രവാഹത്തിൽ വിലയിപ്പിച്ചു.അദ്ദേഹത്തിന്റെ സ്വത്തിന്റെ ഒരുഭാഗവും തനിക്കും തങ്ങളുടെ കുട്ടികൾക്കുംവേണ്ടി ഗാന്ധിജി മാറ്റിവയ'ക്കാൻ കൂട്ടാക്കാതിരുന്നേപ്പാൾ, മഹാത്മജിയുടെ ശ്രേഷ്ഠയായ പത്നി കസ്തൂർബായി എതിർത്തില്ല. വളരെ ചെറുപ്പത്തിൽതന്നെ വിവാഹിതരായ ഗാന്ധിജിയും പത്നിയും നാല് ആൺമക്കളുടെ ജനനത്തിനുശേഷം ബ്രഹ്മചര്യവ്രത7ത്തിന്റെ പ്രതിജ്ഞയെടുത്തു. അവരൊരുമിച്ചുള്ള വികാരോൽക്കടമായ ജീവിതനാടകത്തിലെ പ്രശാന്തനായികയായിരുന്നു കസ്തൂർബായി. തന്റെ ഭർത്താവിനെ കാരാഗ്രഹത്തിലേക്ക് അനുഗമിക്കുകയും, അദ്ദേഹത്തിന്റെ മൂന്നാഴ്ചത്തെ നിരാഹാരസമരത്തിൽ പങ്കുകൊള്ളുകയും അദ്ദേഹത്തിന്റെ അവസാനമില്ലാത്ത ഉത്തരവാദിത്വങ്ങളിൽ തന്റെ പങ്ക് പൂർണമായി നിർവഹിക്കുകയും അവർ ചെയ്തു. അവർ ഗാന്ധിജിക്ക് ഭക്ത്യാദരങ്ങൾ ഇങ്ങനെ അർപ്പിച്ചു:അങ്ങയുടെ ജീവിതസഖിയും സഹധർമിണിയും ആയിരിക്കാനുള്ള സൗഭാഗ്യം എനിക്കു തന്നതിൽ അങ്ങയോട് ഞാൻ കടപ്പെട്ടിരിക്കുന്നു. ലൈംഗികബന്ധത്തിൽ അല്ലാതെ ബ്രഹ്മചര്യത്തിൽ അധിഷ്ഠിതമായ, ലോകത്തെ ഏറ്റവും ഉത്തമമായ വിവാഹത്തിന് ഞാൻ അങ്ങയോട് കൃതജ്ഞയാണ്. ഭാരതത്തിനു വേണ്ടി സമർപ്പിച്ച ജീവിതത്തിൽ അങ്ങയ'ക്ക് തുല്യയായി എന്നെ കണക്കാക്കിയതിൽ എനിക്കു നന്ദിയുണ്ട്. ഒരു കൊച്ചുകുട്ടിക്ക് തന്റെ ബാല്യത്തിലെ കളിപ്പാട്ടങ്ങളോട് വേഗത്തിൽ മടുപ്പ് വരുന്നതുപോലെ, തങ്ങളുടെ ഭാര്യമാരേയും കുട്ടികളേയും മടുത്ത്, ചൂതാട്ടങ്ങളിലും, കുതിരപ്പന്തയത്തിലും സ്ത്രീകളിലും മദ്യത്തിലും പാട്ടിലും സമയം ചെലവഴിക്കുന്ന ഭർത്താക്കന്മാരിലൊരാളാകാത്തതിൽ ഞാൻ അങ്ങേക്കു നന്ദിപറയുന്നു. മറ്റുള്ളവരുടെ അധ്വാനം ചൂഷണം ചെയത് സ്വയം ധനികരാകാൻ തങ്ങളുടെ സമയം നീക്കിവയ'ക്കുന്ന ഭർത്താക്കന്മാരിൽ ഒരാളല്ല അങ്ങ് എന്നതിൽ ഞാൻ എത്ര കൃതജ്ഞയാണ്!അങ്ങ് ഈശ്വരനെയും മാതൃഭൂമിയെയും കൈക്കൂലിക്ക് ഉപരിയായിവച്ചതിലും, സ്വന്തം വിശ്വാസപ്രമാണങ്ങളിൽ അടിയുറച്ചുനിന്ന് ഈശ്വരനിൽ പരിപൂർണവും നിർവിവാദവുമായ വിശ്വാസം പുലർത്തിയതിലും ഞാൻ എത്ര ധന്യയാണ്! എന്നെക്കാൾ ഈശ്വരനും മാതൃഭൂമിക്കും മുൻതൂക്കം നൽകിയ ഒരു ഭർത്താവിനെ ലഭിച്ചതിൽ ഞാൻ എത്ര ഭാഗ്യവതിയാണ്! എന്നോടും എന്റെ ചെറുപ്പകാലത്തെ പോരായ്മകളോടും അങ്ങുകാട്ടിയ സഹിഷ്ണുതയ'ക്ക് ഞാൻ കടപ്പെട്ടവളാണ്. നമ്മുടെ ജീവിതശൈലിക്ക് വലിയ നിലവാരത്തിൽ നിന്ന് എളിയ നിലയിലേക്ക് അങ്ങ് മാറ്റം വരുത്തിയേപ്പാൾ യുവത്വംകൊണ്ട് ഞാൻ പിറുപിറുക്കുകയും എതിർക്കുകയും ചെയ്തത് അങ്ങ് ക്ഷമിച്ചു.ഒരു കൊച്ചുകുട്ടിയെന്ന നിലയിൽ അങ്ങയുടെ മാതാപിതാക്കളുടെ വീട്ടിൽ ഞാൻ താമസിച്ചു.; അങ്ങയുടെ അമ്മ സദ്ഗുണസമ്പന്നയായ ഒരു മഹതിയായിരുന്നു. ധീരയും സാഹസികയുമായ ഒരു ഭാര്യ ആയിരിക്കാനും എന്റെ ഭാവിഭർത്താവായ, അവരുടെ മകനോട് സ്നേഹാദരങ്ങൾ വച്ചുപുലർത്താനും അവർ എന്നെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്തു. കൊല്ലങ്ങൾ കടന്നുപോയപ്പോൾ അങ്ങ് ഭാരതത്തിന്റെ ഏറ്റവും പ്രിയങ്കരനായ നേതാവായി. മറ്റു രാജ്യങ്ങളിൽ മിക്കപ്പോഴും സംഭവിക്കുന്നതുപോലെ, വിജയത്തിന്റെ പടവുകൾ കയറിക്കഴിഞ്ഞാൽ തന്റെ ഭാര്യയെ തള്ളിക്കളയുന്ന ഒരു ഭർത്താവായി അങ്ങ് തീർന്നേക്കുമെന്ന പേടി എനിക്ക് ഒട്ടുമില്ലായിരുന്നു. മരണത്തിലും നാം ഭാര്യാഭർത്താക്കന്മാരായിരിക്കുമെന്ന് എനിക്കു ബോധ്യമുണ്ടായിരുന്നു.പൊതുജനസമാരാധ്യനായ മഹാത്മജിക്ക് പിരിച്ചെടുക്കാൻ കഴിഞ്ഞിരുന്ന ലക്ഷക്കണക്കിനുള്ള രൂപയുടെ സഞ്ചിതനിധികളുടെ ഖജാൻജിയായി കൊല്ലങ്ങളോളം

കസ്തൂർബായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഗാന്ധിജിയുടെ യോഗങ്ങളിൽ ഭാര്യമാർ ആഭരണം ധരിച്ചുപോകുന്നതിൽ ഭർത്താക്കന്മാർക്ക് അല്പം അധൈര്യം ഉണ്ടായിരുന്നതായിപ്പറയുന്ന രസകരമായ നിരവധികഥകൾ ഭാരതീയഭവനങ്ങളിൽ കേൾക്കാറുണ്ട്. മഹാത്മജിയുടെ മാസ്മരശക്തിയുള്ള നാവിൽ നിന്ന്, മർദിത ജനവിഭാഗങ്ങൾക്കുവേണ്ടി വാദിച്ചുകൊണ്ടുയരുന്ന വാക്കുകൾ, സ്വർണവളകളെയും വജ്രമാലകളെയും അവ ധരിക്കുന്ന ധനികരുടെ കൈകളിലും കഴുത്തുകളിലും നിന്ന് നേരെ സംഭാവനക്കൂടയിലേക്ക് വശീകരിച്ചെത്തിക്കുന്നു!ഒരിക്കൽ ഖജാൻജിയെന്ന നിലയിൽ കസ്തൂർബായിക്ക് നാലു രൂപയുടെ ചെലവിന്റെ കണക്കുകാണിക്കാൻ കഴിഞ്ഞില്ല. തന്റെ ഭാര്യയ'ക്കു സംഭവിച്ച നാലു രൂപയുടെ ഈ പിശക് വിട്ടുവീഴ്ചയില്ലാതെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഗാന്ധിജി കണക്കുകളുടെ സൂക്ഷ്മപരിശോധനാരേഖ പ്രസിദ്ധപ്പെടുത്തി.അമേരിക്കയിലെ എന്റെ ക്ലാസുകളിൽ ഞാൻ ഈ കഥ പലപ്പോഴും പറഞ്ഞിട്ടുണ്ട്. ഒരു ദിവസം വൈകുന്നേരത്തെ ക്ലാസിലുണ്ടായിരുന്ന ഒരു സ്ത്രീ ഏതോ കടുംകൈയ'ക്ക് പ്രതികരിക്കുന്നവണ്ണം നെടുവീർപ്പിട്ടു.അവർ വിളിച്ചുപറഞ്ഞു: ‘ ‘മഹാത്മാ ആയാലും ശരി അല്ലെങ്കിലും ശരി, അയാൾ എന്റെ ഭർത്താവായിരുന്നുവെങ്കിൽ, അത്തരം അനാവശ്യമായ ഒരു പൊതു അവമതിക്ക് ഞാൻ അയാളുടെ കണ്ണ് ഇടിച്ചു കലക്കിയേനേ!’ ’ അമേരിക്കക്കാരി ഭാര്യയും ഭാരതീയ ഭാര്യയും എന്ന വിഷയത്തെപ്പറ്റി ഫലിതരൂപേണയുള്ള കുറേ വാദപ്രതിവാദങ്ങൾ നടന്ന ശേഷം കൂടുതൽ വിശദമായ ഒരു വ്യാഖ്യാനത്തിലേക്ക് ഞാൻ കടന്നു. ‘ ‘തന്റെ നിസ്സാരമായ തെറ്റുകൾ പോലും തിരുത്തി തന്നെ അച്ചടക്കം ശീലിപ്പിക്കാൻ അവകാശമുള്ള ഒരു ഗുരുവായാണ്, അല്ലാതെ തന്റെ ഭർത്താവായല്ല ശ്രീമതി കസ്തൂർബായിഗാന്ധി മഹാത്മജിയെ കണക്കാക്കുന്നത്,’ ’ ഞാൻ വ്യക്തമാക്കി. ‘ ‘കസ്തൂർബായിയെ പൊതുജനസമക്ഷം കുറ്റപ്പെടുത്തിയതിനുശേഷം ഏതാനും നാളുകൾക്കകം ഗാന്ധിജിയെ ഒരു രാഷ്ട്രീയകുറ്റം ആരോപിച്ച് ജയിൽവാസത്തിനു ശിക്ഷിച്ചു. അദ്ദേഹം ശാന്തനായി തന്റെ പ്രിയതമയോട് വിടപറയുമ്പോൾ അവർ അദ്ദേഹത്തിന്റെ കാൽക്കൽ വീണു. 'ഗുരുനാഥാ! ഞാൻ അങ്ങയോട് എന്തെങ്കിലും അപരാധം ചെയ്തിട്ടുണ്ടെങ്കിൽ സദയം എന്നോടു ക്ഷമിക്കുക'തന്റെ പ്രിയതമയിൽനിന്ന് ഒരു നല്ല ശിഷ്യയെ വാർത്തെടുക്കുക എന്ന അത്യപൂർവമായ ദിവ്യാത്ഭുതം കാട്ടാൻ കഴിഞ്ഞ ആ പുണ്യപൂരുഷന്റെ എഴുത്തുമുറിയിൽ മുൻകൂട്ടി നിശ്ചയിച്ചപ്രകാരം ഉച്ചതിരിഞ്ഞു മൂന്നു മണിക്ക് ഞാൻ എത്തി. തന്റെ അവിസ്മരണീയമായ പുഞ്ചിരിയോടെ ഗാന്ധിജി തലയുയർത്തി നോക്കി.അദ്ദേഹത്തിന്റെ സമീപം കുഷനിടാത്ത പായയിൽ ചടഞ്ഞിരുന്നുകൊണ്ട് ഞാൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടു, ‘ ‘മഹാത്മജീ, അഹിംസയ'ക്ക് അങ്ങയുടെ നിർവചനം എന്താണെന്ന് എന്നോടു പറയൂ.’ ’ ‘ ‘ഒരു ജീവിക്കും ചിന്തയിലോ പ്രവൃത്തിയിലോ ഹാനി ചെയ്യാതിരിക്കുക.’ ’ ’ സുന്ദരമായ ആദർശം! എന്നാൽ ലോകം എപ്പോഴും ചോദിക്കും: ഒരു കുട്ടിയെയോ അവനവനെയോ രക്ഷപ്പെടുത്താനായി ഒരു മൂർഖൻ പാമ്പിനെ ഒരാൾക്ക് കൊന്നുകൂടെ?’ ’ ‘ ‘എന്റെ രണ്ട് ആദർശങ്ങൾ, നിർഭയത്വവും അഹിംസയും ബലികഴിക്കാതെ എനിക്കതുചെയ്യാൻ കഴിയുകയില്ല. പകരം, സ്നേഹസ്പന്ദനങ്ങൾകൊണ്ട് ആ പാമ്പിനെ ശാന്തനാക്കാനായിരിക്കും ഞാൻ ഉള്ളുകൊണ്ട് ശ്രമിക്കുക. സാഹചര്യങ്ങൾക്കൊത്ത് എന്റെ ധാർമികനിലവാരം താഴ്ത്താൻ എനിക്കാവില്ല.’ ’ അദ്ദേഹത്തിന്റെ വശ്യമായ നിഷ്കപടതയോടെ അദ്ദേഹം കൂട്ടിച്ചേർത്തു. ‘ ‘ഒരു മൂർഖൻപാമ്പിനെ നേരിടേണ്ടി വരികയാണെങ്കിൽ ഈ സംഭാഷണം ശാന്തമായിതുടരാൻ, എനിക്കാവില്ലെന്നും ഞാൻ സമ്മതിച്ചുകൊള്ളട്ടെ!’ ’ അദ്ദേഹത്തിന്റെ മേശപ്പുറത്തിരുന്ന, ആഹാരക്രമത്തെപ്പറ്റിയുള്ള അനേകം പുതിയ പാശ്ചാത്യപുസ്തകങ്ങളെപ്പറ്റി ഞാൻ അഭിപ്രായം പ്രകടിപ്പിച്ചു. ‘ ‘അതേ, മറ്റെല്ലായിടത്തുമെന്നപോലെ സത്യാഗ്രഹപ്രാനത്തിലും ആഹാരക്രമങ്ങൾ പ്രധാനമാണ്.’ ’ അദ്ദേഹം അടക്കിചിരിച്ചു. ‘ ‘സത്യാഗ്രഹിക്ക് തികഞ്ഞ സംയമനം ഞാൻ ഉപദേശിക്കുന്നതുകൊണ്ട് ബ്രഹ്മചാരിക്കു പറ്റിയ ഭക്ഷണം കണ്ടുപിടിക്കാൻ ഞാൻ എപ്പോഴും ശ്രമിച്ചുവരുന്നു. പ്രത്യുല്പാദനത്തിന്റെ സഹജവാസന നിയന്ത്രിക്കാൻ കഴിയണമെങ്കിൽ ഒരാൾ സ്വന്തം നാവിന്റെ ഇഷ്ടാനിഷ്ടങ്ങളെ കീഴടക്കണം. അർധപട്ടിണിയോ അസമീകൃതാഹാരമോ അല്ലാ ഇതിനു പരിഹാരം. ആഹാരത്തിനുള്ള ആർത്തിയെ അതിജീവിച്ചുകഴിഞ്ഞിട്ട്, ഒരു സത്യാഗ്രഹി, ആവശ്യമായത്ര വിറ്റാമിനുകളും ധാതുക്കളും ഊർജപ്രദാനശക്തിയുമൊക്കെയുള്ള നിജമായ ഒരു സസ്യാഹാരക്രമം പാലിച്ചുകൊണ്ടിരിക്കണം. ആന്തരികവും ബാഹ്യവുമായ ആഹാരകാര്യവിജ്ഞാനത്താൽ ഒരു സത്യാഗ്രഹിയുടെ വീര്യം, മുഴുവൻ ശരീരത്തിനും പ്രയോജനപ്പെടുന്ന ജീവോർജമായി അനായാസം മാറുന്നു.’ ’ മാംസത്തിനു പകരം നില്ക്കാവുന്ന നല്ല ആഹാരസാധനങ്ങളെപ്പറ്റി ഞങ്ങൾക്കുള്ള അറിവ് ഞങ്ങൾ കൈമാറി. ‘ ‘അവക്കാഡോ ഒന്നാംതരമാണ്,’ ’ ഞാൻ പറഞ്ഞു. ‘ ‘കാലിഫോർണിയയിൽ എന്റെ കേന്ദ്രത്തിനടുത്ത് അവക്കാഡോ തോട്ടങ്ങൾ ധാരാളമുണ്ട്.’ ’ ഗാന്ധിജിയുടെ മുഖം താല്പര്യത്താൽ തെളിഞ്ഞു. ‘ ‘ അവ വർധായിൽ വളരുമോ എന്നാണ് എന്റെ സംശയം. ഒരു പുതിയ ഭക്ഷണം സത്യാഗ്രഹികൾ ഇഷ്ടപ്പെടും.’ ’ ‘ ‘ലോസ് ആൻജലീസിൽനിന്ന് ഏതാനും അവക്കാഡോചെടികൾ തീർച്ചയായും ഞാൻ വർധായിലേക്ക് അയച്ചുതരാം. മാംസ്യം ധാരാളമുള്ള ഒരു ഭക്ഷണമാണ് മുട്ട; സത്യാഗ്രഹികൾക്ക് അതു നിഷിദ്ധമാണോ?’ ’ ‘ ‘ബീജസങ്കലനം നടക്കാത്ത മുട്ടകൾ കഴിക്കാം. ’ ’ മഹാത്മജി എന്തോ ഓർത്തുചിരിച്ചു. ‘ ‘അവയുടെ ഉപയോഗം വളരെക്കാലം ഞാൻ

എതിർത്തിരുന്നു; ഇപ്പോഴും ഞാൻ സ്വയം അവ ഉപയോഗിക്കാറില്ല. ഒരിക്കൽ എന്റെ ഒരു മരുമകൾ പോഷകാഹാരക്കുറവുകൊണ്ട് മരിക്കുമെന്ന നിലയിലായി; ഡോക്ടർ അവളെ മുട്ടകഴിക്കാൻ നിർബന്ധിച്ചു. ഞാൻ സമ്മതിച്ചില്ല, അവൾക്ക് മുട്ടയ്ക്കു പകരമുള്ള എന്തെങ്കിലും നൽകാൻ ഞാൻ ഉപദേശിച്ചു. ' ' 'ഗാന്ധിജീ, ബീജസങ്കലനം നടക്കാത്തമുട്ടയിൽ ജീവന്റെ ബീജം അടങ്ങിയിട്ടില്ല; അതിൽ കൊലയുടെ പ്രശ്നമേ ഇല്ല.' ഡോക്ടർ വിശദീകരിച്ചു. ' 'അപ്പോൾ ഞാൻ പുത്രഭാര്യയ്ക്ക് മുട്ടകഴിക്കാൻ സന്തോഷത്തോടെ അനുവാദം കൊടുത്തു; അവൾക്ക് പെട്ടെന്ന് ആരോഗ്യം തിരിച്ചുകിട്ടുകയും ചെയ്തു.' ' ലാഹിരി മഹാശയന്റെ ക്രിയായോഗദീക്ഷ സ്വീകരിക്കാനുള്ള ആഗ്രഹം ഗാന്ധിജി തലേദിവസം രാത്രി പ്രകടിപ്പിച്ചിരുന്നു. ഗാന്ധിജിയുടെ തുറന്നമന:സ്ഥിതിയും സത്യാന്വേഷണകൗതുകവും എന്നെ വല്ലാതെ സ്പർശിച്ചു. ഈശ്വരാന്വേഷണത്തിൽ അദ്ദേഹം കുട്ടികളെപ്പോലെയാണ്. കുട്ടികളിലെ ഇത്തരം ശുദ്ധമായ ഗ്രഹണശേഷി അദ്ദേഹത്തിൽ വെളിവാകുന്നു. ഇതിനെയാണ് യേശുദേവൻ പ്രകീർത്തിച്ചത്; ' '. . . അങ്ങനെയുള്ളവരുടേതാണ് സ്വർഗരാജ്യം.' ' ക്രിയാദീക്ഷക്ക് നിശ്ചയിച്ചിരുന്ന മുഹൂർത്തം സമാഗതമായി; ഏതാനും സത്യാഗ്രഹികൾ-ശ്രീ ദേസായിയും, ഡോ. പിംഗളെയും ക്രിയായോഗവിദ്യ കാംക്ഷിച്ച മറ്റുചിലരും-മുറിയിൽ പ്രവേശിച്ചു.ആദ്യം ഞാൻ ഈ ചെറിയ ക്ലാസിനെ യോഗദാവ്യായാമങ്ങൾ പഠിപ്പിച്ചു. ശരീരത്തെ ഇരുപതുഭാഗങ്ങളായി തിരിച്ചിട്ടുള്ളതായി വിഭാവനം ചെയ്യുന്നു; ഇച്ഛാശക്തി ഈ ഓരോ ഭാഗത്തിലേക്കും ഊർജത്തെ യഥാക്രമം നിയോഗിക്കുന്നു. താമസിയാതെ ഓരോരുത്തരും എന്റെ മുന്നിൽ ഓരോ മനുഷ്യമോട്ടോർപോലെ തരിക്കുകയായിരുന്നു. ഒട്ടുമിക്കപ്പോഴും മറയ്ക്കാതെയിരുന്ന ഗാന്ധിജിയുടെ ശരീരത്തിന്റെ ഇരുപതുഭാഗങ്ങളിലും ഈ അലകളുടെ പ്രസരം കാണാൻ എളുപ്പമായിരുന്നു! വളരെ ചടച്ചിരുന്നെങ്കിലും അദ്ദേഹം അസുന്ദരമായി മെലിഞ്ഞിരുന്നില്ല; അദ്ദേഹത്തിന്റെ തൊലി സ്നിഗ്ധവും ചുളിവില്ലാത്തതുമായിരുന്നു.8അതിനുശേഷം ഞാൻ ആ സംഘത്തിന് മുക്തിദായകമായ ക്രിയായോഗവിദ്യയുടെ ദീക്ഷ നൽകി.മഹാത്മജി ലോകമതങ്ങളെല്ലാം ആദരപൂർവം പഠിച്ചിട്ടുണ്ട്. ജൈനമതഗ്രന്ഥങ്ങളും ബൈബിളിന്റെ പുതിയനിയമവും ടോൾസ്റ്റോയി9യുടെ സാമൂഹ്യശാസ്ത്രലേഖനങ്ങളുമാണ് ഗാന്ധിജിയുടെ അക്രമരാഹിത്യസിദ്ധാന്തത്തിന്റെ മൂന്നു മുഖ്യസ്രോതസ്സുകൾ. തന്റെ വിശ്വാസപ്രമാണം അദ്ദേഹം ഇങ്ങനെ പ്രഖ്യാപിക്കുന്നു:ബൈബിൾ, ഖുറാൻ, സെൻഡ് അവസ്ത 10 എന്നിവ വേദങ്ങളെപ്പോലെ തന്നെ ദൈവികമായി പ്രചോദിതമാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഗുരുപരമ്പരയുടെ വ്യവസ്ഥാപനത്തിൽ ഞാൻ വിശ്വസിക്കുന്നു. എങ്കിലും ഇക്കാലത്ത് ജനലക്ഷങ്ങൾക്ക് ഒരു ഗുരുവില്ലാതെ പോകേണ്ടിവരുന്നു; കാരണം, പൂർണവിശുദ്ധിയുടെയും ജ്ഞാനത്തിന്റെയും ഒരു സമ്മേളനം കണ്ടെത്തുക അപൂർവമാണ്. എന്നാൽ തന്റെ മതത്തിന്റെ സത്യം കണ്ടെത്താൻ കഴിഞ്ഞില്ല എന്നതിൽ ആരും നിരാശപ്പെടേണ്ടതില്ല; എന്തുകൊണ്ടെന്നാൽ മറ്റ് ഏതൊരു മഹത്തായ മതത്തിന്റേതും എന്നപോലെ ഹിന്ദുമതത്തിന്റെയും മൗലികമതതത്ത്വങ്ങൾ മാറ്റമില്ലാത്തതും പെട്ടെന്ന് മനസ്സിലാവുന്നതുമാണ്.ഏതൊരു ഹിന്ദുവിനെയുംപോലെ ഞാൻ ഈശ്വരനിലും അദ്ദേഹത്തിന്റെ ഏകതയിലും പുനർജന്മത്തിലും മോക്ഷത്തിലും വിശ്വസിക്കുന്നു.... ഹിന്ദുമതത്തോടുള്ള എന്റെ വികാരം, എന്റെ പത്നിയോടുള്ളത് എന്നപോലെതന്നെ, വർണിക്കാനാവില്ല. ലോകത്തെമറ്റേതൊരു സ്ത്രീക്കും കഴിയാത്ത വിധത്തിൽ അവൾ എന്നെ വികാരധീനനാക്കുന്നു. അവൾക്ക് കുറവുകൾ ഒന്നുമില്ലായെന്ന്; എനിക്ക് സ്വയം കണ്ടെത്താൻ കഴിയുന്നതിനേക്കാൾ ഏറെയുണ്ട് എന്നുപോലും ഞാൻ പറയും. പക്ഷേ, അഴിവില്ലാത്ത ഒരു ബന്ധത്തിന്റെ അനുഭൂതി അവിടെയുണ്ട്. അതേ മാതിരി അതിന്റെ എല്ലാ കുറ്റങ്ങളും കുറവും ഇരിക്കെത്തന്നെ ഹിന്ദുമതത്തെപ്പറ്റിയും അതിനുവേണ്ടിയും ഞാൻ വികാരഭരിതനാകുന്നു. ഗീതയുടേയോ തുളസീദാസരാമായണത്തിന്റെയോ സംഗീതത്തെക്കാൾക്കൂടുതൽ മറ്റൊന്നും എന്നെ സന്തോഷിപ്പിക്കുന്നില്ല. ഞാൻ എന്റെ അന്ത്യശ്വാസം വലിക്കുകയാണെന്ന് ഭാവിച്ചപ്പോൾ ഗീതയായിരുന്നു എന്റെ സാന്ത്വനം.ഹിന്ദുമതം അന്യമതങ്ങളെ ഒഴിവാക്കുന്ന ഒന്നല്ല. അതിൽ ലോകത്തെ എല്ലാ പ്രവാചകന്മാരെയും ആരാധിക്കുവാനുള്ള ഇടമുണ്ട്.11 സാധാരണഅർഥത്തിലുള്ള മതപ്രചാരണം ഉദ്ദേശിച്ചുള്ള ഒരു മതമല്ല അത്. പല ഗോത്രങ്ങളെയും അത് അതിന്റെ വിശ്വാസപ്രമാണങ്ങൾക്കുള്ളിൽ കൊണ്ടുവന്നിട്ടുണ്ട്; എന്നാൽ ഈ ഉൾക്കൊള്ളൽ പരിണാമാത്മകമായ, അദൃശ്യമായ ഒരു സ്വഭാവമുള്ളതാണ്. സ്വന്തം വിശ്വാസം അഥവാ ധർമം12 അനുസരിച്ച് ഈശ്വരനെ ആരാധിക്കുവാൻ ഹിന്ദുമതം ഓരോരുത്തരേയും ഉപദേശിക്കുന്നു. അതുകൊണ്ട് എല്ലാമതങ്ങളുമായി അത് സമാധാനത്തിൽ കഴിയുന്നു.ക്രിസ്തുവിനെപ്പറ്റി ഗാന്ധിജി എഴുതുന്നു: ' 'ഇന്ന് അദ്ദേഹം മനുഷ്യരുടെയിടയിൽ ജീവിച്ചിരുന്നെങ്കിൽ, ഈശ്വരനാമം കേട്ടിട്ടുപോലുമില്ലാത്ത നിരവധിയാളുകളുടെ ജീവിതത്തെ അദ്ദേഹം അനുഗ്രഹിക്കുമായിരുന്നുവെന്ന് എനിക്ക് ഉറപ്പാണ്.... 'കർത്താവേ, കർത്താവേ, എന്ന് എന്നെ വിളിക്കുന്നവരെല്ലാം സ്വർഗരാജ്യത്തിൽ പ്രവേശിക്കയില്ല. സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഹിതം നിറവേറ്റുന്നവനേ അവടെ പ്രവേശിക്കൂ13 എന്ന് എഴുതിയിരിക്കുന്നതുപോലെ. മനുഷ്യരാശി അഭിലഷിക്കേണ്ട മഹത്തായ ഉദ്ദേശ്യവും ഏകലക്ഷ്യവും സ്വന്തം ജീവിതത്തിന്റെ പാഠംകൊണ്ട് യേശുദേവൻ നമുക്കെല്ലാം പ്രദാനം ചെയ്തു. ക്രൈസ്തവരുടെ മാത്രമല്ലാ സർവലോകത്തിന്റെയും എല്ലാനാടുകളുടെയും വർഗങ്ങളുടെയും പൊതുസ്വത്താണ് അദ്ദേഹമെന്നു ഞാൻ വിശ്വസിക്കുന്നു.

’ ’ വർധായിലെ എന്റെ ഒടുവിലത്തെ സായാഹ്നത്തിൽ, ശ്രീ ദേസായി വിളിച്ചുകൂട്ടിയ പൊതുയോഗത്തെ ടൗൺ ഹാളിൽ ഞാൻ അഭിസംബോധന ചെയ്തു. യോഗശാസ്ത്രത്തെപ്പറ്റിയുള്ള പ്രഭാഷണം കേൾക്കാൻ ഏതാണ്ടു നാനൂറോളംപേർ മുറിയിലും ജനൽപടിയിൽപോലും ഇരിക്കുന്നുണ്ടായിരുന്നു. ഞാൻ ആദ്യം ഹിന്ദിയിലും പിന്നീട് ഇംഗ്ലീഷിലും സംസാരിച്ചു. പ്രശാന്തിയിലും എഴുത്തുകുത്തിലും ആമഗ്നനായിരുന്ന ഗാന്ധിജിയെ ദർശിക്കാനും ശുഭരാത്രി നേരാനും തക്കസമയത്ത് ഞങ്ങൾ ആശ്രമത്തിൽ തിരിച്ചെത്തി.പ്രഭാതത്തിൽ അഞ്ചുമണിക്ക് ഞാൻ ഉണർന്നേപ്പാൾ രാത്രി പിരിയാതെ തങ്ങിനിന്നിരുന്നു. ഗ്രാമം കർമനിരതമാകാൻ തുടങ്ങിയിരുന്നു; ആദ്യം ഒരു കാളവണ്ടി ആശ്രമകവാടം കടന്നുപോയി. അതിനുശേഷം ഇപ്പോൾ വീഴുമോയെന്നു തോന്നുന്നവിധം ചുമട് വല്ലാതെവാട്ടം പിടിച്ചു തലയിൽവച്ചുകൊണ്ടുപോകുന്ന ഒരു ഗ്രാമീണൻ. പ്രഭാതഭക്ഷണത്തിനുശേഷം ഞങ്ങൾ മൂവരും ഗാന്ധിജിയെ വിടവാങ്ങൽ പ്രണാമങ്ങൾക്കായി തേടിപ്പിടിച്ചു. തന്റെ പ്രഭാതപ്രാർഥനകൾക്കായി ഈ പുണ്യാത്മാവ് രാവിലെ നാലുമണിക്ക് ഉണരുന്നു.
‘ ‘മഹാത്മജീ, വിട!’ ’ ഞാൻ അദ്ദേഹത്തിന്റെ പാദം തൊട്ടുതൊഴുതു. ‘ ‘അങ്ങയുടെ സംരക്ഷണത്തിൽ ഭാരതം സുരക്ഷിതമാണ്.’ ’ വർധായിലെ നിസർഗലാളിത്യത്തിന്റെ അനുഭവത്തിനുശേഷം വർഷങ്ങൾ കടന്നുപോയിരിക്കുന്നു; ഭൂമിയും മഹാസമുദ്രങ്ങളും ആകാശവും യുദ്ധത്തിലേർപ്പെട്ട ഒരു ലോകത്താൽ കറുത്തിരുണ്ടു. ലോകനേതാക്കളിൽ ഗാന്ധിജി ഒരാൾ മാത്രമാണ് ആയുധശേഷിക്ക് പകരംനില്ക്കാവുന്ന പ്രായോഗികമായ ഒരു അക്രമരഹിതമാർഗം നിർദേശിച്ചിരിക്കുന്നത്. ആവലാതികൾ പരിഹരിക്കാനും അനീതികൾ ദുരീകരിക്കാനും, അവയുടെ ഫലപ്രാപ്തി വീണ്ടുംവീണ്ടും തെളിയിച്ചിട്ടുള്ള അക്രമരാഹിത്യമാർഗങ്ങളാണ് ഗാന്ധിജി അവലംബിച്ചിട്ടുള്ളത്. അദ്ദേഹം തന്റെ സിദ്ധാന്തം ഈ വാക്കുകളിൽ പ്രഖ്യാപിക്കുന്നു:ജീവിതം വിനാശത്തിന്റെനടുവിലും പിടിച്ചുനിൽക്കുന്നുവെന്ന് ഞാൻ കണ്ടെത്തിയിട്ടുണ്ട്. അതുകൊണ്ട് നശീകരണത്തിനുപരിയായി ഒരു നിയമം തീർച്ചയായും ഉണ്ടായിരിക്കണം. ആ നിയമത്തിന്റെ കീഴിൽ മാത്രമേ സുവ്യവസ'ഥാപിതമായ ഒരു സമൂഹം ബോധനീയവും സുഗ്രാഹ്യവും, ജീവിതം ജീവിക്കാൻ അനുയോജ്യവും ആവുകയുള്ളൂ.അതാണ് ജീവിതത്തിന്റെ നിയമമെങ്കിൽ നാം അത് നമ്മുടെ നിത്യജീവിതത്തിൽ നടപ്പാക്കണം. എവിടെയൊക്കെ യുദ്ധം നിലനിൽക്കുന്നുവോ, എവിടെയൊക്കെ ഒരു എതിരാളിയെ നേരിടേണ്ടിവരുന്നുവോ അവിടെ നാം സ്നേഹംകൊണ്ടുകീഴടക്കുക. സ്നേഹത്തിന്റെ സുനിശ്ചിതമായ ആ നിയമം എന്റെതന്നെ ജീവിതത്തിൽ സാർഥകമായീയെന്ന് ഞാൻ കണ്ടെത്തി; എന്നാൽ വിനാശത്തിന്റെ നിയമം ഒരിക്കലും ഫലവത്തായിട്ടില്ല.ഭാരതത്തിൽ ഈ നിയമത്തിന്റെ പ്രത്യക്ഷമായതെളിവ് സാധ്യമായിടത്തോളം വിപുലമായതോതിൽ നമുക്കുലഭിച്ചിട്ടുണ്ട്. മുപ്പത്തിആറുകോടി ജനങ്ങളിലും അക്രമരാഹിത്യത്തിന്റെ സന്ദേശം കടന്നുകൂടിയിട്ടുണ്ടെന്ന് ഞാൻ അവകാശപ്പെടുന്നില്ല.എങ്കിലും അവിശ്വസനീയമായരീതിയിൽ ചുരുങ്ങിയ ഒരു സമയത്തിനുള്ളിൽ മറ്റേതൊരുസിദ്ധാന്തത്തെക്കാളും ആഴത്തിൽ അത് ഇറങ്ങിച്ചെന്നിട്ടുണ്ടെന്ന് ഞാൻ അവകാശപ്പെടുകതന്നെ ചെയ്യുന്നു.അക്രമരാഹിത്യത്തിന്റെ മാനസികാവസ'ഥയിലെത്താൻ നന്നേ കഠിനമായ പാഠങ്ങൾതന്നെ വേണ്ടിവരുന്നു. ഒരു പട്ടാളക്കാരന്റേതു പോലെ ശിക്ഷണമുള്ള ഒരു ജീവിതമാണത്. മനസ്സ്, ശരീരം, വാക്ക് എന്നിവ തമ്മിൽ ശരിയായി പൊരുത്തം വരുമ്പോഴേ, ആ പൂർണതയുടെ അവസ'ഥയിലെത്തുകയുള്ളൂ. സത്യത്തിന്റെയും അക്രമരാഹിത്യത്തിന്റെയും നിയമം ജീവിതവ്രതമാക്കാൻ നാം ഉറയ'ക്കുകയാണെങ്കിൽ ഓരോ പ്രശ്നവും സ്വയം പരിഹൃതമാകാൻ പാകമാകും.ലോകരാഷ്ട്രീയ സംഭവവികാസങ്ങളുടെ ദാരുണമായപോക്ക് ആത്മീയവീക്ഷണത്തിന്റെ അഭാവത്തിൽ ലോകജനത നശിക്കുമെന്ന സത്യത്തിലേക്ക് സംശയരഹിതമായി വിരൽചൂണ്ടുന്നു. മതം അങ്ങനെ ചെയ്തിട്ടില്ലായെങ്കിൽതന്നെ ആധുനികശാസ്ത്രം അരക്ഷിതാവസ'ഥയുടെയും ഭൗതികവസ്തുക്കളുടെയെല്ലാം കഴമ്പില്ലായ്മയുടെ പോലും അവ്യക്തമായ ഒരു ബോധം മനുഷ്യരാശിയിൽ ഉണർത്തിയിട്ടുണ്ട്. തന്റെ ഉത്ഭവസ'ഥാനത്തേക്ക്, തന്റെ ഉള്ളിലെ ആത്മാവിലേക്കല്ലായെങ്കിൽ, ഇനി മനുഷ്യർ വാസ്തവത്തിൽ എവിടേക്കാണുപോവുക?മൃഗീയമായ ബലപ്രയോഗത്തിലൂടെ മനുഷ്യന് തന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലായെന്ന് ചരിത്രം പരിശോധിച്ചു കൊണ്ട് യുക്തിപൂർവം പറയാം. ഒന്നാം ലോകമഹായുദ്ധം ലോകത്തെ മുഴുവനും വിറങ്ങലിപ്പിക്കുന്ന ഭീകരമായ ഒരു ദുഷ്കർമസഞ്ചയത്തിന്റെ ഹിമഗോളംസൃഷ്ടിച്ചു. അത് ഉരുണ്ടുകൂടി രണ്ടാം ലോകമഹായുദ്ധമായിത്തീർന്നു. രക്തച്ചൊരിച്ചിലിന് കളമൊരുക്കിയ ഇന്നത്തെ ദുഷ്കർമത്തിന്റെ ഭീമാകാരമായ ഹിമഗോളം മൂന്നാം ലോകമഹായുദ്ധമായി പരിണമിക്കാതെ അതിനെ ഉരുക്കി അകറ്റാൻ സാഹോദര്യത്തിന്റെ ചൂടിനുമാത്രമേ കഴിയൂ. ഇരുപതാം നൂറ്റാണ്ടിന്റെ അവിശുദ്ധ ത്രിമൂർത്തികൾ! തർക്കങ്ങളുടെ പരിഹാരത്തിന് മനുഷ്യന്റെ വിവേകത്തിനുപകരം കാടത്തത്തിന്റെ യുക്തിപ്രയോഗിച്ചാൽ അത് ഭൂമിയെ വീണ്ടും കാടാക്കി മാറ്റും. ജീവിച്ചിരിക്കുമ്പോൾ സഹോദരങ്ങളായില്ലെങ്കിൽ അക്രമാസക്തമായ മരണത്തിലാണ് സഹോദരങ്ങളാവുക. ഇത്തരം ഒരു അവമതിക്കായല്ലാ ഈശ്വരൻ ആണവ ഊർജത്തിന്റെ വിമോചനവിദ്യ കണ്ടെത്താൻ മനുഷ്യനെ സ്നേഹപൂർവം അനുവദിച്ചത്!യുദ്ധവും അക്രമവും ഒരിക്കലും ഒരു നേട്ടവും വരുത്തുന്നില്ല. രോഗത്തിൽനിന്ന് ഏറെക്കുറെയും, ദാരിദ്ര്യത്തിൽനിന്ന് തീർത്തും മുക്തമായ-ഭയം, അലങ്കോലം,

ക്ഷാമം, മഹാമാരി, മരണനൃത്തം എന്നിവയുടെയല്ലാത്ത, അവയ'ക്കുപകരം സമാധാനം, ഐശ്വര്യം വികസ്വരമായ വിജ്ഞാനം എന്നിവയുടെ-ഒരു നവലോകം സൃഷ്ടിക്കുന്നതിന് സ്ഫോടകവസ്തുക്കൾ പൊട്ടിച്ച് വെറുതെ പുകയാക്കിക്കളഞ്ഞ ശതലക്ഷക്കണക്കിനുള്ള ഡോളർ മതിയാകുമായിരുന്നു.ഗാന്ധിജിയുടെ അക്രമരാഹിത്യത്തിന്റെ ശബ്ദം മനുഷ്യന്റെ മഹത്തരമായ മനഃസാക്ഷിയെ വിളിച്ചുണർത്തുന്നു. ലോകരാഷ്ട്രങ്ങൾ മരണത്തോടല്ല, ജീവിതത്തോടു സഖ്യംകൂടട്ടേ; വിനാശത്തോടല്ല പുനഃസൃഷ്ടിയോടാകട്ടെ, വെറുപ്പോടല്ല സ്നേഹത്തിന്റെ രചനാത്മകമായ അത്ഭുതങ്ങളോടാകട്ടെ ഈ സഖ്യം. ‘ ‘ക്ഷതം എന്തായാലും ഒരുവൻ പൊറുക്കണം,’ ’ മഹാഭാരതം പറയുന്നു, ‘ ‘മനുഷ്യജാതിയുടെ തുടർന്നുള്ള നിലനില്പിനുതന്നെ കാരണം മനുഷ്യൻ ക്ഷമാശീലനാണെന്നതാണ്. പൊറുക്കുകയാണ് വിശുദ്ധി; ക്ഷമയാണ് പ്രപഞ്ചത്തെ ഒരുമിച്ചുനിർത്തുന്നത്. മാപ്പു നൽകാൻ കഴിയുകയാണ് ശക്തന്റെ ശക്തി; അത് ത്യാഗമാണ്, മനസ്സിന്റെ ശാന്തിയാണ്. ക്ഷമയും സൗമ്യതയും ആത്മസാക്ഷാത്ക്കാരം നേടിയവരുടെ ലക്ഷണങ്ങളാണ്. അവ ശാശ്വതമായ നന്മയെ പ്രതിനിധീകരിക്കുന്നു.’ ’ മാപ്പു കയ്യെഴുത്ത് നൽകലിന്റെയും സ്നേഹത്തിന്റെയും നിയമത്തിന്റെ സ്വാഭാവികമായ പരിണിതഫലമാണ് അക്രമരാഹിത്യം. ‘ ‘ഒരു ധർമസമരത്തിൽ ജീവൻ ബലി നൽകേണ്ടിവന്നാൽ, ശ്രീയേശുവിനെപ്പോലെ സ്വന്തം രക്തം-മറ്റുള്ളവരുടെയല്ല-ചിന്താൻ ഒരാൾ തയ്യാറായിരിക്കണം.’ ’ ഗാന്ധിജി പ്രഖ്യാപിക്കുന്നു, ‘ ‘ആത്യന്തികമായി ഈ ലോകത്ത് രക്തച്ചൊരിച്ചിൽ കുറയും.’ ’ ഭാരതീയ സത്യാഗ്രഹികളെപ്പറ്റി ഒരുകാലത്ത് ഇതിഹാസങ്ങൾ രചിക്കപ്പെടും. അവർ വെറുപ്പിനെ സ്നേഹംകൊണ്ടും, അക്രമത്തെ അക്രമരാഹിത്യംകൊണ്ടും നേരിട്ടു; ആയുധം എടുക്കുന്നതിനുപകരം തങ്ങളെ നിർദയമായി കശാപ്പുചെയ്യാൻ അവർ അനുവദിച്ചു. മറ്റുള്ളവരുടെ ജീവനെ സ്വന്തം ജീവനുപരിയായി വിലമതിച്ച മനുഷ്യരെക്കണ്ടു നാണിച്ച് ഉള്ളിന്റെയുള്ളുവരെ കലങ്ങി, എതിരാളികൾ തോക്കുകൾ വലിച്ചെറിഞ്ഞ് ഓടിയെന്നതാണ് ചില ഐതിഹാസിക മുഹൂർത്തങ്ങളിൽ ഇതിന്റെ പരിണിതഫലം. ‘ ‘രക്തച്ചൊരിച്ചിലിന്റെ മാർഗത്തിലൂടെ എന്റെ ദേശത്തിന് സ്വാതന്ത്ര്യം നേടുന്നതിനുപകരം, ആവശ്യമെന്നു കണ്ടാൽ, ഞാൻ യുഗങ്ങളോളം കാത്തിരിക്കും,’ ’ ഗാന്ധിജിപറഞ്ഞു. ബൈബിൾ നമ്മെ താക്കീതു ചെയ്യുന്നു: ‘ ‘വാളെടുക്കുന്നവരെല്ലാം വാളാൽതന്നെ നശിക്കും.’ ’ 14 മഹാത്മജി ഇങ്ങനെ എഴുതിയിരിക്കുന്നു:ഞാൻ ഒരു സ്വരാജ്യസ്നേഹിയാണ്, എന്നാൽ എന്റെ സ്വരാജ്യ സ്നേഹം വിശ്വവിശാലമാണ്. അതിൽ ലോകത്തെ എല്ലാരാഷ്ട്രങ്ങളും ഉൾപ്പെടുന്നു.15 എന്റെ ദേശീയവാദം ലോകത്തിന്റെ മുഴുവൻ നന്മയെ ഉൾക്കൊള്ളുന്നു. എന്റെ ഭാരതം മറ്റുരാഷ്ട്രങ്ങളുടെ ചിതാഭസ്മത്തിൽ നിന്ന് ഉയിർക്കൊള്ളാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്റെ ഭാരതം ഒരൊറ്റ മനുഷ്യജീവിയെപ്പോലും ചൂഷണംചെയ്യുന്നത് ഞാൻ ആഗ്രഹിക്കുന്നില്ല. മറ്റു രാഷ്ട്രങ്ങൾക്കും ശക്തിപകർന്നു കൊടുക്കാനായി ഭാരതം ശക്തമാക്കണം. ഇന്ന് യൂറോപ്പിലെ ഒരൊറ്റരാഷ്ട്രം പോലും അങ്ങനെയല്ല; അവ മറ്റുള്ളവയ'ക്ക് ശക്തിനൽകുന്നില്ല.പ്രസിഡന്റ് വിൽസൻ തന്റെ സുന്ദരമായ പതിനാലിനപരിപാടി പ്രഖ്യാപിച്ചു. പക്ഷേ അദ്ദേഹം പറഞ്ഞു: ‘ ‘എന്തായാലും നമ്മുടെ സമാധാനശ്രമം പരാജയപ്പെട്ടാൽ നമുക്ക് ആശ്രയിക്കാൻ നമ്മുടെ പടക്കോപ്പുകളുണ്ട്.’ ’ എനിക്ക് ആ നിലപാട് നേരെ തിരിച്ചാക്കണം, എന്നിട്ടു പറയണം: ‘ ‘നമ്മുടെ പടക്കോപ്പുകൾ അമ്പേ പരാജയപ്പെട്ടു കഴിഞ്ഞു. നമുക്ക് ഇനി എന്തെങ്കിലും പുതുതായിനോക്കാം; നമുക്ക് സ്നേഹത്തിന്റെയും, സത്യം തന്നെയായ ഈശ്വരന്റെയും ശക്തി ഒന്നു പരിക്ഷിച്ചു നോക്കാം.’ ’ അതു നമുക്കു ലഭിച്ചുകഴിഞ്ഞാൽ വേറൊന്നും വേണ്ടിവരികയില്ല. [image file=image_rsrc4P4.jpg] മഹാത്മാഗാന്ധി യോഗദാ സത്സംഗ ബ്രഹ്മചര്യവിദ്യാലയം സന്ദർശിച്ചു. അദ്ദേഹം സന്ദർശകക്കുറിപ്പിന്റെ പുസ്തകത്തിൽ കാരുണ്യാതിരേകത്തോടെ മേൽക്കാണിച്ചിരിക്കുന്ന വരികൾ എഴുതി. ‘ ‘ഈ സ'ഥാപനം എന്റെ മനസ്സിനെ ഗാഢമായി സ്പർശിച്ചു. ഈ വിദ്യാലയം ചർക്കകളുടെ ഉപയോഗം കൂടുതൽ പ്രോത്സാഹിപ്പിക്കുമെന്ന വലിയ പ്രതിക്ഷകൾ ഞാൻ വച്ചുപുലർത്തുന്നു.’ ’ സെപ്റ്റംബർ 17, 1925 മോഹൻദാസ് ഗാന്ധി (ഒപ്പ്)ഈ അധ്യായത്തിൽ ആദ്യഭാഗത്തു പറഞ്ഞിട്ടുള്ള പതിനൊന്നു കഠിനമായ പ്രതിജ്ഞകളെടുത്തവരും ആ ആശയങ്ങളെ പ്രചരിപ്പിക്കുന്നവരുമായ ആയിരക്കണക്കിനു യഥാർഥ സത്യാഗ്രഹികളെ പരിശീലിപ്പിച്ചും; അക്രമരാഹിത്യത്തിന്റെ ആത്മീയ പ്രയോജനങ്ങളെയും ആത്യന്തികമായ ലൗകിക പ്രയോജനങ്ങളെയും പറ്റി ഭാരതത്തിലെ ജനസാമാന്യത്തെ ക്ഷമയോടുകൂടി പഠിപ്പിച്ചും; അനീതിയോടുള്ള നിസ്സഹകരണം, അപമാനങ്ങൾ സഹിക്കാനുള്ള സന്നദ്ധത, കാരാഗ്രഹം, എന്തിന്, മരണംപോലും ഹിംസാമാർഗം സ്വീകരിക്കുന്നതിനെക്കാൾ അഭികാമ്യമാണെന്നു കരുതുന്ന അക്രമരാഹിത്യത്തിന്റെ ആയുധങ്ങൾ സ്വന്തം ജനങ്ങളെ അണിയിച്ചും; സത്യാഗ്രഹികളുടെ ഇടയിലെ എണ്ണമറ്റ ധീരോദാത്തമായ രക്തസാക്ഷിത്വത്തിന്റെ ഉദാഹരണങ്ങളാൽ ലോകത്തിന്റെ അനുകമ്പ പിടിച്ചുപറ്റിയും, ഗാന്ധിജി അക്രമരാഹിത്യത്തിന്റെ പ്രായോഗിക വശം-യുദ്ധം കൂടാതെ തർക്കങ്ങൾ പരിഹരിക്കുന്നതിന് അതിനുള്ള ശക്തിപ്രഭാവം-നാടകീയമായി ചിത്രീകരിച്ചു.മറ്റ് ഏതൊരു നേതാവും തന്റെ രാജ്യത്തിന് വെടിയുണ്ടയിലൂടെ മാത്രം ഇന്നുവരെ നേടിയിട്ടുള്ളതിലധികം രാഷ്ട്രീയനേട്ടങ്ങൾ ഗാന്ധിജി തന്റെ രാജ്യത്തിന് അക്രമരാഹിത്യത്തിലൂടെ നേടിയെടുത്തുകഴിഞ്ഞു. രാഷ്ട്രീയരംഗത്തു മാത്രമല്ല, സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ടതും

സങ്കീർണവുമായ ഭാരതീയസാമൂഹ്യ പരിഷ്കരണത്തിന്റെ രംഗത്തും, തിന്മകളും ദുരാചാരങ്ങളും നിർമാർജനം ചെയ്യുന്നതിനുള്ള അക്രമരാഹിത്യമാർഗങ്ങൾ ശ്രേഷ്ഠമായ രീതിയിൽ അദ്ദേഹം പ്രയോഗിച്ചു. ദീർഘകാലമായി നിലനിന്നിരുന്ന ഹിന്ദു-മുസ്ലീം കലഹങ്ങൾ ഗാന്ധിജിയും അനുയായികളും പറഞ്ഞുതീർത്തു; ലക്ഷക്കണക്കിനു മുസ്ലീങ്ങൾ മഹാത്മജിയെ തങ്ങളുടെ നേതാവായി കാണുന്നു. ഹരിജനങ്ങൾ അദ്ദേഹത്തിൽ തങ്ങളുടെ ധീരനും വിജയശ്രീലാളിതനുമായ രക്ഷകനെ കണ്ടെത്തുന്നു. 'എനിക്ക് ഇനി ഒരു ജന്മം ഉണ്ടെങ്കിൽ ഒരു അധ:കൃത വർഗ്ഗത്തിൽ ഒരു അധ:കൃതനായി ജനിക്കാൻ ഞാൻ ആഗ്രഹിക്കുന്നു, എന്തെന്നാൽ അവർക്കുവേണ്ടി കൂടുതൽ ഫലവത്തായ സേവനം അനുഷ്ഠിക്കാൻ എനിക്ക് അതുകൊണ്ട് സാധിക്കും,' ' എന്നു ഗാന്ധിജി എഴുതി.മഹാത്മജി യഥാർഥത്തിൽ ഒരു ' 'മഹാത്മാവു' ' തന്നെയാണ്; പക്ഷേ നിരക്ഷരരായ ജനകോടികൾക്കാണ് ഈ അപരനാമം അദ്ദേഹത്തിനു നൽകാനുള്ള വിവേകമുണ്ടായത്. സൗമ്യനായ ഈ പ്രവാചകൻ അദ്ദേഹത്തിന്റെ നാട്ടിൽതന്നെ ആദരിക്കപ്പെടുന്നു. എളിയ ഗ്രാമീണകർഷകനു പോലും ഗാന്ധിജി വച്ച ഉന്നതമായ വെല്ലുവിളിക്കൊത്ത് ഉയരാൻ കഴിഞ്ഞിരിക്കുന്നു. മനുഷ്യന്റെ സ്വതസിദ്ധമായ കുലീനതയിൽ ഗാന്ധിജി സമ്പൂർണമായി വിശ്വസിക്കുന്നു. ഒഴിച്ചുകൂടാനാവാത്ത പരാജയങ്ങൾ അദ്ദേഹത്തെ ഒരിക്കലും നിരാശനാക്കിയില്ല. ' 'തന്നെ എതിരാളി ഇരുപതു പ്രാവശ്യം ചതിച്ചാലും, ഇരുപത്തിഒന്നാമത്തെ പ്രാവശ്യവും അവനെ വിശ്വസിക്കാൻ ഒരു സത്യാഗ്രഹി തയ്യാറാണ്, എന്തെന്നാൽ മനുഷ്യസ്വഭാവത്തിലുള്ള നിർവിവാദമായ വിശ്വാസമാണ് ഈ മാർഗത്തിന്റെ കാതൽ.' ' 16 ' 'മഹാത്മജീ, അങ്ങ് ഒരു അസാധാരണ മനുഷ്യനാണ്. അങ്ങു ചെയ്യുന്നതുപോലെ ഈ ലോകർ മുഴുവനും പെരുമാറുമെന്ന് പ്രതീക്ഷിക്കരുത്,' ' ഒരു വിമർശകൻ ഒരിക്കൽ പറഞ്ഞു.ഗാന്ധിജി മറുപടി പറഞ്ഞു. ' 'നാം നമ്മെത്തന്നെ എങ്ങനെ വഞ്ചിക്കുന്നുവെന്നത് വളരെ വിചിത്രമാണ്. ശരീരത്തെ മെച്ചപ്പെടുത്താമെന്നും എന്നാൽ ആത്മാവിൽ ഒളിഞ്ഞിരിക്കുന്ന ശക്തികളെ ഉണർത്താൻ സാധിക്കുകയില്ലായെന്നും നാം സങ്കല്പിക്കുന്നു. എനിക്ക് ആവക ശക്തികൾ ഏതെങ്കിലും ഉണ്ടെങ്കിൽ, ഞാൻ നമ്മിലെല്ലാവരെയുംപോലെ ഒരു സാധാരണ ദുർബല മനുഷ്യനാണെന്നും എന്നിൽ അസാധാരണമായി ഒന്നും തന്നെ ഇല്ലായിരുന്നു, ഇപ്പോഴും ഇല്ലായെന്നും തെളിയിക്കുന്നതിലാണ് ഞാൻ വ്യാപൃതനായിരിക്കുന്നത്. മറ്റേതൊരു സഹജീവിയായ മർത്യനെയുംപോലെ, തെറ്റുപറ്റാനിടയുള്ള ഒരു സാധാരണവ്യക്തിയാണു ഞാൻ. എങ്കിലും എന്റെ തെറ്റുകൾ ഏറ്റുപറയാനും, തെറ്റായ കാലടികൾ പിന്നോട്ടു വയ'ക്കാനും തക്ക എളിമ എനിക്കുണ്ടെന്ന് ഞാൻ തുറന്നു സമ്മതിക്കുന്നു. ഈശ്വരനിലും അദ്ദേഹത്തിന്റെ നന്മയിലും അചഞ്ചലമായ വിശ്വാസവും, സത്യത്തോടും സ്നേഹത്തോടും തീരാത്ത ആവേശവും ഞാൻ വച്ചു പുലർത്തുന്നുവെന്ന് ഞാൻ ഏറ്റുപറയുന്നു. പക്ഷേ ഇതു തന്നെയല്ലേ ഓരോ മനുഷ്യനിലും അന്തർലീനമായി ഉള്ളത്?' ' അദ്ദേഹം തുടർന്നു: ' 'ഇന്ദ്രിയഗോചരമായ പ്രകൃതിയിൽ പുതിയ കണ്ടുപിടുത്തങ്ങൾ നടത്താൻ നമുക്കു കഴിയുമെങ്കിൽ, അധ്യാത്മിക മണ്ഡലത്തിൽ നാം നിസ്വരാണെന്ന് ഉൽഘോഷിക്കണമെന്നുണ്ടോ? അപവാദങ്ങളെ പെരുക്കി അവയെ നിയമമാക്കാൻ സാധിക്കില്ലേ? എങ്കിൽതന്നെ, മനുഷ്യൻ എല്ലായ്പ്പോഴും ആദ്യം മൃഗവും പിന്നീടു മാത്രം മനുഷ്യനും ആകണമോ? ' ' 17പതിനേഴാംനൂറ്റാണ്ടിൽ വില്യം പെൻ തന്റെ കോളനിയായ പെൻസിൽവേനിയ സ'ഥാപിക്കുന്നതിൽ വിജയകരമായി നടത്തിയ അക്രമരഹിതമായ പരീക്ഷണം അമേരിക്കക്കാർ അഭിമാനത്തോടെ അനുസ്മരിക്കുന്നുണ്ടാവാം. അവിടെ, ' 'കോട്ടകളോ, സൈനികരോ, പൗരസേനയോ, യുദ്ധസാമഗ്രികൾ പോലുമോ' ' ഇല്ലായിരുന്നു. പുതിയ കുടിയേറ്റക്കാരും അമേരിക്കൻ ആദിവാസികളും തമ്മിലുണ്ടായ കിരാതമായ അതിർത്തി യുദ്ധങ്ങൾക്കും നരഹത്യകൾക്കുമിടയിലും പെൻസിൽവേനിയയിലെ ക്വേക്കർമാർമാത്രം ദ്രോഹിക്കപ്പെട്ടില്ല. ' ' മറ്റുള്ളവർ വധിക്കപ്പെട്ടു. കൂട്ടക്കൊല നടന്നു, പക്ഷേ ഇവർ സുരക്ഷിതരായിരുന്നു. ഒരൊറ്റ വനിത പോലും ആക്രമിക്കപ്പെട്ടില്ല; ഒരൊറ്റ ക്വേക്കർകുട്ടി കൊല്ലപ്പെട്ടില്ല; ഒരൊറ്റ ക്വേക്കർ പുരുഷൻ പീഡിപ്പിക്കപ്പെട്ടില്ല.' ' ഒടുവിൽ, ക്വേക്കർമാർ ആ രാജ്യത്തിന്റെ ഭരണം വിട്ടുകൊടുക്കാൻ നിർബന്ധിതരായപ്പോൾ, ' 'യുദ്ധം പൊട്ടിപ്പുറപ്പെട്ടു, ചില പെൻസിൽവേനിയക്കാർ കൊല്ലപ്പെട്ടു. എങ്കിലും ക്വേക്കർമാരിൽ മൂന്നുപേർ മാത്രമാണ് കൊല്ലപ്പെട്ടത്. രക്ഷക്കുവേണ്ടി ആയുധം ധരിക്കാൻ മുതിരത്തക്കവണ്ണം അവരുടെ വിശ്വാസപ്രമാണങ്ങളിൽനിന്നു അത്രയ'ക്കു താഴേക്കുപതിച്ച മൂന്നു പേർ.' ' ' 'ആയുധങ്ങളുടെ പ്രയോഗംകൊണ്ട് ലോകമഹായുദ്ധത്തിൽ സമാധാനം കൈവരിക്കാൻ കഴിഞ്ഞില്ല,' ' ഫ്രാങ്ക്ലിൻ ഡി. റൂസ് വെൽറ്റ് ചൂണ്ടിക്കാട്ടി, ' 'വിജയവും പരാജയവും ഒന്നുപോലെ നിഷ്ഫലമായിരുന്നു. ആ പാഠം ലോകം പഠിക്കേണ്ടിയിരിക്കുന്നു.' ' ' ' കൂടുതൽ ആയുധങ്ങൾ ലോകത്തിന് കൂടുതൽ ദുരിതം വരുത്തിവയ'ക്കുന്നു. ആക്രമണത്തിന്റെ വിജയം ദു:ഖാചരണത്തിന്റെ ആഘോഷമായി അവസാനിക്കുന്നു,' ' എന്ന് ലാവോ-ത്സു ഉൽബോധിപ്പിച്ചു. ' 'ഞാൻ യുദ്ധംചെയ്യുന്നത് ലോകസമാധാനത്തിൽക്കുറഞ്ഞ ഒന്നിനും വേണ്ടിയല്ല' ' ഗാന്ധിജി പ്രഖ്യാപിച്ചു. ' 'ഭാരത സ്വാതന്ത്ര്യസമരം അക്രമരഹിതമായ സത്യാഗ്രഹമാർഗത്തിലൂടെ വിജയം പ്രാപിച്ചാൽ അത് ദേശഭക്തിക്കും എത്രയും വിനയപൂർവം പറയട്ടേ, ജീവിതത്തിനുതന്നെയും ഒരു പുതിയ അർഥവ്യാപ്തി നൽകും' ' . ഗാന്ധിജിയുടെ കർമപരിപാടി, പ്രായോഗികബുദ്ധിയില്ലാത്ത ഒരു സ്വപ്നാടകന്റേതെന്ന നിലയിൽ

തള്ളിക്കളയുന്നതിനു മുമ്പ്, സത്യാഗ്രഹത്തിന് ഗലീലിയുടെ പ്രഭു നൽകിയിരിക്കുന്ന നിർവചനത്തെപ്പറ്റി പാശ്ചാത്യർ ഒന്നു ചിന്തിച്ചു നോക്കട്ടെ: ' 'കണ്ണിനുപകരം കണ്ണ്, പല്ലിനുപകരം പല്ല് എന്നുപറഞ്ഞിട്ടുള്ളത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ: എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, ദുഷ്ടനെ ദുഷ്ടതകൊണ്ട് ചെറുക്കരുത്: നിന്റെ വലത്തേ ചെകിട്ടത്ത് അടിക്കുന്നവന് മറ്റേ ചെകിടുംകൂടി കാട്ടിക്കൊടുക്കുക.' ' 18രണ്ടു മഹായുദ്ധങ്ങൾ തരിശുഭൂമിയാക്കി സർവനാശംവിതച്ച ഒരു നൂറ്റാണ്ടിലേക്കാണ്, പ്രപഞ്ചത്തിന്റെ മനോഹരമായ സമയസമീകരണംകൊണ്ട്, ഗാന്ധിജിയുടെകാലഘട്ടം നീണ്ടത്. അദ്ദേഹത്തിന്റെ ജീവിതത്തിന്റെ കരിങ്കൽ ഭിത്തിയിൽ ദിവ്യമായ ഒരു കൈയ്യെഴുത്ത് കാണപ്പെടുന്നു: സഹോദരങ്ങളുടെയിടയിൽ രക്തം ഇനി ചിന്തുന്നതിനെതിരായ ഒരു മുന്നറിയിപ്പ്. [image file=image_rsrc4PS.jpg] 1 സത്യാഗ്രഹം എന്നാൽ സത്യത്തെ മുറുകെ പിടിക്കുക, ഗാന്ധി നയിച്ച പ്രസിദ്ധമായ അഹിംസാ പ്രസ'ഥാനമാണ് സത്യാഗ്രഹം.2 അവർ പ്രസിദ്ധീകരിച്ച അനേകം കത്തുകൾ ഗാന്ധിജിയിൽനിന്ന് തനിക്കു ലഭിച്ച പരിശീലനം വെളിവാക്കുന്നു.ഗ്രാന്ധിസ് ലെറ്റേഴ്സ് റ്റു എ ഡിസൈപിൾ, ഹാർപർ ആൻഡ് ബ്രദേഴ്സ്, ന്യൂയോർക്ക്, 1950).പിന്നീടുള്ള ഒരു പുസ്തകത്തിൽ (ദ സ്പിരിറ്റ്സ് പിൽഗ്രിമജ്; കവഡ്-മക്കാൻ, ന്യൂയോർക്ക്, 1960) വർധായിൽ ഗാന്ധിജിയെ കാണാനെത്തിയ ഒട്ടധികംപേരെപ്പറ്റി മി.സ്ലെയിഡ് എടുത്തുപറയുന്നുണ്ട്. അവർ എഴുതി: ' 'ഇത്രയും കാലം കഴിഞ്ഞ് അവരിൽ പലരെയും എനിക്ക് ഓർക്കാൻകഴിയുന്നില്ല. എങ്കിലും രണ്ടുപേർ എന്റെ മനസ്സിൽ തെളിഞ്ഞുനിൽക്കുന്നു: തുർക്കിയിലെ പ്രശസ്തയായ ഗ്രന്ഥകർത്രി ഹാലിഡേ എദിബ് ഹാനുവും അമേരിക്കയിലെ സെൽഫ്-റിയലൈസേഷൻ ഫെലോഷിപ്പിന്റെ സ'ഥാപകൻ സ്വാമി യോഗാനന്ദനും.' ' (പ്രസാധക കുറിപ്പ്)3 മിസ് സ്ലെയിഡ്, മറ്റൊരു വിശിഷ്ട പാശ്ചാത്യവനിതയെ ഓർമിപ്പിക്കുന്നു: അമേരിക്കയുടെ മഹാനായ പ്രസിഡന്റിന്റെ മൂത്തമകൾ, മിസ് മാർഗററ്റ് വുഡ്രോ വിൽസൻ. അവരെ ഞാൻ ന്യൂയോർക്കിൽ വച്ചുകണ്ടു; അവർക്ക് ഭാരതത്തിൽ വലിയ താല്പര്യമായിരുന്നു. പിന്നീട് അവർ പോണ്ടിച്ചേരിയിൽ പോയി, തന്റെ ജീവിതത്തിന്റെ അവസാനത്തെ അഞ്ചുകൊല്ലം, പ്രബുദ്ധ ആചാര്യനായ ശ്രീ അരവിന്ദ ഘോഷിന്റെ പാദങ്ങളിൽ ആത്മസാക്ഷാത്കാരത്തിന്റെ പാത സന്തുഷ്ടയായി പിൻതുടർന്നു.4 എന്റെ സന്ദർശകരുടെയും സെക്രട്ടറിമാരുടെയും അങ്കലാപ്പുകൂട്ടാക്കാതെ തന്നെ, അമേരിക്കയിൽ കൊല്ലങ്ങളായി ഞാൻ മൗനവ്രതം ആചരിച്ചിരുന്നു.5 അക്രമാരാഹിത്യം; ഗാന്ധിജിയുടെ വിശ്വാസപ്രമാണങ്ങളുടെ അടിസ'ഥാനശില. അഹിംസയെ മൗലികമായ നന്മയായി ആദരിക്കുന്ന ജൈനന്മാർ ഗാന്ധിജിയെ വളരെയധികം സ്വാധീനിച്ചു. ഹിന്ദുമതത്തിന്റെ ഒരു വിഭാഗമായ ജൈനമതം ശ്രീബുദ്ധന്റെ ഒരു സമകാലീനനായ മഹാവീരനാണ് ക്രി.മു. ആറാംനൂറ്റാണ്ടിൽ പ്രചരിപ്പിച്ചത്. നൂറ്റാണ്ടുകൾക്കു പിന്നാലെ വരുന്ന തന്റെ വീരപുത്രനായി ഗാന്ധിജിയെ മഹാവീരൻ കാണട്ടെ!6 ആയിരക്കണക്കിനു വിഷയങ്ങളെപ്പറ്റി ഗാന്ധിജി മനോഹരമായി എഴുതി. പ്രാർഥനയെപ്പറ്റി അദ്ദേഹം പറഞ്ഞു; ' 'ഈശ്വരന്റെ തുണയില്ലാതെ നാം നിസ്സഹായരാണെന്നതിന്റെ ഒരു അനുസ്മരണമാണത്. ഒരു പ്രയത്നവും പ്രാർഥനകൂടാതെ-മനുഷ്യന്റെ ഏറ്റവും മികച്ച പരിശ്രമം പോലും ഈശ്വരാനുഗ്രഹം അതിന്റെ പിന്നിലില്ലായെങ്കിൽ ഫലപ്രദമാവുകയില്ല എന്ന അംഗീകാരം കൂടാതെ-പൂർണമാവുകയില്ല. പ്രാർഥന എളിമയിലേക്കുള്ള ഒരു ആഹ്വാനമാണ്. അത് ആത്മവിശുദ്ധീകരണത്തിനും, ആത്മപരിശോധനയ'ക്കുംവേണ്ടിയുള്ള ഒരു ആഹ്വാനമാണ്.7 എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ എന്ന ആത്മകഥയിൽ ഗാന്ധിജി തന്റെ ജീവിതം, വസ്തുതകൾ വെട്ടിത്തുറന്നു പറഞ്ഞ് ഒരു മറയുമില്ലാത്ത രീതിയിൽ വർണിക്കുന്നു (അഹമ്മദബാദ്, നവജീവൻ പ്രെസ് 1927-28, രണ്ടുവാല്യങ്ങൾ). സി. എഫ്. ആൻഡ്രൂസ് തയ്യാറാക്കിയ ജോണ് ഹെയിൻസ് ഹോംസിന്റെ അവതാരികയോടെ പ്രകാശനം ചെയ്ത മഹാത്മാഗാന്ധി, ഹിസ് ഓൺ സ്റ്റോറി (ന്യൂയോർക്ക്: മക്മിലൻ കമ്പനി, 1930) എന്ന ഗ്രന്ഥത്തിൽ ഈ ആത്മകഥ സംക്ഷേപിച്ചിരിക്കുന്നു).പ്രസിദ്ധങ്ങളായ പേരുകളും വർണപ്പൊലിമയുള്ള സംഭവങ്ങളും നിറഞ്ഞ പല ആത്മകഥകളും ആത്മവിശകലനത്തെപ്പറ്റിയോ വികാസത്തെപ്പറ്റിയോ ഏറെക്കുറെ പൂർണമായും നിശ്ശബ്ദമാണ്. ' 'പല മഹത്തുക്കളെയും അറിഞ്ഞ, എന്നാൽ തന്നെപ്പറ്റി ഒന്നുമറിയാത്ത ഒരു മനുഷ്യൻ ഇതാ' ' എന്നു പറഞ്ഞുകൊണ്ടെന്നപോലെ, ഒരുതരം അസംതൃപ്തിയോടെയായിരിക്കും ഈ പുസ്തകത്തിൽ ഓരോന്നും നാം വായിച്ചിട്ട് താഴെ വയ'ക്കുക. ഇത്തരം ഒരു പ്രതികരണം ഗാന്ധിജയുടെ ആത്മകഥയുടെ കാര്യത്തിൽ ഉണ്ടാവുകയില്ല; എക്കാലത്തെയും കഥകളിൽ അപൂർവമായ, വ്യക്തിഗതമല്ലാത്ത, സത്യത്തോടുള്ള ഒരു ഭക്തിയോടെ അദ്ദേഹം സ്വന്തം തെറ്റുകളും കാപട്യങ്ങളും തുറന്നുകാട്ടുന്നു.8 ഗാന്ധിജി ധാരാളം ഹ്രസ്വവും ദീർഘവുമായ നിരാഹാരസത്യാഗ്രഹങ്ങൾ നടത്തിയിട്ടുണ്ട്. അദ്ദേഹം അസാധാരണമായ നല്ല ആരോഗ്യം പുലർത്തുന്നു. അദ്ദേഹത്തിന്റെ പുസ്തകങ്ങൾ ഡയറ്റ് ആൻഡ് ഡയറ്റ് റിഫോം, നേച്ചർ ക്യൂവർ, കീ റ്റു ഹെൽത് എന്നിവ നവജീവൻ പബ്ലിഷിങ്ങ് ഹൗസ്, അഹമ്മദാബാദിൽനിന്ന് ലഭ്യമാണ്.9 തോറോ, റസ്കിൻ, മാറ്റ്സിനി എന്നീ മൂന്നു പാശ്ചാത്യഗ്രന്ഥകർത്താക്കളുടെ സമൂഹപഠനപരമായ അഭിപ്രായങ്ങൾ ഗാന്ധിജി ശ്രദ്ധാപൂർവം പഠിച്ചിരുന്നു.10 ഏതാണ്ട് 1000 കൊല്ലം ക്രിസ്തുവിനു മുമ്പ് സൊറാസ്റ്റർ പേർഷ്യക്കു നൽകിയ വേദഗ്രന്ഥം.11 ഹിന്ദുമതത്തിന് ലോകമതങ്ങളുടെ ഇടയിലുള്ള ഏറ്റവും ഉദാത്തമായ പ്രത്യേകത, അത് ഒരു മഹാനായ സ'ഥാപകനിൽനിന്ന്, മറിച്ച് വ്യക്തിഗതമല്ലാത്ത വേദത്തിൽനിന്ന് ഉത്ഭവിക്കുന്നു എന്നതാണ്. അതുകൊണ്ട് എക്കാലത്തേയും

ഏതുനാട്ടിലേയും പ്രവാചകരെ അതിന്റെ ചട്ടക്കൂട്ടിനുള്ളിൽ ആരാധനാപൂർവം ഉൾക്കൊള്ളിക്കാനുള്ള അവസരം ഹിന്ദുധർമം നൽകുന്നു. വേദങ്ങൾ ഭക്തിപരമായ അനുഷ്ഠാനങ്ങളെ മാത്രമല്ല, മനുഷ്യന്റെ ഓരോപ്രവൃത്തിയെയും ഈശ്വരന്റെ നിയമവുമായി സമരസപ്പെടുത്തുന്നതിനുള്ള ഒരു ശ്രമത്തിൽ എല്ലാ പ്രധാനപ്പെട്ട സാമൂഹിക ആചാരങ്ങളെയും ക്രമീകരിക്കുന്നു.12 നിയമസംഹിത സമഗ്രമായിസൂചിപ്പിക്കുന്ന സംസ്കൃതപദം; പ്രകൃതിയുടെ നിയമങ്ങളോട് അനുസരണ വച്ചുപുലർത്തൽ; ഒരു മനുഷ്യൻ അപ്പപ്പോൾ സ്വയം കണ്ടെത്തുന്ന സാഹചര്യങ്ങളിൽ നിഹിതമായ കടമകൾ. ‘ ‘നൈസർഗികമായ സാർവലൗകികനിയമങ്ങളെന്ന് വേദം നിർവചിക്കുന്ന ധർമത്തിന്റെ പാലനം മനുഷ്യനെ അധഃപതനത്തിൽനിന്നും ദുരിതത്തിൽനിന്നും രക്ഷിക്കുന്നു.’ ’ 13 മത്തായി 7:21 (ബൈബിൾ)14 മത്തായി 26:25 (ബൈബിൾ). മനുഷ്യന്റെ പുനർജന്മത്തെ അവശ്യം സൂചിപ്പിക്കുന്ന നിരവധി ബൈബിൾ വാക്യങ്ങളിൽ ഒന്നാണിത്. കർമത്തിന്റെ നീതിനിയമങ്ങൾ മനസ്സിലാക്കിയാലേ ജീവിതത്തിന്റെ പല സങ്കീർണതകളും വിശദീകരിക്കാൻ കഴിയൂ.15 ‘ ‘ഒരു മനുഷ്യൻ അവന്റെ രാജ്യത്തെ സ്നേഹിക്കുന്നതിൽ മഹിമയൊന്നും പറയാനില്ല. അവൻ മാനവജാതിയെ സ്നേഹിക്കുന്നതിൽ മഹത്വംകാണട്ടേ.’ ’ -പേർഷ്യൻ പഴഞ്ചൊല്ല്16 അപ്പോൾ പത്രോസ് മുന്നോട്ടുവന്ന് യേശുവിനോടു ചോദിച്ചു: ‘ ‘കർത്താവേ, എന്നോടു തെറ്റുചെയ്യുന്ന സഹോദരനോട് ഞാൻ എത്ര പ്രാവശ്യം ക്ഷമിക്കണം? ഏഴുപ്രാവശ്യമോ? യേശു മറുപടി പറഞ്ഞു, ഞാൻ പറയുന്നത് ഏഴുപ്രാവശ്യമെന്നല്ല, ഏഴ് എഴുപതു പ്രാവശ്യം എന്നാണ്.’ ’ – മത്തായി 18;21-22 (ബൈബിൾ). ഈ വിട്ടുവീഴ്ചയില്ലാത്ത ഉപദേശം മനിസ്സലാക്കാനായി ഞാൻ ഗാഢമായി പ്രാർഥിച്ചു. ‘ ‘പ്രഭോ, അതു സാധിക്കുമോ?’ ’ ഞാൻ തറപ്പിച്ചുചോദിച്ചു. ഒടുവിൽ ആ ദിവ്യശബ്ദം പ്രതികരിച്ചപ്പോൾ, അത് എന്നെ വിനയാന്വിതനാക്കുന്ന ഒരു പ്രകാശപൂരംചോരിഞ്ഞു: ‘ ‘എത്രപ്രാവശ്യം, മനുഷ്യാ, ഞാൻ നിങ്ങളിൽ ഓരോരുത്തരേയും ഓരോദിവസവും പൊറുക്കുന്നു.?’ ’ 17 ചാൾസ് പി. സ്റ്റൈൻമറ്റ്സ് എന്ന പ്രസിദ്ധ ഇലക്ട്രിക്കൽ എൻജിനിയറോട് മി. റോജർ ഡബ്ലിയൂ ബാബ്സൻ ഒരിക്കൽ ചോദിച്ചു: ‘ ‘അടുത്ത അമ്പതുവർഷത്തിൽ ഏതു ഗവേഷണരംഗത്തായിരിക്കും മഹത്തരമായ വികാസം ഉണ്ടാവുക?’ ’ സ്റ്റൈൻമറ്റ്സ് മറുപടി പറഞ്ഞു, ‘ ‘ഏറ്റവും വലിയ കണ്ടുപിടുത്തങ്ങൾ ആത്മീയമാർഗത്തിൽ ആയിരിക്കുമെന്ന് ഞാൻ കരുതുന്നു. മനുഷ്യന്റെ വികാസത്തിൽ ഏറ്റവും പ്രബലമായിരുന്നതെന്നു ചരിത്രം വ്യക്തമായി പഠിപ്പിക്കുന്ന ഒരു ശക്തിയുണ്ട്. എങ്കിലും നാം ഭൗതികശക്തികളെപ്പറ്റി പഠിക്കുന്നതുപോലെ അത് ഒരിക്കലും ഗൗരവമായി പഠിക്കാതെ അതുമായി വെറുതേ കളിയിലേർപ്പെട്ടിരിക്കുകയായിരുന്നു. ലൗകികവസ്തുക്കൾ സന്തുഷ്ടി തരുന്നില്ലായെന്നും, മനുഷ്യരെ സൃഷ്ടിപരരും ശക്തരുമാക്കാൻ പര്യാപ്തമാവുകയില്ലായെന്നും ഒരു ദിവസം മനുഷ്യൻ പഠിക്കും. അന്ന് ലോകശാസ്ത്രജ്ഞർ അവരുടെ ഗവേഷണശാലകൾ, ഇതുവരെ തൊട്ടിട്ടു പോലുമില്ലാത്തകാര്യങ്ങളായ ഈശ്വരനെയും പ്രാർഥനയെയും ആത്മീയശക്തികളെയുംപറ്റി പഠിക്കാനായി ഉപയോഗിക്കും. ഈ ദിവസമെത്തുമ്പോൾ, മുമ്പു നാലു തലമുറയിൽ കണ്ടിട്ടില്ലാത്ത പുരോഗതി ലോകം ഒരൊറ്റത്തലമുറയിൽ ദർശിക്കും.’ ’ 18 മത്തായി 5:38-39 (ബൈബിൾ)മഹാത്മാഗാന്ധി സ്മരണാഞ്ജലി ‘ ‘അദ്ദേഹം ശരിയായ അർഥത്തിൽ രാഷ്ട്രപിതാവായിരുന്നു, ഒരു ഭ്രാന്തൻ അദ്ദേഹത്തെ കൊന്നു. ജനകോടികൾ, വിഷാദമൂകരാണ്, കാരണം ആ പ്രകാശം പൊലിഞ്ഞുപോയിരിക്കുന്നു... ഈ നാട്ടിൽ പ്രകാശം പരത്തിയ ആ ദീപം ഒരു സാധാരണ ദീപമായിരുന്നില്ല. ഒരായിരം സംവത്സരം ആ ദീപം ഈ നാട്ടിൽ കാണപ്പെടും, ലോകം മുഴുവൻ അത് ദർശിക്കും.’ ’ 1948 ജനുവരി 30-ാം തീയതി ഡൽഹിയിൽ ഗാന്ധിജി വധിക്കപ്പെട്ട് അല്പസമയത്തിനുശേഷം ഭാരതത്തിന്റെ പ്രധാനമന്ത്രി ജവഹർ ലാൽ നെഹ്റുവാണ് ഇപ്രകാരം പറഞ്ഞത്.അഞ്ചു മാസം മുമ്പ് ഭാരതം സമാധാനപൂർവം സ്വാതന്ത്ര്യം നേടിയിരുന്നു. എഴുപത്തിയെട്ടു വയസ്സായ ഗാന്ധിജിയുടെ ജീവിതോദ്ദേശ്യം നിറവേറി; തന്റെ സമയം അടുത്തുവെന്ന് അദ്ദേഹം അറിഞ്ഞു. ‘ ‘ആഭാ, എല്ലാ പ്രധാനപ്പെട്ട കടലാസുകളും എന്റെ അടുത്തു കൊണ്ടുവരൂ,’ ’ ദുരന്തത്തിന്റെ അന്നു രാവിലെ അദ്ദേഹം കൊച്ചുഭാഗിനേയിയോടു പറഞ്ഞു. ‘ ‘ഞാൻ ഇന്നുതന്നെ മറുപടി ഇടണം. ഇനി നാളെ ഒരുപക്ഷേ ഉണ്ടാവില്ല.’ ’ നിരവധി ലേഖനങ്ങളിലും തന്റെ അന്ത്യത്തെപ്പറ്റിയുള്ള അറിവ് അദ്ദേഹം വെളിപ്പെടുത്തിയിരുന്നു.തന്റെ മെലിഞ്ഞ, നിരാഹാരസത്യാഗ്രഹങ്ങളാൽ ക്ഷീണിച്ച ശരീരത്തിൽ മൂന്നു വെടിയുണ്ടകളേറ്റ് പ്രാണൻ വെടിയുന്ന മഹാത്മജി താഴേയ'ക്കു മെല്ലെവീഴുമ്പോൾ പരമ്പരാഗതമായ ഹിന്ദുശൈലിയിൽ അഭിവാദനം ചെയ്ത് നിശ്ശബ്ദനായി തന്റെ മാപ്പു നൽകിക്കൊണ്ട് കൈകൾ ഉയർത്തി. ജീവിതത്തിന്റെ എല്ലാ വഴികളിലും നിഷ്കളങ്കനായ ഒരു കലാകാരനായിരുന്ന അദ്ദേഹം മരണത്തിന്റെ നിമിഷത്തിൽ ഒരു പരമോന്നത കലാകാരനായിത്തീർന്നു. അദ്ദേഹത്തിന്റെ നിസ്വാർഥമായ ജീവിതത്തിലെ എല്ലാ ത്യാഗങ്ങളുമാണ് അന്തിമമായ ആ സ്നേഹപ്രകടനം സാധ്യമാക്കിയത്.ആൽബെർട്ട് ഐൻസ്റ്റയിൻ ഗാന്ധിജിക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് എഴുതി: ‘ ‘ഇങ്ങനെയൊരു ദേഹം രക്തവും മാംസവും പൂണ്ട് ലോകത്തു നടന്നിരുന്നുവെന്ന് വരുന്ന തലമുറകൾ തീരെ വിശ്വസിക്കുകയില്ലായിരിക്കും.’ ’ റോമിലെ വത്തിക്കാനിൽനിന്ന് ഒരു സന്ദേശം പറഞ്ഞു: ‘ ‘ഈ കൊലപാതകം ഇവിടെ വലിയ ദു:ഖം ഉണ്ടാക്കി. ക്രിസ്ത്യൻനന്മകളുടെ പ്രവാചകനെന്ന നിലയിൽ ഞങ്ങൾ ഗാന്ധിജിക്ക് ശ്രദ്ധാഞ്ജലി അർപ്പിക്കുന്നു.’ ’ ഏതെങ്കിലും ഒരു പ്രത്യേക ധർമസ്'ഥാപനത്തിനായി

ലോകത്തെത്തുന്ന എല്ലാ മഹാത്മക്കളുടെയും ജീവിതങ്ങളും പ്രതീകാത്മാകമായ അർഥവൈപുല്യമുള്ളവയാണ്. ഭാരതത്തിന്റെ ഏകതയെന്ന ശ്രേഷ്ഠമായ ലക്ഷ്യത്തിനുവേണ്ടി നിലകൊണ്ട ഗാന്ധിജിയുടെ നാടകീയമായ മരണം എല്ലാ ഭൂഖണ്ഡങ്ങളിലും അനൈക്യത്താൽഭിന്നിച്ച ലോകത്തിന് അദ്ദേഹം നൽകുന്ന സന്ദേശത്തെ ഉജ്ജ്വലമായി ഉയർത്തിക്കാട്ടി. ദീർഘദർശനത്തിന്റെ വാക്കുകളിൽ ആ സന്ദേശം അദ്ദേഹം ഇങ്ങനെ നൽകുന്നു:
‘ ‘അക്രമരാഹിത്യം മനുഷ്യരുടെ ഇടയിൽ വന്നെത്തിയിരിക്കുന്നു. അത് നിലനിൽക്കും. അത് ലോകസമാധാനത്തിന്റെ മുന്നോടിയാണ്.’ ’ [image file=image_rsrc4RZ.jpg] അധ്യായം 45ബംഗാളിയായ “ആനന്ദമയീ മാ” ‘ ‘സർ, നിർമലാ ദേവിയെ ഒന്നു കാണാതെ ഭാരതം വിടരുത്. അവരുടെ വിശുദ്ധി തീവ്രമാണ്; എല്ലാ ദിക്കിലും അവർ ആനന്ദമയീ മാ എന്നാണ് അറിയപ്പെടുന്നത്.’ ’ എന്റെ അനന്തിരവൾ അമിയ ബോസ് അപേക്ഷാരൂപത്തിൽ എന്നെ നോക്കി. ‘ ‘തീർച്ചയായും! എനിക്ക് ആ വിശുദ്ധമഹതിയെ കാണാൻ അതിയായ ആഗ്രഹമുണ്ട്. ഈശ്വരസാക്ഷാത്കാരത്തിൽ ഏറെ പുരോഗതി നേടിയ അവരുടെ അവസ'ഥയെപ്പറ്റി ഞാൻ വായിച്ചിട്ടുണ്ട്. ഈസ്റ്റ്-വെസ്റ്റിൽ അവരെപ്പറ്റി ഒരു ലഘുലേഖനം വർഷങ്ങൾക്കുമുമ്പ് വന്നിട്ടുണ്ട്.’ ’
‘ ‘ഞാൻ അവരെ കണ്ടിട്ടുണ്ട്,’ ’ അമിയ തുടർന്നു പറഞ്ഞു. ‘ ‘ഞങ്ങളുടെ ചെറിയ പട്ടണമായ ജംഷേദ്പുരം അവർ അടുത്തകാലത്തു സന്ദർശിച്ചു. മരിക്കാൻകിടന്ന ഒരു മനുഷ്യന്റെ വീട്ടിൽ, ഒരു ശിഷ്യന്റെ അപേക്ഷപ്രകാരം ആനന്ദമയീ മാ പോയി. അവർ അയാളുടെ കിടക്കയ'ക്ക് അരികിൽനിന്നു; അവരുടെ കൈ അയാളുടെ നെറ്റിയിൽ തൊട്ടപ്പോൾ അയാളുടെ മരണവെപ്രാളം നിലച്ചു. അസുഖം ഉടനെതന്നെ മാറി; സന്തുഷ്ടിയുടെ വിസ്മയത്തോടെ അയാൾ സുഖംപ്രാപിച്ചു.’ ’ കൽക്കത്തയിൽ ഭവാനീപുരം ഭാഗത്തെ ഒരു ശിഷ്യന്റെ വീട്ടിൽ ആനന്ദമയീ മാ താമസിക്കുന്നുണ്ടെന്ന് ഏതാനും ദിവസങ്ങൾക്കുശേഷം ഞാൻ കേട്ടു. എന്റെ അച്ഛന്റെ കൽക്കത്താവസതിയിൽ നിന്നും മി. റൈറ്റും ഞാനും ഉടനെ തിരിച്ചു. ഭവാനീപുരം വീട്ടിനടുത്ത് കാറെത്തിയപ്പോൾ ഞങ്ങൾ തെരുവിൽ ഒരസാധാരണമായ രംഗമാണുകണ്ടത്.ആനന്ദമയീ മാ ഒരു തുറന്ന കാറിനകത്ത് എഴുന്നേറ്റുനിന്ന്, ഏതാണ്ട് നൂറോളംവരുന്ന ശിഷ്യഗണങ്ങളെ അനുഗ്രഹിക്കുകയായിരുന്നു. ഒരു യാത്രതിരിക്കാൻ തുടങ്ങുകയായിരുന്നു അവരെന്ന് വ്യക്തമായിരുന്നു. ഫോഡ് അല്പം ദൂരെ മാറ്റിനിർത്തിയിട്ട് മി. റൈറ്റ് എന്നോടൊപ്പം കാൽനടയായി, നിശ്ശബ്ദരായിരുന്ന ആൾക്കൂട്ടത്തിനടുത്തേക്കു വന്നു. ആ വിശുദ്ധമഹതി ഞങ്ങളുടെനേരെ നോക്കി; അവർ കാറിൽനിന്നിറങ്ങി ഞങ്ങളുടെ അടുത്തേക്കുനടന്നുവന്നു. ‘ ‘പിതാജീ, അങ്ങ് വന്നെത്തി!’ ’ ഭക്ത്യാദരങ്ങളോടെ ഈ വാക്കുകൾ ബംഗാളിയിൽ പറഞ്ഞുകൊണ്ട് അവർ കൈകൾ എന്റെ കഴുത്തിൽ ചുറ്റി, അവരുടെ ശിരസ്സ് എന്റെ തോളിൽവച്ചു. ഈ വിശുദ്ധയെ ഞാൻ അറിയില്ല എന്ന് മി. റൈറ്റിനോട് പറഞ്ഞു തീർന്നതേയുണ്ടായിരുന്നുള്ളൂ; അദ്ദേഹം ഈ അസാധാരണമായ സ്വാഗതപ്രകടനം അത്യധികം ആസ്വദിച്ചു. നൂറോളം വരുന്ന ശിഷ്യഗണവും ഈ സ്നേഹപ്രകടനത്തിന്റെ നിശ്ചലദൃശ്യം അത്ഭുതത്തോടെ നോക്കിനിന്നു.ആ പുണ്യവതി ഗാഢമായ സമാധിയിലായിരുന്നുവെന്ന് ഞാൻ ക്ഷണത്തിൽ മനസ്സിലാക്കി. സ്ത്രീയെന്ന തന്റെ ബാഹ്യരൂപം മറന്ന്, മാറ്റമില്ലാത്ത ആത്മാവാണു താനെന്ന് സ്വയം അറിഞ്ഞിരുന്ന അവർ, ആ തലത്തിൽ നിന്നുകൊണ്ട് മറ്റൊരു ഈശ്വരഭക്തനെ ആമോദത്തോടെ അഭിവാദനം ചെയ്യുകയായിരുന്നു. അവർ എന്നെ കൈപിടിച്ച് തന്റെ കാറിലേക്കു കൊണ്ടുപോയി. ‘ ‘ആനന്ദമയീ മാ, ഞാൻ അവിടത്തെ യാത്ര താമസിപ്പിക്കുകയാണ്!’ ’ ഞാൻ തറപ്പിച്ചുപറഞ്ഞു. ‘ ‘പിതാജീ, ഞാൻ അങ്ങയെ ഈ ജന്മത്തിൽ1 ആദ്യം കാണുകയാണ്, യുഗങ്ങൾക്കുശേഷം! ഇപ്പോഴേ പോകരുതേ!’ ’ അവർ പറഞ്ഞു.കാറിന്റെ പിൻസീറ്റിൽ ഞങ്ങൾ ഇരുന്നു. ആനന്ദമയീ മാ ഉടനെ ആനന്ദനിർവൃതിയുടെ നിശ്ചലമായ അവസ'ഥ പ്രാപിച്ചു. അവരുടെ മനോഹരമായ നയനങ്ങൾ സ്വർഗത്തിലേക്കുനോക്കി, പകുതി തുറന്ന്, അടുത്തും എന്നാൽ അകലെയുമായ, ആന്തരികമായ ഒരു പുണ്യലോകത്തിലേക്കു നോക്കിക്കൊണ്ട് ചലനരഹിതമായി. ശിഷ്യർ പതുക്കെ സങ്കീർത്തനം ആലപിച്ചു: ‘ ‘ദിവ്യജനനി ജയിക്കട്ടെ!’ ’ അനവധി പുണ്യപൂരുഷന്മാരെ ഇതിനുമുമ്പു ഭാരതത്തിൽ ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ ഇത്ര ഉൽക്കർഷംപ്രാപിച്ച ഒരു വിശുദ്ധ മഹതിയെ ഞാൻ കണ്ടിട്ടില്ല. അവർക്ക് ആ പേരു ലഭിക്കാൻ കാരണമായ അവരുടെ അവാച്യമായ ആനന്ദാതിരേകം ആ മുഖത്തു തിളങ്ങി. അവരുടെ കറുത്തു നീണ്ടമുടി ചുരുളുചുരുളുകളായി മറയ'ക്കാതിരുന്ന തലയുടെ പിന്നിൽ കിടന്നിരുന്നു. അവരുടെ നെറ്റിയിലെ ഒരു ചുവന്ന ചന്ദനപ്പൊട്ട് അവരിൽ എപ്പോഴും തുറന്നിരുന്ന ആത്മീയനേത്രത്തിന്റെ പ്രതീകമായിരുന്നു. ചെറിയ മുഖം, ചെറിയ കൈകൾ, ചെറിയ കാലുകൾ – അവരുടെ ആത്മീയ മാഹാത്മ്യവുമായി എന്തൊരന്തരം!ആനന്ദമയീ മാ സമാധിയിൽ തുടർന്നപ്പോൾ അടുത്തുനിന്നിരുന്ന ഒരു ശിഷ്യയോട് ഞാൻ ഏതാനും ചോദ്യങ്ങൾ ചോദിച്ചു. ‘ ‘ആനന്ദമയീ മാ ഭാരതത്തിലൊട്ടാകെ സഞ്ചരിക്കുന്നു; പല ഭാഗങ്ങളിലും അവർക്ക് നൂറുകണക്കിനു ശിഷ്യരുണ്ട്. അവരുടെ തന്റേടത്തോടെയുള്ള പ്രവർത്തനങ്ങൾകൊണ്ട് അഭികാമ്യമായ പല സാമൂഹ്യപരിഷ്കാരങ്ങൾ നിലവിൽവന്നിട്ടുണ്ട്. ഒരു ബ്രാഹ്മണ സ്ത്രീയാണെങ്കിലും ആ പുണ്യവതി ജാതിവ്യത്യാസം അംഗീകരിക്കുന്നില്ല. ഞങ്ങളിൽ ഏതാനുംപേർ അവരുടെ സുഖസൗകര്യങ്ങൾ എപ്പോഴും നോക്കിക്കൊണ്ട് അവരോടൊത്തു യാത്രചെയ്യുന്നു. ഞങ്ങൾ ഒരമ്മയെപ്പോലെ അവരെ നോക്കുന്നു; അവർ സ്വന്തം ശരീരം ശ്രദ്ധിക്കാറില്ല. ആരും അവർക്ക് ആഹാരം നൽകിയില്ലെങ്കിൽ

അവർ കഴിക്കുകയില്ല, അന്വേഷിക്കുകയുമില്ല. ആഹാരം മുന്നിൽ വച്ചിരിക്കുമ്പോഴും അവർ അതുതൊടാറില്ല. അവർ ഭൂമുഖത്തുനിന്നു മറയാതിരിക്കാൻ ശിഷ്യരായ ഞങ്ങൾ അവരെ ഞങ്ങളുടെ കൈകൊണ്ട് ഊട്ടുന്നു. ദിവസങ്ങളോളം ദിവ്യമായ സമാധ്യവസ'ഥയിൽ ഇരിക്കുന്ന അവർ, അപ്പോൾ തീരെ ശ്വാസോച്ഛ്വാസം ചെയ്യുകയോ കണ്ണിമയ'ക്കുകയോ ചെയ്യുകയില്ല. അവരുടെ പ്രധാന ശിഷ്യരിൽ ഒരാൾ അവരുടെ ഭർത്താവായ ഭോലാനാഥാണ്. വളരെ വർഷങ്ങൾക്കുമുമ്പ്, അവരുടെ വിവാഹംകഴിഞ്ഞ് അധികം താമസിയാതെ, അദ്ദേഹം മൗനവ്രതം സ്വീകരിച്ചു.' ' വിസ്തൃതമായ തോളും നീണ്ടമുടിയും നരച്ചതാടിയുമുള്ള സുഭഗനായ ഒരു മനുഷ്യനെ ആ ശിഷ്യ ചൂണ്ടിക്കാട്ടി. അദ്ദേഹം ആൾക്കൂട്ടത്തിന്റെ മധ്യത്തിൽ ഒരു ശിഷ്യനെപ്പോലെ ആദരപൂർവം കൈകൾ തൊഴുതുപിടിച്ചുകൊണ്ട് ശാന്തനായിനിന്നിരുന്നു.അനന്തതയിൽ ഒരു മുങ്ങിക്കുളികൊണ്ട് ഉന്മേഷഭരിതയായ ആനന്ദമയീ മാ തന്റെ ബോധം ഭൗതികലോകത്ത് ഉറപ്പിക്കുകയായിരുന്നു. ' 'പിതാജീ, പറയൂ, അങ്ങ് എവിടെയാണ് താമസിക്കുന്നത്?' ' അവരുടെ ശബ്ദം വ്യക്തവും സംഗീതാത്മകവുമായിരുന്നു. [image file=image_rsrc4ST.jpg] യോഗാനന്ദജി ശ്രീ ശ്രീ ആനന്ദമയീ മായും അവരുടെ ഭർത്താവ് ഭോലാനാഥുമായി കൽക്കത്തയിൽ 1935 ' ' ഇപ്പോൾ കൽക്കത്തയിലോ റാഞ്ചിയിലോ, പക്ഷേ ഉടനെ തന്നെ ഞാൻ അമേരിക്കയ'ക്കു തിരിച്ചുപോകും.' ' ' 'അമേരിക്കയിലേക്കോ?' ' ' 'അതേ, അവിടെ ആത്മീയാന്വേഷികൾ ഒരു വിശുദ്ധ മഹതിയെ വളരെയധികം ഇഷ്ടപ്പെടും. ഭവതിക്ക് അവിടെ പോകുന്നതിൽ താല്പര്യമുണ്ടോ?' ' ' 'പിതാജി എന്നെ കൊണ്ടുപോകുമെങ്കിൽ ഞാൻ വരാം.' ' ഈ ഉത്തരം അടുത്തുനിന്നിരുന്ന ശിഷ്യർ ഞെട്ടിപ്പകച്ചു നില്ക്കാൻ ഇടയാക്കി. ' 'ഞങ്ങളിൽ ഇരുപതോ അതിൽ കൂടുതലോപേർ ആനന്ദമയീ മായോടൊത്ത് എപ്പോഴും യാത്രയ'ക്കുണ്ടാകും. ഞങ്ങൾക്ക് മായെക്കൂടാതെ ജീവിക്കുകവയ്യാ. അവർ എവിടെപ്പോയാലും ഞങ്ങളുമുണ്ട് കൂടെ,' ശിഷ്യരിലൊരാൾ എന്നോട് ഉറപ്പിച്ചുപറഞ്ഞു.എണ്ണം തനിയേ പെരുകുക എന്ന ഒരു അപ്രായോഗികവശം ആ പദ്ധതിക്കുണ്ടായിരുന്നതിനാൽ മടിയോടെ അത് ഞാൻ ഉപേക്ഷിച്ചു. ' ' എങ്കിൽ ഭക്തരുമായി അവിടുന്ന് റാഞ്ചിവരെയെങ്കിലും വരൂ,' ' വിടവാങ്ങിക്കൊണ്ടു ഞാൻ പറഞ്ഞു. ' 'അവിടുന്ന് ഒരു ദിവ്യബാലികയായതുകൊണ്ട് എന്റെ വിദ്യാലയത്തിലെ കൊച്ചുകുട്ടികളെ ഭവതി ഇഷ്ടപ്പെടും.' ' ' 'എപ്പോഴായാലും പിതാജി കൊണ്ടുപോകുമ്പോൾ ഞാൻ സന്തോഷത്തോടെ പോകും.' ' അധികനാൾ കഴിയുന്നതിനുമുമ്പ് റാഞ്ചിവിദ്യാലയം ആ വിശുദ്ധമഹതിയെ സ്വീകരിക്കാൻ അണിഒഞ്ഞൊരുങ്ങി. കുട്ടികൾ ഏതൊരു ആഘോഷദിനവും കാത്തിരിക്കും. പഠിത്തമില്ല, മണിക്കൂറുകളോളം ഗാനങ്ങൾ, എല്ലാത്തിനുമുപരിയായി ഒരു സദ്യയും! ' 'ജയ്! ആനന്ദമയീ മാ കീ ജയ്!' ' ആഹ്ലാദഭരിതരായ നൂറുകണക്കിന് കൊച്ചുകണ്ഠങ്ങൾ ഈ ജയഗാനം ഏറ്റുപാടിക്കൊണ്ട് വിദ്യാലയത്തിന്റെ വാതിലിൽ വിശുദ്ധയുടെ സംഘത്തെ സ്വീകരിച്ചു. വാരിവിതറിയ മഞ്ഞക്കൊങ്ങിണിപ്പൂക്കൾ, ചേങ്ങലയുടെ നാദവും ആവേശഭരിതമായ ശംഖധ്വനിയും മൃദംഗവാദ്യവും! വിദ്യാലയത്തിന്റെ സൂര്യപ്രകാശംനിറഞ്ഞ ചുറ്റുപാടുകളിൽ ആനന്ദമയീ മാ പുഞ്ചിരിയോടെ ചുറ്റിനടന്നു—എപ്പോഴും കൊണ്ടുനടക്കാവുന്ന സ്വർഗലോകമായിരുന്നു അവരുടെ ഹൃദയത്തിൽ!ഞാൻ അവരെ പ്രധാനകെട്ടിടത്തിലേക്ക് ആനയിച്ചു. ' 'ഇവിടം എത്ര മനോഹരമായിരിക്കുന്നു!' ' ആനന്ദമയീ മാ ഭവ്യമായി പ്രസ്താവിച്ചു. എന്റെ സമീപം ഒരു കുട്ടിയുടെ പുഞ്ചിരിയോടെ അവർ ഇരുന്നു. അവരുടെ ഏറ്റവും അടുത്ത മിത്രമാണ് താൻ എന്ന തോന്നൽ അവർ ഏവർക്കും ഉണ്ടാക്കിയെങ്കിലും വിദൂരതയുടെ ഒരു പരിവേഷം അവർക്കുചുറ്റും എപ്പോഴുമുണ്ടായിരുന്നു—സർവവ്യാപിത്വത്തിന്റെ അസംബന്ധമെന്നു തോന്നാവുന്ന ആ ഏകാന്തത. ' 'ദയവായി അവിടത്തെ ജീവിതത്തെപ്പറ്റി എന്തെങ്കിലും പറയൂ.' ' ' 'പിതാജിക്ക് എല്ലാം അറിയാമല്ലോ; എന്തിന് അത് ആവർത്തിക്കണം?' ' ഒരു ജന്മത്തിന്റെ വസ്തുതകൾ അത്ര ശ്രേഷ്ഠമൊന്നുമല്ലെന്ന് സ്പഷ്ടമായും അവർ കരുതിയിരുന്നു.ഞാൻ സൗമ്യമായിചിരിച്ചുകൊണ്ട് എന്റെ ചോദ്യം ആവർത്തിച്ചു. ' 'പിതാജീ, പറയത്തക്കതായി ഒന്നുമില്ല. ' ' മാ അവരുടെ മനോഹരമായ കൈകൾവീശി എളിമയുടെ ഒരു ആംഗ്യം കാട്ടി. ' ' താല്ക്കാലികമായ ഈ ശരീരവുമായി എന്റെ ബോധം ഒരിക്കലും കൂട്ടുചേർന്നിട്ടില്ല. ഞാൻ2 ഭൂമിയിൽ വരുന്നതിനുമുമ്പ്, പിതാജീ, 'ഞാൻ അതുതന്നെയായിരുന്നു.' ഒരു കൊച്ചുപെൺകുട്ടിയെന്ന നിലയിലും 'ഞാൻ അതുതന്നെയായിരുന്നു.' ഞാൻ ഒരു സ്ത്രീയായി വളർന്നു, എന്നിട്ടും 'ഞാൻ അതുതന്നെയായിരുന്നു.' ഞാൻ ജനിച്ചകുടുംബത്തിലെ ആളുകൾ ഈ ശരീരത്തെ വിവാഹം കഴിപ്പിക്കാൻവേണ്ട ഏർപ്പാടുകൾ ചെയ്തു, അപ്പോഴും 'ഞാൻ അതു തന്നെയായിരുന്നു.' അതുപോലെതന്നെ, പിതാജീ, ഇപ്പോൾ അങ്ങയുടെ മുമ്പിലും, 'ഞാൻ അതുതന്നെയാണ്.' ഇനി എന്നാളും സൃഷ്ടിയുടെ നൃത്തം നിത്യതയുടെ വിശാലമണ്ഡപത്തിൽ എന്റെ ചുറ്റും മാറിവരുമ്പോഴും 'ഞാൻ അതുതന്നെയായിരിക്കും.' " ആനന്ദമയീ മാ ഗാഢമായ ധ്യാനാവസ'ഥയിൽ ലയിച്ചു. അവരുടെ രൂപം പ്രതിമപോലെ നിശ്ചലമായി; അവരെ എപ്പോഴും മാടി വിളിക്കുന്ന സ്വന്തം രാജ്യത്തേക്ക് അവർ കടന്നിരുന്നു. കറുത്ത തടാകമായിരുന്ന അവരുടെ കണ്ണുകൾ നിർജീവും ഭാവശൂന്യവുമായി കാണപ്പെട്ടു. പുണ്യാത്മാക്കാൾ ഭൗതികശരീരത്തിൽനിന്ന് തങ്ങളുടെ ബോധംമാറ്റിക്കഴിഞ്ഞാൽ അത് ആത്മാവില്ലാത്ത വെറുമൊരു കളിമൺകഷ്ണത്തിൽക്കൂടുതൽ ഒന്നുമല്ലാതെ ആയിത്തീരുന്നു. അപ്പോൾ സാധാരണയായി ഈ മുഖഭാവം കാണപ്പെടുന്നു. ഞങ്ങൾ

ഇരുവരും ഭാവസമാധിയുടെ പരമാനന്ദത്തിൽ ഒരുമണിക്കൂർ നേരം ഇരുന്നു. ആഹ്ലാദകരമായ ഒരു ചിരിയോടെ അവർ ഇഹലോകത്തേക്കു മടങ്ങിവന്നു. ‘ ‘ആനന്ദമയീ മാ, ദയവായി പൂന്തോട്ടത്തിലേക്ക് എന്നോടൊപ്പം വരൂ. മി. റൈറ്റ് ഏതാനും ചിത്രങ്ങൾ എടുക്കും.’ ’ ഞാൻ പറഞ്ഞു. ‘ ‘തീർച്ചയായും, പിതാജീ. അങ്ങയുടെ ഇച്ഛയാണ് എന്റെ ഇച്ഛ.’ ’ അവരുടെ മനോഹരമായ കണ്ണുകളിൽ ദിവ്യമായ ഒരു പ്രകാശം ചിത്രങ്ങൾ എടുക്കുമ്പോൾ തിളങ്ങി.സദ്യയ'ക്കു സമയമായി! ആനന്ദമയീ മാ തന്റെ കമ്പളത്തിലിരുന്നു; അരികിലായി ഊട്ടാൻ ഒരു ശിഷ്യയും. ചുണ്ടത്ത് എത്തിച്ച ആഹാര പദാർഥങ്ങൾ ഒരു ശിശുവിനെപ്പോലെ അനുസരണയോടെ അവർ വിഴുങ്ങി. കറികളും മധുരപലഹാരങ്ങളും തമ്മിലുള്ള വ്യത്യാസം അവർ അറിഞ്ഞില്ലായെന്നത് വ്യക്തമായിരുന്നു!വൈകുന്നേരമായപ്പോൾ ആ വിശുദ്ധവനിത തന്റെ സംഘത്തോടൊപ്പം യാത്രയായി. റോസാദളങ്ങൾ അവരുടെമേൽ വർഷിക്കപ്പെട്ടപ്പോൾ കുട്ടികളെ ആശീർവദിച്ചുകൊണ്ട് അവർ കൈകൾ ഉയർത്തി. ആനന്ദമയീ മാ അവരിൽ അനായാസമായി ഉണർത്തിയ സ്നേഹഭാവം കൊണ്ട് കുട്ടികളുടെ മുഖങ്ങൾ തിളങ്ങി. ‘ ‘നിന്റെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണആത്മാവോടും, പൂർണമനേസ്സാടും, പൂർണശക്തിയോടും കൂടെ സ്നേഹിക്കുക. ഇതാണ് പ്രാഥമികമായ കല്പന,’ ’ 3യെന്നു ക്രിസ്തുദേവൻ ഉൽഘോഷിച്ചിരിക്കുന്നു.നികൃഷ്ടമായ എല്ലാ മമതാബന്ധങ്ങളും വെടിഞ്ഞ് ആനന്ദമയീ മാ തന്റെ ഒരേ ഒരു കടപ്പാട് സ്രഷ്ടാവിലാക്കി, പണ്ഡിതന്മാരുടെ, തലനാരു കീറുന്ന വിവേചനംകൊണ്ടല്ലാതെ, വിശ്വാസത്തിന്റെ അവിതർക്കിതമായ പ്രമാണത്തിലൂടെ, കുട്ടികളുടെ നൈർമല്യമാർന്ന ആ വിശുദ്ധവനിത, ഈശ്വരനിൽ ഐക്യംപ്രാപിക്കുകയെന്ന ഒരേ ഒരു ജീവൽപ്രശ്നം പരിഹരിച്ചിരിക്കുന്നു.ഒരു കോടി പ്രശ്നങ്ങളിൽ കുഴങ്ങി, മനുഷ്യൻ ഈ ശുദ്ധലാളിത്യം മറന്നുപോയിരിക്കുന്നു. ഏകദൈവപ്രേമത്തെ നിരാകരിച്ചുകൊണ്ട് രാഷ്ട്രങ്ങൾ ജീവകാരുണ്യത്തിന്റെ ബാഹ്യപ്രകടനങ്ങളായ ദേവാലയങ്ങൾക്കു മുമ്പിൽ ബഹുമാനാദരങ്ങൾ അർപ്പിച്ച് തങ്ങളുടെ നന്ദികേട് മറച്ചുപിടിക്കുന്നു. ഈ മനുഷ്യകാരുണ്യപരമായ നടപടികൾ നന്മതന്നെയാണ്, കാരണം ഒരു നിമിഷനേരത്തേക്കെങ്കിലും അവ മനുഷ്യന്റെ ശ്രദ്ധ അവനവനിൽ നിന്ന് അകറ്റുന്നു. പക്ഷേ ഇവ യേശുവിന്റെ ആദ്യത്തെ കല്പനയിൽ പറഞ്ഞിരിക്കുന്ന, അവന്റെ ജീവിതത്തിലെ സുപ്രധാനമായ ഉത്തരവാദിത്വത്തിൽനിന്ന് അവനെ മോചിപ്പിക്കുന്നില്ല. തന്റെ ഏകഹിതകാരിയായ ജഗദീശ്വരൻ കനിഞ്ഞു നൽകിയിരിക്കുന്ന വായു ആദ്യമായി ശ്വസിച്ചുതുടങ്ങുമ്പോൾത്തന്നെ ഈശ്വരനെ സ്നേഹിക്കാനുള്ള ഉദാത്തമായ ഈ ഉത്തരവാദിത്വം മനുഷ്യൻ ഏറ്റെടുക്കുന്നു.4അവരുടെ റാഞ്ചിസന്ദർശനംകഴിഞ്ഞ് ഒരിക്കൽകൂടി ആനന്ദമയീമായെക്കാണാൻ എനിക്ക് അവസരമുണ്ടായി. ഏതാനും മാസങ്ങൾക്കുശേഷം അവർ ശിഷ്യരുമൊത്ത് ശ്രീരാമപുരം റെയിൽവേ സ്റ്റേഷൻ പ്ലാറ്റ്ഫോമിൽ തീവണ്ടിയുംകാത്തു നിൽക്കുകയായിരുന്നു. ‘ ‘പിതാജീ, ഞാൻ ഹിമാലയത്തിലേക്കുപോകുന്നു. ദയാലുക്കളായ ഏതാനും ആളുകൾ ഞങ്ങൾക്കുവേണ്ടി ദഹരാദൂണിൽ ഒരു ആശ്രമം പണിതുതന്നിരിക്കുന്നു.’ ’ അവർ എന്നോടു പറഞ്ഞു.അവർ ട്രെയിനിൽ കയറുമ്പോൾ ഞാൻ അത്ഭുതത്തോടെ ഒരു കാര്യം മനസ്സിലാക്കി: ആൾക്കൂട്ടത്തിനിടയിലായാലും ട്രെയിനിലായാലും അതല്ലാ നിശബ്ദതയിലിരുന്നാലും അവരുടെ ദൃഷ്ടി ഈശ്വരനിൽനിന്ന് വ്യതിചലിച്ചിരുന്നില്ല.എന്റെ ഉള്ളിൽ ഇപ്പോഴും അവരുടെ ശബ്ദം അളവറ്റ മാധുര്യത്തിന്റെ മാറ്റൊലിയായി ഞാൻ കേൾക്കുന്നു: ‘ ‘നോക്കൂ, ഇപ്പോഴുമെപ്പോഴും സനാതനനുമായി ഒന്നായ ഞാൻ ‘എക്കാലവും അതുതന്നെയാണ്.’ ” [image file=image_rsrc4TV.jpg] പരമഹംസ യോഗാനന്ദനും സംഘവും മാർബിളിലെ സ്വപ്നമായ ആഗ്രയിലെ താജ്മഹൽ സന്ദർശിക്കുന്നു,1936. [image file=image_rsrc4U0.jpg] 1 കിഴക്കൻ ബംഗാളിലെ ത്രിപുര ജില്ലയിലെ ഖിവരാ ഗ്രാമത്തിൽ 1896-ൽ ആണ് ആനന്ദമയീ മാ ജനിച്ചത്. (ഭാരതവിഭജനത്തിനുശേഷം ഈ പ്രദേശം ബംഗ്ലാദേശിലാണ്).2 ആനന്ദമയീ മാ ‘ ‘ഞാൻ’ ’ എന്ന് സ്വയം പരാമർശിക്കാറില്ല: ‘ ‘ഈ ശരീരം,’ ’ ‘ ‘ഈ കൊച്ചു പെൺകുട്ടി,’ ’ ‘ ‘അങ്ങയുടെ മകൾ’ ’ മുതലായ വളച്ചുകെട്ടുള്ള പദങ്ങളാണ് എളിമയോടെ അവർ ഉപയോഗിച്ചിരുന്നത്. അതുപോലെ, ആരെയും ‘ ‘ശിഷ്യ’ ’രെന്നും പറയാറില്ല. വ്യക്തിഗതമല്ലാത്ത ജ്ഞാനത്തിലൂടെ പ്രപഞ്ചജനനിയുടെ ദിവ്യപ്രേമം അവർ എല്ലാവരിലും ഒന്നുപോലെ ചൊരിയുന്നു.3 മർക്കോസ് 12:30 (ബൈബിൾ).4 ‘ ‘പുതിയതും മെച്ചെപ്പെട്ടതുമായ ഒരു ലോകം സൃഷ്ടിക്കാനുള്ള വ്യഗ്രത പലർക്കും തോന്നാറുണ്ട്. ആവക കാര്യങ്ങളിൽ നിങ്ങളുടെ മനസ്സ് വ്യാപരിക്കാൻ അനുവദിക്കരുത്. പകരം ഏതൊന്നിനെക്കുറിച്ചുള്ള മനനത്താൽ പരിപൂർണശാന്തിയുടെ പ്രത്യാശ ലഭിക്കുമോ ആ ഈശ്വരനിൽ നിങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കൂ. ഈശ്വരന്റെ അഥവാ സത്യത്തിന്റെ അന്വേഷിയാവുകയെന്നത് മനുഷ്യന്റെ കർത്തവ്യമാണ്.’ ’ – ആനന്ദമയീ മാഅധ്യായം 46നിരാഹാരയായ യോഗിനി ‘ ‘സർ, ഇന്നു പ്രഭാതത്തിൽ നാം എവിടേക്കാണ്?’ ’ ഫോഡ് ഓടിക്കുകയായിരുന്നു മി. റൈറ്റ്; അദ്ദേഹം ഒരല്പനേരത്തേക്ക് തന്റെ കണ്ണുകൾ റോഡിൽനിന്നു പിൻവലിച്ച് ചോദ്യരൂപത്തിലുള്ള കുസൃതിപ്പുഞ്ചിരിയോടെ എന്നെ നോക്കി. ഓരോ ദിവസവും ബംഗാളിന്റെ ഏതു ഭാഗമാണ് ഇനി കാണാൻപോകുന്നതെന്ന് അദ്ദേഹത്തിന് അറിയില്ലായിരുന്നു. ‘ ‘ഈശ്വരൻ കനിഞ്ഞാൽ ലോകത്തിലെ എട്ടാമത്തെ അത്ഭുതം ദർശിക്കാനാണ് നാം ഇറങ്ങിത്തിരിച്ചിരിക്കുന്നത്,’ ’ ഞാൻ ഭക്തിയോടെ പറഞ്ഞു, ‘ ‘

വെറും വായുഭക്ഷണം മാത്രം കഴിക്കുന്ന ഒരു യോഗിനി!' ' ' 'തെറീസ നോയ്മാനുശേഷം—അത്ഭുതങ്ങളുടെ ആവർത്തനങ്ങൾതന്നെ.' ' പക്ഷേ ഇതൊക്കെയാണെങ്കിലും മി. റൈറ്റ് ആകാംക്ഷയോടെ ചിരിച്ചു; മാത്രമല്ല, കാറിന്റെ ഗതിവേഗം കൂട്ടുകയും ചെയ്തു. അദ്ദേഹത്തിന്റെ യാത്രാവിവരണത്തിന് അത്യസാധാരണമായ മറ്റൊരു വിഷയം! ഒരു ശരാശരി സഞ്ചാരിയുടെ യാത്രാവിവരണം അല്ലതാനും അത്!റാഞ്ചിസ്ക്കൂൾ ഞങ്ങളുടെ പിന്നിൽ മറഞ്ഞു; ഞങ്ങൾ സൂര്യോദയത്തിനുമുമ്പ് ഉണർന്നെഴുന്നേറ്റിരുന്നു. എന്റെ സെക്രട്ടറിക്കും എനിക്കും പുറമേ മൂന്നു ബംഗാളി സുഹൃത്തുക്കൾകൂടി സംഘത്തിലുണ്ടായിരുന്നു. പ്രഭാതത്തിന്റെ പ്രകൃതിദത്തമായ മുന്തിരിച്ചാറ്—ഹർഷോന്മാദം പകരുന്ന കുളിർകാറ്റ്—ഞങ്ങൾ ആവോളം പാനംചെയ്തു. കാലേ ഉണർന്ന ഗ്രാമീണകർഷകരുടെയും കാളവണ്ടികളുടെയും ഇടയിലൂടെ ഞങ്ങളുടെ ഡ്രൈവർ കാർ ശ്രദ്ധാപൂർവം നിയന്ത്രിച്ചു. തടിച്ച് ഉയർന്നുനിന്ന ഉപ്പൂണിയുള്ള കാളകൾ മന്ദഗതിയിൽവലിച്ച ഈ ഇരുചക്രവാഹനങ്ങൾ, ഹോൺ മുഴക്കുന്ന ഒരു കടന്നുകയറ്റക്കാരനുമായി പാതയ'ക്കുള്ള അവകാശം ചോദ്യംചെയ്യാൻ തയ്യാറായിരുന്നു. ' 'സർ, നിരാഹാരയായ ആ യോഗിനിയെപ്പറ്റി ഞങ്ങൾക്ക് കൂടുതലറിയാനാഗ്രഹമുണ്ട്.' ' ' 'അവരുടെ പേര് ഗിരിബാല എന്നാണ്. സ'ഥിതി ലാൽ നന്ദി എന്ന ഒരു പണ്ഡിതനിൽനിന്ന് കൊല്ലങ്ങൾക്കുമുമ്പാണ് ഞാൻ അവരെപ്പറ്റി ആദ്യമായി കേട്ടത്. എന്റെ സഹോദരൻ വിഷ്ണുവിനെ പഠിപ്പിക്കാൻ അദ്ദേഹം ഗർപാർ റോഡിലുള്ള എന്റെ വീട്ടിൽ വരുമായിരുന്നു,' ' ഞാൻ സഹചാരികളോട് പറഞ്ഞു. ' ' 'എനിക്ക് ഗിരിബാലയെ നന്നായി അറിയാം,' സ'ഥിതി ബാബു എന്നോടു പറഞ്ഞു. 'ആഹാരം കൂടാതെ കഴിയാൻ അവർ ഒരു പ്രത്യേക യോഗവിദ്യ അവലംബിക്കുന്നു. ഇച്ഛാപുരത്തിനടുത്ത് നവാബ്ഗഞ്ചി1ൽ ഞാൻ അവരുടെ അടുത്ത അയൽക്കാരനായിരുന്നു. അവരെ അടുത്തു നിരീക്ഷിക്കുവാൻ ഞാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു; അവർ ഭക്ഷണ പാനീയങ്ങൾ കഴിച്ചിരുന്നതായി ഒരു തെളിവും എനിക്ക് കിട്ടിയില്ല. എന്റെ താല്പര്യം അത്രഅധികം വർധിച്ചപ്പോൾ ഞാൻ ബർദ്വാനി2ലെ മഹാരാജാവിനെ ചെന്നുകണ്ട് ഇതിനെപ്പറ്റി ഒരു അന്വേഷണം നടത്താൻ ആവശ്യപ്പെട്ടു. ഈ കഥ കേട്ട് അത്ഭുതാധീനനായ രാജാവ് അവരെ തന്റെ കൊട്ടാരത്തിലേക്ക് ക്ഷണിച്ചു. പരിശോധനയ'ക്കു സമ്മതിച്ച അവർ അദ്ദേഹത്തിന്റെ വസതിയിലെ ഒരു ചെറിയ ഭാഗത്ത് അടയ'ക്കപ്പെട്ട് രണ്ടുമാസം കഴിച്ചു. പിന്നീട് ഇരുപതുദിവസത്തെ ഒരു സന്ദർശനത്തിനും പതിനഞ്ചു ദിവസത്തെ മൂന്നാമത്തെ ഒരു പരീക്ഷയ'ക്കും അവർ കൊട്ടാരത്തിലെത്തി. ഈ മൂന്നു കഠിനപരിശോധനകളും അവരുടെ നിരാഹാരവ്രതം അദ്ദേഹത്തെ സംശയാതീതമായി ബോധ്യപ്പെടുത്തിയെന്ന് മഹാരാജാവുതന്നെ എന്നോടുപറഞ്ഞിട്ടുണ്ട്.' ' ' സ'ഥിതി ബാബുവിന്റെ ഈ കഥ എന്റെ മനസ്സിൽ ഇരുപത്തിയഞ്ചിലേറെ കൊല്ലങ്ങളായി നിൽക്കുന്നു,' ' ഞാൻ പറഞ്ഞുനിർത്തി. ' 'എനിക്ക് അവരെ കാണാൻ കഴിയുന്നതിനു മുമ്പ് കാലനദി ഈ യോഗിനിയെ വിഴുങ്ങിക്കളയുമോയെന്ന്, അമേരിക്കയിൽവച്ച് ഞാൻ പലപ്പോഴും സംശയിച്ചിരുന്നു. അവർക്ക് ഇപ്പോൾപ്രായം വളരെയധികമായിക്കാണും. അവർ ഇപ്പോൾ ജീവിച്ചിരിന്നുണ്ടോയെന്നും എങ്കിൽ എവിടെയെന്നു പോലും എനിക്കറിഞ്ഞു കൂടാ. ഏതാനും മണിക്കൂറുകൾക്കുള്ളിൽ നാം പുരുലിയയിൽ എത്തും; അവരുടെ സഹോദരന് അവിടെ ഒരു വീടുണ്ട്.പത്തരമണിയോടുകൂടി ഞങ്ങളുടെ ചെറിയസംഘം, അവരുടെ സഹോദരനും പുരുലിയയിലെ ഒരു അഭിഭാഷകനുമായ ലംബോദരദേയുമായി സംസാരിക്കുകയായിരുന്നു. ' 'അതെ, എന്റെ സഹോദരി ജീവിച്ചിരിക്കുന്നുണ്ട്. അവർ ചിലപ്പോൾ ഇവിടെ എന്നോടൊത്തു താമസിക്കും, പക്ഷേ ഇപ്പോൾ അവർ ഞങ്ങളുടെ ബിയൂരിലെ കുടുംബവീട്ടിലാണ്.' ' ലംബോദര ബാബു ഫോഡിനെ ശങ്കയോടെനോക്കി. ' 'സ്വാമിജീ, ഉൾപ്രദേശമായ ബിയൂരിൽ ഇതുവരെ ഏതെങ്കിലും ഒരു കാറ് ചെന്നെത്തിയിട്ടുള്ളതായി ഞാൻ കരുതുന്നില്ല. നിങ്ങളെല്ലാവരും ഒരു കാളവണ്ടിയുടെ കുലുക്കങ്ങൾ സഹിച്ചുകൊള്ളാൻ തയ്യാറാവുകയായിരിക്കും ഏറ്റവും നല്ലത്.' ' ഞങ്ങളുടെ ചെറുസംഘം ഡെട്രോയിറ്റിന്റെ അഭിമാനത്തോട് ഏകസ്വരത്തിൽ കൂറുപ്രഖ്യാപിച്ചു. ' 'ഈ ഫോഡ് അമേരിക്കയിൽ നിന്നാണ് വരുന്നത്. ബംഗാളിന്റെ ഹൃദയവുമായി പരിചയപ്പെടാൻ അതിന് ഒരവസരം നഷ്ടപ്പെടുത്തുന്നത് ലജ്ജാകരമാണ്!' ' ഞാൻ നിയമജ്ഞനോട് പറഞ്ഞു. ' ' വിഘ്നേശ്വരഭഗവാനും3 നിങ്ങളോടൊത്ത് വന്നോട്ടെ!' ' ലംബോദര ബാബു ചിരിച്ചുകൊണ്ടു പറഞ്ഞു. അദ്ദേഹം ഭവ്യതയോടെ കൂട്ടിച്ചേർത്തു. ' 'നിങ്ങൾക്ക് അവിടെ എത്തിപ്പറ്റാൻ കഴിഞ്ഞാൽ നിങ്ങളെ കാണുന്നതിൽ ഗിരിബാലയ'ക്ക് സന്തോഷമായിരിക്കും. അവർക്ക് എഴുപതു വയസ്സാകാൻ പോകുന്നു, എങ്കിലും നല്ല ആരോഗ്യമുണ്ട്.' ' ' 'പറയൂ, സർ; അവർ ആഹാരമൊന്നും കഴിക്കില്ലായെന്നത് പരിപൂർണമായും സത്യമാണോ?' ' ഞാൻ അയാളുടെ കണ്ണുകളിലേക്കു തന്നെ നോക്കി, അവയാണല്ലോ മനസ്സിന്റെ സത്യമോതുന്ന ജാലകങ്ങൾ. ' 'അത് സത്യമാണ്.' ' അദ്ദേഹത്തിന്റെ നോട്ടം തുറന്നതും മാന്യ വുമായിരുന്നു. ' ' അഞ്ചുദശവർഷക്കാലമായി അവർ ഒരുവറ്റു തിന്നുന്നത് ഞാൻ കണ്ടിട്ടില്ല. ലോകം പെട്ടെന്നവസാനിച്ചുവെന്നു വന്നാലും എന്റെ സഹോദരി ആഹാരംകഴിക്കുന്നതു കാണുന്നതിലായിരിക്കും ഞാൻ കൂടുതൽ അത്ഭുതസ്തബ്ധനാവുക!' ' ഈ രണ്ടു പ്രപഞ്ചസംഭവങ്ങളുടെയും അസംഭാവ്യതയിൽ ഞങ്ങൾ ഒരുമിച്ചു ചിരിച്ചു. ' 'തന്റെ യോഗാനുഷ്ഠാനങ്ങൾക്ക് ഗിരിബാല ആർക്കും അപ്രാപ്യമായ ഒരേകാന്തത ഒരിക്കലും തേടിയിരുന്നില്ല,' ' ലംബോദരബാബു തുടർന്നു. ' 'അവരുടെ ജീവിതം മുഴുവനും,

കുടുംബാംഗങ്ങളും സ്നേഹിതരുമായാണ് അവർ കഴിച്ചിട്ടുള്ളത്. അവരെല്ലാം ഗിരിബാലയുടെ വിസ്മയകരമായ അവസ'ഥയുമായി ഇപ്പോൾ നന്നെ പരിചയിച്ചിരിക്കുന്നു. ഗിരിബാല എന്തെങ്കിലും കഴിക്കാൻ പെട്ടെന്നു തീരുമാനിക്കുകയാണെങ്കിൽ അവരിൽ ഒരാൾ പോലും അത്ഭുതപ്പെടാതുണ്ടാവില്ല! ഒരു ഹിന്ദു വിധവയ'ക്കു ചേരുന്നരീതിയിൽ ഒതുങ്ങിയാണ് സഹോദരി കഴിയുന്നതെങ്കിലും പുരുലിയയിലും ബിയൂരിലുമുള്ള പരിമിതമായ വൃത്തത്തിൽ അവരെ അക്ഷരാർഥത്തിൽ 'അത്യസാധാരണയായ ഒരു സ്ത്രീ'യായി എല്ലാവരുമറിയുന്നു.' ' [image file=image_rsrc4UZ.jpg] ഗിരിബാല, നിരാഹാരയായ യോഗിനിആ സഹോദരന്റെ ആത്മാർഥത വ്യക്തമായിരുന്നു. ഞങ്ങളുടെ ചെറിയസംഘം അദ്ദേഹത്തിന് ഹൃദയപൂർവംനന്ദി പറഞ്ഞിട്ട് ബിയൂരിനു തിരിച്ചു. കറിയും ലുച്ചിയും വാങ്ങാൻ വഴിയിലെ ഒരു കടയിൽ ഞങ്ങൾ നിന്നു. മി. റൈറ്റ് ലളിതമായ ഭാരതീയ രീതിയിൽ4 കൈകൊണ്ട് ആഹാരം കഴിക്കുന്നതു കാണാൻ ഒരു പറ്റം തെരുവുകുട്ടികൾ ചുറ്റുംകൂടി. ഏറെ ദുർഘടംപിടിച്ച ഒന്നായിരിക്കും വരാനിരിക്കുന്ന സായാഹ്നമെന്ന് ഞങ്ങൾ അറിഞ്ഞിരുന്നില്ല. അതിനെതിരെ ഞങ്ങൾക്ക് സ്വയം ശക്തിസംഭരിക്കുവാൻ നല്ല വിശപ്പ് ഇടയാക്കി.സൂര്യാതപത്തിൽവരണ്ട നെൽപാടങ്ങളിൽക്കൂടി കിഴക്കോട്ടു നീണ്ടപാത ഞങ്ങളെ ബംഗാളിലെ ബർദ്വാൻ ഭാഗത്തേക്ക് നയിച്ചു. തിങ്ങിയ സസ്യജാലങ്ങൾ വരിനിന്ന പാതയിലൂടെ മുമ്പോട്ട് ഞങ്ങൾ നീങ്ങി; കുടപോലെ പന്തലിച്ചുനിന്ന വൃക്ഷശാഖകളിൽനിന്ന് മൈനകളുടെയും വരയൻ കഴുത്തുള്ള ബുൾബുളുകളുടെയും ഗാനങ്ങൾ ഒഴുകിവന്നു. ഇടക്കിടക്ക് ഒരു കാളവണ്ടി കടന്നുപോകും. അതിന്റെ അക്ഷദണ്ഡിന്റെയും തടിച്ചക്രങ്ങളുടെയും 'റിനി, റിനി, മഞ്ജൂ മഞ്ജൂ' എന്ന ഞരക്കം താറിട്ട രാജപാതയിലെ കാറുകളുടെ ചക്രങ്ങൾ ഉരയുന്ന സീത്കാരത്തോട് അതിനുള്ള വലിയ അന്തരം ബോധ്യമാക്കി. ' ' ഡിക്, നിർത്തൂ!' ' എന്റെ ധ്ധടുതിയിലുള്ള അഭ്യർഥന ഫോഡിൽനിന്ന് നടുക്കത്തിന്റെ ഒരു പ്രതിഷേധം ഉണ്ടാക്കി. ' 'മാമ്പഴങ്ങൾ കൊണ്ട് ഭാരം പേറുന്ന ആ മാവ് നമ്മെ ഏറെക്കുറെ ഉച്ചത്തിൽ ക്ഷണിക്കുകയാണ്!' ' ഞങ്ങൾ അഞ്ചുപേരും മാമ്പഴം നിറയെ വീണുകിടക്കുന്ന സ'ഥലത്തേക്ക് കുട്ടികളെപ്പോലെ ഓടി; പഴങ്ങൾ പാകമായപ്പോൾ ആ വൃക്ഷം കൃപയോടെ അവ പൊഴിച്ചിരുന്നു. ' 'എത്രയോ മാമ്പഴങ്ങൾ ആരും കാണാതെ താഴെ വീണു കിടക്കാനും കല്ലുനിറഞ്ഞ നിലത്ത് സ്വന്തം മാധുര്യം പാഴാക്കിക്കളയാനുമായി ജനിക്കുന്നു,' ' ഞാൻ ഒരു കാവ്യാനുകരണം നടത്തി. ' 'ഇതിനു തുല്യമായി ഒന്നും അമേരിക്കയിൽ ഇല്ല, അല്ലേ സ്വാമിജീ? ' ' എന്റെ ബംഗാളി വിദ്യാർഥി ശൈലേശ് മജുംദാർ ചിരിച്ചു. ' 'ഇല്ല,' ' മാമ്പഴച്ചാറും സംതൃപ്തിയും കൊണ്ടുനിറഞ്ഞ ഞാൻ സമ്മതിച്ചു. ' 'പാശ്ചാത്യദേശത്ത് മാമ്പഴം എനിക്ക് എത്ര മാത്രം അപ്രാപ്യമായിരുന്നു! മാമ്പഴമില്ലാത്ത ഹിന്ദുവിന്റെസ്വർഗം സങ്കല്പിക്കാൻ തന്നെ ഏതാണ്ടസാധ്യമാണ്!' ' ഒരു കല്ലെടുത്ത് എറിഞ്ഞ് ഏറ്റവും ഉയർന്നകൊമ്പിൽ നിന്നും ഒരു പ്രൗഢസുന്ദരിയെ ഞാൻ താഴെവരുത്തി.മധ്യരേഖാപ്രദേശത്തെ സൂര്യൻ ഊഷ്മളമാക്കിയ ഈ അമൃതം കടിച്ചെടുത്ത് ആസ്വദിക്കുന്നതിനിടയ'ക്ക് ഞാൻ ചോദിച്ചു; ' 'ഡിക്, ക്യാമറകൾ എല്ലാം കാറിലുണ്ടല്ലോ?' ' ' 'ഉണ്ട്, ഡിക്കിയിൽ ഇരിക്കുന്നു.' ' ' 'ഗിരിബാല ഒരു വിശുദ്ധമഹതിയാണെന്ന് ബോധ്യമായാൽ അവരെപ്പറ്റി പാശ്ചാത്യരാജ്യത്തുവച്ച് എനിക്കെഴുതണം. അവരെപ്പോലെ ഇത്ര പ്രചോദനാത്മകമായ സിദ്ധികളുള്ള ഒരു ഹിന്ദു യോഗിനി ആരുമറിയാതെ ജീവിക്കുകയും മരിക്കുകയും ചെയ്തുകൂടാ—ഈ മാമ്പഴങ്ങളിൽ മിക്കതുംപോലെ.' ' അരമണിക്കൂറിനുശേഷവും ഞാൻ ആ കാനനഭംഗിയുടെ പ്രശാന്തിയിൽ വിഹരിക്കുകയായിരുന്നു. ' 'സർ, സൂര്യൻ അസ്തമിക്കുന്നതിനുമുമ്പ്, നമുക്ക് ഗിരിബാലയുടെ അടുത്തെത്തണം. എങ്കിലേ പടങ്ങൾ എടുക്കാൻതക്ക പ്രകാശം ലഭിക്കൂ,' ' മി. റൈറ്റ് ചിരിച്ചുകൊണ്ടുതുടർന്നു. ' ' പാശ്ചാത്യർ സംശയാലുക്കളാണ്; ചിത്രങ്ങൾ ഒന്നുമില്ലെങ്കിൽ ഈ വിശുദ്ധയെപ്പറ്റി അവർ വിശ്വസിക്കുമെന്ന് നമുക്കു പ്രതീക്ഷിക്കുക വയ്യ!' ' ഈ വിജ്ഞാനശകലം തർക്കമറ്റതായിരുന്നു; പ്രലോഭനത്തിനു വഴങ്ങാതെ ഞാൻ കാറിൽകയറി.കാർ ഓടിത്തുടങ്ങിയപ്പോൾ ഞാൻ നെടുവീർപ്പോടെ പറഞ്ഞു, ' 'നിങ്ങൾ പറഞ്ഞതു ശരിയാണ് ഡിക്; ഈ മാമ്പഴസ്വർഗത്തെ പാശ്ചാത്യരുടെ യാഥാർഥ്യബോധത്തിന്റെ പീഠത്തിൽ ഞാൻ ബലിയർപ്പിക്കുന്നു. ഫോട്ടോകൾ നമുക്കു കൂടിയേതീരൂ!' ' പാത കൂടുതൽ കൂടുതൽ ദുരിതപൂർണമായിത്തീർന്നു: വണ്ടിച്ചക്രച്ചാലുകളുടെ ചുളിവുകളും ഉറച്ചുകട്ടിപിടിച്ച ചെളിമൺകുരുക്കളും—വാർധക്യത്തിന്റെ ശോചനീയ ദൗർബല്യങ്ങൾ. കൂടുതൽ എളുപ്പത്തിൽ മി. റൈറ്റിന് കാറ് വളച്ചു തിരിച്ചുനീക്കാനായി ഞങ്ങളുടെ സംഘം ഇടക്കിടെ കാറിൽനിന്ന് ഇറങ്ങിക്കൊടുത്തു. ഞങ്ങൾ നാലുപേരും പിന്നിൽനിന്ന് ഫോഡ് തള്ളിക്കൊടുക്കുകയും ചെയ്തു. ' 'ലംബോദര ബാബു സത്യമാണ് പറഞ്ഞത്,' ' ശൈലേശ് സമ്മതിച്ചു. ' 'കാറ് നമ്മെയല്ലാ നാം കാറിനെയാണ് വഹിച്ചുകൊണ്ടു പോകുന്നത്!' ' കൗതുകകരമായ ലാളിത്യത്തിന്റെരംഗമായ ഓരോ ഗ്രാമത്തിന്റെയും കാഴ്ച ഇടക്കിടെ വാഹനത്തിൽ കയറുക, ഇറങ്ങുക എന്ന മുഷിച്ചിൽ, ലഘൂകരിച്ചു.1936 മെയ് 5-ാം തീയതിയിലെ തന്റെ യാത്രാഡയറിയിൽ മി. റൈറ്റ് എഴുതി, ' 'കാടിന്റെ ശീതളച്ഛായയിൽ ഒതുങ്ങിക്കൂടുന്ന പുരാതനവും നിഷ്കളങ്കവുമായ ഗ്രാമങ്ങളിലെ തെങ്ങിൻതോപ്പുകളിലൂടെ ഞങ്ങളുടെ പാത വളഞ്ഞുതിരിഞ്ഞു മുന്നോട്ടുനീങ്ങി. ഈശ്വരന്റെ എതെങ്കിലുമൊരു നാമം വാതിൽക്കൽ എഴുതി അലങ്കരിച്ച ഓലമേഞ്ഞ ഈ മൺകുടിലുകളുടെ കൂട്ടങ്ങൾ അത്യധികം കൗതുകം ജനിപ്പിച്ചു.

കാളകളില്ലാത്ത ഒരു വലിയ കറുത്തവണ്ടി അവരുടെ ഗ്രാമത്തിലൂടെ ഭ്രാന്തമായവേഗത്തിൽ പാഞ്ഞുപോകുന്നതുകണ്ട് ഒന്നും അറിയാതെ കളിച്ചുകൊണ്ടിരുന്ന നഗ്നരായ അനേകം കുട്ടികൾ ഒന്നുകിൽ മിഴിച്ചു നോക്കുകയോ അല്ലെങ്കിൽ പേടിച്ചോടുകയോ ചെയ്തു. നിഴലുകളുടെ പിന്നിൽനിന്ന് സ്ത്രീകൾ ഒളിഞ്ഞു നോക്കുകമാത്രം ചെയ്തു. തങ്ങളുടെ കൗതുകം ഉദാസീനതയിൽ മറച്ച പുരുഷന്മാർ വഴിയരികിലെ മരച്ചോടുകളിൽ അലസമായി കിടന്നു. ഒരിടത്ത് ഗ്രാമീണർ ആകമാനം ഒരു വലിയ കുളത്തിൽ ഉടുതുണിയോടെ രസിച്ചുകുളിക്കുകയായിരുന്നു. അവർ നനഞ്ഞ വസ്ത്രം മാറുന്നത് ഉണങ്ങിയ വസ്ത്രം മേൽചുറ്റി, നനഞ്ഞത് താഴേക്ക് ഇട്ടാണ്. വലിയ പിത്തളക്കുടങ്ങളിൽ സ്ത്രീകൾ വീടുകളിലേക്ക് വെള്ളം ചുമന്നുകൊണ്ടുപോയി. ‘ ‘കൂനകൾക്കും പാത്തികൾക്കും മീതെകൂടി റോഡ് ഞങ്ങളെ രസകരമായി ഇട്ടോടിച്ചു; പൊങ്ങിയും താണും, ആടി ഉലഞ്ഞും, ചെറിയ തോടുകളിൽ ചാടിയും പണിതീരാത്ത ചിറകൾ ഒഴിവാക്കി വഴിമാറിയും ഉണങ്ങിയ മണൽനിറഞ്ഞ നദീതടങ്ങളിലൂടെ തെന്നിത്തെറിച്ചും ഒടുവിൽ വൈകുന്നേരം അഞ്ചുമണിയോടെ ഞങ്ങളുടെ ലക്ഷ്യസ'ഥാനമായ ബിയൂരിന് വളരെയടുത്ത് ഞങ്ങൾ എത്തിച്ചേർന്നു. ബങ്കുറാ താലൂക്കിന്റെ ഉൾഭാഗത്തുള്ള ഈ ചെറിയ ഗ്രാമം ഇടതൂർന്നു വളർന്ന മരങ്ങളുടെ പച്ചിലച്ചാർത്തിൽ സുരക്ഷിതമായി ഒളിച്ചിരിക്കുന്നു. ഇത് വർഷകാലത്ത് യാത്രക്കാർക്ക് അപ്രാപ്യമാണെന്ന് ഞങ്ങൾകേട്ടു. അപ്പോൾ മഴയിൽ പുഴകളെല്ലാം നിറഞ്ഞു കവിഞ്ഞ് അതിശക്തമായി ഒഴുകുകയും പാതകൾ, സർപ്പങ്ങളെപ്പോലെ, ചേറെന്നവിഷം വമിക്കുകയുംചെയ്യും. ‘ ‘ഏകാന്തമായ ഒരു വെളിസ'ഥലത്ത് ഒരു ക്ഷേത്രത്തിൽ നിന്നും പ്രാർഥനയ'ക്കുശേഷം വീട്ടിലേക്ക് തിരിച്ചുപോകുന്ന ഒരു കൂട്ടം ഭക്തജനങ്ങളോട് ഒരു വഴികാട്ടിയെ തേടിയപ്പോൾ, ഒരു ഡസൻ അല്പവസ്ത്രധാരികളായ പയ്യന്മാർ ഞങ്ങളെ പൊതിഞ്ഞു. അവർ കാറിന്റെവശത്ത് വലിഞ്ഞുകയറി ഞങ്ങൾക്കു ഗിരിബാലയെ കാട്ടിത്തരാൻ ഉത്സാഹം കാണിച്ചു. ‘ ‘ഏതാനും മൺവീടുകൾക്കു തണലേകിയ ഈന്തപ്പനത്തോട്ടത്തിലേക്കു പാതപോയി. പക്ഷേ അവിടെ എത്തുന്നതിനുമുമ്പ് അപായകരമായ നിലയിൽ ഒരു നിമിഷനേരത്തേക്ക് ഫോഡ് ഒന്നു ചരിഞ്ഞ്, മേലേക്കുപൊന്തി, താഴേക്കുവന്നുവീണു. മരങ്ങളും കുളങ്ങളും ചുറ്റി, മൺതിട്ടകളും ആഴമുള്ള കുഴികളും പാത്തികളും കയറിയിറങ്ങി ഇടുങ്ങിയവഴി നീണ്ടു. ഏതാനും കുറ്റിച്ചെടികളുടെ മീതേ കാറ് ഉടക്കി, ഒരു മൺകൂനയിൽ തറച്ചുനിന്നു. അടിയിൽ മൺകട്ടകളിട്ട് വണ്ടി ഉയർത്തേണ്ടിവന്നു. സാവധാനമായും ശ്രദ്ധാപൂർവവും ഞങ്ങൾ മുന്നോട്ടുനീങ്ങി. വണ്ടിച്ചക്രങ്ങളുണ്ടാക്കിയ പാത്തികൾക്കുനടുവിൽ തിങ്ങിവളർന്ന ഒരു കുറ്റിക്കാട് പെട്ടെന്ന് വഴി അടച്ചുകളഞ്ഞു. കിഴുക്കാംതൂക്കായ ഒരു ചരിവിലൂടെ വരണ്ടുകിടന്ന ഒരു കുളത്തിലേക്ക് ഞങ്ങൾക്ക് ഒരു മറുവഴി കണ്ടെത്തേണ്ടി വന്നു. അവിടെനിന്നു രക്ഷപ്പെടാൻ മണ്ണുമാന്തി നിരപ്പാക്കുകയും വെട്ടിക്കോരിനീക്കുകയും വേണ്ടി വന്നു. വീണ്ടും വീണ്ടും വഴി അഗമ്യമായിതോന്നി. എങ്കിലും ഞങ്ങളുടെ തീർഥയാത്ര തുടരാതിരിക്കാൻ നിർവാഹമില്ലായിരുന്നു; നൂറുകണക്കിനു കുട്ടികളും അച്ഛനമ്മമാരും കണ്ണുനട്ടു നോക്കിനിൽക്കുന്നതിനിടയിൽ സഹായിക്കാൻ തയ്യാറായ എതാനും ആൺകുട്ടികൾ മൺവെട്ടികൾ കൊണ്ടുവന്ന് ദുർഘടങ്ങൾ പൂർണമായി ഒഴിവാക്കിത്തന്നു. (ശ്രീ വിഘ്നേശ്വരന്റെ അനുഗ്രഹങ്ങൾ!) ‘ ‘രണ്ടു പാത്തികൾ വീണിരുന്ന പഴഞ്ചൻ വഴിയിലൂടെ ഞങ്ങൾ കുറേശ്ശെ മുന്നോട്ടു നീങ്ങി. കുടിലുകളുടെ വാതിൽക്കൽ നിന്ന് വിടർന്ന കണ്ണുകളോടെ സ്ത്രീകൾ ഞങ്ങളെ ഉറ്റുനോക്കി. പുരുഷന്മാർ വശങ്ങളിലും പിന്നാലെയും ഞങ്ങളുടെ കൂടെക്കൂടി. കുട്ടികൾ പിറകെ ചറുപിറെയോടി, ഘോഷയാത്രയ'ക്കു കൊഴുപ്പുകൂട്ടി. ഈ പാതകളിലൂടെ ആദ്യം കടന്നുവന്ന മോട്ടോർകാർ, ഒരുപക്ഷേ ഞങ്ങളുടേതായിരിക്കണം; 'കാളവണ്ടി സംഘടന' ഇവിടെ സർവശക്തമായിരിക്കണം! ഒരു അമേരിക്ക ക്കാരൻ നിയന്ത്രിക്കുന്ന ഒരു സംഘം, മുക്ര ഇടുന്ന ഒരു കാറിൽ നേരെ അവരുടെ ഗ്രാമത്തിന്റെ ഹൃദയത്തിലേക്ക്, അതിന്റെ ചിരപുരാതനമായ ഏകാന്തതയേയും വിശുദ്ധിയേയും ആക്രമിച്ചു കീഴടക്കി കടന്നുവരിക; എന്തൊരു കോളിളക്കമാണ് ഞങ്ങൾ സൃഷ്ടിച്ചത്! ‘ ‘ഒരു ഇടുങ്ങിയവഴിയിൽ കാറു നിർത്തിയപ്പോൾ, ഗിരിബാലയുടെ പിതൃഗൃഹത്തിന് നൂറടി അടുത്ത് എത്തിയിരുന്നു ഞങ്ങൾ. പരുക്കനായ ഒരു പരിസമാപ്തികൊണ്ട് വിജയംകുറിച്ച സുദീർഘമായ റോഡുയാത്രയുടെ പോരാട്ടത്തിനുശേഷം ഞങ്ങൾ സാഫല്യത്തിന്റെ ഹർഷാവേശം അനുഭവിച്ചു. ചുറ്റുപാടുമുള്ള മൺകുടിലുകളുടെയിടയിൽ തലയുയർത്തിനിൽക്കുന്ന, ഇഷ്ടികയും കുമ്മായവും കൊണ്ടു നിർമിച്ച ഒരു വലിയ ഇരുനിലകെട്ടിടത്തെ ഞങ്ങൾ സമീപിച്ചു. ആ കെട്ടിടത്തിന് കേടുപാടു പോക്കൽ നടന്നുകൊണ്ടിരിക്കുകയായിരുന്നതുകാരണം, ഉഷ്ണമേഖലാപ്രദേശത്ത് സർവസാധാരണമായ മുളയുടെ ചട്ടക്കൂട് അതിനു ചുറ്റുമുണ്ടായിരുന്നു. ‘ ‘ദൈവികമായ 'വിശപ്പില്ലായ്മ'യുടെ സ്പർശത്താൽ അനുഗൃഹീതയായ ആ മഹതിയുടെ വീടിനുമുന്നിലെ തുറന്ന വാതിൽക്കൽ അത്യധികം പ്രതീക്ഷയോടും അടക്കിയ ആഹ്ലാദത്തോടും ഞങ്ങൾ നിന്നു. ഈ അഭൂതപൂർവമായ ദൃശ്യം വീക്ഷിച്ച ചെറുപ്പക്കാരും പ്രായം ചെന്നവരും, വസ്ത്രംധരിച്ചവരുമല്ലാത്തവരുമായ ഗ്രാമീണരെല്ലാം വാപൊളിച്ചുതന്നെ നിന്നിരുന്നു. സ്ത്രീകൾ ഒരല്പം അകന്നു നിന്നിരുന്നെങ്കിലും അവർക്കും കൗതുകം കുറവായിരുന്നില്ല. പുരുഷന്മാരും കുട്ടികളുമാകട്ടെ, ഒരു നാണവുമില്ലാതെ ഞങ്ങളുടെ പിന്നാലെകൂടി. ‘ ‘അധികം താമസിയാതെ, പൊക്കം കുറഞ്ഞ ഒരു രൂപം വാതിൽക്കൽകാണായി—ഗിരിബാല! മങ്ങിയ മഞ്ഞപ്പട്ടുവസ്ത്രം പുതച്ചിരിക്കുകയായിരുന്നു അവർ; തന്റെ

സ്വദേശിവസ്ത്രത്തിന്റെ മുകൾഭാഗം അല്പംപൊക്കി ഞങ്ങളെ സൂക്ഷിച്ചുനോക്കിക്കൊണ്ട് തികച്ചും ഭാരതീയമായ രീതിയിൽ ഒതുക്കത്തോടും സങ്കോചത്തോടും അവർ മുന്നോട്ടു വന്നു. ശിരോവസ്ത്രത്തിന്റെ നിഴലിൽ അവരുടെ കണ്ണുകൾ എരിയുന്ന തീക്കനൽപോലെ തിളങ്ങി; സ്നേഹനിർഭരവും ഏറ്റവും ദയാമയവുമായ അവരുടെ മുഖം ഞങ്ങളെ ആകർഷിച്ചു; സാക്ഷാത്കാരത്തിന്റെയും അറിവിന്റെയും, ലൗകിക മമതകളിൽനിന്നുള്ള പരിപൂർണ വിമുക്തിയുടെയും ഒരുമുഖം! ‘ ‘അവർ ഏറെ സങ്കോചത്തോടെ അടുത്തുവന്നു. നിശ്ചലവും ചലിക്കുന്നതുമായ ചിത്രങ്ങളെടുക്കാനുള്ള ഞങ്ങളുടെ ക്യാമറകൾ5 കൊണ്ട് ധാരാളം ഫോട്ടോകളെടുക്കാൻ അവർ നിശ്ശബ്ദമായി സമ്മതിച്ചു. ഫോട്ടോ എടുക്കുന്നതിന് ഇരുട്ടിന്റെയും വെളിച്ചത്തിന്റെയും ഞങ്ങളുടെ സാങ്കേതിക ക്രമീകരണങ്ങൾ അവർ ക്ഷമയായും ശാലീനമായും സഹിച്ച് ഇരുന്നുതന്നു. അമ്പതു വർഷങ്ങളിലധികമായി ഭക്ഷണപാനീയങ്ങൾ കൂടാതെ ജീവിച്ചിരുന്നു എന്നറിയപ്പെടുന്ന ലോകത്തിലെ ഒരേ ഒരു മഹതിയുടെ ചിത്രങ്ങൾ, അങ്ങനെ ഞങ്ങൾ ഭാവിതലമുറയ'ക്കു വേണ്ടി രേഖപ്പെടുത്തി. (തെറീസ നോയ്മാൻ, തീർച്ചയായും, 1923 മുതൽ നിരാഹാരയാണ്). അവർ ഞങ്ങളുടെ മുമ്പിൽ നിന്നപ്പോൾ അവരുടെ മുഖഭാവം ഏറെയും മാതൃസമാനമായിരുന്നു. തന്റെ കൈകളും ചെറിയ കാലുകളുമൊഴിച്ച് ഒട്ടും തന്നെ കാണാനാകാത്തവണ്ണം അയഞ്ഞ, ഒഴുകുന്ന വസ്ത്രം കൊണ്ട് അവർ ശരീരം പൂർണമായും പൊതിഞ്ഞിരുന്നു. അസാധാരണമായ പ്രശാന്തിയുടെയും നിഷ്കളങ്കമായ സമചിത്തതയുടെയും ഒരു മുഖമായിരുന്നു അത്: വിടർന്ന, ശിശുസഹജമായ, വിറകൊള്ളുന്ന ചുണ്ട്, സ്ത്രീത്വം സ്ഫുരിക്കുന്ന മൂക്ക്, ചെറിയ തിളങ്ങുന്ന കണ്ണുകൾ, ചിന്താകുലമായപുഞ്ചിരി.’ ’ ഗിരിബാലയെപ്പറ്റിയുള്ള മി. റൈറ്റിന്റെ ധാരണകൾ ഞാനും പങ്കിട്ടു; അവരുടെ സ്നിഗ്ദ്ധമായി തിളങ്ങുന്ന ശിരോവസ്ത്രംപോലെതന്നെ ആത്മീയത അവരെ പൊതിഞ്ഞിരുന്നു. ഒരു സന്ന്യാസിയെ ഒരു ഗൃഹസ'ഥാശ്രമി അഭിവാദനംചെയ്യുന്ന പതിവുരീതിയിൽ അവർ എന്റെ മുന്നിൽ പ്രണമിച്ചു. അവരുടെ ലാളിത്യത്തിന്റെ വശ്യതയും സൗമ്യമായ പുഞ്ചിരിയും, തേൻതൂകുന്ന വാക്ചാതുരിയ'ക്കപ്പുറമായ ഒരു സ്വാഗതം ഞങ്ങൾക്കോതി. പൊടിയിൽ കുളിച്ച കഠിനമായ യാത്ര ഞങ്ങൾ മറന്നേ പോയിരുന്നു.അധികം പൊക്കവും വണ്ണവുമില്ലാത്ത ആ സിദ്ധ വരാന്തയിൽ ചമ്രംപടിഞ്ഞ് ഇരുന്നു. പ്രായത്തിന്റെ അടയാളങ്ങൾ പേറിയിരുന്നുവെങ്കിലും അവർ ചടച്ചിരുന്നില്ല: ഒലിവ് നിറമാർന്ന അവരുടെ തൊലി തെളിഞ്ഞതും ആരോഗ്യം തുളുമ്പുന്നതുമായിരുന്നു. ‘ ‘ അമ്മേ, ഇരുപത്തിയഞ്ചു കൊല്ലത്തിലധികമായി ഞാൻ ഈ ഒരു തീർഥയാത്രയെപ്പറ്റി ആകാംക്ഷയോടെയാണ് ചിന്തിച്ചിരുന്നത്!’ ’ ഞാൻ ബാംഗാളിയിൽ പറഞ്ഞു. ‘ ‘അവിടത്തെ വിശുദ്ധമായ ജീവിതത്തെപ്പറ്റി സ'ഥിതിലാൽ നന്ദി ബാബുവിൽ നിന്നാണ് ഞാൻ അറിഞ്ഞത്.’ ’ അംഗീകാരത്തോടെ അവർ തലകുലുക്കി. ‘ ‘നവാബ് ഗഞ്ചിലെ എന്റെ നല്ല അയൽക്കാരൻ.’ ’ ‘ ‘ആ കൊല്ലങ്ങളത്രയും ഞാൻ മഹാസമുദ്രങ്ങൾകടന്ന് അപ്പുറത്തായിരുന്നു. എങ്കിലും അമ്മയെ എന്നെങ്കിലുമൊരിക്കൽ കാണണമെന്ന ആശയം ഒരിക്കലും മറന്നില്ല. ആരുടെയും ശ്രദ്ധയാകർഷിക്കാതെ അവിടുന്ന് ഇവിടെ അഭിനയിക്കുന്ന ഉൽകൃഷ്ടമായ ഈ നാടകം, ആന്തരികമായ ദിവ്യാഹാരത്തെ ദീർഘകാലമായി മറന്നുകഴിഞ്ഞിരിക്കുന്ന ഒരുലോകത്തിനു മുമ്പിൽ ഉൽഘോഷിക്കേണ്ടതാണ്.പ്രശാന്തമായ താല്പര്യത്തോടെ പുഞ്ചിരിച്ചുകൊണ്ട് ആ വിശുദ്ധ ഒരു മിനിറ്റുനേരം കണ്ണുകളുയർത്തിനോക്കി. ‘ ‘ബാബയ'ക്ക് എല്ലാം ഏറെ നന്നായി അറിയാമല്ലോ, ’ ’ അവർ വിനീതമായി ഉത്തരം പറഞ്ഞു.അവരെ അവഹേളിക്കുകയാണെന്ന് അവർ കരുതാത്തതിൽ ഞാൻ സന്തോഷിച്ചു; പ്രസിദ്ധിയുടെയും പ്രചാരത്തിന്റെയും ആശയത്തോട് യോഗിമാരും യോഗിനിമാരും എങ്ങനെ പ്രതികരിക്കുമെന്ന് ആർക്കും പറയാൻ സാധ്യമല്ല. അവർ അത് മന:പൂർവം ഒഴിവാക്കുന്നു: നിശ്ശബ്ദമായി, തീവ്രമായ ആത്മീയാന്വേഷണം തുടരാനാണ് അവർ ആഗ്രഹിക്കുന്നത്. സാധകരുടെ നന്മയ'ക്കുവേണ്ടി അവരുടെ ജീവിതങ്ങൾ തുറന്നുകാട്ടാനുള്ള ഉചിതമായ സമയം വന്നെത്തുമ്പോൾ അവർക്ക് ആന്തരികമായ ഒരനുമതി ലഭിക്കുന്നു. ‘ ‘അമ്മേ, അങ്ങനെയെങ്കിൽ നിരവധി ചോദ്യങ്ങൾകൊണ്ട് അവിടുത്തെ ബുദ്ധിമുട്ടിക്കുന്നതിൽ പൊറുക്കണം. ഇഷ്ടമുള്ളവയ'ക്കു മാത്രം മറുപടി പറഞ്ഞാൽ മതി; അവിടുത്തെ നിശ്ശബ്ദതയും എനിക്കു മനസ്സിലാകും.’ ’ ഔദാര്യത്തിന്റെ ഒരു ഒരാഗ്യംത്തോടെ അവർ കൈകൾ വീശി. ‘ ‘ എന്നെപ്പോലെ നിസ്സാരയായ ഒരു വ്യക്തിക്കു തരാൻ കഴിയുന്നത്ര തൃപ്തികരമായ ഉത്തരങ്ങൾ തരാൻ എനിക്കു സന്തോഷമാണ്.’ ’ ‘ ‘ഓ, അല്ല, അവിടുന്ന് നിസ്സാരയല്ല! അങ്ങ് ഒരു ശ്രേഷ്ഠയായ മഹതിയാണ്,’ ’ ഞാൻ ആത്മാർഥതയോടെ തറപ്പിച്ചു പറഞ്ഞു. ‘ ‘ഞാൻ എല്ലാവരുടെയും എളിയ ഒരുദാസിയാണ്.’ ’ അവർ കൗതുകകരമായി കൂട്ടിച്ചേർത്തു, ‘ ‘ആഹാരം ഉണ്ടാക്കുവാനും ആളുകളെ ഊട്ടുവാനും ഞാൻ ഏറെ ഇഷ്ടപ്പെടുന്നു.നിരാഹാരയായ ഒരു സിദ്ധയുടെ വിചിത്രമായ ഒരു നേരമ്പോക്ക്! ഞാൻ വിചാരിച്ചു. ‘ ‘അമ്മേ, അവിടുത്തെ മുഖത്തു നിന്നുതന്നെ കേൾക്കട്ടെ അങ്ങ് നിരാഹാരയായാണോ ജീവിക്കുന്നത്?’ ’ ‘ ‘അതു സത്യമാണ്.’ ’ ഏതാനും നിമിഷം അവർ നിശ്ശബ്ദയായിരുന്നു. മനസ്സിൽ കണക്കുകൂട്ടി ബദ്ധപ്പെടുകയായിരുന്നു അവരെന്ന് അവരുടെ അടുത്ത പ്രസ്താവം വെളിവാക്കി. ‘പന്ത്രണ്ടു വയസ്സും നാലുമാസവും മുതൽ ഇപ്പോഴെന്റെ വയസ്സ് അറുപത്തിഎട്ടുവരെ അമ്പത്തിയാറു വർഷത്തിലേറെക്കാലം ഞാൻ ആഹാരം കഴിക്കുകയൊ പാനീയങ്ങൾ കുടിക്കുകയോ ചെയ്തിട്ടില്ല. ‘ ‘ആഹാരം കഴിക്കാൻ ഒരിക്കലും

കൊതി തോന്നാറില്ലേ?’ ’ ‘ ‘ആഹാരത്തിനു കൊതി തോന്നിയിരുന്നുവെങ്കിൽ, എനിക്ക് കഴിക്കേണ്ടിവരുമായിരുന്നു’ ’. നിത്യവും മൂന്നുനേരത്തെ ആഹാരത്തെ കേന്ദ്രീകരിച്ചു വട്ടംകറങ്ങുന്ന ഈ ലോകം നന്നേയറിയുന്ന ഈ സാരഗർഭമായ സത്യം ലളിതമായെങ്കിലും രാജോചിതമായി അവർ പ്രസ്താവിച്ചു! ‘ ‘പക്ഷേ, അവിടുന്ന് എന്തെങ്കിലും കഴിക്കുന്നുണ്ട്!’ ’ എന്റെ സ്വരത്തിൽ തർക്കംകലർന്നിരുന്നു, ‘ ‘തീർച്ചയായും!’ ’ കാര്യം പെട്ടെന്നു മനസ്സിലാക്കി അവർ പുഞ്ചിരിച്ചു. ‘ ‘വായുവിന്റെയും സൂര്യപ്രകാശത്തിന്റെയും സൂക്ഷ്മതരമായ ഊർജ്ജത്തിൽനിന്നും, മേരുശിരസിലൂടെ ശരീരത്തെ ഊർജനിർഭരമാക്കുന്ന പ്രപഞ്ചശക്തിയിൽനിന്നുമാണ് അവിടത്തെ പോഷണം ലഭിക്കുന്നത്.’ ’ ‘ ‘ബാബയ'ക്ക് അറിയാം’ ’, സ്നിഗ്ധവും സൗമ്യവുമായ രീതിയിൽ വീണ്ടും അവർ ഞാൻ പറഞ്ഞത് അംഗീകരിച്ചു. ‘ ‘അമ്മേ, അവിടുത്തെ ചെറുപ്പകാലത്തെപ്പറ്റി എന്നോടു പറയൂ. ഭാരതത്തിനു മുഴുവനും കടലിനക്കരെയുള്ള നമ്മുടെ സഹോദരങ്ങൾക്കും അതിൽ അഗാധമായ താല്പര്യമുണ്ടാകും’ ’ ഗിരിബാല അവരുടെ സ്വത:സിദ്ധമായ വാക്സംയമം ഒഴിവാക്കിക്കൊണ്ട് സംഭാഷണഭാവത്തിന്റെ ലാഘവം കൈക്കൊണ്ടു. ‘ ‘അങ്ങനെ ആകട്ടെ’ ’, അവരുടെ ശബ്ദം പതിഞ്ഞതും സ്ഫുടവുമായിരുന്നു. ‘ ‘ഞാൻ ഈ കാട്ടുപ്രദേശത്താണ് ജനിച്ചത്. എനിക്ക് ഭക്ഷണത്തോട് തീർത്താലും തീരാത്ത ആർത്തിയായിരുന്നുവെന്നതൊഴിച്ചാൽ എന്റെ കുട്ടിക്കാലം തീർത്തും സാധാരണമായിരുന്നു. ‘ ‘എനിക്ക് ഏതാണ്ട് ഒമ്പതുവയസ്സായപ്പോൾ എന്റെ വിവാഹം നിശ്ചയിച്ചു. ‘ ‘ ‘കുഞ്ഞേ, നിന്റെ ആർത്തി നിയന്ത്രിക്കാൻ ശ്രമിക്കു.' എന്റെ അമ്മ പലപ്പോഴും എന്നെ താക്കീതു ചെയ്യുമായിരുന്നു. 'നിന്റെ ഭർത്താവിന്റെ കുടുംബത്തിൽ നീ അറിയാത്ത ആളുകളോടൊത്തു താമസിക്കേണ്ട സമയം വരുമ്പോൾ നീ തീറ്റയിൽ മാത്രമായി ദിവസങ്ങൾ കഴിച്ചാൽ അവരെന്തു വിചാരിക്കും?' ‘ ‘അവർ മുൻകൂട്ടിക്കണ്ട ദുരന്തം സംഭവിക്കുകതന്നെ ചെയ്തു. നവാബ്ഗഞ്ചിൽ ഭർത്താവിന്റെ ആളുകളോടുചേർന്ന് താമസമായപ്പോൾ എനിക്കു പന്ത്രണ്ടു വയസ്സുമാത്രമായിരുന്നു പ്രായം. എന്റെ കലശലായ അത്യാർത്തിയുടെ സ്വഭാവം കാരണം എന്റെ അമ്മായിയമ്മ എന്നെ രാവിലെയും, ഉച്ചയ'ക്കും, വൈകിട്ടും നാണംകെടുത്തി. ഏതായാലും അവരുടെ ശകാരങ്ങൾ ഉർവ്വശീശാപം ഉപകാരമായതുപോലെ അനുഗ്രഹമായിത്തീർന്നു; അവ എന്നിൽ നിർലീനമായ ആത്മീയപ്രവണതകളെ ഉണർത്തി. ഒരു പ്രഭാതത്തിൽ അവരുടെ അധിക്ഷേപം അതിക്രൂരമായിരുന്നു. ‘ ‘ ‘ഇനി ജീവിച്ചിരിക്കുന്നിടത്തോളം കാലം ഞാൻ ആഹാരം കൈകൊണ്ടു തൊടുകയില്ലെന്ന് താമസിയാതെ ഞാൻ നിങ്ങൾക്കു കാട്ടിത്തരാം,' എന്റെ ഉള്ളുപിടഞ്ഞ് ഞാൻ പറഞ്ഞു. ‘ ‘എന്റെ അമ്മായിഅമ്മ പരിഹസിച്ചു ചിരിച്ചു 'അങ്ങനെയോ? അമിതമായി ആഹാരം കഴിക്കാതെ ജീവിക്കാനാവാത്ത നിനക്ക് ഒന്നും കഴിക്കാതെ എങ്ങനെ ജീവിക്കാൻകഴിയും?' അവർ ചോദിച്ചു. ‘ ‘എനിക്ക് ഉത്തരം മുട്ടി. എങ്കിലും എന്റെ ഹൃദയത്തിൽ ഉരുക്കു പോലൊരു തീരുമാനം കടന്നുകൂടി. ആളൊഴിഞ്ഞ ഒരു സ'ഥലത്തുപോയി ഞാൻ ജഗദീശ്വരനെ വിളിച്ചു. ‘ ‘ ‘ഈശ്വരാ, ആഹാരത്താലല്ലാതെ അങ്ങയുടെ പ്രകാശത്താൽ ജീവിക്കാൻ എന്നെ പഠിപ്പിക്കുവാൻ കഴിവുള്ള ഒരു ഗുരുവിനെ അയച്ചുതരൂ,' ഞാൻ നിർത്താതെ പ്രാർഥിച്ചു. ‘ ‘അത്യുൽകൃഷ്ടമായ ഒരു ആനന്ദാനുഭൂതി എന്നെ പൊതിഞ്ഞു. പരമാനന്ദനിർവൃതിയിൽ, ഞാൻ ഗംഗാതീരത്തെ നവാബ്ഗഞ്ച് സ്നാനഘട്ടത്തിലേക്കു നടന്നു. വഴിയിൽ എന്റെ ഭർത്തൃകുടുംബത്തിന്റെ പുരോഹിതനെ ഞാൻ കണ്ടു. ‘ ‘ ‘അഭിവന്ദ്യഗുരോ, ആഹാരം കഴിക്കാതെ ജീവിക്കുന്നത് എങ്ങനെയാണെന്ന് എനിക്ക് പറഞ്ഞുതരൂ,' വിശ്വാസമർപ്പിച്ചുകൊണ്ടു ഞാൻ പറഞ്ഞു. ‘ ‘ഉത്തരമൊന്നുംപറയാതെ അദ്ദേഹം എന്നെ ഉറ്റുനോക്കി. ഒടുവിൽ സാന്ത്വനിപ്പിക്കുന്ന രീതിയിൽ പറഞ്ഞു, 'കുട്ടീ, ഇന്നു വൈകുന്നേരം ക്ഷേത്രത്തിൽവരൂ; ഞാൻ നിനക്കുവേണ്ടി ഒരു പ്രത്യേക വൈദികകർമ്മം നടത്താം.' ‘ ‘അവ്യക്തമായ ഈ ഉത്തരമായിരുന്നില്ല എനിക്കുവേണ്ടിയിരുന്നത്; ഞാൻ സ്നാനഘട്ടത്തിലേക്കുതന്നെ തിരിച്ചു. പ്രഭാതസൂര്യൻ ജലത്തിലേക്കു തുളച്ചിറങ്ങി; ദിവ്യമായ ഒരു ദീക്ഷാകരണത്തിനെന്നവണ്ണം ഞാൻ ഗംഗയിൽ ഇറങ്ങി ദേഹശുദ്ധിവരുത്തി. നനഞ്ഞ വസ്ത്രത്തിൽ ഞാൻ നദീതീരം വിട്ടപ്പോൾ നിറഞ്ഞുപരന്ന പകൽവെളിച്ചത്തിൽ എന്റെ ഗുരുദേവൻ എന്റെ മുന്നിൽ പ്രത്യക്ഷനായി! ‘ ‘സ്നേഹനിർഭരവും കരുണാർദ്രവുമായ സ്വരത്തിൽ അദ്ദേഹം പറഞ്ഞു, 'പ്രിയപ്പെട്ട കുഞ്ഞേ, നിന്റെ അടിയന്തിരമായ പ്രാർഥന നിറവേറ്റാൻ ജഗദീശ്വരൻ ഇവിടേക്കയച്ച ഗുരുവാണ് ഞാൻ. നിന്റെ പ്രാർഥനയുടെ തീരെ അസാധാരണമായ സ്വഭാവം അദ്ദേഹത്തെ അഗാധമായി സ്പർശിച്ചു! ഇന്നുമുതൽ നീ സൂക്ഷ്മപ്രകാശത്താൽ ജീവിക്കും; നിന്റെ ശരീരത്തിലെ ഓരോ പരമാണുവും അനന്തശക്തി പ്രവാഹത്താൽ പുനർപൂരണം ചെയ്യപ്പെടും.'ഗിരിബാല മൗനംപൂണ്ടു. ഞാൻ മി. റൈറ്റിന്റെ പെൻസിലും പുസ്തകവും വാങ്ങി ഏതാനും വിവരങ്ങൾ അദ്ദേഹത്തിന്റെ അറിവിലേക്കായി ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തി.ആ വിശുദ്ധദേവി കഥതുടർന്നു; അവരുടെ സൗമ്യശബ്ദം കഷ്ടിച്ചേ കേൾക്കാമായിരുന്നുള്ളൂ. ‘ ‘സ്നാനഘട്ടം വിജനമായിരുന്നു; എങ്കിലും ഇടയ'ക്കും മുറയ'ക്കും വരാനിടയുള്ള കുളിക്കാർ ഞങ്ങളെ ശല്യപ്പെടുത്താതിരിക്കാനായി എന്റെ ഗുരു ഞങ്ങൾക്കു ചുറ്റും പ്രകാശത്തിന്റെ ഒരു സംരക്ഷണവലയം സൃഷ്ടിച്ചു. സാധാരണമനുഷ്യർ കഴിക്കുന്ന സ'ഥൂലഭക്ഷണത്തെ ആശ്രയിക്കുന്നതിൽനിന്ന് ശരീരത്തെ വിമോചിപ്പിക്കുന്ന ഒരു ക്രിയാസങ്കേതത്തിൽ അദ്ദേഹം എനിക്കു ദീക്ഷതന്നു. ഈ മാർഗത്തിൽ ഒരു മന്ത്ര7വും

സാധാരണക്കാരന് അനുഷ്ഠിക്കാൻ പ്രയാസമായ ഒരു പ്രാണായാമവിധിയും ഉൾപ്പെടുന്നു. മരുന്നുകളോ ഇന്ദ്രജാലമോ ഒന്നുമില്ല; ആ ക്രിയ അല്ലാതെ മറ്റൊന്നുമില്ല.' ' അറിഞ്ഞുകൊണ്ടല്ലാതെ എന്നെ അയാളുടെ രീതികൾ പഠിപ്പിച്ച ഒരു അമേരിക്കക്കാരൻ പത്രപ്രവർത്തകന്റെമാതിരി, ലോകർക്കു താല്പര്യമുണ്ടാകുമെന്ന് ഞാൻ കരുതിയ കാര്യങ്ങൾ ഗിരിബാലയോടു ഞാൻ ചോദിച്ചു. താഴെപ്പറയുന്ന വിവരങ്ങൾ അവർ കുറേശ്ശെയായി നൽകി: ' 'എനിക്ക് കുട്ടികൾ ഉണ്ടായില്ല: വളരെ വർഷങ്ങൾക്കുമുമ്പ് ഞാൻ ഒരു വിധവയായി. ഉറക്കവും ഉണർവും എനിക്ക് ഒന്നുപോലെയായതിനാൽ ഞാൻ വളരെ കുറച്ചേ ഉറങ്ങുകയുള്ളൂ. പകൽ വീട്ടുജോലികൾ ചെയ്തു കൊണ്ട് ഞാൻ രാത്രിയിൽ ധ്യാനിക്കും. ഋതുക്കൾമാറുമ്പോഴുള്ള കാലാവസ'ഥാവ്യത്യാസം വളരെ ലഘുവായേ എനിക്ക് അനുഭവപ്പെടുകയുള്ളൂ. എനിക്ക് ഒരിക്കലും അസുഖം വരുകയോ എന്തെങ്കിലും രോഗം ബാധിക്കുകയോ ഉണ്ടായിട്ടില്ല. യാദൃച്ഛയാ മുറിവേറ്റാൽ അല്പമായ വേദനയേ അനുഭവപ്പെടാറുള്ളൂ. എനിക്ക് ശാരീരകവിസർജ്യങ്ങൾ ഇല്ല. എന്റെ ഹൃദയമിടിപ്പും ശ്വാസോച്ഛ്വാസവും നിയന്ത്രിക്കാൻ എനിക്കു കഴിയും. എന്റെ ഗുരുവിന്റെയും മറ്റു മഹാത്മക്കളുടെയും ദർശനം എനിക്ക് ഇടയ'ക്കിടെ ഉണ്ടാകാറുണ്ട്.' ' ' 'അമ്മേ, ആഹാരംകഴിക്കാതെ ജീവിക്കാനുള്ള മാർഗം അവിടുന്ന് എന്തുകൊണ്ടാണ് മറ്റുള്ളവരെ പഠിപ്പിക്കാത്തത്?' ' ലോകത്തെ പട്ടിണിപ്പാവങ്ങൾക്കുവേണ്ടി എന്നിലുയർന്ന എന്റെ കടന്ന പ്രതീക്ഷകൾ പെട്ടെന്നു തകർന്നു.അവർ നിഷേധാത്മകമായി തലകുലുക്കി, ' 'പാടില്ല. ഈ രഹസ്യം പുറത്തുവിടരുതെന്ന് എന്റെ ഗുരു കർശനമായി ആജ്ഞാപിച്ചിട്ടുണ്ട്. അദ്ദേഹം ഈശ്വരന്റെ സൃഷ്ടിയുടെ നാടകത്തിൽ കൈകടത്തുന്നതിന് ഇച്ഛിക്കുന്നില്ല. ആഹാരമില്ലാതെ ജീവിക്കാൻ ധാരാളം ആളുകളെ പഠിപ്പിച്ചാൽ കൃഷിക്കാർക്ക് കൃതജ്ഞതയായിരിക്കില്ല എന്നോടു തോന്നുക! മധുരോദരമായ പഴങ്ങൾ ആർക്കും വേണ്ടാതെ മണ്ണിൽ കിടക്കും. ജീവിതത്തിന്റെ യഥാർഥ അർഥം തേടാൻ നമ്മെ ആത്യന്തികമായി നിർബന്ധിതരാക്കുന്ന നമ്മുടെ കർമത്തിന്റെ ചാട്ടവാറടികളാണ് ദുരിതവും പട്ടിണിയും രോഗവുമെന്നാണ് എനിക്കു തോന്നുന്നത്.' ' ' 'അമ്മേ, ഭക്ഷണംകൂടാതെ ഇങ്ങനെ ജീവിക്കുവാൻ അവിടുത്തെ മാത്രം തിരഞ്ഞെടുത്തതിന്റെ പ്രയോജനം എന്താണ്?' ' ഞാൻ സാവകാശം ചോദിച്ചു. ' 'മനുഷ്യൻ ആത്മാവാണെന്നു തെളിയിക്കാൻ.' ' അവരുടെ മുഖം ജ്ഞാനത്താൽ പ്രകാശിച്ചു. ' 'ആധ്യാത്മികമായ പുരോഗതി നേടിയാൽ ആഹാരംകൊണ്ട്, നിത്യപ്രകാശത്താൽജീവിക്കാൻ അവനു ക്രമേണ പഠിക്കാമെന്നു കാട്ടിക്കൊടുക്കുവാൻ.' ' 8ആ വിശുദ്ധ മഹതി ഗാഢസമാധിയിൽ മുഴുകി. അവരുടെ ദൃഷ്ടി അന്തർമുഖമായി; അവരുടെ കണ്ണുകളുടെ സൗമ്യഗഹനത നിശ്ചേതനമായി. ശ്വാസരഹിതവും പരമാനന്ദവുമായ സമാധി അവയുടെ മുന്നോടിയായി അവർ ഒരു പ്രത്യേക നിശ്വാസം ഉതിർത്തു. ചോദ്യമില്ലാത്ത ഒരു സാമ്രാജ്യത്തിലേക്ക് ആന്തരിക സന്തുഷ്ടിയുടെ ഒരു സ്വർഗത്തേക്ക് അവർ കുറച്ചു സമയത്തേക്ക് പറന്നകന്നു കഴിഞ്ഞിരുന്നു.മധ്യരേഖാപ്രദേശത്തെ ഇരുട്ട് അവിടെ വീണിരുന്നു. നിലത്തു നിഴലിൽ നിശ്ശബ്ദരായി ഇരുന്ന ഗ്രാമീണരുടെമേൽ ചെറിയ മണ്ണെണ്ണ വിളക്ക് ഇടക്കിടെ മങ്ങിത്തെളിഞ്ഞു. തെന്നിനീങ്ങിയ മിന്നാമിനുങ്ങുകളും അകലെ കുടിലുകളിലെ എണ്ണവിളക്കുകളും മൃദുലമോഹനമായ രാത്രിയുടെ മേൽ വിചിത്രമായ രൂപശില്പങ്ങൾ നെയ്തുകൊണ്ടിരുന്നു. വേർപാടിന്റെ വേദനാജനകമായ മുഹൂർത്തമായി; തീരെ സാവകാശം മാത്രം പോകാൻ കഴിയുന്ന ശ്രമകരമായ ഒരുയാത്ര ഞങ്ങൾക്കു മുന്നിലുണ്ടായിരുന്നു.ആ സിദ്ധ കണ്ണുതുറന്നപ്പോൾ ഞാൻ പറഞ്ഞു, ' 'ഗിരി ബാലാ, എനിക്ക് ഓർമയ'ക്കായി എന്തെങ്കിലും തരൂ, അവിടത്തെ ചേലയുടെ ഒരു കഷ്ണം.' ' അവർ ഒരു കഷ്ണം കാശിപ്പട്ടുമായി വേഗം മടങ്ങിയെത്തി; അത് കൈയ്യിൽവച്ചുനീട്ടിക്കൊണ്ട് അവർ പെട്ടെന്ന് ദീർഘദണ്ഡം നമസ്ക്കരിച്ചു.ഭക്ത്യാദരങ്ങളോടെ ഞാൻ പറഞ്ഞു, ' 'അമ്മേ, അവിടുത്തെ വിശുദ്ധപാദങ്ങൾ തൊട്ടുവന്ദിക്കാൻ എന്നെയാണ് അനുവദിക്കേണ്ടത്!' ' . [image file=image_rsrc4XH.jpg] 1 ഉത്തരബംഗാളിൽ2 ഇപ്പോൾ കഥാവശേഷനായ സർ വിജയ ചന്ദ് മഹതാബ് മഹാരാജാവ്. ഗിരി ബാലയെ സംബന്ധിച്ചുനടത്തിയ മൂന്ന് അന്വേഷണങ്ങളുടെ ഏതാനും രേഖകൾ സംശയാതീതമായും അദ്ദേഹത്തിന്റെ കടുംബത്തിന്റെ കൈവശമുണ്ട്.3 വിഘ്നങ്ങളകറ്റുന്ന ദേവൻ. ഭാഗ്യത്തിന്റെ ദേവൻ4 ശ്രീ യുക്തേശ്വരൻ പറയുമായിരുന്നു: ' 'ജഗദീശ്വരൻ ഈ നല്ല ഭൂമിയുടെ ഫലങ്ങൾ നമുക്കു തന്നിരിക്കുന്നു. നമ്മുടെ ആഹാരം കാണാനും, അതിന്റെ നറുമണം ആസ്വദിക്കാനും അത് രുചിക്കാനും നമുക്ക് ഇഷ്ടമാണ്. ഒരു ഹിന്ദു അത് തൊടാനും ഇഷ്ടപ്പെടുന്നു!' ' കഴിക്കുമ്പോൾ ആരും അടുത്തില്ലെങ്കിൽ കഴിക്കുന്നതിന്റെ ശബ്ദം കേൾക്കാനും വിരോധമില്ല.5 അദ്ദേഹം ശ്രീരാമപുരത്ത് ആഘോഷിച്ച ഒടുവിലത്തെ ശരത്കാല അയനാന്ത ഉത്സവസമയത്ത് ശ്രീ യുക്തേശ്വരന്റെ ചലിക്കുന്ന ചിത്രങ്ങൾ മി. റൈറ്റ് എടുക്കുകയുമുണ്ടായി.6 നാം ഭക്ഷിക്കുന്നത് വികിരണ രശ്മികളാണ്; നമ്മുടെ ഭക്ഷണം എത്രയോ അളവ് ഊർജമാണ്.' ' 1933 മെയ് 17-ാം തീയതി മെംഫിസിൽവച്ച് ക്ലീവ്ലൻഡിലെ ഡോ. ജോർജ് ഡബ്ല്യിയൂ. ക്രൈൽ ഒരു ഭിഷഗ്വരസംഘത്തോടുപറഞ്ഞു. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ഏതാനും ഭാഗങ്ങൾ ഇങ്ങനെ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു:ശരീരത്തിലെ നാഡീവ്യൂഹം എന്ന സഞ്ചാലനവ്യവസ'ഥയ'ക്കു വേണ്ട വൈദ്യുതി വിമോചിപ്പിക്കുന്ന സർവപ്രധാനമായ ഈ വികിരണം സൂര്യരശ്മികളിൽനിന്നാണ് ഭക്ഷണത്തിനു ലഭിക്കുന്നത്. പരമാണുക്കൾ സൗരയൂഥങ്ങളാണെന്ന് ഡോ. ക്രൈൽ പറയുന്നു. നിരവധി ചുരുണ്ട

സ്പ്രിങ്ങുകൾപോലെ സൂര്യപ്രകാശം നിറച്ച വാഹകങ്ങളാണ് പരമാണുക്കൾ. എണ്ണമറ്റ പരമാണുക്കളിൽ നിറഞ്ഞ ഈ ഊർജം നാം ഭക്ഷിക്കുന്നു. മനുഷ്യ ശരീരത്തിൽ എത്തിക്കഴിഞ്ഞാൽ സ്വയംനിറഞ്ഞ വാഹകരായ ഈ പരമാണുക്കൾ ശരീരത്തിലെ പ്രോട്ടോപ്ലാസത്തിൽ വിമോചിതമാകുന്നു, ഈ തേജസ്ഫുരണങ്ങൾ പുതിയ രാസോർജം, പുതിയ വൈദ്യുതധാരകൾ ലഭ്യമാക്കുന്നു. ‘അത്തരം പരമാണുക്കൾ കൊണ്ടാണ് നിങ്ങളുടെ ശരീരം നിർമിച്ചിരിക്കന്നത്. അവയാണ് നിങ്ങളുടെ പേശികളും തലച്ചോറും, കണ്ണുകളെയും, കാതുകളെയുംപോലെ നിങ്ങളുടെ ഇന്ദ്രിയങ്ങളും,’ ഡോ. ക്രൈൽ പറഞ്ഞു.’ ’ സൂര്യപ്രകാശം നേരിട്ടു സ്വീകരിച്ചുകൊണ്ടുതന്നെ മനുഷ്യന് എങ്ങനെ ജീവിക്കാ നാവുമെന്ന് ശാസ്ത്രജ്ഞന്മാർ ഒരിക്കൽ കണ്ടെത്തും. വില്യം എൽ. ലോറൻസ് ന്യൂയോർക്ക്റ്റൈംസ്—ൽ എഴുതുന്നു, ‘ ‘സൂര്യരശ്മി എങ്ങനെയോ സംഭരിച്ച് ഉപയോഗിക്കാൻ കഴിവുള്ളതായി പ്രകൃതിയിൽ ഇന്ന് അറിയപ്പെടുന്ന ഒരേ ഒരു വസ്തു ചെടികളിലെ ഹരിതകമാണ്. അത് സൗരോർജം പിടിച്ചെടുത്ത് ചെടിയിൽ സംഭരിക്കുന്നു. ഇതില്ലാതെ ജീവിതംതന്നെ നിലനിൽക്കുകയില്ല. ജീവിക്കാനാവശ്യമായ ഊർജം ചെടികളിലോ ചെടികൾ ഭക്ഷിക്കുന്ന ജന്തുക്കളുടെ മാംസത്തിലോ സംഭരിച്ചിട്ടുള്ള സൗരോർജത്തിൽ നിന്ന് നമുക്ക് ലഭിക്കുന്നു. ദശലക്ഷക്കണക്കിനു വർഷങ്ങൾക്കുമുമ്പ് സസ്യങ്ങളിലെ ഹരിതകം സംഭരിച്ചു വച്ച സൗരോർജമാണ് കൽക്കരിയിൽനിന്നോ മണ്ണെണ്ണയിൽനിന്നോ നമുക്കു കിട്ടുന്ന ഊർജം. ഹരിതകത്തിന്റെ കാർമികത്വത്തിലൂടെ നാം സൂര്യനെക്കൊണ്ട് ജീവിക്കുന്നു.’ ’ 7 ശക്തമായ സ്പന്ദനാത്മകജപം. സംസ്കൃതത്തിലെ ‘മന്ത്രം’ എന്ന വാക്കിന്റെ വാച്യാർഥ തർജമ ‘ ‘മനനത്തിന്റെ ഉപകരണം’ ’ എന്നാണ്. സൃഷ്ടിയുടെ ഒരു ഭാവത്തെ പ്രതിനിധാനം ചെയ്യുന്ന ‘ ‘സൂക്ഷ്മവും അശ്രാവ്യവുമായ ശബ്ദങ്ങളെ അത് പ്രകടമാക്കുന്നു; അക്ഷരങ്ങളായി ഉച്ചരിക്കുമ്പോൾ ഒരു മന്ത്രം ഒരു സാർവലൗകികഭാഷയായിത്തീരുന്നു’ ’. (വെബ്സ്റ്റേഴ്സ് ന്യൂ ഇന്റർനാഷണൽ ഡിക്ഷ്ണറി, രണ്ടാംപതിപ്പ്). ശബ്ദത്തിന്റെ അനന്തമായശക്തികൾ ‘ ‘വചനം’ ’ ഓംകാരം അഥവാ വിശ്വയന്ത്രത്തിന്റെ സൃഷ്ടിപരമായ മുരളലിൽനിന്ന് ഉത്ഭവിക്കുന്നു.8 പതഞ്ജലിയുടെ യോഗസൂത്രം III:31 ൽ പരാമർശിച്ചിട്ടുള്ള ഒരു യോഗവിഭൂതിയാണ് ഗിരിബാല സിദ്ധിവരുത്തിയ നിരാഹാരാവസ്ഥ. സുഷുമ്നയിൽ സ്ഥിതിചെയ്യുന്ന സൂക്ഷ്മശക്തിയുടെ അഞ്ചാമത്തെ കേന്ദ്രമായ വിശുദ്ധചക്രത്തോടുബന്ധപ്പെട്ട ഒരു പ്രാണായാമമാണ് അവർ അവലംബിക്കുന്നത്. കണ്ഠത്തിനെതിരെയുള്ള വിശുദ്ധചക്രം കോശങ്ങളിലെ പരമാണുക്കളുടെയിടയിൽ നിറഞ്ഞിരിക്കുന്ന ‘ആകാശം’ എന്ന അഞ്ചാമത്തെ മഹാഭൂതത്തെ നിയന്ത്രിക്കുന്നു. ഈ ചക്രത്തിൽ ഏകാഗ്രത വരുത്തിയാൽ സാധകന് സൂക്ഷ്മാകാശ ഊർജത്താൽ ജീവിക്കുവാൻകഴിയും.തെറീസ നോയ്മാൻ സ്ഥൂലമായ ഭക്ഷണത്താൽ ജീവിക്കുകയോ നിരാഹാരവ്രതത്തിനായി ശാസ്ത്രീയമായ യോഗമാർഗം ആചരിക്കുകയോ ചെയ്യുന്നില്ല. ഇതിന്റെ വിശദീകരണം വ്യക്തിഗതമായ കർമത്തിന്റെ സങ്കീർണതയിൽ ഒളിഞ്ഞിരിക്കുന്നു. ഒരു തെറീസ നോയ്മാനും ഒരു ഗിരിബാലയ്ക്കും പിന്നിൽ ഈശ്വരന് അർപ്പിച്ച അനവധി ജന്മങ്ങളുണ്ട്. പക്ഷേ അവരുടെ ബാഹ്യമായ ആത്മാവിഷ്ക്കാരത്തിന്റെ മാർഗങ്ങൾ വ്യത്യസ്തമായിരിക്കുന്നു. നിരാഹാരരായിജീവിച്ച ക്രിസ്ത്യൻ പുണ്യാത്മാക്കളിൽ (അവരും ദിവ്യമുറിപ്പാടുകളുള്ളവരായിരുന്നു) ഷീഡാമിലെ ലിഡ്വിനാ വിശുദ്ധ, റെന്റിലെ വിശുദ്ധ എലിസബത്ത്. സിയനയിലെ വിശുദ്ധ കാതറീൻ, ഡൊമിനിക്ക ലാസറി, ഫൊളിന്യോയിലെ വിശുദ്ധ ആൻജല, പത്തൊമ്പതാംനൂറ്റാണ്ടിലെ ലൂയീസ് ലാറ്റോ എന്നീ പേരുകൾ എടുത്തുപറയാം. ഫ്ളൂവേയിലെ നിക്കൊളാസ് (ബ്രൂഡർ ക്ലാവ്സ്, പതിനഞ്ചാം നൂറ്റാണ്ടിലെ ഈ യതിവര്യൻ ഐക്യമത്യത്തിനു വേണ്ടിചെയ്ത ഹൃദയസ്പർശിയായ അഭ്യർഥനയാണ് സ്വിസ് ഐക്യനാടുകളെ രക്ഷിച്ചത്) ഇരുപതുവർഷക്കാലം ആഹാരം വർജിച്ചിരുന്നു.അധ്യായം 47ഞാൻ പാശ്ചാത്യദേശത്തേക്ക് മടങ്ങുന്നു ‘ ‘ഭാരതത്തിലും അമേരിക്കയിലും ധാരാളം യോഗശാസ്ത്ര പാഠങ്ങൾ ഞാൻ നൽകിയിട്ടുണ്ട്. എന്നാൽ ഒരു ഹിന്ദുവെന്ന നിലയിൽ ഇംഗ്ലീഷുകാരായ വിദ്യാർഥികൾക്കുവേണ്ടി ഒരു ക്ലാസു നടത്തുന്നതിൽ എനിക്ക് ഒരു പ്രത്യേക സന്തോഷമുണ്ടെന്ന് ഏറ്റു പറയട്ടെ.’ ’ ലണ്ടനിൽ എന്റെ ക്ലാസിലെ അംഗങ്ങൾ അതംഗീകരിച്ചു കൊണ്ടു ചിരിച്ചു; രാഷ്ട്രീയകാലുഷ്യങ്ങൾ ഞങ്ങളുടെ യോഗനിർവൃതിയെ ഒരിക്കലും അലങ്കോലപ്പെടുത്തിയില്ല.ഭാരതം ഇപ്പോൾ ഒരുവിശുദ്ധമായ ഓർമയായിമാറിയിരിക്കുന്നു. ഇത് 1936 സെപ്തംബറാണ്: പതിനാറുമാസംമുമ്പ് നൽകിയ ഒരു വാഗ്ദാനമനുസരിച്ച് ലണ്ടനിൽ വീണ്ടും പ്രഭാഷണം നടത്തുന്നതിന് ഞാൻ ഇംഗ്ളണ്ടിലെത്തിയിരിക്കുകയാണ്.കാലാതീതമായ യോഗശാസ്ത്രത്തിന്റെ സന്ദേശം സ്വീകരിക്കുവാൻ ഇംഗ്ളണ്ടും തയ്യാറായിരുന്നു. ഞാൻ താമസിച്ചിരുന്ന ഗ്രോസ്വെനർ ഹൗസിൽ പത്രറിപ്പോർട്ടർമാരും ന്യൂസ്റീൽ ക്യാമറക്കാരും തടിച്ചു കൂടിയിരുന്നു. സെപ്തംബർ 29–ാംതീയതി വൈറ്റ് ഫീൽഡ് കോൺഗ്രിഗേഷനൽ ദേവാലയത്തിൽ, ബ്രിട്ടീഷ് നാഷണൽ കൗൺസിൽ ഒഫ് ദ വേൾഡ് ഫെലോഷിപ് ഒഫ് ഫെയ്ത്സ് സംഘടിപ്പിച്ച ഒരു സമ്മേളനത്തിൽ, ‘ ‘സൗഹാർദത്തിലുള്ള വിശ്വാസം എങ്ങനെ സംസ്ക്കാരത്തെ നിലനിർത്തും ’ ’ എന്ന ഗൗരവമായ വിഷയത്തെ അധികരിച്ച് ഞാൻ പ്രസംഗിച്ചു. കാക്സ്റ്റൻ ഹാളിലെ എട്ടു മണിക്കുള്ള എന്റെ പ്രസംഗം വളരെ വലിയ ഒരു ജനക്കൂട്ടത്തെ ആകർഷിച്ചു. രണ്ടുരാത്രികളിൽ, കാക്സ്റ്റൻ ഹാളിൽ സ്ഥലം ലഭിക്കാത്തവർ വിൻഡ്സർഹൗസിൽ ഒമ്പതര മണിക്കുള്ള എന്റെ

രണ്ടാമത്തെ പ്രസംഗത്തിനുകാത്തുനിന്നു. അടുത്ത ആഴ്ച്ചകളിലെ യോഗാക്ലാസുകളിൽ സംബന്ധിച്ചവരുടെ എണ്ണം അത്രമാത്രം വർധിച്ച തിനാൽ മി. റൈറ്റിന് ആ ക്ലാസുകൾ മറ്റൊരു ഹാളിലേക്ക് മാറ്റേണ്ടിവന്നു.ഇംഗ്ലീഷുകാരുടെ സ'ഥിരോത്സാഹം ആത്മീയബന്ധത്തിലും പ്രശംസനീയമായി പ്രകാശിക്കുന്നു. ഞാൻ മടങ്ങിയശേഷം ലണ്ടനിലെ യോഗാവിദ്യാർഥികൾ ആത്മാർഥതയോടെ ഒന്നുചേർന്ന് ഒരു സെൽഫ് റിയലൈസേഷൻ ഫെലോഷിപ് കേന്ദ്രം സംഘടിപ്പിച്ചു. അവരുടെ പ്രതിവാരധ്യാനയോഗങ്ങൾ യുദ്ധത്തിന്റെ കയ്പേറിയ വർഷങ്ങൾമുഴുവൻ അവർ തുടർന്നു.മറക്കാനാവാത്ത ആഴ്ചകൾ ഇംഗ്ളണ്ടിൽ; ലണ്ടനിൽ കാഴ്ച്ചകൾ കണ്ടുനടന്ന ദിനങ്ങൾ, പിന്നെ സുന്ദരമായ നാട്ടിൻ പുറങ്ങളിലേയ'ക്ക്. മഹാന്മാരായ കവികളുടെയും, ബ്രിട്ടീഷ് ചരിത്രത്തിലെ വീരനായകന്മാരുടെയും ജന്മസ'ഥലങ്ങളും ശവകുടീരങ്ങളും സന്ദർശിക്കാൻ മി.റൈറ്റും ഞാനും വിശ്വസ്തമായ ഫോഡ് തന്നെയാണ് ഉപയോഗിച്ചത്.സതാംപ്റ്റനിൽനിന്ന് അമേരിക്കയിലേക്ക് ബ്രെമൻ എന്ന നൗകയിൽ ഒക്ടോബർ അവസാനം ഞങ്ങളുടെ ചെറിയസംഘം തിരിച്ചു. ന്യുയോർക്ക് തുറമുഖത്തെ പ്രൗഢമായ സ്വാതന്ത്ര്യപ്രതിമയുടെ ദർശനം ആഹ്ലാദത്തിന്റെ ഗദ്ഗദങ്ങൾ ഞങ്ങളുടെ കണ്ഠങ്ങളിൽ ഉതിർത്തു.പുരാതനരാജ്യങ്ങളിലൂടെയുള്ള ദുർഘടമായ യാത്രയുടെ ഫലമായി ഞങ്ങളുടെ ഫോഡ് അല്പം തകർന്നിരുെന്നങ്കിലും യാത്രയ'ക്കു വേണ്ടശേഷി വച്ചുപുലർത്തിയിരുന്നു; ഭൂഖണ്ഡത്തിനു കുറുകേ കാലിഫോർണിയക്കുള്ള ഞങ്ങളുടെ യാത്രയും അത് സാരമാക്കിയില്ല. 1936 അവസാനം, ഇതാ, ഞങ്ങൾ മൗണ്ട് വാഷിംഗ്ടൺ കേന്ദ്രത്തിലെത്തിയിരിക്കുന്നു.ലോസ് ആൻജലീസ് കേന്ദ്രത്തിൽ വർഷാവസാന അവധി ദിവസങ്ങളിൽ ഡിസംബർ 24 - ന് ഒരു എട്ടുമണിക്കൂർ സമൂഹധ്യാനവും (ആത്മീയ ക്രിസ്മസ്)1, അടുത്ത ദിവസം ഒരു വിരുന്നും (സാമൂഹ്യ ക്രിസ്മസ്) വർഷംതോറും ആഘോഷിക്കാറുണ്ട്. ലോകസഞ്ചാരികളായ ഞങ്ങൾ മൂവരെ സ്വാഗതം ചെയ്യാൻ വിദൂരനഗരങ്ങളിൽ നിന്നു വന്നെത്തിയ സുഹൃത്തുക്കളുടെയും വിദ്യാർഥികളുടെയും സാന്നിധ്യംകൊണ്ട് ഇക്കൊല്ലത്തെ ആഘോഷങ്ങൾ കൂടുതൽ വിപുലമായിരുന്നു.ഈ ആഹ്ലാദകരമായ അവസരത്തിനുവേണ്ടി പതിനായിരം മൈൽദൂരത്തു നിന്നുകൊണ്ടുവന്നിരുന്ന കശ്മീരിലെ ഗുഛികൂണുകൾ, ടിന്നിലടച്ച രസഗുള, മാമ്പഴച്ചാറ്, പപ്പടങ്ങൾ, ഐസ്ക്രീമിന് മണവും രുചിയും വരുത്താൻവേണ്ടി കേവഡ എണ്ണ എന്നീ വിശേഷാൽ വിഭവങ്ങൾ ക്രിസ്മസ് വിരുന്നിന് ഉണ്ടായിരുന്നു. സായാഹ്നത്തിൽ ദീപാലങ്കൃതമായ ഒരു വലിയ ക്രിസ്മസ് വൃക്ഷത്തിനുചുറ്റും ഞങ്ങൾ കൂട്ടംകൂടി ഇരുന്നു. സമീപത്തായി ഒരു ആഴി കൂട്ടിയതിൽ സുഗന്ധം പൊഴിക്കുന്ന സൈപ്രസ് തടിക്കഷണങ്ങൾ കത്തിയെരിഞ്ഞു.പാരിതോഷികങ്ങൾ കൈമാറാനുള്ള ശുഭവേള! ലോകത്തിന്റെ വിദൂരമായമൂലകളിൽ—പാലസ്തീൻ, ഈജിപ്റ്റ്, ഭാരതം, ഇംഗ്ലണ്ട് ഫ്രാൻസ്, ഇറ്റലി—നിന്നുവന്നവ. അമേരിക്കയിലെ സ്നേഹഭാജനങ്ങളെ ഉദ്ദേശിച്ചുവാങ്ങിയ അമൂല്യവസ്തുക്കൾ, ചൂണ്ടിക്കളയുന്നവരുടെ കൈയ്യിൽ എത്തിപ്പെടാതിരിക്കാൻ ഓരോ രാജ്യങ്ങളുടെയും അതിർത്തികളിൽ മി. റൈറ്റ് എത്ര ബദ്ധപ്പെട്ടാണ് പെട്ടികൾ എണ്ണിത്തിട്ടപ്പെടുത്തിയത്! വിശുദ്ധദേശത്തെ പവിത്രമായ ഒലിവുമരത്തിലുണ്ടാക്കിയ ഫലകങ്ങൾ, ബെൽജിയത്തിലും ഹോളണ്ടിലും നിന്നുള്ള ലോലമനോജ്ഞമായ തുന്നൽവേലകൾ, പേർഷ്യയിലെ പരവതാനികൾ, ഏറെ നേർമയായി നെയ്തെടുത്ത കശ്മീർഷാളുകൾ, മൈസൂറിലെ നിത്യസുഗന്ധിയായ ചന്ദനത്തടിയിലുണ്ടാക്കിയ തട്ടങ്ങൾ, മധ്യപ്രദേശത്തുനിന്ന് ശിവ ‘നന്ദിനയന’ കല്ലുകൾ, ഭാരതത്തിലെ പുരാതനരാജവംശങ്ങളുടെ നാണയങ്ങൾ, രത്നഖചിതമായ പൂപ്പാത്രങ്ങൾ, ചഷകങ്ങൾ, ചെറു ചിത്രങ്ങൾ, ശില്പമാതൃകകൾ, ചിത്രക്കമ്പളങ്ങൾ, അഷ്ടഗന്ധം, മറ്റു സുഗന്ധദ്രവ്യങ്ങൾ, സ്വദേശി പരുത്തിവസ്ത്രങ്ങൾ, ചായംപിടിപ്പിച്ച കൗതുകവസ്തുക്കൾ, മൈസൂറിൽനിന്നുള്ള ദന്തശില്പങ്ങൾ, ജിജ്ഞാ സാദ്യോതകമായ നീണ്ട വിരൽതുമ്പുള്ള പേർഷ്യൻ പാദുകങ്ങൾ, കൗതുകകരമായ പഴയ ചിത്രങ്ങളോടുകൂടിയ കൈയ്യെഴുത്തുകൾ, സൂര്യപടങ്ങൾ, കസവുതരങ്ങൾ, ഗാന്ധിത്തൊപ്പികൾ, കളിമൺ വസ്തുക്കൾ, ഓടുകൾ, പിത്തളയിലെ കലാവസ്തുക്കൾ, പ്രാർഥനാ കമ്പളങ്ങൾ—മൂന്നു ഭൂഖണ്ഡങ്ങളുടെ കൊള്ളമുതൽ!ക്രിസ്മസ് വൃക്ഷത്തിനുചുവട്ടിൽ വർണാഭമായി പൊതിഞ്ഞ് കുന്നുകൂട്ടിയിരുന്ന സമ്മാനപ്പൊതികൾ ഓരോന്നോരോന്നായി ഞാൻ വിതരണംചെയ്തു. ‘‘സിസ്റ്റർ ജ്ഞാനമാതാ!’’ ഒരു നീണ്ടപൊതി ഞാൻ അവർക്കു നൽകി. മധുരമായ മുഖവും സാക്ഷാത്ക്കാരവുമുള്ള ഈ പുണ്യാത്മാവായ അമേരിക്കൻ വനിതയ'ക്കായിരുന്നു, എന്റെ അഭാവത്തിൽ മൗണ്ട് വാഷിംഗ്ടൺ കേന്ദ്രത്തിന്റെ ചുമതല. വർണക്കടലാസുകൾക്കുള്ളിൽനിന്ന് അവർ കസവുള്ള ഒരു ബനാറസ് പട്ടുസാരി പുറത്തെടുത്തു.
‘‘അങ്ങേയ'ക്ക് നന്ദി, ഗുരുജീ! ഭാരതത്തിലെ ബഹുവിധകാഴ്ച്ചകളുടെ ഒരു ഘോഷയാത്ര ഇത് എന്റെകൺമുമ്പിൽ കൊണ്ടുവരുന്നു.’’ ‘‘മി. ഡിക്കിൻസൻ!’’ അടുത്തപൊതിയിൽ കൽക്കത്തയിലെ ഒരു ബസാറിൽനിന്ന് ഞാൻ വാങ്ങിയ ഒരു സമ്മാനമായിരുന്നു. ‘‘ മി.ഡിക്കിൻസന് ഇതിഷ്ടപ്പെടും,’’ എന്ന് അന്നു ഞാൻ വിചാരിച്ചു. പ്രിയശിഷ്യനായ മി. ഈ.ഈ. ഡിക്കിൻസൻ, 1925 മൗണ്ട് വാഷിംഗ്ടൺ കേന്ദ്രം സ'ഥാപിച്ചശേഷമുള്ള എല്ലാ ക്രിസ്മസ് ആഘോഷങ്ങളിലും സന്നിഹിതനായിരുന്നു.ഈ പതിനൊന്നാമതു വാർഷികാഘോഷവേളയിൽ ദീർഘ ചതുരമായ പൊതിയുടെ റിബണുകൾ അഴിച്ചുകൊണ്ട് അദ്ദേഹം എന്റെ മുന്നിൽനിന്നു. ‘‘ ആ വെള്ളിക്കപ്പ്!’’ വികാരങ്ങളോടു മല്ലിട്ടുകൊണ്ട് അദ്ദേഹം ആ സമ്മാനവസ്തു—പൊക്കം

കൂടിയ പാനപാത്രം—പകച്ചു നോക്കി. വെളിവില്ലായെന്നമാതിരി അദ്ദേഹം അല്പം ദൂരെപ്പോയി ഇരുന്നു. സാന്റാ ക്ലോസ് എന്ന എന്റെ ഭാഗം പുനരാരംഭിക്കുന്നതിനു മുമ്പ് ഞാൻ അദ്ദേഹത്തെ നോക്കി സ്നേഹപൂർവം പുഞ്ചിരിച്ചു.എല്ലാ സമ്മാനങ്ങളുടെയും ദാതാവിന് കൃതജ്ഞതയർപ്പിക്കുന്ന ഒരു പ്രാർഥനയും അതിനുശേഷം ക്രിസ്മസ്കാരളുകളുടെ സംഘാലാപനവുംകൊണ്ട് വിസ്മയങ്ങളുടെ ആ സായംസന്ധ്യ പരിസമാപിച്ചു.മി. ഡിക്കിൻസനും ഞാനും പിന്നീടൊരിക്കൽ സംസാരിക്കുകയായിരുന്നു. ' 'സർ, ആ വെള്ളിക്കപ്പിന് ഞാൻ അങ്ങയോട് ഇപ്പോൾ നന്ദി പറയട്ടെ. ക്രിസ്മസ് രാത്രിയിൽ എനിക്കതു പ്രകടിപ്പിക്കുവാൻ വാക്കുകളില്ലായിരുന്നു,' ' അദ്ദേഹം പറഞ്ഞു. ' 'ആ സമ്മാനം നിനക്കുവേണ്ടി ഞാൻ പ്രത്യേകംകൊണ്ടു വന്നതാണ്.' ' ' 'നാല്പത്തിമൂന്നു വർഷങ്ങളായി ആ കപ്പിനുവേണ്ടി ഞാൻ കാത്തിരിക്കുകയായിരുന്നു! അത് ഒരു നീണ്ടകഥയാണ്, എന്റെ ഉള്ളിൽ ഞാൻ ഒളിച്ചുവച്ചിരുന്ന ഒന്ന്.' ' മി. ഡിക്കിൻസൻ എന്നെ സങ്കോചത്തോടെ നോക്കി. ' 'തുടക്കം നാടകീയമാണ്: ഞാൻ മുങ്ങിമരിക്കാൻ പോകുകയായിരുന്നു. നെബ്രാസ്കയെന്ന കൊച്ചുപട്ടണത്തിൽവച്ച് എന്റെ ജ്യേഷ്ഠൻ എന്നെ പതിനഞ്ചടി ആഴമുള്ള ഒരു കയത്തിലേക്ക് കളിയായി തള്ളിയിട്ടു. അന്ന് എനിക്ക് അഞ്ചുവയസ്സു മാത്രമായിരുന്നു പ്രായം. വെള്ളത്തിനടിയിലേക്ക് രണ്ടാമതു മുങ്ങാൻ തുടങ്ങുമ്പോൾ, ദിഗന്തങ്ങൾനിറഞ്ഞ, കണ്ണഞ്ചിപ്പിക്കുന്ന വിവിധനിറമുള്ള ഒരു പ്രകാശം കാണപ്പെട്ടു. അതിന്റെ നടുവിൽ പ്രശാന്തമായ കണ്ണുകളും ധൈര്യം പകരുന്ന പുഞ്ചിരിയുമായി ഒരു രൂപം തെളിഞ്ഞുനിന്നു. മൂന്നാമതും എന്റെ ശരീരം മുങ്ങാൻ തുടങ്ങുമ്പോൾ എന്റെ ജ്യേഷ്ഠന്റെ കൂട്ടുകാരിലൊരാൾ നീണ്ടുകനം കുറഞ്ഞ ഒരു വില്ലോമരം താഴേക്കു നന്നേ വളച്ചു തന്നു. എന്റെ പ്രതീക്ഷയറ്റ വിരലുകൾകൊണ്ട് ഞാൻ അതിൽ കടന്നുപിടിച്ചു. കുട്ടികൾ എന്നെ കരയിലേക്കു വലിച്ചുകയിറ്റിയിട്ട് എനിക്കു പ്രഥമശുശ്രൂഷ വിജയകരമായി നൽകി. ' ' പന്ത്രണ്ടു കൊല്ലത്തിനുശേഷം, പതിനേഴുവയസ്സുള്ള ഒരു ചെറുപ്പ ക്കാരനായി ഞാൻ എന്റെ അമ്മയോടൊപ്പം ഷിക്കാഗോ സന്ദർശിച്ചു. 1893 സെപ്റ്റംബറിൽ ആയിരുന്നു അത്; മഹത്തായമതങ്ങളുടെ ലോക പാർലമെന്റ് നടന്നുവരികയായിരുന്നു. അമ്മയും ഞാനും പ്രധാന തെരുവിലൂടെ നടക്കുമ്പോൾ അത്യുജ്വലമായ, ആ പ്രകാശധാര ഞാൻ വീണ്ടും കണ്ടു. ഏതാനും ചുവടകലെ, വർഷങ്ങൾക്കുമുമ്പ് എന്റെ ദർശനത്തിൽ ഞാൻകണ്ട അതേ മനുഷ്യൻ സാവധാനം നടന്നുപോകുന്നു. ഒരു വലിയസമ്മേളനഹാളിനു സമീപമെത്തിയ അദ്ദേഹം വാതിൽകടന്ന് അതിനുള്ളിൽ അപ്രത്യക്ഷനായി. ' ' 'അമ്മേ, ഞാൻ മുങ്ങിമരിക്കാൻപോയപ്പോൾ കണ്ടദേഹം അതാണ്! ഞാൻ ഉറപ്പിച്ചുപറഞ്ഞു. ' 'അമ്മയും ഞാനും ആ മന്ദിരത്തിലേക്ക് വേഗം കടന്നു ചെന്നു; ആ ദേഹം പ്രസംഗവേദിയിൽ ഉപവിഷ്ടനായിരുന്നു. ഭാരതത്തിലെ സ്വാമി വിവേകാനന്ദനാണ് അദ്ദേഹമെന്ന് ഞങ്ങൾ താമസിയാതെ മനസ്സിലാക്കി.2 ആത്മാവിനെയുണർത്തുന്ന ഒരു പ്രസംഗം അദ്ദേഹം ചെയ്തുകഴിഞ്ഞപ്പോൾ അദ്ദേഹത്തോടു സംസാരിക്കാൻ ഞാൻ മുന്നോട്ടുനീങ്ങി. ഞങ്ങൾ പഴയ സ്നേഹിതരായിരുന്നുവെന്നപോലെ അദ്ദേഹം എന്നെനോക്കി ഹാർദമായി പുഞ്ചിരിച്ചു. ഞാൻ അത്ര ചെറുപ്പമായിരുന്നതുകൊണ്ട് എന്റെ വികാരങ്ങൾക്ക് എങ്ങനെ പ്രകാശനം നൽകണമെന്ന് എനിക്കറിഞ്ഞു കൂടായിരുന്നുവെങ്കിലും, അദ്ദേഹം എന്റെ ഗുരുവാകാൻ സമ്മതിക്കുമെന്ന് ഞാൻ എന്റെ ഹൃദയത്തിൽ ആശിച്ചു. അദ്ദേഹം എന്റെ ചിന്ത മനസ്സിലാക്കി. ' ' 'അല്ലാ മകനെ, ഞാനല്ല നിന്റെ ഗുരു,' വിവേകാനന്ദൻ തന്റെ മനോഹരമായ, തുളച്ചുകയറുന്ന കണ്ണുകൾകൊണ്ട് എന്റെ കണ്ണുകളിലേക്ക് ഗാഢമായി നോക്കി. 'നിന്റെ ഗുരുദേവൻ പിന്നീടു വന്നെത്തും. അദ്ദേഹം നിനക്കൊരു വെള്ളിക്കപ്പ് സമ്മാനിക്കും.' അല്പനേരത്തെ മൗനത്തിനു ശേഷം അദ്ദേഹം പുഞ്ചിരിയോടെ തുടർന്നു, 'ഇന്നു നിനക്ക് ഉൾക്കൊള്ളാൻ കഴിയുന്നതിൽ കൂടുതൽ അനുഗ്രഹം അദ്ദേഹം നിന്നിലേക്കു പകരും.' ' 'ഏതാനും ദിവസങ്ങൾക്കുശേഷം ഞാൻ ഷിക്കാഗോവിട്ടു, ' ' മി. ഡിക്കിൻസൻ തുടർന്നു. ' 'അതിനുശേഷം മഹാനായ വിവേകാനന്ദനെ ഞാൻ വീണ്ടും കണ്ടിട്ടില്ല. പക്ഷേ അദ്ദേഹം പറഞ്ഞ ഓരോ വാക്കും എന്റെ ബോധത്തിന്റെ അഗാധതലത്തിൽ മായാത്തവണ്ണം പതിഞ്ഞിരുന്നു. വർഷങ്ങൾ കടന്നുപോയി; ഒരു ഗുരുവും വന്നെത്തിയില്ല. 1925—ലെ ഒരു രാത്രിയിൽ എന്റെ ഗുരുവിനെ അയച്ചുതരുവാൻ ഞാൻ ജഗദീശ്വരനോടു അഗാധമായി പ്രാർഥിച്ചു. ഏതാനും മണിക്കൂറുകൾക്കുശേഷം മന്ദ്രമധുരമായ സംഗീതനാദം എന്നെ ഉറക്കത്തിൽനിന്ന് ഉണർത്തി. ഏതാനും ദേവദൂതർ ഓടക്കുഴലും മറ്റു വാദ്യോപകരണങ്ങളും ധരിച്ച് എനിക്കു കാണപ്പെട്ടു. അന്തരീക്ഷം സംഗീതസാന്ദ്രമാക്കിയിട്ട് അവർ സാവധാനം മറഞ്ഞു. ' ' അടുത്തദിവസം വൈകുന്നേരം, ഇവിടെ ലോസ് ആൻജലീസിൽ വച്ച് അങ്ങയുടെ ഒരു പ്രഭാഷണം ഞാൻ ആദ്യമായിക്കേട്ടു; പ്രാർഥന ഫലിച്ചുവെന്ന് എനിക്ക് അതോടെ മനസ്സിലായി.' ' ഞങ്ങൾ നിശ്ശബ്ദരായി പരസ്പരം നോക്കി പുഞ്ചിരിച്ചു.മി.ഡിക്കിൻസൻ തുടർന്നു, "ഇപ്പോൾ പതിനൊന്നു കൊല്ലമായി ഞാൻ അങ്ങയുടെ ക്രിയായോഗശിഷ്യനാണ്. ചിലപ്പോഴൊക്കെ ഞാൻ ആ വെള്ളിക്കപ്പിനെപ്പറ്റി വിസ്മയിച്ചിട്ടുണ്ട്; വിവേകാനന്ദന്റെ വാക്കുകൾ വെറും ആലങ്കാരികമായിരുന്നുവെന്ന് ഞാൻ ഏറെക്കുറെ സ്വയം വിശ്വസിപ്പിച്ചിരുന്നു. ' 'എങ്കിലും ക്രിസ്മസ് രാത്രിയിൽ ക്രിസ്മസ് വൃക്ഷത്തിനടുത്തുവച്ച് അങ്ങ് എനിക്ക് ആ ചെറിയ പൊതി സമ്മാനിച്ചപ്പോൾ അതേ ഉജ്വലപ്രഭാപൂരം എന്റെ ജീവിതത്തിൽ മൂന്നാമത്തെ പ്രാവശ്യം ഞാൻ ദർശിച്ചു. നാല്പത്തിമൂന്നുകൊല്ലം മുമ്പ്3 വിവേകാനന്ദൻ എനിക്കുവേണ്ടി മുൻകൂട്ടിക്കണ്ട എന്റെ ഗുരുവിന്റെ സമ്മാനം ഞാൻ അടുത്തനിമിഷം ഉറ്റുനോക്കുകയായിരുന്നു ഒരു വെള്ളിക്കപ്പ്!' '

[image file=image_rsrc4Z6.jpg] പരമഹംസ യോഗാനന്ദൻ - ബോസ്റ്റൻ 1922 [image file=image_rsrc4ZB.jpg] 1 1950 മുതൽ മുഴുദിന ധ്യാനം ഡിസംബർ 23-ാം തീയതിയാണ് നടത്തിവരുന്നത്. ക്രിസ്മസ്കാലത്ത് ഒരു ദിവസം ഗാഢമായ ധ്യാനത്തിനും പ്രാർഥനയ'ക്കും വേണ്ടി മാറ്റിവച്ചുകൊണ്ട് ലോകമെമ്പാടുമുള്ള അംഗങ്ങളും, തങ്ങളുടെ ഗൃഹങ്ങളിലും യോഗദാ സത്സംഗ/സെൽഫ് – റിയലൈസേഷൻ കേന്ദ്രങ്ങളിലും ഈ പ്രത്യേക ദിനത്തിൽ ക്രിസ്മസ് അങ്ങനെ ആഘോഷിക്കുന്നു. പരമഹംസ യോഗാനന്ദൻ തുടങ്ങിവച്ച ഈ വാർഷിക ആചരണത്തിൽ മുഖ്യ ആസ'ഥാനത്ത് സമ്മേളിച്ച് ധ്യാനത്തിന് ഒത്തുകൂടിയ ഭക്തജനങ്ങളുമായി ആന്തരികതാദാത്മ്യം നേടുന്നതിലൂടെ വലിയ ആത്മീയാനുഗ്രഹങ്ങൾക്ക് തങ്ങൾ പാത്രമായിരിക്കുന്നതായി അനേകംപേർ സാക്ഷ്യപ്പെടുത്തുന്നു.പരമഹംസജി മൗണ്ട് വാഷിങ്ടൻ കേന്ദ്രത്തിൽ ഒരു പ്രാർത്ഥനായോഗവും ആരംഭിച്ചു. തങ്ങളുടെ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവയിൽനിന്ന് മോചിതരാകുന്നതിനുംവേണ്ടി സഹായം അപേക്ഷിക്കുന്ന എല്ലാവർക്കുമായി യോഗദാ സത്സംഗ/സെൽഫ് – റിയലൈസേഷൻ ഫെലോഷിപ് പ്രാർഥനായോഗം ദിവസേന പ്രാർഥനകൾ അർപ്പിക്കുന്നു. (പ്രസാധക കുറിപ്പ്)2 ക്രിസ്തുവിനെപ്പോലെയുള്ള ഗുരു ശ്രീ രാമകൃഷ്ണ പരമഹംസരുടെ പ്രധാന ശിഷ്യൻ.3 പരമഹംസ യോഗാനന്ദൻ ജനിച്ചവർഷമായ 1893 (ജനുവരി 5) – ലെ സെപ്റ്റംബറിലാണ് മി. ഡിക്കിൻസൻ സ്വാമി വിവേകാനന്ദനെ കണ്ടത്. യോഗാനന്ദൻ വീണ്ടും അവതാരമെടുത്തുവെന്നും, ഭാരതത്തിന്റെ ദർശനം പഠിപ്പിക്കാനായി അദ്ദേഹം അമേരിക്കയിൽ പോകുമെന്നും വിവേകാനന്ദൻ അറിഞ്ഞിരിക്കണം.1965-ൽ, തന്റെ എൺപത്തിഒമ്പതാമത്തെ വയസ്സിലും ആരോഗ്യവാനും കർമനിരതനുമായിരുന്നു, മി. ഡിക്കിൻസൻ, ലോസ് ആൻജിലീസിലെ സെൽഫ് – റിയലൈസേഷൻ ഫെലോഷിപ് ആസ'ഥാനത്തിൽ നടത്തപ്പെട്ട ഒരു ആഘോഷത്തിൽവച്ച് യോഗാചാര്യൻ എന്ന ബിരുദം സ്വീകരിച്ചു.അദ്ദേഹം പരമഹംസജിയുമൊത്ത് പലപ്പോഴും ദീർഘനേരം ധ്യാനിരതനാകാറുണ്ടായിരുന്നു; ദിവസേനേ മൂന്നുനേരം വീതമുള്ള ക്രിയായോഗപരിശീലനം അദ്ദേഹം ഒരിക്കലും ഉപേക്ഷിച്ചിരുന്നില്ല.1967 ജൂൺ 30-ാം തീയതി ആയിരുന്നു അദ്ദേഹത്തിന്റെ ദേഹവിയോഗം. അതിനു രണ്ടുവർഷംമുമ്പ് സെൽഫ് – റിയലൈസേഷനൻ ഫെലോഷിപ്പിലെ സന്ന്യാസിമാർക്കു വേണ്ടി യോഗാചാര്യൻ ഡിക്കിൻസൻ ഒരു പ്രഭാഷണംനടത്തി. പരമഹംസജിയോട് പറയാൻവിട്ടുപോയ രസകരമായ ഒരുവിശദാംശം അദ്ദേഹം അവരോടുപറഞ്ഞു. യോഗാചാര്യൻ ഡിക്കിൻസൻ പറഞ്ഞു: ‘ ‘സ്വാമി വിവേകാനന്ദനോട് സംസാരിക്കാനായി ഷിക്കാഗോയിൽ വേദിയിലേക്ക് ഞാൻ കടന്നു ചെന്നപ്പോൾ, എനിക്ക് അദ്ദേഹത്തെ അഭിവാദ്യം ചെയ്യാനാകുന്നതിനു മുമ്പായി അദ്ദേഹം എന്നോടു പറഞ്ഞു: ‘ ‘ ‘ ചെറുപ്പക്കാരാ, നീ വെള്ളത്തിൽ ഇറങ്ങിയേക്കരുത്!’ ” (പ്രസാധക കുറിപ്പ്)അധ്യായം 48കാലിഫോർണിയയിലെ എൻസിനിറ്റാസിൽ ‘ ‘ഒരു വിസ്മയം, ഗുരുജീ! അങ്ങ് വിദേശത്തായിരുന്നപ്പോൾ അങ്ങയുടെ അഭാവത്തിൽ ഞങ്ങൾ ഈ എൻസിനിറ്റാസ് ആശ്രമം പടുത്തുയർത്തി; ഇത് അങ്ങേയ'ക്ക് ഒരു സ്വാഗതസമ്മാനമാണ്!’ ’ മി. ലിന്നും ജ്ഞാന മാതായും ദുർഗാ മാതായും മറ്റുചില സാധകരും ഒരു ഗേറ്റ് കടന്ന്, തണൽമരങ്ങൾ വച്ചുപിടിപ്പിച്ച ഒരു നടപ്പാതയിലൂടെ എന്നെ പുഞ്ചിരിയോടെ കൂട്ടിക്കൊണ്ടുപോയി.നീലസാഗരത്തിലേക്ക് തള്ളിനിൽക്കുന്ന വലിയ ഒരു വെള്ള ക്കപ്പൽപോലുള്ള ഒരു സൗധം ഞാൻ കണ്ടു. ആദ്യം ഞാൻ മൂകനായി നിന്നുപോയി. പിന്നീട് ‘ ‘ഓ!,’ ’ ‘ ‘ആ!,’ ’ എന്നീ വ്യാക്ഷേപങ്ങളും, ഒടുവിൽ, ആനന്ദവും കൃതജ്ഞതയും പ്രകടിപ്പിക്കാൻ മനുഷ്യന് അപര്യാപ്തമായ പദസമുച്ചയങ്ങളും ഉച്ചരിച്ചുകൊണ്ട് ഞാൻ ആശ്രമം ചുറ്റിക്കണ്ടു: അസാധാരണ വലിപ്പമുള്ള പതിനാറുമുറികൾ, ഓരോന്നും അതിമനോഹരമായി ഒരുക്കിയത്.പുൽപരപ്പ്, മഹാസമുദ്രം, നീലാകാശം എന്നിവയുടെ ഒരു അൾത്താരയെ അവലോകനംചെയ്യുകൊണ്ട് മേൽത്തട്ടു തൊടുന്ന അതിബൃഹത്തായ ജനാലകളുള്ള ഗംഭീരമായ പ്രധാനസഭാമന്ദിരം നിലകൊള്ളുന്നു: മരതകം, മേഘവർണം, ഇന്ദ്രനീലം എന്നിവയുടെ ഒരു മോഹനലയവിന്യാസം! ഹാളിൽ, ചൂടുനിലനിർത്താൻ വേണ്ടിയുള്ള അതിവിപുലമായ അഗ്നികുണ്ഡം. അതിനു മേലേയുള്ളതട്ടിൽ ക്രിസ്തുദേവന്റെയും ബാബാജിയുടെയും ലാഹിരി മഹാശയന്റെയും, ശ്രീ യുക്തേശ്വരന്റെയും ചിത്രങ്ങൾ വച്ചിരുന്നു; പ്രശാന്തമായ ഈ പാശ്ചാത്യ ആശ്രമത്തിന് അനുഗ്രഹാശിസ്സുകൾ അവർ ചൊരിയുന്നതായി എനിക്കനുഭവപ്പെട്ടു.ഹാളിനുനേരേകീഴിലായി, കിഴക്കാംതൂക്കായ കരയുടെ ഉള്ളിലായി നിർമിച്ചിരിക്കുന്ന രണ്ടുഗുഹകൾ, ആകാശത്തിന്റെയും സമുദ്രത്തിന്റെയും അനന്തതയെ അഭിമുഖീകരിക്കുന്നു; കരയിൽ സൂര്യസ്നാനത്തിനു പറ്റിയ ഒഴിഞ്ഞമൂലകളും കല്ലുപാകിയപാതകൾ നയിക്കുന്ന പ്രശാന്തലതാഗൃഹങ്ങളും പനിനീർപ്പൂന്തോട്ടങ്ങളും യൂക്കാലിപ്റ്റസിന്റെ ഒരു ഉപവനവും ഫലവൃക്ഷത്തോട്ടവും ഉണ്ടായിരുന്നു.സെൻഡ് അവസ്ഥയിലെ ‘ഒരു വാസസ'ഥലത്തിനൊരു പ്രാർഥന’ ആശ്രമകവാടങ്ങളിലൊന്നിൽ തൂക്കിയിട്ടിരുന്നത് ഇങ്ങനെ വായിക്കാം: ‘ ‘നന്മയും സ'ഥിരപ്രജ്ഞതയും നിറഞ്ഞ വിശുദ്ധരുടെ ആത്മാക്കൾ ഇവിടെ വന്നുചേരട്ടെ. ഭൂമിയെപ്പോലെ സമൃദ്ധവും സ്വർഗത്തോളം സമുന്നതവുമായ അവരുടെ അനുഗ്രഹങ്ങളുടെ വിമോചകമായ വരദാനങ്ങൾ നമുക്കേകിക്കൊണ്ട് അവർ നമ്മുടെ കൈകോർത്തുപിടിച്ച് നമ്മോടൊത്തു നടക്കട്ടേ. ’ ’ 1932 ജനുവരിയിൽ ക്രിയായോഗദീക്ഷ സ്വീകരിച്ചശേഷം നിഷ്ഠയോടെ ക്രിയായോഗം പരിശീലിക്കുന്ന മി. ജയിംസ് ജെ. ലിൻ സെൽഫ് – റിയലൈസേഷൻ ഫെലോഷിപ്പിന് ഒരു

സമ്മാനമായി നൽകിയതാണ് എൻസിനിറ്റാസിലെ വിശാലമായ ഈ എസ്റ്റേറ്റ്. വിപുലമായി പെട്രോളിയ വ്യാപാരം നടത്തുന്ന വ്യവസ'ഥസായികളുടെ തലവൻ, ലോകത്തെ ഏറ്റവുംവലിയ റെസിപ്രോക്കൽ ഫയർ ഇൻഷൂറൻസ് കമ്പനിയുടെ അധ്യക്ഷൻ എന്നീ നിലകളിൽ നിരവധി ചുമതലകൾ വഹിക്കുന്ന അമേരിക്കൻ ബിസിനസുകാരനാണ് മി. ലിൻ. എങ്കിലും, ദീർഘവും ഗാഢവുമായ ക്രിയായോഗധ്യാനത്തിന് നിത്യേന അദ്ദേഹം സമയം കണ്ടെത്തുന്നു. സന്തുലിതമായ ഒരു ജീവിതം ഇപ്രകാരം നയിക്കുന്ന അദ്ദേഹം സമാധിയിൽ, അചഞ്ചലമായ ശാന്തിയുടെ ഈശ്വരാനുഗ്രഹംനേടിക്കഴിഞ്ഞു.1935 ജൂൺ മുതൽ 1936 ഒക്ടോബർവരെ ഞാൻ ഭാരതത്തിലും യൂറോപ്പിലുമായിരുന്നപ്പോൾ എൻസിനിറ്റാസിലെ ഈ ആശ്രമത്തിന്റെ നിർമാണത്തെപ്പറ്റി എന്തെങ്കിലും വിവരം എനിക്കു ലഭിക്കുന്നതു തടയാൻ കാലിഫോർണിയയിൽനിന്ന് എനിക്ക് കത്തുകൾ അയച്ചിരുന്നവരുമായി മി. ലിൻ1 സ്നേഹപൂർവം ഒരു ഗൂഢാലോചന നടത്തിയിരുന്നു. ആശ്ചര്യം, ആഹ്ലാദം!അമേരിക്കയിലെ എന്റെ ആദ്യകാലവാസത്തിനിടയിൽ ആശ്രമത്തിനുപറ്റിയ ഒരു ചെറിയസ'ഥലംതേടി കാലിഫോർണിയ കടൽത്തീരമാകെ ഞാൻ നടന്നിരുന്നു. പറ്റിയസ'ഥലം കണ്ടെത്തിയപ്പോഴൊക്കെ എന്റെ ശ്രമം വിഫലമാക്കുന്ന എന്തെങ്കിലും തടസം തീർച്ചയായും ഉണ്ടാവുകയും ചെയ്തിരുന്നു. എൻസിനിറ്റാസിലെ, സൂര്യപ്രകാശം നിറഞ്ഞ ഏക്കറുകളോളംവരുന്ന ആശ്രമത്തിൽ ഇപ്പോൾ ധന്യതയോടെ ഞാൻ മിഴിനട്ടിരുന്നപ്പോൾ ശ്രീ യുക്തേശ്വരൻ ദീർഘകാലം മുമ്പു നടത്തിയ പ്രവചനത്തിന്റെ സാഫല്യം ഞാൻ വിനയാന്വിതനായി വീക്ഷിച്ചു: ‘ ‘ സമുദ്രതീരത്ത് ഒരുധ്യാനസങ്കേതം.’ ’ [image file=image_rsrc505.jpg] പരമഹംസ യോഗാനന്ദനും പിന്നീട് രാജർഷി ജനകാനന്ദനെന്ന പേരിൽ അറിയപ്പെട്ട ശിഷ്യൻ ജെയിംസ് ജെ. ലിന്നും. 1933 ൽ YSS/SRF -ന്റെ അന്താരാഷ്ട്ര തലസ'ഥാനമായ ലോസ്ആൻജലീസിൽ ഗുരുശിഷ്യൻമാർ ധ്യാനത്തിൽ. ‘ ‘ചിലയാളുകൾ പറയുന്നു, ഒരുപാശ്ചാത്യന് ധ്യാനം ചെയ്യാൻ ആവില്ലയെന്ന്,’ ’ യോഗാനന്ദജി പറഞ്ഞു, ‘ ‘അത് സത്യമല്ല. മി. ലിന്നിന് ക്രിയായോഗാദീക്ഷ ലഭിച്ചശേഷം, ഉള്ളിൽ ഈശ്വര താദാത്മ്യത്തിലായല്ലാതെ ഞാൻ അദ്ദേഹത്തെ ഒരിക്കലും കണ്ടിട്ടില്ല. ’ ’ ഏതാനും മാസങ്ങൾക്കുശേഷം, 1937 – ലെ ഈസ്റ്റർനാൾ, പുതിയ ആശ്രമഅങ്കണത്തിന്റെ പുൽപുറത്ത് പിൽക്കാലത്തെ അനേകം ഈസ്റ്റർ സൂര്യോദയപ്രാർഥനകളിൽ ആദ്യത്തെ ശുശ്രൂഷ ഞാൻ നടത്തി. ബൈബിളിലെ മൂന്നു പൗരസ്ത്യജ്ഞാനികളെപ്പോലെ, നൂറുകണക്കിനു വിദ്യാർഥികൾ കിഴക്കുദിക്കിൽ സൂര്യദേവന്റെ ഉണർന്നെഴുന്നേല്പിന്റെ ചടങ്ങ് എന്ന ഈ നിത്യാത്ഭുതം ഭക്ത്യാദരങ്ങളോടെ നോക്കിനിന്നു. പടിഞ്ഞാറ് ശാന്തസമുദ്രം തന്റെ ഗംഭീരമായ സ്തുതിഗീതം മുഴക്കിക്കൊണ്ട് പരിലസിക്കുന്നു; അങ്ങകലെ വെളുത്ത ഒരു ചെറിയ പായ്ക്കപ്പൽ; ഒരു കടൽപക്ഷിയുടെ ഏകാന്തമായ പറക്കൽ. ‘ ‘ക്രിസ്തുദേവാ, അങ്ങ് ഉയിർത്തെഴുന്നേറ്റു!’ ’ വാസന്തസൂര്യനോടൊപ്പംമാത്രമല്ലാ, ആത്മാവിന്റെ നിത്യപ്രഭാതത്തിലും.സന്തുഷ്ടമായ അനേകം മാസങ്ങൾ കടന്നുപോയി. എൻസിനിറ്റാസിലെ തികഞ്ഞ മനോഹാരിതയുടെ പശ്ചാത്തലത്തിൽ ദീർഘകാലമായി ഞാൻ വിഭാവനംചെയ്തിരുന്ന കോസ്മിക് ചാന്റ്സ്2 എന്ന കവിതാസമാഹാരം പൂർത്തിയാക്കി. അനേകം ഭാരതീയഗാനങ്ങൾ ഞാൻ ഇംഗ്ലീഷിലാക്കുകയും അവയ'ക്ക് പാശ്ചാത്യസംഗീതം പകരുകയും ചെയ്തു. അക്കൂട്ടത്തിൽ ശ്രീശങ്കരന്റെ ‘ ‘ മനോബുദ്ധ്യഹങ്കാരചിത്താനിനാഹം,’ ’ ‘ ‘ബ്രഹ്മാനന്ദം’ ’ എന്നു തുടങ്ങുന്ന ബ്രഹ്മസ്തോത്രം, ടാഗോറിന്റെ ‘ ‘എന്റെ ശ്രീകോവിലിൽ ആരാണ്?’ ’ എന്ന ഗാനം, എന്റെ രചനകളായ ‘ ‘ഞാൻ എന്നും നിന്റേതായിരിക്കും,’ ’ ‘ ‘എന്റെ സ്വപ്നങ്ങൾക്ക് അപ്പുറമുള്ള രാജ്യത്ത്,’ ’ ‘ ‘നിനക്ക് എന്റെ ആത്മാവിന്റെ ആഹ്വാനം,’ ’ ‘ ‘വരൂ എന്റെ ആത്മാഹ്വാനം കേൾക്കൂ,’ ’ ‘ ‘നിശ്ശബ്ദതയുടെ ദേവാലയത്തിൽ’ ’ എന്നിവ ഉൾപ്പെടുന്നു.ഈ സംഗീതപുസ്തകത്തിന്റെ മുഖവുരയിൽ പൗരസ്ത്യ ഗാനാലാപനത്തോടുള്ള പാശ്ചാത്യരുടെ പ്രതികരണത്തിന്റെ ആദ്യത്തെ ശ്രേഷ്ഠമായ എന്റെ അനുഭവം ഞാൻ വിവിരിച്ചു. ഒരു പൊതുപ്രഭാഷണത്തിന്റെ വേദിയായിരുന്നു അത്; സമയം 1926 ഏപ്രിൽ 18; സ'ഥലം ന്യൂയോർക്കിലെ കാർനിജി ഹാൾ. ‘ ‘ ‘ഹേ ഹരിസുന്ദര' എന്ന ഒരു ഹൈന്ദവ സങ്കീർത്തനം ആല പിക്കാൻ ഞാൻ ശ്രോതാക്കളോട് ആവശ്യപ്പെടാനുദ്ദേശിക്കുന്നു,’ ’ ഒരു അമേരിക്കക്കാരനായ വിദ്യാർഥി മി. ആൽവിൻ ഹൻസിക്കറോട് ഏപ്രിൽ 17–ാം തീയതി ഞാൻ രഹസ്യമായി പറഞ്ഞു.3 പൗരസ്ത്യഗാനങ്ങൾ അമേരിക്കക്കാർ എളുപ്പം മനസ്സിലാക്കുകില്ലെന്ന് മി. ഹൻസിക്കർ തറപ്പിച്ചുപറഞ്ഞിരുന്നു. ‘ ‘സംഗീതം സാർവലൗകികമായ ഒരു ഭാഷയാണ്. ഈ മഹനീയ സങ്കീർത്തനത്തിലെ ആത്മീയമായ ഉൽക്കർഷേച്ഛ അമേരിക്കക്കാർക്ക് അനുഭവവേദ്യമാകാതിരിക്കുകയില്ല,’ ’ ഞാൻ മറുപടിയായി പറഞ്ഞു.അടുത്ത രാത്രിയിൽ 'ഹേ ഹരിസുന്ദര'യുടെ ഭക്തിനിർഭരമായ ഈരടികൾ മൂവായിരത്തിൽപരം കണ്ഠങ്ങളിൽനിന്ന് ഒരു മണിക്കൂറിലേറെ നേരം ഉതിർന്നുകൊണ്ടിരുന്നു. ആലസ്യം വെടിഞ്ഞ പ്രിയപ്പെട്ട ന്യൂയോർക്കുകാരേ, സന്തുഷ്ടിയുടെ ലളിതമായ ഒരു സ്തുതിഗീതത്തിൽ നിങ്ങളുടെ ഹൃദയം പറന്നുയർന്നു. ഈശ്വരന്റെ അനുഗൃഹീതമായ നാമം പ്രേമഭാവത്തോടെ പാടിയ ഭക്തജനങ്ങളുടെയിടയിൽ ആ സായന്തനത്തിൽ ദൈവികമായ രോഗവിമോചനങ്ങൾ അനുഭവപ്പെട്ടു.1941 – ൽ ബോസ്റ്റനിലെ സെൽഫ് – റിയലൈസേഷൻ ഫെലോഷിപ് കേന്ദ്രം ഞാൻ സന്ദർശിച്ചു. ബോസ്റ്റൻ കേന്ദ്രത്തിന്റെ തലവൻ എം. ഡബ്ളിയൂ. ലൂയിസ്, കലാപരമായി അലങ്കരിച്ച

ഏതാനും മുറികളുടെ ഒരു ശ്രേണിയിൽ എന്നെ താമസിപ്പിച്ചു. മന്ദസ്മിതത്തോടെ അദ്ദേഹം പറഞ്ഞു, ‘ ‘സർ, അങ്ങ് അമേരിക്കയിൽ എത്തിയ ആദ്യകാലത്ത്, കുളിമുറിയില്ലാത്ത ഒറ്റമുറിയിൽ അങ്ങ് ഈ പട്ടണത്തിൽ താമസിച്ചു. എല്ലാ സുഖസൗകര്യങ്ങളുമുള്ള ഏതാനും താമസസ'ഥലങ്ങളും ബോസ്റ്റന് അഭിമാനം കൊള്ളാനുണ്ടെന്ന് അങ്ങറിയണമെന്നു ഞാനാഗ്രഹിച്ചു’ ’ !കാലിഫോർണിയയിലെ, പ്രവർത്തനിരതവും സന്തുഷ്ടവുമായ സംവത്സരങ്ങൾ അതിവേഗം കടന്നുപോയി. സെൽഫ് – റിയലൈസേഷൻ ഫെലോഷിപ്പിന്റെ ഒരു കോളനി എൻസിനിറ്റാസിൽ 1937 – ൽ സ'ഥാപിക്കപ്പെട്ടു.4 കോളനിയുടെ നിരവധി പ്രവർത്തനങ്ങൾ സെൽഫ് – റിയലൈസേഷൻ ഫെലോഷിപ്പിന്റെ ആദർശങ്ങൾക്ക് അനുസൃതമായി ശിഷ്യന്മാർക്ക് നാനാമുഖമായ പരിശീലനം നൽകുന്നു. എൻസിനിറ്റാസിലെയും ലോസ് ആൻജലീസിലേയും കേന്ദ്രങ്ങളിലെ അന്തേവാസികളുടെ ഉപയോഗത്തിന് പച്ചക്കറികളും പഴങ്ങളും കൃഷിചെയ്തെടുക്കുന്നു. ‘ ‘ഭൂതലം മുഴുവൻ വസിക്കാൻ അവൻ എല്ലാ ജനപദങ്ങളെയും ഒരുവനിൽനിന്ന് ഉളവാക്കി.’ ’ ’5 ‘ ‘ലോകസാഹോദര്യം’ ’ വിശാലമായ അർഥവ്യാപ്തിയുള്ള ഒരു പദമാണ്; എങ്കിലും ഒരു ലോകപൗരനെന്ന വെളിച്ചത്തിൽ സ്വയംകണ്ട് മനുഷ്യൻ തന്റെ സഹാനുഭൂതി വിപുലമാക്കണം. ‘ ‘ഇത് എന്റെ അമേരിക്ക, എന്റെ ഭാരതം, എന്റെ ഫിലിപ്പീൻസ്, എന്റെ യൂറോപ്പ്, എന്റെ ആഫ്രിക്ക ആണ്’ ’ എന്ന് ലോകത്തെ യഥാർഥത്തിൽ മനസ്സിലാക്കുന്ന ഒരാൾക്ക് ഫലപ്രദവും സന്തുഷ്ടവുമായ ഒരു ജീവിതത്തിനുള്ളസാധ്യത ഒരിക്കലും ഇല്ലാതെ വരികയില്ല.ശ്രീ യുക്തേശ്വരന്റെ ശരീരം ഭാരതത്തിലല്ലാതെ മറ്റൊരു രാജ്യത്തും വസിച്ചിരുന്നില്ലായെങ്കിലും സാഹോദര്യത്തിന്റെ ഈ സത്യം അദ്ദേഹം മനസ്സിലാക്കിയിരുന്നു: ‘ ‘ലോകമാണ് എന്റെ തറവാട്.’ ’ [image file=image_rsrc50P.jpg] പരമഹംസ യോഗാനന്ദനും ശ്രീ ദയാ മാതാ എന്നറിയപ്പെടുന്ന ഫെയ് റൈറ്റും 1939 -ൽ SRF എൻസിനിറ്റാസ് ആശ്രമത്തിൽ. അവർ 1931 ൽ SRF ആശ്രമത്തിൽ പ്രവേശിച്ച ശേഷം ഗുരുദേവൻ അവരോടു പറഞ്ഞു: ‘ ‘നീയാണ് എന്റെ കിളിക്കൂട്ടിലെ മുട്ട. നീ വന്നപ്പോൾ ജഗദീശ്വരന്റെ നിരവധി ഭക്തസാധകർ ഈ പാതയിലേക്ക് ആകർഷിക്കപ്പെടുമെന്ന് ഞാൻ മനസ്സിലാക്കി.’ ’ ഒരിക്കൽ അദ്ദേഹം പറഞ്ഞു: ‘ ‘എന്റെ ഫെയ്, അവൾ ഒത്തിരി നന്മ ചെയ്യും!.... അവൾക്ക് സ്വീകാരക്ഷമതയുള്ളതുകൊണ്ട് എനിക്ക് അവളിലൂടെ പ്രവർത്തിക്കാൻ കഴിയും.’ ’ ’ [image file=image_rsrc50V.jpg] സെൽഫ്-റിയലൈസേഷൻ ഫെലോഷിപ് ആശ്രമം, എൻസിനിറ്റാസ്, കാലിഫോർണിയ [image file=image_rsrc510.jpg] ശാന്തസമുദ്രത്തെ മേലേനിന്നു വീക്ഷിക്കുന്ന കുന്നിൻമേലുള്ള SRF എൻസിനിറ്റാസ് ആശ്രമത്തിന്റെ അങ്കണത്തിൽ പരമഹംസ യോഗാനന്ദൻ, 1940. 1 പരമഹംസജിയുടെ ദേഹവിയോഗത്തിനുശേഷം മി. ലിൻ (രാജർഷി ജനകാനന്ദൻ) സെൽഫ് – റിയലൈസേഷൻ ഫെലോഷിപ്പിന്റെയും ഭാരതത്തിലെ യോഗദാ സത്സംഗ സൊസൈറ്റിയുടെയും അധ്യക്ഷനായി സേവനം അനുഷ്ഠിച്ചു. തന്റെ ഗുരുദേവനെപ്പറ്റി മി. ലിൻ പറഞ്ഞു: ‘ ‘ഒരു പുണ്യാത്മാവുമായുള്ള സംസർഗം എത്ര സ്വർഗീയമാണ്! ജീവിതത്തിൽ എനിക്കു ലഭിച്ചിട്ടുള്ള എല്ലാറ്റിലുംവച്ച് കൂടുതൽ വില ഞാൻ കല്പിക്കുന്നത് പരമഹംസജി എന്നിൽ ചൊരിഞ്ഞ അനുഗ്രഹാശ്ശിസുകൾക്കാണ്.’ ’ മി. ലിൻ 1955-ൽ മഹാസമാധി പ്രാപിച്ചു. (പ്രസാധക കുറിപ്പ്)2 യോഗദാ സത്സംഗ സൊസൈറ്റി ഓഫ് ഇൻഡ്യ പ്രകാശനം ചെയ്തത്. കോസ്മിക് ചാന്റ്സിലെ അനേകം ഗാനങ്ങൾ പരമഹംസയോഗാനന്ദജി ആലപിച്ചത് ശബ്ദലേഖനം ചെയ്തിരുന്നു. ഇവയും യോഗദാ സത്സംഗ സൊസൈറ്റിയിൽനിന്നും ലഭിക്കും. (പ്രസാധക കുറിപ്പ്)3 ഗുരു നാനാക്കിന്റെ ഗാനത്തിന്റെ വാക്കുകൾ ഇനി പറയുന്നു:ഹേ ഹരിസുന്ദര, ഹേഹരിസുന്ദര!വനാന്തരത്തിൽ ഹരിതനിറം നീ,ഗിരിനിരയിൽ നീ ഉന്നതനത്രേ,സരിതകളിൽ നീ ചഞ്ചലനല്ലോ,സാഗരവേദിയിൽ നീ ഗാംഭീര്യം.സേവകലോകേ സേവനമാം നീ,പ്രേമിജനത്തിനു പ്രേമവുമാം നീ,ദു:ഖിജനത്തിനു ഭൂതദയാ നീ,യോഗിജനത്തിനു പരമാനന്ദം.ഹേ ഹരിസുന്ദര, ഹേ ഹരിസുന്ദര!നിൻചരണം ഞാൻ പ്രണമിക്കുന്നു!4 ഇപ്പോൾ നല്ല നിലയിൽ നടക്കുന്ന ഒരു ആശ്രമകേന്ദ്രം. ഇതിന്റെ കെട്ടിടങ്ങളിൽ ആദ്യം നിർമിച്ച പ്രധാന ആശ്രമം, സന്ന്യാസി—സന്ന്യാസിനിമാരുടെ ആശ്രമങ്ങൾ, ഭക്ഷണശാല, അംഗങ്ങൾക്കും സുഹൃത്തുക്കൾക്കുംവേണ്ടി ആകർഷകമായ ധ്യാനസങ്കേതങ്ങൾ എന്നിവയുൾപ്പെടുന്നു. വിശാലമായ ആശ്രമവളപ്പിൽ, രാജപാതയെ അഭിമുഖീകരിക്കുന്ന നിരനിരയായുള്ള വെള്ളത്തൂണുകൾക്ക് സ്വർണംപൊതിഞ്ഞ ലോഹത്താമരകൾ മകുടംചാർത്തുന്നു. ഭാരതീയകലയിൽ, താമര, മസ്തിഷ്കത്തിലെ വിശ്വബോധകേന്ദ്രമായ, പ്രകാശത്തിന്റെ സഹസ്രാര പത്മത്തിന്റെ പ്രതീകമാണ്.5 അപ്പോസ്തലന്മാരുടെ പ്രവർത്തനങ്ങൾ 17:26 (ബൈബിൾ).അധ്യായം 491940 മുതൽ 1951 വരെ ‘ ‘ധ്യാനത്തിന്റെ മഹത്വം ഞങ്ങൾ യഥാർഥത്തിൽ മനസിലാക്കിക്കഴിഞ്ഞു, ഒന്നിനും ഞങ്ങളുടെ ആന്തരികമായ പ്രശാന്തിയെ ഉലയ'ക്കാൻ ആവില്ലായെന്നും ഞങ്ങൾക്കറിയാം. കഴിഞ്ഞ ഏതാനും ആഴ്ചകളിൽ ഞങ്ങളുടെ സമ്മേളനത്തിന്റെ സമയത്ത് ഞങ്ങൾ വിമാനാക്രമണത്തിന്റെ മുന്നറിയിപ്പു നൽകുന്ന സൈറനുകൾ കേൾക്കുകയും താമസിച്ചുപൊട്ടുന്ന ബോംബുകളുടെ സ്ഫോടനം ശ്രദ്ധിക്കുകയും ചെയ്തുവെങ്കിലും, ഞങ്ങളുടെ വിദ്യാർഥികൾ ഇപ്പോഴും ഒന്നിച്ചുകൂടുകയും ഞങ്ങളുടെ സുന്ദരമായ പ്രാർഥനാശുശ്രൂഷയുടെ അനുഭൂതി സമ്പൂർണമായികൈക്കൊള്ളുകയും ചെയ്യുന്നു.’ ’ രണ്ടാം ലോകമഹായുദ്ധത്തിൽ അമേരിക്ക പങ്കെടുക്കുന്നതിനു മുമ്പുള്ള വർഷങ്ങളിൽ,

യുദ്ധക്കെടുതിയിലാണ്ട ഇംഗ്ലണ്ടിലും യൂറോപ്പിലും നിന്ന് എനി ക്കുലഭിച്ച നിരവധി കത്തുകളിലൊന്നായിരുന്നു ലണ്ടനിലെ സെൽഫ് – റിയലൈസേഷൻ ഫെലോഷിപ് കേന്ദ്രത്തിന്റെ തലവൻ എഴുതിയ ഈ ധീരോത്തമായ സന്ദേശം.ലണ്ടനിലെ വിസ്ഡം ഒഫ് ദ ഈസ്റ്റ് സീരീസ് – ന്റെ ശ്രേഷ്ഠനായ പത്രാധിപർ ഡോ. ക്രാൻമർ – ബിങ്ങ് 1942 – ൽ എനിക്ക് ഇങ്ങനെ എഴുതി: ‘ ‘ഈസ്റ്റ് – വെസ്റ്റ്1 വായിച്ചപ്പോൾ രണ്ടു വ്യത്യസ്തമായ ലോകങ്ങളിൽ ജീവിക്കുന്നതുപോലെ എത്ര അകലത്തിലാണു നാമെന്ന് നമുക്കു തോന്നുമെന്ന് ഞാൻ മനസ്സിലാക്കി. വിശുദ്ധപാനപാത്രത്തിന്റെ അനുഗ്രഹാശിസ്സുകളും സാന്ത്വനവും നിറയെക്കയറ്റിയ ഒരു കപ്പൽ യുദ്ധക്കെടുതികൾ വലയംചെയ്യുന്ന ഒരു നഗരത്തിലേക്ക് വന്നെത്തുന്നതുപോലെ, ചന്തവും ചിന്തയും ശാന്തിയും സമാധാനവും ലോസ് ആൻജലീസിൽനിന്ന് എന്നിലേക്കു വന്നെത്തുന്നു. ‘ ‘അങ്ങയുടെ പനംതോപ്പുകളും, ആഴിപ്പരപ്പിന്റെയും മലകളുടെയും ദൃശ്യങ്ങളോടുകൂടിയ എൻസിനിറ്റാസ് ദേവാലയവും ഒരു സ്വപ്നത്തിലെന്നപോലെ ഞാൻ കാണുന്നു; അതിനുമുപരിയായി ഐക്യത്തിൽ സമാവിഷ്ടരും ആത്മീയമനോഭാവം പുലർത്തുന്നവരും സൃഷ്ടിപരമായ പ്രവൃത്തികളിൽ മുഴുകിയവരും ധ്യാനത്തിൽ ഉന്മേഷം പുനരാർജിക്കുന്നവരുമായ സ്ത്രീപുരുന്മാരുടെ ഒരു സഹോദരസമൂഹം ഞാൻ കാണുന്നു.... കാവൽമാടത്തിൽ ഉദയത്തെ കാത്തിരിക്കുന്ന ഒരു സാധാരണപടയാളി, ഫെലോഷിപ്പിലെ എല്ലാപേർക്കുമെഴുതിയ ആശംസകൾ.’ ’ 1942 – ൽ സെൽഫ് – റിയലൈസേഷൻ ഫെലോഷിപ്പിന്റെ പ്രവർത്തകർ കാലിഫോർണിയയിലെ ഹോളിവുഡിൽ ഒരു സർവമത ദേവാലയം നിർമിച്ച്, സമർപ്പണം ചെയ്ത് ഒരു കൊല്ലത്തിനുശേഷം വേറൊരു ദേവാലയം കാലിഫോർണിയയിലെ സാൻ-ഡിയേഗോയിലും മറ്റൊന്ന് 1947 – ൽ കാലിഫോർണിയയിലെ ലോങ്ങ് ബീച്ചിലും സ'ഥാപിച്ചു.ലോസ് ആൻജലീസിലെ പസഫിക് പാലിസേഡ്സ് ഭാഗത്ത് ലോകത്തെ അതീവസുന്ദരമായ ഭൂസ്വത്തുക്കളിൽ ഒന്നായ പൂക്കളുടെ ഒരു അത്ഭുതലോകം സെൽഫ് – റിയലൈസേഷന് 1949 – ൽ സംഭാവനയായി ലഭിച്ചു. പച്ച നിറഞ്ഞ കുന്നുകൾ വലയം ചെയ്യുന്ന ഈ പത്തേക്കർ പ്രകൃതിദത്തമായ ഒരു അർധവൃത്തരംഗവേദിയാണ്. മലയുടെ കിരീടത്തിൽ ഒരു നീലരത്നം പോലെ ശോഭിക്കുന്ന പ്രകൃതി നൽകിയ വിശാലമായ ഒരു ജലാശയമാണ്, ഈ എസ്റ്റേറ്റിന് ‘തടാകദേവാലയം’ എന്ന പേരു നൽകിയിരിക്കുന്നത്. ഇതേ വളപ്പിൽ കൗതുകമുണർത്തുന്ന ഡച്ച് കാറ്റാടിയന്ത്രമില്ലിന്റെ കെട്ടിടത്തിൽ സെൽഫ് – റിയലൈസേഷൻ ഫെലോഷിപ്പിന്റെ പ്രശാന്തമായ ഒരു ചെറുദേവാലയമുണ്ട്. താണതലത്തിൽ ഒരു പൂന്തോട്ടത്തിനടുത്ത് ഒരു വലിയ ജലചക്രം വെള്ളം തെറിപ്പിച്ച് അലസസംഗീതം പൊഴിക്കുന്നു. ശ്രീബുദ്ധന്റെയും ക്വാൻ യിൻ(ദിവ്യജനനിയുടെ ചൈനീസ് പ്രതിരൂപം)ന്റെയും ചൈനയിൽനിന്നു കൊണ്ടുവന്ന രണ്ടു വെണ്ണക്കൽപ്രതിമകൾ അവിടം അലങ്കരിക്കുന്നു. യേശുവിന്റെ ഒരു പൂർണാകായപ്രതിമ, അതിന്റെ ചൈതന്യം തുളുമ്പുന്ന മുഖവും ഒഴുകുന്ന തിരുവസ്ത്രവും രാത്രിയിൽ ശ്രേഷ്ഠമാ യദീപാലങ്കാരത്തിൽ ദീപ്തമായി, ഒരു വെള്ളച്ചാട്ടത്തിന്റെ മേലേ ഒരു കുന്നിൽ നിലകൊള്ളുന്നു.അമേരിക്കയിൽ സെൽഫ് – റിയലൈസേഷൻ ഫേലോഷിപ്പിന്റെ മുപ്പതാംവാർഷികം2കുറിച്ച 1950 – ൽ, തടാകദേവാലയത്തിൽ 'മഹാത്മാഗാന്ധി ലോകശാന്തിസ്മാരകം' സമർപ്പണംചെയ്തു. ഭാരതത്തിൽനിന്ന് അയച്ചുതന്നിരുന്ന ഗാന്ധിജിയുടെ ചിതാഭസ്മത്തിന്റെ ഒരുഭാഗം, ആയിരംകൊല്ലം പഴക്കമുള്ള ഒരു കൽപേടകത്തിൽ ഭക്ത്യാദരങ്ങളോടെ അടക്കം ചെയ്തു. [image file=image_rsrc528.jpg] പരമഹംസ യോഗാനന്ദൻപസഫിക് പാലിസെയ്ഡ്സ്, കാലിഫോർണിയയിലെ സെൽഫ്-റിയലൈസേഷൻ ഫെലോഷിപ് തടാക ദേവാലയത്തിന്റെ സമർപ്പണ വേളയിൽ ഓഗസ്റ്റ് 20 1950 -ന് എടുത്ത ചിത്രം.1951 – ൽ ഹോളിവുഡിൽ സെൽഫ് – റിയലൈസേഷൻ ഫെലോഷിപ്പിന്റെ ‘ ‘ഇൻഡ്യാ സെന്റർ’ ’ സ'ഥാപിതമായി. കാലിഫോർണിയയിലെ ലെഫ്റ്റനന്റ് ഗവർണർ മി. ഗുഡ്വിൻ ജെ. നൈറ്റും, ഭാരതത്തിന്റെ കോൺസൽ ജനറൽ മി. എം. ആർ. അഹൂജയും സമർപ്പണശുശ്രൂഷയിൽ എന്നോടൊപ്പം പങ്കുകൊണ്ടു. ഈ പരിസരത്ത് ഇരുനൂറ്റിയമ്പതുപേർക്ക് ഇരിക്കാവുന്ന ഒരുസഭാമന്ദിരം, ഇൻഡ്യാഹാൾ, ഉണ്ട്.വിവധകേന്ദ്രങ്ങളിൽ പുതുതായി എത്തുന്നവർ പലപ്പോഴും യോഗശാസ്ത്രത്തെപ്പറ്റി കൂടുതൽ അറിയാൻ ആഗ്രഹിക്കാറുണ്ട്. ഞാൻ ചിലപ്പോഴൊക്കെ കേൾക്കുന്ന ഒരു ചോദ്യം ഇതാണ്: ‘ ‘ചില സ'ഥാപനങ്ങൾ പറയുന്നതുപോലെ, യോഗശാസ്ത്രം അച്ചടിയിൽ കൂടി വിജയകരമായി പഠിക്കാൻ ആവില്ലെന്നതും അത് അടുത്തുള്ള ഒരു ഗുരുവിന്റെ മേൽനോട്ടത്തിൽ മാത്രമേ പരിശീലിക്കാവൂ എന്നതും സത്യമാണോ?’ ’ ഈ ആണവയുഗത്തിൽ യോഗശാസ്ത്രം പഠിപ്പിക്കേണ്ടത് യോഗദാ സത്സംഗ സൊസൈറ്റിയുടേതുപോലുള്ള ഒരു പാഠ്യപദ്ധതി3യിലൂടെയാണ്, അല്ലാത്തപക്ഷം, വിമോചകമായ ഈ ശാസ്ത്രം തിരഞ്ഞെടുക്കപ്പെട്ട ഏതാനും ആളുകളിലായി വീണ്ടും ഒതുങ്ങിപ്പോകും. ദൈവികജ്ഞാനത്താൽ പൂർണതപ്രാപിച്ച ഒരു ഗുരു ഓരോ സാധകന്റെയും ഒപ്പമുണ്ടായിരിക്കുകയെന്നത് യഥാർഥത്തിൽ വിലമതിക്കാനാവാത്ത ഒരു അനുഗ്രഹമായിരിക്കും; പക്ഷേ, ഒട്ടനേകം ‘ ‘പാപി’ ’ കളെക്കൊണ്ടും തീരെ വിരളമായിമാത്രം പുണ്യാത്മാക്കളെക്കൊണ്ടുമാണ് ഈലോകം വിരചിച്ചിരിക്കുന്നത്. എങ്കിലെങ്ങനെയാണ് യഥാർഥ യോഗികൾ എഴുതിയിട്ടുള്ള യോഗപാഠങ്ങൾ വീട്ടിലിരുന്നുപഠിക്കുന്നതുവഴിയല്ലാതെ പരസഹസ്രം ജനങ്ങൾക്ക് യോഗാഭ്യാസത്തിന്റെ പ്രയോജനം ലഭിക്കുക?ഇതല്ലാതെയുള്ള ഒരൊറ്റ വഴി ‘ ‘സാധാരണക്കാരനെ’ ’ അവഗണിച്ചുകൊണ്ട്

യോഗശാസ്ത്രത്തിന്റെ അറിവുലഭിക്കാതെ അവനെ വിടുകയെന്നതാണ്. ഈ പുതിയയുഗത്തെ സംബന്ധിച്ചിടത്തോളം അതല്ല ഈശ്വരന്റെ പദ്ധതി. എല്ലാ ക്രിയായോഗികളെയും 'ലക്ഷ്യ'ത്തിലേക്കുള്ള അവരുടെ പാതയിൽ സംരക്ഷിക്കുകയും അവർക്ക് മാർഗനിർദേശം നൽകുകയും ചെയ്യാമെന്ന് ബാബാജി വാഗ്ദാനം ചെയ്തിട്ടുണ്ട്.4 ദിവ്യപിതാവിന്റെ മക്കളെന്ന സ്വന്തംപദവി പുന:സ'ഥാപിക്കാനുള്ള ശരിയായ ശ്രമം നടത്തിക്കഴിഞ്ഞ മനുഷ്യരെ കാത്തിരിക്കുന്ന ശാന്തിയുടെയും സമൃദ്ധിയുടെയും ലോകത്തെ സൃഷ്ടിക്കുന്നതിന് വെറും പത്തോനൂറോ അല്ല, ലക്ഷക്കണക്കിന് ക്രിയായോഗികളെ ആവശ്യമുണ്ട്.ശ്രീ യുക്തേശ്വരനും മഹാവതാര ബാബാജിയും എന്നെ ഭാരമേല്പിച്ച കർത്തവ്യമാണ് ‘ ‘ആത്മീയമധുപകരുന്ന ഒരു തേൻകൂട്’ ’ എന്ന നിലയിൽ ഒരു സെൽഫ് – റിയലൈസേഷൻ ഫെലോഷിപ് സംഘടന പാശ്ചാത്യദേശത്തു സ'ഥാപിക്കുകയെന്നത്. ആ വിശുദ്ധമായ ഉത്തരവാദിത്വത്തിന്റെ സഫലീകരണം ബുദ്ധിമുട്ടുകളില്ലാത്ത ഒന്നായിരുന്നില്ല. ‘ ‘പറയൂ, പരമഹംസജീ, സത്യത്തിൽ അങ്ങയുടെ ശ്രമങ്ങൾക്ക് തക്കതായ ഫലം ലഭിക്കുകയുണ്ടായോ?’ ’ ചുരുങ്ങിയ വാക്കുകളിലൊതുക്കിയ ഈ ചോദ്യം ഒരു സായാഹ്നത്തിൽ എന്നോടു ചോദിച്ചത്, സാൻഡിയേഗോ ദേവാലയത്തിന്റെ മേധാവി ഡോ. ലോയിഡ് കെനൽ ആയിരുന്നു. അദ്ദേഹം ഉദ്ദേശിച്ചത് ഇതാണെന്ന് ഞാൻ മനസ്സിലാക്കി: ‘ അങ്ങ് അമേരിക്കയിൽ സന്തുഷ്ടനായിരുന്നുവോ? യോഗശാസ്ത്രത്തിന്റെ പ്രചാരംതടയാൻ ആകാംക്ഷപൂണ്ട, വഴിപിഴച്ച ആളുകൾ പരത്തിയ വ്യാജപ്രസ്താവങ്ങളെപ്പറ്റി അങ്ങ് എന്തുപറയുന്നു? നിരാശകളും, ഹൃദയവ്യഥകളും, നയിക്കാൻ കഴിവില്ലാത്ത കേന്ദ്രനേതാക്കന്മാരും, പഠിപ്പിച്ചെടുക്കാൻ പറ്റാത്ത വിദ്യാർഥികളും ഇവയെപ്പറ്റി എന്തുപറയുന്നു?’ ’ ‘ ‘ദൈവത്താൽ പരീക്ഷിക്കപ്പെടുന്നവൻ അനുഗ്രഹീതനാണ്!’ ’ ഞാൻ മറുപടി പറഞ്ഞു. ‘ ‘എന്റെ മേൽ ഇടക്കിടെ ഓരോ ഭാരം ചുമത്താൻ അദ്ദേഹം മറന്നില്ല.’ ’ വിശ്വസ്തരായ എല്ലാ ശിഷ്യന്മാരെപ്പറ്റിയും, അമേരിക്കയുടെ ഹൃദയത്തെ ഉജ്വലമാക്കുന്ന സ്നേഹത്തെയും ഭക്തിയെയും പരസ്പരധാരണയെയുംപറ്റിയും ഞാൻ അപ്പോൾ ഓർത്തു. സാവധാനമായി ഊന്നലോടുകൂടിത്തന്നെ ഞാൻ തുടർന്നു: ‘ ‘പക്ഷേ, എന്റെ ഉത്തരം അതേ എന്നാണ്, ഒരായിരംതവണ അതേ! എന്നെന്നും നിലനിൽക്കുന്ന ഒരേയോരു ആത്മീയബന്ധത്താൽ, പൗരസ്ത്യപാശ്ചാത്യദേശങ്ങൾ അടുപ്പിക്കപ്പെട്ടതു കാണാൻ കഴിഞ്ഞതിൽ എന്റെ പരിശ്രമങ്ങൾ എന്റെ സ്വപ്നങ്ങൾക്കുമപ്പുറം സഫലമായി.’ ’ ആധുനികവ്യവസ'ഥിതികൾ നല്ലവണ്ണം മനസ്സിലാ ക്കിയിട്ടുള്ളവരാണ് പാശ്ചാത്യലോകത്ത് അതീവതാല്പര്യം കാട്ടിയ മഹാന്മാരായ ഭാരതീയ ആചാര്യന്മാർ. പൗരസ്ത്യ-പാശ്ചാത്യങ്ങളുടെ സവിശേഷമായ നന്മകളുടെ മെച്ചപ്പെട്ട സ്വാംശീകരണം എല്ലാ രാഷ്ട്രങ്ങളിലും ഉണ്ടാകുന്നതുവരെ ലോകത്തിന്റെ കാര്യങ്ങൾ മെച്ചപ്പെടുകയില്ലായെന്ന് അവർക്കറിയാം. ഒരർധഗോളത്തിന് മറ്റേതിന്റെ ഏറ്റവും നല്ല സംഭാവനകൾ കൂടിയേതീരൂ.ലോകയാത്രകൾക്കിടയിൽ, ഒട്ടനവധി ദുരിതം5 ഞാൻ ദു:ഖത്തോടെ കാണുകയുണ്ടായിട്ടുണ്ട്: പൗരസ്ത്യരാജ്യങ്ങളിൽ വേദനകൾ പ്രധാനമായും ലൗകികതലത്തിൽ; പാശ്ചാത്യദേശത്ത് ദുരിതം മുഖ്യമായും മാനസികമോ ആത്മീയമോ ആയ തലത്തിലും. അസന്തുലിതമായ സംസ്കാരങ്ങളുടെ ദുരിതപൂർണമായ ഫലങ്ങൾ ലോകരാഷ്ട്രങ്ങളെല്ലാം അനുഭവിക്കുന്നു. അമേരിക്കപോലുള്ള പാശ്ചാത്യരാജ്യങ്ങൾ കാട്ടുന്ന കാര്യങ്ങളുടെ പ്രായോഗികജ്ഞാനവും, വ്യാവഹാരികമായ കാര്യക്ഷമതയും അനുകരിക്കുന്നതിലൂടെ ഭാരതത്തിനും മറ്റനേകം പൗരസ്ത്യരാജ്യങ്ങൾക്കും ഏറെ പ്രയോജനം നേടാം. പാശ്ചാത്യരാഷ്ട്രങ്ങൾക്കാകട്ടേ, ജീവതത്തിന്റെ ആത്മീയമായ അടിത്തറയെപ്പറ്റി കുറേക്കൂടി അഗാധമായ ധാരണവേണ്ടിവരുന്നു. അതുപോലെതന്നെ, ഈശ്വരനുമായി ബോധപൂർവം താദാത്മ്യം പ്രാപിക്കുന്നതിന് ഭാരതം വികസിപ്പിച്ചെടുത്ത ശാസ്ത്രീയമാർഗങ്ങളെപ്പറ്റി പ്രത്യേകിച്ചും അവർക്ക് അറിവുണ്ടാകണം. [image file=image_rsrc52R.jpg] 1950 ആഗസ്ററ് 20 ന് പരമഹംസ യോഗാനന്ദനാൽ സമർപ്പിക്കപ്പെട്ട സെൽഫ്-റിയലൈസേഷൻ ഫെലോഷിപ് തടാക ദേവാലയവും ഗാന്ധി ലോകശാന്തി സ്മാരകവും, പസഫിക് പാലിസെയ്ഡ്സ്, കാലിഫോർണിയ'മികവുറ്റ നാനാമുഖമായ ഒരു സംസ്ക്കാരം' എന്ന ആദർശം ഒരു വികലഭാവനയല്ല. സഹസ്രാബ്ദങ്ങളോളം ആത്മജ്ഞാനപ്രകാശത്തിന്റെയും എങ്ങുംനിറഞ്ഞ ധനധാന്യസമൃദ്ധിയുടെയും നാടായിരുന്നു ഭാരതം. കഴിഞ്ഞ ഇരുനൂറുകൊല്ലത്തെ ദാരിദ്ര്യം, ഭാരതത്തിന്റെ സുദീർഘമായ ചരിത്രത്തിന്റെ ഒരു താല്ക്കാലിക കാർമികഘട്ടം മാത്രമാണ്. ‘ഭാരതത്തിന്റെ നാനാമുഖമായ സമ്പത്തുകൾ’ ’ 6 ലോകത്താകെ നൂറ്റാണ്ടുകളായി കേട്ടിരുന്ന സമൃദ്ധിയുടെ ഒരു പര്യായശബ്ദമായിരുന്നു. ഭൗതികവും ആത്മീയവുമായ സമൃദ്ധി, ഋതത്തിന്റെ പ്രപഞ്ചനിയമത്തിന്റെ അഥവാ ധർമ്മത്തിന്റെ പ്രത്യക്ഷഘടനയാണ്. ദൈവികതയിൽ ലുബ്ധില്ല; അതിന്റെ ചൈതന്യംതുളുമ്പുന്ന ദേവിയായ പ്രകൃതിയിലും അങ്ങനെതന്നെ.ആത്മാവ് ജഡഭൗതിക സാഹചര്യങ്ങളിലൂടെ ആവിഷ്ക്കരിക്കപ്പെടുകയും അവയുടെ മേൽ ആധിപത്യം വച്ചുപുലർത്തുകയും ചെയ്യുന്ന അസംഖ്യം രീതികൾ കൂടുതൽ കൂടുതൽ പരിപൂർണമായി ഓരോ തുടർന്നുള്ള ജീവിതത്തിലൂടെയും പഠിക്കുവാനാണ് മനുഷ്യൻ ഈ വിശിഷ്ടഭൂമിയിലേക്ക് ആകർഷിക്കപ്പെടുന്നതെന്ന് ഹൈന്ദവവേദശാസ്ത്രങ്ങൾ പഠിപ്പിക്കുന്നു. പൗരസ്ത്യപാശ്ചാത്യങ്ങൾ ഈ മഹത്തായ സത്യം വ്യത്യസ്തരീതിയിലൂടെ പഠിച്ചുവരികയാണ്. അവർ തങ്ങളുടെ കണ്ടുപിടുത്തങ്ങൾ അന്യോന്യം

സസന്തോഷം പങ്കുവയ'ക്കുകയും വേണം. ദാരിദ്ര്യം, രോഗം, ആത്മവിസ്മൃതി എന്നിവയിൽനിന്നും മുക്തമായ ഒരു ലോകസംസ്ക്കാരം നേടാൻ തന്റെ ഭൂലോകസന്തതികൾ കഠിനശ്രമം നടത്തുന്നത് ജഗദീശ്വരന് സന്തോഷമാകുമെന്നതിൽ സംശയമില്ല. തന്റെ സ്വതന്ത്രമായ ഇച്ഛ7യുടെ ദുരുപയോഗത്തിന്റെ ഫലമായി, ദൈവികമായ വിഭവശേഷിയെപ്പറ്റി മനുഷ്യനുണ്ടാകുന്ന വിസ്മൃതിയാണ് മറ്റെല്ലാരൂപത്തിലുമുള്ള ദുരിതങ്ങളുടെ മൂലകാരണം. [image file=image_rsrc52Y.jpg] മി. ഗുഡ്വിൻ ജെ. നൈറ്റ്, ഗവേർണർ ഒഫ് കാലിഫോർണിയ (മധ്യത്തിൽ) യോഗാനന്ദജിയോടും മി. ഏ. ബി. റോസിനോടും ഒപ്പം കാലിഫോർണിയയിലെ ഹോളിവുഡിലെ SRF ഇൻഡ്യ സെന്ററിന്റെ സമർപ്പണവേളയിൽ, ഏപ്രിൽ 8, 1951.മനുഷ്യരുടെ ‘ ‘സമൂഹം’ ’ എന്ന അമൂർത്തതയ'ക്ക് കല്പിച്ചിരിക്കുന്ന ദുരിതങ്ങൾ, കൂടുതൽ യഥാതഥമായി ഓരോ മനുഷ്യന്റെയും മേലാണ് ചുമത്തേണ്ടത്.8 രാമരാജ്യം ഉയിർക്കൊള്ളേണ്ടത് മനുഷ്യഹൃദയത്തിന്റെ ഉള്ളറകളിലാണ്. എങ്കിൽ മാത്രമേ അതിന് നാഗരികനന്മയായി വിടരാൻ കഴിയൂ. ആന്തരികസംസ്കൃതി സ്വാഭാവികമായും ബാഹ്യസംസ്കൃതികളിലേക്കു നയിക്കുന്നു. സ്വയം നന്നായ ആൾ ആയിരങ്ങളെ നന്നാക്കും.ലോകത്തിന്റെ ചിരപ്രതിഷ്ഠമായ വിശുദ്ധമതഗ്രന്ഥങ്ങളെല്ലാം സത്തയിൽ ഒന്നാണ്; അവ മനുഷ്യന് അവന്റെ ഉൽക്കർഷത്തിലേക്കുള്ള യാത്രയിൽ പ്രചോദനംനൽകുന്നു. സെൽഫ് – റിയലൈസേഷൻ മാഗസിനുവേണ്ടി ‘പുതിയ നിയമ'ത്തിന്റെ കുറെ ഭാഗങ്ങൾക്ക് എന്റേതായ വ്യാഖ്യാനം പറഞ്ഞുകൊടുത്തുകൊണ്ടിരുന്ന കാലം എന്റെ ജീവിതത്തിലെ ഏറ്റവും സന്തോഷകരമായ സമയങ്ങളിൽ ഒന്നായിരുന്നു. ഇരുപതുനൂറ്റാണ്ടുകളായി പരിതാപകരമായവിധത്തിൽ തെറ്റിദ്ധരിക്കപ്പെട്ട അദ്ദേഹത്തിന്റെ വാക്കുകളിൽ പലതിന്റെയും യഥാർഥസാരം അനുമാനിക്കുന്നതിന് എനിക്കു മാർഗദർശനം നൽകണമെന്ന് ക്രിസ്തുദേവനോട് ഭക്തിപ്രകർഷത്തോടെ ഞാൻ കേണുപ്രാർഥിച്ചു.ഒരു രാത്രി എൻസിനിറ്റാസ് ആശ്രമത്തിൽ നിശബ്ദമായ പ്രാർഥനയിൽ ഞാൻ മുഴുകിയിരുന്നപ്പോൾ എന്റെ ഇരുപ്പുമുറി ഒരു നീലവെളിച്ചം കൊണ്ടുനിറഞ്ഞു. അനുഗ്രഹീതനായ യേശുദേവന്റെ തേജസ്സുറ്റരൂപം ഞാൻ ദർശിച്ചു. നേർത്തതാടിയും മീശയുമുള്ള ഒരു ഇരുപത്തിയഞ്ചുകാരൻ ചെറുപ്പക്കാരനെപ്പോലെ കാണപ്പെട്ട അദ്ദേഹത്തിന്റെ നടുവെ പകുത്ത നീണ്ടകറുത്ത തലമുടിക്കുചുറ്റും, തിളങ്ങുന്ന സ്വർണനിറത്തിൽ ഒരു പരിവേഷമുണ്ടായിരുന്നു.അദ്ദേഹത്തിന്റെ കണ്ണുകൾ നിതാന്തമായ വിസ്മയം ദ്യോതിപ്പിക്കുന്നവയായിരുന്നു; ഞാൻ ഉറ്റുനോക്കികൊണ്ടിരുന്നപ്പോൾ അവ അനന്തമായി വ്യത്യസ്തഭാവങ്ങൾ പൂണ്ടു. അവയിലെ ദിവ്യമായ ഓരോ ഭാവവ്യത്യാസത്തോടുമൊപ്പം അവ പകർന്നുതന്ന വിജ്ഞാനം ഞാൻ ഉൾക്കാഴ്ചകൊണ്ടു മനസ്സിലാക്കി. കോടാനുകോടി ലോകങ്ങളെ നിലനിർത്തുന്ന വൈഭവം അദ്ദേഹത്തിന്റെ മഹനീയമായ ദൃഷ്ടിയിൽ ഞാൻ അനുഭവിച്ചറിഞ്ഞു. ഒരു വിശുദ്ധപാനപാത്രം അദ്ദേഹത്തിന്റെ ചുണ്ടോടടുത്തു പ്രത്യക്ഷമായി; അത് എന്റെ ചുണ്ടുകളിലേക്കു താഴ്ന്നുവന്നു, എന്നിട്ട് യേശുവിന്റെയടുത്തേക്ക് മടങ്ങി. ഏതാനും നിമിഷങ്ങൾക്കുശേഷം അദ്ദേഹം മനോഹരമായ വാക്കുകൾ ഉച്ചരിച്ചു. അവ അത്ര വ്യക്തിപരമായിരുന്നതിനാൽ എന്റെ ഹൃദയത്തിൽ ഞാൻ അവ ഭദ്രമായിസൂക്ഷിക്കുന്നു.1950 – ലും 1951 – ലും കാലിഫോർണിയയിലെ മോഹാവി മരുഭൂമിക്കടുത്തുള്ള ഒരു പ്രശാന്തമായ വിശ്രമസങ്കേതത്തിൽ ധാരാളം സമയം ഞാൻ ചെലവഴിച്ചു. അവിടെവച്ച് ഭഗവദ്ഗീത ഞാൻ പരിഭാഷപ്പെടുത്തുകയും വിവിധ യോഗമാർഗങ്ങൾ അവതരിപ്പിക്കുന്ന ഒരു വിശദമായ വ്യാഖ്യാനം9 എഴുതുകയും ചെയ്തു.ഒരു യോഗസങ്കേതത്തെപ്പറ്റി സ്പഷ്ടമായി രണ്ടു പ്രാവശ്യം10പരാമർശിച്ചുകൊണ്ട് (ഭഗവദ്ഗീതയിൽ സൂചിപ്പിച്ചിട്ടുള്ള ഈ ഒരേ ഒരു യോഗവിദ്യയെത്തന്നെയാണ് ബാബാജി ലളിതമായി ക്രിയായോഗമെന്നു നാമകരണം ചെയ്തത്) ഭാരതത്തിന്റെ ഏറ്റവും മഹത്തായ വേദഗ്രന്ഥം പ്രായോഗികവും സദാചാരപരവുമായ ശിക്ഷണം നൽകുന്നു. നമ്മുടെ സ്വപ്നലോകത്തിന്റെ സാഗരത്തിൽ ശ്വാസമാണ് മിഥ്യയെ വ്യതിരിക്തമാക്കുന്ന കൊടുങ്കാറ്റ്. ഇതാണ് വ്യക്തിപരമായ തിരകളുടെ ബോധം മനുഷ്യരുടെയും മറ്റെല്ലാ ഭൗതികവസ്തുക്കളുടെയും രൂപങ്ങൾ ജനിപ്പിക്കുന്നത്. വ്യത്യസ്തമായ അസ്തിത്വമെന്ന വേദനാപൂർണമായ സ്വപ്നത്തിൽനിന്ന് മനുഷ്യനെ ഉണർത്താൻ വെറും ദാർശനികമോ ധർമനീതിപരമോ ആയ അറിവ് മതിയാവുകയില്ലായെന്നു മനസ്സിലാക്കിക്കൊണ്ട്, ഒരു യോഗിക്ക് തന്റെ ശരീരത്തെ പൂർണമായി അധീനതയിൽ കൊണ്ടുവരാനും ഇച്ഛാനുസരണം അതിനെ ശുദ്ധ ഊർജമാക്കി മാറ്റാനും സാധ്യമാക്കുന്ന വിശുദ്ധശാസ്ത്രം ഭഗവാൻ കൃഷ്ണൻ ചൂണ്ടിക്കാട്ടി. ഈ യോഗസിദ്ധിയുടെ സാധ്യത ആണവയുഗത്തിന്റെ പ്രണേതാക്കളായ ആധുനികശാസ്ത്രജ്ഞന്മാർക്ക് സൈദ്ധാന്തികമായെങ്കിലും മനസ്സിലാക്കാൻ കഴിയാതെവരില്ല. എല്ലാവസ്തുക്കളും ഊർജമായി പരിവർത്തനം ചെയ്യാമെന്ന് തെളിയിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു.ഹൈന്ദവവേദഗ്രന്ഥങ്ങൾ യോഗശാസ്ത്രത്തെ ശ്ലാഘിക്കുന്നത് അത് മനുഷ്യരാശിക്കു പൊതുവിൽ പ്രയോജനപ്പെടുത്താവുന്നതായതു കൊണ്ടാണ്. ശ്വാസത്തിന്റെ ദുരൂഹരഹസ്യം അനുഷ്ഠാനപരമായ യോഗസങ്കേതങ്ങൾ ഉപയോഗിക്കാതെതന്നെ ഇടക്കിടെ വെളിപ്പെട്ടിട്ടുണ്ട് എന്നത് വാസ്തവമാണ്. ഭക്തിയുടെ ഇന്ദ്രിയാതീതമായ ശക്തിവിശേഷങ്ങൾ കൈമുതലാക്കിയ അഹിന്ദുയോഗികൾ ഇതിന് ഉദാഹരണമാണ്. അത്തരം ക്രിസ്ത്യാനിയും മുസൽമാനും മറ്റുമതരുമായവിശുദ്ധരെ ശ്വാസരഹിതവും നിശ്ചലവുമായ അവസ'ഥ (സവികല്പസമാധി)11യിൽ യഥാർഥത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഈ അവസ'ഥപ്രാപിക്കാതെ ഈശ്വരദർശനത്തിന്റെ ആദ്യഘട്ടങ്ങളിൽ ഒരു

മനുഷ്യനും എത്തിയിട്ടില്ല. (എന്നാൽ ഒരു പുണ്യാത്മാവ് നിർവികല്പ അഥവാ ഏറ്റവും ഉയർന്ന സമാധിയിൽ എത്തിക്കഴിഞ്ഞാൽ അദ്ദേഹം ശ്വസിക്കട്ടെ, ശ്വസിക്കാതിരിക്കട്ടെ, നിശ്ചലനായിരിക്കട്ടെ അഥവാ കർമനിരതനായിരിക്കട്ടെ അദ്ദേഹം ഈശ്വരനിൽ സ'ഥിരമായി പ്രതിഷ്ഠിതനായിക്കഴിഞ്ഞു).അദ്ദേഹത്തിന് ആദ്യമായി ഈശ്വരദർശനം ഉണ്ടായത് ഒരു വൃക്ഷത്തെ നോക്കിയപ്പോളാണെന്ന് പതിനേഴാം നൂറ്റാണ്ടിലെ ക്രിസ്ത്യൻ യോഗി ബ്രദർ ലോറൻസ് നമ്മോടു പറയുന്നു. ഒട്ടുമിക്കയാളുകളും ഒരു വൃക്ഷം കണ്ടിട്ടുണ്ടാവും; പക്ഷേ കഷ്ടമെന്നു പറയട്ടേ ആരുംതന്നെ വൃക്ഷം കണ്ടെന്നുവച്ച് വൃക്ഷത്തിന്റെ സ്രഷ്ടാവിനെ കണ്ടിട്ടില്ല. പാശ്ചാത്യമായാലും പൗരസ്ത്യമായാലും എല്ലാ മതങ്ങളുടെയും പാതയിൽ കാണപ്പെടുന്ന ഏതാനും ഏകാന്തയോഗികൾ മാത്രമേ ഈ രീതിയിലുള്ള ഭക്തിയുടെ അയത്നലഭ്യമായ ശക്തിവിശേഷങ്ങൾ വച്ചുപുലർത്തുന്നുള്ളൂ. കൂടുതൽ മനുഷ്യരും ഇതിന് തികച്ചും കഴിവില്ലാത്തവരാണ്. എങ്കിലും അതുകാരണം ഈശ്വരനുമായി താദാത്മ്യം പ്രാപിക്കുന്നതിൽനിന്ന് സാധാരണമനുഷ്യൻ12 ഒഴിവാക്കപ്പെടുന്നില്ല. ആത്മാവിന്റെ സ്മരണ വീണ്ടെടുക്കുന്നതിന്, ക്രിയായോഗമാർഗം, യമനിയമാദിക(സന്മാർഗകല്പനകൾ)ളുടെ നിത്യപാലനം, ‘‘ജഗദീശ്വരാ അങ്ങയെ അറിയാൻ ഞാൻ കൊതിക്കുന്നു!’’ വെന്ന് ആത്മാർഥമായി കരഞ്ഞു പറയാനുള്ള കഴിവ് എന്നിവയിൽ കവിഞ്ഞ് മറ്റൊന്നുമാവശ്യമില്ല.അങ്ങനെ ശരാശരി മനുഷ്യന് അവന്റെ വൈകാരിക സാധ്യതകൾക്കപ്പുറമായ തീക്ഷ്ണഭക്തിയിലൂടെയല്ലാതെ, നിത്യേന അനുഷ്ഠിക്കാവുന്ന ഒരു ശാസ്ത്രീയമാർഗത്തിലൂടെ ഈശ്വരനിൽ എത്തിച്ചേരാനുള്ള ഒരു ഉപായമാണത് എന്നതാണ് യോഗാഭ്യാസത്തിന്റെ സാർവലൗകികമായ ആകർഷകത്വം.ഭാരതത്തിലെ വിവിധ ജൈനഗുരുക്കന്മാരെ തീർഥങ്കരന്മാരെന്ന് വിളിച്ചിരുന്നു. കാരണം, ഇതികർത്തവ്യതാമൂഢമായ മനുഷ്യരാശിക്ക് പ്രക്ഷുബ്ധമായ സംസാര (ജനിമൃതികളുടെ പുനരാവർത്തനം, കർമചക്രം) സാഗരം തരണംചെയ്യാനുള്ളവഴി ഇവർ വെളിവാക്കുന്നു. സംസാരം (‘കൂടെ ഒഴുകുക’ എന്നുവാച്യാർഥം) തീരെ എതിർപ്പില്ലാത്ത ഒരു നയം സ്വീകരിക്കുവാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നു. ‘‘ലോകത്തോടുള്ള മൈത്രി ദൈവത്തോടുള്ള ശത്രുതയാണെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടേ’’?13 ഈശ്വരന്റെ സ്നേഹിതനാകാൻ, മായാമോഹസസങ്കല്പങ്ങളെ നട്ടെല്ലില്ലായ്മയോടെ അംഗീകരിക്കാൻ അവനെ എപ്പോഴും പ്രേരിപ്പിക്കുന്ന പ്രവൃത്തികളുടെ, അഥവാ സ്വന്തം കർമത്തിന്റെ തിന്മകളെ, അഥവാ പിശാചിനെ മനുഷ്യൻ അതിജീവിക്കണം. കർമത്തിന്റെ വിട്ടുവീഴ്ചയില്ലാത്ത നിയമങ്ങളെപ്പറ്റിയുള്ള ജ്ഞാനം അതിന്റെ ബന്ധനങ്ങളിൽനിന്നുള്ള ആത്യന്തികമായ വിമോചനം നേടാൻ ആത്മാർഥതയുള്ള സാധകരെ ഉത്തേജിപ്പിക്കുന്നു. മായകൊണ്ട് ഇരുളടഞ്ഞ മനസ്സുകളിലെ ആഗ്രഹങ്ങളിലാണ് മനുഷ്യന്റെ കർമത്തിന്റെ അടിമത്തം വേരൂന്നിയിരിക്കുന്നത് എന്നതിനാൽ മനോനിയന്ത്രണത്തിലാണ് ഒരു യോഗി ശ്രദ്ധിക്കുന്നത്.14 കാർമികമായ അജ്ഞതയുടെ വിവിധ മേൽകുപ്പായങ്ങൾ മാറ്റിവച്ചുകഴിഞ്ഞാൽ മനുഷ്യൻ തന്റെ തനതായ സത്തയിൽ സ്വയം ദർശിക്കുകയും ചെയ്യുന്നു.ജനിമൃതികളുടെ രഹസ്യം കണ്ടെത്തുകയെന്നതാണ് മനുഷ്യന്റെ ഭൂലോകവാസത്തിന്റെ ഒരേ ഒരു ഉദ്ദേശ്യം. ജനിമൃതികളുടെ ഈ രഹസ്യം ശ്വാസവുമായി ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. ശ്വാസനിരോധം മൃത്യുവിമുക്തിയാണ്. ഈ സത്യം മനസ്സിലാക്കി, ഭാരതത്തിലെ പ്രാചീനഋഷീശ്വരന്മാർ പ്രാണനെന്ന ഒരേ ഒരു സങ്കേതം സർവാത്മനാ സ്വീകരിച്ചുകൊണ്ട് കൃത്യവും യുക്തിഭദ്രവുമായ ഒരു പ്രാണയാമശാസ്ത്രം വികസിപ്പിച്ചു.ലോകത്തിനു നൽകാൻ ഭാരതത്തിന് മറ്റൊരു സമ്മാനവും ഇല്ലായിരുന്നുവെങ്കിൽതന്നെയും, രാജോചിതമായ ഒരു ഉപഹാരമായി ക്രിയായോഗം മാത്രം പര്യാപ്തമാകും.ശരീരവും ആത്മാവും തമ്മിലുള്ള സൂക്ഷ്മമായ കണ്ണിയായി പ്രവർത്തിക്കുവാൻ ശ്വാസത്തെയാണ് ഈശ്വരൻ ഉപയോഗിച്ചതെന്ന് ഹീബ്രു പ്രവാചകന്മാർക്ക് അറിയാമായിരുന്നുവെന്ന് വെളിപ്പെടുത്തുന്ന നിരവധി ഭാഗങ്ങൾ ബൈബിളിൽ ഉണ്ട്. ഉല്പത്തിയിൽ പറയുന്നു. ‘‘കർത്താവായ ദൈവം ഭൂമിയിലെ പൊടികൊണ്ട് മനുഷ്യനെ രൂപപ്പെടുത്തി, അയാളുടെ നാസാദ്വാരങ്ങളിലേക്ക് ജീവശ്വാസം ഊതി. അങ്ങനെ മനുഷ്യന് ജീവൻ ഉണ്ടായി.15’’ മനുഷ്യശരീരം നിർമിച്ചിരിക്കുന്നത് രാസ,ലോഹപദാർഥങ്ങൾകൊണ്ടാണ്. ഇവ മണ്ണിലുംകാണപ്പെടുന്നു. അജ്ഞരായമനുഷ്യരിൽ ശ്വാസ (വാതകരൂപമായ ഊർജം)ത്തെ ആത്മാവ് ശരീരത്തിലേക്കു പ്രസരിപ്പിക്കുന്ന പ്രാണപ്രവാഹങ്ങളുടെ കാരകത്വമില്ലായിരുന്നുവെങ്കിൽ മനുഷ്യന്റെ മാംസത്തിന് പ്രവർത്തനം തുടരാനോ ഊർജവും ചലനവും വെളിവാക്കാനോ ഒരിക്കലും സാധ്യമാകുമായിരുന്നില്ല. മനുഷ്യശരീരത്തിൽ പഞ്ചപ്രാണന്മാരായി പ്രവർത്തിക്കുന്ന സൂക്ഷ്മജീവപ്രവാഹങ്ങൾ സർവസന്നിഹിതമായ ആത്മാവിന്റെ ഓംകാരധ്വനിയുടെ വ്യക്തീഭാവമാണ്.ആത്മസ്രോതസ്സിൽനിന്ന്, മാംസകോശങ്ങളിൽ തിളങ്ങുന്ന ജീവന്റെ പ്രതിച്ഛായ അഥവാ സത്യസാദൃശ്യം മാത്രമാണ്, മനുഷ്യന് അവന്റെ ശരീരത്തോടുള്ള മമതയുടെ ഒരേയൊരുകാരണം; ഒരു കളിമണ്ണുകട്ടയ'ക്ക് ശ്രദ്ധാപൂർവമായ ആദരവ് അവൻ അർപ്പിക്കുവാൻ ഇടയില്ല. തന്റെ ശാരീരികമായരൂപത്തെ താൻതന്നെയെന്ന് മനുഷ്യൻ തെറ്റായി ധരിച്ചുവശാകുന്നു. കാരണം, ആത്മാവിൽ നിന്നുള്ള പ്രാണപ്രവാഹങ്ങൾ അത്ര ഉൽകടമായ ശക്തിയോടെയാണ് ശ്വാസത്തിലൂടെ മാംസത്തിലേക്കു നിവേശിക്കപ്പെടുന്നത്. അങ്ങനെ മനുഷ്യൻ കാര്യത്തെ കാരണമായി തെറ്റിദ്ധരിക്കുകയും ശരീരത്തിന് അതിന്റേതായ ജീവനുണ്ടെന്ന്

വിഗ്രഹാരാധനാരൂപേണ സങ്കല്പിക്കുകയും ചെയ്യുന്നു.മനുഷ്യന്റെ ബോധാവസ'ഥ ശരീരത്തെയും ശ്വാസത്തെയും പറ്റിയുള്ള ബോധമാണ്. ശരീരത്തോടും ശ്വാസത്തോടുമുള്ള മാനസികവും താല്ക്കാലികവുമായ വിയോജനവുമായി ബന്ധപ്പെട്ടതാണ് ഉറക്കത്തിൽ പ്രവർത്തനനിരതമാകുന്ന ഉപബോധാവസ'ഥ. ശരീര-ശ്വാസങ്ങളെ ആശ്രയിച്ചാണ് തന്റെ അസ്തിത്വമെന്ന മിഥ്യാസങ്കല്പത്തിൽനിന്നുള്ള വിമോചനമാണ് അവന്റെ അതിബോധാവസ'ഥ.16 ഈശ്വരൻ ശ്വാസോച്ഛ്വാസം കൂടാതെ വാഴുന്നു; അദ്ദേഹത്തിന്റെ പ്രതിരൂപത്തിൽ സൃഷ്ടിക്കപ്പെട്ട ആത്മാവ് ആദ്യമായി സ്വബോധം കൈക്കൊള്ളുന്നത് ശ്വാസം അടങ്ങിയ അവസ'ഥയിൽമാത്രമാണ്.ആത്മാവും ശരീരവും തമ്മിലുള്ള ശ്വാസബന്ധത്തെ പരിണാമാത്മകമായ കർമം വിച്ഛേദിക്കുമ്പോൾ ‘‘മരണ’’ മെന്ന പൊടുന്നനെയുള്ള പരിവർത്തനം വന്നുചേരുന്നു; ശരീരകോശങ്ങൾ അവയുടെ സ്വാഭാവികമായ നിസ്സഹായസ'ഥിതിയിലേക്കു മടങ്ങുന്നു. പക്ഷേ, ഒരു ക്രിയായോഗിയെ സംബന്ധിച്ചിടത്തോളം ശ്വാസസംബന്ധം വിച്ഛേദിക്കപ്പെടുന്നത് ശാസ്ത്രീയമായ വിജ്ഞാനത്താൽ സ്വേച്ഛയാലാണ്, അല്ലാതെ കർമത്തിന്റെ നിർമര്യാദമായ കടന്നുകയറ്റത്തിന്റെ നിബന്ധനകൊണ്ടല്ല. യഥാർഥസ്വാനുഭവത്തിലൂടെ ഒരുയോഗി തന്റെ സത്തയിലുള്ള അശരീരിത്വത്തെപ്പറ്റി ബോധ്യംവന്നയാളാണ്; അതിനാൽ ഭൗതികശരീരത്തെ ആശ്രയിക്കുന്നത് ദുരുപദിഷ്ടമാണെന്ന് മരണംനൽകുന്ന സ്പഷ്ടമായസൂചന അദ്ദേഹത്തിനു വേണ്ടി വരുന്നില്ല.ജന്മങ്ങൾകൊണ്ട് ഓരോ മനുഷ്യനും (തനിക്കു തനതായ ഗതിവേഗത്തിൽ, എത്ര വഴിതെറ്റിയാണെങ്കിലും) സ്വന്തം ദേവത്വമെന്ന ലക്ഷ്യത്തിലേക്കു മുന്നേറുന്നു. ഈ മുന്നേറ്റത്തിന് ഒരു തടസ്സമൊന്നുമല്ലാത്ത മരണം മനുഷ്യന് തന്നിലെ മാലിന്യം ദൂരീകരിക്കുന്നതിന് ഒരു സൂക്ഷ്മലോകത്തിന്റെ കൂടുതൽ അനുയോജ്യമായ പരി:സ'ഥിതി സമ്മാനിക്കുക മാത്രമാണ് ചെയ്യുന്നത്. ‘നിങ്ങളുടെ ഹൃദയം കലങ്ങേണ്ടാ.... എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ'ഥലങ്ങൾ ഉണ്ട്.’’ 17 ഈ ലോകം ചിട്ടപ്പെടുത്തിയതിൽ ജഗദീശ്വരൻ തന്റെ ഭാവനാവൈഭവം നന്നേ ശോഷിപ്പിച്ചുകളഞ്ഞുവെന്നോ, അടുത്തലോകത്ത് അവിദഗ്ദ്ധമായി വീണവായിക്കുക എന്നതിൽ കവിഞ്ഞ് നമ്മുടെ താല്പര്യങ്ങൾക്ക് കൂടുതൽ വെല്ലുവിളിയേകുന്ന മറ്റൊന്നും തരാൻ അദ്ദേഹത്തിനുണ്ടാവില്ലയെന്നോ വരികയില്ല, തീർച്ച.മരണമെന്നത് അസ്തിത്വത്തിന്റെ വിനാശം, ജീവിതത്തിൽ നിന്നുള്ള ആത്യന്തികമായ മോചനമല്ല; അത് അമരത്വത്തിലേക്കുള്ള വാതിലുമല്ല. ഭൂമിയിലെ സുഖഭോഗങ്ങളിൽ മുഴുകി തന്റെ ആത്മാവിൽനിന്ന് ഓടിയകന്ന ഒരുവന് അതിനെ സൂക്ഷ്മലോകത്തെ സൂക്ഷ്മസൗന്ദര്യങ്ങൾക്കുനടുവിൽ വീണ്ടെടുക്കാൻകഴിയുകയില്ല. അവിടെ അവൻ യാതൊന്നാണോ മനോജ്ഞവും മംഗളവുമായത്—ഇവ രണ്ടും ഒന്നു തന്നെ—അവയോട് സൂക്ഷ്മതരമായ സംഗ്രഹശേഷിയും കൂടുതൽ സംവേദനക്ഷമമായ പ്രതികരണവും സഞ്ചയിക്കുകമാത്രംചെയ്യുന്നു. ഈ സ'ഥൂലമായ ഭൂമിയുടെ അടകല്ലിൽവച്ചു വേണം ആത്മീയസ്വത്വത്തിന്റെ അനശ്വരമായ സ്വർണം അടിച്ചുരൂപപ്പെടുത്തുവാൻ. അത്യാർത്തിയുള്ള മരണത്തിന് സ്വീകാര്യമായ ഒരേ ഒരു സമ്മാനം—പാടുപെട്ടു നേടിയ ഈ സുവർണനിധി—കൈയ്യിലേന്തിക്കൊണ്ട് മനുഷ്യൻ ഭൂതലത്തിലെ പുനർജന്മങ്ങളുടെ ചക്രത്തിൽനിന്ന് ആത്യന്തികമായ മോചനംനേടുന്നു.പതഞ്ജലിയുടെ യോഗസൂത്രത്തെയും ഹിന്ദുദർശനത്തിന്റെ അസാമാന്യ ഉൾക്കാഴ്ചയുള്ള ഗ്രന്ഥങ്ങളെയുംപറ്റി എൻസിനിറ്റാസിലും ലോസ് ആൻജലീസിലും ഞാൻ അനേകംവർഷം ക്ലാസുകൾ നടത്തി. [image file=image_rsrc53P.jpg] എൻസിനിറ്റാസ് കാലിഫോർണിയയിലെ SRF ആശ്രമത്തിൽ പരമഹംസ യോഗാനന്ദൻ, ജൂലൈ 1950. [image file=image_rsrc53V.jpg] യോഗാനന്ദജി ഇൻഡ്യൻ അംബാസഡറെ സ്വാഗതം ചെയ്യുന്നുയു. എസ്. ഏ. യിലെ ഇൻഡ്യൻ അംബാസഡർ ശ്രീ വിനയരഞ്ജന സെൻ യോഗാനന്ദജിയോടൊപ്പം സെൽഫ്-റിയലൈസേഷൻ ഫെലോഷിപ് ഇന്റർനാഷണൽ ഹെഡ്ക്വാർട്ടേഴ്സ് ലോസ് ആൻജലീസ്, മാർച്ച് 4, 1952-ന്-യോഗാനന്ദജിയുടെ ദേഹവിയോഗത്തിന് മൂന്നു ദിവസം മുമ്പ്.മാർച്ച് 11-ാം തീയതി അദ്ദേഹത്തിന്റെ ശവസംസ്കാരവേളയിൽ ഒരു ആദരാഞ്ജലിയിൽ അംബാസഡർ സെൻ പറഞ്ഞു: “ഐക്യരാഷ്ട്ര സംഘടനയിൽ പരമഹംസ യോഗാനന്ദനെപ്പോലെ ഒരു ദേഹം ഇന്നുണ്ടായിരുന്നുവെങ്കിൽ ഈ ലോകം ഇന്നത്തേക്കാളും ഏറെ മെച്ചപ്പെട്ടതാകുമായിരുന്നു. എന്റെ അറിവിൽ, ഇൻഡ്യയിലേയും അമേരിക്കയിലേയും ജനങ്ങളെ ഒന്നിച്ചു ചേർക്കാൻ ഇതിലധികം പ്രയത്നിച്ച, തന്റെ സർവസ്വവും അർപ്പിച്ച, മറ്റൊരാളുമില്ല.” [image file=image_rsrc542.jpg] ശ്രീ ശ്രീ പരമഹംസ യോഗാനന്ദൻ - അവസാനത്തെ പുഞ്ചിരി1952 മാർച്ച് 7-ാം തീയതി കാലിഫോർണിയയിലെ ലോസ് ആൻജലീസ്, കാലിഫോർണിയയിൽ വച്ച് ഇൻഡ്യൻ അംബാസഡർ വിനയരഞ്ജന സെന്നിന്റെ ബഹുമാനാർഥം നൽകപ്പെട്ട വിരുന്നിൽ, പരമഹംസജിയുടെ മഹാസമാധിക്ക് ഒരു മണിക്കൂർ മുമ്പ് എടുത്ത ചിത്രം.തന്റെ ദശലക്ഷക്കണക്കിനുള്ള സുഹൃത്തുക്കൾ, വിദ്യാർഥികൾ, ശിഷ്യർ ഇവരോരുത്തർക്കുമായി വിട നൽകൽ അനുഗ്രഹാശിസ്സുകൾ ആണെന്നു തോന്നിപ്പിക്കുന്ന സ്നേഹപൂർവമായ ഒരു മന്ദസ്മേരം ഫൊട്ടോഗ്രഫർ ഇവിടെ അനശ്വരമാക്കിയിരിക്കുന്നു. അനന്തതയിലേക്ക് മിഴിനട്ടിരുന്ന ആ കച്ചുകളിൽ അപ്പോഴും മാനവിക സൗഹൃദത്തിന്റെയും ധാരണയുടേയും ഊഷ്മളത നിറഞ്ഞിരുന്നു.ഈ അനിതരസാധാരണനായ ഈശ്വരഭക്തന്റെമേൽ മരണത്തിന്റെ ജീർണനശക്തിയുടെ പ്രഭാവം വിലപ്പോയില്ല. അദ്ദേഹത്തിന്റെ മൃതശരീരം

പ്രാതിഭാസികമായ ജീർണനമില്ലായ്മ കാട്ടി. ‘ ‘എന്തിനാണ് ഈശ്വരൻ ആത്മാവും ശരീരവും തമ്മിൽ ബന്ധിപ്പിച്ചത്? ഈ പരിണാത്മകമായ സൃഷ്ടിയുടെ നാടകം അദ്ദേഹം തുടങ്ങിവച്ചതിൽ അദ്ദേഹത്തിന്റെലക്ഷ്യം എന്തായിരുന്നു?’ ’ ഒരു സായാഹ്നത്തിൽ ക്ലാസിലെ ഒരു വിദ്യാർഥി ചോദിച്ചു. മറ്റുനിരവധി ആളുകളും ഇത്തരംചോദ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്; ഇതിന് പൂർണമായ ഉത്തരം നൽകാൻ ദാർശനികർ കിണഞ്ഞുശ്രമിച്ചിട്ടുണ്ട്, പക്ഷേ വിജയിച്ചിട്ടില്ല. ‘ ‘ഏതാനും ദുർജ്ഞേയമായ കാര്യങ്ങൾ അനന്തതയിൽ ആരായാനായി വിട്ടുകളയൂ.’ ’ ശ്രീ യുക്തേശ്വരൻ ഒരു പുഞ്ചിരിയോടെ പറയുമായിരുന്നു. ‘ ‘അസ്യൃഷ്ടമായ കേവലത്തിന്റെ, സങ്കല്പാതീതമായ ഉദ്ദേശ്യലക്ഷ്യങ്ങൾ മനുഷ്യന്റെ പരിമിതമായയുക്തിചിന്തയ'ക്ക് എങ്ങനെഗ്രഹിക്കാനാവും?18 ഇന്ദ്രിയഗോചരപ്രപഞ്ചത്തിന്റെ കാര്യ – കാരണതത്ത്വം തളച്ചിട്ട മനുഷ്യന്റെ വിവേകശക്തി, അനാദ്യനും കാരണാതീതനുമായ ഈശ്വരനെന്ന അജ്ഞേയതയ'ക്ക് മുന്നിൽ പകച്ചുനിൽക്കുന്നു. പക്ഷേ, മനുഷ്യബുദ്ധിക്ക് സൃഷ്ടിയെന്ന കടംകഥയുടെ ഉത്തരം കണ്ടെത്താനാവില്ലെങ്കിലും ദുർഗ്രാഹ്യമായ എല്ലാ രഹസ്യങ്ങളും സാധകന് ഈശ്വരൻതന്നെ അന്തിമമായി വെളിപ്പെടുത്തിക്കൊടുക്കുന്നു.’ ’ ജ്ഞാനം ആത്മാർഥമായി ഇച്ഛിക്കുന്ന ആൾ ദിവ്യപദ്ധതിയുടെ ചിലപ്രാഥമികപാഠങ്ങൾ എളിമയോടെ വശമാക്കിക്കൊണ്ട് തന്റെ അന്വേഷണം തുടങ്ങുന്നതിൽ സംതൃപ്തനാണ്. ജീവിതത്തിന്റെ ‘ ‘ഐൻസ്റ്റൈൻ സിദ്ധാന്ത’ ’ ത്തിന്റെ ഗണിതഭദ്രമായ ഒരു ചിത്രലേഖനം തക്കസമയമാകുംമുമ്പ് ഒരാവശ്യമായി അയാൾ ഉന്നയിക്കുന്നില്ല. ‘ ‘ദൈവത്തെ ഒരിക്കലും ആരും കണ്ടിട്ടില്ല. ( ‘കാലത്തിന്’ മായയുടെ19 ആപേക്ഷികതകൾക്ക് വിധേയനായ ഒരു മർത്യനും അനന്തതയെ സാക്ഷാത്കരിക്കാൻ കഴിയുകയില്ല); പിതാവിന്റെ വക്ഷസ്സിലിരിക്കുന്ന ദൈവംതന്നെയായ ഏകജാതനാണ് (പ്രതിബിംബിതമായ കൂടസ'ഥചൈതന്യം അഥവാ ബഹിർസ്ഫുരിച്ച പൂർണജ്ഞാനം. ഇത് അസൃഷ്ടബ്രഹ്മത്തിന്റെ ‘വക്ഷസ്സ്’ അഥവാ ആഴങ്ങളിൽനിന്ന് ഏകതയുടെ വൈവിധ്യം വെളിപ്പെടുത്താൻ ബഹിർഗമിക്കുന്നു) അവനെ വെളിപ്പെടുത്തിയിരിക്കുന്നത് (രൂപം നൽകി അഥവാ സമൂർത്തമാക്കി).’ ’ 20യേശു വിശദീകരിച്ചു: ‘ ‘സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, പിതാവു ചെയ്യുകാണുന്നതല്ലാതെ ഒന്നും പുത്രനു സ്വയം ചെയ്യാൻ കഴിയുകയില്ല: അവൻ ചെയ്യുന്നതെല്ലാം പുത്രനും അതുപോലെ ചെയ്യുന്നു. ’ ’ 21ഈശ്വരന്റെ ത്രിമൂർത്തീഭാവം, അദ്ദേഹം വെളിവാക്കുന്ന നിലയിൽ ഹൈന്ദവവേദശാസ്ത്രഗ്രന്ഥങ്ങളിലെ സൃഷ്ടിനടത്തുന്ന ബ്രഹ്മാവ്, പരിപാലനം ചെയ്യുന്ന വിഷ്ണു, വിനാശ-പുനരാവിഷ്കാരം നടത്തുന്ന മഹേശ്വരൻ എന്നിവർ ഇന്ദ്രിയഗോചരജഗത്തിൽ അവരുടെ ത്രിഗുണാത്മകപ്രകൃതി സ്പന്ദനാത്മകപ്രകൃതി സ്പന്ദനാത്മകമായ സൃഷ്ടിയിൽ അവിരാമം പ്രകടിതമാകുന്നു. കേവലമായ നിർഗുണബ്രഹ്മം മനുഷ്യന്റെ വിഭാവനശക്തിക്ക് അതീതമാകയാൽ ഭക്തനായ ഹിന്ദു, മംഗളകരമായ ത്രിമൂർത്തിഭാവത്തിൽ അതിനെ ആരാധിക്കുന്നു.22എങ്കിലും, ഈശ്വരന്റെ വിശ്വവ്യാപിയായ സൃഷ്ടി – സ'ഥിതി – സംഹാരഭാവം അദ്ദേഹത്തിന്റെ ആത്യന്തികമോ സത്താമാത്രംപോലുമോ ആയ പ്രകൃതിയല്ല, കാരണം പ്രപഞ്ചസൃഷ്ടി അദ്ദേഹത്തിന്റെ ലീല23 മാത്രമാണ്. ത്രിമൂർത്തീഭാവത്തിന്റെ എല്ലാ ദുർജ്ഞേയതകളും അറിഞ്ഞാലും അദ്ദേഹത്തിന്റെ ആന്തരതത്ത്വം ഗ്രഹിക്കാൻ കഴിയുകയില്ല. കാരണം നിയതമായ ആണവപ്രവാഹത്തിൽ പ്രത്യക്ഷമാകുന്ന ബാഹ്യപ്രകൃതി അദ്ദേഹത്തെ വെളിപ്പെടുത്താതെ ബഹിർസ്ഫുരിപ്പിക്കുകമാത്രമാണ് ചെയ്യുന്നത്. ഈശ്വരന്റെ ആത്യന്തികപ്രകൃതി അറിവാകുന്നത് ‘ പുത്രൻ പിതാവിന്റെ അടുക്കലേക്കു പോകുമ്പോൾ’ ’ 24 മാത്രമാണ്. വിമോചിതനായ മനുഷ്യൻ സ്പന്ദനമയമണ്ഡലങ്ങൾകടന്ന് സ്പന്ദനതരഹിതമായ മൂലതത്ത്വത്തെ പ്രാപിക്കുന്നു.ആത്യന്തികരഹസ്യങ്ങൾ വെളിപ്പെടുത്താൻ ആവശ്യപ്പെട്ടിട്ടുള്ളപ്പോൾ മഹാന്മാരായ പ്രവാചകരെല്ലാം തന്നെ മൗനം ഭജിക്കുകയാണ് ചെയ്തിട്ടുള്ളത്. ‘സത്യമെന്നാൽ എന്താണ്?’ ’ 25 എന്നു പിലാത്തോസ് ചോദിച്ചപ്പോൾ ക്രിസ്തുദേവൻ മറുപടിയൊന്നും പറഞ്ഞില്ല. പിലാത്തോസിനേപ്പോലുള്ള ബുദ്ധിജീവികളുടെ പൊങ്ങച്ചം കാട്ടുന്ന ചോദ്യങ്ങൾ ഉൽക്കടമായ ഒരു അന്വേഷണത്വരതയിൽനിന്ന് ഉദിക്കുന്നവയല്ല. പിന്നെയോ, ആത്മീയമൂല്യങ്ങളിൽ26 ഉറച്ചവിശ്വാസമില്ലായ്മ ‘ ‘തുറന്ന മന:സ'ഥിതി’ ’ യുടെ ഒരടയാളമായി കരുതുന്ന ഈക്കൂട്ടർ അർഥശൂന്യമായ ധാർഷ്ട്യത്തോടെയാണു സംസാരിക്കുന്നത്. ‘ ‘സത്യത്തിനു സാക്ഷ്യം വഹിക്കാനാണ് ഞാൻ ജനിച്ചത്, അതിനാണ് ഞാൻ ലോകത്തിലേക്കു വന്നതും. സത്യത്തിൽനിന്നുള്ളവരെല്ലാം എന്റെ സ്വരം കേൾക്കുന്നു.’ ’ 27 ഈ ചുരുങ്ങിയവാക്കുകളിൽ ക്രിസ്തുദേവൻ ഒരു ഗ്രന്ഥസമുച്ചയത്തിനുള്ള കാര്യങ്ങളാണ് പറഞ്ഞുവച്ചത്. ഈശ്വരന്റെ ഒരു സന്തതി തന്റെ ജീവൻകൊണ്ടാണ് ‘ ‘സാക്ഷ്യം വഹിക്കുന്നത്.’ ’ അവൻ സത്യം സാകാരമാക്കുന്നു. അത് വ്യാഖ്യാനിക്കുക കൂടിയാണെങ്കിൽ അത് അധികത്തിലുമധികമായ ഹൃദയവിശാലതയാണ്.സത്യമെന്നത് ഒരു സിദ്ധാന്തമല്ല, തത്ത്വചിന്തയുടെ അഭ്യൂഹദർശനമല്ല, ബുദ്ധിപരതയുടെ ഉൾക്കാഴ്ചയല്ല. സത്യം, യാഥാർഥ്യത്തിന്റെ സൂക്ഷ്മമായ തനിമയാണ്. മനുഷ്യന് സത്യം തന്റെ യഥാർഥപ്രകൃതിയുടെ അചഞ്ചലമായ ജ്ഞാനമാണ്: പരമാത്മാവാണ് തന്റെ ആത്മാവ് എന്നതാണത്. സ്വന്തം ജീവിതത്തിലെ ഓരോ പ്രവൃത്തിയുംവാക്കുംകൊണ്ട് തന്റെ അസ്തിത്വത്തിന്റെ സത്യം—ഈശ്വരനാണ് തന്റെ ഉറവിടം എന്നത്—താനറിഞ്ഞിരുന്നുവെന്ന് യേശുദേവൻ തെളിയിച്ചു. സർവസന്നിഹിതമായ ക്രിസ്തുബോധത്തിൽ പരിപൂർണമായി താദാത്മ്യംപ്രാപിച്ച അദ്ദേഹത്തിന്

ശുദ്ധനിസ്സന്ദേഹതയോടെ പറയാൻകഴിഞ്ഞു: ‘ ‘സത്യത്തിൽനിന്നുള്ളവരെല്ലാം എന്റെ സ്വരം കേൾക്കുന്നു.’ ’ ബുദ്ധനും അധ്യാത്മവിദ്യയുടെ ആത്യന്തികങ്ങളിൽ വെളിച്ചം വീശാൻ വിസമ്മതിച്ചു. മനുഷ്യനു ഭൂമുഖത്തു ലഭിക്കുന്ന ഏതാനും നിമിഷങ്ങൾ സാന്മാർഗികസ്വഭാവം ഉത്തമമാക്കിയെടുക്കാൻ വിനിയോഗിക്കുകയാണ് ഏറ്റവും നന്നെന്ന് അദ്ദേഹം ഫലിതരൂപേണ ചൂണ്ടിക്കാട്ടി. ചൈനയിലെ ആധ്യാത്മികവാദി ലാവോത്—സു പഠിപ്പിച്ചതും ശരിയാണ്. ‘ ‘ അറിയുന്നവൻ അതുപറയുന്നില്ല; പറയുന്നവൻ അത് അറിയുന്നില്ല.’ ’ ഈശ്വരന്റെ ആത്യന്തികമായ രഹസ്യങ്ങൾ ഒരു ‘ ‘തുറന്ന ചർച്ചയ'ക്ക്’ ’ ഉള്ളതല്ല. അദ്ദേഹത്തിന്റെ രഹസ്യഭാഷയുടെ നിർധാരണമെന്നത് മനുഷ്യന് മറ്റൊരു മനുഷ്യനിലേക്ക് വിനിമയം ചെയ്യാൻ കഴിയാത്ത ഒരു കലയാണ്; ഇവിടെ ജഗദീശ്വരൻ തന്നെയാണ് ഗുരു. ‘ ‘ശാന്തമാവുക പ്രശാന്തി കൈക്കൊള്ളുക), ഞാനാണ് ദൈവം എന്നറിയുക.’ ’ 28 തന്റെ സർവവ്യാപിത്വം ഒരിക്കലും കേമത്തമായി എടുത്തു കാട്ടാത്ത ജഗന്നിയന്താവിനെ വിശുദ്ധമായ നിശ്ശബ്ദതകളിലേ കേൾ ക്കാൻ കഴിയൂ. സൃഷ്ടിക്ഷമമായ ഓംകാരധ്വനിയായി പ്രപഞ്ചംമുഴുവനും മാറ്റൊലിക്കൊള്ളുന്ന ആ ആദിമശബ്ദം ഈശ്വരനിൽ നിർലീനനായ സാധകന് അർഥസമ്പുഷ്ടമായ വാക്കുകളായി തൽക്ഷണം സ്വയം പരിഭാഷപ്പെടുന്നു.സൃഷ്ടിയുടെ ദിവ്യമായ ഉദ്ദേശ്യം, മനുഷ്യന്റെ യുക്തിചിന്തകൊണ്ട് മനസ്സിലാക്കാവുന്നിടത്തോളം, വേദങ്ങളിൽ വ്യാഖ്യാനിച്ചിട്ടുണ്ട്. കൈവല്യം പുനഃസ'ഥാപിക്കുന്നതിനുമുമ്പായി ഈശ്വരന്റെ ഏതെങ്കിലും പ്രത്യേകസ്വഭാവവിശേഷം അനുപമമായി ആവിഷ്കരിക്കുന്ന ഒരാത്മാവായിട്ടാണ് ഓരോ മനുഷ്യനും സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്ന് ഋഷിമാർ നമ്മെ പഠിപ്പിക്കുന്നു. അങ്ങനെ ദൈവികമായ വ്യക്തിത്വത്തിന്റെ ഏതെങ്കിലും ഒരു പ്രത്യേകത വരദാനമായി ലഭിച്ചിട്ടുള്ള എല്ലാമനുഷ്യരും തുല്യമായ രീതിയിൽ ഈശ്വരന് പ്രിയരാണ്.എല്ലാ രാഷ്ട്രങ്ങളുടെയും ജ്യേഷ്ഠസഹോദരനായ ഭാരതം സ്വരൂപിച്ചിട്ടുള്ള വിജ്ഞാനം മാനവരാശിയുടെ മുഴുവനും പൈതൃകമാണ്. വേദസത്യം, മറ്റേതൊരു സത്യത്തെയുംപോലെ, ജഗദീശ്വരന്റേതാണ്, അല്ലാതെ ഭാരതത്തിന്റേതല്ല. വേദങ്ങളിലെ ദിവ്യമായ ഗഹനതകൾ ഉൾക്കൊള്ളാൻ തക്കവണ്ണം വിശുദ്ധപാത്രങ്ങളായിരുന്നു ഋഷിമാരുടെ മനസ്സുകൾ. മനുഷ്യരാശിയെ മുഴുവൻ സ്നേഹിക്കാനായി മറ്റെവിടെയെങ്കിലും ജനിക്കാതെ ഈ ഭൂമിയിൽ വന്ന് അവതരിച്ച ഋഷീശ്വരന്മാർ സമസ്ത മാനവജാതിയുടെയും അംഗങ്ങളായിരുന്നു. സത്യത്തിന്റെ സാമ്രാജ്യത്തിൽ വർഗത്തിന്റെയോ രാജ്യത്തിന്റെയോ വിവേചനങ്ങൾ അർഥശൂന്യമാണ്. അവിടെ വേണ്ട ഏക യോഗ്യത അതു കൈക്കൊള്ളുവാനുള്ള ആത്മീയ അർഹതയാണ്.ഈശ്വരൻ സ്നേഹമാണ്; സൃഷ്ടിയെ സംബന്ധിച്ച അദ്ദേഹത്തിന്റെ പദ്ധതി സ്നേഹത്തിൽ മാത്രം അധിഷ്ഠിതമാകാനേ കഴിയൂ. ഈ പണ്ഡിതോചിതമായ ലളിതചിന്ത യുക്തിചിന്തകളേകാത്ത സാന്ത്വനം മനുഷ്യഹൃദയത്തിനു നൽകുന്നില്ലേ? ഒരു ദൈവിക പദ്ധതി നിലവിലുണ്ടെന്നും അത് സുന്ദരവും ആനന്ദമയവുമാണെന്നും, യാഥാർഥ്യത്തിന്റെ അന്ത:സത്തയിലേക്ക് ഇറങ്ങി ചെന്നിട്ടുള്ള ഓരോ വിശുദ്ധാത്മാവും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.യെശയ്യാപ്രവാചകന് ദൈവം തന്റെ ലക്ഷ്യങ്ങൾ ഇങ്ങനെ വെളിപ്പെടുത്തി:അതുപോലെതന്നെയാണ് എന്റെ വായിൽനിന്നും പുറപ്പെടുന്ന വചനങ്ങളും അത് എന്റെ അടുക്കലേക്ക് വെറുതെ മടങ്ങിവരില്ല. മറിച്ച് അത് എന്റെ ലക്ഷ്യം നിറവേറ്റുകയും ഞാൻ അതിനെ അയച്ചകാര്യത്തിൽ മുന്നേറുകയും ചെയ്യും. അതേ, നിങ്ങൾ ആനന്ദത്തോടെ പുറപ്പെടും; സമാധാനത്തോടെ ആനയിക്കപ്പെടും; നിങ്ങളുടെ മുന്നിൽ പർവതങ്ങളും മലകളും ഗാനമുതിർക്കും, നാട്ടിലെ മരങ്ങളെല്ലാം കൈയ്യടിക്കും (യെശയ്യാ 55:11 - 12) ‘ ‘നിങ്ങൾ ആനന്ദത്തോടെ പുറപ്പെടും. സമാധാനത്തോടെ ആനയിക്കപ്പെടും.’ ’ ഈ ആശ്ചര്യജനകമായ വാഗ്ദാനം ബഹുവിധ കഷ്ടതകളനുഭവിക്കുന്ന ഇരുപതാംനൂറ്റാണ്ടിലെ മനുഷ്യർ ആകാംക്ഷയോടെ കേൾക്കുന്നു. തന്റെ ദിവ്യപൈതൃകം വീണ്ടെടുക്കാൻ പൗരുഷത്തോടെ കഠിനയത്നം നടത്തുന്ന ഓരോ സാധകനും അതിൽ അടങ്ങിയിരിക്കുന്ന പൂർണസത്യം സാക്ഷാത്കരിക്കാവുന്നതാണ്.പൗരസ്ത്യ-പാശ്ചാത്യ ദേശങ്ങളിൽ ക്രിയായോഗത്തിന്റെ അനുഗൃഹീതമായ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞുവെന്നേ പറയാവൂ. മനുഷ്യന്റെ എല്ലാ ദുരിതങ്ങളേയും അതിജീവിക്കാൻ ആത്മസാക്ഷാത്കാരത്തിന്റെ വ്യക്തവും ശാസ്ത്രീയവുമായ ഒരു മാർഗം നിലവിലുണ്ടെന്ന് എല്ലാ മനുഷ്യരും അറിയാൻ ഇടയാകട്ടെ!തിളങ്ങുന്ന രത്നങ്ങൾപോലെ, ലോകത്ത് അവിടെവിടെയുള്ള ആയിരക്കണക്കിനു ക്രിയായോഗികൾക്ക് സ്നേഹനിർഭരമായ ചിന്താസ്പന്ദനങ്ങൾ അയയ'ക്കുമ്പോൾ ഞാൻ പലപ്പോഴും ചരിതാർഥനായി ചിന്തിക്കുന്നു: ‘ ‘ജഗദീശ്വരാ, അങ്ങ് ഈ സന്ന്യാസിക്ക് ഒരു വലിയ കുടുംബമാണ് തന്നിരിക്കുന്നത്!’ ’ [image file=image_rsrc54Z.jpg] 1 ഇപ്പോൾ ഈ പ്രസിദ്ധീകരണത്തിന്റെ പേര് സെൽഫ് - റിയലൈസേഷൻ എന്നാണ്.2 1950 ആഗസ്റ്റ് 27-ാം തീയതി ലോസ് ആൻജലീസിൽവച്ച് ഈ വാർഷികം ആഘോഷിക്കുമ്പോൾ വിശുദ്ധമായ ഒരുവൈദികകർമത്തിൽ അഞ്ഞൂറുവിദ്യാർഥികൾക്ക് ഞാൻ ക്രിയായോഗദീക്ഷ നൽകി.3 ക്രിയായോഗധ്യാനശാസ്ത്രത്തിന്റെയും, ആത്മീയജീവനത്തിന്റെയും പ്രചാരണത്തിനുവേണ്ടി പരമഹംസ യോഗാനന്ദൻ സ'ഥാപിച്ച യോഗദാ സത്സംഗ സൊസൈറ്റി മുഖേന ഈ സമഗ്രമായ ഗൃഹപാഠശ്രേണി ലഭ്യമാണ്. (പ്രസാധക കുറിപ്പ്)4 യോഗദാ സത്സംഗ സൊസൈറ്റി/സെൽഫ് - റിയലൈസേഷൻ ഫെലോഷിപ് നൽകുന്ന പാഠങ്ങൾ പഠിക്കുന്നവരിൽ ക്രിയാദീക്ഷ ലഭിച്ചിട്ടുള്ള ക്രിയാവാന്മാരുടെ ആത്മീയപുരോഗതി, താൻ ഇഹലോകവാസം വെടിഞ്ഞശേഷവും തുടർന്നു

വീക്ഷിച്ചുകൊണ്ടേയിരിക്കുമെന്ന് തന്റെ പൗരസ്ത്യ-പാശ്ചാത്യവിദ്യാർഥികളോട് പരമഹംസ യോഗാനന്ദനും പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ മഹാസമാധിക്കുശേഷം, അദ്ദേഹത്തിന്റെ സർവസന്നിഹിതമായ മാർഗദർശനം ബോധ്യപ്പെട്ട അനേകം ക്രിയായോഗികളിൽ നിന്നുലഭിക്കുന്ന എഴുത്തുകൾ അദ്ദേഹത്തിന്റെ സുന്ദരമായ വാഗ്ദാനത്തിന്റെ വാസ്തവം തെളിയിക്കുന്നു. (പ്രസാധക കുറിപ്പ്).5 ആ സ്വരം എൻചുറ്റും അലയാഴിപൊലെ വന്നലയ'ക്കുന്നു:നിന്റെ ഭൂമി അത്രത്തോളം നശിച്ചുവോതകർന്നു തരിപ്പണമായിയോ?നോക്കൂ, വസ്തുക്കളെല്ലാം നിന്നിൽനിന്നോടിയകലുന്നു,കാരണം, നീ എന്നിൽനിന്ന് ഓടിയകലുന്നു!നിന്നിൽനിന്നു ഞാൻ പിടിച്ചെടുത്തതെല്ലാം നിൻ ദോഷത്തിനായല്ല,അവ നീയെൻ കൈകളിൽ തേടാനല്ലോ.നിന്റെ ബാലിശമടത്തരത്തിൽനഷ്ടമായെന്നു നീ തെറ്റിദ്ധരിച്ചു.അവയെല്ലാം വീട്ടിൽ നിനക്കെന്നുകരുതി ഞാൻ സൂക്ഷിച്ചു വച്ചിരിപ്പൂഎഴുന്നേൽക്കൂ, എൻകൈപിടിക്കൂ, വരൂ!' " –ഫ്രാൻസിസ് തോംപ്സൺ, ദ ഹൗണ്ട് ഒഫ് ഹെവൻ—ൽ6 ചരിത്രരേഖകൾ ഭാരതത്തെ പതിനെട്ടാം നൂറ്റാണ്ടുവരെ ലോകത്തിലെ ഏറ്റവും സമ്പന്നമായ രാജ്യമായി അവതരിപ്പിക്കുന്നു. ഇടയ'ക്കു പറയട്ടെ, ആദ്യകാല ആര്യന്മാർ ഏഷ്യയുടെ മറ്റുഭാഗത്തുനിന്നോ യൂറോപ്പിൽനിന്നോ ഭാരതത്തെ ആക്രമിച്ചുവെന്ന് ഇപ്പോൾ പ്രചരിക്കുന്ന പാശ്ചാത്യചരിത്രസിദ്ധാന്തത്തെ ഹിന്ദുസാഹിത്യത്തിലോ ആചാരവിചാരങ്ങളിലോ ഉള്ള ഒന്നുംതന്നെ സ'ഥിരീകരിക്കുന്നില്ല. ഈ സാങ്കല്പികയാത്രയുടെ ആരംഭസ'ഥാനം എവിടെയാണെന്ന് ഉറപ്പിച്ചു പറയാൻ പണ്ഡിതന്മാർക്കു കഴിയുന്നില്ലായെന്നത് മനസ്സിലാക്കാവുന്നതേയുള്ളൂ. ഹിന്ദുക്കളുടെ ചിരപുരാതനമായ നാടാണ് ഭാരതമെന്ന് ചൂണ്ടിക്കാണിക്കുന്ന, വേദങ്ങളിലുള്ള തെളിവുകൾ 1921-ൽ കൽക്കത്ത സർവകലാശാല പ്രസിദ്ധീകരിച്ച അവിനാശ ചന്ദ്ര ദാസിന്റെ അസാധാരണവും സരസമായി വായിച്ചു പോകാവുന്നതുമായ ഋഗ്വേദിക് ഇൻഡ്യ എന്ന ഗ്രന്ഥത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. ആര്യഭാഷയും നാടോടിക്കഥകളും പ്രചരിപ്പിച്ചുകൊണ്ട് യൂറോപ്പിന്റെയും ഏഷ്യയുടെയും വിവിധഭാഗങ്ങളിൽ ഭാരതത്തിൽനിന്നുള്ള കുടിയേറ്റക്കാർ താമസമുറപ്പിച്ചുവെന്ന് പ്രഫ. ദാസ് അവകാശപ്പെടുന്നു. ഉദാഹരണത്തിന് ലിത്വേനിയൻഭാഷ സംസ്കൃതത്തോട് പലരീതിയിലും എടുത്തുപറയത്തക്കവിധം സദൃശമാണ്. സംസ്കൃതം ഒട്ടുമറിയാത്ത ദാർശനികൻ കാന്റ് ലിത്വേനിയയിലെ ഭാഷയുടെ ശാസ്ത്രീയമായ ഘടനയിൽ അത്ഭുതാധീനനായി. ' 'ഭാഷാ ശാസ്ത്രത്തിന്റെ മാത്രമല്ല, ചരിത്രത്തിന്റെ കൂടിയും കീറാമുട്ടികളുടെ ഉത്തരം അതിന്റെ കൈവശമുണ്ട്,' ' അദ്ദേഹം പറഞ്ഞു.ഭാരതത്തിന്റെ സമ്പത്തിനെപ്പറ്റി ബൈബിളിൽ പരാമർശിക്കുന്നു. ' 'താർശിശിലെ കപ്പലുകൾ' ' സോളമൻരാജാവിന് സ്വർണവും, വെള്ളിയും, ദന്തവും, ആൾക്കുരങ്ങുകളും, മയിലുകളും, ചന്ദനത്തടികളും, അമൂല്യരത്നങ്ങളും' ' എല്ലാം ഓഫി (ബോംബെതീരത്തെ സൊപ്പാറ) റിൽനിന്നു കൊണ്ടുവന്നതായി അതു പറയുന്നു. (II ദിനവൃത്താന്തം 9:21,10). യവനന്മാരുടെ പ്രതിപുരുഷനായ മെഗാസ്തനീസ് (ക്രി.മു. നാലാം ശതകം) ഭാരതത്തിന്റെ സമൃദ്ധിയുടെ വിശദമായ ഒരു ചിത്രം തന്നിരിക്കുന്നു. അക്കാലത്ത് ഒരു വിപുലനാവികശക്തിയായിരുന്ന ഭാരതത്തിൽനിന്ന് ഇറക്കുമതികൾക്കായി, റോമാക്കാർ വർഷംതോറും അഞ്ചുകോടി സെസ്റ്റർ സെസ് (5,000,000 ഡോളർ) ചെലവഴിച്ചിരുന്നുവെന്ന് പ്ലിനി (ക്രിസ്തുവർഷം ഒന്നാംശതകം) പറയുന്നു.ഭാരതത്തിന്റെ സമൃദ്ധമായ സംസ്കാരത്തെയും അതിന്റെ പരക്കെയുള്ള വിദ്യാഭ്യാസത്തെയും അതിവിശിഷ്ടമായ ഭരണസമ്പ്രദായത്തേയുംപറ്റി ചീനസഞ്ചാരികൾ വ്യക്തവും സ്പഷ്ടവുമായി എഴുതിയിട്ടുണ്ട്. ഭാരതീയജനത സന്തുഷ്ടരും സത്യസന്ധരും ഐശ്വര്യസമ്പന്നരും ആയിരുന്നുവെന്ന് ചീനപുരോഹിതൻ ഫാ—ഹിയാൻ (അഞ്ചാംനൂറ്റാണ്ട്) പറയുന്നു. ട്രൂബ്നർ, ലണ്ടൻ പ്രസിദ്ധീകരണമായ, സാമുവൽബീലിന്റെ ബുദ്ധിസ്റ്റ് റെക്കോർഡ് ഒഫ് ദ വെസ്റ്റൻ വേൾഡ്(ചൈനാക്കാർക്ക് ഭാരതം പാശ്ചാത്യനാടായിരുന്നു!), റോയൽ ഏഷ്യാറ്റിക്സൊസൈറ്റി പ്രസിദ്ധീകരണമായ തോമസ് വാറ്റേഴ്സിന്റെ ഒച്ച യുവാൻ ചാങ്ങ് ട്രാവൽസ് ഇൻ ഇൻഡ്യ, ഏ.ഡി. 629 – 45 എന്നിവ കാണുക.പതിനഞ്ചാംനൂറ്റാണ്ടിൽ ഒരു പുതുലോകം കണ്ടെത്തിയ കൊളംബസ് വാസ്തവത്തിൽ ഭാരതത്തിലേക്ക് ദൂരം കുറഞ്ഞ ഒരു വ്യാപാരമാർഗം അന്വേഷിക്കുകയായിരുന്നു. നൂറ്റാണ്ടുകളായി ഭാരതത്തിലെ കയറ്റുമതി വസ്തുക്കൾ കൈക്കലാക്കാൻ യൂറോപ്പ് ഏറെ കൊതിച്ചിരുന്നു. പട്ടുവസ്ത്രങ്ങൾ, ' 'നെയ്തെടുത്ത വായു' ', ' ' അദൃശ്യമായ മൂടൽമഞ്ഞ്' ' എന്നീ വിശേഷണങ്ങൾ അർഹിക്കത്തക്കവണ്ണം നേർമയുള്ള തുണികൾ, രൂപങ്ങൾ മുദ്രണംചെയ്ത പരുത്തിത്തുണികൾ, കസവുതരങ്ങൾ, തുന്നൽപണികൾ, കമ്പളങ്ങൾ, കത്തികളും കരണ്ടികളും, പടച്ചട്ടകൾ, ആനക്കൊമ്പും ദന്തശില്പങ്ങളും, പരിമളതൈലങ്ങൾ, സുഗന്ധദ്രവ്യങ്ങൾ, ചന്ദനത്തടികൾ, കളിമൺവസ്തുക്കൾ, ഔഷധങ്ങൾ, ലേപനങ്ങൾ, നീലം, നെല്ലരി, സുഗന്ധവ്യഞ്ജനങ്ങൾ, പവിഴം, സ്വർണം, വെള്ളി, മുത്ത്, മാണിക്യം, മരതകം, വജ്രം മുതലായവയായിരുന്നു അവ.വിജയനഗരസാമ്രാജ്യത്തിൽ (1336 – 1565) എങ്ങും നിറഞ്ഞ ഉദാത്തമായ പ്രതാപവും പ്രൗഢിയും കണ്ട് പോർട്ടുഗലിലേയും ഇറ്റലിയിലേയും കച്ചവടക്കാർ അത്ഭുതാദരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ തലസ'ഥാനത്തിന്റെ മാഹാത്മ്യത്തെപ്പറ്റി അറബി പ്രതിപുരുഷൻ റസാക്ക് വർണിച്ചിരിക്കുന്നത്, ' 'ഭൂലോകത്ത് അതിനു കിടനിൽക്കത്തക്ക ഒരു സ'ഥലവും കണ്ടിട്ടോ കേട്ടിട്ടോ ഇല്ല' ' എന്നാണ്.അതിന്റെ നീണ്ടചരിത്രത്തിൽ ആദ്യമായി 16-ാം നൂറ്റാണ്ടിൽ ഭാരതം മുഴുവനും ഒരു അഹിന്ദു ഭരണത്തിലായി.

1524-ൽതുർക്കിക്കാരനായ ബാബർ ഈ രാജ്യത്തെ ആക്രമിക്കുകയും ഒരു മുസ്ലിം സാമ്രാജ്യം സ'ഥാപിക്കുകയും ചെയ്തു. ഈ പ്രാചീനഭൂമിയിൽ കുടിയേറിപാർത്ത ചക്രവർത്തിമാർ ഈ രാജ്യത്തെ സമ്പത്ത് തീർത്തും ഊറ്റിയെടുത്തു നശിപ്പിച്ചില്ല. എങ്കിലും ഉൾപ്പോരുകൾ കൊണ്ട് അവശയായ, സമ്പൽസമൃദ്ധമായ ഭാരതം, 17-ാം നൂറ്റാണ്ടിൽ അനേകം യൂറോപ്യൻ രാഷ്ട്രങ്ങളുടെ ആക്രമണത്തിന് ഇരയായി. ഒടുവിൽ ഇംഗ്ലണ്ട് ഭരണകർത്താക്കളായിത്തീർന്നു. 1947 ആഗസ്റ്റ് 15-ാം തീയതി ഭാരതം ശാന്തിയുടെ മാർഗങ്ങളിലൂടെ സ്വാതന്ത്ര്യം നേടി.പല ഭാരതീയരേയുംപോലെ എനിക്കും ‘ഇനി വേണമെങ്കിൽ പറയാം’ എന്നതരം ഒരു കഥയുണ്ട്. കോളേജിൽവച്ച് പരിചിതരായിരുന്ന ചില ചെറുപ്പക്കാർ ഒന്നാംലോകമഹായുദ്ധകാലത്ത് എന്നെ സമീപിച്ച് ഒരു വിപ്ലവപ്രസ'ഥാനത്തിന്റെ നേതൃത്വം ഏറ്റെടുക്കാൻ നിർബന്ധിച്ചു. ‘ ‘നമ്മുടെ ഇംഗ്ലീഷ് സഹോദരന്മാരെ കൊല്ലുന്നത് ഭാരതത്തിന് ഒരു ഗുണവും ചെയ്യുകയില്ല. അവരുടെ സ്വാതന്ത്ര്യം ബലപ്രയോഗത്തിലൂടെയല്ലാ നേരെമറിച്ച് ആത്മീയശക്തികൊണ്ടാണ് വരിക’ ’ എന്നുപറഞ്ഞ് ഞാൻ ഒഴിഞ്ഞു. ആയുധങ്ങൾ നിറച്ച ജേർമൻ കപ്പലുകളിൽ പ്രതീക്ഷയർപ്പിച്ചിരുന്ന അവർക്ക്, ആ കപ്പലുകൾ ബംഗാളിലെ ഡയമണ്ട് ഹാർബറിൽ വച്ച് ബ്രിട്ടീഷുകാർ തടയുമെന്ന് ഞാൻ മുന്നറിയിപ്പു നൽകി. പക്ഷേ ആ ചെറുപ്പക്കാർ അവരുടെ പദ്ധതിയുമായി മുന്നോട്ടുപോയി; ഞാൻ മുൻകൂട്ടിക്കണ്ടതുപോലെ എല്ലാം സംഭവിക്കുകയും ചെയ്തു. ഏതാനും വർഷങ്ങൾക്കുശേഷം എന്റെ സുഹൃത്തുക്കൾ ജയിലിൽ നിന്നു മോചിപ്പിക്കപ്പെട്ടു. അവരിൽ പലരും അക്രമത്തിലുള്ള വിശ്വാസം ഉപേക്ഷിച്ച് മഹാത്മാഗാന്ധിയുടെ ആദർശയോഗ്യമായ രാഷ്ട്രീയപ്രസ'ഥാനത്തിൽ പങ്കുചേർന്നു. സമാധാനപരമായ മാർഗങ്ങളിലൂടെ വിജയം കൈവരിച്ച ഒരു ‘ ‘യുദ്ധ’ ’ ത്തിൽ ഭാരതത്തിന്റെ ജയം അവസാനം അവർ ദർശിച്ചു.ഭാരതമെന്നും പാക്കിസ'ഥാനെന്നും രാജ്യത്തിന്റെ പരിതാപകരമായ വിഭജനവും രാജ്യത്ത് ചില ഭാഗങ്ങളിലുണ്ടായ ഹ്രസ്വമെങ്കിലും രക്തപങ്കിലമായ ഇടക്കാല സംഭവങ്ങളും മുഖ്യമായും സാമ്പത്തികകാരണങ്ങൾകൊണ്ടാണ് ഉടലെടുത്തത്. അല്ലാതെ പലപ്പോഴും സുപ്രധാനകാരണമെന്ന് തെറ്റായി ചിത്രീകരിക്കപ്പെട്ട ഒരു അപ്രധാനകാരണമായ മതമൗലികവാദത്താൽ ആയിരുന്നില്ല. പണ്ടത്തെപ്പോലെതന്നെ ഇന്നും എണ്ണമറ്റ ഹിന്ദുക്കളും മുസ്ലീങ്ങളും സൗഹൃദത്തോടെ ഇവിടെ ജീവിക്കുന്നു. രണ്ടു മതങ്ങളിൽനിന്നും വളരെയധികംപേർ പ്രത്യേകമതം ഒന്നുമില്ലാത്ത സന്ത് കബീറിന്റെ (1450 – 1518) ശിഷ്യരായിത്തീർന്നു; ഇന്നുമുണ്ട് കബീർപന്ഥികൾ എന്ന പേരിൽ ആ ആചാര്യന്റെ ലക്ഷക്കണക്കിന് അനുയായികൾ. മുഗൾവംശത്തിലെ മഹാനായ അക്ബറിന്റെ ഭരണത്തിൻ കീഴിൽ ഭാരതം മുഴുവനും ഏറ്റവും വ്യാപകമായ മതസ്വാതന്ത്ര്യം നിലനിന്നിരുന്നു. ഇന്നും തൊണ്ണൂറ്റിഅഞ്ചു ശതമാനം സാധാരണക്കാരുടെ ഇടയിലും മതപരമായി ഗൗരവമായ പൊരുത്തക്കേടുകൾ ഒന്നുമില്ല. ഒരു മഹാത്മാഗാന്ധിയെ മനസ്സിലാക്കാനും പിൻതുടരാനുംകഴിഞ്ഞ യഥാർഥഭാരതം അസ്വസ'ഥമായ വലിയ നഗരങ്ങളിലല്ല, മറിച്ച് പ്രശാന്തമായ ഏഴുലക്ഷം ഗ്രാമങ്ങളിലാണ് കാണപ്പെടുന്നത്. ഇവിടെ ചിരപുരാതനകാലം മുതൽതന്നെ പഞ്ചായത്തുകൾ മുഖേന നടത്തുന്ന ലളിതവും നീതിപൂർവവുമായ സ്വയംഭരണം ഒരു പ്രത്യേകതയാണ്. പുതുതായി സ്വതന്ത്രമായ ഭാരതത്തെ ഇപ്പോൾ അലട്ടുന്ന പ്രശ്നങ്ങൾ ഭാരതത്തിന്റെ സത്പുത്രന്മാർക്ക് തീർച്ചയായും പരിഹരിക്കാനാകും. അത്തരം മഹത്പുരുഷന്മാർക്ക് ജന്മം നൽകുന്നതിൽ ഭാരതം ഒരിക്കലും പരാജയപ്പെട്ടിട്ടില്ല.7 ‘സ്വതന്ത്രരായി നാം സേവിക്കുന്നുകാരണം, നാം നമ്മുടെ ഇച്ഛപോലെസ്നേഹിക്കുന്നു,സ്നേഹിക്കാതിരിക്കുന്നു;ഇതിലാണ് നമ്മുടെ നിലനില്പ്,അല്ലെങ്കിൽ പതനം.ചിലർ താഴേക്കു വീണുകഴിഞ്ഞു, അനുസരണക്കേടുകൊണ്ട്,അങ്ങനെ സ്വർഗത്തിൽനിന്ന് അത്യഗാധതയിലേക്ക്പരമാനന്ദത്തിന്റെ എത്ര ഉൽകൃഷ്ടസ'ഥിതിയിൽനിന്ന് എത്ര കടുത്ത ദുരിതത്തിലേക്ക്!’ ’ (മിൽറ്റൻ, ‘ ‘പാരഡൈസ് ലോസ്റ്റ്’ ’ )8 സൃഷ്ടിയും സ്രഷ്ടാവുമായുള്ള പാരസ്പര്യമാണ് ഈശ്വരന്റെ ലീലയുടെ പദ്ധതി. ഇതിന്റെ ഫലമായാണ് ഇന്ദ്രിയഗോചരമായ പ്രപഞ്ചങ്ങൾ നിലവിൽവരുന്നത്. മനുഷ്യന് ഈശ്വരനു നൽകാവുന്ന ഏകസമ്മാനം സ്നേഹമാണ്; അദ്ദേഹത്തിന്റെ നിറഞ്ഞുകവിയുന്ന ഔദാര്യ മുണർത്താൻ ഇതുമതി. ‘നിങ്ങൾ എന്നെ കൊള്ളയടിക്കുന്നതുകൊണ്ട്, നിങ്ങൾ, ഈ ജനത മുഴുവൻ, ശപിക്കപ്പെട്ടവരാണ്. എന്റെ ആലയത്തിൽ ഭക്ഷണം ഉണ്ടാകേണ്ടതിന്, ദശാംശം മുഴുവൻ കലവറയിലേക്ക് കൊണ്ടുവരൂ. എന്നിട്ട് ഞാൻ ആകാശജാലകങ്ങൾ തുറന്ന് നിങ്ങളുടെ മേൽ അനുഗ്രഹവർഷംചൊരിയുകയില്ലേയെന്നു പരീക്ഷിക്കൂ.’ ’ (മലാഖി 3: 9 – 10 ബൈബിൾ).9 സെൽഫ് – റിയലൈസേഷൻ ഫെലോഷിപ് പ്രസിദ്ധപ്പെടുത്തിയ ഗോഡ് റ്റോക്ക് വിത് അർജുന: ദ ഭഗവദ്ഗീത – റോയൽ സയൻസ് ഒഫ് ഗോഡ് – റിയലൈസേഷൻ, ഭഗവദ്ഗീതയാണ് ഭാരതത്തിന്റെ ഏറ്റവും പ്രിയങ്കരമായ വേദശാസ്ത്രഗ്രന്ഥം. ഇത് പരമാത്മാവിനെ പ്രതീകവത്കരിക്കുന്ന ഭഗവാൻ കൃഷ്ണനും ഒരു മാതൃകാഭക്തന്റെ ആത്മാവിനെ പ്രതിനിധാനം ചെയ്യുന്ന തന്റെ അനുയായിയായ അർജുനനും തമ്മിലുള്ള സംവാദമാണ്; യഥാർഥ സത്യാന്വേഷികളായ എല്ലാവർക്കും കാലാതീതമായ പ്രയോഗക്ഷമതയോടെ ആത്മീയമാർഗദർശനം നൽകുന്ന വാക്കുകൾ. ഈശ്വരപ്രേമം, ജ്ഞാനം, നിർമമതത്വത്തോടെ ശരിയായ പ്രവൃത്തികൾ ചെയ്യുക എന്നിവയിലൂടെ മനുഷ്യനുമോക്ഷം നേടാൻ കഴിയുമെന്നതാണ് ഗീതയുടെ കാതലായസന്ദേശം.10 ഭഗവദ്ഗീത Ⅳ:29 ഉം Ⅴ:27–28 ഉം.11 അധ്യായം 26 കാണുക. ക്രിസ്തീയ ഗുപ്തവാദിവിശുദ്ധരിൽ സവികല്പസമാധി സിദ്ധിച്ചവരിൽ ഒരാളായിരുന്നു ആവിലയിലെ വിശുദ്ധ

തെറിസ. അത്ഭുതപരതന്ത്രരായ മറ്റു കന്യാസ്ത്രീകൾക്ക് അവരുടെ ഇരിപ്പു വ്യത്യാസപ്പെടുത്താനോ ബാഹ്യബോധത്തിലേക്ക് അവരെ ഉണർത്താനോ കഴിയാത്തവിധത്തിൽ തെറിസയുടെ ശരീരം സവികല്പസമാധിയിൽ നിശ്ചലമായി ഉറയ'ക്കുമായിരുന്നു.12 ‘ ‘സാധാരണക്കാരൻ’ ’ എവിടെ നിന്നെങ്കിലും എന്നെങ്കിലും ഒരു ആത്മീയമായ തുടക്കം കുറിക്കേണ്ടിയിരിക്കുന്നു. ‘ ‘ആയിരം മൈലിന്റെ യാത്ര ഒരു കാൽവയ്പിൽനിന്നാണ് തുടങ്ങുന്നത്’ ’ എന്ന് ലാവോ − ത്സു പറയുന്നു. ശ്രീബുദ്ധന്റെ വാക്കുകളുമായി ഇതു താരതമ്യപ്പെടുത്തുക: ‘ ‘എനിക്ക് അത് അപ്രാപ്യമാണെന്ന് അവനവന്റെ ഹൃദയത്തിൽ പറഞ്ഞുകൊണ്ട് ആരും നന്മയെപ്പറ്റി ലാഘവത്തോടെ ചിന്തിക്കാതിരിക്കട്ടെ. വെള്ളത്തുള്ളികൾ വീണുവീണ് ഒരുകുടം നിറയുന്നു: അല്പാല്പമായിട്ടാണ് അത് ശേഖരിക്കുന്നതെങ്കിലും നന്മ ബുദ്ധിമാനിൽ നിറയും.’ ’ 13 ജയിംസ് 4:4 (ബൈബിൾ)14 പരമാത്മധ്യാനത്താൽ ചിത്തത്തെ കീഴടക്കിയ യോഗിക്ക് കാറ്റില്ലാത്തിടത്ത് ഇളകാതെ കത്തിനിൽക്കുന്ന ദീപം ദൃഷ്ടാന്തമാക്കാം. യോഗധ്യാനത്തിൽ നേടുന്ന യാതൊരുസം പൂർണമായ പ്രശാന്തിയിലാണോ ആത്മാവ് പരമാത്മാവായി സ്വയം കണ്ടുസംതൃപ്തി നേടുന്നത്; ഏതൊരവസ'ഥയിലാണോ ഉണർത്തപ്പെട്ട അതീതബോധമാർന്ന സൂക്ഷ്മബുദ്ധിക്ക് ഇന്ദ്രീയാതീതമായ അനന്ത ആനന്ദം വെളിവാകുന്നത് അതിനിയൊരിക്കലും കൈവെടിയാൻ ഇടയാകാത്തത്, യാതൊരു അവസ'ഥയാണോ ഒരിക്കൽ കണ്ടെത്തിയാൽ, യോഗി നിധികളിൽവച്ച് ഏറ്റവും വലിയ നിധിയായി കരുതുന്നത്, യാതൊന്നിൽ അധിഷ്ഠിതനായി ആ ദേഹം ഏറ്റവും കനത്ത ദുഃഖത്തിനുപോലും അവേധ്യനായിത്തീരുന്നത്; ആ അവസ'ഥയാണ് യോഗം ദു:ഖവിമുക്തമായ അവസ'ഥ. അതുകൊണ്ട് യോഗാഭ്യാസം നിശ്ചയദാർഢ്യത്തോടെ ധീരമായ ഹൃദയത്തോടെ ആചരിക്കേണ്ടതാണ്.’ ’ (ഭഗവദ്ഗീത VI:19−23) 15 ഉല്പത്തി 2:7 (ബൈബിൾ).16 ‘നിങ്ങൾക്കു ലോകത്തെ ശരിയായി ആസ്വദിക്കണമെങ്കിൽ സമുദ്രം തന്നെ നിങ്ങളുടെ രക്തവാഹിനികളിൽ ഒഴുകണം, ആകാശമേഘങ്ങൾ നിങ്ങളുടെ വസ്ത്രവും നക്ഷത്രങ്ങൾ കിരീടവുമാകണം, ഈ ലോകത്തിന്റെ ഏക അവകാശിയായി നിങ്ങൾ സ്വയം കാണണം, പ്രത്യേകിച്ചും ഈ ലോകത്തെ ഓരോരുത്തരും നിങ്ങളെപ്പോലെതന്നെ അത്തരം അവകാശികളായതുകൊണ്ട്; ലുബ്ധന്മാർ സ്വർണത്തിലും രാജാക്കന്മാർ ചെങ്കോലിലും സന്തുഷ്ടിനേടുന്നതുപോലെ ഈശ്വരനിൽ നിങ്ങൾക്കു ഗാനാലാപം ചെയ്യാനും സന്തുഷ്ടിനേടാനും കഴിയണം..... നിങ്ങളുടെ നടത്തയേയോ മേശയേയോപോലെ ഈശ്വരന്റെ എല്ലാ യുഗങ്ങളിലെയും രീതികൾ പരിചിതമാകണം; ഈ ലോകത്തെ സൃഷ്ടിച്ച ആ അരണ്ട ഒന്നുമില്ലായ്മയുമായി നിങ്ങൾ ഏറ്റവുമടുത്ത് പരിചയപ്പെടണം.’ ’ − റ്റോമസ് റ്റേഹ്രേൻ, ‘ ‘സെൻചറിസ് ഒഫ് മേഡിറ്റേഷൻസ്.’ ’ 17 യോഹന്നാൻ 14:1 − 2 (ബൈബിൾ).18 ‘ ‘കാരണം, എന്റെ ചിന്തകൾ നിങ്ങളുടെചിന്തകളല്ല, നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല, കർത്താവാണ് ഇത് അരുൾചെയ്യുന്നത്. ആകാശം ഭൂമിയേക്കാൾ ഉന്നതതരമായിരിക്കുന്നതുപോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളേക്കാളും, എന്റെ ചിന്തകൾ നിങ്ങളുടെ ചിന്തകളേക്കാളും ഔന്നത്യമുള്ളവയാണ്’ ’. യെശയ്യാ 55:8 − 9 (ബൈബിൾ). ഡാന്റെ ദ ഡിവൈൻ കോമഡിയിൽ സാക്ഷ്യപ്പെടുത്തി:ഈശ്വരന്റെ വെളിച്ചത്തിൽ പ്രകാശിക്കുന്ന സ്വർഗത്തിൽ ഞാൻ പോയി.കണ്ടകാര്യങ്ങൾ സാമർഥ്യമോ അറിവോഇല്ലായ്മയാൽ ഓതീടാൻ പോയ ˘ വന്നോനാവീല.എന്തെന്നാൽ കൊതിക്കുന്ന വസ്തുവിനടുത്തെത്തുമ്പോൾബുദ്ധി അത്യന്തം വിവശമായി പിൻതുടർന്നപാതവീണ്ടും അതിനു കണ്ടെത്താനാവാതെയാകുന്നു.ആ വിശുദ്ധസാമ്രാജ്യത്തിന്റെ യാതൊന്നൊക്കെയുംഎന്റെ ഓർമയിൽ തങ്ങുന്നുവോ, അത്ഗാനം തീരുവോളം എന്റെ പാട്ടിന്റെ വിഷയമായിടും.19 പ്രകാശത്തിൽനിന്ന് ഇരുട്ടിലേക്കും തിരിച്ചും ഭൂമിയുടെ ദിനചലനചക്രം, മായയിൽ സൃഷ്ടിയുടെ സഹഭാഗിത്വം മനുഷ്യനെ നിരന്തരം ഓർമിപ്പിക്കുന്നു. (അതുകൊണ്ട് ദിവസത്തിന്റെ സംക്രമണഘട്ടങ്ങൾ അഥവാ സന്തുലിതഘട്ടങ്ങളായ പ്രഭാതവും പ്രദോഷവും ധ്യാനത്തിനു ശുഭകരമായി കണക്കാക്കപ്പെടുന്നു) മായയുടെ ദ്വൈതാത്മകമായ ആവരണംഭേദിച്ച് യോഗി അതീന്ദ്രിയമായ ഏകത്വത്തെ ദർശിക്കുന്നു.20 യോഹന്നാൻ 1:18 (ബൈബിൾ).21 യോഹന്നാൻ 5:19 (ബൈബിൾ).22 സത്, തത്, ഓം അല്ലെങ്കിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ ത്രിമൂർത്തി സങ്കല്പത്തിന്റെ മറ്റൊരു ഭാവന. ബ്രഹ്മാ-വിഷ്ണു-മഹേശ്വരന്മാർ തത് അഥവാ പുത്രനെ (സ്പന്ദനാത്മകമായസൃഷ്ടിയിൽ സന്നിഹിതമായ ക്രിസ്തുബോധത്തെ) പ്രതിനിധാനം ചെയ്യുന്നു. ഇത് ഈശ്വരന്റെ ത്രിമൂർത്തി ആവിഷ്കാരമാണ്. ത്രിമൂർത്തികളുടെ ശക്തികൾ അഥവാ ധർമദാരങ്ങൾ ഓം അഥവാ പ്രപഞ്ചത്തെ സ്പന്ദനത്തിലൂടെ നിലനിർത്തുന്ന ഏകകാരണമായ പരിശുദ്ധാത്മാവിന്റെ പ്രതീകങ്ങളാണ്.23 ‘ ‘ഞങ്ങളുടെ കർത്താവും ദൈവവുമായവനേ, നീയാണ് എല്ലാം സൃഷ്ടിച്ചത്, നിന്റെ തിരുമനസ്സാൽ അവ ഉളവായി, സൃഷ്ടിക്കപ്പെട്ടു.’ ’ വെളിപാട് 4:11 (ബൈബിൾ).24 യോഹന്നാൻ 14:12 (ബൈബിൾ).25 യോഹന്നാൻ 18:38 (ബൈബിൾ).26 ‘ ‘സദ്ഗുണത്തെ സ്നേഹിക്കൂ; അവൾ മാത്രമാണ് സ്വതന്ത്ര;ജ്യോതിർഗോളങ്ങളുടെ സംഗീതമേഖലക്കുമേലേ നിനക്ക്ഉയരാൻ അവൾക്കു45പഠിപ്പിക്കാനാവും;അഥവാ നന്മ ദുർബലയായിരുന്നുവെങ്കിൽ,സ്വർഗം സ്വയം അവളുടെനിലയിലേക്ക് കുനിയും.’ ’ (മിൽറ്റൻ, ‘ ‘കോമസ്’ ’) 27 യോഹന്നാൻ 18:37 (ബൈബിൾ).28 സങ്കീർത്തനങ്ങൾ 46:10 (ബൈബിൾ). യാതൊന്നിനാലാണോ ‘ ‘ഈശ്വരനെ അറിയാൻ’ ’ കഴിയുന്നത് ആ അവശ്യമായ നിശ്ചലത നേടുകയെന്നതാണ് യോഗശാസ്ത്രത്തിന്റെ

ലക്ഷ്യം.പരമഹംസ യോഗാനന്ദൻ:ജീവിതത്തിലും മരണത്തിലും ഒരു യോഗി1952 മാർച്ച് 7-ാം തീയതി കാലിഫോർണിയയിലെ ലോസ് ആൻജലീസിൽവച്ച് ഭാരതത്തിന്റെ അംബാസഡർ ശ്രീ വിനയരഞ്ജൻ സെന്നിന്റെ ബഹുമാനാർത്ഥം നടത്തിയ വിരുന്നു സൽക്കാരത്തിൽ തന്റെ പ്രസംഗം ഉപസംഹരിച്ചശേഷം പരമഹംസയോഗാനന്ദൻ മഹാസമാധി (ഭൗതികദേഹത്തിൽ നിന്ന് ഒരുയോഗിയുടെ ബോധപൂർവമായ നിഷ്ക്രമണം) യിൽ പ്രവേശിച്ചു.മഹാനായ ആ ജഗദ്ഗുരു തന്റെ ജീവിതത്തിലെന്നപോലെ മരണത്തിലും യോഗവിദ്യ(ഈശ്വരസാക്ഷാത്കാരത്തിനുള്ള ശാസ്ത്രീയ സങ്കേതങ്ങൾ) യുടെ മഹത്വം തെളിയിച്ചു. ദേഹവിയോഗത്തിനുശേഷം ആഴ്ചകൾ കഴിഞ്ഞിട്ടും ഒരു മാറ്റവും വരാത്ത അദ്ദേഹത്തിന്റെ മുഖം അഴുകൽ വരാതെ ഒരു ദിവ്യപ്രകാശത്താൽ തിളങ്ങി.ലോസ് ആൻജലീസിൽ ഫോറസ്റ്റ് ലോൺ മെമ്മോറിയൽ പാർക്കിലെ (ആ അഭിവന്ദ്യ ആചാര്യന്റെ മൃതദേഹം ഇവിടെയാണ് താല്ക്കാലികമായി വച്ചിരിക്കുന്നത്) മോർച്ചറി ഡയറക്ടർ ഹാരി. റ്റി. റൗ സെൽഫ് – റിയലൈസേഷൻ ഫെലോഷിപ്പിന് അയച്ചുകൊടുത്ത സാക്ഷ്യപ്പെടുത്തിയ ഒരു പ്രമാണപത്രത്തിൽനിന്ന് താഴെക്കാണുന്നഭാഗങ്ങൾ ഉദ്ധരിക്കുന്നു: ‘ ‘പരമഹംസ യോഗാനന്ദന്റെ മൃതശരീരത്തിൽ ചീഞ്ഞളിയുന്നതിന്റെ കാണത്തക്ക ഒരു അടയാളവും ഉണ്ടായില്ലായെന്നത് ഞങ്ങളുടെ അനുഭവത്തിൽ ഏറ്റവും അസാധാരണമായ ഒരു സംഭവമാണ്.... മരണത്തിന് ഇരുപതു ദിവസത്തിനു ശേഷം പോലും ഭൗതികമായ യാതൊരു വിഘടനവും അദ്ദേഹത്തിന്റെ ശരീരത്തിൽ കാണാനില്ലായിരുന്നു.... തൊലിയിൽ പൂപ്പലിന്റെ ഒരു ലക്ഷണവും കണ്ടില്ല, ശരീരപേശികൾക്ക് കാണത്തക്ക ശുഷ്ക്കിക്കലും ഇല്ലായിരുന്നു. ഒരു മൃതശരീരം യാതൊരു കേടുംകൂടാതെ ഇങ്ങനെ പൂർണമായി പരിരക്ഷിക്കപ്പെട്ടുകാണുക ഞങ്ങളുടെ അറിവിൽപെട്ടിടത്തോളം മോർച്ചറിയുടെ ചരിത്രത്തിൽ ഇല്ല തന്നെ.... യോഗാനന്ദന്റെ ശരീരം എറ്റുവാങ്ങിയപ്പോൾ മൃതദേഹത്തിനു സാധാരണയുണ്ടാകുന്ന അനുക്രമമായ ജീർണിക്കൽ പ്രക്രിയ ശവപേടകത്തിന്റെ കണ്ണാടി അടപ്പിലൂടെ നിരീക്ഷിക്കുവാൻ കഴിയുമെന്ന് മോർച്ചറിയുടെ ജോലിക്കാർ കരുതിയിരുന്നു. നിരീക്ഷണത്തിനുവച്ചിരുന്ന ശരീരത്തിൽ ഒരു മാറ്റവും വരുത്താതെ ഓരോ ദിവസവും കടന്നുപോയപ്പോൾ ഞങ്ങളുടെ അത്ഭുതംവർധിച്ചു. യോഗാനന്ദന്റെ ശരീരം പ്രാതിഭാസികമായ ഒരു അപരിവർത്തനീയതയുടെ അവയിലായിരുന്നു.... ‘ ‘അഴുകിയാലുള്ള ദുർഗന്ധം അദ്ദേഹത്തിന്റെ മൃതശരീരത്തിൽനിന്ന് ഒരു സമയത്തും വമിച്ചിരുന്നില്ല.... മാർച്ച് 27ാം തീയതി പേടകത്തിന്റെ ഓടുകൊണ്ടുള്ള അടപ്പ് അതിന്റെ സ്ഥാനത്ത് ഉറപ്പിക്കുന്നതിന് അല്പം മുമ്പും യോഗാനന്ദന്റെ ശരീരത്തിന്റെ സ്ഥിതി മാർച്ച് 7ാം തീയതിയിലേതുപോലെ തന്നെ ആയിരുന്നു. ദേഹവിയോഗത്തിന്റെ ആ രാത്രിയിലെന്നതുപോലെ, മാർച്ച് 27ാം തീയതി അദ്ദേഹത്തിന്റെ ശരീരം ഓജസ്സുറ്റതും ലേശംപോലും ജീർണത ബാധിക്കാത്തതുമായിരുന്നു. മാർച്ച് 27ാം തീയതിയും അദ്ദേഹത്തിന്റെ ദേഹത്തിന് കാണത്തക്ക ഏതെങ്കിലും ഭൗതികമായവിഘടനം സംഭവിച്ചുവെന്നുപറയാൻ ഒരു കാരണവുമില്ലായിരുന്നു. ഇക്കാരണങ്ങളാൽ പരമഹംസ യോഗാനന്ദന്റെ പ്രത്യേക ദൃഷ്ടാന്തം ഞങ്ങളുടെ അനുഭവത്തിൽ തീർത്തും അസാധാരണമാണെന്ന് വീണ്ടും ഞങ്ങൾ പ്രസ്താവിക്കുന്നു.’ ’ പരമഹംസ യോഗാനന്ദനോടുള്ള ബഹുമാനാർത്ഥം ഭാരതസർക്കാർ പുറത്തിറക്കിയ സ്മാരകസ്റ്റാമ്പ് [image file=image_rsrc57X.jpg] 1977-ൽ, പരമഹംസ യോഗാനന്ദന്റെ മഹാസമാധിയുടെ ഇരുപത്തിയഞ്ചാം വാർഷികത്തിൽ ഭാരതസർക്കാർ ഈ സ്മാരക സ്റ്റാമ്പ് അദ്ദേഹത്തോടുള്ള ആദരവിന്റെ പ്രതീകമായി പുറത്തിറക്കി. അതോടൊപ്പം സർക്കാർ പ്രകാശനം ചെയ്ത വിജ്ഞാപനം ഒരു ഭാഗത്ത് ഇങ്ങനെ പറയുന്നു: ‘ ‘പരമഹംസ യോഗാനന്ദന്റെ ജീവിതത്തിൽ ഈശ്വരപ്രേമത്തിന്റെയും മാനവസേവയുടെയും ആദർശം സമ്പൂർണമായി പ്രകാശിച്ചു.... അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഭൂരിഭാഗവും ഭാരതത്തിനു വെളിയിലാണ് ചെലവഴിച്ചതെങ്കിലും, നമ്മുടെ മഹത്തുക്കളായ യോഗീശ്വരന്മാരിൽ അദ്ദേഹത്തിനും ഒരു സ്ഥാനം ഉണ്ട്. ആത്മാവിന്റെ തീർത്ഥയാത്രയുടെ പാതയിലേക്ക് എല്ലായിടങ്ങളിലുമുള്ള ആളുകളെ ആകർഷിച്ചുകൊണ്ട് അദ്ദേഹത്തിന്റെ സംഘടനയുടെ പ്രവർത്തനം കൂടുതൽ കൂടുതൽ ശോഭയാർജിച്ചു വളർന്നുകൊണ്ടിരിക്കുന്നു.’ ’ ശ്രീ ശ്രീ പരമഹംസ യോഗാനന്ദന്റെ ക്രിയായോഗാധ്യാപനത്തെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾയോഗദാ സത്സംഗ സൊസൈറ്റി ഒഫ് ഇൻഡ്യ സ്വതന്ത്രമായി സഹായം തിരയുന്ന അന്വേഷ്വാക്കാൾക്കായി സമർപ്പിക്കപ്പെട്ടിരിക്കുന്നു. അദ്ധ്യാത്മികപ്രഭാഷണങ്ങൾ ക്ലാസുകൾ, ധ്യാനം ഞങ്ങളുടെ ധ്യാനകേന്ദ്രങ്ങളിലെ പ്രചോദനാത്മകമായ ശുശ്രൂഷകൾ, അദ്ധ്യാത്മികം സമൂഹ അദ്ധ്യാത്മിക സാധനയെകുറിച്ചുള്ള വിവരകുറിപ്പുകൾ, ചികിത്സാപരം, വിദ്യാഭാസം, അടിയന്തരദുരിതാശ്വാസം മറ്റു ദീനാനുകമ്പാപരമായ പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ എന്നിവയ്ക്കായി ഞങ്ങളുടെ വെബ്സൈറ്റോ ആശ്രമമോ സന്ദർശിക്കാനായി ഞങ്ങൾ നിങ്ങളെ
ക്ഷണിക്കുന്നു.www.yssofindia.orgയോഗദാ സത്സംഗ സൊസൈറ്റി ഒഫ് ഇൻഡ്യ
പരമഹംസ യോഗാനന്ദ പഥ്
റാഞ്ചി 834001, ഝാർഖണ്ഡ്
ഫോൺ: (0651) 2460071, 2460074, 2461578YOGODA SATSANGA LESSONS
IN SELF-REALIZATIONPersonal guidance and instructions from
Paramahansa Yogananda on the techniques of

yoga meditation and principles of spiritual livingIf you feel drawn to the spiritual truths described in Autobiography of a Yogi, we invite you to enroll in the Yogoda Satsanga Lessons.Paramahansa Yogananda originated this home-study series to provide sincere seekers the opportunity to learn and practice the ancient yoga meditation techniques introduced in this book—including the science of Kriya Yoga. The Lessons also present his practical guidance for attaining balanced physical, mental and spiritual well-being.The Yogoda Satsanga Lessons are available at a nominal fee (to cover printing and postage costs). All students are freely given personal guidance in their practice by Yogoda Satsanga Society of India monks.For more information...Please visit www.ysslessons.org to request a comprehensive complimentary information packet about the Lessons, which includes:• "An Overview of the Yogoda Satsanga Lessons: Information about Paramahansa Yogananda's Home-Study Series"• "Highest Achievement Through Self-Realization," by Paramahansa Yogananda — a thorough introduction to the teachings presented in the YSS Lessons.YOGODA SATSANGA SOCIETY OF INDIAParamahansa Yogananda Path
Ranchi 834001, Jharkhand
Tel.: (0651) 2460071/72/73/74
+91 9431917444, +91 9431917555www.ysslessons.orgOTHER BOOKS BY PARAMAHANSA YOGANANDAAvailable at your local bookstores or from:
Yogoda Satsanga Society of India
Paramahansa Yogananda Path
Ranchi 834001, Jharkhandyssbooks.orgGod Talks With Arjuna: The Bhagavad Gita — A New Translation and CommentaryIn this monumental two-volume work, Sri Sri Paramahansa Yogananda reveals the innermost essence of India's most renowned scripture. Exploring its psychological, spiritual, and metaphysical depths, he presents a sweeping chronicle of the soul's journey to enlightenment through the royal science of God-realization.The Second Coming of Christ: The Resurrection of the Christ Within You—A Revelatory Commentary on the Original Teachings of JesusIn this masterwork of inspiration, Paramahansa Yogananda takes the reader verse by verse through the four Gospels, illumining the universal path to oneness with God taught by Jesus to his immediate disciples: "how to become like Christ, how to resurrect the Eternal Christ within one's self."Man's Eternal QuestSri Sri Paramahansa Yogananda's Collected Talks and Essays present in-depth discussions of the vast range of inspiring and universal truths that have captivated millions in his Autobiography of a Yogi. Volume I explores little-known and seldom-understood aspects of meditation, life after death, the nature of creation, health and healing, the unlimited powers of the mind, and the eternal quest that finds fulfilment only in God.The Divine RomanceVolume II of Sri Sri Paramahansa Yogananda's collected talks and essays. Among the wide-ranging selections: How to Cultivate Divine Love; Harmonizing Physical, Mental, and Spiritual Methods of Healing; A World Without Boundaries; Controlling Your Destiny; The Yoga Art of Overcoming Mortal Consciousness and Death; The Cosmic Lover; Finding the Joy in Life.Journey to Self-realizationVolume III of the collected talks and essays presents Sri Sri Paramahansa Yogananda's unique combination of wisdom, compassion, down-to-earth guidance, and encouragement on dozens of fascinating subjects, including: Quickening Human Evolution, How to Express Everlasting Youthfulness, and Realizing God in Your Daily Life.Where There Is Light: Insight and Inspiration for Meeting Life's ChallengesA practical handbook that gives readers a reassuring sense of direction in times of uncertainty of crisis, as well as positive guidance in meeting the challenges of everyday life. Topics include: Strength in Times of Adversity; Creating Harmony in Marriage and Friendship; Antidotes for Stress, Worry, and Fear; Understanding Death; Cultivating Inner Peace.Whispers from EternityA collection of Sri Sri Paramahansa Yogananda's prayers and divine experiences in the elevated states of meditation. Expressed

in a majestic rhythm and poetic beauty, his words reveal the inexhaustible variety of God’s nature, and the infinite sweetness with which He responds to those who seek Him.The Science of ReligionWithin every human being, Sri Sri Paramahansa Yogananda writes, there is one inescapable desire: to overcome suffering and attain a happiness that does not end. Explaining how it is possible to fulfil these longings, he examines the relative effectiveness of the different approaches to this goal.In the Sanctuary of the Soul: A Guide to Effective PrayerWe may often wonder, “Are my prayers effective? Is God Listening?” Offering wisdom and insight selected from the writings of Sri Sri Paramahansa Yogananda, this inspirational book discusses ways by which we can deepen the power of our prayers and make them a daily source of love, strength, and guidance. A beautifully designed devotional guide that will inspire those of all faiths.Inner Peace: How to Be Calmly Active and Actively CalmA practical and inspiring guide, compiled from the talks and writings of Sri Sri Paramahansa Yogananda, that demonstrates how we can be “actively calm” by creating peace through meditation, and “calmly active”—centred in the stillness and joy of our own essential nature while living a dynamic, fulfiling, and balanced life. Winner of the 2000 Benjamin Franklin Award—best book in the field of Metaphysics/Spirituality.How You Can Talk With GodParamahansaji helps us to see how close the Divine is to each one of us, and how we can make our prayers so powerful and persuasive that they will bring a tangible response.Metaphysical MeditationsMore than 300 spiritually uplifting meditations, prayers, and affirmations that can be used to develop greater health and vitality, creativity, self-confidence, and calmness; and to live more fully in a conscious awareness of the blissful presence of God.Scientific Healing AffirmationsSri Sri Paramahansa Yogananda presents here a profound explanation of the science of affirmation. He makes clear why affirmations work, and how to use the power of word and thought not only to bring about healing but to effect desired change in every area of life. Includes a wide variety of affirmations.Sayings of Paramahansa YoganandaA collection of sayings and wise counsel that conveys Sri Sri Paramahansa Yogananda’s candid and loving responses to those who came to him for guidance. Recorded by a number of his close disciples, the anecdotes in this book give the reader an opportunity to share in their personal encounters with the great Guru.Songs of the SoulSongs of the Soul, a collection of mystical poetry, is an outpouring of Paramahansa Yogananda’s direct perceptions of God-in the beauty of nature, in humanity, in everyday life, and in ecstatic divine communion.The Law of SuccessExplains dynamic principles for achieving one’s goals in life, and outlines the universal laws that bring success and fulfilment—personal, professional, and spiritual.Wine of the Mystic: The Rubaiyat of Omar Khayyam—A Spiritual InterpretationAn inspired commentary that brings to light the mystical science of God-communion hidden behind the Rubaiyat’s enigmatic imagery. Includes 50 original colour illustrations. Winner of the 1995 Benjamin Franklin Award for best book in the field of religion.Words of Cosmic ChantsWords to 60 songs of devotion, with an introduction explaining how spiritual chanting can lead to God-communion.AUDIO RECORDINGS OF SRI SRI PARAMAHANSA YOGANANDA• Self-Realization: The Inner and the Outer Path• Awake in the Cosmic Dream• Be a Smile Millionaire• Beholding the One in All• The Great Light of God• In the Glory of Spirit• Songs of My Heart• One Life Versus Reincarnation• To Make Heaven on Earth• Songs of My Heart (Chants, Poems, and Prayers)• Removing All Sorrow and SufferingOTHER PUBLICATIONS FROM YOGODA SATSANGA SOCIETY OF INDIAThe Holy Science by Sri Sri Swami Sri Yukteswar GiriParamahansa Yogananda: In Memoriam — Personal Accounts of the Master’s final DaysOnly Love: by Sri Sri Daya MataFinding the Joy Within You: Personal Counsel for God-Centred Living by Sri Sri Daya MataEnter the Quiet Heart by Sri Sri Daya MataGod Alone: The Life and Letters of a Saint by Sri Gyanamata“Mejda”: The Family and the Early Life of Sri Sri Paramahansa Yogananda by Sri

Sananda Lal GhoshVisiting the Saints of India With Sri Daya Mata by Sri Mrinalini MataIntuition: Soul-Guidance for Life’s Decisions by Sri Sri Daya MataSpiritual DiaryTwo Frogs in TroubleYogoda Satsanga Magazine [image file=image_rsrc5BM.jpg] A complete catalogue describing all of the Yogoda Satsanga Society of India publications and audio/video recordings is available on request or by download from online bookstore.THE LINE OF GURUSMahavatar Babaji
Yogavatar Lahiri Mahasaya
Jnanavatar Swami Sri Yukteswar
Premavatar Paramahansa YoganandaMahavatar Babaji is the Supreme Guru in the Indian line of masters who assume responsibility for the spiritual welfare of all members of Yogoda Satsanga Society of India/Self-Realization Fellowship who faithfully practice Kriya Yoga. “I shall remain incarnate on the earth,” he has promised, “until this particular world cycle is ended.” (See chapter 33 and 37)In 1920 Mahavatar Babaji told Paramahansa Yogananda: “You are the one I have chosen to spread the message of Kriya Yoga in the West….The scientific technique of God-realization will ultimately spread in all lands, and aid in harmonizing the nations through man’s personal, transcendental perception of the Infinite Father.”Mahavatar means “Great Incarnation” or “Divine Incarnation”; Yogavatar means “Incarnation of Yoga”; Jnanavatar means “Incarnation of Wisdom.”Premavatar means “Incarnation of Love” - a title bestowed in 1953 on Paramahansa Yogananda by his great disciple, Rajarsi Janakananda (James J. Lynn).”യോഗദാ സത്സംഗ സൊസൈറ്റി ഒഫ് ഇൻഡ്യയുടെലക്ഷ്യങ്ങളും ആദർശങ്ങളുംഗുരുദേവനും സ'ഥാപകനുമായ ശ്രീ ശ്രീ പരമഹംസ യോഗാനന്ദനാൽ നൽകപ്പെട്ടത്ശ്രീ ശ്രീ സ്വാമി ചിദാനന്ദഗിരി, ആധ്യാത്മിക നേതാവും അധ്യക്ഷനുംവ്യക്തിപരമായ ഈശ്വരാനുഭൂതി നേടുന്നതിന് രാഷ്ട്രങ്ങൾക്കിടയിൽ വ്യക്തമായ ശാസ്ത്രീയ സങ്കേതങ്ങൾ പ്രചരിപ്പിക്കുക.സ്വപ്രയത്നമാകുന്ന സാധനയിലൂടെ മനുഷ്യന്റെ പരിമിതമായ മർത്യബോധം ഈശ്വരബോധമായി പരിണമിക്കലാണ് ജീവിതോദ്ദേശ്യമെന്ന് പഠിപ്പിക്കുകയും, ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി ഈശ്വരസംയോഗത്തിനായുള്ള യോഗദാക്ഷേത്രങ്ങളും, മനുഷ്യ ഹൃദയങ്ങളിലും വസതികളിലും വ്യക്തിഗതക്ഷേത്രങ്ങളും സ'ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.ഭഗവാൻ കൃഷ്ണൻ പഠിപ്പിച്ച മൗലികമായ യോഗശാസ്ത്രത്തിന്റെയും യേശുക്രിസ്തു പഠിപ്പിച്ച യഥാർഥ ക്രിസ്തുമതത്തിന്റെയും പൂർണമായ പൊരുത്തവും അടിസ'ഥാനപരമായ ഒരുമയും വ്യക്തമാക്കുകയും, ഈ സത്യത്തിന്റെ തത്ത്വങ്ങളാണ് എല്ലാ യഥാർഥ മതങ്ങളുടേയും പൊതുവായ ശാസ്ത്രീയ ആധാരമെന്ന് വെളിപ്പെടുത്തുകയും ചെയ്യുക.എല്ലാ യഥാർഥ മതവിശ്വാസങ്ങളും ആത്യന്തികമായി എവിടേക്കു നയിക്കുന്നുവോ ആ ഒരേ ഒരു ദിവ്യമായ രാജപാത—നിത്യേനയുള്ള ശാസ്ത്രീയവും ഭക്തിപൂർവവുമായ ഈശ്വരധ്യാനത്തിന്റെ രാജപാത—ചൂണ്ടിക്കാട്ടുക.ശാരീരിക അസ്വാസ'ഥ്യം, മനഃക്ലേശം, ആത്മബോധമില്ലായ്മ, എന്നീ താപത്രയങ്ങളിൽനിന്ന് മനുഷ്യനെ വിമുക്തനാക്കുക. ‘ ‘ലളിത ജീവിതവും ഉന്നത ചിന്തയും’ ’ പ്രോത്സാഹിപ്പിക്കുകയും ഈശ്വരസംബന്ധമെന്ന ശാശ്വത ഐക്യത്തിന്റെ അടിസ'ഥാനം പഠിപ്പിച്ച് മനുഷ്യരാശിയുടെ പൊതുസാഹോദര്യമെന്ന ആശയം പ്രചരിപ്പിക്കുകയും ചെയ്യുക.മനസ്സിന് ശരീരത്തിന്റെ മേലും, ആത്മാവിന് മനസ്സിന്റെ മേലുമുള്ള ആധിപത്യം തെളിവുകൾ കൊണ്ടു ബോധ്യമാക്കുക.തിന്മയെ നന്മകൊണ്ടും, സന്താപത്തെ സന്തുഷ്ടി കൊണ്ടും, ക്രൂരതയെ കാരുണ്യം കൊണ്ടും, അജ്ഞാനത്തെ ജ്ഞാനം കൊണ്ടും കീഴടക്കുക.ശാസ്ത്രത്തിന്റെയും മതത്തിന്റെയും അടിസ'ഥാനതത്ത്വങ്ങളെ സാക്ഷാത്കരിച്ചുകൊണ്ട് അവയെ സംയോജിപ്പിക്കുക.പൗരസ്ത്യ - പാശ്ചാത്യദേശങ്ങൾ തമ്മിലുള്ള സാംസ്കാരികവും ആത്മീയവുമായ ധാരണയ'ക്കുവേണ്ടി നിലകൊള്ളുകയും അവയുടെ ഏറ്റവും ഉദാത്തമായ പ്രത്യേകതകൾ കൈമാറുകയും ചെയ്യുക.മനുഷ്യരാശിയെ തന്റെ വിശാലമായ സ്വത്വം-ആത്മാവ്-എന്ന നിലയിൽ സേവിക്കുക.വിഷയസൂചിതാങ്കളുടെ അറിവിലേക്കായി അച്ചടി പുസ്തകത്തിലുള്ള സൂചിക താഴെ കൊടുത്തിട്ടുണ്ട്. ഈ ബുക്കിലെ പേജ് നമ്പറുകൾ അച്ചടി പുസ്തകത്തേതിൽ നിന്നു വ്യത്യസ്തമായതിനാൽ, താങ്കൾക്ക് താല്പര്യമുള്ള വിഷയം തിരയുന്നതിനായി ഈ റീഡറിലെ 'സെർച്ച്' എന്ന ഓപ്ഷൻ ഉപയോഗിക്കുക.വിഷയസൂചിഅതാതു വിഷയങ്ങൾക്കുശേഷം പേജുനമ്പരുകളോടൊപ്പം കു എന്നു കൊടുത്തിരിക്കുന്നത് അടിക്കുറിപ്പുകളെ പരാമർശിക്കുന്നു [image file=image_rsrc5D2.jpg] [image file=image_rsrc5D6.jpg] [image file=image_rsrc5DA.jpg] [image file=image_rsrc5DF.jpg] [image file=image_rsrc5DM.jpg] [image file=image_rsrc5DS.jpg] [image file=image_rsrc5DW.jpg] [image file=image_rsrc5DZ.jpg] [image

file=image_rsrc5E3.jpg] [image file=image_rsrc5E7.jpg] [image file=image_rsrc5EB.jpg] [image file=image_rsrc5EF.jpg] [image file=image_rsrc5EK.jpg] [image file=image_rsrc5ER.jpg] [image file=image_rsrc5EV.jpg] [image file=image_rsrc5EZ.jpg] [image file=image_rsrc5F3.jpg] [image file=image_rsrc5F7.jpg] [image file=image_rsrc5FB.jpg] [image file=image_rsrc5FF.jpg] [image file=image_rsrc5FK.jpg] [image file=image_rsrc5FR.jpg] [image file=image_rsrc5FV.jpg] [image file=image_rsrc5FZ.jpg]